# സെക്കണ്ടറി കോഴ്സ്
# 223 - ഇന്ത്യൻ സംസ്ക്കാരവും പൈതൃകവും


കോഴ്സ് കോ-ഓഡിനേറ്റർ

**ആർ.എൻ. മീന**



**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്**

എ-24-25, ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ,

എൻ.എച്ച്-24, സെക്ടർ-62, നോയിഡ-201309 (യു.പി.)

© National Institute of Open Schooling

(          Copies)

Published by the Secretary, National Institute of Open Schooling, A-24-25, Institutional Area, NH-24, Sec. 62, Noida-201309, and printed at New Chanab Offset Printers, C-91, Okhla Industrial Area, Phase-1 New Delhi - 110020

## *ഉപദേശകസമിതി*

**ഡോ.സിതാൻസു എസ്.ജെന**
ചെയർമാൻ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓപ്പൺ സ്കൂളിംഗ്, നോയിഡ

**ഡോ.കുൽദീപ് അഗർവാൾ**
ഡയറക്ടർ (അക്കാദമിക്)
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓപ്പൺ സ്കൂളിംഗ്, നോയിഡ

**ശ്രീമതി ഗോപ ബിസ്വാസ്**
ജൂനിയർ ഡയറക്ടർ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓപ്പൺ സ്കൂളിംഗ്, നോയിഡ

## *പാഠ്യക്രമ സമിതി*

**ഡോ.ശ്യാം സിങ്ങ് ഹാഷി**
ഡയറക്ടർ ജനറൽ
പബ്ലിക്കേഷൻ ഡിവിഷൻ
എം.ഐ.ബി. ഗവൺമെന്റ്
ഓഫ് ഇന്ത്യ

**പ്രൊഫ. ആർ.പി.ശർമ്മ**
ഫോർമർ ഹെഡ് & ഡീൻ
ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യുക്കേഷൻ
യൂണിവേഴ്സിറ്റി ഓഫ് ഡൽഹി

**പ്രൊഫ. ഭിക്ഷു സത്യപാൽ**
ഡിപ്പാർട്ട്മെന്റ് ഓഫ് ബുദ്ധിസ്റ്റ്
സ്റ്റഡീസ്, യൂണിവേഴ്സിറ്റി ഓഫ്
ഡൽഹി, ന്യൂ ഡൽഹി

**ശ്രീ.ഐ.എസ്.അസ്താന**
ഫോർമർ പ്രിൻസിപ്പൽ
ഭാരതീയ ഡിഗ്രി കോളേജ്
ഫാറൂക്കാബാദ്, യു.പി.

**പ്രൊഫ. എം.കെ.ദാസ്**
ഡീൻ, ഫാക്വൽറ്റി ഓഫ് എഡ്യുക്കേഷൻ
എം.ജി.കാശി വിദ്യാപീഠ്
വാരണാസി, യു.പി.

**ഡോ.ഹുമാ മസൂദ്**
പ്രോഗ്രാം ഓഫീസർ
വിദ്യാഭ്യാസം (യുനെസ്കോ)

**ഡോ.പ്രത്യുഷ് കെ.മൻഡാൽ**
അസോസിയേറ്റ് പ്രൊഫസർ (ഹിസ്റ്ററി)
ദിഷ്, എൻ.സി.ഇ.ആർ.റ്റി.
ന്യൂ ഡൽഹി

**ഡോ.ഇന്ദു വീരേന്ദ്ര**
അസോസിയേറ്റ് പ്രൊഫസർ
ജാമിയ മിലിയ ഇസ്ളാമിയ
യൂണിവേഴ്സിറ്റി, ന്യൂ ഡൽഹി

**ശ്രീമതി അനിതാ ദേവരാജ്**
പ്രിൻസിപ്പൽ
ഡി.എ.വി. പബ്ലിക് സ്കൂൾ
ബഹദുർഗർഗ്, ഹരിയാന

**ശ്രീ.സി.എം.ഖന്ന**
ചെയർമാൻ
എം.ഡി.പി.പി. & എസ്.കെ.
ന്യൂ ഡൽഹി

**ഡോ.രമേഷ് ചന്ദ്ര**
ഫോർമർ റീഡർ (ഇക്കണോമിക്സ്)
ദിഷ്, എൻ.സി.ഇ.ആർ.ടി. & എസ്.ഇ.ഒ.
എൻ.ഐ.ഒ.എസ്., ന്യൂഡൽഹി

**ശ്രീ.രാമ നാരായൺ മീന**
അക്കാദമിക് ഓഫീസർ (സംസ്കൃതം) &
കോഴ്സ് കോ-ഓഡിനേറ്റർ (ഐ.സി.എച്ച്)
അക്കാദമിക് ഡിപ്പാർട്ട്മെന്റ്,
എൻ.ഐ.ഒ.എസ്.

## *പാഠരചയിതാക്കളും നിരൂപകരും*

**ഡോ.ഐ.എസ്.അസ്താന**
ഫോർമർ പ്രിൻസിപ്പൽ
ഭാരതീയ ഡിഗ്രി കോളേജ്
ഫാറൂക്കാബാദ്, യു.പി.

**ശ്രീമതി അനിതാ ദേവരാജ്**
പ്രിൻസിപ്പൽ
ഡി.എ.വി. പബ്ലിക് സ്കൂൾ
ബഹദുർഗർഗ്, ഹരിയാന

**ഡോ.രമേഷ് ചന്ദ്ര**
ഫോർമർ റീഡർ (ഇക്കണോമിക്സ്)
ദിഷ്, എൻ.സി.ഇ.ആർ.ടി. & എ.ഇ.ഒ.
എൻ.ഐ.ഒ.എസ്., ന്യൂഡൽഹി

**ശ്രീ.ഹിതേന്ദ്ര ശ്രീവാസ്തവ**
പ്രിൻസിപ്പൽ
സ്പേസ് ഇന്ത്യാ സ്കൂൾ
കാൻഹവാല, ഡൽഹി - 81

**ശ്രീ.സി.എം.ഖന്ന**
ചെയർമാൻ
എം.ഡി.പി.പി. & എസ്.കെ.
ന്യൂ ഡൽഹി

**ഡോ.ഇന്ദു വീരേന്ദ്ര**
അസോസിയേറ്റ് പ്രൊഫസർ
ജാമിയ മിലിയ ഇസ്ളാമിയ
യൂണിവേഴ്സിറ്റി, ന്യൂ ഡൽഹി

**ശ്രീ.പ്രത്യുഷ് കെ.മൻഡൽ**
അസോസിയേറ്റ് പ്രൊഫസർ (ഹിസ്റ്ററി)
ദിഷ്, എൻ.സി.ഇ.ആർ.റ്റി.
ന്യൂ ഡൽഹി

**ഡോ.സർവാദമൻ മിശ്ര**
ലക്ചറർ ഇൻ ഹിസ്റ്ററി
ഗവൺമെന്റ് കോളേജ്
അജ്മീർ, (രാജ്)

**ശ്രീ.രാമ നാരായൺ മീന**
അക്കാദമിക് ഓഫീസർ (സംസ്കൃതം)
കോഴ്സ് കോ-ഓഡിനേറ്റർ (ഐ.സി.എച്ച്)
അക്കാദമിക് ഡിപ്പാർട്ട്മെന്റ്,
എൻ.ഐ.ഒ.എസ്.

## *പ്രസാധകർ*

**ശ്രീ.ഐ.എസ്.അസ്താന**
ഫോർമർ പ്രിൻസിപ്പൽ
ഭാരതീയ ഡിഗ്രി കോളേജ്
ഫാറൂക്കാബാദ്, യു.പി.

**ഡോ.രമേഷ് ചന്ദ്ര**
ഫോർമർ റീഡർ (ഇക്കണോമിക്സ്)
ദീഷ്, എൻ.സി.ഇ.ആർ.ടി. & എസ്.ഇ.ഒ.
എൻ.ഐ.ഒ.എസ്., ന്യൂഡൽഹി

**ശ്രീമതി അനിതാ ദേവരാജ്**
പ്രിൻസിപ്പൽ
ഡി.എ.വി. പബ്ലിക് സ്കൂൾ
ബഹദുർഗർഗ്, ഹരിയാന

**ശ്രീ.രാമ നാരായൺ മീന**
അക്കാദമിക് ഓഫീസർ (സംസ്കൃതം)
കോഴ്സ് കോ-ഓഡിനേറ്റർ (ഐ.സി.എച്ച്)
അക്കാദമിക് ഡിപ്പാർട്ട്മെന്റ്,
എൻ.ഐ.ഒ.എസ്.

## *കോഴ്സ് കോ-ഓഡിനേറ്റർ*

**ശ്രീ.രാമ നാരായൺ മീന**
അക്കാദമിക് ഓഫീസർ (സംസ്കൃതം)
കോഴ്സ് കോ-ഓഡിനേറ്റർ (ഐ.സി.എച്ച്)
അക്കാദമിക് ഡിപ്പാർട്ട്മെന്റ്,
എൻ.ഐ.ഒ.എസ്.

## *ഗ്രാഫിക് ആർടിസ്റ്റ്*

**ശ്രീ.മഹേഷ് ശർമ്മ**
ഗ്രാഫിക് ആർട്ടിസ്റ്റ്
നാഷണൽ സ്കൂളിംഗ് ഓഫ് ഓപ്പൺ സ്കൂളിംഗ്
നോയിഡ

## എങ്ങനെ പഠന വസ്തുക്കൾ ഉപയോഗിക്കാം

സ്വന്തമായി പഠിക്കുന്ന വ്യക്തി എന്ന നിലയിൽ ഈ വെല്ലുവിളി സ്വീകരിച്ച നിങ്ങൾക്ക് അഭിനന്ദനങ്ങൾ. നിങ്ങളുടെ ഓരോ ചുവടുവെയ്പ്പിലും എൻ.ഐ.ഓ.എസ് കൂടെയുണ്ട്. ഒരു കൂട്ടം വിദഗ്ദരായ വ്യക്തികളുടെ സഹായത്തോടെ മനഃശാസ്ത്രപരമായി തയ്യാറാക്കിയതാണ് ഈ പഠനവസ്തുക്കൾ എന്നത് നിങ്ങൾ മനസ്സിൽ സൂക്ഷിക്കുക. മാറി വന്നുകൊണ്ടിരിക്കുന്ന സ്വതന്ത്ര പഠനത്തിനെ സഹായിക്കാൻ ഒരു മാതൃകയുണ്ട്. കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പിൻതുടരുകയാണെങ്കിൽ നിങ്ങൾക്ക് ഏറ്റവും ഉചിതമായത് പഠനവസ്തുക്കളിൽ നിന്നും എടുക്കാൻ കഴിയും. വസ്തുക്കളിൽ ഉപയോഗിച്ചിട്ടുള്ള പ്രാധാന ഘടകങ്ങൾ നിങ്ങളെ നയിക്കും.

***തലക്കെട്ട്*** : ഇതിനുള്ളിലുള്ള ഉള്ളടക്കത്തെപറ്റി വ്യക്തമായ ഒരു സൂചന നൽകുന്നു. അത് വായിക്കാൻ പറ്റും.

***അവതാരിക*** : ഇത് നിങ്ങൾക്ക് പാഠ അവതരണം നൽകും. കൂടാതെ മുൻപാഠവുമായി ഒരു ബന്ധവും നൽകുന്നു.



***ലക്ഷ്യങ്ങൾ*** : നിങ്ങൾ പാഠം പഠിച്ചു കഴിയുമ്പോൾ അതിൽ നിന്ന് പ്രതീക്ഷിക്കുന്ന പഠനത്തിന്റെ നേട്ടങ്ങളുടെ ഒരു പ്രസ്ഥാവനയാണ് ഇവ. നിങ്ങൾ അവ നേടിയിരിക്കണം എന്നാണ് പ്രതീക്ഷിക്കുന്നത്. നിങ്ങൾക്ക് അത് വായിക്കാൻ പറ്റും. കൂടാതെ അവ നിങ്ങൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിക്കാം.

***ഉള്ളടക്കം*** : മുഴുവൻ ഉള്ളടക്കത്തെയും പലവിഭാഗങ്ങളായും, ഉപവിഭാഗങ്ങളായും തരംതിരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഭാഗങ്ങൾ നിങ്ങളെ ഒരു വിഭാഗത്തിലെ ഉള്ളടക്കത്തിന്റെ ഘടകങ്ങളിൽ നിന്ന് മറ്റൊന്നിലേക്ക് നയിക്കുന്നു. ഉപവിഭാഗങ്ങൾ ഉള്ളടക്ക ഘടകങ്ങളിലെ ആശയങ്ങളുടെ സമഗ്രതയ്ക്ക് സഹായകമാകുന്നു.



***കുറിപ്പുകൾ*** : ഓരോ പേരിന്റെയും അരുകിൽ മാർജിൻ ആയി കുറച്ച് സ്ഥലമുണ്ട്. പ്രധാന പോയിന്റുകൾ എഴുതാനും അല്ലെങ്കിൽ കുറിപ്പ് എഴുതാനുമാണ്.

***പ്രവർത്തനങ്ങൾ*** : ആശയങ്ങൾ നല്ലതുപോലെ മനസ്സിലാക്കാൻ ചില പ്രവർത്തനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്.



***ചോദ്യാവലി*** : എല്ലാ വിഭാഗത്തിന്റെയും അവസാനം ചെറിയ ഉത്തരങ്ങൾ ഉൾക്കൊള്ളുന്ന സ്വയം പരിശോധിക്കാവുന്ന ചോദ്യങ്ങൾ ചോദിക്കുന്നു. എല്ലാ ചോദ്യത്തിന്റെയും ഉത്തരങ്ങൾ പാഠത്തിന്റെ അവസാനം നൽകിയിട്ടുണ്ട്. ഇവ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കും. വിജയകരമായ പൂർത്തീകരണം നിങ്ങളെ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും. ഇനിയും മുന്നോട്ട് തുടരണമോ അതോ അവ ആദ്യം മുതൽ വീണ്ടും പഠിക്കണമോ എന്ന്.



***നിങ്ങളെന്തു പഠിച്ചു*** : പാഠത്തിലെ പ്രധാനപ്പെട്ട പോയിന്റുകളുടെ ചുരുക്കമാകുന്നു ഇത്. സംക്ഷേപിച്ച് ആവർത്തിക്കുന്നതിനും പുനർവിചിന്തനത്തിലും ഇത് സഹായിക്കും. നിങ്ങളുടെ സ്വന്തം പോയിന്റു കൂടി ഇതിനോട് കൂട്ടിചേർക്കുന്നതിന് നിങ്ങളെ ക്ഷണിക്കുന്നു.



***ഓരോ ടേമിലുമുള്ള ചോദ്യങ്ങൾ*** : പാഠത്തിലെ പ്രധാനപ്പെട്ട പോയിന്റുകളുടെ ചുരുക്കമാണ് ഇത്. സംക്ഷേപിച്ച് ആവർത്തിക്കുന്നതിനും പുനർവിചിന്തനത്തിനും ഇത് സഹായിക്കും. നിങ്ങളുടെ സ്വന്തം പോയിന്റു കൂടി ഇതിനോട് കൂട്ടിചേർക്കുന്നതിന് നിങ്ങളെ ക്ഷണിക്കുന്നു.



*പാഠ്യപുസ്തകത്തിലെ ചോദ്യോത്തരങ്ങൾ* : പാഠപുസ്തകത്തിലെ ചോദ്യങ്ങൾക്ക് എത്രമാത്രം കൃത്യമായി നിങ്ങൾ ഉത്തരം നൽകി എന്ന് മനസ്സിലാക്കാൻ ഇവ നിങ്ങളെ സഹായിക്കും.

*ടേമിലേക്കുള്ള ചോദ്യങ്ങൾക്കു* : ശരിയായ ഉത്തരം കണ്ടെത്താൻ ഇത് നിങ്ങളെ സഹായിക്കും.

*വേണ്ടിയുള്ള സൂചനകൾ*

## ഉള്ളടക്കം


**മൊഡ്യൂൾ 1 : സംസ്കാരം**

പാഠം 1 സംസ്കാരം ; ഒരു ആമുഖം

പാഠം 2 ഇന്ത്യൻ സംസ്കാരം

**മൊഡ്യൂൾ 2 : ചരിത്രവും സംസ്കാരവും കാലഘട്ടങ്ങളിലൂടെ**

പാഠം 3 പുരാതന ഇന്ത്യ

പാഠം 4 മധ്യകാല ഇന്ത്യ

പാഠം 5 ആധുനിക ഇന്ത്യ

**മൊഡ്യൂൾ 3 : ഭാഷകളും സാഹിത്യവും**

പാഠം 6 ഇന്ത്യൻ ഭാഷകളും, സാഹിത്യവും - 1

പാഠം 7 ഇന്ത്യൻ ഭാഷകളും, സാഹിത്യവും - 11

**മൊഡ്യൂൾ 4 : മതവും തത്വശാസ്ത്രവും**

പാഠം 8 പ്രാചീന ഭാരതത്തിലെ മതവും തത്വശാസ്ത്രവും

പാഠം 9 മധ്യകാല ഇന്ത്യയിലെ മതവും തത്വശാസ്ത്രവും

പാഠം 10 ആധുനിക ഇന്ത്യയിലെ മത പരിഷ്കരണ പ്രസ്ഥാനങ്ങൾ

**മൊഡ്യൂൾ 5 : ചിത്രകല, പ്രകടനകല, വാസ്തുശില്പങ്ങൾ**

പാഠം 11 ഇന്ത്യയുടെ പെയിന്റിംഗ്

പാഠം 12 കലാനുഷ്ഠാനങ്ങൾ, സംഗീതം, നൃത്തം, നാടകം

പാഠം 13 ഇന്ത്യയുടെ വാസ്തുവിദ്യ

**മൊഡ്യൂൾ 6 : ശാസ്ത്രവും സാങ്കേതികവിദ്യയും**

പാഠം 14 ഇന്ത്യയിലെ ശാസ്ത്രവും സാങ്കേതിക വിദ്യയും

പാഠം 15 പുരാതന ഇന്ത്യയുടെ ശാസ്ത്രജ്ഞൻമാർ

പാഠം 16 മധ്യ ഇന്ത്യയുടെ ശാസ്ത്രവും ശാസ്ത്രജ്ഞന്മാരും

പാഠം 17 ആധുനിക ഇന്ത്യയുടെ ശാസ്ത്രജ്ഞൻമാർ

**മൊഡ്യൂൾ 7 : വിദ്യാഭ്യാസം**

പാഠം 18 ഇന്ത്യയിലെ വിദ്യാഭ്യാസം

**മൊഡ്യൂൾ 8 : സാമൂഹ്യഘടന**

പാഠം 19 ഇന്ത്യയുടെ സാമൂഹിക ഘടന

പാഠം 20 സമകാലിക ഇന്ത്യയിലെ സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾ

**മൊഡ്യൂൾ 9 : ഇന്ത്യൻ സംസ്കാരത്തിന്റെ വ്യാപനം വിദേശത്ത്**

പാഠം 21 വിദേശങ്ങളിലേക്ക് ഇന്ത്യൻ സംസ്കാരത്തിന്റെ വ്യാപനം

പാഠ്യപദ്ധതി

മാതൃക ചോദ്യപേപ്പർ

പ്രതികരണ കുറിപ്പ്

## ചെയർമാന്റെ സന്ദേശം

പ്രിയ പഠിതാവേ,

പൊതുവായ സമൂഹത്തിന്റെ ആവശ്യമെന്ന പോലെ, പ്രത്യേകം ചില ഗ്രൂപ്പുകളുടെ, മാറിവരുന്ന സമയത്തിനൊത്ത്  രീതികളും, ആവശ്യകരമായ സാങ്കേതിക വിദ്യകളും, അഭിലാഷങ്ങൾ സാധൂകരിക്കുന്നതിനായി ആവശ്യാനുസരണം മെച്ചപ്പെടുത്തണം. മാറ്റത്തിന്റെ ഒരു ഉപകരണമാണ് വിദ്യാഭ്യാസം. ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം അതും ശരിയായ സമയത്ത് സമൂഹത്തിന്റെ അഭിലാഷങ്ങൾക്ക് മനോഭാവങ്ങളുടെ മാറ്റത്തിനും പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കാനും കാരണമായിത്തീരാം. ഒപ്പം വിഷമകരമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ധൈര്യവും നേടാം. കാലാനുസൃതമായി പാഠ്യപദ്ധതികൾ പുതുക്കുന്നതിലൂടെ ഇത് വളരെ കാര്യക്ഷമമായി നേടിയെടുക്കാം. ഒരു നിശ്ചലമായ പാഠ്യപദ്ധതിക്ക് ഒരു ലക്ഷ്യത്തെയും സഹായിക്കാൻ കഴിയില്ല. അതുപോലെ തന്നെ സമൂഹത്തിന്റെ, വ്യക്തിയുടെ അഭിലാഷങ്ങളും ഇപ്പോഴത്തെ ആവശ്യങ്ങളും അഭിരുചികളും സാധിച്ചുകൊടുക്കാൻ ഇതിന് കഴിയില്ല.

ഈ ഒരു ലക്ഷ്യത്തിനു വേണ്ടി മാത്രം രാജ്യത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള വിദ്യാഭ്യാസ വിദഗ്ദൻമാർ ഒരു നിശ്ചിത കാലയളവുകളിൽ മാറ്റങ്ങൾ ആവശ്യമുള്ളതും അത്യാവശ്യവുമായ പ്രശ്നങ്ങൾ ബോധ്യപ്പെടുവാനും ചിന്തിച്ചു പ്രവർത്തിക്കാനും ഒരുമിച്ചു കൂടുന്നു. അത്തരത്തിലുള്ള ആലോചനകളുടെ ഫലമാണ് നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് (NCF.2005) നിലവിൽ വന്നത്. ഇത് വിശദമാക്കി തരുന്ന സ്വീകാര്യമായ വിദ്യാഭ്യാസരീതി അല്ലെങ്കിൽ വിവിധതലങ്ങളിൽ ആവശ്യകമായ വിദ്യാഭ്യാസം-പ്രൈമറി, പ്രാഥമിക, സെക്കന്ററി അല്ലെങ്കിൽ സീനിയർ സെക്കണ്ടറി തലങ്ങൾ.

ഈ ചട്ടക്കൂടും മറ്റ് ദേശീയവും സാമൂഹിക പരിഗണനകളും മനസ്സിൽ ഉൾക്കൊണ്ട് ഞങ്ങൾ സെക്കന്ററി തലത്തിലുള്ള എല്ലാ വിഷയത്തിന്റെയും പാഠ്യപദ്ധതി പുതിയതായി പരിഷ്ക്കരിച്ചു. അവയെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലും കാലാനുസൃതവുമാക്കി തീർത്തു. പാഠ പുസ്തക നിർമ്മാണം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്  പരിപാടിയുടെ സമഗ്രവും അത്യാവശ്യവുമായ ഘടകമാണ്. ഇവ ഓപ്പൺ സ്കൂളിംഗിലൂടെയും, വിദൂരപഠന സമ്പ്രദായത്തിലൂടെയും പകർന്നു നൽകുന്നു. അതുകൊണ്ട് ഈ പഠന വസ്തുക്കൾ പരിചിതവും, രസകരവും നിങ്ങൾക്ക് ആകർഷണം നിറഞ്ഞതുമാകാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധ കൊടുക്കുന്നു.

പഠന വസ്തുക്കൾ രസകരവും നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യവും ആക്കിതീർക്കുന്നതിൽ പങ്കാളിയായ എല്ലാ ശ്രേഷ്ഠരായ വ്യക്തികൾക്കും നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഇത് കാരുണ്യജനകവും അർത്ഥവും ഉൾക്കൊള്ളുന്നതുമായി കാണും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിന്റെ പ്രതിനിധിയായി നിങ്ങൾക്ക് ഞാൻ ശോഭനവും വിജയകരവുമായ ഒരു ഭാവി ആശംസിച്ചു കൊള്ളുന്നു.

**ഡോ.എസ്.എസ്.ജെന**
ചെയർമാൻ, എൻ.ഐ.ഒ.എസ്.

## ഡയറക്ടറിന്റെ കുറിപ്പ്

പ്രിയ പഠിതാവേ,

നിങ്ങളുടെ ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കും അനുസൃതമായി ഇന്നും എന്നും പുതിയ പാഠ്യപദ്ധതികൾ നിങ്ങൾക്ക് പകർന്നു തരുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിന്റെ അക്കാദമിക്ക് ഡിപ്പാർട്ട്മെന്റ് പരിശ്രമിക്കുന്നു. ഞങ്ങൾ ഇപ്പോൾ സെക്കന്ററി തലത്തിലുള്ള എല്ലാ വിഷയങ്ങളുടെയും പാഠ്യപദ്ധതി പരിഷ്കരിച്ചു. നിങ്ങൾക്ക് രാജ്യത്തെ മറ്റു ബോർഡുകളുമായി കിടപിടിക്കുന്ന ഒരു നല്ല പാഠ്യപദ്ധതി നൽകുന്നതിനായി ഞങ്ങൾ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എജ്യുക്കേഷൻ, വിവിധ സെക്കന്ററി വിദ്യാഭ്യാസതലത്തിലുള്ള സംസ്ഥാന ബോർഡുകളുടെ വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതിയുമായി ഞങ്ങൾ ചർച്ച നടത്തി. നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസേർച്ച് ആന്റ് ട്രെയിനിംഗ്, നാഷണൽ കരിക്കുലം ഫ്രെയവർക്ക് രൂപീകരിച്ചത് ഒരു സമ്പർക്ക കേന്ദ്രമായിട്ടായിരുന്നു. ഒരു താരതമ്യവും സമഗ്രവുമായ പഠനം നടത്തിയതിനുശേഷം ഞങ്ങൾ ഒരു പാഠ്യപദ്ധതി രൂപീകരിച്ചു. ലളിതവും, ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെട്ടതും, പ്രവർത്തനാത്മകവുമായിരുന്നു അത്. രാജ്യത്തെ പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദൻമാരെയും ഉൾപ്പെടുത്തി അവരുടെ മേൽനോട്ടത്തിൽ പാഠ്യപദ്ധതി കാലാനുസൃതമാക്കുന്നതിനും പുതുക്കുന്നതിനും ഞങ്ങൾക്കു കഴിഞ്ഞു.

അതേസമയം പഠനവസ്തുക്കളുടെ മേൽ ഞങ്ങൾക്ക് പ്രത്യേകം ശ്രദ്ധയുണ്ട്. ഞങ്ങൾ കാലഹരണപ്പെട്ടവ നീക്കം ചെയ്തു. വസ്തുതകൾ കാലാനുസൃതമാക്കി, പുതിയവ കൂട്ടിച്ചേർത്തു, പ്രാധാന്യമുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്ത് ഇവ നിങ്ങൾക്ക് സ്വീകാര്യവും ആകർഷണമുള്ളതുമാക്കി തീർക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നു. ഇന്ത്യൻ സംസ്കാരവും പൈതൃകവും ഒരു രസകരവും ആസ്വാദ്യവുമായ വിഷയമാണ് എന്ന് നിങ്ങളുടെ രാജ്യത്തെക്കുറിച്ച്, അതിന്റെ ഇത്തരത്തിലുള്ള സംഭാവനകളിൽ നിന്നും മനസ്സിലാകും.

ഇപ്പോൾ നിങ്ങളുടെ കൈകളിൽ ലഭിച്ചിരിക്കുന്ന രസകരവും ആസ്വാദ്യവുമായ പഠനവസ്തുക്കൾ നിങ്ങൾ പരിശോധിച്ചു എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഏതു നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

എല്ലാവിധത്തിലും സന്തോഷപ്രദവും വിജയകരവുമായ ഒരു ഭാവി നിങ്ങൾക്ക് ആശംസിക്കുന്നു.

**ഡോ.കുൽദീപ് അഗർവാൾ**
ഡയറക്ടർ, അക്കാദമിക്

## നിങ്ങളോട് ഒരു വാക്ക്

പ്രിയ പഠിതാവേ,

ഇന്ത്യൻ സംസ്കാരവും പൈതൃകവും എന്ന രസകരമായ വിഷയം തിരഞ്ഞെടുത്തതിൽ അഭിനന്ദനങ്ങൾ. നമ്മുടെ സ്നേഹസമ്പന്നമായ രാജ്യം-ഇന്ത്യക്ക്, സുദീർഘമായ ഒരു ചരിത്രമുണ്ട് എന്നും ലോകത്തിലെ തന്നെ വളരെ പഴക്കം ചെന്ന നാഗരികതകളിൽ ഒന്നാണിതെന്നും നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടാവും. നമ്മുടെ മഹത്വപൂർണ്ണമായ രാജ്യത്തിന്റെ സമ്പന്നവും സമൃദ്ധവുമായ സംസ്ക്കാരത്തെയും പൈതൃകത്തേയും കുറിച്ച് ഈ കോഴ്സിൽ നിങ്ങൾ പഠിക്കും. ഉന്നതമായ ഈ നാഗരികതയുടെയും, പ്രാചീനതയുടെയും ഭാഗമായി തീർന്നതിൽ നിങ്ങൾ അഭിമാനം കൊള്ളും എന്നതിൽ എനിക്ക് ഉറപ്പുണ്ട്. നിങ്ങൾക്ക് സങ്കൽപ്പിക്കാൻപോലും കഴിഞ്ഞിട്ടില്ല നിങ്ങളുടെ സ്വന്തമായ്, മനുഷ്യകുലം എന്ന നിലയിൽ നമ്മുടെ പൂർവ്വീകർ ജീവിതത്തിലെ വിവിധ മേഖലകളിൽ നേടിയ, അത്ഭുതാവഹങ്ങളായ പുരോഗതികൾ, ഭാഷകളുടെ മേഖലകളിൽ, നമുക്കുള്ള വിശാലമായ സാഹിത്യത്തിന്റെ അല്ലെങ്കിൽ കലയിൽ, വസ്തുശില്പകലയിൽ സംഗീതം, നൃത്തം, നാടകം, ശാസ്ത്രം, വിദ്യാഭ്യാസം, തത്വശാസ്ത്രവും മതവും എന്നിവയിൽ നമ്മുടെ സംസ്കാരവും പൈതൃകവും വളരെ ആകർഷണതയുള്ളവയായിരുന്നു. അതുകൊണ്ടായിരുന്നു മറ്റു രാജ്യങ്ങൾ ഇത് ദത്തെടുക്കുക പോലും ചെയ്തു. ഈ പഠനവസ്തുക്കളിൽ നിന്ന് നിങ്ങൾ ഇവയെല്ലാം വായിക്കും. എനിക്കുറപ്പുണ്ട് നിങ്ങൾക്ക് ഇത് വായിക്കുമ്പോൾ അളവറ്റ ആനന്ദവും സന്തോഷവും ലഭിക്കുമെന്ന്.

ഈ ചെറിയ കോഴ്സിൽ നമ്മുടെ വിശാലമായ സംസ്കാരത്തെയും പൈതൃകത്തേയും കുറിച്ച് എല്ലാ കാര്യങ്ങളും പറയാൻ കഴിയില്ല. പക്ഷേ എനിക്കുറപ്പുണ്ട് ഇത് നിങ്ങൾക്ക് കൂടുതൽ പഠിക്കാൻ ഉത്തേജനം നൽകും. ലൈബ്രറികൾ സന്ദർശിച്ചും ഇവയെക്കുറിച്ചുള്ള മറ്റു ബുക്കുകൾ വായിച്ചും നിങ്ങൾക്ക് ധാരാളം വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും ശേഖരിക്കാനും കഴിയും. നിങ്ങൾ ഈ ലക്ഷ്യത്തൊടെ ഇതിൽ പ്രവേശിക്കുകയാണെങ്കിൽ, നിങ്ങളിൽ പലർക്കും ഈ സൈറ്റുകൾ സ്വയം സന്ദർശിക്കുവാനും കൂടാതെ സ്വന്തം കണ്ണുകൊണ്ട് കാണാനും ഉള്ള ഭാഗ്യം ലഭിക്കും. അതുകൊണ്ട് നേരിൽ കാണുന്നതുപോലുള്ള അനുഭവവും ലഭിക്കും. മറ്റൊരു സ്രോതസാണ് മ്യൂസിയങ്ങൾ അവ മനുഷ്യനിർമിതങ്ങളുടെയും നമ്മുടെ സംസ്കാരത്തിൻരെയും പൈതൃകത്തിന്റെയും അവശിഷ്ടങ്ങളുടെ വൻശേഖരങ്ങളാണ്. അവ സ്നേഹത്തോടും ശ്രദ്ധയോടും കൂടി ഗവൺമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനാൽ സംരക്ഷിക്കപ്പെടുന്നു.

ഈ വസ്തുതകൾ ഉദ്ദേശിക്കുന്നത് ഒരു സുഹൃത്തായി, തത്വശാസ്ത്രജ്ഞനായി നിയന്ത്രകനായി അറിവിനുവേണ്ടിയുള്ള അന്വേഷണത്തിന് എല്ലാ രസകരമായ മേഖലകളെക്കുറിച്ചും ഒരു ഉൾക്കാഴ്ച ലഭിക്കുന്നതിന് ഇത് സഹായിക്കുന്നു. ഇത് സംഭവിക്കുകയാണെങ്കിൽ നമുക്ക് നാ,ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് സന്തോഷത്തോടെ അറിയപ്പെടാൻ കഴിയും പൂർവീകന്മാരിൽ നിന്നും പാരമ്പര്യമായി നമുക്ക് എല്ലാവർക്കുമായി ലഭിച്ച സമ്പന്നമായ പൈതൃകസ്വത്തിനെക്കുറിച്ച് നിങ്ങൾക്ക് ബോദ്ധ്യപ്പെടുക എന്ന പ്രയത്നത്തിൽ നമ്മൾ വിജയിച്ചു എന്ന്.

എന്തെങ്കിലും അഭിപ്രായങ്ങൾ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് സ്വാഗതാർഹമാണ്. ഞാൻ നിങ്ങൾക്ക് എല്ലാവിധ വിജയാശംസകളും നിങ്ങളുടെ പഠനത്തിനും നല്ലഭാവിക്കും ജീവിതത്തിനും നേർന്നു കൊള്ളുന്നു.

**ആർ.എൻ.മീന**
അക്കാദമിക് ഓഫീസർ, സംസ്കൃതം
കോ-ഓഡിനേറ്റർ (ഇന്ത്യൻ സംസ്കാരവും പൈതൃകവും)

കുറിപ്പുകൾ :

# 1

# സംസ്കാരം : ഒരു ആമുഖം

ഇംഗ്ലീഷ് വാക്കായ 'കൾച്ചർ' എന്ന പദം ഉൽഭവിച്ചിരിക്കുന്നത് ലാറ്റിൻ പദമായ 'കൾട്ട്', 'കൾട്ട്സ്'ൽ നിന്നാണ്. ഉഴുകുന്നു, കൃഷിചെയ്യുന്നു, പരിഷ്കരിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. ചുരുക്കത്തിൽ ഇത് അർത്ഥമാക്കുന്നത് ഒരു പരിധിവരെ ഉൽപ്പാദിപ്പിക്കുകയോ, പരിഷ്ക്കരിക്കുകയോ ചെയ്യുമ്പോൾ ലഭിക്കുന്ന അവസാന ഉൽപ്പന്നം നമ്മുടെ പ്രശംസയും ബഹുമാനവും പിടിച്ചു പറ്റുന്നതായിരിക്കും. ഇത് സംസ്കൃതഭാഷയുടെ സംസ്കൃതിയുമായി വളരെയധികം സമാനതകൾ ഉള്ളതായിരിക്കും. 'സംസ്കൃതി' എന്ന പദം ലഭിക്കപ്പെട്ടത് സംസ്കൃതഭാഷയുടെ മൂലപദമായ 'കൃതി' ചെയ്യാൻ എന്ന വാക്കിൽ നിന്നാണ്. മൂന്ന് പദങ്ങൾ ലഭിക്കുന്നത് ഈ മൂലപദത്തിൽ നിന്നാണ്. 'കൃ', പ്രകൃതി (അടിസ്ഥാനഘടകം അല്ലെങ്കിൽ അവസ്ഥ), സംസ്കൃതി (പരിഷ്കൃത ഘടകം, അവസ്ഥയും) 'വികൃതി' (മെച്ചപ്പെടുത്തിയ അല്ലെങ്കിൽ മോശമാക്കിയ ഘടകം അല്ലെങ്കിൽ അവസ്ഥ).

## ലക്ഷ്യങ്ങൾ

- ഈ പാഠം പഠിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് സംസ്കാരത്തിന്റെ അർത്ഥവും പൊതുധാരണയും മനസ്സിലാകും.
- സംസ്കാരവും പാരമ്പര്യവും തമ്മിലൊരു ബന്ധം സ്ഥാപിക്കാൻ
- മനുഷ്യജീവിതത്തിലെ സംസ്ക്കാരത്തിന്റെ പങ്കും പ്രത്യാഘാതങ്ങളും ചർച്ച ചെയ്യാൻ

## 1.1 സംസ്കാരം എന്ന ആശയം

സംസ്കാരം ഒരു ജീവിതശൈലിയാണ്. നിങ്ങൾ കഴിക്കുന്ന ആഹാരം, ധരിക്കുന്ന വസ്ത്രം, നിങ്ങൾ സംസാരിക്കുന്ന ഭാഷ, നിങ്ങൾ ആരാധിക്കുന്ന ദൈവം, എല്ലാം സംസ്കാരത്തിന്റെ ഭാഗങ്ങളാണ്. വളരെ ലളിതമായി പറഞ്ഞാൽ സംസ്കാരം എന്നാൽ നമ്മൾ ചെയ്യുന്നതും ചിന്തിക്കുന്നതുമായ കാര്യങ്ങളുടെ മൂർത്തീഭാവമാണ്. സമൂഹത്തിലെ ഒരംഗം എന്ന നിലയിൽ നമുക്ക് പരമ്പരാഗതമായി ലഭിച്ചിട്ടുള്ളതാണ്. ഒരു സാമൂഹിക കൂട്ടായ്മയിൽ മനുഷ്യകുലത്തിന്റെ എല്ലാ നേട്ടങ്ങളെയും നമുക്ക് സംസ്കാരം എന്ന് വിളിക്കാം. കല, സംഗീതം, സാഹിത്യം, വാസ്തുവിദ്യ, കൊത്തുപണികൾ, തത്വശാസ്ത്രം, മതം, ശാസ്ത്രം എന്നിവയിൽ നമുക്ക് സംസ്കാരം ദർശിക്കാൻ കഴിയും. അതുകൊണ്ട് സംസ്കാരത്തിൽ ആചാരങ്ങൾ, പാരമ്പര്യങ്ങൾ, തിരുനാളുകൾ, ജീവിതരീതികൾ, ഒരു വ്യക്തിയുടെ വിവിധ ജീവിത പ്രശ്നങ്ങളിലേക്കുള്ള കാഴ്ച്ചപ്പാടുകൾ എല്ലാം ഉൾക്കൊള്ളുന്നു.

സംസ്കാരത്തെപ്പറ്റി പരാമർശിക്കുമ്പോൾ അത് ഒരു മനുഷ്യനിർമിത ചുറ്റുപാട്. ഇതിൽ കൂട്ടായ ജീവിതത്തിലെ ഭൗതീകവും അഭൗതീകവുമായ ഉത്പന്നങ്ങൾ ഉണ്ട്. അവ ഒരു തലമുറയിൽ നിന്ന് മറ്റു തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതുമാണ്. സമൂഹികശാസ്ത്രജ്ഞന്മാരും, സാംസ്കാരിക ശാസ്ത്രജ്ഞന്മാരും. മനുഷ്യകുലം നേടിയെടുത്തിരിക്കുന്ന ബാഹ്യവും ആന്ത

കുറിപ്പുകൾ :

രികവുമായ സ്വഭാവരീതികളെപ്പറ്റി ഒരു പൊതുധാരണയിൽ എത്തിച്ചേർന്നിരിക്കുകയാണ്.

നമ്മുടെ ജീവിത രീതിയിലും, ചിന്തകളിലും പ്രകൃതിയിലുമുള്ള പ്രതിഫലനമാണ് സംസ്കാരം എന്നു പറയുന്നത്. അവ നമ്മുടെ സാഹിത്യത്തിൽ, മതാചാരങ്ങളിൽ, കളികളിൽ, സന്തോഷത്തിൽ എല്ലാം കാണാൻ കഴിയും. സംസ്കാരത്തിന് രണ്ട് വ്യത്യസ്തമായ ഭാഗങ്ങളുണ്ട്. ഭൗതികം, അഭൗതികം. ഭൗതീക വസ്തുക്കൾ എന്നത് നമ്മുടെ വസ്ത്രം, ഭക്ഷണം, വീട്ടുപകരണങ്ങൾ എന്നിവയാണ്. ഭൗതീകമല്ലാത്ത വസ്തുക്കൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ആശയങ്ങൾ, മാതൃകകൾ, ചിന്തകൾ, വിശ്വാസങ്ങൾ എന്നിവയാണ്.

ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തും ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തും സംസ്കാരം വ്യത്യാസപ്പെട്ടരിക്കുന്നു.

ഉദാഹരണത്തിന് ഉപചാരപൂർവ്വം മറ്റുള്ളവർ നമ്മെ സ്വാഗതം ചെയ്യുന്നത് നമ്മുടെ വസ്ത്രധാരണം, ഭാഷണ രീതികൾ, സാമൂഹിക-മതപരമായ ആചാരഅനുഷ്ഠാനങ്ങൾ ഇവയെല്ലാം പാശ്ചാത്യരുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. മറ്റൊരർത്ഥത്തിൽ ഏതൊരു രാജ്യത്തിലെ ജനങ്ങളായിരുന്നാലും അവരുടെ സ്വഭാവരൂപീകരണം നടക്കുന്നത് അവരുടെ പ്രത്യേക സംസ്കാരിക പാരമ്പര്യത്തിലാണ്.

**ചോദ്യങ്ങൾ 1.1**

1. എങ്ങനെ നിങ്ങൾക്ക് പറയാൻ കഴിയും സംസ്കാരവും, സംസ്കൃതിയും ഉൾക്കൊള്ളുന്നത് ഒരേ അർത്ഥമാണ് എന്ന്?
2. പൂരിപ്പിക്കുക

a. മനുഷ്യകുലത്തിന്റെയും കൂട്ടായ്മയുടെയും എല്ലാ നേട്ടങ്ങളേയും ........................................................ എന്ന് വിളിക്കാം.

b. സംസ്കാരത്തിന് രണ്ട് പ്രത്യേക ഭാഗങ്ങളുണ്ട്, അവ ഭൗതീകവും ..................................................

## 1.2 സംസ്കാരവും, നാഗരികതയും

പലപ്പോഴും സംസ്കാരവും നാഗരികതയും ഉപയോഗിക്കുന്നത് പര്യായ പദങ്ങളായാണ്. എന്നിരുന്നാലും ഓരോന്നിനേയും കുറിച്ച് വ്യക്തമായി നിർവചിച്ചിരിക്കുന്ന ഇത് അവയെ വ്യത്യസ്തമാക്കുന്നു. നാഗരികത അർത്ഥമാക്കുന്നത് നല്ല ജീവിതരീതികൾ ഉണ്ടാവുക അതുപോലെ പ്രകൃതിയെ അവരുടെ ആവശ്യങ്ങൾ സാധൂകരിക്കുന്നതിനു പര്യാപ്തമായ രീതിയിൽ തീർക്കുക എന്നതാണ്. മെച്ചപ്പെട്ട ജീവിതത്തിലേക്കാവശ്യമായ വസ്ത്രം, ഭക്ഷണം ആശയവിനിമയം തുടങ്ങിയവയ്ക്ക് വേണ്ടി ഏകീകൃതമായി പ്രവർത്തിക്കുന്ന, രാഷ്ട്രീയമായി നിർവചിക്കപ്പെട്ട സമൂഹങ്ങളെ സംഘടിപ്പിക്കുന്നതും ഇതിൽപെടുന്നു. അതുകൊണ്ട് ചില സമൂഹങ്ങൾ അവരെ തന്നെ സ്വയം നാഗരികത ഉള്ളവരാണെന്ന് പരിഗണിക്കുകയും മറ്റുള്ളവരെ വില കുറച്ചു കാണുകയും ചെയ്യുന്നു. ഈ രീതിയിലുള്ള തരംതാഴ്ത്തലുകൾ യുദ്ധത്തിലേക്കും, മനുഷ്യകുരുതിക്കും വഴിതെളിച്ചിട്ടുണ്ട്. പരിണിതഫലമായി മനുഷ്യകുലത്തിന്റെ ബൃഹത്തായ നാശത്തിൽ കലാശിച്ചിട്ടുണ്ട്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ സംസ്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അന്തഃസത്തയും, ആത്മീകവും ബൗദ്ധികവുമായ പരിപോഷണമാണ്. ജീവി

തത്തിലെ പല ഉന്നത കഴിവുകളും ഡാൻസ്, സാഹിത്യം, കല എന്നിവയെല്ലാം സംസ്കാരത്തിൽ ഉൾപ്പെടുന്നു. അവയെ പല സാംസ്കാരിക പ്രവർത്തനങ്ങളായി തരംതിരിയ്ക്കാം. ഒരു പക്ഷേ ഒരാൾ വളരെ ദരിദ്രനും അവൻ ധരിച്ചിരിക്കുന്നത് വിലകുറഞ്ഞ വസ്ത്രങ്ങളും ആണ്. അപരിഷ്കൃതം എന്ന് അയാളെ പരിഗണിക്കും. എന്നാൽ അവനോ, അവളോ വളരെ ഉന്നത സംസ്കാരം ഉള്ളവരായിരിക്കും. വളരെ സമ്പന്നതയുള്ള വ്യക്തിയെ നാഗരികത ഉള്ളവനായി പരിഗണിക്കും. എന്നാൽ അയാൾ സംസ്കാരമുള്ളവൻ ആയിരിക്കണമെന്നില്ല.

അതുകൊണ്ട് എപ്പോൾ നമ്മൾ സംസ്കാരത്തെപറ്റി ചിന്തിയ്ക്കുന്നുവോ നമ്മൾ മനസ്സിലാക്കിയിരിക്കണം സംസ്കാരവും നാഗരികതയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. നമ്മൾ കണ്ടെത്തിയതുപോലെ സംസ്കാരം എന്നു പറഞ്ഞാൽ ഒരു മനുഷ്യവംശത്തിന്റെ ഉന്നതമായ തലത്തിലുള്ള ആത്മസാക്ഷാത്കാരമാണ്. മനുഷ്യൻ വെറും ഒരു ഭൗതിക വസ്തു മാത്രമല്ല. അവൻ ജീവിക്കുന്നതും, പ്രവർത്തിക്കുന്നതുമായ മൂന്ന് തലങ്ങളിൽ, ഭൗതീകം – ബൗദ്ധികം, ആത്മീകവുമായ അതേസമയം സാമൂഹികമായും സാങ്കേതികമായും രാഷ്ട്രീയമായും നല്ലരീതിയിൽ ജീവിയ്ക്കുക. ഒപ്പം നമുക്കു ചുറ്റുമുള്ള പ്രകൃതിയെ നല്ലരീതിയിൽ ഉപയുക്തമാക്കുക ഇവയെല്ലാം ചേർത്ത് പറയുന്നതാണ് നാഗരികത. ഇവ മാത്രം പോര സംസ്കാരത്തിന്. ഒരു വ്യക്തിയുടെ ആഴത്തിലുള്ള ബുദ്ധിതലത്തിന്റെ, ബോധ്യത്തിന്റെ ആത്മതലത്തിൽ നിന്നുള്ള പ്രതിഫലനത്തിൽ നിന്നു മാത്രമേ അവനെ അല്ലെങ്കിൽ അവളെ സംസ്കാരം ഉള്ളവർ എന്ന് പറയാൻ കഴിയൂ.

**ചോദ്യങ്ങൾ 1.2**

1. സംസ്കാരവും നാഗരികതയും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ട്?
2. സംസ്കാരവും നാഗരികതയും തമ്മിലുള്ള രണ്ട് സാമ്യങ്ങൾ പറയുക?

## 1 .3 സംസ്കാരവും, പാരമ്പര്യവും

സാംസ്കാരിക പുരോഗതി എന്നത് ഒരു ചരിത്ര പ്രക്രിയയാണ്. നമ്മുടെ പൂർവികന്മാർ ഒരുപാട് കാര്യങ്ങൾ പഠിച്ചത് അവരുടെ മുൻഗാമികളിൽ നിന്നുമാണ്. സമയത്തിന്റെ കടന്നുപോകലിൽ തങ്ങളുടെ സ്വന്തം അനുഭവങ്ങളും ഇതിനോട് കൂട്ടിച്ചേർക്കപ്പെടുന്നു. ഒപ്പം ഉപയോഗശൂന്യം എന്നു കാണുന്നവ പരിഗണിക്കുന്നുമില്ല. അത് ഉപേക്ഷിച്ച് കളയുന്നു. മറ്റൊരർത്ഥത്തിൽ നമ്മൾ ഒരുപാട് കാര്യങ്ങൾ പഠിക്കുന്നത് നമ്മുടെ പൂർവികന്മാരിൽ നിന്നുമാണ്. സമയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മൾ പുതിയ ചിന്തകളും പുതിയ പുതിയ ആശയങ്ങളും പണ്ടെ നിലനിൽക്കുന്ന സംസ്കാരത്തോട് കൂട്ടിച്ചേർക്കുന്നു. ചിലപ്പോൾ ഉപയോഗശൂന്യമെന്നു കരുതുന്നവയെ ഉപേക്ഷിക്കുന്നു. നമുക്ക് ലഭിച്ച സംസ്കാരത്തെ സാംസ്കാരിക പൈതൃകം എന്ന് വിളിക്കുന്നു. പാരമ്പര്യം പലനിലകളിൽ സ്ഥിതി ചെയ്യുന്നു. മനുഷ്യകുലത്തിന് മുഴുവനായും പാരമ്പര്യമായി ലഭിച്ചിട്ടുള്ള സംസ്കാരത്തെ മാനവിക സംസ്കാരം എന്ന് പറയുന്നു. ഒരു രാജ്യത്ത് അനന്തരാവകാശമായി സംസ്കാരം ഉണ്ട്. അവയെ നമുക്ക് ദേശീയ സംസ്കാരപാരമ്പര്യം എന്ന് വിളിക്കാം.

മനുഷ്യകുലത്തിലെ പൂർവ്വികന്മാരിൽ നിന്ന് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് മാറ്റപ്പെടുന്ന സംസ്കാരത്തിന്റെ എല്ലാ മൂല്യങ്ങളും ഘടകങ്ങളും

കുറിപ്പുകൾ :

സംസ്കാരിക പാരമ്പര്യത്തിൽ ഉൾക്കൊള്ളുന്നു. ഇടമുറിയാതെ തുടർച്ചയായി അവർ ഇവയെ പരിപോഷിപ്പിക്കുന്നു, സംരക്ഷിക്കുന്നു കൂടാതെ നിലനിർത്തുന്നു. ഒപ്പം അവർ അതിൽ അഭിമാനം കൊള്ളുന്നു.

പാരമ്പര്യം എന്ന ആശയത്തെ വ്യക്തമാക്കാൻ കുറച്ച് ഉദാഹരണങ്ങൾ സഹായകരമാകും. താജ്മഹൽ, ഡൽഹിയിലും ഗാന്ധിനഗറിലെ സ്വാമി നാരായൺ അമ്പലം, ആഗ്രയിലെ റെഡ് ഫോർട്ട്, ഡൽഗിയിലെ കുത്തബ് മിനാർ, മൈസൂറിലെ കൊട്ടാരം, രാജസ്ഥാനിലെ ദിൻവാരാ ജയിൻ ക്ഷേത്രങ്ങൾ, നിസാമുദ്ദീൻ ഔലിയുടെ ദർഗ, അമൃതസറിലെ സുവർണ ക്ഷേത്രം, ഡൽഹിയിലെ ഗുരുദ്വാരാ ഡിസ്ഗൻജ്, സാഞ്ചിയിലെ സ്തൂപങ്ങൾ, ഗോവയിലെ ക്രിസ്ത്യൻ പള്ളികൾ, ഇന്ത്യാ ഗേറ്റ് മുതലായ സുപ്രധാന പ്രദേശങ്ങൾ നമ്മുടെ പാരമ്പര്യമാണ്. എല്ലാ അർത്ഥത്തിലും സംരക്ഷണം നൽകപ്പെടേണ്ടവയാണ്.

വാസ്തുവിദ്യ സൃഷ്ടികൾ മാത്രമല്ല സ്മാരകങ്ങൾ, മനുഷ്യ നിർമിത സാമഗ്രികൾ, ബൗദ്ധീകമായ നേട്ടങ്ങൾ തത്വശാസ്ത്രം അറിവിന്റെ ശേഖരം, ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ കൂടാതെ നിരീക്ഷണങ്ങളും എല്ലാം പാരമ്പര്യത്തിന്റെ ഭാഗമാണ്. ഇന്ത്യൻ പശ്ചാത്തലത്തിൽ ബോധയാൻ, ആര്യഭട്ട, ഭാസ്ക്കരാചാര്യ എന്നിവർ കണക്കിൽ, ജ്യോതിശാസ്ത്രത്തിൽ, ജ്യോതിഷത്തിൽ, ഊർജ്ജതന്ത്രത്തിൽ വരാഹമിഹിരനും രസതന്ത്രത്തിൽ നാഗാർജ്ജുനയും, ചരകനും, സുശ്രുതനും, ചികിത്സാ ശാസ്ത്രത്തിൽ, യോഗയിൽ പതഞ്ജലിയും നൽകിയ സംഭാവനകൾ ഇന്ത്യൻ സാംസ്കാരിക പാരമ്പര്യത്തിന്റെ ഗംഭീരമായ ശേഖരങ്ങളാണ്. സംസ്കാരം മാറ്റത്തിന് വിധേയമാണ്. എന്നാൽ പാരമ്പര്യം ഒരിയ്ക്കലുമില്ല. വ്യക്തി എന്ന നിലയിൽ നമ്മൾ ഒരു സംസ്കാരത്തെയോ പ്രത്യേക വിഭാഗത്തിനോടോ ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ മറ്റൊരു സംസ്കാരത്തിൽ നിന്നോ സമൂഹത്തിൽ നിന്നോ ആർജ്ജിക്കുകയോ ചെയ്യാം. എന്നാൽ ഇന്ത്യൻ സാംസ്കാരിക പാരമ്പര്യത്തിലെ ഒരു മാറ്റവും ഉണ്ടാവുകയില്ല. ഇന്ത്യൻ സാസ്കാരിക പാരമ്പര്യം നമ്മളെ ഒന്നിപ്പിച്ചു ചേർത്ത് നിർത്തുന്നു. ഉദാ. ഇന്ത്യൻ സാഹിത്യവും പ്രാമാണിക ഗ്രന്ഥങ്ങളും, വേദങ്ങൾ, ഉപനിഷിത്തുകൾ, ഗീത, യോഗസമ്പ്രദായം എന്നിവ വളരെ അഭിനന്ദനാർഹമായ സംഭാവനകൾ നൽകിയിരിക്കുന്നു. ശരിയായ അറിവ്, പ്രവർത്തനം, പെരുമാറ്റം സ്വഭാവം എന്നിങ്ങനെ നാഗരിക പുരോഗതിയുടെ വളർച്ചക്ക് നൽകിയിരിക്കുന്നു.

**ചോദ്യങ്ങൾ 1.3**

1. എന്താണ് സാംസ്കാരിക പാരമ്പര്യം?
2. സംസ്കാരിക പാരമ്പര്യത്തിന് കുറച്ച് ഉദാഹരണങ്ങൾ നൽകുക?

## 1.4 സംസ്കാരത്തിന്റെ പൊതുവായ സ്വഭാവങ്ങൾ

പൊതുവായ സംസ്കാരത്തെക്കുറിച്ച് നമുക്കിപ്പോൾ ചർച്ച ചെയ്യാം. അവ ലോകത്തിലുടനീളമുള്ള വിവിധ സംസ്കാരങ്ങളുടെ പൊതുസ്വഭാവമാണ്.

### 1. സംസ്കാരം പഠിച്ചെടുക്കപ്പെട്ടതാണ്, ആർജിച്ചെടുത്തതാണ്.

ആർജ്ജിതമായ സംസ്കാരം എന്ന അർത്ഥത്തിൽ പറയുമ്പോൾ ചില സ്വഭാവ വിശേഷതകൾ പാരമ്പര്യത്തിലൂടെ നേടിയവയാണ്. മാതാപിതാക്കളിൽ നിന്ന് ചില ഗുണങ്ങൾ ജന്മസിദ്ധമായി വ്യക്തികൾ നേടാറുണ്ട്. എന്നാൽ സാമൂഹിക സാംസ്കാരിക രീതികൾ ഒരിയ്ക്കലും ജന്മസിദ്ധമായി നേടുകയില്ല. ഇവയെല്ലാം തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ നിന്ന് കൂട്ടായ്മകളിൽ നിന്ന് കുടും

*കുറിപ്പുകൾ :*

ബാംഗങ്ങളിൽ നിന്ന് പഠിച്ചു സ്വായത്തമാക്കിയതാണ്. തങ്ങൾ നിരന്തരം പ്രവർത്തിക്കുന്ന സാമൂഹിക ഭൗതീകമായ ചുറ്റുപാടുകൾ മനുഷ്യകുലത്തിന്റെ സംസ്കാരത്തെ സ്വാധീനിക്കുന്നു എന്ന പ്രതീതി ഉളവാക്കുന്നു.

### 2. ഒരു കൂട്ടം ജനങ്ങളാൽ പങ്കുവെക്കപ്പെടുന്നതാണ് സംസ്കാരം

ഒരു കൂട്ടം ജനങ്ങളാൽ പ്രവർത്തിക്കുന്നതോ വിശ്വസിക്കുന്നതോ പങ്കുവെക്കപ്പെടുന്നതോ ആയ ഒരു ചിന്ത അല്ലെങ്കിൽ ഒരു പ്രവർത്തനം ആണെങ്കിൽ അതിനെ സംസ്കാരം എന്ന് പറയാം.

### 3. ഓരോന്നായി കൂടിവരുന്നതാണ് സംസ്കാരം

ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് കടന്നുപോകുന്ന വ്യത്യസ്ത അറിവുകളുടെ ഒരു സംയോജനമാണ് സംസ്കാരം. സമയത്തിന്റെ കടന്നുപോകലിൽ ഒരു പ്രത്യേക സംസ്കാരത്തിൽ കൂടുതൽ കൂടുതൽ ജ്ഞാനം കൂട്ടിച്ചേർക്കപ്പെടുന്നു. ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് കടന്നുപോകുമ്പോൾ ഓരോരുത്തരും കിണഞ്ഞു പരിശ്രമിക്കുന്നു. ജീവിതത്തിലെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്താൻ ആ പ്രത്യേക സംസ്കാരം സമയത്തോടൊപ്പം കടന്നുപോകും എന്നാൽ ചാക്രികത നിലനിൽക്കുന്നു.

### 4. മാറുന്നതാണ് സംസ്കാരം

നിലവിലിരുന്ന അറിവും ചിന്തകളും അല്ലെങ്കിൽ പാരമ്പര്യങ്ങളും നഷ്ടപ്പെടുമ്പോൾ പുതിയ സാംസ്കാരിക സവിശേഷതകൾ കൂട്ടിച്ചേർക്കപ്പെടുന്നു.

### 5. ചലനാത്മകമാണ് സംസ്കാരം

മാറ്റമില്ലാത്ത അവസ്ഥയിൽ ഒരു സംസ്കാരവും അവശേഷിക്കുന്നില്ല. കാലം കടന്നുപോകുമ്പോൾ പഴയ രീതികൾ മാറ്റപ്പെടുകയോ പരിഷ്കൃതമാക്കുകയോ അല്ലെങ്കിൽ പുതിയ ആശയങ്ങളോ പുതിയ സാങ്കേതിക വശങ്ങളോ കൂട്ടിച്ചേർക്കപ്പെടുന്നതിനാൽ സംസ്കാരം നിരന്തരമായി മാറിക്കൊണ്ടിരിക്കുന്നു.

### 6. അനുവദനീയമായ സ്വഭാവരീതിയുടെ പരിധി നമുക്ക് സംസ്കാരം നൽകുന്നു

എങ്ങനെ ഒരു വ്യക്തി ശരിയായി പ്രവർത്തിക്കാം എങ്ങനെ ഒരു പ്രവർത്തനം നടത്തപ്പെടാം എന്നെല്ലാമാണ് ഇതിൽപ്പെടുന്നത്.

### 7. വ്യത്യസ്തമായതാണ് സംസ്കാരം

വളരെയധികം പരസ്പരാശ്രയത്വമുള്ള ഭാഗങ്ങൾ ചിട്ടയായി ക്രമീകരിക്കപ്പെടുന്നതാണ് സംസ്കാരം. ഈ ഭാഗങ്ങളെല്ലാം തന്നെ വ്യത്യസ്തം ആണെങ്കിലും അവ സംസ്കാരരൂപീകരണത്തിന് പരസ്പരം ആശ്രയിക്കുന്നു.

### 8. സംസ്കാരം ആശയപരമാകുന്നു.

പലപ്പോഴും ഇത് നൽകുന്നത് ഒരു ആശയപരമായ രീതിയാണ്. വ്യക്തികൾ പിൻതുടരണം എന്ന് പ്രതീക്ഷിക്കപ്പെടുന്നു. അങ്ങനെ സാമൂഹിക അംഗീകാരം അതേ സംസ്കാരത്തിലെ ജനങ്ങളിൽ നേടുന്നതിന്.

### ചോദ്യങ്ങൾ 1.4

1. അനുവദനീയമായ സ്വഭാവരീതി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
2. സംസ്കാരം ചലനാത്മകമാണെന്ന് എങ്ങനെ പറയാൻ കഴിയും?



*കുറിപ്പുകൾ :*

## 1.5 മനുഷ്യജീവിതത്തിൽ സംസ്കാരത്തിന്റെ പ്രാധാന്യം

സംസ്കാരത്തിന് ജീവിതവുമായി വളരെ അടുത്ത ബന്ധമുണ്ട്. മനുഷ്യജീവി എന്ന നിലക്ക് അസാധാരണമായി ധരിക്കാൻ പറ്റുന്ന ഒരു ആഭരണമല്ല സംസ്കാരം. ചായത്തിന്റെ സാധാരണ ഒരു സ്പർശം മാത്രമല്ലിത്. നമ്മളെ മനുഷ്യനാക്കി തീർക്കുന്നതെന്താണോ അതാണ് സംസ്കാരം. സംസ്കാരമില്ലാതെ അവിടെ ഒരു ജീവിതമില്ല. ഏറ്റവും ആത്മീയമായതും ഏറ്റവും ഭൗതീകവുമായ ജീവിത രീതികളിൽ വിശ്വാസങ്ങളിൽ പാരമ്പര്യങ്ങളിൽ നിന്നെല്ലാം രൂപപ്പെടുത്തിയെടുത്തിട്ടുള്ളതാണ് സംസ്കാരം. നമ്മുടെ ജീവിതങ്ങളെ നയിക്കുന്നതിനുള്ള ഒരു നല്ല രീതിയും അർത്ഥവും നമുക്ക് സംസ്കാരം നൽകുന്നു. സംസ്ക്കാരം എന്താണോ അത് നമ്മളെ മനുഷ്യനാക്കുന്നു. അതേസമയം തന്നെ മനുഷ്യജീവിതങ്ങളാണ് സംസ്കാരത്തിന്റെ സൃഷ്ടാക്കളും.

മതവിശ്വാസ സംബന്ധമായ പ്രശ്നങ്ങളും അവയുടെ പ്രതിരൂപാത്മകമായ പ്രതിഫലനവുമാണ് സംസ്കാരത്തിന്റെ അടിസ്ഥാന മൂല ഘടകം. അതുപോലെ മതവിശ്വാസങ്ങൾ തമ്മിലുള്ള സംഭാഷണപുരോഗതിയ്ക്കായി ആനുകാലിക പ്രവർത്തനങ്ങളിൽ നമ്മൾ ശ്രദ്ധാലു ആയിരിക്കണം. അത് യഥാർത്ഥത്തിൽ ഒരു ബൗദ്ധികമായ സംഭാഷണമാണ്. നമ്മുടെ ഈ ലോകം കൂടുതൽ കൂടുതൽ ആഗോളവൽക്കരിക്കപ്പെടുകയും അവിടെ നമ്മൾ കൂടുതൽ ആഗോളവൽക്കരണതലത്തിൽ സഹവർത്തിക്കുകയും ചെയ്യുമ്പോൾ വെറുതെ നമുക്ക് ചിന്തിക്കാൻ പറ്റില്ല അവിടെ ജീവിക്കാൻ ശരിയായ ഒരു രീതി മാത്രമേ ഉള്ളൂ എന്നും അതുപോലെ ഏതെങ്കിലും ഒന്ന് പ്രബലമാണെന്നും. സഹവർത്തിത്വത്തിന്റെ ആവശ്യകതയാണ് സംസ്കാരത്തിന്റെ സഹവർത്തിത്വവും വിശ്വാസങ്ങളുടെ ആവശ്യകതയും. നമ്മുടെ തന്നെ സംസ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനൊപ്പം മറ്റുള്ളവരുടെ സംസ്കാരങ്ങളെക്കുറിച്ചും അറിവ് നേടുന്നതാണ് ഏറ്റവും ഉത്തമം. മേൽപറഞ്ഞ തരത്തിലുള്ള തെറ്റുകൾ സംഭവിക്കാതിരിക്കാൻ. എന്താണ് നമ്മുടെ തന്നെ സ്വന്തം സംസ്കാരം എന്നറിയാതെ എങ്ങനെ നമുക്ക് മറ്റ് സംസ്കാരങ്ങളുമായി സംഭാഷണം അല്ലെങ്കിൽ സംവാദം ചെയ്യാൻ കഴിയും.


സത്യം, സൗന്ദര്യം. നന്മ ഇവയുടെ മൂന്ന് അനശ്വരവും സാർവലൗകീകവുമായ മൂല്യങ്ങൾക്ക് സംസ്കാരവുമായി വളരെ അടുത്ത ബന്ധം ഉണ്ട്. സംസ്കാരം അത് തത്വശാസ്ത്രത്തിലൂടെ നമ്മെ സത്യത്തോട് കൂടുതൽ അടുപ്പിക്കുന്നു. കലയിലൂടെ നമ്മെ കൂടുതൽ ജീവിതത്തിലെ സൗന്ദര്യത്തോടും സൗന്ദര്യബോധത്തിലേക്കും ചേർക്കുന്നു. അത് പോലെ തന്നെ അതേ സംസ്കാരം തന്നെ നമ്മെ മാനവജാതിയായി നിലനിറുത്തുന്നതിനോടൊപ്പം മറ്റ് മനുഷ്യജീവികളോട് ചേർന്ന് നിൽക്കാനും ഒപ്പം സ്നേഹത്തിന്റെ സഹനത്തിന്റെ സമാധാനത്തിന്റെ മൂല്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

### ചോദ്യങ്ങൾ 1.5

1. ഒരു മാന്യമായ ജീവിതത്തിന് എന്തെല്ലാമാണ് സംസ്കാരം നൽകുന്നത്?
2. ഒരു സമൂഹത്തിൽ ഏതെല്ലാം വ്യക്തികളെയാണ് പരിഷ്കൃതർ എന്ന് വിളിക്കപ്പെടാവുന്നത്?

### നിങ്ങളെന്തു പഠിച്ചു

- ഉഴുകുക, കൃഷിചെയ്യുക എന്നർത്ഥം വരുന്ന ലാറ്റിൻ പദമായ കൾട്ട്, കൾട്ട്സിൽ നിന്നാണ് സംസ്കാരം ലഭിച്ചുട്ടുള്ളത്.



*കുറിപ്പുകൾ :*

- ചെയ്യാൻ എന്ന അർത്ഥം വരുന്ന സംസ്കൃത മൂലപദമായ കൃതിയിൽ നിന്നാണ് സംസ്കൃതി ഉൽഭവിച്ചത്.
- ഒരു വ്യക്തിയേയും പ്രത്യേക ഒരു സമൂഹം, ജീവിതം, ചിന്ത, വികാരങ്ങൾ, സംഘടിക്കുക, ആഘോഷിക്കുക കൂടാതെ ജീവിതം പങ്കുവെക്കുന്ന രീതി എല്ലാമായി സംസ്കാരത്തെ നിർവചിക്കാം.
- വ്യത്യസ്ത സ്വഭാവസവിഷേതകൾ ഉള്ളതാണ് സംസ്കാരം. സംസ്കാരം ആർജ്ജിതമാണ്. നഷ്ടപ്പെട്ടതോ അല്ലെങ്കിൽ പങ്കു ചെയ്യപ്പെട്ടതോ ആവാം. സംസ്കാരം ചലനാത്മകമാണ്. വൈരുദ്ധ്യങ്ങളും അനുവദനീയമായ സ്വഭാവരീതികളുടെ പരിധിയും നമുക്ക് നൽകുന്നതാണ്. ഇത് മാറ്റപ്പെടുന്നതാണ്. ഭൗതീകവും ഭൗതീകമല്ലാത്തതുമായ രണ്ട് ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് സംസ്ക്കാരം.
- ആഴത്തിൽ ചിന്തിച്ചാൽ സംസ്ക്കാരം ആണ് പല സംഘടനകളും, ഘടകങ്ങളും കൂടാതെ പലതരത്തിലുള്ള കലാരൂപങ്ങൾ, വാസ്തുവിദ്യാ കൊത്തുപണി, നൃത്തം, സംഗീതം, വിവിധ സാഹിത്യങ്ങൾ എന്നിവ രൂപപ്പെടുത്തുന്നു. അതുപോലെ ഒരു സമൂഹത്തിന്റെ പ്രവർത്തനങ്ങളെ ഭംഗിയായും നല്ലക്രമത്തിലും ആക്കുന്നു.
- മാന്യമായ ഒരു ജീവിതം നയിക്കുന്നതിനാവശ്യമായ ആശയങ്ങളും ആദർശങ്ങളും മൂല്യങ്ങളും സംസ്ക്കാരങ്ങൾ നൽകുന്നു.
- സംസ്കാരത്തിലെ ഉന്നത അടയാളങ്ങളായ മറ്റുള്ളവരുടെ വികാരങ്ങളെ മാനിയ്ക്കൽ അവകാശങ്ങളെക്കുറിച്ചുള്ള സ്വഭാവത്തിലുള്ള ആത്മനിയന്ത്രണങ്ങൾ.
- മനുഷ്യകുലത്തിലെ പൂർവ്വികന്മാരിൽ നിന്ന് അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സംസ്കാരത്തിന്റെ എല്ലാ മൂല്യങ്ങളെ അല്ലെങ്കിൽ വശങ്ങളെയാണ് ഒരു സാംസ്കാരിക പാരമ്പര്യം അർത്ഥമാക്കുന്നത്.
- വസ്തുവിദ്യാ സൃഷ്ടികൾ, സ്മാരകങ്ങൾ, ഭൗതീക വസ്തുവകകൾ, ബൗദ്ധീകമായ നേട്ടങ്ങൾ, തത്വശാസ്ത്രം, അറിവിന്റെ ശേഖരങ്ങൾ, ശാസ്ത്രീയമായ നേട്ടങ്ങളും കണ്ടുപിടിത്തങ്ങളും ഇവയെല്ലാം പാരമ്പര്യത്തിന്റെ ഭാഗങ്ങളാണ്.



## ചോദ്യങ്ങൾ

1. സംസ്കാരം എന്ന (പൊതുധാരണ) ആശയത്തെ നിങ്ങൾ എങ്ങനെ നിർവചിക്കും?
2. സംസ്കാരവും നാഗരികതയും എങ്ങനെയാണ് പരസ്പരം പദങ്ങൾ ആകുക?
3. സാംസ്കാരിക പാരമ്പര്യം എന്നാൽ എന്ത്?
4. സംസ്കാരത്തിന്റെ പൊതുവായ സവിശേഷതകൾ എന്തെല്ലാമാണ്?



## ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

**1.1**

1. സംസ്കാരം എന്ന വാക്കിന്റെ അർത്ഥം ചെയ്യാൻ അതുപോലെ സംസ്കൃതിയുടെയും അർത്ഥം കൃഷിചെയ്യുക, പരിഷ്ക്കരിക്കുക, ശുദ്ധീകരിക്കുക.



കുറിപ്പുകൾ :

2.a. സംസ്കാരം

b. ഭൗതീകമല്ലാത്തത്

**1.2**

1. നമ്മൾ എന്താകുന്നു എന്നതാണ് സംസ്കാരം. നമുക്ക് എന്തെല്ലാം ഉണ്ട് അല്ലെങ്കിൽ എന്തെല്ലാം ഉപയോഗിക്കുന്നു ഇതാണ് നാഗരികത.
2. സംസ്കാരത്തിനും നാഗരികതയ്ക്കും മാറ്റങ്ങൾ സംഭവിക്കും. സംസ്കാരത്തിന്റെ പുരോഗമിച്ച അവസ്ഥയാണ് നാഗരികത.

**1.3**

1. നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നും നമ്മൾ പാരമ്പര്യമായി നേടിയ സംസ്കാരത്തെ സാംസ്ക്കാരിക പാരമ്പര്യം എന്നു പറയാം.
2. താജ്മഹൽ, ആഗ്രയിലെ ചുവന്ന കോട്ട, വേദങ്ങൾ, ഉപനിഷിത്തുകൾ കൂടാതെ ഗീത. (വാസ്തുവിദ്യാസ്മാരകങ്ങൾ, അറിവിന്റെ ശേഖരങ്ങൾ ശാസ്ത്രീയവും ബൗദ്ധീകവുമായ നേട്ടങ്ങൾ)

**1.4**

1. ഒരു ആദർശപൂർണമായ പെരുമാറ്റ രീതി സംസ്കാരം രൂപീകരിക്കുന്നു. ഇവ വ്യക്തികൾ പിൻതുടരണം എന്ന് പ്രതീക്ഷീക്കപ്പെടുന്നു.
2. നിരന്തരമായി സംസ്കാരം മാറുന്നു. കാലകാലങ്ങളായി പുതിയ ആശയങ്ങളും പുതിയ സാങ്കേതികതത്വങ്ങൾ സംസ്കാരത്തോട് കൂട്ടിച്ചേർക്കപ്പെടുന്നു.

**1.5**

1. മാന്യമായ ഒരു ജീവിതം നയിക്കാൻ സംസ്കാരം നമുക്ക് പുതിയ ആശയങ്ങൾ, ആദർശങ്ങൾ, മാതൃകകൾ, കൂടാതെ മൂല്യങ്ങൾ നൽകുന്നു.
2. ചിന്തകളിൽ, വികാരങ്ങളിൽ പ്രവർത്തിക്കുന്ന ആത്മനിയന്ത്രണമില്ലാത്ത ഒരു വ്യക്തിയെ സംസ്കാരശൂന്യനായ വ്യക്തി എന്നു വിളിക്കുന്നു.

കുറിപ്പുകൾ :

# 2

# ഇന്ത്യൻ സംസ്കാരം

ജീവിതത്തിന്റെ വിവിധ മേഖലകളിൽ നാം നേടിയ അത്ഭുതകരമായ പുരോഗതിയെക്കുറിച്ച് നിങ്ങളെപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അത് ഭാഷയിലായാലും സാഹിത്യത്തിലായാലും വാസ്തുവിദ്യയിലായാലും മതത്തിലായാലും ഇതെങ്ങനെ സാധ്യമായി എന്ന് നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടോ? നമുക്ക് ഓരോ സമയത്തും പുതുതായി ഒന്നും തുടങ്ങേണ്ടതില്ല. മുൻഗാമികൾ ചെയ്തുവെച്ച കാര്യങ്ങൾ ഉപയോഗിക്കുകയോ അവയോട് പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയോ ചെയ്യാൻ നമുക്ക് കഴിയുന്നു. നമുക്കുവേണ്ടി പ്രത്യേകഭാഷയോ പുതിയ ലിപിയോ തയ്യാറാക്കേണ്ടതില്ല. സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ അവ ആദ്യമേ നിങ്ങൾക്കുപയോഗിക്കാൻ തക്കവണ്ണം പാകപ്പെടുത്തിയിട്ടുണ്ട്. അതിനോട് നിങ്ങളുടേതായ സംഭാവനകൾ കൂട്ടിച്ചേർക്കുമ്പോൾ വരുംതലമുറയ്ക്ക് അതൊരു ആസ്തിയായി മാറുന്നു. ഇത് ഒരിക്കലും അവസാനിക്കാത്ത തുടർച്ചയായ ഒരു പ്രക്രിയയാണ്. മനുഷ്യന് മാത്രം ലഭ്യമായിട്ടുള്ള അതുല്യവും അമൂല്യവുമായ ഒന്നാണിത്. ഇതാണ് സംസ്കാരം എന്നറിയപ്പെടുന്നത്. സംസ്കാരം ഒരു ജീവിത രീതിയാണ്. നിങ്ങൾക്ക്, നിങ്ങളുടെ കുടുംബത്തിന്, നിങ്ങളുടെ പ്രദേശത്തിന്, നിങ്ങളുടെ രാജ്യത്തിന് എല്ലാം തനതായ ഒരു സംസ്കാരമുണ്ട്. ഇന്ത്യൻ സംസ്കാരത്തിന്റെ അതുല്യതയെക്കുറിച്ചും അതിന്റെ സവിശേഷതകളെ കുറിച്ചും നിങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ടാവും.

## ലക്ഷ്യങ്ങൾ

- ഈ പാഠം പഠിച്ചു കഴിയുമ്പോൾ ഇന്ത്യൻ സംസ്കാരത്തിന്റെ സ്പഷ്ടമായ സവിശേഷതകൾ വിശദീകരിക്കുന്നു.
- ഇന്ത്യൻ സംസ്കാരത്തിന്റെ അപൂർവ്വതയും കേന്ദ്രബിന്ദുക്കളും തിരിച്ചറിയുന്നു.
- ഇന്ത്യൻ സംസ്കാരത്തിലുള്ള ആത്മീയതയുടെ പ്രാധാന്യങ്ങൾ ചർച്ച ചെയ്യുന്നു.
- അതിൽ അന്തർലീനമായ നാനാത്വവും ഏകത്വവും വിവരിക്കാം.
- ഇന്ത്യൻ സംസ്കാരത്തിലേക്ക് മറ്റു സംസ്കാരങ്ങളിൽ നിന്നും ഏകീകരണത്തിനുള്ള ഉത്തേജന പ്രക്രിയകളുടെ ഘടകങ്ങൾ തിരിച്ചറിയുന്നു.

## 2.1 ഇന്ത്യൻ സംസ്കാരത്തിന്റെ സവിഷേഷതകൾ

ഇന്ത്യൻ സംസ്കാരത്തിന് ജീവിതത്തിലേതുപോലെ പലവശങ്ങൾ ഉണ്ട്. ഏതൊരു മനുഷ്യവംശത്തിലേയും ബൗദ്ധികവും സാമൂഹികവുമായ വശങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ഇത് കണക്കിലെടുക്കുന്ന മനുഷ്യജീവിതത്തിലെ ജന്മസിദ്ധമായ സൗന്ദര്യബോധവും ആത്മീയ വ്യഗ്രതകളും ഫലത്തിൽ സ്വഭാവരൂപീകരണത്തിനു വേണ്ടിയുള്ള അവബോധം പോലെയുള്ള ഒരു പ്രേരണ ശക്തിയും ഇതിൽ ഉൾക്കൊള്ളുന്നു. ഭൗതീകവും സാമൂഹ്യവുമായ ചുറ്റുപാടുകളിൽ നിരവധി വൈവിധ്യങ്ങളുള്ള ഒരു വിശാലമായ രാജ്യമാണ് ഇന്ത്യ. വിവിധ ആചാരങ്ങൾ അനുഷ്ഠിക്കുന്ന വിവിധ മതങ്ങളിൽ വിശ്വസിക്കുന്ന വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളെ നമുക്ക് ചുറ്റും കാണാം. ഈ വൈജാത്യം അവരുടെ ഭക്ഷണ രീതികളിലും വസ്ത്രധാരണ രീതികളിലും

നിങ്ങൾക്ക് ദർശിക്കാം. നമ്മുടെ രാജ്യത്തിലെ അനവധി നൃത്തസംഗീതരൂപങ്ങളിലും ഈ വ്യത്യാസം കാണുവുന്നതാണ്. പക്ഷേ ഈ വൈജാത്യങ്ങൾക്കെല്ലാമുള്ളിൽ ദൃഡമായി ബന്ധപ്പെടുത്തുന്ന ഒരു ശക്തിയിലധിഷ്ഠിതമായ ഒരു ഏകത്വമുണ്ട്. ജനങ്ങളുടെ പരസ്പരമുള്ള കൂടിച്ചേരൽ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നു. വിവിധ മതവിശ്വാസികളായ വിവിധ നരവംശ പശ്ചാത്തലത്തിലും പരമ്പരയിലുംപെട്ട നിരവധി ജനങ്ങൾ ഇന്ത്യയിൽ കുടിയേറിപ്പാർത്തിട്ടുണ്ട്. ഭാരത സംസ്കാരത്തിന്റെ ചലനാത്മകവും സമഞ്ജസവുമായ സവിശേഷത ദീർഘകാലമായി തുടർന്നുവന്നിട്ടുള്ള ഈ വൈവിധ്യപൂർണമായ സാംസ്കാരിക വിഭാഗങ്ങളുടെ സമ്പന്നമായ സംഭാവനകളുടെ ഫലമായിട്ടാണെന്ന് നാം മറന്നുകൂടാ. ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതയും അതുല്യതയും എല്ലാ ഇന്ത്യക്കാരുടെയും അമൂല്യമായ സമ്പത്താണ്.

### 2.1.1 സംസ്കാരത്തിന്റെ നൈരന്തര്യവും മാറ്റവും

ലോകത്തിന്റെ വിവിധ മേഖലകളിലും വ്യത്യസ്ത രാജ്യങ്ങളിലും മഹത്തായ പല സംസ്കാരങ്ങളും വികാസം പ്രാപിച്ചിട്ടുണ്ടായിരുന്നു. അവയിൽ പലതും നശിക്കുകയോ മറ്റു സംസ്കാരങ്ങളിൽ മാറ്റപ്പെടുകയോ ചെയ്തിട്ടുണ്ട്. പക്ഷേ ഭാരതീയ സംസ്കാരം ശാശ്വതമായി നിലനിൽക്കുന്നു. വലിയ മാറ്റങ്ങളും വിപ്ലവങ്ങളും ഉണ്ടായിട്ടു കൂടി നൈരന്തര്യത്തിന്റെ പൊട്ടാത്ത നൂലിഴകൾ നാളിതുവരെയുള്ള ഭാരതീയ ചരിത്രത്തിന്റെ കാലഗണനയിൽ നമുക്ക് ദർശിക്കാൻ കഴിയും.

ഏതാണ്ട് 4500 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വളർന്നു വികസിച്ച ഹാരപ്പൻ നാഗരികതയെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടാവും. പുരാവസ്തു ശാസ്ത്രജ്ഞന്മാർ ഹാരപ്പൻ നാഗരികതക്ക് മുമ്പും ഇവിടെ ഒരു സംസ്കാരം നിലനിന്നുരുന്നതിന്റെ ശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സുദീർഘമായ ഒരു സംസ്കാരിക ചരിത്രം നമുക്കുണ്ട് എന്ന് മനസിലാക്കി തരുന്നു. എന്നാൽ ഇന്ത്യൻ ഗ്രാമത്തിലെ ഒരു വീടിന്റെ രൂപം ഇന്നും ഹാരപ്പൻ നാഗരികത കാലത്തും തമ്മിൽ വലിയ വ്യത്യാസങ്ങളില്ല എന്നത് അത്ഭുതകരമായ ഒരു വസ്തുത തന്നെയാണ്. ഹാരപ്പൻ നാഗരികതയുടെ ചില ഘടകങ്ങൾ ഇന്നും അനുവർത്തിച്ച് പോരുന്നു. അവരുടെ ആരാധന മൂർത്തികളായ മാതൃദേവിയും പശുപതിയും ഇന്നും ആരാധിക്കപ്പെടുന്നു. വൈദിക പാരമ്പര്യം, ബുദ്ധ ജൈനമത പാരമ്പര്യങ്ങൾ ഇവ ഇന്നും പിന്തുടർന്നു പോരുന്നു. പക്ഷേ ഹാരപ്പൻ നാഗരികതയിൽ നിന്ന് വ്യത്യസ്തമായി മുംബെയിലും ഡൽഹിയിലുമടക്കമുള്ള നഗരങ്ങളിൽ നിരവധി നിലകളുള്ള കെട്ടിടങ്ങൾ നമുക്ക് കാണാം. ഈ മാറ്റങ്ങളെ നാം കണ്ടില്ലെന്നു നടിക്കരുത്. നാഗരികതയുടെ നൈരന്തര്യവും മാറ്റവും തോളോട് തോൾ ചേർന്ന് നമുക്കിവിടെ കാണാൻ കഴിയും. ഇന്ത്യൻ സംസ്കാരത്തിന്റെ മഹത്തായ ഒരു പ്രത്യേകത സ്ഥായിയായ ഒരു നൈരന്തര്യത്തോടൊപ്പം അത് മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. ആധുനിക യുഗത്തിൽ അപ്രസക്തമാവുന്നവയെ ഒഴിവാക്കിക്കൊണ്ട് സംസ്കാരത്തിന്റെ അന്തർലീനമായ തത്വശാസ്ത്രത്തിന്റെ ആത്മാവ് നിലനിർത്തിപ്പോരുന്നു. നമ്മുടെ ദീർഘകാല ചരിത്രത്തിൽ ഉയർച്ച താഴ്ചകളുടെ കാലങ്ങളുണ്ട്. തദ്ഫലമായി പ്രസ്ഥാനങ്ങൾ വളരുകയും പരിഷ്കാരങ്ങൾ നിലവിൽ വരികയും ചെയ്തു. ഇന്ത്യൻ ചിന്താധാരകളിലും പ്രവർത്തനങ്ങളിലും വന്നുകൊണ്ടിരിക്കുന്ന വിപ്ലവാത്മകമായ മാറ്റങ്ങൾക്കുദാഹരണമാണ് ബി.സി.ആറാം നൂറ്റാണ്ടിലെ ബുദ്ധിസം, ജൈനിസം എന്നിവയും ആധുനിക ഭാരതത്തിൽ 18, 19 നൂറ്റാണ്ടുകളിൽ ഉണ്ടായ ചിന്താപരമായ ഉയിർത്തെഴുന്നേൽപ്പുകളും. എങ്കിലും അടിസ്ഥാന തത്വശാസ്ത്രത്തിന്റെ ചരടുകൾ തുടരുകയും നിലനിൽക്കുകയും ചെയ്യുന്നു. തുടർച്ചയുടേയും മാറ്റത്തിന്റെയും പ്രക്രിയ എപ്പോഴും ഇന്ത്യൻ

സംസ്കാരത്തിന്റെ ഒരു സവിശേഷതയായിരുന്നു. ഇത് നമ്മുടെ സംസ്കാര ത്തിന്റെ ചലനാത്മകതയെ കാണിക്കുന്നു.

### 2.1.2 വിവിധത്വവും ഏകത്വവും

ഉത്തർപ്രദേശിലെ ജനങ്ങൾ പാചകത്തിന് കടുകെണ്ണ ഉപയോഗിക്കുമ്പോൾ കേരളീയർ എന്തുകൊണ്ട് വെളിച്ചെണ്ണ ഉപയോഗിക്കുന്നുവെന്ന് ഒരു പക്ഷേ നിങ്ങൾ ആശ്ചര്യപ്പെട്ടിട്ടുണ്ടാവാം. പഞ്ചാബിലെ ബാങ്ക്ര നൃത്തരൂപവും തമിഴ്നാട്ടിലെ പൊങ്കലും ആസാമിലെ ബിഹുനൃത്തരൂപവും എന്തുകൊണ്ട് വ്യത്യസ്തമായി. നാം സംസാരിക്കുന്ന വിവിധങ്ങളായ ഭാഷകളെ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇന്ത്യ നിരവധി നൃത്തരൂപങ്ങളുടെ ഉത്ഭവ കേന്ദ്രമാണ്.

ഇത്രയും വൈരുദ്ധ്യമുള്ള ഒരു സംസ്കാരം ലോകത്ത് വേറെയില്ല തന്നെ. നമ്മുടെ രാജ്യത്ത് ധാരാളം ഭാഷകളും ഉപഭാഷകളും സംസാരിക്കപ്പെടുന്നു. ഇത് മഹത്തായ നിരവധി സാഹിത്യങ്ങളുടെ വളർച്ചക്ക് കാരണമായി ലോകത്തിലെ മഹത്തായ എട്ട് മതവിശ്വാസങ്ങൾ അനുഷ്ഠിക്കുന്ന ജനങ്ങളും ഇവിടെ ഏകസഹോദരങ്ങളെപ്പോലെ ജീവിക്കുന്നു. നിരവധി ചിത്ര, ശില്പ, വാസ്തുവിദ്യാശൈലികൾ ഇവിടെ വികാസം പ്രാപിച്ചു. ക്ലാസിക്കലും നാടോടി രൂപങ്ങളും ഉൾപ്പെടെ നിരവധി നൃത്തരൂപങ്ങൾ ഇവിടെ നിലനിൽക്കുന്നു. അതുപോലെ തന്നെ നിരവധി ആചാരങ്ങളും ഉത്സവങ്ങളും ഇവിടെയുണ്ട്. ഇത് നമ്മുടെ സംസ്കാരത്തെ ഒരുവശത്ത് സങ്കീർണവും മറുവശത്ത് സമ്പന്നവും മനോഹരവുമാക്കുന്നു. എന്തുകൊണ്ട് നമ്മുടെ സംസ്കാരത്തിന് ഇത്രയേറെ വൈവിധ്യമുണ്ടായി? ഇതിന് നിരവധി കാരണങ്ങളുണ്ട്. നമ്മുടെ രാജ്യത്തിന്റെ വിശാലതയും ഭൗതികവും കാലാവസ്ഥപരവുമായ വൈവിധ്യങ്ങളും ഇതിന് ഒരു കാരണമാണ്.

നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യത്തിന് മറ്റൊരു കാരണം വിവിധ നരവംശ വിഭാഗങ്ങളുടെ കൂടിച്ചേരലുകളാണ്. അനാദികാലം മുതൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ജനങ്ങൾ ഇവിടെ കുടിയേറുകയും താമസിക്കുകയും ചെയ്തുവന്നു. നീഗ്രോയിഡുകൾ, മംഗളോയിഡുകൾ, പെട്രോ-ആസ്ട്രലോയിഡുകൾ എന്നിങ്ങനെ നിരവധി വംശവിഭാഗങ്ങൾ ഇവിടെ കാണാം. മുഗളന്മാർ, തുർക്കികൾ, അറബികൾ, ഹൂണന്മാർ, ശാകന്മാർ, കുശാനന്മാർ, ഗ്രീക്കുകാർ, ഇറാനികൾ, യൂറോപ്യന്മാർ എന്നിങ്ങനെ വിവിധ വംശവിഭാഗങ്ങൾ ഇവിടെ വന്നു. അവർ ഇവിടെ സ്ഥിരതാമസമാക്കുകയും പ്രാദേശികജനവിഭാഗങ്ങളുമായി കൂടിച്ചേരുകയും ചെയ്തു. നിലവിലുള്ള സംസ്കാരവുമായി ഇവരുടെ സാംസ്കാരികാംശങ്ങൾ, ആശയങ്ങൾ, ചിന്താധാരകൾ ഇവയെല്ലാം കൂടിക്കലർന്നു. ബി.സി. രണ്ടാം നൂറ്റാണ്ടിൽതന്നെ കുശാനന്മാരുടെയും, പാർത്ഥ്യന്മാരുടെയും, ശാകന്മാരുടെയും വസ്ത്രരൂപങ്ങളായിരുന്ന സൽവാർ, കുർത്ത, തൊപ്പി, തുന്നിയുപയോഗിക്കുന്ന വസ്ത്രങ്ങൾ എന്നിവ ഇന്ത്യയിൽ എത്തിയിരുന്നു എന്നറിയുമ്പോൾ നിങ്ങൾക്ക് ആശ്ചര്യം തോന്നാം. ഇതിന് മുമ്പ് ഇന്ത്യക്കാർ തയ്ക്കാത്ത തരത്തിലുള്ള വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. 18-ാം നൂറ്റാണ്ടിലാണ് ആധുനിക തരത്തിലുള്ള പാന്റ്, ഷർട്ട്, പാവാട മുതലായവ യൂറോപ്യന്മാർ ഇന്ത്യയിൽ പരിചയപ്പെടുത്തിയത്. ആശയങ്ങളുടെ കൂടിച്ചേരലുകളുടെ അപാരമായ കഴിവ് ഇന്ത്യ കാലഘട്ടങ്ങളിലൂടെ കാഴ്ചവെച്ചു. ഇത് ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യത്തിനും സമ്പന്നതയ്ക്കും കാരണമായി.

പുറമെനിന്നുള്ള സാംസ്കാരിക സങ്കലനത്തോടൊപ്പം ഇന്ത്യയ്ക്കകത്തുള്ള വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയവും തുടർന്നു. ലക്നോ



കുറിപ്പുകൾ :

യിലെ ചികാൻ, പഞ്ചാബിലെ ഫുൽകരി, ബംഗാളിലെ കാന്ത ചിത്രതയ്യൽ വേല കളും ഒറിസയിലെ പട്ടോല വേലകളും സവിശേഷമായ പ്രാദേശിക വകഭേദ ങ്ങളാണ്. പശ്ചിമ, പൂർവ്വ, ദക്ഷിണ, ഉത്തര ഭാരതത്തിലെ വിവിധ കേന്ദ്രങ്ങൾക്ക് അവരുടേതായ സവിശേഷ സംസ്കാരങ്ങളുണ്ടെങ്കിലും വ്യത്യസ്തമായി വളർന്ന വയായിരുന്നില്ല. ഭൗതീകമായ തടസ്സങ്ങളുണ്ടെങ്കിലും തീർത്ഥാടനത്തിനും കച്ച വടത്തിനുമായി ഇന്ത്യക്കാർ രാജ്യത്തിന്റെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേക്കും യാത്ര ചെയ്യാറുമുണ്ടായിരുന്നു. ചില പ്രദേശങ്ങൾ ആക്രമിച്ചു കീഴടക്കിയോ സഖ്യം മുഖേനയോ ചേർക്കപ്പെട്ടിട്ടുണ്ടായിരുന്നു. ജനങ്ങൾ സാംസ്കാരിക സ്വഭാവങ്ങളും ചിന്താഗതിയും ഒരുഭാഗത്തു നിന്നും മറ്റൊരു ഭാഗത്തേക്ക് സംപ്രേഷണം ചെയ്തു. യുദ്ധപ്രവർത്തനങ്ങളും ജനങ്ങളെ ഒരി ടത്തു നിന്നും മറ്റൊരിടത്തേക്ക് എത്തിച്ചു. ഇത് ആശയ വിനിമയത്തിന് സഹാ യകമായി. നമ്മുടെ ചരിത്രത്തിലുടനീളം നിലനിർത്തിയ ഇന്ത്യൻ സംസ്കാര ത്തിന്റെ സാമാന്യതക്ക് ഇത് വഴിതെളിയിച്ചു. മറ്റൊരു ഏകീകരണ ശ്കതി കാലാ വസ്ഥയായിരുന്നു. ഭൂമിശാസ്ത്രപരമായ വൈരുദ്ധ്യങ്ങളും കാലാവസ്ഥ വ്യതി യാനങ്ങളും ഉണ്ടെങ്കിലും അന്തർലീനമായ ഒരു ഏകത്വം ഉണ്ടായിരുന്നു. ഇന്ത്യ യിൽ മുഴുവൻ ഏകരൂപം നൽകുന്ന മൺസൂൺ വ്യവസ്ഥ ഇന്ത്യൻ കാലാവ സ്ഥയുടെ പ്രധാന ഘടകമാണ്. മൺസൂണിന്റെ വരവ് ഭൂരിഭാഗം ഇന്ത്യക്കാരു ടെയും മുഖ്യതൊഴിലായ കാർഷികവൃത്തിക്ക് ഉത്തേജനം നൽകുന്നു. ഭൗതിക വ്യത്യാസവും കാലാവസ്ഥ വ്യതിയാനം, ഭക്ഷണശീലങ്ങൾ, വസ്ത്രം, വീടു കൾ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കുകയും സാമ്പത്തി ക, സാമൂഹ്യ, രാഷ്ട്രീയ സ്ഥാപനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. ഇവ ഒന്നാകെ ജനങ്ങളുടെ ചിന്താഗതിയെയും തത്വശാസ്ത്രങ്ങ ളെയും സ്വാധീനിക്കുന്നു. കാലാവസ്ഥയിലും ഭൗതീക പ്രത്യേകതയിലുമുള്ള വ്യത്യാസം വിവിധ പ്രദേശങ്ങളിൽ വിവിധ സംസ്കാരങ്ങളുടെ വികസനത്തിന് വഴിതെളിച്ചു. വ്യത്യസ്ത പ്രദേശങ്ങളുടെ സവിശേഷതകൾ ഈ സംസ്കാര ങ്ങൾക്ക് ഒരു വ്യതിരിക്തത നൽകി.

നമ്മുടെ സംഗീതം, നൃത്തരൂപങ്ങൾ, നാടകങ്ങൾ, ചിത്രവേലകൾ, കൊത്തുവേ ലകൾ, കെട്ടിടങ്ങളുടെ വാസ്തുവിദ്യ എല്ലാ ഭാഷകളിലെയും സാഹിത്യങ്ങൾ ഇവയിലെല്ലാം നമ്മുടെ സംസ്കാരത്തിന്റെ മിശ്രണ പ്രകൃതി പ്രതിഫലി ക്കുന്നു.

നാനാത്വത്തിൽ ഏകത്വം നമ്മുടെ രാഷ്ട്രീയ വ്യവസ്ഥകളിലും ദർശിക്കാം. ആദ്യ കാല വേദകാലഘട്ടത്തിൻ ആട്ടിടയന്മാരുടെ സമൂഹമായിരുന്നു. അന്ന് മേച്ചിൽസ്ഥലങ്ങൾ തേടി ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ജനങ്ങൾ അലഞ്ഞു നടന്നിരുന്നു. ജനങ്ങൾ കൃഷി ചെയ്യാൻ തുടങ്ങിയതോടെ ഓരോ പ്രദേശത്തും അവർ സ്ഥിരതാമസമാക്കി. ഒരു രാഷ്ട്രീയ സംവിധാനം നിലവിൽവന്നു. രാഷ്ട്രീയ വേദികളായ സഭ, സമിതി എന്നിവയിലൂടെ അവർ ഭരണം നടത്തി. കാലക്രമേണ രാഷ്ട്രം എന്ന സങ്കൽപം ഉരുത്തിരിയുകയും രാജ്യാതിർത്തി അധികാരത്തിന്റെ അളവുകോലാവുകയും ചെയ്തു. ചില സ്ഥലങ്ങളിൽ പ്രജാ ധിപത്യം നിലവിൽ വന്നു. ബി.സി. ആറാം നൂറ്റാണ്ട് ഇന്ത്യയിൽ മഹാജനപഥ ങ്ങളുടെ കാലഘട്ടമായി അറിയപ്പെടുന്നു. ഇവിടെ ഭരണകാര്യങ്ങളിൽ ജനങ്ങ ളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ രാജാക്കന്മാർക്ക് കൂടു തൽ അധികാരമുള്ള ചെറിയ രാജവംശങ്ങൾ നിലവിൽ വന്നു. ക്രമേണ വലിയ സാമ്രാജ്യങ്ങൾ സ്ഥാപിതമാവുകയും ചക്രവർത്തികൾ സ്വേച്ഛാധിപതികളാവു കയും ചെയ്തു. പ്രാചീനകാലത്തെ ഭരണാധികാരികളായിരുന്ന ഹർഷവർധനൻ, സമുദ്രഗുപ്തൻ, അശോകൻ എന്നിവരെക്കുറിച്ച് നിങ്ങൾ കേട്ടുകാണും. മുഗ ളന്മാർ ഇന്ത്യയിൽ വിപുലമായ സാമ്രാജ്യം സ്ഥാപിച്ചു. പിന്നീട് ബ്രിട്ടീഷുകാർ

ഇന്ത്യയുടെ ഭരണാധികാരിയായി. 1858–ൽ അവർ ഇന്ത്യയെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു ഭാഗമാക്കുകയും ചെയ്തു. എങ്കിലും ദീർഘകാലത്തെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്കൊടുവിൽ 1947ൽ നാം സ്വതന്ത്രരായി. ഇന്ന് നാം പരമാധികാര, മതേതര, സ്ഥിതിസമത്വ ജനാധിപത്യ റിപ്പബ്ലിക്കാണ്. ഇന്ന് ഒരേ കീകൃത ഭരണക്രമം ഇന്ത്യയിൽ ഉടനീളം നിലനിൽക്കുന്നു.

### ചോദ്യങ്ങൾ 2.1

1. പേരു പറയുക, ബങ്ക്റ ഏത് സംസ്ഥാനത്തിന്റെ ജനകീയ നൃത്തരൂപമാണ്?
2. ആസാമിലെ നൃത്തരൂപം ഏതു പേരിലാണ് അറിയപ്പെടുന്നത്?
3. ബി.സി.രണ്ടാം നൂറ്റാണ്ടോടു കൂടി ഇന്ത്യയിലേക്ക് സാൽവാർ, കുർത്ത, തൊപ്പി മുതലായവ ആരാണ് കൊണ്ടുവന്നത്?
4. പട്ടോലക്ക് പേരുകേട്ട പ്രദേശം ഏതാണ്?

### 2.1.3 മതേതര കാഴ്ചപ്പാട്

ഇന്ത്യൻ സംസ്കാരത്തിന്റെ മതേതര സവിശേഷതയെന്നത് ദീർഘകാലങ്ങളായി വ്യത്യസ്ത സാംസ്കാരിക വിഭാഗങ്ങളിൽ ഉൾപ്പെട്ട ജനങ്ങളുടെ കൂടിച്ചേരലിന്റെ ഫലമാണ്. അവിടവിടങ്ങളിൽ ചിലപ്പോഴുണ്ടാകുന്ന സംഘട്ടനങ്ങളെ മാറ്റി നിർത്തിയാൽ മിക്കവാറും നൂറ്റാണ്ടുകളോളം സമാധാനപൂർവ്വം ഇവിടെ ജനങ്ങൾ ജീവിച്ചു പോന്നു. അത്തരം സാംസ്കാരിക സങ്കലനത്തിന്റെ ഭാഗമായി വിവിധ മതവിഭാഗങ്ങളിൽപെട്ട ജനസഞ്ചയം ഒരുമിച്ചു ജീവിച്ചുവെന്നത് ഇന്ത്യയുടെ പ്രശസ്തമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഉത്തമ ഉദാഹരണമാണ്.

നമ്മുടെ രാജ്യത്ത് വ്യത്യസ്ത ചിന്താധാരകളും ശീലങ്ങളും ഉണ്ടെന്ന് നിങ്ങൾക്കറിയാം. അത്തരം വ്യത്യസ്തതയിൽ ഏതെങ്കിലും ഒരു ചിന്താധാരയുടെ അധീശത്വം അസാധ്യമാണ്. ഹിന്ദു മുസ്ലീം, സിക്ക്, ബുദ്ധ, ജൈന, പാർസി, ജൂത മതവിഭാഗങ്ങളെല്ലാം ഇന്ത്യയിലുണ്ട്. നമ്മുടെ ഭരണഘടന തന്നെ നാമൊരു മതേതര രാജ്യമാണെന്ന് പ്രഖ്യാപിക്കുന്നു. ഓരോരുത്തരുടേയും ഇഷ്ടത്തിനനുസരിച്ചുള്ള മതത്തിൽ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. രാജ്യത്ത് അതിന്റേതായ ഒരു പ്രത്യേക മതമില്ല. രാജ്യം എല്ലാ മതങ്ങളെയും ഒരുപോലെ പരിഗണിക്കുന്നു. ഒരാൾക്കും മതത്തിന്റെ പേരിൽ വിവേചനം നേരിടേണ്ടി വരരുത്. ജീവിക്കുക, ജീവിക്കാനനുവദിക്കുക എന്ന സങ്കൽപത്തിലധിഷ്ഠിതമായ വിശാലമായ ഒരു കാഴ്ചപ്പാട് ഇവിടത്തെ ജനങ്ങൾക്കുണ്ട്.

ഏതു മതത്തിലും വിശ്വസിക്കുന്നതിലുള്ള അവകാശം നമ്മുടെ ഭരണവ്യവസ്ഥയുടെ മതേതര സ്വഭാവം ഉറപ്പു വരുത്തുന്നു. പാശ്ചാത്യ മതേതര വികസന പശ്ചാത്തലമാണെന്നത് ചർച്ചിനെയും രാഷ്ട്രത്തെയും പൂർണ്ണമായും വേർപെടുത്തിക്കൊണ്ടുള്ളതാണ്. എന്നാൽ ഇന്ത്യയിൽ മതേതരത്വമെന്നത്, വിശിഷ്യ ന്യൂനപക്ഷങ്ങളുടേതുൾപ്പെടെ എല്ലാ ജനങ്ങളുടെയും താൽപര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ സങ്കിർണമായ സാമൂഹ്യഘടനയുമായി ഒത്തുപോകുന്ന തരത്തിൽ മാതൃകാപരമായ ഒരു സങ്കൽപമാണ്.

### 2.1.4 സാർവ്വലൗകികത

രാജ്യത്തിന്റെ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ അതിരുകൾക്കകത്ത് മാത്രം ഒതുങ്ങി നിൽക്കുന്നതല്ല സഹവർത്തിത്വം എന്ന സങ്കൽപം. ഇന്ത്യക്ക് സാർവ്വലൗകികമായ ഒരു കാഴ്ചപ്പാടുണ്ട്. ഇന്ത്യ സർവലോകത്തിനും ഐക്യത്തി

ന്റെയും സമാധാനത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുന്നു. കൊളോണിയലിസത്തിനും വംശീയതക്കുമെതിരെ ഇന്ത്യ എപ്പോഴും ശബ്ദമുയർത്താറുണ്ട്. ലോകത്ത് ശാക്തീക ചേരികൾ രൂപീകൃതമാവുന്നതിനെതിരെ ഇന്ത്യ പ്രതികരിച്ചിട്ടുണ്ട്. ഇന്ത്യ ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപകാംഗമാണ്. അവികസിത രാജ്യങ്ങളുടെ വികസനത്തിന് നാം പ്രതിജ്ഞാബദ്ധമാണ്. ഇങ്ങനെ ലോക സാഹോദര്യത്തിന്റെ ഭാഗമായി ഇന്ത്യ അതിന്റെ കടമകൾ നിറവേറ്റിക്കൊണ്ടിരിക്കുകയും ലോകാഭിവൃദ്ധിക്ക് വേണ്ടി തനതായ സംഭാവനകൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

### 2.1.5 ഭൗതീകപരവും അദ്ധ്യാത്മികപരവും

പാശ്ചാത്യർ ഇന്ത്യയെ പൊതുവേ ആദ്ധ്യാത്മികതയുടെ നാടായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ പ്രാചീന കാലം മുതൽ നാളിതുവരെയുള്ള ഇന്ത്യാചരിത്രം കാണിക്കുന്നത് ഇവിടെ ഭൗതീക-ഭൗതീകേതര സംസ്കാരങ്ങൾ ആത്മീയതയോടൊപ്പം തുടർന്നു പോരുന്നു എന്നാണ്. ഹാരപ്പൻ സംസ്കാരം വളരെ ഉന്നതമായിരുന്നുവെന്നും ജനങ്ങൾ ഉയർന്ന ജീവിതനിലവാരം നിലനിർത്തിയിരുന്നുവെന്നും, നിങ്ങൾക്കറിയാം. ഈ സംസ്കാരം നാഗരിക സംസ്കാരമായിരുന്നു. ഗണിതം, അളവ്. തൂക്കം എന്നീ മേഖലകളിൽ അവർക്ക് അഗാദമായ ജ്ഞാനം ഉണ്ടായിരുന്നു. അവരുടെ നഗരങ്ങൾ ശാസ്ത്രീയമായ രീതിയിലാണ് നിർമ്മിച്ചിരുന്നത്. അവിടെ വിപുലമായ മലിനജലനിർഗ്ഗമന സംവിധാനം ഉണ്ടായിരുന്നു. സുമേറിയക്കാരുമായി കടൽകടന്നുള്ള കച്ചവട ബന്ധമുൾപ്പെടെ വിദേശ വാണിജ്യബന്ധമുണ്ടായിരുന്നു.

ഇതിനപ്പുറം പ്രാചീനകാലം മുതൽക്കേ ഇന്ത്യൻ പണ്ഡിതന്മാർ അപഗ്രഥനതൽപരർ ആയിരുന്നു. വൈദ്യം, ഗോളം, നക്ഷത്രം, സസ്യങ്ങൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ട ഉൽകൃഷ്ടമായ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരുന്നു. യൂറോപ്യന്മാർ അംഗീകരിക്കുന്നതിന് വളരെ മുമ്പുതന്നെ ഭൂമി ഉരുണ്ടതാണെന്നും ഭൂമി സൂര്യന് ചുറ്റും കറങ്ങുന്നുവെന്നുമുള്ള സിദ്ധാന്തങ്ങൾ ഇന്ത്യക്കാർ കണ്ടെത്തിയിരുന്നു. ഗണിതം, വൈദ്യം, ശാസ്ത്രം എന്നീ മേഖലകളിൽ പ്രാചീനകാലം മുതലേ ഇന്ത്യക്കാരുടെ നേട്ടങ്ങൾ ശ്രദ്ധേയമായിരുന്നു. ഇത്തരം അറിവുകൾ അവലംബിക്കുന്നതിന് മതപരമോ മറ്റേതെങ്കിലും ചിന്താപരമോ ആയ പ്രതിരോധങ്ങളോ എതിർപ്പുകളോ ഉണ്ടായിരുന്നില്ല. ഇന്ത്യൻ തത്വചിന്തകളിൽ നാസ്തിക ചിന്ത പോലും വളരുകയും വികസിക്കുകയും ചെയ്തു.

## 2.2 സാംസ്കാരിക അനന്യത, മതം, ദേശം, നരവംശീയത

മതം, ദേശം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ സാംസ്കാരിക അനന്യത നിലനിൽക്കുന്നത്. തദ്ഫലമായി ഒരോ ഇന്ത്യക്കാരനും അനേകം അനന്യതകളുടെ ഉടമകളാണ്.  ഇതിലേതെങ്കിലും ഒരു അനന്യത ഒരു നിശ്ചിതസമയത്ത് ദൃഢമാവുകയും മറ്റുള്ളവയേക്കാൾ രൂഢമൂലമാവുകയും ചെയ്യുന്നുവെന്നത് ഒരാൾ ജീവിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി മാത്രമേ പറയാനൊക്കുകയുള്ളൂ. ഓരോ ആൾക്കും മറ്റുള്ളവരുമായി പൊതുവായ ചില കാര്യങ്ങൾ ഉണ്ടാകും മറ്റു ചിലകാര്യങ്ങൾ അവർ തീർത്തും വ്യത്യസ്തരായിരിക്കുകയും ചെയ്യും. ഉദാഹരണത്തിന് ആചാരാനുഷ്ഠാനങ്ങളിലും ആരാധനകളിലും വ്യത്യസ്തതയുണ്ടെങ്കിലും ഒരു പ്രത്യേക മതവിശ്വാസം പുലർത്തുന്നവർ ചില കാര്യങ്ങളിൽ ഒരു പോലെ കാണാം. ആചാരനുഷ്ഠാനങ്ങളിലും ആരാധന രീതികളിലും അവർ തമ്മിൽ പ്രാദേശിയവും വിഭാഗീയവുമായ വ്യത്യാസങ്ങൾ കാണാം.

സാംസ്കാരികമായി എല്ലാ ഹിന്ദുക്കളും ഒരു പോലെ അല്ല. മുസ്ലീങ്ങളും അതു

*കുറിപ്പുകൾ :*

പോലെ തന്നെ. കാശ്മീരിലെയും തമിഴ്നാട്ടിലെയും ബ്രാഹ്മണർ പല കാര്യങ്ങളിലും വ്യത്യസ്തരാണ്. അതുപോലെ സംസ്കാരത്തിന്റെ വിവിധ വീക്ഷണങ്ങളിൽ കേരളത്തിലെയും ഉത്തർപ്രദേശിലെയും മുസ്ലീങ്ങളും വ്യത്യസ്തരാണ്. എന്നാൽ പ്രാദേശിക അനന്യതകൾ കുറച്ചുകൂടി യാഥാർത്ഥ്യമാണ്. വ്യത്യസ്ത ജാതി–മത വിഭാഗങ്ങൾക്ക് ഒരു പ്രദേശത്ത് ഭാഷ, ഭക്ഷണം, മൂല്യങ്ങൾ, കാഴ്ചപ്പാട് ഇവയിലൊക്കെ ഐക്യരൂപ്യം കാണാം. ബംഗാളിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ബംഗാളികളാകുന്നതിൽ അഭിമാനം കൊള്ളുന്നു. ചിലയിടങ്ങളിൽ ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ മതവിഭാഗങ്ങളും പ്രാദേശീകമായ പല കാര്യങ്ങളിലും പരസ്പരം കൂടിച്ചേരുകയും ഐക്യപ്പെടുകയും ചെയ്യുന്നതായി കാണാം.

വ്യത്യസ്ത മതവിഭാഗങ്ങൾ അവരുടെ തത്വശാസ്ത്രത്തോട് തത്വത്തിൽ താൽപര്യവും, കൂറും പ്രകടിപ്പിക്കുന്നു. ഹിന്ദുക്കൾക്ക് വേദങ്ങളും, ശാസ്ത്രങ്ങളും പ്രചോദനം നൽകുമ്പോൾ ക്രിസ്ത്യാനികൾക്ക് ബൈബിളും മുസ്ളീങ്ങൾക്ക് ഖുർ ആനും, ഹദീസുമാണ് പ്രചോദനം. പക്ഷെ ജീവിത രീതികളിലും ആചാരങ്ങളിലും വ്യത്യസ്ത മതവിഭാഗങ്ങൾക്ക് പരസ്പരം ഇടപെടുന്നു.

നരവംശ സംസ്കാരങ്ങൾ ഗോത്രവർഗ്ഗങ്ങളിൽ പ്രബലമാണ്. ഉദാഹരണത്തിന് ചെറിയ ഒരു സംസ്ഥാനമായ നാഗാലാന്റിൽ വിശ്വാസത്തിലും, വസ്ത്രധാരണത്തിലും, സംസാരത്തിലുമൊക്കെ വ്യത്യസ്തത പുലർത്തുന്ന പന്ത്രണ്ടിലധികം ഗോത്രവർഗ്ഗങ്ങളുണ്ട്. ഛത്തീസ്ഗഡിലെ ബസ്തർ ജില്ലയിൽ തന്നെ വ്യത്യസ്ത നരവംശ പിൻബലമുള്ള നിരവധി വിഭാഗങ്ങളുണ്ട്.

## 2.3 സാംസ്കാരിക സ്വാധീനങ്ങൾ

ആധുനിക സാഹചര്യത്തിൽ നമ്മുടെ സംസ്കാരത്തെ മൂന്ന് പ്രബലമായ കാര്യങ്ങളെങ്കിലും സ്വാധീനിക്കുകയുണ്ടായിട്ടുണ്ട്. പാശ്ചാത്യവൽക്കരണം, തദ്ദേശീയമായി വളർന്ന സാംസ്കാരിക രീതികൾ, ജനപ്രിയ സംസ്കാരം എന്നിവയാണവ.

സ്വാതന്ത്രത്തിന് മുമ്പ് ചില പാശ്ചാത്യ രീതികൾ സിവിൽ സർവീസിലുള്ളവരും ഉന്നതരുമായിരുന്നു സ്വീകരിച്ചിരുന്നത്. പിൽക്കാലത്ത് ഈ സ്വാധീനം മധ്യവർഗ്ഗത്തിലേക്കും ഗ്രാമീണരിലേക്കും വ്യാപിച്ചു. ഗ്രാമങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വളർച്ച ഇതിനൊരു തെളിവാണ്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ നിലവിൽവന്ന പുതിയ ചിലരീതികൾ ക്രമേണ ദേശീയ രീതികളായി പരിണമിച്ചു. ഉദാഹരണമായി ഖാദിവസ്ത്രങ്ങളും ഗാന്ധിത്തൊപ്പിയും ഇപ്പോൾ സാധാരണമല്ലേ. ആദ്യകാലത്ത് ഇത് ദേശീയ ഐക്യവും സംസ്കാരത്തിന് പൊതുരൂപവും സംഭാവന ചെയ്തു.

മറ്റൊരു ഏകീകരണഘടകമായ ജനപ്രിയ സംസ്കാരം മാധ്യമങ്ങളുടെ സൃഷ്ടിയാണ്. സിനിമ എന്ന ദൃശ്യമാധ്യമത്തിന്റെ സ്വാധീനം, റേഡിയോ, ടെലിവിഷൻ എന്നിവയുടെ സ്വാധീനം എന്നിവ ഉദാഹരണമാണ്. ഇവ മൂല്യങ്ങൾക്കും പ്രതിരൂപങ്ങൾക്കും രൂപഭേദങ്ങൾ നൽകി നമ്മിൽ അനിഷേധ്യമായ സ്വാധീനം ചെലുത്തി. പാരമ്പര്യപരവും പൊതുതാൽപ്പര്യമുള്ളതുമായ വിഷയങ്ങൾ ആധുനിക മാധ്യമങ്ങൾ പ്രോത്സാഹിപ്പിച്ചു.

## ചോദ്യങ്ങൾ 2.2

1. വിദേശരാജ്യത്തു നിന്ന് ഇവിടെ കുടിയേറിപാർത്ത രണ്ട് ജനവിഭാഗങ്ങൾ ഏതെല്ലാം?
2. കാലാവസ്ഥയുടെ ഏതുഘടകമാണ് ഇന്ത്യക്ക് ഏകത്വം നൽകുന്നത്?

3. സമുദ്രാതിർത്തിക്കപ്പുറം ഹാരപ്പൻ ജനവിഭാഗങ്ങൾക്ക് കച്ചവട ബന്ധമുണ്ടായിരുന്ന നാഗരികത ഏതായിരുന്നു?

## നിങ്ങളെന്തു പഠിച്ചു

- സംസ്കാരം വളരെ വിശാലവും സമഗ്രവുമാണ്. സംയോജിതമായി ആർജ്ജിച്ചെടുത്ത പെരുമാറ്റത്തിന്റെ ആകെത്തുകയെന്ന് സംസ്കാരത്തെ നിർവചിക്കാം. ഒരു സമൂഹത്തിൽ ജീവിക്കുന്നവരുടെ ജീവിത രീതിയാണിത്.
- സമൂഹത്തിലെ അംഗമെന്ന നിലയിൽ മനുഷ്യൻ ആർജ്ജിച്ചെടുത്ത കഴിവുകളും ശീലങ്ങളും ഉൾപ്പെടെ അറിവ്, വിശ്വാസം, കല, ധാർമികത, നിയമം, ആചാരങ്ങൾ തുടങ്ങിയവയെല്ലാം സംസ്കാരത്തിന്റെ ഘടകങ്ങളാണ്.
- കാലാനുയോജ്യവും സമഗ്രവുമായതിനാൽ ഇന്ത്യൻ സംസ്കാരം വിവിധ കാലങ്ങളെ അതിജീവിച്ച് നിലനിന്ന് പോരുന്നു.
- ഇന്ത്യൻ സംസ്കാരത്തെ അതുല്യമാക്കുന്നത് അതിന്റെ നാനാത്വത്തിൽ ഏകത്വമെന്ന സവിശേഷതയാണ്.
- അനവധി വർഷങ്ങളായി ഇവിടെ രൂപാന്തരം പ്രാപിച്ച വിവിധ സംസ്കാരങ്ങളുടെ സങ്കലിത രൂപമാണ് ഇന്ത്യൻ സംസ്കാരമായി ഇന്നറിയപ്പെടുന്നത്.
- ആത്മീയതയും മൂല്യാധിഷ്ഠിത ജീവിത രീതിയുമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ കേന്ദ്രബിന്ദുവെങ്കിലും ശാസ്ത്രീയമായ ഗുണവിശേഷം കൂടി അതിനുണ്ട്.

## ചോദ്യങ്ങൾ

1. സംസ്കാരത്തിന്റെ വിവിധ ഘടകങ്ങൾ ഏതെല്ലാമാണ്?
2. ഭൗതിക-ഭൗതികേതര സംസ്കാരങ്ങളുടെ അർത്ഥം വിശദമാക്കുക?
3. ഇന്ത്യൻ സംസ്കാരത്തിന്റെ മതേതര സ്വഭാവം നിർവചിക്കുക?
4. ഇന്ത്യൻ സംസ്കാരത്തിന്റെ വ്യതിരിക്തമായ സവിശേഷതകൾ വിവരിക്കുക?
5. താഴെ പറയുന്നവക്ക് ചെറുകുറിപ്പ് തയ്യാറാക്കുക?
   (1) ഇന്ത്യയിലെ സാംസ്കാരിക സങ്കലനം
   (2) ആത്മീയത
   (3) ഇന്ത്യൻ സംസ്കാരത്തിന്റെ കാലാനുയോജ്യത എന്ന സവിശേഷത
6. ഇന്ത്യൻ സംസ്കാരിക പാശ്ചാത്തലത്തിൽ നാനാത്വത്തിൽ ഏകത്വം എന്നത് വിശദമായി വിശകലനം ചെയ്യുക?

## ഉത്തരങ്ങൾ

**2.1**

1. പഞ്ചാബ്
2. ബിഹു
3. കുശാൻ, ശാകന്മാർ, പാർത്ഥ്യന്മാർ
4. ഒറീസ്സ

**2.2**

1. കുശാനന്മാരും, മുഗളന്മാരും
2. മൺസൂൺ
3. സുമേറിയൻ

കുറിപ്പുകൾ :

# 3

# പ്രാചീന ഇന്ത്യ

ഇന്ത്യൻ സംസ്കാരം ആദിമകാലം മുതൽ ഒരു പോലെ ആയിരുന്നോ? ഉത്തരം അല്ല എന്നാണ്. ഒരു സംസ്കാരവും ഒരു പോലെ നിലനിൽക്കുന്നില്ല. ഇന്ത്യൻ സംസ്കാരത്തിന്റെ കാര്യത്തിലും അത് തന്നെയാണെന്ന സത്യം. എന്തുകൊണ്ടാണ് ഈ മാറ്റങ്ങൾ സംഭവിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇതിനു കാരണം ഇന്ത്യയിൽ എത്തിച്ചേരുകയോ സ്ഥിരതാമസം ആരംഭിക്കുകയോ ചെയ്ത ആക്രമണകാരികളോ രണ്ടു വശങ്ങളിലോ ആയവർ ഇന്ത്യൻ സംസ്കാരത്തിന്റെ ലക്ഷണങ്ങളും ഉപേക്ഷിക്കുകയുണ്ടായി. ഇന്ത്യൻ ജനതയുടെ വർത്തമാനകാല സംസ്കാരം മനസിലാക്കണമെങ്കിൽ ഭൂതകാലത്തിലെ ഏതെല്ലാം പ്രക്രിയകളിലൂടെയാണ് ഇവ കടന്നുപോയിരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാണ്. ഈ അദ്ധ്യായത്തിൽ പ്രാചീന ഇന്ത്യയിലെ ജനങ്ങളുടെ ജീവിത രീതിയെന്തെന്ന് മനസ്സിലാക്കാം. ഇന്ത്യാ ചരിത്രത്തിലെ ഹാരപ്പൻ സംസ്കാരം മുതൽ വൈദികകാലഘട്ടം വരെയും തുടർന്ന് മൗര്യകാലഘട്ടം, ഗുപ്തകാലഘട്ടം എന്നിങ്ങനെ വിവിധകാലഘട്ടങ്ങളെക്കുറിച്ച് നമുക്ക് പഠിക്കാം. ഇന്ത്യൻ സമൂഹത്തിന്റെ മാറി വരുന്ന പ്രകൃതത്തിന് ഊന്നൽ നൽകിക്കൊണ്ട് സംസ്കാരത്തിലും സമൂഹത്തിലും ഉണ്ടായ മാറ്റങ്ങൾ നമുക്ക് മനസ്സിലാക്കാം. എപ്പോൾ നമ്മൾ ചരിത്രം പഠിക്കുന്നോ അപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും എങ്ങനെയാണ് ആധുനികയുഗം ഇന്നത്തെ അവസ്ഥയിൽ നൂറ്റാണ്ടുകളിലൂടെയുള്ള പുരോഗതിയിലൂടെ കടന്നു വന്നിട്ടുള്ളതെന്ന്. ഭൂതകാലത്തിൽ എന്തെല്ലാം നേട്ടങ്ങളാണ് നാം നേടിയിരിക്കുന്നത് അതിനെ അഭിനന്ദിക്കുന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഒപ്പം ഭാവികാലം അർത്ഥവത്തായിതീരുന്നതിനും.

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം വായിച്ചാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും

- ചിരത്രപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചും ഒരു ആസ്വാദനം.
- ആദ്യമായി ഇന്ത്യയിൽ അറിയപ്പെടുന്ന നാഗരിക സംസ്കാരം ഹാരപ്പൻ സംസ്കാരമാണെന്ന് തിരിച്ചറിയുന്നു.
- വേദകാലത്തെ സമൂഹം, മതം, ദാർശനികത എന്നിവയുടെ പ്രകൃതം പരിശോധിക്കുന്നു.
- ബുദ്ധ–ജൈന മതങ്ങളുടെ വളർച്ചയ്ക്കുള്ള കാരണങ്ങൾ വിവരിക്കുന്നു.
- ദക്ഷിണേന്ത്യയുടെ ആദ്യകാല ചരിത്രം കണ്ടെത്താൻ ശ്രമിക്കുന്നു.
- വ്യത്യസ്ത സാമ്രാജ്യങ്ങളുടെ ഭരണകാലത്തുണ്ടായ പ്രബലമായ സാംസ്കാരിക വളർച്ച പുന:പരിശോധിക്കുന്നു.
- പ്രാചീന ഇന്ത്യയുടെ സാംസ്കാരിക വളർച്ചയുടെ പൊതുവായ ചലനാത്മകത പരിശോധിയ്ക്കുന്നു.

## 3.1 ചരിത്രപഠനത്തിന്റെ പ്രാധാന്യം

എന്തിനാണ് നിങ്ങൾ ചരിത്രം പഠിയ്ക്കുന്നതെന്ന് നിങ്ങൾ നിങ്ങളോടുതന്നെ പലപ്പോഴും ചോദിച്ചിട്ടുണ്ട് എന്ന് എനിക്കുറപ്പുണ്ട്. ഭൂതകാലത്തെകുറിച്ച് അറിവുനേടുന്ന ഒരു രീതിയാണ് ചരിത്രപഠനം. എങ്ങനെ എന്തുകൊണ്ടാണ് നമ്മുടെ മുൻഗാമികൾ ജീവിച്ചത് അവർ ആയിരുന്നതുപൊലെ എന്ന് മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ് ചരിത്രം. അതുപോലെ എന്തെല്ലാം പ്രശ്നങ്ങളാണ് അവർ അഭിമുഖീകരിക്കുന്നത് ഏത് രീതിയിലാണ് അവർ അതിനെ തരണം ചെയ്തത്.

ഇന്ന് ഇന്ത്യയിൽ എന്താണ് സംഭവിച്ചു കൊണ്ടിരിയ്ക്കുന്നത് എന്ന് നന്നായി മനസ്സിലാക്കാൻ ഭൂതകാലവുമായി നാം പരിചയപ്പെടേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. വളരെയധികം നൂറ്റാണ്ടുകൾക്കു മുമ്പ് ആരംഭിച്ച് നിങ്ങളുടെ രാജ്യത്തിന്റെ കഥ നിങ്ങൾക്ക് ഈ അദ്ധ്യായം പഠിച്ചു കഴിയുമ്പോൾ മനസ്സിലാകും.

സാധാരണ രാഷ്ട്രീയ സംഭവങ്ങൾ മാത്രമായ തീയതികൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള സാധാരണ പഠനമാണ് ചരിത്രം. ജീവിതത്തിലെ വിവിധ വശങ്ങൾ ചരിത്രത്തിൽ ഉൾപ്പെടുത്തി ചരിത്രത്തിന്റെ പഠനത്തിന്റെ വ്യാപ്തി വളരെ വിശാലമായ സംസ്കാരം എന്ന് നമ്മൾ വിളിക്കുന്ന ജീവിത മാതൃകകളെക്കുറിച്ചുള്ള പഠനവും ഇതിൽപ്പെടുന്നു. സംസ്കാരത്തെപ്പറ്റി നമ്മൾ ഒരിക്കൽ നിർവചിച്ചതുപോലെ കല, വാസ്തുവിദ്യാ, സാഹിത്യം കൂടാതെ തത്വശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ചരിത്രപഠനത്തിന്റെ ഊന്നൽ സമൂഹത്തിലെ ഉയർന്ന സംഘങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ നിന്ന് എല്ലാതലത്തിലുള്ള സമൂഹത്തിലേക്കും ഉയർത്തിയിരിക്കുന്നു. ഇപ്പോൾ ചരിത്രം ഉൾപ്പെടുന്നത് ഭരണകർത്താക്കളുടെയും, രാജാക്കന്മാരുടെയും വിവരണം മാത്രമല്ല ചരിത്ര നിർമ്മിതാക്കളായ സാധാരണ ജനങ്ങളെയും ആണ്. കലാവാസ്തുവിദ്യാ പഠനങ്ങൾ ഇന്ത്യൻ ഭാഷയുടെ പരിണാമങ്ങൾ, മതങ്ങൾ, സാഹിത്യമെല്ലാം ചരിത്രത്തിൽ ഉൾപ്പെടുന്നു.

ഇപ്പോൾ നമ്മൾ രാജ (പ്രഭു) പദവിയിലുള്ള മേഖലകളിൽ എന്തു സംഭവിച്ചു എന്നു മാത്രമല്ല നമ്മൾ കാണുന്ന താഴ്ന്ന തലത്തിലുള്ള ജനങ്ങളുടെ താൽപ്പര്യങ്ങളും പരിഗണനകളും പുനർനിർമ്മിക്കാൻ കൂടി നമ്മൾ പരിശ്രമിക്കുന്നു. ഇത് ചരിത്രപഠനം വളരെ രസകരവും ഒപ്പം നമ്മുടെ സമൂഹത്തെപറ്റി മനസ്സിലാക്കാനും നമ്മെ സഹായിക്കുന്നു.

ആഢ്യത്വവും സാധാരണ നിലയിലുള്ളതുമായ രണ്ട് സമൂഹത്തിന്റെ നിർമ്മാണത്തിനായി ജനങ്ങൾ തുനിഞ്ഞു. അത് ഒരിക്കലും ഇന്ത്യയുടെ മാത്രം സ്വദേശീയമായിരുന്നില്ല മറിച്ച് ആരംഭം കുറിക്കപ്പെട്ടതാണ്. വളരെയധികം പേർ ഇന്ത്യയിൽ എത്തി സ്ഥിരതാമസം ആരംഭിച്ചത് മറ്റ് പ്രദേശങ്ങളിൽ നിന്നാണ്. അവർ പ്രാദേശീയരെ വിവിഹം കഴിക്കുകയും നിലവിലുണ്ടായിരുന്ന ജനങ്ങളുമായി കൂടിക്കലർന്ന് ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായി മാറി. അതുകൊണ്ട് വ്യത്യസ്ത ജനവിഭാഗങ്ങളുടെ സമ്പന്നമായ പാരമ്പര്യം നമ്മുടെ സമൂഹത്തിനുണ്ട്.

വൈവിധ്യമാർന്ന ധാരാളം ജനവിഭാഗങ്ങൾ ഉള്ളതു കൊണ്ടാണ് അതിനു തുല്യമായ ധാരാളം വൈവിധ്യം നിറഞ്ഞ ഭാഷകളും, മതങ്ങളും, ആചാരങ്ങളും രാജ്യത്ത് ഉണ്ടായത്. രണ്ട് കാര്യങ്ങളെ ആശ്രയിച്ചാണ് ശരിയായ ചരിത്രത്തെ മനസ്സിലാക്കുന്നത്. ന്യായവാദത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് തീരുമാനിക്കപ്പെട്ടതായി ചരിത്രകാരന്മാർ സംരക്ഷിച്ച് നമുക്ക് നൽക

കുറിപ്പുകൾ :

പ്പെടുന്ന ചില പ്രസ്ഥാവനകളാകുന്ന ഭൗതീക വസ്തുക്കളെ ശ്രദ്ധയോടും വിമർശനബുദ്ധിയോടും കൂടി ഉപയോഗിക്കണം. രണ്ടാമതായി ചരിത്രസംഭവങ്ങൾക്ക് കാര്യകാരണങ്ങൾ ഉണ്ടാവും ആ കാര്യകാരണങ്ങളെ പൂർണമായി പരിശോധിച്ചിരിക്കണം.

അതിലെല്ലാം ഉപരിയായി വിമർശനാത്മകമായ വിശകലനത്തിന് ഭൂതകാലം പോലും വിഷയീഭവിച്ചിരിക്കണം. ഈ ഒരു രീതിയിലൂടെ മാത്രമേ ചരിത്രപരമായ അറിവുകൾ ശ്രേഷ്ഠമായി തീരുകയുള്ളൂ.

ഇന്ത്യയുടെ ഭൂതകാലത്തിന് ആയിരക്കണക്കിന് വർഷത്തെ പഴക്കമുണ്ട്. നമ്മുടെ പൂർവ്വീകർ പിൻതലമുറക്കായി അവശേഷിപ്പിച്ച തെളിവുകളിൽ നിന്നാണ് നാം ഇതിനെക്കുറിച്ചെല്ലാം പഠിക്കുന്നത്. വളരെ അടുത്ത പഴയ കാലത്തെപറ്റി നമുക്ക് എഴുതപ്പെട്ട, അച്ചടിക്കപ്പെട്ട രേഖകൾ ഉണ്ട്. അച്ചടിയെപ്പറ്റി അറിവില്ലാതിരുന്ന കാലഘട്ടത്തിൽ രേഖകൾ കൈപ്പടയിൽ പേപ്പറിൽ എഴുതിയിരുന്നു. പേപ്പർ കണ്ടുപിടിക്കാത്ത ആദിമകാലഘട്ടത്തിലും രേഖകൾ എഴുതിയിരുന്നു. ഉണങ്ങിയ പനഓലകളിൽ, പൂവരശു വൃക്ഷത്തിന്റെ തോലുകളിൽ ചില പ്രത്ര്യേക കാര്യങ്ങൾ ചെമ്പുതകിടുകളിൽ, വിശാലമായ പാറകളിൽ, തൂണുകളിൽ, ഭിത്തികളിൽ കൊത്തി എഴുതിയിരുന്നു. അല്ലെങ്കിൽ കളിമണ്ണു കൊണ്ടോ കല്ലുകൊണ്ടോ നിർമിച്ച ചെറുപലകകളിൽ. പ്രാചീന കാലഘട്ടത്തിലെ ജനങ്ങളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നത് അവർ അവശേഷിപ്പിച്ച വസ്തുക്കളിൽ നിന്നാണ്. ഉദാഹരണത്തിന് അവരുടെ കലങ്ങൾ അതല്ലെങ്കിൽ അവരുടെ ആയുധങ്ങളും ഉപകരണങ്ങളും ഭൂമിയിൽ നിന്ന് പലപ്പോഴായി കണ്ടെത്തിയിട്ടുള്ള ഇവ നമുക്ക് കാണാനും സ്പർശിക്കാനും കഴിയുന്ന വിശ്വസനീയമായ വസ്തുക്കളാണ്. ചരിത്രശേഖരണ അന്വേഷണ യാത്രകളിലെ സൂചകങ്ങളാണ് അവയെല്ലാം. അതേസമയം നമ്മുടെ സംസ്കാര രൂപീകരണത്തിന്റെ ഭാഗവുമാണ്. എന്നാൽ പല തരത്തിലുള്ള സൂചകങ്ങൾ ഉണ്ട്. സർവ്വസാധാരണമായി ഏറ്റവും അധികമായി ഉപയോഗിക്കുന്നവയാണ് കൈയ്യെഴുത്തു പ്രതികൾ. പ്രാചീനപുസ്തകങ്ങളാകുന്നു കൈയ്യെഴുത്തു പ്രതികൾ, ഇവ എഴുതപ്പെട്ടിരിക്കുന്നത് ഒന്നുകിൽ ഉണങ്ങിയ പനയോലകളിലോ അല്ലെങ്കിൽ മരയുരികളിലോ, പേപ്പറുകളിലോ ആണ്. മറ്റുളളവയെ അന്വേഷിച്ച് പേപ്പർ രൂപത്തിലുള്ള പുസ്തകങ്ങൾ അധികം പഴക്കം ചെന്നവയല്ല. പൊതുവേ അടുത്ത കാലത്തുണ്ടായ ഇവയാണ് അതിജീവിച്ചിരിക്കുന്നത്. അതിപുരാതന ഗ്രന്ഥങ്ങൾ എഴുതാൻ ഉപയോഗിച്ചിരിക്കുന്ന ഭാഷകളിൽ പലതും ഇന്ന് ഇന്ത്യയുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്നേയില്ല. പാലിയും, പ്രാകൃതഭാഷയും. മറ്റ് പലതും എഴുതപ്പെട്ടിരിക്കുന്നത് സംസ്കൃത – ഭാഷകളിലാണ്. അവ നമ്മൾ ഇപ്പോഴും പഠിക്കുകയും പലപ്പോഴും മതപരമായ ആചാരാനുഷ്ഠാനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ ഭവനങ്ങളിൽ ഇത് ഉപയോഗിക്കുന്നില്ല. ദക്ഷിണേന്ത്യയിലെ സംസാരഭാഷയാണ് തമിഴ് ഭാഷ. തമിഴ് ഭാഷാസാഹിത്യം വളരെ പഴക്കം ചെന്നതും ഇന്നും ധാരാളമായി ഉപയോഗിക്കുന്നതുമാണ്. ശ്രേഷ്ഠപൗരാണിക സാഹിത്യഭാഷ (ക്ലാസിക്കൽ ഭാഷ) എന്ന് ഇവയെ വിളിക്കുന്നു. ലോകചരിത്രത്തിന്റെ പലഭാഗങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് പല ക്ലാസിക്കൽ ഭാഷകളിലാണ്. യൂറോപ്പിലെ കൈ എഴുത്തുകൾ പലപ്പോഴും എഴുതപ്പെട്ടിരിക്കുന്നത് ഗ്രീക്ക്, ലാറ്റിൻ ഭാഷയിലും പടിഞ്ഞാറൻ ഏഷ്യയിൽ അവ എഴുതപ്പെട്ടിരിക്കുന്നത് അറബി, ഹീബ്രു ഭാഷയിലുമാണ്. അതുപോലെ ചൈനയിൽ പൗരാണിക ചൈനീസ് ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്.

*കുറിപ്പുകൾ :*

## 3.2 പ്രാചീന ഇന്ത്യ

ഇന്ത്യക്ക് സുദീർഘമായ ഒരു ചരിത്രമുണ്ട്. 7000 ബി.സി.യോടെ തന്നെ ബലൂചിസ്ഥാനിലെ മെഹർഗർ എന്ന സ്ഥലത്ത് നവീനശിലായുഗ അധിവാസത്തിന്റെ തെളിവുകൾ ലഭ്യമായിട്ടുണ്ട്. ഉത്തരപശ്ചിമ ഭൂഖണ്ഡത്തിലെ വലിയ ഒരു പ്രദേശം മുഴുവൻ 2700 ബി.സി.യോടെയാണ് ഇന്ത്യയിൽ ആദ്യമായി അറിയപ്പെടുന്ന നാഗരികത വളർന്നു വികസിച്ചത്. ഇതാണ് ഹാരപ്പൻ നാഗരികത എന്ന് അറിയപ്പെടുന്നത്. സിന്ധു-ഗംഗ നദീതടങ്ങളിലാണ് ഈ സംസ്കാരം വികസിച്ചത്.

ഹാരപ്പൻ സംസ്കാരമാണ് ഇന്ത്യയിലെ അറിയപ്പെടുന്ന ആദ്യ നാഗരികത. അവരുടെ നഗരാസൂത്രണം അതുല്യമായിരുന്നു. ശുദ്ധ ജലസൗകര്യം, മലിനജല നിർമാർജ്ജന സൗകര്യം നല്ല വിശാലമായ റോഡുകൾ, കിണറുകൾ, കുളുമുറിയും അടുക്കളയും ഇഷ്ടികകൊണ്ട് നിർമിച്ച ഇരുനില വീടുകൾ, നീന്തൽ കുളങ്ങൾ, ധാന്യപുര, യോഗം ചേരാനുള്ള ഹാളുകൾ എന്നിവയെല്ലാം ഹാരപ്പൻ നാഗരികതയുടെ പ്രത്യേകതകളായിരുന്നു.

ഗ്രാമീണരുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. നഗരവാസികൾ കച്ചവടത്തിലേർപ്പെട്ടു. അവർക്ക് മെസപ്പൊട്ടോമിയ ഉൾപ്പെടെയുള്ള മറ്റ് നാഗരികതയുമായി കച്ചവട ബന്ധം ഉണ്ടായിരുന്നു. അവർ മികച്ച മൺപാത്ര നിർമ്മാതാക്കളായിരുന്നു. വ്യത്യസ്ത തരത്തിലുള്ള അടുക്കളപാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, അച്ചുകൾ, ചെറുപ്രതിമകൾ എന്നിവ വിപുലമായി കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ലോഹങ്ങളെക്കുറിച്ചും ലോഹക്കൂട്ടുകളെക്കുറിച്ചും ഉള്ള സാങ്കേതികവിദ്യ അവർക്കറിയാമായിരുന്നു. അവരുടെ സൗന്ദര്യബോധത്തിനും, കലാതാൽപ്പര്യത്തിനും ഉദാഹരണമാണ് മോഹൻജോദാരോയിൽ നിന്നും കുഴിച്ചെടുത്ത നൃത്തംചെയ്യുന്ന പെൺകുട്ടിയുടെ വെങ്കലശിൽപ്പം. കക്ക, ആനക്കൊമ്പ്, അസ്ഥികൾ, ചുട്ടെടുത്ത തിളക്കമുള്ള കളിമൺ കട്ടകൾ എന്നിവ കൊണ്ട് ഭംഗിയുള്ള കരകൗശലവസ്തുക്കൾ നിർമ്മിച്ചിരുന്നു. ഗുജറാത്തിലെ അഹമ്മദാബാദിൽ ദോലക്ക് താലൂക്കിൽ സ്ഥിതിചെയ്യുന്ന ഒരു തുറമുഖമായിരുന്നു ലോതൽ. ഇതും വളരെ ആസൂത്രിതമായ ഒരു പട്ടണമായിരുന്നു. പാശ്ചാത്യ ലോകവുമായി കടലിലൂടെ വ്യാപാരം നടത്തിയിരുന്ന പ്രധാനപ്പെട്ട ഒരു കേന്ദ്രമായിരുന്നു ഇത്. ഗുജറാത്തിലെ മറ്റൊരു പ്രധാനപ്പെട്ട പട്ടണമായിരുന്നു ഔലാവീരാ അതുപോലെ രാജസ്ഥാനിൽ സ്ഥിതി ചെയ്യുന്ന ഒരു പട്ടണമാണ് കാലബഗാൻ.

അവരുടെ അച്ചുകളിൽ രേഖപ്പെടുത്തിയ ചില പ്രത്യേക ലിപികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ നിന്ന് ഹാരപ്പൻ ജനവിഭാഗത്തിന് എഴുതാനറിയാമായിരുന്നു എന്ന് മനസിലാക്കാം. നിർഭാഗ്യവശാൽ ഈ ലിപി ആർക്കും വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പുരാവസ്തുക്കളെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഹാരപ്പൻ നാഗരികതയെക്കുറിച്ച് നമുക്ക് അറിയാൻ കഴിയുന്നത്. ഉൾഖനനത്തിലൂടെ കണ്ടെത്തിയിട്ടുള്ള പല മുദ്രകളിലും കാണുന്ന സ്ത്രീ-പുരുഷരൂപങ്ങൾ വെളിപ്പെടുത്തുന്നത് ആ ജനങ്ങൾക്ക് നൂൽനൂൽപ്പ്, നെയ്ത്ത് അറിയാമായിരുന്നു എന്നാണ്. മെസപ്പൊട്ടോമിയയിൽ നിന്നും കണ്ടെത്തിയിട്ടുള്ള പല മുദ്രകളും സൂചിപ്പിക്കുന്നത് സിന്ധു നദീതടവും മെസപ്പൊട്ടോമിയ സംസ്കാരവും തമ്മിൽ വ്യാപാരബന്ധം ഉണ്ടായിരുന്നു എന്നാണ്.

1800 ബി.സി.യോടെ ഹാരപ്പൻ സംസ്കാരം അവസാനിച്ചു. ലിഖിതരേഖകളുടെ അഭാവത്തിൽ ഈ നാഗരികതയുടെ നാശകാരണം അജ്ഞാതമായി തുടരുന്നു.

*കുറിപ്പുകൾ :*

## 3.3 വേദ സംസ്കാരം

ഹാരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കു ശേഷം കുറച്ചു നൂറ്റാണ്ടുകൾ കഴിഞ്ഞ് അതേ പ്രദേശത്ത് തന്നെ ഒരു പുതിയ സംസ്കാരം വളർന്നു വന്നു. പതുക്കെ ഇത് ഗംഗ-യമുന സമതലപ്രദേശത്തേക്ക് വ്യാപിക്കുകയും ചെയ്തു. ഇത് ആര്യൻ സംസ്കാരമെന്നാണ് അറിയപ്പെടുന്നത്. സുപ്രധാനമായ പല വ്യത്യാസങ്ങളും സിന്ധു-നദീതടസംസ്കാരവും വേദിക് സംസ്കാരവും തമ്മിലുണ്ടായിരുന്നു.

സിന്ധു-സരസ്വതി നദീതീരത്താണ് ആര്യന്മാർ ആദ്യം സ്ഥിരതാമസമാക്കിയത്. അവർ ആരാധിച്ചിരുന്ന ദേവി-ദേവന്മാരെ പ്രകാർത്തിച്ചുകൊണ്ട് നിരവധി സ്ത്രോത്രങ്ങൾ രചിച്ചു. ഈ സ്ത്രോത്രം ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം എന്നിങ്ങനെ നാലു വേദങ്ങളായി അവർ സമാഹരിച്ചു. 'വേദ' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ശ്രേഷ്ഠമായ ആത്മീയജ്ഞാനത്തെക്കുറിച്ചുള്ള 'അറിവാണ്' . ആദ്യകാലത്ത് വാമൊഴി ആയിട്ടായിരുന്നു വേദങ്ങൾ പകർന്നു നൽകിയത്. ആര്യന്മാരെക്കുറിച്ചുള്ള നമ്മുടെ അറിവ് വേദഗ്രന്ഥങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയായതിനാൽ ഈ സംസ്കാരം വേദസംസ്കാരം എന്നറിയപ്പെടുന്നു. ആദ്യവേദ കാലഘട്ടമെന്നും, പിൽക്കാല വേദകാലഘട്ടമെന്നും പണ്ഡിതന്മാർ വേദകാലഘട്ടത്തെ തരംതിരിച്ചു. ആദ്യകാലഘട്ടത്തെ പ്രതിനിധീകരിക്കുന്നത് ഋഗ്വേദമാണെങ്കിൽ ബ്രാഹ്മണങ്ങൾ, ആരണ്യകം, ഉപനിഷത്തുക്കൾ പിൽക്കാല വൈദിക സാഹിത്യത്തിൽ ഉൾപ്പെടുന്നു. പിൽക്കാലത്താണ് രണ്ട് ഇതിഹാസങ്ങളായ മഹാഭാരതവും, രാമായണവും എഴുതപ്പെട്ടതെങ്കിലും ആദ്യകാലഘട്ടത്തെ ജീവിതത്തിലേക്കും സമൂഹത്തിലേക്കും വെളിച്ചം വീശുന്നു. ഉത്തർപ്രദേശിലെ ചില സ്ഥലങ്ങളിൽ നിന്നും ഇക്കാലത്തെക്കുറിച്ചുള്ള പുരാവസ്തുക്കൾ ലഭ്യമാണ്.

> ഇന്ദ്രയെ സ്തുതിച്ചുകൊണ്ടുള്ള ഏതാണ്ട് 250 കീർത്തനങ്ങൾ ഋഗ്വേദത്തിൽ ഉൾപ്പെടുന്നു. ഇന്ദ്രയെ വിവരിച്ചിരിക്കുന്നത് നഗരങ്ങളെ നശിപ്പിക്കുന്നവൻ എന്നാണ്. അഗ്നിദേവനെ സ്തുതിച്ചുകൊണ്ട് 200 കീർത്തനങ്ങൾ ഉണ്ട്. നിങ്ങൾക്കറിയാമോ അഗ്നിദേവനെ കാണുന്നത് ദൈവത്തിന്റെയും മനുഷ്യന്റെയും മധ്യവർത്തിയായിട്ടാണ്.

### മതവും സമൂഹവും

പുരുഷമേധാവിത്വത്തിലധിഷ്ഠിതമായതാണ് ആദ്യസമൂഹമെങ്കിലും സ്ത്രീകൾക്ക് മാന്യതയും അന്തസും കൽപ്പിച്ചിരുന്നു. സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകം കുടുംബമായിരുന്നു. നിരവധി കുടുംബങ്ങൾ ചേർന്ന് ഗ്രാമങ്ങളും (വില്ലേജ്) അനേകം ഗ്രാമങ്ങൾ ചേർന്ന് ഗോത്രങ്ങളും രൂപപ്പെട്ടു. ഗോത്രജനങ്ങളെ ഭരിച്ചിരുന്നത് രാജാവായിരുന്നു. രാജാവിന്റെ പ്രധാനപ്പെട്ട ധർമ്മം ബാഹ്യാക്രമണങ്ങളിൽ നിന്ന് ഗോത്രങ്ങളെ സംരക്ഷിക്കുക കൂടാതെ നിയമവ്യവസ്ഥ നിലനിർത്തുക എന്നതാണ്. അദ്ദേഹത്തെ സഹായിക്കാൻ സഭ, സമിതി എന്നി രണ്ട് കൗൺസിലുകൾ ഉണ്ടായിരുന്നു. പുരോഹിതന്മാർ മതകാര്യങ്ങളും, സേനാനികൾ സൈനിക കാര്യങ്ങളും നോക്കി നടത്തി. രാജ്യമെന്നോ സാമ്രാജ്യമെന്നോ ഉള്ള സങ്കൽപ്പം അന്നുണ്ടായിരുന്നില്ല. എന്നിരുന്നാലും രാജാധികാരം പരമ്പരാഗതമായി. അശക്തനോ കാര്യക്ഷമതയില്ലാത്തവനോ ആയി കാണുന്നപക്ഷം രാജാവിനെ തൽസ്ഥാനത്തു നിന്ന് നീക്കപ്പെട്ടിരുന്നു.

പിൽക്കാല വൈദിക കാലത്ത് സമൂഹം – ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ,



*കുറിപ്പുകൾ :*

ശൂദ്ര – എന്നിങ്ങനെ നാല് വിഭാഗങ്ങളായി തിരിഞ്ഞു. ഇതിനെ വർണ്ണ വ്യവസ്ഥ എന്ന് വിളിക്കുന്നു. തുടക്കത്തിൽ ജനങ്ങളെ തരംതിരിക്കാനും ജനങ്ങളുടെ വ്യത്യസ്തങ്ങളായ ഉത്തരവാദിത്തങ്ങൾ സൂചിപ്പിക്കാനുമാണ് വർണ്ണവ്യവസ്ഥ ആരംഭിച്ചത്. എന്നാൽ കാലക്രമത്തിൽ ഈ തരംതിരിവ് പരമ്പരാഗതവും, കാർക്കശ്യവും, പൈതൃകവുമായി മാറി. അദ്ധ്യാപകരെ ബ്രാഹ്മണർ എന്നും, ഭരണകർത്താക്കളെ ക്ഷത്രിയർ എന്നും, കൃഷിക്കാർ, തൊഴിലാളികൾ, വ്യവസായികൾ കൂടാതെ പണമിടപാടുകൾ ചെയ്യുന്നവരെ വൈശ്യർ എന്നും കൈതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, തൊഴിലാളികൾ, ശിൽപ്പികൾ എന്നിവരെ ശൂദ്രൻ എന്നും വിളിയ്ക്കുന്നു. ഒരു തൊഴിലിൽ നിന്ന് മറ്റൊരു തൊഴിലിലേക്ക് മാറുക എന്നത് ബുദ്ധിമുട്ടായിരുന്നു. കാലക്രമേണ ബ്രാഹ്മണർ സമൂഹത്തിലെ ഉന്നതസ്ഥാനം നേടിയിരുന്നു. ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ ചതുരാശ്രമ വ്യവസ്ഥ ഇക്കാലത്തെ മറ്റൊരു സാമൂഹ്യവ്യവസ്ഥയായിരുന്നു. ഈ വ്യവസ്ഥ സ്ത്രീകൾക്കോ മറ്റ് താഴ്ന്ന വിഭാഗങ്ങൾക്കോ ബാധകമായിരുന്നില്ല. സമൂഹത്തിൽ സ്ത്രീകളെ ബഹുമാനിച്ചിരുന്നു. പരമാവധി സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. വിദ്യാഭ്യാസം നേടിയിരുന്നു. കൂടാതെ ചില പ്രത്യേകസാഹചര്യങ്ങളിൽ തങ്ങളുടെ ഭർത്താവിനെ സ്വയംവരത്തിലൂടെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യംപോലും സ്ത്രീകൾക്കുണ്ടായിരുന്നു. ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ധർമ്മം, അർത്ഥം, കാമം എന്നിവയിലൂടെ മോക്ഷം പ്രാപിക്കുക എന്നതായിരുന്നു. കർമ്മം അല്ലെങ്കിൽ പ്രതിഫലേച്ഛ കൂടാതെ ഉത്തരവാദിത്ത ജോലി ചെയ്യുക എന്നതാണ് ഭഗവദ്ഗീതയിൽ പഠിപ്പിക്കുന്നത്. ഭഗവദ്ഗീത നിഷ്കാമകർമ്മം ഉദ്ബോധിപ്പിക്കുന്നു.

അക്കാലത്തെ വൈദിക ജനത പ്രകൃതിശക്തികളെ ആരാധിക്കുകയും, അവയെ ദേവീദേവന്മാരായി പരിഗണിക്കുകയും ചെയ്തു. ഇന്ദ്രൻ, അഗ്നി, വരുണൻ, മാരുതൻ എന്നിവർ അവരുടെ ചില പ്രമുഖ ദേവന്മാരായിരുന്നു. കാലക്രമത്തിൽ അവരുടെ പ്രസക്തിയും പ്രാധാന്യവും നഷ്ടപ്പെട്ടു. ഉഷസ്, അതിഥി, ഭൂമി എന്നിവയെ ദേവതകളായി പരിഗണിച്ചു. സ്തോത്ര മന്ത്രോച്ചാരണ മുഖരിതമായി യജ്ഞങ്ങൾ നടത്തിയിരുന്നു. ദേവപ്രീതിക്കായി യജ്ഞകുണ്ഠത്തിൽ നെയ്യും മറ്റും സമർപ്പിച്ചിരുന്നു. ജനക്ഷേമത്തിനായി വ്യക്തിപരമായും കൂട്ടമായും അവർ പ്രാർത്ഥിച്ചു.

പിൽക്കാല വൈദിക കാലഘട്ടത്തിൽ മതാനുഷ്ഠാനങ്ങളിൽ വ്യത്യാസം വന്നു. ആദ്യകാല വൈദിക ദേവന്മാരായിരുന്ന ഇന്ദ്രൻ, അഗ്നി, വരുണൻ എന്നിവരുടെ പ്രസക്തിയും പ്രാധാന്യവും നഷ്ടപ്പെട്ടു. അവരുടെ സ്ഥാനത്ത് എത്തിയ ത്രിയേക ദൈവത്തിന്റെ ഉന്നതമായ സ്ഥാനം ബ്രഹ്മാവും, വിഷ്ണുവും, ശിവനും കൂടി ത്രിത്വം പൂർത്തിയാക്കി. മതം അങ്ങേയറ്റം ആചാരാനുഷ്ഠാനങ്ങൾ നിറഞ്ഞതായി. സ്തോത്ര മന്ത്രോച്ചാരണങ്ങൾ ബ്രാഹ്മണരുടെ കുത്തകയായിരുന്നു. ഇവ മതകർമ്മങ്ങളുടെ പ്രധാനപ്പെട്ട ഭാഗമായി മാറി. ഇവ ബ്രാഹ്മണരെ ശക്തിപ്പെടുത്തി. യജ്ഞങ്ങൾ വളരെ ചിലവേറിയതായിരുന്നു. സമൂഹത്തിലെ ഉന്നതരായ വ്യക്തികളെ മാത്രമേ യജ്ഞങ്ങളിൽ പങ്കെടുപ്പിച്ചിരുന്നുള്ളൂ. രാജാക്കന്മാർ തങ്ങളുടെ സ്ഥാനം ഉറപ്പിക്കാൻ അശ്വമേധം, രാജസൂയം എന്നീ യജ്ഞങ്ങൾ നടത്തിയിരുന്നു. വളരെ രസകരമായ ഒരു കാര്യം വൈദിക കാലഘട്ടത്തിലെ ചില ഘടകങ്ങൾ 3000 വർഷങ്ങൾ തുടർച്ചയായി നിലനിൽക്കുകയും കൂടാതെ ഇന്നും ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായി തീരുകയും ചെയ്തു. ജനങ്ങൾ ആദ്യമായി ചില വിശ്വാസങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തുടങ്ങി. ജീവിതത്തിന്റെ അന്തഃസത്ത, മരണാന്തര ജീവിതം, പ്രപഞ്ചത്തിന്റെ സൃഷ്ടി എന്നിവയെപ്പറ്റി.

### ഭൗതീക ജീവിതവും സമ്പദ്‌വ്യവസ്ഥയും

പ്രാഥമിക ആര്യന്മാർ കർഷകരും ഇടയന്മാരുമായിരുന്നു. അവർ ആട്, പശു, കുതിര, നായ എന്നീ മൃഗങ്ങളെ വളർത്തി. മാംസം, അരി, പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൻ എന്നിവയുൾപ്പെടുന്ന ഭക്ഷണങ്ങൾ കഴിച്ചു. അവർ സോമരസം എന്ന ലഹരിപാനീയം ഉപയോഗിച്ചിരുന്നു. ചരുരംഗം കളിക്കുകയും, തേരോട്ടം നടത്തുകയും, ചെയ്തിരുന്നു. നികുതിയോ പണക്കൈമാറ്റമോ ഉണ്ടായിരുന്നില്ല. അവർ സ്വമേധയാ ദാനധർമങ്ങൾ ചെയ്തു. ഗോക്കളായിരുന്നു സമ്പത്തിന്റെ അളവുകോൽ. ഇരുമ്പിന്റെ ഉപയോഗം അവരുടെ ഭൗതീകജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. കാടുവെട്ടിത്തെളിച്ച് ഗംഗാതടം മുഴുവൻ കൃഷി വ്യാപിപ്പിക്കുവാൻ ഇരുമ്പ് മഴു അവർക്ക് സഹായകമായി. ഇരുമ്പ് ആയുധങ്ങളും, കുതിരകളും അവരെ യുദ്ധം ചെയ്യുന്നതിനും ശത്രുക്കളെ എതിരിടുന്നതിനും സഹായിച്ചു. കരകൗശലം, ഭക്ഷ്യവസ്തുക്കളുടെ അധികലഭ്യത, ജനസംഖ്യാ വർദ്ധനവ് എന്നിവ വിശേഷവൽക്കരണത്തിനും നഗരവൽക്കരണത്തിനും കാരണമായി. നഗരങ്ങളും, പട്ടണങ്ങളും, സാമന്തരാജ്യങ്ങളും വളർന്നുവന്നു. ഉന്നതനിലവാരത്തിലുള്ള ചിത്രാലംകൃതമായ മൺപാത്രങ്ങൾ പല സ്ഥലങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. നാണയങ്ങൾ പ്രചാരത്തിൽ വന്നു കരയിലൂടെയു, ജലത്തിലുടെയും ഉള്ള കച്ചവടം രാജ്യത്ത് ഭൗതിക സമൃദ്ധി വർദ്ധിപ്പിച്ചു.

ബി.സി. ആറാം നൂറ്റാണ്ടോണ്ടു കൂടി പതിനാറോളം മഹാജനപഥങ്ങൾ ഉത്തരഡെക്കാനിലും ഉത്തരേന്ത്യയിലും വളർന്നുവന്നു. അംഗ, മഗധ, കാശി, കോസല, കുരു, പഞ്ചാല എന്നിവയായിരുന്നു അവയിൽ പ്രധാനമായവ.

## 3.4 പ്രധാന മതപരിഷ്ക്കരണങ്ങൾ

ബി.സി. 600 മുതൽ ബി.സി. 200 കാലഘട്ടം വളരെ പ്രധാനപ്പെട്ടത് രാഷ്ട്രീയ ഐക്യം മാത്രമല്ല സാംസ്കാരിക ഐക്യം ഉണ്ടായിരുന്നു. പ്രാചീന ഇന്ത്യ രണ്ട് പ്രധാനപ്പെട്ട മതങ്ങളായ ജൈനമതം, ബുദ്ധമതം എന്നിവയുടെ ഉദയം കണ്ടു. ഇവ ഇന്ത്യയുടെ ജീവിതത്തെയും സംസ്കാരത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. വൈദികമതത്തെ ആദ്യകാലഘട്ടത്തിൽ അറിയപ്പെട്ടിരുന്നത് ബ്രാഹ്മിണിസം എന്നാണ് കാരണം ബ്രാഹ്മണൻമാർ സുപ്രധാനമായ ഒരു പങ്ക് ഇവിടെ വഹിച്ചിരുന്നു. പിന്നീട് ഇതിനെ ഹിന്ദൂയിസം എന്ന് വിളിക്കുന്നു. യജ്ഞത്തിന്റെ അവസാനം പ്രത്യേക താൽപര്യത്തിന്റെ ഫലമായി ധാരാളം സംഭാവനകൾ ആവശ്യപ്പെട്ടിരുന്നു. അതിന്റെ ഫലമായി യജ്ഞങ്ങളും ബലിയർപ്പണങ്ങളും വളരെ ചെലവേറിയതായി. അതിലെല്ലാം ഉപരിയായി ബ്രാഹ്മണർ മറ്റുള്ളവരിൽ നിന്ന് ഉന്നതരാണെന്നു സ്വയം പരിഗണിക്കുകയും, ഗർവുള്ളവരായിതീരുകയും ചെയ്തു. ബ്രാഹ്മണത്വത്തെ ഇവയെല്ലാം അപകീർത്തിയിലേക്ക് നയിച്ചു. പരിഷ്ക്കരണം ആവശ്യമാണെന്ന് അനുഭവപ്പെട്ടു.

കടുത്ത ജാതിവ്യവസ്ഥ, ബ്രാഹ്മണമേധാവിത്വത്തിന് എതിരെ ക്ഷത്രിയരുടെ പ്രതിരോധം, സമൂഹത്തിൽ ഒരു പരിഷ്കൃതമായ സ്ഥാനത്തിനുവേണ്ടിയുള്ള വൈശ്യരുടെ ആവശ്യം തുടങ്ങിയവ മറ്റ് ഘടകങ്ങളായിരുന്നു. വൈദികമതം വളരെ സങ്കീർണവും ആചാരാനുഷ്ഠാനപരമായിത്തീർന്നു. ക്ഷത്രിയരാണ് പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം നൽകിയത്. ചിലവേറിയ യജ്ഞങ്ങളും മറ്റും താങ്ങാനാവാതെ വന്ന സാധാരണക്കാരായ പാവപ്പെട്ട ജനങ്ങൾ സഹായങ്ങൾ നൽകി. ഇതിന്റെയെല്ലാം പരിണിതഫലമായി ബി.സി.ആറാം നൂറ്റാണ്ടിൽ ജൈനമതവും, ബുദ്ധമതവും കടന്നുവന്നു. ഈ പുതിയ മതങ്ങളായ ജൈനമതവും ബുദ്ധമതവും ഹിന്ദുമതത്തിന്റെ മതവിശ്വാസങ്ങളെയും



*കുറിപ്പുകൾ :*

മതാചാരങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്.

24 തീർത്ഥങ്കരന്മാരിൽ ഒന്നാമനായ ഋഷഭദേവാണ് ജൈനമതസ്ഥാപകനായി അറിയപ്പെടുന്നത്. അവസാന തീർത്ഥങ്കരനായ മഹാവീരൻ ജൈനമത ആശയങ്ങൾക്ക് പൂർണ്ണത നൽകി.

ജൈനമതം കടുത്ത ആത്മത്യാഗത്തിനും, തപസ്സിനും കൂടുതൽ പ്രാധാന്യം നൽകി. മഹാവീരൻ ജൈനരോട് അഞ്ച് പ്രതിജ്ഞകളെടുക്കാൻ ഉദ്ബോധിപ്പിച്ചു. കളവ് പറയാതിരിക്കുക, ബ്രഹ്മചാരിയായിരിക്കുക, ഹിംസിക്കാതിരിക്കുക, സ്വത്ത് സമ്പാദിക്കാതിരിക്കുക, മോഷ്ടിക്കാതിരിക്കുക എന്നിവയാണിവ. അദ്ദേഹം തന്റെ ജനതയോട് മൂന്ന് മാർഗ്ഗങ്ങൾ പിന്തുടരാനാവശ്യപ്പെട്ടു. അവ ശരിയായ വിശ്വാസം, ശരിയായ പെരുമാറ്റം, ശരിയായ ജ്ഞാനം എന്നിവ ആയിരുന്നു.

പിന്നീട് ജൈനമതം ശ്വേതാംബരന്മാരെന്നും (വെള്ളവസ്ത്രധാരികൾ) ദിഗംബരന്മാരെന്നും (വിവസ്ത്രർ) രണ്ട് വിഭാഗമായി പിരിഞ്ഞു. ഈ മതവിശ്വാസികളിലധികവും കച്ചവടക്കാരായിരുന്നു.


ബ്രാഹ്മണിസത്തിനെതിരായി ഉയർന്നുവന്ന മറ്റൊരു മതമായിരുന്നു ഗൗതമ ബുദ്ധൻ രൂപം കൊടുത്ത (563 ബി.സി. – 483 ബി.സി.) നേതൃത്വം കൊടുത്ത ബുദ്ധമതം. ശ്രീബുദ്ധൻ മഹാവീരന്റെ സമകാലീനനായിരുന്നു. അദ്ദേഹം നാല് സത്യങ്ങളെക്കുറിച്ച് പറയുന്നു. ഇത് 'മധ്യമമാർഗ്ഗം' എന്നറിയപ്പെടുന്നു. ഈ ലോകം ദുഃഖം നിറഞ്ഞതാണെന്നും ആശയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണമെന്നും അഷ്ടാംഗമാർഗ്ഗത്താൽ ദുഃഖങ്ങളെ കീഴടക്കാമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. അഷ്ടാംഗമാർഗ്ഗങ്ങൾ :-

1. **ശരിയായ ജ്ഞാനം**
2. **ശരിയായ ചിന്ത**
3. **ശരിയായ സംസാരം**
4. **ശരിയായ കർമ്മം**
5. **ശരിയായ സമ്പാദ്യം**
6. **ശരിയായ പ്രയത്നം**
7. **മനസ്സിന്റെ നിറവ്**
8. **ശരിയായ ഏകാഗ്രത** എന്നിവയാണ്.

അടിസ്ഥാനപരമായി ഈ രണ്ടു മതങ്ങളും ചെലവേറിയ യജ്ഞങ്ങളും യാഗങ്ങളും നടത്തുന്ന ബ്രാഹ്മണമേധാവിത്വത്തിനെതിരെയുള്ള വിപ്ലങ്ങളായിരുന്നു. ഈ രണ്ട് നവോദ്ഥാനനായകന്മാരും സദാചാരജീവിതത്തെക്കുറിച്ചും, ബ്രാഹ്മചര്യത്തെക്കുറിച്ചും, സന്യാസത്തെക്കുറിച്ചും, സമാധിയെക്കുറിച്ചും ഊന്നിപ്പറഞ്ഞു. രണ്ടുപേരും സന്യാസജീവിതക്രമം നിർദ്ദേശിച്ചു. ബുദ്ധൻമാരുടെ ആശ്രമം 'വിഹാര'മെന്നും, ജൈനരുടെ ആശ്രമം 'സ്ഥാനകങ്ങൾ' എന്നും അറിയപ്പെടുന്നു.

പിൽക്കാലത്ത് ഹിന്ദുമതപരിഷ്കർത്താക്കൾ ബുദ്ധനെ വിഷ്ണുവിന്റെ അവതാരമായി സ്വീകരിച്ചു. ബുദ്ധമതം ഹീനയാനമെന്നും, മഹായാനമെന്നും രണ്ടായി പിരിഞ്ഞു. വജ്രായന എന്ന മൂന്നാമതൊന്ന് മഹായാനത്തോട് കൂട്ടിച്ചേർക്കപ്പെട്ടു. പിൽക്കാലത്ത് ബുദ്ധമതം ശ്രീലങ്ക, മ്യാൻമർ, കംബോഡിയ, വിയറ്റ്നാം, ചൈന, ജപ്പാൻ, തായ്‌ലാന്റ്, കൊറിയ, മംഗോളിയ, അഫ്ഗാനിസ്ഥാൻ തുടങ്ങി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രചരിച്ചു. പല രാജ്യങ്ങളിലും ബുദ്ധമതം ശക്തമായിതന്നെ നിലനിൽക്കുന്നു.

ഹിന്ദുമതവിശ്വാസം ചരിത്രത്തിൽ പലമാറ്റങ്ങൾക്കും വിധേയമായി. അതിനക



കുറിപ്പുകൾ :

ത്തുതന്നെ വ്യത്യസ്ത വിശ്വാസങ്ങളും, ആചാരങ്ങളും അനുഷ്ഠിക്കുന്ന വിവിധമതവിഭാഗങ്ങൾ ഉടലെടുത്തു. ബുദ്ധമതം പോലെ ഹിന്ദുമതവിശ്വാസത്തിലെ ചിലവിഭാഗങ്ങൾ ഇന്ത്യക്ക് പുറത്ത് വിശേഷിച്ച് പൂർവ്വേഷ്യൻ രാജ്യങ്ങളിൽ വ്യാപിച്ചു.

### ചോദ്യങ്ങൾ 3.1

താഴെക്കൊടുത്തിരിക്കുന്നവയ്ക്ക് ഉത്തരം എഴുതുക

1. എവിടെയെല്ലാമായിരുന്നു ഹാരപ്പൻ സംസ്കാരത്തിന്റെ സുപ്രധാന പ്രദേശങ്ങൾ കണ്ടെത്തിയത്?
2. ഹാരപ്പൻ സംസ്കാരത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട തൊഴിൽ എന്തായിരുന്നു.
3. എവിടെ നിന്നാണ് നിങ്ങൾ നവീനശിലായുഗത്തിലെ ആവാസവ്യവസ്ഥയുടെ തെളിവുകൾ കണ്ടെത്തിയത്.
4. എങ്ങനെ നിങ്ങൾക്ക് പറയാൻ കഴിയും ഹാരപ്പൻ സംസ്ക്കാരത്തിൽ ഒരു ഭാഷ നിലനിന്നിരുന്നു എന്ന്?
5. എങ്ങനെ നിങ്ങൾക്ക് അറിയാൻ കഴിയും ഹാരപ്പന് കൊത്തുപണി കഴിവ് ഉണ്ടായിരുന്നു എന്ന്?
6. ആര്യന്മാരുടെ വൈദിക സാഹിത്യത്തിന്റെ പേരെഴുതുക?
7. എങ്ങനെയാണ് മനുഷ്യർ മോക്ഷം അല്ലെങ്കിൽ സ്വർഗ്ഗഭാഗ്യം നേടുന്നത്?
8. എങ്ങനെയായിരുന്നു വൈദിക യജ്ഞങ്ങൾ തുടക്കത്തിൽ നടത്തിയിരുന്നത്?
9. ഏതെല്ലാം യജ്ഞങ്ങൾ ആയിരുന്നു രാജാക്കന്മാർ തങ്ങളുടെ സ്ഥാനം ഉറപ്പിക്കാൻ ചെയ്തിരുന്നത്?
10. എന്ത് മാറ്റങ്ങളാണ് ഉത്തരവൈദിക കാലഘട്ടത്തിൽ (പിൽക്കാല വൈദിക കാലഘട്ടത്തിൽ) അവർ നടത്തിയിരുന്ന മതപരമായ അനുഷ്ഠാനങ്ങളിൽ വരുത്തിയിരുന്നത്?
11. ഏതെല്ലാം രീതികളിലുള്ള വിനോദങ്ങളായിരുന്നു ആര്യന്മാരുടേത്?
12. ഉത്തര ഡക്കാനിലും ഉത്തരേന്ത്യയിലും ബി.സി.ആറാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന മഹാജനപദങ്ങളുടെ പേരെഴുതുക?
13. എത്ര വിഭാഗങ്ങളായിട്ടാണ് ജൈനമതം വിഭജിച്ചത്?
14. അഷ്ടാംഗത്തിൽ എത്രമാത്രം മാർഗ്ഗങ്ങളുണ്ട്?
15. ജൈനമതത്തിലേയും ബുദ്ധമതത്തിലേയും ആശ്രമങ്ങളെ എന്തെന്നായിരുന്നു വിളിച്ചിരുന്നത്?
16. ബുദ്ധിസത്തിലെ മൂന്ന് വിഭജനങ്ങളുടെ പേരെഴുതുക?

## 3.5 പേർഷ്യൻ ആക്രമണവും ഇന്ത്യൻ സംസ്കാരത്തിൽ അതിന്റെ സ്വാധീനവും

ഉത്തരപശ്ചിമ ഇന്ത്യയിൽ ബി.സി. 16-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടെ ധാരാളം ചെറിയ ഗോത്രരാജ്യങ്ങൾ നിലനിന്നിരുന്നു. പരസ്പരം ആക്രമിച്ച ഈ ഗോത്രവർഗ്ഗക്കാരെ ഏകോപിപ്പിക്കുന്ന ഒരു ശക്തി ഉണ്ടായിരുന്നില്ല. ഈ പ്രദേശത്തെ രാഷ്ട്രീയ അരക്ഷിതാവസ്ഥ പേർഷ്യയിലെ അച്ചിമെനിഡ് ഭരണാധികാരികൾ മുതലാക്കി. ഈ രാജവംശസ്ഥാപകനായ സൈറസും അദ്ദേഹത്തിന്റെ പിൻഗാമിയായ ഡാരിയസ് 1 ഉം പഞ്ചാബ്-സിന്ധ് ഭാഗങ്ങൾ

കൂട്ടിച്ചേർത്തു. അച്ചിമെനിഡ് രാജവംശത്തിന്റെ ഏറ്റവും ഫലസമ്പുഷ്ടവും ജന നിബിഡവുമായ ഒരു പ്രദേശമായിരുന്നു ഇത്. ഇവരുടെ സൈന്യത്തിൽ ഇന്ത്യ ക്കാരയും ഉൾപ്പെടുത്തിയിരുന്നു.

ഉത്തര പശ്ചിമ ഇന്ത്യയിലെ പേർഷ്യൻ ഭരണം രണ്ട് നൂറ്റാണ്ടോളം നില നിന്നു. ഈ കാലയളവിൽ രണ്ട് പ്രദേശങ്ങളും തമ്മിൽ നിരന്തര ബന്ധങ്ങൾ ഉണ്ടായിരുന്നു. സ്കൈലാക്സിന്റെ നാവിക പര്യവേഷണം പേർഷ്യയും ഇന്ത്യയും തമ്മിലുള്ള വാണിജ്യബന്ധങ്ങൾ പ്രോത്സാഹിപ്പിച്ചു. കുറച്ച് പ്രാചീന പേർഷ്യൻ സ്വർണ്ണം, വെള്ളി, നാണയങ്ങളും പഞ്ചാബിൽ നിന്ന് കണ്ടെത്തി യിട്ടുണ്ട്. പുരാതന കാലം മുതലേ ഉത്തര പശ്ചിമാതിർത്തിയിലെ ദുർഘട മായ ചുരങ്ങൾ ഉപയേഗിച്ചിരുന്നു എങ്കിലും ആദ്യമായാണ് ഡാരിസിന്റെ നേതൃ ത്വത്തിലുള്ള ഒരു സൈന്യ ഈ പ്രദേശത്ത് കൂടി ഇന്ത്യയിലേക്ക് പ്രവേശി ക്കുന്നത്. പിന്നീട് അലക്സാണ്ടാർ ഇതുവഴി പ്രവേശിക്കുകയും പഞ്ചാബ് ആക്രമിച്ചു കീഴടക്കുകയും ചെയ്തു.

പേർഷ്യയിലെ അച്ചിമെനിഡ് ഭരണാധികാരികളുടെ ഭരണവ്യവസ്ഥയുടെ സ്വാധീനം മൗര്യസാമ്രാജ്യത്തിന്റെ ഭരണവ്യവസ്ഥയിൽ ദർശിക്കാവുന്നതാ ണ്. ഇന്ത്യൻ പ്രവിശ്യാ ഗവർണർമാരെ വിളിച്ചിരുന്ന 'ക്ഷത്രപ' എന്ന സ്ഥാന പ്പേര് പേർഷ്യൻ പ്രവിശ്യാഭരണാധികാരിയായിരുന്ന 'സത്രപ' എന്ന പേരിൽ നിന്നാണ് ഉടലെടുത്തത്.

പേർഷ്യയുമായുള്ള ബന്ധത്തിന്റെ ഫലമായി ഉണ്ടായ സംസ്കാരിക സ്വാധീനം വളരെ വലുതായിരുന്നു. പേർഷ്യക്കാർ വലത്ത് നിന്ന് ഇടത്തോട്ട് എവുതുന്ന ഖരോഷ്ടി എന്ന ലിപിയാണ് എഴുതിയിരുന്നത്. എ.ഡി.3-ാം നൂറ്റാണ്ടുവരെ ഈ ലേഖന സമ്പ്രദായം ഉത്തര പശ്ചിമ ഇന്ത്യയിൽ ഉപയോ ഗിച്ചിരുന്നു. അശോക ശാസനകളുടെ ആമുഖത്തിൽ പേർഷ്യൻ സ്വാധീനം ദർശിക്കാം. മൗര്യൻ കലകളും കരകൗശലങ്ങളും പേർഷ്യൻ കലകളാൽ സ്വാധീനിക്കപ്പെട്ടിരുന്നു. അശോകന്റെ ശിലാസ്തൂപശാസനങ്ങൾ പെർസപോലിസിൽ കാണുന്ന പേർഷ്യൻ ഭരണാധികാരികളുടെ വിജയസ്തൂ പത്തിലുള്ളതുമായി വളരെ സാമ്യമുണ്ടായിരുന്നു.

ചക്രവർത്തിയുടെ ജന്മദിനത്തിൽ ചന്ദ്രഗുപ്ത മൗര്യന്റെ കൊട്ടാരത്തിൽ അദ്ദേ ഹത്തിന്റെ തലകഴുകുന്ന ഒരു ചടങ്ങുണ്ടായിരുന്നു. ഇത് പേർഷ്യൻ സ്വാധീ നത്തിൽ നിന്ന് ഉണ്ടായതാണ്. രാജാവ് വൈദ്യനെക്കാണുമ്പോൾ യാഗകു ണ്ഡങ്ങൾ ഉള്ള മുറിയിൽ ഇരിക്കണമെന്ന നിബന്ധന അർത്ഥശാസ്ത്രത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇത് പ്രാചീന ഇറാനികളുടെ സൊരാഷ്ട്ര മതത്തിന്റെ സ്വാധീനം സൂചിപ്പിക്കുന്നു.

## 3.6 മാർസിഡോണിയൻ (ഗ്രീക്ക്) ആക്രമണവും ഇന്ത്യൻ സംസ്കാരത്തിൽ അതിന്റെ സ്വാധീനവും

4-ാം നൂറ്റാണ്ട് ബി.സി.യോടെ പശ്ചിമേഷ്യയിലെ മേധാവിത്വത്തിനുവേണ്ടി ഗ്രീക്കുകാരും പേർഷ്യക്കാരും പരസ്പരം പോരടിച്ചു. ഗ്രീക്കുകാർ മാർസി ഡോണിയയിലെ അലക്സാണ്ടറുടെ നേതൃത്വത്തിൽ അച്ചിമെനിഡ് സാമ്രാജ്യം പിടിച്ചെടുത്തു. അലക്സാണ്ടർ, ഏഷ്യാമൈനർ, ഇറാഖ്, ഇറാൻ എന്നീ പ്രദേ ശങ്ങൾ കീഴടക്കിയതിനുശേഷം ഇന്ത്യയിലേക്കു കടന്നു. ഗ്രീക്ക് ചരിത്രകാര നായിരുന്ന ഹെറഡോട്ടസിന്റെ അഭിപ്രായത്തിൽ ഇന്ത്യയുടെ അളവറ്റ സമ്പ ത്തിൽ ആകൃഷ്ടനായിട്ടാണ് അലക്സാണ്ടർ ഇന്ത്യയെ ആക്രമിച്ചത്.

അലക്സാണ്ടറുടെ അക്രമണവേളയിൽ ഉത്തരപശ്ചിമേന്ത്യ അനേകം ചെറു നാട്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവരിലെ അനൈക്യം ഈ നാട്ടു

രാജ്യങ്ങളെ ഒന്നൊന്നായി കീഴടക്കാൻ ഗ്രീക്കുകാരെ സഹായിച്ചു. എങ്കിലും മഗധയിലെ നന്ദരാജാവിന്റെ ശക്തിയും വലിപ്പവും മനസ്സിലാക്കി അലക്സാണ്ടറുടെ സൈന്യം മുന്നോട്ടുള്ള പ്രയാണത്തിന് മടിച്ചു. അലക്സാണ്ടറിന് മടങ്ങേണ്ടതുണ്ടായിരുന്നു. മാർസിഡോണിയയിലേക്കുള്ള വഴിമധ്യേ 32–ാം വയസിൽ ബാബിലോണിൽവെച്ച് അലക്സാണ്ടർ നിര്യാതനായി.

അലക്സാണ്ടറിന് തന്റെ ആക്രമണം പുനഃക്രമീകരിക്കാൻ തീരെ സമയം ലഭിച്ചിരുന്നില്ല. കീഴടക്കിയ മിക്കവാറും പ്രദേശങ്ങൾ അദ്ദേഹത്തിന്റെ മേൽക്കോയ്മ അംഗീകരിച്ച് ഭരണാധികാരികൾക്കു തന്നെ തിരിച്ചു നൽകി. അദ്ദേഹം കീഴടക്കിയ പശ്ചിമേഷ്യയിലേയും പൂർവ്വ യൂറോപ്പിലേയും പ്രദേശങ്ങൾ 3 ഭാഗങ്ങളായി തിരിച്ച് 3 ഗവർണർമാരെ ഏൽപ്പിച്ചു. സാമ്രാജ്യത്തിന്റെ പൂർവ്വഭാഗം അദ്ദേഹം സെലുക്കസ് നിക്കേറ്ററിന് നൽകി. അലക്സാണ്ടറുടെ ഭരണശേഷം അദ്ദേഹം സ്വയം രാജാവായി പ്രഖ്യാപിച്ചു.

മാർസിഡോണിയക്കാരും പ്രാചീന ഇന്ത്യക്കാരും തമ്മിലുള്ള ബന്ധം വളരെ പരിമിതമാണെങ്കിലും അതിന്റെ സ്വാധീനം വളരെ വലുതായിരുന്നു.

അലക്സാണ്ടറുടെ ആക്രമണം യൂറോപ്യന്മാർക്ക് ആദ്യമായി ഇന്ത്യയുമായി അടുത്തു ബന്ധപ്പെടാനുള്ള അവസരം നൽകി. ഇന്ത്യയും പടിഞ്ഞാറും തമ്മിൽ കടലിലൂടെയും കരയിലൂടെയും ഉള്ള സഞ്ചാരമാർഗ്ഗം തുറന്നുകിട്ടി. വളരെ അടുത്ത വാണിജ്യബന്ധം സ്ഥാപിക്കപ്പെട്ടു. ഗ്രീക്ക് ഗ്രന്ഥകർത്താക്കൾ ഈ പ്രദേശത്തെക്കുറിച്ചുള്ള വളരെ വിലപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി.

പരസ്പരം പോരടിക്കുന്ന ഗോത്രവർഗ്ഗങ്ങളുടെ ഏകീകരണത്തിന് അലക്സാണ്ടറുടെ ആക്രമണം കാരണമായി. ഈ ആക്രമണഫലമായി ചന്ദ്രഗുപ്ത മൗര്യന് ഈ പ്രദേശം എളുപ്പത്തിൽ കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. അലക്സാണ്ടർക്കുശേഷം ചന്ദ്രഗുപ്തൻ സെലുക്കസിനെ പരാജയപ്പെടുത്തുകയും അഫ്ഗാനിസ്ഥാൻവരെയുള്ള ഉത്തര പശ്ചിമ ഇന്ത്യ മുഴുവൻ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്തു.

ഗ്രീക്ക് കലകളുടെ സ്വാധീനം ഇന്ത്യൻ വാസ്തുവിദ്യയിൽ ദർശിക്കാവുന്നതാണ്. ഗാന്ധാരകലകളുടെ രൂപം ഗ്രീക്ക് ഇന്ത്യൻ കലകളുടെ മിശ്രിണമാണ്. ഭംഗിയുള്ള സ്വർണ്ണനാണയങ്ങൾ രൂപകൽപ്പന ചെയ്യുന്നത് ഗ്രീക്കുകാരിൽ നിന്നാണ് ഇന്ത്യക്കാർ മനസ്സിലാക്കിയത്. ഇന്ത്യൻ ജ്യോതിശാസ്ത്രത്തിലും ഗ്രീക്കു സ്വാധീനം ദർശിക്കാം.

അരിയൻ, അഡ്മിറൽ നെർക്കസ്, മെഗസ്തനിസ് എന്നീ ഗ്രീക്കുകാരുടെ വിവരണങ്ങളിൽ നിന്ന് ഉത്തര പശ്ചിമ ഇന്ത്യയിലെ സാമൂഹ്യസാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ ലഭ്യമായി. കരകൗശലവിദ്യയുടെ വികസനം, വളരെ താൽപ്പര്യപൂർവ്വമുള്ള വിദേശവാണിജ്യം, പൊതുവേയുള്ള സമൃദ്ധി എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ അവരുടെ വിവരണങ്ങൾ സഹായകമായി. ആശാരിപ്പണി അക്കാലത്ത് വളർന്നുവന്ന ഒരു പ്രത്യേക തൊഴിൽ മേഖല ആയിരുന്നു. ഇന്ത്യയുടെ പശ്ചിമതീരത്തേക്കയച്ച യുദ്ധക്കപ്പലുകൾ ഇവിടെ നിന്നുതന്നെ നിർമിച്ചവയായിരുന്നു. ഇന്ത്യൻ ജീവിതരീതിയെക്കുറിച്ചും ചിന്താഗതികളെക്കുറിച്ചും പഠിക്കാൻ അലക്സാണ്ടറുടെ ആക്രമണം പാശ്ചാത്യരെ സഹായിച്ചു. അലക്സാണ്ടർ തുറന്ന വഴികളിലൂടെയാണ്. ഇന്ത്യൻ തത്വചിന്തയുടെ ആശയങ്ങൾ റോമാസാമ്രാജ്യത്തിന് ലഭ്യമായത്.

ഗ്രീക്ക് ചരിത്രകാരന്മാർ അലക്സാണ്ടറുടെ ആക്രമണത്തെക്കുറിച്ചുള്ള കൃത്യമായ രേഖകൾ സൂക്ഷിച്ചിരുന്നതിനാൽ ഇന്ത്യാ ചരിത്രത്തിലെ കാലഗണന മനസ്സിലാക്കാൻ സഹായകമായി. 326 ബി.സി. എന്ന അലക്സാണ്ടറുടെ ആക്ര

മണകാലം ഇന്ത്യയുടെ ചരിത്രസംഭവങ്ങളെ വരച്ചുകാട്ടാനുള്ള അതിർവരമ്പായി.

## 3.7 മഹാനായ അശോകൻ: ഇന്ത്യൻ സംസ്കാരത്തിന്റെ മൂർദ്ധന്യാവസ്ഥയെ പ്രതിനിധീകരിക്കുന്നു.

മഹാനായ അശോകൻ ഇന്ത്യാചരിത്രത്തിൽ അതുല്യമായ സ്ഥാനം അലങ്കരിക്കുന്ന ഒരു ചക്രവർത്തിയാണ്. അദ്ദേഹത്തിന്റെ മതസൗഹാർദ്ദം, അഹിംസ, സാർവലൗകികത, സമാധാനം എന്നീ നയങ്ങൾ ലോകചക്രവർത്തിമാരിൽ അദ്ദേഹത്തിന് സമാനതകളില്ലാതാക്കുന്നു.

തത്വചിന്തയും, ആദർശവും രാജാധികാരത്തോടൊപ്പം വിജയകരമായി സമന്വയിപ്പിച്ച ഒരു ഭരണാധികാരിയായിരുന്നു അശോകൻ. മറ്റെല്ലാ രാജക്കന്മാരെയും പോലെ അദ്ദേഹവും യുദ്ധത്തോടെയാണ് രാജഭരണം ആരംഭിച്ചത്. കലിംഗയുദ്ധത്തിന്റെ ഭീകരതയും ജീവനും സ്വത്തിനുമുണ്ടായ നാശവും അദ്ദേഹത്തെ വല്ലാതെ സ്പർശിച്ചു. ഇനിയൊരിക്കലും യുദ്ധം ചെയ്യില്ല എന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. അശോകൻ ധർമവിജയമെന്ന് നയം സ്വീകരിച്ചു. യഥാർത്ഥകീഴടക്കലെന്നത് ഈശ്വരവിശ്വാസത്താലും സദാചാര മൂല്യത്താലുമുള്ള കീഴടക്കലാണ് എന്ന് തന്റെ 13–ാം ശിലാശാസനത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. സൈനിക ശക്തി അധികാരത്തിന്റെ അളവുകോലായിരുന്ന ആ കാലത്ത് അശോകന്റെ തീരുമാനം ചരിത്രത്തിൻ അദ്ദേഹത്തിന് അതുല്യ സ്ഥാനം നേടിക്കൊടുത്തു.

അശോകൻ ഒരു യഥാർത്ഥ മനുഷ്യസ്നേഹി ആയിരുന്നു. അദ്ദേഹത്തിന്റെ നയങ്ങളെല്ലാം പ്രജാക്ഷേമത്തിൽ അധിഷ്ഠിതമായിരുന്നു. അദ്ദേഹത്തിന്റെ ധർമമെന്ന ആശയം സാമൂഹ്യ ഉത്തരവാദിത്തത്തിലധിഷ്ഠിതമാണ്. ബ്രാഹ്മണരെ ബഹുമാനിക്കുന്നതിനോടൊപ്പം താഴേക്കിടയിലുള്ള ജനങ്ങളോടും ബഹുമാനം പ്രകടിപ്പിക്കാനും മുതിർന്നവരെ അനുസരിക്കുക, സഹജീവികളെ കൊല്ലാതിരിക്കുക, മതസൗഹാർദ്ദത്തോടെ ജീവിക്കുക എന്നീ കാര്യങ്ങളും നിർദ്ദേശിക്കപ്പെട്ടു. എല്ലാ മതവിഭാഗങ്ങളുടെയും നല്ല ഭാഗങ്ങൾ അദ്ദേഹം സ്വാംശീകരിച്ചു. ബുദ്ധമതവിശ്വാസിയായിരുന്നെങ്കിലും അദ്ദേഹം തന്റെ വിശ്വാസങ്ങൾ ഒരിക്കലും പ്രജകളുടെമേൽ അടിച്ചേൽപ്പിച്ചിരുന്നില്ല. തന്റെ മതത്തിന്റെ മഹത്വം മറ്റ് മതങ്ങളെ ബഹുമാനിക്കുന്നതിലാണെന്ന് അദ്ദേഹത്തിന്റെ 12–ാം ശിലാശാസനം അനുശാസിക്കുന്നു.

രാജാവെന്ന നിലയിൽ അദ്ദേഹവും ഉയർന്ന മൂല്യങ്ങൾ അനുവർത്തിച്ചു. അദ്ദേഹം സ്വയം പ്രജകളുടെ പിതാവായും എല്ലാ പ്രജകളും തന്റെ മക്കളായും കണക്കാക്കിയിരുന്നു. ശിലാലിഖിതങ്ങളിലൂടെ അദ്ദേഹം തന്റെ ആശയങ്ങളും ചിന്താഗതിയും ജനങ്ങളിലെത്തിച്ചു. ഈ ശാസനകൾ മൗര്യൻ ശിൽപകലയുടെയും എൻജിനീയറിംഗ് വൈദഗ്ദ്യത്തിന്റെയും ഉത്തമ ഉദാഹരണങ്ങളാണ്. അവ അദ്ദേഹത്തിൻരെ കാലഘട്ടത്തിലെ ജീവിക്കുന്ന സ്മാരകങ്ങളാണ്.

ചെലവേറിയ പൂജാവിധികളുടെ ദുർവ്യയം ചൂണ്ടിക്കാട്ടി അദ്ദേഹം ജനങ്ങളെ ഉണർത്താൻ ശ്രമിച്ചു. അഹിംസ ഒരു ശീലമാക്കാൻ അദ്ദേഹം ജനങ്ങളോടാഹ്വാനം ചെയ്തു. അദ്ദേഹം രാജകീയ നായാട്ടുകളും ഉല്ലാസയാത്രകളും ഉപേക്ഷിച്ചു. പകരം ധർമ്മയാത്രകൾ ആരംഭിച്ചു. ഒരു പൊതുഭാഷയും, പൊതു ധർമവും, പൊതുലിപിയും നൽകുകവഴി അദ്ദേഹം രാഷ്ട്രീയ ഏകീകരണം സാധ്യമാക്കി.

ബുദ്ധകാലഘട്ടം മുതൽ തന്നെ ഇന്ത്യ ഒരു മതേതര രാജ്യമായിരുന്നു. അദ്ദേഹം സ്വയം ഒരു ബുദ്ധവിശ്വാസിയായി തീർന്നു എങ്കിലും ഒരിക്കലും അത്

മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിച്ചിരുന്നില്ല എന്നല്ല ഒരു മതസഹിഷ്ണുതാ നയം പിൻതുടർന്നു. അദ്ദേഹം ബുദ്ധമതവിശ്വാസികൾക്കും അല്ലാത്തവർക്കും സമ്മാനങ്ങളും സഹായങ്ങളും നൽകി. ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് സമാധാനത്തിന്റെ സന്ദേശം എത്തിച്ചുവെന്നത് അശോകന്റെ പ്രശസ്തി വർദ്ധിപ്പിച്ചു. പാശ്ചാത്യരാജ്യങ്ങളിലേക്കും, ഗ്രീക്ക് രാജ്യങ്ങളിലേക്കും അദ്ദേഹം അമ്പാസിഡർമാരെ അയച്ചു. ബുദ്ധമതപ്രചരണത്തിനായി ശ്രീലങ്കയിലേക്കും മധ്യേഷ്യയിലേക്കും അദ്ദേഹം ബുദ്ധസന്യാസിമാരെ അയച്ചു. ബുദ്ധമതം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രചരിച്ചു. ബുദ്ധമതം ഇന്ത്യയിൽ ഇന്ന് പ്രബലശക്തിയല്ലെങ്കിലും ശ്രീലങ്കയിലും പൗരസ്ത്യരാജ്യങ്ങളിലും ഇന്നും ബുദ്ധമതം വളരം ജനപ്രിയമായി തുടരുന്നു.

വർണ സമ്പ്രദായത്തെ ജനകീയമായി അറിയപ്പെട്ടിരുന്നത് ജാതി സമ്പ്രദായം എന്നായിരുന്നു. ഇത് വൈദിക കാലഘട്ടത്തിൽ ഉയർന്നുവന്നതായിരുന്നു. ഇപ്പോൾ അത് നല്ലനിലയിൽ പ്രാബല്യത്തിലായി. സാവധാനം ഇന്ത്യമുഴുവൻ ഒരു സാമൂഹിക സംഘടനയുടെ ആധികാരികഭാവത്തിൽ എത്തിച്ചേരുകയും ചെയ്തു. പുതിയ മതങ്ങളോടും തത്വശാസ്ത്രങ്ങളോടുമൊപ്പം പട്ടണങ്ങളും കൈത്തൊഴിലുകളും വ്യാപാരവും പുരോഗതി നേടി. അത് നമ്മുടെ രാജ്യത്ത് സാംസ്കാരിക ഐക്യ പ്രക്രിയയായി മുന്നോട്ട് കൊണ്ടുപോയി. അശോകൻ തന്റെ മുഴുവൻ പ്രദേശങ്ങളേയും ഒരു സാമ്രാജ്യത്തിന്റെ കീഴിൽ സംയോജിപ്പിച്ചു. രാഷ്ട്രത്തിന്റെ നയമായി യുദ്ധം ഉപേക്ഷിച്ചു. മറ്റൊരർത്ഥത്തിൽ അദ്ദേഹം പറഞ്ഞു കടബാദ്ധ്യതകൾ വീട്ടുന്നതിനായി താൻ കഠിനാദ്ധ്വാനം ചെയ്യുകയാണെന്ന്. കാരണം സർവ്വ ജീവജാലങ്ങളോടും അദ്ദേഹം കടപ്പെട്ടിരിക്കുന്നു.

## 3.8 കലയും വാസ്തുവിദ്യയും : മൗര്യൻ – ആരംഭങ്ങൾ

കലയിലും വാസ്തുവിദ്യയിലുമുള്ള ആര്യന്മാരുടെ സംഭാവനകൾ വളരെ ഗണ്യമായിരുന്നു. ബുദ്ധന്റെ ജീവിതത്തിലെ വിവിധ സംഭവങ്ങളുടെ സ്മരണ നിലനിർത്താൻ 84000 സ്തൂപങ്ങൾ നിർമിച്ചു. മെഗസ്തനീസിന്റെ അഭിപ്രായത്തിൽ പാടലീപുത്രത്തിന്റെ പ്രതാപം പേർഷ്യൻ നഗരങ്ങളോട് ഉപമിക്കാവുന്നതാണ്.

അശോകശാസനകൾ ഒറ്റക്കല്ലിൽ തീർത്തു മിനുക്കിയ മണൽക്കല്ലിൽ നിർമിച്ച ശിലാസ്തൂപങ്ങളിലായിരുന്നു ആലേഖനം ചെയ്തിരുന്നത്. ഏറ്റവും നന്നായി പരിപാലിച്ചിരുന്ന ശാസനകളിലൊന്നാണ് ബീഹാറിലെ ലോറിയൻനന്ദൻഗറിലെ ശാസനം. 32 അടി ഉയരമുള്ള ഈ സ്തുപത്തിന് മുകളിൽ 50 ടൺ ഘനത്തിലുള്ള സിംഹം ഇരിക്കുന്നു. ഇത് മഹത്തായ ഒരു എഞ്ചനീയറിംഗ് വൈദഗ്ദ്ധ്യമാണ്. അശോക സ്തംഭം നമ്മുടെ ആധുനിക റിപ്പബ്ലിക്കിന്റെ ചിഹ്നമാണ്. ഇത് സാരാനാഥിലെ സ്തംഭത്തിൽ നിന്ന് എടുത്തതാണ്.

സ്തൂപങ്ങൾ കൂടാതെ മറ്റൊരു സംഭാവനയാണ് ദിദർഗഞ്ചിലെ യക്ഷി. ഒറ്റക്കല്ലിൽ തീർത്തതുപോലെ തോന്നിപ്പിക്കുന്ന ഈ രൂപത്തിന്റെ ശിലാപചാരുതയും കൃത്യതയും, കരവിരുതും അപാരമാണ്. സ്തൂപങ്ങളെപ്പോലെ തന്നെ ഈ രൂപങ്ങളും ഇന്നും നശിക്കാത്ത തിളക്കത്തോടെ മിനുക്കിയിരിക്കുന്നു. (മൗര്യൻമിനുക്ക് എന്ന് ഇപ്പോൾ വിളിക്കുന്നു) ഇതറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും. ഈ നൂറ്റാണ്ടുകൾ എല്ലാം കടന്നുപോയിട്ടും ഇതിന്റെ തിളക്കത്തിന്റെ ശോഭ നഷ്ടപ്പെട്ടിട്ടില്ല. കൂടാതെ എല്ലാ ലിഖിതങ്ങളിലും ഉപയോഗിച്ചിരുന്ന ഭാഷ പ്രകൃതിയായിരുന്നു. ഇത് രാജ്യത്തെ അന്തർദേശീയ ഭാഷയായി അറിയപ്പെട്ടു. ഇന്ത്യയിൽ ആദ്യം അറിയപ്പെട്ടിരുന്ന ലിപി ബ്രഹ്മി ലിപിയായിരുന്നു.

മൗര്യൻ വാസ്തുവിദ്യയുടെ മറ്റൊരു ഘടകം ശിലാഗുഹകളാണ്. ലോമാഷ് റിഷി (ഇതിന്റെ ആകർഷകമായ പ്രവേശന കവാടം) സുധാമ ഗുഹ ഇവ

*കുറിപ്പുകൾ :*

അത്തരം വാസ്തുവിദ്യക്ക് ഉദാഹരണമാണ്. ഈ ശിലാഗുഹകൾ ബുദ്ധൻമാരല്ലാത്ത സന്യാസികൾക്കും അശോകൻ നൽകിയിരുന്നു. പിൽകാല ഭരണാധികാരികൾ പ്രോത്സാഹിപ്പിച്ച ശിലാ നിർമിത വാസ്തു വിദ്യയുടെ തുടക്കം ഈ ശിലായുഗങ്ങളിൽ നിന്നായിരുന്നു. അദ്ദേഹത്തിന്റെ ശിലാ ലിഖിതങ്ങൾ പ്രാദേശിക ഭാഷകളിലും പ്രാദേശിക ലിപികളിലും രചിച്ചിരുന്നു.

## 3.9 മൗര്യകാലഘട്ടത്തിന് ശേഷമുള്ള സാംസ്കാരിക വികസം

ഗ്രീക്കുകാർ, ശാകന്മാർ, പാർത്ഥ്യന്മാർ, കുശാനന്മാർ എന്നിവർ വിദേശികളായിരുന്നുവെങ്കിലും ക്രമേണ അവർ തദ്ദേശീയരുമായി ഇണങ്ങിച്ചേർന്നു. അവർ സേനാനികളായിരുന്നതിനാൽ അവർക്ക് ക്ഷത്രിയ പദവി അനുവദിച്ചു. മൗര്യ കാലഘട്ടത്തിന് ശേഷം മാത്രമാണ് ഇത്ര വലിയ തോതിൽ വിദേശികൾ ഇന്ത്യൻ സമൂഹത്തിൽ ലയിച്ചു ചേർന്നത്. നമുക്ക് അപൂർണ്ണമായി പറയാൻ കഴിയും ഉദ്ദേശം ബി.സി. 200 മുതൽ എ.ഡി. 3-ാം നൂറ്റാണ്ട് വരെ കാലയളവിൽ ആഴത്തിലുള്ള മാറ്റങ്ങൾ രാഷ്ട്രീയജീവിതത്തിലും സാമ്പത്തിക ജീവിതത്തിലും ഉണ്ടായി. കൂടാതെ ശ്രദ്ധേയമായ മാറ്റങ്ങൾ നമ്മുടെ രാജ്യത്തെ സാംസ്കാരികമായ ജീവിതത്തിന്റെ വിവിധ വശങ്ങളിൽ അതായത് മതം, കല, ശാസ്ത്രം എന്നു മാത്രമല്ല സാങ്കേതിക വിദ്യ എന്നിവയിലും ഉണ്ടായി വളരെ പ്രധാനപ്പെട്ട ഒരു മുന്നേറ്റം. കരയിലൂടെയും കടലിലൂടെയും ഉള്ള വിദേശവ്യാപാരത്തിലും വന്നു. കൂടാതെ വിവിധ കരകൗശല പ്രവർത്തനങ്ങളും കടന്നുവന്നു.

ധാരാളം വിദേശികൾ വൈഷ്ണവമതം സ്വീകരിച്ചു. ബസ്നാഗർ ശാസനത്തിൽ ഹെലിഡോറസ് (ആന്റിയാൽ കിഡാൽ എന്ന ഇന്തോ-ഗ്രീക്ക് രാജാവിന്റെ ഗ്രീക്കുകാരനായ അംബാസഡർ) സ്വയം ഭാഗവതനായി അതായത് ഒരു വൈഷ്ണവ ഭക്തനായി പരിചയപ്പെടുത്തുന്നു. കനിഷ്കന്റെ ചില നാണയങ്ങളിലും ശിവന്റെ ചിത്രം കാണാം. കുശാനഭരണാധികാരികളിലൊരാൾ തന്റെ വിശ്വാസം സൂചിപ്പിച്ചുകൊണ്ട് വാസുദേവനെന്നാണ് അറിയപ്പെട്ടിരുന്നത്. നിങ്ങൾക്കറിയാമോ കനിഷ്കന്റെ സ്ഥാനാരോഹണവർഷം എ.ഡി.78 വർഷത്തിന്റെ പ്രാധാന്യം ബന്ധപ്പെട്ടിരിക്കുന്നതെന്തിനെയാണെന്ന്. അതായത് ഇത് സൂചിപ്പിക്കുന്നത് 'ശക' വർഷത്തിന്റെ ആരംഭത്തെയാണ്.

വ്യത്യസ്തമായ വിദേശ നരവർഗ്ഗകൂട്ടങ്ങൾ പരസ്പരം ഇടപഴകി കൂടാതെ ഒരു മതം അല്ലെങ്കിൽ മറ്റ് ഇന്ത്യൻ മതങ്ങൾ അവരുടേതായി തിരഞ്ഞെടുക്കുന്നതിൽ ഒരു സുപ്രധാന പങ്ക് വഹിച്ചു. ബുദ്ധമതത്തിൽ ജാതിവ്യവസ്ഥയുടെ പ്രശ്നങ്ങൾ ഇല്ലാത്തതിനാൽ ധാരാളം വിദേശികൾ ബുദ്ധമതം സ്വീകരിച്ചു. മെനാൻഡർ ബുദ്ധമതത്തിലേക്ക് മതപരിവർത്തനം നടത്തി. കനിഷ്കൻ ഏറെ അറിയപ്പെടുന്നത് ബുദ്ധമതത്തിന് അദ്ദേഹം നൽകിയ സംഭാവനകളിലൂടെയാണ്. വർദ്ധിച്ചു വരുന്ന ജനപ്രീതി ബുദ്ധമതത്തിൽ മാറ്റങ്ങളുണ്ടാക്കി. വിദേശികളെ സംബന്ധിച്ചിടത്തോളം ബുദ്ധമതം അതിന്റെ യഥാർത്ഥരൂപത്തിന്റെ സംഗ്രഹമായിരുന്നു. അവർ അതുകൊണ്ട് ആഗ്രഹിച്ചത് ലളിതമായ രൂപമാണ്. അതിലൂടെ അവർക്ക് തങ്ങളുടെ മതപരമായ ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയും. ഇതേസമയത്ത് ബുദ്ധമതം രണ്ടായി പിരിഞ്ഞു. മഹായാനം അല്ലെങ്കിൽ വലിയചക്രം എന്നും ഹീനയാനം അല്ലെങ്കിൽ ചെറിയചക്രം എന്നും.

മഹായാനക്കാർക്ക് കനിഷ്കനിൽ നിന്നും രാജകീയ പ്രോത്സാഹനം ലഭിച്ചു. അദ്ദേഹം 4-ാം ബുദ്ധമതസമ്മേളനം നടത്തി. അതിൽ ബുദ്ധന്റെ തത്വങ്ങൾ പൂർത്തിയാക്കി. അദ്ദേഹം ബുദ്ധന്റെ ഓർമ്മ നിലനിർത്തുന്നതിനായി ധാരാളം സ്തൂപങ്ങൾ പണികഴിപ്പിച്ചു.

## കലയും വാസ്തുവിദ്യയും

മധ്യേഷ്യൻ ആക്രമണം ഇന്ത്യൻ കലകളുടെയും ശിൽപവിദ്യകളുടെയും വികസനത്തിന് വഴിതെളിച്ചു. പാശ്ചാത്യ ലോകവുമായുള്ള അടുത്ത ബന്ധം ഇന്ത്യൻ കലകളിൽ പല രൂപങ്ങളും ഉടലെടുക്കാൻ കാരണമായി. അതിലൊന്ന് ഗാന്ധാരകല. ഗ്രീക്ക്-റോമൻ കലകളുടെ സങ്കലിത രൂപത്തിന് ഉത്തമ ഉദാഹരണമാണ്. വ്യത്യസ്ത രാജ്യങ്ങളിൽ നിന്ന് വ്യത്യസ്ത കലകളിൽ പരിശീലനം ലഭിച്ചവർ കുശാന ഭരണകാലത്ത് ഒന്നിച്ചു ചേർന്നതിന്റെ ഫലമായിട്ടാണ് കലകളുടെ ഇത്തരത്തിലുള്ള സങ്കലനം സാധ്യമായത്.

തദ്ദേശീയ കലകളുടെ ഈറ്റില്ലമായ മധുരയും പാശ്ചാത്യ കലകളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ശാക-കുശാന കലകളുടെ സ്വാധീനം വിളിച്ചോതുന്ന ടെറാക്കോട്ട, ചുവന്ന മണൽക്കല്ലുകൾ എന്നിവയാൽ നിർമിതമായ പ്രതിമകൾ ദീർഘകാലം നിലനിന്നു. ഇതിലേറ്റവും പ്രശസ്തമായത് മധുരയിലെ കനിഷ്കന്റെ ശിരോരഹിത പ്രതിമയാണ്. ആദ്യകാല ബുദ്ധന്മാർ ബുദ്ധനെ ചിത്രീകരിക്കാൻ പ്രതിരൂപങ്ങൾ ഉപയോഗിച്ചപ്പോൾ മധുരകലാശാല ബുദ്ധപ്രതിമകൾക്ക് മുഖങ്ങളും ശരീരങ്ങളും ഉണ്ടാക്കി. ജാതക കഥകൾ ശിലകളിൽ ചിത്രീകരിക്കപ്പെട്ടു. ബുദ്ധനെകൂടാതെ മഹാവീര പ്രതിമകളും സ്ഥാപിക്കപ്പെട്ടു.

മൗര്യന്മാരുടെ കീഴിൽ സുപ്രധാനമായ ഒരു സ്ഥാനം വഹിച്ചിരുന്നവരാണ് ഡക്കാനിൽ വസിച്ചിരുന്ന വരാണശതവാകന്മാർ. അശോകന്റെ മരണശേഷം പരിപൂർണ സ്വാതന്ത്ര്യം നേടിയതായി അവർ ഭാവിച്ചു. അവർ വളരെ ശക്തരായി തീർന്നു. അവരുടെ തലസ്ഥാനം ഗോദാവരി നദിയുടെ തീരത്തുള്ള പെയിത്താൻ അല്ലെങ്കിൽ പ്രതിസ്ഥാൻ ആയിരുന്നു. വളരെ പെട്ടെന്ന് ശതവാഹനൻമാർ വിദേശരൂപന്മാരും പ്രധാനമായും ശാകന്മാരുമായി കലഹത്തിലേർപ്പെട്ടു. ഗൗതമിപുത്രയുടെയും അദ്ദേഹത്തിന്റെ പുത്രനായ വാശിഷ്ടപുത്രശതകാർണിയുടെ കീഴിൽ ശതവാഹന്മാർ വളരെ ശക്തരായി തീർന്നു. അവർ തങ്ങളുടെ സാമ്രാജ്യം വികസിപ്പിച്ചു. വനങ്ങൾ വെട്ടിയൊരുക്കി, റോഡുകൾ നിർമിച്ചു. കൂടാതെ അവരുടെ രാഷ്ട്രത്തിൽ നല്ലരീതിയിൽ ഭരണം നടത്തി.

മൗര്യന്മാരുടെ കീഴിൽ ഡക്കാണിലെ ശതവാകനൻമാർ ഒരു പ്രധാന സ്ഥാനം നിർവഹിച്ചു. അശോകചക്രവർത്തിയുടെ മരണശേഷം അവർ പൂർണസ്വതന്ത്രരായി എന്ന് കരുതി. അവർവളരെ ശക്തിപ്രാപിച്ചു. ഗോദാവരി നദിയുടെ തീരത്തുള്ള 'പ്രതിസ്ഥാൻ' അല്ലെങ്കിൽ 'പെയ്താൻ' ആയിരുന്നു അവരുടെ തലസ്ഥാനം. ശതവാകനൻമാർ വളരെ പെട്ടെന്ന് വിദേശ സത്രപന്മാരുമായി പ്രത്യേകിച്ചും ശാകന്മാരുമായി കലഹത്തിൽ ഏർപ്പെട്ടു. ഗൗതമിപുത്രയും അദ്ദേഹത്തിന്റെ പുത്രനായ വാശിഷ്ടപുത്രശതകാരനിയുടെയും കീഴിൽ ശതവാകന്മാർ ശക്തരായിതീർന്നു. അവർ തങ്ങളുടെ സാമ്രാജ്യം വികസിപ്പിച്ചു. വനങ്ങൾ വെട്ടിത്തെളിച്ചു. റോഡുകൾ നിർമിച്ചു. അവർ തങ്ങളുടെ പ്രവിശ്യകളെ നന്നായി ഭരിച്ചു. പുതുപട്ടണങ്ങൾ ഉയർന്നുവന്നു. വിദൂരദേശങ്ങളായ പേർഷ്യ, ഇറാക്ക്, കമ്പോഡിയ എന്ന രാജ്യങ്ങളുമായി വ്യാപാരബന്ധങ്ങൾ ആരംഭിച്ചു.

## കലിംഗയിലെ കരവേല

മൗര്യനുശേഷം പ്രധാനപ്പെട്ട ഒരു സ്ഥാനത്തേക്ക് ഉയർന്നുവന്ന മറ്റൊരു സാമ്രാജ്യമായിരുന്നു കലിംഗ. ആധുനിക ഒറീസയും വടക്കേ ആന്ധ്രയുടെ ഭാഗങ്ങളും ഉൾപ്പെടുന്നതായിരുന്നു കലിംഗ. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരി ആയിരുന്നു കരവേല. ഉദയഗിരിമലയിലെ ഒരു ജൈനഗുഹയിൽ





ഉള്ള ഹാത്തിഗുമ്പ ലിഖിതങ്ങൾ നമ്മൾക്ക് വിശദമായ വിവരണം അദ്ദേഹത്തിന്റെ ഭരണകാലത്തെക്കുറിച്ച് നൽകും. പക്ഷെ നിർഭാഗ്യം എന്നു പറയട്ടെ ഇത് അനായാസം വായിച്ചെടുക്കാൻ പറ്റുന്നതല്ല. ഒരു കാര്യം തീർച്ചയായും അറിയാൻ കഴിഞ്ഞു അദ്ദേഹം പ്രഗൽഭനായ ഭരണാധികാരിയും ഒപ്പം ഒരു ധീരനായ യോദ്ധാവും ആയിരുന്നു. പൊതുജനക്ഷേമകരമായ, ഉപയോഗപ്രദമായ റോഡുനിർമാണം പോലെയുള്ള ഒരുപാട് പ്രവർത്തനങ്ങൾ അദ്ദേഹം ഏറ്റെടുത്തു.

## തെക്കേ ഇന്ത്യ

കൃഷ്ണ–തുംഗഭദ്ര നദികളുടെ തെക്കു കിടക്കുന്ന സ്ഥലത്തെയാണ് അഖണ്ഡ തെക്കെ ഇന്ത്യ എന്നു പറയുന്നത്. ഇത് നിരന്തരം പരസ്പരം യുദ്ധം ചെയ്തും കലഹിച്ചും കഴിഞ്ഞിരുന്ന ചോള, ചേര, പാണ്ഡ്യ രാജാക്കന്മാരുടെ പ്രദേശങ്ങളായിരുന്നു.

## സ്രോതസ്സുകൾ

ഈ രാജ്യത്തെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും പ്രധാനപ്പെട്ട അറിവ് പകർന്നു നൽകുന്ന സ്രോതസ്സുകളാണ് സംഘസാഹിത്യങ്ങൾ. അതുകൊണ്ടാണ് ഈ കാലഘട്ടത്തെ ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വരെയുള്ള കാലഘട്ടത്തെ തെക്കെ ഇന്ത്യൻ ചരിത്രത്തിലെ സംഘകാലഘട്ടം എന്ന് വിളിയ്ക്കുന്നത്.

## ചോളന്മാർ

ഈ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരി കരികാല ആയിരുന്നു. പാണ്ഡ്യ–ചേര രാജാക്കന്മാരുടെ സംയുക്ത സൈന്യത്തെ അദ്ദേഹം പരാജയപ്പെടുത്തി. സിലോണിൽ നിന്നുള്ള ഒരു ആക്രമണത്തെ പിന്നോട്ട് തള്ളാൻ അദ്ദേഹം വിജയിച്ചു. വളരെയധികം ജനക്ഷേമപ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ കരികാല അഭിമാനാർഹനാണ്. അദ്ദേഹം ധാരാളം കനാലുകൾ കുഴിച്ചു. അതിലൂടെ കാവേരിനദിയിലെ ജലം ജലസേചനപദ്ധതികൾക്ക് ഉപയുക്തമാക്കി. കലയെയും സാഹിത്യത്തെയും കരികാല പ്രോത്സാഹിപ്പിച്ചു. ഒരു വേദമത വിശ്വാസിയായിരുന്നു കരികാല.

## പാണ്ഡ്യന്മാർ

പാണ്ഡ്യരാജ്യം സ്ഥാപിച്ചത് ഒരു സ്ത്രീഭരണാധികാരിയായിരുന്നു. വളരെ വിപുലമായ ഒരു സൈന്യം അവർ രൂപീകരിച്ചിരുന്നു. വ്യാപാരത്തെയും, കലയെയും സാഹിത്യത്തെയും അവർ പ്രോത്സാഹിപ്പിച്ചു.

## ജീവിതവും സംസ്കാരവും

ഈ കാലഘട്ടത്തിൽ ജനങ്ങൾ വളരെ ലളിതമായ ഒരു ജീവിതമാണ് നയിച്ചത്. അവർ കവിതയെയും സംഗീതത്തെയും, നൃത്തത്തേയും സ്നേഹിച്ചിരുന്നു. കുഴലുകൾ, ഓടക്കുഴലുകൾ, ഡ്രംസ് പോലെയുള്ള അനേകം സംഗീതോപകരണങ്ങൾ പരിചിതമായിരുന്നു.

നല്ല ഒരു ശതമാനം ജനങ്ങളും താമസിച്ചിരുന്നത് സമതലങ്ങളിലായിരുന്നു. അവിടത്തെ ജനങ്ങൾ ഭൂരിഭാഗവും കൃഷിക്കാർ ആയിരുന്നു. മറ്റുള്ളവർ ആട്ടിടയന്മാരായിരുന്നു. അവിടെ കൈത്തൊഴിലാളികളും, കരകൗശല നിർമാതാക്കളും ഉണ്ടായിരുന്നു. അവർ കൂടുതലും താമസിച്ചിരുന്നത് പട്ടണങ്ങളിലായിരുന്നു. വ്യാപാരികൾ തീരപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരുന്നത്. കടൽമാർഗമാണ് പ്രധാനമായും വ്യാപാരം നടത്തിയിരുന്നത്.

*കുറിപ്പുകൾ :*

### സമൂഹം

ഗ്രീക്കുകാർ, കുശാനന്മാർ, ശാകന്മാർ, പാർത്ഥിയന്മാർ എന്നിവരെ അറിയപ്പെട്ടിരുന്നത് യവനന്മാർ എന്നായിരുന്നു. വളരെ വേഗം ഇന്ത്യൻ സമൂഹവുമായി ഇവർ ലയിച്ചുചേർന്നു. കൂടാതെ ഇന്ത്യൻ പേരുകൾ സ്വീകരിച്ചു. ഒപ്പം ഇന്ത്യക്കാരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. അവരുടെ നാണയങ്ങൾ പോലും അച്ചടിയ്ക്കാൻ ആരംഭിച്ചു. ഇന്ത്യൻ നാണയങ്ങളിൽ ഇന്ത്യൻ ദേവന്മാരായ വിഷ്ണു, ഗണേഷ്, മഹേഷ് എന്നിവരുടെ രൂപങ്ങൾ വഹിക്കുന്ന നാണയങ്ങൾ അച്ചടിച്ചു തുടങ്ങി. ഇന്ത്യൻ സമൂഹത്തെ ഉൾക്കൊള്ളുന്നതിന്റെ യാഥാർത്ഥ്യം വളരെ എളുപ്പത്തിൽ വിശദമാക്കാം. എന്തുകൊണ്ടാണ് വിദേശഭരണാധികാരികൾ ബുദ്ധമതം പ്രോത്സാഹിപ്പിച്ചതെന്നതിലൂടെ.

### ഹർഷവർദ്ധനന്റെ കാലഘട്ടം

ഹർഷവർദ്ധനരാജാവ് തീരുമാനിച്ചു യുദ്ധപ്രിയരായ ചെറുകിട രാജാക്കന്മാരെയെല്ലാം കീഴടക്കണമെന്നും അവരെ തന്റെ സാമ്രാജ്യത്തിന്റെ കീഴിൽ കൊണ്ടുവരണമെന്നും അതിനായി 6 സുപ്രധാനമായ വർഷങ്ങൾ മാറ്റി വെച്ചു. ഹർഷന്റെ ഭരണത്തെപ്പറ്റി വിശദമായ വിവരണം തന്റെ കൊട്ടാരം കവിയായ ബാണബട്ടനും ചൈനാസഞ്ചാരിയായ ഹുയാൻസാങ്ങും തരുന്നു. ഹുയാൻ സാങിന്റെ അഭിപ്രായത്തിൽ ഹർഷവർദ്ധന രാജാവിന് കാര്യക്ഷമമായ ഒരു ഗവൺമെന്റ് ഉണ്ടായിരുന്നു. വീണ്ടും അദ്ദേഹം നമ്മോടു പറയുന്നു കുടുംബങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല നിർബന്ധിത തൊഴിൽ ഇല്ലായിരുന്നു.

### ഹർഷന്റെ മതപരമായ പ്രവർത്തനങ്ങൾ

നിങ്ങൾക്കറിയാമോ ഹർഷൻ ധാരാളം ആശുപത്രികളും, വിശ്രമശാലകളും പണികഴിപ്പിച്ച കാര്യം.അദ്ദേഹം ധാരാളം സഹായങ്ങൾ പലമതങ്ങൾക്കും പ്രത്യേകിച്ച് ബുദ്ധമതത്തിനും, ബ്രാഹ്മണ മതത്തിനും നൽകിയിരുന്നു. പിന്നീട് ഹർഷൻ ജീവിതത്തിൽ ബുദ്ധമതത്തോട് കൂടുതൽ താൽപ്പര്യം ഉള്ളവനായി തീർന്നു.

ഹർഷന്റെ സാഹിത്യ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതായി കുറെ നാടകങ്ങളും ഉണ്ടായിരുന്നു. ഉദാ: 'നാഗനന്ദ രത്നാവലി'യും 'പ്രിയദർശിത'യും ബാണബട്ടയുടെയും ഹുയാൻസാങിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനു ചുറ്റും വിദ്യാഭ്യാസസമ്പന്നരായ പണ്ഡിതന്മാരെ ശേഖരിച്ചിരുന്നു. ബാണബട്ട ഹർഷന്റെ പ്രശസ്ത ജീവചരിത്രമായ ഹർഷചരിതവും സാഹിത്യ ഗ്രന്ഥമായ കാദംബരിയും രചിച്ചു.

### തെക്കിലെയും ഡക്കാനിലെയും രാജ്യങ്ങൾ

ഡക്കാനെ വളരെ നീണ്ടകാലം നിയന്ത്രിച്ചിരുന്ന ശതവാഹനന്മാരെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടാവും. അവരുടെ അധഃപതനത്തിനുശേഷം പല ചെറിയ രാജ്യങ്ങളും ഡക്കാനിൽ ഉയർന്നു വന്നു. അവരിൽ ആദ്യത്തേത് വകട്ടകന്മാർ ആയിരുന്നു. അവര് ഒരു ശക്തമായ രാജ്യം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചു പക്ഷെ അവർ അധികകാലം നിലനിന്നില്ല.

വകട്ടകന്മാർക്കുശേഷം വാതാപിയിലെ ചാലൂക്യന്മാരും, കല്യാണിയിലെ ചാലൂക്യന്മാരും എത്തിച്ചേർന്നു. ചാലൂക്യരാജ്യവംശത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി പുലികേശി ആയിരുന്നു. പല്ലവന്മാരും (തെക്കോട്ട്), രാഷ്ടര

കൂടാസ് (വടക്കോട്ട്) ആയി ചാലൂക്യന്മാർ യുദ്ധം ചെയ്തിരുന്നു. രാഷ്ട്രകൂട രാജാക്കന്മാർ ചാലൂക്യന്മാരെ പരാജയപ്പെടുത്തി. എ.ഡി. 753ൽ ചാലൂക്യന്മാരുടെ ഭരണത്തിന് അന്ത്യം കുറിച്ചു.

തലസ്ഥാന നഗരമായ വാതാപി ഒരു സമ്പദ്സമൃദ്ധമായിരുന്നു. പടിഞ്ഞാറുള്ള ചെങ്കടൽ തുറമുഖമായും, ഇറാൻ അറേബ്യയുമായിട്ടും. തെക്കുകിഴക്ക് ഏഷ്യയുമായിട്ടു വ്യാപാരബന്ധം വാതാപിക്ക് ഉണ്ടായിരുന്നു. പുലികേശി 11 ഒരു അംബാസിഡറിനെ പേർഷ്യയിലെ രാജാവായ കുമ്രോ 11–ാമന്റെ കൊട്ടാരത്തിലേക്ക് അയച്ചു. ചാലൂക്യന്മാർ കലയെയും, മതത്തെയും, പ്രോത്സാഹിപ്പിച്ചു. അവർ ക്ഷേത്രങ്ങളും, ഗുഹാക്ഷേത്രങ്ങളും ഡക്കാൻ മലനിരകളിൽ പണികഴിച്ചു. രാഷ്ട്രകൂടരുടെയും, ചാലൂക്യരാജാക്കന്മാരുടെയും പ്രോത്സാഹനത്തിൻ കീഴിൽ ഈ കാലയളവിൽ നിർമിക്കപ്പട്ടവയാണ് എല്ലോറ ഗുഹകളിലെ പല വാസ്തു ശിൽപ്പങ്ങളും.

### ചോദ്യങ്ങൾ 3.2

താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. ബി.സി. 4–ാം നൂറ്റാണ്ടിൽ വടക്ക് പടിഞ്ഞാറൻ ഇന്ത്യയിലെ ജനങ്ങളുടെ സാമൂഹിക–സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയിരിക്കുന്ന സ്രോതസ്സുകൾ ഏതെല്ലാം ആണ്.?
2. അശോക രാജാവിന്റെ അഭിപ്രായത്തിൽ 'ധർമ വിജയ്' എന്നാൽ എന്താണ്?
3. അശോക ചക്രവർത്തിയുടെ 12–ാമത്തെ പ്രധാന ശിലാലിഖിതത്തിലെ കാഴ്ചപ്പാടുകൾ വിശദീകരിക്കുക?
4. എവിടെയെല്ലാമാണ് നിങ്ങൾ അശോകലിഖിതങ്ങൾ കണ്ടെത്തുക?
5. എവിടെ നിന്നാണ് ഇന്ത്യയുടെ ദേശീയ ചിഹ്നം എടുത്തിട്ടുള്ളത്?
6. ഗ്രീക്ക്–റോമൻ കലാരൂപങ്ങളിൽ നിന്ന് ഗാന്ധാരകലാ സംസ്കാരം എന്തെല്ലാം സവിശേഷതകളാണ് രൂപം കൊണ്ടിട്ടുള്ളത്?
7. മധുര–കലാസ്കൂളിലെ പ്രത്യേകതകളെ വിശദീകരിക്കുക?

## 3.10 ഗുപ്ത കാലഘട്ടത്തിലെ സാംസ്കാരിക വികസനം

പ്രാചീന ഇന്ത്യാ ചരിത്രത്തിന്റെ അവസാനഘട്ടം ആരംഭിക്കുന്നത് എ.ഡി. 4–ാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തും അവസാനിക്കുന്നത് ഏതാണ്ട് 8–ാം നൂറ്റാണ്ടിലുമാണ്. ഗുപ്തരാജാക്കന്മാർ നൽകിയ രാജകീയ പരിരക്ഷയും രാഷ്ട്രീയ ഐക്യവും ഇക്കാലത്ത് സാംസ്കാരിക പ്രവർത്തനങ്ങൾ വളരെയേറെ പുരോഗതി പ്രാപിക്കാൻ സഹായകമായി. ഗ്രീക്കുകാരുടെ ആക്രമണഫലമായി ഇന്ത്യൻ കലകളിൽ ഗ്രീക്കോ–റോമൻ സ്വാധീനമുണ്ടായി. ഈ കലകൾ മുഖ്യമായും ബുദ്ധനെയും ബുദ്ധന്റെ ചിന്താഗതികളെയുമാണ് രേഖപ്പെടുത്തിയത്. ഗുപ്തകാലത്ത് കലകൾ പൂർവ്വാധികം വളർച്ച പ്രാപിക്കുകയും ഹിന്ദു ദേവീ–ദേവന്മാരെക്കൂടി ചിത്രീകരിക്കുകയും ചെയ്തു.

ഗുപ്തനാണയങ്ങളുടെ രൂപകല്പനയും സൂക്ഷ്മമായ കൈവേലകളും ഇക്കാലത്തെ കലാരംഗത്തെ ഉത്തുംഗത പ്രദർശിപ്പിക്കുന്നു. ഒരു ഭാഗത്ത് രാജാവിന്റെ ചിത്രവും മറുഭാഗത്ത് അനുയോജ്യമായ ദേവതകളുമായിരുന്നു ഇത്തരം നാണയങ്ങളിൽ ആലേഖനം ചെയ്തിരുന്നത്. രാജാവ് വേട്ടയാടുന്നതോ

സംഗീത ഉപകരണങ്ങൾ വായിക്കുന്നതോ പോലുള്ള ചിത്രങ്ങൾ നാണയങ്ങളുടെ ഒരു ഭാഗത്തും സമൃദ്ധിയുടെ ദേവിയായ ലക്ഷ്മിയോ, കലയുടെയും ജ്ഞാനത്തിന്റെയും ദേവിയായ സരസ്വതിയോ മറുഭാഗത്തും ആയിരുന്നു മിക്കവാറും നാണയങ്ങളിൽ. നാണയങ്ങൾ കൂടാതെ ധാരാളം സ്മാരകങ്ങളും ശില്പങ്ങളും ഇക്കാലത്ത് നിർമിക്കപ്പെട്ടിരുന്നു. ഇക്കാലത്തെ വിദഗ്ധരായ ആശയങ്ങളും തത്വശാസ്ത്ര ചിന്തകളും വിവിധ കലാരൂപങ്ങളിലൂടെ പ്രദർശിപ്പിച്ചു. ക്ഷേത്രങ്ങളിലെ മുക്കും മൂലയും അവർ ദേവീദേവന്മാരുടെ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചു. ദേവീദേവന്മാരുടെ പ്രതിമകൾ അവരുടെ പ്രതിരൂപങ്ങളായി. ദേവന്മാർക്ക് മനുഷ്യരൂപം നൽകിയിരുന്നു എങ്കിലും ഓരോ ദൈവത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് നാലോ, എട്ടോ കൈകളും മറ്റും നൽകിയിരുന്നു. ശിലകളും ചുട്ടകളിമണ്ണുകളഉം മറ്റും ഉപയോഗിച്ചായിരുന്നു ദേവീദേവന്മാരുടെ ആസ്ഥാനങ്ങൾ നിർമിച്ചിരുന്നത്.

ഉദയഗിരിക്കുന്നുകളിലെ ഗുഹാക്ഷേത്രവും ദിയോഗ്രയിലെ ദശാവതാരക്ഷേത്രവും ഗുപ്തകലകൾക്ക് ഉദാഹരണമാണ്. ഗുപ്തകലകളുടെ മറ്റുദാഹരണങ്ങളാണ് സാരാനാഥിലെ ബുദ്ധന്റെ നിരവധി പ്രതിമകൾ.

സാരാനാഥ് ബുദ്ധന്റെ പ്രസന്നവും മഹത്തരവുമായ നിരവധി പ്രതിമകളാൽ അലംകൃതമാണ്. ശിലയിലും വെങ്കലത്തിലും രൂപങ്ങൾ മെനഞ്ഞെടുക്കാൻ ഗുപ്തകലാകാരന്മാർ വിദഗ്ദരായിരുന്നു. ഭഗൽപ്പൂരിനടുത്തുള്ള സുൽത്താൻ ഗഞ്ചിൽ ബുദ്ധന്റെ രണ്ട് മീറ്ററിലധികം ഉയരത്തിലുള്ള വെങ്കല പ്രതിമ കണ്ടെത്തിയിട്ടുണ്ട്. എല്ലോറ ഗുഹാക്ഷേത്രത്തിലെ കൊത്തുവേലകൾ ഇക്കാലത്തെ ഗുഹാക്ഷേത്രത്തിലെ കൊത്തുവേലകൾ ഇക്കാലത്തെ ഗുഹാക്ഷേത്ര ശിൽപ്പങ്ങളുടെ ഉദാഹരണങ്ങളിലൊന്നാണ്.

### വാസ്തുവിദ്യ

അജന്താഗുഹാശിൽപ്പങ്ങൾ, ദശാവതാരക്ഷേത്രം തുടങ്ങി ഏതാനും ക്ഷേത്രങ്ങളും ശ്രീകോവിലുകളും ഗുപ്തവാസ്തുവിദ്യയുടെ ശേഷിപ്പുകളാണ്. ഇവ കല്ലും ഇഷ്ടികയും കൊണ്ട് നിർമിച്ചവയായിരുന്നു. ഗുപ്തവാസ്തു വിദ്യയിലേക്ക് വെളിച്ചം വീശുന്നതാണ് കാളിദാസന്റെ കൃതികളിലെ ചില പരാമർശങ്ങൾ. അംബരചുംബികളായ കൊട്ടാരങ്ങൾ, ഇരുനില ബംഗ്ലാവുകൾ, കമ്പോളങ്ങൾ, റോഡ് ശൃംഗലയോട് കൂടി നന്നായി ആസൂത്രണം ചെയ്ത പട്ടണങ്ങൾ തുടങ്ങിയവയെക്കുറിച്ചൊക്കെ ഒരു വിശദമായ ചിത്രം കവി നൽകുന്നുണ്ട്. കൊട്ടാരങ്ങൾക്കുള്ളിൽ നിരവധി മുറികളുണ്ടായിരുന്നു. ഇത്തരം കൊട്ടാരങ്ങൾക്ക് വിശാലമായ മുറ്റവും, സഭാഗൃഹവും, വിചാരമുറികളും, ചന്ദ്രപ്രകാശം നേരിട്ട് ലഭിക്കാൻ മേൽക്കൂരയില്ലാത്ത വരാന്തകളും എല്ലാ കാലഘട്ടങ്ങളിലും പുഷ്പിക്കുന്ന നിരവധി പുഷ്പങ്ങളും സസ്യങ്ങളും ഉള്ള മനോഹരമായ പൂന്തോട്ടങ്ങളും ഉണ്ടായിരുന്നു.

ഗുപ്തകാലത്തെക്കുറിച്ചുള്ള പുരാവസ്തു രേഖകൾ തുച്ഛമാണ്. മധ്യേന്ത്യയിലെ ബുന്തേൽകണ്ട്, ഭഗൽകണ്ട്, കാൺപൂർ ജില്ലയിലെ ദിതർഗോൺ എന്നിവടങ്ങളിൽ നിന്ന് ഗുപ്തകലാക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

### ചിത്രകല

ഒരു കലാരൂപമെന്ന നിലയിൽ ചിത്രകല ഉന്നത നിലവാരത്തിലെത്തിയത് ഗുപ്തകാലത്തായിരുന്നു. അജന്തയിലെയും, ഗ്വാളിയാറിലെയും ഗുഹാക്ഷേത്രങ്ങളിലെ ചുമർചിത്രങ്ങൾ ഇതിനുദാഹരണമാണ്. എ.ഡി. ഒന്നു മുതൽ ഏഴുവരെ നൂറ്റാ

*കുറിപ്പുകൾ :*

ണ്ടുകൾക്കിടയിലുള്ള ചുമർചിത്രങ്ങളിലധികവും ഈ ഗുപ്തകാലഘട്ടത്തിലേതായിരുന്നു. ബുദ്ധന്റെ ജീവിതത്തിലെ പല സംഭവങ്ങളും ഇതിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യരുടെയും, മൃഗങ്ങളുടെയും, സസ്യങ്ങളുടെയും ചിത്രങ്ങൾ തന്മയത്വത്തോടെ വരച്ചത് അവരുടെ ചിത്രകലാ വൈദഗ്ദ്ധ്യത്തിന്റെ തെളിവാണ്. ഗുപ്തകലയുടെ ഒരു സവിശേഷതയായിരുന്നു അവരുടെ സൗന്ദര്യബോധം. ആത്മസംതൃപ്തിയുടെ ഉപാധിയെന്ന നിലയിൽ കലാപ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് വമ്പിച്ച പ്രാധാന്യം നൽകിയിരുന്നു.

## 3.11 പല്ലവൻമാരും ചോളൻമാരും

ദക്ഷിണേന്ത്യയിലെ ചോളന്മാരെക്കുറിച്ചും, പല്ലവമാരെക്കുറിച്ചും അവരുടെ ദിഗ്വിജയത്തെക്കുറിച്ചും കലാ-വാസ്തു-വിദ്യാഭ്യാസ മേഖല എന്നിവയിലെ സംഭാവനകളെക്കുറിച്ചും സൂചിപ്പിക്കാത്ത പുരാതന ഇന്ത്യാ ചരിത്രം അപൂർണം ആയിരിക്കും. പൂർണമായും വളരെ കുറച്ചു രാജവംശങ്ങളെ ദക്ഷിണേന്ത്യയിൽ നിന്ന് ക്രിസ്ത്യൻ കാലഘട്ടത്തിന്റെ നൂറ്റാണ്ടുകളിൽ ഉയർന്നു. പല്ലവന്മാർ കലകളെയും, വാസ്തുവിദ്യയെയും പ്രോത്സാഹിപ്പിച്ചു. പല്ലവന്മാർ മഹാബലിപുരമാതൃകയിൽ നിർമിച്ച 'രഥ' ഏറ്റവും നല്ല ഉദാഹരണമാണ് ശിലകൾ ചെത്തിയുണ്ടാക്കിയ ക്ഷേത്രങ്ങൾക്ക്. അവരുടെ കാലത്ത് നിർമിച്ച ക്ഷേത്രങ്ങളാണ് കാഞ്ചീപുരത്തെ വൈകുണ്ഠപെരുമാൾ ക്ഷേത്രവും, കൈലാസനാഥക്ഷേത്രവും. ആയിരക്കണക്കിന് പ്രതിമകളോ, ആൾരൂപങ്ങളോ ആലേഖനം ചെയ്ത ഇന്ത്യയിൽ ഇതുവരെ നിർമിച്ചതിൽ വെച്ച് ഏറ്റവും വലിയ ഒരു ക്ഷേത്ര കലാസൃഷ്ടിയാണ് കൈലാസനാഥ ക്ഷേത്രത്തിനുള്ളത്. അവിടെ ഒരു കൂട്ടം മുഴച്ചു നിൽക്കുന്ന ഭാഗങ്ങൾ മഹാബലിപുരത്ത് കണ്ടെത്തിയിട്ടുണ്ട്. അവ നൂതന കാലഘട്ടത്തിൽ സംഭാവനയായി നൽകിയത് പല്ലവന്മാർ ആണ്. എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ പിന്നിൽ മഹാബലിപുരത്ത് പഗോഡകൾ നിർമിച്ചു.

എ.ഡി. 5-ാം നൂറ്റാണ്ടിനുശേഷം മാത്രമാണ് ക്ഷേത്രനിർമാണം വികസിച്ചത്. അതേസമയം വടക്കേ ഇന്ത്യൻ ക്ഷേത്രങ്ങൾ 'നഗര'മാതൃകയിൽ നിർമിച്ചവയായിരുന്നു. ഇതിൽ ഉൾക്കൊള്ളുന്നത് ശിഖരങ്ങൾ ഗർഭഗൃഹം (ശ്രീകോവിൽ) മണ്ഡപ (തൂണുകളോടു കൂടിയ ഹാൾ) എല്ലാമാണ്. ദക്ഷിണ ഇന്ത്യയിലെ ക്ഷേത്രങ്ങൾ നിർമിച്ചിരുന്നത് ദ്രാവിഡമാതൃകയിലാണ്. ഇവ പൂർത്തിയായിരിക്കുന്നത് വിമാന രീതിയിൽ അല്ലെങ്കിൽ ശിഖരങ്ങൾ ഉയർന്ന ചുറ്റുമതിൽ മുകളിൽ ഗോപുരങ്ങളോടു കൂടിയ പ്രവേശന കവാടം എന്നിവയാൽ എന്ന്. പല്ലവന്മാർക്കു ശേഷം (എഡി 6 – എഡി 8) ക്ഷേത്രനിർമാണങ്ങളുടെ പാരമ്പര്യം കൂടുതലായി ദക്ഷിണേന്ത്യയിൽ പുരോഗതി പ്രാപിച്ചത് ചോളന്മാരുടെ കാലഘട്ടത്തിലാണ്. (10 – 12 എഡി)

നിങ്ങൾക്കറിയാമോ ക്ഷേത്രങ്ങൾ ഗ്രാമങ്ങളിലെ ജനങ്ങളുടെ പ്രധാന സംഗമകേന്ദ്രങ്ങളായിരുന്നു. എല്ലാ സായാഹ്നങ്ങളിലും അവർ അവിടെ ഒന്നു ചേരുകയും പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളും, സാമൂഹ്യക്ഷേമത്തിനുതകുന്ന ആശയങ്ങളും ചർച്ച ചെയ്യുകയും ചെയ്യുമായിരുന്നു. ക്ഷേത്രങ്ങൾ വിദ്യാലയങ്ങളായും പ്രവർത്തിച്ചു. ക്ഷേത്രാങ്കണത്തിൽ ഉൽസവ സമയങ്ങളിൽ നൃത്തരൂപങ്ങളും നാടകങ്ങളും അവതരിപ്പിക്കപ്പെട്ടു.

കടൽകടന്നുള്ള ദിഗ്വിജയങ്ങളും ഗ്രാമതലങ്ങളിൽ ജനാധിപത്യ സ്ഥാപനങ്ങളുടെ വളർച്ചയും ചോളന്മാരുടെ നേട്ടങ്ങളായിരുന്നു. ഗ്രാമപഞ്ചായത്തായ സഭയ്ക്ക് സാമ്പത്തിക നിയന്ത്രണമുൾപ്പെടെ നിരവധി അധികാരങ്ങൾ ഉണ്ടായിരുന്നു. ഗ്രാമഭരണത്തിന്റെ വിവിധ കാര്യങ്ങൾ നോക്കിനടത്താൻ ഈ സംവി

ധാനത്തെ നിരവധി ഉപവിഭാഗങ്ങളായി വിഭജിച്ചിരുന്നു. ഏതാനും ശാസനകളിൽ നിന്ന് സഭയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദമായ വിവരണങ്ങൾ ലഭിച്ചിട്ടുണ്ട്. ചോളന്മാർ പ്രശസ്തരായ കെട്ടിട നിർമാതാക്കളായിരുന്നു. ബൃഹദേശ്വര അഥവാ രാജരാജേശ്വര ക്ഷേത്രം അതിന്റെ മഹത്തായ ഒരുദാഹരണമാണ്. ഈ കാലത്ത് ശിൽപവിദ്യയിൽ വൻ കുതിച്ചു ചാട്ടമാണ് ഉണ്ടായത്.

മതവും മതേതരസാഹിത്യത്തിൽ വലിയ പുരോഗതികൾ നേടി. രാജ്യത്തെ പലഭാഗത്തും കോടതികളിലെ ഭാഷ സംസ്കൃതമായിത്തീർന്നു. തമിഴ് സാഹിത്യവും വലിയ പുരോഗതി നേടി. വൈഷ്ണവ-ശൈവ സന്യാസിമാരായ ആഴ്വാന്മാരും, നായനാർമാരും ഈടുറ്റ സംഭാവനകൾ നൽകി.

രാജ്യത്തിന്റെ ഏതാണ്ട് മുഴുവൻ ഭാഗത്തും സംസ്കൃതത്തിന് മേൽക്കോയ്മ ഉണ്ടായിരുന്നിട്ടും ഈ കാലയളവിൽ രാജ്യത്തിന്റെ പലഭാഗങ്ങളിലും ഇന്ത്യൻ ഭാഷകളുടെയും വ്യത്യസ്ഥമായ ലിപികളുടെയും ആരംഭത്തിന് നാന്ദി കുറിച്ചു. ചുരുക്കത്തിൽ നമുക്ക് പറയാൻ കഴിയും തത്സമയം പ്രാചീന ഇന്ത്യാ ചരിത്രത്തിന്റെ കാലയളവ് അവസാനിച്ചു. ഇത് തനതായ ഒരു സംസ്കാരം വളർത്തി. അത് ഇതുവരെ കണ്ടിട്ടില്ലാത്ത സ്വഭാവസവിശേഷതകളാൽ മുദ്രിതമായിരുന്നു.

## 3.12 വൈദിക ബ്രാഹ്മണ്യത്തിൽ നിന്ന് പൗരാണിക ഹിന്ദുമതത്തിലേക്കുള്ള മാറ്റം

പുരാതന ബ്രാഹ്മണ വിശ്വാസത്തിൽ നിന്ന് ആധുനിക ഹിന്ദുമത വിശ്വാസത്തിലേക്കുള്ള മാറ്റം സംഭവിച്ചത് ഗുപ്തകാലം മുതലാണ്. ഗുപ്തകാലത്ത് ബുദ്ധമതത്തിന് രാജകീയ പ്രോത്സാഹനം ലഭിച്ചില്ല. ബ്രാഹ്മണ്യം കൂടുതൽ പ്രാമുഖ്യം നേടി. ഹിന്ദുമതത്തിലെ ഭാഗവത വിഭാഗത്തിന് ഗുപ്തരാജാക്കന്മാർ പരിരക്ഷ നൽകി. രാജാക്കന്മാർ സ്വയം ഭാഗവതരെന്ന് വിശേഷിക്കപ്പെട്ടു. വിഷ്ണു, ശിവൻ എന്നിവരെ ആരാധിച്ചു. നിരവധി ക്ഷേത്രങ്ങൾ നിർമിക്കുകയും ബ്രാഹ്മണർക്ക് വൻതുക സംഭാവന നൽകുകയും അശ്വമേധയജ്ഞം നടത്തുകയും ചെയ്തു. വർണ സമ്പ്രദായത്തിന്റെ രക്ഷകനായി വിഷ്ണു അവരോധിക്കപ്പെട്ടു. വിഷ്ണുവിനെ പ്രകീർത്തിച്ച് വിഷ്ണു പുരാണം രചിക്കപ്പെട്ടു. വിഷ്ണുസ്മൃതി എന്ന നിയമഗ്രന്ഥം രചിച്ചു. ഭഗവാൻ കൃഷ്ണനെ പ്രകീർത്തിക്കുന്ന ശ്രീമദ് ഭഗവത് പുരാണം എ.ഡി. 4-ാം നൂറ്റാണ്ടിലാണ് രചിക്കപ്പെടുന്നത്. സംഹാരമൂർത്തിയായ ശിവനെ ഏതാനും ഗുപ്തരാജാക്കന്മാർ ആരാധിച്ചിരുന്നു. ബുദ്ധജൈന മതവിഭാഗങ്ങളുടെ സമകാലീന കാലത്ത് ഉപനിഷത്തിനോടൊപ്പം നിലവിൽ വന്ന ഭഗവത സമ്പ്രദായം അതിന്റെ ഉത്തുംഗതയിലെത്തിയത് ഇക്കാലത്താണ്. വിഷ്ണുവിന്റെ ദശാവതാരം എന്ന സങ്കൽപം അംഗീകരിക്കപ്പെട്ടു. അതിൽ ഏറ്റവും പ്രകീർത്തിക്കപ്പെട്ടത് കൃഷ്ണാവതാരമായിരുന്നു.

അക്കാലത്ത് ജനങ്ങൾ ബ്രഹ്മാവ്, സൂര്യൻ, കാർത്തികേയൻ, ഗണേശൻ, ദുർഗ്ഗ, ലക്ഷ്മി, സരസ്വതി, ഇന്ദ്രൻ, വരുണൻ എന്നീ ദേവന്മാരെ ആരാധിച്ചിരുന്നു. നാഗം, യക്ഷൻ, ഗന്ധർവൻ എന്നിവയേയും ബഹുമാനിച്ചിരുന്നു. മൃഗങ്ങൾ, നദികൾ, വൃക്ഷങ്ങൾ, പർവ്വതങ്ങൾ എന്നിവയെപ്പോലും ആരാധിച്ചിരുന്നു. ബനാറസ്, പ്രയോഗ, എന്നീ നഗരങ്ങൾ തീർത്ഥാടന കേന്ദ്രങ്ങളായി. ബിംബാരാധന ജനപ്രിയമായി. ആധുനീക ഹിന്ദുമതത്തിന്റെ സവിശേഷതകൾ രൂപം കൊണ്ടത് ഗുപ്തകാലഘട്ടത്തിലായിരുന്നു.

ബുദ്ധമതത്തിന് അപചയം സംഭവിച്ചുവെങ്കിലും അതിന് അംഗബലം ഉണ്ടായി

രുന്നു. അജന്ത, എല്ലോറ ഗുഹാക്ഷേത്രങ്ങളോടൊപ്പം സാരാനാഥിലെ ഇക്കാലത്തെ ബുദ്ധപ്രതിമ കാണിക്കുന്നത് ബുദ്ധമതവും ജനപ്രിയമായിരുന്നു എന്നാണ്. ഗുപ്തകാലത്ത് ജൈനമതത്തിനും അനുയായികളുണ്ടായിരുന്നു.

## 3.13 നളന്ദ : ജ്ഞാനത്തിന്റെയും പാണ്ഡിത്യത്തിന്റെയും ഉന്നത കേന്ദ്രം

ഹർഷന്റെ ഭരണകാലത്ത് നളന്ദ വിജ്ഞാനസമ്പാദനത്തിന്റെ ഉന്നത കേന്ദ്രമായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യ അഭ്യസിക്കാൻ വിദ്യാർത്ഥികൾ ഇവിടെ വന്നു ചേർന്നിരുന്നു. നാലു നിലകളുള്ള കെട്ടിടസമുച്ചയത്തിന്റെ അവശിഷ്ടങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. നളന്ദയിൽ 10000 ൽ അധികം വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെന്നും 200 ഗ്രാമങ്ങളുടെ വരുമാനം കൊണ്ടാണ് അത് നടത്തിപ്പോന്നിരുന്നതെന്നും ഹ്യൂയാൻസാങ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മഹായാന ബുദ്ധിസത്തിന്റെ ഉന്നത പഠനകേന്ദ്രമാണിതെങ്കിലും ഇവിടെ മതേതര വിഷയങ്ങളും പഠിപ്പിച്ചിരുന്നു. വ്യാകരണം, തർക്കശാസ്ത്രം, ശാസ്ത്രം തുടങ്ങിയവയൊക്കെ പഠിപ്പിച്ചിരുന്നു. അന്വേഷണ തൃഷ്ണയും യുക്തിവിചാരവും പ്രോത്സാഹിപ്പിച്ചിരുന്നു. സജീവമായ ചർച്ചകളും, വാദപ്രതിവാദങ്ങളും നടന്നിരുന്നു. കാനൂജിലെ തത്വചിന്താ സദസ്സിലേക്ക് നളന്ദയിലെ 1000ൽ അധികം വരുന്ന പണ്ഡിതരെ ഹർഷരാജാവ് ക്ഷണിച്ചിരുന്നു. ഹുയാൻസാങ് നളന്ദയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. 12–ാം നൂറ്റാണ്ട് വരെ ഈ സർവകലാശാല വിജ്ഞാന കേന്ദ്രമായി തുടർന്നിരുന്നു.

### ചോദ്യങ്ങൾ 3.3

1. ഗുപ്തനാണയങ്ങളുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
2. എവിടെയാണ് ദശാവതാരക്ഷേത്രം സ്ഥിതിചെയ്യുന്നത്?
3. ഉദയഗിരി ഗുഹാ ക്ഷേത്രങ്ങൾ എന്തിന്റെ എല്ലാം പേരിൽ പ്രസിദ്ധി നേടിയിരിക്കുന്നു.
4. സുൽത്താൻഗഞ്ച് (ബഗൽപൂർ സമീപം) കണ്ടെത്തിയ ഓട് ബുദ്ധപ്രതിമക്ക് എത്ര ഉയരം ഉണ്ടായിരുന്നു?
5. ഗുപ്തകലാ രീതിയിലുള്ള ചിത്രരചന എവിടെയെല്ലാം നിങ്ങൾക്ക് കണ്ടെത്താം?
6. ഹർഷന്റെ ഭരണകാലഘട്ടത്തിൽ എവിടെയായിരുന്നു ഒരു തത്വശാസ്ത്ര സമ്മേളനം നടന്നത്.

## 3.14 ക്രിസ്തുമതം ഇന്ത്യയിൽ

ഇന്ത്യയിൽ ആദ്യമായി ക്രിസ്തുമതം എത്തിച്ചത് എ.ഡി.1–ാം നൂറ്റാണ്ടിൽ സെന്റ് തോമസ് ആയിരുന്നു. പാർത്ഥ്യൻ രാജാവായ ഗോണ്ടോഫെർനസ് തനിക്ക് പുതിയ പട്ടണം നിർമിക്കാൻ വിദഗ്ദനായ ഒരു ശിൽപിക്കുവേണ്ടി സിറിയയിലേക്ക് ഒരു ദൂതനെ അയച്ചു. ദൂതൻ സെന്റ് തോമസുമായി തിരിച്ചുവരികയും രാജാവും കൊട്ടാരവാസികളും ക്രിസ്തുമതവിശ്വാസികളായി മാറിപ്പോയി എന്നുമാണ് ഐതിഹ്യം. ഇതിൽ എത്രത്തോളം വാസ്തവമുണ്ട് എന്നതിൽ സംശയമുണ്ട്. പാശ്ചാത്യരാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള കച്ചവടബന്ധമാണ് ക്രിസ്തുമതം ഇന്ത്യയിൽ പ്രചരിക്കാനുള്ള മുഖ്യ കാരണം. സെന്റ് തോമസ് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിച്ചു. മദ്രാസിലെ മൈലാപ്പൂരിൽവെച്ച് അദ്ദേഹം കൊല്ലപ്പെട്ടു. അവിടെ അദ്ദേഹത്തിന്റെ ശവകുടീരം ഇന്നും നിലനിൽക്കുന്നു. കേരളത്തിൽ സിറിയൻ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട

കുറിപ്പുകൾ :

ധാരാളം വിശ്വാസികൾ ഇന്നും താമസിച്ചുപോരുന്നു.

ക്രിസ്ത്യൻ പള്ളിക്ക് റോമൻ കത്തോലിക്, പ്രൊട്ടസ്റ്റന്റ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ഉണ്ട്. ക്രിസ്ത്യാനികളുടെ വിശ്വാസ ഗ്രന്ഥമാണ് ബൈബിൾ. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ബൈബിളിനുണ്ട്. നമ്മുടെ രാജ്യത്ത് ഇന്ന് സംസാരിക്കുന്ന ഏതാണ്ട് എല്ലാ ഭാഷകളിലും ബൈബിൾ ലഭ്യമാണ്.

ഒന്നരക്കോടിയിലധികം ക്രിസ്ത്യാനികൾ ഇന്ന് ഇന്ത്യയിലുണ്ട്. ധാരാളം ജീവകാരുണ്യ സ്ഥാപനങ്ങൾ അവർ നടത്തിക്കൊണ്ടു പോകുന്നു. അറിയപ്പെടുന്ന ഏറ്റവും പ്രശസ്തയായ സാമൂഹ്യപ്രവർത്തകരിൽ ഒരാളാണ് മദർ തെരേസ. പാവപ്പെട്ടവരുടേയും, ഭവനരഹിതരുടേയും ക്ഷേമത്തിനു വേണ്ടി പ്രയത്നിച്ച ഒരു മഹദ് വനിതയാണവർ.

## ചോദ്യങ്ങൾ 3.4

താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. എങ്ങനെയാണ് ക്രിസ്തുമതം ഇന്ത്യയിലെത്തിച്ചേർന്നത്?
2. ക്രിസ്ത്യൻ ദേവാലയങ്ങളിലെ വിഭാഗങ്ങൾ ഏതെല്ലാമായിരുന്നു?
3. ആരാണ് മദർ തെരേസ?
4. കാഞ്ചീപുരത്ത് പല്ലവന്മാർ താമസിച്ചിരുന്ന രണ്ട് ക്ഷേത്രങ്ങളുടെ പേര്?
5. പല്ലവന്മാരുടെയും ചോളന്മാരുടെയും കാലഘട്ടത്തിൽ ക്ഷേത്രവാസ്തു ശിൽപകലയിലെ വ്യത്യസ്തമായ രീതികൾ എന്തെല്ലാമായിരുന്നു.
6. ചോളന്മാർ നിർമിച്ച ക്ഷേത്രത്തിന്റെ പേര്?
7. ചോളകാലഘട്ടത്തിലെ ശിൽപകലാരീതിയെ എന്തായിരുന്നു വിളിച്ചിരുന്നത്?
8. മഹാബലിപുരത്ത് (മാമല്ല പുരം) ഏതുരീതിയിലുള്ള നിർമാണ് പ്രവർത്തനമാണ് നിങ്ങൾ കണ്ടെത്തുക?

## നിങ്ങളെന്തു പഠിച്ചു

- ബി.സി.7000 വർഷം നീണ്ടകാലപഴക്കമുള്ള ഒരു വിശാലമായ കാലഘട്ടം ഉൾക്കൊള്ളുന്ന തുടർച്ചയായ ചരിത്രം ഇന്ത്യക്കുണ്ട്.
- ഹാരപ്പന്മാർ നിർമിച്ച ആദ്യകാല പട്ടണങ്ങൾ വിശാലവും മനോഹരവുമായ റോഡുകൾ, മലിനജലം ഒഴുക്കുന്നതിനുള്ള പദ്ധതികൾ, ശുചീകരണം, നഗര ആസൂത്രണം എന്നിവയാൽ പൂർണ്ണമായിരുന്നു.
- ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ കൃഷിയായിരുന്നു.
- വേദജനത ധാരാളം സംഭാവനകൾ സാഹിത്യം, മതം, തത്വശാസ്ത്രം എന്നീ വിവിധ മേഖലകളിൽ നൽകി.
- പിൽക്കാല (ഉത്തര വൈദിക) വേദജനത സമൂഹത്തെ നാലാ വർണങ്ങളായി വിഭജിച്ചിരുന്നു. ബ്രാഹ്മണാസ്, ക്ഷത്രിയാസ്, വൈശ്യാസ്, ശൂദ്രാസ് എന്നിങ്ങനെ.
- പ്രധാനപ്പെട്ട മതങ്ങൾ അതായത് ഹിന്ദുമതം, ജൈനമതം, ബുദ്ധമതം ഇവ ക്രമമായി വികസിക്കുകയും, പരസ്പരം ഇടപഴകിയിരുന്നു. അതിന്റെ


കുറിപ്പുകൾ :

ഫലമായി ഇന്ത്യൻ സംസ്കാരം എല്ലാമതങ്ങളുടെയും ഒരു സങ്കലിതമാണ്.

- പൂർവ്വ വൈദിക ജനത പ്രകൃതിശക്തികളെ ആരാധിച്ചു. അവയെ ദേവന്മാരും, ദേവതകളുമായി കരുതി ആരാധിച്ചു.
- മൗര്യന്മാർ ഉത്തരേന്ത്യയിൽ മഹത്തായ സാമ്രാജ്യം നിർമിച്ചു. മഹാനായ അശോക ചക്രവർത്തിയുടെ ഭരണത്തിൻ കീഴിൽ ആ സാമ്രാജ്യം പല മേഖലകളിൽ അതിന്റെ പരമോന്നത നിലകളിൽ എത്തിച്ചേർന്നു.
- കല, വാസ്തുശിൽപ കല മൗര്യന്മാർ നൽകിയ സംഭാവന ശ്രേഷ്ഠമായിരുന്നു.
- പല്ലവന്മാരുടെ കീഴിൽ ക്ഷേത്രവാസ്തുശിൽപ്പങ്ങൾ അതിന്റെ മഹത്വത്തിന്റെ പരമോന്നത ഉച്ചകോടിയിൽ എത്തിചേർന്നു. അവർ പ്രഗത്ഭരായ നിർമാണ പ്രവർത്തകരായിരുന്നു.
- ഉദയഗിരിയിലെ ഗുഹാക്ഷേത്രങ്ങളും ഡിയോഗാർഹിലുള്ള ദശാവതാര ക്ഷേത്രവും ഗുപ്തകലയുടെ മകുടോദാഹരണങ്ങളായി കാണാൻ കഴിയും.
- ദുരന്തപര്യവസായിയായ സാഹചര്യത്തിൽ തന്റെ കുടുംബം നഷ്ടപ്പെട്ടതിനുശേഷം ഹർഷരാജാവ് തനേശ്വറിലെ കിരീടത്തിനായി എത്തി.
- രണ്ട് പ്രശസ്ത വ്യക്തികൾ വളരെ വിശാലമായ ഒരു വിവരണം ഹർഷന്റെ ഭരണത്തെപ്പറ്റി നൽകി. ഒരാൾ ഹുയാൻസാങ് – ചൈനീസ് തീർത്ഥാടകനും മറ്റൊരാൾ ബാണബട്ട അദ്ദേഹത്തിന്റെ കൊട്ടാരം കവിയും ആയിരുന്നു.
- ഹർഷൻ കാര്യക്ഷമതയുള്ളതും വളരെ ദയാശീലനുമായ ഭരണാധികാരിയായിരുന്നു. അദ്ദേഹം ധാരാളം ക്ഷേമപ്രവർത്തനങ്ങളിൽ മുഴുകിയിരുന്നു. അദ്ദേഹം പാരിതോഷികങ്ങൾ നൽകിയിരുന്നു. പ്രഗത്ഭരായ ഉദ്യോഗസ്ഥൻമാർക്ക്, ഉയർന്ന ബുദ്ധിശക്തിയും പ്രാവീണ്യവും വേണ്ട ജോലികൾ ചെയ്യുന്ന വ്യക്തികൾക്ക്, മതപരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്ന വിവിധ മതവിഭാഗങ്ങൾക്ക് സമ്മാനങ്ങൾ നൽകിയിരുന്നു. അദ്ദേഹം ധാരാളം ആശുപത്രികളും വിശ്രമസ്ഥലങ്ങളും നിർമിച്ചു. ഹർഷന്റെ ഭരണകാലത്ത് നളന്ദ ഒരു പ്രശസ്ത പഠനകേന്ദ്രമായിത്തീർന്നു.
- ഹർഷൻ ഒരു സാഹിത്യകാരൻ കൂടിയായിരുന്നു. അദ്ദേഹം ധാരാളം നാടകങ്ങൾ എഴുതിയിട്ടുണ്ട്. കൂടാതെ ധാരാളം പണ്ഡിതന്മാരെ തനിക്കു ചുറ്റും ശേഖരിച്ചു.
- ചോളന്മാരുടെ നേട്ടങ്ങൾ അവരുടെ കടൽകടന്നുള്ള കീഴടക്കലുകളിലും ഗ്രാമതലത്തിൽ ഭരണം നടത്തുന്നതിനായി ജനാധിപത്യ സ്ഥാപനങ്ങൾ പുരോഗതി പ്രാപിച്ചതിലുമാണ്.

## ചോദ്യങ്ങൾ

1. ഹാരപ്പൻ സംസ്കാരം ആര്യൻ സംസ്കാരവുമായി എങ്ങനെ നിങ്ങൾക്ക് വേർതിരിച്ചറിയാൻ കഴിയും?
2. ബി.സി. 6–ാം നൂറ്റാണ്ടിൽ ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ഉത്ഭവത്തിലേക്കു നയിച്ച സാഹചര്യങ്ങൾ പ്രസ്താവിക്കുക?
3. ഇന്ത്യൻ സംസ്കാരത്തിനു മേൽ പേർഷ്യൻ ആക്രമണങ്ങളുടെ പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരുന്നു?



കുറിപ്പുകൾ :

4. പ്രാചീന ഇന്ത്യക്കാരുടെ മേൽ മാർസിഡോണിയക്കാർ നടത്തിയ ആക്രമണങ്ങളുടെ ഫലങ്ങൾ എന്തെല്ലാമായിരുന്നു?
5. വേദിക് ബ്രാഹ്മിണിസത്തിൽ നിന്ന് പുരാണിക് ഹിന്ദുവിസത്തിലേക്ക് പരിവർത്തനം എങ്ങനെ സംഭവിച്ചു?
6. തുടർച്ചയായ സാമ്രാജ്യഭരണങ്ങളുടെ കാലഘട്ടത്തിൽ ഇന്ത്യൻ സംസ്കാരത്തിലുണ്ടായ പുരോഗതി വിശദമാക്കുക?

## ഉത്തരങ്ങൾ

**3.1**

1. സിന്ധു–ഗംഗാ നദികളുടെയും അവയുടെ പോഷകനദികളുടെയും തീരത്ത്.
2. കൃഷി
3. ബി.സി.7000 വർഷങ്ങൾക്കു മുമ്പ് മെഹ്റഗായിലുള്ള ബലൂചിസ്ഥാനിൽ
4. മുദ്രകളിൽ ഉൾക്കൊള്ളുന്ന ചില ലിപികളുടെ രൂപങ്ങൾ
5. ഒറ്റക്കൊമ്പുള്ള റിനോസറുകളെ അറിയപ്പെട്ടിരുന്നത് യൂണികോൺ എന്നായിരുന്നു. അവ മുദ്രകളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. മോഹൻജോദാരോയിൽ നിന്നും ഒരു വെങ്കലവസ്തുശിൽപ്പത്തിൽ ഡാൻസ് ചെയ്യുന്ന പെൺകുട്ടിയുടെ രൂപം കണ്ടെത്തിയിട്ടുണ്ട്. ഇത് തെളിയിക്കുന്നത് ആ ജനതയുടെ വാസ്തുശിൽപ കലയിലുള്ള കഴിവാണ്.
6. വേദം, ഋഗ്വേദം, അഥർവവേദം, സാമവേദം, യജൂർവേദം കൂടാതെ ബ്രാഹ്മണകങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്ത്.
7. ധർമം, അർത്ഥം, കാമം
8. വേദ കീർത്തനങ്ങൾ ഉരുവിടുന്നതിനോടൊപ്പം നടത്തുന്നതാണിത്.
9. അശ്വമേധ, രാജസൂയ, വാജപേയ യജ്ഞങ്ങൾ
10. ഇത് വളരെയധികം അനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായിത്തീർന്നു. അഗ്നി, ഇന്ദ്ര, വരുണ ദേവന്മാരുടെ സ്ഥാനത്ത് ഒരി പുതിയ ത്രിമൂർത്തികളായ ബ്രഹ്മാവ്, വിഷ്ണു, ശിവ എന്നിവരെ ആരാധിച്ചു.
11. ചെസ് കളിയും, രഥ ഓട്ടം മുതലായവ
12. അംഗ, മഗധ, കോസല, കാശി, കുരു, പാഞ്ചാല
13. രണ്ട് – ശ്വേതാംബരർ (വെള്ളവസ്ത്രം ധരിക്കുന്നവർ), ദിഗംബരർ ( വിവസ്ത്രർ)
14. 8 (എട്ട്)
15. ജൈനമതത്തിൽ സ്ഥാനകാസ്, ബുദ്ധമതത്തിൽ വിഹാരസ്സ്
16. ഹീനയാന, മഹായാന, വജ്രയാന

**3.2**

1. മെഗസ്തനീസ്, അഡ്മിറൽ നീയർച്ചസ്, അരീയാൻ ഇവർ നൽകിയ ഗ്രീക്ക് വിവരണം.
2. നന്മയുടെയും ദയയുടെയും കീഴടക്കലാകുന്നു യഥാർത്ഥ കീഴടക്കൽ അതായത് ജനങ്ങളുടെ ക്ഷേമം.
3. ഒരു വിഭാഗത്തിന്റെ ബഹുമാനം ഇരിക്കുന്നത് മറ്റു വിഭാഗത്തിനോടുള്ള ബഹുമാനത്തിലാണ്.



*കുറിപ്പുകൾ :*

4. ലൗറിയ, നന്ദാൻഗാർഹ (ബിഹാർ)
5. തലസ്ഥാനമായ സാരനാഘിലെ പ്രശസ്ത അശോക സ്തൂപങ്ങളിൽ നിന്ന്.
6. (1) അപോല്ലോണിയൻ മുഖങ്ങൾ
   (2) തലമുടി സ്റ്റൈൽ
   (3) വസ്ത്രങ്ങളുടെ ക്രമീകരണം
7. (1) ബുദ്ധന്റെ ബാഹ്യരൂപങ്ങളും മുഖവും അവർ വ്യതിചലിപ്പിച്ചു.
   (2) പാറമുഖങ്ങളിലും, നീണ്ട ചുവരുകളിലും പൗരാണിക കഥകൾ വരച്ചു.
   (3) പ്രതിമകളും അവർ നിർമിച്ചു.

**3.3**

1. ഒരു ഭാഗത്ത് രാജാവിന്റെ വിവിധ രൂപങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. മറു ഭാഗം ഉൾക്കൊള്ളുന്നത് ദേവതമാരും അവരോടു ബന്ധപ്പെട്ട മുദ്രകളുമാണ്.
2. ഡിയോഗാർഹയിൽ
3. ഗുപ്തകല
4. രണ്ട് മീറ്റർ ഉയരം
5. (1) അജന്താഗുഹയിലെ ചുമർചിത്രങ്ങൾ
   (2) ബാഗ ഗുഹകൾ (ഗ്വാളിയാറിന് സമീപം)
6. കാനൂജിൽ

**3.4**

1. സെന്റ് തോമസ് ഒരു വാസ്തുശിൽപ കലാ വിദഗ്ദൻ ആയിരുന്നു. ഒപ്പം ഒരു ക്രിസ്ത്യാനിയും. പാർത്ഥിയാൻ രാജാവ് ഗോണ്ടാഫെർനെസ് ബി.സി. 19/എ.ഡി. 45 ഒരു വാസ്തുശിൽപ കലാകാരൻ എന്ന നിലയിൽ അവിചാരിതമായി അദ്ദേഹത്തെ വിളിച്ചു. സെന്റ് തോമസ് വളരെയധികം അംഗങ്ങളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു.
2. (1) റോമൻ കത്തോലിക് ചർച്ച്
   (2) പ്രൊട്ടസ്റ്റന്റ് ചർച്ച്
3. പ്രശസ്തയായ ക്രിസ്ത്യാനി സാമൂഹിക പ്രവർത്തക, ഒരുപാട് മഹത്തായ പ്രവർത്തനങ്ങൾ പാവങ്ങൾക്കു വേണ്ടിയും, ഭവനരഹിതർക്കു വേണ്ടിയും ചെയ്തു.
4. കാളിദാസനാഥ്, വൈകുണ്ഠപെരുമാൾ
5. നഗരമാതൃകയും, ദ്രാവിഡ മാതൃകയും
6. രാജരാജേശ്വര / ബ്രിഹദിസ്വാര ക്ഷേത്രം
7. ദ്രാവിഡ മാതൃക
8. രൂപങ്ങൾ പശ്ചാത്തലത്തിൽ നിന്ന് അൽപം പൊങ്ങി നിൽക്കുന്ന കൊത്തുപണി.

# 4

# മധ്യകാല ഇന്ത്യ

ഇന്ത്യയുടെ സമ്മിശ്ര സാംസ്കാരിക പരിണാമത്തിലെ പ്രധാനപ്പെട്ട നാഴികക്കല്ലുകളിലൊന്നാണ് മധ്യകാല ഇന്ത്യൻ ഭാഷയിലും മതത്തിലും നാടൻ കലകളിലും ഉണ്ടായ വികാസങ്ങൾ. സിക്ക് സൗരാഷ്ട്ര മതവിശ്വാസങ്ങളോടൊപ്പം ഇസ്ലാമിന്റെയും സൂഫിസത്തിന്റെയും ഉദയം ഈ പ്രക്രിയക്ക് ആക്കം കൂട്ടി. നമുക്ക് ചുറ്റും ഒന്ന് കണ്ണോടിച്ചാൽ ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ ഇസ്ലാമിക സ്വാധീനം ദർശിക്കാൻ കഴിയും. ഇന്ത്യയിലെ ചില സ്മാരകങ്ങൾ നിങ്ങൾ സന്ദർശിച്ചിട്ടുണ്ടാകും. ഈ സ്മാരകങ്ങൾ ഇന്തോ-ഇസ്ലാമിക് സംസ്കാരത്തിന്റെ പ്രതീകങ്ങളാണ്. ഇസ്ലാം ഉൾപ്പെടെ ഇന്ത്യയിലെ വിവിധമതങ്ങൾ പരസ്പരം സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഓരോ പ്രദേശവും ഓരോ പ്രത്യേക നാടൻ കലകൾക്ക് പേരുകേട്ടതായിരുന്നു. ഇത്തരം നാടൻ കലകളുടെ വികാസത്തിന്റെ ഫലമായി ഗ്രാമീണ ജനതക്ക് അവരുടെ സർഗ്ഗാത്മകത പ്രദർശിപ്പിക്കാൻ അവസരം ലഭിച്ചു. ഇത് ഇന്ത്യൻ സംസ്കാരത്തിന്റെ സുപ്രധാനമായ ഒരു സവിശേഷതയാകുന്നു. ഇക്കാലത്ത് നിരവധി പ്രാദേശിക ഭാഷകൾ രൂപം കൊണ്ട് അവയുടെ ആവിർഭാവത്തിന് പിന്നിൽ രസകരമായ ചരിത്രം ഉണ്ട്.

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം വായിച്ചാൽ നിങ്ങൾക്ക്

- മധ്യകാലഘട്ടത്തിലെ സമൂഹത്തെപ്പറ്റി മനസ്സിലാകും
- ഇസ്ലാമിന്റെയും സൂഫിസത്തിന്റെയും ഉദയം കണ്ടെത്താം
- ഇന്ത്യയുടെ മധ്യകാല രാഷ്ട്രീയ അവസ്ഥ വിവരിക്കാം
- ഇന്ത്യയിലെ മതങ്ങളിൽ ഇസ്ലാമിന്റെ സ്വാധീനം വിലയിരുത്താം
- ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ച കണ്ടെത്താം
- മധ്യകാല സംഗീതം, ചിത്രകല, നാടൻകല എന്നിവയിൽ ഉണ്ടായ വികാസം പരിശോധിക്കാം
- ആധുനിക ഇന്ത്യൻ ഭാഷകളുടെ ഉദയം കണ്ടെത്താം.
- ഇന്ത്യയിലെ സിക്ക് മതത്തിന്റെ വളർച്ചയും സിക്കുമതത്തിന്റെ ശക്തിയും ചർച്ച ചെയ്യാം
- ദക്ഷിണേന്ത്യയിലെ സംഭവവികാസങ്ങൾ കണ്ടെത്താം.

## 4.1 ഡൽഹി സുൽത്താനേറ്റിന്റെ കീഴിൽ ജനങ്ങളുടെ ജീവിതം

എപ്പോൾ മുസ്ലീം ആക്രമണകാരികൾ ഇന്ത്യയിൽ എത്തിച്ചേർന്നോ അപ്പോൾ തന്നെ അവർ തീരുമാനിച്ചു ഇന്ത്യ അവരുടെ ഭവനം ആക്കുമെന്ന്. അവർ പരസ്പരം വിവാഹം കഴിച്ചു. കൂടാതെ ഇന്ത്യയുടെ സംസ്കാരം അവരുടേതായി സ്വീകരിച്ചു. ആശയങ്ങളും ആചാരാനുഷ്ഠാനങ്ങളും പരസ്പരം കൈമാറി. ബൗദ്ധികമായ കാഴ്ച്ചപ്പാടിൽ പെരുമാറ്റത്തിൽ സംസാരത്തിൽ വസ്ത്രത്തിന്റെ കാര്യത്തിൽ രണ്ടുപേരും പരസ്പരം വളരെ ആഴത്തിൽ സ്വാധീനിച്ചു. അത്തരത്തിലുള്ള കുറെ മാറ്റങ്ങൾ താഴെ വിശദീകരിക്കുന്നു.



*കുറിപ്പുകൾ :*

## സമൂഹം

ഇന്ത്യൻ സമൂഹം നാല് പ്രധാനപ്പെട്ട് ഗ്രൂപ്പുകളായി വിഭജിച്ചിരുന്നു. കുലീന വർഗ്ഗങ്ങൾ, പുരോഹിതർ, പട്ടണവാസികൾ, കർഷകർ എന്നിവരായിരുന്നു അവർ.

## കുലീനവർഗ്ഗങ്ങൾ

സുൽത്താനും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളും ഭൂപ്രഭുക്കന്മാർ, പ്രഭൂക്കന്മാർ എന്നിവർ ആയിരുന്നു കുലീന വർഗ്ഗത്തിൽപ്പെട്ടവർ. കൂടാതെ ഹിന്ദു രാജാക്കന്മാർ, ഹിന്ദുവ്യാപാരികൾ, പണമിടപാട് അധികാരികളും ഇതിൽപ്പെടുന്നു. എല്ലാ സമ്പത്തും, അധികാരങ്ങളും അവരുടെ കരങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. കുലീന വർഗ്ഗത്തിൽപെട്ടവർ വളരെ ശക്തരായ ജനവിഭാഗം ആയിരുന്നു എന്ന് പറയേണ്ട ആവശ്യമില്ലല്ലോ. അവർ വളരെ ആഡംബരപൂർണവും ശ്രേഷ്ഠവുമായി ജീവിച്ചു. ഇവരെയെല്ലാം സുൽത്താൻ പിന്തള്ളി. അദ്ദേഹം അങ്ങനെ ചെയ്തേ പറ്റുകയുള്ളൂ. കാരണം അങ്ങനെ അദ്ദേഹത്തിന്റെ മേധാവിത്വവും അധികാരവും നിലനിർത്താൻ മറ്റുള്ളവരിൽ നിന്ന് സുൽത്താൻ വളരെ വിഭിന്നനാണെന്ന് കാണിക്കണമായിരുന്നു. സിംഹാസനത്തിലേക്ക് അധികാരിയായി പുതിയ സുൽത്താൻ എത്തിയപ്പോൾ എല്ലാം മോസ്കുകളിലെ വെള്ളിയാഴ്ച പ്രാർത്ഥനകളിൽ, നിസ്കാരങ്ങളിൽ (കുത്തബാ) അദ്ദേഹത്തിന്റെ പേര് വായിച്ചിരുന്നു. അതുപോലെ നാണയങ്ങളിലും അദ്ദേഹത്തിന്റെ പേര് അനാവരണം ചെയ്തിരുന്നു. ഇവയെല്ലാം സിംഹാസനത്തിലെ പുതിയ ഭരണാധികാരിയെ സ്ഥിരീകരിച്ചു. ഒരു ഭരണാധികാരി എന്ന നിലയിൽ അദ്ദേഹത്തെ ശ്രേഷ്ഠനാക്കി നിലനിർത്തിയിരുന്നത്. എവിടെയാണോ അദ്ദേഹം വളരെ ആഡംബരപൂർണമായി താമസിച്ചിരുന്ന രാജകീയ കൊട്ടാരത്തിൽ ധാരാളം ഉദ്യോഗസ്ഥന്മാരെയും ജോലിക്കാരെയും വിന്യസിച്ചിരുന്നു. പ്രഭുക്കന്മാർപോലും തങ്ങളുടെ പ്രൗഢിയും നിലയും സമ്പത്തും പ്രദർശിപ്പിക്കാൻ സുൽത്താന്മാരെ അനുകരിച്ചിരുന്നു.

## പുരോഹിതർ

സമൂഹത്തിലെ മറ്റൊരു പ്രധാന വിഭാഗം ജനങ്ങൾ ആയിരുന്നു പുരോഹിതർ . ഹിന്ദുക്കളുടെയിടയിൽ അവർ ബ്രാഹ്മണരും മുസ്ലിങ്ങളുടെ ഇടയിൽ അവർ ഉലാമകളുമായിരുന്നു. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവർക്ക് നികുതി രഹിതഭൂമി നൽകിയിരുന്നു. അവർ പലപ്പോഴും ശക്തരായിരുന്നു. മുസ്ലീം സുൽത്താന്മാരുടെ മേൽ അവർക്ക് ശക്തമായ സ്വാധീനവും നിയന്ത്രണവും ഉണ്ടായിരുന്നു. അവരുടെ ആശയങ്ങളെ പലപ്പോഴും സ്വാധീനിച്ചിരുന്നു. പക്ഷെ മറ്റു കാലഘട്ടത്തിൽ പ്രത്യേകിച്ച് അലാവുദ്ദീൻ ഖിൽജിയുടെ കാലത്ത് പുരോഹിതന്മാരെ അവഗണിച്ചിരുന്നു. പലപ്പോഴും പുരോഹിതന്മാർ മതകാര്യങ്ങളിൽ തൽപ്പരർ ആയിരുന്നില്ല മറിച്ച് കൂടുതൽ താൽപ്പര്യം കാണിച്ചത് ലോകകാര്യങ്ങളിലായിരുന്നു.

## നഗരവാസികൾ

പട്ടണങ്ങളിൽ താമസിച്ചിരുന്നത് സമ്പന്നരായ വ്യവസായികളും വ്യാപാരികളും, ശില്പികളും ആയിരുന്നു. സൈനികരുടെയും ഭരണത്തിന്റെയും കേന്ദ്രങ്ങളായിരുന്നു നഗരങ്ങൾ. അവിടെ പ്രഭുക്കന്മാരും ഉദ്യോഗസ്ഥന്മാരും പട്ടാളക്കാരും താമസിച്ചിരുന്നു. നഗരങ്ങളിലായിരുന്നു സൂഫി ഭക്തസന്യാസിമാർ താമസിച്ചിരുന്നത്. പട്ടണങ്ങളിൽ പ്രധാനപ്പെട്ട ഭവനങ്ങളും പ്രധാനപ്പെട്ട ക്ഷേത്രങ്ങളും നിർമിച്ചു. അങ്ങനെ മോസ്ക്കുകൾ  പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളായി തീർന്നു. ശിൽപികൾ താമസിച്ചിരുന്നത് അവരുടെ തന്നെ സ്വന്തം പ്രത്യേക

*കുറിപ്പുകൾ :*

ക്വാർട്ടേഴ്സിലായിരുന്നു. യഥാർത്ഥത്തിൽ നെയ്ത്തുകാർ താമസിച്ചിരുന്നത് നെയ്ത്ത് തൊഴിലാളികൾ താമസിച്ചിരുന്ന കോളനികളിലും, സ്വർണപണിക്കാർ, സ്വർണപണിക്കാരുടെ കോളനിയിലുമാണ് താമസിച്ചിരുന്നത്. അതുപോലെ തന്നെയായിരുന്നു മറ്റു തൊഴിലാളികളും. എല്ലാ വിദഗ്ദ്ധ കൈത്തൊഴിലാളികളുടെയും കരകൗശല തൊഴിലാളികളുടെയും പൊതുവായ രീതി ഇതായിരുന്നു. ഇവർ ആഡംബരവസ്തുക്കൾ, സാധനങ്ങൾ നിർമിച്ചു വിതരണം ചെയ്തിരുന്നു. അവ വിദേശരാജ്യങ്ങളിൽ പോലും വ്യാപാരത്തിനായി അയച്ചിരുന്നു. രാജകീയ കാർഘാനാസ് അല്ലെങ്കിൽ വർക്ക്ഷോപ്പുകളിൽ തൊഴിലാളികൾ വളരെ മനോഹരമായ വസ്തുക്കൾ നിർമിച്ചിരുന്നു. അവ പലപ്പോഴും സുൽത്താൻ ദൂരദേശങ്ങളിൽ പോലും സമ്മാനമായി നൽകാൻ ഉപയോഗിച്ചിരുന്നു.

### കർഷകർ

തീർച്ചയായും കർഷകർ താമസിച്ചിരുന്നത് ഗ്രാമങ്ങളിലായിരുന്നു. പലപ്പോഴും വളരെ മോശമായ അവസ്ഥ അവർ ഭാരിച്ച നികുതികൾ രാജ്യത്തിന് ഭൂനികുതി നൽകിയിരുന്നു. ഏത് രാജവംശം വന്നാലും അവരുടെ ജീവിതത്തിന് യാതൊരു മാറ്റവും ഉണ്ടായില്ല. മുമ്പത്തേതു പോലെ അവരുടെ ജീവിതം തുടർന്നു പോയി.

ജാതിസമ്പ്രദായം വളരെ കർക്കശമായിരുന്നു. അന്യജാതികളിൽ നിന്നും വിവാഹം, പന്തീഭോജനം പൂർണ്ണമായും നിരോധിച്ചിരുന്നു. എന്നാൽ ആശയ കൈമാറ്റം വളരെ വിശാലമായ അർത്ഥത്തിൽ നടന്നിരുന്നു. ഇസ്ലാംമതത്തിലേക്ക് സ്വയം മതപരിവർത്തനം നടത്തിയവർ അവരുടെ ആചാരാനുഷ്ഠാനങ്ങൾ ഒന്നും ഉപേക്ഷിച്ചില്ല. അങ്ങനെ ആശയങ്ങളും അനുഷ്ഠാനങ്ങളും കൈമാറ്റത്തിൽ എത്തി. പല ഹിന്ദു ആചാരങ്ങളും മുസ്ലീങ്ങൾ സ്വീകരിച്ചപ്പോൾ പല മുസ്ലീം ആചാരങ്ങളും ഹിന്ദുക്കളും സ്വീകരിക്കുകയുണ്ടായി. പ്രധാനമായു ഭക്ഷണം, വസ്ത്രം, വേഷം, സംഗീതം ഇവയെ സംബന്ധിച്ച കാര്യങ്ങളും കൂടാതെ അനേകം കാര്യങ്ങളും.

### വ്യാപാരം

വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വളരെയധികം പട്ടണങ്ങൾ ഉദയം ചെയ്തു. വ്യാപാരം വളരെയധികം വികാസം പ്രാപിച്ചിരുന്നു. ബനിയാസ് മാർവാറീസ് മുൾട്ടാനീസ് എന്നീ വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾ അവരുടെ പ്രത്യേക തൊഴിലായി വ്യാപാരത്തെ മാറ്റി. ബൻജാറസ് വ്യാപാരം ചെയ്തത് ചലിക്കുന്ന വാഹനങ്ങളിലാണ്. അവർ തുടർച്ചയായി ചലിച്ചുകൊണ്ടിരുന്നു. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് സാധനങ്ങളും വഹിച്ചുകൊണ്ട്.

സാധനങ്ങൾ വരികയും പോകുകയും ചെയ്തിരുന്ന ഒരു പ്രധാനപ്പെട്ട കേന്ദ്രമായിരുന്നു ഡൽഹി. അരി എത്തിച്ചേർന്നിരുന്നത് കിഴക്കുനിന്നായിരുന്നു. പഞ്ചസാര, കാനൗജ്, ഗോതമ്പ് ദോബിൽ നിന്ന് നല്ല വിലപിടിപ്പുള്ള പട്ട് തെക്കുനിന്ന് എത്തി. കൂടാതെ ആഡംബരവസ്തുക്കളായ ലോഹപാത്രങ്ങൾ, ആനക്കൊമ്പ്, ആഭരണങ്ങൾ, കോട്ടൺ വസ്ത്രങ്ങൾ, കൂടാതെ മറ്റു പലതും എത്തിച്ചേർന്നിരുന്നു. സാധനങ്ങൾ ഇന്ത്യക്കു പുറത്തുനിന്നും പ്രധാനമായും ദക്ഷിണ ആഫ്രിക്ക, അറേബ്യ, ചൈന എന്നിവടങ്ങളിൽ നിന്നും ഡൽഹിയിൽ എത്തിയിരുന്നു. ഇബൻ ബത്തൂത്തായുടെ അഭിപ്രായത്തിൽ അക്കാലത്ത് ഡൽഹി ഒരു മാസ്മരിക പട്ടണമായിരുന്നു.

വ്യാപാര പുരോഗതി പണത്തിന്റെ ഉപയോഗത്തെ പ്രോത്സാഹിപ്പിച്ചു. ഇക്കാലത്ത് സിൽവർ ടാങ്ക (വെള്ളിനാണയം) ഉപയോഗത്തിൽ എത്തി. ഇതാ



കുറിപ്പുകൾ :

യിരുന്നു വളരെ പൊതുവായി ഉപയോഗിച്ചിരുന്ന കറൻസി. ഇത് പരിചയപ്പെടുത്തിയത് ഇൽത്തുമിഷ് ആയിരുന്നു. അക്കാലത്ത് അളവ് തൂക്ക സമ്പ്രദായം പോലും നിലവിലിരുന്നു. ഈ അടുത്ത കാലത്ത് മെട്രിക് സമ്പ്രദായം സ്വീകരിക്കുന്നതു വരെ ഈ സമ്പ്രദായം തുടർന്നു.

### മതപരമായ അവസ്ഥ

ഇന്ത്യയിലേക്ക് ഇസ്ലാം മതം കടന്നുവരുമ്പോൾ ഹിന്ദുയിസം ആയിരുന്നു സർവ്വ സമ്മതമായ മതം. പക്ഷെ ഈ കാലയളവിൽ ഹിന്ദുയിസം സ്വയം വളരെയധികം നശിപ്പിക്കപ്പെട്ടിരുന്നു. അവിടെ അന്തഃവിശ്വാസങ്ങളും ആചാരങ്ങളും മനുഷ്യക്കുരുതികളും, ബലികളും ഉണ്ടായിരുന്നു. ജാതിസമ്പ്രദായം വളരെ കർക്കശമായിരുന്നു. ബ്രാഹ്മണർ വളരെ ശക്തരായിത്തീർന്നു. സാധാരണ പ്രധാനമായും താഴെക്കിടയിലുള്ള ജനങ്ങളെ വളരെ മോശമായിട്ടാണ് പരിഗണിച്ചിരുന്നത്. ഹിന്ദുക്കളുടെ ഇടയിലെ പ്രചരണങ്ങൾക്കെല്ലാം തികച്ചും വിപരീതമായിരുന്നു ഇസ്ലാം. ഇത് സംസാരിച്ചിരുന്ന സമത്വം സാഹോദര്യം ഏകദൈവത്തെക്കുറിച്ച് ആയിരുന്നു. ഇസ്ലാം മതത്തിൽ യാതൊരുവിധ നിർബന്ധബുദ്ധിയും ഇല്ലായിരുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇസ്ലാംമതത്തിനുണ്ടായിരുന്നത് വളരെ ലളിതമായ സിദ്ധാന്തങ്ങളും കൂടാതെ ഒരു ജനാധിപത്യപരമായ സംഘടനയുമായിരുന്നു.

### സമൂഹം

രാജ്യത്തിന്റെ രാഷ്ട്രീയഘടനയിൽ കാര്യമായ മാറ്റമൊന്നും ഇസ്ലാംമതത്തിന്റെ കടന്നുവരവ് കൊണ്ടുണ്ടായില്ല. ഇസ്ലാംമതത്തിന്റെ കടന്നു വരവ് രാജ്യത്തിന്റെ രാഷ്ട്രീയഘടനയിൽ കാര്യമായ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കിയില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സമൂഹത്തിലെ സാമൂഹികരീതികളെ ഇത് വെല്ലുവിളിച്ചു. ഈ ബന്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലം ഭക്തിപ്രസ്ഥാനത്തിന്റെയും, സൂഫി പ്രസ്ഥാനത്തിന്റെയും കടന്നുവരവായിരുന്നു. ദൈവം പരമോന്നതമാണെന്ന വസ്തുതയിൽ അടിയുറച്ചതായിരുന്നു ഈ രണ്ട് പ്രസ്ഥാനങ്ങളും. ദൈവത്തിന് മനുഷ്യർ എല്ലാവരും തുല്യരായിരുന്നു. അതുപോലെ മോക്ഷം നേടാനുള്ള മാർഗ്ഗം ഭക്തി അല്ലെങ്കിൽ ദൈവാരാധനയായിരുന്നു.

## 4.2 ഇസ്ലാമിസത്തിന്റെയും സൂഫിസത്തിന്റെയും വളർച്ച

പ്രധാനമായും വ്യാപാരികളായിട്ടാണ് എ.ഡി.8–ാം നൂറ്റാണ്ടിൽ ഇന്ത്യയിലേക്ക് ആദ്യം മുസ്ലിങ്ങൾ കടന്നുവന്നത്. ഈ രാജ്യത്തെ സാമൂഹിക–സാംസ്കാരിക രൂപരേഖയിൽ അവർ വളരെയധികം ആകൃഷ്ടരായിതീർന്നു. അതുമാത്രമല്ല ഇന്ത്യയെ അവരുടെ ഭവനമാക്കുവാനും അവർ തീരുമാനിച്ചു. വ്യാപാരികൾ ഇന്ത്യയിലേക്ക് എത്തിച്ചേർന്നത് മധ്യ ഏഷ്യയിൽ നിന്നും, പടിഞ്ഞാറെ പൂർവ്വേഷ്യയിൽ നിന്നുമാണ്. അവർ ഇന്ത്യയിൽ നിന്ന് ശാസ്ത്രത്തിന്റെയും, സംസ്കാരത്തിന്റെയും ഭാഗങ്ങൾ എടുത്തുകൊണ്ടുപോയി. അതിന്റെ ഫലമായി അവർ ഇന്ത്യയിലെ സാംസ്കാരിക അംബാസിഡർമാരായിത്തീർന്നു. കൂടാതെ ഇസ്ലാമിക ലോകത്ത് ഈ ജ്ഞാനം അവർ പ്രചരിപ്പിക്കുകയും ചെയ്തു. അവിടെ നിന്ന് യൂറോപ്പിലേയ്ക്കും വ്യാപിച്ചു. സാധാരണ ജനങ്ങളുമായി കുടിയേറ്റക്കാരായ മുസ്ലിങ്ങളും വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടു. അവരുമായി സൗഹൃദത്തിൽ ജീവിക്കാനും അവർ പഠിച്ചു. ആശയങ്ങളും ആചാരങ്ങളും പരസ്പരം കൈമാറ്റം ചെയ്തു. വസ്ത്രങ്ങളിൽ, സംസാരത്തിൽ, ആചാരങ്ങളിൽ, ബൗദ്ധികതലങ്ങളിൽ എല്ലാം സമാനതകളായി ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം സ്വാധീനിച്ചു. ഇസ്ലാം മതവും മുസ്ലീങ്ങൾ ഇന്ത്യയിലേക്ക് കൊണ്ടുവന്ന ഇന്ത്യൻ സമൂഹത്തിലും സംസ്കാരത്തിലും ഇസ്ലാമിന്

ആഴത്തിൽ സ്വാധീനമുണ്ടായി.

പ്രവാചകരായ മുഹമ്മദിനെയും ഇസ്ലാമിനെക്കുറിച്ചും കൂടുതലായിട്ട് ഈ പാഠത്തിൽ നിന്ന് നമുക്ക് കണ്ടെത്താം. എ.ഡി.7–ാം നൂറ്റാണ്ടിൽ അറേബ്യയിൽ ഇസ്ലാം പഠിപ്പിച്ചത് പ്രവാചകനായ മുഹമ്മദ് ആണ്. അറേബ്യയിലെ ഖുറാഷ വർഗ്ഗത്തിൽ എ.ഡി.521 ൽ ആണ് അദ്ദേഹം ജനിച്ചത്. എ.ഡി.622ൽ മക്കായിൽ നിന്ന് മദീനയിലേക്ക് മുഹമ്മദ് പാലായനം നടത്തി. ഇതാണ് ഹിജ്റയുടെ ആരംഭമായി സൂചിപ്പിക്കുന്നത്. മുസ്ലീം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ശ്രേഷ്ഠനായ ഗബ്രിയേൽ ദൈവദൂതനിലൂടെ മുഹമ്മദിന് അള്ളാ വെളിപ്പെടുത്തിക്കൊടുത്ത സന്ദേശങ്ങളാണ് ഖുറാൻ. വളരെയധികം ഭാഷകളിലേക്ക് ഖുറാൻ തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

ഇസ്ലാമിന്റെ അഞ്ച് മൗലീക സിദ്ധാന്തങ്ങൾ

1. തോഹിത് (അള്ളായിൽ വിശ്വാസം)
2. നമാസ് (പ്രാർത്ഥനകൾ, ദിവസത്തിൽ 5 നേരം നിസ്ക്കരിക്കുക)
3. റോസ (റംസാൻ മാസത്തിൽ ഉപവസിക്കുക)
4. സക്കാത്ത് (ദാനം/ഭിക്ഷ കൊടുക്കുക)
5. ഹജ്ജ് (മക്കയിലേക്ക് തീർത്ഥാടനം)

പ്രവാചകനായ മുഹമ്മദിന്റെ വാക്കുകൾ സംരക്ഷിക്കുന്നതിനെയാണ് ഹാദിത്ത് അല്ലെങ്കിൽ ഹാദീസ് എന്ന് വിളിക്കുന്നത്. മുഹമ്മദിന്റെ മരണശേഷമാണ് ഖലീഫാമാരെ സ്ഥാപിച്ചത്. ശ്രേഷ്ഠരായ 4 ഖലീഫമാർ ഉണ്ട്.

സമത്വം, സാഹോദര്യം, ഏകദൈവത്തിലുള്ള വിശ്വാസം, നിലനിൽപ്പ് ആണ് ഇസ്ലാം ആഹ്വാനം ചെയ്യുനന്നത്. ഇതിന്റെ കടന്നുവരവ് പ്രധാനമായും ഇന്ത്യൻ സമൂഹത്തിലെ പരമ്പരാഗതമായ രീതികളിൽ വളരെ വിശാലവും വ്യക്തവും ആയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഭക്തിപ്രസ്ഥാനത്തിന്റെയും സൂഫിപ്രസ്ഥാനത്തിന്റെയും വളർച്ച ഈ അർത്ഥത്തിൽ ധാരാളം സംഭാവനകൾ നൽകുകയുണ്ടായി. ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ വിശ്വസിക്കുന്നത് മനുഷ്യർ തുല്യരാണ് എന്നാണ്. ദൈവം പരമോന്നതനാണെന്നും മോക്ഷം നേടാനുള്ള ഏക മാർഗ്ഗം ദൈവാരാധന സമർപ്പണം മാത്രമാണ്.

### 4.2 സൂഫിസത്തിന്റെ വളർച്ച

ഇസ്ലാമിക ആദ്ധ്യാത്മ വിദ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പൊതുവായ വാക്കാണ് സൂഫിസം. സൂഫികൾ അവരുടെ മതപരമായ കാഴ്ച്ചപ്പാട് വളരെ സ്വതന്ത്രമാണ്. എല്ലാ മതങ്ങളുടെയും ഐക്യം വളരെ അത്യാവശ്യമാണെന്ന് അവർ വിശ്വസിച്ചു. സംഗീതത്തിലൂടെ അവർ ആദ്ധ്യാത്മികതയെ പഠിപ്പിച്ചു. ദൈവമായിട്ടുള്ള കൂടിച്ചേരലിലൂടെ തത്വശാസ്ത്രം പഠിപ്പിച്ചു. സൂഫിസം ഉടലെടുത്തത് ഇറാനിലാണ്. തുർക്കി ഭരണാധികാരികളുടെ കീഴിൽ ഇന്ത്യയിൽ വളരെ ആദർശങ്ങളോ അഭിരുചികളോ ഉള്ള അന്തരീക്ഷം കാണപ്പെട്ടു. അവരുടെ മതാനുഷ്ഠാന മനോഭാവം, സഹിഷ്ണുത, അനുകമ്പ, സമത്വം, ആശയം സാഹോദര്യ മനോഭാവം വളരെയധികം ഹിന്ദുക്കളെ കൂടുതലായും താഴെത്തട്ടിലുളല ജനങ്ങളെ ഇസ്ലാമിലേക്ക് ആകർഷിച്ചു. ആദ്യകാല മാർഗദർശികളായ സൂഫിസന്യാസികൾ പ്രധാനമായും മൊയ്നുദ്ദീൻ ചിസ്തി, നിസാമുദ്ദീൻ ഔലിയ, ഫരിസുദ്ദീൻ ഗാജ്-ഇ-ശാകർ ആയിരുന്നു. അവരെ ഇന്നും ഇന്ത്യക്കാർ സ്നേഹിക്കുന്നു, ബഹുമാനിയ്ക്കുന്നു. ക്രിസ്ത്യൻ സന്യാസികളും, ബുദ്ധസന്യാസികളും സൂഫിസത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

*കുറിപ്പുകൾ :*

അവരുടെ കാൻകാസ്, ദർഘാസ് എന്നിവയുടെ സംസ്ഥാപനത്തെ സംബന്ധിച്ച്.

വടക്കേ ഇന്ത്യയിൽ സൂഫികൾ രൂപീകരിച്ച സ്ഥാപനമാണ് കാൻഘ (സൂഫിയുടെ ഇരിപ്പിടം). ഇത് രാജ്യത്തിലേക്ക് ഇസ്ലാം മതം വ്യാപിപ്പിച്ചു. മസാർസ് (ശവകൂടീരങ്ങൾ), ടാക്കിയാസ് (മുസ്ലീം വിശുദ്ധരുടെ വിശ്രമസ്ഥലങ്ങൾ) എല്ലാം ഇസ്ലാമിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളായി മാറി. സാധാരണ ജനങ്ങളും കുലീനവർഗത്തിൽപ്പെട്ടവരും രണ്ടുപേരും ഇവയുടെ രക്ഷാധികാരിയായി പ്രവർത്തിച്ചു. എല്ലാ മനുഷ്യജീവികളെയും ബഹുമാനിക്കുന്നതിനാണ് സൂഫികൾ കൂടുതൽ ഊന്നൽ നൽകിയത്. സൂഫികൾ സിൽസിലകളായി സംഘടിക്കപ്പെട്ടു. ചിസ്തി, സുഹാവർദ്ധി, ഖാദിരി, നക്ഷബന്ധി എന്നിങ്ങനെയുള്ള സിൽസിലകൾ അവരുടെ സ്ഥാപകന്മാരുടെ പേരിനാൽ വെളിപ്പെടുത്തി. 16–ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഏതാണ്ട് പതിനാലോളം സിൽസിലകൾ ഉണ്ടായിരുന്നതായി 'ഐനി അക്ബാരി'യുടെ കർത്താവായ അബുൾ ഫാസൽ അറിയപ്പെടുന്നു. ഒരോ സിൽസിലയുടെയും കേന്ദ്രങ്ങൾ സൂഫി സന്യാസിമാരുടെയും അഗതികളുടെയും ആശ്രയ കേന്ദ്രങ്ങളായിരുന്നു. പിന്നീട് ഈ കേന്ദ്രങ്ങൾ വിജ്ഞാന കേന്ദ്രങ്ങൾ ആയി മാറി.

അജ്മീർ, നാഗൂർ, ഇപ്പോൾ പാക്കിസ്ഥാനിലുള്ള അജോതൻ എന്നീ സ്ഥലങ്ങൾ സൂഫികേന്ദ്രങ്ങളായി വികസിച്ചു. അവർ പീരി–മുരീദിയന്ന ഗുരുശിഷ്യ സമ്പ്രദായം തുടങ്ങി. ആദ്ധ്യാത്മിക ഔന്നത്യത്തിലെത്താൻ അവർ കവിതകളും പേർഷ്യൻ, ഹിന്ദുസ്ഥാനി സംഗീതവും ആസ്വദിച്ചു. നിർഗുണ ഭക്തി പ്രസ്ഥാനത്തിന്റെ വക്താക്കൾ ഉദ്ഘോഷിച്ചതുപൊലെ അവർ ദൈവത്തിന്റെ ഏകത്വത്തിലും ആത്മസമർപ്പണത്തിലും പ്രാധാന്യം നൽകി. ഭാഷയ്ക്ക് അതീതമായി സംഗീതം എല്ലാവരേയും ആകർഷിച്ചു. ഇത് ഹിന്ദുക്കളെ സ്വാധീനിക്കുകയും അവർ ദുർഗ്ഗതികൾ സന്ദർശിക്കാൻ തുടങ്ങുകയും ചെയ്തു. സൂഫിസത്തിന്റെ ഹിന്ദു സ്വാധീനം സിദ്ധ–യോഗ വിഭാഗങ്ങളിൽ ദർശിക്കാം.

**ചോദ്യങ്ങൾ 4.1**

1. പ്രവാചകൻ മുഹമ്മദ് നബിയുടെ മക്കയിൽ നിന്ന് മദീനയിലേക്കുള്ള പാലായനം ഏത് കാലഘട്ടത്തിന്റെ ആരംഭമായി കണക്കാക്കുന്നു?
2. വ്രതം എന്നാൽ എന്ത്?
3. സമത്വം, സാഹോദര്യം, ദീനാനുകമ്പ, സഹിഷ്ണുത. ദയാപൂർണമായ സമീപനം എന്നിവയാൽ ഹിന്ദുക്കളെ ഇസ്ലാമിലേക്ക് കൊണ്ടുവന്നതാര്?
4. അയിനി–അക്ബാരിയുടെ കർത്താവ് ആര്?

## 4.3 രാഷ്ട്രീയ പശ്ചാത്തലം

ഡൽഹി 1206 മുതൽ 1290 വരെ ഭരിച്ച ആദ്യകാല സുൽത്താൻമാരായിരുന്നു മാംല്യക്ക് തുർക്കുകൾ. ഇവരെത്തുടർന്ന് ഖിൽജികൾ, തുഗ്ലക്കുകൾ, സയ്യിദുകൾ, ലോധികൾ എന്നിവർ 1526 വരെ ഉത്തരേന്ത്യ ഭരിച്ചു. ഈ ഭരണ കർത്താക്കളെല്ലാം. സുൽത്താൻമാർ എന്നാണ് അറിയപ്പെട്ടിരുന്നത്. ആത്മീയാചാര്യന്മാരും, ദൈവപ്രതിനിധികളുമായിട്ടാണ് സുൽത്താന്മാർ ഭരിച്ചിരുന്നത്. വെള്ളിയാഴ്ചത്തെ 'ജുമുഅ' പ്രാർത്ഥനവേളയിലെ പ്രഭാഷണത്തിൽ (ഖുതുബ) പ്രാദേശിക ഖാസിമാർ ഖലീഫയുടെയും, സുൽത്താന്റെയും പേരുകൾ പരാമർശിക്കാറുണ്ടായിരുന്നു.

1526 മുഗളന്മാർ സുൽത്താന്മാരെ പരാജയപ്പെടുത്തി. ഡൽഹിയും ആഗ്രയും

കുറിപ്പുകൾ :

കേന്ദ്രമാക്കി 1707 വരെ ഉരുക്കുമുഷ്ടിയോടെയും 1857 വരെ നാമമാത്രമായും മുഗളന്മാർ ഇന്ത്യ ഭരിച്ചു. 1857ൽ വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ഭരണാധികാരിയായി പ്രഖ്യാപിക്കപ്പെട്ടതൊടെയാണ് ഇന്ത്യയിൽ മുഗൾഭരണം അവസാനിക്കുന്നത്. മുഗളന്മാർ ഖലീഫമാർക്ക് സമ്മാനങ്ങൾ അയച്ചുകൊടുക്കുകയും ഖലീഫമാരുടെ പേരുകൾ ഖുതുബയിൽ പരാമർശിക്കുകയും ചെയ്തു വന്നിരുന്നു.

എങ്കിലും അഫ്ഗാൻ പ്രാദേശിക ഭരണാധികാരി ആയിരുന്ന ഷേർഷ മുഗളന്മാരെ വെല്ലുവിളിക്കുകയും അക്കാലത്തെ മുഗൾ ചക്രവർത്തിയായിരുന്ന ഹുമയൂണിനെ 15 വർഷത്തേക്ക് (1540–55) സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. ഷേർഷായുടെ ഭരണം ശ്രദ്ധേയമായ നിരവധി നേട്ടങ്ങളുണ്ടാക്കി. അദ്ദേഹത്തിന്റെ സുപ്രധാനമായ നേട്ടങ്ങളിലൊന്നായിരുന്നു ഇന്ത്യയിൽ അക്കാലത്ത് നിർമിച്ച നിരവധി റോഡുകൾ. ഡൽഹി, ആഗ്ര എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന ബംഗ്ലാദേശിലെ 'സോനാർഗോൺ' മുതൽ ഇന്നത്തെ പാക്കിസ്ഥാനിലുള്ള 'അറ്റോക്ക്' വരെ 1500 കി.മീ. ദൈർഘ്യമുള്ള 'സംക്-ഇ-ആസ്സാം' അവയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു.

ഇന്ത്യാ ചരിത്രത്തിലെ മഹാനായ ഒരു മുഗൾ ഭരണാധികാരിയായിരുന്നു 1556 മുതൽ 1605 വരെ ഇന്ത്യ ഭരിച്ചിരുന്ന അക്ബർ ചക്രവർത്തി. ജാതി, മത, വർഗ്ഗ, സാംസ്കാരിക വ്യത്യാസങ്ങളെ നിരുത്സാഹപ്പെടുത്തിയ അദ്ദേഹം ഇന്ത്യക്കാരിൽ സ്നേഹവും, സാഹോദര്യവും, സഹവർത്തിത്വവും വളർത്താൻ ആത്മാർത്ഥമായി ശ്രമിച്ചു. ഹിന്ദുക്കളുമായി വളരെ നല്ലബന്ധം പുലർത്തിയ അദ്ദേഹം സാമ്രാജ്യ താൽപ്പര്യം സംരക്ഷിക്കാൻ രജപുത്രഭരണാധികാരികളുമായി വിവാഹബന്ധം സ്ഥാപിച്ചു. ഏകീകൃതഭരണസംവിധാനമുള്ള ശക്തമായ ഒരു കേന്ദ്രഗവൺമെന്റും ഇന്ത്യയുടെ രാഷ്ട്രീയ ഏകീകരണവും അദ്ദേഹത്തിന്റെ മികച്ച സംഭാവനകളാണ്. കല, വാസ്തു വിദ്യ, വിദ്യാഭ്യാസം എന്നിവയെ പ്രോത്സാഹിപ്പിച്ചു. മതേതര ചിന്താഗതിക്കാരനായ അദ്ദേഹം എല്ലാ മതങ്ങളുടേയും ആശയങ്ങൾ ഉൾക്കൊള്ളുന്ന 'ദിൻ-ഇലാഹി' എന്ന മതം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളായ ജഹാംഗീറും, ഷാജഹാനും അക്ബറുടെ സഹിഷ്ണുതയും, ഉദാരമനസ്കതയും പിന്തുടർന്നു. എന്നാൽ ഔറംഗസീബ് ഈ നയം തിരുത്തിക്കുറിച്ചു.

ഔറംഹസീബിന്റെ ദീർഘവീക്ഷണമില്ലാത്ത നയങ്ങൾ ദക്ഷിണേന്ത്യ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ യുദ്ധത്തിനും കലാപത്തിനും കാരണമായി. ഇത് മുഗൾ ഭരണത്തിന്റെ ശക്തി ക്ഷയിപ്പിച്ചു.

ദക്ഷിണഭാഗത്ത് മറാത്തികളുടെ ഉദയവും, അഹമ്മദ് ഷാ അബ്ദാലി. നാദിർഷാ എന്നിവരുടെ കടന്നാക്രമണവും കൊട്ടാരത്തിലെ പ്രഭുക്കന്മാരിലുള്ള അസംതൃപ്തിയും പശ്ചിമ പൂർവ്വഭാരതത്തിലെ സിക്കുകാരുടെ ഉദയവും അവശേഷിച്ച മുഗൾ ശക്തിയും ക്ഷയിപ്പിച്ചു. സാമ്പത്തികമായ സമ്പന്നവും ഏറ്റവും കൂടുതൽ കയറ്റുമതി നടത്തുന്ന രാജ്യമായിരുന്നുവെങ്കിലും ഇന്ത്യ ഇക്കാലത്ത് ആധുനികവൽക്കരണ പാതയിൽ വളരെ പിന്തള്ളപ്പെട്ടു.

## 4.4 ഇന്ത്യയിലെ സാംസ്കാരിക വികസനം

കലയിലും ശില്പകലയിലുമായിരുന്നു ഇക്കാലത്തെ ഭരണാധികാരികൾ അതീവ ശ്രദ്ധ പതിപ്പിച്ചത്. ഇക്കാലത്തെ സാംസ്കാരിക സങ്കലനം വാസ്തുവിദ്യ മേഖലയിൽപ്പോലും ദർശിക്കാനാവും. ഈ സാംസ്കാരിക സങ്കലനത്തിന്റെ ഫലമായിട്ടാണ് ഇന്തോ-ഇസ്ലാമിക് വാസ്തുശിൽപ രീതി ഇന്ത്യയിൽ ഉടലെടുത്തത്. ഇന്തോ-ഇസ്ളാമിക് ശിൽപകലയുടെ പ്രത്യേക സവിശേഷതകളായിരുന്നു ശവകുടീര

ങ്ങൾ, മിനാരങ്ങൾ, കമാനങ്ങൾ, കുംഭഗോപുരങ്ങൾ എന്നിവ.

മുഗൾ ഭരണാധികാരികൾവലിയ പ്രകൃതി സ്നേഹികൾ ആയിരുന്നു. മനോഹരങ്ങളായ കോട്ടകളും, പൂന്തോട്ടങ്ങളും നിർമിക്കുന്നതിൽ അവർ ആനന്ദം കണ്ടെത്തി. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സുപ്രധാന ഘടകങ്ങളായിരുന്നു പ്രമുഖ പൂന്തോട്ടങ്ങളായ ഷാലിമാർ, നിഷാന്ത് ബാഗ് എന്നിവ. ജലധാരകളും, തട്ടുകളായി നിർമിക്കപ്പെട്ട് ഉദ്യാനങ്ങളും പിന്നീട് പ്രചാരത്തിൽ വന്നു. വെള്ളം ഉയർന്ന തട്ടുകളിൽ നിന്ന് താഴേക്ക് ഒഴുകുകയും അവ ദീപാലംകൃതമായ ചെറു അരുവികളിൽ പതിപ്പിക്കുകയും ചെയ്തിരുന്നു. ഇത് ഉദ്യാനങ്ങൾക്ക് വളരെയധികം ഭംഗിയും മനോഹാരിതയും നൽകി. ഇത്തരം പൂന്തോട്ടങ്ങൾക്ക് ഉദാഹരണമാണ് ലാഹോറിലേയും, ശ്രീനഗറിലെയും ഷാലിമാർ ഉദ്യാനങ്ങൾ ഇന്ത്യയിലെ ഉദ്യാനസമുച്ചയത്തിന് ഏറ്റവും നല്ല ഉദാഹരണമാണ് ലാഹോർ-കൽക റോഡിൽ സ്ഥിതി ചെയ്യുന്ന പിൻജോർ ഉദ്യാനം. ഈ ഉദ്യാനത്തിന് ഏഴ് തട്ടുകൾ ഉണ്ടായിരുന്നു. ഇതിൽ ആകൃഷ്ടരായ ബ്രിട്ടീഷുകാർ ന്യൂഡൽഹിയിലെ വൈസ്രോയിയുടെ കൊട്ടാരസമുച്ചയമായ (ഇന്നത്തെ രാഷ്ട്രപതി ഭവൻ) വൈസ്-റീഗൽ-ലോഡ്ജിനു ചുറ്റും 3 നിലകളുള്ള ഉദ്യാനം നിർമിച്ചു. ഇതേ രീതിയിൽ തന്നെയാണ് 20-ാം നൂറ്റാണ്ടിൽ മൈസൂരിലെ വൃന്ദാവൻ ഉദ്യാനവും നിർമിച്ചത്.

ഷാജഹാൻ കാലത്ത് മാർബിൾ വർണ്ണക്കല്ല് പതിക്കുന്നത് (പിയെത്രദുരെ) വളരെയേറെ പ്രചാരത്തിലുണ്ടായിരുന്നു. ഇതിന് ഉത്തമ ഉദാഹരണങ്ങളാണ് ഡൽഹിയിലെ ചെങ്കോട്ട, ആഗ്രയിലെ താജ്മഹൽ എന്നിവയിലെ മാർബിൾ കൊത്തുവേലകൾ. ഫത്തേപ്പൂർ സിക്രി, കെട്ടിട സമുച്ചയങ്ങൾ, ആഗ്ര-ലാഹോർ കോട്ടകൾ, ലാഹോറിലെയും ഡൽഹിയിലെയും ഷാഹിമസ്ജിദുകൾ . ഇവയൊക്കെ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ചരിത്രത്തിന്റെ ഈ കാലയളവിൽ പള്ളികൾ, ദർഗകൾ, രാജാക്കന്മാരുടെ ശവകുടീരങ്ങൾ എന്നിവ നമ്മുടെ ഭൂപ്രദേശത്തെ അലങ്കരിച്ചു.

### നാണയങ്ങൾ

നമുക്കിന്ന് വളരെയധികം പ്രാധാന്യമുള്ള കലയുടെ മറ്റൊരു ഘടകമാണ് നാണയപഠനം. ചരിത്രത്തിലെ ഏതു കാലഘട്ടത്തെക്കുറിച്ചും അറിവ് പകർന്നു നൽകുന്ന പ്രധാനപ്പെട്ട ഒരു സ്രോതസ്സാണ് നാണയങ്ങൾ. ചരിത്രത്തിൽ വളരെയധികം മൂല്യമുള്ളതാണ് നാണയങ്ങളുടെ രൂപമാതൃക. കയ്യക്ഷരം, കമ്മട്ടം (നാണയമടിക്കുന്ന അച്ച്) ഇവയെല്ലാം നമുക്ക് ധാരാളം രസകരമായ വിവരങ്ങൾ ആ കാലഘട്ടത്തെക്കുറിച്ച് നൽകുന്നു. ചക്രവർത്തിയും സാമ്രാജ്യത്തിന്റെ വ്യാപ്തിയും അദ്ദേഹത്തിന്റെ പ്രൗഢിയും നാണയം അച്ചടിക്കുന്ന സ്ഥലത്തിന്റെ നാമത്തിൽ രാജകീയ തലക്കെട്ടിൽ നിന്നു കണ്ടെത്താൻ കഴിയും. മുഹമ്മദ് തുഗ്ലക്കിന്റെ നാണയങ്ങൾ അടിച്ചിരുന്നത് ഡൽഹി ദൗലത്തബാദ് കൂടാതെ മറ്റനേകം പ്രാദേശിക തലസ്ഥാനങ്ങളിൽ നിന്നായിരുന്നു. ഏറ്റവും കുറഞ്ഞത് 25 വ്യത്യസ്ത രൂപത്തിൽ അച്ചടിച്ചിരുന്നു. നാണയങ്ങളിൽ കണ്ടെത്തിയിട്ടുള്ള കെട്ടുകഥകളിൽ കുറച്ച് പരിപൂർണ്ണമായും രസകരമാണ്.

### ചോദ്യങ്ങൾ 4.2

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

1. ____________________ൽ ഖലീഫയുടെയും സുൽത്താന്റെയും പേരുകൾ വായിക്കപ്പെടുന്നു.



*കുറിപ്പുകൾ :*

2. അഫ്ഗാൻ പ്രാദേശിക ഭരണാധികാരി ആയിരുന്ന____________മുഗൾ ഭരണാധികാരി ആയിരുന്ന ഹൂമയൂണിനെ വെല്ലുവിളിക്കുകയും 15 വർഷത്തേക്ക് ഡൽഹി സാമ്രാജ്യത്തിൽ നിന്ന് സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു.
3. തന്റെ സാമ്രാജ്യ താൽപ്പര്യം സംരക്ഷിക്കാൻ അക്ബർ ________________ ഭരണാധികാരികളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു.
4. ന്യൂഡൽഹിയിലെ രാഷ്ട്രപതിഭവൻ ബ്രിട്ടീഷ് ഭരണകാലത്ത്_____________________എന്നാണ് അറിയപ്പെട്ടിരുന്നത്.
5. _______________________ഭരണാധികാരികളുടെ കാലത്താണ് പിയത്രദുര അല്ലെങ്കിൽ മാർബിളിൽ വർണ്ണക്കല്ല് പാകുന്ന രീതി വളരെയധികം ജനപ്രിയമായത്.

## 4.5 ഭക്തിപ്രസ്ഥാനം

അക്കാലത്ത് പ്രഗത്ഭരായ മതാദ്ധ്യാപകർ സൂഫികൾ മാത്രമായിരുന്നില്ല. ഭക്തസന്യാസികളും ഉണ്ടായിരുന്നു. സൂഫികളുടെ പഠിപ്പിക്കലും ഇവരുടെ പഠിപ്പിക്കലും തമ്മിൽ വളരെയധികം സാമ്യതയുണ്ടായിരുന്നു. ഭക്തസന്യാസിമാർ വളരെ ദീർഘകാലമായി പഠിപ്പിച്ചു കൊണ്ടിരുന്നു. ആ നഗരത്തിലെ കരകൗശലനിർമാതാക്കളുടെയും ശിൽപികളുടെയും ഇടയിൽ അവർ വളരെ പ്രശസ്തരായിരുന്നു. അവരെ ശ്രവിക്കുന്നതിനായി ഗ്രാമങ്ങളിലെ ജനങ്ങൾ പോലും കൂട്ടം കൂടിയിരുന്നു.

'സൂഫി' ഭക്തി സന്യാസികൾക്ക് വളരെയധികം ചിന്തകളും പ്രവർത്തനങ്ങളും പൊതുസ്വഭാവങ്ങളും ഉണ്ടായിരുന്നു. ദൈവവുമായി ഒന്നു ചേരുക എന്ന ആവശ്യം ആയിരുന്നു. അവരുടെ പ്രധാനപ്പെട്ട വിശ്വാസം ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിനാണ് അവർ ഊന്നൽ കൊടുത്തത്. സ്നേഹം ആരാധനയ്ക്കാണ് ഒരു ഗുരു അല്ലെങ്കിൽ ഒരു പിർ ഇവയെല്ലാം നേടിയെടുക്കുന്നതിന് ആവശ്യമായിരുന്നു.

ദൈവാരാധനയുടെ ലക്ഷ്യങ്ങളെയും, മതത്തിലെ കാർക്കശ്യങ്ങളെയും ഭക്തിഗുരുക്കൾ ആക്രമിച്ചു. അവരുടെ മതപരമായ കൂട്ടായ്മകളിൽ പങ്കെടുക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിച്ചു. അവർ മതത്തെ അവഗണിച്ചു. സാധാരണ ജനങ്ങൾക്ക് പോലും മനസ്സിലാകത്തക്ക രീതിയിൽ പ്രാദേശിക ഭാഷകളിലാണ് ഭക്തിസന്യാസികൾ ഉപദേശങ്ങൾ നൽകിയിരുന്നത്.

വിവിധങ്ങളായ ചുറ്റുപാടുകൾ പ്രധാനമായും താഴ്ന്ന ജാതികളുമായി ബന്ധപ്പെട്ടവർ ആയിരുന്നു ഭക്തഗുരുക്കന്മാർ. ജന്മം കൊണ്ട് വളരെയധികം പേരും വൈദഗ്ദ്യവുമുള്ള ശിൽപ്പികൾ ആയിരുന്നു അല്ലെങ്കിൽ സമ്പന്നമല്ലാത്ത കൃഷിക്കാരുടെ വിഭാഗവുമായി ബന്ധപ്പെട്ടിരുന്നു. മതങ്ങളിലും മനുഷ്യരിലും സഹിഷ്ണുത, സാഹോദര്യം ആവശ്യമാണെന്നതിനാണ് അവർ പ്രാധാന്യം കൊടുത്തത്.

തെക്ക് ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് വളരെ നാളുകളായി അറിയപ്പെട്ടിരുന്നതാണ്. തമിഴ് ആരാധനാ സമൂഹത്തിലെ നായനാർമാർ, ആഴ്വാർമാർ എന്നിവർ പരമ്പരാഗതമായി ചെയ്തിരുന്നതുപോലെ കഥകളിലൂടെയും കീർത്തനങ്ങളിലൂടെയുമാണ് ഭക്തിപ്രസ്ഥാനം അവരുടെ ആശയം പഠിപ്പിച്ചത്. ഈ പുസ്തകത്തിൽ പിന്നീട് നിങ്ങൾക്ക് അവരെക്കുറിച്ച് വായിക്കാം.

### ഗുരുനാനാക്ക്

താൽവണ്ടി ഗ്രാമത്തിൽ കാത്രി കുലത്തിലാണ് ഗുരുനാനാക്ക് ജനിച്ചത്. ആ



കുറിപ്പുകൾ :

സ്ഥലം ഇന്ന് നാൻകാന എന്നറിയപ്പെടുന്നു. ഗുരുനാനാക്ക് കണക്കിൽ പ്രാവീണ്യം നേടിയിരുന്നെങ്കിലും സൂഫികളുടെയും, സന്യാസികളുടെയും കൂട്ടാണ് അദ്ദേഹം തിരഞ്ഞെടുത്തത്. കുറച്ചു നാളുകൾക്ക് ശേഷം അദ്ദേഹത്തിന് ഒരു സന്യാസ കാഴ്ചപ്പാടുണ്ടായി. സൂഫികളോടും പിർമാരോടും കൂട്ടുചേരുന്നതിനായി ഗുരുനാനാക്ക് ഭവനം ഉപേക്ഷിച്ചു പോയി. ഒരു സംഗീത ഉപകരണമായ റബാബ് ന്റെ കൂട്ടത്തിൽ ഒന്നു ചേർന്ന് ആലപിക്കാനായി അദ്ദേഹം കീർത്തനങ്ങൾ രചിച്ചു. ഈ കാലഘട്ടത്തിൽ പോലും ഗുരുനാനാക്കിന്റെ കീർത്തനങ്ങൾ പ്രശസ്തമാണ്. ഏകദൈവത്തിലുള്ള സ്നേഹത്തിനും ആരാധനയ്ക്കുമാണ് അദ്ദേഹം ഊന്നൽ കൊടുത്തത്. ദൈവത്തെ പ്രാപിക്കുന്നതിനുള്ള മാർഗമായി കരുതിയിരുന്ന അനുഷ്ഠാനങ്ങൾ, ബലിയർപ്പണങ്ങൾ, തീർത്ഥാടനങ്ങൾ, വിഗ്രഹാരാധന എന്നിവയെ എല്ലാം ശക്തമായി അദ്ദേഹം എതിർത്തു. ദൈവത്തോട് അടുക്കുന്നതിനുള്ള ആദ്യത്തെ വ്യവസ്ഥയായി ഗുരുനാനാക്ക് ആവശ്യപ്പെട്ടത് സ്വഭാവ പെരുമാറ്റ ശുദ്ധിയാണ്. ഒരു കുടുംബസ്ഥൻ എന്ന നിലയിൽ തന്റെ ഉത്തരവാദിത്തങ്ങൾ ചെയ്യുന്നതോടൊപ്പം തന്നെ ഒരു ആത്മീയ ജീവിതം നേടിയെടുക്കാൻ കഴിയും എന്ന് ഗുരുനാനാക്ക് വിശ്വസിച്ചു.



### രാമാനുജ

സാധാരണ ജനങ്ങളുടെ ഭാഷയിൽ പഠിപ്പിച്ച തെക്കുനിന്നുള്ള ഒരു സന്യാസിയായിരുന്നു രാമാനുജ. അദ്ദേഹത്തിന്റെ ശിഷ്യൻ രാമാനന്ദ ആയിരുന്നു വടക്കൻ മേഖലകളിലേക്ക് ഗുരുവിന്റെ നിർദ്ദേശങ്ങൾ എത്തിച്ചത്.

### രാമാനന്ദ

രാമാനന്ദ ജനിച്ചത് അലഹബാദിലാണ്, പഠിച്ചത് വാരണാസിയിലും ആയിരുന്നു. ഈ രണ്ടു സ്ഥലങ്ങളിലും അദ്ദേഹം പഠിപ്പിച്ചു. ഹിന്ദുമതത്തിന്റെ തെറ്റായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉപേക്ഷിക്കണം എന്നദ്ദേഹം ആഗ്രഹിച്ചു. ദൈവത്തിന്റെ കണ്ണുകളിൽ മനുഷ്യർ എല്ലാവരും സമന്മാരാണെന്നും ജനങ്ങൾ മനസ്സിലാക്കണം എന്നദ്ദേഹം ആഗ്രഹിച്ചു. അതുപോലെ ഉന്നത കുലജാതരോ അല്ലെങ്കിൽ താഴ്ന്ന കുലജാതരോ എന്നില്ലാതെ അദ്ദേഹത്തിന്റെ അനുഗാമികൾ ജീവിതത്തിലെ വിവിധ തുറകളിൽ ഉള്ളവരായിരുന്നു. ഉദാഹരണത്തിന് കബീർ ഒരു നെയ്ത്തുകാരൻ ആയിരുന്നു. സാധാന ഒരു കശാപ്പുകാരനായിരുന്നു. രവിദാസ ഒരു ചെരുപ്പു കുത്തിയും, സേന ഒരു ഷൗരക്കാരനും ആയിരുന്നു.



### കബീർ

രാമാനന്ദയുടെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായിരുന്നു കബീർ. ഗുരുനാനാക്കിനെപ്പോലെ കബീറും അന്നു നിലനിന്നിരുന്ന സാമൂഹിക പശ്ചാത്തലത്തെയും മറ്റും വിമർശിച്ചു. അത് ഹിന്ദു മുസ്ലീം ഐക്യത്തിനായി ആഹ്വാനം ചെയ്തു.



കുറിപ്പുകൾ :

ഒരു മുസ്ലീം നെയ്ത്തുകാരന്റെ മകനായ കബീർ വളരെ ശക്തമായി വിഗ്രഹാരാധനയെ എതിർത്തു. നദിയിലെ സ്നാനം, തീർത്ഥാടനം, നിസ്കാരം പോലെയുള്ള സാധാരണ ആരാധനകളിൽ അദ്ദേഹം പങ്കെടുത്തു. എല്ലാവർക്കും സ്വീകാര്യമായ മതമാണ് പഠിപ്പിക്കേണ്ടത് എന്നദ്ദേഹം ആഗ്രഹിച്ചു. അതുപോലെ എല്ലാ മതങ്ങളും ഐക്യപ്പെടണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ദൈവത്തോടുള്ള ഐക്യത്തിൽ കബീർ കൂടുതൽ ഊന്നൽ കൊടുത്തു.കബീർ ദൈവത്തെ പല പേരുകളിൽ അഭിസംബോധന ചെയ്തു. രാമ, ഗോവിന്ദ, ഹരി, അള്ളാ എന്നിങ്ങനെ അദ്ദേഹത്തിന്റെ ഹിന്ദിയിലുള്ള ദോഹകൾ അല്ലെങ്കിൽ ഈരടികൾ നിങ്ങൾ തീർച്ചയായും വായിച്ചിരിക്കും.



### ചൈതന്യ മഹാപ്രഭു

ബംഗാളിൽ നിന്നുള്ള ഒരു സന്യാസി ആയിരുന്നു ചൈതന്യ. കൃഷ്ണഭഗവാന്റെ ഭക്തനായിരുന്ന അദ്ദേഹം ഒരു ബ്രാഹ്മണനായിരുന്നിട്ടും ജാതിസമ്പ്രദായത്തെ നിന്ദിച്ചു. എല്ലാവരുടേയും സമത്വത്തിന് അദ്ദേഹം പ്രാധാന്യം കൊടുത്തു. യഥാർത്ഥ ആരാധന നിലകൊള്ളുന്നത് സ്നേഹത്തിലും ഭക്തിയിലുമാണെന്ന് ജനങ്ങൾ മനസ്സിലാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കൃഷ്ണഭഗവാനെ സ്തുതിച്ചുകൊണ്ട് കീർത്തനങ്ങൾ ഭക്തസാന്ദ്രമായി മഹാപാരമ്യതയിൽ അദ്ദേഹം പതിവായി ആലപിച്ചിരുന്നു.



### മീരാഭായി

നല്ലൊരു ഭക്തസന്യാസിനി ആയിരുന്നു മീരാഭായി. കൃഷ്ണഭഗവാനെ ആരാധിച്ചു സ്തുതിച്ചുകൊണ്ട് ഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ട്, ആലപിച്ചിട്ടുണ്ട്. ചൈതന്യയെപ്പോലെ മീരാഭായിയും ഭക്തിസാന്ദ്രമായി ദൈവത്തോടുള്ള സ്നേഹത്തിൽ മുഴുകിയിരുന്നു.



### നാമദേവ

ഒരു അനുഗാമിയായിരുന്നു നാമദേവ. മറാത്തിഭാഷയിലാണ് നാമദേവ എഴുതിയത്. ദൈവഭക്തിയും തീവ്രമായ സ്നേഹവുമാണ് അദ്ദേഹത്തിന്റെ കവിതകളിലെ പ്രമേയം.

### ഭക്തിപ്രസ്ഥാനത്തിന്റെ പ്രസക്തി

എങ്ങനെയാണ് ജനങ്ങളുടെ ഇടയിൽ ഭക്തിപ്രസ്ഥാനം ഇത്രമാത്രം പ്രശസ്തി നേടിയത്. ബ്രാഹ്മണമേധാവിത്വത്തേയും ജാതിസമ്പ്രദായത്തെയും അവർ വെല്ലുവിളിച്ചതായിരുന്നു ഒരു പ്രധാനപ്പെട്ട് കാരണം. സാഹോദര്യം, സമത്വം ആ ആശയത്തെയും അവർ സ്വാഗതം ചെയ്തു. ഇതു തന്നെയാണ് സൂഫി സന്യാസികളും പഠിപ്പിച്ചത്. പഴയമതത്തിൽ ജനങ്ങൾ ഒരർത്ഥത്തിലും സംതൃപ്തരായിരുന്നില്ല. ജനങ്ങളുടെ വിവേചനശക്തി, ആഗ്രഹങ്ങൾ എന്നീ രണ്ടു കാര്യങ്ങൾ തൃപ്തിപ്പെടുത്തുന്നതായിരിക്കണം മതം എന്ന് അവർ ആഗ്രഹിച്ചു.

എല്ലാ ഭക്തസന്യാസികളും പ്രാധാന്യം കൊടുത്തത് ദൈവ ഐക്യം ആയി





രുന്നു. ദൈവത്തിലേക്കുള്ള പാത കിടക്കുന്നത് ദൈവത്തോടുള്ള ഭക്തിയും സമർപ്പണവുമാണ് അല്ലാതെ ഒരു വിധത്തിലുമുള്ള അനുഷ്ഠാനങ്ങളുമല്ല എന്ന വർ പ്രസ്താവിച്ചു. ആചാരങ്ങളെയും അനുഷ്ഠാനങ്ങളേയും ബലിയർപ്പണ ങ്ങളെയും അവർ കുറ്റപ്പെടുത്തി.

വടക്കേ ഇന്ത്യയിൽ ഭക്തിപ്രസ്ഥാനം പുരോഗതി പ്രാപിച്ചത് രണ്ട് വിധത്തി ലാണ് നിർഗുണഭക്തിയും, സഗുണഭക്തിയും. രൂപപഹിത ദേവന്മാരായ രാമാ, ഗോവിന്ദ, ഹരി അല്ലെങ്കിൽ രഘുനാഥ് എന്ന പല പേരുകളിൽ വിളിച്ചിരുന്ന ദേവന്മാരുടെ വിശ്വാസികളായിരുന്നു നിർഗുണ ഭക്തമാർ. കബീറും, നാനാക്കും ആയിരുന്നു അവരിൽ ഏറ്റവും സ്പഷ്ടമായവർ. സഗുണ ഭക്തന്മാർ ദശര ഥന്റെ മകനായ രാമഭക്തൻ അല്ലെങ്കിൽ ദേവകിയുടെ വസുദേവ പുത്രനായ കൃഷ്ണ ഭക്തർ ആയിരുന്നു. സഗുണഭക്തർക്ക് ഏറ്റവും പ്രധാനപ്പെട്ട ഉദാഹ രണങ്ങളായിരുന്നു തുളസീദാസ്. അദ്ദേഹത്തിന്റെ പ്രമുഖ രാമചരിതമാനസിൽ രാമനെ ആരാധനാ മൂർത്തിയായി ചിത്രീകരിച്ചിരിക്കുന്നു. സൂർദാസ് തന്റെ പ്രമുഖമായ സൂർസാഗറിൽ കൃഷ്ണനെ പ്രകീർത്തിക്കുന്നുണ്ട്. കൃഷ്ണഭഗ വാന്റെ ഭക്തനായ ഒരു മുസ്ലിം കവിയായ റാസ്ഘാൻ ഇതേ പാരമ്പര്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു.

ഏകദൈവവിശ്വാസവും എല്ലാ മനുഷ്യകുലത്തിന്റെയും സാഹോദര്യം എന്ന ആശയമാണ് ഭക്തിപ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ജാതിയുടെയോ ലിംഗത്തിന്റെയോ അടിസ്ഥാനത്തിൽ ഭക്തിപ്രസ്ഥാനം ആരെയും വേർതിരിക്കുന്നില്ല. ഭക്തരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ള സർവ്വവ്യാപിയായ ദൈവത്തിന്റെ മുമ്പിൽ കീഴടങ്ങുക എന്നതാണ് രണ്ടാമത്തെ പ്രധാനപ്പെട്ട സവിശേഷത. ഒരു നല്ല ധാർമിക ജീവിതത്തിന് പ്രാധാന്യം കൊണ്ട് ദൈവത്തിന്റെ തീവ്രമായ വ്യക്തിപരമായ സമർപ്പണമാണ് ഭക്തിപ്രസ്ഥാനത്തിന്റെ മൂന്നാമത്തെ പ്രധാനപ്പെട്ട സവിശേഷത. ഇതിൽ നിന്ന് അനുഭവബോധ്യമാകുന്നത് ദൈവത്തിന്റ നാമം ജപിക്കുന്നതുകൊണ്ട് സ്ഥിര മായി ആത്മാവിനെ വിശുദ്ധീകരിക്കുകയും ഒരു പരിധിവരെ ദൈവമഹത്വ ത്തിനായി ഒരുക്കുകയും ചെയ്യും. ഒരു യഥാർത്ഥ ഭക്തന് സ്വർഗമോ അല്ലെ ങ്കിൽ മോക്ഷമോ ആവശ്യമില്ല. ഭഗവാന്റെ നാമം ആലപിക്കുക, ജപിക്കുക എന്നു മാത്രമാണ് അവന്റെ ആവശ്യം. അതുപോലെ ഈശ്വരന്റെ സ്തുതി കൾ പാടുന്നതിനായി വീണ്ടും വീണ്ടും ജനിക്കപ്പെടണം എന്നാണ് ഭക്തന്റെ ആഗ്രഹം.

ഇതിലെല്ലാമുപരി ഒരു ഗുരുവിന്റെ അല്ലെങ്കിൽ ആത്മീയാചാര്യന്റെ പ്രധാന പ്പെട്ട ധർമം ജനങ്ങൾക്ക് ആത്മധൈര്യം, ശക്തി, പ്രതീക്ഷ എന്നിവ നൽകുക എന്നതാണ്. ഒരു വ്യക്തിയായി സങ്കൽപ്പിക്കുന്ന അവൻ ഭക്തിമാർഗ്ഗത്തിലൂടെ മുന്നോട്ടു ചരിക്കുന്നു. ഒരു പക്ഷെ ദൈവത്തെ അവന് തിരിച്ചറിയാൻ കഴി ഞ്ഞു. അതുപോലെ പാഹുൽ എന്ന സമ്പ്രദായത്തിൽ മറ്റുള്ളവരെ കൂടി ദൈവ ത്തിന്റെ പക്കലേക്ക് അവന് നയിക്കാൻ കഴിയുന്നു. ഈശ്വരഭക്തിയിലേക്ക് ചരിക്കുന്നതിന്റെ അടയാളമായി ഗുരു ശിഷ്യന് അല്ലെങ്കിൽ വിദ്യാർത്ഥിക്ക് നൽകുന്ന പരിശുദ്ധ ജലമാണ് പാഹുൽ. സിക്കുകാർ നടത്തുന്ന (വാൾ കഴു കൾ) അനുഷ്ഠാനത്തിനെ വിളിക്കുന്ന കാൻഡേ കാ പാഹുൽ ക്രമേണ വികസിത രൂപമായി പീർ-മുരീദി ആചാരത്തിലെ (സന്യാസി-പടയാളി) സങ്കൽപ്പത്തിലേക്ക്.

ഭക്തി പാരമ്പര്യത്തിന്റെ കുറച്ച് സവിശേഷതകൾ സൂഫിസത്തിന്റെ ആശയ ങ്ങളും പ്രവർത്തനങ്ങളും തമ്മിൽ സാമ്യമുള്ളത് കണ്ടെത്താൻ നിങ്ങൾക്ക്

*കുറിപ്പുകൾ :*

കഴിഞ്ഞിട്ടുണ്ടോ? ഇന്ത്യയിൽ മുഴുവൻ വ്യാപിച്ചിരുന്ന ഭക്തിയുടെ ആത്മാവ് മദ്ധ്യകാലഘട്ടത്തിലെ സന്യാസികളുടെയും അദ്ധ്യാത്മികവാദികളുടെയും മത പരമായ കവിതകളിൽ കൃത്യതയും മനോഹരമായ പ്രകടനവും കണ്ടെത്തിയിട്ടുണ്ട്. ഒരർത്ഥത്തിൽ മറ്റൊന്നുമായിരുന്നില്ല അത് അവർ വിശ്വസിച്ചിരുന്ന മത വിശ്വാസം മാത്രമായിരുന്നു എന്ന് അവരുടെ സാഹിത്യ സൃഷ്ടികളിൽ രചന കളിൽ വർണിച്ചിട്ടുണ്ട്. ഗീത്, കവാലി ഇത്യാദികളിൽ ജനങ്ങളെ ഒന്നിപ്പിച്ചു അല്ലാതെ മറ്റൊന്നിനു കഴിഞ്ഞില്ല. പ്രാദേശിക ഭാഷയുടെ പുരോഗതിക്ക് ഭക്തി പ്രസ്ഥാനം പ്രചോദനം നൽകി.

## ചോദ്യങ്ങൾ 4.3

താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. ഭക്തിപ്രസ്ഥാനത്തിന്റെ രണ്ട് പ്രധാനപ്പെട്ട ശാഖകൾ എന്തെല്ലാമായിരുന്നു?

_______________

2. നിർഗുണ സഗുണ ഭക്തി കവികളുടെ ഓരോ പ്രധാനപ്പെട്ട പേര്?

_______________

## 4.6 നാടൻ കലകളുടെ വികസനം

ഗ്രാമീണ ജനതയ്ക്ക് അവരുടെ വ്യത്യസ്ത മേഖലകളിലെ സർഗാത്മീകത പ്രദർശിപ്പിക്കാൻ അവസരം ലഭിച്ചു. കൃഷിയിറക്കുക, കളയെടുക്കുക, വിളവെടുക്കുക തുടങ്ങി കാർഷികവൃത്തിയുമായി ബന്ധപ്പെട്ടും മറ്റും സാമൂഹ്യ അവസരങ്ങളിലും ജനങ്ങൾക്ക് ആടാനും പാടാനും അവസരം ലഭിച്ചു. മുൻകാലങ്ങളിലുള്ള ആചാരങ്ങളുടെയും, ഉത്സവങ്ങളുടെയും മാറ്റങ്ങളോടെയുള്ള തുടർച്ച തന്നെയാണ് ഇന്നും നാം കൊണ്ടാടുന്ന ഉത്സവങ്ങളും ആഘോഷങ്ങളും.

കൊയ്ത്തു കാലവും, മഴക്കാലവും നൃത്തത്തിന്റെയും സന്തോഷത്തിന്റെയും കാലമാണ്. ഇക്കാലങ്ങളിൽ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും ദൈവാരാധനയും നടന്നുവരുന്നു. ശ്രാവണമാസവും കുയിൽനാദവും ആടാനുള്ള അവസരമാണ്. സ്ത്രീകൾ മറ്റു സ്ത്രീകളോടൊപ്പം രാത്രി വൈകുവോളം പാടിത്തിമിർക്കും. ഇത് ഏതാണ്ട് എല്ലാ ഗ്രാമങ്ങളിലും സാധാരണ കാഴ്ചയാണ്.

ഗ്രാമീണ പശ്ചാത്തലമുള്ള നാട്യരൂപങ്ങൾ ഓരോ പ്രദേശവും വികസിപ്പിച്ചെടുത്തു എന്നത് പ്രാധാന്യമർഹിക്കുന്നു. ഗർഭ, കൽബേലിയ, ബംഗ്ര, ഗിദ്, മുള നൃത്തം, ലവാനി തുടങ്ങി നിരവധി നാട്യരൂപങ്ങൾ നിലവിൽ വന്നു. ഇവയിൽ ചിലത് റിപ്പബ്ളിക് ദിനാഘോഷത്തിൽ പ്രദർപ്പിക്കാറുണ്ട്.

സ്ത്രീകൾക്ക് വിദ്യാഭ്യാസം അനിവാര്യമയി കണക്കാക്കിയിരുന്നില്ല എങ്കിലും മറ്റ് മേഖലകളിലെ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് അതൊരു തടസ്സമായിരുന്നില്ല. അവർ തയ്യൽവേലകളിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിച്ചു. രാജസ്ഥാനിലെ പെൺകുട്ടികൾ കുപ്പായങ്ങളിലും മറ്റ് വസ്ത്രങ്ങളിലും ഭംഗിയുള്ള തുന്നൽവേലകൾ ചെയ്തിരുന്നു. ഇപ്പോഴും രാജസ്ഥാനികളാണ് കാണാൻ വർണഭംഗിയുള്ള വസ്ത്രങ്ങൾ ധരിക്കുന്നവർ. രാജസ്ഥാനികൾ കുതിര, കാള, ഒട്ടകം, ആന തുടങ്ങി തങ്ങളുടെ ചുമട്ടു മൃഗങ്ങളെ അലങ്കരിക്കുന്ന രീതി അവരുടെ കരവിരുതിന് ഉദാഹരണമാണ്. പഞ്ചാബിലെ സ്ത്രീകൾ ഭംഗിയുള്ള 'ഫുൽകരി' തയ്യൽവേലകളും ലക്നോക്ക് ചുറ്റുമുള്ളവർ 'ചികാൻ' അലങ്കാര വേലകളും ഷർട്ടിലും, സൽവാറിലും, സാരികളിലും

*കുറിപ്പുകൾ :*

ചെയ്തിരുന്നു. ഭരതമുനി അദ്ദേഹത്തിന്റെ നാട്യശാസ്ത്രത്തിൽ പ്രസ്താവിച്ച നാടകക്കാരൻ ഇനിയും മറഞ്ഞിട്ടില്ല (15 എഡി). മഹാരാഷ്ട്രയിൽ വികാസം പ്രാപിച്ച് 'തമാശ', 'ലാവാണി' മദ്ധ്യേന്ത്യയിലെ 'പാണ്ഡവാണി' ഉത്തരേന്ത്യയിലെ 'മെറാഡി' എന്നിവർ അവരുടെ കലയെ നേരിയ മാറ്റങ്ങളോടെ പ്രയോഗവത്കരിച്ചു. പാവകളിക്കാരനും, ഗായകനും, വിദൂഷകനും, ചെപ്പടി വിദ്യക്കാരനും കായികാഭ്യാസിയും ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിച്ച് ജനങ്ങളെ വ്യത്യസ്ത രീതിയിൽ വിനോദിപ്പിച്ചു. അനാദികാലം മുതൽക്കേ മല്ലയുദ്ധം ഇന്ത്യയിൽ ജനപ്രിയമായിരുന്നു.

### ചോദ്യങ്ങൾ 4.4

1. രണ്ട് പ്രധാന നാടോടി നൃത്തരൂപങ്ങൾ ഏതെല്ലാം?

2. ഇന്ത്യയിൽ വികാസം പ്രാപിച്ച ഏതെങ്കിലും ഒരു തയ്യൽവേലയുടെ പേരെഴുതുക?

## 4.7 ചിത്രകല

ചിത്രകലയാണ് ഇസ്ലാമിക സംസ്കാരത്താൽ സ്വാധീനിക്കപ്പെട്ട മറ്റൊരു കല. ഹുമയൂൺ ചക്രവർത്തി 12 വർഷത്തിലധികം പേർഷ്യയിൽ അഭയാർത്ഥിയായി കഴിഞ്ഞിരുന്നു. 1555ൽ ഡൽഹിയിലെ ഭരണാധികാരിയായി തിരിച്ചു വരുമ്പോൾ അദ്ദേഹം തന്റെയൊപ്പം അവിടുത്തെ ചിത്രകാരന്മാരെയും കൊണ്ടുവന്നിരുന്നു. മിർ അലിയും, അബ്ദുസ്സമദുമായിരുന്നു അവരിൽ പ്രശസ്തർ. അവർ ഭംഗിയുള്ള ചിത്രങ്ങൾ രചിച്ചു. 1200ൽ അധികം ചിത്രങ്ങളുള്ള ദസ്തൻ-എ-അമീർ-ഹംസ ഇത്തരം പെയിന്റിംഗുകൾക്ക് ഉദാഹരണമാണ്. ഇക്കാലയളവിൽത്തന്നെ ഛായാചിത്രരചനയും ലഘുചിത്രരചനയും പ്രചാരത്തിൽ വന്നു. വളരെ അമൂർത്തമായ ക്ലാസിക്കൽ രാഗങ്ങൾക്ക് ചിത്രരൂപം നൽകിയെന്നത് അത്ഭുതകരമായ വസ്തുതയാണ്. ഋതുക്കളെയും അവർ ചിത്രീകരിച്ചിരുന്നു. ഇത്തരം സംഗീതങ്ങളുടെയും ഋതുക്കളുടെയും ചിത്രീകരണം ചൈന ഒഴികെ മറ്റൊരു രാജ്യത്തും കാണാൻ കഴിയുകയില്ല.

അക്ബർ, ജഹാംഗീർ. ഷാജഹാൻ എന്നീ ഭരണാധികാരികൾ ചിത്രകലക്ക് തുടർന്നും പ്രോത്സാഹനം നൽകി. അതിന്റെ ഫലമായി മുഗൾ ചിത്രകല കൂടുതൽ അഭിവൃദ്ധി നേടി. ദശ്വന്ത്, ബസവൻ ലാൽ തുടങ്ങിയവരെപ്പോലുള്ള ധാരാളം ചിത്രകാരൻമാർക്ക് അക്ബർ ജോലി നൽകി. ഈ കാലഘട്ടത്തിൽ ഇന്തോ-പേർഷ്യൻ ചിത്രകലകളുടെ സങ്കലനം ഉണ്ടായി. ഇന്ത്യൻ ചിത്രകലകളിലെ യൂറോപ്യൻ സ്വാധീനവും ശ്രദ്ധേയമാണ്.

സ്വയം ചിത്രകാരനായിരുന്ന ജഹാംഗീറിന്റെ കാലത്ത് മുഗൾ ചിത്രകല അതിന്റെ പാരമ്യത്തിലെത്തി. ഉസ്താദ്, അബ്ദുൾ ഹസ്സൻ എന്നിവർ അദ്ദേഹത്തിന്റെ കൊട്ടാരം ചിത്രകാരന്മാരായിരുന്നു. ലഘുചത്രങ്ങൾക്ക് പ്രശസ്തനായിരുന്നു മൻസൂർ. അക്കാലത്തെ ചില ഫ്യൂഡൽ പ്രഭുക്കന്മാരും ചിത്രകല പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ ഔറംഗസീബ് രാഷ്ട്രീയ മുൻവിധികാരണം കലാരംഗം പ്രോത്സാഹിപ്പിച്ചില്ല. മുഗൾ ചിത്രകലാ വിഭാഗത്തിന് പുറമെ രജപുത്, പഹാരി ചിത്രകലാവിഭാഗങ്ങൾ വികാസം പ്രാപിച്ചു. സമൂഹത്തിലെ ഉന്നതർ പോലും ചിത്രകലാ പ്രോത്സാഹനത്തിന് മുൻനിരയിലായിരുന്നു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യ

ത്തിലും സമ്പന്നരുടെ വലിയ ബംഗ്ലാവുകളും (ഹവേലി) ക്ഷേത്രങ്ങളും, ചിത്രവേലകൾ കൊണ്ട് അലങ്കരിക്കാൻ തുടങ്ങി. രാജസ്ഥാനിലെ ഇത്തരം ഹവേലികൾ ഇന്നും ടൂറിസ്റ്റുകളെ ആകർഷിക്കുന്നു.

16 മുതൽ 18 വരെ നൂറ്റാണ്ടിലെ മുഗൾചിത്രകല ഇന്തോ പേർഷ്യൻ ലഘുചിത്രകലാ വിഭാഗത്തിന്റെ വളർച്ചക്ക് കാരണമായി. മുഗൾ ചിത്രകാരന്മാർ മനുഷ്യരൂപങ്ങൾക്കും, ഉടയാടകൾക്കുമൊപ്പം പ്രകൃതി ദൃശ്യങ്ങളും ചിത്രീകരിച്ചു. അവർ പാരമ്പര്യ ഇന്ത്യൻ ശൈലിയുമായി ബന്ധപ്പെട്ടപ്പോൾ അവ യഥാർത്ഥമായി. ചിത്രകാരന്മാർ മാസളശമ്പളത്തിന് നിയമിക്കപ്പെട്ടു. ചെങ്കിസ് നാമ, സഫർ നാമ, രാമായണം എന്നിവ ചിത്രരൂപത്തിൽ ആലേഖനം ചെയ്യപ്പെട്ടു.

## 4.8 സംഗീതം

അക്ബർ, ജഹാംഗീർ, ഷാജഹാൻ എന്നീ മുഗൾ ചക്രവർത്തിമാർ നിരവധി സംഗീതജ്ഞരെ പ്രോത്സാഹിപ്പിച്ചു. അക്ബറിന്റെ കൊട്ടാരം ഗായകനായിരുന്ന ടാൻസൻ ക്ലാസിക്കൽ രാഗങ്ങൾ പാടുകയും പുതിയ രാഗങ്ങൾ രചിക്കുകയും ചെയ്തു. ഷാജഹാൻ തന്നെ നല്ലൊരു ഗായകനായിരുന്നു. സംഗീതജ്ഞന്മാർ ചക്രവർത്തിമാരെ വ്യത്യസ്ത കാലങ്ങളിലും സമയങ്ങളിലും അനുയോജ്യമായ രാഗങ്ങൾ പാടി ആഹ്ലാദിപ്പിച്ചു.

തുർക്കി അഫ്ഗാൻ ഭരണത്തിൽ ഇൻഡോ-ഈറാനിയൻ സംഗീതത്തിന്റെ ഒരു സങ്കരരൂപം തുടങ്ങുകയും മുഗളന്മാർ പിന്നീട് അത് വികസിപ്പിക്കുകയും ചെയ്തു. ഔംറഗസീബ് ഒരു സംഗീത വിരോധിയായിരുന്നെങ്കിലും പേർഷ്യൻ ഭാഷയിൽ ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ രചിച്ചത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു. ഉത്തരേന്ത്യയിൽ ഹിന്ദുസ്ഥാനി സംഗീതശാഖ വികാസം പ്രാപിച്ചു. ജീവിതത്തിന്റെ വിവിധഭാവങ്ങളിൽ ശ്രുതിമധുരമായ ഭാവഗാനങ്ങൾ രചിക്കുന്നതിലാണ് ഹിന്ദുസ്ഥാനി സംഗീതം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. രാഗം, രാഗിണി എന്നിവ അങ്ങനെ ദൃഷ്ടാന്തീകരിക്കപ്പെട്ടു. ഗസൽ, കയാൽ, തുംരി എന്നിവ ഇക്കാലത്താണ് വിപുലീകൃതമാക്കിയത്. ഈ ശാഖയുടെ അഗ്രഗാവി ടാൻസൻ ആയിരുന്നു. അതുപോലെ ദക്ഷിണേന്ത്യയിൽ കർണാടക സംഗീതം വികാസം പ്രാപിച്ചു. ഗ്രാമീണജനത നാടൻ പാട്ടുകൾക്കും നാടോടി നൃത്തങ്ങൾക്കും പ്രാമുഖ്യം നൽകി.

### ഇൻഡോ-മുഗൾ സംസ്കാരം

ഇന്ത്യൻ ഭരണാധികാരികൾ സുൽത്താനെന്ന അഫ്ഗാൻ പദവി ഒഴിവാക്കുകയും ചക്രവർത്തി, വിശ്വാസ സംരക്ഷകൻ എന്നീ അർത്ഥമുള്ള ബാദുഷ എന്നറിയപ്പെടുകയും ചെയ്തു. രാജാക്കന്മാരോടുള്ള ബഹുമാനം വർദ്ധിപ്പിക്കാൻ പ്രത്യേകം നിർമിച്ച ജനാലയിലൂടെ രാജാവ് ജനങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നു. (സിജ്ദ). ജനങ്ങൾ രാജാക്കന്മാർക്ക് മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്യുന്ന രീതി പ്രോത്സാഹിപ്പിച്ചിരുന്നു. രാജാക്കന്മാർ മതപരവും രാഷ്ട്രീയവുമായ അധികാരങ്ങൾ തങ്ങളുടെ കൈകളിൽ ഉറപ്പിച്ചു നിർത്തിയിരുന്നു.

## 4.9 ആധുനിക ഇന്ത്യൻ ഭാഷയുടെ ഉദയം

നിരവധി ഭാഷകളുടെ ഉദയമാണ് ഇക്കാലത്തെ മറ്റൊരു പ്രധാന സംഭവവികാസം. ദൽഹിയാണ് ഉറുദു ഭാഷക്ക് തുടക്കം കുറിച്ചത്. അലൂവുദ്ദീൻ ഖിൽജിയുടെ സൈന്യത്തിന്റെ ഭാഷയായിരുന്നു ഉറുദു. ഡക്കാൻ പ്രദേശമായ ബീജാ

പ്പൂരും ഗോൽക്കൊണ്ടയും ഉറുദുഭാഷയുടെ വളർച്ചാ കേന്ദ്രമായി. നിയതമായ വ്യാകരണമുള്ള ഒരു പ്രത്യേക ഭാഷയായി ഉറുദു രൂപപ്പെട്ടു.

ക്രമേണ പ്രമാണികളും ഈ ഭാഷ ഉപയോഗിച്ചു തുടങ്ങി. ഉറുദു ജനകീയമാക്കുന്നതിൽ അമീർ ഖുസ്രു വഹിച്ച പങ്ക് നിസ്തുലമായിരുന്നു. അദ്ദേഹം ഈ ഭാഷയിലാണ് കവിതകൾ രചിച്ചത്. 18 ഉം, 19 ഉം നൂറ്റാണ്ടുകളിൽ ഉറുദു ഭാഷയിൽ കഥ, നോവൽ, ഗദ്യം, നാടകം എന്നിവ രചിക്കപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മുഖ്യ പങ്ക് വഹിച്ച ഉറുദു പത്രപ്രവർത്തനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് വികാസം പ്രാപിച്ചത്.

മലയാളം, തെലുങ്ക്, തമിഴ്, കന്നട എന്നീ ദക്ഷിണേന്ത്യൻ ഭാഷകളും കാശ്മീരി, സിന്ധി, ബംഗാളി, ആസ്സാമീ, ഒറിയ, ഹിന്ദി, പഞ്ചാബി, ഗുജറാത്തി, മറാത്തി എന്നീ ഭാഷകളും ഇന്നത്തെ രൂപത്തിൽ വികാസം പ്രാപിച്ചത് അക്കാലത്തായിരുന്നു.

## 4.10 പുത്തൻ വിശ്വാസങ്ങൾ

ഇക്കാലത്താണ് ഇന്ത്യയിൽ പുത്തൻ മതവിശ്വാസങ്ങളായ സിക്കുമതവും, സൗരാഷ്ട്ര മതവും വികസിച്ചത്. കാലക്രമേണ ഹിന്ദു-മുസ്ലീം വിഭാഗങ്ങളിൽ ചില ദുഷ്പ്രവണതകളും കടന്നു വന്നു. മതത്തിലെ ഇത്തരം പ്രവണതകൾ ഇല്ലായ്മ ചെയ്വാൻ പല മത നവീകരണ പ്രസ്ഥാനങ്ങളും ആരംഭിച്ചു.

### സിക്കുമതം

പഞ്ചാബ് കേന്ദ്രീകരിച്ചുള്ള സിക്കുകാർ നമ്മുടെ ജനസംഖ്യയിൽ വലിയൊരു വിഭാഗം വരുന്നു. യാഥാസ്ഥിതിക സിക്കുകാർ വിശ്വസിക്കുന്നത് ഈ മതം ദൈവം ഗുരുനാനാക്കിന് അവതരിപ്പിച്ചതാണെന്നാണ്. അദ്ദേഹത്തിന്റെ ഗുരു ഗോവിന്ദ് സിംഗ് എന്ന പത്താമത്തെ ഗുരുവിൽ വരെ പ്രവേശിച്ചു. ഗുരു ഗോവിന്ദ് സിംഗ് ആദിഗ്രന്ഥം അഥവാ ഗുരുഗ്രന്ഥ സാഹിബ് അവസാന ഗുരുവായി പരിഗണിക്കാൻ കൽപ്പിച്ചു. പക്ഷെ മത ചരിത്ര വിദ്യാർത്ഥികൾ ഈ മതത്തിന്റെ ഉത്ഭവം നിർഗുണ ഭക്ത പ്രസ്ഥാന ശാഖയിൽ നിന്നാണ് എന്നു വിശ്വസിക്കുന്നു. സിക്കുകാർ രൂപരഹിത ദൈവത്തിലും സാഹോദര്യത്തിലും ഗുരുവിലും പാഹുൽ പാരമ്പര്യത്തിലും വിശ്വസിക്കുന്നു.

ചിലപ്പോൾ ഗുരുത്വം മക്കൾക്കോ ഏറ്റവും ഉന്നതരായ ശിഷ്യന്മാർക്കോ നൽകുന്നു. അഞ്ചാമത് ഗുരു ആയ ഗുരു അർജുൻ ദേവ മൂന്ന് കാര്യങ്ങൾ സിക്കുകാർക്ക് നൽകി. 1. അഞ്ചു ഗുരുക്കന്മാരുടെ സുഭാഷിതങ്ങൾ ഉൾക്കൊള്ളുന്ന ആദിഗ്രന്ഥം, 2. ഗുരുമുഖി ലിപി, 3. അമൃതസരസ്സിലെ അകാൽതക്തും, സുവർണക്ഷേത്രവും.

പത്താമത് ഗുരു ഗോവിന്ദ് സിംഗ് 1699ൽ 'വിശുദ്ധി' എന്നർത്ഥം വരുന്ന ഖൽസ രൂപീകരിച്ചു. അദ്ദേഹം അഞ്ച് പ്രതിജ്ഞകൾ നിർദ്ദേശിച്ചു. താടിയും, തലപ്പാവും, ചീർപ്പ്, ലോഹവള, കൃപാണം, മുട്ടോളമെത്തുന്ന കച്ച എന്ന അടിവസ്ത്രം എന്നിവയാണവ. അടിസ്ഥാനപരമായി ഇതൊരു സിക്കു സേനാനിയുടെ വസ്ത്രധാരണ രീതിയാണ് ഗുരു ഗോവിന്ദസിംഗിന്റെ മരണശേഷം ആദി ഗ്രന്ഥം കൂടി ഈ പട്ടികയിൽ ചേർക്കപ്പെട്ടു.

സിക്കുകാരുടെ പ്രധാന സവിശേഷതകളിലൊന്നാണ് അവരുടെ സംഗീത താൽപ്പര്യം. സംഗീതത്തിലൂടെ ഒരാൾക്ക് മോക്ഷം പ്രാപിക്കാമെന്ന് സിക്കുകാർ വിശ്വസിക്കുന്നു.

### സൗരാഷ്ട്ര മതം

ബി.സി. 18–ാം നൂറ്റാണ്ടിലാണ് സരതുഷ്ടർ അഥവാ സൗരാഷ്ട്രർ പാഴ്സി അഥവാ സൗരാഷ്ട്രമതം സ്ഥാപിക്കുന്നത്. അദ്ദേഹം പേർഷ്യയിൽ ഏകദൈവ വിശ്വാസം പ്രചരിപ്പിച്ചു. അദ്ദേഹം തന്റെ അനുയായികളെ അഗ്നി ആരാധനയും 'അഹുറ മസ്ദ', 'അഹുറ മൻ' എന്നിങ്ങനെ നല്ലതിന്റെയും ചീത്തയുടേയുമായ ദൈവിക സാന്നിദ്ധ്യവും പഠിപ്പിച്ചു. ദയയും ദാനധർമ്മങ്ങളും നിർദ്ദേശിച്ചു. 'സെന്റ് അവസ്ഥയിൽ' അദ്ദേഹത്തിന്റെ തത്വചിന്തകൾ ഉൾക്കൊള്ളുന്നു.

സൗരാഷ്ട്ര മതം പേർഷ്യ മുഴുവൻ വ്യാപിച്ചു. എ.ഡി.8–ാം നൂറ്റാണ്ടിൽ മുസ്ലീങ്ങൾ കീഴടക്കുന്നതു വരെ സൗരാഷ്ട്ര മതം പേർഷ്യയിലെ പ്രമുഖ മതമായി നിലകൊണ്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്ത പാഴ്സികൾ ഇന്ത്യയിലും എത്തിച്ചേർന്നു. അവർ ഗുജറാത്തിലെ 'നവറസി' എന്ന സ്ഥലത്ത് കുടിയേറുകയും തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും ചെയ്തു. പാഴ്സികൾ ഇന്ത്യൻ സംസ്കാരത്തെ സമ്പുഷ്ടമാക്കി. പാഴ്സിക്കാരനായ ദേശീയ നേതാവായിരുന്നു ദാദാബായി നവറോജി. ഇന്ത്യയിലെ അഗ്രഗണ്യനായ വ്യവസായി ജംഷെഡ്ജി ടാറ്റ പാഴ്സി മതവിശ്വാസിയായിരുന്നു. ബ്രിട്ടീഷ് ഇരുമ്പുരുക്ക് വ്യവസായവുമായി മല്ലിട്ട് അദ്ദേഹം ഇവിടെ ഇരുമ്പുരുക്ക് വ്യവസായം അഭിവൃദ്ധിപ്പെടുത്തി. പാഴ്സികൾ ധാരാളം ജനക്ഷേമ സ്ഥാപനങ്ങൾ ആരംഭിച്ചു. പാഴ്സി മതം ഒരു മതപരിവർത്തന സാധ്യതയുള്ള മതമല്ലാത്തതിനാൽ ഒരു സാഹചര്യത്തിലും മറ്റുള്ളവർക്ക് പാഴ്സി മതത്തിലേക്ക് പ്രവേശിക്കാനാവില്ല.

ഇന്ത്യയിൽ എത്തിച്ചേർന്ന എല്ലാവരെയും ഇന്ത്യൻ സംസ്കാരം സ്വാംശീകരിച്ചു. തദ്ഫലമായുള്ള സാംസ്കാരിക പ്രതിപ്രവർത്തനം ഇന്ത്യൻ സംസ്കാരത്തിന് വ്യത്യസ്ത തലങ്ങളിൽ, വ്യത്യസ്ത ഭാഷകളിൽ, വ്യത്യസ്ത മതങ്ങളിൽ ഉള്ള സാംസ്കാരികാംശങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സങ്കലിത സവിശേഷത നൽകി.

**ചോദ്യങ്ങൾ 4.5**

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

1. ______________ ഖൽസ സ്ഥാപിക്കുകയും അഞ്ച് വിശുദ്ധ പ്രതിജ്ഞകൾ നിർദ്ദേശിക്കുകയും ചെയ്തു?
2. ______________അഗ്നിയെ ആരാധിക്കുകയും നല്ലതും ചീത്തയുമായ ദൈവങ്ങളിൽ വിശ്വസിക്കുകയും ദയയും ദാനധർമ്മങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## 4.11 ദക്ഷിണേന്ത്യ

എ.ഡി.9–ാം നൂറ്റാണ്ടിനും, 11–ാം നൂറ്റാണ്ടിനുമിടയിൽ ദക്ഷിണേന്ത്യയിലെ ചോളമണ്ഡലം കേന്ദ്രീകരിച്ച് ചോളരാജവംശം ഭരിച്ചിരുന്നു. ശക്തമായ നാവിക സേനയ്ക്കൊപ്പം അതിശക്തമായ ഒരു സൈന്യം ചോളന്മാർ വികസിപ്പിച്ചു. രാജേന്ദ്രചോളൻ ഇന്തോനേഷ്യൻ ദ്വീപുകൾ ആക്രമിച്ച് കീഴടക്കിയിരുന്നു. അവർ ഗ്രാമതലത്തിൽ ജനാധിപത്യ സ്ഥാപനങ്ങൾ വികസിപ്പിച്ചു. ബുദ്ധ-ജൈനമതങ്ങൾ പോലും ഈ പ്രദേശത്ത് പ്രചാരം നേടിയിരുന്നു. ചോളന്മാർ സാഹിത്യം, സുകുമാര കലകൾ, ശിൽപവേലകൾ, ലോഹക്കൂട്ടുകൾ എന്നിവ പ്രോത്സാഹിപ്പിച്ചിരുന്നു. എ.ഡി.14–ാം നൂറ്റാണ്ട് ഇന്ന് കർണാടകയെന്നറിയപ്പെടുന്ന വിജയനഗര സാമ്രാജ്യത്തിന്റെ ഉദയത്തിന് സാക്ഷ്യം വഹിച്ചു. ഈ

രാജ്യത്തിന്റെ ഇതരഭാഗത്ത് തുംഗഭദ്ര നദിക്ക് കുറുകെ ഇന്ന് ആന്ധ്രപ്രദേശ് എന്നറിയപ്പെടുന്ന സ്ഥലത്ത് 'ഭാമിനി' എന്ന പുതിയ ഒരു ഇസ്ലാമിക് രാജ്യം ഉദയം ചെയ്തു. സമ്പന്നമായ റെയ്ച്ചൂർ മേഖലയ്ക്കു വേണ്ടി അവർ പരസ്പരം പോരാടി നശിച്ചു.

വ്യത്യസ്ത ലിപിയാണെങ്കിലും ചോളമണ്ഡലത്തിൽ തമിഴ് ഭാഷയും കർണാടകത്തിൽ കന്നട ഭാഷയും, ആന്ധ്രയിൽ തെലുങ്കും, കേരളത്തിൽ മലയാളവും വളർന്നു പന്തലിച്ചു. ഈ പ്രദേശങ്ങളിലെല്ലാം ഒരു പക്ഷെ പണ്ടു കാലത്ത് പ്രാചീനഭാഷയായ തമിഴായിരിക്കാം ജനങ്ങൾ സംസാരിച്ചിരുന്ന ഭാഷ. മധ്യകാലത്തോടു കൂടി ഈ നാലുഭാഷയ്ക്കും സ്വന്തമായ ഒരു അസ്തിത്വം കൈവന്നു.

എ.ഡി.14–ാം നൂറ്റാണ്ടിനും, 18–ാം നൂറ്റാണ്ടിനും ഇടയിൽ വിജയനഗര സാമ്രാജ്യം വളർന്നു പന്തലിച്ചു. ഇവിടം സന്ദർശിച്ച വിദേശികൾ രാജാക്കന്മാരെയും നഗരങ്ങളെയും, ജനങ്ങളെയും പ്രകീർത്തിച്ചു. ഹംപിയിൽ നിന്നും കണ്ടെടുത്ത വിജയ നഗരസാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ ലോകത്തെ ഇന്നും വിസ്മയിപ്പിക്കുന്നു.

ചോളന്മാരുടെ കാലത്ത് കാഞ്ചി ഒരു വിജ്ഞാനകേന്ദ്രമായി പരിണമിച്ചു. വിജയനഗര രാജാക്കന്മാർ വിജ്ഞാനത്തിന്റെയും കലയുടെയും പരിരക്ഷകരായിരുന്നു.

## നിങ്ങളെന്തു പഠിച്ചു

- ഖലീഫയുടെ പ്രതിനിധിയായി ഭരണം നടത്തിയിരുന്നതിനാൽ ആദ്യകാല തുർക്കി ഭരണാധികാരികൾ (1206–1526) സുൽത്താൻമാർ എന്നാണ് അറിയപ്പെട്ടിരുന്നത്.
- മുഗളന്മാർ ഡൽഹി സുൽത്താന്മാരെ പരാജയപ്പെടുത്തി. അവർ ചിത്രകല, സംഗീതം, വാസ്തുവിദ്യ എന്നിവ പ്രോത്സാഹിപ്പിക്കുകയും 1707 വരെ ഇന്ത്യ ഭരിക്കുകയും ചെയ്തു. അവൻ വൻതോതിൽ കെട്ടിടങ്ങൾ നിർമിച്ചു. 1707ന് ശേഷം മുഗൾ സാമ്രാജ്യം അധഃപതിച്ചു. ഈ അവസരത്തിൽ ഒരു രാഷ്ട്രീയ ശക്തിയെന്ന നിലയിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ പിടിമുറുക്കി.
- സൂഫികളുടെ സൗഹൃദം. ദീനാനുകമ്പ, ദയ, സഹിഷ്ണുത, സമത്വം എന്നീ ഗുണങ്ങൾ ഇന്ത്യൻ ജനതയിൽ അഗാധമായ സ്വാധീനം ചെലുത്തി.
- 14ഉം – 16ഉം നൂറ്റാണ്ടിലെ ഭക്തിപ്രസ്ഥാനം നിർഗുണ, സഗുണ എന്നീ രണ്ട് ശാഖകളായി വികസിച്ചു.
- ജനങ്ങൾ അവരുടേതായ പ്രാദേശിക നാടോടിനൃത്തരൂപങ്ങളും സംഗീതവും വികസിപ്പിച്ചു.
- മധ്യകാലം ഉറുദുവിന്റെ ആവിർഭാവം ദർശിച്ചു. ഇതേ കാലയളവിൽ ദക്ഷിണേന്ത്യയിൽ മറാത്തി, തമിഴ്, തെലുങ്ക്, കന്നട, മലയാളം ഭാഷകളും ഉത്തരേന്ത്യയിൽ ആസ്സാമീസ്, ബംഗാളി, ഹിന്ദി, പഞ്ചാബി ഭാഷകളും വികസിച്ചു.
- ഗുരുനാനാക്കാണ് സിക്കുമതം സ്ഥാപിച്ചത്. ഗുരു അർജുൻ ദേവ് ഗുരുമുഖി ലിപിയും ആദിഗ്രന്ഥവും അമൃതസരസ്സിലെ ഹർമന്ദറിന്റെ സ്ഥാനവും നിർണയിച്ചു.

- ബി.സി. എട്ടാം നൂറ്റാണ്ടിലാണ് പേർഷ്യയിൽ സൊരാഷ്ട്രർ സൗരാഷ്ട്ര മതം സ്ഥാപിച്ചത്.
- ചോളന്മാർ ഇന്തോനേഷ്യയും ബംഗാളിന്റെ വിവിധഭാഗങ്ങളും കീഴടക്കി ഗ്രാമത്തിൽ ജനാധിപത്യ സ്ഥാപനങ്ങൾ പരിചയപ്പെടുത്തിയത് ചോള ന്മാരാണ്.
- കാഞ്ചി വിജ്ഞാനത്തിന്റെ അതിമഹത്തായ കേന്ദ്രമായി മാറി.
- വിജയനഗര സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ കർണാടകയിലെ ഹംപി യിൽ നിന്നും കണ്ടെടുത്തു. ആന്ധ്രയിൽ ഭാമിനി രാജവംശം വളർന്നു വികസിച്ചു.

## ചോദ്യാവലി

1. മധ്യകാലഘട്ടത്തിലെ ഇന്ത്യയുടെ രാഷ്ട്രീയ അവസ്ഥ വിശദീകരിക്കുക?
2. ഹിന്ദുമതത്തിന്റെ മേൽ ഇസ്ലാമതത്തിനുണ്ടായിരുന്ന സ്വാധീനം ചർച്ച ചെയ്യുക?
3. ഇന്ത്യൻ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിന് ഭക്തിപ്രസ്ഥാന ത്തിന്റെ പങ്ക് പരിശോധിക്കുക?
4. ആധുനിക ഇന്ത്യൻ ഭാഷകളുടെ വളർച്ചയെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
5. സിക്ക്, സ്വരാഷ്ട്രിയൻ എന്ന പുതിയ പേരുകളിൽ വളർന്നുവന്ന വിശ്വാ സങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക?

## ചോദ്യാവലി

1. മധ്യകാലഘട്ടത്തിലെ ഇന്ത്യയിലെ രാഷ്ട്രീയ സ്ഥിതി വിവരിയ്ക്കുക?
2. ഹിന്ദുമതത്തിൽ ഇസ്ലാമിന്റെ സ്വാധീനം വിവരിക്കുക?
3. ഇന്ത്യൻ സംസ്കാരത്തെ സമ്പുഷ്ടമാക്കുന്നതിൽ ഭക്തിപ്രസ്ഥാനം വഹിച്ച പങ്ക് പരിശോധിക്കുക?
4. ആധുനിക ഇന്ത്യൻ ഭാഷകളുടെ വളർച്ചയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?
5. പുതിയ വിശ്വാസങ്ങളായ സിക്കുമതത്തിന്റെയും സൗരാഷ്ട്ര മതത്തിന്റെയും ഉദയം വിവരിക്കുക

## ചോദ്യാവലിയ്ക്കുള്ള ഉത്തരങ്ങൾ

**4.1**

1. ഹിജ്റ വർഷത്തിന്റെ ആരംഭം
2. മുസ്ലീങ്ങൾ റമസാൻ മാസത്തിൽ സേവനമനുഷ്ഠിക്കുന്നതിനെ വ്രതം എന്ന് പറയുന്നു.
3. സൂഫികൾ
4. അബ്ദുൾ ഫാസൽ

**4.2**

1. ഖുതുമ്പ
2. ഷേർഷ

*കുറിപ്പുകൾ :*

3. രജപുത്ര
4. വൈസ്–റീഗൽ–ലോഡ്ജ്

**4.3**

1. നിർഗുണ ഭക്തിപ്രസ്ഥാനം, സഗുണ പ്രസ്ഥാനം
2. നിർഗുണ കവികൾ നാനാക്ക്, കബീർ. സഗുണ കവികൾ തുളസീദാസ്, സൂർദാസ്

**4.4**

1. ഗർഭ, കൽബേലിയ, ബംഗ്ര (ഏതെങ്കിലും രണ്ട്)
2. പഞ്ചാബിലെ ഫുൽകരി, ലക്നൗവിലെ ചികാൻ അലങ്കാര വേലകൾ.

**4.5**

1. ഗുരുഗോവിന്ദ് സിംഗ്
2. സോരാഷ്ട്രീയൻ

**4.5**

1. ഗുരു ഗോവിന്ദസിംഗ്
2. സൗരാഷ്ട്ര മതക്കാർ

കുറിപ്പുകൾ :

# 5

# ആധുനിക ഇന്ത്യ

ആധുനിക കാലഘട്ടം, മധ്യകാലഘട്ടം, പ്രാചീനകാലഘട്ടം എന്നിങ്ങനെ വളരെ സുരക്ഷിതമായി നമ്മുടെ ഇന്ത്യയുടെ ചരിത്രത്തെ വിഭജിക്കാം.

പ്രാചീനകാലഘട്ടം ആരംഭിച്ചത് വളരെകാലങ്ങൾക്ക് മുമ്പാണ്. അതായത് ഭൂമിയിൽ മനുഷ്യൻ താമസിക്കുവാൻ തുടങ്ങിയ കാലം. ആദ്യപാഠത്തിൽ നിങ്ങൾ വായിച്ചതാണ് മധ്യകാലഘട്ട ഇന്ത്യയിൽ എന്ത് സംഭവിച്ചു എന്നതിനെക്കുറിച്ച്, അതായത് 18–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ.

18–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിലനിന്നിരുന്നതും അതായത് 8–ാം നൂറ്റാണ്ടിൽ മധ്യകാല ഇന്ത്യയിൽ എന്തുസംഭവിച്ചു എന്നതിനെക്കുറിച്ച് നിങ്ങൾ മുൻപാഠങ്ങളിൽ വായിച്ചിട്ടുണ്ട്. ഇപ്പോൾ നമുക്ക് ആധുനിക കാലഘട്ട ചരിത്രത്തെക്കുറിച്ച് വായിച്ചറിയാം. കഴിഞ്ഞ രണ്ട് കാലഘട്ടത്തിൽ നിന്ന് നിങ്ങൾ തീർച്ചയായും കണ്ടെത്തിയിട്ടുണ്ടാവും സമൂഹത്തിൽ, സാമ്പത്തികത്തിൽ, സംസ്കാരത്തിൽ എല്ലാം വളരെ വലിയ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് ഈ വ്യത്യാസങ്ങളെ നമുക്ക് മനസ്സിലാക്കാൻ കഴിയും വളരെ ദ്രുതഗതിയിൽ ഉള്ള പുരോഗതി, വളർച്ച എന്നെല്ലാം. ഇവ നമ്മുടെ ജീവിതത്തിൽ വളരെ ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

തുർക്കികൾ, അഫ്ഗാനികൾ, മുഗളന്മാർ എന്നിങ്ങനെ വിദേശ രാജ്യങ്ങളിൽ നിന്ന് ഇവിടെ എത്തിച്ചേർന്നവരെല്ലാം ഇന്ത്യയെ അവരുടെ രാജ്യമായി കണ്ടു. പക്ഷേ ആധുനിക ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണാധികാരികൾ വിദേശികളായിത്തന്നെ നിലകൊണ്ടു. എന്നിരുന്നാലും ബ്രിട്ടീഷുകാർ അവരുടെ കോളനി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ധാരാളം സാമൂഹിക–സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ ഇവിടെ നടപ്പിലാക്കി. ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധമേഖലകളിൽ അഗാധമായ സ്വാധീനം ഉണ്ടാക്കാൻ ഈ പ്രക്രിയക്ക് സാധിച്ചു. ബ്രിട്ടീഷ് വാസ്തുവിദ്യയുടെ സ്വാധീനം മനസ്സിലാക്കാൻ ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവൻ സന്ദർശിച്ചാൽ മതിയാകും. കൽക്കത്തയിലേയും മുംബൈയിലേയും രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലെയും കെട്ടിടങ്ങളിൽ ഈ സ്വാധീനം നിങ്ങൾക്ക് കാണാൻ കഴിയും. ഇവയെല്ലാം ഇന്ന് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗങ്ങളാണ്. ഇവയ്ക്കെല്ലാം പുറമേ ഒരു ഏകീകൃത ഭരണസംവിധാനം, പാശ്ചാത്യആശയങ്ങളിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം, ശാസ്ത്രം, തത്വശാസ്ത്രം എന്നിവ ബ്രിട്ടീഷ് ഭരണത്തിന്റെ സംഭാവനകളാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച സാമൂഹിക മതപരിഷ്കരണ പ്രസ്ഥാനങ്ങൾ ഒരു ആധുനിക ഇന്ത്യയുടെ രൂപീകരണത്തിന് സഹായകമായി എന്ന അറിവ് നിങ്ങൾക്ക് വളരെ സന്തോഷം പകർന്നു തരുന്ന ഒന്നായിരിക്കും.

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം വായിച്ചാൽ

- പാശ്ചാത്യരാജ്യങ്ങളിൽ 18–ാം നൂറ്റാണ്ടിലുണ്ടായ സംഭവങ്ങൾ മനസ്സിലാക്കാനും ഇന്ത്യയിൽ അതിന്റെ സ്വാധീനം കണ്ടെത്താനും കഴിയും.



കുറിപ്പുകൾ :

- പതിനെട്ടാം നൂറ്റാണ്ടിൽ അവസാന വർഷങ്ങളിലെ ഇന്ത്യയുടെ അവസ്ഥ വിശദീകരിക്കാനാവും.
- ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ഈ കാലയളവിലെ സാമൂഹികവും മതപരവുമായ സാഹചര്യങ്ങൾ പരിശോധിക്കാനാവും
- രാജാറാം മോഹൻ റോയ്, സ്വാമി വിവേകാനന്ദ സരസ്വതി തുടങ്ങിയ സാമൂഹ്യ മതപരിഷ്കർത്താക്കളുടെ സംഭാവനകൾ മനസ്സിലാക്കാം.
- ജനങ്ങളുടെ ഇടയിൽ ദേശീയത പ്രചരിപ്പിക്കുന്നതിൽ അച്ചടിശാലകളും പത്ര മാധ്യമങ്ങളും വഹിച്ച പങ്ക് മനസ്സിലാക്കാം.
- ഇന്ത്യൻ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളെ വിലമതിക്കുന്നു.

## 5.1 പാശ്ചാത്യരുടെ ഉയർച്ചയും വളർച്ചയും അതിന്റെ ഇന്ത്യയുടെ മേലുള്ള പ്രത്യാഘാതവും

1450 മുതൽ മൂന്ന് പ്രധാനപ്പെട്ട പുരോഗതികൾ യൂറോപ്പിന്റെ രൂപത്തിൽ മാറ്റം വരുത്തി. 1. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തം, 2. നവീകരണപ്രസ്ഥാനത്തിന്റെയും നവോതാഥാനത്തിന്റെ വ്യാപനവും ആരംഭവും, 3. പുതിയ വ്യാപാര പാതകളുടെ കണ്ടെത്തൽ. അതിനുശേഷം യൂറോപ്പിൽ വലിയ പുരോഗതി ഉണ്ടായി. ശാസ്ത്രത്തിന്റെ, പര്യവേഷണത്തിന്റെ, ആയുധ നിർമ്മാണ മേഖലയിൽ എല്ലാം പുരോഗതി നേടി. വളരെ പെട്ടെന്ന് ലോകത്തിലെ തന്നെ ഏറ്റവും നല്ല സൈന്യവും, നാവികപ്പടയും അവരുടേതായി. ശാസ്ത്രത്തിന്റെ പഠനം വ്യാപിക്കാൻ തുടങ്ങി. തത്വശാസ്ത്രങ്ങളും കാര്യകാരണങ്ങളും, അങ്ങനെ ഉരകല്ലുകളായി പഴയ സിദ്ധാന്തങ്ങളുടെ മേൽ മാറ്റുരച്ച് പഠനങ്ങൾ പരിശോധിക്കപ്പെട്ടു.

യൂറോപ്യൻ രാജ്യങ്ങളുടെ കൂട്ടത്തിൽ പോർട്ടുഗീസ് അതിനുശേഷം ഡച്ച്, ഫ്രഞ്ച് അവസാനം ബ്രിട്ടനും ഇന്ത്യയിൽ നിന്നുള്ള വ്യാപാരത്തെ നിയന്ത്രിക്കുന്നതിനുള്ള കൂട്ടത്തിൽ പ്രവേശിച്ചു. ബ്രിട്ടീഷുകാർ അത്യന്തികമായി വ്യാപാരം നിയന്ത്രിക്കുന്ന കാര്യത്തിൽ മാത്രമല്ല രാജ്യത്തെ നിയന്ത്രിക്കുന്ന കാര്യത്തിൽ വിജയിച്ചു. കൂടാതെ രണ്ടു നൂറ്റാണ്ടുകാലം ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിന്റെ അടിമത്തത്തിലായിരുന്നു. ഇന്ത്യയുടെ മുഴുവൻ വിഭവങ്ങളും യാതൊരു ദയയുമില്ലാതെ ചൂഷണം ചെയ്തു. ഭരിക്കുന്ന രാജ്യത്തിന്റെ നേട്ടങ്ങൾക്കായി സമ്പത്ത് ബ്രിട്ടനിലേക്ക് ഒഴുകി.

ഇന്ത്യയിയിൽ നിലനിന്നിരുന്ന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾ ബ്രിട്ടീഷുകാർ അവരുടെ താത്പര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഉപയോഗിച്ചു. മുഗൾ-സാമ്രാജ്യത്തിന്റെ തകർച്ചക്കുശേഷം അവിടെ ധാരാളം സംസ്ഥാനങ്ങൾ പ്രത്യക്ഷമായി. പരസ്പരം കലഹിച്ച് നിന്നിരുന്ന രാജാക്കന്മാരുടെ അവസ്ഥ ബ്രിട്ടീഷുകാർ നേട്ടമായി എടുത്തു. ബ്രിട്ടീഷുകാർ ഉപയോഗിച്ച അതേ തത്വം തന്നെയാണ് മൈസൂറിലെ ടിപ്പു സുൽത്താനും പരിശ്രമിച്ചത്. എന്തായിരുന്നാലും, അതായത് ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിലുള്ള ശത്രുത മുതലാക്കാൻ. പക്ഷെ ശക്തനായ ബ്രിട്ടീഷുകാരുടെ മുമ്പിൽ തന്റെ ശ്രേഷ്ഠമായ നയതന്ത്രം തിളങ്ങിയില്ല.

തുടർച്ചയായ ഘട്ടങ്ങളിലൂടെ ഇന്ത്യയുടെ മേൽ ബ്രിട്ടീഷ് ആധിപത്യം ഉറപ്പിച്ചു. ആദ്യഘട്ടത്തിൽ ഉൾപ്പെടുന്നത് ഇന്ത്യയുടെ വ്യാപാരത്തിൽ മേൽ ഉള്ള സ്വാധീനം ഉറപ്പിക്കുക. ഇന്ത്യൻ സാധനങ്ങൾ കുറഞ്ഞ വിലക്ക് വാങ്ങിച്ച് വളരെ ഉയർന്ന വിലക്ക് അവ പാശ്ചാത്യ കമ്പോളങ്ങളിൽ വിറ്റു, അങ്ങനെ

കുറിപ്പുകൾ :

ധാരാളം ലാഭം നേടി. കൃഷിക്കാർക്ക് ഒന്നും നൽകാതെ ഇതിനായി ഇന്ത്യൻ സേട്ട്മാർ ബ്രിട്ടീഷുകാരെ വളരെയധികം സഹായിച്ചു.

രണ്ടാമത്തെ ഘട്ടത്തിൽ അവരുടെ കയറ്റുമതി ലക്ഷ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഉൽപ്പാദന പ്രവർത്തനങ്ങളുടെ നിയന്ത്രണം ബ്രിട്ടൺ ഏറ്റെടുത്തു. ഈ പ്രക്രിയയിലൂടെ ബ്രിട്ടീഷുകാർ വിജയകരമായി ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിച്ചു. ഇന്ത്യ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിൽക്കുന്നവരായി തീരുവാൻ കാരണം ഇതായിരുന്നു.

മൂന്നാം ഘട്ടം ഒരു തീവ്രമായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനി ചൂഷണത്തിന്റെ കാലഘട്ടമായിരുന്നു. ബ്രിട്ടീഷ് സാമ്പത്തിക താൽപ്പര്യങ്ങൾ സാക്ഷാത്കരിക്കാൻ മാത്രമാണ് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചത്.

വ്യാപാരത്തിലൂടെ ലാഭമുണ്ടാക്കാൻ ആണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നത്. രാജ്യത്തിന്റെ സാമ്പത്തിക, രാഷ്ട്രീയ നിയന്ത്രണം പതിയെ അവർ നേടിയെടുത്തു. എ.ഡി.1757ലെ പ്ലാസി യുദ്ധത്തിനു ശേഷം ബംഗാളിലെ യഥാർത്ഥ നേതാക്കന്മാരായി ബ്രിട്ടീഷുകാർ. വിദേശ സാധനങ്ങളുടെ കയറ്റുമതി അവരുടെ വ്യാപാര പുരോഗതിക്കും ബംഗാളിനു മേലുള്ള രാഷ്ട്രീയ നിയന്ത്രണത്തിനുമായി അവർ ഉപയോഗിച്ചു. വ്യാപാരത്തിലുള്ള വിദേശ ശത്രുക്കളെയും, ഇന്ത്യക്കാരെയും അവർ തുടച്ചു നീക്കി. അങ്ങനെ അവിടെ ഒരു എതിരാളിയും ഇല്ലാതായി. കോട്ടൺ അസംസ്കൃത വസ്തുക്കളുടെ വിൽപ്പനയിൽ അവർ കുത്തക സ്ഥാപിച്ചു. അതിന്റെ ഫലമായി വളരെ ഉയർന്ന വില ബംഗാൾ നെയ്ത്തുകാർ കൊടുക്കേണ്ടതായി വന്നു. ബ്രിട്ടനിലേക്ക് കടക്കുന്ന ഇന്ത്യൻ സാധനങ്ങൾക്ക് അവർ ഉയർന്ന നികുതികൾ അടിച്ചേൽപ്പിച്ചു. അങ്ങനെ അവരുടെ സ്വന്തം വ്യവസായം അവർ സംരക്ഷിച്ചു.

യൂറോപ്പിൽ വ്യവസായ വിപ്ലവത്തിന്റെ കടന്നുവരവോടു കൂടി ഇന്ത്യൻ വ്യവസായങ്ങൾക്ക് കനത്ത ആഘാതം ഉണ്ടായി. 1813 – കൂടി ഇന്ത്യൻ കരകൗശലങ്ങൾക്ക് വിദേശ മാർക്കറ്റും പ്രാദേശിക മാർക്കറ്റും രണ്ടും നഷ്ടമായി. ബ്രിട്ടീഷ് ഫാക്ടറി ഉൽപ്പന്നങ്ങളോട് ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് മത്സരിക്കാൻ കഴിഞ്ഞില്ല. കാരണം അതെല്ലാം യന്ത്രങ്ങൾ ഉപയോഗിച്ച് നിർമിച്ചവയാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇംഗ്ലീഷ് വ്യാപാരികൾ ധാരാളം ധനം സമ്പാദിച്ച് കൂട്ടി. വ്യവസായവും വ്യാപാരവും പരിപോഷിപ്പിക്കാൻ അവർ അത് നിക്ഷേപിച്ചു. അവരുടെ വ്യവസായിക അടിത്തറ വികസിപ്പിക്കുന്നതിനും, സാമ്പത്തിക സഹായത്തിനും ഈസ്റ്റ് ഇന്ത്യാക്കമ്പനി അവരെ സഹായിച്ചു. വ്യാപാരത്തേക്കാൾ ഉപരിയായി ഉൽപ്പാദനത്തിൽ നിന്ന് വലിയ നേട്ടങ്ങൾ കൈവരിച്ചിരുന്ന ഒരു വിഭാഗം ഉത്പാദകർ ആ കാലത്ത് ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നു. ഇന്ത്യയിൽ എത്തി ധാരാളം അസംസ്കൃതസാധനങ്ങൾ സമ്പാദിക്കുന്നതിനും കൂടാതെ അവരുടെ ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് അയക്കുന്നതിനുമാണ് അവർ കൂടുതൽ താൽപ്പര്യം കാണിച്ചത്. 1793നും 1813നും മദ്ധ്യേ വ്യാപാരത്തിൽ കമ്പനിക്ക് ഉണ്ടായിരുന്ന കുത്തകയ്ക്കും അവർ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾക്കുമെതിരെ ഈ ബ്രിട്ടീഷ് ഉൽപ്പാദകർ ഒരു കൂട്ടായ പ്രവർത്തനം ആരംഭിച്ചു. അവസാനം 1813ൽ ഇന്ത്യൻ വ്യാപാരത്തിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ഉണ്ടായിരുന്ന കുത്തകാവകാശം വിജയകരമായി നിരോധിച്ചു. ഇതിന്റെ ഫലമായി ഇന്ത്യ വ്യവസായിക ഇംഗ്ലണ്ടിന്റെ ഒരു സാമ്പത്തിക കോളനിയായി മാറി.

ഇതിന്റെയൊക്കെ ഫലമായി വിലകുറഞ്ഞ ബ്രിട്ടീഷ്യന്ത്രനിർമ്മിതമായ ഉത്പന്നങ്ങൾക്ക് മുന്നിൽ ഇന്ത്യൻ കരം കൊണ്ട് നിർമ്മിച്ച ഉൽപ്പന്നങ്ങൾക്ക് തിര



കുറിപ്പുകൾ :

സ്കരണം അഭിമുഖീകരിക്കേണ്ടി വന്നു. ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിന് വളരെ കുറഞ്ഞ നിരക്കിൽ നികുതി നൽകിയുള്ളൂ. അല്ലെങ്കിൽ സ്വതന്ത്ര നികുതിരഹിത പ്രവേശനമോ ഈ ഉത്പന്നങ്ങൾക്ക് നൽകി. പാശ്ചാത്തീയ ഉൽപ്പന്നങ്ങളോട് ഒരു താൽപര്യം ഉണ്ടാക്കുന്നതിനും അവ വാങ്ങുന്നതിനും ഇന്ത്യക്കാരെ ആധുനികവൽക്കരിക്കപ്പെടണമായിരുന്നു. ബ്രിട്ടീഷുകാരുടെ കരങ്ങളിൽ നിന്ന് ഒരു പാട് ചൂഷണം ഉണ്ടായതിന്റെ ഫലമായി ഇന്ത്യൻ വ്യവസായങ്ങൾ ഒരുപാട് സഹിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യൻ വ്യാപാരതാൽപ്പര്യങ്ങൾക്ക് ഒരു ശ്രദ്ധയും കാണിച്ചില്ല.

ഈ കാലഘട്ടത്തിൽ രാജ്യത്ത് ആധുനികസാങ്കേതിക വിദ്യ പരിചയപ്പെടുത്തിയില്ല എന്ന് മാത്രമല്ല ഇന്ത്യൻ വ്യാപാരങ്ങളെ സംരക്ഷിച്ചുമില്ല. വിദേശ ഉൽപന്നങ്ങളെ സ്വതന്ത്രമായി കടന്നുവരാൻ അനുവദിച്ചത് ഇന്ത്യൻ കരകൗശമേഖല വളരെയധികം കഷ്ടപ്പാടനുഭവിക്കാൻ കാരണമായി. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇന്ത്യൻ കരകൗശലഉൽപ്പന്നങ്ങൾ ബ്രിട്ടനിൽ പ്രവേശിക്കുമ്പോൾ ഉയർന്ന നികുതി ഈടാക്കിയിരുന്നു. ഇന്ത്യൻ ഷുഗർമിൽ ഉയർന്ന നികുതി യഥാർത്ഥ വിലയേക്കാൾ മൂന്ന് മടങ്ങ് വരെ നൽകേണ്ടിവന്നു. അതുകൊണ്ട് ഫലത്തിൽ ഇന്ത്യയിൽ നിന്നുള്ള വ്യാപാരം നിലച്ചു.

എ.ഡി. 1813 ൽ ഇന്ത്യ അസംസ്കൃത പദാർത്ഥങ്ങളുടെ ഒരു വലിയ വിതരണക്കാരനും, ഒപ്പം ഉൽപ്പന്നങ്ങളുടെ ഒരു ഒന്നാന്തരം ഉപഭോക്താവുകൂടിയായി മാറി.

വാണിജ്യപരമായ നേട്ടങ്ങൾക്ക് വേണ്ടി ഇന്ത്യയെ ചൂഷണം ചെയ്യേണ്ടത് ആവശ്യമായി. അതായത് അസംസ്കൃതസാധനങ്ങൾ വാങ്ങുന്നതിനും ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും അതിനായി അവർ ഇന്ത്യയിൽ റയിൽവേയും, ആവിക്കപ്പലുകളും ആരംഭിച്ചു. ഇന്ത്യൻ അസംസ്കൃത സാധനങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നത് സുസാദ്ധ്യമാക്കി ബ്രിട്ടീഷുകാർക്ക് റയിൽവേ വിശാലമായ ഒരു കമ്പോളം തുറന്നു കൊടുക്കുകയും ചെയ്തു.

നിങ്ങൾക്കറിയാമോ 1853ൽ ആദ്യത്തെ റെയിൽവേ ലൈൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത് ബോംബെ മുതൽ താനെവരെയായിരുന്നു. കയറ്റുമതി തുറമുഖങ്ങളും അസംസ്കൃത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളെയും തമ്മിൽ റയിൽവേ പരസ്പരം ബന്ധിപ്പിച്ചു. ഇതിന്റെ ഫലമായി ഇന്ത്യൻ മാർക്കറ്റിലേക്ക് ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ പ്രളയമായി മാറി. രാജ്യത്ത് ദേശീയതയുടെ ഉണർവിനും വളർച്ചക്കും സുപ്രധാനമായ പങ്ക് റയിൽവേ വഹിച്ചു എന്നും നിങ്ങൾക്കറിയാമോ?

ജനങ്ങളെയും, ആശയങ്ങളെയും കൂട്ടിയോജിപ്പിച്ച് കൊണ്ടു വരുന്നതിന് അവർ വളരെയധികം സഹായിച്ചു. പക്ഷെ അത് വിപരീത ഫലം ഉളവാക്കുമെന്ന് ബ്രിട്ടീഷുകാർ ഒരിക്കലും പ്രതീക്ഷിച്ചില്ല.

നിങ്ങൾക്കറിയാമോ? 1853 ൽ ഡൽഹൗസി ആദ്യത്തെ ടെലഗ്രാഫ് ലൈൻ കൽക്കട്ട മുതൽ ആഗ്രവരെ ഇന്ത്യൻ പോസ്റ്റൽ സേവന മേഖലയിൽ ആരംഭിച്ചു.

## ചോദ്യങ്ങൾ 5.1

1. ഇന്ത്യയുടെ മേൽ രാഷ്ട്രീയാധികാരം നേടുന്നതിൽ ആരാണ് വിജയിച്ചത്?
2. ഇന്ത്യൻ ഭരണാധികാരികളിൽ ആരായിരുന്നു ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും തമ്മിലുള്ള ശത്രുത മുതലാക്കാൻ ശ്രമിച്ച് വിജയിക്കാതിരുന്നത്?

*കുറിപ്പുകൾ :*

3. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന്റെ എത്ര ഘട്ടങ്ങൾ കാണാൻ കഴിയും?

## 5.2 ഇന്ത്യ 18-ാം നൂറ്റാണ്ടിൽ – സാമ്പത്തികം, സമൂഹം, സംസ്കാരം

ഇന്ത്യയുടെ 18-ാം നൂറ്റാണ്ടിലെ ചിത്രം നിരവധി വൈരുദ്ധ്യങ്ങളുടെയും എതിർപ്പുകളുടേതുമായിരുന്നു.

മുഗൾ സാമ്രാജ്യത്തിന്റെ കീഴിൽ വിദേശ വ്യാപാരം പുരോഗതി പ്രാപിച്ചു. പേർഷ്യ ഗൾഫ് പ്രദേശങ്ങളിൽ നിന്നും അസംസ്കൃത പട്ടും, പവിഴ മുത്തുകൾ, കമ്പിളി, ഈന്തപ്പഴം, ഉണങ്ങിയ പഴങ്ങൾ എന്നിവ ഇന്ത്യ ഇറക്കുമതി ചെയ്തു. കാപ്പി, സ്വർണ്ണം, മരുന്നുകൾ കൂടാതെ തേൻ മുതലായവ അറേബ്യയിൽ നിന്നും, ചൈനയിൽ നിന്ന് തേയില, ചീനകളിമണ്ണ്, പട്ട് എന്നിവയും ആഡംബര വസ്തുക്കൾ ടിബറ്റ്, സിംഗപ്പൂർ, ഇൻഡോനേഷ്യൻ ദ്വീപുകൾ, ആഫ്രിക്ക, യൂറോപ്പിൽ നിന്നെല്ലാം ഇറക്കുമതി ചെയ്തു.

അസംസ്കൃത പട്ട്, പട്ടുവസ്ത്രങ്ങൾ, നീലം, പഞ്ചസാര, കുരുമുളക് കൂടാതെ മറ്റ് പല വസ്തുക്കളും ഇന്ത്യ കയറ്റുമതി ചെയ്തു. ഇന്ത്യയുടെ കോട്ടൺ വസ്ത്രങ്ങൾ ലോകം മുഴുവൻ വളരെ പ്രശസ്തി നേടിയിരുന്നു.

അനുകൂലമായ ഒരു വ്യാപാര സംതുലനാവസ്ഥ ഉണ്ടായിരുന്നിട്ടും ഇന്ത്യൻ സാമ്പത്തിക അവസ്ഥ നിരന്തരമായ യുദ്ധങ്ങൾ കാരണം മെച്ചപ്പെട്ടില്ല. രാജ്യത്തിന്റെ അകത്തു തന്നെ സിക്കുകാർ, ജാട്ടുകൾ, മറാത്തകൾ കൂടാതെ പുറമെ നിന്നും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെ വിദേശ ആക്രമണങ്ങൾ (നാദിർഷാ 1739 എ.ഡി.), അഹമ്മദ് ഷാ അബ്ദാലി (1761) എല്ലാം സർവ്വസാധാരണമായിരുന്നു. 18-ാം നൂറ്റാണ്ടിലെ യൂറോപ്യൻ രാജ്യങ്ങളായ ഫ്രാൻസ്, ഇംഗ്ലണ്ട്, പോർച്ചുഗൽ, സ്പെയിൻ എന്നിവർ ഇന്ത്യയുമായി വ്യാപാരത്തിനായി തൽപ്പരരായിരുന്നു. രാജ്യത്ത് വളരെയധികം സാമ്പത്തിക രാഷ്ട്രീയ അസ്ഥിരത സൃഷ്ടിക്കുന്നതിന് അവർ കാരണമായി. അത്യന്തികമായി ആ രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും നശിപ്പിച്ചു. പക്ഷെ ഈ സമയത്തിനുള്ളിൽ ഇന്ത്യയുടെ പ്രസക്തി, മഹത്വം ലോകം മുഴുവൻ വ്യാപിച്ചു കഴിഞ്ഞിരുന്നു. മനോഹരമായ കരകൗശലങ്ങളുടെ നാടാണ് എന്ന നിലയിൽ.

സാമൂഹികമായി ജനങ്ങളുടെ സാമൂഹിക, സാംസ്കാരികമായ ജീവിതത്തിൽ ഒരു ഐക്യമാതൃകയും ഉണ്ടായിരുന്നില്ല. ഹിന്ദുക്കളായിരുന്നാലും, മുസ്ലീങ്ങൾ ആയിരുന്നാലും ഭാഷ, വർഗം, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ അവരുടെ ഇടയിൽ വിഭജനം ഉണ്ടായിരുന്നു. ഒരു തൊഴിൽ തിരഞ്ഞെടുക്കുന്നതിൽ, കൂട്ടായി ഭക്ഷണം കഴിക്കുന്നതിൽ, ആഹാരം, വിവാഹകാര്യത്തിൽ എല്ലാം ജാതി നിയമങ്ങൾ നിരീക്ഷിക്കപ്പെട്ടിരിക്കണമായിരുന്നു. ആരെങ്കിലും നിയമങ്ങൾ അനുസരിക്കുന്നില്ല എന്ന് കണ്ടാൽ സമുദായത്തിൽ നിന്ന്, സമൂഹത്തിൽ നിന്ന് നിർബന്ധമായും പുറന്തള്ളിയിരുന്നു.

സയൻസിന്റെ മേഖലയിൽ ഇന്ത്യ വളരെ പുരോഗതി പ്രാപിച്ചതായിരുന്നു. എന്നാൽ ശാസ്ത്രത്തിനെയും കണക്കിനെയും അവർ ഉപേക്ഷിച്ചു. പാശ്ചാത്യർ സയൻസിന്റെ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചു എന്നത് അവർ അവഗണിച്ചു നിലകൊണ്ടു.

അക്കാലങ്ങളിൽ സമൂഹത്തിൽ അദ്ധ്യാപകരെ ബഹുമാനിച്ചിരുന്നു. പാരമ്പര്യത്തിൽ നിമഗ്നമായിരുന്ന വിദ്യാഭ്യാസം. ഗണിത ശാസ്ത്രത്തോടു കൂടി ചേർന്ന് എഴുതിയും വായിച്ചും കുട്ടികൾ പഠിച്ചു. പെൺകുട്ടികൾ സ്കൂളിൽ

*കുറിപ്പുകൾ :*

പോയിരുന്നില്ല. പരോപകാരികളായി സംഭാവന നൽകുന്നവരും കുലീന കുടുംബങ്ങളിലെ അംഗങ്ങളും പ്രാദേശിക ഭരണാധികാരികളും ആയിരുന്നു വിദ്യാഭ്യാസത്തിന്റെ രക്ഷാധികാരികൾ അല്ലാതെ ഗവൺമെന്റ് ആയിരുന്നില്ല.

### ഹിന്ദു-മുസ്ലീം ബന്ധങ്ങൾ


രണ്ടു മതങ്ങളിലെയും ജനങ്ങൾ തമ്മിൽ നല്ല സൗഹൃദബന്ധം നിലനിന്നിരുന്നു. മതസഹിഷ്ണുത പ്രാവർത്തികമായിരുന്നു. മതകാര്യങ്ങളെക്കാൾ ഉപരി സ്വാർത്ഥതാൽപ്പര്യങ്ങളുടെ പേരിലും സംഘട്ടനങ്ങൾ നടന്നിരുന്നു. ഓരോരുത്തരുടെയും ഉൽസവങ്ങളിലും രണ്ട് സമുദായങ്ങളിലെയും അംഗങ്ങൾ പങ്കെടുത്തിരുന്നു. വളരെയധികം ഹിന്ദുക്കൾ മുസ്ലീം പ്രവാചകന്മാരിൽ വിശ്വസിച്ചു. നേരെ മറിച്ച് മുസ്ലീങ്ങളും തുല്യമായ ബഹുമാനം ഹിന്ദുദേവന്മാരിലും സന്യാസികളിലും പ്രകടിപ്പിച്ചു. യഥാർത്ഥത്തിൽ ഉയർന്ന നിലയിലുള്ള ഹിന്ദുക്കളിലും, മുസ്ലീങ്ങളിലും വളരെയധികം സമാനതകൾ ഉള്ള വസ്തുതകൾ പരസ്പരം ഉണ്ടായിരുന്നു. താഴ്ന്ന തട്ടിൽ അവരുടെ സ്വന്തം സമൂഹത്തിൽ ഉള്ളതിനെക്കാൾ ഉപരിയായി. കൂടാതെ മുസ്ലീങ്ങൾ ഇന്ത്യൻ സംസ്കാരവും മാതൃകയും സ്വീകരിച്ചു. അതിന്റെയെല്ലാം ഫലമായി ഒന്ന് മറ്റൊന്നിൽ നിന്ന് പരസ്പരം വേർതിരിച്ചറിയാൻ ബുദ്ധിമുട്ടായിരുന്നു.

## 5.3 സാമൂഹിക സാഹചര്യങ്ങൾ

നൂറ്റാണ്ടിന്റെ അവസാനത്തിൽ സ്ത്രീകളുടെ സാഹചര്യങ്ങൾ സന്തോഷകരമായിരുന്നില്ല. പെൺകുട്ടികളുടെ ജനനം നിർഭാഗ്യമായാണ് പരിഗണിച്ചിരുന്നത്. കുട്ടിക്കാലത്ത് തന്നെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയച്ചിരുന്നു. ബഹുഭാര്യാത്വം അനുവദിച്ചിരുന്നു. സ്ത്രീകൾക്ക് സ്വത്തിനോ, വിവാഹമോചനത്തിനോ അവകാശമില്ലായിരുന്നു. ഉയർന്ന ജാതികളുടെ ഇടയിൽ സമൂഹത്തിന്റെ കല്പന ശാശ്വതമായ വിധവാത്വം ആണ്. ഈ വിധവകൾ നിറങ്ങൾ ഉള്ള വസ്ത്രങ്ങൾ ധരിക്കുവാനോ അല്ലെങ്കിൽ വിവാഹചടങ്ങുകൾക്ക് പങ്കെടുക്കുവാനോ പാടില്ല കാരണം അവരുടെ സാന്നിദ്ധ്യം അശുഭകരമായി പരിഗണിച്ചിരുന്നു. ആ സാഹചര്യത്തിൽ ശൈശവ വിഹാഹം സർവ്വസാധാരണമായതുപോലെ കൊച്ചു പെൺകുട്ടികൾ വിധവകളുമായി തീർന്നു. അവരെ ശാശ്വതവിധവകളായി വിധിച്ചിരുന്നു. ഇതരജാതികളുമായുള്ള വിവാഹം അനുവദിച്ചിരുന്നില്ല. ഉയർന്ന ജാതിയിൽ ഉള്ള ഒരു വ്യക്തിയുടെ കൂടെയിരുന്ന് ഭക്ഷണം കഴിക്കാൻ താഴ്ന്ന ജാതിയിലെ ഒരു വ്യക്തിയെ അവുവദിക്കുക പോലും ചെയ്തിരുന്നില്ല. അന്ന് നിലവിലിരുന്ന സാമൂഹ്യ സമ്പ്രദായങ്ങൾ മുസ്ലീം സ്ത്രീകളുടെ അവസ്ഥയും ഇതുതന്നെയായിരുന്നു. പർദ്ദ സമ്പ്രദായം, ബഹുഭാര്യാത്വം, സ്വത്തിന്മേലുള്ള അധികാരം, വിദ്യാഭ്യാസമില്ലായ്മ പോലുള്ള ധാരാളം ബുദ്ധിമുട്ടുകൾ മുസ്ലിം സ്ത്രീകൾ അഭിമുഖീകരിക്കേണ്ടി വന്നു.

## 5.4 സാമൂഹിക മതപരമായ പരിഷ്കരണപ്രവർത്തനങ്ങൾ

ക്രിസ്ത്യൻ പുരോഹിതന്മാർ ഇന്ത്യയിലേക്ക് വന്നത് ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ആണ്. ദേവാലയ ശുശ്രൂഷകർ, ശവസംസ്കാരങ്ങൾ, വിവാഹം, മാമോദീസ പോലെയുള്ള അവരുടെ മതപരമായ ചടങ്ങുകൾ സമയത്ത് ചെയ്തു കൊടുക്കാൻ വേണ്ടിയാണ് പുരോഹിതർ എത്തിയത്. കമ്പനിയിലും പുറത്തുമുള്ള ക്രിസ്ത്യാനികളല്ലാത്ത ഉദ്യോഗസ്ഥന്മാരുടെ അടുത്ത് ക്രിസ്തുമതം പഠിപ്പിക്കുവാൻ ആ പുരോഹിതർ പെട്ടെന്ന് തന്നെ ആരംഭിച്ചു. പതിയെ അവർ സ്കൂളുകൾ ആരംഭിച്ചു. അവിടെ പങ്കെടുത്തിരുന്നത് ഇന്ത്യൻ കുട്ടികളാണ്. ക്രിസ്ത്യൻ മിഷണറിമാർ ആഴ്ച്ചപ്പതിപ്പുകളും



*കുറിപ്പുകൾ :*

ക്രിസ്ത്യൻ ആദർശോപദേശങ്ങൾ, സാഹിത്യം എന്നിവ പ്രചരിപ്പിക്കുന്നതിനു വേണ്ടി അച്ചടിശാലകൾ ആരംഭിച്ചു.

ക്രിസ്തുമത പ്രചരണത്തോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് ഇന്ത്യൻ സമൂഹത്തിലും സാമ്പത്തിക മേഖലയിലും വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കി. ഭരണപരവും രാഷ്ട്രീയവുമായ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടു കൂടിയായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചതെങ്കിലും ഇത് ഇന്ത്യക്കാർക്ക് പാശ്ചാത്യദേശത്തിലേക്ക് ജനാലകൾ തുറന്നുകൊടുത്തു. അവർ പുതിയ ആശയങ്ങളായ വിശാലത, യുക്തിവാദം, ജനാധിപത്യം, സമത്വം, സ്വാതന്ത്ര്യം എന്നിവ സ്വീകരിച്ചു. വളരെ പെട്ടെന്ന് ഇംഗ്ലീഷ് ഭാഷ, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാരന്റെ അന്തർദേശീയ ഭാഷയായി മാറി കൂടാതെ അവരെ ഉറപ്പിക്കുന്ന ശക്തിയായി പ്രവർത്തിച്ചു.

### രാജാറാം മോഹൻ റോയി



ഗ്രീക്കും, ലത്തീനും അടക്കം നിരവധി ഭാഷകളിൽ അദ്ദേഹം പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ പങ്ക് ഹിന്ദു സമൂഹത്തെ പരിഷ്കരിക്കുക ഇന്ത്യയെ പുനരുദ്ധരിക്കുക എന്നതായിരുന്നു. അക്കാലഘട്ടത്തിൽ ഹിന്ദുക്കളുടെ ഇടയിൽ നിരവധി സാമൂഹിക ആചാരങ്ങൾ നിലനിന്നിരുന്നു. അവയ്ക്ക് മതപരമായ അനുമതി വേണം എന്ന് അവകാശപ്പെട്ടിരുന്നു. ഇവ ഒന്നും സത്യമല്ല എന്ന് കാണിക്കുന്നതിനായി ആഗ്രന്ഥത്തിൽ നിന്ന് ധാരാളം ഉദാഹരണങ്ങൾ രാജാറാം മോഹൻ റായ് ചൂണ്ടിക്കാണിച്ചു. ആ ഇനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സതി' യായിരുന്നു. ഭർത്താവിന്റെ ചിതയിൽ ഒരു വിധവ ആത്മാഹൂതി ചെയ്യുന്നതിനെ സതി എന്നു പറയുന്നു. ബംഗാളിലും രാജസ്ഥാനിലും വിവിധഭാഗങ്ങളിൽ ഇത് സ്വയം ചെയ്യുന്ന ഒരു ആചാരമായി മാറി. ഇതിനെതിരെ രാജാറാം മോഹൻ റായ് സമരം ചെയ്തു. അതിന്റെ പരിണിതഫലമായി സതി നിരോധിച്ചു. അദ്ദേഹം ബ്രഹ്മസമാജം രൂപീകരിച്ചു. സാമൂഹ്യ സമത്വത്തിന്റെ തത്വവും അദ്ദേഹത്തിന്റെ യുക്തപൂർവ്വമായ സന്ദേശം ബ്രഹ്മസമാജം വഹിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ ഏകപരമോന്നത ദൈവാരാധനയിൽ വിശ്വസിച്ചു. വിഗ്രഹാരാധനയെ എതിർത്തു. ബഹുദൈവാരാധനയെയും അനുഷ്ഠാനങ്ങളെയും അദ്ദേഹം എതിർത്തു.

ബ്രഹ്മസമാജത്തിന്റെ നേതാവായി രാജാറാം മോഹൻ റോയിയെ പിന്തുടർന്ന് വന്നത് രവിന്ദ്രനാഥടാഗോർ ആയിരുന്നു. സമാജത്തിന് ഒരു പുതിയ ജീവൻ പകരാൻ ആദ്ദേഹം ശ്രമിച്ചു. കൂടാതെ രാജാറാം മോഹൻ റോയിയുടെ ആശയങ്ങൾ പ്രചരിപ്പിച്ചു. ഈ കാലമത്രയും സമാജം ഊന്നൽ നൽകിയത് വ്യക്തി സ്വാതന്ത്ര്യം, ദേശീയ ഐക്യം, ഐകമത്യം. ഇന്ത്യയിലെ ദേശീയ ഉണർവിന്റെപ്രകാശനത്തിനു വേണ്ടിയുള്ള ആദ്യത്തെ സംഘടിത വാഹനമായിരുന്നു ബ്രഹ്മസമാജം.

### പ്രാർത്ഥനാ സമാജവും റാനഡേയും

1867 ൽ ആത്മാറാം പാണ്ഡു റാങ്ങിനാൽ ബോംബെയിൽ സ്ഥാപിതമായിരുന്നു പ്രാർത്ഥനാ സമാജ്. മർദ്ദിത വിഭാഗത്തിന്റെ അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ, ധാരാളം സ്ത്രീകളുടെ ഉന്നതിക്ക് വിധവാപുനർവിവാഹം, വിവിധ ജാതികൾ തമ്മിലുള്ള വിവാഹം, പന്തീഭോജനം പോലെയുള്ള സാമൂഹിക



പരിഷ്കരണങ്ങൾ ആരംഭിക്കാൻ അവർ പരിശ്രമിച്ചു. റാനഡേയുടെ അഭിപ്രായത്തിൽ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മേഖലകളിലെ വിജയത്തിന് അനുവദനീയമായിരിക്കില്ല, മതത്തിലുള്ള കാർക്കശ്യം, ജാതിസമ്പ്രദായം, വിഗ്രഹാരാധന എന്നിവക്ക് അദ്ദേഹം ഊന്നൽ നൽകിയില്ല. ദൈവ ഐക്യത്തിൽ അദ്ദേഹം വിശ്വസിച്ചു.

### രാമകൃഷ്ണ പരമഹംസ

ഇന്ത്യൻ സമൂഹത്തെ പുനരുദ്ധരിക്കാൻ സ്വാമി വിവേകാനന്ദൻ രൂപീകരിച്ചതായിരുന്നു രാമകൃഷ്ണമിഷൻ. രാമകൃഷ്ണ പരമഹംസൻ എന്നറിയപ്പെട്ടിരുന്ന ഗഡയാർ ചതോപാദ്ധ്യയുടെ ശിഷ്യനായിരുന്നു രാമകൃഷ്ണൻ.

രാമകൃഷ്ണ പരമഹംസയുടെ പ്രബോധനങ്ങൾക്ക് അവസാനരൂപം നൽകിയത് വിവേകാനന്ദനാണ്. സമത്വത്തിന്റെ സ്വതന്ത്രചിന്തയുടെ, സ്വാതന്ത്ര്യത്തിന്റെ വക്താവായിരുന്നു അദ്ദേഹം. എല്ലാ മതങ്ങളുടെയും ഐക്യത്തിന് അദ്ദേഹം പ്രാധാന്യം നൽകി. അദ്ദേഹം പ്രോത്സാഹിപ്പിച്ചത് വേദാന്ത തത്വശാസ്ത്രത്തിനാണ്. അതിനെ അദ്ദേഹം പരിഗണിച്ചിരുന്നത് സമുചിതമായ 'ചിന്ത' സമ്പ്രദായമാണ്.

### തിയോസഫിക്കൽ സൊസൈറ്റിയും ആനിബസന്റും



ഒരു പരിഷ്കരണ പ്രസ്ഥാനമായിരുന്നു ഇത്. ഇതിനെ ശക്തിപ്പെടുത്തി തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിച്ചത് മാഡം എച്ച്.പി.ബ്ലാവ്സ്കി (1837–91)യും, കേണൽ എസ്.എസ്.ഓൾക്കോട്ടും, കൂട്ടത്തിൽ മറ്റുള്ളവരുമാണ്.

തത്വങ്ങളും, തത്വശാസ്ത്രങ്ങളും, പ്രാചീനഇന്ത്യൻ മതങ്ങളുടെയും പഠനങ്ങളെ ആനിബസന്റ് പ്രചോദിപ്പിച്ചു. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാനായി ആനിബസന്റ് സെൻട്രൽ ഹിന്ദു സ്കൂൾ ആരംഭിച്ചു.

### നാരായണ ഗുരു

ദക്ഷിണ ഇന്ത്യയിലെ പ്രമുഖ സന്യാസി ആയിരുന്നു നാരായണഗുരു. 1854 സെപ്തംബറിൽ കേരളത്തിലാണ് അദ്ദേഹം ജനിച്ചത്.



പ്രാദേശിക അദ്ധ്യാപകന്റെ നിയന്ത്രണത്തിൻ കീഴിൽ അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു. തമിഴിലും, സംസ്കൃതത്തിലും, മലയാളത്തിലും വളരെ നല്ല അറിവുള്ള ആളായിരുന്നു അദ്ദേഹം.

ശ്രീനാരായണ ഗുരു യൗവനകാലം മുതൽ സന്യാസ ജീവിതപാതയിലായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം ഒരുക്കിയിരുന്നത്. മാതാപിതാക്കളുടെ മരണശേഷം യഥാർത്ഥ ജ്ഞാനം/അറിവ് ദാഹിയായുള്ള ഒരു യാത്രക്ക് പുറപ്പെട്ടു. ചട്ടമ്പി സ്വാമികളുമായി അദ്ദേഹം സൗഹൃദബന്ധത്തിൽ എത്തിച്ചേർന്നു.

തീർത്ഥാടനം ചെയ്ത് ഏകാന്തതയിൽ ധ്യാനം ചെയ്ത് പുണ്യമനുഷ്യർക്ക് സേവനം ചെയ്ത് അവടെ സമയം ചെലവഴിച്ചു. ബഹുമാനിക്കപ്പെടേണ്ടവരായി, രണ്ടു സമുദായങ്ങളിലായി ജനിച്ചു. ഈഴവ, നായർ സമുദായങ്ങളിലെ സഹകരണവും സത്പേരും ആശ്രയിച്ചാണ് കേരളത്തിലെ സമഗ്രപുരോഗതി എന്ന്



കുറിപ്പുകൾ :

രണ്ട് സമുദായങ്ങൾക്കും ഗുരു ബോധ്യപ്പെടുത്തി. കേരളത്തിന്റെ തകർച്ചക്ക് കാരണമാകാമായിരുന്ന ഈ രണ്ടു സമുദായങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ അവസാനിപ്പിച്ച് ഒന്നിച്ചു പ്രവർത്തിക്കുന്നതിനും ഈ രണ്ടു സമുദായങ്ങളും ഒന്നായി തീരുന്നതിനുമായി അവർ തീരുമാനിച്ചു.

മതപരവും സാമൂഹ്യപരവുമായ ഒരു പരിഷ്കർത്താവാണ് നാരായണഗുരു. അദ്ദേഹം ജീവിച്ചത് ഒരു സന്യാസി ആയിട്ടാണ്. കേരളത്തിലെ ജനങ്ങളുടെ സാമൂഹികവും, ആത്മീകവുമായ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിന് അദ്ദേഹം ഓരുപാട് പ്രവർത്തിച്ചു.

### മുസ്ലീം പരിഷ്കരണപ്രസ്ഥാനം

മുസ്ലീങ്ങളുടെ ഇടയിൽ ഏറ്റവും ശ്രേഷ്ഠമായ സാമൂഹ്യപരിഷ്കർത്താവായിരുന്നു സർ സയ്യിദ് അഹമ്മദ്ഖാൻ. മുസ്ലീങ്ങളിൽ പുരോഗതി ഉണ്ടാകണമെങ്കിൽ അവർ ഇംഗ്ലീഷ്/ആധുനീക വിദ്യാഭ്യാസം സ്വീകരിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. യുക്തിചിന്തയില്ലായ്മ, അജ്ഞത, മത അസഹിഷ്ണുത ഇവയ്ക്കെല്ലാം എതിരായിരുന്നു സയ്യദ്.

എളുപ്പത്തിൽ വിവാഹബന്ധം വേർപെടുത്തുന്നതിന് മൊഴി ചൊല്ലുക, ബഹുഭാര്യാത്വം, പർദ്ദ സമ്പ്രദായം ഇതിനെയെല്ലാം അദ്ദേഹം നിന്ദിച്ചു. സയ്യദ് അഹമ്മദ് ഖാൻ ആണ് അലിഖർ പ്രസ്ഥാനം ആരംഭിച്ചത്. അലിഖറിൽ മുഹമ്മദൻ ആഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ചു. സംസ്കാരവും ശാസ്ത്രവും വ്യാപിപ്പിക്കുന്ന ഒരു കേന്ദ്രമായി ഇത് മാറി. ഇതാണ് പിന്നീട് അലിഖർ മുസ്ലീം യൂണിവേഴ്സിറ്റിയായി വളർന്നത്.

മുസ്ലീം പുനരുദ്ധാരണത്തിന് സഹായിച്ചത് അലിഖർ പ്രസ്ഥാനമാണ്. ഉർദു എന്ന പൊതുഭാഷ ഇത് അവർക്ക് നൽകി. ഉർദുവിൽ കൃതികൾ രചിക്കുന്നതിനു വേണ്ടി ഒരു മുസ്ലീം പ്രസ്സ് വികസിപ്പിക്കുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ പിന്നീടുള്ള വർഷങ്ങളിൽ സയ്യദ് അഹമ്മദ് ഖാൻ ഇന്ത്യൻ മുസ്ലീങ്ങളെ ദേശീയ പ്രസ്ഥാനത്തിൽ പങ്കുചേരാൻ പ്രോത്സാഹിപ്പിച്ചു. അവർക്ക് ആവശ്യം രാഷ്ട്രീയമല്ല മറിച്ച് വിദ്യാഭ്യാസമാണ് എന്ന് അദ്ദേഹത്തിന് തോന്നി. ഇതിലൂടെ അദ്ദേഹം വർഗീയ ശക്തിയെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഇന്നത്തെ വിഭജനത്തിനും.

### സാമൂഹ്യപരിഷ്കരണം

നിങ്ങൾക്കറിയോമോ എല്ലാ മതപരിഷ്കരണവാദികളും എല്ലാവരും തന്നെ സാമൂഹ്യപരിഷ്കരണപ്രസ്ഥാനത്തിന് സംഭാവന നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം കാരണം ഭൂതകാല ഇന്ത്യയുടെ സവിശേഷതകളായ ജാതിസമ്പ്രദായം, സ്ത്രീപുരുഷ അസമത്വങ്ങൾ ഇവയ്ക്കെല്ലാം മതപരമായ അംഗീകാരങ്ങൾ ആവശ്യമായിരുന്നു.

### സ്ത്രീകളുടെ ഉന്നമനം



ഇന്ന് ഇന്ത്യൻ സാമൂഹിക ജീവിതത്തിലുണ്ടായ ഏറ്റവും ശ്രദ്ധേയ മാറ്റം, സ്ത്രീകളുടെ അവസ്ഥയിലുണ്ടായതാണ്. ശൈശവ വിവാഹം നിയമം മൂലം തുടച്ചു നീക്കാൻ സാമൂഹ്യപരിഷ്കാർത്താക്കളും ഗവൺമെന്റും പരിശ്രമങ്ങൾ നടത്തുകയുണ്ടായി.

സ്ത്രീകളും സ്വയം വളരെയധികം പരിശ്രമങ്ങൾ നടത്തി. തങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിൽ

കുറിപ്പുകൾ :

സ്ഥിരോൽസാഹികളായിരുന്നു അവർ. പ്രധാനമായും ഏറ്റവും നല്ല വിദ്യാഭ്യാസ സാഹചര്യങ്ങളിൽ സൃഷ്ടിക്കുക, സാമൂഹിക ചൂഷണങ്ങൾ തടയുക. സ്ത്രീകളുടെ ഇടയിൽ ഇപ്പോൾ ഒരു രാഷ്ട്രീയ അവബോധം വളർന്നു വരുകയുണ്ടായി. 1930 ൽ ഷാർദ്ദ ആക്റ്റ് പാസാക്കി. പെൺകുട്ടികളുടെ വിവാഹപ്രായം 14 ഉം, ആൺകുട്ടികളുടെ പ്രായം 18ഉം ആയി നിജപ്പെടുത്തി. നിങ്ങൾക്കറിയാമോ മഹാറിഷി കാർവേയ്ക്ക് സ്ത്രീകളുടെ  വിദ്യാഭ്യാസമേഖലയിൽ, അദ്ദേഹം നടത്തിയ ശ്രദ്ധേയമായ പ്രവർത്തനത്തിന് ഭാരതരത്ന അവാർഡ് സമ്മാനിച്ചു. സ്ത്രീകൾക്കു വേണ്ടി സ്കൂളുകൾ  അദ്ദേഹം സ്ഥാപിച്ചു. നിരാശ്രയരും വിധവകളുമായവർക്കുവേണ്ടി തൊഴിൽ ഭവനങ്ങൾ നിർമിച്ചു. വലരെ പെട്ടന്ന് ഈ പ്രസ്ഥാനത്തിന് അംഗീകാരം ലഭിച്ചു. വളരെയധികം സ്കൂളുകളും, കോളേജുകളും സ്ത്രീകൾക്കു വേണ്ടി ആരംഭിച്ചു.

## ജാതിസമ്പ്രദായത്തിനെതിരെയുള്ള പോരാട്ടങ്ങൾ



ആര്യസമാജവും രാമകൃഷ്ണമിഷനും ഈ മേഖലയിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആര്യസമാജം പ്രധാനമായും സംഭാവന നൽകിയിട്ടുള്ളത് അവരുടെ ശുദ്ധി പ്രസ്ഥാനത്തിലൂടെയാണ്. അതായത് ഹിന്ദുമതത്തിൽ നിന്നും മതപരിവർത്തനത്തിലൂടെ ഇസ്ലാംമതം അല്ലെങ്കിൽ ക്രിസ്തുമതം സ്വീകരിച്ച് പോയവരെ തങ്ങളുടെ സ്വന്തം മതത്തിലേക്ക് തിരിച്ചുവരുവാനുള്ള ഒരു തരത്തിലുള്ള ശുദ്ധീകരണമാണിത്.

താഴെക്കിടയിലുള്ള ജനങ്ങളുടെ നേതാവ് ബി.ആർ. അംബേദ്കറും, മഹാത്മാഗാന്ധിയും ആയിരുന്നു. അവരുടെ നന്മക്കായി ധാരാളം സ്കൂളുകളും, കോളേജുകളും അംബേദ്കർ ആരംഭിച്ചു. മഹാത്മാഗാന്ധി മറ്റൊരർത്ഥത്തിൽ ഹരിജൻ എന്ന് അദ്ദേഹം വിളിച്ചിരുന്നവരുടെ തൊട്ടുകൂടായ്മ പോലുള്ള പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. അദ്ദേഹം പറഞ്ഞു അമ്പലങ്ങൾ അവർക്കായി വലിച്ചു തുറന്നു കൊടുക്കുക, അതുപോലെ അവരെയും തുല്യമായി പരിഗണിക്കുക.




ഈ മുന്നേറ്റത്തിന് നിയമപരവും, ഭരണഘടനാപരവുമായ എല്ലാ പിന്തുണയും സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന പോലും നൽകുക ഉണ്ടായി. ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റകൃത്യമായി തൊട്ടുകൂടായ്മ പ്രഖ്യാപിച്ചു. പക്ഷെ നമ്മൾ ഇനിയും വളരെ ദൂരം യാത്ര ചെയ്യണം. നമ്മൾ താലോലിക്കുന്ന സുന്ദരമായ ആ സമൂഹം പരിപൂർണമായും സമത്വത്തിലും, തുല്യതയിലും അടിയുറച്ച  ആ സമൂഹം നേടിയെടുക്കാൻ. ഒരു സമൂഹം അവിടെ എല്ലാ അംഗങ്ങളും പുരുഷന്മാരോ, സ്ത്രീകളോ അവർ ഏത് സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ വന്നവർ ആയിക്കൊള്ളട്ടെ, അവരുടെ ആവശ്യങ്ങൾ സാധൂകരിച്ച് കൊടുക്കുകയും അവർ സന്തോഷമുള്ളവർ ആയിരിക്കുകയും വേണം. അങ്ങനെയുള്ള ഒരു അവസ്ഥ സംജാതമാക്കാൻ നാം എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

കുറിപ്പുകൾ :

## സ്വാമി ദയാനന്ദ



വേദങ്ങളിലും സംസ്കൃതഭാഷയിലുമുള്ള ആധികാരികമായ പാണ്ഡിത്യവും സ്വാമി വിവേകാനന്ദയെ ഒരു അമൂല്യനിധിയാക്കിയിരുന്നു. നൂറ്റാണ്ടുകളായി ഹിന്ദു സമൂദായത്തിലേക്ക് പടർന്നുകയറിയിട്ടുള്ള സാമൂഹികമായ തിന്മകൾക്ക് കാരണം വേദങ്ങളെക്കുറിച്ചുള്ള ജ്ഞാനമില്ലായ്മയാണെന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് അദ്ദേഹം ഹിന്ദുസമൂഹത്തിലെ പ്രശ്നങ്ങളായ വിഗ്രഹാരാധന സ്ത്രീവിദ്യാഭ്യാസം എന്നിവയെ വെല്ലുവിളിച്ചു.

1875ൽ അദ്ദേഹം ആര്യസമാജം സ്ഥാപിച്ചു. വേദങ്ങളുടെ യഥാർത്ഥ ജ്ഞാനം പ്രചരിപ്പിക്കുക എന്നതായിരുന്നു. ഇതിന്റെ പ്രധാന ലക്ഷ്യം, കൂടാതെ ഓരോ പേരുകളിൽ ഹിന്ദുമതത്തിലേക്ക് കയറിക്കൂടിയ തിന്മകളെ ഇത് നിഷ്കാസനം ചെയ്തു. തൊട്ടുകൂടായ്മയെ അദ്ദേഹം എതിർത്തു. അതുപോലെ തന്നെ അദ്ദേഹം എതിർത്തവയാണ് ബഹുഭാര്യാത്വം, അവതാരവാദ അനുഷ്ഠാനങ്ങളും. ദയാനന്ദ സരസ്വതിയുടെ മുദ്രാവാക്യം ഇതായിരുന്നു. 'വേദങ്ങളിലേക്ക് മടങ്ങിപ്പോവുക, അതിന്റെ ആധികാരികത സ്വീകരിക്കുക'.

ഇന്ത്യാചരിത്രത്തിലാദ്യമായി അദ്ദേഹത്തിന്റെ രക്ഷാധികാരത്തിൽ വേദഗ്രന്ഥങ്ങൾ ഇന്ത്യയിൽ അച്ചടിച്ചു. വ്യക്തിപരമായ അദ്ദേഹത്തിന്റെ പ്രധാനകൃതി 'സത്യാർത്ഥപ്രകാശ' ആയിരുന്നു.

സംഭവബഹുലമായ ഒരു ജീവിതത്തിനുശേഷം 1883ൽ സ്വാമി ദയാനന്ദ തന്റെ ഭൗതികശരീരം വെടിഞ്ഞു. അദ്ദേഹത്തിന്റെ അനുയായികൾ ദയാനന്ദ് ആംഗ്ലോ വേദിക് സ്കൂളും (DAV) ഒരു കോളേജ് ലാഹോറിലും (ഇപ്പോൾ പാക്കിസ്ഥാൻ) 1886ൽ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൽ ഏറ്റെടുത്ത് മുന്നോട്ട് നയിച്ചത് ഈ (DAV) പ്രസ്ഥാനമാണ്. അതിനുശേഷം ഇപ്പോൾ ഒരു കുടക്കീഴിൽ 750ൽ പരം സ്ഥാപനങ്ങൾ ഉണ്ട്.

ഈ രണ്ട് ആദ്യകാല സാമൂഹ്യപ്രവർത്തകരുടെ പ്രവർത്തനഫലമായി അതുപോലെ സമാന വ്യക്തിത്വങ്ങളുടെ സംഘടനകളുടെയെല്ലാം ഉദാഹരണത്തിന് ഈശ്വർചന്ദ്ര വിദ്യാസാഗർ, രാധാകാന്തദേവ, തിയോസഫിക്കൽ സൊസൈറ്റി ആര്യസമാജ്, ഇന്ത്യയിലെ കിഴക്കും, വടക്കും–കിഴക്കും ഉള്ള ധാരാളം ജനങ്ങളെ ഉണർത്തി. അതുപോലെ ഇന്ത്യയിലെ നിരവധി സാമൂഹ്യതിന്മകളെ നിരോധിക്കുന്നതിന് ബ്രിട്ടീഷുകാരെ സഹായിച്ചു.

## ജ്യോതിറാവു ഗോവിന്ദറാവു ഫുലേ (1827–90)



'ജ്യോതിബാ' എന്ന പ്രശസ്തപേരിൽ അറിയപ്പെട്ടിരുന്ന ജ്യോതിറാവു, ഗോവിന്ദറാവു ഫുലേ ജനിച്ചത് പൂണെയിലാണ്. മാലി എന്ന താഴ്ന്ന ജാതി കുടുംബത്തിൽ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിലൂടെ മാത്രമേ സ്ത്രീകളെയും വളരെയധികം താഴ്ന്ന ജാതിയിൽപ്പെട്ടവരെയും ഉയർത്തുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അദ്ദേഹം അനേകം സ്കൂളു

കൾ ആരംഭിച്ചു. പ്രത്യേകിച്ച് താഴ്ന്ന ജാതിക്കാർക്കായി. 1873ൽ അദ്ദേഹം സത്യ ശോധക് സമാജം ആരംഭിച്ചു. പിന്നോക്ക വിഭാഗങ്ങൾക്കും തൊട്ടുകൂടാത്തവർ എന്ന് വിളിച്ചിരുന്ന ജനവിഭാഗങ്ങൾക്കും വേണ്ടി സാമൂഹിക നീതി അന്വേഷി ക്കുക എന്നതായിരുന്നു അദ്ദേഹത്തന്റെ പ്രധാന ലക്ഷ്യം. പിന്നീടുള്ള വർഷ ങ്ങളിൽ അദ്ദേഹത്തിന്റെ ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചു. പൂനാ മുനിസിപ്പാലിറ്റിയിലെ ഒരു മെമ്പറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

### പണ്ഡിത രമാബായി (1858–1922)

ഇന്ത്യയിൽ അതിലുപരിയായി മഹാരാഷ്ട്രയിൽ സ്ത്രീ സാമൂഹ്യപരി ഷ്കർത്താക്കളുടെ ഇടയിൽ ഏറ്റവും പ്രധാനപ്പെട്ട പേര് ആയിരുന്നു പണ്ഡിത രമാബായി. പണ്ഡിതയുടെ മാതാപിതാക്കളുടെ മരണശേഷം പുരാണങ്ങളെ ക്കുറിച്ച് പ്രസംഗിച്ചുകൊണ്ട് ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് തുടർച്ചയായി തന്റെ സഹോദരനോടൊപ്പം യാത്രചെയ്തു കൊണ്ടിരുന്നു. ഇതിന്റെ ഒക്കെ പരിണിതഫലമായി അവരുടെ പ്രശസ്തി പണ്ഡിത എന്ന നിലയിലും ഒരു മതപ്രഭാഷക എന്ന നിലയിലും വളരെ വിശാലമായി വ്യാപി ച്ചു. കൽക്കത്തയിലെ പണ്ഡിതസമൂഹം രമാബായിയെ ആ നഗരത്തിലെ ജന ങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി ക്ഷണിച്ചു. പണ്ഡിത രമാബായിയുടെ അറിവും പ്രസംഗവും എല്ലാവരെയും അത്ഭുതപ്പെടുത്തി. അതുകൊണ്ട് വിദ്യാസമ്പന്നകളായ സ്ത്രീകൾക്ക് ഉപഹാരമായി നൽകുന്ന ഒരു നാമം 'പണ്ഡിത' എന്ന് ജനങ്ങൾ രമാബായിയെ വിളിച്ചു തുടങ്ങി.

1882 ൽ രമാബായി പൂനെയിലേക്ക് തിരിച്ചുപോയി. സ്വാഭാവികമായും പ്രാർത്ഥ നാസമാജം രമാബായിയെ സ്വീകരിച്ചു. ഇത് മഹാരാഷ്ട്രയിൽ ബ്രഹ്മസമാജ ത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഒരു നവീകരണ സമൂഹമാണ്. ഇവിടെ സ്ത്രീകളുടെ അവസ്ഥ ഉയർത്തുന്നതിനും രമാബായി ശ്രദ്ധ കേന്ദ്രീകരിച്ചു. 1890ൽ രമാബായി ഷർദ്ദാസദൻ – വിധവകൾക്കുവേണ്ടി ഒരു ഭവനം ആരംഭി ച്ചു. പടിഞ്ഞാറൻ ഇന്ത്യയിലെ സാമൂഹ്യ പരിഷ്കരണങ്ങൾക്കു വേണ്ടി പ്രവർത്തിച്ചു കൊണ്ടിരുന്ന മറ്റ് അറിയപ്പെട്ടിരുന്ന വ്യക്തികൾ ആയിരുന്നു ബ്രഹ്മാജി മൽബാരി, ദാദാബായി നവറോജി, ആർ.ജി.ബദാർക്കർ, മഹാദേവ് ഗോവിന്ദ്, റാനഡേ എന്നിവർ.

## 5.5 പത്രം ആധുനിക ഇന്ത്യയിലെ ഭാഷകളുടെ വളർച്ചയും സാഹിത്യവും

1798ൽ ശിലാലിഖിതങ്ങൾ കണ്ടെത്തി വരക്കുന്നതിനോ അല്ലെങ്കിൽ ഒരു ചിത്രമോ ഒരു ലിഖിതമോ അച്ചടിക്കുന്നതിനുവേണ്ടി പാറകളുടെ ഉപരിതലം പ്രത്യേകമായി തയ്യാറാക്കിയാണ് ഇത് ഉപയോഗിക്കുന്നത്. ഇതേ വസ്തുക്ക ളുടെ വളരെയധികം കോപ്പികൾ ഇതേ രീതിയിൽ അച്ചടിക്കാൻ കഴിയും. ഏതാണ്ട് 1820 മുതൽ തുടർന്ന് നൂറുകണക്കിന് ലഘുലേഖകളും, പുസ്തക ങ്ങളും അച്ചടിച്ചു. ഇന്ത്യയിലെ സാക്ഷരതയിലേക്ക് വളർന്നുകൊണ്ടിരുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കായി സംഭരിച്ച പാശ്ചാത്യർ ഇന്ത്യക്ക് അനുവ ദിച്ച് കൊടുത്ത ഏറ്റവും വലിയ ആനുകൂല്യമായിരുന്നു ഇത്. ഇതിന്റെയൊക്കെ ഫലമായി 19–ാം നൂററാണ്ടിന്റെ അവസാനത്തോടെ പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്ന ഏറ്റവും ശക്തമായ ഒരു ആയുധമായിത്തീർന്നു പത്രങ്ങൾ.

ഇതിനുശേഷം പുതിയ പത്രങ്ങൾ അച്ചടിക്കുന്നത് വലിയ ചിലവേറിയതല്ലാ തായി. അവയുടെ എണ്ണത്തിലുള്ള വർദ്ധനവ് പെട്ടെന്നുള്ള ചുവടുവെയ്പ്പായി രുന്നു. ഇതിനുപകരമായി വ്യത്യസ്തങ്ങളായ ഇന്ത്യൻ ഭാഷകളിൽ സാഹിത്യ കൃതികൾ നിർമിക്കുവാൻ വളരെയധികം എഴുത്തുകാരെ പ്രോത്സാഹിപ്പിച്ചു. അവരുടെ യാഥാർത്ഥകൃതികൾ മാത്രമല്ല തർജ്ജമകൾ പുരാതന ഇന്ത്യയിൽ

നിന്ന് സ്വീകരിച്ചവകൾ പാശ്ചാത്യ സാഹിത്യങ്ങൾ എല്ലാം ഇന്ത്യൻ സാംസ്കാരിക പാരമ്പര്യത്തെ പരിപോഷിപ്പിച്ചു. ഇന്ത്യക്കാർക്ക് ഒരു ഉയിർത്തെഴുന്നേൽപ്പ് നൽകുന്നതിന് ഇത് സഹായിച്ചു. ആഴ്ചപ്പതിപ്പുകൾ, വാരികകൾ, ദ്വൈവാരികകൾ, ദിനപത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ ഏതാണ്ട് എല്ലാ ഭാഷകളിലും തന്നെ പ്രസിദ്ധീകരിച്ചു.

പത്രവായനയുടെ മൊത്തം എണ്ണം യൂറോപ്യൻ രാജ്യങ്ങളിലെ എണ്ണമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യക്കാരുടെ എണ്ണം കുറവായിരുന്നാലും പൊതുവിൽ ഒരു ദേശീയ സാഹിത്യരൂപങ്ങൾ നോവൽ, കഥകൾ, ഉപന്യാസങ്ങൾ, കവിതകൾ എന്നിവ ദേശീയതയെ ഉണർത്തുന്നതിന് സുപ്രധാന പങ്ക് വഹിച്ചു. ബങ്കിംഗ് ചന്ദ്രയുടെ- 'ആനന്ദമാതാ', ദീനബന്ദു മിത്രയുടെ- 'നീൽദർപ്പൺ', ബർട്ടേന്ദു ഹരീഷ് ചന്ദ്രായുടെ- 'ഭാരത് ദുർദശ', ലക്ഷ്മീനാഥ് ബേസ്ബറുവയുടെ- ആസ്സാമീസിലുള്ള കൃതികൾ, സുബ്രഹ്മണ്യ ഭാരതിയുടെ തമിഴിലുള്ള എഴുത്തുകൾ കൂടാതെ അൽത്താഫ് ഹുസൈന്റെ ഉർദ്ദുവിലുള്ള കൃതികൾ മുതലായവ എല്ലാം ഇന്ത്യക്കാരുടെയും ഹൃദയങ്ങളെ ഉത്തേജിപ്പിച്ചു.

### ദിനപത്രങ്ങളുടെ പങ്ക്

അങ്ങനെ 19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിൽ പത്രങ്ങൾ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും, സ്വാധീനിക്കുന്നതിനും അത് മൂർച്ച കൂട്ടുന്നതിനും ശക്തിയുള്ള ഒരു പ്രധാന ഉപകരണമായിത്തീർന്നു.

പരിണിതഫലമായി സുപ്രധാന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിൽ ഗവൺമെന്റ് നയങ്ങളുടെ അഭിപ്രായം പറയുവാനും വിമർശിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അതിലൂടെ ഒരു ബ്രിട്ടീഷ് വിരുദ്ധ മനോഭാവം പ്രചരിപ്പിക്കുന്നതിന് പത്രങ്ങൾ പ്രധാനപ്പെട്ട പങ്ക്‌വഹിച്ചു. ഇന്ത്യയിലെ ജനങ്ങൾക്ക് പ്രധാനപ്പെട്ട രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിനും ഒരു മുഴു-ഇന്ത്യൻ അവബോധം സൃഷ്ടിക്കുന്നതിനും ഇത് സഹായിച്ചു.

**ചില പ്രധാന പത്രങ്ങൾ**

| | | |
|---|---|---|
| ബംഗാൾ | – | ഹിന്ദു പേട്രിയോട്ട് (ഇംഗ്ലീഷ്) |
| | – | അമൃത ബസാർ പത്രിക (ഇംഗ്ലീഷ്) |
| ബോംബെ | – | മറാത്ത (ഇംഗ്ലീഷ്) |
| | – | കേസരി (മറാത്തി) |
| മദ്രാസ് | – | ഹിന്ദു (ഇംഗ്ലീഷ്) |
| | – | സ്വദേശ് മിത്രാൻ (തമിഴ്) |
| പഞ്ചാബ് | – | ട്രിബ്യൂൺ (ഇംഗ്ലീഷ്) |
| | – | കോഹിനൂർ, അക്ബർ ആം (ഉർദ്ദു) |

## 5.6 സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഇന്ത്യ

സ്വതന്ത്ര ഇന്ത്യ അവളുടെ നേട്ടങ്ങളിൽ ശരിയായി അഭിമാനിക്കാൻ കഴിയും. ജനാധിപത്യ റിപ്പബ്ലിക്കിനും, മതേതര ഇന്ത്യക്ക് ഒരു ശക്തമായ സ്വതന്ത്ര ഇന്ത്യ നേടിയ നേട്ടങ്ങളിൽ ഏറ്റവു പ്രധാനപ്പെട്ട ഒന്നാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യ സ്വീകരിതച്ചത് പാർലമെന്ററി രീതിയിലുള്ള ഭരണമാണ് ഇന്നും അത് നന്മയായി നിലനിൽക്കുന്നു. ഇന്ന് ലോകത്തിൽ ഏറ്റവും വലിയ പാർലമെന്ററി ജനാധിപത്യരാജ്യമാണ് ഇന്ത്യ. മറ്റൊരു പ്രധാന നേട്ടം ഇന്ത്യൻ യൂണിയനിലേക്ക് മുമ്പുണ്ടായിരുന്ന നാട്ടുരാജ്യങ്ങളുടെ സംയോജ

നമായിരുന്നു. സംസ്ഥാനങ്ങളുടെ പുനർസംയോജനം ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു ഒരു പ്രക്രിയയാണ്. ജനങ്ങളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും അനുസരിച്ച് പുതിയ സംസ്ഥാനങ്ങളും പുതിയ കേന്ദ്രഭരണപ്രദേശങ്ങളും രൂപീകരിച്ചുകൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം സാമ്പത്തിക ആസൂത്രണം ആരംഭിച്ചു. ഇതിന്റെ എല്ലാം ഫലമായി കാർഷികമേഖലയിൽ അധിഷ്ഠിതമായ വ്യവസായങ്ങളിലും പ്രത്യേകിച്ച് കർഷികമേഖലയിലും സാമ്പത്തിക പുരോഗതിയുടെ മേഖലയിലും പരിഗണിക്കത്തക്ക പുരോഗതി കൈവരിച്ചു. ശാസ്ത്ര-സാങ്കേതിക മേഖലകളിൽ എടുത്തുപറയത്തക്ക പുരോഗതി നേടുകയുണ്ടായി. അന്തർദ്ദേശീയ സമ്മേളനങ്ങളിൽ ഇന്ത്യയുടെ ശബ്ദം ഇപ്പോൾ വളരെ ഗൗരവത്തോടെ ശ്രദ്ധിക്കുന്നു കാരണം ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക സ്ഥിരതയും ആ മേഖലയിലുള്ള നയതന്ത്രപരിണാമങ്ങളുമാണ്. യു.എൻ. സെക്യൂരിറ്റി കൗൺസിൽ സ്ഥിരാംഗത്വം നേടുക എന്നതാണ് ഇന്ത്യയുടെ പ്രധാന പ്രശ്നം. അതിന് വിശാലമായ അംഗീകാരം ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നു.

### 5.6.1 ദേശീയ പ്രസ്ഥാനം ആരംഭത്തിൽ

എല്ലാ മേഖലയിലും ഇന്ത്യയുടെ പിന്നോക്കാവസ്ഥയ്ക്കു പ്രധാന കാരണം ബ്രിട്ടീഷ് സാമ്രാജ്യത്വകോളനി വാഴ്ച ആയിരുന്നു. ബ്രിട്ടീഷുകാരുടെ അത്യാഗ്രഹത്തിന്റെയും, ഉദാസീനതയുടെയും ഏറ്റവും മോശമായ ഇരകൾ തൊഴിലാളികളും കൃഷിക്കാരും ആയിരുന്നു. മുതലാളിത്തവും വ്യവസായികളും ബ്രിട്ടീഷ് ഭരണത്തിൽ ഒരിക്കലും സംതൃപ്തരായിരുന്നില്ല. ആ സമയത്ത് അഭ്യസ്തവിദ്യർ വളരെ സുപ്രധാന പങ്ക് വഹിച്ചു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ യഥാർത്ഥരൂപം മനസിലാക്കിയ ആദ്യത്തെ വക്താക്കളായിരുന്നു അവർ. ഉപകാരികളായ ഭരണാധികാരികളാണ് ബ്രിട്ടീഷുകാർ എന്നാണ് അവർ ആദ്യം പ്രതീക്ഷിച്ചിരുന്നത്. ഇപ്പോൾ അവർക്ക് കാണാൻ കഴിയും പൊതുവിൽ ബ്രിട്ടീഷുകാർ പൂർണമായും വ്യക്തിപരമായ സ്വാർത്ഥതയാൽ നയിക്കപ്പെടുന്നവരും, വ്യക്തിതാൽപ്പര്യവും അത്യാഗ്രഹവും ഉളവരായിരുന്നു എന്ന്. 19-ാം നൂറ്റാണ്ടോടു കൂടി എല്ലാ ഇന്ത്യക്കാരും ഒന്നിച്ചു ചേർന്നു കാരണം തങ്ങൾക്ക് ഒരു പൊതുശത്രു ഉണ്ടെന്ന് അവർക്ക് മനസ്സിലായി. ബ്രിട്ടീഷുകാർ അവരുടെ നേട്ടങ്ങൾക്കു വേണ്ടി ഇന്ത്യയെ നശിപ്പിക്കുന്നു. രാജ്യത്തിന്റെ ഭരണപരവും സാമ്പത്തികമായ ഏകീകരണം കൊണ്ടുവരുന്നതിന് അവർ സഹായിച്ചില്ല. യന്ത്രവൽകൃത ഗതാഗതങ്ങൾ, വികസിത റോഡുകൾ കൂടാതെ വാർത്താവിനിമയ സംവിധാനങ്ങൾ, ടെലഗ്രാഫ്, റെയിൽവേ എന്നിവ അവർ ആരംഭിച്ചു. ഇവയുടെ സംഭാവനയാണ് ജനങ്ങളുടെ ഏകീകരണം. ബ്രിട്ടീഷുകാരോടൊപ്പം ഇന്ത്യയിലേക്ക് എത്തിയ പാശ്ചാത്യ ചിന്തകളും, വിദ്യാഭ്യാസവും ഇന്ത്യയിലെ ജനതകളിലെ മനസാക്ഷിയെ ഉണർത്താൻ സഹായിച്ചു. ആധുനിക ആശയങ്ങൾ, മനുഷ്യത്വം, ദേശീയത ജനങ്ങളുടെ പരമാധികാരം എന്നിവ ഇന്ത്യക്കാരെ ദേശീയതയിലേക്ക് നയിക്കാൻ ആരംഭിച്ചു. ദേശീയ വികാരങ്ങൾ വ്യാപിപ്പിക്കുന്നതിൽ സാഹിത്യവും പത്രവും തുല്യമായ പങ്കു വഹിച്ചു. അവിടെ ഉണ്ടായിരുന്ന ധാരാളം രാജ്യസ്നേഹികളായ എഴുത്തുകാർ തങ്ങളുടെ എഴുത്തുകളിലൂടെ ജനങ്ങൾക്ക് പ്രചോദനം നൽകി. 19-ാം നൂറ്റാണ്ടിൽ വീണ്ടും മഹത്വപൂർണമായ പുരാതന ഇന്ത്യയുടെ പുനരുദ്ധാരണം വന്നുചേർന്നു. കുറച്ച് പ്രബുദ്ധരായ യൂറോപ്യന്മാരായിരുന്നു ഇതിനെ നയിച്ചത്. ഇന്ത്യയിൽ ഈ പുനരുദ്ധാരണം സംഭാവനചെയ്ത കുറച്ച് ശ്രേഷ്ഠരായ വിദ്യാസമ്പന്നരും ഉണ്ട് അവർ





രാജ്യത്ത് ഈ ഉണർവിന്റെ ബോധ്യം വ്യാപിപ്പിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഭാഗത്തു നിന്നുള്ള വിവേചനവും, വർഗീയ വിദ്വേഷവും ഇൽബർട്ട് ബില്ലിനെതിരെ ബ്രിട്ടീഷ് പ്രക്ഷോഭം ലോർഡ് ലിറ്റന്റെ ഇന്ത്യ വിരുദ്ധ കാര്യങ്ങളും കൂടാതെ ക്ഷാമവും പട്ടിണിയും മൂലം വളരെയധികം ഇന്ത്യക്കാർ മരണമടഞ്ഞു കൊണ്ടിരിക്കുന്ന സമയത്ത് ബ്രിട്ടീഷുകാരുടെ സമൃദ്ധമായ വിരുന്നു സൽക്കാരങ്ങളും ഇന്ത്യക്കാരിൽ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം തീവ്ര മാക്കുന്നതിലേക്കു നയിച്ചു. 19-ാം നൂറ്റാണ്ടിൽ രാജ്യത്ത് ദേശീയ വികാരം വ്യാപി ക്കുന്നതിന് ഇവയെല്ലാം കാരണമായിത്തീർന്നു. 1885ൽ എ.ഒ.ഹ്യൂമിനാൽ സ്ഥാപി തമായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കടന്നുവരവും ദേശീയ പ്രസ്ഥാ നങ്ങളുടെ രൂപീകരണത്തിനു കാരണമായി. ഇന്ത്യൻ നാഷണൽ കോൺഗ്ര സിന്റെ ചരിത്രം ഇന്ത്യയിൽ ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം ആയിത്തീർന്നു. ആരംഭദിശയിലെ ആദ്യത്തെ 20 വർഷക്കാലത്തെ കാലഘട്ടത്തിൽ രാഷ്ട്രീയ മായി കാര്യമായ നേട്ടങ്ങൾ ഒന്നും കോൺഗ്രസ് നേടിയില്ല. പക്ഷെ ജനങ്ങളിൽ രാഷ്ട്രീയ അവബോധം സൃഷ്ടിക്കുന്നതിലും ഒരു ഐക്യബോധം വളർത്തു ന്നതിലും സാധിച്ചു. ഈ കാലഘട്ടത്തെ നമുക്ക് ദേശീയ പ്രസ്ഥാനത്തിലെ മിതവാദികളുടെ കാലഘട്ടം എന്ന് വിളിക്കാൻ കഴിയും .

'ഭിന്നിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് ഭരണത്തിന്റെ പ്രധാന തന്ത്രത്തിന്റെ ആദ്യത്തെ ഫലമായി പരിഗണിക്കാം മുസ്ലീംലീഗിന്റെ രൂപീകരണം. ഹിന്ദുക്ക ളിൽ നിന്ന് 62 മില്യൺ മുസ്ലീങ്ങളെ വേർപെടുത്തുന്നതിൽ അവർ വിജയിച്ചു എന്നതിൽ ബ്രിട്ടീശുകാർ സന്തോഷവാന്മാരായിരുന്നു. അങ്ങനെ നമ്മുടെ രാജ്യത്ത് വർഗീയതയാകുന്ന ദുഷ്ടസത്വം ഉയർന്നുവന്നു.

### ഹോംറൂൾ പ്രസ്ഥാനം

1914ൽ ഒന്നാം ലോകമാഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ബ്രിട്ടീഷുകാരെ സഹായി ക്കാൻ കോൺഗ്രസുകാർ തീരുമാനിച്ചു. പ്രധാനമായും മിതവാദികൾ വിശ്വസി ച്ചിരുന്നത് ഒന്നാം ലോകമഹായുദ്ധം അവസാനിച്ചു കഴിയുമ്പോൾ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടീഷുകാർ കടപ്പെട്ടിരിക്കും എന്നാണ്. പക്ഷെ വളരെ പെട്ടെന്നു തന്നെ അവർക്ക് മനസ്സിലായി ഈ പ്രതീക്ഷകൾ ഒരിക്കലും സാക്ഷാ ത്കരിക്കുകയില്ലെന്നും കോളനികൾ നിലനിർത്താൻ ആണ് യുദ്ധങ്ങൾ നട ത്തുന്നതെന്നും പരിണിതഫലമായി 1915-16 കാലഘട്ടത്തിൽ 2 ഹോം റൂൾ പ്രസ്ഥാനങ്ങൾ രൂപീകരിച്ചു. ഒരെണ്ണം ആരംഭിച്ചത് തിലകന്റെ നേതൃത്വത്തിൽ പൂനെയിലും മറ്റൊരെണ്ണം ആനിബസന്റിന്റെ നേതൃത്വത്തിൽ മദ്രാസിലും. ഈ ലീഗുകൾ ലക്ഷ്യം വെച്ചത് സ്വരാജ് അല്ലെങ്കിൽ സ്വന്തം ഗവൺമെന്റ് എന്ന ലക്ഷ്യത്തിനായിരുന്നു. ഇന്ത്യൻ ദേശീയ വാദികൾക്ക് ഒരു വ്യക്തമായ ലക്ഷ്യം അത് നേടുന്നതിനായി അവർ നൽകി. ഹിംസയും വിപ്ലവകരമായ രീതികളും ഈ പ്രസ്ഥാനം ഉപേക്ഷിച്ചു കോൺഗ്രസിന്റെ സഹായഘടകമായി ഹോം റൂൾ ലീഗ് പ്രവർത്തിച്ചു.

### 5.6.2 1905-1918 കാലഘട്ടം

1905-1918 നുമിടയിലുള്ള കാലഘട്ടത്തെ ദേശീയപ്രസ്ഥാനത്തെ തീവ്രവാദിക ളുടെ കാലഘട്ടം എന്നു വിളിക്കുന്നു. ഈ പറയുന്ന പശ്ചാത്തലത്തിൽ തീവ്ര വാദികൾ മിതവാദികളെ വിമർശിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ ലക്ഷ്യത്തെ നിർവചിക്കുന്നതിലുള്ള പരാജയം, കാര്യക്ഷമമല്ലാത്ത രീതികളും ലളിതമായ രീതികളും ഉപയോഗിച്ച് പ്രസ്ഥാനത്തെ ഒരു പൊതുജനപ്രസ്ഥാനമാക്കുന്ന തിൽ പരാജയപ്പെട്ടു. ഭരണഘടനാപരിഷ്കരണത്തിനു പകരം സ്വയംഭരണം അല്ലെങ്കിൽ സ്വരാജ് ആവശ്യപ്പെട്ടുകൊണ്ട് പ്രത്യക്ഷ രാഷ്ട്രീയ പ്രവർത്തന

കുറിപ്പുകൾ :

ങ്ങളിൽ ആണ് തീവ്രവാദി ഗ്രൂപ്പ് വിശ്വസിച്ചിരുന്നത്. അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസം നയിക്കപ്പെട്ടത് ത്രിമൂർത്തികൾ എന്ന പേരിൽ പ്രചരിച്ചിരുന്ന ലാൽ, ബാൽ, പാൽ സഖ്യം അതായത് ലാലാ ലജ്പത് റായി, ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ. സ്വാമി വിവേകാനന്ദ, സ്വാമി ദയാനന്ദ സരസ്വതി കൂടാതെ അരബിന്ദ ഘോഷ് ഇവരുടെ ആശയങ്ങളും പ്രഭാഷണങ്ങളും തീവ്രവാദികളുടെ തത്വശാസ്ത്രത്തെ ഉത്തേജിപ്പിച്ചു. കഴ്സന്റെ ഇന്ത്യയിലെ അടിച്ചമർത്തൽ നയങ്ങളും വർഗീയതയുടെ മാനദണ്ഡത്തിൽ ബംഗാൾ വിഭജനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തി. 'ഭിന്നിച്ചു ഭരിക്കുക' എന്നത് പ്രക്ഷോപത്തിന് പെട്ടെന്നുള്ള കാരണമായി. ബംഗാൾ വിഭജനത്തിനെതിരെ ഒരു പ്രക്ഷോപം അവിടെ ഉണ്ടായി. ഇതിനായി പ്രക്ഷോപകാരികൾ സ്വീകരിച്ചത് വിദേശവസ്തുക്കളുടെ ബഹിഷ്കരണവും സ്വദേശി അല്ലെങ്കിൽ സ്വദേശത്ത് ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ സ്വീകരിക്കുക എന്നതായിരുന്നു. ബഹിഷ്കരണവും, സ്വദേശിയും വളരെപെട്ടെന്ന് പ്രചരിച്ചു രാജ്യവ്യാപകമായ ഒരു പ്രസ്ഥാനമായിത്തീർന്നു. സമൂഹത്തിലെ എല്ലാവിഭാഗത്തിൽപ്പെട്ടവരും കുട്ടികളും, സ്ത്രീകളും ഉൾപ്പെടുന്നവർ പ്രക്ഷോപത്തിൽ വളരെ ക്രിയാത്മകമായി തീർന്നു. ഇത് ഒരു പൊതുജനപ്രസ്ഥാനമായിത്തീർന്നു. ബ്രിട്ടിഷ് ഗവൺമെന്റ് എല്ലാത്തരത്തിലുള്ള ഹിംസാത്മക അടിച്ചമർത്തൽ നടപടികളും പ്രക്ഷോഭം നിയന്ത്രിക്കാൻ ഉപയോഗിച്ചു.

### 5.6.3 1919–1934 കാലഘട്ടം

മൊൺസേഗു, ചെംസ്ഫോർഡ് പരിഷ്കരണം പ്രവിശ്യകളിൽ ദ്വിഭരണ സംവിധാന ആരംഭിച്ചു. കൂട്ടത്തിൽ ഗവൺമെന്റ് ഇന്ത്യ ആക്റ്റ് 1919 ഉം മിതവാദികൾ ഈ പരിഷ്കരണങ്ങൾ സ്വാഗതം ചെയ്തു. അപ്പോൾ തീവ്രവാദികൾ അവയെ തള്ളിക്കളഞ്ഞു. രാഷ്ട്രീയ ഹിംസകൾ അടിച്ചമർത്താൻ 1919ൽ തന്നെ റൗലറ്റ് നിയമവും പാസാക്കി. ഈ പാശ്ചാത്തലത്തിൽ ഇന്ത്യൻ സ്വതന്ത്രപ്രസ്ഥാന പ്രവർത്തനത്തിന് ഒരു പുതിയ രാഷ്ട്രീയ മുഖം പ്രത്യക്ഷപ്പെട്ടു. കോൺഗ്രസിലെ നേതൃത്വനിരയിലെ ശൂന്യതയെ ഇല്ലാതാക്കി പ്രമുഖ നേതൃത്വം വഹിച്ചത് മഹാത്മാഗാന്ധിയായിരുന്നു. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാർക്കെതിരെ വ്യാപിച്ചിരുന്ന വേർതിരിവിനെതിരെ നിന്ന് പ്രസ്ഥാനത്തെ നയിച്ചത് ഗാന്ധിജിയായിരുന്നു. അദ്ദേഹം ഉപയോഗിച്ച രാഷ്ട്രീയ ആയുധത്തെ സത്യാഗ്രഹം എന്ന് വിളിക്കാം. അദ്ദേഹത്തിന്റെ ഇന്ത്യയിലെ ആദ്യത്തെ വിജയമായിരുന്നു ചമ്പാരൻ സത്യാഗ്രഹം. സ്വതന്ത്ര പോരാട്ടങ്ങളിലെ ഒന്നാമത്തെ ഘട്ടത്തിന്റെ ആരംഭമായിരുന്നു അത്. ഇതിനെ ഗാന്ധിയൻ കാലഘട്ടം എന്ന് വിളിക്കാം. റൗലക്റ്റ് നിയമത്തിനെതിരെ ഒരു പ്രസ്ഥാനം ആരംഭിച്ചു. 1919 ഏപ്രിൽ 13-ാം തീയതി അമൃതസറിൽ ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്നു. ജനറൽ ഡയറിന്റെ നിർദ്ദേശത്തിൽ ആയിരത്തിലധികം ജനങ്ങളെ കൂട്ടക്കൊല ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനം 1919, നവംബറിൽ ആരംഭിച്ചു. തുർക്കി വിഷയത്തിൽ മുസ്ലീം ജനതയോട് ഉള്ള ഗവൺമെന്റിന്റെ തെറ്റായ പ്രവർത്തനങ്ങളെ ശരിയാക്കുന്നതിനായി സമ്മർദ്ദം ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണപ്രസ്ഥാനം ഖിലാഫത്ത് പ്രസ്ഥാനവുമായി ലയിച്ചു. 1920 മാർച്ച് 10ന് ഗാന്ധിജി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ അദ്ദേഹത്തിന്റെ തത്വശാസ്ത്രം അഹിംസയും നിസ്സഹകരണവുമാണെന്ന് വിശദീകരിച്ചു. ബ്രിട്ടീഷ് ജോലി ഉൾപ്പെടെ കോടതികൾ, സ്കൂളുകൾ, കോളേജുകൾ, പൊതുപരിപാടികൾ , ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ എല്ലാം തന്നെ ബഹിഷ്കരിക്കുന്ന ഒരു അതിവിപുലമായ പദ്ധതി അദ്ദേഹം ആരംഭിച്ചു. അതിൽ ഉൾപ്പെട്ടിരുന്നത് സ്വദേശിയുടെ പ്രോത്സാഹനം, തൊട്ടുകൂ

ടായ്മ തുടച്ചു നീക്കുക, ഹിന്ദു-മുസ്ലീം ഐക്യം പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാമായിരുന്നു. സ്വരാജ് പാർട്ടിയുടെ ബാനറിൽ കൗൺസിലിനുള്ളിൽ തന്നെ ഈ സമ്പ്രദായത്തെ എതിർക്കാൻ മോട്ടിലാൽ നെഹ്റുവും തീരുമാനിച്ചു. പക്ഷെ ഇത് മൂന്ന് വർഷത്തിനുള്ളിൽ പരാജയപ്പെട്ടു. 1922 ൽ വിപ്ലവ പ്രവർത്തനങ്ങൾ പുനർജീവിച്ചു. 1934 വരെ ചിന്നിചിതറി തുടരുകയും ചെയ്തു. പ്രമുഖ വിപ്ലവകാരികളുടെ പേരുകളിൽ ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജഗുരു, സുഖ്ദേവ്, ബിസ്മിൽ, അഷ്ഫാക്കുള്ള കൂടാതെ മറ്റുധാരാളം പേരും ഉൾപ്പെട്ടിരുന്നു. മുസാഫർ, സാൻജ, എം.എൻ.റോയിയെപ്പോലുള്ള വിപ്ലവകാരികളും അവിടെ ഉണ്ടായിരുന്നു. മീററ്റ് ഗൂഢാലോചനക്കേസിൽ ദീർഘകാലം ജിയിൽശിക്ഷ ചിലകമ്യൂണിസ്റ്റ് പ്രവർത്തകർക്ക് നൽകി. ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് പുനരവലോകനം നടത്താൻ വേണ്ടി 1919 ൽ സൈമൺ കമ്മീഷൻ രൂപീകരിച്ചു. സൈമൺ കമ്മീഷനിൽ ഒറ്റ ഇന്ത്യക്കാരെപോലും ചേർത്തിരുന്നില്ല. കമ്മീഷൻ ചെന്നിടത്തെല്ലാം ശക്തമായ പ്രതിഷേധപ്രകടനങ്ങളും അഹിംസകളും അഭിമുഖീകരിക്കേണ്ടി വന്നു. ലാഹോറിൽ സമാധാനപരമായ ഒരു പ്രകടനം നയിച്ച ലാലാലജ്പത് റായ് ലാത്തിചാർജിൽ മാരകമായി മുറിവേറ്റ് മരണമടഞ്ഞു. 1928ൽ ൽ ഇന്ത്യക്കു വേണ്ടി ഭരണഘടനയുടെ ഒരു കരടു രൂപരേഖ എഴുതിയുണ്ടാക്കി നെഹ്റു റിപ്പോർട്ട് എന്ന പേരിൽ. 1929 ലെ ലാഹോർ കോൺഗ്രസിൽ വെച്ച് പൂർണ്ണസ്വരാജ് ആണ് ലക്ഷ്യം എന്ന മുദ്രാവാക്യം സ്വീകരിച്ചു. 1930 ജനുവരി 26-ാം തീയതി പൂർണ്ണസ്വതന്ത്രദിനമായി ആഘോഷിച്ചു. 1930 ഏപ്രിൽ 6-ാം തീയതി പ്രശസ്തമായ ദണ്ഡിമാർച്ച് എന്നറിയപ്പെടുന്ന ഉപ്പുസത്യാഗ്രഹത്തിന് ഗാന്ധിജി പോയി. 1934 വരെ നിയമലംഘനപ്രസ്ഥാനം തുടർന്നുപോയി. ഇതിന്റെയെല്ലാം നടുവിൽ വട്ടമേശ സമ്മേളനങ്ങൾ ഉണ്ടായിരുന്നു. പക്ഷെ ഈ പ്രസ്ഥാനം പിൻവലിക്കപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്ന് 1934 ഒക്ടോബറിൽ ഗാന്ധിജി വിരമിച്ചു. ഹരിജൻ എന്ന് വിളിച്ചിരുന്ന തൊട്ടുകൂടാത്തവരും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ പ്രശ്നങ്ങൾ ഗാന്ധിജി ഏറ്റെടുത്തു. ഹരിജൻ സേവക് സംഘം സ്ഥാപിച്ചു.

### 5.6.4 സ്വാതന്ത്ര്യത്തിന്റെ നേട്ടം

1935 ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ നിയമം പാസാക്കി. ഇതിൽ ഉൾക്കൊണ്ടിരുന്ന ആവശ്യം ഓൾ ഇന്ത്യ ഫെഡറേഷൻ ആയിരുന്നു. പ്രവശ്യകൾക്ക് സ്വയം ഭരണം ആരംഭിച്ചു. 14% ജനങ്ങൾക്ക് മാത്രമേ വോട്ട് ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. മറ്റുള്ളവരിൽ നിന്നും യൂറോപ്യൻമാർക്കും ആംഗ്ലോ ഇന്ത്യൻസ്, ഇന്ത്യൻ ക്രിസ്ത്യൻസ്, സിക്കുകൾ, മുസ്ലീങ്ങൾ എന്നിവർക്കു വേണ്ടി പ്രത്യേക നിയോജകമണ്ഡലങ്ങൾ നൽകി. ദേശീയ ഐക്യത്തിന്റെ ആവിർഭാവത്തെ ഈ നിയമം നിരുത്സാഹപ്പെടുത്തി. സാമുദായികതയെയും വിഭജനത്തെയും ഇത് പ്രോത്സാഹിപ്പിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ നിയമം നിരാകരിച്ചു. പക്ഷെ ഇവർ തിരഞ്ഞെടുപ്പിൽ പങ്കാളികളാകാൻ തീരുമാനിച്ചു. 1937 ൽ തിരഞ്ഞെടുപ്പു നടന്നു. 11 പ്രവിശ്യകളിൽ 7 എണ്ണത്തിൽ കോൺഗ്രസ് മന്ത്രിസഭ രൂപീകരിച്ചു. ഇത് പല രീതിയിൽ ജനത്തിന് ആശ്വാസം നൽകി. കോൺഗ്രസിന്റെ അകത്തും പുറത്തും രണ്ടിടത്തും സാമൂഹിക ആശയങ്ങൾ വളർന്നു. പ്രഗത്ഭരായ കോൺഗ്രസ് നേതാക്കളായ നെഹ്റു കൂടാതെ ബോസ് എന്നിവരെ സാമൂഹിക ആശയങ്ങൾ സ്വാധീനിച്ചു. ബ്രിട്ടീഷുകാരുടെ ഭിന്നിച്ചു ഭരിക്കുക എന്ന നയം വർഗീയതയിലേക്കാണ് നയിച്ചത്. ഒരു സമുദായത്തെ മറ്റൊന്നിനെതിരെ പ്രവർത്തിപ്പിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ ആരംഭിച്ചു.

*കുറിപ്പുകൾ :*

മുസ്ലീങ്ങളെ പ്രീണിപ്പിച്ച് ദേശീയതയുടെ വളർച്ചയെ തടസപ്പെടുത്താൻ അവർ പരിശ്രമിച്ചു. ന്യൂനപക്ഷ അവകാശങ്ങൾ എന്ന നയം ചോദിക്കാൻ അവരെ പ്രേരിപ്പിച്ചു.

ദേശീയ ഐക്യത്തെ തകർക്കുന്നതിനും ഇന്ത്യൻ ജനതയെ വിഭജിക്കുക എന്ന ലക്ഷ്യം തന്നെയായിരുന്നു സാമുദായിക നിയോജക മണ്ഡലങ്ങളുടെ ലക്ഷ്യം. 1938ൽ രണ്ട് രാഷ്ട്രം എന്ന സിദ്ധാന്തം ഉരുത്തിരിഞ്ഞു. 1940ൽ വളരെ വ്യക്തമായി ജിന്ന അത് പ്രഖ്യാപിച്ചു. 1933ൽ ബനാറസിൽ ഒരു ഹിന്ദുമഹാസഭയുടെ സമ്മേളനം നടന്നു. സ്വാമി ദയാനന്ദ ആര്യസമാജം സ്ഥാപിച്ചു. സമാജത്തിന്റെ ആഭിമുഖ്യത്തിൽ ശുദ്ധിപ്രസ്ഥാനം ആരംഭിച്ചു. ഹിന്ദു സമുദായത്തെ ശുദ്ധീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി രാഷ്ട്രീയ സ്വയം സേവാ സംഘം (ആർ.എസ്.എസ്.) ഡോ.ഹെഡ്ജേവാർ സ്ഥാപിച്ചു. തീവ്രമായ ദേശീയതയുടെ ചൈതന്യം അവരിൽ ഹൃദയംഗമമാക്കാനും കൂടാതെ ഹിന്ദുക്കളെ സംഘടിപ്പിക്കുക, ഉണർത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഈ ഉദ്ദേശലക്ഷ്യത്തിനു വേണ്ടി ക്രൂരമായി ഉയർന്നു വന്ന സാങ്കേതിക വശമാണ് ശാഖാ. 1939ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ പരിപൂർണ സ്വാതന്ത്ര്യം കോൺഗ്രസ് ആവശ്യപ്പെട്ടു. യുദ്ധത്തിന്റെ അവസാനം ഇന്ത്യക്ക് 'ഡോമിനിയൻ പദവി' ക്രിപ്പ്സ് വിഷൻ 1942 ൽ വാഗ്ദാനം ചെയ്തു. കോൺഗ്രസ് ആ വാഗ്ദാനം നിരാകരിച്ചു. 1942 ആഗസ്റ്റിൽ കോൺഗ്രസും ഗാന്ധിജിയും പൂർണസ്വാതന്ത്ര്യത്തിനായ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം ആരംഭിച്ചു. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ഈ മുന്നേറ്റം വളരെ ക്രിയാത്മകമായിരുന്നു. ആ കാലഘട്ടത്തിൽ ഈ പ്രസ്ഥാനം രണ്ടും – ഹിംസയുടെയും, അഹിംസയുടെയും – പരാജയപ്പെട്ടു. ബ്രിട്ടീഷുകാർക്ക് മനസ്സിലായി അവർ വളരെപെട്ടെന്ന് തന്നെ ഇന്ത്യയിൽ നിന്ന് പുറത്തുപോകേണ്ടി വരുമെന്ന്. സുഭാഷ് ചന്ദ്രബോസും, റാഷ് ബിഹാരി ബോസും, ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗും, ഇന്ത്യൻ നാഷണൽ ആർമിയും (INA) 1943 സിംഗപ്പൂരിൽ ആരംഭിച്ചു. ഇതിനെ ആസാദ് ഹിന്ദ് ഫൗജ് എന്നും വിളിക്കുന്നു.

ജപ്പാൻകാരുടെ സഹായത്തോടെ ഐ.എൻ.എ. ഇന്ത്യൻ അതിർത്തിവരെ എത്തിച്ചേർന്നു. കോഹിമ പിടിച്ചെടുത്തു. പക്ഷെ അവിടെ ഒരു തിരിച്ചടി ഉണ്ടായി. ബ്രിട്ടീഷ് ആർമി ജപ്പാൻകാരെ പരാജയപ്പെടുത്തി. 1945 ആഗസ്റ്റ് ഒരു വിമാനദുരന്തത്തിൽ സുഭാഷ് ചന്ദ്രബോസ് കൊല്ലപ്പെട്ടു എന്ന വാർത്തയും പ്രചരിച്ചു. അതോടൊപ്പം ഐ.എൻ.എ. പ്രസ്ഥാനവും തകർന്നു. യുദ്ധം അവസാനിച്ചശേഷം 1946ന്റെ ആരംഭത്തിൽ തിരഞ്ഞെടുപ്പ് ഇന്ത്യയിൽ നടന്നു. ഭൂരിപക്ഷം സ്ഥാനങ്ങളും കോൺഗ്രസ് നേടി. ഇന്ത്യക്കാർക്ക് അധികാര കൈമാറ്റം ത്വരിതപ്പെടുത്തുന്നതിനായി 1946ൽ മാർച്ചിൽ ഇന്ത്യയിൽ ക്യാബിനറ്റ് മിഷൻ എത്തിച്ചേർന്നു. ക്യാബിനറ്റ് മിഷൻ അതിന്റെ ശുപാർശകൾ മേയ് 16ന് പ്രസിദ്ധീകരിച്ചു. അന്തിമമായ അധികാര കൈമാററത്തിനു വേണ്ടി വിശാലമായ ഒരു ക്യാബിനറ്റ് മിഷനുണ്ടായിരുന്നു. കോൺഗ്രസും മുസ്ലീം ലീഗു തമ്മിൽ ഈ പദ്ധതിയിൽ എതിർപ്പുകൾ ഉണ്ടായിരുന്നു. സംഭവ പരമ്പരകളിൽ വൈസ്രോയി നെഹ്റുവിന്റെ കീഴിലുള്ള കോൺഗ്രസുകാരെ ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിക്കാൻ ക്ഷണിച്ചു. മുസ്ലീംലീഗ് ക്രോധോന്മത്തരായി. അതിന്റെ ഫലമായി വർഗീയലഹളകളും ധാരാളം രക്തചൊരിച്ചിലുകളുമുണ്ടായി. താൽക്കാലിക ഗവൺമെന്റിന് ഒന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല. കാരണം ലീഗ് സഹകരിച്ചില്ല എന്നുമാത്രമല്ല പ്രത്യേക മുസ്ലീം രാജ്യം – പാക്കിസ്ഥാൻ എന്ന അവരുടെ ആവശ്യത്തിനുവേണ്ടി ഉറച്ചു നിന്നും.

ബ്രിട്ടീഷ് പ്രധാനമന്ത്രി ആറ്റ്‌ലി ഫെബ്രുവരിയിൽ പ്രഖ്യാപിച്ചു, 1948 ജൂണിൽ അധികാരകൈമാറ്റത്തിനു വേണ്ടിയുള്ള പദ്ധതി. മാർച്ചിൽ ഇന്ത്യയിലേക്ക് വൈസ്രോയി മൗണ്ട് ബാറ്റൺ പ്രഭുവിനെ അയച്ചു. അധികാരകൈമാറ്റത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ. മുഹമ്മദ് അലിജിന്നയുടെയും ലീഗിന്റെയും അഭിപ്രായഐക്യമില്ലാത്ത മനോഭാവവും പ്രധാനമായും രാജ്യവ്യാപകമായ വർഗീയ രക്തച്ചൊരിച്ചിലും ഇതുപോലുള്ള നിരവധി സമ്മർദ്ദങ്ങൾക്ക് വഴങ്ങി കോൺഗ്രസിന് ഇന്ത്യയുടെ വിഭജനം സ്വീകരിക്കേണ്ടതായി വന്നു. വിഭജനത്തിനു ശേഷം 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രമായി. അർദ്ധരാത്രി (14-15 ആഗസ്റ്റ്) മണിമുഴങ്ങിയപ്പോൾ അധികാര കൈമാറ്റം നടന്നു.

## ചോദ്യങ്ങൾ 5.2

1. ഏത് രീതിയിലുള്ള അച്ചടിയാണ് പ്രത്യേകമായി തയ്യാറാക്കിയ പാറയുടെ ഉപരിതലത്തിന്റെ സഹായത്തോടെ അച്ചടിക്കുന്നത്? ആ ലിപിയെ എന്ത് വിളിക്കുന്നു?
2. ആനന്ദമാതയുടെ രചയിതാവ് ആരാണ്?
3. 'വേദങ്ങളിലേക്ക് മടങ്ങിപ്പോവുക' എന്ന മുദ്രാവാക്യം നൽകിയതാരാണ്?
4. എപ്പോൾ ആണ് ജ്യോതിബാ ഫുലെ സത്യശോധക് സമാജ് ആരംഭിച്ചത്?

## നിങ്ങളെന്തു പഠിച്ചു

- അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തം പോലെയുള്ള സംഭവങ്ങൾ, നവോത്ഥാനവും, നവീകരണവും യൂറോപ്പിൽ പഠനവ്യാപനത്തിലേക്ക് നയിച്ചു. അനധികൃതമായ സിദ്ധാന്തങ്ങളെ ചോദ്യം ചെയ്യാൻ അത് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു.
- ഇന്ത്യയുടെ പാശ്ചാത്യരാജ്യങ്ങളുമായുള്ള ബന്ധം ക്രിയാത്മകമായ ഫലങ്ങൾ ഉളവാക്കി. ഇത് ധാരാളം മത-സാമൂഹിക പരിഷ്കരണപ്രവർത്തനങ്ങളിലേക്ക് നയിച്ചു. സാമൂഹിക തിന്മകളായ സതി സമ്പ്രദായം, ശൈശവ വിവാഹം മുതലായവ.
- വിധവാ പുനർവിവാഹം, നിഷേധം, നിരക്ഷരത, പെൺ ശിശുഹത്യ, ജാതി സമ്പ്രദായം എന്നിവയെ വെല്ലുവിളിച്ചു.
- 1875ൽ ആര്യസമാജം സ്ഥാപിച്ച ഒരു പ്രശസ്ത വേദപണ്ഡിതനായ സ്വാമി ദയാനന്ദയുടെ അനുയായികൾ തൊട്ടുകൂടായ്മ, ബഹുദൈവാരാധന, വിഗ്രഹാരാധന എന്നിവയ്ക്കെതിരെ സമരം ചെയ്തു. സ്ത്രീകൾ തുല്യ സ്ഥാനത്തിനുമായി അപേക്ഷിച്ചു.
- 1798ൽ ശിലാലിഖിതത്തിന്റെ കണ്ടെത്തൽ ഒരു നാഴികക്കല്ലായിരുന്ന വിവിധ പട്ടണങ്ങളിൽ അച്ചടിശാല സ്ഥാപിക്കുന്നതിനും, ദിനപത്രങ്ങൾ, മാസികകൾ ആരംഭിക്കാൻ ഇത് ഇന്ത്യക്കാരെ സഹായിച്ചു.

## ഓരോ ടേമിലുമുള്ള ചോദ്യങ്ങൾ

1. യൂറോപ്പിലെ നവോത്ഥാന നവീകരണപ്രസ്ഥാനം ഇന്ത്യക്കുമേൽ ഉളവാക്കിയ പ്രത്യാഘാതങ്ങളെ വിവരിക്കുക?
2. പരിഷ്കരണ പ്രസ്ഥാനത്തിൽ ആര്യസമാജത്തിന്റെ പങ്കിനെ പിരശോധിക്കുക?

കുറിപ്പുകൾ :

3. വിദ്യാഭ്യാസ മേഖലയിൽ ദയാനന്ദ സരസ്വതിയുടെ സംഭാവനകൾ എന്തെല്ലാമായിരുന്നു?
4. ശിലാലിഖിതങ്ങൾ എന്നാൽ എന്ത്? ഇത് എങ്ങനെ ഇന്ത്യൻ ഭാഷകളുടെ വളർച്ചക്ക് സഹായകമായി?

## ചോദ്യാവലിയ്ക്കുള്ള ഉത്തരങ്ങൾ

**5.1**

1. ഇംഗ്ലണ്ട്
2. ടിപ്പു സുൽത്താൻ, മൈസൂർ
3. മൂന്ന് ഘട്ടങ്ങൾ

**5.2**

1. ശിലാലിഖിതം
2. ബങ്കിംഗ് ചന്ദ്ര
3. സ്വാമി ദയാനന്ദ
4. 1873

*കുറിപ്പുകൾ :*

# 6

## ഇന്ത്യയിലെ ഭാഷകളും സാഹിത്യവും-1

സാഗറും, സമീറും, ആന്റമാൻ, നിക്കോബാർ ദ്വീപുകളിൽ അവധിക്കാലം ആഘോഷിക്കാൻപോയി. അവിടെ അവർ നല്ലതുപോലെ ആസ്വദിച്ച് കടലിൽ കുളിക്കുകയും കൂടാതെ അവിടെ അവർ കുറെ ചെറിയ ദ്വീപുകൾ കണ്ടു. എന്നാൽ അവർ കുറെ പ്രശ്നങ്ങൾ നേരിട്ടു. അവർക്ക് അവിടുത്തെ ആൾക്കാർ സംസാരിക്കുന്ന ഭാഷ മനസ്സിലായില്ല. അതിന്റെ ഫലമായി അവർക്ക് പല കാര്യങ്ങളും മനസ്സിലാക്കാൻ സാധിച്ചില്ല. അവിടുത്തെ ആദിവാസികൾ അവരെപ്പറ്റി പറഞ്ഞുകൊടുക്കുമായിരുന്നു. ഇതിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഭാഷയുടെ പ്രാധാന്യം. ഭാഷ സംസാരിക്കുന്നതിന് ഉപയോഗിക്കും അതിൽ കൂടി നമ്മൾ നമ്മുടെ ചിന്തകൾ പ്രകടിപ്പിക്കും. എന്നാൽ സാഹിത്യം ഒരു കണ്ണാടിയാണ്. അത് ആശയങ്ങൾ പ്രതിഫലിപ്പിക്കും. കൂടാതെ തത്വജ്ഞാനവും , അത് നമ്മുടെ സമൂഹത്തെ നയിക്കും. അതുകൊണ്ട് ഒരു പ്രത്യേക സംസ്ക്കാരത്തെ അറിയാൻ അതിന്റെ ചട്ടങ്ങളും പ്രധാനമാണ്. നമ്മൾ ഭാഷയുടെ പരിണാമരൂപേണയുള്ള വളർച്ചമനസ്സിലാക്കിയിരിക്കേണ്ടതും, സാഹിത്യത്തിന്റെ പലതരത്തിലുള്ള രൂപങ്ങളും, അതായത് കവിത പദ്യം, നാടകവും മതപരവും മതേതരവുമായ എഴുത്തുകൾ മനസ്സിലാക്കണം. ഈ പാഠം പറയുന്നത് പലതരത്തിലുള്ള ഭാഷകളുടെ സ്ഥാനം എന്തെന്നാണ്. നമ്മുടെ രാജ്യത്തിന്റെ സവിശേഷമായ സാംസ്ക്കാരിക പൈതൃകം രൂപപ്പെടുത്തുന്നതിൽ വ്യത്യസ്ത ഭാഷകൾ വഹിച്ച പങ്കിനെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നമുക്ക് മനസ്സിലാക്കാം.

### ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ച് കഴിഞ്ഞാൽ നിങ്ങൾക്ക് എന്തൊക്കെ മനസ്സിലാക്കാൻ കഴിയും.

- ഇന്ത്യയുടെ സമ്പന്നമായ സാമ്പത്തിക പൈതൃകത്തെപ്പറ്റി പരിശോധിക്കുക.
- ഇന്ത്യയുടെ പലതരത്തിലുള്ള ഭാഷകളെപ്പറ്റിയും സാഹിത്യത്തെപ്പറ്റിയും ഉള്ള അറിവ് വികസിപ്പിക്കുക.
- ഇന്ത്യയിലെ പലതരത്തിലുള്ള ഭാഷകളും, സാഹിത്യവും എന്തൊക്കെയാണെന്ന് വിശദീകരിക്കുക.
- ഇന്ത്യയിലെ ഭാഷകളിലേയും സാഹിത്യത്തിലെയും ഐക്യത്തെയും ബഹുമുഖത്വവും വിലമതിക്കുക.
- ഇന്ത്യയുടെ പ്രധാനപ്പെട്ട സംഭാവന ലോകത്തിലെ സാഹിത്യത്തിന് തിരിച്ചറിയുക.



കുറിപ്പുകൾ :

## 6.1 ഇന്ത്യയുടെ ഭാഷകൾ : സംസ്കൃതത്തിന്റെ സ്ഥാനം


മനുഷ്യൻ കൈയ്യഴുത്ത് കണ്ടുപിടിച്ചപ്പോൾ മുതൽ എഴുത്തു സംസ്ക്കാരത്തിലും , ജീവിതരീതിയിലും സമൂഹത്തിലും, സമൂഹത്തിന്റെ സംയോജിപ്പിനും പ്രതിഫലിച്ചു. ഈ പ്രക്രിയയിൽ ഒരോ സംസ്ക്കാരവും അവരുടേതായ ഭാഷ ആവിഷ്ക്കരിക്കുകയും ഒരു വലിയ  സാഹിത്യത്തിന്റെ അടിത്തറ ഉണ്ടാക്കുകയും ചെയ്തു.  ഈ സാഹിത്യത്തിന്റെ അടിത്തറയുടെ പരിഷ്ക്കാരം പറഞ്ഞുതരുന്നു നമുക്ക് , ഓരോ ഭാഷയുടേയും സംസ്ക്കാരത്തിന്റയും ആവിഷ്ക്കാരം ശതാബ്ദങ്ങളായി തുടരുന്നു.

സംസ്കൃതം ഇന്ത്യയുടെ പലഭാഷകളുടേയും അമ്മയാണ്. വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ, ധർമ്മ സൂത്രാസ് , എല്ലാം സംസ്കൃതത്തിലാണ് എഴുതിയിരിക്കുന്നത്. പലതരത്തിലുള്ള മതേതരത്വവും പ്രാദേശികവുമായ സാഹിത്യങ്ങൾ ഉണ്ട്. നേരത്തെ നിലവിൽ ഉണ്ടായിരുന്ന ഭാഷകളും, സാഹിത്യവും പഠിച്ചുകഴിഞ്ഞാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും നമ്മുടെ പരിഷ്ക്കാരം വളരെ മെച്ചപ്പെട്ടതാണെന്ന്. അതുവഴി നമ്മുടെ സംസ്ക്കാരത്തിന്റെ മികവിനേയും , നാനാവിധത്വത്തേയും പ്രശംസിക്കുകയും ചെയ്യുന്നു. ഇതെല്ലാം സാധിച്ചത് അന്നത്തെ ഭാഷ വളരെ പുരോഗമിച്ചതുകൊണ്ടാണ്.

സംസ്കൃതം  നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പുരാതന ഭാഷയാണ്. സം സ്കൃതം ഇന്ത്യയുടെ ഭരണഘടനയിൽ പറഞ്ഞിരുക്കുന്ന ഇരുപത്തിരണ്ട് ഭാഷകളിൽ ഒന്നാണ്. സംസ്കൃതത്തിലെ സാഹിത്യം വളരെ വലുതാണ്.  ഇത് തുടങ്ങുന്നത് വളരെ പുരാതനമായ വിചാരങ്ങൾ ഋഗ്വേദങ്ങളിൽ എഴുതിയിരിക്കുന്നത് മനുഷ്യ നന്മയുടെ പഴയ സാഹിത്യം പൈതൃകമായി കിട്ടിയതാണ്. പിന്നെ സെന്റ്  അവസ്ഥ സംസ്കൃതമായിരുന്നു. , ഭാഷാപരമായും സാഹിത്യപരമായും പഠനത്തിന് പ്രേരണയായത് പതിനെട്ടാം ദശകത്തിൽ വലിയ വ്യാകരണങ്ങൾ പാണിനി സംസ്കൃതം വിശകലനം ചെയ്തു. അതിന്റെ വാക്കുകളുടെ രൂപീകരണം എതിരില്ലാത്ത വിശദമായ വ്യാകരണം ആണ്.  അഷ്ടാധ്യായി,  ബുദ്ധമതത്തിലെ സംസ്കൃതസാഹിത്യം ഉൾപ്പെടുന്ന നല്ല സാഹിത്യത്തിന്റെ  മഹാനായ സ്ക്കൂൾ. പിന്നെ ഹിനായാന സ്ക്കൂളും. ഹിനായാന സ്ക്കൂളിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കൃതി മഹാവസ്തുവാണ്. അത് കഥകളുടെ ഒരു ശേഖരമാണ്. എന്നാൽ ലളിത വിസ്താരം ഏറ്റവും പരിപാവനമായ ഒരു മഹായാനപുസ്തകം ആണ്.

രാജ്യങ്ങളുടേയും പ്രദേശങ്ങളുടെയും അതിർത്തിക്കപ്പുറെ പന്തലിച്ച് ഏക ഭാഷ ഒരു പക്ഷെ സംസ്കൃതമായിരിക്കും. വടക്ക് നിന്ന് തെക്കോട്ടും, കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും ഇന്ത്യയുടെ ഒരു ഭാഗത്തു സംസ്കൃതത്തിന്റെ സംഭാവനയോ അതിന്റെ നിഴലോ ഇല്ലാത്തതില്ല. കൽഹന്റെ രാജതരംഗിണി കാശ്മീരി രാജാക്കന്മാരുടെ ഒരു വിശദമായ കാര്യങ്ങൾ പറഞ്ഞുതരുന്നു. എന്നാൽ ജോന രാജയുടെ കാര്യങ്ങൾ നമ്മൾ പ്രീതിരാജിന്റെ നേട്ടങ്ങൾ പങ്കുവയ്ക്കുന്നു. കാളിദാസന്റെ എഴുത്തുകൾ സംസ്കൃതത്തിന്റെ എഴുത്തിന്റെ ശേഖരത്തോട്  ഭംഗി വർദ്ധിപ്പിച്ചു.

മറ്റു വലിയ സാഹിത്യപരമായ ജോലി അത് ഇന്ത്യയുടെ സാഹിത്യത്തിന്റെ സുവർണ്ണ കാലമായിരുന്നു. അവയിൽ  അഭിജ്ഞാനശാകുന്തളം, മേഘദൂത്, കാളിദാസന്റെ മൃഛഘടികം, ശുദ്രാകന്റെ, സ്വപ്നവാസവദത്തം, ഭാസന്റെ, പിന്നെ രത്നവല്ലി ശ്രീഹർ,യുടേയും ഉൾപ്പെടും. വേറെ കുറെ പേരുകേട്ട കൃതികൾ ചാണക്യന്റെ അർത്ഥശാസ്ത്ര, വാത്സ്യായനന്റെ   കാമസൂത്ര.



*കുറിപ്പുകൾ :*

## 6 .1 പുസ്തകത്തിലെ ചോദ്യങ്ങൾ

1. ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട പുരാതനഭാഷയുടെ പേരു പറയുക ?

2. ഏതാണ് ഏറ്റവും പഴയ പരമ്പരാഗതമായ മനുഷ്യ നന്മയുടെ സാഹിത്യം ?

## 6.2. വേദങ്ങൾ

വേദങ്ങൾ ആണ് പണ്ടു മുതൽ അറിയപ്പെടുന്ന ഇന്ത്യയിലെ സാഹിത്യം. വേദങ്ങൾ എഴുതിയത് സംസ്കൃതത്തിലാണ്. അത് പകർന്നുകൊടുത്തു ഒരുതലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേയ്ക്ക്. നിങ്ങൾക്കറിയാമോ ഇന്നു വരെയുള്ള വേദങ്ങൾ സംരക്ഷിക്കുന്നത് നമ്മുടെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാണ്. അത്തരത്തിലുള്ള സാഹിത്യത്തിന്റെ സ്വത്ത് കാത്ത് സൂക്ഷിക്കുന്നത് വേദങ്ങൾ ആണ്. കലയുടെ എഴുത്തുകൾ അവിടെ ഇല്ലായിരുന്നു. കൂടാതെ എഴുത്തിന്റെ ദൗർല്ലഭ്യം മുൻപ് ഉണ്ടായിട്ടില്ലാത്തത് ഇന്ത്യയുടെ ചരിത്രത്തിൽ.

വേദം എന്ന വാക്കിന്റെ സാഹിത്യപരമായ അർത്ഥം അറിവ് എന്നാണ് ഹിന്ദുസംസ്ക്കാരത്തിന്റെ വേദങ്ങൾ പരിഗണിക്കപ്പെടുന്നത് അനശ്വരവും പവിത്രവുമായ വെളിപ്പാടുകളായാണ്. അവർ ലോകം മുഴുവനും നോക്കുന്നത് ഒറ്റ മനുഷ്യകുടുംബമായിട്ടാണ്. വസുദേവകുടുംബം.

നാല് വേദങ്ങൾ ഉണ്ട് . ഒന്ന് ഋഗ്വേദം , യജുർവേദം, സാമവേദം, അഥർവ്വവേദം, ഓരോവേദവും ഉൾക്കൊള്ളുന്നത് ബ്രാഹ്മണങ്ങൾ, ഉപനിഷത്തുക്കൾ, ആരണ്യകങ്ങൾ ആണ്.

ഋഗ്വേദം, സാമവേദം, യജുർവേദം ഇവ മൂന്നും ഒരുമിച്ച് അറിയപ്പെടുന്നത് ട്രാജി എന്നാണ്. കുറെക്കാലം കഴിഞ്ഞ് അഥർവ്വവേദം ഈ സംഘത്തിൽ വന്നു ചേർന്നു.

### ഋഗ്വേദം

ഋഗ്വേദം ആണ് വേദങ്ങളിൽ വച്ച് ഏറ്റവും ആദ്യത്തേത്. ഇവ 1028 സ്ത്രോത്രങ്ങൾ സംസ്കൃതവേദത്തിന്റെ ശേഖരണമാണ്. ഇവയിൽ മിക്കവയിലും പ്രകൃതിയുടെ മനോഹരമായ വിവരണങ്ങളാണ്. പ്രാർത്ഥനകൾ ലോകത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടിയുള്ളതാണ്. ഇതിന്റെ പാരായണം ഋഷിമാർക്ക് അനിർവചനീയമായ ആത്മസംതൃപ്തി നൽകിയിരുന്നു.

പ്രഗത്ഭരായി അറിയപ്പെടുന്ന ഋഷിമാർ വസിഷ്ഠ, ഗൗതമാ,ഗ്രിതാസമാദാ, വാമദേവ, വിശ്വമിത്ര പിന്നെ ആത്രി ഋഗ്വേദത്തിന്റെ ശ്രദ്ധേയമായ വരദാനം ഇവയാണ്. ഇന്ദ്രാ, അഗ്നി, വരുൺ, രുദ്രാ, ആദിത്യ, വായു, അതിഥി പിന്നെ അശ്വിനി ഇരട്ടകൾ. ശ്രദ്ധേയരായ കുറെ ദേവതകൾ ഇവരാണ് ഉഷ, പ്രഭാതത്തിന്റെ ദേവത, വാക്ക് പ്രസംഗത്തിന്റെ ദേവത, പിന്നെ പൃഥ്വി ഭൂമിയുടെ ദേവത. നിങ്ങൾക്കറിയാമോ പല പ്രാർത്ഥനാഗീതങ്ങളും ആഗോളപരമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ജീവിതത്തിന്റെ ഉത്തമമൂല്യങ്ങളാണ്. അതായത് സത്യസന്ധത, ആത്മാർത്ഥത, ത്യാഗമനോഭാവം, വിനയത്വം, പിന്നെ സംസ്ക്കാരം. പ്രാർത്ഥനകൾ ലോകനന്മയ്ക്കുവേണ്ടിയും ഉന്നതമായ സാംസ്ക്കാരിക സമൂഹത്തിനുവേണ്ടിയും ആവശ്യമാണ്. മതത്തിനോടൊപ്പം ഋഗ്വേദം നമുക്ക് തരുന്നത് രാഷ്ട്രീയപരമായും സാമൂഹ്യപരമായും പിന്നെ സാമ്പത്തികമായും പുരാതന ഇന്ത്യയുടെ അവസ്ഥയെപ്പറ്റിയുള്ള അറിവാണ്.

കുറിപ്പുകൾ :

### യജുർവ്വേദം

യജുർ അർത്ഥമാക്കുന്നത് ത്യാഗം അല്ലെങ്കിൽ ആരാധന എന്നാണ്. ഈ വേദം ഉൾക്കൊള്ളുന്നത് കൂടുതലും പലതരത്തിലുള്ള ത്യാഗത്തിന്റെ മന്ത്രങ്ങളും ഉൾക്കൊള്ളുന്നതാണ്. ഈ വേദം യജ്ഞം നടത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ തരുന്നു. ഈ വേദത്തിന് പദ്യത്തിന്റേയും, ഗദ്യത്തിന്റെയും പരിഭാഷയുണ്ട്. ഈ വേദം മതപരമായ ചടങ്ങുകളെ കൈകാര്യം ചെയ്യുന്നത് കൊണ്ട്. ഈ വേദം നാല് വേദങ്ങളിൽ വെച്ച് ശ്രേഷ്ഠമാണ്. യജുർവേദത്തിന് രണ്ട് വലിയ ശാഖകൾ ഉണ്ട്. അതായത് ശുക്ലയും കൃഷ്ണയജുർവ്വേദയും . അതായത് വജാസനേയി സംഹിതാ, തൈത്രിയ സംഹിതാ. യജുർവ്വേദം കാവ്യത്തിലും എന്നാൽ ഋഗ്വേദം ഗദ്യത്തിലും ആണ് . ഈ പുസ്തകം പ്രതിഫലിപ്പിക്കുന്നത് ഇന്ത്യയുടെ സാമൂഹ്യപരമായും മതപരവും, ആയ അന്നത്തെ അവസ്ഥയെപ്പറ്റിയാണ്.

### സാമവേദം

സാമയുടെ അർത്ഥം സ്വരമാധുര്യം അല്ലെങ്കിൽ പാട്ടുകൾ എന്നാണ് .. ഈ വേദം പതിനാറായിരം രാഗങ്ങളുടെയും, രാഗിനിസിന്റെയും, പിന്നെ സംഗീതത്തിന്റെയും നോട്ടുകൾ ഉൾക്കൊള്ളുന്നതാണ്. ആകെയുള്ള ആയിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ച് കാവ്യങ്ങളിൽ എഴുപത്തിയഞ്ച് മാത്രം അസൽ ആണ്. ബാക്കി എല്ലാം ഋഗ്വേദത്തിൽ നിന്നുള്ളതാണ്. സാമവേദം പ്രതിപാദിക്കുന്നത് ഋഗ്വേദത്തിന്റെ പ്രാർത്ഥനാഗീതം ചൊല്ലുന്നതിന്റെ ഈണമാണ്. ഇത് ഒരു പക്ഷെ അറിയപ്പെടുന്നത് സാമൻ പുസ്തകം എന്നാണ്. ഈ പുസ്തകം ഇന്ത്യയുടെ സംഗീതത്തിന്റെ അഭിവൃദ്ധിയുടെ ഈ കാലയളവിലെ ഒരു തെളിവാണ്.

### അഥർവവേദം

അഥർവ്വവേദം, ബ്രഹ്മവേദം എന്ന പേരിലും അറിയപ്പെടുന്നു. ഈ വേദം 97 രോഗങ്ങൾക്ക് ചികിത്സ വിധിച്ചിരിക്കുന്നു. ഈ വേദത്തിന്റെ ഉത്ഭവകാരണം രണ്ട് ഋഷിമാർ അതായത് അഥർവയും, അൻഗീറാസും ആണ്. അഥർവ്വവേദം ഏറ്റം ബൃഹത്തായ ഒന്നാണ് . എന്തെന്നാൽ ഇത് ആദ്യകാലസംസ്ക്കാരത്തിന്റെ മതപരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നു. ഇതിന് രണ്ട് ശാഖകൾ ഉണ്ട്. ഒന്ന് പൈപാലട, പിന്നെ സൈനക്ക. ഈ പുസ്തകം വിശദമായ അറിവുകൾ തരുന്നു. കുടുംബത്തെപ്പറ്റിയും, സാമൂഹികവും, രാഷ്ട്രീയപരമായും വേദത്തിന്റെ പിന്നീട് ഈ കാലയളവിലെ ജീവിതത്തെപ്പറ്റിയും.

വേദങ്ങളെ മനസിലാക്കുന്നതിനുവേണ്ടി ഇത് അത്യാവശ്യമാണ്. വേദങ്ങാസും , വേദങ്ങളുടെ ശാഖകൾ പഠിക്കുന്നതിനുവേണ്ടി . വേദങ്ങളുടെ ഈ അനുബന്ധങ്ങൾ തരുന്നത് വിദ്യാഭ്യാസം, (ശിക്ഷ) വ്യാകരണം ക്രിയാവിധി (കല്പ) പദങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രം (തിരുക്ത) , അളവുകളെ സംബന്ധിച്ചുള്ള സിദ്ധാന്തം (ചാൻദാ) പിന്നെ ജ്യോതിഷം. സാഹിത്യങ്ങളുടെ നല്ല അംശം ഈ വിഷയങ്ങളുടെ ചുറ്റും വളരുന്നു. ഇവ എഴുതിയിരിക്കുന്നത് കല്പനയുടെ രൂപത്തിലാണ്. സൂത്രാരീതിയിൽ ഇതിനെ പൈന സൂത്ര എന്നു വിളിക്കുന്നു. കാരണം അതിന്റെ സംക്ഷേപാവസ്ഥയാണ്. ഇതിന്റെ ഏറ്റവും പേരുകേട്ട ഉദാഹരണം പാണിനിയുടെ വ്യാകരണം ആണ്. അഷ്ടദ്ധ്യോയ പ്രതിപാദിക്കുന്നത് വ്യാകരണത്തിന്റെ നിയമങ്ങളും ആ കാലഘട്ടത്തിലെ, സാമൂഹ്യമായും, സാമ്പത്തികമായും പിന്നെ സാംസ്ക്കാരികവുമായ വശങ്ങളിലേക്ക് വെളിച്ചം വീശുന്നു.



കുറിപ്പുകൾ :

### ബ്രാഹ്മണങ്ങളും , ആരണ്യകങ്ങളും

നാല് വേദങ്ങൾ കഴിഞ്ഞ് കുറെ ഏറെ ജോലികൾ പുരോഗമിച്ചു. അവയെ വിളിക്കുന്നത് ബ്രാഹ്മണാസ് എന്നാണ്. ഈ പുസ്തകങ്ങൾ കൂടുതൽ വിശദീ കരണങ്ങൾ തരുന്നു. വേദത്തിന്റെ മതപരമായ ചടങ്ങുകളെ സംബന്ധിച്ച്, നിർദ്ദേ ശങ്ങളെ സംബന്ധിച്ച് , പിന്നെ ത്യാഗത്തിന്റെ ശാസ്ത്രം. ബ്രഹ്മണാസിന്റെ പിന്നീടുള്ള ഭാഗങ്ങളെ വിളിക്കുന്നത് ആരണ്യകാസ് എന്നാണ്. എന്നാൽ അവ സാനത്തെ ഭാഗങ്ങൾ തത്വജ്ഞാനത്തെപ്പറ്റിയുള്ള പുസ്തകമാണ്. ഇതിന്റെ പേര് ഉപനിഷത്ത് എന്നാണ്. ഇത് ബ്രാഹ്മണസാഹിത്യത്തിന്റെ പിന്നീടുള്ള ഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഓരോ നാല് വേദങ്ങൾക്കും പിന്നീടുള്ള ബ്രാഹ്മണ പുസ്തകങ്ങൾ ഉണ്ട്. ഋഗ്വേദത്തിന് കൗഷിതകി പിന്നെ ഐട്രിയ റ്റെറ്റീറിയ ബന്ധപ്പെട്ടിരിക്കുന്നു കൃഷ്ണായജുർവേദവുമായി, ശാട്ടപാത്ത്, ശുക്ലായജുർവ്വേ ദവുമായി ബന്ധപ്പെട്ടിരിക്കുന്നു. റ്റാന്റവാ, പഞ്ചവിഷ്ഠ പിന്നെ ജയമണിയാ എന്നിവ അഥർവ്വ വേദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവയിലൂടെ നമുക്ക് വിശ ദമായി അറിവുകൾ സമൂഹത്തെപ്പറ്റിയും , രാഷ്ട്രീയത്തെപ്പറ്റിയും, ആളുക ളുടെ മതപരമായ ജീവിതത്തെപ്പറ്റിയും കിട്ടുന്നു.

ആരണ്യകങ്ങൾ പകർന്നു കൊടുക്കുന്നത് ആത്മാവ് , ജനനം, മരണം പിന്നെ അതിനപ്പുറം ഉള്ളതിനെപ്പറ്റിയാണ്. വാനപ്രസ്ഥത്തിലുള്ള ആളുകൾ ഇത് പഠി ക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. അതായത് മുനികൾ പിന്നെ വന ങ്ങളിൽ സ്ഥിരമായി താമസിച്ചിരുന്ന ആളുകൾ.

ഈ ജോലികൾ എല്ലാം സംസ്കൃതത്തിൽ ആയിരുന്നു. ആദ്യം അവ വാമൊ ഴിയായി പറഞ്ഞുകൊടുത്തിരുന്നത് പിന്നെ വളരെ താമസിച്ച് എഴുത്തിൽ കൂടിയും പകർന്നു നൽകി.

*ഇത് വളരെ പ്രയാസമാണ് വേദങ്ങളുടെ പ്രായം നിർണ്ണയിക്കുന്നത്. കൂടാതെ അവയെഴുതിയ സമയവും മാക്സ് മുള്ളർ പറയുന്നു ഋഗ്വേദം എഴു തിയത് 1000 ബി.സി. ക്ക് മുമ്പാണെന്നാണ്. എന്നാൽലോകമാന്യതിലകന്റെ അഭിപ്രായപ്രകാരം ഇത് 6000 ബി. സിക്ക് മുമ്പാണ് കണക്കാക്കപ്പെട്ടത് എന്ന് പറയുന്നു.*

### ശ്രുതിയും സ്മൃതിയും തമ്മിലുള്ള വ്യത്യാസം

ശ്രുതിയും സ്മൃതിയും ഇവ രണ്ടും പുസ്തകത്തിലെ പലഭാഗങ്ങളെയും പ്രതി നിധീകരിക്കുന്നു. അത് ഉപയോഗിക്കുന്നത് ഹിന്ദുക്കളിലെ ആചാരങ്ങളിലു ള്ളിലെ നിയമാനുശാസനം ഉറപ്പിക്കാനാണ്. ശ്രുതി പവിത്രമായ ഒന്നാണ്. അത് പ്രത്യേകിച്ച് ഒരു നിയമവും ഉൾക്കൊള്ളുന്നില്ല. ഇതിന്റെ പരിപാവനമായ ഉത്ഭവംകൊണ്ട് ഓരോ വരികൾക്കുപകരം മുഴുവനായിട്ടാണ് ഇത് പരിഗണി ക്കുന്നത്. എന്നാൽ ശ്രുതിക്ക് ആഗ്രഹം കൂടുതലും ആലപിക്കുന്നതിനോടും അതിന്റെ ദൈവീകഗുണങ്ങൾ സംരക്ഷിക്കുന്നതിനോടുമാണ്. സ്മൃതിയിൽ കാണുന്നതുപോലെ വായ്മൊഴിയായി കാത്തു സൂക്ഷിച്ച പാരമ്പര്യങ്ങളെ വ്യാഖ്യാനിക്കുകയോ മനസ്സിലാക്കുന്നതിന്റേയോ ഒരാവശ്യവും ഇല്ല.



**ചോദ്യാവലി 6–2**

1. വേദം എന്ന പദത്തിന്റെ അർത്ഥം എന്താണ് ?

2. നാല് വേദങ്ങളുടെ പേരുകൾ പറയുക?

3 യജുർ എന്നതിന്റെ അർത്ഥം എന്താണ് ? ഏത് അറിവാണ് ആ കാലഘട്ടത്തെപ്പറ്റി ഇത് നമുക്ക് തരുന്നത് ?

4. സംഗീതത്തിന്റെ എത്ര ഈണങ്ങൾ ആണ് സാമവേദത്തിൽ നിന്നും ഉണ്ടായത് ?

*കുറിപ്പുകൾ :*

## 6.3 ഉപനിഷത്ത്

ഉപനിഷത്ത് എന്ന വാക്കുണ്ടായത് ഉപ (ഏറ്റവും അടുത്തത് ) പിന്നെ നിഷാദ് (ഇരിക്കുന്നത്) അതായത് അടുത്തിരിക്കുന്നത്. ഗുരുവിന്റെ അടുത്ത് കൂട്ടമായി ആളുകൾ ഇരിക്കുന്നു അദ്ദേഹത്തിൽ നിന്നും പഠിക്കുന്നതിനുവേണ്ടി. ഈ രീതിയെ ഗുരുശിഷ്യപരമ്പര അല്ലെങ്കിൽ പാരമ്പര്യം എന്ന് വിവക്ഷിക്കാം.

ഉപനിഷത്ത് ഇന്ത്യയുടെ വിചാരങ്ങളുടെ ഉച്ചസ്ഥാനം അടയാളപ്പെടുത്തുന്നു. പിന്നെ അത് വേദങ്ങളുടെ അവസാനഭാഗങ്ങളാണ്. ഉപനിഷത്ത് ഗഹനവും ക്ലേശകരവുമായ തത്വജ്ഞാനപരമായ പ്രശ്നങ്ങളുടെ വിഷമമുള്ള ചർച്ചകൾ ഉള്ളതുകൊണ്ടാണ് ഇവ അവസാനം മാത്രമാണ് പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് അവയെ വേദങ്ങളുടെ അവസാനം എന്ന് പറയുന്നത്. വേദങ്ങൾ തുടങ്ങുന്നത് പ്രത്യക്ഷമായ ആരാധനയോടു കൂടിയാണ്. കാരണം അത് സ്പഷ്ടമാണ്. അല്ലെങ്കിൽ വ്യക്തമാണ്. പിന്നെ പതുക്കെ അസ്പഷ്ടമായ അറിവിലേക്ക് രൂപാന്തപ്പെടുന്നു.

ഏതാണ്ട് 200 ൽ കൂടുതൽ അറിയപ്പെടുന്ന ഉപനിഷത്തുക്കൾ ഉണ്ട്. അതിൽ ഒന്ന് മുക്തികാ ഇത് 108 ഉപനിഷത്തുകളുടെ പട്ടിക തരുന്നു. ഈ എണ്ണം ഒരു മാലയിലെ പവിത്രമായ മണികളോട് തുല്യമാണ് അല്ലെ ഹിന്ദു ജപമോട് തുല്യം.

ഉപനിഷത്ത് നമ്മുടെ സാഹിത്യസംബന്ധമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ്. അവ ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നു. അതായത് പ്രപഞ്ചത്തിന്റെ ഉത്ഭവം ജനനമരണവും .ഭൗതീകവും ആദ്ധ്യാത്മീകവുമായ ലോകം, അറിവിന്റെ സ്വഭാവം. പിന്നെ പല പല ചോദ്യങ്ങൾ. ഏറ്റവും ആദ്യത്തെ ഉപനിഷത്തുകൾ ബൃഹദ്വാരണ്യകം ഇത് ശുക്ലായജുർ വേദവുമായി ബന്ധപ്പെട്ടതാണ്. പിന്നെ ചന്ദ് യോഗ അത് സാമവേദവുമായി ബന്ധപ്പെട്ടതാണ്. വേറെ പ്രധാനപ്പെട്ട ഉപനിഷത്തുക്കൾ ഇവയാണ് ഐറ്ററിയ, കെന, കഥ, ഉപനിഷത്ത്. നിങ്ങൾ സ്വന്തമായിട്ട് പരിശ്രമിക്കുകയോ കണ്ടുപിടിക്കുകയോ ചെയ്യുക. മറ്റ് കുറെ പ്രധാനപ്പെട്ട ഉപനിഷത്തുകൾ വായിക്കുക. അപ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും ഇന്ത്യൻ തത്വജ്ഞാനത്തിന്റെ ഒരു പുതിയ മഹാലോകം നിങ്ങളുടെ മുൻപിൽ തുറന്നുകിടക്കുന്നു. ഉപനിഷത്തിനെപ്പറ്റി ഒരു പാട് പുസ്തകങ്ങൾ വിൽക്കുന്നുണ്ട്. ആദ്യം ചെറിയ കഥകളായിട്ടാണ്. അതിൽ താത്പര്യം കാണിക്കുകയും എന്നിട്ട് ഏതെങ്കിലും ഒരു ഉപനിഷത്തിന്റെ മുഴുവൻ പുസ്തകത്തിലേക്കും കടന്നുചെല്ലാം.

കുറിപ്പുകൾ :

## ചോദ്യാവലി 6.3

1. ഉപനിഷത്തിന്റെ അർത്ഥം എന്താണ്?

2. പ്രധാനപ്പെട്ട ഉപനിഷത്തുകളുടെ പേരുകൾ പറയുക.

## 6.4 രാമായണവും മഹാഭാരതവും

നമ്മുടെ രണ്ട് വലി ഇതിഹാസമഹാകാവ്യങ്ങളാണ് രാമായണവും മഹാഭാരതവും. വാൽമീകിയുടെ രാമായണം ആണ് യഥാർത്ഥത്തിലുള്ള രാമായണം. ഇത് ആദികാവ്യ എന്നാണ് വിളിക്കുന്നത്. മഹാമുനിയായ വാൽമീകി മുനിയെ ആദിമകവി എന്നും അറിയപ്പെടുന്നു. രാമായണം യഥാർത്ഥസമൂഹത്തിന്റെ ഒരു ചിത്രമാണ് തരുന്നത്. മറ്റെ മഹാകാവ്യം മഹാഭാരതം എഴുതിയത് വേദവ്യാസനാണ്. ആദ്യം ഇത് സംസ്കൃതത്തിലാണ് എഴുതിയത്. ഇതിൽ 8800 കാവ്യങ്ങൾ ഉൾപ്പെടുന്നു. ഇതിനെ ജയാ എന്നാണ് വിളിക്കുന്നത്. അല്ലെങ്കിൽ വിജയത്തെക്കുറിച്ചുള്ള ശേഖരം എന്നാണ്. പിന്നീട് ഇത് 24,000 കാവ്യങ്ങളിലേക്ക് വളർന്നു. ഭരത എന്നപേരിൽ അറിയപ്പെടാൻ തുടങ്ങി. ഇങ്ങനെ അറിയപ്പെടാൻ തുടങ്ങിയത് വൈദിക കാലത്ത് ഉണ്ടായിരുന്ന ഭരത എന്ന ആദിവാസികളിൽ നിന്നാണ്. ഒടുവിൽ എല്ലാം കൂടി സമാഹരിച്ച് കഴിഞ്ഞ് 1,00,000 കാവ്യങ്ങളിലേക്ക് വളർന്നു. അത് പിന്നീട് മഹാഭാരതം അല്ലെങ്കിൽ സരാസഹസ്ത്രീസംഹിത എന്ന പേരിൽ അറിയപ്പെട്ടു. ഇതിൽ ആഖ്യാന സംബന്ധിയായ വർണ്ണനാപരമായ ഉപദേശരൂപേണയുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു. കൗരവരും പാണ്ഡവരും തമ്മിലുള്ള വഴക്കിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ. മഹാഭാരതവും, രാമായണവും പല ഇന്ത്യൻ ഭാഷകളിൽ പരിവർത്തനം ചെയ്തിട്ടുണ്ട്. മഹാഭാരതം പറയുന്നത് പ്രസിദ്ധമായ ഭഗവദ്ഗീതയെപ്പറ്റിയാണ്. ഇത് പവിത്രമായ അറിവിന്റെ സത്ത് പറഞ്ഞു തരുന്നു. ഇത് കറ തീർന്ന സത്യം ആയാണ് അംഗീകരിക്കപ്പെട്ടത്. ഇത് വളരെ പുരാതന കാര്യം ആണെങ്കിലും ഇതിന്റെ അടിസ്ഥാനപരമായ അദ്ധ്യാപനം ഇപ്പോഴും നമ്മൾ ഉപയോഗിക്കുന്നു.

ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ വിവരിച്ചു കൊടുക്കുന്നു അർജ്ജുനന്റെ ഉത്തരവാദിത്വങ്ങൾ യോദ്ധാവ് എന്ന നിലയിലും രാജകുമാരൻ എന്ന നിലയിലും. പിന്നെ പലതരത്തിലുള്ള യോഗകളും വേദപരമായ തത്വജ്ഞാനങ്ങളും ഉദാഹരണങ്ങളും, സാമ്യങ്ങളും സഹിതം, വിവരിച്ചു നൽകുന്നതാണ്. ഇത് ഗീതയെ ഒരു സംക്ഷിപ്തമായ വഴികാട്ടിയാക്കി തീർത്തു. ഹിന്ദുതത്വചിന്തയ്ക്കും സങ്കുചിതമായ ചിന്തകൾക്കും , ജീവിതത്തിൽ സ്വയം വഴികാട്ടിയായി തീർന്നവർക്കുമെല്ലാം. ആധുനിക ലോകത്ത് സ്വാമി വിവേകാനന്ദനും ബാലഗംഗാഘരതിലകനും, മഹാത്മാഗാന്ധിയും പിന്നെ പലരെയും ഈ മഹാകാവ്യങ്ങൾ സ്വാധീനിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടത്തിന് . ഇതിന്റെ പ്രധാന കാരണം എന്തെന്നാൽ ഭഗവദ്ഗീത മനുഷ്യന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അനുകൂലമായിട്ടാണ്. ഇതിനപ്പുറം ഭഗവദ്ഗീത



ദൈവത്തിനോടും മനുഷ്യനോടും ഉള്ള കടമയെപ്പറ്റി സംസാരിക്കുന്നു പ്രതിഫലത്തെപ്പറ്റി ചിന്തിക്കാതെ. ഗീത ലോകത്തിലെ മിക്ക പ്രധാനപ്പെട്ട ഭാഷകളിലേക്കും തർജ്ജമ ചെയ്തിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ പ്രശംസിക്കും.

കുറിപ്പുകൾ :

## ചോദ്യാവലി 6.4

1. സംസ്കൃതത്തിൽ എഴുതിയ രണ്ട് പുരാതന മഹാകാവ്യങ്ങളുടെ പേരെഴുതുക ?

2. ആരൊക്കെ ആയിരുന്നു രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും രചയിതാക്കൾ ?

3. ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ എന്താണ് അർജ്ജുനന് വിവരിച്ചു നൽകുന്നത് ?

## 6.5 പുരാണങ്ങൾ

പുരാണങ്ങൾ പരിപാവനമായ ഹിന്ദുസാഹിത്യത്തിൽ ഒരു പ്രധാനസ്ഥാനം കൈവശപ്പെടുത്തിയിരിക്കുന്നു. വേദങ്ങൾക്കും ഇതിഹാസങ്ങൾക്കും ശേഷം ഏറ്റവും പ്രധാനപ്പെട്ടവയായി പുരാണങ്ങൾ കണക്കാക്കപ്പെടുന്നു. 18 പുരാണങ്ങൾ ഉണ്ടെന്നാണ് പറയപ്പെടുന്നത്. അത്രയും തന്നെ ഉപപുരാണങ്ങൾ ഉണ്ട്. അറിയപ്പെടുന്ന പുരാണങ്ങളിൽ കുറെ ഇവയാണ്. ബ്രഹ്മ, ഭാഗവതം, പത്മ, വിഷ്ണു, വായു, അഗ്നി, മത്സ്യ, ഗരുഡ എന്നിവയാണ്. അവയുടെ ഉത്ഭവം കണ്ടുപിടിക്കാൻ കഴിയും പുറകോട്ട് നോക്കിയാൽ എപ്പോഴാണാ ബുദ്ധമതം പ്രാധാന്യം നേടിയത് ആ സമയത്ത് കൂടാതെ ബുദ്ധമതം ബ്രാഹ്മണ സംസ്കാരത്തിന്റെ വലിയ എതിരാളിയായിരുന്ന കാലഘട്ടത്തിൽ.

കെട്ടുകഥകളിലൂടെയും സാരോപദേശങ്ങളിലൂടെയും മതപരവും ആത്മീയവുമായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പുരാവൃത്തങ്ങളാണ് പുരാണങ്ങൾ. ജനങ്ങളുടെ മതപരമായ ജീവിതത്തിന്റെ വികാസത്തിനെ പുരാണങ്ങൾ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

പുരാണങ്ങൾ ഇതിഹാസങ്ങൾ പിന്തുടർന്നുള്ളവയാണ്. ആദ്യകാല പുരാണങ്ങൾ ഗുപ്തകാലത്താണ് ക്രോഡീകരിക്കപ്പെട്ടത്. സാധാരണക്കാരെ വിദ്യാഭ്യാസം ചെയ്യിക്കാനും ആത്മീയമായ ഉന്നതിയിലെത്തിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള കഥകളും ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും ഉൾക്കൊള്ളുന്നവയാണവ. രാജവംശങ്ങളുടെ ക്രമങ്ങളും സൃഷ്ടിയുടെയും പുനർജന്മത്തിന്റെയും രഹസ്യങ്ങളും ഭൂമിശാസ്ത്രപരമായ വിവരണങ്ങളും ചരിത്രങ്ങളും പുരാണങ്ങളിൽ സമ്മേളിച്ചിട്ടുണ്ട്. കാവ്യരൂപത്തിൽ രചിക്കപ്പെട്ട നിയമഗ്രന്ഥങ്ങൾ അഥവാ സ്മൃതികൾ ഇക്കാലത്താണ് ക്രോഡീകരിക്കപ്പെട്ടത്. ഗുപ്തകാലഘട്ടത്തിന് ശേഷമാണ് പുരാണങ്ങൾക്ക് വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടത്.

അമരസിംഹാ, സംസ്കൃതത്തിന്റെ നിഘണ്ടു നിർമ്മാതാവ് പറയുന്നത് ഒരു

കുറിപ്പുകൾ :

പുരാണം 5 വിഷയങ്ങൾ വിവരിക്കുന്നു. 1. സർഗ്ഗം (ഉത്ഭവം) 2. പ്രതിസർഗം (രണ്ടാം ഘട്ടത്തിലുള്ള സൃഷ്ടി) 3. വംശാ (വംശപാരമ്പര്യം) 4. മനു വന്ദാര (മനുവിന്റെ കാലധ്യഘട്ടങ്ങൾ) 5. വംസാനുകരിക (രാജ വംശത്തിന്റെ ചരിത്രം)

**ചോദ്യാവലി 6.5**

1. എത്ര പുരാണങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു.?

2. പുരാണങ്ങളുടെ ഏതാനും സവിശേഷതകൾ വിശദീകരിക്കുക ?

## 6.6 പാലി ,പ്രകൃതി, സംസ്കൃത ഭാഷകളിലെ ജൈന–ബുദ്ധ സാഹിത്യങ്ങൾ

ജൈനബുദ്ധമതഗ്രന്ഥങ്ങൾ ചരിത്ര പുരുഷന്മാരെയും സംഭവങ്ങളെയും പ്രതിപാദിക്കുന്നു. ദക്ഷിണബീഹാറിലും മഗധയിലും സംസാരിച്ചിരുന്ന പാലി ഭാഷയിലാണ് ആദ്യകാല ബുദ്ധകൃതികൾ രചിക്കപ്പെട്ടത്. വേദപ്രമാണങ്ങളെന്നും വേദപ്രമാണങ്ങളല്ലാത്തതെന്നും ബുദ്ധ കൃതികളെ രണ്ടായി തരം തിരിക്കാവുന്നതാണ്.

ത്രിപീഠകങ്ങൾ വേദപ്രമാണ സാഹിത്യങ്ങളെ പ്രതിനിധീകരിക്കുന്നു. വിനയപീഠകം, സുത്തപീഠകം, അഭിധർമ പീഠകം എന്നിവയാണവ. നിത്യജീവിതത്തിലെ നിയമങ്ങളും നിബന്ധനകളും പ്രതിപാദിക്കുന്നതാണ് വിനയപീഠകം . സൂത്തപീഠകം ധാർമ്മികതയുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങളും സംഭാഷണങ്ങളുമാണ്. അദ്ധ്യാത്മീകവും അതിഭൗതികവും തത്വചിന്താപരവുമായ കാര്യങ്ങളാണ് അഭിധർമ്മ പീഠക ത്തിലെ പ്രതിപാദ്യവിഷയം.

വേദപ്രമാണേതര സാഹിത്യരൂപത്തിന് ഉദാഹരണമാണ് ജാതകങ്ങൾ.ബുദ്ധന്റെ മുൻ അവതാരങ്ങളെക്കുറിച്ചുള്ള രസകരമായ കഥകളാണ് ജാതകകഥകൾ. ബുദ്ധൻ ഗൗതമനായി ജനിക്കുന്നതിന് മുമ്പ് ഏതാണ്ട് 550 തവണയിൽ അധികം പൂർവ്വജന്മങ്ങൾ കടന്നുപോയിട്ടുണ്ട് എന്ന് വിശ്വസിക്കപ്പെടുന്നു. ഓരോ ജന്മകഥകളും ഓരോ ജാതകങ്ങൾ എന്നറിയപ്പെടുന്നു. ബി.സി. ആറാം നൂറ്റാണ്ടു മുതൽ ബി.സി. രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലയളവിലെ സാമൂഹ്യ സാമ്പത്തിക സ്ഥിതികളെക്കുറിച്ച് ജാതകങ്ങൾ അമൂല്യമായ വെളിച്ചം വീശുന്നു. ബുദ്ധകാലഘട്ടത്തിലെ രാഷ്ട്രീയ സംഭവങ്ങളെക്കുറിച്ച് ജാതകകഥകൾ സൂചനകൾ നൽകുന്നു.

ജൈനകൃതികൾ ആദ്യഘട്ടത്തിൽ പ്രകൃതി ഭാഷയിലായിരുന്നു. അവസാനം ഗുജറാത്തിലെ വല്ലഭി ഭാഷയിൽ എ.ഡി. ആറാം നൂറ്റാണ്ടോടുകൂടി സംഗ്രഹിക്കപ്പെട്ടു. അംഗം, ഉപാംഗം,പ്രകീർണ്ണങ്ങൾ, ഛേദബ്സൂത്രം, മാലസൂത്രം എന്നിവയാണ് അവരുടെ പ്രധാന രചനകൾ. ജൈനപണ്ഡിതരിൽ പ്രമുഖരായിരുന്നു ഹരിഭദ്രസൂരി (എ.ഡി. 8–ാം നൂറ്റാണ്ട്) യും ഹേമന്ദ്രസൂരിയും (എ.ഡി. 12–ാം നൂറ്റാണ്ട്). വ്യാകരണം, തത്വചിന്ത, കവിത, ഇവയെല്ലാം ഉൾക്കൊള്ളുന്ന സമ്പന്നമായ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് ജൈനിസം സഹായകമായി.പൂർവ്വ



കുറിപ്പുകൾ :

ബീഹാറിന്റെയും ഉത്തർപ്രദേശിന്റെയും രാഷ്ട്രീയ ചരിത്രം പുനർ നിർമ്മിക്കാൻ സഹായകമാകുന്ന നിരവധി ഭാഗങ്ങൾ ഈ സാഹിത്യ കൃതികളിലുണ്ട്. ജൈനകൃതികൾ വ്യാപാരികളെയും വാണിജ്യത്തെയും കുറിച്ച് നിരവധി തവണ പരാമർശിക്കുന്നുണ്ട്.

**ആധുനിക ഇന്ത്യൻ സാഹിത്യം രണ്ടു വിഭാഗങ്ങളായി വേർതിരിക്കാം**

1. **മതപരവും മതപരമല്ലാത്തതും അല്ലെങ്കിൽ മതേതരവും മതപരമായ സാഹിത്യത്തിന്**
2. **നാലുവേദങ്ങൾ**

**ഋഗ്വേദം** – ഏറ്റവും പഴയവേദ 1028 സ്ത്രോത്രങ്ങൾ ഉൾക്കൊള്ളുന്നു. ഇവ അറിയപ്പെടുന്നത്. സൂക്തം അല്ലെങ്കിൽ നല്ലതുപോലെ പറഞ്ഞത്.

**സാമവേദം** – സോമയാഗത്തിന്റെ സമയത്ത് പ്രത്യേക വിഭാഗത്തിൽപ്പെട്ട പുരോഹിതർ ആലപിച്ചിരുന്ന സ്ത്രോത്രങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

**യജൂർവേദം** – സാധാരണ യാഗത്തിന്റെ സമയത്ത് ആലപിച്ചിരുന്ന സ്തോത്രങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

**അഥർവ്വവേദ** – ശ്ലോകങ്ങളുടെ ഒരു ശേഖരമാണിത്. ചൊല്ലുകൾ, ദുർദേവതകളെ അകറ്റിനിർത്തുന്നതിനുള്ള മാന്ത്രികശക്തിയുള്ളവ മുതലായവ ഇതിൽപ്പെടുന്നു.

2. **ബ്രാഹ്മണാസ്** – വേദങ്ങളുമായി ചേർന്നിരിക്കുന്നു. യാഗങ്ങളുടെ ഫലത്തെപ്പറ്റിയും അവയുടെ മൂല്യങ്ങളെപ്പറ്റിയും വിശദീകരിക്കുന്നു.


3. **ആരണ്യകങ്ങൾ** – ബ്രഹ്മണങ്ങളുടെ അവസാനഭാഗങ്ങളാണിത്.

4. **ഉപനിഷത്ത്** – ഇത് അർത്ഥമാക്കുന്നത്

5. **മഹാകാവ്യങ്ങളായ രാമായണവും മഹാഭാരതവും**

6. **ബുദ്ധന്റെ സാഹിത്യം**

7. **ജൈനസാഹിത്യം**



**ചോദ്യാവലി 6.6**

1. ആദ്യകാല ബുദ്ധ-ജൈനകൃതികൾ ഏത് ഭാഷയിൽ രചിക്കപ്പെട്ടിരുന്നത് ?

2. ത്രീ പീഠകങ്ങൾ ഏതെല്ലാം പേരുപറയുക ?

3. ജാതക കഥകൾ നമ്മോട് എന്തിനെക്കുറിച്ച് വിവരിക്കുന്നു ?

4. പ്രധാന ജൈന പണ്ഡിതൻ ആരെല്ലാം ?

*കുറിപ്പുകൾ :*

## 6.7 മറ്റ് സംസ്കൃത സാഹിത്യങ്ങൾ

വൈദ്യം , വ്യാകരണം, നിയമം, ശാസ്ത്രം എന്നിങ്ങനെ നിരവധി മേഖലകളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നമുക്കുണ്ട്. ധർമ്മ സൂത്രങ്ങളും സ്മൃതികളും ഉൾക്കൊള്ളുന്ന ധർമ്മശാസ്ത്രങ്ങൾ ഈ ഗണത്തിൽ പെടുത്താവുന്ന നിയമഗ്രന്ഥമാണ്. ഇത് ബിസി 500 നും ബിസി 200 നും ഇടയിലാണ് സംഗ്രഹിക്കപ്പെട്ടത്. രാജാക്കന്മാർക്കും അവരുടെ ഉദ്യോഗസ്ഥന്മാർക്കും അതുപോലെ വിവധ വർണ്ണങ്ങൾക്കും ഉള്ള കർത്തവ്യങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു. എങ്ങനെ സ്വത്ത് ആർജിക്കണം. വിൽക്കണം. പിൻതലമുറയ്ക്ക് കൈമാറണം എന്നിവ സംബന്ധമായ നിയമങ്ങളും മായം ചേർക്കൽ, കൊലപാതകം, മോഷണം, കൈയ്യേറ്റം എന്നീ കുറ്റങ്ങൾക്കുള്ള ശിക്ഷകളും ഇതിൽ പ്രതിപാദിക്കുന്നു. മനുസ്മൃതി സമൂഹത്തിൽ സ്ത്രീ പുരുഷന്മാർക്കുള്ള പങ്കിനെക്കുറിച്ചും പരസ്പര ബന്ധത്തെക്കുറിച്ചും പെരുമാറ്റ രീതിയെക്കുറിച്ചും വിശദീകരിക്കുന്നു. മനുസ്മൃതി നമ്മോട് പറയുന്നത് സമൂഹത്തിൽ സ്ത്രീയുടേയും പുരുഷന്റേയും പങ്ക് അവരുടെ പെരുമാറ്റരീതികൾ കൂടാതെ മറ്റുള്ളവരുമായുള്ള ബന്ധം. മൗര്യകാലത്തെ ഒരു പ്രധാനഗ്രന്ഥമായിരുന്നു കൗടില്യന്റെ അർത്ഥശാസ്ത്രം അക്കാലത്തെ സമ്പദ് വ്യവസ്ഥയെക്കുറിച്ചും സാമൂഹ്യസ്ഥിതിയെക്കുറിച്ചും വെളിച്ചം വീശുന്ന ഈ കൃതി ആദ്യകാല ഇന്ത്യയിലെ രാഷ്ട്രത്തെയും സമ്പദ്‌വ്യവസ്ഥയെപ്പറ്റി പഠിക്കാനുള്ള കനപ്പെട്ട വിഭവങ്ങൾ നൽകുന്നു.

ദാസൻ,ശുദ്രകൻ, കാളിദാസൻ, ബാണഭട്ടൻ എന്നിവരുടെ കൃതികൾ ഹർഷ-ഗുപ്തകാലഘട്ടങ്ങളിലെ ഉത്തര-മദ്ധ്യേന്ത്യയിലെ സാംസ്ക്കാരിക സാമൂഹിക ജീവിതത്തെക്കുറിച്ച് അറിവ് നൽകുന്നു. പതഞ്ജലിയിടെയും പാണിനിയുടെയും കൃതികളെ അടിസ്ഥാനപ്പെടുത്തി ഗുപ്തകാലഘട്ടത്തിൽ സംസ്കൃത വ്യാകരണം വികാസം പ്രാപിച്ചു.

### ഗുപ്തന്റെ കാലഘട്ടത്തിലെ പ്രഗത്ഭരായ സംസ്കൃത എഴുത്തുകാർ

ഗുപ്തന്മാരുടെ കാലഘട്ടമായിരുന്നു ഇന്ത്യൻ സംസ്ക്കാരത്തിന്റെ സുവർണ്ണ കാലഘട്ടം കൂടാതെ ഏറ്റവും വലിയതും സന്തോഷകരവുമായ സമയങ്ങളിൽ ഒന്നായിരുന്നു. ഗുപ്തരാജാക്കന്മാർ സംസ്കൃതസാഹിത്യത്തിന് ധാരാളം സംഭാവനകൾ നൽകി.സംസ്കൃതകവികളെയും പണ്ഡിതന്മാരേയും അവർ ധാരാളം സഹായിച്ചു. ഇത് സംസ്കതഭാഷയെ സമ്പന്നമാക്കി. യഥാർത്ഥത്തിൽ സംസ്കൃതഭാഷ സാംസ്കാരികവും വിദ്യാസമ്പന്നരുമായ ജനങ്ങളും ഭാഷയായി വളർന്നു. വളരെയധികം പ്രശസ്തരായ കവികൾ നാടകരചയിതാക്കൾ പണ്ഡിതന്മാർ ഈ കാലയളവിൽ പ്രത്യക്ഷപ്പെടുകയും അവരുടെ കൃതികളിലൂടെ സംസ്കൃതഭാഷ അതിന്റെ പരമോന്നത നിലയിൽ എത്തിചേർന്നു.

**1. കാളിദാസൻ :** കവികൂടിയായ കാളിദാസൻ പലസുന്ദരമായ കവിതകളും നാടകങ്ങളും എഴുതിയിട്ടുണ്ട് . അദ്ദേഹത്തിന്റെ സംസ്കൃതത്തിലെ കൃതികൾ സാഹിത്യത്തിലെ രക്തങ്ങളായി കണക്കാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം വികാരതീവ്രമായ നാടകങ്ങളും കവിതകളും എഴുതിയിട്ടുണ്ട്. കാളിദാസന്റെ അത്ഭുതകരമായ കഴിവ് തന്റെ മേഘദൂത് എന്ന കവിതയിൽ

കുറിപ്പുകൾ :

പ്രതിഫലിപ്പിക്കുന്നു. റിതുസംഭാര കുമാരസംഭവം രഘുവംശം എന്നിവയിലും കാണാൻ കഴിയും . അദ്ദേഹത്തിന്റെ നാടകങ്ങൾ – അഭിജ്ഞാനശാകുന്തളം , വിക്രമോർവ്വശി , മാളവികാഗ്നിമിത്രം .

**2. വിശാഖദത്ത :** ഈ കാലഘട്ടത്തിലെ ഒരു വലിയ നാടകരചയിതാവ് ആയിരുന്നു വിശാഖദത്തൻ. അദ്ദേഹം ചരിത്രപരമായ രണ്ട് പ്രശസ്ത നാടകങ്ങൾ എഴുതിയിട്ടുണ്ട്. മുദ്ര രാക്ഷസ് ദേവ ചന്ദ്രഗുപ്ത

**3. ശൂദ്രക :** വളരെ രസകരമായ ഒരു നല്ല നാടകം എഴുതി മൃഛഘടികം അല്ലെങ്കിൽ കളിവണ്ടി ആ കാലഘട്ടത്തിലെ സാമൂഹിക സാംസ്ക്കാരികവുമായ അവസ്ഥയെക്കുറിച്ച് അറിയുന്നതിനുള്ള ഒരു സ്രോതസ്സാണിത്

**4. ഹരിസേന :** ഗുപ്തകാലഘട്ടത്തിലെ പ്രഗത്ഭരായ കവികളുടെയും നാടകരചയിതാക്കളിലും വച്ച് ശ്രദ്ധേയനായ ഒരു വ്യക്തിയായിരുന്നു. ഹരിസേന. അദ്ദേഹം സമുദ്രഗുപ്തന്റെ ധൈര്യത്തെ പുകഴ്ത്തിക്കൊണ്ട് കവിത എഴുതിയിട്ടുണ്ട്. ഇത് അലഹബാദ് തൂണുകളിലും എഴുതിയിട്ടുണ്ട്.

**5. ബാസാ :** അദ്ദേഹം 13 നാടകങ്ങൾ എഴുതി ഇത് അന്നത്തെ ജീവിത രീതിയെപ്പറ്റി പ്രതിഫലിപ്പിച്ചു കൂടെ അന്ന് നിലനിന്നിരുന്ന വിശ്വാസങ്ങളും സംസ്ക്കാരവും പ്രതിധ്വനിപ്പിക്കുന്നു.

കുശാന രാജാക്കന്മാർ സംസ്കൃത പണ്ഡിതന്മാരെ നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. ബുദ്ധന്റെ ജീവചരിത്രമായ ബുദ്ധചരിതം രചിച്ചത് അശ്വഘോഷനായിരുന്നു. അദ്ദേഹം സംസ്കൃതകവിതയുടെ ഏറ്റവും നല്ല ഉദാഹരണമായ സൗന്ദരാനന്ദ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് കൂടിയാണ്.

ഭൂമി ശാസ്ത്രം കൃഷി , ജ്യോതിഷം ഗണിതം ജ്യോതിർശാസ്ത്രം മുതലായ വിഷയങ്ങളിൽ ഇന്ത്യശ്രേഷ്ഠമായ സാഹിത്യ കൃതികൾ നിർമ്മിച്ചിട്ടുണ്ട്.

വൈദ്യശാസ്ത്രത്തെ കുറിച്ച് ഗ്രന്ഥം രചിച്ച ചരകൻ ശസ്ത്രക്രിയയെക്കുറിച്ച് ഗ്രന്ഥമെഴുതിയ സുശ്രുതൻ രോഗലക്ഷണ, ശാസ്ത്രഗ്രന്ഥമെഴുതിയ മാധവൻ, ജ്യോതിശാസ്ത്രഗ്രന്ഥമെഴുതിയ വരാഹമിഹിരൻ, ആര്യഭട്ടൻ ,ജ്യോതിഷഗ്രന്ഥമെഴുതിയ ലഗ്ധാചാര്യൻ എന്നിവരെല്ലാം അക്കാലത്തെ പ്രശസ്തരായിരുന്നു. വരാഹമിഹിരന്റെ ബ്രിഹത് സംഹിത , ആര്യഭട്ടിയ വേദാംഗ ജ്യോതിഷ എന്നിവയോട് കിടപിടിക്കുന്ന ഒരു ഗ്രന്ഥവും ഉണ്ടായിരുന്നില്ല അവിടെ.

മധ്യകാല ശേഷമുള്ള ഉത്തരേന്ത്യയിൽ പ്രത്യേകിച്ച് സംസ്കൃത സാഹിത്യം വളർച്ച നേടി കൽഹണന്റെ രാജതരംഗിണിയും സോമദേവന്റെ കഥാസരിതസാഗരവും ചരിത്ര പ്രാധാന്യമുള്ള കൃതികളാണ്. ഇക്കാലത്തെ സംസ്കൃത കവിതകളിൽ ഏറ്റവും മെച്ചപ്പെട്ടതായിരുന്നു ജയദേവന്റെ ഗീതാഗോവിന്ദം . കൂടാതെ വിവിധ മേഖലകളിലുള്ള കല, ശില്പകല,വാസ്തുശില്പം, പ്രതിമാ നിർമ്മാണം എന്നിവയിൽ എണ്ണമറ്റ കൃതികൾ രചിക്കപ്പെട്ടു.

## 6.7 ചോദ്യാവലി

1. ധർമ്മശാസ്ത്രങ്ങളിലെ പ്രതിപാദ്യ വിഷയമെന്താണ് ?



കുറിപ്പുകൾ :

2. രാജതരംഗിണിയുടെ കർത്താവാര് ?

3. കാളിദാസന്റെ പ്രശസ്ത നാടകം ഏതായിരുന്നു ?

4. ജയദേവന്റെ കൃതി എതായിരുന്നു ?

5. വൈദ്യശാസ്ത്രത്തെക്കുറിച്ച് ഗ്രന്ഥം രചിച്ചത് ആരായിരുന്നു ?

## 6.8 തെലുങ്ക് ,കന്നട, മലയാളം സാഹിത്യം

നാല് ദ്രാവിഡൻ ഭാഷകളായ തമിഴ് ,തെലുങ്ക് ,കന്നട, മലയാളം അവരുടെ സ്വന്തം സാഹിത്യങ്ങൾ പരിപോഷിപ്പിച്ചു. തമിഴ് ഇവയിൽ ഏറ്റവും പഴക്കം ചെന്ന ഭാഷയാണ് . അതുകൊണ്ട് ആദ്യം തന്നെ അവർ എഴുതിതുടങ്ങി തമിഴിലെ ഏറ്റവും പഴക്കം ചെന്ന സാഹിത്യമായ സംഘം സാഹിത്യം അവർ രചിച്ചു.

### തെലുങ്ക് സാഹിത്യം

തെലുങ്ക് സാഹിത്യത്തിന്റെ സുവർണ്ണകാലമായിരുന്നു വിജയനഗര സാമ്രാജ്യ കാലഘട്ടം ഉത്തരഹരിവംശം എന്ന കാവ്യം രചിച്ച നച്ചാന സോമനാഥൻ ബുക്കൻ ഒന്നാമൻ രാജാവിന്റെ കൊട്ടാരം കവിയായിരുന്നു. വിജയനഗരസാമ്രാജ്യത്തിന്റെ ഏറ്റവും മഹാനായ ഭരണാധികാരി ആയിരുന്നു കൃഷ്ണദേവ രായർ (1509–1529) മഹാനായ ഒരു കവി കൂടി ആയിരുന്നു . അദ്ദേഹത്തിന്റെ അമുക്ത മര്യാദ തെലുങ്കു സാഹിത്യത്തിലെ അതിവിശിഷ്ടമായ പ്രബന്ധമായി പരിഗണിക്കപ്പെടുന്നു. അഷ്ടദിഗ്ഗജങ്ങൾ എന്ന എട്ടു മഹാ സാഹിത്യ പ്രതിഭകൾ അദ്ദേഹത്തിന്റെ കൊട്ടാരത്തെ അലങ്കരിച്ചിരുന്നു. മനുചരിതം രചിച്ച അല്ലസാനി പെഡ്ഡാന യാണ് ഇവരിൽ പ്രമുഖ അദ്ദേഹം ആന്ധ്രകവിതാ പിതാമഹൻ എന്നറിയപ്പെടുന്നു. മറ്റ് ഏഴ് കവികളായിരുന്നു. പാരിജാതാപഹരണ കർത്താവായ നന്തിതിമ്മാന,മദയഗരിമല്ലാന,ദുർജ്ജതി,അയ്യലരാജു രാമഭദ്രകവി,പിങ്കളി സുരാന രാമരാജദൂഷണ,തെന്നലി രാമകൃഷ്ണ എന്നിവർ.

ശിവഭക്തനായ ദുർജ്ജതി കളഹസ്തീശ്വര സാധകം ,കളഹസ്തീശ്വരമഹാത്മ്യം എന്നീ രണ്ട് കാവ്യങ്ങൾ രചിച്ചു.കലാപുരാണോദയം,രാഘവപാന്ഥവ്യം എന്നീ കൃതികളുടെ കർത്താവാണ് പിങ്കളി സുരാന .രാമായണ മഹാഭാരത കഥകളുടെ ഒരുമിച്ചുള്ള ഒരു സാഹിത്യസൃഷ്ടിയാണ് ആദ്യത്തേത്. കൃഷ്ണദേവരായരുടെ കൊട്ടാരം വിദൂഷകനായിരുന്നു തെന്നാലി രാമൻ. അദ്ദേഹത്തിന്റെ പ്രായോഗിക ഹാസ്യങ്ങൾ ഇന്നും ആളുകളെ വല്ലാതെ ആകർഷിക്കുന്നു.തെലുങ്കു സാഹിത്യത്തിലെ മഹത്തായ കാവ്യമായ പാണ്ഡുരംഗ മാഹാത്മ്യ ത്തിന്റെ കർത്താവാണ് രാമകൃഷ്ണൻ. വാസുചരിത ത്തിന്റെ കർത്താവാണ് രാമരാജഭൂഷണൻ. അദ്ദേഹത്തിന്റെ മറ്റ് കൃതികളാണ് നരസഭുപാലിയം , ഹരിശ്ചന്ദ്രനളോപാഖ്യാനം എന്നിവ. അവന്തിയിലെ രാജാവായ രാജശേഖരന്റെ യുദ്ധങ്ങളും പ്രണയങ്ങളും വിവരിക്കുന്ന രാജശേഖരചരിത്ര മെന്ന പ്രബന്ധത്തിന്റെ കർത്താവാണ് മദയഗരിമല്ലാന . രാമാഭ്യുദയം, സകല കഥാ സാരസംഗ്രഹം എന്നീ കൃതികളുടെ കർത്താവാണ് അയ്യല രാജു രാമഭദ്രൻ.

കുറിപ്പുകൾ :

## കന്നട സാഹിത്യം

വിജയനഗര ഭരണാധികാരികൾ തെലുങ്കു സാഹിത്യത്തോടൊപ്പം കന്നട, സംസ്കൃത സാഹിത്യകാരന്മാരെയും പ്രോത്സാഹിപ്പിച്ചു. ധാരാളം ജൈനപണ്ഡിതന്മാർ കന്നട സാഹിത്യത്തിന്റെ വളർച്ചയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകി. പതിനഞ്ചാം തീർത്ഥങ്കരനെ വാഴ്ത്തി മാധവൻ ധർമ്മനാഥപുരാണം രചിച്ചു. മറ്റൊരു ജൈനപണ്ഡിതനായ ഉരിട്ടവിലാസൻ ധർമ്മപരീക്ഷ എന്ന ഗ്രന്ഥം രചിച്ചു. വേദനാഥദേശികയുടെ യാദവാദ്യുദയം മാധവാചാര്യന്റെ പരാശരസ്മൃതി വ്യാഖ്യാ എന്നിവ അക്കാലത്തെ സംസ്കൃത കൃതികളിൽപ്പെടുന്നു. കന്നടഭാഷപൂർണ്ണവികാസം നേടിയത് എ.ഡി.പത്താം നൂറ്റാണ്ടിന് ശേഷമാണ്. നൃപതുംഗ അമോഘവർഷൻ ഒന്നാമനെന്ന രാഷ്ട്രകൂട രാജാവ് രചിച്ച കവിരാജമങ് എന്ന കൃതിയാണ് കന്നട സാഹിത്യത്തിലെ ആദ്യകാല സാഹിത്യസൃഷ്ടി. കന്നടയുടെ പിതാവ് എന്നറിയപ്പെടുന്ന പാമ്പൻ എ.ഡി. പത്താം നൂറ്റാണ്ടിൽ വിക്രമാർജിവ വിജയ , ആദിപുരാണ എന്നീ മഹത്തായ രണ്ട് കാവ്യങ്ങൾ രചിച്ചു. ചാലൂക്യ അരികേസരി രാജാവിന്റെ കൊട്ടാരത്തിലായിരുന്നു പാമ്പന്റെ താമസം . അദ്ദേഹത്തിന്റെ കാവ്യനൈപുണി, കാവ്യസൗന്ദര്യത്തിലും കഥാപാത്രസൃഷ്ടിയിലും രസങ്ങളുടെ സൃഷ്ടിയിലുമെല്ലാം അതുല്യമായി കരുതപ്പെടുന്നു. രാഷ്ട്രകൂട കൃഷ്ണൻ മൂന്നാമന്റെ ഭരണകാലത്തെ രണ്ട് പ്രമുഖ കവികളായിരുന്നു പൊന്നൻ,രന്നൻ എന്നിവർ , പൊന്നൻ ശാന്തിപുരാണം എന്ന ഇതിഹാസവും രന്നൻ അജിതാനന്ദ പുരാണമെന്ന് ഇതിഹാസവും രചിച്ചു.രത്നത്രയങ്ങൾ എന്ന പേരിലായിരുന്നു പൊന്നൻ ,രന്നൻ ,പാമ്പൻ എന്നിവർ അറിയപ്പെട്ടിരുന്നത്.

പതിമൂന്നാം നൂറ്റാണ്ടോടുകൂടി കന്നട സാഹിത്യത്തിൽ പുതിയ നേട്ടങ്ങൾ കൈവന്നു. ഹരീശ്വരൻ പരിശ്ചന്ദ്ര കാവ്യം, സോമനാഥകാവ്യം എന്നീ കൃതികളും ബന്ധുവർമ്മൻ ഹരിവംശാഭ്യുദയം ,ജീവസംബോധന എന്നീ കൃതികളും രചിച്ചു.പിൽക്കാലഹോയ്സാല രാജാക്കന്മാരുടെ പരിരക്ഷയിൽ ധാരാളം സാഹിത്യകൃതികൾ രചിക്കപ്പെട്ടു. രുദ്രഭട്ടൻ ജഗന്നാഥ വിജയം എന്ന അന്തയ്യയുടെ കൃതി രചിച്ചു. സംസ്കൃതം കലരാതെ ശുദ്ധകന്നടത്തിൽ രചിക്കപ്പെട്ട മദനവിജയം അഥവാ കഭികരകാവ എന്ന കൃതി പ്രത്യേക പരാമർശം അർഹിക്കുന്നു . കന്നടയിലെ ആദ്യസമാഹാരമായ മല്ലികാർജുനയുടെ സുക്തിസുധർണ്ണവ കേസിർജ യുടെ വ്യാകരണഗ്രന്ഥമായ ശബ്ദമണിദർപ്പണ എന്നിവ കന്നട ഭാഷയിലെത്തന്നെ രണ്ട് ഗുണനിലവാരമുള്ള ഗ്രന്ഥങ്ങളാണ്. വിജയനഗര രാജാക്കന്മാരുടെ പ്രോത്സാഹനത്തിന്റെ ഫലമായി എ.ഡി.പതിനാല് , പതിനാറ് നൂറ്റാണ്ടുകൾക്കിടയിൽ കന്നട സാഹിത്യം വളർന്നു പന്തലിച്ചു. കനുരവ്യാസൻ ഭാരതവും നരഹരി തരവേ രാമായണവും രചിച്ചു. ജൈമിനി ഭരത എന്ന കൃതി രചിച്ച ലക്ഷമീശ്വ പതിനേഴാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ കമദകരികുടവന ചൈത്ര എന്ന സ്ഥാനപ്പേരുണ്ടായിരുന്നു.

മഹാനായ സർവ്വജന എന്ന ജനകീയ കവി ഇക്കാലത്തെ അറിയപ്പെടുന്ന മറ്റൊരു കവിയാണ്. അദ്ദേഹത്തിന്റെ 3 വരിയിലധികം വരാത്ത നുറുങ്ങുകവികകൾ വിജ്ഞാനത്തിന്റെയും മൂല്യബോധത്തിന്റയും ഉറവിടമായിരുന്നു. കന്നടയിലെ അക്കാലത്തെ അറിയപ്പെടുന്ന ആദ്യ കന്നട കവയിത്രി ഹൊന്നമ്മ ഹരിഭദേയ ധർമ്മം എന്ന കൃതി രചിച്ചു.

### മലയാള സാഹിത്യം

കേരളത്തിലും സമീപ പ്രദേശങ്ങളിലും സംസാരിക്കുന്ന ഭാഷയാണ് മലയാളം. 11–ാം നൂറ്റാണ്ടോടുകൂടിയാണ് മലയാള സാഹിത്യം ഉരുത്തിരിഞ്ഞു വന്നത് . 15–ാം നൂറ്റാണ്ടോടുകൂടി മലയാളം ഒരു സ്വതന്ത്രഭാഷയായി അംഗീകരിക്കപ്പെട്ടു.

അർത്ഥശാസ്ത്രത്തിന്റെയും കാകസന്ദേശത്തിന്റെയും വ്യഖ്യാനമായ ഭാസകൗടില്യം ഒരു മഹത്തായ കൃതിയായി പരിഗണിക്കുന്നു. മലയാള സാഹിത്യത്തിലെ അക്കാലത്തെ അറിയപ്പെടുന്നവരായിരുന്നു രാമപ്പണിക്കരും രാമാനുജൻ എഴുത്തച്ഛനും . മറ്റ് ദക്ഷിണേന്ത്യൻ സാഹിത്യത്തേക്കാൾ വൈകി ഉണ്ടായതാണെങ്കിലും മലയാള സാഹിത്യം ശക്തമായ ഒരു ആവിഷ്ക്കാര മാധ്യമമായി പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ധാരാളം വർത്തമാനപത്രങ്ങളും മാഗസിനുകളും മാധ്യമങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിച്ചു വരുന്നു.

എപ്പോഴാണോ ജനങ്ങൾ തങ്ങളുടെ സ്വന്തം ഭാഷയിൽ എഴുതുകയും വായിക്കുകയും ചെയ്യുന്നത്  അത് അവർ കൂടുതലായും ആസ്വദിക്കുന്നു. അതിനു കാരണം ഭാഷ അവരുടെ സംസ്ക്കാരത്തിന്റെ ഒരു ഭാഗം തന്നെയാകുന്നു. ഇത് അങ്ങനെ നല്ലരീതിയിൽ അവരുടെ സാമൂഹികജീവിതത്തിൽ ആന്തരികമായി പരസ്പരം കെട്ടുപിണഞ്ഞിരിക്കുന്നു അത് അവർക്ക് പ്രകടമാക്കാൻ കഴിയും. കൂടാതെ നല്ലരീതിയിൽ അവരുടെ വികാരങ്ങൾ സ്വന്തം ഭാഷയിൽ അനുഭവവേദ്യമാകാനും കഴിയും . ഇതുതന്നെയായിരുക്കും നിങ്ങളുടെ ഭാഷയുടെ കാര്യത്തിലും നിങ്ങളുടെ കാര്യത്തിലും

## 6.9 തമിഴ് അഥവാ സംഘസാഹിത്യം

ക്രിസതുവർഷാരംഭം മുതൽ തന്നെ തമിഴ് ഒരു എഴുത്തുഭാഷയായി അറിയപ്പെട്ടിരുന്നു. അതുകൊണ്ട് ക്രിസ്തുവർഷം നാലാം നൂറ്റാണ്ടുമുതൽ തന്നെ ഗണ്യമായ തോതിൽ സംഘസാഹിത്യം രചിക്കപ്പെട്ടിട്ടുണ്ട്. അന്തിമമായി അത് സംഗ്രഹിക്കപ്പെട്ടത് എ.ഡി. 600 ൽ ആയിരുന്നു. രാജാക്കന്മാരും ഗ്രാമമുഖ്യന്മാരും നേതൃത്വം നൽകിയിരുന്ന കലാലയങ്ങളിൽ സമ്മേളിച്ചിരുന്ന കവികൾ (മൂന്ന് മുതൽ നാല് നൂറ്റാണ്ടുവരെയുള്ള കാലയളവിൽ) സംഘസാഹിത്യസൃഷ്ടി നടത്തിയിരുന്നു. അത്തരം  കലാലയ ങ്ങളെ  സംഘമെന്നും  ഇവിടെ സൃഷ്ടിക്കപ്പെട്ട സാഹിത്യങ്ങളെ  സംഘസാഹിത്യമെന്നും  അറിയപ്പെട്ടിരുന്നു. തിരുവള്ളുവരെപ്പോലുള്ള തമിഴ് പണ്ഡിതന്മാരെപ്പോലുള്ള തമിഴ് പണ്ഡിതന്മാരുടെ സംഭാവനകൾ പ്രത്യേക പരിഗണന അർഹിക്കുന്നു. നിരവധി വീരപിരുഷന്മാരേയും വീരവനിതകളേയും പ്രകീർത്തിച്ചുകൊണ്ട് നിരവധി കവികൾ തയ്യാറാക്കിയ ദീർഘഹ്രസ്വകാവ്യങ്ങളുടെ സമാഹരണമാണ് സംഘസാഹിത്യങ്ങൾ . അവ മതേതരവും ഉന്നതനിലവാരം പുലർത്തുന്നവയും ആയിരുന്നു. മൂന്ന് സംഘങ്ങൾ ഉണ്ടായിരുന്നു അതിൽ ആദ്യത്തെ സംഘം നഷ്ടപ്പെട്ടു രണ്ടാമത്തെ സംഘത്തിൽ നിന്ന് ഏതാണ്ട് 2000 കവിതകൾ ശേഖരിച്ചിട്ടുണ്ട്.

എട്ടുട്ടോകോയ് എന്ന പേരിൽ 30,000 വരികളുള്ള എട്ടു സമാഹരങ്ങളായി അവ സംഗ്രഹിച്ചിരിക്കുന്നു. ഇവ  പതിനെങ്കിൽ കണക്ക്  പത്തുപാട്ട്  എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി ക്രോഡീകരിച്ചു. പതിനെങ്കിൽ കണക്ക് കുറെക്കൂടി പഴക്കമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായി പരിഗണിക്കപ്പെടുന്നു.

കുറിപ്പുകൾ :

വ്യാകരണങ്ങളും കവിതകളും ഉൾക്കൊള്ളുന്ന തോൽകാപ്പിയം ഇക്കാലത്തെ മറ്റൊരു ഗ്രന്ഥമാണ്. മറ്റൊരു ഗ്രന്ഥമായ തിരുക്കുറകൾ തത്വചിന്തകളും വിജ്ഞാനത്തിന്റെ സാമാന്യ തത്വങ്ങളും പ്രതിപാദിക്കുന്നു.

ഏതാണ്ട് എ.ഡി. ആറാം നൂറ്റാണ്ടോടുകൂടി രചിക്കപ്പെട്ട രണ്ട് സുപ്രധാന ഇതിഹാസ കൃതികളാണ്. ചിലപ്പധികാരവും മണിമേഖലയും . ചിലപ്പധികാരം ഒരു പ്രണയകഥയെ അധികരിച്ചുള്ളതും തമിഴ് സാഹിത്യത്തിന്റെ തിളക്കമാർന്ന രത്നമായി പരിഗണിക്കപ്പെടുന്നതുമായ സവിശേഷ കൃതിയാണ്. രണ്ടാമത്തെ ഇതിഹാസമായ മണിമേഖല മധുരയിലെ ആരു ധാന്യവ്യാപാരി രചിച്ചതാണ് എ.ഡി. രണ്ടുമുതൽ ആറാം നൂറ്റാണ്ടുവരെയുള്ള തമിഴരുടെ സാമൂഹ്യ സാമ്പത്തിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന കൃതികളാണ് ഈ രണ്ട് ഇതിഹാസങ്ങളും.

എ.ഡി. ആറാം നൂറ്റാണ്ട് മുതൽ എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ട് വരെ തമിഴ് ദൈവിക കവിതകൾ എഴുതിയിരുന്നത് നായനാർമാരും (ശിവനെ പ്രകീർത്തിച്ചുകൊണ്ട് പാടിയിരുന്ന സന്യാസികൾ) ആൾവാർമാരും ആയിരുന്നു. അവർ ഭക്തി പ്രസ്താനത്തിന്റെ സന്ദേശവാഹകർ ആയിരുന്നു. ഇവ ഇന്ത്യാഭൂഖണ്ഡത്തെ മുഴുവൻ വിഴുങ്ങിക്കളഞ്ഞു. രണ്ട് തമിഴ് ക്ലാസ്സിക്ക് സാഹിത്യ കൃതികൾ ആയിരുന്നു കമ്പരാമായണവും പെരിയ പുരാണ വും

## നിങ്ങളെന്തു പഠിച്ചു ?

- ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ബുദ്ധിപരമായ കാര്യങ്ങളുടെ ആകെത്തുകയാണ് പൈതൃകം
- ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്നഭാഷയാണ് സംസ്കൃതം
- മനുഷ്യകുലത്തിന്റെ ഏറ്റവും പുരാതനവും സമ്പന്നവുമായ സാഹിത്യപൈതൃകമാണ് ഋഗ്വേദം
- ലോകത്തിലെ മഹാന്മാരായ തത്വചിന്തകരെല്ലാം ഉപനിഷത്തുകൾ സ്വാധീനിച്ചു.
- നമ്മുടെ ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും ഇന്നും നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യധർമ്മ ചിന്തകളെ സ്വാധീനിക്കുന്നു
- പുരാണങ്ങൾ ജനങ്ങൾക്ക് മാർഗ്ഗദർശകം
- ജൈനമതം നല്ല ശീലങ്ങൾ, ധാർമ്മികത എന്നിവയ്ക്ക് ഊന്നൽ നൽകുകയും അഹിംസ, സത്യസന്ധത, വിരക്തി എന്നിവ ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അക്കാലത്തെ ജനങ്ങളുടെ ജീവിതത്തിലേക്കും ചിന്തകളിലേക്കും വെളിച്ചം വീശുന്ന അമൂല്യമായ കൃതിയാണ് ജാതക കഥകൾ.ബുദ്ധന്മാരുടെ സംഘങ്ങൾ മഹത്തായ വിജ്ഞാന കേന്ദ്രങ്ങളായിരുന്നു.
- വാസ്തുശില്പം,രസതന്ത്രം, ജീവശാസ്ത്രം, ശസ്ത്രക്രിയ,വൈദ്യം ,രാഷ്ട്രതന്ത്രം, നിയമം എന്നീ മേഖലകളെ അധികരിച്ച് അമൂല്യമായ നിരവധി പ്രാചീനകൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്.
- തമിഴ് സാഹിത്യങ്ങൾ സംഘസാഹിത്യം എന്നപേരിൽ അറിയപ്പെടുന്നു.

കുറിപ്പുകൾ :

## ചോദ്യാവലി

1. സംസ്കൃതം മറ്റെല്ലാ ഇന്ത്യൻ ഭാഷകളുടെയും തായ്‌വേരാണ് വിവരിക്കുക
2. ഉപനിഷത്തുകളുടെ പ്രാധാന്യം വിശദീകരിക്കുക.
3. ബുദ്ധ-ജൈന സാഹിത്യത്തെക്കുറിച്ച് വിശദമായി വിവരിക്കുക.
4. കുറിപ്പെഴുതുക
    1. സംഘസാഹിത്യം
    2. വേദങ്ങൾ
5. ഇരട്ട ഇതിഹാസങ്ങളായ ശിലപ്പതികാരം വും മണിമേഘലയുടെയും പിന്നിലുള്ള കഥ എന്താകുന്നു.
6. നാരവേ യുടെ രാമായണത്തിന്റെ അപൂർവ്വമായ സവിശേഷത എന്തായിരുന്നു. ?

## ഉത്തരങ്ങൾ

**ചോദ്യാവലി 6.1**

1. സംസ്കൃതം
2. ഋഗ്വേദം

**6.2**

1. അറിവ്
2. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം
3. ത്യാഗം അല്ലെങ്കിൽ അർച്ചന എന്നാണ് അർത്ഥമാക്കുന്നത്. ആ കാലഘട്ടത്തിലെ ഇന്ത്യയിലെ സാമൂഹികവും മതപരവുമായ അവസ്ഥ.
4. 16,000 (പതിനാറായിരം)

**6.3**

1. ഉപനിഷത്ത് അർത്ഥമാക്കുന്നത് ഗുരുവിനോട് ചേർന്നിരിക്കുക.
2. ഐതേരേയ ,കേന,കഥ,ബ്രിഹദരണ്യകാ കൂടാതെ ചാൻന്തോഗ്യാ.
3. ഒരു യോദ്ധാവ് എന്ന നിലയിൽ തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൃഷ്ണൻ അർജ്ജുനനോട് പറയുന്നു. ഉപമകളും ഉദാഹരണങ്ങളും സഹിതം വിവധ തത്വശാസ്ത്രങ്ങളാൽ വിശാലമാണിത്.

**6.4**

1. രാമായണവും മഹാഭാരതവും
2. വാൽമീകിയും വേദവ്യാസനും

**6.5**

1. 18 പുരാണങ്ങളും 18 ഉപനിഷത്തുകളും ഉണ്ടായിരുന്നു.
2. പുരാണങ്ങൾ കൈകാര്യം ചെയ്യുന്നത് സൃഷ്ടിയുടെ രഹസ്യങ്ങളും, വിനോദം, രാജവംശപരമായ വംശാവലികളുമാണ്.

**6.6**

1. പാലിയും പ്രാകൃത്
2. വിനായ പിതാക .സുക്ത പിതാക, അഭിധർമ്മ പിതാക.
3. ഗൗതമബുദ്ധയുടെ ആദ്യകാല ജനനങ്ങൾ അതിൽ അദ്ദേഹം ധർമ്മ അനുഷ്ഠിച്ചിരുന്നു.
4. രണ്ട് പ്രധാനപ്പെട്ട ജൈന പണ്ഡിതൻമാർ ആയിരുന്നു ഹരിഭദ്രസൂരി (എ.ഡി 8)യും ഹേമചന്ദ്രസൂരിയും (എ.ഡി. 12)

**6.7**

1. നിയമം
2. കൽഹാന
3. അഭിജ്ഞാന ശാകുന്തളം
4. ഗീതാ ഗോവിന്ദൻന്ദ.
5. ചരക്

കുറിപ്പുകൾ :

# 7

# ഇന്ത്യൻ ഭാഷകളും സാഹിത്യവും

ഏതൊരു സംസ്ക്കാരത്തിന്റെയും സമ്പന്നത കാണാൻ വിലമതിക്കാൻ കഴിയും എന്നാൽ ഭാഷയുടെയും സാഹിത്യത്തിന്റെയും കാര്യത്തിൽ അത് വായിക്കാനും കേൾക്കാനും കഴിയണം. സംസ്ക്കാരത്തിന്റെ ഈ പ്രത്യേക ഘടകത്തെ നമ്മൾ വിലമതിക്കുകയും അഭിമാനം കൊള്ളുകയും ചെയ്യണം. ആ സമയങ്ങളിൽ എഴുതിയ പുസ്തകങ്ങൾ നമ്മൾ വായിക്കണം ആ സമയത്ത് സംഭവിച്ച പല കാര്യങ്ങൾ മനസ്സിലാക്കാൻ നമ്മളെ വളരെയധികം അത് സഹായിക്കും. ആധുനിക ഇന്ത്യൻ ഭാഷകളുടെ വികാസത്തെക്കുറിച്ചും അവയുടെ സാഹിത്യ രൂപങ്ങളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ നാം പഠിക്കുന്നു. നമ്മൾ വീണ്ടും വായിച്ചറിയുന്നു. ക്രിസ്ത്യൻ മിഷനറിമാർ ആദ്യകാല നിഘണ്ടു നിർമ്മിക്കുന്നതിനും ആധുനിക ഇന്ത്യൻ ഭാഷകളുടെ വ്യാകരണം രചിക്കുന്നതിനും വഹിച്ച പങ്കിനെപറ്റിയും അവ എല്ലാം ആധുനിക ഇന്ത്യൻ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് എങ്ങിനെ സഹായകമായി എന്ന് മനസ്സിലാക്കുന്നു. ആധുനിക ഇന്ത്യൻ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഭക്തിപ്രസ്ഥാനവും ദേശീയ പ്രസ്ഥാനങ്ങളും വഹിച്ച പങ്കിനെക്കുറിച്ചും അറിയാൻ കഴിയും.

## ലക്ഷ്യങ്ങൾ

**ഈ ആധ്യായം വായിച്ചാൽ**

* ആധുനിക ഇന്ത്യൻഭാഷകളുടെ വളർച്ച മനസ്സിലാക്കാം.

* വ്യത്യസ്തമായ ഇന്ത്യൻഭാഷകളിലെ സാഹിത്യ രൂപങ്ങളും ഇന്ത്യൻ സമൂഹത്തിലെ സാമൂഹിക സാംസ്ക്കാരിക മാറ്റങ്ങളും തമ്മിലുള്ള പരസ്പര ബന്ധം പരിശോധിക്കാം.

* ഇന്ത്യൻ ഭാഷകളിലെ സാഹിത്യരൂപങ്ങളിൽ അന്തർലീനമായ നാനാത്വത്തിൽ ഏകത്വം കണ്ടെത്താം.

* ഇന്ത്യയിലെ നവോത്ഥാനത്തിന് വിവിധ ഭാഷകളും അവയിലെ സാഹിത്യങ്ങളും വഹിച്ച പങ്കിനെക്കുറിച്ച് പരിശോധിക്കാം.

## ഉത്തരേന്ത്യൻ ഭാഷകളും സാഹിത്യവും

മധ്യ കാലഘട്ടംവരെ ഇന്ത്യയിൽ ഭാഷകളുടെ പരിണാമം നാം മനസ്സിലാക്കി ക്കഴിഞ്ഞു. ചില മേഖലകളിൽ പഴയ അപഭ്രംശം പുതിയരൂപം കണ്ടെത്തുകയും മറ്റു രൂപങ്ങളിലേക്ക് രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ലേഖനഭാഷ, സംസാരഭാഷ എന്നിങ്ങനെ ഭാഷകൾ രണ്ടു തലങ്ങളിലായി പരിണമിച്ചു. അശോകന്റെ കാലത്ത് പഴയ ബ്രഹ്മി ലിപിക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചു. അശോകന്റെ കാലത്ത് അക്ഷരങ്ങൾക്ക് വ്യത്യസ്ത വലിപ്പമാണ് ഉണ്ടായിരുന്നത്. എന്നാൽ ഹർഷന്റെ കാലഘട്ടമാവുമ്പോഴേക്കും ഒരേ ക്രമവും വലിപ്പവുമുള്ള അക്ഷരങ്ങളായി മാറി.



കുറിപ്പുകൾ :

ഉറുദ്ദ് ഒഴികെയുള്ള മറ്റെല്ലാ ഉത്തരേന്ത്യൻ ഭാഷകളുടെയും ലിപികളുടെയും ഉദയം പഴയ ബ്രഹ്മിലിപിയിൽ നിന്നു തന്നെയാണ്. ദീർഘമെങ്കിലും സാവധാനത്തിലുള്ള പരിണാമമാണ് അവയ്ക്ക് ഇന്നത്തെ രൂപം നൽകിയത്. ഗുജറാത്തി, ഹിന്ദി, പഞ്ചാബിലിപികൾ താരതമ്യം ചെയ്താൽ ഈ മാറ്റം നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ ഇരുന്നൂറിലധികം സംസാര ഭാഷകൾ ഇന്ന് ഇന്ത്യയിലുണ്ട്. ചിലത് വ്യാപകമായി ഉപയോഗിക്കപ്പെടുമ്പോൾ ചിലത് ഏതെങ്കിലും ഒരു പ്രത്യേക മേഖലയിൽ മാത്രം ഉപയോഗിക്കുന്നു. ഇതിൽ 22 ഭാഷകൾ മാത്രമാണ് നമ്മുടെ ഭരണഘടനയിൽ ഇടംകണ്ടെത്തിയത്.

ധാരാളം ജനങ്ങൾ വ്യത്യസ്തമായ രീതിയിൽ ഹിന്ദി സംസാരിക്കുന്നു. ബ്രജഭാഷ, അവ്ധി(അവ്ധ് മേഖലയിൽ സംസാരിക്കുന്നത്), ബോജ്പുരി, മഗധി, മൈഥിലി(മിഥിലയിൽ സംസാരിക്കുന്നത്), രാജസ്ഥാനി, കഡിബോലി(ദില്ലിക്ക് ചുറ്റും സംസാരിക്കുന്നത്) എന്നിവ ഇതിൽപ്പെടുന്നു. രാജസ്ഥാനി ഹിന്ദിയുടെ മറ്റൊരു വകഭേദമാണ്. ഈ വിഭജനം നടത്തിയത് അക്കാലത്തെ മഹാന്മാരായ കവികൾ രൂപപ്പെടുത്തിയ സാഹിത്യകൃതികളുടെ അടിസ്ഥാനത്തിലാണ്. സൂർദാസും ബിഹാരിയും ഉപയോഗിച്ച ഭാഷ ബ്രജഭാഷ എന്ന പേരിലും രാമചരിതമാനസത്തിൽ തുളസീദാസ് ഉപയോഗിച്ച ഭാഷ അവ്ധി എന്നപേരിലും വിദ്യാപതി ഉപയോഗിച്ച ഭാഷ മൈഥിലി എന്നപേരിലും അറിയപ്പെട്ടു. ഇന്നു നാം അറിയപ്പെടുന്ന രീതിയിലുള്ള ഹിന്ദി കഠിബോലി എന്ന പേരിലാണ് അറിയപ്പെടുന്നത്. 13-ാം നൂറ്റാണ്ടിൽ ഖുസറു തന്റെ കൃതികളിൽ കഠിബോലി ഉപയോഗിച്ചിരുന്നുവെങ്കിലും 19-ാം നൂറ്റാണ്ടിൽ മാത്രമാണ് അതിന്റെ വ്യാപകമായ ഉപയോഗം ഉണ്ടായത്. ഹിന്ദിയിൽ ഇപ്പോൾ അല്പം ഉറുദു സ്വാധീനം കൂടി ദർശിക്കാൻ കഴിയും.

## 7.2 ഉറുദു പേർഷ്യൻ ഭാഷകൾ

ഉറുദു ഒരു സ്വതന്ത്രമായ ഭാഷയായി രൂപാന്തരപ്പെട്ടത് എ.ഡി. 4-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ്. അറബിയും പേർഷ്യൻ ഭാഷകളും ഇന്ത്യയിൽ പരിചയപ്പെടുത്തിയത് തുർക്കികളുടെയും മംഗോളികളുടെയും വരവോടു കൂടിയാണ്. പേർഷ്യൻ ഭാഷ കോടതിയിൽ ഉപയോഗിക്കുന്ന ഭാഷയായിട്ട് നൂറ്റാണ്ടുകളായി. ഉറുദു ഒരു ഭാഷയായിട്ട് ഉത്ഭവിച്ചത് ഹിന്ദിയും പേർഷ്യൻ ഭാഷകളും തമ്മിലുള്ള പരസ്പരം ഇടപഴകലിലൂടെയാണ്.

ദൽഹിക്കുചുറ്റുമാണ് ഉറുദു ജന്മമെടുത്തത്. തുർക്കികൾ ദൽഹി കീഴടക്കിയതിനുശേഷം(1192) ദൽഹിക്കു ചുറ്റും സ്ഥിരതാമസമാക്കി. ഈ കുടിയേറ്റക്കാരുടെയും സാധാരണക്കാരുടെയും പരസ്പര ഇടപെടലിന്റെ ഫലമായി ഉറുദു ജന്മമെടുത്തു. ആദ്യം ഒരു ഉപഭാഷ മാത്രമായിരുന്നു. പക്ഷെ പിന്നീട് അത് ലേഖനഭാഷയായപ്പോൾ പേർഷ്യൻ ലിപിയും തനതായ വ്യാകരണവും പാരമ്പര്യമുള്ള ഭാഷയായി. ക്രമേണ ഉറുദുഭാഷ ഒരു ഭാഷയുടെ എല്ലാ സവിശേഷതകളും ആർജ്ജിച്ചു. ഭാമിനി രാജ്യങ്ങളായ അഹമ്മദ് നഗർ, ഗോൽക്കൊണ്ട, ബീജപ്പൂർ, ബേരാർ എന്നിവിടങ്ങളിലെ ഉപയോഗം ഉറുദുഭാഷയ്ക്ക് വലിയ ഉത്തേജനം നൽകി. ഇവിടെ ദക്കാനി എന്നോ ദക്ഷിണി എന്നോ വിളിക്കപ്പെട്ടു. കാലക്രമേണ ഡൽഹിയിലെ ജനങ്ങൾക്കിടയിൽ ഉറുദു ജനപ്രിയമായി.

ഉറുദു കൂടുതൽ ജനപ്രിയമായത് പതിനെട്ടാം നൂറ്റാണ്ടിലാണ്. പിൽക്കാല മുഗളന്മാരുടെ കണക്കുകൾ പോലും ഉറുദുവിലാണ് രേഖപ്പെടുത്തിയിരുന്നത്. ക്രമേണ ഗദ്യപദ്യ രചനയിലൂടെ അതിന് സാഹിത്യത്തിന്റെ പദവി കൈവന്നു.



കുറിപ്പുകൾ :

അവസാന മുഗൾ ചക്രവർത്തിയായിരുന്ന ബഹദൂർ ഷാ സഫർ ഉറുദു കാവ്യങ്ങൾ എഴുതിയിരുന്നു.

അനുകരിക്കാനാവാത്തവിധം നല്ല കവിതകളിലൂടെ ധാരാളം കവികൾ ഉറുദുവിന് മാന്യമായ സ്ഥാനം നേടിക്കൊടുത്തു. ആദ്യകാല ഉറുദു കവിയായിരുന്നു ഖുസ്രു(1253-1325). അദ്ദേഹം കവിയായിട്ട് എഴുതാൻ തുടങ്ങിയത് സുൽത്താൻ ബാൽബന്റെ ഭരണകാലത്തായിരുന്നു. പിന്നെ നിസാമുദ്ദീൻ ഔലിയായെ പിൻതുടർന്നു. അദ്ദേഹം ആശയ പ്രാധാന്യമുള്ള 99 കവിതകൾ രചിച്ച ഒരു നല്ല കവി കൂടിയായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകൾ ഇവയാണ് - ലൈലാ മജ്നൂൺ ഐനാ-ഐ-ഷിക്കൻദാരി യും ഇവ സമർപ്പിച്ചിരിക്കുന്നത് അലാവുദ്ദീൻ ഖിൽജിക്കാണ്. മറ്റ് അറിയപ്പെടുന്ന കവികളായിരുന്നു ഗാലിബ്, സൗക്ക് ഹലി, ഇഖ്ബാൽ എന്നിവർ. ബംഗ്-ഇ-ദര എന്ന തന്റെ സംഗ്രഹത്തിൽ ഇഖ്ബാലിന്റെ കവിതകൾ ക്രോഡീകരിക്കപ്പെട്ടിരി ക്കുന്നു. അദ്ദേഹത്തിന്റെ സാരേ ജഹാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ............. ഇന്ത്യയിലെ എല്ലാ ദേശീയ ആഘോഷങ്ങളിലും ആലപിക്കപ്പെടുന്നു. ഈ ഗാനത്തിന്റെ ഈണമില്ലാത്ത സൈനിക പരേഡുകൾ അപൂർണ്ണമായി പരിഗണിക്കപ്പെടുന്നു. ഡൽഹിപോലുള്ള വലിയ ഇന്ത്യൻ നഗരങ്ങളിൽ പല പരിപാടികളിലും പല പേരുകേട്ട സംഗീതജ്ഞരെയും ക്ഷണിച്ചു നസാംസ് അല്ലെങ്കിൽ ഗസ്സൽ പാടാൻ വേണ്ടി ഇവ എഴുതിയിരുന്നത് പ്രമുഖ കവികളായ ഗാലിബ്, മൈം, ബുള്ളി ഷാ, വാരിസ് ഷാ കൂടാതെ മറ്റു പലരുമായിരുന്നു. അതുകൊണ്ട് നിങ്ങൾക്ക് ഊഹിക്കാൻ കഴിയും എത്ര വലിയതാണ് നമ്മുടെ ഭാഷയും സംസ്കാരവും ഇന്നുരെ നാം പിൻതുടർന്നതെന്ന്. ഇത് നമ്മുടെ ജീവിതത്തെ ധന്യമാക്കി പിന്നെ ജനങ്ങൾ പരസ്പരം ഇടപഴകുന്നതിനും സന്ധിക്കുന്നതിനുമുള്ള ഒരു കേന്ദ്രമായി തീർന്നു.

ഫസനത്ത്-ഇ-ആസാദ് എന്ന സുപ്രസിദ്ധ ഗദ്യഗ്രന്ഥം രചിച്ച പണ്ഡിറ്റ് രത്തൻനാഥ് സർഷർ അറിയപ്പെടുന്ന ഉറുദു ഗദ്യ രചയിതാവായിരുന്നു. ഹിന്ദി സാഹിത്യത്തിലെ അഗ്രഗാമിയായിരുന്ന മുൻഷി പ്രേംചന്ദ് പോലും ഉറുദുഭാഷയിൽ എഴുതിയിരുന്നു. നസ്മ് എന്ന പേരിൽ അറിയപ്പെടുന്ന പുതിയ കാവ്യരൂപത്തിന് ഉറുദു തുടക്കമിട്ടു. ലഖ്നോവിലെ നവാബുമാർ ഉറുദുവിൽ സിംപോസിയം നടത്തുകയും ഉറുദുഭാഷ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ക്രമേണ ഉറുദു ജനപ്രിയമായി മാറി. പാക്കിസ്ഥാൻ ഉറുദു ദേശീയ ഭാഷദയായി സ്വീകരിച്ചു.

### മുഗൾ ഭരണകാലത്ത് സാഹിത്യത്തിന്റെ പുരോഗതി

മുഗൾ ഭരണകാലത്ത് സാഹിത്യമേഖലയിൽ ശ്രദ്ധേയമായ വലിയ പുരോഗതി ഉണ്ടായി. ബാബരും ഹുമയൂണും സാഹിത്യത്തെ സ്നേഹിച്ചിരുന്നു. ബാബർ തന്നെ മഹാനായ ഒരു പേർഷ്യൻ പണ്ഡിതനായിരുന്നു. അദ്ദേഹം തുസക്ക്-ഇ-ബാബരി എന്ന ടർക്കിഷ് സാഹിത്യം ആദരിക്കപ്പെടുന്ന കൃതി രചിച്ചു. ഹുമയൂൺ ഇത് അറബി ഭാഷയിലേക്ക് തർജ്ജിമ ചെയ്തു. അദ്ദേഹം സാഹിത്യ പഠനത്തെയും സ്നേഹിച്ചിരുന്നു. ഒരു വലിയ ലൈബ്രറി സ്ഥാപിച്ചു. ഹുമയൂൺ നാമ ആ സമയങ്ങളിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ വച്ച് ഏറ്റവും ഉയർന്ന തലത്തിലായിരുന്നു.

അക്ബർ പഠനത്തിന് വളരെ തത്പരനായിരുന്നു. അക്ബർ നാമാ, സുർ സാഗർ, രാമ ചരിത മാനസ്, എന്നിവ അദ്ദേഹത്തിന്റെ കാലത്ത് രചിക്കപ്പെട്ട

പുസ്തകങ്ങളിൽ ശ്രേഷ്ഠമായിരുന്നു. ഈ കാലയളവുകളിൽ എഴുതിയിരുന്നവരാണ്, മാലിക്ക്, മുഹമ്മദ ജയാസിസ്, പത്മാവത്, കേശവന്റെ രാമചന്ദ്രിക എന്നിവർ. ജഹാംഗീർ സാഹിത്യത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. വളരെയധികം പണ്ഡിതന്മാർ അദ്ദേഹത്തിന്റെ കൊട്ടാരം അലങ്കരിച്ചിരുന്നു. അദ്ദേഹം തന്നെ ഒരു ഉന്നതമായ കഴിവുകളുള്ള പണ്ഡിതനായിരുന്നു. സ്വയം തന്റെ ജീവിതകഥ എഴുതി. ഷാജഹാന്റെ കാലത്ത് അവിടെ ഒരു വലിയ പണ്ഡിതനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് അബ്ദുൾ ഹമീദ് ലാഹോരി എന്നായിരുന്നു. അദ്ദേഹം ബാദ്ഷാ നാമാ എഴുതി. ഔറംഗസീബിന്റെ കാലയളവിൽ സാഹിത്യ പ്രവർത്തനങ്ങൾ വളരെയധികം സഹിക്കേണ്ടിവന്നു.

മുഗള ഭരണകാലത്തെ(സാമ്രാജ്യത്തിന്റെ) അവസാന നാളുകളിൽ ഉറുദു സാഹിത്യം പുരോഗമിക്കാൻ ആരംഭിച്ചു. ഈ നേട്ടത്തിന്റെ അവകാശം സർ സയ്യദ് അഹമ്മദ് ഖാനും മിർസാ ഗലീബിനുമാണ്. സയ്യദ് അഹമ്മദ് ഖാന്റെ ഭാഷ വളരെ ലളിതവും ആകർഷണീയവുമാണ്. അദ്ദേഹത്തിന്റെ രചനകൾ മറ്റ് ഉർദു എഴുത്തുകാരനായ മിർസാ ഗലീബിനെ സ്വാധീനിച്ചു. അദ്ദേഹം ആ സമയത്തെ പേരുകേട്ട കവിയായിരുന്നു. ഉറുദു കവിതകൾ മുന്നോട്ട് കൊണ്ടുവരുന്നതിന് അദ്ദേഹം വലിയ സംഭാവന നൽകി. ആ സമയത്ത് ഉർദുകവിതയിൽ താല്പര്യമുള്ള വേറെ ധാരാളം എഴുത്തുകാരുമുണ്ടായിരുന്നു. കൂടാതെ ഉറുദു സാഹിത്യത്തിലും അവർ താല്പര്യം കാണിച്ചു. മൗലവി അൽത്താ ഹുസൈൻ അലി, അക്ബർ അലഹബാദി, ഡോ. മുഹമ്മദ് ഇഖ്ബാൽ ഇവരായിരുന്നു പ്രസിദ്ധരായ ആ എഴുത്തുകാർ. അന്നത്തെ കോടതി ഭാഷ പേർഷ്യൻ ആയിരുന്നതുകൊണ്ട് സാഹിത്യം കൂടുതലും എഴുതിയിരുന്നത് പേർഷ്യൻ ഭാഷയിലായിരുന്നു. അമീർ ഖുസ്റോ, അമീർ ഹസ്സൻ ദെഹൽവി എന്നിവർ പേർഷ്യൻ ഭാഷയിൽ പ്രമുഖ കവിതകൾ എഴുതിയിരുന്നു. ചരിത്രകാരന്മാരായ മിൻഹാൻ അസ് സിറാജ്, സിയാ ബറാനി, ഇബൻ ബത്തൂത്ത ആ കാലത്ത് ഇന്ത്യയിൽ വന്ന് അന്നത്തെ ഭരണാധികാരികളുടെ കണക്കുകൾ, പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവ വികാസങ്ങൾ എന്നിവ ഈ ഭാഷയിലാണ് എഴുതിയത്. ഈ കാലയളവിൽ കോടതി ഭാഷയായി പേർഷ്യൻ ഭാഷ അംഗീകരിച്ചു. പല ചരിത്രപരമായ കണക്കുകളും ഭരണ സംബന്ധമായ ചെറു പുസ്തകവും(മാനുവൽ) പിന്നെ സാഹിത്യവും ഈ ഭാഷയിൽ എഴുതിയിരുന്നു. മുഗൾ ഭരണാധികാരികൾ സാഹിത്യത്തിൽ വളരെയധികം താല്പര്യമുള്ള വരായിരുന്നു (രക്ഷാധികാരികളായിരുന്നു) ബാബർ അദ്ദേഹത്തിന്റെ ആത്മകഥ തുർക്കി ഭാഷയിലെഴുതിയത് അദ്ദേഹത്തിന്റെ കൊച്ചുമകൻ(അക്ബർ) പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്തു. അക്ബർ പല ചരിത്രകാരന്മാരുടേയും രക്ഷാധികാരിത്വം വഹിച്ചിരുന്നു. അദ്ദേഹത്തിന് മഹാഭാരതം പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്ത് കിട്ടിയിരുന്നു. ജഹാംഗീറിന്റെ ആത്മകഥ പേർഷ്യൻ ഭാഷയിലായിരുന്നു. അത് സാഹിത്യത്തിന്റെ അതുല്യമായ ഒരു പുസ്തകമായിരുന്നു. ആ സമയത്ത് നൂർജഹാൻ നിപുണയായ ഒരു പേർഷ്യൻ കവയിത്രിയായിരുന്നു എന്ന് പറയപ്പെടുന്നു. കുറേ നല്ല പേർഷ്യൻ സാഹിത്യങ്ങൾ അന്നത്തെ മുഗൾ ചക്രവർത്തിമാരുടെ രാജസ്തുതിപാഠകർ പ്രദർശിപ്പിച്ചിരുന്നു. അബുൾ ഫാസിലിന്റെ അക്ബർ നാമയും, ഐൻ-ഇ- അക്ബരിയും സാഹിത്യത്തിന്റെ ശ്രേഷ്ഠ ഗ്രന്ഥങ്ങളായിരുന്നു. അതിൽ നിന്ന് നമുക്ക് അക്ബർ ചക്രവർത്തിയെക്കുറിച്ചും ഭരണകാലത്തെപ്പറ്റിയുമുള്ള അറിവ് ലഭിക്കും. ഫൈസി മനോഹരമായ പേർഷ്യൻ കവിതകൾ എഴുതിയിരുന്നു. മുഗൾ സാമ്രാജ്യത്തിന്റെ എഴുത്തുകളുടെ ശേഖരം ഇപ്പോഴും നമുക്ക് ലഭ്യമാണ്. മുഗൾ ചരിത്രത്തിലേക്ക്

വെളിച്ചം വീശുന്നതും കൂടാതെ പല വിധത്തിലുള്ള എഴുത്തു കുത്തുകളും മനസ്സിലാക്കിത്തന്നു. ഗദ്യവും ചരിത്രവും എഴുതുന്ന മറ്റൊരു വ്യക്തിയായിരുന്നു. ചന്ദ്രഭാൻ(എഴുത്തുകാരൻ) അദ്ദേഹം ഷാജഹാൻ ചക്രവർത്തിയുടെ ഭരണ കാലത്തെ എഴുത്തുകാരനായിരുന്നു. അതുപോലെ ഔറംഗസീബിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ഒരു പുസ്തകമാണ് തബ്ഖദ-ഐ-അലംഗിരി. അക്ബറിന്റെ സമയത്തെ മറ്റൊരു എഴുത്തു കാരനായിരുന്നു ബദൗണി. 20–ാം ദശാബ്ദത്തിൽ ഇക്ബാൽ നല്ല പേർഷ്യൻ കവിത എഴുതിയിരുന്നു. ഇവയെല്ലാം ഇൻഡ്യയുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഒരു ഭാഗമായിത്തീർന്നു.

ആ സമയത്തെ അറിയപ്പെടുന്ന ഹിന്ദു കവികളായിരുന്നു കബീർ, തുളസീദാസ്, സൂർദാസ്, റഹീം എന്നിവർ. കബീറിന്റെ ദോഹകൾ ഇപ്പോഴും വളരെ പ്രചാരമുള്ളതാണ്. എന്നാൽ തുളസീദാസിന്റെ രാമചരിതമാനസംഹിന്ദുക്കളുടെ പവിത്രമായ പുസ്തകമായിത്തീർന്നു. അക്ബറിന്റെ ഭരണകാലത്തെഴുതിയ ബഹാരിയുടെ സത്സായി വളരെ പ്രസിദ്ധമാണ്. കേശവമിശ്രയുടെ അലങ്കാര ശേഖരം അക്ബറിന്റെ സഭയിൽ പ്രദർശിപ്പിച്ചിരുന്നു. അത് എഴുത്തിന്റെ രീതിയെപ്പറ്റിയുള്ള ശ്രേഷ്ഠമാ ഒരു സംസ്കൃത രചനയായിരുന്നു. പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്ത പല സംസ്കൃത പുസ്തകങ്ങളും ഉദാ: ഭഗവദ് ഗീതയും ഉപനിഷത്തുകളും അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു.

## പാഠഭാഗചോദ്യങ്ങൾ (7.1)

1. ഹിന്ദി ഭാഷയിലെ പലതരത്തിലുള്ള വകഭേദങ്ങൾ ഏതൊക്കെ?

2. രാമചരിതമാനസം എഴുതാൻ തുളസീദാസ് ഉപയോഗിച്ച ഭാഷ ഏതായിരുന്നു ?

3. എങ്ങനെയാണ് ഉറുദുഭാഷ ഇൻഡ്യയിൽ ഉപയോഗിക്കാൻ തുടങ്ങിയത്?

4. ഏതു രാജ്യമാണ് ഉറുദു ദേശീയ ഭാഷയായി ഉപയോഗിക്കുന്നത്?

5. ഉറുദു ഭാഷയെ ഡക്കാനിലെങ്ങനെയാണ് വിളിക്കുന്നത്?

## 7.3 ഹിന്ദി സാഹിത്യം

ഈ കാലയളവിൽ പ്രാദേശിക ഭാഷകളായ ഹിന്ദി, ബംഗാളി, ആസാമീസ്, ഒറിയ, മറാത്തി, ഗുജറാത്തി എന്നിവയ്ക്കു വലിയ വളർച്ചയുണ്ടായി. തെക്ക് മലയാള ഭാഷ സ്വതന്ത്രഭാഷയായി വളർന്നു. 14–ാം ദശാബ്ദത്തിൽ ഈ ഭാഷകളുടെ ഉത്ഭവങ്ങളെ തുടർന്ന് സംസ്കൃതഭാഷയ്ക്ക് ക്ഷീണം സംഭവിച്ചു. കാരണം ആ ഭാഷകൾ കാര്യനിർവ്വഹണം നടത്തിപ്പോരുന്ന തലത്തിൽ എത്തി. ഭക്തി പ്രസ്ഥാനത്തിന്റെ ഉത്ഭവവും പല ദിവ്യന്മാർ ഈ പ്രാദേശിക ഭാഷകൾ




*കുറിപ്പുകൾ :*

ഉപയോഗിച്ചിരുന്നതുകാരണം ഈ ഭാഷകൾക്ക് വളർച്ചയും പുരോഗതിയും ഉണ്ടായി.

ഉത്തര പശ്ചിമ ഇന്ത്യയിൽ വികാസം പ്രാപിച്ച വിവിധ ഉപഭാഷകളെക്കുറിച്ച് നാം മനസ്സിലാക്കി. ഹിന്ദി ഭാഷയിലെ ആദ്യഗ്രന്ഥമായി പൃഥിരാജ് രാസോ കണക്കാക്കപ്പെടുന്നു. പൃഥിരാജ് ചൗഹാന്റെ വിജയങ്ങളെക്കുറിച്ചുള്ള ഒരു വിവരണമാണിത്. ഇതിനെ അനുകരിച്ചുകൊണ്ട് മറ്റനവധി രാസോകൾ രചിക്കപ്പെട്ടു. ഈ ഭാഷ ഉപയോഗിക്കുന്ന പ്രദേശങ്ങളുടെ മാറ്റത്തിനനുസരിച്ച് ഭാഷയിലും വികാസമുണ്ടായി. പുതിയ സാഹചര്യങ്ങൾ വിവരിക്കാനുതകുന്ന വിവിധ വാക്കുകൾ നിർമ്മിക്കുകയോ അതിന്റെ പുതിയ സ്വാധീന മേഖലകളിൽ നിന്ന് കടമെടുക്കുകയോ ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഹിന്ദി സംസ്കൃത സാഹിത്യത്തിലെ ക്ലാസിക്കുകളെ ആശ്രയിച്ചു. ഹിന്ദി സാഹിത്യകാരന്മാർ ഭരതന്റെ നാട്യശാസ്ത്രം മനസ്സിൽ സൂക്ഷിച്ചു. 12 ഉം 13 ഉം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യയിൽ ഉദയം ചെയ്ത ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം ഉത്തരേന്ത്യയിൽ എത്തുകയും അക്കാലത്തെ ഗദ്യപദ്യ രചനകളിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. കവിതകൾ ഭക്തികാവ്യങ്ങളായി. തുളസിദാസിനെ പോലുള്ള കവികൾ ഒരു പ്രത്യേക പ്രദേശത്ത് മാത്രം കേന്ദ്രീകരിച്ച് ആ പ്രദേശത്തെ ഭാഷയിൽ മാത്രം കവിതകൽ രചിച്ചപ്പോൾ കബീറിനെപ്പോലുള്ള കവികൾ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് പോവുകയും ഉറുദു പേർഷ്യൻ വാക്കുകൾ കവിതകളിൽ ഉപയോഗിക്കുകയും ചെയ്തു. വാല്മീകിയുടെ രാമായണത്തിന്റെ അടിസ്ഥാനത്തിലാണ് തുളസീദാസ് രാമചരിതമാനസം രചിച്ചതെങ്കിലും അദ്ദേഹം സാഹചര്യത്തിനനുസരിച്ച് നാടൻ കലകളുടെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തുകയും ചില രംഗങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു.

തുളസീദാസ് വാല്മീകി രാമായണത്തെ അടിസ്ഥാനമാക്കി കവിതകൾ എഴുതിയിരുന്നു എന്ന് പറയപ്പെടുന്നെങ്കിലും അദ്ദേഹം ചുറ്റുപാടുകളും കുറെ നല്ലകാഴ്ചകളും കൂട്ടിച്ചേർത്ത് പുരാതനാചാരങ്ങളെ അടിസ്ഥാനമാക്കി, ഉദാഹരമായി വാത്മീകീ രാമായണത്തിൽ സീതയുടെ അജ്ഞാത വാസം പ്രതിപാദിക്കുന്നു എന്നാൽ തുളസീദാസിന്റെ രചനയിൽ ഇത് പ്രതിപാദിക്കുന്നില്ല. തുളസിയുടെ കഥാനായകന് ദിവത്വം കൽപ്പിച്ചപ്പോൾ വാല്മീകിയുടെ കഥാനായകൻ മനുഷ്യരൂപത്തിലായിരുന്നു.

ഹിന്ദി വികാസം പ്രാപിച്ചു 7,8 എ.ഡി. നൂറ്റാണ്ടിനും ബി.സി. 14-ാം നൂറ്റാണ്ടിനുമിടയിലുള്ള അപഭ്രംസാ ഘട്ടത്തിൽ. ഇത് വീർഗാഥ കല എന്ന നിലയിലാണ് ചിത്രീകരിച്ചത്, അതായത് ധീരകൃത്യങ്ങളുടെ കവിതാകാലഘട്ടം അല്ലെങ്കിൽ അടികല.(ആദ്യകാലഘട്ടം). ഇതിനെ പ്രോത്സാഹിപ്പിച്ചത് രജപുട്ട് ഭരണാധികാരികൾ ആയിരുന്നു. ഇത് ധീരതകളെയും കവിതയെയും മഹത്വ വത്ക്കരിച്ചു. ഈ കാലഘട്ടത്തിലെ ഏറ്റവും പേരുകേട്ട കവികളായിരുന്നു. കബീറും തുളസീദാസും. ആധുനിക യുഗത്തിൽ, ഖാദി പ്രാദേശികഭാഷ വളരെ പ്രചാരത്തിൽ എത്തി പലതരത്തിലുള്ള സാഹിത്യങ്ങൾ സംസ്കൃതത്തിൽ നിർമ്മിച്ചു. അതുപോലെ കൃഷ്ണനെ ശിശുവായും കുസൃതിത്തരങ്ങൾ കാട്ടുന്ന ബാലകനായും ഗോപികമാരുമായി ശൃംഗാരകേളികളിലേർപ്പെടുന്ന യുവാവായുമൊക്കെയാണ് തന്റെ സുരസാഗരത്തിൽ സൂർദാസ് അവതരിപ്പിച്ചത്. ഈ കവികൾ അനുവാചകരുടെ ഹൃദയത്തിൽ അഗാധമായ സ്വാധീനം ചെലുത്തി. രാമനും കൃഷ്ണനുമായി ബന്ധപ്പെട്ട ആഘോഷങ്ങൾക്ക് ജനപ്രീതി വന്നുവെങ്കിൽ അതിന്റെ കാരണം ഈ കവികളാണ്. മധ്യകാലഘട്ടത്തിലെ മറ്റു



കുറിപ്പുകൾ :

കവികൾക്കെന്നപോലെ ചിത്രകാരന്മാർക്കും ഇത് പ്രചോദനം നല്കി. അവർ രാജസ്ഥാനി ഭാഷയിൽ കവിതകൾ ആലപിച്ച മീരാഭായിക്കും മുസ്ലീമായിരുന്നെങ്കിലും, കൃഷ്ണനെ പ്രകീർത്തിച്ചു പാടിയ രാസ്ഖാനും പ്രചോദനം നൽകി. നന്ദദാസ് പ്രധാനപ്പെട്ട ഒരു ഭക്തകവിയായിരുന്നു. തത്തുല്യരായിരുന്നു റഹീമും ഭൂഷണനും. ഭക്തിയേക്കാൾ ആത്മീയമായിരുന്ന അവരുടെ വിഷയങ്ങൾ. പതിനേഴാം നൂറ്റാണ്ടിൽ ബിഹാരി തന്റെ സത്സായി രചിച്ചു. അത് ശൃംഗാരത്തെക്കുറിച്ചും മറ്റ് രസങ്ങളെക്കുറിച്ചും അല്പം സൂചനകൾ നൽകുന്നു.

കബീർ ഒഴിച്ച് മേൽ വിവരിച്ച കവികൾ എല്ലാംതന്നെ തങ്ങളുടെ ഭക്തിയെ തൃപ്തിപ്പെടുത്താനാണ് സാഹിത്യ സൃഷ്ടി നടത്തിയത്. കബീർ സ്ഥാപനവല്കൃത മതത്തിൽ വിശ്വസിച്ചിരുന്നില്ല. അദ്ദേഹം രൂപങ്ങളില്ലാത്ത ദൈവത്തിന്റെ ആരാധകനായിരുന്നു. കബീറിന് എല്ലാത്തിന്റെയും ആദ്യവസാനം അവന്റെ (രൂപരഹിത ദൈവത്തിന്റെ) നാമം ജപിക്കുക എന്നതായിരുന്നു. മുൻകാലങ്ങളിലൊന്നും ഇല്ലാതിരുന്ന രീതിയിൽ ഈ കവിതകൾ ഉത്തരേന്ത്യൻ സമൂഹത്തെ സ്വാധീനിച്ചു. ഗദ്യങ്ങളേക്കാൾ കവിതകൾ ഓർക്കാൻ എളുപ്പമായതിനാൽ അവ ജനപ്രിയമായി മാറി.

150 വർഷങ്ങളായി ധാരാളം എഴുത്തുകാർ ആധുനിക ഇന്ത്യയുടെയും സാഹിത്യ ത്തിന്റെയും പുരോഗതിക്കുവേണ്ടി സംഭാവനകൾ നല്കി. അവർ ധാരാളം പ്രാദേശിക ഭാഷകളിൽ മാത്രമല്ല ഇംഗ്ലീഷ് ഭാഷയിലും എഴുതി. പ്രഗത്ഭ ബംഗാളി എഴുത്തുകാരിൽ ഒരാളായ രവീന്ദ്രനാഥ ടാഗോർ സാഹിത്യത്തിന് നോബൽ സമ്മാനം നേടിയ ആദ്യത്തെ ഇന്ത്യാക്കാരൻ ആയിരുന്നു. (ഗീതാഞ്ജലി, 1913-ൽ)

എങ്കിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെയാണ് ഹിന്ദി ഗദ്യസാഹിത്യം വികാസം പ്രാപിച്ചത്. ഹിന്ദിയിലെ ആദ്യകാല നാടക രചയിതാവ് ഭരതേന്തു ഹരിശ്ചന്ദ്രനായിരുന്നു. ഈ നാടകങ്ങളിൽ സംസ്കൃതത്തിലെയും മറ്റു ഭാഷകളിലെയും ഗ്രന്ഥങ്ങളുടെ തർജ്ജമ ആയിരുന്നു. സംസ്കൃതത്തിൽനിന്നും കൃതികൾ തർജ്ജമ ചെയ്ത മറ്റൊരാൾ മഹാവീർ പ്രസാദ് ദ്വിവേദി ആയിരുന്നു. ബംഗാളിയിലെ നോവൽ രചയിതാവായിരുന്നു ബങ്കിം ചന്ദ്ര ചാറ്റർജി (1938-94). ഹിന്ദിയിലേക്ക് അദ്ദേഹത്തിന്റെ നോവലുകൾ മൊഴിമാറ്റം നടത്തുകയും അവ ജനപ്രിയമാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ആനന്ദമതം എന്ന നോവലിൽനിന്നാണ് നമുക്ക് വന്ദേമാതരം എന്ന ഗാനം ലഭിച്ചത്.സ്വാമി ദയാനന്ദ സരസ്വതി ഹിന്ദി ഭാഷയ്ക്ക് നൽകിയ സംഭാവനകൾ അവഗണിക്കാൻ കഴിയില്ല. അടിസ്ഥാനപരമായി ഒരു സംസ്കൃത പണ്ഡിതനും ഗുജറാത്തി യുമായിരുന്നെങ്കിലും അദ്ദേഹം ഹിന്ദി ഇന്ത്യയുടെ പൊതുഭാഷയാവണമെന്ന് വാദിച്ചു. അദ്ദേഹം ഹിന്ദിയിൽ ലേഖനങ്ങൾ എഴുതി. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഹിന്ദി കൃതിയാണ് സത്യാർത്ഥ പ്രകാശം . ഹിന്ദിയെ സമ്പുഷ്ടമാക്കിയ സാഹിത്യകാരന്മാരായിരുന്നു മുൻഷി പ്രേംചന്ദ്, സൂര്യകാന്ത് ത്രിപാടി,നിരാല എന്നിവർ. സ്ത്രീ സംബന്ധിയായ പ്രശ്നങ്ങൾ പ്രതിപാദിച്ച ഹിന്ദിയിലെ ആദ്യ എഴുത്തുകാരനായിരുന്നു മഹാദേവി വർമ്മ. മൈഥിലി ശരൺ ഗുപ്ത മറ്റൊരു പ്രധാന നാമമാണ്. ജയശങ്കർ പ്രസാദ് മനോഹരമായ നാടകങ്ങൾ രചിച്ചു. ഈ എഴുത്തുകാരൊക്കെ ഒരു ലക്ഷ്യം മുൻനിർത്തി ആണ് രചനകൾ നടത്തിയിരുന്നത്. സാമൂഹ്യ തിന്മകളും അന്ധവിശ്വാസങ്ങളും മാറ്റി ഹിന്ദുസമൂഹത്തെ ശുദ്ധീകരിക്കാനാണ് സ്വാമി ദയാനന്ദ സരസ്വതി തന്റെ എഴുത്തിലൂടെ ശ്രമിച്ചത്. പാവപ്പെട്ടവരുടെ

*കുറിപ്പുകൾ :*

ദയനീയമായ ജീവിത സാഹചര്യത്തിലേക്ക് ശ്രദ്ധ തിരിക്കാനാണ് മുൻഷി പ്രേംചന്ദ് ശ്രമിച്ചത്. മഹാദേവി വർമ്മയാകട്ടെ സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥയിലേക്ക് വെളിച്ചം വീശി. പുത്തനുണർവിന്റെ അഗ്രഗാമിയായിരുന്നു നിരാല . നിരാല അംഗീകാരം നേടി. കാരണം അദ്ദേഹം ഇപ്പോഴത്തെ സമൂഹത്തിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ചോദ്യം .ചെയ്തു. മഹാദേവി വർമ്മ ആയിരുന്നു ഹിന്ദിയിൽ എഴുതിയിരുന്ന സ്ത്രീകളിൽ ആദ്യത്തെ സ്ത്രീ. അവരുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർത്തിക്കാട്ടി. മറ്റൊരു പ്രധാനപ്പെട്ട പേരാണ് മൈഥിലി ശരൺ ഗുപ്ത. ജയശങ്കർ പ്രസാദ് മനോഹരങ്ങളായ നാടകങ്ങൾ എഴുതി.

**ആധുനിക കാലഘട്ടത്തിൽ ഹിന്ദിഭാഷ പുരോഗതി പ്രാപിച്ചു.**

### ഹിന്ദിഭാഷ

ആധുനിക ഭാഷയുടെ പുരോഗതി ആരംഭിച്ചത് 18–ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. ഈ കാലയളവിലെ പ്രധാനപ്പെട്ട എഴുത്തുകാരായിരുന്നു സാദാസുക്ക് ലാൽ, എൻഷാള്ളാ ഖാൻ. ഭാരതേന്ദു ഹരീശ്ചന്ദ്രയും ഹിന്ദിഭാഷയെ ശക്തിപ്പെടുത്തി. അതുപോലെ രാജാലക്ഷ്മണൻ സിംഗ് ശാകുന്തളം ഹിന്ദിയിലേക്ക് തർജ്ജിമ ചെയ്തു. ഉറുദുവിലാണ് ഓഫീസ് ജോലികളും മറ്റും ചെയ്തിരുന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ ഹിന്ദി തുടർച്ചയായി പുരോഗതി പ്രാപിച്ചുകൊണ്ടിരുന്നു.

### ഹിന്ദിസാഹിത്യം

ഹിന്ദിസാഹിത്യത്തിലെ ഗദ്യം എഴുത്തുകാരിൽ പ്രമുഖരായിരുന്നു ഭാരതേന്ദു ഹരിശ്ചന്ദ്ര. മഹാവീർ പ്രസാദ്, ത്രിവേദി രാമചന്ദ്രശുക്ല പിന്നെ ശ്യാംസുന്ദർ ദാസ്സ് എന്നിവർ. ഹിന്ദികവിതയുടെ പുരോഗമനത്തിനുവേണ്ടി വലിയ സംഭാവന നല്കിയവർ ഇവരായിരുന്നു. ജയശങ്കർ പ്രസാദ്, മൈഥിലി ശരൺ ഗുപ്ത, സുമിത്രാ നന്ദൻപന്ത്, സൂര്യകാന്ത് ത്രിപാഠി, നിരാലാ, മഹാദേവി വർമ്മ, രാമധാരി സിംഗ്, ദിൻകർ പിന്നെ ഹരിവംശറായ് ബച്ചൻ.

മുകളിൽ പറഞ്ഞിരിക്കുന്ന എഴുത്തുകാരെ നോക്കുകയാണെങ്കിൽ നമുക്കു കാണാൻ കഴിയും അവർ ഓരോരോ ഉദ്ദേശ്യത്തോടുകൂടിയാണ് എഴുതിയിരുന്നത്. സ്വാമി ദയാനന്ദാ എഴുതിയിരുന്നത് ഹിന്ദു സമൂഹത്തിനെ ഉദ്ധരിക്കാനും അന്ധവിശ്വാസങ്ങളും സാമൂഹ്യ അനീതിയും തുടച്ചുനീക്കാനും വേണ്ടിയായിരുന്നു. പാവപ്പെട്ടവരുടെ അവസ്ഥയും കഷ്ടപ്പാടുകളും സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിരുന്നു മുൻഷി പ്രേംചന്ദ് പരിശ്രമിച്ചിരുന്നത്. സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥകൾ എടുത്തുകാണിക്കുന്നതിനു വേണ്ടിയായിരുന്നു, രണ്ടാമത്തെ വലിയ സിവിലിയൻ അവാർഡായ പത്മവിഭൂഷൺ കിട്ടിയ മഹാദേവി വർമ്മ പരിശ്രമിച്ചിരുന്നത്. 'നിരാലാ' ആധുനിക ഇന്ത്യയെ ഉണർത്തുന്നതിന് മാർഗ്ഗ ദർശനം നല്കിയത്.

**പാഠഭാഗചോദ്യങ്ങൾ 7.2**

1. നാട്യശാസ്ത്രം എഴുതിയതാരാണ് ?

2. വാല്മീകിയിലെ രാമന്റെയും, തുളസീദാസിലെ രാമന്റെയും സ്വഭാവം തമ്മിലുള്ള വ്യത്യാസം എന്താണ്?

കുറിപ്പുകൾ :

3. എങ്ങനെയാണ് കൃഷ്ണന്റെ പങ്ക് സുർസാഗറിൽ വ്യത്യാസം വരുന്നത്?

4. നമ്മുടെ ദേശീയഗാനം വന്ദേമാതരം ഏത് പുസ്തകത്തിൽ നിന്നും എടുത്തതാണ്?

5. ഹിന്ദി എഴുത്തുകാർ ഓരോ ഉദ്ദേശ്യത്തോടുകൂടിയാണ് എഴുതിയതെന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കാം?

## 7.4 ബംഗാളി, ആസ്സാമീസ്, ഒറിയ സാഹിത്യം

ഹിന്ദി കഴിഞ്ഞാൽ അടുത്ത പ്രധാന സാഹിത്യം ബംഗാളി സാഹിത്യമാണ്. 1800ൽ കൽക്കത്തയ്ക്ക് സമീപമുള്ള സെറാംപൂരിൽ ബാപ്റ്റിസ്റ്റ് മിഷൻ പ്രസ്സ് സ്ഥാപിക്കപ്പെട്ടു. അതേവർഷംതന്നെ ഈസ്റ്റ് ഇന്ത്യാ കമ്പനി ഫോർട്ട് വില്യം കോളേജ് സ്ഥാപിച്ചു. കമ്പനിയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് ഇന്ത്യയിലെ നിയമങ്ങൾ, ആചാരങ്ങൾ, മതങ്ങൾ, ഭാഷകൾ, സാഹിത്യ രൂപങ്ങൾ എന്നിവയിൽ പരിശീലനം നല്കി. അവരുടെ ജോലിയിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ട പരിശീലനം ഇവിടെ നല്കിയിരുന്നു.

ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയും വ്യത്യസ്ത കീർത്തനങ്ങളുടെ രചനയും ബന്ധപ്പെട്ടിരിക്കുന്നത് ചൈതന്യയാണ്. അദ്ദേഹം ധാരാളം പ്രോത്സാഹനങ്ങൾ ബംഗാളിയുടെ പുരോഗതിക്കും വളർച്ചയ്ക്കും നല്കി. ഈ കാലഘട്ടത്തിൽ തന്നെ ആഖ്യാന കാവ്യങ്ങൾ (മംഗള കാവ്യാസ്) എന്നറിയപ്പെട്ടിരുന്ന മേഖലയും പുരോഗതി പ്രാപിച്ചു. അവർസാധാരണ ദേവതകളെ ആരാധിച്ചിരുന്നു. അതായത് ചാന്തി പിന്നെ പുരാണിക ദേവന്മാരായ ശിവൻ വിഷ്ണു തുടർന്ന് വീട്ടുജോലികളിൽ ഏർപ്പെട്ടിരുന്ന കുടുബിനി ദേവതകളിലേക്ക് മാറി. ഇക്കാര്യത്തിൽ വില്യം കാരി പ്രധാന നേട്ടം കൈവരിച്ചു. അദ്ദേഹം ബംഗാളി ഭാഷയുടെ വ്യാകരണഗ്രന്ഥം രചിക്കുകയും ഇംഗ്ലീഷ്-ബംഗാളി നിഘണ്ടു പ്രസിദ്ധീകരിക്കുകയും കഥകളും സംഭാഷണങ്ങളും രചിക്കുകയും ചെയ്തു. സാഹിത്യത്തിന്റെ വളർച്ചയ്ക്ക് വ്യാകരണവും നിഘണ്ടുവും അനിവാര്യമാണ്. ഒരു പ്രത്യേക സാഹചര്യത്തിനും ആശയത്തിനും ഇണങ്ങുന്ന തത്തുല്യ പദങ്ങൾ കണ്ടെത്താനും വാക്യങ്ങളുടെയും വാചകങ്ങളുടെയും കൃത്യതയ്ക്കും അവ അനിവാര്യമാണ്. മിഷനറിമാർ സ്ഥാപിച്ച പ്രസ്സ് ക്രിസ്തുമതം പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിക്കപ്പെട്ടവയാണ്. എന്നാൽ ക്രിസ്ത്യാനികളല്ലാത്തവർ നടത്തിയിരുന്ന പ്രസ്സുകൾ ക്രിസ്തുമതേതര സാഹിത്യ രചനകൾ പ്രോത്സാഹിപ്പിച്ചു. നിരവധി ലഘുലേഖകളും ചെറുതും വലുതുമായ പുസ്തകങ്ങളും മാഗസിനുകളും രചിക്കപ്പെട്ടു. ഇതിനിടെ സാവധാനത്തിലാണെങ്കിലും വിദ്യാഭ്യാസം പ്രചരിപ്പിക്കപ്പെട്ടു. പക്ഷ 1835-ൽ പൗരസ്ത്യരുമായുള്ള യുദ്ധത്തിൽ മെക്കാളെ വിജയം വരിച്ചപ്പോൾ അതിന്റെ വേഗത വർദ്ധിച്ചു. 1854-ൽ ചാൾസ്വുഡിന്റെ വുഡ്സ് ഡെസ്പാച്ച് പ്രാബല്യത്തിൽ വന്നു. 1857-ൽ കൽക്കത്ത, ബോംബെ, മദ്രാസ് എന്നീ സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടു. കൂടാതെ കോളേജുകൾക്കും സ്കൂളുകൾക്കും ടെക്സ്റ്റ് പാഠപുസ്തകങ്ങൾ അച്ചടിക്കപ്പെട്ടു. രാജാറാം മോഹൻറോയ് ഇംഗ്ലീഷിനോടൊപ്പം ബംഗാളി ഭാഷയിലും



കുറിപ്പുകൾ :

എഴുതുകയും ബംഗാളി ഭാഷയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലെ ഗ്രന്ഥകാരന്മാരായിരുന്നു ഈശ്വരകുമാർ, വിദ്യാസാഗർ(1820–91), അക്ഷയ്കുമാർ ദത്ത(1820–86)എന്നിവർ, ഇവരെകൂടാതെ ബങ്കിംചന്ദ്ര ചാറ്റർജി(1834–94), ശരത്ചന്ദ്ര ചാറ്റർജി(1876–1938), പേരുകേട്ട ചരിത്രകാരനും ഗദ്യമെഴുത്തുകാരനുമായ ആർ.സി. ദത്ത ഇവരെല്ലാം ബംഗാളി സാഹിത്യത്തിന്റെ വളർച്ചയ്ക്ക് തനതായ സംഭാവനകൾ നൽകി. പക്ഷെ ഇന്ത്യ മുഴുവൻ സ്വാധീനിച്ച മഹാനായ എഴുത്തുകാരനായിരുന്നു രവീന്ദ്രനാഥടാഗോർ(1861–1941), നോവലുകൾ നാടകങ്ങൾ ചെറുകഥകൾ, വിമർശനങ്ങൾ, സംഗീതം, പ്രബന്ധങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ രചനയിൽ ഉൾപ്പെടുന്നു. 1913–ൽ അദ്ദേഹത്തിന്റെ ഗീതാഞ്ജലിക്ക് സാഹിത്യത്തിൽ നോബൽ സമ്മാനം ലഭിക്കുകയുണ്ടായി.

എങ്കിലും പാശ്ചാത്യൻ ആശയങ്ങളുടെ സ്വാധീനം ബംഗാളികളിൽ ക്രമേണ വ്യാപിക്കുകയും തുടർന്ന് ഇന്ത്യയുടെ മറ്റുഭാഗങ്ങളിലേക്ക് എത്തുകയും ചെയ്തു. 1800വരെ മതപരമായതോ കൊട്ടാര സാഹിത്യമോ ആയി പരിമിതപ്പെട്ടിരുന്ന സാഹിത്യങ്ങൾ പാശ്ചാത്യ ആശയങ്ങളുടെ സ്വാധീന ഫലമായി പാവപ്പെട്ട മനുഷ്യനെ പ്രതിപാദ്യവിഷയമാക്കി പാശ്ചാത്യ സാഹിത്യത്തിന്റെ വിഷയങ്ങൾ അധികവും ലൗകീകമായിരുന്നു. പുതുതായി ഒന്നും നല്കാനില്ലാത്ത മതപരമായ ചില സാഹിത്യകൃതികളും ഇക്കാലത്ത് രചിക്കപ്പെട്ടു.

19–ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20–ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായി ദേശീയതയുടെ വളർച്ച കാണാനിടയായി. പഴയ ചരിത്രത്തോടുള്ള സ്നേഹവും ബ്രിട്ടീഷ് ചൂഷണത്തിനെതിരായ ബോധവും ഇക്കാലത്ത് ദൃശ്യമായി പ്രേരണയുടെയും ശക്തിയുടെയും പിൻബലത്തിൽ ഇന്ത്യക്കാരെ ഉണർത്തി ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും തുരത്താനുള്ള കാഹള ധ്വനിയായിരുന്നു രണ്ടാമത്തെ പ്രത്യേകത. തമിഴിൽ സുബ്രഹ്മണ്യ ഭാരതിയും ബംഗാളിൽ കാസി നസറുൽ ഇസ്ലാമും ഈ പുതിയ പ്രവണത ആവിഷ്കരിച്ചു. അനുവാചകരിൽ ദേശീയ വികാരം ഉണർത്തുന്നതിൽ ഈ രണ്ട് സാഹിത്യകാരന്മാരുടെയും പങ്ക് നിസ്തുലമായിരുന്നു. അവരുടെ കാവ്യങ്ങൾ മറ്റ് ഇന്ത്യൻ ഭാഷകളിലേക്ക് മൊഴിമാറ്റം വരുത്തുകയുണ്ടായി.

ബംഗാളിഭാഷ പോലെ ആസ്സാമീസും പുരോഗതി പ്രാപിച്ചു ഭക്തി പ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ ആസ്സാമിൽ വൈഷ്ണവ വിശ്വാസം പരിചയപ്പെടുത്തിയത് ശങ്കർദേവയാണ്. ഇത് ആസ്സാമി കവിതകളുടെ പുരോഗതിയ്ക്കും കാരണമായി. ആസ്സാമീസ് പോലും പുരാണങ്ങൾ തർജ്ജിമ ചെയ്തു. ആദ്യകാല ആസ്സാമീസ് സാഹിത്യങ്ങളിൽ പ്രധാനമായവ ബുറാഞ്ചി(കൊട്ടാരം പുരാവൃത്തങ്ങൾ) ആയിരുന്നു. ജനങ്ങൾ ഭക്ത്യാദരപൂർവ്വം ആലപിക്കുന്ന ഭക്തിഗാനങ്ങൾ ശങ്കർദേവ് രചിച്ചിട്ടുണ്ട്. പക്ഷെ 1827–ന് ശേഷം മാത്രമാണ് ആസ്സാമീസ് സാഹിത്യത്തിന്റെ വളർച്ചയിൽ കൂടുതൽ താത്പര്യം പ്രകടിപ്പിക്കപ്പെട്ടത്. ഇവരിൽ പ്രധാനികൾ ലക്ഷ്മിനാഥ് ബേസ് ബറുവ, പത്മനാഭ ഗോഹയിൻ ബറുവ എന്നിവരായിരുന്നു. ഒറിയ സാഹിത്യത്തിൽ ശ്രദ്ധയാകർഷിക്കപ്പെടുന്ന എഴുത്തുകാരാണ് ഫകീർ മോഹൻ സേനാപതി, രാഥാനാഥ് റായ് എന്നിവർ.

ജഹാംഗീർ സാഹിത്യത്തെ വളരെ സ്നേഹിച്ചിരുന്നു. ഉപേന്ദ്രഭാഞ്ജാ (1670–1720)യുടെ രചനകൾ വളരെ പ്രധാനപ്പെട്ടവയായിരുന്നു. കാരണം അവർ ഒറിയ സാഹിത്യത്തിന്റെ ഒരു പുതിയ കാലഘട്ടം ആരംഭിച്ചു. ഒറീസ്സയിലെ സരളാദാസയുടെ രചനകൾ ഒറിയ സാഹിത്യത്തിന്റെ ആദ്യത്തെ രചയായി കണക്കാക്കിയിരുന്നു.

കുറിപ്പുകൾ :

## പാഠഭാഗ ചോദ്യങ്ങൾ 7.3

1. എവിടെ എപ്പോൾ ആണ് ബാപ്റ്റിസ്റ്റ് അച്ചടിശാല സ്ഥാപിച്ചത്?

2. എപ്പോഴാണ് വുഡ്സിന്റെ വിദ്യാഭ്യാസ രേഖ ഇന്ത്യയിൽഎത്തിയത്?

3. എപ്പോൾ എവിടെയായിരുന്നു മൂന്ന് യൂണിവേഴ്സിറ്റികൾ ആരംഭിച്ചത് ?

4. ഏതു കൃതിയ്ക്കാണ് രവീന്ദ്രനാഥ ടാഗോറിന് 1913–ൽ നോബൽ സമ്മാനം ലഭിച്ചത്?

5. ആസ്സാമീസ് കവിതകളുടെ വളർച്ചയ്ക്ക് എങ്ങനെയാണ് ഷാൻകരാദ്വാ സഹായിച്ചത്?

## പഞ്ചാബി, രാജസ്ഥാനി സാഹിത്യങ്ങൾ

പഞ്ചാബി ഭാഷയ്ക്ക് അതിന്റേതായ ഒരു ചരിത്രമുണ്ട്. അത് ഗുരുമുഖി, പേർഷ്യൻ ലിപികളിൽ എഴുതപ്പെടുന്നു. സിക്കുകാരുടെ വിശുദ്ധ ഗ്രന്ഥമായ ആദിഗ്രന്ഥത്തിൽ മാത്രമായി ഗുരുമുഖി ലിപി പരിമിതപ്പെട്ടിരുന്നു. വളരെ ചുരുക്കം ചിലർ മാത്രമേ ഈ ലിപി പഠിക്കാൻ ശ്രമിച്ചിരുന്നുള്ളൂ. ഗുരുനാനാക്കാണ് പഞ്ചാബിയിലെ ആദ്യ കവി. സമകാലീന സൂഫി സന്ന്യാസിമാരും ഈ ഭാഷ ഉപയോഗിച്ചു. ഈ സൂഫി സന്ന്യാസിമാർ തങ്ങളുടെ കവിതകൾ എഴുതാൻ പേർഷ്യൻ ലിപിയായിരുന്നു ഉപയോഗിച്ചിരുന്നത്. ഇവരിൽ പ്രമുഖൻ ഫരീദ് ആയിരുന്നു. ഇദ്ദേഹത്തിന്റെ കവിതകൾ ആദിഗ്രന്ഥത്തിൽ ഉൾപ്പെടുന്നു. ഈ സാഹിത്യസൃഷ്ടികൾ പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിലേതായിരുന്നു. പിൽക്കാല ഗുരുക്കളിലൊരാളായ ഒമ്പതാം ഗുരു തേജ് ബഹാധൂരിന്റെ കാവ്യങ്ങൾ ആദിഗ്രന്ഥത്തിൽ ഉണ്ട്. പത്താം ഗുരു ഗുരുഗോബിന്ദസിംഗ് ബീഹാറിലെ പാട്നയിലാണ് വിദ്യ അഭ്യസിച്ചിരുന്നത്. അവിടെ നിന്നദ്ദേഹം സംസ്കൃതവും പേർഷ്യനും അഭ്യസിച്ചു. അദ്ദേഹം പഞ്ചാബിയിൽ രണ്ട് സവിയ്യകൾ രചിച്ചു. ഇത് ആദിഗ്രന്ഥത്തിന്റെ ഭാഗമായിരുന്നില്ല.

സോനി–മഹിവാൽ, ശശി–പുന്നു, ഹീർ–രഞ്ജ പ്രേമകഥകളാണ് ആദ്യകാല പഞ്ചാബി ഭാഷയുടെ പ്രമേയങ്ങൾ. ചില കവികൾ ഭരത്പുരാണ കഥകൾ പ്രമേയമാക്കി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ അനേകം കവികൾ മനോഹരമായ കാവ്യങ്ങൾ രചിച്ചു. കഴിഞ്ഞ മുന്നൂറ് വർഷത്തോളമായി തദ്ദേശീയ ഗായകർ ഇവ അതിമനോഹരമായി ആലപിക്കാറുണ്ട്. ഇതുപോലെ മറ്റനേകം കാവ്യങ്ങളും നാടൻ പാട്ടുകളായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വാരിസ്ഷായുടെ ഹീർ ആകുന്നു. പഞ്ചാബി കവിതകളിൽ ഇത് ഒരു നാഴികക്കല്ലായി പരിഗണിക്കപ്പെടുന്നു. സൂഫി സന്ന്യാസി ആയിരുന്ന ബുള്ളി ഷാ ജനപ്രിയ കവിയായിരുന്നു. അദ്ദേഹത്തിന്റെ ജനപ്രിയ സമാഹാരമാണ് കഫി . ഇത് ജനങ്ങൾ അതീവ താൽപര്യത്തോടെ ആലപിക്കുന്നു. ഇരുപതാം നൂറ്റാണ്ടോടുകൂടി പഞ്ചാബിസാഹിത്യം തനതായ സംഭാവനകൾ

നൽകി. റാണ സുരത്സിംഗ് എന്ന ഇതിഹാസം ഭായ് വീരസിംഗ് രചിച്ചു. മറ്റ് അറിയപ്പെടുന്ന സാഹിത്യകാരന്മാരായിരുന്നു പുരാൺസിംഗും ഡോ. മോഹൻസിംഗും. പഞ്ചാബി സാഹിത്യത്തിൽ കഥ, ചെറുകഥ, ഉപന്യാസങ്ങൾ, നോവലുകൾ, വിമർശനങ്ങൾ എന്നിങ്ങനെ സാഹിത്യത്തിന്റെ എല്ലാ വിഭാഗ ങ്ങളും ഉണ്ടായിട്ടുണ്ട്.

20-ാം നൂറ്റാണ്ടിൽ പഞ്ചാബി സ്വന്തമായി കടന്നുവന്നു. ഭായി വീർസിംഗ് ഒരു ഇതിഹാസം രചിച്ചു. അതിന്റെ നാമം റാണ സൂററ്റ് സിംഗ് എന്നായിരുന്നു. പുരൺ സിംഗ് ഡോക്ടർ മോഹൻ സിംഗും വളരെ പ്രസിദ്ധ എഴുത്തുകാരായി രുന്നു. ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, കഥകൾ, വിമർശനങ്ങൾ, പല തരത്തിലുള്ള എഴുത്തുകൾ പഞ്ചാബി സാഹിത്യത്തിന്റെ ഒരു മുതൽ കൂട്ടായി. ഹിന്ദിയുടെ ഉപഭാഷയായ രാജസ്ഥാനിയും സാഹിത്യപോഷണത്തിൽ പങ്ക് വഹിച്ചിട്ടുണ്ട്. ഗായക കവികൾ ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേക്ക് പാട്ടു പാടി ജനങ്ങളെ രസിപ്പിച്ച് ചുറ്റിത്തിരിഞ്ഞു. ഇത് വീരകഥകളായി ജനങ്ങളുടെ മനസ്സിൽ ജീവിച്ചു. കേണൽ ടോഡ് രാജസ്ഥാനിലെ പൗരാണികരും അവ രുടെ ചരിത്രവും എന്ന പേരിൽ ഇത് സമാഹരിക്കുകയുണ്ടായി. സാഹിത്യ ചരിത്രത്തിലും ഭക്തിഗാന ശാഖയിലും മീരഭായിയുടെ ഭക്തിഗാനങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. മീരഭായിക്ക് കൃഷ്ണഭഗവാനോടുള്ള അതിതീവ്രമായ ആരാധന അനുവാചകരെ ഈ ലൗകികതലത്തിനപ്പുറം അവരുടെ ഭാവനാ ലോകത്തേക്കെത്തിക്കുന്നു.

ഭക്തിപ്രസ്ഥാനത്തിന്റെ പുരോഗതി പല പ്രാദേശിക ഭാഷകളുടെയും ഉയർച്ചയ്ക്ക് വഴിതെളിച്ചു. ഹിന്ദി, ഗുജറാത്തി, മറാത്തി, പഞ്ചാബി, കന്നട, തമി ഴ്, തെലുങ്ക് എന്നിവയുടെ.

## 7.6 ഗുജറാത്തി സാഹിത്യം

ആദ്യകാല ഗുജറാത്തി സാഹിത്യം ലഭ്യമായത് പതിനാലും പതിനഞ്ചും നൂറ്റാ ണ്ടുകളിലെ ഭക്തിഗന രൂപത്തിലായിരുന്നു. ആ പാരമ്പര്യം ഇന്നും ഗുജറാ ത്തിൽ തുടർന്നു വരുന്നു. ഇക്കാര്യത്തിൽ നർസിമേത്തയുടെ നാമം വളരെ പ്രധാനമാണ്. ഗുജറാത്തികൾ ഈ ഭക്തിഗാനങ്ങൾ അവരുടെ മതാഘോഷ ചടങ്ങുകളിലും നാടോടി നൃത്തത്തിലുമെല്ലാം ഉപയോഗിച്ചു വരുന്നു.

നർമദിന്റെ കാവ്യങ്ങൾ ഗുജറാത്തി സാഹിത്യത്തിന് പ്രോത്സാഹനമേകി. ഗോവർദ്ധനരാമിന്റെ സരസ്വതി ചന്ദ്ര എന്ന നോവൽ മറ്റ് എഴുത്തുകാർക്ക് പ്രചോദനമായി. ഇത് ഗുജറാത്തി സാഹിത്യത്തിലെ ക്ലാസിക്കായി പരിഗണി ക്കപ്പെടുന്നു. ചരിത്രകാരനും ഉപന്യാസകാരനും നോവലിസ്റ്റുമായിരുന്ന ഡോ. കെ.എം. മുൻഷി അതീവ പരിഗണന അർഹിക്കുന്നു. അദ്ദേഹത്തിന്റെ ചരിത്ര നോവലുകളിൽ കാല്പനികതയും വസ്തുതകളും ബുദ്ധിപൂർവ്വം സമ്മേളിപ്പി ച്ചിരിക്കുന്നു. പൃഥിവല്ലഭ അദ്ദേഹത്തിന്റെ ഒരു പ്രശസ്ത നോവലാണ്. ഗുജ റാത്തി സാഹിത്യത്തെ ജനപ്രിയമാക്കുന്നതിൽ നർസിമേത്ത വഹിച്ച പങ്ക് വലു താണ്. കൃഷ്ണഭഗവാനെ പ്രകീർത്തിച്ചുകൊണ്ടുള്ള കാവ്യങ്ങൾ അദ്ദേഹത്തെ ജനപ്രിയ കവിയാക്കി.

## 7.7 സിന്ധി സാഹിത്യം

സൂഫി സന്ന്യാസിമാരുടെ പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു സിന്ധ്. സൂഫി സന്ന്യാസിമാരുടെ ഭക്തിഗാനങ്ങളിലൂടെ ഈ ഭാഷ ജനപ്രിയമായി. മിർസ കാലി ഷ്ബേഗ്, ദിവാൻ കോറുമൾ എന്നിവരാണ് സിന്ധിഭാഷയിൽ സാഹിത്യസൃഷ്ടി നടത്തിയവരിൽ പ്രമുഖർ.

കുറിപ്പുകൾ :





## 7.8 മറാത്തി സാഹിത്യം

മഹാരാഷ്ട്ര ഒരു പീഠഭൂമി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ ഈ പ്രദേശത്ത് ധാരാളം പ്രാദേശിക ഭാഷകൾ വളർന്നുവന്നു. മറാത്തി ഇത്തരം പ്രാദേശിക ഭാഷകളിൽ നിന്നുരുത്തിരിഞ്ഞു വന്നതാണ്. പോർച്ചുഗീസ് മിഷനറിമാർ തങ്ങളുടെ മതപ്രബോധനങ്ങൾക്ക് മറാത്തി ഉപയോഗിച്ചു.

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ച ജ്ഞാനേശ്വരനാണ് ആദ്യകാല മറാത്തി എഴുത്തുകാരൻ. അദ്ദേഹം മറാത്തിയിൽ കവിതകളും ഉപന്യാസങ്ങളും രചിച്ചു. അദ്ദേഹം ഭഗവത്ഗീതയ്ക്ക് സുദീർഘമായ ഒരു വ്യാഖ്യാനം രചിച്ചു. മഹാരാഷ്ട്രയിൽ കീർത്തന പാരമ്പര്യത്തിന് തുടക്കം കുറിച്ചത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ പിൻഗാമികളാണ് നാംദേവ്(1270-1350), ഗോറ, സേന, ജനബായി എന്നിവർ. ഇവരൊക്കെ മറാത്തി ഭാഷയെ ജനപ്രിയമാക്കി. വെർക്കരി തീർത്ഥാടകർ പന്ഥർപൂർ തീർത്ഥാടന മധ്യേ അവരുടെ ഗാനങ്ങൾ ഇന്നും ആലപിക്കുന്നു. രണ്ട് നൂറ്റാണ്ടുകൾക്കു ശേഷം ഏകനാഥൻ(1533-99) രാമായണത്തിനും ഭഗവത് പുരാണത്തിനും വ്യാഖ്യാനങ്ങൾ രചിച്ചു. മഹാരാഷ്ട്ര മുഴുവൻ അദ്ദേഹത്തിന്റെ കവിതകൾ പ്രസിദ്ധമാണ്.

തുടർന്ന് ഭക്തികവി കളിൽ ഏറ്റവും പ്രസിദ്ധനായ തുക്കാറാം(1598-650)ശിവജിയുടെ ഗുരുവായ രാമദാസ്(1608-81) എന്നിവർ സാഹിത്യ രചനകൾ നടത്തി. രാമഭക്തനായ രാമദാസ് ശിവജിക്ക് പ്രചോദനമായി. പത്തൊൻപതാം നൂറ്റാണ്ടോടുകൂടി മറാത്തി സാഹിത്യത്തിൽ ശക്തമായ ഉണർവ് ദർശിക്കപ്പെട്ടു. ദേശീയ പ്രസ്ഥാനമാണ് മറാത്തി ഗദ്യ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാരണമായത്. ബാലഗംഗാധര തിലകൻ(1857-1920) മറാത്തിയിൽ തന്റെ കേസരി എന്ന മാസിക ആരംഭിച്ചു. ഇത് മറാത്തി സാഹിത്യത്തിന്റെ വളർച്ചയെ സ്വാധീനിച്ചു. കേശവസുത്, വി.എസ്. ചിപ്ലുങ്കാർ എന്നിവരുടെ സംഭാവനകളും മികച്ചതായിരുന്നു. ഹരിനാരായൺ ആപ്തേയും അഗാർക്കറും മറാത്തി ഭാഷയിൽ ജനപ്രിയ നോവലുകൾ രചിച്ചു. ഈ ഗദ്യസാഹിത്യകാരന്മാരൊക്കെ മറാത്തി സാഹിത്യ വളർച്ചയ്ക്ക് മഹത്തായ സംഭാവനകൾ നല്കി. എച്ച്.ജി. സാൽഗോക്കറുടെ കവിതകൾ ആവേശോജ്വലമായിരുന്നു. എം.ജി. റാനഡേ, കെ.ടി. തെലക്, ജി.ടി. മധോൽക്കർ എന്നിവരൊക്കെ മറാത്തി സാഹിത്യത്തിലെ അറിയപ്പെടുന്ന എഴുത്തുകാരാണ്.

## 7.9 കാശ്മീരി സാഹിത്യം

സംസ്കൃതത്തിൽ കൽഹണൻ രചിച്ച രാജതരംഗിണിയിലൂടെയാണ് കാശ്മീർ സാഹിത്യമണ്ഡലത്തിൽ ശ്രദ്ധിക്കപ്പെട്ടത്. പക്ഷെ സംസ്കൃതം ഉന്നതരുടെ ഭാഷയാണ്. സാധാരണക്കാരുടെ ഭാഷ കാശ്മീരിഭാഷയായിരുന്നു. ഇവിടെയും ഭക്തിപ്രസ്ഥാനം തനതായ പങ്കുവഹിച്ചു. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച ലാൽദേവ് ആയിരിക്കാം ഒരുപക്ഷെ കാശ്മീരി സാഹിത്യത്തിലെ ആദ്യ കവയിത്രി. അവർ ഒരു ശൈവ സന്യാസിനിയായിരുന്നു. ഈ മേഖലകളിൽ ഇസ്ലാംമതം പ്രചരിച്ചതോടെ സൂഫി സ്വാധീനം ദർശിക്കാൻ കഴിഞ്ഞു. ഹാബാ ഖാത്തുൻ, മഹ്ജൂർ, സിന്ധകൗൾ, നന്ദ്ഋഷി എന്നറിയപ്പെടുന്ന നൂറുദ്ദീൻ. അക്തർ മൊഹിയുദ്ധീൻ, സൂഫി ഗുലാം മുഹമ്മദ്, ദീനാനാഥ് നദീം എന്നിവർ കാശ്മീരി ഭാഷയിൽ ഭക്തികാവ്യങ്ങൾ രചിച്ചു. ഇവർ കാശ്മീരി സാഹിത്യത്തിന്റെ വളർച്ചയ്ക്ക് തനതായ സംഭാവനകൾ നൽകി. കാശ്മീരിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ പാശ്ചാത്യ സ്വാധീനം കടന്നുവന്നിരുന്നില്ല. 1846-ൽ ഒന്നാം സിക്ക് യുദ്ധത്തിനുശേഷം ജമ്മുവിലെ ദോഗ്രമാർ അവിടുത്തെ ഭരണാധികാരികളായി. കാശ്മീരി ഭാഷയേക്കാൾ അവർക്ക് താൽപര്യം ദോഗ്ര ഭാഷയോടായി

കുറിപ്പുകൾ :

രുന്നു. വ്യാപകമായ ദാരിദ്ര്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും നിലനിന്നു. വിദ്യാലയങ്ങളോ വിദ്യാഭ്യാസമോ അവിടെ ഉണ്ടായിരുന്നില്ല. ഇതെല്ലാം കാശ്മീരി ഭാഷയിൽ മെച്ചപ്പെട്ട സാഹിത്യസൃഷ്ടിയെ തടസ്സപ്പെടുത്തി.

ആധുനിക ഇന്ത്യൻ ഭാഷകളുടെ ലിസ്റ്റിൽ ഒരുപാട് ഭാഷകൾ ഉണ്ടാകാമെങ്കിലും ഇന്ത്യൻ ഭരണഘടനയിൽ യഥാർത്ഥത്തിൽ 15 ഭാഷകൾ ഉണ്ട്. അവ-ആസ്സാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കാശ്മീരി, മറാത്തി, ഒറിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, ഉറുദു, തമിഴ്, തെലുങ്ക്, കന്നട, മലയാളം ആണ്. മൂന്ന് ഭാഷകൾ കൂടി, അതായത് നേപ്പാളി, മണിപ്പൂരി, കൊങ്കണി ഇവയോട് കൂട്ടിച്ചേർത്തു.

**പാഠഭാഗചോദ്യങ്ങൾ 7.4**

1. ഏതു ഇന്ത്യൻ ഭാഷയിലാണ് രണ്ട് ലിപികൾ ഗുരുമുഖിയും പേർഷ്യനും എഴുതിയത്?

2. പഞ്ചാബിയിലെ പ്രേമകഥകളുടെ രണ്ട് പേരെങ്കിലും എഴുതുക?

3. ബുള്ളി ഷായുടെ പ്രസിദ്ധമായ രചനകളുടെ രൂപങ്ങൾ ഏതായിരുന്നു?

## ക്രിസ്ത്യൻ മിഷണറിമാരുടെ പങ്ക്

ഇന്ത്യയിലേക്ക് യൂറോപ്യൻമാരുടെ കടന്നുവരവോടുകൂടി വളരെയധികം വിദേശഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ഡച്ച്, പോർച്ചുഗീസ് മുതലായവ ഇവിടെ പരിചയപ്പെടുത്തി. അവ ഇന്ത്യൻ ഭാഷകളെ വളരെ സമ്പന്നമാക്കി. അവ ഒരുപാട് പുതിയ വാക്കുകൾ നമ്മുടെ പദാവലിയിലേക്ക് കൂട്ടിച്ചേർത്തു

ഇന്ത്യൻ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് ക്രിസ്ത്യൻ മിഷണറിമാർ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. നിരവധി പ്രാദേശിക ഭാഷകളിൽ അവർ നിഘണ്ടുവും വ്യാകരണ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. യൂറോപ്പിൽ നിന്നും ഇന്ത്യയിലെത്തിയ പുരോഹിതന്മാരെ ഉദ്ദേശിച്ചുകൊണ്ടായിരുന്നു അവർ ഈ ഗ്രന്ഥങ്ങൾ എഴുതിയത്. ഈ ഗ്രന്ഥങ്ങൾ മിഷണറിമാർക്കെന്നപോലെ പ്രാദേശിക ഭാഷയിൽ സാഹിത്യരചന നടത്തിയവർക്കും വലിയ തോതിൽ സഹായകമായി. ഏറ്റവും അനുയോജ്യമായ ഒരു വാക്ക് കണ്ടെത്തുന്നതിനും പദപ്രയോഗത്തിൽ വ്യാകരണപരമായ തെറ്റുണ്ടോയെന്ന് പരിശോധിക്കുന്നതിനും അവർക്ക് നിഘണ്ടുവിനെ ആശ്രയിക്കാമെന്നായി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ അച്ചടിയന്ത്രം സ്ഥാപിച്ചതാണ് മിഷണറിമാർ ചെയ്ത മറ്റൊരു സഹായം. മതം മാറിയ അല്ലെങ്കിൽ മതം മാറാൻ സാധ്യതയുള്ളവർക്കുവേണ്ടി പ്രാദേശിക ഭാഷയിൽ അച്ചടി നടത്താൻ വേണ്ടിയായിരുന്നു വിദേശികൾ ഇവിടെ അച്ചടിശാല സ്ഥാപിച്ചത്. സാഹിത്യവികസനത്തിന് അച്ചടിശാലകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

മൂന്നാമത്തെ പ്രധാന വസ്തുത മിഷണറിമാർ കോളേജുകളും സ്കൂളുകളും ആരംഭിച്ചതാണ്. ഇംഗ്ലീഷ് കൂടാതെ പ്രാദേശിക ഭാഷകളും ഇവിടെ അഭ്യസിപ്പിച്ചു. അവരുടെ മുഖ്യ ഉദ്ദേശ്യം ക്രിസ്തുമതം പ്രചരിപ്പിക്കുക എന്നതായിരു

ന്നു. അവർ പ്രസിദ്ധീകരിക്കുന്ന പുതിയ സാഹിത്യകൃതികൾ വായിക്കാൻ താൽപര്യമുള്ള വിദ്യാസമ്പന്നരായ യുവാക്കളെ വാർത്തെടുക്കാൻ അവർക്ക് കഴിഞ്ഞു. ഇന്ത്യൻ ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രമെഴുതുന്ന ഒരാൾക്ക് ക്രിസ്ത്യൻ മിഷണറിമാർ വഹിച്ച പങ്ക് ഒരിക്കലും അവഗണിക്കാൻ പറ്റില്ല.

## ഇന്ത്യയിലെ ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രധാനപ്പെട്ട എഴുത്തുകാർ

ഇന്ത്യയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഒരുപാട് എഴുത്തുകാർ ഉണ്ടായിട്ടുണ്ട്. 1835നു ശേഷമാണ് ഇന്ത്യാക്കാർ ഇംഗ്ലീഷിൽ എഴുതാൻ തുടങ്ങിയത്. അതായത് ഇംഗ്ലീഷ് ഒരു പ്രധാന മാധ്യമവിഷയമായി എടുത്തു കഴിഞ്ഞതിനു ശേഷം. പല ഇന്ത്യൻ എഴുത്തുകാരും അവരുടെ കൃതികൾ രചിച്ചത് ഇംഗ്ലീഷിലായിരുന്നു. അവരിൽ ചിലർ തങ്ങളുടെ കൂടുതൽ താത്പര്യം കാണിച്ചത് കവിതകളിലായിരുന്നു. മറ്റുപലരും കൂടുതൽ താത്പര്യം കാണിച്ചത് ഗദ്യത്തിനാണ്. മൈക്കിൾ മധുസുദാൻ ദത്ത, താരാദത്ത, സരോജിനി നായിഡു, രവീന്ദ്രനാഥ ടാഗോർ എന്നിവർ അവരുടെ പ്രധാനപ്പെട്ട സംഭാവകൾ നൽകിയത് ഇംഗ്ലീഷ് കവിത മേഖലയിലായിരുന്നു. അതേസമയം, സുരേന്ദ്രനാഥ ബാനർജി, ഫിറോസ് ഷാ മേത്ത, ജവഹർ ലാൽ നെഹ്റു എന്നിവർ താത്പര്യം കാണിച്ചത് ഇംഗ്ലീഷ് ഗദ്യത്തിലാണ്.

## നിങ്ങളെന്തുപഠിച്ചു

* ധാരാളം ആളുകൾ ഹിന്ദി സംസാരിക്കുന്നു.

* മുഗൾ കാലഘട്ടത്തിൽ ഉറുദുവും പേർഷ്യൻ ഭാഷയും ജനപ്രിയമായി. ഉറുദുഭാഷ തുർക്കി കുടുയേറ്റക്കാരുടെയും പ്രാദേശിക ജനങ്ങളുടെയും കൂടിച്ചേരലിന്റെ ഫലമായി ജന്മമെടുത്തു. മുഗൾ കാലഘട്ടത്തിലെ പ്രമുഖ എഴുത്തുകാരായിരുന്നു അബുൾ ഫാസൽ, ചന്ദ്രബാൻ, ബദയൂനി എന്നിവർ.

* ഹിന്ദി സാഹിത്യം മാർഗ്ഗനിർദ്ദേശത്തിനായി സംസ്കൃത സാഹിത്യത്തെ ആശ്രയിച്ചു. ഭക്തികാവ്യങ്ങൾ ഹിന്ദി സാഹിത്യത്തിലെ ഒരു നാഴികക്കല്ലാണ്. ഹിന്ദി സാഹിത്യത്തിലെ മാർഗ്ഗദീപങ്ങളായിരുന്നു കബീർ, തുളസീദാസ്, സൂർദാസ് എന്നിവർ.

* പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഹിന്ദി ഗദ്യ സാഹിത്യം ആരംഭിച്ചത്.

* ഹിന്ദി കഴിഞ്ഞാൽ ഏറ്റവും സമ്പന്നമായ സാഹിത്യം ബംഗാളിയിലേതാണ്. ബംഗാളി സാഹിത്യത്തിന്റെ വളർച്ചയ്ക്ക് രവീന്ദ്രനാഥ ടാഗോർ, ബങ്കിം ചന്ദ്ര ചാറ്റർജി, ശരത്ചന്ദ്ര ചാറ്റർജി എന്നിവരുടെ സംഭാവനകൾ മഹത്തായിരുന്നു. ആസ്സാമീസ് സാഹിത്യത്തിൽ ബുറാഞ്ചി ഉൾക്കൊള്ളുന്നു.

* പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ ഗുരുമുഖി ലിപി ആദിഗ്രന്ഥത്തിൽ മാത്രം ഒതുങ്ങിയിരുന്നു. ഹീർ – രഞ്ജു പ്രണയകഥകളാണ് ഈ ഭാഷയ്ക്ക് ഒരു പ്രമേയം നൽകിയത്. മീരാഭായിയുടെ ഭക്തിഗാനങ്ങൾ രാജസ്ഥാനിക്ക് ബഹുമാന്യസ്ഥാനം നല്കി.

* ഗുജറാത്തി, സിന്ധി, മറാത്തി, കാശ്മീരി ഭാഷകൾ അവയുടെ സാഹിത്യം കാലക്രമേണ വളർത്തിയെടുത്തു.

* ധാരാളം ഇന്ത്യൻ എഴുത്തുകാരും രചനകൾ എഴുതിയിരുന്നത് ഇംഗ്ലീഷിലായിരുന്നു.

## പാഠഭാഗ ചോദ്യങ്ങൾ

1. ഇന്ത്യയിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പങ്ക് എന്തായിരുന്നു?
2. ഹിന്ദി ഭാഷയുടെ പുരോഗതിയെപറ്റി ചുരുക്കമായി വിശദീകരിക്കുക?
3. മധ്യകാലഘട്ടത്തിൽ പേർഷ്യൻ ഭാഷയുടെ പങ്കിനെക്കുറിച്ചു വിശദമാക്കുക?
4. ഇന്ത്യൻ ഭാഷകളുടെയും സാഹിത്യത്തിന്റെയും സംഭാവനകൾ ഇന്ത്യൻ സമൂഹത്തിന്റെ രൂപീകരണത്തിന് നൽകിയത് വേർതിരിച്ചറിയുക?

## ഉത്തരങ്ങൾ

### 7.1


1. ബ്രാജ് ബാഷാ, അവാധി, ബോജ്പൂർ, മഗധി, രാജസ്ഥാനി, കാദിബോളി.
2. അവാധി
3. ടർക്കിഷ് താമസക്കാരും പ്രാദേശിക നിവാസികളും തമ്മിലുള്ള ഇടപവകലുകളിൽ നിന്നാണ് ഉറുദുഭാഷ ജന്മമെടുത്തത്.
4. പാക്കിസ്ഥാൻ
5. ദാക്ഷിനി അല്ലെങ്കിൽ ഡക്കാനി(ദക്ഷിണം)

### 7.2

1. ഭാരത
2. തുളസിദാസിന്റെ രാമനെ ചിത്രീകരിച്ചിരിക്കുന്നത് ദൈവമായാണെങ്കിൽ വാൽമീകി തന്റെ നായകനെ ചിത്രീകരിച്ചിരിക്കുന്നത് മനുഷ്യനായാണ്.
3. കൃഷ്ണൻ ഒരു കൊച്ചുകുട്ടിയെപ്പോലെ കുസൃതികളിൽ മുഴുകി. ഒരു യുവാവായ അദ്ദേഹം ഗോപികമാരുമായി ലീലാവിനോദങ്ങളിൽ ഏർപ്പെട്ടു.
4. ആനന്ദ് മാത
5. ഹിന്ദു സമൂഹത്തെ പരിഷ്കരിക്കുന്നതിനായാണ് സ്വാമിദയാനന്ദ് എഴുതിയത്. പാവപ്പെട്ടവരുടെ ദുരിത പൂർണ്ണമായ അവസ്ഥയെക്കുറിച്ച് മുൻഷി പ്രേംചന്ദ് എഴുതി. സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് മഹാദേവി വർമ്മ എഴുതി.

### 7.3

1. 1800–ൽ കൽക്കട്ടയ്ക്ക് അടുത്ത സീറാംപൂർ
2. 1854
3. 1857–ൽ കൽക്കട്ട, മദ്രാസ്, ബോംബെ
4. ഗീതാഞ്ജലി
5. അദ്ദേഹം ആസ്സാമിൽ വൈഷ്ണമതം അവതരിപ്പിച്ചു.



കുറിപ്പുകൾ :

**7.4**

1. പഞ്ചാബി
2. ഹീർ/ രാൻജാ, സോഹതി/ മാഹിവാൾ, ശശി/ പുന്നു.
3. കാഫി
4. സരസ്വവതി ചാന്ദ്ര
5. സന്യാസി ജ്ഞാനേശ്വർ
6. ദാരിദ്രം, സാമ്പത്തിക പിന്നോക്കാവസ്ഥയും ദോഗ്രിയുടെ ഉപയോഗവും.

കുറിപ്പുകൾ :

# 8

# മതവും തത്വശാസ്ത്രവും പുരാതനഭാരതത്തിൽ

നവംബർ -ഡിസംബർ മാസങ്ങളാകുമ്പോഴേക്കും വിപണിയിൽ പുതുവർഷക്കലണ്ടറുകൾ എത്തി തുടങ്ങുന്നു. അവയിൽ പലതും വർണ്ണവൈവിദ്ധ്യങ്ങളാൽ ശ്രദ്ധേയമാണ്. ചിലവയിൽ തീയതികളിൽ ചെറുചിത്രങ്ങളും ആലേഖനം ചെയ്യപ്പെട്ടവയാണ്. അവ അവധിദിവസങ്ങളെ അനുസ്മരിപ്പിക്കുന്നു. നാം എല്ലാം ഈ അവധി ദിവസങ്ങളെ ആകാംക്ഷപൂർവ്വം ഉറ്റുനോക്കുന്നു. ഈ അവധി ദിവസങ്ങൾ മിക്കവയും, ഉൽസവങ്ങളും ദേശിയോത്സവങ്ങളുമാണ്. ഭാരതം ഉത്സവാഘോഷങ്ങളാൽ സമ്പന്നമാണ്. പ്രദക്ഷിണങ്ങളും വിരുന്നും പുതുവസ്ത്രങ്ങളും, സമ്മാനങ്ങളും, ദേവാലയങ്ങളിലെ പ്രാർത്ഥനകളും , പരസ്പരാഭിവാദനങ്ങളും ഈ ഉത്സവവേളകളെ സമ്പന്നമാക്കുന്നു. അതേ സുന്ദരവും ചടുലവുമാണ് ഭാരതം. വളരെ പുരാതന കാലം മുതൽതന്നെ മതങ്ങൾക്ക് മനുഷ്യരുടെമേൽ ശക്തമായ സ്വാധീനം ഉണ്ട്. മതങ്ങളുടെ വിവിധ ഘട്ടങ്ങളിലുള്ള വളർച്ചയും വൈവിധ്യവും നിരീക്ഷിക്കുകയെന്നത് വളരെ കൗതുകവും രസകരവുമാണ്.മതവും തത്വശാസ്ത്രവും അടുത്ത് ഇഴചേർന്ന് നിൽക്കുന്നതിനാൽ അവയുടെ വളർച്ചയും വികാസവും പരസ്പരബന്ധിതമായി പഠിക്കേണ്ടതാണ്. ഈ അദ്ധ്യായത്തിൽ മതങ്ങളേയും തത്വശാസ്ത്രത്തെയും കുറിച്ച് പഠിക്കുന്നതാണ്.

## ലക്ഷ്യങ്ങൾ

**ഈ പാഠം പഠിച്ച ശേഷം നിങ്ങൾക്ക്**

* മതത്തിന്റെ അർത്ഥം വിശദമാക്കുന്നു.
* വിവിധ മതങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു.
* വേദശാസ്ത്രത്തിന്റെ ആറ് പഠനങ്ങൾ വിവരിക്കുന്നു.
* ചാർവക തത്വശാസ്ത്രത്തിന്റെ പ്രാധാന്യം പരിശോധിക്കുന്നു.
* ജൈനമതക്കാരുടെ യാഥാർത്ഥ്യസിദ്ധാന്തം വിശദമാക്കുന്നു
* ബുദ്ധമത തത്വശാസ്ത്രത്തിന്റെ സംഭാവനകൾ പരിശോധിക്കുന്നു.



കുറിപ്പുകൾ :

## മതവും തത്വശാസ്ത്രവും പുരാതന ഭാരതത്തിൽ

### 8.1 മതം

ആത്മീയ ശസ്ത്രമാണ് മതം. ധാർമ്മികതയും സൻമാർഗ്ഗവും മതത്തിന്റെ നെടും തൂണുകളായി വർത്തിക്കുന്നു. ഇന്ത്യക്കാരുടെ ജീവിതത്തിൽ വളരെ പുരാതന കാലം മുതൽ തന്നെ മതം വളരെ സ്വാധീനം പുലർത്തിയിരുന്നു. അതിനോട് ചേർന്ന് നിൽക്കുന്ന സമൂഹത്തെ ആശ്രയിച്ച് സമൂഹത്തിന് വിവിധ രൂപഭേദ ങ്ങളുണ്ടായിരുന്നു. മതപരമായ ആശയങ്ങളും, ചിന്തകളും , ആചാരങ്ങളും ഓരോ സമൂഹങ്ങളെ ആശ്രയിച്ച് വ്യത്യസ്തങ്ങളായിരുന്നു. അവയ്ക്കോരോ ന്നിനും കാലാന്തരത്തിൽ രൂപഭേദങ്ങളും വളർച്ചയും ഉണ്ടായിക്കൊണ്ടിരുന്നു. ഇന്ത്യയിലെ മതങ്ങൾ ഒരിക്കലും ചേതനയറ്റവയായിരുന്നില്ല മറിച്ച് നൈസർഗ്ഗീ കവും ചലനാത്മകമായ ശക്തിയാൽ നയിക്കപ്പെട്ടവയാണ്.

***ഓരോ തത്വ ശാസ്ത്രവ്യവസ്ഥകളും ഒരു സത്യാന്വേഷണ മാണ് എല്ലായിടത്തും എല്ലായ്പ്പോഴും അത് ഒന്ന് തന്നെയാണ്. സമീപന രീതികൾ വ്യത്യസ്തം, യുക്തികൾ വ്യത്യസ്തം, പക്ഷേ ലക്ഷ്യം ഒന്ന് തന്നെ– സത്യത്തിലേക്കുള്ള പ്രയാണം.***

***ലോകത്തെ മുഴുവനും സഹിഷ്ണുതയും, വിശ്വസ്വീകാ ര്യതയും പഠിപ്പിച്ച മതത്തിൽ അംഗമായതിൽ ഞാൻ അഭിമാനി ക്കുന്നു........ വിശ്വാസീകരത മാത്രമല്ല ഞങ്ങൾ വിശ്വസിക്കുന്നത് അതിനോടൊപ്പം എല്ലാ മതങ്ങളേയും സത്യമായി അംഗീകരിക്കു കയും ചെയ്യുന്നു. സ്വാമി വിവേകാന്ദൻ ചിക്കാഗോയിൽ ആഗോള മതസമ്മേളനത്തിൽ വച്ച് പ്രസംഗിച്ചതാണ്. (1893)***

പുരാതന തത്വശാസ്ത്ര പാരമ്പര്യങ്ങളിൽ ആഴമായി വേരുറച്ചതാണ് ഇന്ത്യൻ ആത്മീയത. ജീവന്റെ നിഗൂഢതയിലേക്കും അസ്തിത്വത്തിലേക്കുമുള്ള ഒരു അന്വേഷണമായാണ് ഇന്ത്യയിൽ തത്വശാസ്ത്രം ആവിർഭവിച്ചത്. ഇന്ത്യൻ മഹാമുനിമാരും, ഋഷികളും, ദർശിനികരും യോഗ എന്ന പ്രത്യേക ക്രീയ അഭ്യാ സത്തിലൂടെയും ബോധത്തേയും മനസ്സിനേയും അതീന്ദ്രിയധ്യാനത്തിലേക്ക് നയിക്കുന്ന ഈ മുറകളിലൂടെ മനുഷ്യമനസ്സിന്റെ ഉള്ളറകളിലേക്ക് അവർ കടന്ന് ചെല്ലുകയും മനുഷ്യമനസ്സുകളുടേയും പ്രപഞ്ചത്തിന്റേയും അടിസ്ഥാന സത്യ ങ്ങളെ തിരിച്ചറിയുകയും ചെയ്തു.

അമർത്യവും നിരന്തര മാറ്റങ്ങൾക്ക് വിധേയമാക്കുന്ന ശരീരമോ മനസ്സോ അല്ല ഒരു മനുഷ്യന്റെ യഥാർത്ഥസ്വഭാവം മറിച്ച് അമർത്യവും സ്ഥിരവും നിർമ്മ ലവുമായ ആത്മാവാണ് എന്ന് മുനിമാർ കണ്ടെത്തി. അവർ അതിനെ ആത്മൻ (1893)എന്ന് വിളിച്ചു.



കുറിപ്പുകൾ :

ജ്ഞാനത്തിന്റെ സന്തോഷത്തിന്റെ ശക്തിയുടേയും ഉറവിടമാണ് ആത്മൻ. ഓരോ വ്യക്തികളും അനന്തമായ ബ്രഹ്മം അഥവാ സചേതനയുടെ ഭാഗഭാക്കാണെന്ന് മുനിമാർ കണ്ടെത്തി.

പ്രപഞ്ചത്തിന്റെ അത്യാന്തികമായ കാരണവും യഥാർത്ഥ സത്യവുമാണ് ബ്രഹ്മം. മനുഷ്യന്റെ പീഢകൾക്കും അടിമത്തത്തിനും കാരണം അവന്റെ യഥാർത്ഥ പ്രകൃതിയുടെ അജ്ഞതയാണ്.

ആത്മനെയും ബ്രഹ്മത്തെയും കുറിച്ചുള്ള പൂർണ്ണമായ അറിവ് പീഢകളിൽ നിന്നും അടിമത്തത്തിൽ നിന്നും വിടുതൽ നൽകി അമർത്യതയിലേക്കും നിത്യ ശാന്തിയിലേക്കും പൂർണ്ണതയിലേക്കും അതായത് മോക്ഷത്തിലേക്കും നയിക്കുന്നു.

പുരാതന ഭാരതത്തിൽ മതം മനുഷ്യനെ യഥാർത്ഥ സത്യത്തെയും പ്രകൃതി യേയും തിരിച്ചറിഞ്ഞ് മോക്ഷത്തിലേക്ക് നയിക്കുന്ന ഒരു ജീവിത ചര്യ തന്നെ യായിരുന്നു. സത്യത്തെക്കുറിച്ചുള്ള യഥാർത്ഥകാഴ്ചപ്പാടുകൾ തത്വശാസ്ത്രം അവതരിപ്പിക്കുമ്പോൾ ജീവിതത്തിന്റെ യഥാർത്ഥവഴികൾ മതം കാണിച്ചു തരുന്നു. ദർശനങ്ങൾ തത്വശാസ്ത്രത്തിലൂടെ അവതരിപ്പിക്കുമ്പോൾ പൂർത്തീ കരണം മതത്തിലൂടെ കൈവരുന്നു. തത്വശാസ്ത്രം സിദ്ധാന്തവും മതം അതിന്റെ പരിശീലനവുമാണ്.

ഇങ്ങനെ പൂർവ്വകാലങ്ങളിൽ മതവും തത്വശാസ്ത്രവും ഭാരതത്തിൽ കൈകോർത്ത് വളർന്നിരുന്നു.

മനസ്സിനെ ബോധവൽക്കരിക്കുന്നത് കേൾക്കുകയും എല്ലായിടത്തും ദൈവീ കത കാണുകയും ഉള്ളിന്റെ ഉള്ളിലെ പരമാത്മ സാന്നിധ്യം അനുഭവിക്കുകയും മനസ്സിന്റെയും ശരീരത്തിന്റെയും എല്ലാ ധർമ്മങ്ങളും സർവ്വേശ്വരസേവനത്തിന് ഉപയുക്തമാവുകയും ചെയ്യുവാനിടയാവട്ടേ . ശാശ്വതമായ സമാധാനം നമുക്ക് ഉണ്ടാവട്ടെ.

## 8.2 പൂർവ്വവേദകാലവും – വേദമതങ്ങളും

മൂലചരിത്രവും , ആദികാലചരിത്രവും പഠനവിധേയമാക്കിയ പുരാതന തത്വ ശാസ്ത്രത്തിന്റെ പഠനങ്ങളിൽ മനുഷ്യർ സൃഷ്ടശക്തിയുടെ പാവനതയിലും ദൈവികതയുടെ പുരുഷസ്ത്രീഭാവങ്ങളെ ആരാധിക്കുന്നവരുമായിരുന്നു. ഈ ജനങ്ങൾ പ്രകൃതിശക്തികളായ സൂര്യനെയും ചന്ദ്രനെയും ആരാധിച്ചിരുന്നു. ഈ വിശ്വാസത്തെ ആര്യന്മാരുടെ ആദ്യകാലസാഹിത്യസൃഷ്ടികൾ ഭാഗിക മായി സ്ഥാപിക്കുന്നു. ആര്യവംശജരുടെ മതവിശ്വാസങ്ങളുടെയും ആചാര ങ്ങളുടെയും സ്വഭാവവും ഋഗ്വേദത്തിൽ നിന്ന് മനസ്സിലാക്കുവാനും സാധി ക്കുന്നു. ദേവന്മാരായ ഇന്ദ്രൻ, വരുണൻ, അഗ്നി, സൂര്യൻ, രുദ്രൻ എന്നിവരിൽ അവർ വിശ്വസിച്ചിരുന്നു. ബലിയർപ്പണവും ദേവപ്രീതിക്കായി അഗ്നിയിൽ ആചാരപ്രകാരം ഭക്ഷണപാനീയങ്ങൾ ഹോമിക്കുന്നതും ആയിരുന്നു പ്രധാ നപ്പെട്ട ആര്യമതാചാരങ്ങൾ. സാമവേദവും യജുർവേദവും ബലിയർപ്പണങ്ങ ളുടെ വ്യത്യസ്തതലങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ഇവയെക്കുറിച്ചുള്ള കൂടു തൽ വിവരണങ്ങൾ ബ്രാഹ്മണന്മാരിലും കാണപ്പെടുന്നു. സർവ്വാത്മ സിദ്ധാന്ത വിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നു അഥർവ്വവേദം. വേദ ആചാരങ്ങളുടെ പ്രയോജനങ്ങളിലും സഫലതയിലും ദാർശനികർ അസന്തുഷ്ടിപ്രകടിപ്പിക്കു ന്നു. ബഹുദൈവവിശ്വാസത്തെ വെല്ലുവിളിച്ചുകൊണ്ട് ഏകദൈവവിശ്വാസം ഉയർന്ന് വരികയും ഏകനിത്യശക്തിയെ പലപേരുകളിലുള്ള ദേവസങ്കല്പങ്ങൾ പ്രതിധാനം ചെയ്യുന്നു എന്നും വിശ്വസിച്ചിരുന്നു.

പുരോഗമനാത്മകമായ കാഴ്ചപ്പാടുകൾ ദർശിക്കുന്ന ആരണ്യകങ്ങളും ഉപനിഷത്ത് വിഭാഗങ്ങളും മതങ്ങളുടെ ഉത്ഭവവും വികാസവും അവതരിപ്പിക്കുന്നു. ഉപനിഷത്തുക്കൾ – ഈ അദ്ധ്യാത്മിക ആശയങ്ങൾ പിന്നീട് മതനേതാക്കന്മാരും നവീനപ്രസ്ഥാനക്കാരും പുരാതന മധ്യകാല ഭാരതത്തിൽ പിന്നീട് ഉപയോഗിച്ചിട്ടുണ്ട് പലരും പാരമ്പര്യരീതികൾ പിന്തുടരുമ്പോൾ മറ്റ് ചിലർ പാരമ്പര്യേതര രീതികൾ പിന്തുടർന്ന് പോന്നു.

*മുൻകാലങ്ങളിൽ ഇന്ത്യയിൽ, ജീവിതത്തിന്റെയും ആശയങ്ങളുടേയും അടിസ്ഥാനപ്രശ്നങ്ങൾ കീഴടക്കുവാനായി ശ്രമങ്ങളുണ്ടായിരുന്നു. പരമോന്നത സത്യാന്വേഷണമായിരുന്നു ഇന്ത്യയിലെ തത്വശാസ്ത്രം. സത്യമെന്നാൽ നിഷ്പക്ഷമായ നിയതിമാത്രമല്ല മറിച്ച് പരമമായ സ്വാതന്ത്ര്യ ലബ്ധിയിലേക്ക് നയിക്കുന്നതും, വ്യക്തിത്വവികസനവുമായി വളരെ അടുത്ത് നിൽക്കുന്ന വസ്തുതയെന്ന നിലയ്ക്ക് പരമാനന്ദത്തിനും വിവേകത്തിനും ഇടയാക്കുന്നതും എന്ന നിലയ്ക്കാണ്. അതിനാൽ തത്വശാസ്ത്രം നമ്മിൽ നിന്ന് തത്വശാസ്ത്രപരമായ യുക്തിഭദ്രത മാത്രമല്ല പെരുമാറ്റ അച്ചടക്കവും, വികാരങ്ങളുടെയും, ആസക്തികളുടേയും നിയന്ത്രണവും ആവശ്യപ്പെടുന്നു. അങ്ങനെ ആഴമേറിയ തത്വശാസ്ത്രവിശകലനത്തിന്റേയും ഉന്നതമായ ആത്മീയ അച്ചടക്കത്തിന്റേയും സംയോജനമായിരുന്നു ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ശാശ്വതമായ വിശേഷത. അതിന്റെ കാഴ്ചപ്പാടുകളും പടിഞ്ഞാറൻ തത്വശാസ്ത്രത്തിൽ നിന്ന് പൂർണ്ണമായും വിഭിന്നമാണ്. ഒരു പുരാതന രാജ്യത്തിന്റെ ആത്മീയ അഭിവാഞ്ഛ വ്യക്തമാക്കുന്നതിനുമാത്രമല്ല അതോടൊപ്പം ഈ അഭിവാഞ്ഛകളുടെ ആധുനിക ലോകത്തിലെ പ്രസക്തിയെ സൂചിപ്പിക്കുന്നതിനോടൊപ്പം മനുഷ്യ സാഹോദര്യത്തിന്റെയും സാർവ്വത്രികമായ ഐക്യത്തിന്റെയും ശക്തമായ കണ്ണികളെ രൂപപ്പെടുത്തുവാനും തത്വശാസ്ത്രം ഉതകുമെന്ന് പ്രതീക്ഷിച്ചിരുന്നു.*

*ഭാരതീയ തത്വശാസ്ത്രം പരിചിന്തനങ്ങളുടെ ഉപോത്പന്നമായല്ല മറിച്ച് നേരിട്ടുള്ളതും വ്യക്തിപരവുമായ അനുഭവങ്ങളുടേയും ഫലമാണ്. യഥാർത്ഥതത്വജ്ഞാനി അവനവൻ ധാർമ്മികോത്ബോധനം നടത്തുന്ന സത്യത്തിന് സാക്ഷ്യമായി പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നു.*

## 8.3 പാരമ്പര്യേതര ഭക്തിപ്രസ്ഥാനങ്ങൾ

ഈ ഭക്തി പ്രസ്ഥാനങ്ങളുടെ കീഴിൽ ബി.സി. ആദ്യനൂറ്റാണ്ടിന്റെ മദ്ധ്യകാലത്തിൽ മഹാവീരനോടും, ശ്രീബുദ്ധനോടും ബന്ധപ്പെട്ട് ആവിർഭാവം ചെയ്ത പ്രസ്ഥാനങ്ങൾ ഉൾപ്പെടുന്നു. ഈ കാലഘട്ടത്തിൽ വേറെയും ധാരാളം വിശ്വാസങ്ങൾ നിലനിന്നിരുന്നു. ഈ വിശ്വാസപ്രചാരണങ്ങളുടെയിടയിൽ ദേവ പാരമ്പര്യങ്ങളുമായി വിയോജിക്കുന്ന ധാരാളം ഘടകങ്ങൾ ഉണ്ടായിരുന്നു. ഈ പുതുവിശ്വാസപ്രചാരകർ വേദങ്ങളുടെ പ്രകൃതിയായിത്തീരുന്നു. ഉത്ഭവവും അപ്രമാദിത്യവും അവഗണിച്ചിരുന്നു. വേദദാർശനികരായ ബ്രാഹ്മണരിൽ നിന്ന് വ്യത്യസ്തമായി ക്ഷത്രിയരായിരുന്നു ഈ പാരമ്പര്യേതര വിശ്വാസങ്ങളുടെ ഗുരുനാഥന്മാർ. ആദ്യകാലഘട്ടത്തിൽ ജൈനമതവും ബുദ്ധ

കുറിപ്പുകൾ :

മതവും നാസ്തികപ്രസ്ഥാനങ്ങളായിരുന്നു. എന്നാൽ മനുഷ്യ അസ്ഥിത്വത്തിൽ ദു:ഖങ്ങളുടെ അനിവാര്യതയും സ്കന്ദഅവതാരങ്ങളുടെ പുനർജന്മത്തിലുള്ള വിശ്വാസവും കർമ്മഫലസിദ്ധാന്തത്തിലുള്ള വിശ്വാസവും ഇവർ സാധൂകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്തിരുന്നു. ഇത്തരം കാഴ്ചപ്പാടുകൾ പ്രധാനവേദോപനിഷത്തുകളിലും ദർശിക്കാവുന്നതാണ്.

## 8.4 ആസ്തിക്യ സിദ്ധാന്തപ്രസ്ഥാനങ്ങൾ

നാസ്തിക സിദ്ധാന്ത മതങ്ങളോടൊപ്പം തന്നെ ആസ്തിക ധർമ്മ തത്വസ്വഭാവത്തോടുകൂടിയ പ്രസ്ഥാനങ്ങളും ഉരുത്തിരിഞ്ഞ് രൂപം കൊണ്ടിരുന്നു. ഈ മതപ്രസ്ഥാനങ്ങളുടെ ദേവന്മാർ അടിസ്ഥാനപരമായി വേദങ്ങളിൽ നിന്നല്ല മറിച്ച് പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് ഉയർന്നുവന്നതാണ്. പൂർവ്വവേദകാലഘട്ടത്തിന്റെയും, വേദാനന്തര കാലഘട്ടത്തിലെയും പൗരാണിക ഘടകങ്ങളുടെ സ്വാധീനം ഈ മതപ്രസ്ഥാനങ്ങളുടെ ഉത്ഭവത്തിൽ വ്യക്തതയോടെ നിലനിൽക്കുന്നു. ഈ ധാർമ്മിക സിദ്ധാന്തങ്ങളെ പ്രചോദിപ്പിച്ച അടിസ്ഥാന ഘടകം ഭക്തിയായിരുന്നു. അതായത് ഒരു സ്വകാര്യ ദൈവത്തോടുള്ള ധർമ്മമൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏകാത്മവിശ്വാസം. ഇത് വിവിധതരം മതവിഭാഗീയ പ്രസ്ഥാനങ്ങളായ വൈഷ്ണവിസം, ശൈവിസം, ശക്തീയിസം എന്നിവയ്ക്ക് രൂപം കൊടുത്തു. ഇവ യാഥാസ്ഥിതികത്വം ബ്രാഹ്മണവിഭാഗത്തിന്റെ ഘടകമായി കണക്കാക്കപ്പെട്ടുപോന്നു. ഈ മതവിഭാഗങ്ങൾ കാലക്രമത്തിൽ ബുദ്ധിസത്തിന്റെയും, ജൈനിസത്തിന്റെയും പ്രശസ്തമായ വിഭാഗങ്ങളിൽ സുപ്രധാനമായ സ്വാധീനം ഉളവാക്കി.

## 8.5 നാടോടി ഉപാസനകൾ

യക്ഷൻമാർ, നാഗങ്ങൾ മറ്റ് ചില നാടോടി ദേവന്മാർ എന്നിവയോടുള്ള ആരാധനയാണ് ഈ പ്രാചീനവിശ്വാസത്തിന്റെ അടിസ്ഥാനം. ഇവയിൽ ഭക്തിക്ക് വളരെ സുപ്രധാനമായ പങ്കുണ്ടായിരുന്നു. ഇത്തരത്തിലുള്ള ഉപാസനകളുടെ പ്രചാരത്തെക്കുറിച്ച് പര്യാപ്തമായ തെളിവുകൾ ആദ്യകാലസാഹിത്യസൃഷ്ടികളിലും പുരാതന തത്വശാസ്ത്രത്തിലും ഉണ്ട്.

## വാസുദേവ / കൃഷ്ണാരാധന

പാണിനിയിലെ അഷ്ടാദ്ധ്യായത്തിലെ ഒരു സൂക്തം വാസുദേവ കൃഷ്ണാരാധകയെക്കുറിച്ച് പരാമർശിക്കുന്നു. സൂര്യദേവോപാസകനായഗോരഅംഗീരസ മുനിയുടെ ശിഷ്യനും , ദേവകിനന്ദനുമായ കൃഷ്ണനെക്കുറിച്ച് ചന്ദേഗ്യ ഉപനിഷത്തിൽ ഉദ്ധരിക്കുന്നു. ഭാഗവതാസ് എന്നറിയപ്പെടുന്ന വളരെയധികം ജനങ്ങൾ വസുദേവകൃഷ്ണനെ അവരുടെ സ്വകാര്യദേവനായി ആരാധിച്ചിരുന്നു. ഈ വസുദേവ-ഭാഗവത ഉപാസന ക്രമാനുഗതമായി വളരുകയും അവരുടെ വിശ്വാസതടങ്ങളിലേക്ക് വേദബ്രാഹ്മണ ദേവന്മാരായ വിഷ്ണു (സൂര്യന്റെ ഒരു ഭാവം) നാരായണൻ ( ഒരു പ്രപഞ്ചദേവസങ്കല്പം) ആഗിരണം ചെയ്തു. ഗുപ്തകാലഘട്ടത്തിലെ അവസാന പംക്തിയിൽ ഈ ഭക്തിപ്രസ്ഥാനത്തെ നാമകരണം ചെയ്തിരുന്നത് വൈഷ്ണവപ്രസ്ഥാനം എന്നായിരുന്നു. ഇത് സൂചിപ്പിക്കുന്നത് വേദങ്ങളിലെ വിഷ്ണുഘടകത്തെയും, അതിലെ അവതാരസിദ്ധാന്തങ്ങളുടെ പ്രാധാന്യവും ആയിരുന്നു.

## 8. 6 തെക്കൻ മേഖലകളിലെ വൈഷ്ണവപ്രസ്ഥാനങ്ങൾ

ഗുപ്തകാലഘട്ടത്തിന്റെ അവസാനപംക്തി മുതൽ എ.ഡി. 13-ാം നൂറ്റാണ്ട് ആദ്യദശകം വരെയുള്ള വൈഷ്ണവപ്രസ്ഥാനങ്ങളുടെ ചരിത്രം പ്രധാനമായും

തെക്കെ ഇന്ത്യയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ആൾവാർ എന്നറിയപ്പെട്ടിരുന്ന വൈഷ്ണവഭക്തകവികൾ വിഷ്ണുവിനോടുള്ള ഏകാത്മക ഭക്തി അവരുടെ പ്രബന്ധനയെന്ന് ഏകീകൃതമായി അറിയപ്പെട്ടിരുന്ന ഗാനങ്ങളിലൂടെ പ്രചരിപ്പിച്ചിരുന്നു.(ആൾവാർ- തമിഴ്- വിഷ്ണുഭക്തിയിൽ നിമഗ്നനായവർ)

## 8.7 ശൈവിസം

വൈഷ്ണവിസത്തിൽ നിന്ന് വിഭിന്നമായി ശൈവിസത്തിന്റെ ഉത്പത്തി പ്രാചീനകാലത്തിലായിരുന്നു. പാണിനി ഒരു കൂട്ടം ഇരുമ്പ് കുന്തങ്ങളാലും , ഗദകളാലും തോൽ വസ്ത്രങ്ങളാലും ഖചിതരായ ശിവഭക്തരായ ശിവഭാഗവദാസിനെക്കുറിച്ച് വിവക്ഷിക്കുന്നു.

### തെക്കിലെ ശൈവപ്രസ്ഥാനങ്ങൾ

തെക്കൻ പ്രദേശങ്ങളിൽ ശൈവപ്രസ്ഥാനങ്ങൾ ആദ്യകാലഘട്ടങ്ങളിൽ തഴച്ച് വളർന്നിരുന്നത് തമിഴിൽ നായനാർസ് (ശിവഭക്തർ) എന്നറിയപ്പെടുന്ന 63 ഭക്തന്മാരുടെ പ്രവർത്തനഫലമായാണ്. ഇവരുടെ വികാരതീവ്രവും ആകർഷവുമായ തോവാര വസ്ത്രങ്ങൾ അഥവാ ദ്രാവിഡവേദങ്ങൾ എന്നറിയപ്പെടുന്ന ഗാനങ്ങൾ ആചാരപൂർവ്വം പ്രാദേശിക അമ്പലങ്ങളിൽ പാടിപോന്നിരുന്നു.

*എല്ലാ ജാതികളിൽ നിന്നും വന്നവരായിരുന്നു നായനാർമാർ. തത്വങ്ങളാലും സിദ്ധാന്തങ്ങളാലും ഇവർക്ക് പരിപൂരകങ്ങളായി ധാരാളം ശൈവധിഷണശാലികൾ, വിവിധ ശൈവപ്രസ്ഥാനങ്ങളായ അഗമന്ത, ശുദ്ധ, വീരശൈവിസം എന്നിവയുമായി ബന്ധപ്പെട്ട് വ്യാപരിച്ചിരുന്നു.*

*ശാസ്ത്രങ്ങൾക്ക് വിശദീകരിക്കാവാത്ത എല്ലാ തത്വങ്ങളെയും നിർവ്വചിക്കുകയും ലാളിത്യസ്വഭാവത്തോടുകൂടിയ പൊതുതത്വത്തിനു ജന്മം നൽകുകയും വേണം തത്വശാസ്ത്രം. അതേസമയം തത്വശാസ്ത്രം ഭൗതീകശാസ്ത്രത്തിന്റെ ആത്യന്തികമായ നിഗമനങ്ങളെ സമരസപ്പെടുത്തുകയും വിഭാഗീയതയും, സിദ്ധാന്തങ്ങളും , വിശ്വാസപ്രമാണങ്ങളും പരിമിതപ്പെടുത്താത്ത ഒരു സർവ്വാത്രികമായ ഒരു മതത്തെ സ്ഥാപിക്കുവാനും , തത്വശാസ്ത്രത്തിനു കഴിയണം.*

*തത്വശാസ്ത്രത്തെ ഒരു ശാസ്ത്രം എന്ന നിലയിൽ പരിഗണിക്കുമ്പോൾ അതിന്റെ അർത്ഥം ഒരു വ്യവസ്ഥയിലേക്ക് ഒരുകൂട്ടം ചിന്താധാരകളിൽ നിന്ന് വിന്യസിക്കുകയും, ഈ ചിന്തയുടെ കൂട്ടത്തിൽനിന്ന് ഒരു ചിന്ത മാറ്റൊരു ചിന്തയെ ഖണ്ഡിക്കുകയും , തിരിക്കുകയും അതിന്റെ പൂർണ്ണതയിൽ പരസ്പരം സമജ്ഞസ്യക്കപ്പെടുകയും വേണം.*

*ശാസ്ത്രമെന്നാൽ അറിവിനെ ഭാഗീകമായി ഏകീകരിക്കുകയെന്നും, തത്വശാസ്ത്രത്തിനെ പൂർണ്ണമായും ഏകീകരിക്കുന്നു എന്നതുമാണ്. അറിവുകളുടെ അപ്പുറം അറിയാത്തവ നിലനിൽക്കുകയും ഈ മണ്ഡലത്തിലാണ് ആത്മാവിന്റെ സ്വഭാവത്തെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും , ദൈവത്തെക്കുറിച്ചും, എല്ലാത്തിനെയും കുറിച്ചുമുള്ള തത്വശാസ്ത്രത്തിന് ഉത്തരം കണ്ടെത്തിയിരുന്നു.*

*ഹെർണട്ട് സ്പെൻസർ*

## 8.8 അപ്രധാന മതപ്രസ്ഥാനങ്ങൾ

സ്ത്രീയെയും , സൂര്യനെയും ആരാധിക്കുന്നതിന് ബ്രാഹ്മണോപാസനകളിൽ

ഉള്ള മറ്റ് രണ്ട് ആരാധനകൾക്ക് ഒപ്പം പ്രാധാന്യം ലഭിച്ചിരുന്നില്ല. ദൈവീകതയുടെ സ്ത്രീഭാവത്തെ പൂർവ്വ വേദകാലങ്ങളിൽ സംപൂജ്യമായി കരുതിയിരിക്കാം. വേദിക്ക് കാലഘട്ടത്തിൽ സ്ത്രീഭാവത്തിന് പ്രപഞ്ചമാതാവെന്ന ബഹുമാനം നൽകിപ്പോരുകയും, സമൃദ്ധിയുടേയും,ശക്തിയുടേയും, മൂർത്തിഭാവമായി കരുതിപ്പോന്നു. എന്ത് തന്നെയായാലും ദേവീയാരാധനയ്ക്ക് വ്യക്തമായ സൂചനകൾ താരതമ്യേന പിന്നീടുള്ള കാലഘട്ടത്തിലല്ലാതെ മറ്റെങ്ങും കാണുന്നില്ല. മേൽപ്പറഞ്ഞ പ്രകാരം സൂര്യാരാധന ആദ്യകാലം മുതൽതന്നെ ഇന്ത്യയിലുണ്ടായിരുന്നു. വേദങ്ങളിലും, ഇതിഹാസങ്ങളിലും, പുരാണകഥകളിലും സൂര്യനും അതിന്റെ വിവിധ ഭാവങ്ങളും അതീവപ്രാധാന്യമുള്ളവയാണ്. കിഴക്കേ ഇറാനിയൻ സൂര്യോപാസന (ശാകാദ്വീപി) നോർത്ത് ഇന്ത്യയിൽ ആവിർഭവിച്ചത് ക്രിസ്ത്വാബ്ദത്തിന്റെ ആദ്യ നൂറ്റാണ്ടുകളിലായിരുന്നു. താരതമ്യേന പിന്നീടുള്ള കാലഘട്ടത്തിലാണ് ദൈവമതപ്രസ്ഥാനങ്ങളുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടത്.

### പാഠഭാഗ ചോദ്യങ്ങൾ 8. 1

1. വേദിക്ക് സാഹിത്യത്തിലെ ഏത് വിഭാഗമാണ് പുരോഗമനപരമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നത് ?

2. ഏത് തത്വശാസ്ത്രമാണ് ബുദ്ധിസം പിന്താങ്ങുന്നത് ?

3. ബുദ്ധിസത്തെയും, ജൈനിസത്തെയും പ്രശസ്തമാക്കിയത് ഏത് മത വിഭാഗമാണ് ?

4. വേദിക്ക് കാലഘട്ടമെങ്ങനെയാണ് സ്ത്രീഭാവത്തെ ആദരിച്ചിരുന്നത് ?

5. ശൈവപ്രസ്ഥാനത്തിന്റെ വിവിധഭാവങ്ങൾ എതെല്ലാമാണ് ?

## 8.9 വേദിക്ക് തത്വശാസ്ത്രം

പ്രകൃതിയിലെ വിവിധപ്രതിഭാസങ്ങളെ വിവിധദേവരൂപങ്ങളായി സങ്കല്പിച്ച് പ്രാർത്ഥനകളിലൂടെ അവയെ ആരാധിക്കുകയെന്ന വളരെ ലളിതമാർന്ന ഒരു മതത്തിൽപെട്ടവരായിരുന്നു ഋഗ്വേദജനങ്ങൾ. ആത്മാവ് അഥവാ ആത്മന്റെയും പ്രപഞ്ചതത്വങ്ങൾ അല്ലെങ്കിൽ ബ്രഹ്മൻ എന്ന പരമാർത്ഥസത്യത്തിനെക്കുറിച്ച് തെളിമയാർന്ന ആശയങ്ങളും തത്വങ്ങളും വേദിക്ക് കാലഘട്ടത്തിന്റെ അന്തിമഘട്ടത്തിലാണ് രൂപം കൊണ്ടത്.

ഈ വേദിക്ക് തത്വശാസ്ത്ര ആശയങ്ങൾ പിന്നീട് ഷഡ്ദർശനയെന്നറിയപ്പെടുന്ന ആറ് വ്യത്യസ്ത തത്വശാസ്ത്രശാഖകൾക്ക് രൂപം കൊടുത്തിരുന്നു. ഇവ ആറും യാഥാസ്ഥിതിക വ്യവസ്ഥ ശ്രേണിയിൽപ്പെടുന്നതിന് കാരണം വേദങ്ങളുടെ പരമാധികാരത്തെ ഇവയെല്ലാം അംഗീകരിക്കുന്നു. ഈ ആറ് ഇന്ത്യൻ തത്വശാസ്ത്രത്തെ നമുക്ക് കാണാം.

*കുറിപ്പുകൾ :*

## സംഖ്യാ സമ്പ്രദായം

സംഖ്യാതത്വം മുന്നോട്ട് വെയ്ക്കുന്ന ആശയമെന്തെന്നാൽ പരമമായ സത്യത്തിൽ പ്രകൃതിയും പുരുഷനും എന്ന രണ്ട് ഭാവങ്ങൾ ഉൾപ്പെടുന്നു. പ്രകൃതിയും , പുരുഷനും. പൂർണ്ണമായുംസ്വതന്ത്രമായതും പരിപൂർണ്ണവുമായി രൂപാന്തരം വരുത്തുവാനോ ഭേദഗതി വരുത്തുവാനോ സാധ്യമല്ലാത്ത കേവലമായ ചേതനയാണ് പുരുഷൻ. എന്നാൽ മൂന്ന് സഹജഗുണങ്ങളായ ചിന്ത, ചലനം, മാറ്റംഎന്നിവയുൾപ്പെടുന്ന പ്രകൃതി, ഈ സഹജഗുണങ്ങളിലുണ്ടാകാവുന്ന രൂപമാറ്റം എല്ലാ വസ്തുക്കളിലും മാറ്റങ്ങൾ വരുത്തുന്നു. പ്രപഞ്ചസൃഷ്ടിയിൽ പ്രകൃതിയും പുരുഷനുമുള്ള പങ്കാളിത്തം സ്ഥാപിക്കാൻ ശ്രമിക്കുന്ന സംഖ്യാശാസ്ത്രം. സംഖ്യാശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് സംഖ്യാസൂത്ര രചിച്ച കപിലയാണ്.

വസ്തുതയാൽ സംഖ്യ ചിന്താധാര പരിണാമ സിദ്ധാന്തതത്വപ്രതിഭാസത്തെ വിശദീകരിക്കുകയും അക്കാലത്തെ ചിന്തകരുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുവാനും സാധിച്ചു.

### യോഗ

യോഗ അക്ഷരാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് രണ്ട് പ്രധാന സത്തയുടെ സങ്കലനമെന്നാണ്. ബി.സി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതെന്ന് വിശ്വസിക്കുന്ന പതാഞ്ജലിയുടെ യോഗസൂത്രത്തിൽ യോഗയുടെ ഉൽഭവത്തെക്കുറിച്ച് പരാമർശിക്കുന്നു. മാനസിക സംവിധാനത്തിലെ മാറ്റങ്ങളെ ശുദ്ധീകരുക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിലൂടെ യോഗ ക്രമാനുക്രമമായി പ്രകൃതിയിൽ നിന്ന് പുരുഷനെ സ്വതന്ത്രമാക്കുന്നു. യോഗതന്ത്രങ്ങൾ ശരീരത്തെയും മനസ്സിനെയും പഞ്ചേന്ദ്രിയങ്ങളേയും നിയന്ത്രിക്കുന്നു അതിനാൽ ഈ യോഗ ശാസ്ത്രത്തെ യുക്തി അഥവാ സ്വാതന്ത്ര്യലബ്ധിക്കുള്ള മാർഗ്ഗമായി കണക്കാക്കപ്പെടുന്നു.ഈ സ്വാതന്ത്യം കരഗതമാക്കുവാനുമായി ആത്മനിയന്ത്രണവും (യാമ) നിയമപാലനവും(നിയമ)ആസനങ്ങളും, ശ്വാസോച്ഛ്വാസ നിയന്ത്രണവും (പ്രാണായാമം) കർമ്മം തിരഞ്ഞെടുക്കൽ (പ്രത്യാഹാര) മനസ്സിനെ ഉറപ്പിക്കലും (ധർമ്മ) തിരഞ്ഞെടുത്ത വസ്തുവിൽ മനസ്സ് ഏകാഗ്രമാക്കുകയും (ധ്യാന) അഹത്തെ പൂർണ്ണമായി സംഹരിക്കുകയും മനസ്സിനെയും ലക്ഷ്യത്തെയും ലയിപ്പിക്കുന്നതിനും അഭ്യസിക്കണം. ഗുരുവും മാർഗ്ഗദർശിയുമായുള്ള ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നു.

### ന്യായ

യുക്തിചിന്തയുടെ സാങ്കേതിക വിദ്യയായാണ് ന്യായയെ കണക്കാക്കുന്നത്. സാധുവായ അഥവാ യുക്തി യുക്തമായ അറിവിനെ യാഥാർത്ഥവിജ്ഞാനമായി നിർവ്വചിക്കപ്പെടുന്നു. അതായത് വസ്തുവിന്റെ സഹജഭാവത്തെ അഥവാ അസ്ഥിത്വത്തെ അതേപടി അറിയുന്നു. ഉദാഹരണമായി സർപ്പത്തെ സർപ്പമായും, കോപ്പയെ കോപ്പയായും ഒരുവൻ അറിയുക. ന്യായവ്യവസ്ഥ ദൈവത്തെ പ്രപഞ്ചസൃഷ്ടി സ്ഥിതി പരിപാലനം നടത്തുന്ന ശക്തിയായി കണക്കാക്കുന്നു. ന്യായസൂത്രയുടെ രചയിതാവ് ഗൗതമയാണ്.

### വൈശേഷിക

പ്രപഞ്ചത്തെക്കുറിച്ചുള്ള വസ്തു നിഷ്ഠവും ക്രിയാത്മകവുമായ വ്യവസ്ഥയായാണ് വൈശേഷികത്തെ കണക്കാക്കുന്നത്. ക്രിയാത്മകത അഥവാ യഥാർത്ഥ്യത്തിന് അനവധി അടിസ്ഥാനങ്ങളോ വിഭാഗങ്ങളോ ഉണ്ടെന്നും

അവ പദാർത്ഥം (അസ്ഥിത്വം) സഹജഗുണം,പ്രവർത്തനം,ഗണം, വ്യക്തമായ ഗുണം, നൈസർഗ്ഗികത എന്നിവയാണ്. വൈശേഷിക ചിന്തകന്മാരുടെ കാഴ്ച പ്പാടിൽ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും പഞ്ചഭൂതങ്ങളായ ഭൂമി (മണ്ണ്) ജലം , വായു, അഗ്നി, സൂക്ഷ്മാകാശം എന്നിവയാൽ സൃഷ്ടിക്കപ്പെട്ടതാണ്. ദൈവം മാർഗ്ഗദർശനം നൽകുന്ന തത്വമാണ് എന്ന് അവർ വിശ്വസിക്കുന്നു. എല്ലാ ജീവജാലങ്ങൾ കർമ്മഫലത്തിന്റെ നീതിയനുസരിച്ച് അനുഗ്രഹിക്കപ്പെ ടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യപ്പെടുന്നു. പ്രപഞ്ചസൃഷ്ടിയും , സ്ഥിതിയും ഒരു ചാക്രീകപ്രക്രിയയാണെന്നും അവ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് നടത്തപ്പെടുകയും ചെയ്യുന്നു. കനഡയാണ് വൈശേഷിക തത്വത്തിന്റെ അടി സ്ഥാനഗ്രന്ഥം രചിച്ചത് .

ഈ മൂലകൃതിയെക്കുറിച്ച് അനവധി പ്രബന്ധങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രശസ്തപാദ എഡി 6–ാം നൂറ്റാണ്ടിൽ രചിച്ച ഗ്രന്ഥമാണ് ഏറ്റവും ശ്രേഷ്ഠം

വൈശേഷിക തത്വശാസ്ത്രശാഖ പ്രപഞ്ചപ്രതിഭാസങ്ങളെ പരമാണു സിദ്ധാ ന്തമുപയോഗിച്ച് വിശദീകരിക്കുന്നു. ദ്രവ്യത്തിൽ പരമാണുവും തൻമാത്രയും സംസർഗ്ഗവും പ്രപഞ്ചത്തിന്റെ യാന്ത്രീക രൂപീകരണവും വിശദീകരിക്കുന്നു.

### മീമാംസ

മീമാംസ തത്വശാസ്ത്രമെന്നാൽ അടിസ്ഥാനപരമായി വേദസംഹിതകളുടേയും , വേദബ്രാഹ്മണവിഭാഗത്തിന്റെയും വ്യാഖ്യാനങ്ങളുടെ വിശകലനവും പ്രയോ ഗികതയും മൂലകൃതികളുടെ പ്രയോജനവുമാണ്. മീമാംസ തത്വശാസ്ത്രമനു സരിച്ച് വേദങ്ങൾ അനശ്വരവും എല്ലാ അറിവുകളും ഉൾക്കൊള്ളുന്നതാണ്. മതമെന്നാൽ കടമകളുടെ പൂർത്തീകരണമാണ് എന്ന് വേദങ്ങൾ നിർദ്ദേശിക്കു ന്നു. ഈ തത്വശാസ്ത്രത്തിൽ ന്യായവൈശേഷിക വ്യവസ്ഥകളും യുക്തിയു ക്തമായ അറിവെന്ന ധാരണകളുടെ ഊന്നലുകളും ഉൾപ്പെടുന്നു. ഇതിന്റെ മൂലഗ്രന്ഥമായ ഗ്യാമിനി സൂത്രാസ് രചിക്കപ്പെട്ടത് ബി.സി. 3–ാം നൂറ്റാണ്ടിലാണ്. ഈ തത്വശാസ്ത്രങ്ങളോട് ബന്ധപ്പെട്ടിട്ടുള്ളത് സബർസാമിയും കുമാരി ലബ ട്ടയുടേതുമാണ്.

ഗ്യാമിനി (ജയ്മിനി) യുടെ അഭിപ്രായപ്രകാരം ഈ വ്യവസ്ഥയുടെ രത്നചുരുക്കം ധർമ്മമാണ്. ഒരുവന്റെ പ്രവൃത്തിയുടെ ഫലങ്ങൾ പകർന്നു നൽകുന്നതും സദാചാരത്തിന്റെ നിയമവും ധർമ്മമാണ് ഈ വ്യവസ്ഥ വേദ ങ്ങളിലെ അനുഷ്ഠാനവിഭാഗത്തിന് പ്രാധാന്യം നൽകുന്നു.

### വേദാന്ത

വേദങ്ങളുടെ ഉപസംഹാരവിഭാഗങ്ങളായ ഉപനിഷത്തുകൾ സൂചിപ്പിക്കുന്നു. ഉപനിഷത്തുകളെക്കുറിച്ച് നിരൂപണങ്ങളായ ബ്രഹ്മസ് ഭഗവത്ഗീതയും രചി ച്ചത് ശങ്കരാചാര്യരാണ്. ശങ്കരാചാര്യരുടെ തത്വചിന്തവീക്ഷണങ്ങളും, പ്രഭാഷ ണങ്ങളും അദ്വൈതവേദാന്തമെന്നറിയപ്പെടുന്നു. അദ്വൈത എന്നതിന്റെ അർത്ഥം ദ്വന്ദ്വഭാവമില്ലാതിരിക്കുക അഥവാ ഏകസത്യത്തിലുള്ള വിശ്വാസം എന്നാണ്. പരമോന്നതസത്യം ഏകമാണ് എന്ന ശങ്കരാചാര്യർ വ്യാഖ്യാനിക്കുകയും. അത് ബ്രഹ്മനാണ്.

ബ്രഹ്മം സത്യവും , ലോകം മായയുമാണ്. അഹവും ബ്രഹ്മവും ഒന്നാണ്.വേദാന്തം ഇപ്രകാരം പറയുന്നുവെങ്കിൽ ശങ്കരാചാര്യർ വിശ്വസിച്ചി രുന്നത് ബ്രഹ്മം അസ്തിത്വമുള്ള മാറ്റമില്ലാത്ത് പരമോന്നത സത്യവും ആത്യ ന്തികവുമായ വിജ്ഞാനവുമായാണ്. ബ്രഹ്മവും അഹവും തമ്മിൽ വേർതിരി

കുറിപ്പുകൾ :

വില്ലെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ബ്രഹ്മത്തെക്കുറിച്ചുള്ള അറിവാണ് എല്ലാത്തിന്റെയും അന്ത:സത്തയും അസ്ഥിത്വവും മറ്റൊരു അദ്വൈതാചാര്യനാണ് രാമാനുജൻ.

വിവിധതത്വശാസ്ത്ര വിഭാഗങ്ങളിൽ മനുഷ്യമനസ്സിന് കീഴടക്കാനാവുന്നതിന്റെ ഉച്ചാവസ്ഥയിൽ എത്തിയ ഒരു തത്വശാസ്ത്രമാണ് വേദാന്തം.

സ്പഷ്ട അല്ലെങ്കിൽ പ്രത്യക്ഷ അഹത്തിന്റെ അസ്ഥിത്വത്തെ നിഷേധിക്കുക എന്ന സാഹസികത വഴി തത്വശാസ്ത്രങ്ങളുടെ ചരിത്രത്തിൽ തനതായ ഒരു സ്ഥാനം വേദാന്തയ്ക്കുണ്ട്. വേദാന്തശാസ്ത്രം ഒരു തത്വശാസ്ത്രവും മതവുമാണ്.

പരമോന്നത തത്വചിന്തകന്മാരും എല്ലാകാലത്തിലേയും നാട്ടിലേയും അത്യാധുനിക ചിന്തകന്മാരും കണ്ടെത്തിയ പരമോന്നത സത്യങ്ങളെ ആവർത്തിച്ചുറപ്പിക്കുന്നു വേദാന്തം. (വേദങ്ങളുടെ അല്ലെങ്കിൽ അറിവിന്റെ അന്തം) ഓരോ വേദങ്ങളുടേയും അന്ത്യത്തിൽ പ്രത്യക്ഷപ്പെടുന്ന ഉപനിഷത്തുക്കളെ ശരിയായ ദിശയിലുള്ള യാഥാർത്ഥ്യം വീക്ഷിക്കുന്നു വേദാന്തം. ഏകലക്ഷ്യത്തിലേക്ക് പലമാർഗ്ഗങ്ങളായാണ് വിവിധമതങ്ങളെ വേദാന്തം ദർശിക്കുന്നത്.

ഓരോ പ്രവർത്തിയും വിവേചനബുദ്ധിയാൽ നിയന്ത്രിക്കപ്പെടണമെന്നതാണ് വേദാന്തത്തിന്റെ അടിസ്ഥാനസന്ദേശം. മനസ്സ് തെററുകൾക്ക് വിധേയമാകാം എന്നാൽ വിവേചനബുദ്ധി പ്രവർത്തിക്കാൻ നമ്മുടെ താൽപ്പര്യത്തിന് ചേർന്നതാണോയെന്ന് അറിയിക്കുന്നു. വേദാന്ത അഭ്യാസിക്ക് ആത്മീയ മണ്ഡലത്തിലേക്കുള്ള പ്രാപ്ത ബുദ്ധിയിലൂടെ ലഭ്യമാക്കുന്നു. ആത്മീയതയിലേക്ക് ഒരാൾ തിരഞ്ഞെടുക്കുന്ന മാർഗ്ഗം യോഗയോ, ധ്യാനമോ, ഭക്തിയോ പിന്തുടർന്നാലും അത്യാന്തികമായി ആന്തരികധാരണ ശേഷിയിൽ ആത്യന്തികമായി സുവ്യക്തരൂപീകരണം നടക്കുകയും ബോധത്തെ പ്രകാശിപ്പിക്കുകയും മനോഭാവവ്യതിയാനങ്ങൾ നടക്കുകയും വേണം.

## 8.10 ചാർവാക വിഭാഗം

ചാർവക തത്വശാസ്ത്രത്തിന്റെ പ്രതിഷ്ഠാപകൻ ബ്രഹസ്പതിയാണെന്ന് കണക്കാക്കപ്പെടുന്നു. ബ്രിഹാദരണ്യക ഉപനിഷത്തിലും വേദത്തിലും ഇത് പരാമർശിക്കപ്പെടുന്നു. അതിനാൽ ഈ ശാഖ തത്വശാസ്ത്രവിജ്ഞാനത്തിന്റെ വളർച്ചയിൽ ആദ്യത്തെയാണെന്ന് കരുതപ്പെടുന്നു. ഈ തത്വശാസ്ത്രമനുസരിച്ച് വിജ്ഞാനം നാല് ഭൂതങ്ങളുടെ സങ്കലനം വഴിയുണ്ടാക്കുന്നതും മരണശേഷം യാതൊന്നും അവശേഷിപ്പിക്കാത്തതുമാണ്. ഭൗതികതത്വശാസ്ത്രവുമായി ബന്ധപ്പെട്ടതാണ് ചാർവകതത്വശാസ്ത്രം. ലോകയാത തത്വശാസ്ത്രം അഥവാ ബഹുജനത്തിന്റെ തത്വശാസ്ത്രം എന്നും ഈ ശാഖ അറിയപ്പെടുന്നു.

ചാർവകശാസ്ത്രമനുസരിച്ച് മറ്റൊരു ലോകമില്ല അതിനാൽ മരണം മർത്യജീവിതത്തിന്റെ അന്ത്യമാകയാൽ സുഖസന്തോഷങ്ങളാണ് ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ചാർവകശാസ്ത്രം ഭൗതീകലോകത്തിലെ അസ്ഥിത്വമല്ലാതെ മറ്റൊരു അസ്ഥിത്വത്തെ അംഗീകരിക്കുന്നില്ല. പഞ്ചഭൂതങ്ങളിൽ മണ്ണ്(ഭൂമി), ജലം, അഗ്നി, വായു, സൂക്ഷ്മാകാശം എന്നിവയിൽ സൂക്ഷ്മാകാശത്തെ ഗ്രഹണശക്തിക്ക് അപ്പുറമാകയാൽ ചാർവ്വകശാസ്ത്രം അംഗീകരിക്കുന്നില്ല. പ്രപഞ്ചം മുഴുവൻ നാലുഭൂതങ്ങളാൽ നിർമ്മിതമാണെന്നാണ് ചാർവകശാസ്ത്രം പറയുന്നത്.

കുറിപ്പുകൾ :

## 8.11 ജൈനമതതത്വം

ചാർവ്വകാസുകളെപ്പോലെ ജൈനമതക്കാരും വേദങ്ങളിൽ വിശ്വസിക്കുന്നില്ല എങ്കിലും ആത്മാവിന്റെ അസ്തിത്വത്തെ അവർ അംഗീകരിക്കുന്നു. മനസ്സിനെ നിയന്ത്രിച്ചു ശരിയായ വിജ്ഞാനവുംഗ്രാഹ്യവും നേടി ശരിയായ മാർഗ്ഗദർശനത്തിലൂടെയും മനുഷ്യദുരിതങ്ങൾക്ക് അറുതിവരുത്താമെന്നതിനോട് അവർ അനുകൂലിക്കുന്നു. തീർത്ഥങ്കരൻ റിഷഭദേവയാണ് ജൈനമത തത്വശാസ്ത്രത്തിന്റെ ആവിഷ്ക്കർത്താവ് അജിത്നാഥ് അരിസ്ടാനെമി എന്നീ പേരുകൾ കൂടി റിഷഭദേവയുമായി ബന്ധപ്പെട്ടുകാണുന്നു. ജൈനദർശനം യഥാർത്ഥത്തിൽ അവതരിപ്പിച്ചത് 24 തീർത്ഥങ്കരന്മാരാണ്. ജൈനമതതത്വത്തിന്റെ ഉറവിടം ആദിനാഥ് ആണെന്ന് പ്രഥമതീർത്ഥങ്കരൻ തിരിച്ചറിഞ്ഞിരുന്നു. 24-ാമത്തേതും അവസാനത്തേതുമായ തീർത്ഥങ്കരൻ വർദ്ധമാന മഹാവീര ജൈനമതത്തിന് വലിയ അളവിൽ പ്രേരകശക്തിയായിരുന്നു. 599 ബി. സി യിൽ ആണ് മഹാവീര ജനിച്ചത്. മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം ലൗകിക ജീവിതം ഉപേക്ഷിച്ചു. യഥാർത്ഥജ്ഞാനം നേടുന്നതിനായി കഠിനജീവിതരീതി സ്വായത്തമാക്കി. ജ്ഞാനലബ്ധിക്കുശേഷമാണ് അദ്ദേഹം മഹാവീരനെന്ന് അറിയപ്പെട്ടുതുടങ്ങിയത്. ബ്രഹ്മചര്യത്തിൽ ശക്തമായി വിശ്വസിച്ചിരുന്നു മഹാവീര.

### യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ജൈനസിദ്ധാന്തം ഏഴ് രീതികളിലുള്ള അടിസ്ഥാനഘടകങ്ങൾ

ഈ പ്രപഞ്ചത്തിലെ സ്വാഭാവികവും മനുഷ്യശക്തികൾക്ക് അതീതവുമായ വസ്തുക്കളെ ഏഴ് അടിസ്ഥാന ഘടകങ്ങളായി കാണാൻ കഴിയും എന്ന് ജൈനർ വിശ്വസിക്കുന്നു. അവകൾ ജീവ, അജീവ, അസ്ഥികായ,ബന്ധ, സാമവാര നിരജ്ഞന കൂടാതെ മോക്ഷ എന്നിവയാകുന്നു. അസ്ഥിത്വവും ആവരണവും ഉള്ള ശരീരത്തെപ്പോലുള്ളത് അസ്ഥികായ അനാസ്ഥികായാസ് പോലെയുള്ള സമയത്തിന് ഒരു ശരീരവും ഇല്ല. പദാർത്ഥമാണ് സഹജഗുണങ്ങളുടെ അടിസ്ഥാനം . ഒരു പദാർത്ഥത്തിൽ കാണുന്ന സഹജഗുണങ്ങളാണ് ധർമ്മങ്ങൾ(ഉവമ്യാമെ). ജൈനമതക്കാർ പദാർത്ഥത്തിൽ അല്ലെങ്കിൽ വസ്തുവിന് സഹജഗുണങ്ങളുണ്ടെന്ന് വിശ്വസിക്കുന്നു. ഈ സഹജഗുണങ്ങൾ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് മാറ്റമുണ്ടാകുന്നു. അവരുടെ കാഴ്ചപ്പാടിൽ പദാർത്ഥങ്ങളിലെ സഹജഗുണങ്ങൾ അത്യാവശ്യവും സ്ഥിരവും, മാറ്റങ്ങൾക്ക് വിധേയമാകാത്തതുമാണ്. ആവശ്യസഹജഗുണങ്ങൾ കൂടാതെ ഒരു വസ്തുവിന് അസ്ഥിത്വമില്ല. അവ എല്ലാത്തിലും സന്നിഹിതമാണ്. ഉദാഹരണത്തിന് മനസ്സാക്ഷി (ചേതന) ആത്മാവിന്റെ അന്തസത്തയാണ്, ആഗ്രഹം, സന്തോഷം, ദു:ഖവുമെല്ലാം മാറ്റങ്ങൾക്ക് വിധേയമായ സഹജഗുണങ്ങളാണ്.

### പാഠഭാഗ ചോദ്യാവലി 8.2

1. ഷാദ ദർശൻ സ്ക്കൂളുകൾ എത്രമാത്രം നിലനിൽക്കുന്നു ?

2. സംഖ്യാ തത്വശാസ്ത്രത്തിന്റെ സ്ഥാപകന്റെ പേരെന്ത് ?





3. യോഗയുടെ ആവിഷ്ക്കാരകൻ ആരാകുന്നു ?

4. ന്യയ സൂത്രങ്ങളുടെ എഴുത്തുകാരൻ ആരാണെന്നാണ് പറയപ്പെടുന്നത് ?

5. ഏത് തത്വശാസ്ത്രശാഖയാണ് പറയുന്നത് വേദങ്ങൾക്ക് അവസാനമില്ലാത്തതും എല്ലാ അറിവുകളുടേയും ഇരിപ്പിടവുമാണെന്ന് ?

6. ഉപനിഷത്തിന്റെ തത്വശാസ്ത്രം എന്താകുന്നു ?

7. ഏത് സ്ക്കൂളാണ് ഉയർത്തിപ്പിടിക്കുന്നത് ജ്ഞാനം അല്ലെങ്കിൽ അറിവ് എന്നത് നാല് ഘടകങ്ങളുടെ സംയോജനത്തിന്റെ ഫലമാണ് അത് മരണാനന്തരം ഒരു തെളിവും അവശേഷിപ്പിക്കുന്നില്ല. എന്ന് ?

8. ജൈനദർശൻ– എത്രമാത്രം തീർത്ഥങ്കരന്മാർ ഉണ്ടായിരുന്നു ?

9. എന്നായിരുന്നു മഹാവീര ജനിച്ചത് ?

10. വർത്തമാന മഹാവീര എന്ന് പേര് നൽകിയത് ഏത് തീർത്ഥങ്കരന് ആയിരുന്നു ?

11. ജൈനരുടെ ഏഴ് അടിസ്ഥാന ഘടകങ്ങളുടെ പേര് ?

## 8.12 ശ്രീ ബുദ്ധന്റെ തത്വശാസ്ത്രം

ബുദ്ധമതത്തിന്റെ സ്ഥാപകനായ ബുദ്ധൻ നേപ്പാളിലെ മലയടിവാരത്തിലെ ഒരു ഗ്രാമമായ കപിലവസ്തുവിലെ ലുംബിനിയിൽ ബി.സി. 563 ൽ ജനിച്ചു. കുട്ടിക്കാലത്ത് അദ്ദേഹത്തിന്റെ പേര് സിദ്ധാർത്ഥ എന്നായിരുന്നു. ഏതാനും ദിവസം മാത്രം പ്രായമുള്ളപ്പോൾതന്നെ ബുദ്ധന്റെ അമ്മയായ മായാദേവി മരിച്ചുപോയി. 16–ാം വയസ്സിൽ അതിസുന്ദരിയായ യശോദര രാജകുമാരിയെ വിവാഹം ചെയ്ത ബുദ്ധന് രാഹുൽ എന്ന ഒരു പുത്രൻ ജനിച്ചു. തന്റെ 29–ാമത്തെ വയസ്സിൽ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മരണം, ദാരിദ്ര്യം രോഗങ്ങൾ എന്നിവമൂലമുള്ള ദു:ഖങ്ങൾക്ക് പരിഹാരം തേടി കുടുംബജീവിതം ഉപേക്ഷിച്ചു. ശ്രീബുദ്ധൻ വനത്തിൽപ്പോയി ആറ് വർഷം ധ്യാനനിമഗ്നനായി. അതിനുശേഷം അദ്ദേഹം ബീഹാറിലെ ബോദ്ഗയയിൽ ഒരു പൈപ്പൽ മരത്തിന്റെചുവട്ടിൽ ധ്യാനത്തിലേർപ്പെട്ടു. ആ മരത്തിന്റെ ചുവട്ടിൽ വച്ച് അദ്ദേഹത്തിന് ബോധജ്ഞാനം ഉണ്ടാവുകയും ബുദ്ധൻ എന്ന് അറിയപ്പെട്ടുതുടങ്ങി. തന്റെ സന്ദേശം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ധാരാളം സഞ്ചരിച്ചു. കൂടാതെ സ്വാതന്ത്ര്യത്തിന്റെ പാത അല്ലെ



കുറിപ്പുകൾ :

ങ്കിൽ മുക്തിമാർഗ്ഗം കണ്ടെത്തുവാൻ ജനങ്ങളെ സഹായിച്ചു.80-ാംമത്തെ വയസ്സിൽ ശ്രീ ബുദ്ധൻ നിര്യാതനായി.

ഉപാലി , ആനന്ദ, മഹാകശ്യപ് എന്നീപേരുകളിൽ അറിയപ്പെട്ടിരുന്ന ബുദ്ധന്റെ മൂന്ന് പ്രധാനശിക്ഷ്യന്മാർ അദ്ദേഹത്തിന്റെ പാഠങ്ങൾ ഓർക്കുകയും പിൻഗാമികൾക്ക് പകർന്നുനൽകുകയും ചെയ്തു. ബുദ്ധന്റെ മരണശേഷം ഉടൻതന്നെ രാജഗൃഹത്തിൽ വച്ച് കൂടിയ സമ്മേളനത്തിൽ വിനായ പിതാക (നിയമങ്ങളുടെ ക്രമം) ആലപിച്ചു. സുദ്ധ പിതാക (ബുദ്ധന്റെ പ്രഭാഷണങ്ങൾ അല്ലെങ്കിൽ തത്വങ്ങളും സദാചാരങ്ങളും) ആനന്ദാ ആലപിച്ചു. കുറച്ചുകാലത്തിനു ശേഷം ബുദ്ധമതതത്വശാസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന അഭിദമ്മപിതാക നിലവിൽ വന്നു.

## പ്രധാന സവിശേഷതകൾ

ജീവിതത്തിലെ ലളിതമായ തത്വങ്ങളും പ്രായോഗികമായ സദാചാരമൂല്യങ്ങളും ജനങ്ങൾക്ക് എളുപ്പത്തിൽ പിന്തുടരുവാനായി ശ്രീ ബുദ്ധൻ അവതരിപ്പിച്ചു. ലോകം മുഴിവൻ ദുരിതമായി അദ്ദേഹം പരിഗണിച്ചു. മനുഷ്യധർമ്മം ഈ ലോക ദു:ഖങ്ങളിൽനിന്ന് മുക്തിനേടലാണ്. വേദങ്ങളിലുള്ള അന്തമായ വിശ്വാസത്തെ അദ്ദേഹം ശക്തമായി വിമർശിച്ചു. ബുദ്ധന്റെ പഠനങ്ങൾ വളരെ പ്രായോഗികത നിറഞ്ഞതും മനശാന്തിനേടി അത്യന്തികമായി ഭൗതികലോകത്തിൽനിന്ന് വിമുക്തി നേടുന്നതിന് സഹായിക്കുന്നതുമാണ്.

## ഉൽകൃഷ്ടമായ 4 സത്യങ്ങളുടെ സാക്ഷാത്ക്കാരം

ബുദ്ധൻ സാക്ഷാൽക്കരിച്ച വിജ്ഞാനം താഴെപ്പറയുന്ന നാല് ഉൽകൃഷ്ടമായ സത്യങ്ങളിൽ പ്രതിഫലിക്കുന്നു.

### 1. മനുഷ്യജീവിതം ദു:ഖ പൂർണ്ണമാണ്.

മനുഷ്യർ രോഗത്താലും വേദനയാലും മരണത്താലും ദുരിതമനുഭവിക്കുന്നത് ബുദ്ധൻ കണ്ടപ്പോൾ മനുഷ്യജീവിതത്തിൽ തീർച്ചയായും ദുരിതങ്ങൾ ഉണ്ടാകുമെന്ന നിഗമനത്തിൽ എത്തിച്ചേർന്നു ശ്രീബുദ്ധൻ . ജനനത്തിൽത്തന്നെ വേദനയുണ്ട്. സന്തോഷത്തിൽനിന്നും വേർപെടുത്തുന്നതെന്തും വേദനാജനകമാണ്. സാക്ഷാത്കരിക്കപ്പെടാതെ പോയ എല്ലാ ആഗ്രഹങ്ങളും വേദനകാരികളാണ്.ഭോഗസുഖം നല്കുന്ന വസ്തുക്കളുടെ നഷ്ടത്തിൽ വേദന ജനിക്കുന്നു. അങ്ങനെ വേദന നിറഞ്ഞതാണ് ഈ ജീവിതം.

### 2. ദു:ഖങ്ങൾക്ക് കാരണമുണ്ട്.

രണ്ടാമത്തെ ഉത്കൃഷ്ടമായ സത്യം ദുരിതകാരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അഭിലാഷങ്ങളാണ് ജനനവും മരണവും ഉൾപ്പെടുന്ന ചക്രത്തെ പ്രചോദിപ്പിക്കുന്നത്. അതുകൊണ്ട് അഭിലാഷങ്ങൾ (ആഗ്രഹങ്ങൾ) ആണ് ദുരിതങ്ങളുടെ അടിസ്ഥാനകാരണം

### 3. ദുരിതങ്ങൾക്ക് അറുതി ഉണ്ട്

ആസക്തി അഭിലാഷം ജീവിതത്തോടുള്ള അഭിനിവേശം എന്നിവ പൂർണ്ണമായി നശിപ്പിക്കപ്പെടുമ്പോൾ വേദന ശമിക്കുന്നു. ഈ സത്യം നയിക്കുന്നത് ദു:ഖങ്ങളുടെ അറുതിയാണ് അതായത് ഏത് കാരണങ്ങളാണോ മനുഷ്യജീവിതത്തിന് ദുരിതത്തിന് കാരണമാവുന്നത് അതിന്റെ അറുതി. ഞാനെന്ന ഭാവം (അഹം അല്ലെങ്കിൽ അഹങ്കാരം) ബന്ധങ്ങൾ , അസൂയ, സംശയം, ദു:ഖം എന്നിവയെ നശിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ഈ മാനസികാ





വസ്ഥയാണ് ആസക്തി, വേദന, ഏത് തരത്തിലേയും ആസക്തികളിൽ നിന്ന് മോചനം നേടിയ അവസ്ഥ പൂർണ്ണ സമാധാനത്തിന്റെ ഈ അവസ്ഥ നിർവൃതിയിലേക്ക് നയിക്കുന്നു.

### 4. മോചനത്തിന്റെ പാത

നാലാമത്തെ ഉൽകൃഷ്ടമായ സത്യം നമ്മേ മോചനത്തിന്റെ പാതയിലേക്ക് നയിക്കുന്നു. അങ്ങനെ നിരാശവാദത്തിൽ നിന്നും തുടങ്ങി ബുദ്ധിസം ശുഭാപ്തി വിശ്വാസത്തിലേക്ക് നയിക്കുന്നു. നിരന്തരദുരിതങ്ങൾ ജീവിതത്തിൽ ഉടനീളം ഉണ്ടെങ്കിലും അതിനെ പൂർണ്ണമായും അറുതിവരുത്താവുന്നതാണ്. മോചനത്തിലേക്ക് നയിക്കുന്ന (അഷ്ടാംഗമാർഗ്ഗം) പാത എട്ട് തലങ്ങളിലുള്ളതാണെന്ന് ശ്രീ ബുദ്ധൻ നിർദ്ദേശിക്കുന്നു. ഈ പാതയിലൂടെ നിർവ്വാണം പ്രാപിക്കാൻ സാധിക്കുന്നു.

### മോചനത്തിലേക്കുള്ള എട്ട് തലങ്ങൾ

1. **ശരിയായ ദർശനം:** അജ്ഞതയെ ഉന്മൂലനം ചെയ്ത് കൊണ്ട് ഒരു വ്യക്തിക്ക് ശരിയായ ദർശനം നേടാവുന്നതാണ്. ലോകവും അഹവും തമ്മിലുള്ള ബന്ധത്തെ തെറ്റായ ആശയങ്ങളിലൂടെ അവതരിപ്പിക്കും അജ്ഞത. മനുഷ്യന്റെ തെറ്റായധാരണമൂലമാണ് അസ്ഥിരമായ ലോകത്തെ സ്ഥിരതയുള്ളതായി കരുതപ്പെടുന്നത് . അതിനാൽ ലോകത്തെയും വസ്തുക്കളെയും കുറിച്ചുള്ള ശരിയായ കാഴ്ചയാണ് ശരിയായ ദർശനം.

2. **ശരിയായ തീരുമാനം :** ശക്തമായ മനോബലം കൊണ്ട് ചിന്തകളെയും അപരനെ ദ്രോഹിക്കുന്ന അഭിലാഷങ്ങളെയും നശിപ്പിക്കാം. അപരനുവേണ്ടിയുള്ള ത്യാഗം, അനുകമ്പ, ദയ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

3. **ശരിയായ സംസാരം:** മനുഷ്യൻ തന്റെ ശരിയായ നിശ്ചയപ്രകാരം സംസാരത്തെ നിയന്ത്രിക്കണം. അപ്രിയമായതും അസത്യമായ വാക്കുകൾ മറ്റുള്ളവരെ വിമർശിക്കാൻ ഉപയോഗിക്കരുത്.

4. **ശരിയായ പെരുമാറ്റം :** ജീവിതത്തിന് ഹാനികരമായത് ഉപേക്ഷിക്കുക. മോക്ഷണം, അമിതഭക്ഷണം, കൃത്രിമ സൗന്ദര്യവസ്തുക്കളുടെ ഉപയോഗം, ആഭരണങ്ങൾ, സുഖപ്രദമായ കിടക്കകൾ, സ്വർണ്ണം എന്നിവയിൽ നിന്ന് അകന്ന് നിൽക്കണം.

5. **ശരിയായ ജീവിതമാർഗ്ഗം :** തന്റെ ദൈനംദിന ആഹാരം ശരിയായ മാർഗ്ഗത്തിലൂടെ നേടണം. അന്യായരീതികളായ തട്ടിപ്പ്, കോഴ , കൊള്ള എന്നിവയിലൂടെ പണം സമ്പാദിക്കുന്നത് ശരിയല്ല.

6. **ശരിയായ പരിശ്രമം:** ചീത്ത വികാരങ്ങളും തെറ്റായ ധാരണകളും ഒഴിവാക്കുന്നത് അത്യാവശ്യമാണ്. ആത്മനിയന്ത്രണം, ഭോഗാസക്തിയെ ഉപേക്ഷിക്കുക, ദുർവിചാരങ്ങൾ ഒഴിവാക്കുക, സത്ചിന്തകളെ ഉണർത്തുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

7. **ശരിയായ ഉണർവ്വ് :** ഒരുവന്റെ ശരീരം , മനസ്സ് , ഹൃദയം എന്നിവയതിന്റെ ശരിയായ രൂപത്തിൽ നിലനിർത്തുക. ദുർവിചാരങ്ങൾ മനസ്സിനെ ഗ്രസിക്കുന്നത് ശരിയായ രൂപം നഷ്ടപ്പെടുമ്പോഴാണ്. ദുർവിചാരങ്ങൾക്കനുസരിച്ച് പ്രവർത്തി രൂപപ്പെടുമ്പോഴാണ് ഒരുവൻ വേദനയനുഭവിക്കുന്നത്.

8. **ശരിയായ ഏകാഗ്രത :** ഒരുവൻ മുകളിൽ പറഞ്ഞ ഏഴ് കാര്യങ്ങളും പിൻ തുടർന്നാൽ അവന് ശരിയായതും കൃത്യവുമായ ഏകാഗ്രതയുണ്ടാവും.

കുറിപ്പുകൾ :

ഒരുവന് നിർവ്വണം നേടാൻ ശരിയായ ഏകാഗ്രത (ധ്യാനം) യിലൂടെ സാധിക്കും.

ചാർവ്വക സ്ക്കൂൾ ഒഴികെ ഇന്ത്യയിലെ മറ്റ് എല്ലാ തത്വശാസ്ത്ര സ്ക്കൂളുകളുടെയും പൊതുവായ ലക്ഷ്യം ആത്മ സാക്ഷാത്ക്കാരമാണ്.

*പ്രശസ്ത ഫ്രഞ്ച് തത്വശാസ്ത്രജ്ഞൻ വിക്ടർ കസിന്റെ അഭിപ്രായത്തിൽ തത്വശാസ്ത്രത്തിന്റെ ചരിത്രം മുഴുവൻ വളരെ ചുരുങ്ങിയ രൂപത്തിൽ ഇന്ത്യയിൽ കാണാം. വീണ്ടും അദ്ദേഹം പറയുന്നു, 'കിഴക്കിന്റെ കാവ്യതത്വസ്മാരകങ്ങൾ' നമ്മൾ ശ്രദ്ധയോടെ നിരീക്ഷിച്ചാൽ ഇന്ത്യയിൽ ഉള്ളതിൽ ഒക്കെ ഉപരിയായി, യൂറോപ്പിലേക്ക് വ്യാപിക്കാൻ ആരംഭിച്ച, ഒരുപാട് സാധ്യതകളുടെ ഒരുപാട് ആഴത്തിലുള്ള സത്യങ്ങളും അവയുടെ ഫലത്തിന്റെ ശുഷ്ക്കതയും ഉളവാക്കുന്ന വൈപരീത്വത്തിൽ യൂറോപ്യൻ പ്രതിഭകൾ പോലും സ്തംഭിച്ചിട്ടുണ്ട്. അതിനാൽ കിഴക്കിന്റെ തത്വശാസ്ത്രങ്ങൾക്ക് മുന്നിൽ മുട്ട് മടക്കുവാൻ നാം ബാദ്ധ്യസ്ഥനായിരിക്കുന്നു. അങ്ങനെ ഈ മാനവവർഗ്ഗത്തിന്റെ തൊട്ടിലിൽ ഉന്നതമായ തത്വശാസ്ത്രത്തിന്റെ ജന്മഭൂമി ദർശിക്കാം.*

എനിക്കുറപ്പുണ്ട് നിങ്ങൾക്ക് ബുദ്ധമത തത്വങ്ങളെപ്പറ്റിക്കൂടുതൽ അറിയാൻ താത്പര്യം ഉണ്ട് എന്ന്. ബീഹാറിലെ ബോദഗയയിലേക്ക് നമ്മുക്ക് പോകാം, ഈ പ്രാചീന പാതയിലൂടെ ബഹുമാനപൂർവ്വം ചുവടുകൾ വെയ്ക്കുക. മഹാബോധി മരച്ചുവട്ടിൽവെച്ച് ആരംഭിക്കാം അവിടെ എന്തോ അപരിചിതമായത് സംഭവിച്ചതല്ലേ – സത്യത്തിന്റെ സാക്ഷാത്ക്കാരം അല്ലെങ്കിൽ ആത്മീയമായ പ്രകാശം. പാരമ്പര്യം പ്രസ്ഥാവിക്കുന്നത് ബോദ്ഗയയിൽ ബുദ്ധന്റെ ബോദോധയത്തിനുശേഷം ഏഴ് ആഴ്ചകൾ താമസിച്ചു.

അവിടെ നിങ്ങൾക്ക് കാണാൻ കഴിയും ആനിമേഷ്ലോച സ്തൂപിയിൽ ബുദ്ധൻ എഴുന്നേറ്റ് നിന്ന് ഈ വൃക്ഷത്തിലേക്ക് ദൃഷ്ടിഉറപ്പിച്ചിരിക്കുന്ന ഒരു രൂപം കാണാം. ബോദ്ഗയയെ ഹിന്ദുക്കളും ബഹുമാനിക്കുന്നു. അവിടെയുള്ള വിഷ്ണുപാദക്ഷേത്രത്തിൽ പരേതാത്മാക്കൾക്ക് സമാധാനവും ശാന്തിയും ലഭിക്കാൻ പിണ്ഡദാനം നടത്തുന്നു.

നിങ്ങൾക്ക് രാജഗീർകൂടി സന്ദർശിക്കാൻ കഴിയും. ബുദ്ധൻ നിര്യാതനായിട്ട് 900 വർഷങ്ങൾക്കുശേഷം അവിടം സന്ദർശിച്ച ചൈനീസിന് സഞ്ചാരിയായ ഫാഹിയാനുമായി താദാത്മ്യം പ്രാപിയ്ക്കാം. ബുദ്ധന്റെ പ്രഭാഷണങ്ങൾ ശ്രവിക്കുവാൻ തനിക്ക് ഭാഗ്യമുണ്ടായില്ലല്ലോയെന്ന് ഓർത്ത് ഫാഹിയാൻ, കണ്ണുനീർ പൊഴിച്ചു. ബുദ്ധനെക്കുറിച്ച് വായിച്ചറിഞ്ഞ കഥകളുടെ ഉറവിടം ഇവിടെയാണ്. ഈ ഗുഹകളിൽ താമസിച്ച് കൊണ്ടാണ് ബുദ്ധൻ തന്റെ ആദ്യത്തെ ഭിക്ഷാടന ദൗത്യത്തിന് തുടക്കം കുറിച്ചത് എന്നും സങ്കല്പിക്കുക. ഇവിടെവെച്ചാണ് മൗര്യരാജാവായ ബിംബിസാര ബുദ്ധമതത്തിൽ ചേർന്നത് . ദേവദത്ത കെട്ടഴിച്ചുവിട്ട മദയാന ബുദ്ധനെക്കൊല്ലുവാനായി വന്ന കഥയും ഇവിടെവെച്ചാണ് നടന്നതെന്ന് ഓർക്കുക. അവസാനമായി ശ്രീബുദ്ധൻ തന്റെ അന്ത്യയാത്ര തുടങ്ങിയതും രാജഗൃഹത്തിൽ നിന്നായിരുന്നു. ആദ്യത്തെ ബുദ്ധമതസമ്മേളനം സപ്താപാമി ഗുഹയിൽവെച്ച് കൂടുകയും എഴുതപ്പെടാതിരുന്നിരുന്ന ബുദ്ധന്റെ ആദർശങ്ങൾ അദ്ദേഹത്തിന്റെ മരണശേഷം ലിഖിതരൂപത്തിലാക്കി. സന്ന്യാസസമൂഹങ്ങൾ എന്ന ആശയംതന്നെ രാജഗൃഹത്തിൽവെച്ചാണ് അടിസ്ഥാന

കുറിപ്പുകൾ :

മിട്ടത്. അവ പിന്നീട് അക്കാദമിക്ക് തലത്തിലും മതതലത്തിലും കേന്ദ്രമായി തീർന്നു. നിങ്ങളുടെ ശില്പകല എന്ന് പാഠത്തിൽ നളന്ദയൂണിവേഴ്സിറ്റിയേ പ്പറ്റി വായിക്കുന്നുണ്ട്. നളന്ദ യൂണിവേഴ്സിറ്റി ബി.സി 5–ാം നൂറ്റാണ്ടിലാണ് സ്ഥാപിച്ചത്. ഇത് ലോകത്തിലെതന്നെ ആദ്യത്തെ യൂണിവേഴ്സിറ്റിയാണ്. ബുദ്ധൻ പഠനത്തെ പ്രോത്സാഹിപ്പിച്ച ആളായിരുന്നതുകൊണ്ട് സന്യാസിമാരും പണ്ഡിതന്മാരും ഇവിടെ പ്രഭാഷണങ്ങൾക്ക് ഒരുമിച്ചുകൂടിയിരുന്നു. അതുകൊണ്ട് ബി.സി. 5–ാം നൂറ്റാണ്ടിൽ ഗുപ്ത രാജാക്കന്മാരുടെ കീഴിൽ നളന്ദയ്ക്ക് ഉന്നതമായി നന്നായി വികാസം പ്രാപിച്ച ഒരു ആശ്രമമായി സ്ഥാനം നേടാൻ കഴിഞ്ഞു.

## പാഠാഭാഗ ചോദ്യവലി 8.3

1. എന്തായിരുന്നു ഗൗതമബുദ്ധന്റെ കുട്ടിക്കാലത്തെ പേര് ?

2. എവിടെയായിരുന്നു ഗൗതമബുദ്ധൻ ധ്യാനിച്ചിരുന്നത് ?

3. എവിടെ നിന്നായിരുന്നു ഗൗതമ ബുദ്ധന് ബോധോദയം ലഭിച്ചത് ?

4. എന്തായിരുന്നു സുത്തപിതാക യിൽ ഉൾക്കൊണ്ടിരുന്നത് ?

5. ആരായിരുന്നു വിനായ പിതാക ആലപിച്ചത് ?

6. ഏതെല്ലാമായിരുന്നു ഗൗതബുദ്ധന്റെ നാല് ഉത്കൃഷ്ടമായ സത്യങ്ങൾ ?

7. ഇന്ത്യയിലെ ഏത് തത്വശാസ്ത്രസ്ക്കൂളിലാണ് ആത്മസാക്ഷാത്ക്കാരത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായം ഉള്ളത് ?

## നിങ്ങൾ എന്ത് പഠിച്ചു

- വേദിക്ക് സമൂഹത്തിന് മുമ്പ് മതത്തിന്റെ ഉദയത്തിന്റെ തെളിവുകൾ കണ്ടെത്താൻ കഴിയും.
- പുരാതന ഇന്ത്യയിലെ മതങ്ങളിൽ ഉണ്ടായ പുരോഗതി പരമ്പരാഗതമായ രീതികളിലേക്ക് മാത്രമല്ല യഥാസ്ഥിതികമല്ലാത്ത പാതകളിലേക്കും മുന്നേറിയത്.
- വേദങ്ങളിൽ നിന്ന് ഉടലെടുത്ത ഇന്ത്യൻ തത്വശാസ്ത്ര സമ്പ്രദായങ്ങളെ വിളിച്ചിരുന്നത് യാഥാസ്ഥിതിക സമ്പ്രദായങ്ങൾ എന്നാണ്.
- സംഖ്യാതത്വശാസ്ത്രം വഹിക്കുന്ന യാഥാർത്ഥ്യം സ്ഥാപിച്ചത്

കുറിപ്പുകൾ :

സ്വയം അല്ലാത്തത് അതായത് പുരുഷ പ്രകൃതിയുമാണ് .

- മിമാംസ തത്വശാസ്ത്രം അടിസ്ഥാന പരമായി വിശകലനം ചെയ്യുന്നത് വേദകാലലിഖിതങ്ങളെപ്പറ്റിയാണ്.
- ന്യായ അവതരിപ്പിക്കുന്നത് ന്യായ വാദ ചിന്തയുടെ സാങ്കേതികത്വമാണ്.
- യോഗ പ്രായോഗികമായ ഒരു തത്വശാസ്ത്രമാകുന്നു സ്വയം തിരിച്ചറിയുന്നതിന്.
- വൈശേഷിക നമ്മുക്ക് നല്കുന്നത് യഥാർത്ഥ്യത്തിന്റെ തത്വങ്ങളാണ് അതാണ് പ്രപഞ്ചത്തെ സ്ഥാപിക്കുന്നത്.
- മിമാംസ തത്വശാസ്ത്രം അടിസ്ഥാനപരമായി വിശകലനം ചെയ്തത് വേദകാല ലിഖിതങ്ങളെപ്പറ്റിയാണ്.
- ചാർവകമതവും ജൈവമതവും ബുദ്ധമതവും എല്ലാം അറിയപ്പെടുന്നത് യാഥാസ്ഥിതികങ്ങളല്ലാത്ത സമ്പ്രദായങ്ങൾ എന്നാണ്.
- ഭൗതിക തത്വശാസ്ത്രമാകുന്ന ചാർവ്വക, ഇത് വിശ്വസിക്കുന്നത് വസ്തുവിലല്ലാതെ മറ്റൊന്നിനും നിലനില്പില്ല.
- ജൈന തത്വശാസ്ത്രത്തിന്റെ അഭിപ്രായത്തിൽ സ്വാതന്ത്യം എന്നത് വസ്തുവിൽ നിന്ന് (ശരീരം) ജീവന്റെ രക്ഷപ്പെടൽ ആണ്.
- ബുദ്ധൻ തന്റെ അറിവ് പ്രതിഫലിപ്പിച്ചത് നാല് ഉത്കൃഷ്ഠമായ സത്യത്തിലാണ്.
- 1. മനുഷ്യജീവിതം ദുരിതപൂർണ്ണമാണ് . 2. ദുരിതങ്ങൾക്ക് കാരണമുണ്ട്. 3. ദുരിതങ്ങൾക്ക് അവസാനമുണ്ട്. 4. ദുരിതങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗവും ഉണ്ട്.
- മോക്ഷം പ്രാപിക്കാൻ ബുദ്ധൻ നിർദ്ദേശിച്ച അഷ്ടാങ്കമാർഗ്ഗങ്ങൾ ഇവയാകുന്നു
- 1. ശരിയായ കാഴ്ചപ്പാട് 2. ശരിയായ തീരുമാനം 3. ശരിയായ സംഭാഷണം 4. ശരിയായ പെരുമാറ്റം 5. ശരിയായ ജീവിതമാർഗ്ഗം 6. ശരിയായ പരിശ്രമം 7. ശരിയായ മനസാന്നിദ്ധ്യം 8. ശരിയായ ഏകാഗ്രത.

## പാഠഭാഗ ചോദ്യങ്ങൾ

1. പ്രാചീന ഇന്ത്യയിലെ മത പ്രസ്ഥാനങ്ങളുടെ വ്യത്യസ്ഥമായ സ്വഭാവസവിശേഷതകൾ നിർവ്വചിക്കുക ?
2. ഇന്ത്യയിലെ മതപരമായ പ്രസ്ഥാനത്തിൽ ചാർവ്വക സ്ക്കൂൾ വഹിച്ച പങ്ക് എന്തായിരുന്നു?
3. മറ്റ് തത്വശാസ്ത്രസ്ക്കൂളുകളിൽ നിന്ന് ചാർവക സ്ക്കൂൾ എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു ?
4. വിശദമാക്കുക എങ്ങനെ ഷാദദർശന ഒരു യാഥാസ്ഥിതിക സമ്പ്രദായ വിഭാഗത്തിൽ എത്തിച്ചേർന്നു എന്ത് ?
5. ഒരു നല്ല മനുഷ്യ ജീവിയാകുന്നതിന് എങ്ങനെയെല്ലാം ബുദ്ധമത തത്വം സംഭാവന ചെയ്തു ?

6. എങ്ങനെ നിങ്ങൾക്ക് പറയാൻ കഴിയും മിമാംസതത്വശാസ്ത്രം അടിസ്ഥാന പരമായി വിശകലനം ചെയ്യുന്നത് വൈദിക മത ഗ്രന്ഥങ്ങൾ ആണ് എന്ന് ?

## ഉത്തരങ്ങൾ

**8.1**

1. ആരണ്യകവും ഉപനിഷത്തും
2. കർമ്മനിയമം
3. വൈഷ്ണവിസം, ശൈവിസം, ബുദ്ധിസം
4. അമ്മ ദേവത, സമ്പന്നതയുടെ ദേവത, മൂർത്തി രൂപം പ്രാപിച്ച ഊർജ്ജം (ശക്തി)
5. ആഗമാൻത , ഷുദായും , വീര-ശൈവിസം

**8.2**

1. 6 (ആറ്)
2. സംഖ്യാ സൂത്രങ്ങൾ എഴുതിയത് കപില
3. പതാജ്ഞലിയുടെ യോഗസൂത്ര
4. ഗൗതമ
5. മിമാംസ സ്ക്കൂൾ
6. വേദാന്ത, വേദങ്ങളുടെ ഉപസംഹാര ഭാഗം
7. ചാർവ്വക സ്ക്കൂൾ
8. 24
9. 599 ബി.സി.
10. ഇരുപത്തിനാല് അല്ലെങ്കിൽ അവസാനത്തെ തീർത്ഥങ്കരൻ.
11. ജീവ, അജീവ, അസ്ഥികായ,ബന്ധാ, സംമവാര, നിർജ്ജനാ, മോക്ഷ

**8.3**

1. സിദ്ധാർത്ഥ
2. ബീഹാറിലെ ബോദഗയയിലുള്ള പീപ്പൽ മരച്ചുവട്ടിൽ
3. ബോദഗയ , ബീഹാർ
4. ബുദ്ധന്റെ മതപ്രസംഗം, തത്വശാസ്ത്രം, നീതിസംഹിതകൾ
5. ഉപാലി
6. മനുഷ്യജീവിതം ദു:ഖ പൂർണ്ണമാണ്
   ദുരിതങ്ങൾക്ക് എല്ലാം കാരണവുമുണ്ട്
   ദുരിതങ്ങൾക്ക് എല്ലാം ഒരവസാനവുമുണ്ട്
   സ്വാതന്ത്ര്യത്തിലേക്കുള്ള വഴി
7. ചാർവ്വക സ്ക്കൂൾ



കുറിപ്പുകൾ :

# 9

# മദ്ധ്യകാല ഇന്ത്യയിലെ മതവും തത്വചിന്തയും

എല്ലാ മാസവും തന്നെ ഒരോ പരിപാടി പട്ടണത്തിലെ ഏതെങ്കിലും ഓഡിറ്റോറിയത്തിൽ നടന്നുകൊണ്ടിരിക്കും അവിടെ ആലപിക്കപ്പെടുന്ന ഗാനങ്ങൾ സൂഫി സന്ന്യാസികളുടേയും ഭക്തിസന്ന്യാസികളുടേയുമാണ്. ഈ പരിപാടികളുടെ ജനപ്രീതി കാണാൻ കഴിയും അവിടെ ഹാജരായിരിക്കുന്നവരിൽ നിന്ന് . ഗവണ്മെന്റിനാൽ വലിയ വ്യവസായ സ്ഥാപനങ്ങൾ വ്യക്തികളാൽപ്പോലും സംരക്ഷിക്കപ്പെടുന്നവരാണ് അവർ. സൂഫി ഭക്തി സന്ന്യാസിമാരുടെ അദ്ധ്യാപനവും ഗാനങ്ങളും ഇന്നുപോലും വളരെ ഉചിതമായതാണ്. ഭക്തിപ്രസ്ഥാനത്തിന്റെയും സൂഫിപ്രസ്ഥാനത്തിന്റെയും ഉദയവും വളർച്ചയും ഇന്ത്യയിൽ കണ്ടത് മധ്യകാലഘട്ടത്തിലാണെന്ന് നിങ്ങൾക്കറിയാമോ. ഈ രണ്ട് പ്രസ്ഥാനങ്ങളും കൊണ്ട് വന്ന് ഒരു പുതിയ മാതൃകയിലുള്ള മതപരമായ ശൈലി ഹിന്ദുക്കളുടേയും മുസ്ലിങ്ങളുടേയും മധ്യത്തിൽ. ആദ്ധ്യാത്മവാദികളായിരുന്നു സൂഫികൾ ഇസ്ലാമിൻ സ്വാതന്ത്ര്യം അവർ ആവശ്യപ്പെട്ടു. സാർവ്വലൗകീകമായ സ്നേഹത്തിൽ അടിസ്ഥിതമായ ഒരു സമത്വ സമൂഹത്തിന് ആണ് അവർ പ്രാധാന്യം കൊടുക്കുന്നത്. ദൈവത്തെ നേടുന്നതിനുള്ള മാർഗ്ഗം ഭക്തിയോ അല്ലെങ്കിൽ ആരാധനയോ ആണ് എന്ന് അവതരിപ്പിക്കുന്നതിലൂടെ ഭക്തിസന്ന്യാസികൾ ഹിന്ദുമതത്തെ നവീകരിച്ചു. അവരെ സംബന്ധിച്ച് ജാതിക്ക് ഒരു അർത്ഥവും ഇല്ല. അതുപോലെ മനുഷ്യജീവികൾ എല്ലാം സമന്മാരാണ്. സൂഫി ഭക്തി സന്ന്യാസിമാർ ഒരു സുപ്രധാനമായ പങ്കാണ് വഹിച്ചത് ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒന്നിച്ച് കൊണ്ടുവരുന്നതിൽ. ജനങ്ങളുടെ പ്രാദേശിക ഭാഷകൾ ഉപയോഗിക്കുക വഴി അവർ മതത്തെ സാധാരണ ജനങ്ങൾക്ക് അർത്ഥസംപുഷ്ടവും സമീപിക്കാവുന്ന മതവുമാക്കി മാററി.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* മധ്യകാല ഇന്ത്യയിൽ ഭക്തി സൂഫി പ്രസ്ഥാനങ്ങളുടെ ഉദയത്തിനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ കഴിയും.

* സൂഫി പ്രസ്ഥാനത്തിന്റെ വളർച്ചയെ കണ്ടെത്താനാവും.

* പ്രധാനപ്പെട്ട സൂഫി സിൽസിലകളെ തിരിച്ചറിയാനാവും.

* സൂഫിസത്തിന്റെ പ്രധാനതത്വങ്ങൾ വിശദീകരിക്കാനാവും.

* സന്ത് കബീർ, ഗുരു നാനാക്ക് തുടങ്ങിയ ഭക്തിസന്ന്യാസിമാരുടെ തത്വചിന്തകൾ വിശദീകരിക്കാനാവും.

* വൈഷ്ണവ സിദ്ധന്മാരുടെ ആശയങ്ങൾ വിശദീകരിക്കാനാവും

* സങ്കലിതമായ ഇന്ത്യൻ സംസ്ക്കാരത്തിന്റെ വളർച്ചയ്ക്ക് സൂഫി ഭക്തി സന്ന്യാസിമാരുടെ സംഭാവനകൾ തിരിച്ചറിയാനാവും.

കുറിപ്പുകൾ :

## 9.1 സൂഫി പ്രസ്ഥാനം

### പശ്ചാത്തലം - ഇസ്ലാമിന്റെ ഉദയം

പ്രവാചകനായ മുഹമ്മദാണ് ഇസ്ലാംമതം സ്ഥാപിച്ചതെന്ന് നിങ്ങൾക്ക് ഓർമ്മിക്കാൻ കഴിയും. ഇസ്ലാമിനകത്ത് മതപരവും ആത്മീയവുമായ നിരവധി പ്രസ്ഥാനങ്ങൾ ഉദയം ചെയ്തതായി കാണാം. ഈ പ്രസ്ഥാനങ്ങൾ അധികവും ഖുർ-ആൻ വ്യാഖ്യാനങ്ങളുമായി കേന്ദ്രീകരിച്ചാണ് ഉണ്ടായിട്ടുള്ളത്. ഇസ്ലാമിലെ രണ്ട് വിഭാഗങ്ങളാണ് സുന്നികളും ഷിയാക്കളും . നമ്മുടെ രാജ്യത്ത് ഈ രണ്ട് വിഭാഗങ്ങളും ഉണ്ട്. പക്ഷെ, പാക്കിസ്ഥാൻ, ഇറാക്ക്, ഇറാൻ മുതലായവ പോലുള്ള മറ്റ് പല രാജ്യങ്ങളിലും നിങ്ങൾക്ക് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അനുയായികളെ മാത്രമേ കണ്ടെത്താൻ കഴിയൂ.

സുന്നികളിൽ നാല് പ്രധാന ഇസ്ലാമിക നിയമ വിഭാഗങ്ങൾ (മദ്ഹബ്) ഉണ്ട്. ഇവ ഖുർ ആനും ഹദീസും (നബി വചനങ്ങളും ചര്യകളും) അടിസ്ഥാനപ്പെടുത്തിയാണ്. ഇവയിൽ ഹനാഫി ചിന്ത ധാരകളെ സ്വീകരിച്ചത് ഇന്ത്യയിലേക്ക് 8-ാം നൂറ്റാണ്ടിൽ പിന്നീട് വന്ന കിഴക്കൻ തുർക്കികളാണ്.

യാഥാസ്ഥിതിക സുന്നികൾക്ക് നേരെ ഉണ്ടായ വലിയവെല്ലുവിളി യുക്തിവാദതത്വ ചിന്ത (മുത്തസിലകൾ) കളിൽ നിന്നായിരുന്നു. അവർ കടുത്ത ഏക ദൈവവാദം ഊന്നിപ്പറഞ്ഞു. അവരുടെ അഭിപ്രായത്തിൽ ദൈവം നീതിമാനാണെന്നും മനുഷ്യന്റെ ദുർനടപടിയിൽ ഒന്നും ചെയ്യാനില്ലെന്നും വാദിച്ചു.മനുഷ്യന് സ്വതന്ത്രചിന്ത വരദാനമായി ലഭിച്ചതാണെന്നും അതിനാൽ അവന്റെ ചെയ്തികളിൽ മനുഷ്യന് ഉത്തരവാദിത്വം ഉണ്ടെന്നും വാദിച്ചു. മുത്തസിലകളെ അസ്ഹരി വിഭാവം എതിർത്തു. യഥാസ്ഥിതിക തത്വങ്ങൾക്ക് (കാലാം) എതിരെയുള്ള വാദമുഖങ്ങൾ പ്രതിരോധിച്ചുകൊണ്ട് അബുൽഹസൽ അസ്ഹരി (873-935 എഡി) സ്ഥാപിച്ച അസ്ഹരി വിഭാഗം. തനതായ വാദമുഖങ്ങൾ വളർത്തിയെടുത്തു. ദൈവം കാണുന്നു. അറിയുന്നു. സംസാരിക്കുന്നുവെന്ന് ഈ വിഭാഗം വിശ്വസിക്കുന്നു. ഈ വിഭാഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വക്താവ് അബു ഹമീദ് അൽഗസ്സാലി (1058 -1111എ.ഡി.) ആയിരുന്നു. ഖുർ ആൻ അനശ്വരവും ദൈവദത്തവുമാണ്. അബുഹമീദ് അൽഗസ്സാലി യോഗാദർത്മ ദർശനവും യാഥാസ്ഥിതികതയും സമന്വയിപ്പിക്കുന്നതിൽ വിജയിച്ചു. യഥാസ്ഥിതികത വിഭാഗവും സൂഫികളും ഒരുപോലെ അംഗീകരിക്കുന്ന അതിമഹാനായിരുന്ന മതപണ്ഡിതനായിരുന്ന അദ്ദേഹം 1095 മുതൽ സൂഫി ജീവിതം നയിക്കാൻ തുടങ്ങി. യഥാസ്ഥിതിക സുന്നി വിഭാഗമല്ലാത്ത മറ്റെല്ലാ ചിന്താഗതികളെയും അദ്ദേഹം അതിനിശിതമായി വിമർശിച്ചു. അസന്നിഗ്ദ മായ ജ്ഞാനം വെളിപാടിലൂടെയല്ലാതെ യുക്തി ചിന്തയിലൂടെ നേടാനാവില്ല എന്ന് അദ്ദേഹം അനുശാസിച്ചു. ഖുർ ആനിലുള്ള വിധേയത്വം ഉലേ മാക്കൾക്ക് ഉള്ള അത്രതന്നെ സൂഫികൾക്കും ഉണ്ടായിരുന്നു.

ഗസ്സാലിയുടെ ആശയങ്ങളുടെ സ്വാധീനം ഫലമായി പുതിയ വിദ്യാഭ്യാസ സമ്പ്രദായം ഉദയം ചെയ്തു. അസ്ഹരി ചിന്താഗതികൾ പരിചയപ്പെടുത്തുന്നതിന് മദ്രസ്സകൾ അഥവാ ഉന്നതപഠന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. യാഥാസ്ഥിതിക സുന്നി ആശയങ്ങളനുസരിച്ച് എങ്ങനെ ഭരണം നടത്താമെന്ന് പണ്ഡിതരെ പഠിപ്പിച്ചു. ഈ പണ്ഡിതന്മാർ ഉലേമാ എന്നറിയപ്പെടുന്നു. മധ്യകാല ഇന്ത്യൻ രാഷ്ട്രീയത്തിൽ ഈ ഉലേമാ മുഖ്യപങ്കു വഹിച്ചു

### സൂഫികൾ


ഉലേമാക്കളിൽ നിന്ന് നേർവിപരീതമായിരുന്നു സൂഫികൾ . സൂഫികൾ യോഗാ

ത്മദർശകർ ആയിരുന്നു. രാഷ്ട്രീയമതജീവിതങ്ങളിലെ മൂല്യചുതിയിൽ സ്തബ്ധരായ ധർമ്മ നിഷ്ടയുള്ള മനുഷ്യരായിരുന്നു സൂഫികൾ. പൊതുജീവിതത്തിലെ സമ്പത്തിന്റെ ആഭാസകരമായ പ്രദർശനത്തെയും ക്രൂരഭരണാധികാരികളെ സേവിക്കുന്നതിൽ ഉലോമാക്കൾക്കുള്ള സന്നദ്ധതയേയും അവർ എതിർത്തു. രാഷ്ട്രവുമായി സമരസപ്പെടാതെ പലരും വിരക്തജീവിതം നയിച്ചു. സൂഫിതത്വചിന്തകൾ ഉലമാക്കളുടെതിൽ നിന്നും വ്യത്യസ്തമായിരുന്നു. സൂഫികൾ സ്വതന്ത്ര്യചിന്തകൾക്കും ഉദാരമായ ആശയങ്ങൾക്കും ഊന്നൽ നൽകി. അവർ വ്യവസ്ഥാപിത ആരാധന രീതികൾക്കും മതഭ്രാന്തിനും മതത്തിലെ കാർക്കശ്യത്തിനും എതിരായിരുന്നു. മതപരമായ സംതൃപ്തി ലഭിക്കുവാൻ സൂഫികൾ ധ്യാന നിരതനായി. ഭക്തി സന്ന്യാസിമാരെപ്പോലെ സൂഫികളും മതമെന്നത് ദൈവസ്നേഹവും മാനവിക സേവനവുമാണെന്ന് വിശ്വസിച്ചു. കാലക്രമേണ സൂഫിസം വ്യത്യസ്ത സിൽസിലകളായി വിഭജിക്കപ്പെട്ടു. ഓരോ സിൽസിലയ്ക്കും ഖ്വാജാ എന്നോ (Khwaja or Shiekh) ഷെയ്ക്ക് എന്നോ അറിയപ്പെടുന്ന അതിന്റെ സ്വന്തം മാർഗ്ഗദർശി (PIR) ഉണ്ടായിരുന്നു. മാർഗ്ഗദർശി (PIR)യും ശിഷ്യന്മാരും കൻങ്ക (Kanqah) എന്നറിയപ്പെടുന്ന അഭയകേന്ദ്രത്തിൽ താമസിച്ചു. പീർ തന്റെ ജോലികളിൽ സഹായിക്കാൻ ശിഷ്യന്മാരിൽ നിന്നും വാലി അഥവാ പിൻഗാമികളെ നാമനിർദ്ദേശം ചെയ്തു. യോഗാത്മ നിർവൃതി ലഭിക്കാൻ സൂഫികൾ സാമങ്ങൾ (Samas) (ദൈവഗീതങ്ങളുടെ ആലാപനം) സംഘടിപ്പിച്ചു. സൂഫികൾ പുതിയ ഒരു മതം രൂപീകരിക്കുകയല്ല ചെയ്തത് മറിച്ച് നിലവിലുള്ള ഇസ്ലാമിക ചട്ടകൂടിനകത്തു നിന്നുകൊണ്ട് കൂടുതൽ ഉദാരമായ നിലപാടുകൾ സ്വീകരിക്കുകയാണ് ചെയ്തത്. അവർക്ക് ഉലേമാക്കളുടെ അത്രതന്നെ വിധേയത്വം ഖുർ ആനിനോട് ഉണ്ടായിരുന്നു.

### സൂഫിസം ഇന്ത്യയിൽ

പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിലാണ് സൂഫിസം ഇന്ത്യയിൽ എത്തിയതെന്ന് പറയപ്പെടുന്നു. ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ ആദ്യകാല സൂഫിവര്യൻമാരിൽ പ്രമുഖരായിരുന്നു അൽഹുജ്‌വാരി അദ്ദേഹം 1089-ൽ മരിച്ചു. ദാദാ ഗഞ്ച് ബക്ഷ് എന്ന പേരിൽ ജനങ്ങളുടെ ഇടയിൽ അറിയപ്പെട്ടിരുന്നു (അളവറ്റ നിധിയുടെ വിതരണക്കാരൻ). ആദ്യകാലത്ത് സൂഫിസത്തിന്റെ മുഖ്യകേന്ദ്രങ്ങൾ മുൾട്ടാൻ, പഞ്ചാബ് എന്നീ പ്രദേശങ്ങളായിരുന്നു. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ ഡക്കാൻ , ബീഹാർ,ബംഗാൾ , കാശ്മീർ എന്നിവിടങ്ങളിലേക്ക് സൂഫിസം വ്യാപിച്ചു. ഇന്ത്യയിൽ എത്തുംമുമ്പ് തന്നെ സൂഫിസം നിയതമായ രൂപം കൈവരിച്ചിരുന്നു എന്ന് അർത്ഥമാക്കാം. അതിന്റെ അടിസ്ഥാനപരവും ധാർമ്മികവുമായ തത്വങ്ങൾ അദ്ധ്യായനങ്ങളും നിയമങ്ങളും , ഉപവാസ സമ്പ്രദായങ്ങളും ആരാധനാ സമ്പ്രദായങ്ങൾ കാൻങ്കാകളിലെ താമസം ഇവയെല്ലാം ആദ്യമേ നിശ്ചയിക്കപ്പെട്ടവയായിരുന്നു. അഫ്ഗാനിസ്ഥാനിലൂടെ ഇന്ത്യയിലേക്ക് വന്ന സൂഫികൾ തങ്ങളുടെ സ്വന്തം സ്വതന്ത്രമായ ആഗ്രഹത്തിന്റെ പേരിലാണ്. അവർ ഊന്നൽ കൊടുത്തത് സംശുദ്ധ ജീവിതത്തിനാണ്. ഭക്തി നിർഭരമായ സ്നേഹം മാനവിക സേവനം എന്നിവ അവരെ ജനപ്രിയരാക്കുകയും ഇന്ത്യൻ സമൂഹത്തിൽ ബഹുമാന്യ സ്ഥാനം നേടികൊടുക്കുകയും ചെയ്തു.

അയ്നി - അക്ബാരിയിൽ അബുൾ ഫാസൽ സൂഫികളുടെ പതിനാല് സിൽസിലകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഈ അദ്ധ്യായത്തിൽ ഏതാനും പ്രമുഖ സിൽസിലകളെ കുറിച്ച് മാത്രം പരാമർശിക്കാം. ഈ സിൽസിലകളെ ബാ-ഷര എന്നും ബി-ഷര എന്നും രണ്ടായി തരംതിരിക്കാം (Ba-Shara and Be



കുറിപ്പുകൾ :

-Shara) ഇസ്ലാമിക ശരീയത്ത് അനുസരിച്ചുള്ള നമസ്ക്കാരം വ്രതാനുഷ്ഠാനം പോലുള്ള ആരാധനാക്രമങ്ങൾ അനുസരിക്കുന്ന വിഭാഗമാണ് ബാ-ശറ.

ചിസ്തി സുഹറ വർദ്ധി, ഫിർദൗസി ഖാദിരിയ്യ നക്ഷബന്ധി സിൽസിലകളാണ്. ഈ വിഭാഗത്തിൽപ്പെട്ട പ്രധാന സിൽസിലകൾ ശരിയത്ത് നിയമങ്ങളാൽ ബന്ധിതമല്ലാത്ത ആരാധനക്രമങ്ങൾ പാലിക്കുന്ന വിഭാഗങ്ങളാണ് ബി-ശറാ വിഭാഗം.ഖലന്താർ സിൽസില ഈ വിഭാഗത്തിൽപ്പെടുന്നു.

## ചിസ്തി സിൽസില

ഖ്വാജാ ചിസ്ത് എന്ന ഗ്രാമത്തിലാണ് ഈ സിൽസില സ്ഥാപിക്കപ്പെട്ടത്. ഇന്ത്യയിൽ 1192-ൽ എത്തിച്ചേർന്ന ഖ്വാജ മൊയിനുദ്ദീൻ ചിസ്തി (ജനനം 1142)യാണ് ഈ സിൽസില സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം അജ്മീർ ആയിരുന്നു. മനുഷ്യകുലത്തെ സേവിക്കലാണ് ഏറ്റവും വലിയ ആരാധന എന്ന ദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട്തന്നെ അദ്ദേഹം ഏറ്റവും അധ:സ്ഥിതരായവർക്കിടയിൽ പ്രവർത്തിച്ചു. 1236-ൽ അജ്മീറിൽവെച്ച് ആയിരുന്നു അദ്ദേഹത്തിന്റെ മരണം. ചക്രവർത്തിമാർ സ്ഥിരമായി ഷെയ്ക്കിന്റെ ശവകുടീരം സന്ദർശിച്ചിരുന്നതിനാൽ മുഗൾകാലഘട്ടത്തിൽ അജ്മീർ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമായി അറിയപ്പെട്ടു. തങ്ങളുടെ ആഗ്രഹപൂർത്തിക്കായി ഇന്നും നിരവധി ഹിന്ദു-മുസ്ലീം തീർത്ഥാടകർ അദ്ദേഹത്തിന്റെ ദർഗ (Dargan) സന്ദർശിക്കുന്നതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ ജനപ്രീതി മനസ്സിലാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമുഖരായിരുന്നു ഷെയ്ക്ക് ഹമീദുദ്ദീൻ നാഗൂർ, ഖുതബുദ്ദീൻ ബക്തിയാർ കാക്കി എന്നിവർ ഹമീദുദ്ദീൻ നാഗൂർ വളരെ പാവപ്പെട്ട കർഷക ജീവിതം നയിക്കുകയും കൃഷിപ്പണി ചെയ്യുകയും ഇൽത്തുമിഷ് ചക്രവർത്തിയുടെ ഔദാര്യങ്ങൾ (ഗ്രാമങ്ങൾ ദാനം ചെയ്യാമെന്ന വാഗ്ദാനം) വേണ്ടെന്ന് വെക്കുകയും ചെയ്തു. ഖുതബുദ്ദീൻ ബക്തിയാർ കാക്കിയുടെ കാൻങ്ക ജീവിതത്തിന്റെ നാനാ തുറയിൽ പെട്ടവരും സന്ദർശിച്ചു വന്നിരുന്നു. ഈ സന്ന്യാസിവര്യന്റെ പേരിലാണ് സുൽത്താൻ ഇൽത്തുമിഷ് കുത്തബ്മീനാർ സമർപ്പിച്ചത്. അജോദാനി (പാകിസ്ഥാനിലെ പഠാൻ)ലെ ഷെയ്ഖ് ഫരീദുദ്ദീൻ ഹരിയാനയിലും പഞ്ചാബിലും ചിസ്തിസിൽസില പ്രചരിപ്പിച്ചു. അദ്ദേഹത്തിന്റെ കാരുണ്യവും സ്നേഹവും മതഭേദമന്യേ എല്ലാവർക്കും ലഭിച്ചു. ബാബ ഫരീദ് എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തെ ഹിന്ദുക്കളും മുസ്ലീംങ്ങളും ഒരുപോലെ ബഹുമാനിച്ചു. പഞ്ചാബിലെഴുതിയ അദ്ദേഹത്തിന്റെ കാവ്യങ്ങൾ ആദിഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

ഡൽഹിയെ ചിസ്തിസിൽസിലയുടെ പ്രധാനകേന്ദ്രമാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ഷെയ്ഖ് നിസാമുദ്ദീൻ ഔലിയ (1238-1325)ബാബാഫരീദിന്റെ ഏറ്റവും പ്രമുഖനായ ശിഷ്യനായിരുന്നു. അദ്ദേഹം 1259 ലാണ് ഡൽഹിയിൽ എത്തിച്ചേർന്നത്. അദ്ദേഹത്തിന്റെ അറുപത് വർഷത്തിന്റ ഡൽഹി വാസത്തിനിടയിൽ ഏഴ് സുൽത്താന്മാരുടെ ഭരണം കണ്ടു. അദ്ദേഹം പ്രഭുക്കന്മാരുടേയും ഭരണാധികാരികളുടേയും സഹവർത്തിത്വത്തിൽനിന്ന് ഒഴിഞ്ഞ് നിൽക്കുകയും രാഷ്ട്രത്തിൽനിന്ന് അകന്ന് നിൽക്കുകയും ചെയ്തു. പാവങ്ങൾക്ക് ഭക്ഷണവും വസ്ത്രവും നൽകുന്നതിന് വേണ്ടി അദ്ദേഹം ആത്മസമർപ്പണം ചെയ്തു. പ്രസിദ്ധ എഴുത്തുകാരനായിരുന്ന അമീർ ഖുസ്രു അദ്ദേഹത്തിന്റെ അനുയായികളിൽ പ്രമുഖനായിരുന്നു.

നസിറുദ്ദീൻ ചിരാഗ് -ഇ-ദില്ലി (ഡൽഹിയുടെ വിളക്ക് (The Lamp of Delhi) എന്നറിയപ്പെടുന്ന ഷെയ്ഖ് നസിറുദ്ദീൻ മഹമൂദ് മറ്റൊരു പ്രമുഖ ചിസ്തി സൂഫി

സന്ന്യാസിയായിരുന്നു. 1356-ൽ അദ്ദേഹം അന്തരിച്ചു. തുടർന്ന് അദ്ദേഹത്തിന് ആത്മീയ പിൻഗാമികൾ ഇല്ലാത്തതിനാൽ ചിസ്ത സിൽസിലയിലെ ശിഷ്യന്മാർ ദക്ഷിണേന്ത്യയിലേക്കും പൂർവ്വേന്ത്യയിലേക്കും താമസം മാറി.

### സുഹറവർദ്ധി സിൽസില

ഷെയ്ഖ് ഷിഹാബുദ്ധീൻ സുഹറവർദ്ധിയാണ് ഈ സിൽസിലയുടെ സ്ഥാപകൻ. ഷെയ്ഖ് ബഹാവുദ്ധീൻ സക്കറിയ (1182-1262) ആണ് ഇന്ത്യയിൽ ഇതിന്റെ സ്ഥാപകൻ. അദ്ദേഹം മുൾത്താനിൽ ഒരു കാൻഖ സ്ഥാപിച്ചു. സമ്പന്നരായ വ്യാപാരികളും , ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും, ഭരണാധികാരികളും ഇവിടെ സ്ഥിരസന്ദർശകരായിരുന്നു. ചബാച്ചക്കെതിരായ സംഘട്ടനത്തിൽ ഷെയ്ഖ് ബഹാവുദ്ദീൻ സക്കറിയ പരസ്യമായിത്തന്നെ ഇൽത്തുമിഷ് സുൽത്താന്റെ ഭാഗം ചേരുകയും ഷെയ്ഖാൻ ഇസ്ലാം (ഇസ്ലാമിന്റെ നേതാവ്) എന്ന പദവി സ്വീകരിക്കുകയും ചെയ്തു. ചിസ്തി സൂഫികളിൽ നിന്നും വിരുദ്ധമായി സുഹവർദ്ധി വിഭാഗം ഭരണാധികാരികളുമായി അടുത്ത ബന്ധം സ്ഥാപിച്ചു. അവർ സമ്മാനങ്ങളും ജാഖീറുകളും ഗവൺമെന്റിന്റെ ഉന്നതപദവികളും സ്വീകരിച്ചു. ഈ സിൽസില പഞ്ചാബിലും സിന്ധിലും ശക്തമായി നിലനിന്നു.

ഈ രണ്ട് സിൽസിലകൾ കൂടാതെ , ഫിർദാസി, ഖാദിരിയ്യ, നക്ഷബന്ധി, ഷട്ടരി എന്നീ സിൽസിലകളും പ്രമുഖ സ്ഥാനം വഹിച്ചു.

## 9.2 സൂഫി പ്രസ്ഥാനത്തിന്റെ പ്രാധാന്യം

ഇന്ത്യൻ സമൂഹത്തിന് സൂഫി പ്രസ്ഥാനം വിലയേറിയ സംഭാവനകൾ നൽകി. ഭക്തി പ്രസ്ഥാനം ഹിന്ദുക്കളിലെ യഥാസ്ഥിതികതയുടെ അതിരുകൾ ഭേദിച്ചതുപോലെ സൂഫിസം ഇസ്ലാമിലും ഒരു പുതിയ ഉദാരവല്കൃത വീക്ഷണം നിവേശിപ്പിച്ചു. സൂഫി ഭക്തിപ്രസ്ഥാന ആശയങ്ങളുടെ സങ്കലനഫലമായി പതിനഞ്ചാം നൂറ്റാണ്ടോടെ കൂടുതൽ ഉദാരമായ സമീപനങ്ങൾക്ക് അടിത്തറ പാകി. കബീറും ഗുരുനാനാക്കും സാർവ്വ ലൗകീക സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ വിഭാഗീയത ഇല്ലാത്ത മതസിദ്ധാന്തങ്ങൾ അനുശാസിച്ചു. സൂഫികൾ ഏകാസ്ഥിത്വം അഥവാ വഹദത്തൂൽ വജുദ് എന്ന സങ്കല്പത്തിൽ വിശ്വസിച്ച് ഐക്യത്തിൽ ആയിരിന്നു. ഇബ്ൻ അറബി നിർദ്ദേശിച്ച ഈ സങ്കൽപ്പപ്രകാരം എല്ലാ സത്തകളും ഒന്നാണെന്ന് അഭിപ്രായപ്പെടുന്നു. എല്ലാ മതങ്ങളുടേയും അടിസ്ഥാനവും ഒന്നു തന്നെയാണ്. ഈ തത്വങ്ങൾ ഇന്ത്യയിൽ പ്രചാരം നേടി. ഇന്ത്യയിലെ യോഗിമാരും, സൂഫിമാരും തമ്മിൽ പരസ്പരം ആശയങ്ങൾ കൈമാറിയിരുന്നു. ഹംയോഗ ഗ്രന്ഥമായ അമൃതകുണ്ഡം അറബിയിലേക്കും പേർഷ്യനിലേക്കും തർജ്ജമ ചെയ്തിരുന്നു.

സമൂഹത്തിലെ ഏറ്റവും അധ:സ്ഥിതർക്കും, പാവപ്പെട്ടവർക്കും ലഭിച്ച സേവനങ്ങളായിരുന്നു സൂഫിമാരുടെ ഒരു പ്രധാന സംഭാവന. സുൽത്താൻമാരും ഉലേമാക്കളും പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ നിന്നും പലപ്പോഴും അകന്നു നിന്നപ്പോൾ സൂഫിവര്യന്മാർ സാധാരണക്കാരുമായി അടുത്ത ബന്ധം പുലർത്തി. ആവശ്യക്കാർക്ക് ജാതിഭേദമന്യേ സഹായമെത്തിക്കുന്നതിൽ നിസാമുദ്ദീൻ ഔലിയ അതീവ ശ്രദ്ധാലു ആയിരുന്നു. തന്നെ സന്ദർശിക്കുന്ന അവസാന സന്ദർശകന് പറയാനുള്ളതുപോലും ശ്രദ്ധാപൂർവ്വം കേട്ടിട്ടല്ലാതെ അദ്ദേഹം വിശ്രമിക്കാറുണ്ടായിരുന്നില്ല. മാനവ സേവനമാണ് ഏറ്റവും ഉയർന്ന ഈശ്വരാരാധനയെന്ന് സൂഫികൾ വിശ്വസിച്ചു. അവർ ഹിന്ദുക്കളെയും മുസ്ലീംകളെയും ഒരുപോലെ കണക്കാക്കി മതാത്മകതയിൽ ഒരു ഹിന്ദു എന്നെപ്പോലെയല്ലെങ്കിലും ഞാൻ വിശ്വസിക്കുന്ന അതേ കാര്യങ്ങൾ തന്നെയാണ് അവരും വിശ്വ

കുറിപ്പുകൾ :

സിക്കുന്നത് എന്നതാണ് അമീർ ഖുസ്രുവിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായം.

സൂഫിപ്രസ്ഥാനം സമത്വവും സഹോദര്യവും പ്രോത്സാഹിപ്പിച്ചു. ഇസ്ലാം നിഷ്ക്കർഷിച്ചിരുന്ന സമത്വമെന്ന ആശയത്തിന് ഉലേമാക്കളെക്കാൾ കൂടുതൽ പരിഗണന നൽകിയിരുന്നത് സൂഫികൾ ആയിരുന്നു. യഥാസ്ഥിതിക വിഭാഗങ്ങൾ സൂഫി സിദ്ധാന്തങ്ങളെ ശക്തമായി എതിർത്തു. സൂഫികൾ ഉലേമാക്കളെയും തള്ളിപ്പറഞ്ഞു. ഉലമാക്കൾ ലോകത്തിന്റെ ഭോഗസുഖങ്ങൾക്ക് വശംവദരാവുകയും ഖുർ–ആനിന്റെ ജനാധിപത്യപരവും സമത്വപരമായ ആശയങ്ങളിൽ നിന്ന് അകന്നു പോകുകയും ചെയ്തുവെന്നും സൂഫികൾ വിശ്വസിച്ചു. ഈ രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള ആശയ സംവാദങ്ങൾ പതിനാറു മുതൽ പതിനെട്ടാം നൂറ്റാണ്ട് വരെ തുടർന്നു. സൂഫി സന്യാസികൾ സാമൂഹ്യപരിഷ്ക്കരണത്തിനുവേണ്ടിയും ശ്രമിച്ചു.

സൂഫികൾ പ്രദേശിക ഭാഷകളുടെ വളർച്ചയ്ക്ക് വലിയ സംഭാവനകൾ നൽകി. പ്രാദേശിക ഭാഷയിൽ രചനകൾ നടത്താൻ താല്പര്യപ്പെട്ടിരുന്ന കവികളായിരുന്നു, ഭൂരിഭാഗം സൂഫികളും. ബാബാഫരീദ് മതപരമായ ലേഖനങ്ങൾ പഞ്ചാബി ഭാഷയിൽ എഴുതണമെന്ന് നിർദ്ദേശിച്ചു. അദ്ദേഹത്തിന് മുമ്പ് ഷെയ്ഖ് ഹമിദുദ്ദീൻ ഹിന്ദവി ഭാഷയിലാണ് രചനകൾ നടത്തിയിരുന്നത്. അദ്ദേഹം പേർഷ്യൻ കവിതകൾ ഹിന്ദവി ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഡക്കാനി ഹിന്ദിയിൽ ആദ്യമായി എഴുതിയത് സയുദ് ശേശുദറസ് ആയിരുന്നു. യോഗാത്മവാദം വിശദീകരിക്കാൻ പേർഷ്യൻ ഭാഷയേക്കാൾ എളുപ്പം ഹിന്ദിയാണെന്ന് അദ്ദേഹം കരുതിയിരുന്നു. ബംഗാളി ഭാഷയിലും ധാരാളം സൂഫി കൃതികൾ രചിച്ചിട്ടുണ്ട്.

നിസാമുദ്ദീൻ ഔലിയയുടെ അനുയായി ആയിരുന്ന അമീർ ഖുസ്രു (1252–1325) ഇക്കാലത്തെ അറിയപ്പെടുന്ന എഴുത്തുകാരനായിരുന്നു. ഖുസ്രു ഇന്ത്യക്കാരനായിരുന്നതിൽ അഭിമാനം കൊണ്ടിരുന്നു. തന്റെ പാരമ്പര്യത്തിന്റെ ഭാഗം തന്നെയാണ് ഹിന്ദുസ്ഥാനി സംസ്ക്കാരവും ചരിത്രവുമെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം ഹിന്ദിയിൽ എഴുതുകയും പേർഷ്യൻ സങ്കേതങ്ങൾ ഹിന്ദിയിൽ ഉപയോഗിക്കുകയും ചെയ്തു. സബക്ക് –ഇ–ഹിന്ദി എന്ന ഒരു പുതിയ ശൈലി അദ്ദേഹം സൃഷ്ടിച്ചു. പതിനഞ്ചാം നൂറ്റാണ്ടോടെ ഹിന്ദിക്ക് തനതായ ഒരു ശൈലി രൂപപ്പെട്ടുവന്നു. ഭക്തകവികളായ കബീറിനെപോലുള്ളവർ ഹിന്ദിയിൽ രചനകൾ നടത്തി.

## ചോദ്യാവലി 9.1

1. ആരെയെല്ലാമായിരുന്നു ഉലാമകൾ എന്ന് വിളിച്ചിരുന്നത് ?

2. കാലം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത് ?

3. ദാദാ ഗാഞ്ച ബാഷ എന്ന് ആരെയായിരുന്നു വിളിച്ചിരുന്നത് ?

4. അയനി അക്ബാരിയിൽ എത്ര സിൽസിലകളെപ്പറ്റി പറയുന്നു ?

5. എവിടെയായിരുന്നു ക്വാജാ മൊയ്നുദ്ദീൻ ചിസ്തി കാൻങ്കാ കേന്ദ്രീകരിച്ചിരുന്നത് ?

6. ഇസ്ലാമിക് നിയമത്തിന്റെ മറ്റൊരു പേര് എന്തായിരുന്നു ?

7. ആരെയാണ് ചിരാഗ് -ഇ-ദില്ലി ഡൽഹിയുടെ വിളക്ക് എന്ന് വിളിച്ചിരുന്നത് ?

## 9.3 ഭക്തിപ്രസ്ഥാനം

ഏഴ് മുതൽ പന്ത്രണ്ടുവരെ നൂറ്റാണ്ടുകൾക്കിടയിൽ തമിഴ് നാട്ടിൽ വികസിച്ചതാണ് ഭക്തിപ്രസ്ഥാനം.നായനാർ (ശിവഭക്തർ) മാരുടെയും ആൾവാർ (വിഷ്ണുഭക്തർ) മാരുടേയും ഭാവഗാനങ്ങളിൽ അത് പ്രതിഫലിക്കപ്പെട്ടിരുന്നു. മതമെന്നത് തണുപ്പൻ ഔദ്യോഗിക ആരാധനയല്ല മറിച്ച് ആരാധ്യനും, ആരാധകനും തമ്മിലുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള പരസ്പര ബന്ധമാണ് എന്നവർ വിശ്വസിച്ചു. തമിഴ്, തെലുങ്ക് പോലുള്ള പ്രാദേശിക ഭാഷകളിൽ രചനകൾ നടത്തിയിരുന്നതിനാൽ അവർക്ക് ധാരാളം ജനങ്ങളിലേക്ക് എത്തിച്ചേരുവാൻ കഴിഞ്ഞു.

കാലക്രമേണ സാവധാനത്തിലാണെങ്കിലും ദക്ഷിണേന്ത്യയിലെ ഈ ആശയങ്ങൾ ഉത്തരേന്ത്യയിലേക്ക് വ്യപിച്ചു. അക്കാലത്തെ ചിന്താമാധ്യമമായ സംസ്കൃതത്തിന് പുതിയ ഒരു രൂപം നൽകപ്പെട്ടു ഒമ്പതാം നൂറ്റാണ്ടിൽ രചിച്ച ഭഗവദ് പുരാണം പൗരാണിക രൂപത്തിലായിരുന്നില്ല രചിച്ചിരുന്നത്. ഗഹനമായ തത്വചിന്തകൾ ലളിതമായി വിശദീകരിക്കാൻ വേണ്ടി ശ്രീകൃഷ്ണന്റെ ബാല്യവും യുവത്വവും അടിസ്ഥാനപ്പെടുത്തി കൃഷ്ണലീലകളെ  ഈ കൃതി ഉപയോഗപ്പെടുത്തുന്നു.ഭക്തി പ്രസ്ഥാനത്തിന്റെ ഒരു സുപ്രധാന ഘടകമായ വൈഷ്ണവപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു പ്രധാനവഴിത്തിരിവായിരുന്നു ഈകൃതിയുടെ രചന. ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ മാർഗ്ഗം പ്രാദേശിക ഭാഷയുടെ ഉപയോഗമായിരുന്നു. ഭക്തിസന്ന്യാസിമാർ തങ്ങളുടെ കാവ്യങ്ങൾ രചിച്ചത് പ്രാദേശിക ഭാഷകളിലായിരുന്നു. കൂടുതൽ ആസ്വാദകർക്ക് മനസ്സിലാകത്തക്ക രീതിയിൽ സംസ്കൃത കൃതികൾ അവർ വിവർത്തനം ചെയ്തു. ജ്ഞാനദേവൻ മറാത്തിയിലും, കബീർ, സൂർദാസ്, തുളസീദാസ് എന്നിവർ ഹിന്ദിയിലും ശങ്കരദേവൻ ആസ്സാമിയിലും, ചൈതന്യ, ചന്ദീദാസ് എന്നിവർ ബംഗാളിയിലും മീരാഭായി ഹിന്ദി, രാജിസ്ഥാനി ഭാഷകളിലും,രചനകൾ നിർവ്വഹിച്ചു. ഗുജറാത്തി , മൈഥിലി, മലയാളം, ഒറിയ, കന്നട, തെലുങ്ക്, കാശ്മീരി ഭാഷകളിൽ ഭക്തി കാവ്യങ്ങൾ രചിക്കപ്പെട്ടു.

എല്ലാവർക്കും മോക്ഷം പ്രാപിക്കാമെന്ന് ഭക്തിസന്ന്യാസിമാർ വിശ്വസിച്ചു. ദൈവത്തിനുമുന്നിൽ ജാതി, വർഗ്ഗ, വർണ്ണ, മതവ്യത്യാസങ്ങളില്ല. ഭക്തിസന്ന്യാസിമാർ തന്നെ വിവധ ജാതി വിഭാഗത്തിൽ പെട്ടവരായിരുന്നു. ധാരാളം ഹിന്ദു മുസ്ലീം ശിഷ്യന്മാരുള്ള രാമാനന്ദൻ യഥാസ്ഥിതിക ബ്രാഹ്മണ കുടും

*കുറിപ്പുകൾ :*

ബത്തിൽപ്പെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ കബീർ ഒരു നെയ്ത്തുകാരനായിരുന്നു. ഗുരുനാനാക്ക് ഒരു ഗ്രാമീണ ഗുമസ്തന്റെ മകനായിരുന്നു. നാമദേവ് ഒരു തയ്യൽക്കാരനായിരുന്നു. ഭക്തിസന്യാസിമാർ സ്ഥാപനവല്കൃത മതത്തെ എതിർക്കുകയും ജാതിവ്യവസ്ഥയെ അവഗണിക്കുകയും സമത്വത്തിന് ഊന്നൽ നൽകുകയും ചെയ്തു. മതപരമായ ആശയപ്രചാരണത്തിൽ മാത്രം ഒതുങ്ങാതെ അവർ സാമൂഹ്യ പരിഷ്ക്കരണത്തിൽ കൂടി ശ്രദ്ധിച്ചു. പെൺഭ്രൂണഹത്യയെയും, സതിയെയും, അവർ എതിർത്തു. കീർത്തനങ്ങൾ ആലപിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിച്ചു. മീരാഭായിയും കാശ്മീരിലെ ലല്ലയും എന്നും ജനപ്രിയമായ കവിതകൾ രചിച്ചു. മതേതര ഭക്തി സന്ന്യാസിമാരിൽ ഏറ്റവും ശ്രദ്ധേയമായ സംഭാവനകൾ നൽകിയവരായിരുന്നു കബീറും , ഗുരുനാനാക്കും. ഹിന്ദു, മുസ്ലിം പാരമ്പര്യങ്ങളിൽ നിന്നാണ് അവരുടെ ആശയങ്ങൾ ഉരുത്തിരിഞ്ഞ് വന്നത്. അവർ ഹിന്ദുക്കളും,മുസ്ലീംകളും തമ്മിലുള്ള അകലം ലഘൂകരിക്കാൻ ശ്രമിച്ചു.

### കബീർ (1440 – 1518)

ഒരു ബ്രാഹ്മണവിധവയുടെ പുത്രനായ കബീർ ചെറുപ്പത്തിലെ ഉപേക്ഷിക്കപ്പെടുകയും ഒരു മുസ്ലീംനെയ്ത്തുകാരൻ അദ്ദേഹത്തെ വളർത്തുകയും ചെയ്തു. വ്യക്തിപരമായി അനുഭവഭേദ്യമാകുന്ന ആരാധന അഥവാ ഭക്തിയാണ് ദൈവത്തെ പ്രാപിക്കാനുള്ള മാർഗ്ഗമെന്ന് കബീർ വിശ്വസിച്ചു. ഖുദാ, റഹീം, അള്ളാ, ഗോവിന്ദ, ഹരി, രാമ എന്നി പേരിലെല്ലാം അറിയപ്പെടുന്നുവെങ്കിലും സൃഷ്ടാവ് ഒന്നേയുള്ളു എന്ന് കബീർ വിശ്വസിച്ചു. മുസ്ലീംങ്ങൾ അദ്ദേഹത്തെ സൂഫിയാണെന്ന് അവകാശപ്പെടുമ്പോൾ ഹിന്ദുക്കൾ അദ്ദേഹത്തെ രാമഭക്തനായി പരിഗണിക്കുന്നു. സിക്കുകാർ അദ്ദേഹത്തിന്റെ കാവ്യങ്ങൾ ആദിഗ്രന്ഥത്തിൽ ഉൾപ്പെടുത്തി കബീറിന്റെ മതത്തിന്റെ കാഴ്ചപ്പാടിൽ ഉപരിവിപ്ലവങ്ങളായ ആശയങ്ങൾ അർത്ഥരഹിതമായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ ഈരടിക(ദോഹ)ങ്ങളായി രചിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ദോഹകളിൽ ഒരെണ്ണം പകർന്നുതരുന്നത് ഒരു കല്ലിലെ (വിഗ്രഹം) ആരാധിച്ചാൽ ഒരുവിന് ദൈവത്തെ നേടാൻ കഴിയാം അതുകൊണ്ട് ഒരു മലയെ ആരാധിയ്ക്കാൻ അവർ ആഗ്രഹിക്കുന്നു. ഇതിനെക്കാളും നല്ലത് ഒരു ധാന്യം പൊടിക്കുന്ന കല്ലിനെ (ഉരൽ) ആരാധിക്കുന്നതാണ് നല്ലത് കാരണം അതിന് ഏറ്റവും കുറഞ്ഞത് വയറെങ്കിലും നിറക്കാൻ കഴിയും.

കബീർ മതത്തിലെ ലാളിത്യത്തിന് ഊന്നൽ നൽകുകയും ദൈവപ്രാപ്തിക്കുള്ള എളുപ്പമാർഗ്ഗം ഭക്തിയാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്തു. യുക്തി ചിന്തക്കനുസൃതമായിട്ടല്ലാതെ മതവിശ്വാസങ്ങൾ സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. കഠിനപ്രയത്നത്തിലൂടെ മാത്രമെ ഒരാൾക്ക് വിജയം നേടാൻ കഴിയൂ എന്ന് കബീർ നിർദ്ദേശിച്ചു. പരിത്യാഗത്തിന് പകരം കൃത്യനിർവ്വഹണത്തിനു വേണ്ടി അദ്ദേഹം വാദിച്ചു. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം കബീറിന് ഹിന്ദുക്കളിലും മുസ്ലീങ്ങളിലും ശിഷ്യന്മാരെ നേടിക്കൊടുത്തു. കബീറിന്റെ ആശയങ്ങൾ മതത്തിൽ മാത്രം പരിമിതപ്പെട്ടിരുന്നില്ല. സമൂഹത്തിലെ ഇടുങ്ങിയ ചിന്താഗതികളെ മാറ്റിയെടുക്കാൻ വേണ്ടി അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ കവിതകൾ ഹൃദ്യവും സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതും ആയിരുന്നു.

### ഗുരുനാനാക്ക് ( 1469 –1539)

നങ്കാന വിഭാഗത്തിന്റെ മഹാനായ വക്താവായിരുന്നു ഗുരുനാനാക്ക്. അദ്ദേഹം തൽവണ്ടിയിൽ ജനിച്ചു. ചെറുപ്രായത്തിൽ തന്നെ ആത്മീയ ജീവിതത്തിൽ





താല്പര്യം പ്രകടിപ്പിച്ച നാനാക്ക് പാവപ്പെട്ടവരെയും ആവശ്യക്കാരെയും അക മഴിഞ്ഞു സഹായിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ സിക്കുകാർ എന്ന പേരിൽ അറിയപ്പെടുന്നു.

ലാളിത്യവും ശാന്തിയും ഉൾക്കൊള്ളുന്നതായിരുന്നു ഗുരുനാനാക്കിന്റെ വ്യക്തിത്വം. സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യച്യുതിയും അഴിമതിയും ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സ്ഥിതി സമത്വ സമൂഹത്തിന്റെ സൃഷ്ടിക്കായി ഒരു പുതിയ മാർഗ്ഗം അദ്ദേഹം കാണിച്ചു. ഒരു മതാദ്ധ്യാപകൻ എന്നതിലുപരി നാനാക്ക് കബീറിനെപ്പോലെ ഒരു സാമൂഹ്യ പരിഷ്ക്കർത്താവ് കൂടിയായിരുന്നു. സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ വേണ്ടി അദ്ദേഹം ആഹ്വാനം ചെയ്തു. അദ്ദേഹത്തിന്റെ വചനങ്ങൾ (വാണി) മറ്റ് സിക്ക് ഗുരുക്കന്മാരുടേതിനൊപ്പം സിക്കുകാരുടെ വിശുദ്ധഗ്രന്ഥമായ ഗുരുഗ്രന്ഥസാഹിബിൽ സമാഹരിക്കപ്പെട്ടു.

## വൈഷ്ണവപ്രസ്ഥാനം

കബീർ , നാമദേവ് , ഗുരുനാനാക്ക് തുടങ്ങിയവർ രൂപരഹിത (നിരാകാർ) ദൈവാരാധന ഉദ്ബോധിപ്പിച്ചു. ഇതേ കാലയളവിൽ തന്നെ ഒരു സാകാര ദൈവത്തിനെ ആരാധിക്കുന്ന പ്രസ്ഥാനെ ഉദയം ചെയ്തു. വിഷ്ണുവിന്റെ അവതാരങ്ങളായ രാമനെയും , കൃഷ്ണനെയും ആരാധിക്കുന്നതിൽ കേന്ദ്രീകൃതമായ വൈഷ്ണവപ്രസ്ഥാനം എന്നായിരുന്നു ഇത് അറിയപ്പെട്ടിരുന്നത്. ഇതിന്റെ പ്രാധാന വക്താക്കൾ സൂർദാസ്, മീരാഭായ്, തുളസീദാസ് ചൈതന്യ എന്നിവരായിരുന്നു. കീർത്തനങ്ങൾ, നൃത്തം, ഗാനങ്ങൾ, കവിതകൾ എന്നീ മാധ്യമങ്ങളായിരുന്നു മോക്ഷപ്രാപ്തിക്കുള്ള അവരുടെ മാർഗ്ഗങ്ങൾ.

പ്രശസ്ത അദ്ധ്യാപകനായിരുന്ന വല്ലഭചന്ദ്രന്റെ ശിഷ്യനായിരുന്നു സൂർദാസ് (1483–1563). കൃഷ്ണനെ പ്രകീർത്തിച്ച് പാടിയ അന്ധകവിയായിരുന്നു അദ്ദേഹം. നിർമലമായ സ്നേഹത്തോടും സന്തോഷത്തോടും കൂടി ശ്രീകൃഷ്ണന്റെ ബാല്യയൗവനകാലങ്ങളിലെ ലീലാവിലാസങ്ങൾ അദ്ദേഹത്തിന്റെ സ്വരസാഗരത്തിൽ പ്രതിപാദിക്കുന്നു.

കൃഷ്ണനോടുള്ള സ്നേഹം മീരാഭായി (1503–73) തന്റെ ഗാനങ്ങളിലൂടെ പ്രകടിപ്പിക്കുന്നു. വളരെ ചെറുപ്രായത്തിൽ തന്നെ വിധവയായ മീരാഭായി തന്റെ നാഥനായ ശ്രീകൃഷ്ണനുമായി ആത്മീയ വിവാഹത്തിലേർപ്പെട്ടതായി വിശ്വസിക്കുന്നു. അവരുടെ ഗാനങ്ങൾ തനതായ ഗുണമേന്മയുള്ളതും ഇന്നും ജനപ്രിയമായവയായും കണക്കാക്കപ്പെടുന്നു.

ചൈതന്യ (1484–1533) യുടെ ശ്രമഫലമായിട്ടാണ്. പൂർവ്വഭാഗങ്ങളിൽ വൈഷ്ണവപ്രസ്ഥാനം വ്യാപിച്ചത് . വിഷ്ണുവിന്റെ അവതാരം മാത്രമായിട്ടായിരുന്നില്ല ദൈവത്തിന്റെ ഉന്നതമായ രൂപമായിട്ട് കൂടിയായിരുന്നു ചൈതന്യ കൃഷ്ണനെ പരിഗണിച്ചിരുന്നത്. വഴിയോരങ്ങളിലും ക്ഷേത്രങ്ങളിലും വീടുകളിലും എല്ലാം സങ്കീർത്തനങ്ങളിലൂടെ കൃഷ്ണനോടുള്ള ഭക്തി പ്രകടിപ്പിക്കപ്പെട്ടു. മറ്റ് ഭക്തി സന്യാസിമാരെപ്പോലെ ജാതി, വർഗ്ഗ വർണ്ണത്തിനതീതമായി എല്ലാവരെയും തന്റെ ആശയങ്ങളിലേക്ക് സ്വാഗതം ചെയ്തു. ജനങ്ങളിൽ ഒരു തുല്യതാബോധം വളർത്തിയെടുക്കാൻ അവർ ശ്രമിച്ചു.

രാമനന്ദ (1400–1470) നെപ്പോലെയുള്ള സന്യാസിമാർ രാമാരാധന ജനപ്രിയമാക്കി. രാമനെ സമുന്നതമായ ദൈവമായി അദ്ദേഹം കണക്കാക്ക്. സ്ത്രീകളെയും ജാതിഭ്രഷ്ടന്മാരെയുമെല്ലാം തന്റെ ആശയങ്ങളിലേക്ക് അദ്ദേഹം സ്വാഗതം

*കുറിപ്പുകൾ :*

ചെയ്തു. രാമചരിത മാനസമെഴുതിയ തുളസീദാസ് (1532-1623) ഏറ്റവും പ്രസിദ്ധനായ രാമഭക്തനായി അറിയപ്പെടുന്നു. ഹിന്ദുമതത്തിന്റെ വിശാലമായ ചട്ടക്കൂടിനടുത്ത് നിന്നുകൊണ്ടാണ് വൈഷ്ണവസന്യാസിമാർ അവരുടെ തത്വചിന്തകൾ വികസിപ്പിച്ചത്. സഹജീവികളോട് സ്നേഹവും , മതപരിഷ്ക്കരണവും അവർ ആഹ്വാനം ചെയ്തു. വിശാലമായ മാനവിക അടിത്തറയിലായിരുന്നു അവരുടെ തത്വചിന്തകൾക്ക് രൂപം നൽകിയിരുന്നത്.

## 9.4 ഭക്തി -സൂഫി പ്രസ്ഥാനങ്ങളുടെ പ്രാധാന്യം

സാമൂഹ്യമായ കാർക്കശത്തിനും, മതഭ്രാന്തിനും എതിരെയുള്ള സാമൂഹ്യവും, മതപരമായ പ്രസ്ഥാനമായിരുന്നു ഭക്തിപ്രസ്ഥാനം. അത് തെളിഞ്ഞ ചിന്തയ്ക്കും സൽ സ്വഭാവത്തിനും ഊന്നൽ നൽകി. സമൂഹം നിശ്ചലമായിരുന്ന സമയത്ത് ഭക്തിപ്രസ്ഥാനം അതിൽ ശക്തിയും ജീവനും സന്നിവേശിപ്പിച്ചു. സാമൂഹ്യവും മതപരവുമായ മൂല്യങ്ങളെ പുനർനിർവ്വചിക്കാൻ ശ്രമിക്കുകയും പുതിയ ഒരു ആത്മവിശ്വാസം ഉണർത്തുകയും ചെയ്തു. സ്ഥിതി സമത്വ സമൂഹ സൃഷ്ടിക്കായിരുന്നു കബീറും, നാനാക്കും ഊന്നൽ നൽകിയിരുന്നത്. സമത്വത്തിനുവേണ്ടിയുള്ള അവരുടെ ആഹ്വാനം ധാരാളം അധ:സ്ഥിതരെ ആകർഷിച്ചു. കബീറിനും, നാനാക്കിനും പുതിയ ഒരു മതം സൃഷ്ടിക്കാൻ ഉദ്ദേശമുണ്ടായിരുന്നില്ല. പക്ഷേ അവരുടെ മരണശേഷം സിക്കുകാരെന്നും, കബീർ പാന്ഥീസ് എന്നും രണ്ടു മതവിഭാഗങ്ങളായി മാറി.

പിൽക്കാല നൂറ്റാണ്ടുകളിൽ വരെ ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹ്യമതജീവിതങ്ങളിൽ സ്വാധീനം ചെലുത്തിയ ഒരു പുതിയ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതിലാണ് ഭക്തി-സൂഫി പ്രസ്ഥാനങ്ങളുടെ പ്രസക്തി നിലനിൽക്കുന്നത്. താൻ ജീവിച്ചു വളർന്ന ഈ സാഹചര്യങ്ങളുടെ ഉല്പന്നമായിരുന്നു അക്ബർ ചക്രവർത്തിയുടെ ഉദാരസമീപനങ്ങൾ. ഗുരുനാനാക്കിന്റെ പ്രബോധനങ്ങൾ തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി പ്രത്യേക ഭാഷയും (പഞ്ചാബി) പ്രത്യേകലിപിയും (ഗുരുമുഖി)പ്രത്യേക മതഗ്രന്ഥവുമുള്ള (ഗുരുഗ്രന്ഥസാഹിബ്) ഒരു പ്രത്യേക മതവിഭാഗമായി അത് വളർച്ച പ്രാപിച്ചു . മഹാരാജ രജ്ഞിത് സിംഗിന്റെ നേതൃത്വത്തിൽ ഉത്തരേന്ത്യൻ രാഷ്ട്രത്തിൽ പ്രബല രാഷ്ട്രീയ ശക്തിയായി സിക്കുകാർ വളർന്നു.

സൂഫി ഭക്തിസന്ന്യാസിമാരുടെ പരസ്പരബന്ധം ഇന്ത്യൻ സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തി. ഹിന്ദു ഉപനിഷത്തുകൾക്ക് തുല്യമാണ് സൂഫി. സിദ്ധാന്തങ്ങളായ വഹദത്തുൽ വുജുദ് (ഏകാസ്തിത്വം) . സൂഫി സന്യാസിമാർ പേർഷ്യൻ പദങ്ങൾക്ക് പകരം ഹിന്ദിപദങ്ങൾ തന്നെ ഉപയോഗിച്ചു. സൂഫി സന്യാസിമാരിലൊരാളായ മാലിക് മുഹമ്മദ് ജൈസി തന്റെ കാവ്യങ്ങൾ ഹിന്ദിയിലാണ് രചിച്ചത് . കൃഷ്ണൻ, രാധാ , ഗോപി, യമുന , ഗംഗ മുതലായ പദങ്ങൾ ഈ ഭാഷയിൽ പൊതുവായിരുന്നു. ശ്രദ്ധേയനായ സൂഫി കവി മീർ-അബ്ദുൾ വാഹിദ് ഈ പദങ്ങളുടെ ഇസ്ലാമിക പദങ്ങൾ വിശദീകരിക്കാൻ ഹബീബ് - ഇ - ഹിന്ദി എന്ന ഗ്രന്ഥം രചിച്ചു ഈ സൗഹാർദ്ദം പിൽക്കാലത്തും തുടർന്നു. അക്ബർ, ജഹാംഗീർ ചക്രവർത്തിമാർ ഉദാരമായ മതസമീപനങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

ഭക്തി സന്യാസിമാരുടെ കാവ്യങ്ങളും ഗാനങ്ങളും ഒരു സംഗീത നവോത്ഥാനത്തിന് തുടക്കം കുറിച്ചു. പ്രാർത്ഥന ഗാനങ്ങളും , കീർത്തനങ്ങളും , ഭജനകളും, ചൗപായികളും ഇന്നും പ്രാർത്ഥനാ യോഗങ്ങളിൽ ആലപിക്കുന്നു.

## 9.2 ചോദ്യാവലി

1. ചരിത്രത്തിൽ വൈഷ്ണവപ്രസ്ഥാനത്തിന്റെ വഴിത്തിരിവിന് കാരണമായ കൃതി ഏതായിരുന്നു ?

---

2. ഏത് മതത്തിന്റെ വിശുദ്ധഗ്രന്ഥമായിരുന്നു ആദിഗ്രന്ഥം ?

---

3. ജനങ്ങളുടെ ഇടയിൽ കബീറും, ഗുരുനാനാക്കും എങ്ങനെയാണ് പ്രശസ്തരായിത്തീർന്നത് ?

---

4. ആരാണിത് പറഞ്ഞത് സ്ത്രീകൾ ആരാണോ അവർ രാജാക്കൻമാർക്ക് ജന്മം നൽകി മറിച്ച് രോഗമായവർക്ക് എന്ന് പറയപ്പെടരുത് ?

---

5. ആരാണ് സുർ–സാഗർ എഴുതിയത് ?

---

### മധ്യകാല ഇന്ത്യയിലെ തത്വചിന്തകൾ

യോഗാത്മവാദത്തിന്റെ ഫലമായി മുഖ്യമായ മതപ്രസ്ഥാനങ്ങൾ ഉദയം ചെയ്തു. അവർ മതങ്ങളുടെ ആശയങ്ങളിലും വിശ്വാസങ്ങളിലും തങ്ങളുടെ സംഭാവനകൾ നൽകി. ശങ്കരാചാര്യരുടെ അദ്വൈതതത്വചിന്തയിലധിഷ്ഠിതമായി ഭക്തി സന്യാസിമാരായ വല്ലഭാചാര്യൻ, രാമാനുജൻ, നിംബാരകൻ എന്നിവർ പുതിയ തത്വചിന്തകൾ മുന്നോട്ട് വച്ചു.

### രാമാനുചര്യന്റെ വിശിഷ്ടാദ്വൈതം

വിശിഷ്ടാദ്വൈതമെന്നത് പരിഷ്ക്കരിച്ച ഏകത്വവാദമാണ്. പരമമായ സത്യം ബ്രഹ്മമാണെന്നും ദ്രവ്യം ആത്മാവും അവന്റെ ഗുണങ്ങളാണെന്നും ഈ തത്വചിന്ത ഉദ്ഘോഷിക്കുന്നു.

### ശ്രീകാന്താചാര്യന്റെ ശിവദ്വൈതം

പരമമായ ബ്രഹ്മം ശക്തിസ്വരൂപനായ ശിവനാണെന്നും ഈ ലോകത്തിലും അതിനപ്പുറവും ശിവൻ നിലനിൽക്കുന്നുവെന്നും ഈ തത്വചിന്ത ഉദ്ഘോഷിക്കുന്നു.

### മാധവാചാര്യന്റെ ദ്വൈതം

ശങ്കരാചാര്യരുടെ അദ്വൈതവാദത്തിന്റെ നേർവിപരീതമാണ് ദ്വൈതവാദം. ലോകം മായ അല്ലെന്നും വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു യാഥാർത്ഥ്യമാണെന്നും മാധവാചാര്യൻ വിശ്വസിക്കുന്നു.

### നിംബാരകന്റെ ദ്വൈതാദ്വൈതവാദം

ദ്വൈതാദ്വൈതമെന്നാൽ ദ്വിമുഖ ഏകത്വമെന്നാണർത്ഥം. ദൈവം , ലോകവും ആത്മാവുമായി സ്വയം രൂപാന്തരം പ്രാപിച്ചുവെന്ന് ഈ തത്വചിന്ത ഉദ്ഘോ

ഷിക്കുന്നു. ബ്രഹ്മത്തിൽ നിന്നും വ്യത്യസ്തമാണ് ലോകവും ആത്മാവും. ദൈവസഹായത്താൽ മാത്രമെ അവ രണ്ടിനും നിലനിൽപ്പുള്ളു. അവ വ്യത്യസ്തമാണെങ്കിൽ തന്നെയും പരതന്ത്രമാണ്. (റലുലിറലിc)

### വല്ലഭാചാര്യന്റെ ശുദ്ധ അദ്വൈതം

വല്ലഭാചാര്യൻ ഭഗവദ്ഗീതയ്ക്കും വേദാന്ത സൂത്രത്തിനും വ്യഖ്യാനമെഴുതി . ആത്മാവും ദ്രവ്യവുമായി സ്വയം പ്രത്യക്ഷപ്പെടുന്ന ശ്രീകൃഷ്ണൻ തന്നെയാണ് അദ്ദേഹത്തിന്റെ ബ്രഹ്മ(ദൈവം) . ശുദ്ധാദ്വൈതത്തിനാണ് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത്. അദ്ദേഹത്തിന്റെ തത്വചിന്തയെ പുഷ്ടിമാർഗ്ഗമെന്നും തത്വചിന്താവിഭാഗം രുദ്രസമ്പ്രദായമെന്നും അറിയപ്പെട്ടു.

## നിങ്ങളെന്തു പഠിച്ചു

* ഹിന്ദു-മുസ്ലീം വിഭാഗങ്ങളിൽ ഉദാരമായ നിലപാടുകൾക്ക് വേണ്ടി വാദിക്കുന്ന പ്രസ്ഥാനങ്ങളാണ് ഭക്തിപ്രസ്ഥാനവും സൂഫിസവും. ദൈവവും വ്യക്തികളും തമ്മിൽ കൂടുതൽ അടുത്തതും പുതിയതുമായ ഒരു ബന്ധത്തിന് ഊന്നൽ നൽകി.

* മനുഷ്യസഹോദര്യവും സർവ്വലൗകിക സ്നേഹവുമായിരുന്നു സൂഫി പ്രസ്ഥാനത്തിന്റെ സന്ദേശം.

* ഏകാത്മവാദത്തിൽ വിശ്വസിക്കുക വഴി സൂഫികൾക്ക് ഹിന്ദുചിന്താഗതികളുമായി ആശയപരമായ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു.

* ദക്ഷിണേന്ത്യയിലെ നായനാർമാരിലൂടെയും , ആൾവാർമാരിലൂടെയും ആണ് ഭക്തിപ്രസ്ഥാനം വളർച്ച പ്രാപിച്ചത്. ഭക്തി നിർഭരമായ സ്നേഹത്തിൽ അധിഷ്ഠിതമായ പുതിയ ഒരു ആരാധനാ സമ്പ്രദായത്തിന് അവർ ഊന്നൽ നൽകി.

* നിരാകാര-സാകാര ദൈവവിശ്വാസികളെന്ന് രണ്ട് വിഭാഗമായി ഭക്തസന്ന്യാസിമാർ വിഭജിക്കപ്പെട്ടു.

* രാമനെന്നോ, കൃഷ്ണനെന്നോ പോലുള്ള നിയതമായ രൂപം ദൈവത്തിനുണ്ടെന്ന് സാകാരവിഭാഗം വിശ്വസിച്ചു.

* ഭക്തി-സൂഫി സന്യാസിമാർ മധ്യകാല ഇന്ത്യൻ സമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകി. പ്രാദേശികവും തദ്ദേശീയവുമായ ഭാഷകളുടെയും , സാഹിത്യത്തിന്റെയും അഭൂതപൂർവ്വമായ വളർച്ചയ്ക്ക് സഹായിക്കുകയും , ഉദാരമായ സമീപനം സ്വീകരിക്കുകയും ചെയ്തു.

## ചോദ്യങ്ങൾക്ക് ഉത്തരം

**9.1**

1. യാഥാസ്ഥിതിക സുന്നി ആശയങ്ങളുടെ പണ്ഡിതൻ
2. ഇസ്ലാം മതത്തിന്റെ യഥാസ്ഥിതിത്വം
3. അൽ-ഹജ് വാരി
4. ഫോർട്ടീൻ-14
5. ഷറിയ



കുറിപ്പുകൾ :

6. അജ്മീർ
7. ഷെയ്ക്ക നാസ്രുദ്ദീൻ മഹമുദ്

**9.2**

1. ഭാഗവതപുരാണം
2. സിക്ക്മതം
3. ഹിന്ദു-മുസ്ലീം പാരമ്പര്യങ്ങളിൽ നിന്നാണ് ഈ ആശയങ്ങൾ എടുത്തിട്ടുള്ളത് . അവർ ലളിതമായ ഭാഷകളാണ് ഉപയോഗിച്ചത് .
4. ഗുരുനാനാക്ക്
5. സൂർദാസ്.





# 10

# ആധുനിക ഭാരതത്തിലെ മത-പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ

ഒരുപാട് ഭാഗ്യമുള്ളവരാണ് നമ്മൾ. വിദേശ ആധിപത്യത്തിൽ നിന്നും മറ്റ് കർക്കശമായ പൗരാണിക കീഴ്‌വഴക്കങ്ങളിൽ നിന്നും നമ്മൾ സ്വതന്ത്രരാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇന്ത്യ-ജാതി വ്യവസ്ഥ നിറഞ്ഞതും, അധോഗാമിയും , കാർക്കശവുമായ കീഴ്‌വഴക്കളാൽ നിറഞ്ഞതുമായിരുന്നു ഇന്ത്യ. മാനുഷിക വികാരങ്ങൾക്കും, മൂല്യങ്ങൾക്കും , ചേരാത്ത ആചാര്യ ങ്ങൾ വച്ച് പുലർത്തിയിരുന്നു ഇന്ത്യ അതിനാൽ സമൂഹത്തിന് പരിഷ്ക്കാരം ആവശ്യമായി വന്നു. ബ്രിട്ടീഷുകാർ ഇന്ത്യയിലെത്തിയപ്പോൾ ഇംഗ്ലീഷ് ഭാഷ യോടൊപ്പം ആധുനിക ആശയങ്ങളും ഇന്ത്യയിൽ എത്തിച്ചു. സ്വതന്ത്ര്യരും സാമൂഹിക സാമ്പത്തിക സമത്വം സാഹോദര്യം, ജനാധിപത്യം നീതി എന്നി വയ്ക്ക് വൻ സ്വാധീനമാണ് ഇന്ത്യയിൽ ചെലുത്തുവാനായി .ബോധോദയ മുള്ള അനേകം ഇന്ത്യക്കാരായ രാജാറാം മോഹൻ റോയ്, ഈശ്വരചന്ദർ വിദ്യാ സാഗർ, ദയാനന്ദ് സരസ്വതി എന്നിവർ സാമൂഹിക പരിഷ്ക്കരണത്തിനായി അടരാടുവാനും വിദേശശക്തികളുടെ വെല്ലുവിളികളെ നേരിടുവാനായി തയ്യാ റായി എന്നുള്ളത് ഇന്ത്യയുടെ മഹാഭാഗ്യമായി.

## ലക്ഷ്യങ്ങൾ

**ഈ പാഠങ്ങൾ നിങ്ങൾ വായിച്ചു കഴിയുമ്പോൾ**

* സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെയും മതങ്ങളുടെയും പൊതു വായ കുറെ സവിശേഷതകൾ തിരിച്ചറിയാം.
* മത പരിഷ്ക്കരണങ്ങൾ കൊണ്ടുവരുന്നത് രാജാറാം മോഹൻ റോയിയും അദ്ദേഹത്തിന്റെ ബ്രഹ്മസമാജവും വഹിച്ച പങ്ക് വിശദീകരിക്കുന്നു.
* പ്രാർത്ഥനാ സമാജവും ഒരു പ്രസ്ഥാനമെന്ന നിലയിൽ മതങ്ങൾക്കുവേ ണ്ടിയും സാമൂഹിക പരിഷ്കരണങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്നു എന്ന് തിരിച്ചറിയുന്നു.
* ആര്യസമാജത്തിന്റെ ആശയം കൂടാതെ സാമൂഹിക മതങ്ങളുടെ പരിഷ്ക്കാ രങ്ങൾക്ക് ഇതിന്റെ സംഭാവനകൾ എന്നിവ വിശദമാക്കുന്നു.
* 19-ാം നൂറ്റാണ്ടിൽ ഇന്ത്യയെ ഉണർത്തുന്നതിന് രാമകൃഷ്ണമിഷന്റെ സംഭാ വന പരിശോധിക്കാം.
* പ്രാചീന ഇന്ത്യൻ മതങ്ങളെ ഉത്തേജിപ്പിക്കുന്നതിൽ തീയോസഫിക്കൽ സൊസൈറ്റിയുടെ പരിശ്രമങ്ങളെ അനുമോദിക്കുന്നു.
* മുസ്ലീങ്ങളുടെ ഇടയിൽ വിദ്യാഭ്യാസ സാംസ്ക്കാരിക പരിഷ്ക്കരണ ങ്ങൾക്ക് അലിഖർ പ്രസ്ഥാനം നൽകിയ സംഭാവനകൾ ചർച്ചയചെയ്യുന്നു.
* സിക്കുകൾ വഹിച്ച പരിഷ്ക്കരണ പ്രവർത്തനങ്ങളും പാർശികൾ



കുറിപ്പുകൾ :

തങ്ങളുടെ സമൂഹത്തെ വിജ്ഞാനപൂരിതമാക്കാൻ എടുത്ത പരിശ്രമങ്ങളും പരിശോധിക്കുന്നു.

## മത സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പൊതു സവിശേഷതകൾ

19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ യൂറോപ്പിലെയും , ഇന്ത്യയിലെയും, പണ്ഡിതന്മാർ, ഇന്ത്യൻ ചരിത്രം, തത്വശാസ്ത്രം, ശാസ്ത്രം, മതം, സാഹിത്യം എന്നിവ പഠിക്കാൻ ആരംഭിച്ചു. ഇന്ത്യയിലെ ഗതകാലപ്രതാപത്തിന്റെ അറിവ് ഇന്ത്യൻ ജനതയിൽ തങ്ങളുടെ സാംസ്ക്കാരിക പാരമ്പര്യത്തിൽ അഭിമാനം ജനിപ്പിച്ചു. ഇത്. സാമൂഹിക പരിഷ്കർത്താക്കൾക്ക് സമൂഹത്തിലെ എല്ലാ അന്ധവിശ്വാസങ്ങൾക്കും , മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾക്ക് എതിരായ തങ്ങളുടെ പോരാട്ടത്തിൽ സഹായകമായി.

എല്ലാത്തരം ആചാരങ്ങളും മതവുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ എല്ലാ പരിഷ്ക്കാരപ്രസ്ഥാനങ്ങളും മതസ്വഭാവമുള്ളവയായിരുന്നു.

ഈ പരിഷ്ക്കാരപ്രസ്ഥാനങ്ങൾ എല്ലാ ജാതിയിലും ഉയർന്നിരുന്നു. പുരോഹിതവിഭാഗത്തിന്റെ പ്രാമാണിത്വവും, അന്ധവിശ്വാസവും,മതഭ്രാന്തും അവർ ആക്രമിച്ചിരുന്നു. തീണ്ടൽ, തൊട്ട് കൂടായ്മ, ജാതിവ്യവസ്ഥ, പർദവ്യവസ്ഥ, സതി, ബാലവിവാഹം, സാമൂഹിക അസമത്വം, നിരക്ഷരത, എല്ലാം ഇല്ലായ്മ ചെയ്യുവാൻ അവർ പരിശ്രമിച്ചിരുന്നു.

ചില പരിഷ്ക്കർത്താക്കളെ ബ്രിട്ടീഷ് അധികാരികൾ പ്രത്യക്ഷമായും, പരോക്ഷമായും സഹായിച്ചിരുന്നു. സാമൂഹിക പരിഷ്ക്കർത്താക്കൾ ബ്രിട്ടീഷ്കാരുടെ പരിഷ്കാര നടപടികളും നിയമങ്ങളും പിന്തുണച്ചിരുന്നു.

## 10.2 ബ്രഹ്മസമാജവും രാജാറാം മോഹൻ റോയിയും

സ്ത്രീയും പുരുഷനും സമൂഹത്തിൽ ഇന്ന് ഒരു പരിധിവരെ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഈ സ്വതന്ത്ര്യരും സാമൂഹിക പരിഷ്ക്കർത്താക്കളുടെ അശ്രാന്തപരിശ്രമത്താൽ ലഭ്യമാണ്. ഈ കാലഘട്ടത്തിലെ പരിഷ്ക്കർത്താക്കളിൽ രാജാറാം മോഹൻ റോയി പ്രത്യേക സ്ഥാനം അർഹിക്കുന്നു. കിഴക്കിന്റേയും പടിഞ്ഞാറിന്റെ ഒരു സന്ദരമായ സങ്കലനം രാജാറാം മോഹൻ റോയിൽ നമ്മുക്ക് കാണാം. മഹത്തായ സാഹിത്യാഭിരുചിയും ഇന്ത്യൻ സംസാകാരതയിൽ ആഴമായ അറിവുള്ള ഒരാളായിരുന്നു രാജാറാം മോഹൻ റോയി. ക്രിസ്ത്യൻ മുസ്ലീം മതങ്ങളെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുകയും അവയെ അർഹിക്കുന്ന രീതിയിൽ കൈകാര്യം ചെയ്യുവാൻ മോഹൻ റോയിക്ക് സാധിച്ചിരുന്നു. മതങ്ങളുടെ പിന്തുണയോടെ ഇന്ത്യയിൽ നിലനിന്നിരുന്ന പല ആചാരങ്ങളെയും അദ്ദേഹം വെറുപ്പോടെയാണ് വീക്ഷിച്ചിരുന്നത്.

ഹിന്ദുമതത്തിൽ നിന്ന് വിഗ്രഹാരാധന, കുരുതികൊടുക്കൽ മറ്റ് അർത്ഥശൂന്യാചാരങ്ങൾ എന്നിവ നീക്കം ചെയ്യുക എന്നതിലായിരുന്നു അദ്ദേഹത്തിന്റെ ബത്തശ്രദ്ധ. ഈ അനാചാരങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്ന വൈദികഗണത്തെ അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു ഹിന്ദുമതത്തിന്റെ മുഖ്യഗ്രന്ഥങ്ങൾ എല്ലാം തന്നെ അദ്വൈതവാദം, അഥവാ ഏകദൈവമതത്തെ പ്രഘോഷിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. മതപരിഷ്ക്കരണത്തിലുള്ള അദ്ദേഹത്തിന്റെ ഏറ്റവും ശക്തമായ നേട്ടം ബ്രഹ്മസമാജത്തിന്റെ 1828 ലുള്ള സ്ഥാപനമാണ്. മതപരികരണത്തിൽ ഒരു പ്രമുഖ പങ്ക് വഹിച്ചിരുന്ന ഒരു സംഘടനയാണ് ബ്രഹ്മസമാജം. ഈ സംഘടന വിഗ്രഹാരാധനയും, അർത്ഥശൂന്യ

ആചാരങ്ങളും അനുഷ്ഠാനങ്ങളും നിരോധിച്ചിരുന്നു. മറ്റ് മതങ്ങളെ ബ്രഹ്മസമാജികർ ആക്രമിക്കുന്നതും നിരോധിച്ചിരുന്നു. എല്ലാ മതങ്ങളുടേയും അടിസ്ഥാന ഐക്യത്തിൽ വിശ്വസിച്ചിരുന്നു ബ്രഹ്മസമാജം. സത്യവും നന്മയും സ്വീകരിക്കുകയും , അസത്യവും അന്ധവിശ്വാസവും അടിസ്ഥാനമാക്കിയുള്ള കാര്യവും ത്യജിക്കണം.

രാജാറാം മോഹൻ റോയ് കേവലം ഒരു മതപരിഷ്കർത്താവ് മാത്രമല്ല ഒരു സാമൂഹിക പരിഷ്ക്കർത്താവ് കൂടിയാണ്. 1929 ൽ സതിയെന്ന ആചാരം നിറുത്തലാക്കി എന്നതാണ് അദ്ദേഹത്തിന്റെ വലിയ നേട്ടം. ഹിന്ദു സ്ത്രീകളുടെ ഏറ്റവും താഴ്ന്ന അവസ്ഥയാണ് സതിയെന്ന അനാചാരത്തിന് പിന്നിലെന്ന് രാജാറാം മോഹൻ റോയ് തിരിച്ചറിഞ്ഞു. അതിനാൽ അദ്ദേഹം ദൃഢചിത്തതയോടെ സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി പ്രയത്നിച്ചു. കഠിനമായി വർഷങ്ങളോളം അക്ഷീണനായി സതി നിർത്തലാക്കുവാൻ വേണ്ടി അദ്ദേഹം അധ്വാനിച്ചു.1818 ന്റെ ആദ്യഘട്ടത്തിൽ സതിയെന്ന ചോദ്യത്തിനെതിരായി പൊതുജനാഭിപ്രായം ഉയർത്താൻ പ്രയത്നിച്ചു. ഹിന്ദുപുണ്യഗ്രന്ഥങ്ങളുടെ ആധികാരികതയിൽ ഹിന്ദുമതം അതിന്റെ സർവ്വവിധമഹിമയിൽ അനാചാരങ്ങളെ എതിർക്കുന്നുവെന്ന് മോഹൻ റോയി ചൂണ്ടിക്കാണിച്ചിരുന്നു. അതോടൊപ്പം ജനങ്ങളോട് യുക്തി ഭദ്രതയോടും, കരുണാദ്രതയോടും, മാനുഷികതയോടും കൂടിയുള്ള പുനർവിചിന്തനത്തിന് അപേക്ഷിക്കുകയും ചെയ്തു. കൽക്കട്ടയിലെ എരിയുന്ന ശ്മശാനങ്ങൾ മോഹൻ റോയി സന്ദർശിക്കുകയും തങ്ങളെത്തന്നെ ബലി കൊടുക്കാനുള്ള പദ്ധതിയിൽ നിന്ന് വിധവകളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും അവരുടെ ബന്ധുജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തു. സതിയാചാരണത്തിനെതിരായുള്ള മോഹൻ റോയിയുടെ സംഘടിത പ്രചരണം മാമൂൽ വാദികളായ ഹിന്ദുക്കളുടെ എതിർപ്പിനെ ഉയർത്തുകയും തൽഫലമായി അവരാൽ അദ്ദേഹത്തെ അതിനിശിതമായി ആക്രമിക്കപ്പെടുകയും ചെയ്തു.

ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയെ തീവ്രമായി മോഹൻ റോയി പ്രതികൂലിച്ചിരുന്നു. ജാതിവ്യവസ്ഥയ്ക്കെതിരെ ഒരു പൂർണ്ണമനുഷ്യസ്നേഹിയും ജനാതിപത്യവാദിയെന്ന നിലയ്ക്ക് മോഹൻ റോയ് എഴുതുകയും വാദിക്കുകയും ചെയ്തിരുന്നു. വേദങ്ങളുടേയും ഉപനിഷത്തുക്കളുടേയും പഠനം ഏകദൈവത്വമതം അഥവാ അദ്വൈതവാദമാണ് യഥാർത്ഥ ഹിന്ദുത്വ വിശ്വാസമെന്ന് സ്ഥാപിക്കുവാനും, വിഗ്രഹാരാധനയും ബഹുദൈവാരാധനയും വെറുത്തുപേക്ഷിക്കാനും അദ്ദേഹത്തിന് പൂർണ്ണപിൻബലം നൽകി. യഥാർത്ഥത്തിൽ ഈ തത്വജ്ഞാനി ഒരു പുതിയ മതം സ്ഥാപിക്കുവാൻ ശഠിക്കുകയല്ല മറിച്ച് വേദമതത്തെ കേവലം അതിന്റെ അപരിഷ്കൃതവും അജ്ഞതനിറഞ്ഞതുമായ അന്ധവിശ്വാസങ്ങളിൽ നിന്ന് ശുദ്ധീകരിക്കുവാൻ ശ്രമിക്കുക മാത്രമാണ് ചെയ്തത്. മനുഷ്യരാശിക്കും എല്ലാ മതങ്ങൾക്കും ഒരേ ഒരു ദൈവമാണ് ഉള്ളതെന്ന് അദ്ദേഹം പ്രസ്താവിച്ചു. ബംഗാളിയിലും ഇംഗ്ലീഷിലും അദ്ദേഹം രചനകൾ നടത്തിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യസത്തിന്റെ ഉത്സുകനായ ഒരു പ്രോത്സാഹകൻ കൂടിയായിരുന്നു അദ്ദേഹം . പേർഷ്യൻ ഭാഷയിൽ അതീവപ്രാവീണ്യമുണ്ടായിരുന്ന അദ്ദേഹം ഈ ഭാഷയിൽ തന്റെ ആദ്യകാലരചനകളിൽ ഏറ്റവും ഉത്പതിഷ്ണും യുക്തിഭദ്രവുമായ ആശയങ്ങൾ സുവ്യക്തമാക്കിയിരുന്നു.

ശിശുവിവാഹത്തിനും ബഹുഭാര്യത്വത്തിനുമെതിർപക്ഷ സമർത്ഥകനായിരുന്നു മോഹൻ റോയ് സ്ത്രീകൾ വിദ്യാഭ്യാസവും പാരമ്പര്യത്തിന് അവകാശവും നേടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. സ്ത്രീകളെ അടിച്ചമർത്തുന്നതിനെ

കുറിപ്പുകൾ :

ആക്ഷേപിക്കുകയും സ്ത്രീകൾ ധാർമ്മികതയിലും, ധീഷണാശക്തിയിലും പുരുഷനെക്കാൾ താഴെക്കിടയിലുമാണെന്ന് ആ കാലഘട്ടത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ആശയത്തെ അദ്ദേഹം എതിർത്തിരുന്നു. വിധവകൾ പുനർവിവാഹം ചെയ്യാനുള്ള അവകാശത്തെ അദ്ദേഹം സമർത്ഥിച്ചിരുന്നു.

സ്വന്തം ആശയങ്ങൾ പ്രവർത്തിപഥത്തിലാക്കുവാൻ 1828 ബ്രാഹ്മസഭയെന്നും പിന്നീട് ബ്രഹ്മസമാജമെന്നും അറിയപ്പെട്ടിരുന്ന സംഘടന സ്ഥാപിച്ചു. ജാതി മതദേശ വർണ്ണങ്ങൾക്കും വിശ്വാസങ്ങൾക്കും, അതീതമായി ഏവർക്കും ഈ സംഘടനയിൽ പങ്കാളിയാകാൻ സാധിക്കുമായിരുന്നു. മനുഷ്യമഹത്വത്തെ ഉയർത്തിപ്പിടിക്കുകയും വിഗ്രഹാരാധനയെ എതിർക്കുകയും സാമൂഹിക തിൻമയായ സതീ ആചാരത്തെ ആക്ഷേപിക്കുകയും ചെയ്തിരുന്നു ഈ സംഘടന. വിഭക്തമായ മതവിഭാഗമായല്ല പക്ഷേ ഏകദൈവത്തിൽ വിശ്വസിച്ചിരുന്ന ഏവരും കണ്ടുമുട്ടുവാനും പ്രാർത്ഥിക്കുവാനും ഒത്തുകൂടിയിരുന്ന ഒരു സ്ഥലമായിരുന്നുവെന്നും ബ്രഹ്മസമാജം വിഗ്രഹങ്ങളോ, രൂപങ്ങളോ, കുരുതിയോ നിവേദ്യങ്ങളോ സമാജത്തിൽ അനുവദിച്ചിരുന്നില്ല.

ബ്രഹ്മസമാജത്തിന്റെ സ്ഥാപകഅംഗമായ ദ്വാരക് നാഥ് ടാഗോറിന്റെ മകൻ ദേബേന്ദ്രനാഥ് ടാഗോർ (1817-1905) ബ്രഹ്മസമാജത്തിന്റെ നേതാവായി രാജാറാം മോഹൻ റോയിയെ പിന്തുടർന്ന് സ്ഥാനമേറ്റു. സമാജത്തിന് ഒരു നവജീവൻ കൊടുക്കുകയും രാജാറാം മോഹൻ റോയിയുടെ ആശയങ്ങൾ ടാഗോർ പ്രേഷണം ചെയ്തു. തുടർന്ന് കേഷബ് ചന്ദ്രസെൻ സമാജത്തിന്റെ നേതൃത്വം ഏറ്റെടുത്തു. എല്ലാ സാമൂഹിക സ്ഥാപനങ്ങളും, ബന്ധങ്ങളും വ്യക്തിസ്വാതന്ത്ര്യം, ദേശീയ ഐക്യം , ഏകാത്മകത സഹകാരിത്വം ജനാധിപത്യവൽക്കരണം എന്നീ തത്വങ്ങളിലധിഷ്ടിതമായിരിക്കുന്നതിന് വേണ്ടിയാണ് ബ്രഹ്മസമാജം നിലകൊണ്ടത് . അങ്ങനെ ദേശീയ ഉത്ബുദ്ധത സ്പഷ്ടമാക്കുന്ന ക്രമാനുഗതം ചിട്ടപ്പെടുത്തിയ ആദ്യത്തെ ഒരു മാദ്ധ്യമമായിത്തീരുകയും ഒരു നവയുഗം ജനങ്ങൾക്കായി ഉദ്ഘാടനം ചെയ്തു ബ്രഹ്മസമാജം എന്നിരുന്നാലും അന്ത:ചിദ്രങ്ങൾ ബ്രഹ്മസമാജത്തെ ദുർബലപ്പെടുത്തുകയും നാഗരികരായ വിദ്യാസമ്പന്നരുടെ സമൂഹത്തിൽ ഒതുങ്ങി നിൽക്കുന്നതായി ബ്രഹ്മസമാജത്തിന്റെ സ്വാധീനം. പക്ഷേ ബംഗാളിലെ സാമൂഹികരാഷ്ട്രീയ ദാർശിക വാഴ്ചകൾക്ക് മേൽമുദ്ര പതിപ്പിക്കുവാൻ ബ്രഹ്മസമാജത്തിന് സാധിച്ചു.

## 10.3 പ്രാർത്ഥനാ സമാജം, റാണഡെും

യുക്തിഭദ്രമായ ആരാധനയ്ക്കും , സാമൂഹിക പരിഷ്ക്കരണവും ലക്ഷ്യം വച്ച് 1876 ൽ മുംബെയിൽ ഡോ. ആത്മാ റാം പാണ്ഡുരംഗ (1825 -1878) സ്ഥാപിച്ചതാണ് പ്രാർത്ഥനാ സമാജ്. ഈ സമാജത്തിന്റെ മഹാത്മാക്കളായ രണ്ട് അംഗങ്ങളായിരുന്നു ശ്രീ ആർ. സി. ഭണ്ഡാർക്കും, ജസ്റ്റിസ് മഹാദേവ ഗോവിന്ദ് റാണഡെും. മിശ്രഭോജനും, സാമൂഹിക പരിഷ്ക്കാരങ്ങളായ മിശ്രവിവാഹം വിധവാപുനർവിവാഹവും സ്ത്രീകളുടെയും അവശവിഭാഗത്തിന്റയും വിധി അഭിവൃദ്ധിപ്പെടുത്തുവാൻ ഈ മഹാത്മാക്കൾ കഠിനമായി പ്രയത്നിച്ചു.

തന്റെ മുഴുവൻ ജീവിതവും പ്രാർത്ഥനാസമാജത്തിനായി മഹാദേവ് ഗോവിന്ദ് റാണഡെ (1842-1901) സമർപ്പിച്ചു. വിധവാ പുനർവിവാഹ അസോസിയേഷൻ (1861)ന്റെയും , ഡെക്കാൻ വിദ്യാഭ്യാസ സൊസൈറ്റിയുടെയും സ്ഥാപകനാണ് അദ്ദേഹം.പൂനാ സർവ്വജനിക് സഭയും ഇദ്ദേഹം സ്ഥാപിച്ചതാണ്. റാണഡിന് മതപരിഷ്ക്കരണം സാമൂഹിക പരിഷ്ക്കരണത്തിൽ നിന്ന് വേർതിരിച്ച് കാണാൻ സാധിച്ചിരുന്നില്ല. മതപരമായ ആശയങ്ങൾ കർക്കശമായാൽ സാമൂഹിക , സാമ്പ

*കുറിപ്പുകൾ :*

ത്തിക രാഷ്ട്രീയമേഖലകളിൽ ഉയർച്ച കൈവരികയില്ലെന്ന് റാണെഡ് വിശ്വസിച്ചിരുന്നു. പടിഞ്ഞാറെ ഇന്ത്യയിൽ സാമൂഹിക നവോത്ഥാനത്തിന്റെയും സാംസ്ക്കാരികമായ നവോദയത്തിന്റെയും നേതാവ് എം. ജി. റാണെഡ് ആയിരുന്നു.

സാമൂഹികസേവനത്തിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് റാണെഡ് നൽകുന്ന സന്ദേശം ഇപ്രകാരം ആയിരുന്നു. അംഗ സംഖ്യാശേഷി അധീനതയിലാക്കുവാൻ നമുക്ക് സാധ്യമല്ല എന്നാൽ ബോധ്യങ്ങളിലെ ഉത്സുകത അഥവാ ആത്മാർത്ഥത ഉറപ്പാക്കുവാനും , വിശ്വാസത്തിന്റെ ഏകാത്മകത സ്വയം ത്യജിക്കാനുള്ള സന്നദ്ധത എന്നിവയെല്ലാം സത്യസന്ധരായ എല്ലാ സാമൂഹിക പ്രവർത്തകരിലും നമുക്ക് ഉറപ്പാക്കാം.

പ്രാർത്ഥനാസമാജ് ശക്തമായി ബ്രഹ്മസമാജിനാൽ സ്വാധീനിക്കപ്പെട്ടിരുന്നെങ്കിലും, വിഗ്രഹാരാധനയോടുള്ള കർക്കശ നിരാകരണ സമീപനവും, ജാതിവ്യവസ്ഥയിൽ നിന്നുള്ള പൂർണ്ണമായ വ്യതിചലനവും അനുവർത്തിച്ചിരുന്നില്ല. മാത്രമല്ല വേദങ്ങളെ അവസാനവാക്കായും ആത്മാക്കളുടെ മരണശേഷമുള്ള മറ്റ് ശരീരാന്തര കുടിയേറ്റവും ദൈവങ്ങളുടെ മനുഷ്യാവതാരവും അംഗീകരിച്ചിരുന്നില്ല. പ്രാർത്ഥനാ സമാജത്തിന്റെ കേന്ദ്ര ആശയം തന്നെ ദൈവ ഐക്യത്തിലുള്ള സൃഷ്ടിപരമായ വിശ്വാസം ആണ്.

## 10.4 ഡെറോസിയോയും യുവബംഗാൾ പ്രസ്ഥാനങ്ങളും

ഹെന്റ്രി ലൂയി വിവിയൻ കൽക്കട്ടയിലെ ഹിന്ദു കോളേജിൽ അധ്യാപകനായി ചേർന്നു. സ്കോഡ് ലാന്റിൽ നിന്ന് കൽക്കട്ടയിൽ വാച്ച് വിൽപ്പനയ്ക്ക് എത്തിച്ചേർന്ന ഡെറോസിയ പിന്നീട് ബംഗാളിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുകയെന്നത് ജീവിതദൗത്യമായി ഏറ്റെടുത്തു.

തന്റെ അദ്ധ്യാപനത്തിലൂടെയും , ശാസ്ത്രം, ചരിത്രം, തത്വശാസ്ത്രം, സാഹിത്യം, എന്നിവയിൽ ചർച്ചകൾക്കും, തർക്കങ്ങൾക്കുമായി ഉള്ള കൂട്ടായ്മകൾ സംഘടിപ്പിച്ചും പുരോഗമന ആശയങ്ങളുടെ ഉന്നതിക്ക് സഹായിച്ചു. തന്റെ അനുയായികളെയും , വിദ്യാർത്ഥികളെയും എല്ലാ അധികാരികളെയും ചോദ്യം ചെയ്യുവാൻ പ്രചോദിപ്പിച്ചിരുന്നു. ഡെറോസിയയും, ഡെർസിയൻസ് എന്നും,യുവബംഗാൾ എന്നും അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രശസ്തരായ അനുയായികളും , തീക്ഷണമതികളായ ദേശസ്നേഹികളായിരുന്നു. ഫ്രഞ്ച് വിപ്ളവത്തിന്റെ ആദർശങ്ങളെയും ബ്രിട്ടനിലെ ഉത്പതിഷ്ണ ചിന്താഗതികളെയും ഇവർ പരിപോഷിപ്പിച്ചിരുന്നു ഡെറസിയ കോളറ ബാധിച്ച് 22-ാം വയസ്സിൽ മരണമടഞ്ഞു.

യുവബംഗാൾ പ്രസ്ഥാന പ്രവർത്തനങ്ങൾ ഡെറെസിയയുടെ ആകസ്മിക മരണത്തിന് ശേഷമുള്ള അസാന്നിദ്ധ്യത്തിലും തുടർന്നു . നേതൃത്വത്തിന്റെ അപര്യാപ്തയിലും. ഈ സമൂഹത്തിലെ അണികൾ അവരുടെ പുരോഗമന ചിന്താഗതികളുടെ പ്രഘോഷണം അധ്യാപനത്തിലൂടെയും പത്രപ്രവർത്തനത്തിലൂടെയും തുടർന്നു.

### ഈശ്വര ചന്ദ്ര വിദ്യാസാഗർ

ബംഗാളിലെ മറ്റൊരു ശ്രദ്ധേയനായ പരിഷ്ക്കർത്താവാണ് ഈശ്വരചന്ദ്രവിദ്യാസാഗർ (1820-1894 എ.ഡി) മഹാപണ്ഡിതനായ ഈശ്വർ ചന്ദ്രവിദ്യാസാഗർ സ്ത്രീകളുടെ ഉന്നമനത്തിനായി സ്വയം സമർപ്പിച്ചു. ഇദ്ദേഹത്തിന്റെ ആത്മാർത്ഥമായ പരിശ്രമം മൂലമാണ് വിധവകളുടെ പുനർവിവാഹത്തിനുള്ള തടസ്സങ്ങളെല്ലാം തന്നെ 1856 ൽ നിയമം മൂലം നീക്കം ചെയ്തത്. പെൺകുട്ടിക

ളുടെ വിദ്യാഭ്യാസം ഉന്നതി പ്രാപിപ്പിക്കുന്നതിലും അവർക്കായി നിരവധി സ്ക്കൂളുകൾ ആരംഭിക്കുന്നതിലും ഈശ്വർ ചന്ദ്രവിദ്യാസാഗർ പ്രമുഖമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. മതപരമായ ചോദ്യങ്ങളിൽ അദ്ദേഹം വലിയൊരളവു വരെ യാതൊരു താല്പര്യവും പ്രകടിപ്പിച്ചിരുന്നില്ല. എന്നിരുന്നാലും മതത്തിന്റെ പേരിൽ പരിഷ്ക്കരണങ്ങൾ എതിർത്തിരുന്ന സകലരോടും അദ്ദേഹം പ്രതികൂലിച്ചിരുന്നു

## 10.5 ഇന്ത്യൻ പടിഞ്ഞാറൻ തെക്കൻ മേഖലകളിലുള്ള പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രചരണം

ബംഗാൾ കൂടാതെ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ പ്രചരിച്ച പ്രധാനപ്പെട്ട ഒരു പ്രദേശമാണ് പടിഞ്ഞാറെ ഇന്ത്യ. ബോംബേയിലെ ആദ്യപരിഷ്ക്കർത്താക്കളിൽ ഒരാളായിരുന്നു ബാൽ ശാസ്ത്രി ജാംബേക്കർ. അദ്ദേഹം ബ്രഹ്മണ യാഥാസ്ഥിതികത്വത്തിനെതിരെ പൊരുതുകയും ജനകീയമായ ഹിന്ദുത്വത്തെ പരിഷ്ക്കരിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

1849-ൽ പാർമഹൻസാ മണ്ഡാലി പൂനയിലും, സത്താറയിലും, മഹരാഷ്ട്രയിലെ മറ്റു പട്ടണങ്ങളിലും സ്ഥാപിതമായി . ഇതിന്റെ അനുയായികൾക്ക് ഏകദൈവത്തിൽ വിശ്വാസവും ജാതിവ്യവസ്ഥയോട് ഏതിർപ്പും ആയിരുന്നു. ഇവരുടെ സമ്മേളനങ്ങളിൽ താഴ്ന്നവർഗ്ഗക്കാർ പാകം ചെയ്തഭക്ഷണമാണ് കഴിച്ചിരുന്നത്. ഇവർ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ അനുകൂലിക്കുകയും വിധവാ പുനർവിവാഹത്തെ പിന്തുണയ്ക്കുകയും ചെയ്തു. രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ മുന്നേറ്റമുണ്ടാവാൻ സാമൂഹിക പരിഷ്ക്കരണങ്ങൾ കൂടാതെ കഴിയുകയില്ലയെന്ന് മഹാദേവ് റാണെഡ് വിശ്വസിച്ചിരുന്നു. ഹിന്ദു മുസ്ലീം മൈത്രിയുടെ വലിയൊരു വക്താവായിരുന്നു അദ്ദേഹം.

പടിഞ്ഞാറെ ഇന്ത്യയിലെ മറ്റ് രണ്ട് വിശിഷ്ടവ്യക്തികളാണ് ഗോപാൽ ഹരി ദേവ്മുഖ് ലോക്ഹിത്വാരിയും, ജോട്ടിറാവ് ഗോവിന്ദറാവു ഫൂലൈയും. സ്ത്രീസമൂഹത്തെ ഉദ്ധരിക്കുകയും പരിശ്രമിക്കുകയും അടിച്ചമർത്തപ്പെട്ടവർക്കും സ്ത്രീകൾക്കും വേണ്ടി പോരാടുകയും ചെയ്തു. ജോതിബയും അദ്ദേഹത്തിന്റെ പത്നിയും ചേർന്ന് 1857 ൽ ഒരു പെൺപള്ളിക്കൂടം പൂനെയിൽ ആരംഭിച്ചു. മർദ്ധിതവിഭാഗത്തിന്റെ മക്കൾക്കായി ഒരു വിദ്യാലയവും ആരംഭിച്ചു. വിധവകളുടെ പുനർവിവാഹപ്രസ്ഥാനത്തിന്റെ മഹാരാഷ്ട്രയിലെ മാർഗ്ഗദർശിയായിരുന്നു ഫുലേ. . ബ്രാഹ്മണരുടെ മേൽക്കോയ്മയെ ചോദ്യം ചെയ്യുകയും ജനങ്ങളെ സംഘടിപ്പിക്കുകയും പ്രവർത്തനസജ്ജരാക്കാനും പരിശ്രമിച്ചിരുന്നു. ഗ്രാമീണരുടെ ക്ഷേമത്തിനായി പ്രയത്നിക്കുകയും മഹാരാഷ്ട്രയിലെ ഗ്രാമങ്ങളുടെ വികസനത്തിനായി അശ്രാന്തപരിശ്രമം നടത്തുകയും ചെയ്തു. മർദ്ദിതവിഭാഗത്തിന്റെ ഉന്നമനത്തിന് ജോതിബ നൽകിയ സംഭാവനകൾ പരിഗണിച്ച് മഹാത്മ എന്ന പദവി നൽകി അദ്ദേഹത്തിനെ ആദരിക്കുക ഉണ്ടായി. തന്റെ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജം പകരുവാനും ജനകീയമാക്കുവാനും 1873 ൽ സത്യാശോധയ്ക്ക് എന്ന സംഘടന സ്ഥാപിക്കുകയുണ്ടായി.

ആന്ധ്രപോലുള്ള തെക്കൻ മേഖലകളിൽ കണ്ടുകുറി വീരസാലിംഗം (1848-1917) വിധവകളുടെ പുനർവിവാഹത്തിനും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് വഴിതെളിച്ചു. 1864-ൽ മദ്രാസിൽ സ്ഥാപിതമായ വേദസമാജ് ജാതി വിവേചനങ്ങൾ നിഷ്കാസനം ചെയ്യുവാനായി നിഷ്പക്ഷ സമർത്ഥനും ചെയ്യുകയും പെൺകുട്ടികളുടെ വിദ്യാഭ്യാസവും വിധവകളുടെ പുനർവിവാഹവും പ്രചരിപ്പിച്ചിരുന്നു. യഥാസ്ഥിതിക ഹിന്ദു അനാചാരങ്ങളും അന്ധവിശ്വാസങ്ങളും

*കുറിപ്പുകൾ :*

ആക്ഷേപിക്കുകയും പരമോന്നതനായ ഏകദൈവവിശ്വാസത്തെ പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. വേദസമാജത്തിന്റെ ഏറ്റവും പ്രശ്സ്തനായ നോതാവായിരുന്നു ചെമ്പോത്തി ശ്രീധരലകനായിഡു. വേദസമാജത്തിന്റെ ഗ്രന്ഥങ്ങൾ തമിഴിലേക്കും, തെലുങ്കിലേക്കും ഇദ്ദേഹം തർജ്ജമ ചെയ്തിട്ടുണ്ട്.

ഇന്ത്യൻ സമൂഹത്തിലെ പിന്നോക്ക വർഗ്ഗക്കാരും മർദ്ദിതവിഭാഗവും എന്ന് പറയപ്പെട്ടിരുന്നവരുടെ സ്വാതന്ത്ര്യത്തിനും മുക്തിക്കുമായി കേരളത്തിൽ ശ്രീനാരായണ ഗുരു (1854–1928) പ്രധാനപ്പെട്ട ഒരു പ്രസ്ഥാനം ആരംഭിച്ചു. സാമൂഹിക പരിഷ്ക്കരണത്തിനായി 1903 ൽ അദ്ദേഹം ശ്രീ നാരായണ ധർമ്മ പരിപാലനയോഗം (എസ്. എൻ.ഡി.പി) സ്ഥാപിച്ചു. ജാതിയുടേയും മതത്തിന്റേയും പേരിലുള്ള വിവേചനം നിരർത്ഥകമാണെന്നും എല്ലാ മനുഷ്യർക്കും ഒരു ജാതി ഒരു മതം ഒരു ദൈവമെന്ന് ശ്രീനാരായണ ഗുരു വിശ്വസിച്ചിരുന്നു.

### ചോദ്യാവലി 10.1

1. ബ്രഹ്മസമാജ സ്ഥാപനത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വെളിവാക്കുക ?

2. ബ്രഹ്മസമാജത്തിന്റെ ആദർശങ്ങൾ ഏവ ?

3. സാമൂഹിക അസമത്വം കുറയ്ക്കുവാൻ പ്രാർത്ഥനാസമാജത്തിന്റെ സേവനങ്ങൾ ഏവ?

4. എം. ജി. റാണെഡ് ആരായിരുന്നു ?

## 10.6 സ്വാമി ദയാനന്ദസരസ്വതിയും (1824–1833) ആര്യസമാജവും

ആര്യസമാജത്തിന്റെ സമ്മേളനത്തിൽ പങ്കെടുക്കുക ആണെങ്കിൽ ഇതിൽ ധാരാളം പങ്കെടുക്കുന്ന സ്ത്രീകളെ നിങ്ങൾക്ക് കാണാം. ഇവർ യാചനകൾ നടത്തുകയും വേദഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും ചെയ്യുന്നു. ഇന്ത്യയിലെ മതപരിഷ്ക്കരണപ്രസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട പ്രതിനിധിയായ ഗുജറാത്തിൽ നിന്നുള്ള മൂല ശങ്കറിന്റെ സംഭാവനയാണിത്. ദയാനന്ദ് സരസ്വതി എന്ന് (1824–1883) പിന്നീട് അദ്ദേഹം അറിയപ്പെടുകയുണ്ടായി. 1875 ൽ അദ്ദേഹം ആര്യസമാജം സ്ഥാപിക്കുകയുണ്ടായി.

വടക്കേ ഇന്ത്യയിലെ ഏറ്റവും പ്രഭാവമുള്ള സാമൂഹിക -മതപരിഷ്ക്കരണപ്രസ്ഥാനം ആരംഭിച്ചത് ദയാനന്ദ് സരസ്വതിയാണ്. ദൈവം മനുഷ്യന് പകർന്നു നൽകിയ ജ്ഞാനം മുഴുവനും വേദങ്ങളിൽ ഉൾക്കൊള്ളുന്നുവെന്ന ആധുനിക ശാസ്ത്രത്തിന്റെ സുപ്രധാന തത്വങ്ങളുടെ രൂപരേഖ വേദത്തിൽ നമുക്ക് കാണാം എന്ന് അദ്ദേഹം കരുതുന്നു. വിഗ്രഹാരാധനയ്ക്കും, ആചാരങ്ങൾക്കും, പൗരോഹിത്യത്തിനും എതിരായി പ്രത്യേകിച്ച് പ്രചാരത്തിലുണ്ടായിരുന്ന ജാതി ആചാരങ്ങളും ബ്രാഹ്മണന്മാർ ഉദ്ബോധിപ്പിച്ചിരുന്ന ജനകീയ ഹിന്ദുത്വത്തിനെതിരായും ദയാനന്ദ് സരസ്വതി പ്രതികരിച്ചിരുന്നു. പടിഞ്ഞാറൻ ശാസ്ത്രപ





ഠനത്തെ അദ്ദേഹത്തെ അനുകൂലിച്ചിരുന്നു. തന്റെ എല്ലാ സിദ്ധാന്തങ്ങളുമായി രാജ്യം മുഴുവൻ സഞ്ചരിക്കുകയും 1875-ൽ ബോംബേയിൽ ആര്യസമാജം സ്ഥാപിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രചനയാണ് സത്യാർത്ഥ പ്രകാശ്. അദ്ദേഹം തന്റെ രചനകളിലും പ്രബോധനങ്ങളിലും ഹിന്ദി ഉപയോഗിക്കുന്നതിനാൽ വടക്കേ ഇന്ത്യയിലെ സാധാരണ ജനങ്ങൾക്ക് ദയാനന്ദസരസ്വതിയുടെ ആശയങ്ങൾ പ്രാപ്യമായിതീർന്നു. ആര്യസമാജികൾ ശൈശവവിവാഹത്തെ എതിർക്കുകയും വിധവകളുടെ പുനർവിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പഞ്ചാബിലും, ഉത്തർപ്രദേശിലും , രാജസ്ഥാനിലും , ഗുജറാത്തിലും ബ്രഹ്മസമാജ് ധൃതഗതിയിൽ അഭിവൃദ്ധി പ്രാപിച്ചു.

വടക്കേ ഇന്ത്യയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി അനേകം സ്ക്കൂളുകളും കോളേജുകളും സ്ഥാപിക്കപ്പെട്ടു. ഇത്തരം സ്ഥാപനങ്ങൾക്ക് മാതൃകയായിത്തീർന്നു പഞ്ചാബിലെ ഒന്നാംകിട കോളേജായി മാറിയ ലഹോറിലെ ദയാനന്ദ് ആംഗ്ലോവേദിക്ക് സ്ക്കൂൾ. ആധുനിക രീതിയനുസരിച്ച് ഹിന്ദിയിലും , ഇംഗ്ലീഷിലുമാണ് ഇവിടെ അദ്ധ്യാപനം നടത്തുന്നത്. ഈ മേഖലയിൽ ലാലാ ഹൻസാരാജ് ഒരു പ്രധാനപ്പെട്ട പങ്ക് വഹിച്ചിരുന്നു. കൂടുതൽ യാഥാസ്ഥിതിക വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ സ്വാമി ശ്രദ്ധാനന്ദ് ഹരിദ്വാറിൽ ഗുരുകുലം 1902 ൽ ആരംഭിച്ചു. പൗരാണിക ആശ്രമങ്ങളുടെ മാതൃകയിലാണ് ഇവ സ്ഥാപിക്കപ്പെട്ടത്.

ഇന്ത്യയിലെ ജനങ്ങളിൽ ആത്മാഭിമാനവും സ്വയം പര്യാപ്തതയും ഊട്ടിയുറപ്പിക്കുവാൻ ആര്യസമാജ് പരിശ്രമിച്ചു. ദേശീയതയും ഈ സംഘടന പ്രോത്സാഹിപ്പിച്ചു. അതേസമയം ആര്യസമാജിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന് ഹിന്ദുക്കൾ മറ്റ് മതങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നത് തടയുക എന്നതാണ്. ഇസ്ലാമിലേക്കും ക്രിസ്തുമതത്തിലേക്കും പരിവർത്തനം ചെയ്ത ഹിന്ദുക്കൾക്ക് ശുദ്ധി എന്ന പേരിൽ ശുദ്ധീകരണകർമ്മം നിർദ്ദേശിക്കുകയുണ്ടായി.

## 10.7 രാമകൃഷ്ണ മിഷനും , സ്വാമിവിവേകാനന്ദനും

പാവപ്പെട്ട ബ്രാഹ്മണപൂജാരിയായിരുന്ന ഗദാദർ ചാത്തോപാദ്ധ്യായ (1836-86)യാണ് പിന്നീട് രാമകൃഷ്ണപരമഹംസയായിത്തീർന്നു. പ്രാഥമിക വിദ്യാഭ്യസത്തിനപ്പുറം വിദ്യനേടിയിട്ടില്ലാത്ത ഇദ്ദേഹം തത്ത്വശാസ്ത്രത്തിലും, ശാസ്ത്രത്തിലും ഔപചാരികമായ വിദ്യാഭ്യാസമെന്നും നേടിയിട്ടില്ല. തന്റെ ജീവിതം ദൈവത്തിനായി അദ്ദേഹം സമർപ്പിച്ചു. ദൈവത്തിലേക്ക് അനേകം വഴികളുണ്ടെന്നും മനുഷ്യസേവ, മാധവസേവയാണ്, കാരണം മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രബോധനങ്ങളിൽ വർഗ്ഗീയതയ്ക്ക് സ്ഥാനമുണ്ടായിരുന്നില്ല . മാനവരാശിയിലെ ദൈവികത അദ്ദേഹം തിരിച്ചറിയുകയും മനുഷ്യരാശിയെ സേവിക്കുന്നത് മോക്ഷപ്രാപ്തിയിലേക്കുള്ള മാർഗ്ഗമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

രാമകൃഷ്ണ പരമഹംസയുടെ ഏറ്റവും ഭക്തിവിശ്വാസമുള്ള ശിഷ്യനായിരുന്നു സ്വാമി വിവേകാനന്ദയെന്ന് പിന്നീട് അറിയപ്പെട്ടിരുന്ന നരേന്ദ്രനാഥ് ദത്ത (1863-1902) . തന്റെ ഗുരുവിന്റെ സന്ദേശം ലോകം മുഴുവനും പ്രത്യേകിച്ച് അമേരിക്കയിലും യൂറോപ്പിലും എത്തിച്ചു.

കുറിപ്പുകൾ :

ഇന്ത്യയിലെ ആത്മീയ പാരമ്പര്യത്തിൽ അഭിമാനം കൊണ്ട വിവേകാനന്ദൻ വ്യക്തികൾക്കോ, രാജ്യത്തിനോ മറ്റുള്ളവരുടെ സമുദായത്തിൽ നിന്നും വേർപിരിഞ്ഞ് ഒറ്റയ്ക്ക് നിലനിൽപ്പില്ലയെന്ന് വിശ്വസിച്ചിരുന്നു. ജാതിവ്യവസ്ഥയെയും കർക്കശമായ ആചാരങ്ങളും നൂറ്റാണ്ടുകൾ പഴക്കമുള്ള അന്ധവിശ്വാസങ്ങളും ആക്ഷേപിച്ച വിവേകാനന്ദൻ സ്വാതന്ത്ര്യം, സ്വാതന്ത്ര്യചിന്ത, സമത്വം എന്നിവയെ അനുകൂലിച്ചിരുന്നു. വിവേകാനന്ദൻ പൂർണ്ണമായും ഒരു രാജ്യസ്നേഹിയായിരുന്നു. ഭാരതീയ സംസ്ക്കാരത്തിന് അനുക്രമമായ വികാസത്തിൽ അത്യയധികമായ വിശ്വാസം വിവേകാനന്ദനുണ്ടായിരുന്നതിനാൽ ഭാരതീയ സംസ്ക്കാരത്തിലെ നല്ലതും മഹത്തരമായവയെല്ലാം പുനരുദ്ധരിക്കുവാൻ അത്യധികം തീക്ഷണതയോടെ ശ്രമിക്കുകയും അങ്ങനെ മാതൃരാജ്യത്തിന്റെ മുന്നോട്ടുള്ള യാത്രയിൽസമൃദ്ധമായ രീതിയിലെല്ലാം അവൾക്ക് സേവനം ചെയ്യുവാനും ശ്രമിച്ചിരുന്നു.

അടിസ്ഥാന പരമായി മതങ്ങളുടെ ഏകാത്മകതയെക്കുറിച്ചുള്ള ശ്രീരാമകൃഷ്ണന്റെ പ്രബോധനങ്ങൾക്ക് പ്രത്യേക ഊന്നൽ കൊടുത്തിരുന്നു. വിവേകാനന്ദൻ ഏറ്റവും യുക്തിഭദ്രമായതെന്ന് വിവേകാനന്ദൻ കരുതിയിരുന്ന വേദാന്ത തത്വശാസ്ത്രത്തെ അദ്ദേഹം പ്രചരിപ്പിച്ചിരുന്നു.

വിവേകാനന്ദന്റെ സാമൂഹികതത്വത്തിന്റെ മുഖ്യസവിശേഷത അദ്ദേഹത്തിന്റെ സമൂഹത്തിന്റെ ഉദ്ധാരണത്തിൽ മേലുള്ള നിർബന്ധമാണ്. അദ്ദേഹം അഭിപ്രായത്തിൽ പാവപ്പെട്ടവരെയും അടിച്ചമർത്തപ്പെട്ടവരെയും സേവിക്കുന്നതാണ് ഏറ്റവും ശ്രേഷ്ഠമായ മതം . ഇത്തരം സേവനം സംഘടിപ്പിക്കുവാൻ വേണ്ടി 1897 ൽ വിവേകാനന്ദൻ രാമകൃഷ്ണമിഷൻ സ്ഥാപിച്ചു. നാളിതുവരെ ദേശീയ ദുരന്തങ്ങളായ ക്ഷാമം, വെള്ളപ്പൊക്കം, പകർച്ചവ്യാധികൾ എന്നിവയുടെ സമയത്ത് വളരെ പ്രധാനപ്പെട്ട പങ്ക് രാമകൃഷ്ണമിഷൻ വഹിച്ചിരുന്നു. അനേകം സ്ക്കൂളുകളും ആശുപത്രികളും അനാഥാലയങ്ങളും മിഷനിൽ പ്രവർത്തിക്കുന്നുണ്ട്.

1893 ൽ അമേരിക്കയിലെ ചിക്കാഗോയിൽ വച്ച് ലോകമതസമ്മേളനത്തിൽ (മതങ്ങളുടെ പാർലമെന്റ്) വിവേകാനന്ദൻ പങ്കെടുത്തു. വേദാന്തം ഹിന്ദുക്കളുടെ മാത്രമല്ല എല്ലാ മനുഷ്യരുടെയും മതമാണെന്ന് വിവേകാനന്ദൻ വാദിച്ചിരുന്നു. അദ്ദേഹത്തിന്റെ ചിക്കാഗോയിലെ പ്രഭാഷണം മറ്റ് രാജ്യങ്ങളിലെ ജനങ്ങളിൽ ആഴമേറിയ മുദ്ര പതിപ്പിക്കുകയും ലോകദൃഷ്ടിയിൽ ഭാരതീയ സംസ്ക്കാരത്തിന്റെ യശസ്സ് ഉയർത്തുകയും ചെയ്തു.മതപരമായ സ്വഭാവത്തോടുകൂടിയതാണ് വിവേകാനന്ദന്റെ ദൗത്യമെങ്കിലും ദേശീയ ജീവിതാന്തസ്സിന്റെ വശങ്ങളിലും അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ ശ്രദ്ധയോടുകൂടി താത്പര്യപ്പെട്ടിരുന്നു.

ജനങ്ങളുടെ ദുരിതപൂർണ്ണവും ദരിദ്രവുമായ സാഹചര്യങ്ങളെക്കുറിച്ച് വിവേകാനന്ദൻ തന്റെ ഉത്കണ്ഠ അറിയിക്കുകയും ജനങ്ങളെ അവഗണിക്കുന്നത് പാപമാണെന്ന് പറയുകയും ചെയ്തു. നമ്മുടെ ദുരന്തങ്ങൾക്കും നീചാവസ്ഥകൾക്കും ഉത്തരവാദികൾ നമ്മൾ തന്നെയാണെന്ന് അദ്ദേഹം തുറന്ന് പറയുകയുണ്ടായി. തന്റെ സഹരാജ്യക്കാരെ അവരവരുടെ മുക്തിക്കായി അധ്വാനിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. ഈ ആവശ്യത്തിലേക്കായി പ്രവർത്തകരുടെ സംഘങ്ങളെ രാമകൃഷ്ണമിഷനിലൂടെ പരിശീലിപ്പിക്കുന്നു. അങ്ങനെ വിവേകാനന്ദൻ സാമൂഹിക നൻമ അല്ലെങ്കിൽ സാമൂഹിക സേവനത്തിന് ഊന്നൽ നൽകിയിരുന്നു.

*കുറിപ്പുകൾ :*

## ചോദ്യാവലി 10.2

1. ആരാണ് ആര്യസമാജം സ്ഥാപിച്ചത് ?

2. എവിടെയായിരുന്നു ആദ്യത്തെ ദയാനന്ദആഗ്ലോവേദിക്ക് കോളേജ് സ്ഥാപിച്ചത് ?

3. ഗാദാദ്ദാർ ചട്ടോപാദ്ധ്യായ യുടെ അഭിപ്രായത്തിൽ എങ്ങനെ നിങ്ങൾക്ക് മോക്ഷം നേടാൻ കഴിയും ?

4. സ്വാമി വിവേകാനന്ദന്റെ യഥാർത്ഥ പേര് എന്തായിരുന്നു ?

5. സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ ഏതായിരുന്നു ഉന്നതമായ മതം ?

## 10.8 തിയോസഫിക്കൽ സൊസൈറ്റിയും ആനിബെസന്റും

ആധുനിക ഭാരതത്തിൽ മതത്തിന്റെയും സമൂഹത്തിന്റെയും, സംസ്ക്കാരത്തിന്റേയും ചരിത്രത്തിൽ തിയോസഫിക്കൽ സൊസൈറ്റി വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. റഷ്യൻ ആത്മീയവാദിയായ മാഡം എച്ച്. പി. ബ്ലാവട്സ്കിയും അമേരിക്കൻ കേണലായ എച്ച്. എസ്. ഓൾക്കോട്ടും ചേർന്ന് യു. എസ്. എ.യിൽ സ്ഥാപിച്ചതാണ് തിയോസഫിക്കൽ സൊസൈറ്റി. പുരാതന മതങ്ങൾ, തത്വശാസ്ത്രം, ശാസ്ത്രംഎന്നിവ പ്രചരിപ്പിക്കുക മനുഷ്യനിൽ അന്തർലീനമായ ദൈവിക ശക്തിയെ വളർത്തുക, മനുഷ്യരാശിയുടെ സാർവ്വത്രിക സാഹോദര്യം എന്നിവ രൂപപ്പെടുത്തുകയാണ് തിയോസഫിക്കൽ സൊസൈറ്റിയുടെ ലക്ഷ്യം.

1879 ലാണ് ഈ സംഘടന ഇന്ത്യയിൽ അവതരിപ്പിച്ചത്. 1866 ൽ മദ്രാസിലെ അഡയാറിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ തലസ്ഥാനം സ്ഥാപിതമായി. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പ്രധാന പങ്കുവഹിച്ച ആനിബസന്റിന്റെ കീഴിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ സ്വാധീനം പ്രചരിച്ചു. പുരാതന മതങ്ങളായ ഹിന്ദുയിസം സൗരാഷ്ട്രിയാനിസം, ബുദ്ധിസം എന്നിവയെ പുനരുദ്ധരിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും ആനിബസന്റും സഹായികളും ശ്രമിച്ചു. ആത്മാവിന്റെ മരണാനന്തര ശരീരമാറ്റത്തിന്റെ സിദ്ധാന്തത്തെ അവർ അംഗീകരിക്കുകയും ചെയ്തിരുന്നു. സാർവ്വത്രിക സഹോദര്യവും അവർ പ്രഘോഷിച്ചിരുന്നു. സ്വരാജ്യാഭിമാനം വിദ്യാസമ്പന്നരായ ഇന്ത്യക്കാരിൽ പകരുവാനും അവർ സഹായിച്ചിരുന്നു. ഇന്ത്യൻ മതപരവും തത്വശാസ്ത്രപരവുമായ പാരമ്പര്യങ്ങളെ മഹത്വവത്ക്കരിക്കുകയും ചെയ്ത് പടിഞ്ഞാറൻ ജനതയുടെ പിന്തുണയോടെ ആയിരുന്നു ആനി ബസന്റിന്റെ പ്രവർത്തനം. ഇത് ഇന്ത്യൻ ജനതയുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാൻ സഹായിച്ചു.

വിദ്യാഭ്യാസമേഖലയിൽ ആനിബസന്റിന്റെ പ്രവർത്തനം കൂടുതൽ പ്രാധാന്യമേറിയതാണ്. മദൻമോഹൻ മാളവ്യയ്ക്ക് പിന്നീട് കൈമാറിയ ബനാറസിലെ സെൻട്രൽ ഹിന്ദു കോളേജ് ആനിബസന്റ് സ്ഥാപിച്ചതാണ്. ബനാറസ് ഹിന്ദു

*കുറിപ്പുകൾ :*

സർവ്വകലാശാലയായി മാളവ്യ അതിനെ ഉയർത്തുകയും ചെയ്തു. ജനപ്രീതി നേടാനായില്ലെങ്കിലും ആനി ബസന്റിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ജനതയെ ഉണർത്താൻ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. ഇന്ത്യൻ ജനതയിൽ ദേശീയ ചൈതന്യം വളർത്തുവാൻ വളരെയധികം സംഭാവനകൾ ആനി ബസന്റ് നൽകുകയുണ്ടായി. അഡയാറിലെ തിയോസഫിക്കൽ സൊസൈറ്റിയുടെ ആസ്ഥാനം അപൂർവ്വ സംസ്കൃത ഗ്രന്ഥങ്ങളുടെ ഗ്രന്ഥശാലയുൾക്കൊള്ളുന്ന വിജ്ഞാനകേന്ദ്രമായിതീരുകയും ചെയ്തു.

തൊട്ടുകൂടായ്മയ്ക്കെതിരെ പോരാടുകയും സ്ത്രീകളുടെ ഉന്നമനത്തിനായി സൊസൈറ്റി പ്രവർത്തിച്ചു. തന്റെ ജീവിതം മുഴുവനും ഇന്ത്യൻ സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ആനിബസന്റ് സമർപ്പിച്ച തന്റെ ദൗത്യം ഇപ്രകാരം അവർ വിശദീകരിച്ചു. ഇന്ത്യൻ പ്രവർത്തനം അത്യന്തികമായി പുരാതന മതങ്ങളുടെ ഉന്നമനവും ശാക്തീകരണവും പുനരുദ്ധാനവുമാണ്. ഇതോടൊപ്പം പുത്തൻ ആത്മാഭിമാനവും പഴമയിലുള്ള അഭിമാനവും ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും കൂടാതെ ഒഴിച്ചുകൂടാനാവാത്ത പരിണിത ഫലമായി ദേശീയ സ്നേഹത്തിലുറച്ച് ജീവിതത്തിന്റെ അലകളും രാഷ്ട്രനിർമ്മാണത്തിന്റെ തുടക്കവുമായി.

ശ്രീമതി ബസന്റിന്റെ ഇന്ത്യയിലെ നിരവധി നേട്ടങ്ങളിൽ ഒന്നാണ് സെൻട്രൽ ഹിന്ദു സ്കൂൾ സ്ഥാപനം. ഇന്ത്യയിലെ തന്റെ സ്ഥാപനത്തെ ഗൃഹമാക്കുകയും ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരെ പ്രമുഖ പങ്ക് വഹിക്കുകയുണ്ടായി. മറ്റുള്ളവരോടൊപ്പം ഇന്ത്യയുടെ പ്രധാന ആവശ്യങ്ങളാണ് ദേശീയ ബോധത്തിന്റെ വളർച്ചയും ഇന്ത്യൻ ആശയത്തിലധിഷ്ഠിതമായ വിദ്യാഭ്യാസവുമാണ്, അല്ലാതെ പടിഞ്ഞാറൻ സംസ്കാരത്തിനും ചിന്തയ്ക്കും പ്രാമാണ്യമുള്ളവയല്ല. സ്വയം ഭരണത്തെ പിന്തുണയ്ക്കുകയും ആനിബസന്റ് സ്വയം ഭരണസന്ദേശം പ്രചരിപ്പിക്കാനായി 1916 ൽ സ്വയം ഭരണലീഗ് (ഹോംറൂൾ പ്രസ്ഥാനം) സ്ഥാപിക്കുകയും ചെയ്തു.

തിയോസഫിക്കൽ സൊസൈറ്റിയുടെ ശാഖകൾ ഇന്ത്യയാകമാനം സ്ഥാപിക്കുകയും അതിന്റെ പത്രമാസിക വൻപിച്ച പ്രചാരണം ലഭിക്കുകയും ഉണ്ടായി. തെക്കെ ഇന്ത്യയിൽ പ്രത്യേകമായി സാമൂഹിക മതപരിഷ്ക്കരണത്തിൽ സൊസൈറ്റി സഹായഹസ്തം നീട്ടുകയുണ്ടായി. സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലെല്ലാം ആനിബസന്റിന്റെ സ്വാധീനം ഉണ്ടായിരുന്നു.

**ചോദ്യാവലി 10.3**

1. തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിതമായതെവിടെ ?

2. തിയോസഫിക്കൽ സൊസൈറ്റി ആരാണ് സ്ഥാപിച്ചത് ?

3. തിയോസഫിക്കൽ സൊസൈറ്റിയുടെ ഇന്ത്യയിലെ തലസ്ഥാനകേന്ദ്രം എവിടെയായിരുന്നു ?

4. 1916-ൽ ഹോം റൂൾ പ്രസ്ഥാനം സ്ഥാപിച്ചതാര് ?

കുറിപ്പുകൾ :

## 10.9 അലിഘഢ് മൂവ്മെന്റും അഹമ്മദ്ഖാനും

ഹിന്ദുമതത്തിനുള്ളിലെ ആചാരങ്ങളും സാമൂഹിക ചിന്തകളും സ്ഥാപനങ്ങളുടെ പരിഷ്ക്കരണങ്ങളുടെ പരിഷ്ക്കരണങ്ങളുമാണ് നാം കണ്ടത്. ഇസ്ലാം മതത്തിലും തുല്യമായ പരിഷ്ക്കരണപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ഇസ്ലാമിലെ മേൽതട്ടുകാർ പടിഞ്ഞാറൻ വിദ്യാഭ്യാസവും സംസ്ക്കാരവും അവഗണിച്ചിരുന്നുവെങ്കിലും 1857 ലെ വിപ്ളവത്തിനുശേഷം ആധുനിക ആശയങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇതിന് തുടക്കം കുറിച്ചത് നവാബ് അബ്ദുൾ ലത്തീഫ് (1828-1893). കൽക്കട്ടയിൽ സ്ഥാപിച്ച മുഹമ്മദൻ സാഹിത്യസൊസൈറ്റിയാണ്. സാമൂഹികവും മതപരവും , രാഷ്ട്രീയവും ആയ വിഷയങ്ങളെ ആധുനിക ആശയങ്ങളുടെ വെളിച്ചത്തിൽ സംവാദം നടത്തുവാനും മേൽത്തട്ടിലും ഇടതട്ടിലുമുള്ള മുസ്ളീംങ്ങളെ പടിഞ്ഞാറൻ വിദ്യാഭ്യാസം ദത്ത് എടുക്കുവാനും ഈ പ്രസ്ഥാനം പ്രോത്സാഹിപ്പിച്ചു. ഇസ്ലാം ഐക്യത്തിനായി മുഹമ്മദൻ സാഹിത്യ സൊസൈറ്റി പ്രധാന പങ്ക് വഹിച്ചു. മുസ്ളീം ജനസമൂഹം ചിഷ്ടി സൂഫിയുടെ പ്രസ്ഥാനങ്ങളിലും ദൈവത്തിനു അടിയറവ് വയ്ക്കൽ കൂടാതെ വിശുദ്ധൻമാരുടെ വണക്കവും പ്രോത്സാഹിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രബോധനങ്ങളാലും സ്വാധീനിക്കപ്പെട്ടിരുന്നു. ഡൽഹിയിലുള്ള ഷാവലിയുള്ളയുമായി ബന്ധപ്പെട്ട മറ്റൊരു പ്രസ്ഥാനം ഏകദൈവമതത്തെ കർശനമായി പിന്തുണയ്ക്കുകയും ഷിയവിഭാഗത്തെ പുനരുദ്ധരിക്കുകയും യഥാസ്ഥിതികമല്ലാത്ത മതാചാരങ്ങളെ എതിർക്കുകയും ചെയ്തിരുന്നു. ലക്നൗവിലുള്ള ഫിരാംഗി മഹലിന്റെ തത്വശാസ്ത്രവും പാണ്ഡിത്യവും നിറഞ്ഞ പാരമ്പര്യ ആധുനിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ സംയോജിപ്പിച്ച് 18ഉം 19ഉം നൂറ്റാണ്ടിൽ ഇന്ത്യ മുഴുവൻ പ്രചരിപ്പിക്കുകയും ചെയ്തു. ഫറയിസി പ്രസ്ഥാനം ബംഗാളിന്റെ നേതാവായ ശരീത്തുള്ള കൃഷിവലൻമാരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുകയും മുസ്ലീസിന്റെ ഇടയിലുള്ള ജാതിവ്യവസ്ഥക്കെതിരെ സംസാരിക്കുകയും ചെയ്തിരുന്നു.

ഏറ്റവും ശ്രദ്ധേയനായ ഇസ്ലാം പരിഷ്ക്കർത്താവാണ് ഉത്തർപ്രദേശിലെ റായ്ബറേലിയിലെ സയ്ദ് അഹമ്മദ്. അലഹബാദിലെ ക്ഷയിച്ചു കൊണ്ടിരുന്ന നെയ്ത്ത് ഗ്രാമങ്ങളിലെ നെയ്ത്തുകാരെ ആകർഷിക്കുകയും അവരെ തന്റെ സജ്ജരായ ശ്രോതാക്കളാക്കുകയും അങ്ങനെ സാമൂഹിക ഭ്രംശങ്ങൾക്കിടയിൽപ്പെട്ടിരുന്ന സാധാരണ ജനങ്ങൾക്ക് അന്തസ്സും വിശ്വാസത്തിന്റെ ഏകീകരണത്തിലൂടെ ഒരു വ്യക്തിത്വവും നൽകി.മുസ്ലീംസ് ബ്രിട്ടീഷുകാരുടെ ഭരണത്തിൽ കീഴിൽ മാറിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാതിരുന്നാൽ അന്തസ്സിനും സമൃദ്ധിയ്ക്കുമുള്ള പുത്തൻ അവസരങ്ങൾ തങ്ങൾക്ക് നഷ്ടപ്പെടുമെന്ന് സയ്ദ് അഹമ്മദ് തിരിച്ചറിഞ്ഞു.

ആധുനിക ശാസ്ത്ര ചിന്തകളാൽ വളരെയധികം ആകൃഷ്ടനായ സയ്ദ് അഹമ്മദ് തന്റെ ജീവിതകാലം മുഴുവൻ ഇസ്ലാം മതത്തെ ശാസ്ത്രവുമായി ഒത്തിണക്കാൻ പരിശ്രമിച്ചു. ശാസ്ത്രത്തിന്റയും യുക്തിയുടേയും വെളിച്ചത്തിൽ ഖുറാനെ വ്യാഖ്യാനിച്ചു. വിമർശനാത്മകമായ സമീപനവും സ്വതന്ത്ര്യചിന്തയും വളർത്തുവാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിച്ചു. ഭ്രാന്തമായ മതാവേശം, സങ്കുചിത ചിന്താഗതി നിഷേധാത്മകത എന്നിവയ്ക്കെതിരെ അദ്ദേഹം ജനങ്ങളെ താക്കീത് ചെയ്തു. വിശാലമനസ്ക്കതയും സഹിഷ്ണുതയും ഉള്ളവരാകാൻ ജനങ്ങളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. 1883 ൽ അദ്ദേഹം ജനങ്ങളോട് പറഞ്ഞു ഇപ്പോൾ നമ്മൾ (ഹിന്ദുക്കളും, മുസ്ളീങ്ങളും) രണ്ട് കൂട്ടരും ഇന്ത്യയുടെ അന്തരീക്ഷത്തിൽ ജീവിക്കുന്നു. പുണ്യനദികളായ ഗംഗയിലേയും ,യമുനയിലേയും

കുറിപ്പുകൾ :

പുണ്യജലം പാനം ചെയ്യുകയും ചെയ്യുന്നു. ഇന്ത്യൻ മണ്ണിലെ ഉത്പന്നങ്ങൾ നമ്മളെ പോറ്റുന്നു. നമ്മൾ ഒരു ദേശവും നമ്മുടെ ദേശത്തിന്റെ പുരോഗതിയും ക്ഷേമവും നമ്മുടെ ഐക്യത്തെയും പരസ്പര സഹാനുഭൂതിയെയും സ്നേഹത്തെയും ആശ്രയിച്ചിരിക്കും. എന്നാൽ നമ്മുടെ പരസ്പര വിയോജിപ്പ് ,നിർബന്ധബുദ്ധി, എതിർപ്പ് , അസഹിഷ്ണുതയെല്ലാം നമ്മെ നശിപ്പിക്കും.

സയിദ് അഹമ്മദ് ശരിയായ രീതിയിൽ മനസിലാക്കിയതാണ് മുസ്ലീം സമൂഹത്തിന്റെ താൻ പോരിമതങ്ങളുടെ നാശത്തിനുതകുമെന്നും ആയതിനാൽ അത് തടയാനായി പുറം ലോകത്തെ പുരോഗമന സാംസ്ക്കാരിക ശക്തികളോട് സന്ധിയുണ്ടാക്കുവാനായി അദ്ദേഹം കഠിനമായി പരിശ്രമിച്ചു. മുസ്ളീം സമൂഹമാണ് തങ്ങളുടെ യഥാർത്ഥ ശത്രു എന്ന് കരുതിയിരുന്ന ബ്രിട്ടീഷ് അധികാരികളുടെ മുസ്ലീം സമൂഹത്തോടുള്ള ശത്രുത നീക്കുവാനായി അദ്ദേഹം പരിശ്രമിച്ചു.

മുസ്ലീങ്ങളുടെ സാമൂഹികവും മതപരമായ ജീവിതം മെച്ചപ്പെടുത്തുവാൻ ആധുനിക പടിഞ്ഞാറൻ വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റെയും സഹായം കൂടിയെ തീരുമെന്ന് സയിദ് അഹമ്മദ് മനസ്സിലാക്കി . ആയതിനാൽ ആധുനിക വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ ശ്രമകരമായ ജോലി . ഒരു ഭാരവാഹി എന്ന നിലയിൽ പല സ്ഥലങ്ങളിലും സ്ക്കൂളുകൾ സ്ഥാപിച്ചു. നിരവധി പടിഞ്ഞാറൻ ഗ്രന്ഥങ്ങൾ ഉറുദുവിലേക്ക് വിവർത്തനം ചെയ്യിച്ചു. അലിഘഡിൽ 1875 ൽ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് ആരംഭിച്ചു. പടിഞ്ഞാറൻ ശാസ്ത്രങ്ങളുടെയും സംസ്ക്കാരത്തിന്റെയും പ്രചരണത്തിനായുള്ള ഒരു കേന്ദ്രമാക്കണമെന്ന ഉദ്ദേശത്തോടെയാണ് ഇത് സ്ഥാപിക്കപ്പെട്ടത് . പിന്നീട് ഈ കോളേജ് അലിഘഡ് മുസ്ലീം യൂണിവേഴ്സിറ്റി ആയി വളർന്നു.

മുസ്ളീങ്ങളുടെ ഇടയിൽ ആരംഭിച്ച ഉത്പതിഷ്ണുവായ സാമുദായിക സംസ്ക്കാരിക പ്രസ്ഥാനം അലിഘഡിൽ ആരംഭിച്ചതിനാൽ പിന്നീട് അലിഘഡ് പ്രസ്ഥാനം എന്നറിയപ്പെട്ടു. ഈ പ്രസ്ഥാനത്തിന്റെ കേന്ദ്രം ആംഗ്ലോ ഓറിയന്റൽ കോളേജ് ആയിരുന്നു. ഇസ്ലാമുമായുള്ള കെട്ടുറപ്പുകൾക്ക് കോട്ടം വരാതെ ആധുനിക വിദ്യാഭ്യാസത്തെ മുസ്ലീങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇന്ത്യൻ മുസ്ലീങ്ങളുടെ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനമായിത്തീർന്നു ഈ പ്രസ്ഥാനം.

തുടർന്നുണ്ടായ മുസ്ലീങ്ങളുടെ നവോത്ഥാനത്തിൽ അലിഘഡ് പ്രസ്ഥാനം വളരെ വലിയൊരു പങ്കു വഹിച്ചിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗത്ത് ചിതറി കിടന്നിരുന്ന മുസ്ലീം ജനതയ്ക്ക് കേന്ദ്രബിന്ദുവായി ത്തീർന്നു അലിഘഡ് പ്രസ്ഥാനം. ഈ പ്രസ്ഥാനം മുസ്ലീം ജനതയ്ക്ക് ആശയങ്ങളുടെ ഒരു പൊതു ഭണ്ഡാരവും ഭാഷയായ ഉർദുവും നൽകി. ഉർദുവിലുള്ള സാഹിത്യസൃഷ്ടികളുടെ സമാഹാരത്തിനായി ഒരു മുസ്ളീം പ്രസ്സും വികസിപ്പിച്ച് എടുത്തു.

സാമൂഹിക തലങ്ങളിലേക്കും സയിദ് അഹമ്മദിന്റെ പരിശ്രമങ്ങൾ എത്തിച്ചേർന്നു. സാമൂഹിക പരിഷ്ക്കരണങ്ങൾക്ക് വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നും പർദ്ദ നീക്കം ചെയ്യണമെന്നും അദ്ദേഹം പ്രചരിപ്പിച്ചു. ബഹു ഭാര്യാത്വത്തിനെതിരെയും അദ്ദേഹം പ്രവർത്തിച്ചു.

ദേശീയവബോധം ജനതകൾക്കിടയിൽ ഉണർത്തുവാൻ മറ്റ് അനേകം സാമൂഹിക മതപരമായ സംഘടനകൾ സഹായിച്ചു. 1899ൽ മിർസ ഗുലാം അഹമ്മദ് അഹമ്മദീയ പ്രസ്ഥാനം സ്ഥാപിച്ചു. ഈ പ്രസ്ഥാനത്തിന് കീഴിൽ ആധുനിക വിദ്യാഭ്യാസം പകർന്നു നൽകുന്ന അനവധി സ്ക്കുളുകളും, കോളേജുകളും





ആരംഭിച്ചു. മതത്തിന്റെ മേഖലയിൽ ഇസ്ലാമിന്റെ മാനുഷികവും സാർവ്വത്രിക വുമായ സ്വഭാവത്തിനു ഊന്നൽ നൽകി ഈ പ്രസ്ഥാനത്തിന്റെ അനുയായി കൾ. ഹിന്ദു-മുസ്ലീം മൈത്രിയെ അനുകൂലിച്ചിരുന്നു ഈ പ്രസ്ഥാനം. ആധു നിക ഭാരതത്തിലെ മഹാകവികളിലൊരാളായ മുഹമ്മദ് ഇക്ബാൽ (1876-1938) തന്റെ കവിതകളിലൂടെ ഹിന്ദുമതത്തിലേയും ഇസ്ലാം മതത്തിലേയും യുവതല മുറയുടെ തത്വശാസ്ത്രപരവും മതപരവുമായ കാഴ്ചപാടുകളെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. ലോകത്തെ മാറ്റി മറിക്കാനുതകുന്ന ചലനാത്മക മായ കാഴ്ചപ്പാടുകളെ സ്വീകരിക്കണമെന്ന് അദ്ദേഹം പ്രചോദിപ്പിച്ചു. അദ്ദേഹം അടിസ്ഥാനപരമായി ഒരു മനുഷ്യസ്നേഹിയായിരുന്നു.

## 10.10 പാർസികളുടെ ഇടയിലെ പരിഷ്ക്കരണപ്രസ്ഥാനങ്ങൾ

19-ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തോടെയാണ് മുംബൈയിലെ പാർസിക ളുടെയിടയിൽ മതപരിഷ്ക്കരണങ്ങൾ ആരംഭിച്ചത് . 1851 ൽ നവറോജി ഫർഡോൺജി, ദാദാഭായ് നവറോജിയും , എസ്. എസ്. ബംഗാളിയും മറ്റ് ചിലരും ചേർന്ന് രഹുനുമായ് മസദയാസൻ അഥവാ മതപരിഷ്ക്കരണ അസോസിയേ ഷൻ സ്ഥാപിച്ചു. പാർസികളുടെ ഇടയിൽ മതപരവും സാമൂഹികവുമായ പരി ഷ്ക്കരണങ്ങൾ വരുത്തുന്നതിനുദ്ദേശിച്ച് രസ്ത് ഗോഫ്ദർ എന്ന മാസിക ആരംഭിച്ചു. വിദ്യാഭ്യാസം പ്രത്യേകിച്ച് പെൺകുട്ടികൾക്കിടയിൽ പ്രചരിപ്പിക്കു വാൻ വലിയൊരു പങ്ക് ഈ സംഘടന പരിശ്രമിച്ചു. കർക്കശമായ പാരമ്പര്യങ്ങ ളാൽ വളയപ്പെട്ട് കിടന്നിരുന്ന മത മേഖലയ്ക്കെതിരെ പ്രചരണം സംഘടിപ്പി ക്കുകയും പാർസികളുടെ സമുദായ ആചാരങ്ങൾ പ്രത്യേകിച്ച് പെൺകുട്ടിക ളുടെ വിദ്യാഭ്യാസവും , വിവാഹവും പൊതുവായ സ്ത്രീകളുടെ സാമൂഹിക അന്ത:സും നവീകരിക്കുവാൻ മുൻകൈ എടുത്തു. കാലക്രമത്തിൽ ഇന്ത്യൻ സമൂഹത്തിലെ സാമൂഹികമായി ഏറ്റവും പടിഞ്ഞാറവൽക്കരിക്കപ്പെട്ട ജനത യായിത്തീർന്നു പാർസികൾ.

## 10.11 സിക്കുകാരുടെ ഇടയിലെ മതപരിഷ്ക്കരണങ്ങൾ

19-ാം നൂറ്റാണ്ടിന്റെ അന്ത്യകാലഘട്ടത്തിൽ അമൃതസറിൽ ഖൽസാ കോളേ ജിന്റെ സ്ഥാപനത്തോടെയാണ് സിക്കുകാരുടെ ഇടയിൽ മതപരമായ പരിഷ്ക്കാ രങ്ങൾ ആരംഭിച്ചത്. ബ്രിട്ടീഷ്കാരുടെ പിന്തുണയോടെ സിക്ക് സഭകളുടെ പരി ശ്രമഫലമായാണ് 1892 ൽ അമൃതസറിൽ ഖൽസ കോളേജ് സ്ഥാപിക്കപ്പെട്ടത്. ഇതേ രീതിയിൽ സ്ഥാപിക്കപ്പെട്ട സ്ക്കൂളുകളും, കോളേജുകളും , ഗുരുമുഖിയും സിക്ക് പഠനങ്ങളും പൊതുവായി പഞ്ചാബി സാഹിത്യങ്ങളും പ്രചരിപ്പിച്ചു

1920 നു ശേഷം അകാലി പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ സിക്ക് പ്രസ്ഥാ നങ്ങൾക്ക് ആക്കംവർദ്ധിച്ചു. അകാലിയുടെ പ്രധാനലക്ഷ്യം ഗുരുദ്വാരകളുടേയും സിക്ക് ആരാധനാലയങ്ങളുടെയും ഭരണം മെച്ചപ്പെടുത്തുവാനാണ്. ഇവ സ്വകാ ര്യവസ്തുക്കളായി കണക്കാക്കപ്പെട്ട പുരോഹിതൻമാരുടെ അഥവാ മഹന്തുമാ രുടെ നിയന്ത്രണത്തിനു കീഴിലായിരുന്നു.

1925 ൽ ശിരോമണി ഗുരുദ്വാരാപ്രബന്ധക് കമ്മിറ്റിയുടെ ഗുരുദ്വാരകൾ നിയ ന്ത്രിക്കാനുള്ള അവകാശം നൽകാനുള്ള നിയമം പ്രാബല്യത്തിൽ വന്നു.

## 10.12 പരിഷ്ക്കരണപ്രസ്ഥാനങ്ങളുടെ പ്രത്യഘാതങ്ങൾ

ബ്രിട്ടീഷുകാർക്ക് പാരമ്പര്യവാദികളായ സമൂഹത്തിലെ മേൽത്തട്ടുകാരെ പ്രീണി പ്പിക്കണമായിരുന്നു. അതിനാൽ പ്രധാനപ്പെട്ട രണ്ട് നിയമങ്ങളെ അവർ പ്രാബ ല്യത്തിൽ വരുത്തിയുള്ളു. സ്ത്രീകളുടെ അന്തസ്സ് ഉയർത്തുവാൻ ചില നിയമ

നടപടികൾ സ്വീകരിച്ചു. ഉദ: 1829 ൽ സതി നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ശിശുഹത്യ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു 1856 വിധവപുനർവിവാഹം അനുവദിച്ചുകൊണ്ട് നിയമം പ്രാബല്യത്തിൽ വരുത്തി. 1860 ൽ പ്രാബല്യത്തിൽ വന്ന ഒരു നിയമം വഴി പെൺകുട്ടികളുടെ വിവാഹപ്രായം പത്ത് വയസ്സായി ഉയർത്തി.

1872 ൽ പ്രാബല്യത്തിൽ വന്ന ഒരു നിയമം വഴി വിവിധ മതങ്ങളിലും ജാതികളിലും പെട്ട മനുഷ്യർ തമ്മിലുള്ള വിവാഹം അനുവദനീയമാക്കി. 1891 ൽ പ്രാബല്യത്തിൽ വന്ന മറ്റൊരു നിയമം അനുസരിച്ച് ശൈശവവിവാഹം നിരുത്സാഹപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. ശൈശവവിവാഹം തടയുവാനായിട്ട് ശ്രദ്ധ നിയമവകുപ്പ് 1929 ൽ പ്രാബല്യത്തിൽ വന്നു. ഈ വകുപ്പ് അനുസരിച്ച് 14 വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്കും 18 വയസ്സിനു താഴെയുള്ള ബാലന്മാർക്കും വിവാഹം അനുവദനീയമല്ല. 20-ാം നൂറ്റാണ്ടിൽ പ്രത്യേകിച്ച് 1919 നുശേഷം ഇന്ത്യൻ ദേശീയപ്രസ്ഥാനം സാമൂഹിക പരിഷ്ക്കരണത്തിന്റെ ചുക്കാൻപിടിച്ചു. പരിഷ്ക്കർത്താക്കൾ ഇന്ത്യൻ ഭാഷകൾ കൂടുതലായി ഉപയോഗിച്ചുകൊണ്ട് ജനങ്ങളിലേക്ക് ഇറങ്ങിചെന്നു. നോവലുകളും , ചെറുകഥകളും , കവിതകളും , നാടകങ്ങളും, പത്രമാധ്യമങ്ങളും, 1930 ൽ സിനിമകളും ഉപയോഗിച്ച് അവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചു.

അനവധി വ്യക്തികളും സമൂഹങ്ങളും , മതസംഘടനകളും , സ്ത്രീകളുടെ വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനും പ്രായപൂർത്തിയാവാത്ത കുഞ്ഞുങ്ങളുടെ വിവാഹം തടയുവാനും, പർദയുടെ പിന്നിൽ നിന്ന് സ്ത്രീകളെ പുറത്ത് കൊണ്ടുവരുവാനും, ഏകഭാര്യാവ്രതം നടപ്പിൽ വരുത്തുവാനും മധ്യവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ ഏറ്റെടുക്കുവാനും വേണ്ടി കഠിനമായി പരിശ്രമിച്ചു. ഈ പരിശ്രമങ്ങളുടെ ഫലമായി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ഇന്ത്യൻ വനിതകൾ പ്രധാനപ്പെട്ടതും പ്രവർത്തനസജ്ജവുമായ പങ്ക് വഹിച്ചു. ഇതിന്റെ ഫലമായി അനവധി അന്ധവിശ്വാസങ്ങൾ അപ്രത്യക്ഷമാവുകയും മറ്റ് നിരവധി അന്ധവിശ്വാസങ്ങൾ മറയുവാനുള്ള മാർഗ്ഗത്തിലുമായി. ഇപ്പോൾ മറ്റ് രാജ്യങ്ങളിലേക്ക് യാത്ര ചെയ്യുന്നത് പാപം അല്ലാതായിരിക്കുന്നു.

## പാഠഭാഗ ചോദ്യങ്ങൾ

1. മുഹമ്മദൻ ആംഗ്ലോ -ഓറിയന്റൽ കോളേജ് സ്ഥാപിച്ചതാര് ?

2. അലിഘഡ് മുസ്ലീം സർവ്വകലാശാല എവിടെയാണ് സ്ഥാപിതമായത് ?

3. മുസ്ലീം വനിതകളെക്കുറിച്ച് സയിദ് അഹമ്മദ് ഖാന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം ?

4. മുഹമ്മദൻ സാഹിത്യസമൂഹം എവിടെയാണ് സ്ഥാപിക്കപ്പെട്ടത് ?

5. പാർസി സാമൂഹിക - മതപരിഷ്ക്കർത്താക്കളുടെ മൂന്ന് പേരുകൾ നൽകുക ?



കുറിപ്പുകൾ :



## നിങ്ങളെന്തുപഠിച്ചു.

* ബ്രിട്ടീഷുകാരുടെ ഭരണഫലമായി അനവധി സാമൂഹിക – മതപരിഷ്ക്കരണങ്ങൾ നിലവിൽ വന്നു.
* രാജാറാം മോഹൻ റോയ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിലും ശാസ്ത്രവും ടെക്നോളജിയും ഉയർത്തിക്കൊണ്ടുവരുന്നതിലും സാമൂഹിക തിന്മകൾക്ക് എതിരെ പോരാടുന്നതിലും മുഖ്യപങ്ക് വഹിച്ചു.
* ആർ. ജി. ബർണാർഡ്കറും , എം.ജി. റാണെഡും മഹാരാഷ്ട്രയിൽ പ്രാർത്ഥനാ സമാജത്തിലൂടെ മതപരിഷ്ക്കരണങ്ങൾ നടത്തുകയും ജാതികൾ തമ്മിലുള്ള വിവാഹവും , പുരോഹിത മേൽക്കോയ്മയിൽ നിന്ന് സ്വാതന്ത്ര്യവും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനവും.
* സ്വാമീ ദയാനന്ദ സരസ്വതി ആര്യസമാജം സ്ഥാപിച്ച വേദങ്ങൾ വ്യാഖ്യാനിക്കുവാനുള്ള സ്വാമികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. സ്വേച്ഛപ്രബുദ്ധപരമായ പുരോഹിത വർഗ്ഗത്തിൽ നിന്നും സ്വയം സ്വാതന്ത്രരായിരിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. ഇതിലെല്ലാം ഉപരിയായി ആധുനിക വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചു. കൂടാതെ ജാതി സമ്പ്രദായത്തിനെതിരെയും തൊട്ടുകൂടായ്മയ്ക്കെതിരെയും ഈ സംഘടന സമരം ചെയ്തു.
* സ്വാമി വിവേകാനന്ദൻ ഒരു പ്രമുഖ മനുഷ്യസ്നേഹിയായിരുന്നു. രാമകൃഷ്ണമിഷനിലൂടെ മതങ്ങളുടെ ഇടുങ്ങിയ മനോഭാവങ്ങളെ കുറ്റപ്പെടുത്തി സ്വാതന്ത്രമായ ചിന്തകളെ പ്രോത്സാഹിപ്പിച്ചു. കൂടാതെ പാവങ്ങൾക്കുവേണ്ടി സേവനം ചെയ്യാൻ ഊന്നൽ കൊടുത്തു.
* ആനിബസന്റിന്റെ നേതൃത്വത്തിൽ തിയോസഫിക്കൽ സൊസൈറ്റി പ്രാചീന ഇന്ത്യൻ മതങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും പഠനത്തെ പ്രോത്സാഹിപ്പിച്ചു.
* മുസ്ലീംങ്ങളുടെ ഇടയിലെ മതപരിഷ്ക്കരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചത് സർ സയ്യദ് അഹമ്മദ് ഖാൻ ആയിരുന്നു. ആധുനിക വിദ്യാഭ്യാസം സ്വീകരിക്കാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ബഹുഭാര്യ പർദ സമ്പ്രദായം അദ്ദേഹം നിന്ദിച്ചു. മതസഹിഷ്ണുത, അജ്ഞത, യുക്തിരഹിതം ഇവയ്ക്കെതിരെ അദ്ദേഹം സംസാരിച്ചു.

## പാഠഭാഗ ചോദ്യങ്ങൾ

1. ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കരണപ്രവർത്തനങ്ങളിൽ രാജാറാം മോഹൻ റോയിയുടെ പങ്ക് എന്തായിരുന്നു ?
2. മതപരിഷ്ക്കരണപ്രവർത്തനങ്ങൾ മാത്രമല്ല സാമൂഹിക പരിഷ്ക്കരണപ്രവർത്തനങ്ങളും പ്രാർത്ഥാസമാജം ചെയ്തിരുന്നു എന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും?
3. എങ്ങനെ നിങ്ങൾക്ക് ന്യായികരിക്കാൻ കഴിയും ആര്യസമാജത്തിന്റെ വിശ്വാസം വേദങ്ങളിലാണ് എന്ന് ?
4. 19–ാം നൂറ്റാണ്ടിൽ ഇന്ത്യയെ ഉണർത്തുന്നതിന് രാമകൃഷ്ണമിഷൻ എങ്ങനെ സഹായിച്ചു എന്ന് വിശദമാക്കുക ?

കുറിപ്പുകൾ :

5. മുസ്ളീംസമുദായത്തിലെ തിന്മകളെ തുടച്ചു നീക്കുന്നതിന് സർ സയ്യദ് അഹമ്മദ് ഖാന്റെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്യാം ?
6. ഇന്ത്യൻ സമൂഹത്തിന്റെ വളർച്ചയ്ക്ക് തിയോസഫിക്കൽ സൊസൈറ്റി നൽകിയ സംഭാവനകൾ ഉപേക്ഷിക്കാൻ പറ്റാത്തതാണ്. വ്യക്തമാക്കുക ?
7. സിക്ക് പരിഷ്ക്കർത്താക്കൾ ഏറ്റെടുത്ത പരിഷ്ക്കരണപ്രവർത്തനങ്ങളെ ക്കുറിച്ച് ഒരു ചെറുകുറിപ്പെഴുതുക ?

## ഉത്തരങ്ങൾ

**10.1**

1. ജാതി സമ്പ്രദായം സതി അനുഷ്ഠാനം പോലെയുള്ള ആചാരങ്ങൾ സമൂഹത്തിൽ സർവ്വസാധാരണമായിരുന്നു.
2. വിഗ്രഹാരാധനയെ എതിർത്തു. ബലിയർപ്പണങ്ങൾ പാടില്ല. ദക്ഷിണകൾ പാടില്ല , സതി അനുഷ്ഠാനം ശിക്ഷാർഹം, മനുഷ്യമഹിമ.
3. വിവിധ ജാതികൾ തമ്മിലുള്ള വിവാഹത്തിലൂടെ, വിവിധജാതികൾ ഒന്നിച്ചിരുന്നുള്ള ഭോജനത്തിലൂടെ വിധവാപുനർവിവാഹത്തിലൂടെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും സ്ത്രീകളുടെയും സ്ഥിതി വളരെ മെച്ചപ്പെടുത്താം.
4. പ്രാർത്ഥനാ സമാജം തത്വശാസ്ത്രത്തിന്റെ ശക്തനായ അനുയായി ആയിരുന്നു.

**10.2**

1. ആര്യസമാജസ്ഥാപകൻ ദയാനന്ദസരസ്വതി ആയിരുന്നു
2. 1866 ൽ ലോഹോറിൽ
3. മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്നത് മോക്ഷമാർഗ്ഗം ആകുന്നു.
4. നരേന്ദ്രനാഥ് ദത്ത
5. അടിച്ചമർത്തപ്പെട്ടവർക്കും പാവങ്ങൾക്കും സേവനം ചെയ്യുക.

**10.3**

1. യു. എസ്. എ
2. എച്ച്. പി. ബ്ലാവസ്ക്കി- റഷ്യൻ നും, കേണൽ എച്ച്.
3. ചെന്നൈയ്ക്ക് അടുത്തുള്ള അടയാർ
4. മിസസ് ആനി ബസന്റ്

**10.4**

1. സയ്യദ് അഹമ്മദ് ഖാൻ
2. അലിഘർ
3. പർദസമ്പ്രദായം മാറ്റുകയും സ്ത്രീകളുടെ വിദ്യാഭ്യാസവും
4. 1863 ൽ കൽക്കട്ടയിൽ
5. ദാദബായ് നവറോജി, എസ്. എസ്. ബെംഗാലേ നവ്റോജി ഫുർസോംഗി.

# 11

# ഇന്ത്യൻ ചിത്രകല



എപ്പോഴെങ്കിലും നിങ്ങൾ ഒരു മാർക്കറ്റിലോ ഒരു മ്യൂസിയത്തിലോ പോകുകയാണെങ്കിൽ നിങ്ങൾക്കവിടെ ധാരാളം ചിത്രകലകൾ, ഭിത്തിയിൽ തൂങ്ങികിടക്കുന്ന അല്ലെങ്കിൽ ടെറാകോട്ടയുടെ (മൺപാത്രങ്ങളുടെ)പുറമേ ചെയ്തിരിയ്ക്കുന്നത് കണ്ടെത്താൻ കഴിയും. നിങ്ങൾക്കറിയാമോ? ഈ ചിത്രകലകളുടെ ഒക്കെ ഉത്ഭവം നമ്മുടെ പ്രാചീന കാലഘട്ടത്തിലാണ്. ആ കാലഘട്ടത്തിലെ ജനങ്ങൾ പിൻതുടർന്നു വന്നിരുന്ന ആചാരങ്ങളും ജീവിതവുമാണ് അവർ ചിത്രീകരിച്ചിരിക്കുന്നത്. അവർ രാജാവും രാജ്ഞിയും എങ്ങനെ മനോഹരമായിവസ്ത്രം ധരിച്ചിരിക്കുന്നു എന്നുകൂടി ചിത്രീകരിച്ചിരിക്കുന്നു. അല്ലെങ്കിൽ എങ്ങനെ രാജസേവകൻമാർ രാജസഭയിൽ എന്നും ചിത്രീകരിച്ചിരിക്കുന്നു. സാക്ഷരതാ രേഖകൾക്ക് നേരിട്ടുള്ള ഒരു ബന്ധം ചിത്രകലയുമായി ഉണ്ടായിരുന്നു. ഇത് പ്രദർശിപ്പിച്ചിരുന്നത് ആദ്യകാലഘട്ടം മുതൽ മതപരവും മതേതരവുമായ ചിത്രങ്ങൾ രണ്ടും പരിഗണിച്ചിരുന്നു. അത് ഒരു കലാപരമായ ആവിഷ്ക്കാരമായിരുന്നു പ്രാവർത്തികമാക്കിയത്.ആവിഷ്ക്കാരത്തിനുള്ള ത്വര മനുഷ്യന്റെ നിലനില്പിന്റെതന്നെ അടിസ്ഥാനപരമായ അനിവാര്യതയാണ്. ചരിത്രാതീതകാലഘട്ടംതൊട്ട് കലയ്ക്ക് വിവിധ രൂപങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുരീതിയിൽ നിങ്ങൾ പരിചയപ്പെട്ടതിൽ ഒരു രൂപമാണ് ചിത്രകല. വ്യത്യസ്ത പാരമ്പര്യങ്ങളുടെ സങ്കലന ഫലമാണ് ഇന്ത്യൻ ചിത്രകല. അതിന്റെ വികസനം ഇന്നും തുടർന്നു വരുന്ന ഒരു പ്രക്രിയയാണ്. പുതിയ ശൈലികൾ സ്വീകരിക്കുമ്പോൾതന്നെ ഇന്ത്യൻ ചിത്രകല അതിന്റെ തനതായ സവിശേഷതകൾ നിലനിർത്തിയിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നൂതന ആശയങ്ങളും രീതികളും സമ്പന്നമായ പുരാതന പാരമ്പര്യവും കൂടിച്ചേർന്ന സമ്മിശ്രരീതിയുടെ ഒരു പ്രതിഫലനമാണ് ആധുനിക ഇന്ത്യൻ ചിത്രകല.

## ലക്ഷ്യങ്ങൾ

**ഈ പാഠഭാഗം വായിച്ചാൽ**

* ചരിത്രാതീത കാലഘട്ടത്തിൽ നിന്ന് ചിത്രകലയുടെ ആരംഭം കണ്ടെത്തുന്നു.

* മധ്യകാലഘട്ടത്തിൽ ചിത്രകലയുടെ പുരോഗതി വിവരിക്കാം.

* ഇന്ത്യയിലെ ചിത്രകലകൾക്ക് മുഗൾ ഭരണാധികാരികൾ നല്കിയ സംഭാവന തിരിച്ചറിയുന്നു.

* രാജസ്ഥാനി പുഹാരി സ്ക്കൂളുകൾ പോലെയുള്ള തനതായ ചിത്രകലാസ്ക്കൂളുകളുടെ ആരംഭം കണ്ടെത്തുന്നു.

* കാൻഗ്ര, കുളു, ബസോളി പോലെയുള്ള പ്രാദേശികകേന്ദ്രങ്ങളിൽ ചിത്രകലയുടെ പുരോഗതി വിലയിരുത്തുന്നു.

കുറിപ്പുകൾ :

* ഇന്ത്യൻ ചിത്രകലയ്ക്ക് രാജാരവിവർമ്മ നല്കിയ സംഭാവനകൾ വിലയിരുത്താം.

* ബംഗാൾ ചിത്രകലാസ്ക്കൂളിന്റെ (Bengal School of Art) ആരംഭത്തിന് അബനീന്ദ്രനാഥ്, രവീന്ദ്രനാഥ ടാഗോർ എന്നിവർ വഹിച്ച പങ്ക് വിലയിരുത്താം.

* പുരോഗമന ചിത്രകലാ സംഘടനയായ ഫ്രാൻസീസ് ന്യൂട്ടൻ സോസായുടെ സവിശേഷ പങ്ക് മനസ്സിലാക്കാം.

* നാടൻ ചിത്രകലാരൂപങ്ങളായ കലംകാരി ചിത്രകല, മിഥില ചിത്രകല എന്നിവയുടെസംഭാവനകൾ തിരിച്ചറിയുന്നു. വർളി ചിത്രകല കാലിഘട്ട് ചിത്രകല പോലെയുള്ള പുതിയ നിരവധി മാനങ്ങൾ ചിത്രകലാമേഖലയിൽ കൂട്ടിച്ചേർത്തു. അവയുടെ സംഭാവനകൾ മനസ്സിലാക്കാം.

## പ്രാചീനകാലം : ആരംഭം

ചിത്രകല ഒരു കലാരൂപമായി ഇന്ത്യയിൽ വളരെ പുരാതന കാലത്തുതന്നെ വളർച്ചപ്രാപിച്ചു. സാഹിത്യ സ്രോതസ്സുകളിൽ നിന്നും ഗുഹകളിൽ നിന്നെല്ലാം കണ്ടെത്തിയ അവശിഷ്ടങ്ങൾ ഇതിന്റെ തെളിവുകളാണ്. കലയുടെയും ചിത്രകലയുടെയും ചരിത്രം ഇന്ത്യയിൽ ആരംഭിക്കുന്നത് ചരിത്രാതീതകാലഘട്ടത്തിലെ ശിലാചിത്രകലകളായ ബിംബേദ്ക ഗുഹകളിലാണ്(മധ്യപ്രദേശ്). അവിടെ നമുക്ക് മൃഗങ്ങളുടെ ചിത്രങ്ങളും വരകളുമുണ്ട്. മഹാരാഷ്ട്രയിലെ നരസിംഹാർ ഗുഹാചിത്രങ്ങളിൽ പുള്ളിമാന്റെ ഉണങ്ങിയ തുകൽ കണ്ടെത്തിയിട്ടുണ്ട്. ഹാരപ്പൻ സംസ്കാരത്തിന്റെ മുദ്രകളിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ചിത്രകലയും വരകളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

വിവിധ സാങ്കേതിക വിദ്യകളിലും രീതികളിലുമുള്ള ചിത്രകലകളെക്കുറിച്ച് ബ്രാഹ്മണ, ബുദ്ധ, സാഹിത്യകൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണം, ലേപ്യാ സിത്രം, രേഖാ സിത്രം, ധൂലിത് സിത്രം. ആദ്യത്തേത് പ്രതിനിധീകരിക്കുന്നത് നാടോടിക്കഥകൾ അല്ലെങ്കിൽ ഐതീഹ്യങ്ങൾ, രണ്ടാമത്തേതിൽ തുണിത്തരങ്ങളിൽ ചിത്രവേലകളും രേഖാചിത്രങ്ങളും മൂന്നാമത്തേതിൽ തറകളിലെ ചിത്രവേലകളുമാണ്.

ബുദ്ധമതഗ്രന്ഥമായ  വിനയപീഠക (നാല്, മൂന്ന് നൂറ്റാണ്ട്) വിവിധ രാജകീയ കൊട്ടാരങ്ങളിൽ ഉണ്ടായിരുന്ന മനുഷ്യരൂപചിത്രങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്. മുദ്രാരാക്ഷസ (എ.ഡി. അഞ്ചാം നൂറ്റാണ്ട്) എന്ന നാടകത്തിൽ ധാരാളം ചിത്രങ്ങളെയും അല്ലെങ്കിൽ പടങ്ങളെയുംപറ്റി പ്രതിപാദിച്ചിരിക്കുന്നു. വാത്സ്യായനന്റെ കാമസൂത്രയിൽ (എ.ഡി. ആറാംനൂറ്റാണ്ട്) 64 രീതികളിലുള്ള കലകളെപ്പറ്റി ചിത്രീകരിച്ചിരിക്കുന്നു. ഇത് പറയുന്നതെന്തെന്നാൽ ശാസ്ത്രീയമായ തത്വങ്ങളിൽ അടിസ്ഥാനമായകലകൾ എന്നാണ്  വിഷ്ണുധർമ്മോത്തര (പുരാണത്തിൽ) (എ.ഡി.ഏഴാംനൂറ്റാണ്ട്) ചിത്രസൂത്രം  എന്നുവിളിക്കുന്ന ചിത്രകലയുടെ ഒരു വിഭാഗത്തിൽ ചിത്രകലയുടെ ആറ് ഘടകങ്ങളെപ്പറ്റി വിവരിക്കുന്നു. ഉദാഹരണത്തിന് വ്യത്യസ്തങ്ങളായ രൂപങ്ങൾ, അനുപാതം, കാന്തി, ചിത്രമെഴുത്തിന്റെ നിറങ്ങൾ മുതലായവ. അങ്ങിനെ പുരാവസ്തുശാസ്ത്രപഠനവും സാഹിത്യവും സാക്ഷ്യപ്പെടുത്തുന്നു, ചരിത്രാതീതകാലം മുതൽ ഇന്ത്യയിൽ തഴച്ചുവളർന്നിരുന്ന ചിത്രകലയെപ്പറ്റി. ഗുപ്തചിത്രകലയിലെ ഏറ്റവും ഉത്തമ മാതൃക അജന്തയിൽ ഉള്ളത് ആകുന്നു. അവരുടെ ചിത്രകലയുടെ വിഷയം മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ, പൂക്കൾ, മനുഷ്യർ,  ജാതക കൃതികളിലെ കഥകൾ എന്നിവയായിരുന്നു.





മ്യൂറൽ ചിത്രങ്ങൾ പാറയുടെ ഉപരിതലത്തിലും ഭിത്തിയിലും വരച്ചിരുന്നതായിരുന്നു. വീടിന്റെ മേൽക്കൂരകളിലും വശങ്ങളിലും വരയ്ക്കുന്നതുപോലെ. ഗുഹ നമ്പർ 9-ൽ ചിത്രീകരിച്ചിരിക്കുന്നത് ബുദ്ധസന്യാസികൾ ഒരു സ്തൂപത്തിലേക്ക് പോകുന്നതാണ്. ഗുഹ നമ്പർ 10-ൽ ജാതകകഥകൾ ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ, ഗുപ്തകാലഘട്ടത്തിൽ എ.ഡി. 56-ാം നൂറ്റാണ്ടിൽ വരച്ച ചിത്രങ്ങളായിരുന്നു ഏറ്റവും നല്ല ചിത്രങ്ങൾ. മ്യൂറൽ ചിത്രങ്ങളിൽ പ്രധാനമായും ചിത്രീകരിച്ചിരിക്കുന്നത് മതപരമായ രംഗങ്ങളിൽനിന്നുള്ള ആശയങ്ങൾ, ശ്രീബുദ്ധന്റെ ജീവിതവും ജാതകകഥകളുമായിരുന്നു. എന്നിരുന്നാലും, നമുക്ക് മതേതരരംഗങ്ങളും ഉണ്ടായിരുന്നു. ഇവിടെ നമുക്ക് കാണാൻ കഴിയും ഇന്ത്യൻജീവിതത്തിലെ എല്ലാ വശങ്ങളേയും ചിത്രീകരിച്ചിരിക്കുന്നത്. നമ്മൾ കാണുന്നു, രാജകുമാരന്മാർ അവരുടെ കൊട്ടാരത്തിൽ, സ്ത്രീകൾ അവരുടെ അന്ത:പുരങ്ങളിൽ, തൊഴിലാളികൾ തങ്ങളുടെ തോളുകളിൽ ഭാരംവഹിച്ചുകൊണ്ട് പോകുന്നത്, കർഷകർ, സന്യാസികൾ കൂടാതെ ഇവരുടെ കൂട്ടത്തിൽ ധാരാളം മൃഗങ്ങൾ, പക്ഷികൾ ഇന്ത്യയിലെ പുഷ്പങ്ങളും.

## ചിത്രകലകളിൽ ഉപയോഗിച്ചിരുന്ന ഭൗതീകവസ്തുക്കൾ

വ്യത്യസ്തരീതികളിലുള്ള ചിത്രകലകൾക്ക് വ്യത്യസ്തങ്ങളായ ഭൗതീകവസ്തുക്കൾ ഉപയോഗിച്ചിരുന്നു. ചിത്രശാലകളിൽ (ആർട്ട് ഗ്യാലറി)സൂചിപ്പിച്ചിട്ടുള്ളത് ശിൽപശാസ്ത്ര(കലകളിലെ സാങ്കേതികമായ നിയമങ്ങൾ എല്ലാം സാഹിത്യസ്രോതസ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയാണെങ്കിലും, ചിത്രങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന അടിസ്ഥാന നിറങ്ങൾ ചുമന്ന കാവിമണ്ണ്(ദാദുരാഗ), വ്യക്തമായ ചുമപ്പ് (കുങ്കുമ അല്ലെങ്കിൽ സിന്ദൂര), മഞ്ഞകാവി (ഹരിതല), നീലം (നീല) ലാപ്പിസ് ലസൂലി, നിലവിളക്കിന്റെ കറുപ്പ് (കജാല), ചോക്ക് വെളുപ്പ്(ഖാതി മിട്ടി), ടെറാവെർട്ട്(ജേരുമതി), കൂടാതെ പച്ചയും ആയിരുന്നു. പാക്കിസ്ഥാനിൽ നിന്ന് വന്നിരുന്ന ലാപ്പിസ് ലസൂലി ഒഴികെ ഇവയിൽ എല്ലാ നിറങ്ങളും പ്രാദേശികമായി ലഭിച്ചിരുന്നു. സംയോജിപ്പിച്ച നിറങ്ങൾ ഉദാ: ചാരനിറം അപൂർവ്വം സന്ദർഭങ്ങളിൽ ഉപയോഗിച്ചിരുന്നു. നിറങ്ങളുടെ ഉപയോഗം തീരുമാനിക്കപ്പെട്ടിരുന്നത് ആശയങ്ങളും പ്രാദേശിക ചുറ്റുപാടുകളുമായിരുന്നു.

ആറ് ഒൻപത് നൂറ്റാണ്ടുകളിൽ വിവിധ ഡക്കാൻ ദക്ഷിണേന്ത്യ സൈറ്റുകളിലും ഉത്തരേന്ത്യയിലെ ബാഗിലുള്ള ബുദ്ധഗുഹകളിലും ബുദ്ധന്റെ ചിത്രങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആ ചിത്രകലയുടെ എല്ലാം ആശയങ്ങൾ മതപരമായിരുന്നു എങ്കിലും പക്ഷെ അവയുടെ ആന്തരിക അർത്ഥവും ചൈതന്യവും മറ്റൊന്നും ആയിരുന്നില്ല കൂടുതലും മതേതരം ആയിരുന്നു. അതായത് രാജസദസ്സുകളും ആധുനിക ആശയങ്ങളുമായിരുന്നു. ചിത്രകലകളുടെ അവശിഷ്ടങ്ങൾ കുറച്ചുമാത്രമേ അവ ശേഷിക്കുന്നുള്ളു എങ്കിലും അവർ ചിത്രീകരിച്ചത് ദേവലോകത്തെ ദേവന്മാരുടെയും ദേവതകളുടെയും വൃന്ദങ്ങളും ഭാഗികമായി ദൈവിക ശക്തിയുള്ള കിന്നാർ (Kinnar) കൾ അപ്സരസുകൾ, ധാരാളം വ്യത്യസ്തങ്ങളായ സസ്യജാലങ്ങളും, പ്രാണിജാലങ്ങളും, സ്നേഹം, നന്മ, ആനന്ദം എല്ലാമായിരുന്നു. ബദാമി(കർണ്ണാടക) ഗുഹ നമ്പർ 3-ൽ കാഞ്ചിപുരം ക്ഷേത്രങ്ങളിൽ, സിത്തന വാസൽ(തമിഴ്നാട്)-ലെ ജൈനഗുഹകളിൽ, കൈലാസത്തിലും എല്ലോറയിലുമുള്ള ജൈനഗുഹകളിലും(8-9നൂറ്റാണ്ടുകൾ) എന്നിവിടങ്ങളിൽ നിന്നെല്ലാം ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. മറ്റ് ധാരാളം ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ അതായത് തഞ്ചാവൂരിലുള്ള ബൃഹദിസ്വാരക്ഷേത്രങ്ങളുടെ എല്ലാം ഭിത്തികൾ അലങ്കരിച്ചിരിക്കുന്നത് ഇതിഹാ

കുറിപ്പുകൾ :

സങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നും എടുത്തിട്ടുള്ള പ്രമേയങ്ങൾ ആണ്. ബാഗ്, അജന്ത, ബദാമി എന്നീ ക്ഷേത്രങ്ങൾ പ്രതിനിധീകരിച്ചിരുന്നത് വടക്കൻ ഇന്ത്യയിലെയും ഡക്കാനിലെയും ഏറ്റവും നല്ല ക്ലാസിക്കൽ പാരമ്പര്യങ്ങളായിരുന്നു. എങ്കിൽ സിത്താന വാസൽ, കാഞ്ചിപുരം, മലയാടിപടി, തിരുനാലൈപുരം എന്നിവ പ്രദർശിപ്പിക്കുന്നത് ഇവയുടെ ദക്ഷിണേന്ത്യയിലേക്കുള്ള കടന്നുകയറ്റത്തിന്റെ വ്യാപ്തിയായിരുന്നു. ജൈന പ്രമേയങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. സിത്താന വാസൽ (ജൈന സിദ്ധകളുടെ ഇരിപ്പിടം) ചിത്രകലകൾ അതേസമയം മറ്റ് മൂന്ന് എണ്ണം ശൈവ അല്ലെങ്കിൽ വൈഷ്ണവ പ്രമേയവും പ്രചോദനങ്ങളും ആയിരുന്നു. കൂടാതെ വളരെ പരമ്പരാഗതമായ മതേതര രൂപരേഖകളെയും പ്രമേയങ്ങളെയും ചിത്രകലയിൽ ആ കാലഘട്ടത്തിൽ ആരംഭിച്ചു. ഇത് സൂചിപ്പിക്കുന്നത് മധ്യകാലഘട്ടത്തിലെ ഇവയുടെ സ്വാധീനവും പ്രത്യാഘാതങ്ങളുമാണ് അതായത് പരന്നതും അമൂർത്തവുമായ ഉപരിതലം മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ രേഖാമയമായ അല്ലെങ്കിൽ ഒരുപരിധി വരെ കോണുകളുള്ള മാതൃകകളായിരുന്നു ഉണ്ടായിരുന്നത്.

## 11.2 മധ്യകാല ഇന്ത്യയിലെ കല

ഡൽഹി സുൽത്താന്റെ കാലഘട്ടത്തിൽ, മുസ്ലിം ദേവാലയങ്ങളിലും രാജകൊട്ടാരത്തിലെ അന്ത:പുരങ്ങളിലും രാജകൊട്ടാരങ്ങളിലും മ്യൂറൽ ചിത്രകലകൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം പ്രധാനമായും ചിത്രീകരിച്ചിരുന്നത് പൂക്കൾ, ഇലകൾ, സസ്യങ്ങളുമായിരുന്നു. ഇൽത്തുമിഷിന്റെ (1210 –36) കാലഘട്ടത്തിൽ നമുക്ക് ചിത്രകലകളെപറ്റി പ്രമാണ ഗ്രന്ഥം ഉണ്ടായിരുന്നു. അലാവുദ്ദീൻ ഖിൽജിയുടെ (1296–1316) കാലഘട്ടത്തിൽ നമുക്ക് മ്യൂറൽ ചിത്രകലയും സൂക്ഷ്മ ചിത്രകലയും (കൈ എഴുത്ത് പ്രതികളുടെ പ്രകാശനങ്ങൾ), തുണിത്തരങ്ങളിലെ ചിത്രകലകളും ഉണ്ടായിരുന്നു. സുൽത്താനേറ്റ് കാലഘട്ടത്തിൽ ഇന്ത്യൻ ചിത്രകലയിൽ അറബി പേർഷ്യൻ സ്വാധീനങ്ങൾ നമുക്ക് ദർശിക്കാൻ കഴിയും. പേർഷ്യക്കാരുടെ ആഗമനത്തെക്കുറിച്ച് നമുക്ക് ധാരാളം പരാമർശനങ്ങൾ ഉണ്ട്. കൂടാതെ മുസ്ലിം പ്രഭുക്കൾക്കുവേണ്ടി രചിച്ച ഇറാൻ അറബ് ലോകത്തിന്റെ അറബ് കൈയെഴുത്ത് പ്രതികൾ നമുക്ക് ഉണ്ടായിരുന്നു.

ഈ കാലഘട്ടത്തിൽ പ്രാദേശിക സംസ്ഥാനങ്ങളിൽ നിന്നുള്ള ചിത്രകലകളും നമുക്കുണ്ടായിരുന്നു. ഗ്വാളിയർ രാജാവായ മാൻസിങ്ങ് ടമർ-ന്റെ കൊട്ടാരത്തിലെ അലങ്കാര ചിത്രങ്ങൾ ബാബറിനും അക്ബറിനും മതിപ്പുളവാക്കി. എ.ഡി. 14,15 നൂറ്റാണ്ട് കാലയളവിൽ, സൂക്ഷ്മചിത്രകല ഒരു ശക്തമായ പ്രസ്ഥാനമായി ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിൽ കടന്നുവന്നു. മധ്യ ഇന്ത്യയിലേക്കും വടക്കുകിഴക്കേ ഇന്ത്യയിലേക്കും വ്യാപിച്ചു. കാരണം അവിടുത്തെ സമ്പന്നരായ ജൈനവ്യാപാരികളുടെ പ്രോത്സാഹനവും സംരക്ഷണവുമാണ്. കൈയെഴുത്ത് പ്രതികളുടെ ചിത്രീകരണത്തോടൊപ്പം പ്രമുഖ കേന്ദ്രങ്ങൾ കിഴക്കൻ ഇന്ത്യയിലെ ബംഗാൾ, കിഴക്കൻ ഉത്തർ പ്രദേശിലെ ജാൻപൂർ, മധ്യപ്രദേശിലെ മാൻഡു എന്നിവയായിരുന്നു.


കിഴക്കൻ ഇന്ത്യ, ബംഗാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽ 9–10 നൂറ്റാണ്ടുകളിൽ പാലരാജവംശകാലത്ത് ഒരു പുതിയ രീതിയിലുള്ള ചിത്രകല പുരോഗതി പ്രാപിച്ചു. അതിനെ സൂക്ഷ്മ ചിത്രകല എന്നു വിളിക്കുന്നു. നശിച്ചുപോകാവുന്ന വസ്തുക്കളിൽ ചിത്രീകരിക്കുന്ന ചെറിയ രൂപങ്ങൾ ആയിരുന്നു ഇവ. അതുകൊണ്ടാണ് സൂക്ഷ്മം എന്നപേര് നിർദ്ദേശിച്ചത്. ഈ വിഭാഗത്തിൽപ്പെടുന്നത്,പനയോലകളിൽ ഹിന്ദു ജൈന ബുദ്ധ കൈയ്യെഴുത്തുപ്രതികൾ ചിത്രീകരിക്കുന്നതായിരുന്നു. അവയ്ക്ക് അജന്ത ശൈലികളുമായി സാമ്യം

കുറിപ്പുകൾ :

ഉണ്ടായിരുന്നു. പക്ഷെ വളരെ സൂക്ഷ്മമായ തോതിൽ മാത്രം വ്യാപാരികളുടെ നിർദ്ദേശപ്രകാരമാണ് ഇവയെല്ലാം ചിത്രീകരിച്ചിരിക്കുന്നത്. അവർ അത് ക്ഷേത്ര ങ്ങൾക്കും ആശ്രമങ്ങൾക്കും സംഭാവനയായി നല്കി.

പതിമൂന്നാം നൂറ്റാണ്ടുമുതൽ ഉത്തരേന്ത്യയിലെ തുർക്കി സുൽത്താൻമാർ പേർഷ്യൻ കൊട്ടാര സംസ്ക്കാരത്തിന്റെ സവിശേഷതകൾ അവരോടൊപ്പം കൊണ്ടുവന്നു. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ ഡക്കാൻ, ഗുജറാത്ത്, ഞാൻപൂർ, ഡൽഹി, ബംഗാൾ, മാൾവ തുടങ്ങിയ സ്ഥലങ്ങളിൽ പേർഷ്യൻ സ്വാധീനത്തിന്റെ ഫലമായി സചിത്ര കൈയ്യെഴുത്തു പ്രതികൾ നിർമ്മിക്കുക യുണ്ടായി. ഇന്തോപേർഷ്യൻ ചിത്രകാരന്മാരുടെ കൂടിച്ചേരലിന്റെ ഫലമായി പതി നാറാം നൂറ്റാണ്ടിൽ ഈ രണ്ടു ശൈലികളുടെയും സങ്കലനം ഉണ്ടായി. പശ്ചിമേ ന്ത്യയിലെ ജൈനസമൂഹം സുൽത്താൻ ഭരണത്തിന്റെ ആദ്യകാലത്ത് ചിത്രക ലയിൽ മികച്ച സംഭാവനകൾ നൽകുകയുണ്ടായി. ജൈനമത ഗ്രന്ഥങ്ങളുടെ സചിത്ര കൈയ്യെഴുത്തു പ്രതികൾ ക്ഷേത്രഗ്രന്ഥശാലകളിലേക്ക് സമ്മാനമായി നൽകിയിട്ടുണ്ടായിരുന്നു. ഈ കൈയ്യെഴുത്തു പ്രതികൾ തീർത്ഥങ്കരന്മാരുടെ ജീവിതവും കർമ്മങ്ങളും വരച്ചുകാട്ടുന്നു. മുഗളന്മാരുടെ കാലത്ത് ഗ്രന്ഥ ചിത്രീ കരണത്തിന് ഒരു പുതിയ മാനം കൈവന്നു. അക്ബറും അദ്ദേഹത്തിന്റെ പിൻഗാ മികളും ഭാവ ചിത്രരചനയിലും ചിത്രകലയിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഇക്കാലയളവിൽ ചുമർ ചിത്രകലയ്ക്ക് പകരം ഗ്രന്ഥങ്ങൾ ദീപ്ത മാക്കലും വ്യക്തികളുടെ സൂക്ഷ്മ ചിത്രങ്ങളും വികാസം പ്രാപിച്ചു. അക്ബർ ചക്രവർത്തി ഗുജറാത്തിലെയും കാശ്മീരിലെയും ചിത്രകാരന്മാർക്ക് രാജകീയ പരിരക്ഷ നല്കി. ഹുമയൂൺ ചക്രവർത്തി പേർഷ്യയിൽ നിന്ന് രണ്ട് ചിത്രകാ രന്മാരെ തന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു ചിത്രരചന നടത്തി. ആദ്യ മായി ചിത്രകാരന്മാരുടെ പേരുകൾ രേഖപ്പെടുത്താൻ തുടങ്ങി. ഇക്കാലത്തെ പ്രശസ്ത ചിത്രകാരന്മാരായിരുന്നു– അബുസമദ്, ദശവന്ത് ബാസവൻ എന്നി വർ. അക്ബർ നാമ, ബാബർ നാമ എന്നീ ഗ്രന്ഥങ്ങളുടെ താളുകളിൽ അതി മനോഹരമായ ചിത്രങ്ങൾ കാണാം. ഏതാനും വർഷങ്ങൾക്കകം ഇന്തോ പേർഷ്യൻ ശൈലികളുടെ സങ്കലനഫലമായി ചലനാത്മകവും സംയോജിത വുമായ ഒരു ചിത്രരചനാശൈലി രൂപപ്പെട്ടു. 1562നും 1577നും ഇടയിൽ ഏതാണ്ട് 1400ഓളം തൂണുകളിൽ വരച്ച ചിത്രങ്ങൾ നിർമ്മിക്കുകയുണ്ടായി. അക്ബർ ചക്രവർത്തി ഛായാചിത്രരചനയും പ്രോത്സാഹിപ്പിച്ചു.

ജഹാംഗീറിന്റെ കാലത്ത് ചിത്രകല അതിന്റെ ഏറ്റവും ഉന്നതിയിലെത്തി. ജഹാം ഗീർ മഹാനായ ചിത്രകാരനും കലാഭിജ്ഞനുമായിരുന്നു. ചിത്രകാരന്മാർ നീല ചുവപ്പ് പോലെയുള്ള കടും വർണ്ണങ്ങൾ ഉപയോഗിക്കുകയും ചിത്രങ്ങൾക്ക് ത്രിമാന ഭാവങ്ങൾ നല്കുകയും ചെയ്തു. ജഹാംഗീറിന്റെ ഭരണകാലത്തെ അനു ഗ്രഹീത ചിത്രകാരന്മാരായിരുന്നു– മൻസൂർ, ഭിഷൻ ദാസ്, മനോഹർ എന്നി വർ. അബുൽഹസൻ എന്ന ചിത്രകാരന്റെ അതിമനോഹരമായ ഒരു ഛായാ ചിത്രം മൻസൂർ വരച്ചിരുന്നു. അദ്ദേഹം പക്ഷികളുടെയും ജന്തുക്കളുടെയും ചിത്രം വരക്കുന്നതിൽ പ്രത്യേകം പ്രാവീണ്യം നേടിയിരുന്നു. ഷാജഹാൻ വാസ്തുശില്പങ്ങളുടെ നിർമ്മാണത്തിലാണ് താത്പര്യം പ്രകടിപ്പിച്ചതെങ്കിലും അദ്ദേഹത്തിന്റെ പുത്രൻ ദാരക്ഷിക്കോ ചിത്രകല പ്രോത്സാഹിപ്പിച്ചു. എന്നാൽ ഔറംഗസീബിന്റെ ഭരണകാലത്ത് ചിത്രകലയ്ക്ക് രാജകീയ പ്രോത്സാഹനം ലഭിച്ചില്ല. തത്ഫലമായി ചിത്രകാരന്മാർ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് കുടി യേറി. ഇതിന്റെ ഫലമായി രാജസ്ഥാനിലും പഞ്ചാബിലും ചിത്രകല വളർച്ച പ്രാപിച്ചു. രാജസ്ഥാനി, പഹാരി, ചിത്രകലാ വിഭാഗം അങ്ങനെ ഉദയം ചെയ്ത വയാണ്. ചെറിയ പ്രതലത്തിൽ ഇവർ ചിത്രം വരയ്ക്കുന്നതിനാൽ സൂക്ഷ്മ





ചിത്രകല എന്നാണറിയപ്പെട്ടിരുന്നത്. ഇതിഹാസങ്ങളും ഐതീഹ്യങ്ങളും പുരാവൃത്തങ്ങളും അവർ വരച്ച ചിത്രങ്ങൾക്ക് പ്രമേയങ്ങളായി. ഋതുക്കളും രാഗമാലകളും ആയിരുന്നു മറ്റ് പ്രമേയങ്ങൾ. ജമ്മു ബിലാസ്പൂർ, ഗാർ വാൾ, ചമ്പാ, ഗുളർ ബസോലി, കുളുകാംഗ്ര തുടങ്ങിയ പ്രാദേശിക കേന്ദ്രങ്ങളിൽ സൂക്ഷ്മ ചിത്രീകരണ രീതി വികസിച്ചു.

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലെ ഭക്തി പ്രസ്ഥാനത്തിന്റെ ഉദയം വൈഷ്ണവാരാധനാ വിഭാഗത്തിന്റെ പ്രമേയങ്ങൾ അടിസ്ഥാനമാക്കി ഗ്രന്ഥ ചിത്രീകരണത്തിന് പ്രേരണയായി. മുഗൾ കാലഘട്ടത്തിനുമുമ്പ് ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ ചുമർ ചിത്രങ്ങൾ വരയ്ക്കുന്നതിനായിരുന്നു പ്രാമുഖ്യം.

## 11.3 ആധുനിക കാലഘട്ടത്തിലെ കല

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യൻ ചിത്രകല അർദ്ധ പാശ്ചാത്യ പ്രാദേശികശൈലിയിലായിരുന്നു. ഇതിനെ ബ്രിട്ടീഷ് റസിഡന്റുമാരും സന്ദർശകരും പ്രോത്സാഹിപ്പിച്ചു. ഇന്ത്യൻ സാമൂഹ്യ ജീവിതങ്ങളും ജനപ്രിയ ഉത്സവങ്ങളും മുഗൾ സ്മാരകങ്ങളും ഇത്തരം ചിത്രങ്ങളുടെ പ്രമേയങ്ങളാക്കി. മുഗൾ പാരമ്പര്യത്തിന്റെ പരിഷ്കരിച്ച ഒരു പ്രതിഫലനമായിരുന്നു ഇത്തരം ചിത്രങ്ങൾ. ഈ കാലയളവിലെ ഉജ്ജ്വലമായ ചിത്രങ്ങൾക്ക് ഉദാഹരണമായിരുന്നു ലേഡി ഇമ്പേയ്ക്കുവേണ്ടി ഷെയ്ഖ് സിയാഉദ്ദീന്റെ പക്ഷികളെക്കുറിച്ചുള്ള പഠനം വില്ല്യം ഫ്രേസറിനും കേണൽ സ്റ്റിന്നറിനു വേണ്ടിയും ഗുലാം അലിഖാൻ ചെയ്ത ഛായപട ചിത്രകലയും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് യൂറോപ്യൻ മാതൃകയിൽ കൽക്കത്ത, ബോംബെ, മദ്രാസ് തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിൽ ആർട്സ് സ്ക്കൂളുകൾ ആരംഭിക്കുകയുണ്ടായി. രാജാ രവിവർമ്മയുടെ ഐതീഹ്യവും സാമൂഹ്യവുമായ പ്രമേയങ്ങൾ ആധാരമാക്കിയുള്ള എണ്ണഛായാചിത്രങ്ങൾ വളരെയധികം ജനശ്രദ്ധയാകർഷിച്ചു.

ബംഗാൾ സ്കൂൾ ഓഫ് ആർട്സിന്റെ ഉദയത്തിന് രവീന്ദ്രനാഥ ടാഗോർ, അബനീന്ദ്രനാഥ ടാഗോർ, ഇ.എച്ച്. ഹാവെൽ, ആനന്ദകേത്തിഷ്, കുമാരസ്വാമി എന്നിവർ മുഖ്യപങ്ക് വഹിച്ചു. ശാന്തി നികേതനിൽ രവീന്ദ്രനാഥ ടാഗോർ കലാഭവൻ സ്ഥാപിച്ചു. ബംഗാൾ സ്കൂൾ ഓഫ് ആർട്സിന് ശാന്തി നികേതൻ വമ്പിച്ച പ്രോത്സാഹനം നല്കി. വളർന്നുവരുന്ന കലാകാരന്മാർക്ക് നന്ദൻലാൽ ബോസ്, വിനോദ് ബിഹാരി മുഖർജി, രാം കിൻകർ ബൈജ് എന്നീ മഹത്തായ കലാകാരന്മാർ പരിശീലനം നല്കി. നന്ദൻ ലാലിന് ജാപ്പാനീസ് ചിത്രകലയിൽ നിന്നും ഇന്ത്യൻ ഗ്രാമീണകലകളിൽ നിന്നും പ്രചോദനം ലഭിച്ചപ്പോൾ വിനോദ് ബിഹാരി മുഖർജിക്ക് പൗരസ്ത്യ പാരമ്പര്യത്തിലായിരുന്നു താത്പര്യം. ജമിനി റോയി മറ്റൊരു പ്രശസ്ത കലാകാരിയായിരുന്നു ആ കാലഘട്ടത്തിലെ. ജമിനി റോയ്ക്ക് ഒറീസ്സൻ ചിത്രകല **(ജമമേ)**യിൽ നിന്നും കാളിഘട്ട് ചിത്രകലയിൽ നിന്നും പ്രചോദനം ലഭിച്ചു. അമൃത ഷെർഗി മറ്റൊരു ചിത്രകലാ പ്രതിഭയായിരുന്നു. പാരീസിലും ബുഡാപെസ്റ്റിലും നിന്ന് വിദ്യാഭ്യാസം നേടി ഒരു സിക്ക് പിതാവിന്റെയും ഹംഗേറിയൻ അമ്മയുടെയും അത്ഭുതസിദ്ധിയുള്ളവളായി പരിഗണിക്കുമ്പോൾ അവർ ഇന്ത്യൻ സ്ത്രീകളെയും കർഷകരെയും പ്രമേയമാക്കി മിഴിവുറ്റ വർണ്ണങ്ങളിൽ ചിത്രം വരച്ചു. ഈ ചിത്രകാരി വളരെ ചെറുപ്പത്തിലേ മരണപ്പെട്ടുവെങ്കിലും ഇന്ത്യൻ ചിത്രകലയിൽ അവർ നല്കിയ മഹത്തായ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടും.



കുറിപ്പുകൾ :

സാവകാശത്തിൽ പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച മധ്യവർഗ്ഗ ജനതയുടെ ചിന്താഗതിയിൽ അഗാധമായ ചില മാറ്റങ്ങൾ സംഭവിക്കുകുയം ചിത്രകാരന്മാരുടെ. ആവിഷ്ക്കാര ങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണത്തിന്റെ വൈകൃതങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് ദേശീയതയുടെ ആശയങ്ങൾ, ദേശീയ അസ്തിത്വത്തിനുള്ള ആഗ്രഹം എന്നിവ അതുവരെയുള്ളതിൽ നിന്നും തീർത്തും വ്യത്യസ്തമായ ചിത്രങ്ങൾ രചിക്കാൻ കാരണമായി.

രണ്ടാം ലോകമഹായുദ്ധ കാലത്ത് 1943-ൽ കൽക്കത്തയിൽ ചിത്രകാരന്മാരായ പാരിതോഷ്സെൻ, നിരോദ മജുംദാർ, പ്രദോഷ് ദാസ് ഗുപ്ത എന്നിവർ ഒരു ചിത്രകലാസംഘം രൂപീകരിച്ചു. അവർ ചിത്രകലയിലൂടെ ഇന്ത്യൻ ജനതയുടെ അവസ്ഥ വരച്ചുകാട്ടി.

1948-ൽ ബോംബെയിൽ ഫ്രാൻസിസ് ന്യൂട്ടൻ സോസയുടെ നേതൃത്വത്തിൽ പ്രോഗ്രസ്സീവ് ആർട്ടിസ്റ്റ് ഗ്രൂപ്പ് രൂപീകരിച്ചത് മറ്റൊരു ശ്രദ്ധേയമായ വികാസമായിരുന്നു. എസ്സ്. എച്ച്. റാസ, എം.എഫ്. ഹുസൈൻ, കെ.എം. ആറ, എസ്.കെ. ബക്രേ, എച്ച്.എ. ഗോഡ എന്നിവരുൾപ്പെട്ടതായിരുന്നു ഈഗ്രൂപ്പ്. ഇവർ ബംഗാൾ സ്കൂൾ ഓഫ് ആർട്സ് വിട്ടുനിന്നവരായിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ ശക്തമായ ആധുനിക കലയെ ഇവർ പ്രതിനിധീകരിച്ചു.

1970-കളിൽ ചിത്രകാരന്മാർ തങ്ങളുടെ ചുറ്റുപാടുകളെ വിമർശനാത്മകമായി വിലയിരുത്താൻ തുടങ്ങി. ദാരിദ്ര്യം, അഴിമതി, രാഷ്ട്രീയ മൂല്യച്യുതി, വർഗ്ഗീയ സംഘർഷങ്ങൾ മറ്റ് നാഗരിക പ്രശ്നങ്ങൾ എന്നിവ ചരിത്രകാരന്മാർക്ക് പ്രതിപാദ്യവിഷയങ്ങളായി.

ദേബിപ്രസാദ് റോയി ചൗധരിയുടെയും കെ.സി.എസ്സ്. പണിക്കരുടെയും നേതൃത്വത്തിൽ മദ്രാസ് സ്ക്കൂൾ ഓഫ് ആർട്ട്സ് സ്വാതന്ത്ര്യാനന്തര കാലഘട്ട ഇന്ത്യയിലെ ഒരു സുപ്രധാന കലാകേന്ദ്രമായി കടന്നുവന്നു. കൂടാതെ പുതിയ തലമുറയിലെ ആധുനിക കലാകാരന്മാരെ സ്വാധീനിച്ചു.

ഇന്ത്യയിലെ അറിയപ്പെടുന്ന മറ്റു ചിത്രകാരന്മാർ ആയിരുന്നു തെയ്യിബ് മേത്ത, സതീഷ് ഗുജറാൾ, കൃഷ്ണൻ ഖന്ന, മഞ്ജു ബാവ, കെ.ജി. സുബ്രഹ്മണ്യൻ, അഞ്ജലി ഇള മേനോൻ, അക്ബർ പദംബി, ജിതിൻ ദാസ്, ജഹാംഗീർ സാബാവാലാ, എ.രാമചന്ദ്രൻ എന്നിവർ.

ഇന്ത്യൻ ചിത്രകല, സംഗീതം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സ്ഥാപിച്ച രണ്ട് ഗവൺമെന്റ് സ്ഥാപനങ്ങളുണ്ട്. ഒരു മേൽക്കൂരയ്ക്ക് കീഴിൽ ആധുനിക കലകളുടെ വിശാലമായ ഒരു ശേഖരംതന്നെയുള്ള നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ട്. രണ്ടാമത്തേത്, ലളിത കലാ അക്കാദമി കലാപരമായി വിവിധ മേഖലകളിൽ ഉള്ള കലാകാരന്മാർ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

## 11.1 പാഠഭാഗചോദ്യങ്ങൾ

താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. മധ്യപ്രദേശിൽ ഉൾഖനനത്തിലൂടെ കണ്ടെത്തിയ പ്രശസ്ത സൈറ്റ് ഏതാകുന്നു?

---

2. പ്രാചീന ഇന്ത്യയിൽ ബുദ്ധ സാഹിത്യത്തിലും ബ്രാഹ്മണ സാഹിത്യത്തിലും

കുറിപ്പുകൾ :

കണ്ടെത്തിയ മൂന്ന് രീതിയിലുള്ള ചിത്രങ്ങൾ ഏതെല്ലാമായിരുന്നു?

3. എവിടെയെല്ലാമായിരുന്നു ദുലിദ് ചിത്ര ഛായാചിത്രങ്ങൾ സാധാരണയായി വരച്ചത്?

4. അജന്താ ഗുഹചിത്രങ്ങളിലെ പ്രമേയം എന്തായിരുന്നു?

5. ആറ്, ഒൻപത് നൂറ്റാണ്ടുകളിൽ ബുദ്ധചിത്രകലകൾ കണ്ടെത്തിയ രണ്ട് സ്ഥലങ്ങളുടെ പേരെഴുതുക?

6. എന്താകുന്നു സൂക്ഷ്മ ചിത്രകല?

7. മധ്യകാലഘട്ടത്തിൽ ചിത്രംവരക്കാർക്ക് നല്കിയിരുന്ന രാജകീയ പരിരക്ഷ പിൻവലിച്ചതാരായിരുന്നു?

8. പട്ടണത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ കലാകാരൻമാരുടെ ചിത്രങ്ങളിലെ പ്രമേയങ്ങൾ എന്തെല്ലാമായിരുന്നു?

9. ഇന്ത്യയിൽ കലയും സംഗീതവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിച്ച ഗവൺമെന്റ് പ്രസ്ഥാനങ്ങളുടെ പേരുകൾ എഴുതുക?

10. പട (Pata) ചിത്രകലക്ക് പേരുകേട്ട സംസ്ഥാനം ഏത്?

11. ശാന്തിനികേതനിൽ രവീന്ദ്രനാഥ് ടാഗോർ ആരംഭിച്ച സ്ഥാപനത്തിന്റെ പേര്?

12. എന്തിലാണ് ട്രാവൻകൂറിലെ രാജാരവിവർമ്മയുടെ പ്രശസ്തി?

## 11.4 അലങ്കാര കല

കടലാസിലോ കാൻവാസിലോ മാത്രമായി ഒതുങ്ങിയിരുന്നില്ല ഇന്ത്യൻ ചിത്രകലാ പാടവം. ഗ്രാമീണമേഖലയിലെ വീടുകളുടെ ചുമരുകളിൽപോലും അലങ്കാരചിത്രങ്ങൾ വരക്കുന്നത് ഒരു പതിവ്കാഴ്ചയാണ്. പൂജാവേളകളിലും വിശേഷ അവസരങ്ങളിലും തറകളിൽ അലങ്കാരചിത്രങ്ങൾ വരക്കുന്നു. ഉത്തരേന്ത്യയിൽ രംഗോളി എന്നും ബംഗാളിൽ അല്പന എന്നും ഉത്തരാഞ്ചലിൽ അയിപൻ എന്നും കർണ്ണാടകത്തിൽ രംഗവല്ലി എന്നും തമിഴ്നാട്ടിൽ കോലം എന്നും മധ്യപ്രദേശിൽ മണ്ഡാന എന്നും ഇത്തരം അലങ്കാര മാതൃകചിത്രങ്ങൾ അറിയപ്പെടുന്നു. സാധാരണ ഇത്തരം ചിത്രങ്ങൾ അരിപ്പൊടി



കുറിപ്പുകൾ :

ഉപയോഗിച്ചാണ് വരക്കാറ്. വർണ്ണങ്ങളും പുഷ്പങ്ങളും ഉപയോഗിച്ച് ഇത്തരം ചിത്രങ്ങൾ വർണ്ണാഭമാക്കാറുണ്ട്.

വീടിന്റെ ചുമരുകളും കുടിലുകളും അലങ്കരിക്കുന്നതും ഒരു പഴയ പാരമ്പര്യമാണ്. താഴെപറയുന്നവ ഇത്തരം ഗ്രാമീണ കലകൾക്ക് ഉദാഹരണങ്ങളാണ്.

## 11.5 മിഥില ചിത്രകല

ബീഹാറിലെ മിഥില പ്രദേശത്തെ ഒരു പാരമ്പര്യ ചിത്രകലാരൂപമാണ് മധുബനി ഗ്രാമീണകല എന്നപേരിൽ അറിയപ്പെടുന്ന മിഥില ചിത്രകല. ഇവ നിർമ്മിക്കുന്നത് ഗ്രാമീണ സ്ത്രീകളാണ്. കുറച്ച് മണ്ണിന്റെ നിറങ്ങളോടൊപ്പം പച്ചകറി നിറങ്ങളും ചേർത്ത് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ത്രിമാനത്വം സൃഷ്ടിക്കുന്നു. പശുവിന്റെ ചാണകം മെഴുകിയ പേപ്പറുകളിൽ കറുത്ത വരകൾ ഉപയോഗിച്ച് മിനുക്കി പൂർത്തീകരിക്കുന്നു. സീതയുടെ നാടുകടത്തൽ രാമലക്ഷ്മണന്മാരുടെ വനവാസം എന്നീ കഥകളോ, ലക്ഷ്മി, ഗണേശൻ, ഹനുമാൻ തുടങ്ങിയ ഹിന്ദു ഐതീഹ്യ കഥാപാത്രങ്ങളുടെ ചിത്രങ്ങളോ ആയിരുന്നു ഇത്തരം ചിത്രങ്ങളിലെ പ്രമേയങ്ങൾ. മധുബനി ചിത്രങ്ങൾ സാങ്കല്പികങ്ങളാണ്. ഇതിലെല്ലാം ഉപരിയായി സൂര്യനും ചന്ദ്രനും പോലെയുള്ള ദിവ്യമായ ചിത്രങ്ങളും സ്ത്രീകൾ വരയ്ക്കുന്നു. തുളസി പോലെയുള്ള വിശുദ്ധ സസ്യങ്ങളും ഈ ചിത്രങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. സാമൂഹിക സംഭവങ്ങൾ, വിവാഹം, രാജസദസ്സുകൾ എല്ലാം അവർ ചിത്രീകരിക്കുന്നു. ആദ്യം ചിത്രകാരി ചിന്തിക്കുന്നു. അതിനുശേഷം അവർ വരക്കുന്നു. അവരുടെ ചിന്ത ആ രൂപങ്ങൾ കൃത്യമായി വ്യാഖ്യാനിക്കുന്നതിൽ ഒരു കപടതയും ഉണ്ടായിരുന്നില്ല. കാഴ്ചയിൽ അവ പ്രതിബിംബങ്ങളായിരുന്നു. അവ നമ്മോട് വരകളിലൂടെ നിറങ്ങളിലൂടെ സംസാരിക്കുന്നു. ജീവിത ചക്രത്തിലെ പ്രത്യേക സംഭവങ്ങളോ അല്ലെങ്കിൽ സീസണൽ ആഘോഷങ്ങളോ സൂചിപ്പിക്കുന്നതിന് ഗ്രാമഭിത്തികളിലോ വീടുകളുടെ ഭിത്തികളിലോ ചില അനുഷ്ടാനങ്ങൾക്കോ ഉത്സവങ്ങൾക്കോ വേണ്ടി വരയ്ക്കപ്പെടുന്നവയാണിവ. സങ്കീർണ്ണമായ സസ്യജാലങ്ങൾ, മൃഗങ്ങൾ ഒരു കലാരൂപത്തിനു വിഷയമായ പക്ഷികൾ എന്നിവ ക്ഷേത്രഗണിത മാതൃകകളോടൊപ്പം കണ്ടെത്തിയിരുന്നു. ചിലപ്പോൾ അമ്മമാർ തങ്ങളുടെ മക്കൾക്ക് വിവാഹസമ്മാനമായി ഇത്തരം ചിത്രങ്ങൾ നൽകുക സവിശേഷമായ ഒരു പതിവായിരുന്നു. ഈ ചിത്രങ്ങൾ നല്ല ഒരു കുടുംബജീവിതം നയിക്കുന്നതിനുള്ള ഉപദേശം നല്കുന്നവകൂടിയായിരുന്നു. ചിത്രത്തിന് ഉപയോഗിച്ച വർണ്ണങ്ങളിൽ നിന്ന് ഏത് വിഭാഗമാണീ ചിത്രങ്ങൾ വരച്ചതെന്ന് തിരിച്ചറിയാനാവും. ഉയർന്ന വിഭാഗക്കാരുടെ ചിത്രങ്ങൾ വർണ്ണശബള(ശോഭ)മായിരിക്കും. താഴെക്കിടയിലുള്ളവർ വരയ്ക്കുന്ന ചിത്രങ്ങൾ കറുപ്പും ചുവപ്പും നിറങ്ങളായിരിക്കും. ഗ്രാമങ്ങളിലെ സ്ത്രീകൾ തങ്ങളുടെ ചിത്രകലയുടെ സാങ്കേതികവിദ്യ ഗർവ്വോടും സുരക്ഷിതമായും സംരക്ഷിച്ചിരുന്നു, അമ്മമാർ തങ്ങളുടെ പെൺമക്കൾക്കുവേണ്ടി പകർന്നു നൽകുന്നതിനായി.

ഈയടുത്തകാലത്ത് സമ്മാന വസ്തുക്കൾ അലങ്കരിക്കുന്നതിനും, ആശംസാ കാർഡുകൾ അലങ്കരിക്കുന്നതിനും മധുബനി കലകൾ ഉപയോഗിച്ചിരുന്നു. ഗ്രാമീണ സ്ത്രീകൾക്ക് ഇത് ഒരു വരുമാനമാർഗ്ഗവും കൂടിയായിത്തീർന്നു.

## 11.6 കലംകാരി ചിത്രകല

കലംകാര എന്നവാക്കിന്റെ സാഹിത്യാത്മകമായ അർത്ഥം കലം(പേന) ഉപയോഗിച്ച് ചിത്രംവരയ്ക്കുന്നു എന്നാണ്. ഈ കല പുരോഗതി പ്രാപിച്ചു തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കടന്നുപോയി. ഈ ചിത്രകലാരൂപം വളർച്ച

പ്രാപിച്ചത് ആന്ധ്രാപ്രദേശിലാണ്. ഈ ചിത്രകല കൈകൾകൊണ്ട് രചിക്കുന്നതും കൂടാതെ പച്ചക്കറി ഛായങ്ങൾ തുണിത്തരങ്ങളിൽ ബ്ലോക്കുകൾ ഉപയോഗിച്ച് അച്ചടിക്കുന്നതും ഉണ്ട്. ശ്രീകാളഹസ്തി എന്ന ഒരു ചെറിയ പ്രദേശമാണ് ഈ ചിത്രകലയ്ക്ക് പേരുകേട്ട സ്ഥലം ആന്ധ്രാപ്രദേശിലെ മാസുലിപട്ടണം എന്ന സ്ഥലത്തും ഈ ചിത്രകല കണ്ടെത്തിയിട്ടുണ്ട്. ഈ ചിത്രകലപ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നത് ക്ഷേത്രങ്ങളുടെ ഉൾഭാഗം ഛായംതേച്ചുമിനുക്കിയ തുണിത്തരങ്ങൾ പാനലുകളായി അലങ്കരിക്കുന്നതിലാണ്. വിജയനഗര രാജാക്കന്മാരുടെ പ്രോത്സാഹനത്തിൻ കീഴിൽ 15-ാം നൂറ്റാണ്ടിൽ വളർച്ച പ്രാപിച്ചതാണ് ഈ ചിത്രകല. ഹിന്ദുമത ഐതീഹ്യങ്ങൾ, മഹാഭാരതം, രാമായണം എന്നിവയിൽ നിന്നാണ് ഇതിന് വിഷയങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഇത് പിതാവിൽനിന്ന് പുത്രന്മാരിലേക്ക് തുടർച്ചയായി പകർന്നു നൽകുന്ന പൈതൃക സമ്പത്താണിത്. ചിത്രകലയ്ക്കുള്ള വിഷയം തീരുമാനിച്ചുകഴിഞ്ഞാൽ തുടർച്ചയായി ഒന്നിനുപുറകേ ഒന്നായി രംഗങ്ങൾ ചിത്രീകരിക്കുന്നു. ഓരോ രംഗങ്ങളുടെയും അരികുകൾ ചുറ്റും പുഷ്പാലംകൃതമാക്കുന്ന കലയാണിത്. ഈ ചിത്രകല നിർമ്മിക്കുന്നത് വസ്ത്രങ്ങളിലാണ്. ഇവ വളരെ ഈടുനിൽക്കുന്നതും പ്രമേയത്തിന്റെ അർത്ഥവും വ്യാപ്തിയും അനുസരിച്ച് വലിപ്പത്തിന്റെ കാര്യത്തിൽ അയവുള്ളതാണ് ഈ ചിത്രകല. ദേവതകളുടെ ചിത്രങ്ങൾക്കു ചുറ്റും വളരെ വലിയ അരികുകൾകൊണ്ട് അലങ്കരിക്കുന്നു. ക്ഷേത്രങ്ങൾക്കുവേണ്ടിയാണ് ഇവ നിർമ്മിക്കുന്നത്. ഗോൾകോണ്ടയിലെ മുസ്ലിം ഭരണാധികാരികളോട് നാം കടപ്പെട്ടിരിക്കുന്നു കാരണം പേർഷ്യൻ ചിത്രകലകളും മാതൃകകളും മാസുലിപട്ടണത്തിലെ കലംകാരി ചിത്രകലയെ വളരെ വിശാലമായി സ്വാധീനിച്ചിരിക്കുന്നു. ചിത്രകലയുടെ രൂപരേഖകളും പ്രധാനപ്പെട്ട സവിശേഷതകളും രൂപീകരിക്കപ്പെട്ടിരിക്കുന്നത് കൈകൾകൊണ്ട് കൊത്തിയുണ്ടാക്കിയ ബ്ലോക്കുകളായാണ്. അവസാനമായി മിനുക്കുപണികൾ ചെയ്യുന്നത് പേന ഉപയോഗിച്ചാണ്. ഈ കല ആരംഭിച്ചത് തുണിത്തരങ്ങളിലും ബെഡ്കവറുകളിലും കർട്ടനുകളിലും ആണ്. കലാകാരന്മാർ ഉപയോഗിക്കുന്നത് മുളയോ അല്ലെങ്കിൽ ഈന്തപ്പന കൊണ്ടുണ്ടാക്കിയ വടിയാണ്. ഒരറ്റത്ത് മൂർച്ചയുള്ളതും മറ്റേയറ്റത്ത് ഒരുകൂട്ടം മുടി ചേർത്തുവച്ചിരിക്കുന്നു ഒരു ബ്രഷ്പോലെ അല്ലെങ്കിൽ പേനയായി ഉപയോഗിക്കുന്നു.

കലംകാരിഛായങ്ങൾ ലഭിക്കുന്നത് ഇലകൾ, സസ്യങ്ങളുടെ വേരുകൾ, കൂട്ടത്തിൽ ടിൻ, ചെമ്പ് ലെവണങ്ങൾ, ആലം മുതലായവയുടെ സത്തിൽ നിന്നാണ്.

### ഒറീസ്സാ പടചിത്രം

കാലിഘട്ട് പടങ്ങളോട് സാമ്യമുള്ള പടങ്ങൾ ഒന്നിനുപുറകേ മറ്റൊരു മാതൃകയായി ഒറീസ്സാ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്. ഒറീസ്സാ പടചിത്രങ്ങൾ പ്രധാനമായും വസ്ത്രങ്ങളിലാണ് വരക്കുന്നത്. ഇവയിൽ പ്രധാനമായും ഹിന്ദു ദേവന്മാരുടെയും ദേവതകളുടെയും കഥകൾ വളരെ വിശദമായും വർണ്ണാഭമായും ചിത്രീകരിക്കുന്നു.

### ഫാഡ് ചിത്രങ്ങൾ

ഫാഡ് ഒരുതരത്തിലുള്ള ചുരുളുകൾപോലെയുള്ള ചിത്രകലയാകുന്നു.

### ഇന്ത്യൻ ചിത്രകല

ഇത്തരം ചിത്രമെഴുത്ത് രാജസ്ഥാനിലെ വളരെ പ്രശസ്തമായ ചിത്രകലയാണ്. ഇത് മുഖ്യമായും ബിൽ വാര ജില്ലയിലാണ് കാണപ്പെടുന്നത്. ഫദ് ചിത്രകല ഒരു വീര നായകന്റെ വീരേതിഹാസങ്ങൾ, ഒരു കർഷകന്റെ നിത്യ ജീവിതം,

ഗ്രാമീണ ജീവിതം, മൃഗങ്ങളും പക്ഷികളും, സസ്യലതാദികൾ എന്നിവയാണ് ചിത്രീകരിക്കുന്നത്. പ്രകാശ പൂർണ്ണമായതും, സൂക്ഷ്മമായതുമായ നിറങ്ങൾകൊണ്ടുള്ള സൃഷ്ടികളാണ് ഈ ചിത്രങ്ങൾ. കറുത്ത നിറം കൊണ്ട് ആദ്യം രൂപരേഖ വരയ്ക്കുകയും പിന്നീട് നിറം കൊടുക്കുകയുമാണ് ചെയ്യുന്നത്. മുൻമഹാരാജാക്കന്മാരുടെ കഥകളും, ദേവന്മാരും അവരെകുറിച്ചുള്ള ഐതീഹ്യങ്ങളുമാണ് ഫദ് ചിത്രകലയുടെ ഇതിവൃത്തം. അസംസ്കൃത നിറങ്ങളാണ് ഇതിൽ ഉപയോഗിക്കുന്നത്. തടിച്ച രേഖകളും രൂപങ്ങളും ചിത്രങ്ങളോടുള്ള ദ്വിമാന സമീപനവുമാണ് ഫദ് ചിത്രകലയുടെ അദ്വിതീയമായ സവിശേഷത.

ഫദ് ചിത്രകലയ്ക്ക് ഏകദേശം 700 വർഷത്തെ പഴക്കമുണ്ട്. രാജസ്ഥാനിലെ ബിൽവാരയിൽ നിന്നും 35 കിലോമീറ്റർ ദൂരമുള്ള ഷഹപുരയിലാണ് ഇതിന്റെ ഉത്ഭവം. രാജാക്കന്മാരിൽ നിന്നുള്ള നിരന്തരമായ പരിരക്ഷയാണ് തലമുറകളോളം നിലനില്ക്കുന്നതിന് ഇതിനു സഹായകമായത്.

### ഗോൺഡ് കല

വളരെ സൂക്ഷ്മവും പരിഷ്കൃതവുമായ കലയ്ക്ക് ജന്മം കൊടുത്തവരാണ് ഇന്ത്യയിലെ സന്താൾ വർഗ്ഗക്കാർ. ഗോദാവരി തീരത്തുള്ള ഗോൺഡ് വർഗ്ഗക്കാർ സന്താളികളെപ്പോലെ പഴക്കമുള്ളവരും ചിത്രരചനയിൽ പ്രഗത്ഭരുമായിരുന്നു.

ബടിക് ചിത്രകല

എല്ലാ ഗ്രാമീണ കലകളും കരകൗശലജോലികളും ഇന്ത്യയിൽ ഉത്ഭവിച്ചതല്ല. ബാടിക്പോലെയുള്ള ചില കരകൗശലവിദ്യകൾ പൗരസ്ത്യ നാടുകളിൽ നിന്നും ഇറക്കുമതിചെയ്തതാണ്. പിന്നീട് ഇവയെല്ലാം ഭാരതവല്കരിക്കുകയും ഇന്ത്യൻ ബാടിക് ഇപ്പോൾ വളരെ പക്വതയാർജ്ജിച്ച് കൂടുതൽ ജനപ്രിയവും ചെലവേറിയതുമാണ്.

### പാഠഭാഗ ചോദ്യങ്ങൾ 11.2

താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. താഴെപ്പറയുന്ന അലങ്കാരകലകളെ അവയുടെ ഉത്ഭവ സംസ്ഥാനവുമായി ചേർത്തെഴുതുക?

| എ | ബി |
|---|---|
| രംഗോളി | തമിഴ്നാട് |
| അൽപന | മധ്യപ്രദേശ് |
| എയ്പാൻ | ഉത്തരേന്ത്യ |
| രംഗവല്ലി | ബംഗാൾ |
| കുല്ലം | ഉത്തരാഞ്ചൽ |
| മന്ദന | കർണ്ണാടക |

2. പെൺകുട്ടികളെ ഏതുചിത്രകലയിലൂടെയാണ് ഉപദേശിച്ചിരുന്നത്?

*കുറിപ്പുകൾ :*

3. എങ്ങനെയാണ് കലങ്കാരി ചിത്രകല ചെയ്തിരുന്നത്?

4. കലങ്കാരി ചിത്രകലയ്ക്ക് പ്രശസ്തമായ സ്ഥലമേത്?

## 11.7 വർളി ചിത്രകല

മഹാരാഷ്ട്രയിലെ ഒരു ഗോത്രചിത്രകലാരൂപമാണിത്. ഗോണ്ട , കോൽ, ഗോത്രങ്ങളുടെ വീടുകളുടെ ചുവരുകളും തറകളും ആരാധനാ സ്ഥലങ്ങളും ഇത്തരം ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കപ്പെടുന്നു. വിശേഷ ആഘോഷവേളകളിൽ സ്ത്രീകൾ തങ്ങളുടെ ഒരു പതിവായി ഇത്തരം ചിത്രങ്ങൾ നിർമ്മിക്കുന്നു. പ്രമേയങ്ങൾ മതപരവും, പരമ്പരാഗതവുമായിരിക്കും. ലളിതമായതും എളുപ്പം ലഭിക്കാവുന്നതുമായ വസ്തുക്കൾ ഉപയോഗിച്ച് വെള്ളനിറത്തിൽ അരിമാവും പച്ചക്കറിപ്പശയും ചേർത്ത് പരന്നതും വിപരീതവുമായ പശ്ചാത്തലത്തിൽ വരയ്ക്കുന്ന ഇത്തരം ചിത്രങ്ങൾ വൃത്തം, ത്രികോണം, ചതുരം എന്നീ ജ്യാമിതീയ ആകൃതികളിലായിരിക്കും. സസ്യലതാദികളും ജനങ്ങളുടെ നിത്യജീവിതവും ഇത്തരം ചിത്രങ്ങളുടെ ഭാഗമാകാറുണ്ട്. വർത്തുളാകൃതിയിൽ വിഷയാടിസ്ഥാനത്തിൽ ഇത്തരം ചിത്രങ്ങൾ വികസിപ്പിക്കാറുണ്ട്. വർളി ജീവിതശൈലിയുടെ താളം ലളിതമായ ബിംബങ്ങളിലൂടെ മനോഹരമായി ഒപ്പിയെടുക്കുന്നു. മറ്റുഗോത്രകലാരൂപങ്ങളിൽ നിന്നും വ്യത്യസ്തമായി വർളി ചിത്രകലയിൽ മതപരമായ ബിംബങ്ങളില്ല. മറിച്ച് ഇത് തികച്ചും മതേതര കലാരൂപമാണ്.

## 11.8 കാളിഘട്ട് ചിത്രകല

കൽക്കത്തയിലെ കാളീക്ഷേത്രത്തിന് സമീപമുള്ള ഒരു അങ്ങാടിയാണ് കാളീഘട്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രാമീണ ബംഗാളിലെ പട്ടുവ ചിത്രകാരന്മാർ ദേവീദേവന്മാരുടെ പ്രതിരൂപം നിർമ്മിക്കാൻ കാളീഘട്ടിൽ കുടിയേറി. ജലഛായം ഉപയോഗിച്ച് കടലാസുകളിലാണ് ഇത്തരം ചിത്രങ്ങൾ വരച്ചിരുന്നത്. കാളി, ലക്ഷ്മി, കൃഷ്ണൻ, ഗണേശൻ, ശിവൻ മറ്റ് ദേവീദേവൻമാർ തുടങ്ങിയവയായിരുന്നു വിഷയങ്ങൾ, ഈ പ്രക്രിയയിൽ കലാകാരന്മാർ അതുല്യമായതും പുതിയതുമായ ഒരു ആവിഷ്ക്കാര രൂപം വികസിപ്പിച്ചു. ബംഗാളിന്റെ സാമൂഹ്യജീവിതത്തിലെ വ്യത്യസ്തവിഷയങ്ങൾ അവരുടെ പ്രമേയങ്ങളായി. ഇതേ തരത്തിലുള്ള പട്ട ചിത്രകല ഒറീസ്സായിലും കാണാവുന്നതാണ്.

ആവശ്യക്കാർ വർദ്ധിച്ചപ്പോൾ ചിത്രകാരന്മാർ ഹിന്ദുദേവന്മാർക്ക് പകരം സമകാലീന സാമൂഹ്യ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങൾ പ്രമേയ വിഷയങ്ങളാക്കി, ഫോട്ടോഗ്രാഫിയുടെ കണ്ടെത്തൽ, പാശ്ചാത്യരീതിയിലുള്ള നാടകാഭിനയം, ബ്രിട്ടീഷ് കോളനിഭരണത്തിന്റെ ഫലമായി വളർന്ന ബാബുസംസ്ക്കാരം എന്നിവ ഈ കലാരൂപത്തിനു പ്രചോദനമായി. കൽക്കത്തയിലെ പുത്തൻപണക്കാരുടെ സവിശേഷ ജീവിതരീതിയും ഇവർക്ക് പ്രചോദനം നല്കി. ബംഗാളി സാഹിത്യത്തിലെയും നടനവേദിയിലെയും, ദൃശ്യവേദിയിലെയും നടുത്തളത്തിൽ പുതിയ ഒരു ചിത്രവിധാനത്തിന് ഈ പ്രചോദനം ജന്മം നല്കി. കാളിഘട്ട് ചിത്രകല ഈ മാറ്റത്തിനു ഉത്തമ ഉദാഹരണമാണ്. ആദ്യകാല ദൈവ മാതൃകകളെ അടിസ്ഥാനമാക്കികൊണ്ട്.

കുറിപ്പുകൾ :

പ്രതിമകളും, കൊട്ടാരദാസികളും, നടികളും, കഥാനായികമാരും, ഡംഭുകാരായ ബാബുമാരും, ദുരഭിമാനിയായ സുന്ദരന്മാരും ഈ ചിത്രകലയ്ക്ക് പ്രമേയമായി. ഈപ്രതിപാദ്യ വിഷയങ്ങളുടെ ഉടയാടകളും കേശാലങ്കാരവും ഹുക്കയും സിത്താർ വാദനവും എല്ലാ അർത്ഥത്തിലും ഉജ്ജ്വലമാക്കിക്കൊണ്ട് കലാകാരന്മാർ, ചിത്രങ്ങളുടെ വമ്പിച്ച ഒരു ശേഖരം തന്നെ സൃഷ്ടിച്ചു.

## 11.9 ഇന്ത്യയിലെ കരകൗശല വസ്തുക്കൾ

അതിവിശിഷ്ടമായ കരകൗശല വസ്തുക്കളുടെ സവിശേഷമായ ഖജനാവാണ് ഇന്ത്യ. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ലളിതമായ വസ്തുക്കൾ കൊണ്ട് അതിസൂക്ഷ്മമായ മാതൃക നിർമ്മിച്ചുകൊണ്ട് കലാകാരന്മാർ അവരുടെ കരവിരുത് തെളിയിക്കുന്നു. ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിനും ആപ്രദേശത്തിനുമാത്രം സ്വന്തമായ കരകൗശലവസ്തുക്കൾ സ്വന്തമായിട്ടുണ്ട്. കാശ്മീർ ചിത്രത്തുന്നലുള്ള ഷാളുകൾ, സിൽക്ക്, പരവതാനി, മരപ്പണികൾ എന്നിവയ്ക്ക് പ്രസിദ്ധമാണ്. രാജസ്ഥാൻ വസ്ത്രങ്ങൾ, വിലപിടിപ്പുള്ള കല്ലുകൾ പതിച്ച ആഭരണങ്ങൾ, തിളങ്ങുന്ന മൺപാത്രങ്ങൾ, മിനാകരി പണിത്തരങ്ങൾ എന്നിവയ്ക്കുപേരുകേട്ടതാണ്. ആന്ധ്രാ പ്രദേശ് ബിദ്രി പണിത്തരങ്ങൾക്കും പൊച്ചംപള്ളി സാരികൾക്കും, തമിഴ്നാട് വെങ്കലപ്രതിമകൾക്കും, കാഞ്ചിപുരം സാരികൾക്കും പ്രസിദ്ധമാണ്. മൈസൂർ സിൽക്കിനും ചന്ദനത്തിനും, കേരളം ദന്തനിർമ്മിത വസ്തുക്കൾക്കും, ഈട്ടി മരംകൊണ്ടുള്ള പണിത്തരങ്ങൾക്കും പ്രസിദ്ധമാണ്. മധ്യപ്രദേശിലെ ചന്ദേരി, കോസ സിൽക്കുകൾ , ലക്നൗ ലി ചികാൻ പണിത്തരങ്ങൾ; ചിത്രപ്പണികളോടുകൂടിയ ബനാറസ് സിൽക്സാരികൾ, അസ്സാമിലെ മുളകൊണ്ടുള്ള പണിത്തരങ്ങൾ ബംഗാളിലെ ടെറാകോട്ട. കൈത്തറിയിനങ്ങൾ എന്നിവയെല്ലാം ആധുനിക ഇന്ത്യയുടെ പൈതൃകത്തിൽ ഉൾക്കൊള്ളുന്നു. ഈ കലകൾ ആയിരക്കണക്കിന് വർഷങ്ങളായി വളർന്നുവന്നവയും നിരവധി കരകൗശലവിദഗ്ധർക്കു തൊഴിൽ പ്രദാനം ചെയ്യുകയും ചെയ്തിരുന്നു. ഇവർ ഇത് വരും തലമുറയ്ക്ക് കൈമാറിക്കൊണ്ടിരുന്നു. ഇന്ത്യൻ കരകൗശല വിദഗ്ധരുടെ കൈകളുടെ മാന്ത്രിക സിദ്ധിയിൽ ഒരു കഷണം ലോഹമോ, മരമോ, ദന്തമോ നിഷ്പ്രയാസം ഒരു കരകൈശല വസ്തുവായി മാറുന്നു.

### പാഠഭാഗ ചോദ്യങ്ങൾ 11.3

1. എവിടെയാണ് വർളി ചിത്രകല കാണാൻ കഴിയുന്നത്?

2. വർളിചിത്രകലയ്ക്ക് പ്രസിദ്ധമായ ഗോത്രമേത്?

3. വർളി ചിത്രകലയുടെ പ്രത്യേകത എന്ത്?

4. കാശ്മീർ സംസ്ഥാനത്തിന്റെ തനതായ കരകൗശല രൂപങ്ങളേതെല്ലാം?

കുറിപ്പുകൾ :

## നിങ്ങളെന്തുപഠിച്ചു.

* ഇന്ത്യൻ ചിത്രകലയുടെ പുരാതന മാതൃകകൾ ചരിത്രാതീതകാലത്തു തന്നെ കണ്ടെത്താവുന്നതാണ്.
* ബുദ്ധ-ബ്രാഹ്മണ സാഹിത്യ രചനകളിൽ വിവിധതരം ചിത്രകല കളെക്കുറിച്ചും അതിന്റെ സങ്കേതങ്ങളെ ക്കുറിച്ചും പരാമർശിക്കപ്പെടുന്നു.
* പശ്ചിമ ഡക്കാനിലെയും അജന്തയിലെയും ബുദ്ധന്മാരുടെ പാറതുര ന്നുള്ള ശിലാഗുഹകൾ അവരുടെ ചുവർ ചിത്രകലയ്ക്ക് പ്രസിദ്ധങ്ങ ളാണ്.
* ഇന്ത്യൻ ചിത്രകലയും, പേർഷ്യൻ പാരമ്പര്യവും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു പുതിയ കാലഘട്ടത്തിന് മുഗൾ ഭരണാധികാരികൾ തുടക്കം കുറിച്ചു.
* രാജസ്ഥാനി, പഹാരി ചിത്രകലാ വിഭാഗം ഇന്ത്യൻ ചിത്രകലയെ സമ്പൂർണ്ണമാക്കുന്നതിൽ വിലപ്പെട്ട സംഭാവനകൾ നല്കി.
* പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും, പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭകാല ഘട്ടത്തിലും ഇന്ത്യൻ പ്രമേയങ്ങളെ അടിസ്ഥാന പ്പെടുത്തിയ അർദ്ധ പാശ്ചാത്യ നാടൻ ശൈലിയായിരുന്നു ഇന്ത്യൻ ചിത്രകലയ്ക്ക്.
* മദ്രാസ്, ബോംബെ, കൽക്കത്ത തുടങ്ങിയ പ്രമുഖ ഇന്ത്യൻ ആർട്ട് സ്ക്കൂളുകൾ ആരംഭിച്ചതും ബംഗാൾ സ്ക്കൂൾ ഓഫ് ആർട്സ് ആരംഭിച്ചതും ആധുനിക കാലഘട്ടത്തിലെ ഇന്ത്യൻ ചിത്രകലയിലെ നാഴിക കല്ലുകളാണ്.
* പുരോഗമനാശയക്കാരായ ഫ്രാൻസീസ്, ന്യൂട്ടൻ, സോസ, എസ്.എച്ച്. റാസ, എം.എഫ്.ഹുസൈൻ എന്നീ ചിത്രകാരന്മാർ സ്വതന്ത്ര ഇന്ത്യയിലെ ആധുനിക ചിത്രകലയെപ്രതിനിധീകരിക്കാൻ വേണ്ടി ബംഗാൾ സ്ക്കൂൾ ഓഫ് ആർട്സിൽ നിന്നും വിട്ടുപോന്നു.
* ഗ്രാമീണ കലാരൂപങ്ങളായ വർളി ചിത്രകല, മിഥില, കലംകരി, കാളിഘട്ട് ചിത്രകലകൾ ഇന്ത്യൻ ചിത്രകലയ്ക്ക് പുതിയമാനം നല്കി അതിനെ ഉന്നതിയിൽ എത്തിച്ചു.

## പാഠാവസാന അഭ്യാസങ്ങൾ

1. മധ്യ കാലഘട്ടത്തിലെ ചിത്രകലയുടെ വികാസത്തെ നിങ്ങൾ എങ്ങനെ വിവരിക്കും?
2. മധുബാനി കലാരൂപം നിർവചിക്കുക. മധുബാനി ചിത്രകലയിലെ വരകൾ ആശയ സംപുഷ്ടമാകുന്നതെങ്ങനെ?
3. കലംകാരി ചിത്രകലയും മിഥില ചിത്രകലയും തമ്മിൽ വേർതിരിക്കുക?
4. ബംഗാളിലെ വിവിധ സാംസ്കാരിക രൂപങ്ങൾ കാളിഘട്ട് ചിത്ര കലയിൽ ചിത്രീകരിച്ചിരിക്കുന്നു. വിശദമാക്കുക.
5. ഇന്ത്യൻ ശില്പികൾക്ക് അവരുടെ മാന്ത്രിക ശക്തിയാൽ ഒരു ലോഹക്കഷണ ത്തെയും, ഒരു തടിക്കഷണത്തെയും, ദന്തശകലത്തെയും

ഒരു കലാവസ്തുവാക്കി മാറ്റാൻ കഴിയും. വിശദമാക്കുക.

6. ചിത്രകലയ്ക്ക് മുഗളന്മാർ നൽകിയ സംഭാവനകൾ എന്തെല്ലാം?

7. കുറിപ്പെഴുതുക: –

i) കലങ്കാരി ചിത്രകല

ii) പഹാരി ചിത്രകല

iii) കാളിഘട്ട് ചിത്രകല

## ഉത്തരങ്ങൾ

**11.1**

1. ബിംബേട്ക്ക
2. ലെ പിയാസിട്രാസ്, ലെ കാസിട്രാസ്, ലുൾസിട്രാസ്
3. തറയിലാണ് ഇത് ചെയ്തിരുന്നത്.
4. ബുദ്ധ ജാതക കഥകളിൽ നിന്നുമുള്ള രംഗങ്ങളെ ചിത്രീകരിക്കുന്നു.
5. വടക്ക് ബാഗ്, തെക്ക് ബാടാമി (കർണ്ണാടക)
6. ഒരു ചെറിയ പ്രതലത്തിൽ രാമായണത്തിൽനിന്നും, ഐതീഹ്യങ്ങളിൽ നിന്നും, ഋതുക്കളിൽ നിന്നും രാഗമാലികയിൽ നിന്നും എടുത്തിട്ടുള്ള പ്രമേയങ്ങളെ ചിത്രീകരിക്കുന്നു.
7. ഔറംഗസേബ്
8. (മ) ബ്രിട്ടീഷ് ഭരണത്തിന്റെ ദൂഷ്യങ്ങൾ

   (യ) ദേശീയതയുടെ ആശയങ്ങൾ

   (ര) തനതു ദേശീയതയ്ക്കു വേണ്ടിയുള്ള അഭിവാഞ്ച
9. (മ) ആധുനിക കലയുടെ ദേശീയ ഗാലറി

   (യ) ലളിത കലാ അക്കാദമി
10. ഒറീസ സംസ്ഥാനം
11. കലാഭവൻ
12. സാങ്കല്പികവും, സാമൂഹികവുമായ പ്രമേയങ്ങളെ ചിത്രീകരിക്കുന്ന എണ്ണഛായ ചിത്രങ്ങൾ ആധുനിക ഇന്ത്യയിൽ വളരെ പ്രസിദ്ധമാണ്.

**11.2**

| | | | |
|---|---|---|---|
| 1. | രംഗോളി | – | ഉത്തരേന്ത്യ |
| 2. | അൽപന | – | ബംഗാൾ |
| 3. | എയ്പാൻ | – | ഉത്തരാഞ്ചൽ |
| 4. | രംഗവല്ലി | – | കർണ്ണാടക |
| | കുല്ലം | – | തമിഴ്നാട് |
| | മെൻഡന | – | മധ്യപ്രദേശ് |

കുറിപ്പുകൾ :

*കുറിപ്പുകൾ :*

2. മിഥില ചിത്രകല
3. പച്ചക്കറി ചായങ്ങൾ ഉപയോഗിക്കുന്നു.
4. ഇത് ഹൈന്ദവപുരാണ കഥാരംഗങ്ങളെ തുടർച്ചയായി ചിത്രീകരിക്കുന്നു. മേലും കീഴും പുഷ്പാലംകൃത മാതൃകയിൽ ചുറ്റപ്പെട്ടിരിക്കുന്നു.
5. ശ്രീ കൽഹസ്തി

**11.3**

1.) ഇന്ത്യയിലെ മഹാരാഷ്ട്ര സംസ്ഥാനത്തിൽ

2.) ഗോൺസ്, കോൽ ഗോത്രങ്ങൾ

3.) ചിത്രത്തുന്നലുകളോടു കൂടിയ ഷോളുകൾ, പരവതാനികൾ നമദാർ സിൽക്ക്സ്, വാൽനട്ട് ഫർണീച്ചറുകൾ.

# 12

## പ്രകടനകലകൾ :
## സംഗീതം, നൃത്തം, നാടകം

സംഗീതം, നൃത്തം, നാടകം, നാടൻ കലകൾ എന്നിവയാൽ നമ്മുടെ ഇന്ത്യാരാജ്യം സമൃദ്ധമാണ്. ഓ! ആരോ ദോൾ (ഒരു വാദ്യ ഉപകരണം) വായിക്കുന്നു, അവിടെ സംഗീതമുണ്ട്, എന്താണെന്നറിയാൻ നാം അങ്ങോട്ടുപായുന്നു. കൊള്ളാം, സാധാരണയായി എല്ലാ ജനുവരി 13-ാം തീയതിയും ഇന്ത്യയുടെ വടക്കുഭാഗത്ത് നടത്തപ്പെടുന്ന ലോരിയാണ്. ജനങ്ങൾ അത്യധികം ഉത്സാഹത്തോടെ പാടുകയും ആടുകയും ചെയ്യുന്നു. പഞ്ചാബിൽ ഈ നൃത്തത്തെ ബൻഗ്ര യെന്നും ഗിദ്ധ യെന്നും വിളിക്കുന്നു. ഈ നൃത്തവും സംഗീതവും നമ്മുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെ ചിത്രീകരിക്കുന്നു. അവ പണ്ടുകാലത്തെ ഗ്രാമീണ ജനങ്ങളുടെ മത സാമൂഹ്യ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതാണ്. എന്നാൽ ഇപ്പോൾ ആധുനിക നഗര സംസ്കാരത്തിന്റെ ഭാഗമാണ്. അവയെ കൂടാതെയുള്ള ഒരു വിദ്യാലയ പരിപാടിയും പൂർണ്ണമാകില്ല.അവയെല്ലാം തന്നെ നൂറ്റാണ്ടുകൾ പഴക്കമുള്ള ആഘോഷങ്ങളുമായി ബന്ധമുള്ളതും, കാർഷിക സമൂഹത്തിന്റെ ഫല സമൃദ്ധിയ്ക്കുവേണ്ടിയുള്ള അനുഷ്ടാനങ്ങളുമാകാം. അതായത് ഭൂമിയുടെ വളക്കൂറും, കന്നുകാലികളും, സന്താനങ്ങളുടെ ജന്മവും, നിലനില്പും. ആഘോഷങ്ങൾക്ക് ഒട്ടനവധി കാരണങ്ങളുണ്ട് അവയെല്ലാം നിരത്തുക പ്രയാസമാണ്. ആഘോഷങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയെല്ലാം എങ്ങനെ, എന്തിന് എന്നു കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കാവുന്നതാണ്. നിങ്ങൾക്ക് ഈ പ്രവർത്തനം വളരെ രസകരമായിരിക്കും. പക്ഷേ നിങ്ങൾക്കിതിനൊരു പൂർണ്ണവിരാമം ഇടാൻ പറ്റില്ല. എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? കാരണം എണ്ണം അത്രയ്ക്കുവലുതാണ്. കൂടാതെ നമ്മുടെ രാജ്യത്തിന്റെ സംഗീതം, നൃത്തം, നാടകം ഇവ എത്രയെന്നു സങ്കല്പിക്കുക അസാധ്യവുമാണ്.

സമ്പന്നമായ ഒരു സാംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും നാടാണ് ഭാരതം. നമ്മുടെ നാഗരികതയുടെ ഉത്ഭവം മുതൽ സംഗീതവും, ഉപയോഗിക്കുകയും ജനപ്രീതിക്കുവേണ്ടി സംഗീതത്തെയും നൃത്തത്തെയും

നൃത്തവും,നാടകവും നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ്. തുടക്കത്തിൽ ഈ കലാരൂപങ്ങൾ മതത്തിന്റെയും സാമൂഹ്യ പരിഷ്ക്കരണ ങ്ങളുടെയും പ്രചാരണത്തിനുള്ള ഒരു മാധ്യമമായി ഉൾക്കൊള്ളി ക്കുകയുമായിരുന്നു. വേദകാലഘട്ടം മുതൽ മധ്യകാലഘട്ടം വരെ സുകുമാര കലകൾ ജനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന സ്രോതസ്സായി നിലനിന്നിരുന്നു. വേദ ഗീതങ്ങളുടെ ആലാപനത്തിന് കൃത്യമായ നിയമങ്ങൾ വേദ കൃതികളിൽ പ്രതിപാദിക്കുന്നുണ്ട്. വിവിധകീർത്തനങ്ങൾ ആലപിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വൃത്തവും ഉച്ചാരണവും പോലും പ്രതിപാദിക്കുന്നുണ്ട്. സാമൂഹ്യ പരിവർത്തനവും, വിദ്യാഭ്യാസത്തിനുമുപരി

കൂടുതൽ അനുകരണീയമായ അവതരണരീതി അവയിലൂടെ കാണാം. നിലവിൽ, ഈ കലാരൂപങ്ങൾ ലോകമെമ്പാടുമുള്ള ജനങ്ങളുടെ ഒരു വിനോദമാർഗ്ഗമായി മാറിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* പ്രകടന കലകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളും വിശദീകരിക്കാം.

* വൈദിക കാലഘട്ടത്തിലും, മധ്യകാലഘട്ടത്തിലും പ്രകടന കലകളുടെ ഉപയുക്തത വിവരിക്കാം.

* സംഗീതത്തിൽ സൂഫി-ഭക്തി സന്യാസിമാരുടെ സംഭാവനകൾ തിരിച്ചറിയാം.

* ഇന്ത്യൻ സംസ്കാരത്തിന് ക്ലാസിക്കൽ നൃത്തം, നാടോടി നൃത്തം, നാടോടി ഗാനങ്ങൾ എന്നിവയുടെ  സംഭാവനകൾ വിലയിരുത്താം.

* ഇന്ത്യയിലെ നാടകങ്ങളുടെ വിവിധഘട്ടങ്ങളിലുള്ള വളർച്ചയും ഗ്രാമീണ നാടകശാലകളുടെ സംഭാവനകളും വിവരിക്കാം.

* മനുഷ്യ വ്യക്തിത്വ വികസനത്തിൽ ഈ മൂന്നു കലാരൂപങ്ങൾക്കും ഉള്ള പ്രാധാന്യം പരിശോധിക്കാം.

* സംഗീതം, നൃത്തം, നാടകം എന്നിവയുടെ വർത്തമാനകാലത്തെ അവസ്ഥ വിലയിരുത്താം.

## 12.1 പ്രകടനകലാ സങ്കേതം

എന്താണ് കല? മനുഷ്യ മനസ്സിന്റെ എല്ലാ പ്രത്യേകതകളുടെയും സൗന്ദര്യാത്മകമായ പ്രകാശനമാണ് കല. അതായത്, രാസ് എന്ന് ഹിന്ദിയിൽ അറിയപ്പെടുന്ന വ്യത്യസ്തങ്ങളായ വികാരങ്ങൾ; ഹിന്ദിയിൽ റാസ എന്ന പദത്തിന് മധുരപാനീയം എന്നാണർത്ഥം. അത് സൂചിപ്പിക്കുന്നത് ആത്യന്തിക സംതൃപ്തിയായ ആനന്ദമാണ് ! മനുഷ്യ വികാരങ്ങളെ  നവരസങ്ങൾ  എന്നപേരിൽ ഒൻപത് വിഭാഗങ്ങളായി തിരിക്കാം.

അവ:

1. ഹാസ്യം –
2. ഭയാനകം –
3. രൗദ്രം
4. കരുണം
5. വീരം
6. അത്ഭുതം
7. ബീഭത്സം
8. ശാന്തി
9. ശൃംഗാരം എന്നിവയാണ്.





കല പ്രതിഫലിപ്പിക്കുന്നത് മനുഷ്യ വികാരങ്ങൾ അവരുടെ മനസ്സിന്റെ ചട്ടക്കൂടിന്റെ വിവിധ കലാരൂപങ്ങളിലൂടെയുള്ള സ്വയം പ്രകാശനവുമാണ്. അതിനാൽ ബൗദ്ധിക മനസ്സ് കലയുടെ അംശവുമായി ലയിച്ച്, കലയ്ക്കു ജന്മം നല്കുന്നു. ഈ പ്രകാശനം സംഗീതം, നൃത്തം, അഭിനയം, ചിത്രകല, ശില്പകല തുടങ്ങിയ ശൈലികളിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്നു. ഇവയിൽ ചിലത് തത്സമയ പ്രകടനത്തിലൂടെ മറ്റു ചിലത് ദൃശ്യകലകളിലൂടെയും പ്രകടിപ്പിക്കപ്പെടുന്നു. ചിത്രകല ശില്പകല, രേഖാചിത്രങ്ങൾ എന്നിവ ദൃശ്യകലയുടെ വിശേഷണങ്ങളാണ്. സംഗീതം വളരെ പണ്ടുമുതലെ പ്രചാരം നേടിയിട്ടുള്ള ഒരു കലാരൂപമാണ്. (അത് സ, രി, ഗ, മ, പ, ധ, നി)

ഇന്ത്യൻ സംഗീത പാരമ്പര്യത്തിന്റെ ആരംഭം സാമവേദത്തിൽ ദർശിക്കാം. സാമവേദം ഉരുവിടുന്നതിലൂടെയാണ് വാച്യരൂപത്തിലുള്ള സംഗീതം ആവിഷ്കൃതമായത് എന്ന് പൊതുവെ വിശ്വസിച്ചു പോരുന്നു. നടനകലയുമായി മാത്രം ബന്ധപ്പെട്ട ആദ്യഗ്രന്ഥമാണ് ഭരതമുനിയുടെ നാട്യശാസ്ത്രം. ബി.സി. രണ്ടാം നൂറ്റാണ്ടിനും എ.ഡി. രണ്ടാം നൂറ്റാണ്ടിനും ഇടയിൽ രചിച്ച ഈ ഗ്രന്ഥത്തിൽ സംഗീതത്തിനുമാത്രം ആറ് അദ്ധ്യായങ്ങൾ മാറ്റിവെച്ചിരിക്കുന്നു. മറ്റൊരുഗ്രന്ഥം മാതംഗന്റെ ബൃഹദേശി ആണ് (എ.ഡി. 8,9 നൂറ്റാണ്ട്) ആദ്യമായി രാഗങ്ങൾക്ക് പേര് നല്കിയതും, രാഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചതും ഈ ഗ്രന്ഥത്തിലാണ്. 13-ാം നൂറ്റാണ്ടിൽ സാരംഗദേവൻ എഴുതിയ സംഗീത രത്നാകരത്തിൽ 264 രാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ നിരവധി തന്ത്രിവാദ്യോപകരണങ്ങളും, ഊത്തു വാദ്യോപകരണങ്ങളും കണ്ടുപിടിക്കുകയുണ്ടായി. കൈമണി, ചെണ്ട, വീണ, ഓടക്കുഴൽ എന്നിവയെക്കുറിച്ച് പഴയ ഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്. സമുദ്രഗുപ്തൻ, ഭോജരാജാവ്, സോമേശ്വര രാജാവ് തുടങ്ങിയവർ സംഗീതത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഒറീസ്സയിലെ ജയദേവൻ ഗീതാഗോവിന്ദം രചിച്ചു. രാധയുടെയും കൃഷ്ണന്റെയും പ്രേമം പ്രമേയമാക്കി ഈ രാഗ കാവ്യത്തിൽ ഓരോ ഗാനവും ഓരോ രാഗത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. അഭിനവഗുപ്തൻ (993-1055) രചിച്ച അഭിനവഭാരതി സംഗീതത്തെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ നല്കുന്നു. സംസ്കൃതഗ്രന്ഥങ്ങളിലേതിന് തുല്യമായി തമിഴ് സംഗീതത്തിലും നിരവധി വാക്കുകളും സങ്കേതങ്ങളുമുണ്ട്. നായനാർമാരും ആൾവാർമാരും തങ്ങളുടെ കവിതകൾക്ക് സംഗീതം ചിട്ടപ്പെടുത്തിയിട്ടുണ്ട്.

മധ്യകാലഘട്ടത്തിലെ സൂഫി, ഭക്തി സന്യാസിമാർ സംഗീതത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. സൂഫി 'കൻക'കളിൽ 'ഖവാലിയും ഭക്തി സന്യാസിമാർ കീർത്തനങ്ങളും ഭജനകളും സംഗീതം നൽകി ചിട്ടപ്പെടുത്തി ആലപിച്ചിരുന്നു. മതപരമായ സംഗീതവുമായി ബന്ധപ്പെട്ടവരാണ് വിദ്യാപതി, തുളസീദാസ്, ഛന്ദീദാസ്, സൂർദാസ്, മീരാഭായി, കബീർ എന്നിവർ. മാൾവയിലെ ഐതിഹാസിക ഭരണാധികാരിയായ ബാസ്ബഹദൂറും അദ്ദേഹത്തിന്റെ പത്നി രൂപമതിയും പുതിയ രാഗങ്ങൾ കണ്ടെത്തിയിരുന്നു. ഹിന്ദു ദൈവങ്ങളേയും മുസ്ലീം മഹത് പുരുഷന്മാരെയും പ്രകീർത്തിച്ചുകൊണ്ട് പതിനേഴാം നൂറ്റാണ്ടിൽ ഇബ്രാഹിം ആദിൽഷാ രണ്ടാമൻ കിതാബ്-എ-നവരസ് രചിച്ചു. അക്ബറിന്റെ കൊട്ടാരത്തിലെ പ്രസിദ്ധ സംഗീതജ്ഞനമായിരുന്നു 'താൻസെൻ.' അക്കാലത്തെ മറ്റൊരു പ്രമുഖ സംഗീതജ്ഞനായിരുന്നു ബൈജു ബാവ്റ. പ്രാചീന മധ്യകാല ഭരണാധികാരികളുടെ പ്രോത്സാഹനത്തിന്റെ ഫലമായി ഈ പാരമ്പര്യം ജീവസുറ്റതായി നിലനിന്നു. യഥാർത്ഥത്തിൽ മുഗൾ ഭരണാധികാരികൾ സംഗീതത്തിന്റെ

*കുറിപ്പുകൾ :*

പരിരക്ഷകരായിരുന്നു. ലെയിൻപൂളിന്റെ അഭിപ്രായത്തിൽ ബാബർ തന്നെ സംഗീതത്തിൽ അതീവ തൽപ്പരനായിരുന്നു. വളരെ പ്രചാരമുള്ള സംഗീത രൂപങ്ങളായ 'ഖവാലീസ്, കയൽ' തുടങ്ങിയവ ബാബർ വികസിപ്പിച്ചതാണെന്ന് കരുതപ്പെടുന്നു. ഹുമയൂൺ ഇന്ത്യൻ സംഗീത ഗ്രന്ഥങ്ങളെ വിശദീകരിക്കുന്നു. അക്ബർ ഗാനങ്ങൾ രചിക്കുകയും സംഗീതജ്ഞരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹരിദാസ് സ്വാമിയും അദ്ദേഹത്തിന്റെ ശിഷ്യന്മാരും വിവിധ രാഗങ്ങളിൽ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. പുന്ദരികവിത്തൽ പാണ്ഡിത്യം നേടിയ ഒരു സംഗീത വിദ്വാനായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതിയാണ് രാഗമാലിക. മീരാഭായി, സൂർദാസ്, തുളസീദാസ് എന്നിവരാൽ ഹിന്ദുസ്ഥാനി സംഗീതം സമ്പന്നമാക്കപ്പെടുന്നു.

## പാഠഭാഗ ചോദ്യങ്ങൾ 12.1

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൽക്ക് ഉത്തരം കണ്ടെത്തുക.

1. വിവിധ രൂപത്തിലുള്ള പ്രകടന കലകൾ എന്തെല്ലാം?

2. രസിപ്പിക്കലും വിനോദത്തിനും പുറമേ പ്രകടനകലകളുടെ മറ്റു സ്വാധീനങ്ങൾ എന്തെല്ലാമാണ്?

3. പ്രകടന കലകളെപ്പറ്റി പ്രതിപാദിക്കുന്ന ഏറ്റവും പ്രാചീനമായ ഗ്രന്ഥം ഏത്?

4. പ്രകടന കലകളെപറ്റി എ.ഡി. 9-ഉം 10-ഉം നൂറ്റാണ്ടുകൾക്കിടയിൽ രചിക്കപ്പെട്ട ഗ്രന്ഥത്തിന്റെ പേരെഴുതുക.

5. ഏതു ഗ്രന്ഥത്തിലാണ് രാഗങ്ങൾക്ക് ആദ്യമായി പേരു നൽകുകയും സവിസ്തരം പ്രതിപാദിക്കുന്നതായും നാം കാണുന്നത്?

6. സംഗീത രത്നാകരത്തിൽ എത്രരാഗങ്ങളെക്കുറിച്ച് പരാമർശമുണ്ട്?

7. ജയദേവന്റെ 'ഗീതഗോവിന്ദത്തിന്റെ' പ്രമേയം എന്ത്?

8. തങ്ങളുടെ കാവ്യങ്ങളെ സംഗീതമാക്കിയ രണ്ടു തമിഴ് കവികളുടെ പേരെഴുതുക?

9. ആരാണ് കിത്താബ് നവരസ് എഴുതിയത്?

10. മാൾവയിലെ ഭരണാധികാരിയായിരുന്ന ബസ്ബഹദൂറും അദ്ദേഹത്തിന്റെ പത്നിയായ രൂപവതിയും നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാം?



കുറിപ്പുകൾ :

## 12.2 ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലെ വിവിധ വിഭാഗങ്ങൾ

മധ്യകാലട്ടത്തിൽ ഇന്ത്യയിലെ ശാസ്ത്രീയ സംഗീതം ഉത്തരേന്ത്യൻ ഹിന്ദുസ്ഥാനി സംഗീതമെന്നും ദക്ഷിണേന്ത്യൻ കർണ്ണാട്ടിക് സംഗീതമെന്നും രണ്ടായി വിഭജിക്കപ്പെട്ടു.

### ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതം

ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതത്തിന്റെ ഉത്ഭവത്തിന് ദൽഹി സുൽത്താന്മാരുടേയും അമീർ ഖുസ്രുവിന്റെയും കാലത്തോളം പഴക്കമുണ്ട്. അവർ പ്രത്യേക വാദ്യോപകരണങ്ങൾഉപയോഗിച്ചുകൊണ്ടുള്ള സംഗീതാവിഷ്ക്കാരത്തിന് പ്രോത്സാഹനം നൽകി. അമീർ ഖുസ്രു സിതാറും തബലയും കണ്ടുപിടിക്കുകയും പുതിയ രാഗങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്തു. ടാൻസെന്നിന്റെ വംശപരമ്പരയിൽപ്പെട്ടവരാണ് ഹിന്ദുസ്ഥാനി സംഗീതജ്ഞരിൽ പലരും. ദ്രുപത്, ധമർ, ഇംരി, കയാൽ, താപ്പ തുടങ്ങിയവ ഹിന്ദുസ്ഥാനി സംഗീതത്തിലെ വ്യത്യസ്ഥ ശൈലികളാണ്. ടാൻസെന്നിന്റെ സംഗീതത്തിന് പ്രത്യേകമായൊരു മാന്ത്രിക ശക്തിയുണ്ട്. അദ്ദേഹത്തിന്റെ 'മേഘ്‌രാഗത്തിന്' യമുനയിലെ തരംഗങ്ങളെ ഇല്ലാതാക്കുവാനും, മഴപെയ്യിക്കുവാനുമുള്ള ശക്തിയുള്ളതായി പറയപ്പെടുന്നു. വാസ്തവത്തിൽ അദേദഹത്തിന്റെ ശ്രുതി മനോഹരമായ സംഗീതം ഇന്നും അതീവ താൽപ്പര്യത്തോടെ രാജ്യത്തിന്റെ എല്ലാ ഭാഗത്തും ആലപിക്കപ്പെടുന്നു. അക്ബർ തന്റെ ചില കൊട്ടാരത്തിൽ ബൈജുബവ്റ, സൂർദാസ് പോലെയുള്ള സംഗീതജ്ഞരെ പ്രോത്സാഹിപ്പിച്ചിരുന്നു.

വളരെ പ്രസിദ്ധങ്ങളായ രാഗങ്ങളാണ് ബഹാർ, ഭൈരവി, സിന്ധുഭൈരവി, ഭിംപലാസി, ദർബാരി, ദേശ്, ഹംസധ്വനി, ജയജയന്തി, മേഘമൽഹാർ, തോടി, യമൻ, പിലു, ശ്യാംകല്യാൺ, കംബഌ. പലതരത്തിലുള്ള സംഘീതോപകരണങ്ങൾകൊണ്ട് സമ്പന്നമാണ് ഇന്ത്യ. തന്ത്രിവാദ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ് സിത്താർ, സരോഡ്, സന്തൂർ സാരംഗിതുടങ്ങിയവ. പക്കവാദ്യം, തബല, മൃദംഗം തുടങ്ങിയവയാണ് താളപ്രാധാന്യമുള്ള പ്രധാനപ്പെട്ട കൊട്ടുവാദ്യങ്ങൾ.

ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീതത്തിലെ സംഗീതജ്ഞന്മാർ ഓരോരുത്തരും ഒരു പ്രത്യേക ശൈലിയുമായി ബന്ധപ്പെട്ടവരാണ്. മറ്റുള്ളവരിൽ ഓരോ സംഗീതജ്ഞരേയും വ്യത്യസ്തരാക്കുന്ന ഒരു പരമ്പരാഗത ശൈലിയാണ് 'ഘരാനകൾ. അവ ഒരു ഗുരുശിഷ്യ പരമ്പരയായി അറിയപ്പെടുന്നു. അത്തരത്തിലുള്ള പ്രത്യേക ശൈലിയാണ് ഗ്വാളിയോർ, കിരാന, ജെയ്പൂർ ഘരാനകൾ. ഭക്തിഗാനങ്ങളായ കീർത്തനം, ഭജൻ, രാഗങ്ങളും ആദിഗ്രന്ഥത്തിൽ ഉള്ളടങ്ങിയിട്ടുള്ളതും, മുഹറം നാളിൽ മജിലിസുകളിൽ ആലപിച്ചിരുന്നതുമാണ്. അവയ്ക്കും ഇന്ത്യൻ സംഗീതത്തിൽ സവിശേഷ സ്ഥാനമുണ്ട്.

## 12.3 കർണ്ണാടക സംഗീതം

എ.ഡി1700–നും 1850–നും ഇടയിൽ ജീവിച്ചിരുന്ന ശ്യാമശാസ്ത്രി, ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ എന്നിവർ കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പുരന്തർദാസനാണ് മറ്റൊരു പ്രധാന കർണ്ണാടക സംഗീതജ്ഞൻ. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളിൽ ഏറ്റവും പ്രശസ്തൻ ത്യാഗരാജനാണ്. അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും, കവിയും അഭ്യാസതികവും സിദ്ധിച്ച ഒരു സംഗീതജ്ഞനുമായിരുന്നു. കർണ്ണാടക സംഗീതത്തിന്റെ സത്ത ആവാഹിച്ച ഒരു മഹാപ്രതിഭയായിരുന്നു അദ്ദേഹം. 'കൃതി' യെന്നറിയപ്പെടുന്ന പ്രധാന കൃതികൾ ഭക്തിരസപ്രധാനമാണ്. ഈ മൂന്നു മഹാ

*കുറിപ്പുകൾ :*

സംഗീതജ്ഞന്മാർ പുതിയ രൂപഭാവങ്ങൾ പരീക്ഷിക്കപ്പെടുകയുണ്ടായി. ഈ വിഭാഗത്തിലെ മറ്റ് പ്രമുഖ സംഗീതജ്ഞനായിരുന്നു മഹാവൈദ്യനാഥ അയ്യർ (1844–93), പട്ടണം സപ്രബ്രഹ്മണ്യഅയ്യർ യ(1854–1902), രാംനാഥ് ശ്രീനിവാസ അയ്യങ്കാർ (1860–1919). ഫ്ളൂട്ട്, വീണ, നാഥസ്വരം, മൃദംഗം, ഘടം എന്നിവ കർണ്ണാടകസംഗീതത്തിനുപയോഗിക്കുന്ന വാദ്യോപകരണങ്ങളാണ്.

കർണ്ണാടക സംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും നിരവധി വിഭിന്ന സവിശേഷതകൾ ഉണ്ടെങ്കിലും അവ തമ്മിൽ ധാരാളം സാമ്യങ്ങളും കണ്ടെത്താവുന്നതാണ്. കർണ്ണാടക സംഗീതത്തിലെ ആലാപനവും ഹിന്ദുസ്ഥാനി സംഗീതത്തിലെ 'ആലാപ്'-ഉം, കർണ്ണാടക സംഗീതത്തിലെ 'തില്ലാനയും' ഹിന്ദുസ്ഥാനി സംഗീതത്തിലെ 'തരാനയയുംഇതിനുദാഹരണങ്ങളാണ്. രണ്ടു സംഗീതങ്ങളും താളത്തിന് പ്രാധാന്യം നൽകുന്നു.

## 12.4 ആധുനിക ഇന്ത്യൻ സംഗീതം

ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി ഇന്ത്യയിൽ പാശ്ചാത്യ സംഗീതം എത്തിച്ചേർന്നു. ഇന്ത്യൻ സംഗീതത്തിൽ ഉപകരിക്കത്തക്കവിധം അവരുടെ വാദ്യോപകരണങ്ങളായ ക്ലാരിനെറ്റും, വയലിനും നാം സ്വീകരിച്ചു. പ്രത്യേക വേദികളിൽ സംഗീതമുപയോഗിച്ചുള്ള ഓർക്കസ്ട്ര ഒരു പുതിയ മാറ്റമാണ്. വാമൊഴിയിലൂടെ ഈണവും രാഗവും  പകരുന്നതിന് പകരം കാസറ്റ് പ്രയോഗം പ്രചാരത്തിൽ വന്നു. വരേണ്യവർഗ്ഗത്തിനു മാത്രം ലഭ്യമായിരുന്ന സംഗീതാസ്വാദനം രാജ്യത്തെ അങ്ങോളമിങ്ങോളമുള്ള സംഗീത പ്രേമികളായ എല്ലാ ജനങ്ങൽക്കും മുമ്പിൽ തുറക്കപ്പെട്ടു. ഗുരുശിഷ്യാടിസ്ഥാനത്തിലുള്ള സംഗീതാഭ്യാസത്തിനു പകരം സംഗീത വിദ്യാലയങ്ങൾ സംഗീതമഭ്യസിക്കാൻ തുടങ്ങി.

### സംഗീതജ്ഞന്മാർ

അമീർ ഖുസ്രു, സദരംഗ് ആദരംഗ, മിയാനി ടാൻസെൻ, ഗോപാൽ നായ്ക്ക്, സ്വാമി ഹരിദാസ്, പണ്ഡിറ്റ് വി.ഡി പലുഷ്കർ, പണ്ഡിറ്റ് വി.എൻ. ഭട്കണ്ഠെ, ത്യാഗരാജ മുത്തുസ്വാമി ദീക്ഷിതർ, പണ്ഡിറ്റ് ഓംകാരനാഥ ഠാക്കൂർ, പണ്ഡിറ്റ് വിനായക റാവു പട്വർദ്ധൻ, ഉസ്താദ് ചാന്ദ്ഹാൻ, ഉസ്താദ് ബഡേ ഗുലാം അലിഖാൻ, ഉസ്താദ് ഫയാസ്ഖാൻ, ഉസ്താദ് നിസാർ ഹുസൈൻ ഖാൻ, ഉസ്താദ് അമീർഖാൻ, പണ്ഡിറ്റ് ബിംസെൻ ജോഷി, പണ്ഡിറ്റ് കുമാർ ഗന്ധർവ്വ, കേസർബായ് ഖേർക്കർ, ശ്രീമതി ഗംഗുഭായ് ഹങ്കൽ എന്നിവർ അറിയപ്പെടുന്ന സംഗീതജ്ഞരായിരുന്നു. ഉസ്താദ് ബിസ്മില്ലാഖാൻ, ഉസ്താദ് അള്ളാരക്കാ ഖാൻ, ഉസ്താദ് സക്കീർ ഹുസൈൻ എന്നീ സംഗീതജ്ഞന്മാർ ഇന്ത്യയിൽ വളരെ പ്രശസ്തരായിരുന്നു.

## 12.5 നാടോടി സംഗീതം

ഇന്ത്യൻ ക്ലാസിക്കൽ സംഗീതം കൂടാതെ ഗ്രാമീണ സംഗീതത്തിന്റെ ഒരു പൈതൃകം കൂടി നമുക്കുണ്ട്. ഈ  സംഗീതം സാമാന്യജനങ്ങളുടെ വികാരപ്രകടനത്തെ പ്രതിനിധീകരിക്കുന്നു. കുട്ടികളുടെ ജനനം, വിവാഹം, പുതിയ ഋതുക്കളുടെ ആഗമനം, ഉത്സവങ്ങൾ ഇങ്ങനെ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളെ അധികരിച്ച്  ലളിതമായ ഗാനങ്ങൾ രചിക്കപ്പെടുന്നു. രാജസ്ഥാനിലെ മന്ത്, ബംഗാളിലെ ബട്യാലി നാടോടി ഗാനങ്ങൾ ഇന്ത്യ മുഴുവൻ ജനപ്രിയമാണ്.

നാടോടി ഗാനങ്ങൾ അവയുടെ സന്ദേശം കൊണ്ടും പ്രത്യേക അർത്ഥങ്ങൾ കൊണ്ടും സവിശേഷമാണ്. കാശ്മീരിലെ ഗുൽരാജ്, മധ്യപ്രദേശിലെ പന്ത്യാ

*കുറിപ്പുകൾ :*

നി, മുസ്ലീങ്ങളുടെ മുഹറം കാലയളവിലെ വിലാപഗാനങ്ങൾ, ക്രിസ്തുമസ് വേളകളിലെ കരോൾ ഗാനങ്ങൾ ഇവ ഉദാഹരണങ്ങളാണ്.

### പാഠഭാഗചോദ്യങ്ങൾ 12.2

1. ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലെ രണ്ടു പിരിവുകൾ ഏതെല്ലാം?

2. ഹിന്ദുസ്ഥാനി സംഗീതത്തിലെ വിവിധ ശൈലികൾ ഏതെല്ലാം?

3. ഹിന്ദുസ്ഥാനി ശാസ്തീയ സംഗീത്തിലെ 'ഘരാന' എന്നാൽ എന്ത്?

4. ഇന്ത്യയിലെ ഹിന്ദുസ്ഥാനി സംഗീതത്തിലെ പ്രശസ്തമായ ചില 'ഘരാനകളുടെ പേരെഴുതുക?

5. കർണ്ണാടക സംഗീതത്തിലെ 'കൃതി' എന്നാൽ എന്ത്?

6. ഇന്ത്യയിലെ ഏതാനും കർണ്ണാടക സംഗീത രചയിതാക്കളുടെ പേരെഴുതുക?

7. കർണ്ണാടക സംഗീതത്തിനുപയോഗിക്കുന്ന ഏതാനും പ്രധാനപ്പെട്ട വാദ്യോപകരണങ്ങൾ എന്തെല്ലാം?

8. ഹിന്ദുസ്ഥാനി കർണ്ണാടക സംഗീതത്തിന്റെ സമാനമായ രണ്ടു സവിശേഷതകൾ എന്തെല്ലാം?

## 12.6 ഇന്ത്യയിലെ നൃത്തരൂപങ്ങൾ

ഋഗ്വേദം നൃത്തത്തെ സൂചിപ്പിക്കുകയും പ്രഭാതത്തെ നൃത്തത്തോട് താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. ബ്രാഹ്മണങ്ങളിൽ ജയ്മിനിയ, കൗസ്തുകി നൃത്തങ്ങളും സംഗീതവും ഒരുമിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള നൃത്തങ്ങളെപ്പറ്റി ധാരാളം പരാമർശങ്ങളുണ്ട്.

സംഗീതത്തെപ്പോലെ തന്നെ ഇന്ത്യൻ നൃത്തരൂപങ്ങൾക്കും ഒരു ശാസ്ത്രീയമായ പാരമ്പര്യമുണ്ട്. കഥകൾ പറയുന്നതിൽ നൃത്തരൂപങ്ങൾക്ക് ശക്തമായ ഒരു വികാരാവിഷ്കാര ശക്തിയുണ്ട്.

ഇന്ത്യയിൽ നൃത്തകല ഹാരപ്പൻ സംസ്ക്കാര കാലഘട്ടത്തിൽ തന്നെ ആരംഭിച്ചിരുന്നു. ഹാരപ്പൻ അവശിഷ്ടങ്ങളിൽ കണ്ടെത്തിയ നൃത്തംചെയ്യുന്ന പെൺകുട്ടിയുടെ വെങ്കലപ്രതിമ ഇത് സാക്ഷ്യപ്പെടുത്തുന്നു.

പൗരാണിക ഇന്ത്യൻ സംസ്ക്കാരത്തിൽ മതപരമായ ആശയങ്ങളുടെ പ്രതീകാത്മകമായ ആവിഷ്ക്കാരമാണ് നിറവേറ്റിയിരുന്നത്. പ്രപഞ്ച ചക്രത്തിന്റെ സൃഷ്ടിയും സംഹാരവും പ്രതിനിധീകരിക്കുന്നതാണ് ശിവന്റെ നടരാജരൂപം. വളരെ പ്രചാരം നേടിയിട്ടുള്ള നടരാജരൂപത്തിലുള്ള ശിവപ്രതിമ ഇന്ത്യൻ ജനതയ്ക്കിടയിൽ നൃത്തകലയ്ക്കുള്ള പ്രാധാന്യമാണ് കാണിക്കുന്നത്. കുറഞ്ഞ

*കുറിപ്പുകൾ :*

പക്ഷം ദക്ഷിണേന്ത്യയിലെങ്കിലും വിവിധ രൂപത്തിലുള്ള നർത്തകരുടെ ശിൽപ്പങ്ങളില്ലാത്ത ഒരു ക്ഷേത്രവുമില്ല. വാസ്തവത്തിൽ ശാസ്ത്രീയ നൃത്തരൂപങ്ങളായ കഥകളി, ഭരതനാട്യം, കഥക്, മണിപ്പൂരി, കുച്ചുപ്പുടി, ഒഡീസ്സി എല്ലാം നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

ഏതു കാലത്താണ് നൃത്തരൂപം ആരംഭിച്ചതെന്ന് കൃത്യമായി പറയുക അസാധ്യമാണെങ്കിലും സന്തോഷത്തിന്റെ പ്രതിഫലന ഉപാധിയെന്ന നിലയിലാണ് അത് നിലവിൽ വന്നതെന്ന് വ്യക്തമായി പറയാവുന്നതാണ്. ക്രമേണ നൃത്തരൂപങ്ങൾ ശാസ്ത്രീയ നൃത്തമെന്നും നാടോടി നൃത്തമെന്നും രണ്ടു വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടു. ശാസ്ത്രീയ നൃത്തരൂപങ്ങൾ രാജകൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലുമാണ് അരങ്ങേറിയിരുന്നത്. ക്ഷേത്രങ്ങളിൽ മതപരമായ ലക്ഷ്യത്തോടും കൊട്ടാരങ്ങളിൽ വിനോദ ഉപാധിയുമായാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ഈ രണ്ടുവേദികളിലും ദേവപ്രാർത്ഥനപോലെ കലാകാരന്മാർ ഇതിനുവേണ്ടി സ്വയം സമർപ്പിക്കുന്നു. ദക്ഷിണേന്ത്യയിലെ ഭരതനാട്യവും, മോഹിനിയാട്ടവും ക്ഷേത്രങ്ങളിലെ ഒരു അനുഷ്ഠാനമെന്ന നിലയിലാണ് വികസിച്ചത്. കൃഷ്ണന്റെ ലീലാവിലാസങ്ങളും, ശിവഭഗവാനുമായി ബന്ധപ്പെട്ട കഥകൾ പ്രമേയമാക്കിയ കഥക്, മണിപ്പൂരി നൃത്തങ്ങളും രാമായണ മഹാഭാരത കഥകൾ പ്രമേയമാക്കിയ കേരളത്തിലെ കഥകളിയുടെ മറ്റൊരു രൂപവുമായ യക്ഷഗാനവും, ജഗന്നാഥ ഭഗവാനെ ആരാധിക്കുന്നതുമായി ബന്ധപ്പെട്ട ഒഡീസി നൃത്തവും മതപരമായ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയ നൃത്തരൂപങ്ങളാണ്. കഥക് മധ്യകാലത്ത് രാജകൊട്ടാരങ്ങളിൽ അവതരിപ്പിക്കപ്പെട്ടു. നാടോടി നൃത്തങ്ങൾ സാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞു വന്നതാണ്. അവ താളനിബദ്ധമായി അവതരിപ്പിക്കപ്പെടുന്നു. ബിഹുവിലൂടെ ആസ്സാമിലെ ജനങ്ങൾ മിക്ക വിളവെടുപ്പുകാലങ്ങളും 'ബിഹു'വിലൂടെ ആഘോഷിക്കുന്നു. ഗുജറാത്തിലെ 'ഗർഭ' പഞ്ചാബിലെ 'ഗിഡ്ഡ', ബംഗ്രി നൃത്തങ്ങൾ മിസോറാമിലെ 'മുള'നൃത്തങ്ങൾ, മഹാരാഷ്ട്രയിലെ മീൻപിടുത്തക്കാരുടെ നൃത്തമായ 'കോളി', കാശ്മീരിലെ 'ധുമൽ', ബംഗാളിലെ 'ചൗ' നൃത്തരൂപങ്ങൾ മുതലായവ ജനങ്ങളുടെ സന്തോഷവും ദു:ഖവും പ്രകടമാക്കുന്ന കലാരൂപങ്ങളാണ്.

ഭാരതീയ ശാസ്ത്രീയ നൃത്തരൂപങ്ങളുടെ പഠനത്തിനും പ്രയോഗത്തിനും മൗലീക പ്രാമാണിക ഗ്രന്ഥമായി ഭരതമുനിയുടെ നാട്യശാസ്ത്രം അടിസ്ഥാനപരമായി നാടകത്തെ പ്രതിപാദിക്കുന്നതാണ്. പക്ഷേ ഭരതമുനി നൃത്തത്തെ നാടകത്തിന്റെ അവിഭാജ്യഘടകമായി അതിന്റെ അഗംങ്ങളും രൂപങ്ങളും. നാട്യശാസ്ത്രത്തിൽ വിശദമായി പ്രതിപാദനം ചെയ്യുന്നു. കൈമുദ്രകൾ, അംഗചലനങ്ങൾ, വേഷങ്ങൾ, രസഭാവങ്ങൾ, ഗീതങ്ങൾ എന്നിവയെല്ലാം ഈ വിശിഷ്ട ഗ്രന്ഥത്തിൽ വിശകലനം ചെയ്തിരിക്കുന്നു. നാട്യശാസ്ത്രത്തെ ആധാരമാക്കിയുള്ള ശാസ്ത്രീയ നൃത്തരൂപങ്ങൾ നൃത്തം, നൃത്യം, നാട്യം എന്നീ മൂന്നു വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. സ്ത്രീ പുരുഷന്മാർ ഒരേപോലെ നൃത്തത്തിൽ തൽപ്പരരാണ്. എങ്കിലും പൊതുവേ സ്ത്രീകൾ നൃത്തം അവതരിപ്പിക്കുന്നത് സമൂഹം മോശമായി കണ്ടിരുന്നു. കാലക്രമേണ മതസാമൂഹ്യ പരിഷ്ക്കർത്താക്കളുടെ ശ്രമഫലമായി ഇന്ന് നൃത്തരംഗത്തുള്ള സ്ത്രീകളെ സമൂഹം ആദരപൂർവ്വം അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു.

മധ്യകാലഘട്ടത്തിൽ 'കഥക്' നൃത്തരൂപത്തിന് മുസ്ലീം ഭരണകർത്താക്കളുടെ പ്രോത്സാഹനം ലഭിച്ചു. ഔറംഗസീബിനെ മാറ്റി നിർത്തിയാൽ മിക്കവാറും എല്ലാ മുഗൾ ഭരണാധിപന്മാരുടെയും കൊട്ടാരത്തിൽ ഇത്തരത്തിലുള്ള നൃത്തങ്ങൾഅവതരിപ്പിക്കുന്നതായുംകാണാം.

കുറിപ്പുകൾ :

ദക്ഷിണേന്ത്യയിൽ ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, മറ്റുകെട്ടിടഭാഗങ്ങൾ എല്ലാം നർത്തകർക്കും വേദി പ്രദാനം ചെയ്തിരുന്നു. രാമൻ, കൃഷ്ണൻ, ഗണേശൻ, ദുർഗ്ഗ എന്നിവരുടെയെല്ലാം ഐതിഹ്യകഥകൾ നൃത്തരൂപത്തിൽ അവതരിപ്പിച്ചിരുന്നു. ഉത്തരേന്ത്യയിലെ വജീദ് അലിഷായേപ്പോലെയുള്ള ഭരണകർത്താക്കൾ സംഗീതത്തിന്റെയും നൃത്തകലയുടെയും വലിയ പരിരക്ഷകരായിരുന്നുവെന്നു മാത്രമല്ല, ഇവിടെയാണ് 'ലക്നൗ ഘരണ' അല്ലെങ്കിൽ 'സ്കൂൾ ഓഫ് ഡാൻസ്' വിത്തുകൾ പാകപ്പെട്ടത്. പണ്ഡിറ്റ് ബിർജു മഹാരാജിനെപ്പോലെയുള്ള ആധുനിക നൃത്തകലാകാരന്മാരെല്ലാം 'ലക്നൗ സ്കൂളിൽ' നിന്നു വന്നിട്ടുള്ളവരാണ്. മധ്യകാലഘട്ടത്തിൽ നൃത്തകലയുടെ പഴയ സംസ്കൃത ഗ്രന്ഥങ്ങളിലെ ചിട്ടവട്ടങ്ങൾ അവ പാലിക്കുന്ന കാര്യത്തിൽ കർശമായ നിലപാടാണ് തെക്കെ ഇന്ത്യയ്ക്കുണ്ടായിരുന്നത്.

ആധുനിക കാലത്ത് പരമാവധി നൃത്തകലാരൂപങ്ങൾ ദക്ഷിണേന്ത്യൻ ശാസ്ത്രീയ നൃത്തത്തിൽ നമുക്ക് കാണാവുന്നതാണ്. അവ കുച്ചുപ്പുടി, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി എന്നിവയാണ്. പൂർവ്വഭാഗത്ത് ഒഡീസ്സി നൃത്തം വളരെയധികം പ്രചരിച്ചു.

ശാസ്ത്രീയ നൃത്തരൂപങ്ങളോടൊപ്പം നാടോടി നൃത്തവും പ്രചരിച്ചു. മിക്കവാറും പ്രദേശങ്ങളിൽ പ്രാദേശിക നൃത്തരൂപങ്ങൾ വളരെ പ്രചാരം നേടി. മണിപ്പൂരി നൃത്തം, സാന്താൾ നൃത്തം, രബീന്ദ്ര ബൻഗ്ര, ഗർഭ തുടങ്ങിയവയാണ് ഇന്ത്യയിൽ പ്രചാരം നേടിയ നാടോടി നൃത്തരൂപങ്ങൾ. നമ്മുടെ രാജ്യത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ അവരവരുടേതായ നാടോടി നൃത്തപാരമ്പര്യം വികസിച്ചിട്ടുണ്ട്. ഉദാഹരണമായി അസ്സമിലെ ബിഹു നൃത്തരൂപം, ലഡാക്കിലെ മുഖംമൂടി നൃത്തം, മേഘാലയിലെ വംഗല നൃത്തം, സിക്കിമിലെ 'ഭൂട്ടിയ' അഥവ 'ലപ്ച്ചനൃത്തം'. അതുപോലെതന്നെ ആസാമിലെ 'ച്ചോലിയ' കേരളത്തിലെ 'കളരിപ്പയറ്റ്', മണിപ്പൂരിലെ 'തംങ്-താ' തുടങ്ങിയ ആയോധന നൃത്തം എന്നറിയപ്പെടുന്ന നൃത്തരൂപങ്ങളും വളരെ പ്രസിദ്ധങ്ങളാണ്.

നിലവിൽ മൂന്നു കലാരൂപങ്ങളും രാജ്യത്ത് പ്രചരിച്ചുകൊണ്ടിരുന്നു. സംഗീത സ്ഥാപനങ്ങൾ നിരവധിയാളുകൾക്ക് ധാരാളം അവസരങ്ങളാണ് തുറന്നിട്ടിരിക്കുന്നത്. സ്കൂളുകൾക്കും സർവ്വകലാശാലകൾക്കും സംഗീതത്തിന് പ്രത്യേകം ഡിപ്പാർട്ട്മെന്റ് തന്നെയുണ്ട്. കയ്രാഗവിലെ 'ഇന്ദിരകല വിശ്വവിദ്യാലയം ഒരു സംഗീത സർവ്വകലാശാലയാണ്. ഗന്ധർവ്വ മഹാവിദ്യാലയം കഥക് കേന്ദ്രം, ദക്ഷിണേന്ത്യയിലെ പലസ്ഥാപനങ്ങളും അവരുടെ സ്വന്തം രീതിയിൽ സംഗീതത്തിന് പ്രചാരം കൊടുക്കുന്നുണ്ട്. സംഗീത സമ്മേളനങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ രാജ്യത്തിന്റെ എല്ലാ മുക്കും മൂലയിലേക്കും സംഗീതം പ്രചരിക്കുന്നുണ്ട്. സംഘങ്ങളായ സ്പിക്മക്കോ ഭാരതീയ അന്താരാഷ്ട്ര ഗ്രാമീണ സാംസ്ക്കാരിക കേന്ദ്രവും കലാകാരന്മാരുടെ ഉന്നതിയ്ക്കായി അക്ഷീണം പ്രയത്നിക്കുന്നുണ്ട്.

വിദേശത്ത് പണ്ഡിറ്റ് രവിശങ്കർ, ഉസ്താദ് അലി അക്ബർ ഖാൻ, അല്ലരക്ക തുടങ്ങിയ സംഗീതജ്ഞർ ധാരാളം സംഗീത സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കലയിൽ ബിരുദവും, ഡിപ്ലോമയും നൽകുന്നതിനുള്ള സൗകര്യം പലവിദേശ സർവ്വകലാശാലകൾക്കുമുണ്ട്. ലോകത്തിലെല്ലായിടത്തും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും പല ഉത്സവങ്ങളിൽ സംബന്ധിക്കുന്നതിനും ഇന്ത്യൻ കലാകാരന്മാർ ക്ഷണിക്കപ്പെടുന്നുണ്ട്.

*കുറിപ്പുകൾ :*

## ആധുനിക ഇന്ത്യയിലെ അറിയപ്പെടുന്ന നൃത്തകലാകാരന്മാർ

**1. കഥക്**

പണ്ഡിറ്റ് ബ്രിജു മഹാരാജ്, പണ്ഡിറ്റ് ശംബുമഹാരാജ്, സിത്താരദേവി, പണ്ഡിറ്റ് ഗോപികൃഷ്ണ, പണ്ഡിറ്റ് ലച്ചു മഹാരാജ്.

**2. ഭരതനാട്യം**

ശ്രീമതി സരോജ വൈദ്യനാഥൻ, പത്മ സുബ്രഹ്മണ്യം, ഗീതാചന്ദ്രൻ.

**3. ഒഡീസ്സി**

കേളുചരൺ മഹാപത്ര, സംയുക്ത പാണിഗ്രാഹി, കിരൺസേഗൾ, മാധവി മുധ്ഗൾ

**4. കുച്ചുപ്പുടി**

സ്വപ്നസുന്ദരി, സത്യനാരായണൻശർമ്മ, രാജറെഡ്ഡി, രാധറെഡ്ഡി, സോണൽ മാൻസിംഗ്

**5. സംഗീതജ്ഞർ**

ഭരതൻ, മാതംഗമുനി, നാരദമുനി, പണ്ഡിറ്റ് ശാരംഗദേവൻ, പണ്ഡിറ്റ് അഹോബല, പണ്ഡിറ്റ് വെങ്കട്ടമഗി, പണ്ഡിറ്റ് രാമാമത്യ, എസ്.എം ടാഗോർ, ആചാര്യ കെ.സി.ഡി. ബ്രഹസ്പതി.

കഴിഞ്ഞ കുറച്ചു ദശകങ്ങളായി നൃത്തപദവിയും നൃത്തകാരന്മാരും മാറിയിട്ടുണ്ട്. തങ്ങളുടെ വ്യക്തിപരമായ ഗുണങ്ങൾ മെച്ചപ്പെടുത്താൻ ഉയർന്ന കുടുംബത്തിലുള്ള ചെറുപ്പക്കാർ നൃത്തം അഭ്യസിക്കാൻ തുടങ്ങി. ചില സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നൃത്താധ്യാപനത്തിന് പ്രത്യേക വകുപ്പുതന്നെ സ്ഥാപിക്കപ്പെട്ടു. പത്മശ്രീ, പത്മ ഭൂഷൻ തുടങ്ങിയ രാജ്യത്തെ മഹത്തായ ബഹുമതികൾ പ്രഗത്ഭരായ നൃത്തകാരന്മാരെ തേടിയെത്തിയിട്ടുണ്ട്.

സിന്ധു നദീതട സംസ്ക്കാരത്തിൽ കണ്ടെത്തിയ നൃത്തം ചെയ്യുന്ന പ്രതിമ മുതൽ ഇന്നോളമുള്ള ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഭാരതത്തിലെ ജനങ്ങൾ അവരുടെ സുഖദുഖങ്ങൾ നൃത്തം, സംഗീതം തുടങ്ങിയ കലാരൂപങ്ങളിലൂടെ പ്രകടമാക്കിയിരുന്നു. ഈ കലാരൂപം അവരുടെ സ്നേഹം, വിദ്വേഷം, അഭിലാഷങ്ങളും നിലനിൽപ്പിനായുള്ള പോരാട്ടവും എല്ലാം ആത്യന്തികമായി നമ്മുടെ സംസ്ക്കാരത്തെ സമ്പന്നമാക്കുകയുണ്ടായി.

### പാഠഭാഗ ചോദ്യങ്ങൾ 12.3

1. നടരാജവിഗ്രഹം എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്?

2. രണ്ടു നൃത്തരൂപങ്ങൾ ഏതെല്ലാം?

3. ചേരുംപടി ചേർക്കുക

| നാടോടി നൃത്തരൂപം | സംസ്ഥാനം |
|---|---|
| ബിഹു | ബംഗാൾ |

കുറിപ്പുകൾ :

| | |
|---|---|
| ഗർഭ | മിസോറാം |
| ബൻഗ്ര & ഗിദ്ദ | മഹാരാഷ്ട്ര |
| മുളനൃത്തം | കാശ്മീർ |
| കോലി | പഞ്ചാബ് |
| ധുമൽ | ഗുജറാത്ത് |
| ചു | ആസ്സാം |

4. നൃത്തത്തിന്റെ മൂന്നു വിശാല വിഭാഗങ്ങൾ എന്തെല്ലാം?

5. പ്രശസ്തരായ രണ്ടു കഥക് നർത്തകരുടെ പേരെഴുതുക?

6. ചില അറിയപ്പെടുന്ന ഭരതനാട്യക്കാരുടെ പേരെഴുതുക?

## 12.7 നാടകം

തദ്ദേശീയ പാരമ്പര്യവും ആധുനിക ഗവേഷണവും ഇന്ത്യൻ നാടകത്തിന്റെ ഉത്ഭവം വേദങ്ങളിലാണെന്ന് കണക്കാക്കുന്നു. രാമായണത്തിൽ സ്ത്രീകളുടെ നാടകസംഘങ്ങളെക്കുറിച്ച് നാം കേൾക്കുന്നുണ്ട്. എന്നാൽ കൗടില്യന്റെ അർത്ഥശാസ്ത്രം സംഗീതജ്ഞർ, നർത്തകർ, നാടകാവതരണം എന്നിവയെപ്പറ്റി സൂചിപ്പിക്കുന്നു.

ഒരു സുകുമാര കലയാണ് അനാദികാലം മുതൽ അനുഷ്ഠിച്ചിരുന്ന നാടകം. ഒരു കുട്ടിക്കളിയിൽ നിന്ന് നാടകം ഉരുത്തിരിയാം. ഒരു കുട്ടിയുടെ അനുകരണവും ഭാവപ്രകടനവും നാടകത്തിന്റെ തുടക്കമായി പരിഗണിക്കാം.

പുരാതന കാലം മുതൽക്കേ ദേവിദേവന്മാരും അസുരന്മാരും തമ്മിലുള്ള സംഘട്ടനവുമായി ബന്ധപ്പെട്ട ഐതിഹ്യകഥകൾ പ്രചാരത്തിലുണ്ടായിരുന്നു. ഭരതൻ നാട്യശാസ്ത്രം രചിക്കുകയും അസുരപരാജയം അമൃതമന്ഥം എന്നീ നാടകങ്ങളെ സൃഷ്ടിക്കുകയും ചെയ്തു. നാടകങ്ങളുടേയും നൃത്തങ്ങളുടേയും കാര്യത്തിൽ ഭരതമുനിയുടെ നാട്യശാസ്ത്രമാണ് അടിസ്ഥാന ഗ്രന്ഥം.

അടുത്ത യുഗം മഹാനായ ഭാസന്റേതാണ്. ഉദയന്റെ കഥകളെ അടിസ്ഥാനമാക്കി രാമായണം, മഹാഭാരതം എന്നീ കൃതികൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രകൃഷ്ട കൃതി 'സ്വപ്നവാസവദത്ത'മാണ്. സംഗീതം, നൃത്തം, വേദി, രസം എന്നിവയെപ്പറ്റി പരാമർശിക്കുന്നുമുണ്ട്.

നാടകങ്ങളെ പരാമർശിക്കുമ്പോൾ നടീനടന്മാർ സംഗീതം, നൃത്തം , സംഗീതോപകരണങ്ങൾ, സംഭാഷണം, പ്രമേയങ്ങൾ, വേദി എന്നിവയെക്കുറിച്ച് ഭരതമുനി സൂചന നൽകുന്നുണ്ട്.

അങ്ങനെ ഭരതന്റെ കാലത്ത് നാടകം വലിയ നിലവാരത്തിലെത്തിയതായി നാം കാണുന്നു. ഭരതനെ സംബന്ധിച്ചിടത്തോളം ആശയവിനിമയത്തിനുള്ള മെച്ചപ്പെട്ട ഒരു ഉപാധിയായിരുന്നു നാടകം. നാടകത്തിനുവേണ്ടി ഒരു പ്രത്യേകസ്ഥലം മറച്ചുണ്ടാക്കുന്നതിന് അദ്ദേഹം തുടക്കം കുറിച്ചു. 'ശൈലുഷ്' എന്ന സമുദായ

ത്തിന് സ്ഥിരം നാടക സമിതികൾ ഉണ്ടായിരുന്നു. വീരകഥകൾ നാടകീയമായി നാടകീയമായി അവതരിപ്പിക്കുന്ന രീതി അക്കാലത്ത് ഉണ്ടായിരുന്നു. തത്ഫല മായി 'കുശിലവാസൻ' എന്ന സ്ഥിരം ഗായകർ നിലവിൽവന്നു.

ബുദ്ധ-ജൈന കാലഘട്ടത്തിൽ തങ്ങളുടെ മതസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനുള്ള ആശയവിനിമയ ഉപാധിയായിരുന്നു നാടകം. ലഘുനാടകങ്ങളും സുദീർഘ നാടകങ്ങളും മറ്റും ജനങ്ങളെ പ്രബോധനം ചെയ്യാനും മതതത്വങ്ങൾ അഭ്യസിപ്പിക്കാനും ഉപയോഗിച്ചു. നാടകത്തെ ജനപ്രിയമാക്കുന്നതിൽ സംഗീതവും നൃത്തവും മുഖ്യപങ്കു വഹിച്ചു. നടീനടന്മാരുടെ ശബ്ദഗുണങ്ങളും ഭാവവ്യത്യാസങ്ങളും അവരഭിനയിക്കുന്ന കഥാപാത്രത്തിന്റെ സവിശേഷതയെ ശ്രദ്ധേയമാക്കി.

പൗരാണികകാലം മുതൽ പത്താംനൂറ്റാണ്ടുവരെ വിദ്യാസമ്പന്നരുടെ ഭാഷയായിരുന്നു സംസ്കൃതം. അതുകൊണ്ട് നാടകത്തിലധികവും ഈ ഭാഷയിലായിരുന്നു. എങ്കിലും താഴ്ന്ന വിഭാഗത്തിൽപ്പെടുന്നവരും സ്ത്രീകളുമായ കഥാപാത്രങ്ങൾ പ്രാകൃത് ഭാഷയുപയോഗിച്ചിരുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രം, വാത്സ്യായനന്റെ കാമസൂത്രം, കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം ഇവയെല്ലാം സംസ്കൃതത്തിലാണ് രചിക്കപ്പെട്ടത്. മറ്റൊരു പ്രധാന നാടകകൃത്തായിരുന്നു ഭാസൻ. അക്കാലത്ത് പതിമൂന്നോളം നാടകങ്ങളെഴുതി. എ.ഡി. പത്താം നൂറ്റാണ്ടോടുകൂടിയാണ് പ്രാകൃത് നാടകങ്ങൾ ജനപ്രിയമായത്. വിദ്യാപതി എ. ഡി.പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച മറ്റൊരു പ്രമുഖ നാടകൃത്തായിരുന്നു. അദ്ദേഹം ഗാനരൂപത്തിൽ ഹിന്ദിയും മറ്റു പ്രാദേശിക ഭാഷകളും നാടകത്തിൽ ഉപയോഗിച്ചു. ഇക്കാലത്ത് നാടകം പ്രോത്സാഹിപ്പിച്ചവരായിരുന്നു ഉമാപതി മിശ്ര, ശാരദാ തനയ എന്നിവർ.

ക്ലാസിക്കൽ നാടകങ്ങളെന്നും ഗ്രാമീണ നാടകങ്ങളെന്നും രണ്ടായി തരംതിരിച്ചു. ശാസ്ത്രീയ നാടകങ്ങൾ നാട്യശാസ്ത്രത്തിലെ നിബന്ധനകളും പ്രമേയങ്ങളും ഉൾക്കൊള്ളുന്ന ഗഹനമായവയും, ഗ്രാമീണ നാടകങ്ങൾ സ്വതസിദ്ധവും മുന്നൊരുക്കങ്ങൾ ഇല്ലാത്തവയുമായിരുന്നു. ഗ്രാമീണ നാടക വേദിയിൽ പ്രാദേശിക ഭാഷകൾ ഉപയോഗിച്ചു. വ്യത്യസ്ത പ്രദേശങ്ങളിൽ നിരവധി ഗ്രാമീണ നാടക വേദികൾ ഉണ്ടായി. നൃത്തസംഗീത സഹായത്താൽ അഭിനയിക്കുന്ന രീതി ജനപ്രിയമായി.

വ്യത്യസ്ത നാടകവേദികൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | ബംഗാൾ | - | ജത്ര, കീർത്തനീയ നാടകം |
| 2. | ബീഹാർ | - | ബിദേശിയ |
| 3. | രാജസ്ഥാൻ | - | രാസ്, ജൂമർ, ധോലമറു |
| 4. | ഉത്തർപ്രദേശ് | - | രാസ്, നൗടങ്കി, സ്വാങ്ക്, ബാന്ദ് |
| 5. | ഗുജറാത്ത് | - | ബവായ് |
| 6. | മഹാരാഷ്ട്ര | - | ലറിതേ, തമാഷ |
| 7. | തമിഴ്നാട്, കേരളം, കർണ്ണാടക | - | കഥകളി, യക്ഷഗാനം |

കുന്ദലേശദൈ്വതം, കാളിദാസൻ ഗുപ്തകാലഘട്ടത്തിൽ ജീവിച്ചിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒരു നാടകമാണ്.

ഗ്രാമീണ നാടക വേദികളിൽ താങ്ങായി ധോൻ, കർത്തൽ, മഞ്ജീര, കഞ്ജീര എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു.

നൃത്തനാടകങ്ങളിൽ മധ്യകാലം സമ്പുഷ്ടമാണെങ്കിലും നാടകവേദികൾ പ്രബലമായിരുന്നില്ല. കലാപരിപോഷകനായ വസീദ് അലിഷാ നാടകത്തിന്റെയും പരിരക്ഷകനായിരുന്നു. ദക്ഷിണമേഘാലയയിൽ പ്രാദേശിക ഭാഷ ഉപയോഗിച്ചുള്ള നാടോടി നാടകങ്ങൾ കൂടുതൽ ജനപ്രിയമായിരുന്നു.

ബ്രിട്ടീഷുകാരുടെ വരവ് ഇന്ത്യൻ സമൂഹത്തിന്റെ സ്വഭാവ ഘടനയിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. 18-ാം നൂറ്റാണ്ടിൽ ഒരു ഇംഗ്ലീഷുകാരൻ കൽക്കത്തയിൽ ഒരു നാടകശാല സ്ഥാപിച്ചു. ബംഗാളിൽ റഷ്യക്കാരനായിരുന്ന ഹൊറാസിം ലെബെദേവ് ബംഗാളി തീയേറ്റർ രൂപീകരിച്ചു. അങ്ങനെയാണ് ഇന്ത്യയിൽ ആധുനിക നാടകശാലയുടെ ആരംഭം. ആംഗലേയ നാടകങ്ങൾ വിശിഷ്യ ഷെക്സ്പിയറുടെ, ഇന്ത്യൻ നാടകങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പ്രബുദ്ധരായ ഇന്ത്യക്കാർ രൂപം കൊടുത്ത സ്റ്റേജുകൾ പരമ്പരാഗത തുറന്ന സ്റ്റേജുകളിൽ നിന്നും വ്യത്യസ്തമായിരുന്നു. തുറന്ന വേദിക്കുപകരം വേദികളിൽ കർട്ടനുകളും രംഗപാടങ്ങളും സജ്ജീകരിച്ചു. ഒരു പാഴ്സികമ്പനി വാണിജ്യാടിസ്ഥാനത്തിൽ ബോംബെയിൽ ഒരു നാടക കമ്പനി രൂപീകരിച്ചു. നാടകത്തിന്റെ വാണിജ്യമൂല്യങ്ങൾ ഇതുവഴി തിരിച്ചറിയാൻ കഴിഞ്ഞു. നഗരജീവിതത്തിന്റെ സംഘർഷങ്ങളും, ദുരന്തങ്ങളും, ഹാസ്യങ്ങളും നാടകത്തിന് പ്രമേയങ്ങളായി. ശാസ്ത്രീയകലകളോട് നാടോടികലാരൂപങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടത് പ്രകടന കലകളുടെ മറ്റൊരു സവിശേഷതയാണ്. മധ്യകാലഘട്ടത്തിലെ ഒരു ജനപ്രിയ നാടകമായ വിദ്യാ സുന്ദർ , ജയദേവന്റെ ഗീതാഗോവിന്ദം തുടങ്ങിയ നാടകങ്ങൾ നാടോടി നാടകങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്.

സമീപകാലത്ത് നാടകത്തിൽ നിരവധി പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ശംഭുമിത്ര, ഫൈസൽ, അൽവാസി, ബാദൽ സർക്കാർ, വിജയ് തെണ്ടുൽക്കർ തുടങ്ങിയവരുടെ നാടകങ്ങളിൽ പാശ്ചാത്യ സ്വാധീനം ദർശിക്കാം. വർത്തമാനകാലത്തെ വിവിധ നാടക രൂപങ്ങളാണ്.

(മ) സ്റ്റേജ് നാടകം

(യ) റേഡിയോ നാടകം

(ര) തെരുവു നാടകം

(റ) ഏകാഭിനയ നാടകം

(ല) സംഗീത നാടകം

(ള) ലഘു നാടകങ്ങൾ

(ഴ) ഏകാങ്ക നാടകങ്ങൾ

## 12.8 ചില പ്രധാന നാടകങ്ങളും അതിന്റെ കർത്താക്കളും

വളരെ സുദീർഘമായ ചരിത്രപശ്ചാത്തലമുള്ള ഒരു കലാരൂപമാണ് നാടകം. നാടകത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അപഗ്രഥനവും വിശകലനവും നടത്തിയത് ഭരതമുനിയുടെ നാട്യശാസ്ത്രം എന്നഗ്രന്ഥത്തിലാണ്. നാടകത്തിന് നൃത്തവും സംഗീതവും അനിവാര്യമാണെന്ന് ഈ ഗ്രന്ഥം സൂചിപ്പിക്കുന്നു. രാമായണവും മഹാഭാരതവും കാളിദാസന്റെയും ബാണഭട്ടന്റെയും ദാസന്റെയും നാടകങ്ങളും ഈ മൂന്ന് സങ്കേതങ്ങളുടെ സമന്വയത്തിന്റെ ഉദാഹരണങ്ങളാണ്.

ചില ജനപ്രിയ നാടകങ്ങളും അവയുടെ കർത്താക്കളും.

| ക്ര.നം. | പേര് | കർത്താവ് |
|---|---|---|
| 1. | മേഘസന്ദേശം | കാളിദാസൻ |
| 2. | അഭിജ്ഞാന ശാകുന്തളം | കാളിദാസൻ |
| 3. | പത്മാവതി | മധുസുദൻ |
| 4. | ഹർഷചരിതം | ബാണഭട്ടൻ |
| 5. | നൽദേവി | ഭരതേന്തു |
| 6. | സത്യഹരിശ്ചന്ദ്ര | ഭരതേന്തു |
| 7. | ആന്ധർനഗരി | ഭരതേന്തു |
| 8. | ചന്ദ്രാവൽ | ഭരതേന്തു |
| 9. | അജ്ഞാതശത്രു | ജയശങ്കർ പ്രസാദ് |
| 10. | രാജ്യശ്രീ | ജയശങ്കർ പ്രസാദ് |
| 12. | പ്രായശ്ചിത് | ജയശങ്കർ പ്രസാദ് |
| 13. | കരുണാലയ | ജയശങ്കർ പ്രസാദ് |

## പാഠഭാഗ ചോദ്യങ്ങൾ 12.4

1. നാടകത്തിന്റെ ആരംഭരൂപങ്ങൾ എന്തെല്ലാം?

2. ഭരതന്റെ രണ്ടുനാടകങ്ങളുടെ പേര്?

3. ഏതു സമുദായത്തിനാണ് സ്ഥിരം കമ്പിനികൾ ഉണ്ടായിരുന്നത്?

4. ഭരതന്റെ അഭിപ്രായത്തിൽ ഒരു യഥാർത്ഥ ആശയവിനിമയ മാർഗ്ഗം എന്ത്?

5. കുശിലവാസ് ആരായിരുന്നു?

6. ഇക്കാലത്ത പ്രചരിക്കുന്ന വിവിധതരം നാടകങ്ങൾ എന്തെല്ലാം?

7. കാളിദാസന്റെ ഏതെങ്കിലും രണ്ടു നാടകങ്ങളുടെ പേര്?

8. പത്മാവതി നാടകം രചിച്ചതാര്?

9. ജയശങ്കർ പ്രസാദിന്റെ രണ്ടു നാടകങ്ങളുടെ പേരെഴുതുക?

## 12.9 നടനകലയുടെ വർത്തമാന സ്ഥിതി

ഇന്ത്യയിൽ മൂന്നു കലാരൂപങ്ങളും അതായത് നൃത്തം, സംഗീതം, നാടകം വളർന്നുകൊണ്ടിരിക്കുന്നു. ഗന്ധർവ്വ മഹാവിദ്യാലയം, പ്രയാഗ സമിതി തുടങ്ങിയ

നിരവധി സംഗീത സ്ഥാപനങ്ങൾ ശാസ്ത്രീയ സംഗീതത്തിലും നൃത്തത്തിലും കഴിഞ്ഞ അൻപതു വർഷത്തിലധികമായി പരിശീലനം നല്കി കൊണ്ടിരിക്കുന്നു. നിരവധി യൂണിവേഴ്സിറ്റികളും, കോളേജുകളും അവരുടെ പാഠ്യപദ്ധതിയിൽ ഈ നാട്യരൂപങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഖൈറാഗട്ടിലെ ഇന്ദിരാകലാ സംഗീത വിശ്വവിദ്യാലയം ഒരു സംഗീത സർവ്വകലാശാലയാണ്. കഥക് കേന്ദ്ര, ദേശീയ നാടക വിദ്യാലയം (National School of Drama), ഭാരതീയ കലാ കേന്ദ്ര, മറ്റു സ്ഥാപനങ്ങൾ ഇവയെല്ലാം സ്വന്തം നിലയിൽ സംഗീതം പ്രോത്സാഹിപ്പിക്കുന്നു. സംഗീത സദസ്സുകളും, പ്രദർശന പ്രഭാഷണങ്ങളും സംഘടിപ്പിക്കുന്നു. സംഗീത വിദ്വാന്മാർ, സംഗീതാദ്ധ്യാപകർ, വിമർശകർ എന്നിവർ നൃത്ത സംഗീതങ്ങളെ ജനപ്രിയമാക്കാൻ ശ്രമിക്കുന്നു. ദേശീയ അന്തർദേശീയ തലങ്ങളിൽ ഇന്ത്യൻ നൃത്ത, സംഗീത, നാടക കലകളെ പ്രോത്സാഹിപ്പിക്കാനും സംഗീത നാടക അക്കാദമിപോലുള്ള സ്ഥാപനങ്ങൾ ശ്രമിക്കുന്നു.

അന്തർദേശീയതല സംഗീതജ്ഞന്മാർ മഹത്തായ സംഭാവനകൾ നല്കുന്നു. പണ്ഡിറ്റ് രവിശങ്കർ, ഉസ്താദ് അലി അക്ബർ ഖാൻ, ഉസ്താദ് അള്ളാരക്കാ ഖാൻ തുടങ്ങിയവർ ആരംഭിച്ച മഹത്തായ സ്ഥാപനങ്ങളിൽ വിദേശികൾ ഇന്ത്യൻ സംഗീതം അഭ്യസിക്കുന്നു. പല വിദേശ സർവ്വകലാശാലകൾക്കുമുള്ള ഇന്ത്യൻ നാട്യകലാ വകുപ്പുകൾ വിദ്യാർത്ഥികൾക്ക് ബിരുദവും ഡിപ്ലോമകളും, നല്കുന്നു. ലോകമെമ്പാടുമുള്ള ആഘോഷങ്ങളിൽ കലാ പ്രകടനങ്ങൾ നടത്തുന്നതിന് ഇന്ത്യൻ കലാകാരന്മാരെ ക്ഷണിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസ് (ICCR) ഉം ഇന്ത്യാഗവൺമെന്റിന്റെ മനുഷ്യ വിഭവവികസന മന്ത്രാലയവും തുടർച്ചയായി ഇത്തരം കലകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി ഫെലോഷിപ്പ്, സ്കോളർഷിപ്പ് ഗ്രാന്റുകൾ എന്നിവ നല്കുന്നു. കൂടാതെ ഇന്ത്യൻ, സംഗീത, നൃത്ത, നാടക മേഖലകളിൽ സാംസ്ക്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നു.

## പാഠഭാഗ ചോദ്യങ്ങൾ 12.5

താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. നടനകലയുടെ മൂന്നുരൂപങ്ങളും പ്രചരിപ്പിക്കുന്ന ഭാരതസർക്കാരിന്റെ മന്ത്രാലയം ഏത്?

2. നടനകലയിൽ പ്രവർത്തിക്കുന്ന ഭാരത സർക്കാർ ഏജൻസി ഏത്?

3. എങ്ങനെയാണ് പ്രശസ്തരായ കലാകാരന്മാരെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്?

4. എങ്ങനെയാണ് നടനകല നമുക്ക് സഹായകമാകുന്നത്?

## നിങ്ങളെന്തു പഠിച്ചു...

* ഇന്ത്യൻ സംസ്ക്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണ് സംഗീതം, നൃത്തം, നാടകം എന്നീ കലാ രൂപങ്ങൾ.

* നാട്യശാസ്ത്രത്തിന്റെ കർത്താവായ ഭരതനോട് അദ്ദേഹത്തിന്റെ

*കുറിപ്പുകൾ :*

സംഭാവനകൾക്ക് നാം കടപ്പെട്ടിരിക്കുന്നു.

* രാജ്യത്തിന്റെ രാഷ്ട്രീയ സ്ഥിതിഗതികൾ ഇത്തരം കലകളുടെ രാഷ്ട്രീയ സ്വാധീനം കുറച്ചില്ല.

* ഈ കലാരൂപങ്ങളെ സംരക്ഷിക്കാൻ ജനങ്ങളും, കലാവിദഗ്ദ്ധരും, ശ്രമിക്കുകയും സഹിക്കുകയും ചെയ്തു.

* ഇന്ത്യയിലെ നാടക കലകളിൽ പാശ്ചാത്യ സ്വാധീനം ദർശിക്കാൻ കഴിയും.

* സ്വദേശത്തും വിദേശത്തും ഇന്നും ഈ കലാരൂപങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടുവരുന്നു.

## പാഠാവസാന അഭ്യാസങ്ങൾ

1. ഭാരതത്തിൽ നടനകലയുടെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും എന്തായിരുന്നു?

2. ഇന്ത്യയിൽ നടന കലയുടെ വികാസം എങ്ങനെ?

3.ആധുനിക ഭാരത സംഗീതത്തിൽ നടപ്പിലാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

4. നാടോടി ഗാനങ്ങളുടെ പ്രാധാന്യം എന്ത്? ഏതാനും ചില നാടോടി ഗാന ങ്ങളുടെ പേരെഴുതുക?

5. ശാസ്ത്രീയ നൃത്തത്തിന്റെ പ്രാധാന്യം എന്ത്? ഇന്ത്യയിലെ ഏതാനും ശാസ്ത്രീയ നൃത്തരൂപങ്ങളുടെ പേരെഴുതുക?

6. ബ്രിട്ടീഷുകാരുടെ ആഗമനത്തോടെ നാടകത്തിൽ മാറ്റത്തിന്റെ ഒരു വേലി യേറ്റം തന്നെയുണ്ടായി. വിശദീകരിക്കുക.

7. നടനകലയ്ക്ക് വളരാനുള്ള വലിയ സാദ്ധ്യതയുണ്ട്. വിശദീകരിക്കുക.

## ഉത്തരങ്ങൾ

**12.1**

1. നൃത്തം, നാടകം, സംഗീതം

2. ഇത് ബഹുജന വിദ്യാഭ്യാസത്തിനുള്ള ഒരു ഉപാധിയാണ്.

3. ഭരതന്റെ നാട്യശാസ്ത്രം ബി.സി 2-ാം നൂറ്റാണ്ടിനും എ.ഡി. 2-ാം നൂറ്റാണ്ടി നുമിടയിൽ രചിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്നു.

4. മാദംഗന്റെ ബൃഹദേശി
5. ബൃഹദേശി പുസ്തകങ്ങൾ

6. 264 രാഗങ്ങൾ

7. രാധാകൃഷ്ണന്മാരുടെ പ്രണയം

8. ശൈവയിറ്റ് നായനാർമാരും വൈഷ്ണവ ആൾവാർമാരും

9. ഇബ്രാഹിം ആഡിൽ ഷാ 11

10. അവർ പുതിയ രാഗങ്ങൾ അവതരിപ്പിച്ചു

**12.2**

1. 1(മ) വടക്കേ ഇന്ത്യയിലെ ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതം

*കുറിപ്പുകൾ :*

1(യ) ദക്ഷിണേന്ത്യയിലെ കർണ്ണാടക സംഗീതം

2. ധ്രുപത്, ധമ്മർ, ഇമ്രി, കയാൽ താപ്പ

3. ഗുരു-ശിഷ്യ പരമ്പരയിലെ പ്രത്യേക ശൈലിയിലുള്ള സംഗീതം

4. ജയ്പൂർ ഘരണ, കിരാന ഘരണ, ഗ്വാളിയോർ ഘരാന

5. പ്രധാന രചന

6. (മ) ശ്യാമശാസ്ത്രി

(യ) ത്യാഗരാജ

(ര) മുത്തുസ്വാമി

(റ) പുരന്ദരദാസൻ

7. ഓടക്കുഴൽ, വീണ, നാദസ്വരം, മൃദംഗം, ഘടം

8. (മ) കർണ്ണാടക ആലാപനം ഹിന്ദുസ്ഥാനി ആലാപിനു സമാനമാണ്.

(യ) കർണ്ണാടക സംഗീതത്തിലെ 'തിലാന' ഹിന്ദുസ്ഥാനി സംഗീതത്തിലെ 'തരാനയ്ക്കു സമാനമാണ്.

(ര) രണ്ടും'തള' അല്ലെങ്കിൽ താളത്തിന് ഊന്നൽ കൊടുക്കുന്നു.

9. (മ) മനദ് – രാജസ്ഥാൻ

(യ) ബട്യാലി – ബംഗാൾ

10. ഇവ ജീവിതത്തിലെ എല്ലാ സംഭവങ്ങളെയും സൂചിപ്പിക്കുന്ന ലളിതഗാന ങ്ങളാണ്.

**12.3**

1. പ്രപഞ്ച ചക്രത്തിന്റെ സൃഷ്ടിയും സംഹാരവും

2. ശാസ്ത്രീയ നൃത്തവും നാടോടി നൃത്തവും

3.

| | |
|---|---|
| ബിഹു | അസാം |
| ഗർഭ | ഗുജറാത്ത് |
| ബൻഗ്രയും ജിദ്ദയും | പഞ്ചാബ് |
| മുളനൃത്തം | മിസോറാം |
| കോലി | മഹാരാഷ്ട്ര (മത്സ്യത്തൊഴിലാളികളുടെ നൃത്തം) |
| ധുമൽ | കാശ്മീർ |
| ചൗ | ബംഗാൾ |

4. 1. നൃത്ത (പദസഞ്ചലനം)

2. നൃത്ത്യ (അംഗ സഞ്ചലനം)

3 നാട്യം (അഭിനയം)

5. പണ്ഡിറ്റ് ബിർജു മഹാരാജ്, പണ്ഡിറ്റ് ശംഭുമഹാരാജ്, സിത്താരദേവി, പണ്ഡിറ്റ് ഗോപി കൃഷ്ണൻ, പണ്ഡിറ്റ് ലച്ച മഹാരാജ് എന്നിവർ

6. 1. ഗീത – ചന്ദ്രൻ

2 ഡോ. പത്മ സുബ്രഹ്മണ്യൻ

3. ശ്രീമതി സരോജ വൈദ്യനാഥൻ

**12.4**

1. കുട്ടി അഭിനയിക്കുന്നു, അനുകരിക്കുന്നു, ഹാസ്യ വർണ്ണന നടത്തുന്നു.

2. അസുരപരാജയം, അമൃത മന്ദൻ

3. നാടകം

4. ശൈലൂഷ്

5. പ്രഗത്ഭ സംഗീതജ്ഞൻ വീരകഥകൾ നാടകീയമായി പാടുന്നു

6. 1. സ്റ്റേജ് നാടകം

   2. റേഡിയോ നാടകം

   3. തെരുവു നാടകം

   4. ഏകാഭിനയ നാടകം

   5. സംഗീത നാടകം

6. ലഘുനാടകങ്ങൾ

   7. ഏകാങ്കനാടകങ്ങൾ

7. 1. മേഘദൂത്

   2. അഭിജ്ഞാന ശാകുന്തളം

   3. മധുസൂദൻ

9. 1. അജാത ശത്രു

   2. ചന്ദ്രഗുപ്തൻ

   3. പ്രായശ്ചിത്തം

   4. രാജ്യശ്രീ

   5. കരുണാലയ

**12.5**

1. മാനവശേഷിവികസന മന്ത്രാലയം

2. സാംസ്ക്കാരിക ബന്ധത്തിനുവേണ്ടിയുള്ള ഇന്ത്യൻ കൗൺസിൽ (ICCR)

3. സാമ്പത്തിക സഹായം, സ്കോളർഷിപ്പ് ബഹുമതി എന്നിവ നൽകിയും വിനിമയ പരിപാടികൾ ക്രമീകരിച്ചും.

4. പ്രകടനകലകൾ മനസ്സിന് സന്തുലിതാവസ്ഥയും എല്ലാവരേയും സ്നേഹിക്കാനും സഹായിക്കുന്നു. അത് ആത്മവിശ്വാസം പടുത്തു യർത്തും. ഏതു സാഹചര്യവുമായി പൊരുത്തപ്പെടുവാനുള്ള കഴിവും പ്രദാനം ചെയ്യുന്നു.

കുറിപ്പുകൾ :

# 13

# ഇന്ത്യയിലെ വാസ്തുശിൽപ്പങ്ങൾ

നമ്മുടെ ജീവിതത്തിന്റെയും സമൂഹത്തിന്റെയും സമസ്ത മേഖലകളേയും സ്പർശിക്കുന്ന 4500 വർഷത്തോളം പഴക്കമുള്ള നാഗരികതയെക്കുറിച്ച് ഓർമ്മപ്പെടുത്തേണ്ടത് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. യൂനെസ്ക്കോയുടെ830 പൈതൃക പ്രദേശങ്ങളിൽ 26 എണ്ണം ഇന്ത്യയിലാണ്. ഇത് മറ്റു രാജ്യങ്ങളേക്കാൾ കുറവാണ്. ഇത് പൗരാണിക പ്രദേശങ്ങളുടേയും ജനങ്ങളുടേയും സൃഷ്ടിപരമായ പ്രതിഭയുടേയും കഴിവിന്റെയും ദൃശ്യമായ ഒരു തെളിവും പ്രകൃതി തന്നെ നൽകിയ അനുഗ്രഹവുമല്ലേ? ഇത് ബിംബേട്കയുടെ ചരിത്രാതീത ശിലാകലയും അല്ലെങ്കിൽ എണ്ണമറ്റ കൊട്ടാരങ്ങളും മോസ്ക്കുകളും ക്ഷേത്രങ്ങളും ഗുരുദ്വാരകളും ക്രൈസ്തവ ദേവാലയങ്ങളും ശവകുടീരങ്ങളും നഗരങ്ങളും അലംകൃമായ സ്തൂപങ്ങളും എല്ലാമാകാം.

ഡൽഹി, ആഗ്ര, ജയ്പൂർ, മുംബൈ, കൽക്കത്ത മുതലായ നഗരങ്ങളിലൂടെ കടന്നുപോകുമ്പോൾ മനോഹര സൗധങ്ങൾ നാം കാണുന്നു. ചിലത് കൊട്ടാരങ്ങളും ക്ഷേത്രങ്ങളും ദേവാലയങ്ങളും മോസ്ക്കുകളും സ്മാരകങ്ങളുമൊക്കെയാണ്. പലതും ക്രിസ്തുവിന് മുൻപും പിൻപും ഉള്ളവയാണ്. പലതലമുറകളും പ്രൗഢഗംഭീരമായി ഉയർന്നു നിൽക്കുന്ന ഈ വാസ്തുശിൽപ്പത്തിന്റെ ഭാഗമായിരുന്നിട്ടുണ്ട്. നമ്മുടെ മാത്രമായ മഹത്തായ ഭൂതകാലത്തെ ഓർമ്മപ്പെടുത്തുന്നവയാണ് വാസ്തുശിൽപ്പകലകൾ. ഇത് കലയും വാസ്തുശിൽപ്പവും നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായതുകൊണ്ടാണ്. ഇന്നത്തെ വാസ്തുശിൽപ്പത്തിന്റെ പല സവിശേഷതകളും ഇന്ത്യാചരിത്രത്തിലെ ദീർഘമായ കാലഘട്ടങ്ങളിലൂടെ രൂപപ്പെട്ടവയാണ്. ഏറ്റവും പുരാതനവും സവിശേഷവുമായ ഇന്ത്യൻ വാസ്തുശിൽപ്പത്തിന്റെ തെളിവുകൾ അദ്വിതീയമായ ആസൂത്രിത നഗരങ്ങളായിരുന്ന ഹാരപ്പൻ നാഗരികതയിലേതാണ്. ഹാരപ്പൻ കാലത്തിനുശേഷം വാസ്തുശിൽപ്പശൈലികൾ ഹിന്ദു, ബുദ്ധ, ജൈന എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മധ്യകാലഘട്ടത്തിൽ തദ്ദേശീയ പേർഷ്യൻ ശൈലികളുടെ ഒരു സമന്വയം നമുക്ക് കാണാം. അതിനുശേഷം കൊളോണിയൽ കാലഘട്ടത്തിൽ പാശ്ചാത്യ വാസ്തുശിൽപ്പം കടന്നുവന്നു. അങ്ങനെ തദ്ദേശീയ ശൈലിയുടേയും ബാഹ്യസ്വാധീനത്തിന്റെയും ഒരു സമന്വയമായ ഇന്ത്യൻ വാസ്തു ശിൽപ്പത്തിന് അതിന്റേതായ സ്വഭാവ സവിശേഷതകളുണ്ട്.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ:**

* ഇന്ത്യൻ ശില്പകലയുടെയും ശില്പമാതൃകയുടെയും വിവിധകാലയളവിലെ ശൈലികളും സവിശേഷതകളും തിരിച്ചറിയാം.

* വിവിധ വർഷങ്ങളിലായി ഇന്ത്യൻ ശില്പകലകളുടെ പ്രാധാന്യം വിലയിരുത്താം.

* ഇന്ത്യൻ വാസ്തുശില്പകലയുടെ വളർച്ചയ്ക്ക് ബുദ്ധ-ജൈനമതങ്ങൾ നൽകിയ സംഭാവനകൾ തിരിച്ചറിയാം.

* ക്ഷേത്രശില്പകലയുടെ വളർച്ചയ്ക്ക് ഗുപ്ത, പല്ലവ, ചോളരാജാക്കന്മാരുടെ പങ്ക് മനസ്സിലാക്കാം.

* മധ്യകാലഘട്ടത്തിലെ വാസ്തുശില്പമാതൃകകളിലെ വ്യത്യസ്ത സ്വാധീനങ്ങൾ തിരിച്ചറിയാം.

* കോളനി ഭരണകാലത്തെ പ്രധാനവാസ്തുശില്പശൈലികൾ ചൂണ്ടികാണിക്കാം.

## 13.1 വാസ്തുവിദ്യ – ഉത്ഭവും ഇന്ത്യൻ വീക്ഷണവും

വാസ്തുവിദ്യ ഒരു ആധുനിക പ്രതിഭാസമല്ല. പൗരാണിക ഗുഹാമനുഷ്യൻ താമസിക്കാൻ സ്വന്തമായി ഒരു അഭയകേന്ദ്രം സ്ഥാപിക്കാൻ തുടങ്ങിയമുതൽ വാസ്തുവിദ്യ ഉടലെടുത്തിരുന്നു. നിബിഡവനങ്ങളായ പ്രകൃതിദത്ത വാസസ്ഥലത്തുനിന്ന് മനുഷ്യൻ പുറത്തിറങ്ങുകയും സ്വന്തമായി ഒരു വാസസ്ഥാനം നിർമ്മിക്കുകയും ചെയ്തു. കൂടുതൽ സ്ഥലസൗകര്യമുള്ള വാസസ്ഥാനങ്ങളെക്കുറിച്ചുള്ള അന്വേഷണം അവന്റെ കലാബോധത്തെ തൊട്ടുണർത്തുകയും അവന്റെ മനസ്സിനിണങ്ങുന്ന, കലാബോധത്തെ തൃപ്തിപ്പെടുത്തുന്ന വാസസ്ഥലങ്ങൾ നിർമ്മിക്കാൻ തുടങ്ങുകയും ചെയ്തു.

## 13.2 ഹാരപ്പൻ കാലഘട്ടം

അതിവിദഗ്ദമായ സാങ്കേതിക വിദ്യയും നഗരാസൂത്രണവുമുൾപ്പെട്ട അത്യാധുനികമായ ഒരു നഗര സംസ്ക്കാരം ഹാരപ്പൻ കാലഘട്ടത്തിൽ നിലനിന്നിരുന്നുവെന്ന് മോഹൻജാദാരോ, ഹാരപ്പ തുടങ്ങിയ സിന്ധൂനദീതടസംസ്ക്കാര കേന്ദ്രങ്ങളിലെ അവശിഷ്ടങ്ങൾ വ്യക്തമാക്കുന്നു. ഈ നഗരങ്ങളിൽ നിരത്തിന്റെ ഇരുവശങ്ങളിലുമായി കെട്ടിടങ്ങൾ കാണപ്പെട്ടു. പൊതുകിണറുകൾ, മലിനജലനിർഗമനമാർഗ്ഗങ്ങൾ. ഔദ്യോഗികമന്ദിരനിരകൾ എന്നിവയും കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം പരിഗണിക്കുമ്പോൾ ആര്യന്മാരുടെ വരവിനുമുമ്പുതന്നെ സംസ്ക്കാരത്തിന്റെ ഉടമകൾ സമുന്നതമായ സാങ്കേതിക വിദ്യയും മികച്ച സൗന്ദര്യബോധവും കൈവരിച്ചിരിക്കുന്നുവെന്ന് വ്യക്തമാകും . ബ്രിട്ടീഷുകാർ സ്ഥാപിച്ച ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലാണ്. സിന്ധൂനദീതടസംസ്ക്കാര കേന്ദ്രങ്ങളിൽ ഉത്ഖനനം നടത്തിയത്.

ഹാരപ്പൻ അവശിഷ്ടങ്ങളുടെ മുഖ്യ സവിശേഷതകൾ

1. ബി. സി. മൂന്നാം സഹസ്രാബ്ദത്തിനുമമ്പുതന്നെ അവർ ഈ മേഖലയിൽ അധിവസിച്ചിരുന്നു.

2. സിന്ധുതീരങ്ങളിലായിരുന്നു അവർതാമസിച്ചിരുന്നത്. സുലഭമായ ജലലഭ്യത, ചെലവുകുറഞ്ഞ ഗതാഗതസൗകര്യം, പ്രകൃതിദത്തമായ സംരക്ഷണം എന്നിവ നദികളുടെ പ്രയോജനമാണ് ഇതായിരുന്നു അവരെ നദീതീരങ്ങളിലേക്ക് ആകർഷിച്ചത്.

3. നദീതീരത്തിന്റെ മറുവശത്തിന്റെ സംരക്ഷണം ഉറപ്പിക്കാൻ നഗരത്തിനു ചുറ്റും മതിൽ കെട്ടിയിരുന്നു.



*കുറിപ്പുകൾ :*

4. ഈ നഗരങ്ങളുടെ രൂപകല്പന സമചതുർഭുജാകൃതിയിൽ ശൃംഖലാ രൂപത്തിൽ മൗലീക സ്ഥാനങ്ങളിൽ വിന്യസിച്ചിരിക്കുന്ന രീതിയാണ്.

5. ചുട്ടെടുത്ത ഇഷ്ടികകൾകൊണ്ടായിരുന്നു കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നത്.

6. വലിയ ഹാളുകളും മുറ്റങ്ങളുമുള്ള വാണിജ്യകേന്ദ്രങ്ങളോ , ഭരണകേന്ദ്രങ്ങളോ, പൊതുകെട്ടിടങ്ങളോ പോലെയുള്ള വിശാലമായ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ക്ഷേത്രാവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നില്ല.

7. പൊതുകെട്ടിടങ്ങളിൽ ധാന്യങ്ങൾ ശേഖരിക്കാനുള്ള വലിയ ധാന്യപ്പുരകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് സംഘടിതമായ ധാന്യശേഖരണ വിതരണ സമ്പ്രദായത്തിന്റെ സൂചനകൾ നൽകുന്നു.

8. തൊഴിലാളികളുടെ താമസസ്ഥലങ്ങളായ ഒറ്റമുറികളുള്ള കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

9. മോഹൻജൊദാരയിൽ കണ്ടെത്തിയ വലിയകുളം (Great Bath) അവരുടെ എഞ്ചിനിയറിംഗ് വൈദഗ്ധ്യം തെളിയിക്കുന്നു. ഇന്നും ഉപയോഗയോഗ്യമായ ഈ കുളത്തിന് യാതൊരു പൊട്ടലോ , ചോർച്ചയോ ഉണ്ടായിട്ടില്ല. ഈ കുളം അവരുടെ ശുചിത്വബോധം വെളിവാക്കുന്നു. കൂടാതെ മിക്കവീടുകൾക്കും സ്വന്തമായ കിണറുകളും , കുളിമുറിയുമുണ്ടായിരുന്നു.

10. ധാന്യപ്പുരകളും പൊതുമന്ദിരങ്ങളും കെട്ടിടങ്ങളുൾപ്പെടുന്ന ശക്തമായ കോട്ടകെട്ടി സംരക്ഷിക്കുന്ന അന്തർ നഗരങ്ങളുടെ അവശിഷ്ടങ്ങൾ പടിഞ്ഞാറുഭാഗത്ത് നിന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ നഗരം ഭരിച്ചിരുന്ന ഒരു രാഷ്ട്രീയ ശക്തിയുടെ സൂചനകളാണിത് നൽകുന്നത്.

11. പ്രവേശന കവാടങ്ങളുള്ള കോട്ടയും ചുറ്റുമതിലും ഏതോ ഒരു ശക്തിയുടെ ആക്രമണത്തെ അവർ ഭയപ്പെട്ടിരുന്നുവെന്നു മനസ്സിലാക്കാം.

12. ഗുജറാത്തിലെ ലോത്തലിലുള്ള തുറമുഖാവശിഷ്ടങ്ങൾ അക്കാലത്ത് കടലിലൂടെയുള്ള വാണിജ്യം വികസിച്ചിരുന്നുവെന്ന് തെളിയിക്കുന്നു.

നഗരത്തിലെ ജനാധിവാസ മേഖലകളിലുള്ള മലിനജലനിർഗമന മാർഗ്ഗങ്ങൾ ഒരു പ്രധാന സവിശേഷതയാണ്. ശുദ്ധീകരണത്തിന് സൗകര്യമുള്ള തയിരുന്നു അഴുക്കുചാലുകൾ. താമസിക്കാനുള്ള കെട്ടിടങ്ങളുടെ ആസൂത്രണം അതീവ സൂക്ഷമത പുലർത്തിയിരുന്നു. ഏണിപ്പടികളോടുകൂടിയ ഇരുനില കെട്ടിടങ്ങളായിരുന്നു ഭൂരിഭാഗവും ഉള്ളിലേക്ക് പൊടി കടക്കാതിരിക്കാൻ വാതിലുകൾ ഇടനാഴിയുടെ ഭാഗത്താണ് സംവിധാനം ചെയ്തിരുന്നത്.

വളരെ മെച്ചപ്പെട്ട നഗരാസൂത്രണ സംവിധാനമായിരുന്നു മറ്റൊരു സവിശേഷത. കൃത്യമായ ജ്യാമിതീയ തത്വങ്ങൾക്കനുസൃതമായിരുന്നു നഗരങ്ങൾ നിർമ്മിച്ചിരുന്നത്. വളരെ ചിട്ടയോടുകൂടിയായിരുന്നു റോഡുകൾ നിർമ്മിച്ചിരുന്നതും. സിന്ധൂനദിയിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കങ്ങൾ ഈ അധിവാസകേന്ദ്രങ്ങളെ നശിപ്പിച്ചിരുന്നുവെങ്കിലും തൽസ്ഥാനത്തുതന്നെ പുതിയവ വീണ്ടും നിർമ്മിക്കപ്പെടാറുണ്ടായിരുന്നു.ഉൽഖനനസമയത്ത് അടരുകളായ് കെട്ടിടങ്ങൾ കണ്ടെടുത്തത് ഇതിന്റെ തെളിവായ് പരിഗണിക്കാം. ഏതാണ്ട് ബി. സി. രണ്ടാം സഹസ്രാബ്ദത്തോടെ ഈ നാഗരികത അധ:പതിക്കുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തു.ഇതിന്റെ പതനത്തിന്റെ കാരണങ്ങൾ ഇന്നും അജ്ഞാതമായ് തുടരുന്നു.

*കുറിപ്പുകൾ :*

ഹാരപ്പൻ ജനതയ്ക്ക് ശില്പവേലകളിലും കരകൗശലങ്ങളിലും ജ്ഞാനമുണ്ടായിരുന്നു. മോഹൻജോദാരോയിൽ കണ്ടെടുത്ത നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ പ്രതിമ ലോകത്തിലെ ആദ്യ വെങ്കലപ്രതിമയായി കണക്കാക്കപ്പെടുന്നു. ഒരു പുരുഷന്റെ ധ്യാനത്തിലിരിക്കുന്ന കളിമൺ ശില്പവും കണ്ടെത്തിയിട്ടുണ്ട് ഭംഗിയുള്ള ആഭരണങ്ങൾ.ചിത്രാലംകൃതമായ അച്ചുകൾ, കാളയുടേയും, പശുപതിയുടേയും ശില്പങ്ങൾ എന്നിവയും കണ്ടെത്തിയിട്ടുണ്ട്.

ഹാരപ്പൻ നാഗരികത മുഖ്യമായും നഗരാടിസ്ഥാനത്തിലുള്ളതായിരുന്നു. എന്നാൽ ആര്യൻ സംസ്ക്കാരം ഗ്രാമീണരീതിയിലുള്ളവയായിരുന്നു. സിന്ധൂനദീതടസംസ്ക്കാരത്തിലെന്ന പോലെ വൻ കെട്ടിടങ്ങൾ ആര്യന്മാർ നിർമ്മിച്ചിരുന്നില്ല. അവർ കൊട്ടാരങ്ങൾ അടക്കം കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നത് ജീർണ്ണിച്ചുപോവുന്ന മരം പോലുള്ള വസ്തുക്കൾ ഉപയോഗിച്ചായിരുന്നു.അതുകൊണ്ട് ആര്യന്മാരുടെ കാലത്തെ കെട്ടിടാവശിഷ്ടങ്ങൾ കണ്ടെത്തുക അസാധ്യമാണ്.

ഇന്ത്യയിലെ ആദ്യകാല വാസ്തുശില്പശൈലിയുടെ വളർച്ചയ്ക്ക് ബുദ്ധ-ജൈന മതങ്ങളുടെ ഉദയം കാരണമായി . ബുദ്ധന്റെ ജീവിതത്തിലെ മുഖ്യ സംഭവങ്ങൾ നടന്ന സ്ഥലങ്ങളും ഭൗതീകാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലവും കേന്ദ്രീകരിച്ച് ബുദ്ധരൂപങ്ങൾ നിർമ്മിച്ചു. ബുദ്ധന്റെ ഭൗതീകാവശിഷ്ടങ്ങൾ ദഹിപ്പിച്ച സ്ഥലത്ത് നിർമ്മിച്ച സ്തൂപങ്ങൾ ചുട്ടെടുത്ത ഇഷ്ടികകൾ കൊണ്ട് ശ്രദ്ധാപൂർവ്വം നിർമ്മിച്ചവയായിരുന്നു. ബുദ്ധന്റെ ജന്മസ്ഥമായ ലുംബിനി , ബുദ്ധന് ബോധോദയം ലഭിച്ച ഗയ, അദ്ദേഹം ആദ്യമായി സാരോപദേശം നൽകിയ സാരാനാഥ്, അദ്ദേഹം തന്റെ 80-ാം വയസ്സിൽ മഹാപരിനിർമ്മാണം പ്രാപിച്ച കുശി നഗർ എന്നിവിടങ്ങളിലാണ് ഇത്തരം സ്തൂപങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട കേന്ദ്രവും ശവസംസ്ക്കാരസ്ഥലവും രാജ്യത്തെ മുഖ്യവാസ്തുശില്പങ്ങളുടെ അതിരടായളങ്ങളായി മാറി. ഇവ ബുദ്ധസന്യാസിമാരുടെ മുഖ്യ കേന്ദ്രങ്ങളായി. അത്തരം കേന്ദ്രങ്ങളിൽ വിഹാരങ്ങളും അനുശാസന കേന്ദ്രങ്ങളും വിദ്യാകേന്ദ്രങ്ങളും വളർന്നുവന്നു.

ഇക്കാലത്ത് മതം ശില്പകലയെ സ്വാധീനിക്കാൻ തുടങ്ങി. ബുദ്ധജൈന മതക്കാർ , സ്തൂപങ്ങൾ, വിഹാരങ്ങൾ, ചൈത്യങ്ങൾ എന്നിവ നിർമ്മിച്ചപ്പോൾ, ഗുപ്ത ഭരണകാലത്ത് ആദ്യമായി ക്ഷേത്രനിർമ്മാണകല വികാസം പ്രാപിച്ചു.

**പാഠഭാഗ ചോദ്യങ്ങൾ 13.1**

1. ഇന്ത്യൻ സംസ്ക്കാരത്തിന്റെ പരിണാമം എന്നാൽ എന്ത്?

2. എങ്ങനെയാണ് ഹാരപ്പൻ നിവാസികൾ അവരുടെ നാഗരിക സംരക്ഷിച്ചിരുന്നത്?

3. എങ്ങനെയാണ് ഹാരപ്പൻ ജനങ്ങളുടെ സാങ്കേതിക വൈദഗ്ധ്യം പ്രകടമാകുന്നത്?

4. എവിടെയായിരുന്നു ബുദ്ധന്റെ ഭൗതികാവശിഷ്ടം?

*കുറിപ്പുകൾ :*

5. എവിടെയായിരുന്നു ബുദ്ധന്റെ പ്രതിമ കണ്ടെത്തിയത്?

6. എപ്പോഴാണ് ഇന്ത്യയിലെ ആദ്യത്തെ ക്ഷേത്രം നിർമ്മിച്ചത്?

7. സ്തൂപങ്ങൾ, വിഹാരങ്ങൾ, ചൈത്യങ്ങൾ എന്നതുകൊണ്ട് എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത് ?

8. ഒരു കപ്പൽശാല ഉത്ഖനനം ചെയ്തത് എവിടെ?

## 13.3 ആദ്യകാല ചരിത്ര കാലഘട്ടം

മൗര്യകാലഘട്ടത്തിലാണ് ഇന്ത്യൻ വാസ്തുവിദ്യയുടെ ഒരു സുപ്രധാന കാലഘട്ടം ആരംഭിക്കുന്നത്. ഒരു പുതിയ മതാവബോധവും ഭൗതീകമായ സമ്പന്നതയും എല്ലാ മേഖലകളിലും മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കാൻ മൗര്യന്മാരെ സഹായിച്ചു. ചന്ദ്രഗുപ്തമൗര്യന്റെ കൊട്ടാരം സന്ദർശിച്ച സെല്യുക്കസ് നിക്കഡോറിന്റെ അംബാസിഡറായിരുന്ന മെഗസ്തനീസ് അതിന്റെ വാസ്തുവിദ്യ, സമൃദ്ധി വിവരിച്ചിട്ടുണ്ട്. മരംകൊണ്ട് കൊത്തിയെടുത്ത വലിയ കൊട്ടാരമായിരുന്നു അത്.



Buddhist Monuments at Sanchi

മൗര്യകാലഘട്ടത്തിൽ (322–182 ബി.സി) വിശിഷ്യാ അശോകന്റെ കീഴിൽ വാസ്തുകല വലിയ പുരോഗതി പ്രാപിച്ചു. മൗര്യൻ കലകളിലും വാസ്തുവിദ്യയിലും ഗ്രീക്കു-പേർഷ്യൻ സ്വാധീനങ്ങൾ ദർശിക്കാവുന്നതാണ്. അശോകചക്രവർത്തിയുടെ കാലത്ത് ചാണക്കല്ലിൽ നിർമ്മിച്ച വിജയ സ്തംഭങ്ങൾ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പടുത്തുയർത്തിയിരുന്നു. അവയിൽ ചിലത് ധർമ്മ ശാസനകൾ ആലേഖനം ചെയ്തവയാണ്. ഈ സ്തംഭങ്ങളിൽ ഓരോന്നിലും മിനുസമാർന്നതും, ഇതളുകൾ തഴേക്ക് മടക്കിച്ചേർത്തിട്ടുള്ള താമരയുടെ ആകൃതിയോടുകൂടി മകുടങ്ങൾ ഉള്ളതുമാകുന്നു.സാരനാഥിലെ അശോകസ്തംഭത്തിന്റെ മേൽഭാഗത്തുള്ള സിംഹഭാഗം ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഔദ്യോഗിക ചിഹ്നമായി സ്വീകരിക്കുകയുണ്ടായി. ഓരോ സ്തൂപവും 50 ടൺ ഭാരമുള്ളതും ഏതാണ്ട് 50 അടി ഉയരമുള്ളതുമാകുന്നു.



മൗര്യൻ വാസ്തുവിദ്യയുടെ മഹത്തായ നേട്ടത്തിന് ഉദാഹരണമായിരുന്നു സാഞ്ചിയിലെയും സാരനാഥിലെയും സ്തൂപങ്ങൾ. ജാതക കഥകൾ

കുറിപ്പുകൾ :

ആലേഖനം ചെയ്ത സാഞ്ചി സ്തൂപത്തിലേക്കുള്ള പ്രവേശന കവാടം മാര്യ കലാകാരന്മാരുടേയും ശില്പികളുടേയും കലാവാസനകളുടെ പ്രകടമായ സൂച നകളാണ്.



പില്ക്കാലത്ത് വികാസം പ്രാപിച്ച ഗാന്ധാരകല ഗ്രീക്ക് ഇന്ത്യൻ കല കളുടെ സങ്കലനഫലമായുണ്ടായതാണ്. അമരാവതിവിഭാഗവും മധുരാ വിഭാഗവുമാണ് മറ്റു ശില്പകലാ വിഭാഗങ്ങൾ കുശാനന്മാരുടെ സ്വാധീനത്താൽ ഏ. ഡി. ഒന്നാം നൂറ്റാണ്ടിനുശേഷം ഈ കലാ വിഭാഗങ്ങൾ ധാരാളം ബുദ്ധസ്തൂപങ്ങൾ നിർമ്മിക്കുകയുണ്ടായി. ഗാന്ധാരകലാവിഭാഗത്തിന്റെ കീഴിൽ ഗ്രീക്ക് ദേവന്മാരെപ്പോലുള്ള ജീവസുറ്റ ബുദ്ധ, ബോധി സത്വപ്രതിമകൾ നിർമ്മിക്കുകയുണ്ടായി. അതിന്റെ ആശയങ്ങളും വിഷയങ്ങളും ഭാരതീയമാണ് വിലപിടിച്ച ആഭരണങ്ങളും , അലങ്കാരങ്ങളും പുറംചട്ടയും ബാഹ്യസൗന്ദര്യത്തിനായ് ഉപയോഗിച്ചിരുന്നു. ശില്പങ്ങൾ കല്ലിലും , ടെറാകോട്ടയിലും , സിമന്റുപോലെയുള്ള പദാർത്ഥത്തിലും കളിമ ണ്ണിലും തീർത്തവയാണ്.



ആന്ധ്രാമോഖലയിലെ, ശാതവാഹനന്മാരുടെ പ്രോത്സാഹനഫല മായിട്ടാണ് അമരാവതിവാസ്തു വിദ്യാവിഭാഗം വികാസം പ്രാപിച്ചത്.

ഗോദാവരി പ്രദേശത്തുള്ള അമ രാവതിയിൽ ഒരു വലിയ സ്തൂപം നിർമ്മിച്ചു. അതിന്റെ അലങ്കാര കൊത്തുപണികൾ വളരെ ശ്രദ്ധേ യമാണ്. ബുദ്ധവാസ്തുവിദ്യ യുടെ മറ്റൊരു കേന്ദ്രം നാഗാർജ്ജുനകൊണ്ടയെന്ന സ്ഥലമാണ്.

ഗുപ്തകാലഘട്ടത്തിലാണ് ഹിന്ദുക്ഷേത്രനിർമ്മാണത്തിന് ആരംഭംകുറി ച്ചത്. ദിയോഗ്രായിലെ (ജാൻസി ജില്ല) ക്ഷേത്രം ഇതിനുദാഹരണമാണ്. ഈ ക്ഷേത്രത്തിന്റെ ഉൾഭാഗത്തുള്ള ഗർഭഗൃഹത്തിലാണ് ആരാധനാമൂർത്തി യുടെ പ്രതിരൂപം സ്ഥാപിച്ചിരിക്കുന്നത്. മറ്റൊന്ന് ഭിത്രിഗോർ (കാൺപൂർജി ല്ല)യിലാണ്. ഈ രണ്ടുക്ഷേത്രങ്ങളും ഈ കാലഘട്ടത്തിലെ നല്ല ഉദാഹരണ ങ്ങളാണ്.

## ഗുഹാക്ഷേത്രങ്ങൾ

ഇന്ത്യൻ വാസ്തുവിദ്യ ചരിത്ര ത്തിലെ ഒരു പ്രധാനഘട്ടവും അതുല്യ സവിശേഷതയുമായിരുന്നു ഗുഹാ വാസ്തുവിദ്യ. ബി. സി. രണ്ടാം നൂറ്റാണ്ടിനും ഏ.ഡി. പത്താം നൂറ്റാണ്ടിനും ഇടയിൽ ആയിരത്തില



Group of Monuments at Mahabalipuram



വും



കുറിപ്പുകൾ :

ധികം ഗുഹകൾ കണ്ടെത്തിയിട്ടുണ്ട്. മഹാരാഷ്ട്രയിലെ അജന്ത, എല്ലോറ ഗുഹകളും ഒറീസ്സയിലെ ഉദയഗിരിഗുഹകളും ആണ് ഏറ്റവും പ്രശസ്തമായവ. പാറ തുരന്നുണ്ടാക്കിയ ഈ ഗുഹകളിൽ ബുദ്ധവിഹാരങ്ങൾ, ചൈത്യങ്ങൾ, മണ്ഡപങ്ങൾ ഹിന്ദുദേവീദേവന്മാരുടെ ക്ഷേത്രങ്ങൾ, എന്നിവയെല്ലാം ഉണ്ട്.

### പാറതുരന്നുണ്ടാക്കിയ ക്ഷേത്രങ്ങൾ

പാറകൾ തുരന്ന് ക്ഷേത്രങ്ങൾ നിർമ്മിച്ചിരുന്നു. ക്രിസ്താബ്ധത്തിന്റെ ആദ്യവർഷങ്ങളിൽത്തന്നെ പശ്ചിമഡക്കാനിൽ ഇത്തരം ക്ഷേത്രാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മിനുസപ്പെടുത്തി ചിത്രാലംകൃതമായ ചുവരുകളും, ഹാളുകളും ഉള്ള കാർലെയിലെ ചൈത്യം ഇത്തരം വാസ്തു വിദ്യയുടെ മകുടോദാഹരണമാണ്. മറ്റുശിലാനിർമ്മിതക്ഷേത്രങ്ങളാണ്. രാഷ്ട്രകൂടന്മാർ നിർമ്മിച്ച എല്ലോറയിലെ കൈലാസക്ഷേത്രം, പല്ലവന്മാർ നിർമ്മിച്ച മഹാബലിപുരത്തെ രഥക്ഷേത്രം എന്നിവ.

ഒരു പക്ഷേ ശിലകളുടെ ഈടും ഉറപ്പുമായിരിക്കാം നിർമ്മാതാക്കളുടെയും കലാകാരന്മാരുടേയും ശ്രദ്ധ ഇത്തരം നിർമ്മതികളിലേക്ക് ആകർഷിച്ചത്. അവർ ഇത്തരം ക്ഷേത്രങ്ങളെ മനോഹരമായ ശില്പങ്ങളാൽ ആകർഷകമാക്കി.

### മറ്റുക്ഷേത്രങ്ങൾ

ഗുപ്തകാലത്ത് ആരംഭിച്ച ക്ഷേത്രനിർമ്മാണപ്രവർത്തനങ്ങൾ പില്ക്കാലത്തും തുടർന്നുവന്നു. ദക്ഷിണേന്ത്യയിൽ പല്ലവന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ, ഹൊയ്സാലന്മാർ, വിജയനഗരരാജാക്കന്മാർ തുടങ്ങിയവർ ക്ഷേത്രനിർമ്മാണത്തിന് വലിയ പ്രോത്സാഹനം നൽകി. പല്ലവ രാജാക്കന്മാരാണ് മഹാബലിപുരത്തെ തീരക്ഷേത്രം നിർമ്മിച്ചത്. കാഞ്ചീപുരത്തെ വൈകുണ്ഡപ്പെരുമാൾ ക്ഷേത്രവും നിർമ്മിച്ചത് പല്ലവന്മാരാണ്. ചോളന്മാരും നിരവധിക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രസിദ്ധമായത് തഞ്ചാവൂരിലെ ബൃഹദ്വേശ്വര ക്ഷേത്രമാണ്.



ദക്ഷിണേന്ത്യയിൽ ചോളന്മാർ ദ്രാവിഡ ശൈലി എന്ന ഒരു പ്രത്യേക ക്ഷേത്ര നിർമ്മാണശൈലി വികസിപ്പിച്ചു. ഗോപുരം ഉൾക്കൊള്ളുന്ന പ്രവേശന കവാടം, ഉയർന്ന ചുറ്റുമതിൽ, ശിഖരം (Vimana) എന്നിവ ഈ ശൈലിയുടെ പ്രത്യേകതകളാണ്. ബേലൂർ , ഹലേബിഡ് തുടങ്ങിയ സ്ഥലങ്ങളിൽ നിർമ്മിച്ച വൻക്ഷേത്രങ്ങൾ ശില്പചാതുരികൊണ്ട് മനോഹരമായിരിക്കുന്നു.



Kandariya Mahadev Temple

Khajuraho Temples

*കുറിപ്പുകൾ :*

എന്നാൽ ഉത്തരേന്ത്യയിലും പൂർവ്വേന്ത്യയിലും ക്ഷേത്രങ്ങൾ നിർമ്മിച്ചിരുന്നത് നഗരശൈലിയാണ് ശിഖരം എന്നറിയപ്പെടുന്ന മേൽക്കൂര ശ്രീകോവിൽ (ഗർഭഗൃഹം) മണ്ഡപം എന്നറിയപ്പെടുന്ന ഹാൾ എന്നിവ ഇത്തരം ക്ഷേത്രങ്ങളുടെ പൊതുസവിശേഷതകളായിരുന്നു.

പുരി ജഗന്നാഥ ക്ഷേത്രം , ഭുവനേശ്വറിലെ മുക്തേശ്വരക്ഷേത്രം , ഗംഗരാജാക്കന്മാർ നിർമ്മിച്ച ലിംഗരാജക്ഷേത്രം എന്നിവ ഒറീസ്സയിലെ മനോഹര ക്ഷേത്രങ്ങളാണ്. പൂർവ്വഗംഗാഭരണാധികാരിയായിരുന്ന നരസിംഹദേവൻ ഒന്നാമൻ പതിമൂന്നാം നൂറ്റാണ്ടിൽ നിർമ്മിച്ചതായിരുന്നു കൊണാറക്കിലെ സൂര്യക്ഷേത്രം . പന്ത്രണ്ടുചക്രങ്ങളുള്ള രഥത്തിന്റെ രൂപത്തിൽ രൂപകല്പന ചെയ്ത പ്രസ്തുത ക്ഷേത്രം സൂര്യദേവനു സമർപ്പിച്ചിരിക്കുന്നു.

മധ്യപ്രദേശിലെ ബന്ദേൽ ഖണ്ഡിൽ ഏ.ഡി. പത്ത്– പതിനൊന്നു നൂറ്റാണ്ടുകൾക്കിടയിൽ ചന്ദേല രാജാക്കന്മാർ നിർമ്മിച്ചതാണ് ഖജരാഹോക്ഷേത്രസമുച്ചയം. ഇതിൽ ഏറ്റവും മുഖ്യമായത് കന്ദരിയ മഹാക്ഷേത്രമാണ്.

ജൈനതീർത്ഥാങ്കരന്മാരന്മാർക്ക് സമർപ്പിച്ച രാജസ്ഥാനിലെ മൗണ്ട് അബുവിലെ ദിൽവാരക്ഷേത്രം മറ്റൊരു പ്രസിദ്ധക്ഷേത്രമാണ് വെള്ള മാർബിൾ കൊണ്ടുനിർമ്മിച്ച ഈ ക്ഷേത്രങ്ങൾ അതിമനോഹരശില്പങ്ങൾക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. സോളങ്കി ഭരണാധികാരികളാണ് ഈ ക്ഷേത്രനിർമ്മാണത്തിന് പ്രോത്സാഹനം നൽകിയിരുന്നത്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ക്ഷേത്രനിർമ്മാണപ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്ന മറ്റ് പ്രധാനക്ഷേത്രങ്ങൾ കൽക്കത്തയിലെ കാളിഘട്ടിലുള്ള കാളിക്ഷേത്രം, കാശ്മീരിലെ ശങ്കരാചാര്യക്ഷേത്രം , ഗുഹാട്ടിയിലെ കാമാക്യക്ഷേത്രം , മധുരയിലെ ഗോവന്ദിക്ഷേത്രം, ബനാറസിലെ വിശ്വനാഥക്ഷേത്രം, ഗുജറാത്തിലെ സോമനാഥക്ഷേത്രം എന്നിവയാണ്.

## പാഠഭാഗചോദ്യങ്ങൾ 13.2

1. ചന്ദ്രഗുപ്തമൗര്യന്റെ കൊട്ടാരം മെഗസ്തനീസ് എങ്ങനെയാണ് വിവരിക്കുന്നത് ?

2. മൗര്യൻ വാസത്തുകലയുടെ നേട്ടങ്ങൾ പ്രകടമാക്കുന്ന രണ്ടു സ്തൂപങ്ങളുടെ പേരെഴുതുക ?

3. അശോകന്റെ ഭരണകാലത്തെ ധർമ്മശാസനകൾ എവിടെയാണ് ആലേഖനം ചെയ്തിട്ടുള്ളത് ?

4.ആദ്യകാല ചരിത്ര കാലഘട്ടത്തിലെ ഏതാനും ചില വാസ്തുകല വിഭാഗങ്ങളുടെ പേരെഴുതുക?

5. ഉദയഗിരി ഗുഹകൾ എവിടെയാണ് സ്ഥിതിചെയ്യുന്നത്?

6. എല്ലോറയിലെ കൈലാസക്ഷേത്രം നിർമ്മിച്ചത് ആരാണ്?

7. ആരാണ് മഹാബലിപുരത്തെ രഥങ്ങൾ നിർമ്മിച്ചത്?

കുറിപ്പുകൾ :

8. ദ്രാവിഡ വാസ്തുശൈലി എന്നാൽ എന്ത്?

9. ചോളരാജാക്കന്മാർ തഞ്ചാവൂരിൽ നിർമ്മിച്ച ക്ഷേത്രത്തിന്റെ പേരെഴുതുക?

10. നഗര വാസ്തുശൈലിക്ക് ഒരു നിർവ്വചനം നല്കുക.

11.കോനാർക്കിലെ സൂര്യക്ഷേത്രത്തിന്റെ നിർമ്മാതാവ് ആര്?

12. രാജസ്ഥാനിലെ മൗണ്ട് അബുവിലെ പ്രസിദ്ധമായ ജൈനക്ഷേത്രത്തിന്റെ പേരെഴുതുക?

## 13.4 മധ്യകാലഘട്ടത്തിലെ വാസ്തുവിദ്യ ഡൽഹി സുൽത്താനെറ്റ്

13-ാം നൂറ്റാണ്ടിൽ തുർക്കികളുടെ വരവോടുകൂടി വാസ്തുവിദ്യയിൽ ഒരു പുതിയ ശൈലി ഉണ്ടായി. മധ്യേഷ്യ, അറേബ്യ, പേർഷ്യ എന്നിവിടങ്ങളിലെ വാസ്തുശില്പ ശൈലി ഇന്ത്യയിൽ പരിചിതമായി. ഇതിന്റെ നിർമ്മാണ സവിശേഷത ഗോപുരങ്ങൾ, കമാനങ്ങൾ, താഴിക ക്കുടങ്ങൾ എന്നിവയായിരുന്നു. സുൽത്താൻ ഭരണാധികാരികൾ നിർമ്മിച്ച കൊട്ടാരങ്ങൾ, പള്ളികൾ, ശവകുടീരങ്ങൾ എന്നിവ ഇത്തരം സവിശേഷതകളോടുകൂടിയവയായിരുന്നു. ഇന്തോ-പേർഷ്യൻ വാസ്തുവിദ്യാസങ്കലനം ഒരു പുതിയ വാസ്തുവിദ്യാസങ്കേതം ഉടലെടുക്കാൻ കാരണമായത് ഡൽഹിയിലെ തുർക്കി ഭരണാധികാരികൾ പ്രാദേശിക ഇന്ത്യൻ വാസ്തുശില്പികളുടെ സേവനം പ്രയോജനപ്പെടുത്തിയതു മൂലമാണ്, ഇങ്ങനെ ഉയർന്നു വന്ന കെട്ടിടങ്ങളിൽ ഇസ്ലാമിക നിർമ്മിതിയുടെ ലാളിത്യവും തദ്ദേശീയ ഡിസൈനുകളും കൊത്തുപണികളും കാണാൻ കഴിയും. ഇക്കാലത്തെ വാസ്തുശില്പങ്ങളിൽ ഒരു മധ്യപാതയാണ് സ്വീകരിച്ചരിക്കുന്നത്.



ഈ കാലഘട്ടത്തില ആദ്യമന്ദിരങ്ങൾ ഡൽഹിയിലെ ഖുവ്വത്തൂൽ - ഇസ്ലാം -പള്ളിയും കുത്ത്ബ്മീനാറുമായിരുന്നു. കുത്തബ്മീനാറിന് 70 മീറ്റർ ഉയരമുണ്ട്. അഞ്ചുനിലകളുള്ള ഈ മന്ദിരത്തിന്റെ അഗ്രഭാഗം കൂർത്തിരിക്കുന്നു. കുത്തബ്മീനാറിലും പള്ളിയിലും അതിമനോഹരമായി കൈയ്യെഴുത്തുകൾ ആലേഖനം ചെയ്തിരിക്കുന്നു. പിൽകാലത്ത് സുൽത്താന്മാർ മറ്റനവധി കെട്ടിടങ്ങൾ നിർമ്മിച്ചു. അലാവുദ്ദീൻ ഖൽജി ഖുവ്വത്തുൽ പള്ളി വികസിപ്പിക്കുകയും പള്ളിക്ക് പ്രവേശനകവാടം നിർമ്മിക്കുകയും ചെയ്തു. ഈ പ്രവേശന കവാടം അലായി ദർവാജ എന്നാണറിയപ്പെടുന്നത്. ഇത് അതിമനോഹരമായ ഒരു വാസ്തുശില്പമായി ഇന്നും നിലനില്ക്കുന്നു. ഇതിൽ ഉപയോഗിച്ചിരിക്കുന്ന അലങ്കാര ഡിസൈനുകൾ അതിന്റെ സൗന്ദര്യത്തെ മികവുറ്റതാക്കുന്നു.

അദ്ദേഹം ഡൽഹിയിൽ ഹൗസ്കാസ് എന്ന മറ്റൊരു കെട്ടിടവും പണികഴിപ്പിച്ചു. മുഹമ്മദ് തുഗ്ലകിന്റെയും, ഫിറോസ് ഷാ തുഗ്ലകിന്റെയും ശവകുടീരങ്ങളും തുഗ്ലകാ ബാദിലെ കോട്ടകളും ഉദാഹരണങ്ങളാണ്. അവരുടെ കെട്ടിടങ്ങൾ അത്ര മനോഹരമല്ലെങ്കിലും, ബലിഷ്ഠവും ബൃഹത്തും ആകർഷണീയവുമാണ്. അഫ്ഗാൻ ഭരണാധികാരികളുടെ കാലത്ത് നിർമ്മിച്ചവയായിരുന്നു ഡൽഹിയിലെ ഇബ്രാഹിം ലോധിയുടെ ശവകുടീരവും സസറത്തിലെ ഷെർഷായുടെ ശവകുടീരവും. ഇക്കാലത്തെ വാസ്തുവിദ്യ തദ്ദേശീയ ശില്പവിദ്യ എങ്ങനെ ഉപയോഗപ്പെടുത്തി എന്നതിന്റെ ഉദാഹരണമാണ്. ഇക്കാലയളവിൽ തുർക്കികൾ കുടിയേറ്റ പ്രക്രിയയിൽ തന്നെയായിരുന്നു. ഉത്തരഭാഗത്തുനിന്നും മംഗോളിയൻമാരുടെ പെട്ടെന്നുള്ള ആക്രമണ ഭീഷണിയുള്ളതിനാൽ ഇത്തരം കെട്ടിടങ്ങൾ ബലിഷ്ഠവും പ്രായോഗികതയ്ക്ക് ഊന്നൽ നല്കുന്നതുമായിരുന്നു.

## പ്രാദേശീക രാജ്യങ്ങൾ

ബംഗാൾ, ഗുജറാത്ത്, ഡക്കാൻ എന്നിവിടങ്ങളിൽ പ്രാദേശിക രാജവംശങ്ങൾ സ്ഥാപിതമായതോടെ തനത് ശൈലിയിലുള്ള മനോഹരമായകെട്ടിടങ്ങൾ നിർമ്മിച്ചു. ജുമാമസ്ജിദ്, സാദിസയ്യിദ് പള്ളി, അഹമ്മദാബാദിലെ മിനാരങ്ങൾ എന്നിവ ഇതിന്റെ ചില ഉദാഹരണങ്ങളാണ്. മധ്യേന്ത്യയിൽ മന്ദുജുമാമസ്ജിദ്, ഹിന്ദോജുമഹൽ, ജുഹാസ് മഹൽ എന്നിവ നിർമ്മിച്ചു. ഡക്കാനിലും സുൽത്താന്മാർ ധാരാളം മന്ദിരങ്ങൾ ഉണ്ടാക്കി. ഗുൽബർഗയിലെ ജുമാ മസ്ജിദ്, ബീദാറിലെ മുഹമ്മദ് ഗവാൻ മദ്രസ, ഇബ്രാഹിം റോസ, ബീജാപ്പൂരിലെ ഗോൾഗൊബസ്, ഗോൽക്കൊണ്ട കോട്ട, എന്നിവ ഏതാനും പ്രശസ്ത മന്ദിരങ്ങളാണ്. ഗോൾ ഗൊബസിന് ലോകത്തിലെ ഏറ്റവും വലിയ താഴികക്കുടമാണുള്ളത്. ഉത്തരേന്ത്യയിലെ നിർമ്മാണ ശൈലിയുമായ് ഇതിന് വ്യത്യാസങ്ങളുണ്ട്. ബംഗാളിലെ ദീർഘചതുരാകൃതിയിലുള്ള പല കെട്ടിടങ്ങളും, പ്രത്യേകരീതിയിലുള്ള മേൽക്കൂരയും ബംഗാൾ വാസ്തുശൈലിയുടെ എടുത്തുപറയത്തക്ക സവിശേഷതകളാണ്. അദീന മോസ്ക്, ജലാലുദ്ദീൻ പൻദുവയുടെ ശവകുടീരം, ഖിൽ ദർവാസ, ഗോറിലെ തന്തിപ്പുര മോസ്ക് ഉദാഹരണങ്ങളാണ്. ജോൻപൂരിൽ, ഷർഖി ഭരണാധികാരി പണികഴിപ്പിച്ച അദലമോസ്ക്ന് താഴികക്കുടം ആവരണം ചെയ്തിരിക്കുന്ന ഒരു വലിയ മറയുണ്ട്. അതേസമയം. മാൾവയിലെ ഹൊ ഷാങ് ഷാ യുടെ ശവകുടീരം മാർബിൾ കൊണ്ടുനിർമ്മിതവും മാർബിളിൽ അതിമനോഹരമായി മഞ്ഞ, കറുപ്പ് ഡിസൈനുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നതുമാണ്. ഈ കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട വിജയനഗര സാമ്രാജ്യത്തിലെ ഭരണാധികാരികളും ധാരാളം മനോഹരങ്ങളായ കെട്ടിടങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവയിൽ പലതിന്റയും അവശിഷ്ടങ്ങൾ മാത്രമാണുള്ളതെങ്കിലും വിത്തല സ്വാമി, ക്ഷേത്രവും ഹംബിയിലെ ഹസാര രാമക്ഷേത്രവും നല്ല ഉദാഹരണങ്ങളാണ്.

## ബാമനി

ബാമനി സുൽത്താന്മാരുടെ വാസ്തുശൈലി പേർഷ്യൻ, സിറിയ, തുർക്കി, ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും കടംകൊണ്ടതാണ്. ഗുൽബർഗയിലെ ജുമാമസ്ജീദ് വളരെ പ്രസിദ്ധമാണ്. ഈ മോസ്കിന്റെ പൂമുറ്റം അനേകം താഴികക്കുടങ്ങൾക്കൊണ്ട് പൊതിഞ്ഞിരിക്കുന്നു. മേൽക്കൂര യോടുകൂടിയ പൂമുറ്റമുള്ള ഏക മോസ്കും ഇതുതന്നെയാണ്.

കുറിപ്പുകൾ :

**മുഗളന്മാർ**




മുഗളന്മാരുടെ ആഗമനം വാസ്തുകലാ രംഗത്ത് ഒരു നവയുഗത്തിന്റെ ആരംഭം കുറിച്ചു. ഇക്കാലത്ത് വ്യത്യസ്ത ശൈലികളുടെ സങ്കലനം അതിന്റെ ഉച്ച കോടിയിലെത്തി. വാസ്തു ശില്പകലയുടെ കാര്യത്തിൽ മഹാനായ അക്ബറിന്റെ കാലമാണ് സുവർണ്ണ കാലമായി അറിയപ്പെടുന്നത്. അക്കാലത്തെ ആദ്യമന്ദിരം ഡൽഹിയിലെ ഹുമയൂണിന്റെ ശവകുടീരമാണ്. ചെങ്കല്ലുകൊണ്ട് നിർമ്മിച്ച ഈമന്ദിരത്തിന് പ്രധാന പ്രവേശന കവാടമുണ്ട്. പൂന്തോട്ട മധ്യത്തിൽ ശവകുടീരം സ്ഥിതിചെയ്യുന്നു. പിൽക്കാലത്ത് താജ് മഹല്ലിന്റെ നിർമ്മാണത്തിൽ ആധാരമായ ശില്പമാതൃക ഇതാണ്. അക്ബർ ആഗ്രയിലും ഫത്തേഫൂർ സിക്രിയിലും കോട്ടകൾ നിർമ്മിച്ചു. ശക്തമായ മുഗൾ സാമ്രാജ്യത്തിന്റെ പ്രതാപം വിളിച്ചറിയിക്കുന്നതാണ് ബുലന്ത് ദർവാസ. ഗുജറാത്തിൽ വെച്ച് അക്ബർ നേടിയ വിജയത്തെ തുടർന്നായിരുന്നു. ഇത് നിർമ്മിച്ചത്. ഫത്തേഫൂർ സിക്രിയിലെ സലി ചിസ്തിയുടെ ശവകുടീരം ജോധാബായിയുടെ കൊട്ടാരം, ഇബദാത്ത് ഖാന, ബീർബൽ ഹൗസ് മറ്റുകെട്ടിടങ്ങൾ എന്നിവ ഇന്തോ-പേർഷ്യൻ വാസ്തുശില്പ ശൈലിയുടെ സങ്കലനത്തെ പ്രതിഫലിപ്പിക്കുന്നു. ജഹാംഗീറിന്റെ ഭരണകാലത്ത് ആഗ്രയ്ക്ക് സമീപത്തുള്ള സികന്ദ്രയിൽ അക്ബറിന്റെ ശവകുടീര സമുച്ചയം നിർമ്മിച്ചു. പൂർണ്ണമായും മാർബിളിൽ നിർമ്മിച്ച ഇത്തിമദ്ദൗളയുടെ മനോഹരമായ ശവകുടീരവും ജഹാംഗീറിന്റെ കാലത്ത് നിർമ്മിച്ചതാണ്.

ഷാജഹാനാണ് മുഗൾ വാസ്തുവിദ്യയിൽ ഏറ്റവും മഹത്തായ മന്ദിരങ്ങൾ നിർമ്മിച്ചത്. അദ്ദേഹം മാർബിൾ വിപുലമായി ഉപയോഗിച്ചു. അകത്തളങ്ങളുടെ മനോഹരമായ അലങ്കാരപ്പണികൾ, ഭംഗിയുള്ള കമാനങ്ങൾ, മിനാരങ്ങൾ എന്നിവ അദ്ദേഹത്തിന്റെ കെട്ടിടത്തിന്റെ സവിശേഷതകളാണ്. ചെങ്കോട്ട, ദൽഹി ജുമാമസ്ജിദ് എന്നിവയും ഇന്നും ലോകാത്ഭുതമായി നിലകൊള്ളുന്ന താജ്മഹലും, ഷാജഹാൻ നിർമ്മിച്ചവയാണ്. ഷാജഹാൻ ചക്രവർത്തി തന്റെ പട്ടമഹിഷിയായിരുന്ന മുംതാസിനുവേണ്ടി മാർബിളിൽ നിർമ്മിച്ച താജ് മഹൽ മുഗൾ ഭരണകാലത്തെ എല്ലാ വാസ്തുവിദ്യാ സവിശേഷതകളും പ്രതിഫലിപ്പിക്കുന്നതാണ്. അതിമനോഹരമായൊരു താഴികക്കുടം, അതീവ ചാരുതയാർന്ന നാലുമിന്നാരങ്ങൾ, പ്രവേശന കവാടം, രത്നങ്ങൾ പതിപ്പിച്ച അകത്തളങ്ങൾ, പ്രധാന മന്ദിരത്തിനു ചുറ്റുമുള്ള പൂന്തോട്ടങ്ങൾ, എന്നിവ താജ്മഹലിന്റെ പ്രത്യേകതകളാണ്. പിൽക്കാല നിർമ്മാണങ്ങളിലും മുഗൾ വാസ്തു വിദ്യയുടെ സ്വാധീനം ദർശിക്കാൻ കഴിയും.

## ഫത്തേഫൂർ സിക്രിയിൽ അക്ബർ പണികഴിപ്പിച്ച സ്മാരകങ്ങൾ

മുഗൾ വാസ്തുവിദ്യയുടെ ആരംഭം അക്ബറുടെ കാലത്താണ് അദ്ദേഹം ധാരാളം പ്രധാനപ്പെട്ട കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ



കുറിപ്പുകൾ :

തിളങ്ങുന്നനേട്ടങ്ങളിലൊന്ന് ആഗ്രയിൽ നിന്നും 40കി.മി. ദൂരത്തായി പണികഴിപ്പിച്ച പുതിയ തലസ്ഥാനമായ ഫത്തേഫൂർ സിക്രിയാണ്. ഫത്തേഫൂർ സിക്രി കാല്പനികത്വം തുളുമ്പുന്ന വെണ്ണക്കൽ നിർമ്മിതിയാണ്. ദുലൻ സർവാജയുടെ കമാനം ലോകത്തിലെ തന്നെ ഏറ്റവും മനോഹരമായ കവാടമാണ്. സലിം ചിഷ്ടിയുടെ ശവകുടീരം സൗന്ദര്യത്തിൽ മികവുറ്റതാണ്. പുരാതന ഇന്ത്യൻ വാസ്തുശില്പത്തിന്റെ നല്ല ഉദാഹരണമാണ് ജോധാബായ് കൊട്ടാരം. പേർഷ്യൻ ശൈലിയുടെ സ്വാധീനമാണ് ജുമാമസ്ജീദിൽ കാണാൻ കഴിയുന്നത്. ആസൂത്രണം കൊണ്ടും അലങ്കാരം കൊണ്ടും പ്രസിദ്ധമാണ് ദിവാനി ആം, ദിവാനി ഖാസ്, ഇബദത് ഖാനയും, പാഞ്ച്മഹലും മറ്റുരണ്ടു ശ്രദ്ധേയമായ കെട്ടിടങ്ങളാണ്. പാഞ്ച്മഹൽ അഞ്ചുനിലകളോടുകൂടിയ പിരമിഡ് ആകൃതിയിലുള്ള കെട്ടിടമാണ്. ബുദ്ധവിഹാരത്തിന്റെ മാതൃകയിലാണിത് പണികഴിപ്പിച്ചിട്ടുള്ളത്.

മറ്റൊരു പ്രധാനശവകുടീരം സിക്കന്ദ്രയിലെ അക്ബറുടെ ശവകുടീരമാണ്. (എ.ഡി.1593–1613)ഷാജഹാൻ പണികഴിപ്പിച്ച താജ് മഹൽ ലോകാത്ഭുതങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ചതുരത്തിലും പണികഴിപ്പിച്ചിട്ടുള്ള ഒരു രാജശവകുടീരമാണ്. ഓരോമൂലയിലും 133 അടി ഉയരത്തിൽ മിന്നാരങ്ങളുണ്ട്. മധ്യതാഴികക്കുടത്തിന് 80അടി ഉയരവും 58അടി വ്യാസവുമുണ്ട്. മാർബിളിൽ രത്നക്കല്ലുകൾ പതിപ്പിച്ചിരിക്കുന്നു. ജാസ്പർ, അഗ്ലറ്റ്പോലുള്ള. ഇത് യമുനാനദിയുടെ തീരത്താണ്. മാർബിൾ കല്ലുകൾ വിരിച്ച മട്ടുപ്പാവിന്റെ മധ്യത്തിൽ ജലധാരകളും തടാകങ്ങളും സൈപ്രസ് മരങ്ങളും കൊണ്ട് അലംകൃതമാണ്. മുഗളസാമ്രാജ്യത്തിന്റെ പതനത്തോടെ മുഗളവാസ്തുവിദ്യയും ക്ഷയിച്ചുതുടങ്ങി.

മുഗളകാലത്തെ വാസ്തുവിദ്യയുടെ പ്രത്യേകത ശവകുടീരങ്ങൾക്കും കെട്ടിടങ്ങൾക്കും ചുറ്റുമുള്ള മനോഹരങ്ങളായ ഉദ്യാനങ്ങളാണ്. കാശ്മീരിലെയും ലാഹോറിലെയും ഷാലിമാർ ഉദ്യാനം യഥാക്രമം ജഹാംഗീറും, ഷാജഹാനും പണികഴിപ്പിച്ചതാണ്. മുഗളന്മാർ ഇന്ത്യയുടെ സാംസ്കാരിക വളർച്ചയെയും വാസ്തുശില്പത്തെയും പ്രോത്സാഹിപ്പിച്ചു.

1526മുതൽ മുഗളവാസ്തുവിദ്യ തികച്ചും വ്യത്യസ്തമായൊരു മാനം ശവകുടീര നിർമ്മാണത്തിൽ പുലർത്തിപ്പോന്നു. ഇത് ഉയർന്ന പ്ലാറ്റ്ഫോമിൽ ഉദ്യാനങ്ങളുടെയും ജലധാര യന്ത്രങ്ങളുടെയും മധ്യത്തിലായിട്ടാണ്.ഏറ്റവുംനല്ലഉദാഹരണം ഫത്തേഫുർ സിക്രിയാണ്. 290 – 470 അടിയുള്ള മൂന്നു താഴികക്കുടങ്ങൾ, കൂടെ2രാജകീയശവകുടീരങ്ങളും.

## പാഠഭാഗ ചോദ്യങ്ങൾ 13.3

1. തുർക്കികളുടെ വാസ്തുവിദ്യാശൈലി എന്തായിരുന്നു?

2. സുൽത്താൻ കാലഘട്ടത്തിൽ പണികഴിപ്പിച്ച ചില ശവകുടീരങ്ങളുടെയും, മോസ്കുകളുടെയും പേരെഴുതുക?



കുറിപ്പുകൾ :

3. ലോകത്തിലെ ഏറ്റവും വലിയ താഴികക്കുടം ഏത്?

4. പിയെത്ര ഡ്യൂറ എന്നാൽ എന്ത്?

5. മുഗള സാമ്രാജ്യത്തിന്റെ പ്രതാപം പ്രതിഫലിപ്പിക്കുന്ന കെട്ടിടം ഏത്?

## 13.5 കോളോണിയൽ വാസ്തുവിദ്യയും ആധുനികകാലവും

ഓഫീസ് മന്ദിരങ്ങളിൽ കോളോണിയൽ വാസ്തുവിദ്യയുടെ സ്വാധീനം ദർശിക്കാവുന്നതാണ്. പതിനാറാം നൂറ്റാണ്ടുമുതൽ ഇന്ത്യയിലെത്തിയ യൂറോപ്യന്മാർ ധാരാളം പള്ളികളും മറ്റുമന്ദിരങ്ങളും നിർമ്മിച്ചു. ബസലിക്ക ബോംജിസസ്, സെന്റ് ഫ്രാൻസീസ് ചർച്ച് എന്നിവ അതി പ്രശസ്തങ്ങളായ കെട്ടിടങ്ങളാണ്. ബ്രിട്ടീഷുകാർ രാജകീയ പ്രൗഢി വിളിച്ചോതുന്ന ഭരണസിരാകേന്ദ്രങ്ങളും, വാസസ്ഥലങ്ങളും നിർമ്മിച്ചു. ദൽഹിയിലെ പാർലമെന്റ് ഹൗസ്, കോണാട്ട് പ്ലെയിസ്, എന്നിവ ഗ്രേക്കോ-റോമൻ വാസ്തുശില്പശൈലിയുടെ ഉദാഹരണങ്ങളാണ്. ആദ്യകാലത്ത് വൈസ്രോയിയുടെ ഭവനമായിരുന്നു ഇന്നത്തെ രാഷ്ട്രപതിഭവൻ. രൂപകല്പനചെയ്തത് പ്രശസ്തശില്പി ലുട്ടിയൻസ് ആയിരുന്നു. വെള്ളമണൽ ക്കല്ലിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഒരു വലിയ മാർബിൾ സൗധമായിരുന്നു ആദ്യകാല ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കത്തയിലെ വിക്ടോറിയമെമ്മോറിയൽ. ഇന്ന് അത് കോളണിഭരണകാലത്തെ ശില്പങ്ങളുടെ ബൃഹത്തായ മ്യൂസിയമായി നിലക്കൊള്ളുന്നു. ദീർഘകാലം ബ്രിട്ടീഷ് ഭരണകാലത്തെ ഉദ്യോഗസ്ഥകേന്ദ്രമായി നിലക്കൊണ്ട റൈറ്റേഴ്സ് ബിൽഡിംഗ് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും ബംഗാളിന്റെ ഭരണസിരാകേന്ദ്രമായി നിലക്കൊള്ളുന്നു. സെന്റ് പോൾസ് കത്തീഡ്രൽ ഗോഥിക് സ്വാധീനം പ്രതിഫലിപ്പിക്കുന്ന കെട്ടിടമാണ്. മുംബൈയിലെ വിക്ടോറിയ ടെർമിനസ് പോലെയുള്ള നിരവധി റെയിൽവെ ടെർമിനലുകൾ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിർമ്മിച്ചു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ സമകാലീന വാസ്തുവിദ്യാശൈലിയുള്ള കെട്ടിടങ്ങൾ രൂപകല്പന ചെയ്യപ്പെട്ടു. ഫ്രഞ്ചുശില്പിയായ കൊർബൂസിയൻ രൂപകല്പന ചെയ്ത ചണ്ഡീഗഡിലെ കെട്ടിടങ്ങൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ബുദ്ധിജീവികൾ സമ്മേളിക്കുന്ന ആസ്ട്രിയൻ ശില്പി സ്റ്റൈൻ രൂപകൽപ്പനചെയ്ത ദൽഹിയിലെ ഇന്ത്യാഇന്റർനാഷണൽ സെന്റർ, തലസ്ഥാനത്തെ ബുദ്ധിജീവികളുടെ കേന്ദ്രമായ ഇന്ത്യാ ഹാബിറ്റാറ്റ് സെന്റർ എന്നിവ സമകാലീന മന്ദിരങ്ങളാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിലായി ഡൽഹിയിലെ സ്ക്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ പോലുള്ള പരിശീലന സ്ഥാപനങ്ങളിൽ നിന്നും പരിശീലനം സിദ്ധിച്ച കഴിവുറ്റ വാസ്തുശില്പികൾ ഉണ്ടായിട്ടുണ്ട്. രാജ്വേവൽ, ചാൾസ് കോറിയ എന്നിവർ ഉദാഹരണങ്ങളാണ്. ഡൽഹിയിലെ ജവഹർ വ്യാപാർ ഭവനും, ടഇഛജഋ സമുച്ചയവും രൂപകല്പനചെയ്തത് രാജ്റേവൽ ആണ്. റോമൻ ശൈലിയോടൊപ്പംതദ്ദേശീയമായ നിർമ്മാണവസ്തുക്കൾ ഉപയോഗിച്ചാണ് അദ്ദേഹം ഇത്തരം കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ഇതിനുദാഹരണമാണ് ഡൽഹിയിലെ ഇകഋഠമന്ദിരം, ഡൽഹിയിലെ കോണാട്ട് പ്ലെയിസിയിലുള്ള

കുറിപ്പുകൾ :

എൽ.ഐ.സി. മന്ദിരം രൂപകല്പന ചെയ്തിരിക്കുന്നത് ചാൾസ് കൊറിയ ആണ്. ഈ കെട്ടിടത്തിൽ അദ്ദേഹം ഉയർന്ന ഭാഗങ്ങളിൽ പ്രകാശം പ്രതിഫലിപ്പിക്കാനും ഉന്നതിതോന്നിപ്പിക്കാനും ഗ്ലാസ് ഉപയോഗിച്ചു.

കഴിഞ്ഞ കുറെ ദശകങ്ങളായി, ഇന്ത്യയിലെ എല്ലാമെട്രോപോളിറ്റൻ നഗരങ്ങളിലും കലാബോധവും ഉന്നതമായ ആസൂത്രണമികവും ഉപയോഗിച്ച് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വ്യാപകമായി ഭംഗിയുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

## പാഠഭാഗചോദ്യങ്ങൾ 13.4

1. പോർച്ചുഗീസുകാർ പണികഴിപ്പിച്ച ഗോവയിലെ പ്രസിദ്ധമായ പള്ളി ഏത്?

2. രാഷ്ട്രപതി ഭവൻ രൂപകല്പന ചെയ്ത ശില്പിയുടെ പേരെഴുതുക?

3. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് പണികഴിപ്പിച്ച കെട്ടിടങ്ങളിൽ ഏതുവാസ്തുശൈലിയാണ് കാണാൻ കഴിയുന്നത്?

4. എന്താണ് കൊൽക്കത്തയിലെ വിക്ടോറിയ മെമ്മോറിയൽ കെട്ടിടത്തിൽ ഇക്കാലത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്?

5. ആരാണ് ചാണ്ഡിഗർ നഗരത്തിന്റെ രൂപകല്പന നിർവ്വഹിച്ചത്?

6. ഡൽഹിയിലെ ഇന്ത്യ അന്താരാഷ്ട്രകേന്ദ്രം രൂപകല്പന ചെയ്ത ശില്പിയുടെ പേരെഴുതുക?

7. ആധുനിക ഇന്ത്യയിലെ പ്രശസ്തരായ ചില വാസ്തുശില്പികളുടെ പേരെഴുതുക.

## 13.6 ഇന്ത്യയിലെ പട്ടണങ്ങളും നഗരങ്ങളും

ഇന്ത്യയിലെ പൗരാണീക, മധ്യ, ആധുനിക കാലങ്ങളിലെ വാസ്തു വിദ്യയെക്കുറിച്ച് ഈ പാഠത്തിൽ നിങ്ങൾ വായിച്ചു. ഇതിനുമുമ്പുള്ള ഭാഗത്ത് ഡൽഹിയിലെ ആസൂത്രണവിഭാഗത്തെയും വാസ്തുവിദ്യയെപ്പറ്റിയും വായിച്ചു. ആസൂത്രണം വാസ്തുവിദ്യയോടൊപ്പം പോകുന്നതായി നിങ്ങൾക്കുകാണാം. നഗരവികസനവുമായി ബന്ധപ്പെട്ട ഈ ആസൂത്രണം യഥാർത്ഥത്തിൽ നഗരാസൂത്രണമാണെന്ന കാര്യം നിങ്ങൾക്കറിയാമോ? നമ്മൾ വാസ്തുവിദ്യയെപ്പറ്റി ആലോചിക്കുകയോ, സംസാരിക്കുകയോ ചെയ്യുമ്പോൾ ഇതുമായി ബന്ധപ്പെട്ട, നഗരാസൂത്രണത്തെയും നഗരവികസനത്തെയും കുറിച്ചുകൂടി ആലോചിക്കേണ്ടിവരും. ഈ പാഠത്തിൽ നമുക്കു ഇന്ത്യയിലെ പട്ടണങ്ങളുടെയും, നഗരങ്ങളുടെയും വളർച്ചയെക്കുറിച്ചു പഠിക്കാം. അതുതീർച്ചയായും വളരെ രസകരമായ കഥയാണ്. നമുക്ക് സമകാലീക ഇന്ത്യയിലെ നാലു പ്രമുഖനഗരങ്ങളുടെ -ചെന്നൈ, മുംബൈ, കൊൽക്കത്ത, ഡൽഹി - വിശദാംശങ്ങളിലേക്കു കടക്കാം. നമുക്ക് ഈ നഗരങ്ങളുടെ ഉത്ഭവത്തെപ്പറ്റിയും പ്രധാന കെട്ടിടങ്ങളെയുംപറ്റി പഠിക്കാം.

2350 ബി.സി.യിലെ ഹാരപ്പൻ നാഗരീകതവരെ നീളുന്ന ഒരു ചരിത്രമാണു നമുക്കുള്ളതെന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. (സിന്ധു-സരസ്വതി നാഗരീകതയെന്നു ചില ചരിത്രകാരന്മാർ വിളിക്കുന്നു.) ഇതിനകം നിങ്ങൾ പഠിച്ചതുപോലെ ഹാരപ്പയിലെയും മോഹൻജോദാരോയിലെയും, നഗരങ്ങൾക്ക് ബൃഹത്തായ അഴുക്കുചാലുകളും, സമചതുരാകൃതിയിൽ പരസ്പരം ബന്ധിതമായ റോഡുകളും ഉയർന്ന പ്ലാറ്റ്ഫോമിൽ തീർത്തിട്ടുള്ള കോട്ടകളും ഉണ്ടായിരുന്നു. കോട്ടയുടെ കീഴ്ഭാഗത്ത് സാധാരണ ജനങ്ങൾ താമസിച്ചിരുന്നു. രാജസ്ഥാനിലെ കാലിബംഗാനിലും കച്ചിലെ സുർക്കോട്ടയിലും സമാനഘടനയിലുള്ള നഗരങ്ങളാണ്. 600 ബി.സി. മുതൽ ആര്യ ദ്രാവിഡസംസ്ക്കാരങ്ങളുമായി ബന്ധമുള്ള കൂടുതൽ പട്ടണങ്ങളും നഗരങ്ങളും നമുക്കുകാണാം. രാജഗീർ, വാരണാസി, അയോദ്ധ്യ, ഹസ്തിനപുരം, ഉജ്ജയിൻ, ശ്രാവസ്തി, കപിലവസ്തു, കൗസാംബി കൂടാതെ മറ്റനേകം നഗരങ്ങളും ഇതിൽ ഉൾപ്പെടും. മൗര്യകാലഘട്ടത്തിലും ജനപദങ്ങൾ എന്നറിയപ്പെടുന്ന പട്ടണങ്ങളും മഹാജനപദങ്ങളുമെന്നറിയപ്പെടുന്ന നഗരങ്ങളുമുണ്ടായിരുന്നു.

മുസ്ലിംങ്ങളുടെ വരവോടുകൂടി രംഗമാകെമാറി. പട്ടണങ്ങളിൽ ഇസ്ലാമിക സ്വാധീനം പ്രകടമായിത്തുടങ്ങി. മോസ്ക്കുകളും കോട്ടകളും ഇപ്പോൾ നഗരകാഴ്ചകളായി. അബ്ദുൾഫെയ്സലിന്റെ അഭിപ്രായത്തിൽ1594 എ.ഡി. യിൽ 2,837 പട്ടണങ്ങളുണ്ടായിരുന്നു. പല വലിയ ഗ്രാമങ്ങളും ഖസ്ബാസ് എന്നുവിളിക്കപ്പെടുന്ന ചെറുകിട പട്ടണങ്ങളായി മാറുകയായിരുന്നു. ഈ ഖസ്ബാസിലേക്ക് തൊഴിലുകൾ തേടി ശില്പികളും കരകൗശലവിദഗ്ദ്ധന്മാരും ഉദാ: ആഗ്രയിലേക്ക് കുടിയേറുകയുണ്ടായി. സിന്ധ് പരുത്തി വസ്ത്ര നിർമ്മാണത്തിലും, സിൽക്കുനിർമ്മാണത്തിലും വൈദഗ്ധ്യം നേടിയപ്പോൾ, ഗുജറാത്ത് സ്വർണ്ണനൂൽ, പട്ടുനൂൽ ഉൽപാദനത്തിൽ പ്രാവീണ്യം കൈവരിച്ചു. ഇവ വിദേശരാജ്യങ്ങളിലേയ്ക്കു കയറ്റി അയച്ചിരുന്നു.

നിങ്ങൾക്കറിയാവുന്നതു പോലെ പില്ക്കാലത്ത്, 16- ാം നൂറ്റാണ്ടിൽ, കടൽ മാർഗ്ഗം ഇന്ത്യയിലേക്കുവന്ന യൂറോപ്യന്മാർ ഗോവയിലെ പനാജി (1510), മഹാരാഷ്ട്രയിലെ ബോംബെ(1532), തെക്കെ ഇന്ത്യയിലെ മസ്സിലിപട്ടണം(1605) നാഗപട്ടണം (1658), മദ്രാസ്(1639) പൂർവ്വ ഇന്ത്യയിലെ കൽക്കട്ട തുടങ്ങിയ പുതിയ തുറമുഖപട്ടണങ്ങൾ സ്ഥാപിച്ചു. ബ്രിട്ടീഷുകാർ ഇങ്ങനെ പുതിയ തുറമുഖപട്ടണങ്ങൾ സ്ഥാപിക്കാനുള്ള കാരണം ഇക്കാലത്ത് ഇംഗ്ലണ്ട് ലോകത്തിലെ വ്യവസായ രാജ്യമായി മാറിയതാണ്. വ്യവസായങ്ങൾ ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ സുലഭമായ ലഭ്യതയും ബ്രിട്ടീഷ് ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളവും ഇന്ത്യ പ്രദാനം ചെയ്തി രുന്നതുകൊണ്ടാണ്. 1853നു ശേഷം ഇന്ത്യയുടെ ഉൾപ്രദേശങ്ങളിൽ നിന്നും തുറമുഖങ്ങളിലേയ്ക്ക് ചരക്കുകൾ എത്തിക്കുന്നതിന് അല്ലെങ്കിൽ അസംസ്കൃത വസ്തുക്കൾ ലഭിച്ചിരുന്ന പ്രദേശങ്ങളെയും, ഉല്പന്നങ്ങൾ സ്വീകരിക്കുന്ന പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നതിന് റെയിൽ ഗതാഗതം സ്ഥാപിക്കപ്പെട്ടു. ബ്രിട്ടീഷുകാരുടെ സാമ്പത്തിക, രാഷ്ട്രീയ സൈനീക താല്പര്യ സംരക്ഷണത്തിനായ് 1905ഓടുകൂടി 28000 മൈൽ ദൈർഘ്യമുള്ള റെയിൽവേ ലയിൻ സ്ഥാപിക്കപ്പെട്ടു. വാർത്താവിനിമയ ആവശ്യങ്ങൾക്കായ് കമ്പി തപാൽ സംവിധാനവും സ്ഥാപിക്കപ്പെട്ടു. 20-ാം നൂറ്റാണ്ടിന്റെ

ആരംഭത്തോടുകൂടി ബോംബെ (ഇപ്പോൾ മുംബൈ) കൽക്കട്ട(ഇപ്പോൾ കൊൽക്കത്ത) മദ്രാസ്(ഇപ്പോൾ ചെന്നൈ) ഭരണ, വാണിജ്യ, വ്യവസായ പ്രാധാന്യം നേടിയ നഗരങ്ങളായി. കൽക്കട്ടയിലെ ഡൽഹൗസി ചതുരം, മദ്രാസിലെ സെന്റ് ജോർജ്ജ് കോട്ട, ഡൽഹിയിലെ കോനാട്ടു പ്ലാസ, ബോംബെയിലെ മറൈൻഡ്രൈവ് യൂറോപ്യൻമാരുടെ ഇംഗ്ലണ്ടിലെ ഭവനങ്ങളെ ഓർമ്മ പ്പെടുത്തുന്നതാണ്. എന്നാൽ ഇവിടെയും അവർക്ക് യൂറോപ്പിലെ ശീതകാലാവസ്ഥ അനുഭവിക്കണമായിരുന്നു. അതിനാൽ വൻ നഗരങ്ങൾക്കു സമീപത്തായി വേനൽ ചൂടിനെ അതിജീവിക്കുന്നതിനായി പുതിയ ഹിൽ സ്റ്റേഷനുകൾ വികസിപ്പിച്ചു. ഉദാഹരണമായി വടക്ക് മിസൂറി, സിംല, നൈനിറ്റാൾ, കിഴക്ക് ഡാർജിലിംഗ്, ഷിലോങ്ങ്, തെക്ക് നീലഗിരിയും കൊടൈക്കനാലും

പട്ടണങ്ങളിൽ പുതിയ വാസ കേന്ദ്രങ്ങളും സൈനീക ക്യാംപുകളും രൂപപ്പെട്ടു. സൈനീകേതര ഓഫീസർമാർ താമസിച്ചിരുന്ന സ്ഥലം സിവിൽ ലെയിൻ എന്നും ബ്രിട്ടീഷ് സൈനിക ഓഫീസർമാർ താമസിച്ചിരുന്ന സ്ഥലം കന്റോൺമെന്റ് എന്നും അറിയപ്പെട്ടു തുടങ്ങി. ഇന്നും ഈ രണ്ടു സ്ഥലങ്ങളും അന്നത്തെപ്പോലെ ഭരണ തലത്തിലെ ഉന്നതർക്കും സൈനീകർക്കും വേണ്ടിയാണ്.

ഇന്ത്യയിലെ നാലു മെട്രോപ്പോലിറ്റൻ നഗരങ്ങൾ ഇവയാണ്. ചെന്നൈ, കൊൽക്കത്ത, മുംബൈ, ഡൽഹി തീർച്ചയായും, ഈ നഗരങ്ങളെപ്പറ്റി നിങ്ങൾക്കറിവുള്ളതാണ്.

## പാഠഭാഗചോദ്യങ്ങൾ 13.5

1. പൗരാണീക ഇന്ത്യയിൽ നിലവിൽ വന്ന 5 നഗരങ്ങളുടെ പേരെഴുതുക?

   1)............................2).........................3).........................

   4).........................5).................

2. ബ്രിട്ടീഷ്കാർ തുറമുഖങ്ങൾ സ്ഥാപിച്ച 5 സ്ഥലങ്ങൾ

   1)............................2).........................3).........................

   4).........................5).................

3. ബ്രിട്ടീഷ്കാർ വികസിപ്പിച്ച 5 ഹിൽ സ്റ്റേഷനുകൾ.

   1)............................2).........................3).........................

   4).........................5).................

4. സിവിൽ ലെയിനുകളിൽ ആരാണ് താമസിച്ചിരുന്നത്?

5. കന്റോൺമെന്റ് എന്നാൽ എന്ത്?

### 13.6 1. ചെന്നൈ

മുമ്പ് മദ്രാസ് എന്നറിയപ്പെട്ടിരുന്ന ചെന്നൈ തമിഴ്നാട് സംസ്ഥാന ത്തിന്റെ തലസ്ഥാനവും ഇന്ത്യയിലെ നാലു പ്രമുഖ നഗരങ്ങളിലൊന്നുമാണ്. സെന്റ് ജോർജ്ജ് കോട്ടയ്ക്കു ചുറ്റുമായി വളർന്ന നഗരം പിന്നീട് ചുറ്റുമുള്ള പട്ടണങ്ങളെയും ഗ്രാമങ്ങളെയും ഉൾക്കൊണ്ട് വികസിച്ചു. 19-ാം നൂറ്റാണ്ടിൽ നഗരം മദ്രാസ് പ്രസിഡൻസിയുടെ (ബ്രിട്ടീഷ് ഇന്ത്യയുടെ ദക്ഷിണഭാഗം) ആസ്ഥാനമായും മാറി. 1947 -ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ 1968-ൽ

തമിഴ്നാട് എന്നു പുനർ നാമകരണം ചെയ്യപ്പെട്ട, മദ്രാസ് സംസ്ഥാനത്തിന്റെ തലസ്ഥാനമായി. അത് തമിഴ് ഹിന്ദു സംസ്കാരത്തിന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ടുതന്നെ ഇന്ത്യൻ സംസ്കാരത്തിന്റെയും വൈദേശിക സ്വാധീനത്തെയും സമന്വയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചെന്നൈയുടെ ബ്രിട്ടീഷ് സ്വാധീനം വിവിധ കത്തീഡ്രലുകളിലൂടെയും, കെട്ടിടങ്ങളിലൂടെയും, നിരനിരയായി നില്ക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞ പാതയോരങ്ങളിലൂടെയും പ്രകടമാണ്. 1892-ൽ പണികഴിപ്പിച്ച ഹൈക്കോടതി കെട്ടിടം ലണ്ടൻ കോടതി കഴിഞ്ഞാൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ കോടതി കെട്ടിടമാണ്. സെന്റ് ജോർജ്ജ് കോട്ടയുടെ പ്രധാന മുഖമുദ്ര അലംകൃതമായ താഴികക്കുടങ്ങളും, വരാന്തകളും പുതിയ വാസ്തുനിർമ്മിതയുടെ ഓർമ്മപ്പെടുത്തലകളാണ്.

### ഐസ് ഹൗസ്



കോളോണിയൽ ഭരണകാലത്ത് ഐസ് കട്ടകൾ ശേഖരിച്ചു സൂക്ഷിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന കെട്ടിടമാണ്. കോളണി ഭരണകാലത്ത്, അമേരിക്കൻ ഐക്യനാടുകളുടെ വടക്കു ഭാഗത്തുള്ള തടാകങ്ങളിൽ നിന്നും മുറിച്ചെടുത്ത ഐസ് കട്ടകൾ ശീതീകരണ ആവശ്യങ്ങൾക്കുവേണ്ടി കപ്പലിൽ കയറ്റി ഇന്ത്യയിൽ എത്തിച്ചിരുന്നു.

ഇക്കാലഘട്ടത്തിലെ മറ്റൊരു മനോഹരമായ കെട്ടിടം ഗോഥിക് മാതൃകയിൽ കമാനങ്ങളും വർണ്ണസ്ഫടികാലംകൃതമായ ജനലുകളോടുകൂടിയ സെന്റ് ജോൺസ് ദേവാലയമാണ്. നടുത്തളം, ഇടനാഴി, ടവർ, സ്തൂപിക എന്നിവ ഇതിന്റെ പ്രത്യേകതയാണ്. ഭിത്തികൾ പരുക്കനായ കല്ലുകൾ പതിപ്പിച്ചതും, ഇടഭിത്തി, കമാനങ്ങൾ എന്നിവ പോർബന്ദർ ശിലകളാൽ നിർമ്മിതവുമാണ്. മേൽക്കൂര തേക്കുതടിക്കൊണ്ടും തിണ്ണ, ഇംഗ്ലണ്ടിൽ നിന്നും ഇറക്കുമതി ചെയ്ത ഓടുപാകിയതുമാണ്. ഇക്കാലത്തു നിർമ്മിക്കപ്പെട്ട മറ്റൊരു കെട്ടിടം മുഖ്യതപാൽ ആഫീസാണ്. 1872ൽ പൂർത്തിയാക്കിയ ചെന്നൈയിലെ മുഖ്യ തപാൽ ആഫീസിന് വളരെ ഉയർന്ന താഴികക്കുടത്തോടുകൂടിയ വിസ്തൃതമായ സെൻട്രൽ ഹാളുണ്ട്. ഇതൊരു പ്രധാന വിനോദസഞ്ചാര കേന്ദ്രമാണ്. മാർബിൾ മേൽ ത്തട്ടുള്ള മേശകളും സീലിംഗ്കൾ, മനോഹരമായ ഗോവണികൾ എല്ലാം ബ്രിട്ടീഷ് ഭരണത്തിന്റെ പ്രതാപവും, പ്രൗഢിയും വിളിച്ചോതുന്നതാണ്.

### 13.6. 2 കൊൽക്കത്ത



കൊൽക്കത്തായുടെ ഉത്ഭവവും ചരിത്രവും തെരയുന്നത് വളരെ രസകരമായിരിക്കും. അത് 1911വരെ ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? ബ്രിട്ടീഷ്കാരുടെ വികസന പദ്ധതികളുടെ ഭാഗമായി

കുറിപ്പുകൾ :

ട്ടാണ് 1686-ൽ കൽക്കട്ട സ്ഥാപി ക്കപ്പെടുന്നത്. 1756-ൽ ബംഗാളിലെ നവാബായിരുന്ന സിറാജ് ദൗള ബ്രിട്ടീഷ്കാരെ പുറത്താക്കുന്നതുവരെ നഗരം പുരോഗമിച്ചിരുന്നു.

1757-ൽ പ്ലാസ്സിയുദ്ധം നടക്കുകയും, റോബർട്ട് ക്ലൈവ് നവാബിനെ പുറത്താക്കി നഗരം പിടിച്ചെടുക്കുകയും ചെയ്തു.

1774-ൽ സുപ്രീം കോടതി സ്ഥാപിതമായതോടുകൂടി ഇത് ന്യായാസനാ ആസ്ഥാനമായി. 1911ൽ ബ്രിട്ടീഷ് ഇന്ത്യയുടെ ആസ്ഥാനം കൽക്കട്ടയിൽ നിന്നും ഡൽഹിയിലേക്ക് മാറ്റുകയുണ്ടായി. 2001ലാണ് കൽക്കട്ട കൊൽക്കത്തയെന്ന് ഔദ്യോഗികമായി പുനർനാമകരണം ചെയ്യപ്പെട്ടതെന്ന് നിങ്ങൾക്കറിയാ മായിരിക്കുമല്ലോ? ഇന്നും നിലനിൽക്കുന്ന കൊൽക്കത്ത യിലെ പ്രധാന കെട്ടിടങ്ങളിലേക്കു ഒന്നു കടന്നുചെല്ലാം.



ഹൂഗ്ലി നദിക്കു കുറുകെയാണ് ഹൗറാ പാലം. ഇത് ഹൗറ, നഗരത്തെ കൽക്കട്ട നഗരവുമായി ബന്ധിപ്പിക്കുന്നു. 270 അടി ഉയരമുള്ള നട്ടും ബോൾട്ടും ഇല്ലാത്ത രണ്ടു തൂണുകളാണ് ഈ പാലത്തെ താങ്ങി നിർത്തിയിരിക്കുന്നത്. ഈ പാലം കൽക്കത്തായുടെ ഒരു പ്രധാന പ്രതീകമായി നില ക്കൊള്ളുന്നു. ലോകത്തിലെ ഏറ്റവും തിരക്കുള്ള പാലം ഒരുപക്ഷേ ഇതായിരിക്കും.



കൽക്കത്തയുടെ വടക്കുഭാഗത്തായി നിലക്കൊള്ളുന്ന മാർബിൾ കൊട്ടാരം പണികഴിപ്പിച്ചത് 1835ലാണ്. ഇത് അതിമനോഹരമായ ആർട്ട് ഗ്യാലറിയാണ്. ഇത് അതിശയിപ്പിക്കുന്ന കലാവസ്തുക്കളും, ശില്പങ്ങളും, ചിത്രങ്ങളും, എണ്ണഛായങ്ങളും പ്രദർശിപ്പിക്കുന്നു. ഇതിന് പലതര ത്തിലുള്ള പക്ഷികളും മൃഗങ്ങളുമുള്ള ഒരു മൃഗശാലയുമുണ്ട്. വാസ്തവത്തിൽ അപൂർവ്വ പക്ഷികളുടെ ഒരു ശേഖരമാണ് ഈ മൃഗശാല.



ഹൂഗ്ലി നദിയുടെ തീരത്താണ് വില്യം കോട്ട. 1696ൽ ബ്രിട്ടീഷ്കാരനായ റോബർട്ട് ക്ലൈവ് മുൻകൈയെടുത്ത് പണികഴിപ്പിച്ചതാണിത്. 1780 ലാണ് ഇത് പൂർത്തിയായത്. ആക്രമണങ്ങളെ തടയുകയെന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ചുറ്റുപാടുമുള്ള പ്രദേശം ഒരു മൈതാനമായിത്തീരുകയും പല പ്രദർശനങ്ങളും മേളകളും ഇന്നും ഇവിടെ നടത്തപ്പെടുന്നു.

കൽക്കട്ടയിലെ വിക്ടോറിയ സ്മാരകമന്ദിരം 1921-ൽ പണികഴിപ്പിച്ച ഒരു വലിയ മ്യൂസിയമാണ്. സന്ദർശകരെ ഭൂതകാല ചരിത്രത്തിലേക്കു നയിക്കുന്ന ഒരു അത്ഭുത സ്ഥലം തന്നെയാണിത്. ഇന്ന് വിക്ടോറിയ സ്മാരകമന്ദിരം കൊൽക്കത്തയിലെ ഒന്നാന്തരം ആർട്ട് മ്യൂസിയങ്ങളിൽ ഒന്നാണ്. ഇത്

കുറിപ്പുകൾ :

184അടി വിസ്തീർണ്ണത്തിൽ 64 ഏക്കറിലായി വ്യാപിച്ചു കിടക്കുന്നു.



നിങ്ങൾക്കറിയാമോ, കൽക്കത്തയിലെ ഏഡൻ ഗാർഡൻ ക്രിക്കറ്റ് ക്ലബ്ബ്? ഇത് 1864 ൽ നിലവിൽ വന്നതാണ്. ഇന്നതിന് 1,20,000 ആളുകളെ ഉൾക്കൊള്ളാ നുള്ള ശേഷിയുണ്ട്. കൽക്കത്തയിലെ ഏഡൻ ഗാർഡൻ തീർച്ചയായും കണ്ടിരിക്കേണ്ട സ്ഥലങ്ങളിലൊന്നാണ്.



റൈറ്റേഴ്സ് ബിൽഡിംഗിന്റെ നിർമ്മാണം 1690നു മുമ്പേ ആരം ഭിച്ചതാണ്. അതിന് ഇങ്ങനെ പേരുവരാൻ കാരണം ഇത് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ജൂനിയർ എഴുത്തു കാരുടെ താമസ സ്ഥലമായതു കൊണ്ടാണ്. ലഫ്റ്റനന്റ് ഗവർണർ ആഷ്ലി ഏഡന്റെ കാലത്താണ് ഗോഥിക് നിർമ്മിതി നിലവിൽ വന്നത്. (1877)

### 13.6.3 മുംബൈ

ഇന്ത്യയുടെ പശ്ചിമതീരമായ അറബിക്കടലിന്റെ തീരത്തായിട്ടാണ് മുംബൈ സ്ഥിതി ചെയ്യുന്നത്. ഒരിക്കൽ അത് ഏഴു ദ്വീപുകളുടെ ഒരു



കൂട്ടമായിരുന്നുവെന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. അതിപുരാതനകാലം മുതലെ ഇവിടെ ജനങ്ങൾ താമസിച്ചിരുന്നുവെങ്കിലും, മുംബൈ നഗരം 17-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരുടെ കാലം മുതലാണ് ബോംബെയായി മാറിയത്. എന്നിരുന്നാലും അത് പൂർണ്ണ രൂപത്തിലായത് 19-ാം നൂറ്റാണ്ടിലാണ്. റയിൽവെ നിലവിൽ വന്ന ആദ്യത്തെ ഇന്ത്യൻ നഗരവുമാണത്. കൽക്കത്തയോടൊപ്പം വർത്തമാനപത്രം നിലവിൽ വന്ന ആദ്യത്തെ രണ്ടു നഗരങ്ങളിലൊന്നാണത്.

19-ാം നൂറ്റാണ്ടിന്റെ 2-ാം പാദത്തിൽ നിരവധി സ്വകാര്യ, പൊതുകെട്ടിടങ്ങൾ വിക്ടോറിയൻ ഗോഥിക് ശൈലിയിൽ നിർമ്മിക്കപ്പെട്ടു. ഉദാഹരണമായി



സെക്രട്ടേറിയറ്റ് (1874), നിയമസഭാ മന്ദിരം (1876), എൽഫിൻ സ്റ്റൻ കോളേജ് (1980). എന്നാൽ ഏറ്റവും വലിയ റെയിൽവെ സമുച്ചയമായ വിക്ടോ റിയ ടെർമിനസ് (ഇന്നത്തെ ഛത്രപദി ശിവാജി ടെർമിനസ്) ആണ് ഏറ്റവും ആകർഷണീയം. ഇതൊരു റെയിൽവേ സ്റ്റേഷൻ എന്നതിലുമുപരി കത്തീഡ്രൽ

കുറിപ്പുകൾ :

പോലെയാണ്. കൊത്തുപണി കളോടു കൂടിയ കല്ലുകളും, വിവിധ നിറത്തിലുള്ള ചില്ലകളോടുകൂടിയ ജനലുകളും എല്ലാം ഇതിന്റെ പ്രത്യേകതയാണ്.

മഞ്ഞകല്ലിൽ ഇൻഡോ, സാരസെനിക് വാസ്തുശില്പ മാതൃകയിൽ പണികഴിപ്പിച്ചിട്ടുള്ള പ്രശസ്തമായ ഇന്ത്യാഗയിറ്റ് ജോർജ്ജ് രാജാവിന്റെയും മേരി രാജ്ഞിയുടെയും ഇന്ത്യ സന്ദർശനത്തിന്റെ ബഹുമാനാർത്ഥം നിർമ്മിച്ചതാണ്. 24ലക്ഷം രൂപ ചെലവിൽ 1924ലാണ് ഇത് പൂർത്തിയായത്. അന്ന് അതൊരു മഹാകാര്യം തന്നെയായിരുന്നു. ഇതിന്റെ കമാനം 26 മീറ്റർ ഉയരത്തിലാണ്.

സ്വാതന്ത്ര്യലബ്ദി മുതൽ മുംബൈയിൽ ഇന്ത്യയുടെ (സ്റ്റോക്ക് എക്സ്ചേഞ്ച്) വ്യാപാരകേന്ദ്രം, പ്രശസ്തമായ ബോളീവുഡ് എന്നറിയപ്പെടുന്ന സിനിമാ വ്യവസായ കേന്ദ്രം എന്നുവേണ്ട പാശ്ചാത്യ വല്ക്കരണവും, വ്യവസായ വൽക്കരണവുമായി ബന്ധപ്പെട്ട എല്ലാം ഉണ്ട്. നിങ്ങൾക്കറിയാവുന്നതുപോലെ ഇന്നും മുംബൈ ഇന്ത്യയിലെ പ്രധാന വ്യവസായങ്ങളായ, വസ്ത്ര നിർമ്മാണം, സിനിമാ നിർമ്മാണം തുടങ്ങിയവയോടുകൂടിയ ഏറ്റവും വലിയ സാമ്പത്തിക നഗരമാണ്.നിങ്ങൾ അറിഞ്ഞിരിക്കുന്നത് പോലെ, ലോകത്തിലെ നിരവധി ഹിന്ദി സിനിമകൾ നിർമ്മിക്കുന്ന ഏറ്റവും വലിയ സിനിമാ വ്യവസായമായ ബോളിവുഡ് മുംബൈയിലാണ്. ഒരിക്കൽ ഇന്ത്യയുടെ കവാടമെന്നറിയപ്പെട്ടിരുന്ന മുംബൈ നഗരത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ തെളിവുകൾ പ്രകടമാണ്.

1. ചെന്നൈയിലെ 4 പ്രശസ്ത സ്ഥലങ്ങളുടെ പേരെഴുതുക?

1) ................................... 2)................................

3)..................................... 4)...............................

2. കൊൽക്കത്തയിലെ 4 പ്രശസ്ത സ്ഥലങ്ങളുടെ പേരെഴുതുക?

1) ................................... 2)................................

3)..................................... 4)...............................

3. മുംബൈ ലെ 4 പ്രശസ്ത സ്ഥലങ്ങൾ

1) ................................... 2)................................

3)..................................... 4)...............................

### 13.6.4 ഡൽഹി



1911 ലാണ് ഡൽഹി ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായതെന്ന് നിങ്ങൾക്കറിയാമോ? അതിനാലാണ് 2011ൽ ഡൽഹി 100–ാം വാർഷീകമാ ഘോഷിച്ചത്. വ്യക്തമായും, 1911ലാണ്. ഇന്നു ഡൽഹിയെന്ന് വിളിക്കുന്ന ആധുനിക നഗരം ഉയർന്നുവന്നത്. എന്നിരുന്നാലും അതിനെക്കാൾ പഴക്കമുള്ള ചരിത്രമാണ് ഡൽഹി

കുറിപ്പുകൾ :

ക്കുള്ളത്. കുറഞ്ഞത് പ്രധാനപ്പെട്ട പഴമയുള്ള ഏഴുനഗരങ്ങൾ കൂടിച്ചേർന്നാണ് ഡൽഹി രൂപമെടുത്തത് എന്നാണ് കരുതപ്പടുന്നത്. യമുനാനദിയുടെ വലത് വശത്ത് പാണ്ഡവന്മാരിൽ മൂത്തയാളായ യുധിഷ്ഠിരനാണ് ഇന്ദ്രപ്രസ്ഥമെന്ന പേരിൽ ആ ഡൽഹി നഗരം സ്ഥാപിക്കപ്പെട്ടത് എന്നു വിശ്വസിക്കുന്നു. തീർച്ചയായും, പാണ്ഡവ കൗരവ ഐതീഹ്യമായ മഹാഭാരത കഥ നിങ്ങൾ ഓർക്കുന്നുണ്ടാകും. നാടോടിക്കഥയനുസരിച്ച് ഡൽഹി സ്ഥാപിച്ചത് ദിലു രാജാവാണ്. ഏ.ഡി. 2-ാം നൂറ്റാണ്ടിൽ ഭൂമി ശാസ്ത്രജ്ഞനായ ടോളമി ദൈദല എന്ന പേരിലാണ് ഡൽഹിയെ തന്റെ ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഇതിനു വളരെമുമ്പേ ഹാരപ്പൻ പ്രദേശങ്ങളിൽ ഇന്നു ഡൽഹിയെന്നു വിളിക്കുന്ന ഡൽഹിയെ ചിത്രീകരിക്കുന്നുണ്ട്. ഡൽഹിയിലെ ദേശീയ മ്യൂസിയം സന്ദർശിച്ചാൽ ഇതിന്റെ തെളിവുകൾ നിങ്ങൾക്കു കാണാം. അക്കാലം മുതൽ ഡൽഹി വളരുകയായിരുന്നു. ഇന്ന് ഡൽഹി വളർന്ന് ഇന്ത്യയിലെ തന്നെയല്ല, ലോകത്തിലെ തന്നെ ഏറ്റവും വലിയ നഗരമായി മാറിയിരിക്കുന്നു.



ഡൽഹിയുമായി ബന്ധപ്പെട്ട് രസകരമായ ഐതീഹ്യമുണ്ട്. കഥ ഇങ്ങനെ പോകുന്നു. വാസുകിയെന്ന സർപ്പത്തെ കുത്തബ് മീനാർ സമുച്ചയത്തിലെ ഒരു ഇരുമ്പ് തൂണ് അശോകന്റെ കാലത്ത് ഭൂമിക്കടിയിലേക്ക് തള്ളിയിട്ടു. അനേകവർ ഷത്തിനുശേഷം ലാൽക്കോട്ടിലെ ടോമാർ രാജാവായ അനാഗ് പാൽ തൂണു തള്ളി താഴെയിട്ട് സർപ്പത്തെ സ്വതന്ത്രമാക്കി. ആ സമയത്ത് ഒരു പ്രവചനമുണ്ടായി, ഒരു വംശത്തിനും ഡൽഹി വളരെക്കാലം ഭരിക്കാൻ പറ്റില്ല. ടോമാർ വംശത്തിനുശേഷം ചൗഹാൻമാർ വരികയും കില റായ് പിത്തോരയെന്ന നഗരം മെറോളിക്കടുത്ത് ലാൽ കോട്ട് പ്രദേശത്ത് പണികഴിപ്പിച്ചു. ഈ വംശത്തിലെ രാജാവായ പൃഥിരാജ് ചൗഹാൻ മെറോളിയിൽ നിന്നും ഭരണം നടത്തി.

അടിമ വംശത്തിന്റെ കാലത്ത് ഡൽഹി വീണ്ടും പ്രശസ്തിയിലേക്കുയർന്നു. കുത്തബ്ബ്-ഉദ്-ദീൻ ആണ് പ്രസിദ്ധമായ കുത്തബ്ബ് മീനാറിന്റെ നിർമ്മാണം ആരംഭിച്ചതും പിന്നീട് ഇൽത്തുമിഷ് അതു പൂർത്തിയാക്കിയെന്നതും നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും.



പിന്നീട്, അലാവുദ്ദീൻ ഖൽജി സുൽത്താനായപ്പോൾ തലസ്ഥാനം സിരിയായിരുന്നു. സിരിക്കോട്ട ഇന്നും നിലനില്ക്കുന്നുണ്ട്. ഡൽഹിയിലെ ഈ പ്രദേശം ഷാഹ്പൂർ ജത്ത് എന്നറിയപ്പെടുന്നു. സിരിക്കും വളരെ രസകരമായ ഒരു കഥ പറയാനുണ്ട്. അലാവുദ്ദീൻ ഖൽജിയുടെ ഭരണം നിരന്തരമായ മംഗോൾ ആക്രമണ ഭീഷണിയിലായിരുന്നു. നഗരത്തിൽ

തങ്ങിയ ചില മംഗോളിയന്മാർ കലാപം നടത്തി. അലാവുദ്ദീൻ ഖൽജി അവരുടെ തല കൊയ്യുകയും നഗരഭിത്തിക്കടിയിൽ മറവുചെയ്യുകയും ചെയ്തു.



അങ്ങനെയാണ്, ആ നഗരം സിരിയെന്നറിയപ്പെടാൻ തുടങ്ങിയത്. സിർ എന്ന വാക്കിന്റെ അർത്ഥം തല യെന്നാണ്. ആ വാക്ക് തലയെന്നർത്ഥത്തിൽ ഇന്നും നാം ഉപയോഗിക്കുന്നു.

കുറച്ചുവർഷങ്ങൾക്കുശേഷം തുഗ്ലക് വംശം അധികാ രത്തിൽ വന്നപ്പോൾ, ഗിയാബുദ്ദീൻ തുഗ്ലക് തുഗ്ലകാബാദ് എന്ന നഗരം പണികഴിപ്പിച്ചു. ഗിയാബു ദ്ദീന്റെ മരണശേഷം മുഹ മ്മദ് ബിൻ തുഗ്ലക് (1320- 1388) ഡൽഹിയുടെ ആദ്യ കാല നഗരങ്ങളെല്ലാം ഒന്നാക്കുകയും ജഹൻ പാന എന്നു പേരു കൊടുത്തു.

മുഹമ്മദ്ദ് ബിൻ തുഗ്ലക്കിന്റെ കൊട്ടാരത്തിലുണ്ടായിരുന്ന ചരിത്രകാരനായ ഇബെൻ ബത്തൂത്ത ഈ നഗരത്തെക്കുറിച്ച് വളരെ രസകരമായി വിവരിക്കുന്നുണ്ട്. അദ്ദേഹം വിവരിക്കുന്നത് ഇങ്ങനെ, ....................ഇന്ത്യയുടെ ആസ്ഥാനം, ഒരു വിസ്തൃതവും വിസ്മയകരവുമായ നഗരം, സൗന്ദര്യവും ദൃഢതയും ഏകോപിപ്പിക്കുന്നു. ലോകത്തിൽ സമാനതകളില്ലാത്ത ചുറ്റുമതിൽ, ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ നഗരം, അല്ല പൗരസ്ത്യ മുസ്ലിം ലോകത്തിലെ ഏറ്റവും വിസ്തൃത നഗരം.

തുഗ്ലക് വംശത്തിലെ മറ്റൊരു പ്രധാന ഭരണാധികാരി ഫിറോസ് ഷാ ആയിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഡൽഹിക്ക് വലിയ ജനസംഖ്യയും കൂടുതൽ വിസ്തൃതിയുമുണ്ടായിരുന്നു. അദ്ദേഹം ഫിറോസ്, ഷാ കോട്ടയ്ക്കടുത്ത് ഫിറോസാബാദ് പണി കഴിപ്പിച്ചു. എന്നിരുന്നാലും, 1398ൽ സമർക്കണ്ഡിലെ രാജാവായ തിമൂറിന്റെ ആക്രമണം ജഹൻപാനയുൾപ്പെടെയുള്ള ഇതിന്റെ മഹത്വം നശിപ്പിച്ചു. തിമൂർ ഇന്ത്യയിലെ വാസ്തുശില്പികളെയും കല്പണിക്കാരെയും സമർക്കണ്ഡിൽ പള്ളി പണിയുന്നതിനായി കൊണ്ടുപോയി. പിന്നീടുവന്ന ഭരണാധികാരികൾ തലസ്ഥാനം ആഗ്രയിലേക്കുമാറ്റി.പുരാതന ഇന്ദ്രപ്രസ്ഥ കുന്നിന്റെ മുകളിൽ മുഗള ചക്രവർത്തിയായ ഹുമയൂൺ ദിൻപാന പണികഴിപ്പിച്ചു. എന്നാൽ, ഹുമയൂണിന്റെ പൗത്രനായ ഷാജഹാനാണ് ഡൽഹിയുടെ നഷ്ടപ്പെട്ട പ്രതാപം പുനരുദ്ധരിച്ചത്. അദ്ദേഹം 1639ൽ ചുവപ്പുകോട്ടയുടെ പണിയാരംഭിക്കുകയും 1648ൽ പൂർത്തിയാക്കുകയും ചെയ്തു. 1650ൽ അദ്ദേഹം പ്രസിദ്ധമായ ജാമി മസ്ജിദ്ദിന്റെ നിർമ്മാണമാരംഭിച്ചു.

ഷാജഹാന്റെ നഗരം ഷാജഹാനാബാദ് എന്നറിയപ്പെടുന്നു. മഹാകവികളായ ഡാർഡ്, മിർതക്കിമിർ, മിർസാശാലിബ് മുതലായവർ, ഗസലിനും ഗസൽ ഭാഷയ്ക്കും രൂപംകൊടുത്തു. അതായത് ഉർദ്ദു, ഇക്കാലത്ത് വളരെ പ്രസിദ്ധമായിരുന്നു. ഷാജഹാനാബാദ് ഇറാഖിലെ ബാഗ്ദാദിനെക്കാളും, തുർക്കിയിലെ കോൺസ്റ്റാൻഡിനെക്കാളും വളരെ മനോഹരമായിരുന്നുവെന്ന് കരുതപ്പെടുന്നു. നൂറ്റാണ്ടുകളിലൂടെ 1739ൽ നദീർഷായുടെയും 1748ൽ അഹമ്മദുഷായുടെയും സൈന്യം നഗരം കൊള്ളയടിക്കുകയും

നശിപ്പിക്കുകയും ചെയ്തു. ഇതെല്ലാം നഗരത്തെ ദുർബ്ബലപ്പെടുത്തി. എന്നാൽ ഈ പ്രശ്നങ്ങൾക്കെല്ലാം അതീതമായി, സംഗീതം, നൃത്തം, നാടകം അങ്ങനെ വൈവിധ്യമാർന്ന സ്വാദിഷ്ടവിഭവങ്ങൾ, സമ്പന്നമായ സാംസ്ക്കാരിക ഭാഷയും സാഹിത്യത്തോടുമൊപ്പം ഡൽഹി വാഗ്ദാനം ചെയ്യുന്നു.

കുറഞ്ഞത് 24 സൂഫികൾക്ക് ഡൽഹി ഭവനമായിരുന്നു. അവരിൽ ഏറ്റവും പ്രശസ്തർ ജഹൻ പാന പ്രദേശത്തുനിന്നായിരുന്നു. അവരിൽ ചിലർ :

1. കുത്തബ്ബ് ദീൻ ഭക്തിയാർ കാക്കി അദ്ദേഹത്തിന്റെ കൻക്വാ അഥവാ ധേരാ മെറോളിയിലായിരുന്നു.

2. നിസാമുദ്ദീൻ ഔലിയ, അദ്ദേഹത്തിന്റെ കൻക്വ, നിസാമുദ്ദീനിലായിരുന്നു.

3. ചിരാഗ്-ഇ-ഡൽഹിയെന്നറിയപ്പെട്ടിരുന്ന ഷെയ്ക്ക് നസ്റുദ്ദീൻ മുഹമ്മദ്

4. ഒരു വലിയ കവിയും പണ്ഡിതനുമായ അമീർ ഖുസുറു.

1707നുശേഷം മുഗളശക്തി ക്ഷയിക്കുകയും ഡൽഹി ഒരു വിളറിയ നിഴൽ മാത്രമായി മാറി. 1803ൽ മറാത്തികളെ തോൽപ്പിച്ച് ബ്രിട്ടീഷ്കാർ ഡൽഹി കയ്യടക്കി. കാശ്മീരിലെ പ്രവേശന കവാടവും സിവിൽ ലെയിനും പ്രധാനകേന്ദ്രങ്ങളായി മാറ്റി ബ്രിട്ടീഷ്കാർ പണികഴിപ്പിച്ചവയാണ്. 1911ൽ ബ്രിട്ടീഷ്കാർ തലസ്ഥാനം ഡൽഹിയിലേക്ക് മാറ്റുകയും തികച്ചും നവീന മായ നഗരം പണികഴിപ്പിക്കുകയും ന്യൂഡൽഹിയെന്നു വിളിക്കുകയും ചെയ്തു. ഇത് രാജകീയ പ്രൗഢിയിൽ തീർത്തിട്ടുള്ളതാകുന്നു. ഇന്ത്യാഗേറ്റ് എന്ന വലിയ നിർമ്മിതിയും ഇപ്പോഴത്തെ രാഷ്ട്രപതിഭവനായ വൈസ്രോയി യുടെ ഭവനവും പാർലമെന്റ് മന്ദിരവും വടക്കും തെക്കും ബ്ലോക്കുകളും എല്ലാം ബ്രിട്ടീഷ് ഭരണത്തിൽ ഇന്ത്യൻ പ്രജകൾക്ക് മതിപ്പുണ്ടാക്കുന്നതിന് നിർമ്മിച്ചവയാണ്. അവയെല്ലാം ബ്രിട്ടീഷ് ഭരണത്തിന്റെ മേൽക്കോയ്മയും അധികാരത്തിന്റെ പ്രൗഢിയും കാണിക്കുന്നതിനു വേണ്ടിയാണ് ഈ പുതിയ നഗരം 1903ൽ പൂർത്തികരിച്ചു. കോണാട്ടു പ്ലാസ ഇപ്പോഴും ഡൽഹിയിലെ വാണിജ്യകേന്ദ്രമായി നിലകൊള്ളുന്നു. ഡൽഹി ഇന്ത്യയുടെ പ്രധാനപ്പെട്ട വാണിജ്യ, സാംസ്കാരിക, രാഷ്ട്രീയ കേന്ദ്രമായി അവശേഷിക്കുന്നു. കൂറ്റൻ കെട്ടിടങ്ങളും മനോഹരമായ ഉദ്യാനങ്ങളും ഫ്ളൈ ഓവറുകളും മനോഹര മായ വിമാനത്താവളം, വിദ്യാഭ്യാസ കേന്ദ്രങ്ങൾ കാഴ്ചബംഗ്ലാവുകൾ വൻകിട മൊത്തവ്യാപാരകേന്ദ്രങ്ങൾ എംബസികളും എല്ലാ രാജ്യങ്ങളുടെയും ഹൈ കമ്മീഷണർമാർ വലിയ മാളികകൾ, പ്രധാന വ്യവസായങ്ങൾ ആദിയായ വയെല്ലാം നഗരത്തെ സുന്ദരമാക്കുന്നതിൽ വലിയ സംഭാവനകളാണ് നൽകുന്നത്. ഇങ്ങനെ പറയാം. ദില്ല ഹായ് ദിൽ വാലൻ കി ഡൽഹി വിശാല ഹൃയർക്കുള്ളതാകുന്നു.

## പാഠഭാഗ ചോദ്യങ്ങൾ 13.7

1. ഡൽഹിക്കുള്ളിലുള്ള നഗരങ്ങളെ അവ പണികഴിപ്പിച്ച രാജാവുമായി ബന്ധിപ്പിക്കുക.

| ക്രമനമ്പർ | നഗരത്തിന്റെ പേര് | പണികഴിപ്പിച്ച രാജാവിന്റെ പേര് |
|---|---|---|
| 1. | ഇന്ദ്രപ്രസ്ഥം | പൃഥ്വിരാജ് ചൗഹാൻ |
| 2. | ലാൽക്കോട്ട് | മുഹമ്മദ് ബിൻ തുഗ്ലക് |
| 3. | മെറോളി | യുധിഷ്ഠിരൻ |
| 4. | സിരി | ഫിറോസ്ഷാ തുഗ്ലക് |

കുറിപ്പുകൾ :

| | | |
|---|---|---|
| 5. | ജഹൻ പാന | ഹുമയൂൺ |
| 6. | തുഗ്ലഖാബാദ് | ഷാജഹാൻ |
| 7. | ഫിറോസ് ഷാ ബാദ് | അലവുദ്ദീൻ ഖൽജി |
| 8. | ദിൻപാന | അനാംഗ്പാൽ ടോമർ |
| 9. | ഷാജഹാനാബാദ് | ഗിയാസുദ്ദീൻ തുഗ്ലക് |

ജഹൻ പാന പ്രദേശത്തെ 4 പ്രശസ്ത സൂഫിസന്യാസികളുടെ പേരെഴുതുക.

1)..............................................2)..............................................

3)..............................................4)..............................................

## നിങ്ങളെന്തു പഠിച്ചു

* ഇന്ത്യൻ വാസ്തുകലയുടെയും ശില്പകലയുടെയും ചരിത്രം സിന്ധു സംസ്ക്കാരത്തോളം പഴക്കമുള്ളതാണ്.

* ഇന്ത്യയുടെ ഏതു പ്രദേശത്തിന്റെയും സാംസ്ക്കാരിക വൈവിധ്യം മനസ്സിലാക്കാനുള്ള താക്കോലാണ് വാസ്തുവിദ്യ. കാരണം, പല കാലങ്ങളിലെ സാംസ്ക്കാരിക പാരമ്പര്യങ്ങളും മതാചാരങ്ങളും അതിനെ സ്വാധീനിച്ചിട്ടുണ്ട്.

* ഗുപ്ത, പല്ലവ, ചോള കാലത്ത് ക്ഷേത്രനിർമ്മാണം വളർന്നു പന്തലിച്ചു.

* ഡൽഹി സുൽത്താൻമാരും മുഗളന്മാരും പേർഷ്യൻ സ്വാധീനം കൊണ്ടുവരികയും അങ്ങനെ ഇന്തോ-പേർഷ്യൻ വാസ്തു ശില്പശൈലി രൂപം കൊണ്ടു.

* ബ്രിട്ടീഷ്കാരും മറ്റു കോളോണിയൽ ശക്തികളും അവരുടെ വാസതുരീതി കൊണ്ടുവരികയും, തദ്ദേശീയ ശൈലിയും, യൂറോപ്യൻശൈലിയും സമന്വയിച്ച് ഒരു പുതിയ കോളോണിയൽ വാസ്തുശൈലി രൂപം കൊണ്ടതിന്റെ ഫലമായി പ്രൗഢ ഗംഭീരമായ കെട്ടിടങ്ങളും ഓഫീസുകളും നിർമ്മിക്കപ്പെട്ടു.

* ഹാരപ്പൻ നാഗരീകതയിൽ തുടങ്ങി, ഇന്ത്യയ്ക്ക് നഗരാസൂത്രണത്തിന്റെ 2350ബി.സി. വരെ നീളുന്ന ഒരു ചരിത്രമാണുള്ളത്.

* അപ്പോൾ മുതൽ അനേകം നഗരങ്ങൾ ഉയർന്നുവന്നു.

* 1594ൽ 2,837 നഗരങ്ങളുണ്ടായിരുന്നു.

* 20-ാം നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ ബോംബെ (ഇപ്പോൾ മുംബൈ) കൽക്കത്ത(കൊൽക്കത്ത), മദ്രാസ് (ഇപ്പോൾ ചെന്നൈ)എന്നിവ അറിയപ്പെടുന്ന ഭരണ, വാണിജ്യ, വ്യവസായ നഗരങ്ങളായി മാറി.

* 1911 ൽ ഡൽഹി ബ്രിട്ടീഷ് ഇന്ത്യയുടെ തലസ്ഥാനമായി.

* കുറഞ്ഞത് ഏഴ് പ്രധാനപ്പെട്ട പഴയ നഗരങ്ങൾ കൂടിച്ചേർന്നാണ് ഡൽഹി രൂപപ്പെട്ടത്.

* ഇവ മിക്കവാറും ഇന്ദ്രപ്രസ്ഥം, ലാൽകോട്ട്, മെറോളി, സിരി, തുഗ്ലകാ ബാദ്, ഫിറോസ് ഷാ ബാദ്, ഷാജഹാനാ ബാദ് തുടങ്ങിയയാണ്.

കുറിപ്പുകൾ :

## പാദാവസാന അഭ്യാസങ്ങൾ

1. ഹാരപ്പൻ നാഗരികതയിലെ വാസ്തുശില്പ ശൈലി വിവരിക്കുക.

2. ഇന്ത്യയുടെ ക്ഷേത്രവാസ്തുകലയിൽ ഗുപ്തന്മാരുടെയും, പല്ലവന്മാരുടെയും, ചോളന്മാരുടെയും സംഭാവനകൾ വിശദമാക്കുക?

3. ഇന്ത്യയിലെ വിവിധ വാസ്തുവിദ്യ, ശില്പകലാശൈലികൾ എന്തെല്ലാം?

4. ഇന്ത്യയുടെ വാസ്തുവിദ്യയുടെ വളർച്ചയ്ക്കു ബുദ്ധ-ജൈന മതങ്ങൾ സംഭാവനകൾ നല്കിയിട്ടുണ്ട്- വിശദമാക്കുക.

5.ഡൽഹി സുൽത്താൻ കാലഘട്ടത്തിലെ സ്മാരകങ്ങളുടെ നിർമ്മാണത്തെ നിങ്ങളെങ്ങനെ വീക്ഷിക്കുന്നു.

6. മുഗളകാലത്തെ വാസ്തുവിദ്യ ഇന്ത്യൻ, പേർഷ്യൻ, മംഗോൾ, മുഗളശൈലിയുടെ ഒരു സമന്വയമാണ്. വിശദമാക്കുക.

7. ഡൽഹിയുടെ കഥ നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക.

8. ദില്ലിഹായ് ദിൽ വലൻ കി എന്ന ചൊല്ലിന്റെ സത്യം കണ്ടെത്തുക. അതിനെപ്പറ്റി ഒരു ഉപന്യാസം എഴുതുക. നിങ്ങൾക്ക് നെറ്റിൽ തിരയുകയോ ലൈബ്രറി പുസ്തകങ്ങൾ എടുക്കുകയോ ചെയ്യാം.

## ഉത്തരങ്ങൾ

### 13.1

1. ഉപഭൂഖണ്ഡത്തിലെ മഹാ സാമ്രാജ്യങ്ങളുടെയും, രാജവംശങ്ങളുടെയും ഉത്ഭവവും, പതനവും ഇന്ത്യൻ സംസ്ക്കാരത്തിന്റെ വളർച്ചയെയും, രൂപീകരണത്തെയും സ്വാധീനിച്ചിട്ടുണ്ട്.

2. മോഹൻജോദാരോയിലെ പൊതുസ്നാനഘട്ടം അവരുടെ സാങ്കേതിക വൈദഗ്ധ്യത്തിന് തെളിവാണ്.

3. കുശീ നഗരം

4. ലുംബിനി, സാരനാഥ്, ബോധിവൃക്ഷം, കുശീനഗരം

5. ഗുപ്തകാലത്ത്

6. മത വാസ്തുശില്പ അവശിഷ്ടങ്ങൾ ബുദ്ധദേവനുമായിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

7. ഗുജറാത്തിലെ ലോഥൽ

### 13.2

1. തടിയിൽ കൊത്തിയ ബൃഹത് കൊട്ടാരം

2. സാഞ്ചിസ്തൂപവും, സാരനാഥ് സ്തൂപവും

3. ഒറ്റക്കൽ തൂണുകളിൽ

4. ഗാന്ധാര കല



കുറിപ്പുകൾ :

മഥുര ശൈലി

അമരാവതി ശൈലി

5. ഒറീസ്സയിൽ

6. രാഷ്ട്രകൂടന്മാർ

7. പല്ലവൻമാർ

8. ഉയർന്ന മതിലും ഗോപുരമുകളോടു കൂടിയ പ്രവേശന കവാടവും, വിമാനം അഥവാ ശിഖരങ്ങളോടുകൂടിയ ക്ഷേത്രവാസ്തു ശൈലി.

9. ബൃഹദേശ്വര ക്ഷേത്രം

10. ശിഖരങ്ങളും(ചുരുളാകൃതിയിലുള്ള മേൽക്കൂര), ഗർഭഗൃഹം(ശ്രീ കോവിൽ)

മണ്ഡപം (തൂണികളോടുകൂടിയ ഹാൾ) എന്നിവയാൽ നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ

11. നരസിംഹദേവൻ ഒന്നാമൻ

12. ദിൽവാര ക്ഷേത്രം

**13.3**

1. താഴികക്കുടങ്ങൾ, കമാനങ്ങൾ, സ്തൂപശ്രംഗം

2. ഡൽഹിയിലെ കുവത്ത്-ഉൽ-ഇസ്ലാം മോസ്ക്.

ഡൽഹിയിലെ കുത്തബ് മീനാർ

മുഹമ്മദ് തുഗ്ലക്കിന്റെ ശവകുടീരം

ഫിറോസ്ഷാ തുഗ്ലക്കിന്റെ ശവകുടീരം

ഇബ്രാഹിം ലോദിയുടെ ശവകുടീരം- ഡൽഹി

നസ്രത്തിലെ ഷെർഷായുടെ ശവകുടീരം

3. ഗോൾ ഗോബസ്

4. മുഗള കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട അലങ്കാരങ്ങൾ പതിച്ച കെട്ടിടങ്ങൾ

5. ബുലൻഡ് ദർവാസ

**13.4**

1. ബോം ജീസസിന്റെ ബസലിക്ക, വിശുദ്ധ ഫ്രാൻസീസിന്റെ ദേവാലയം

2. ലുഥിയേൻസ്

3. ഗ്രീക്കു, റോമൻ വാസ്തുശൈലി

4. കോളോണിയൽ കലാസൃഷ്ടികളുടെ മ്യൂസിയം

5. ഫ്രഞ്ചു വാസ്തുശില്പിയായ കോർബുസിയർ

6. ആസ്ത്രിയൻ വാസ്തുശില്പി സ്റ്റെയിൻ

7. 1) രാജ് രിവൽ 2) ചാൾസ് കൊറിയ

**13.5**

1. ഹാരപ്പ, മോഹൻജോദാരോ, കാലി ബംഗാൻ, സർക്കോട്ട, രാജഗീർ,



കുറിപ്പുകൾ :

വാരണാസി, അയോദ്ധ്യ, ഹസ്തിന പുരം, ഉജ്ജയിൻ, ശ്രാവസ്തി, കപിലവസ്തു, കൗസാംബി അല്ലെങ്കിൽ ഈ പാഠത്തിൽ സൂചിപ്പിക്കാത്ത മറ്റെന്തിങ്കിലും.

2. പനാജി, ബോംബെ, മസൂലി പട്ടണം, നാഗ പട്ടണം, മദ്രാസ്, കൽക്കത്ത ഇവയിൽ ഏതെങ്കിലും 5 അല്ലെങ്കിൽ ഈ പാഠത്തിൽ സൂചിപ്പിക്കാത്ത മറ്റേതെങ്കിലും.

3. മുസൂറി, സിംല, നൈനിറ്റാൾ, ഡാർജലിംഗ്, ഷില്ലോംഗ്, നീലഗിരി, കൊടൈക്കനാൽ. ഏതെങ്കിലും 5 അല്ലെങ്കിൽ ഈ പാഠത്തിൽ സൂചിപ്പിക്കാത്ത മറ്റേതെങ്കിലും.

4. സാധാരണ ഉദ്യോഗസ്ഥന്മാരുടെ ഓഫീസുകൾ

5. സൈനീക ഓഫീസർമാർ

**13.6**

1. ഹൈക്കോടതി കെട്ടിടം, ഐസ് ഹൗസ്, വിശുദ്ധ യോഹന്നാന്റെ ദേവാലയം, മുഖ്യ തപാലാഫീസ് അല്ലെങ്കിൽ ഈ പാഠഭാഗത്തു സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും.

2. ഹൗറാ പാലം, മാർബിൾ കൊട്ടാരം, റൈറ്റേഴ്സ് ബിൽഡിംഗ്, വില്യം കോട്ട, ഏഡൻ ഗാർഡൻ

വിക്ടോറിയ സ്മാരക മന്ദിരം, ഇവയിൽ 4 എണ്ണം അല്ലെങ്കിൽ ഈ പാഠഭാഗത്ത് സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും.

3. സെക്രട്ടേറിയറ്റ്, കൗൺസിൽ മന്ദിരം, എൽഫിൻസ്റ്റൺ കോളേജ്, വിക്ടോറിയ ടെർമിനസ് (ഇന്നത്തെ ഛത്രപതി ശിവജി ടെർമിനസ്) ഇന്ത്യാഗേറ്റ്, ഇവയിൽ 4 അല്ലെങ്കിൽ ഈ പാഠഭാഗത്ത് സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും

**13.7**

| ക്രമനമ്പർ | നഗരത്തിന്റെ പേര് | പണികഴിപ്പിച്ച രാജാവിന്റെ പേര് |
|---|---|---|
| 1. | ഇന്ദ്രപ്രസ്ഥം | യുധിഷ്ഠിരൻ |
| 2. | ലാൽകോട്ട് | അനംഗ്പാൽ ടോമർ |
| 3. | മെറോളി | പൃഥിരാജ് ചൗഹാൻ |
| 4. | സിരി | അലാവുദ്ദീൻ ഖൽജി |
| 5. | ജഹൻ പാന | മുഹമ്മദ് ബിൻ തുഗ്ലഗ് |
| 6. | തുഗ്ലഗാ ബാദ് | ഗിയാബുദ്ദീൻ തുഗ്ലഗ് |
| 7. | ഫിറോസ് ഷാ ബാദ് | ഫിറോസ് ഷാ തുഗ്ലഗ് |
| 8. | ദിൻപാന | ഹുമയൂൺ |
| 9. | ഷാജഹാനാബാദ് | ഷാജഹാൻ |

2. കുത്തബ്ദ്ദീൻ ഭക്തിയാർ കാക്കി, നിസാമുദ്ദീൻ ഔലിയ, ഷെയ്ക്ക് നിസാമുദ്ദീൻ മുഹമ്മദ്, അമീർ ഖുസറു അല്ലെങ്കിൽ ഈ പാഠഭാഗത്ത് സൂചിപ്പിക്കാത്ത മറ്റേതെങ്കിലും.

# 14

# ഇന്ത്യയിലെ ശാസ്ത്ര–സാങ്കേതിക വിദ്യകൾ

ലോകത്തിന്റെ മറ്റുഭാഗത്തുള്ള ജനങ്ങളെ പോലെ ഇന്ത്യക്കാർക്കും ശാസ്ത്രജ്ഞാനത്തിന്റെ അതിസമ്പന്നമായ ഒരു പൈതൃകം സ്വന്തമായിട്ടുണ്ട്. പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാത്തിൽ അജ്ഞാതമായവ കണ്ടെത്താനുള്ള താത്പര്യം ശാസ്ത്രീയ മനോഭാവം വളർത്തുകയും യഥാർത്ഥലോകത്ത് സത്യം അതിന്റെ എല്ലാ സങ്കീർണ്ണതകളോടും വൈവിധ്യത്തോടും കൂടി മറഞ്ഞിരിക്കുന്നുവെന്ന് സങ്കല്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സത്യത്തിന്റെ പുറകിലുള്ള നിഗൂഢതകളുടെ ഉരുക്കഴിക്കുകയെന്നത് ശാസ്ത്രജ്ഞൻമാരുടെ ഉത്തരവാദിത്വമാണ്. അതുവഴി മാനവരാശിയുടെ വളർച്ചയ്ക്കായി ലഭ്യമായ വിഭവങ്ങൾ പ്രയോജനകരമായി ഉപയോഗിക്കാനാവും. വളരെ സുപ്രധാനമായ കണ്ടുപിടുത്തങ്ങളിലേക്ക് നയിക്കുന്നതരത്തിൽ ജ്ഞാനത്തിനും സത്യത്തിനും വേണ്ടിയുള്ള തുടർച്ചയായ അന്വേഷണങ്ങളും അത് കാലാകാലങ്ങളിൽ ഇന്ത്യയുടെ നിത്യജീവിതത്തിൽ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് ഈ അദ്ധ്യായത്തിൽ നമുക്ക് മനസ്സിലാക്കാം.

## ലക്ഷ്യങ്ങൾ

* ഇന്ത്യക്കാരുടെ സംഭാവനകളുള്ള ശാസ്ത്ര മേഖലകൾ തിരിച്ചറിയാം.

* ഏതുകാലയളവിലുമുള്ള ശാസ്ത്രത്തിന്റെ വളർച്ചയ്ക്കുതകുന്ന ഘടകങ്ങളേയും ശക്തികളേയും പരിശോധിക്കാം.

* ആധുനിക ഇന്ത്യൻ ശാസ്ത്രവും സമ്പന്നമായ ശാസ്ത്രീയ പൈതൃകവും തമ്മിലുള്ള ബന്ധം വരച്ചുകാട്ടാൻ കഴിയുന്നു.

## 14.1 പുരാതന ഇന്ത്യയിലെ ശാസ്ത്രത്തിന്റെ വളർച്ച

ഗണിതം എന്ന പൊതുവായി അറിയപ്പെടുന്ന കണക്ക്, ഗണിതം, ജ്യാമിതി, ബീജഗണിതം, ജ്യോതിഷം, ജോത്സ്യം എന്നിവ ഉൾപ്പെടുന്നതാണ് ഗണിതം. പത്തിൽ ഗണിതം,(ബോർഡിലുള്ള കണക്കുകൂട്ടൽ), അംഗഗണിതം(അക്കങ്ങൾ കൊണ്ടുള്ള കണക്ക്)എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നു. ജ്യാമിതി രേഖഗണിതം എന്നും ബീജഗണിതം, ജോതിഷം, ജോത്സ്യം തുടങ്ങിയവ ജ്യോതിഷമെന്ന സംജ്ഞയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയ്ക്കു ശാസ്ത്ര സാങ്കേതിക വിദ്യകളിൽ സമ്പന്നമായൊരു പൈതൃകമുണ്ട്. ശാസ്ത്രവളർച്ചയിലൂടെ പ്രകൃതിയിലുള്ള അമിതമായ ആശ്രിതത്വം മറികടക്കാനാവുന്നതാണ്. പുരാതന ഇന്ത്യയിൽ ശാസ്ത്രവും മതവും വളരെയടുത്ത ബന്ധം പുലർത്തിയിരുന്നു. പുരാതന കാലഘട്ടത്തിൽ ശാസ്ത്രത്തിന്റെ വിവധശാഖകളിലുണ്ടായ വളർച്ച നമുക്കു മനസ്സിലാക്കാം.

### ജ്യോതിശാസ്ത്രം

ജ്യോതിശാസ്ത്രം വമ്പിച്ച പുരോഗതി നേടി, ഗ്രഹങ്ങളുടെ ചലനം ശ്രദ്ധിക്കുകയും നിരീക്ഷിക്കുകയും ചെയ്യാൻ തുടങ്ങി. ജ്യോതിശാസ്ത്രത്തിലെ വ്യവസ്ഥാപിത വിഭാഗങ്ങൾ ജ്യോതിഷ്-വേദാന്ത ഗ്രന്ഥങ്ങൾ സമർപ്പിക്കുകയുണ്ടായി. എന്നാൽ അടിസ്ഥാനപരമായ കൂടുതൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്തത് ആര്യഭട്ടയാണ്. (ഏ.ഡി. 499) അദ്ദേഹത്തിന്റെ ആര്യഭട്ടീയം എന്നഗ്രന്ഥത്തിൽ 121 ശ്ലോകങ്ങൾ സംഗ്രഹിച്ചിരിക്കുന്നു. ജ്യോതിശാസ്ത്ര നിർവചനങ്ങൾ, ഗ്രഹങ്ങളുടെ ശരിയായ സ്ഥാന നിർണ്ണയത്തിനുള്ള മാർഗ്ഗങ്ങൾ, സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങളുടെ വിവരങ്ങൾ, ഗ്രഹണങ്ങൾ ഗണിച്ചെടുക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രത്യേക വിഭാഗമായി ഈഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം കറങ്ങുകയും, ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുകയും ചെയ്യുമ്പോൾ ഗ്രഹണം ഉണ്ടാകുന്നു എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ യാഥാസ്ഥിതിക സിദ്ധാന്തങ്ങൾ പ്രകാരം ദുർഭൂതങ്ങൾ ഗ്രഹത്തെ വിഴുങ്ങുന്നതാണ് ഗ്രഹണം എന്ന് വിശ്വസിക്കുന്നു. ആര്യഭട്ടൻ വൈദീക ജ്യോതിശാസ്ത്രത്തിൽ നിന്നും വ്യതിചലിക്കുകയും പിൽക്കാല ജ്യോതിശാസ്ത്രജ്ഞൻമാർക്ക് മാർഗ്ഗദർശനം നൽകുന്ന തരത്തിലുള്ള ശാസ്ത്രീയ വിക്ഷണം വച്ചു പുലർത്തുകയും ചെയ്തു. പുരാതന ഇന്ത്യയിൽ ജ്യോതിഷവും, ജാതകവും അഭ്യസിപ്പിച്ചിരുന്നു. ആര്യഭട്ട സിദ്ധാന്തങ്ങൾ ജ്യോതിഷത്തിൽ നിന്നും  തീർത്തും വ്യത്യസ്തവും യുക്തിക്ക് ഊന്നൽ നല്കുന്നതുമായിരുന്നു.

### ഗണിതം

ഹാരപ്പൻ  നാഗരീകതയുടെ ഭാഗമായുള്ള നഗരാസൂത്രണം അക്കാലത്തെ ജനങ്ങൾക്ക് ജ്യാമിതിയിലും അളവുകളിലും നല്ല ജ്ഞാനമുണ്ടായിരുന്നു എന്ന് തെളിയിക്കുന്നു. ഏ.ഡി. 3-ാം നൂറ്റാണ്ടോടുകൂടി ഒരു പ്രത്യേക പഠനവിഭാഗമായി ഗണിതം വികാസം പ്രാപിച്ചു. സൽവാ സൂത്രത്തിൽ നിന്നാണ് ഇന്ത്യയിൽ ഗണിതശാസ്ത്രം ആരംഭിച്ചതെന്ന് വിശ്വസിക്കുന്നു.

ബി.സി. രണ്ടാം നൂറ്റാണ്ടിൽ അഭസ്തംഭ മൂന്നുഭുജങ്ങൾ ഉൾപ്പെട്ട പ്രായോഗിക ജ്യാമിതി പരിചയപ്പെടുത്തി. ഈ അറിവ് രാജാക്കന്മാർക്ക് യാഗം നടത്തുന്നതിനുള്ള അഗ്നിപീഠത്തിന്റെ നിർമ്മാണത്തിന് സഹായകമായി. പൂജ്യത്തിന്റെ ഉപയോഗം, ദശാംശ സമ്പ്രദായം, പ്രതീകങ്ങളും, ചിഹ്നങ്ങളും ഉപയോഗിക്കുന്ന സമ്പ്രദായം എന്നിവയായിരുന്നു

ഗണിതമേഖലയിലെ സുപ്രധാന സംഭാവനകൾ. സംഖ്യ പ്രതീക സമ്പ്രദായങ്ങൾ അറബികൾ മുഖാന്തരം പാശ്ചാത്യരാജ്യങ്ങളിലെത്തി. നമ്മുടെ എണ്ണസംഖ്യകൾ റോമൻസംഖ്യകൾക്കു പകരമായി ഉപയോഗിച്ചു. ബി.സി. രണ്ടാം നൂറ്റാണ്ടിൽതന്നെ ഇന്ത്യയിൽ പൂജ്യം കണ്ടെത്തിയിരുന്നു. ആര്യഭടൻ ബീജഗണിതം കണ്ടെത്തുകയും തൃകോണമിതിയുടെ ഉദയത്തിന് കാരണമായ തൃകോണത്തിന്റെ വിസ്തീർണ്ണം കണ്ടെത്തുകയും ചെയ്തു.

പുരാതനകാലത്തെ ഒരു പ്രസിദ്ധ കൃതിയായിരുന്ന സൂര്യ സിദ്ധാന്തം ജ്യോതിശാസ്ത്രത്തിലെ ആദ്യകാല കൃതികളിലൊന്നായിരുന്നു. ഏ.ഡി. ആറാം നൂറ്റാണ്ടിലെ ബൃഹത് സംഹിത, ചന്ദ്രൻ ഭൂമിക്കു ചുറ്റും കറങ്ങുന്നു എന്നും ഭൂമി സൂര്യനെ പരിക്രമണം ചെയ്യുന്നുവെന്നുമുള്ള വരാഹമിഹിരന്റെ നിരീക്ഷണം പിൽക്കാലത്തെ കണ്ടുപിടുത്തങ്ങൾക്ക് ഹേതുവായി. ലളിതവും

ജ്യോതിശാസ്ത്രവും പ്രപഞ്ച ഘടനാശാസ്ത്രത്തിലും സമയത്തിലുള്ള താത്പര്യം ജനിപ്പിച്ചു. തുടർന്നുള്ള ഗവേഷണത്തിലും വികസനത്തിലുമുള്ള മൂലക്കല്ലായി ഗണിതത്തിലും ജ്യോതിശാസ്ത്രത്തിലും ഉള്ള ഈ കണ്ടുപിടുത്തങ്ങൾ പരിണമിച്ചു.

### വൈദ്യശാസ്ത്രം

ആദ്യമായി രോഗങ്ങളെക്കുറിച്ചും ചികിത്സയെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചും അഥർവ്വവേദത്തിലാണ് പ്രതിപാദിച്ചിരിക്കുന്നത്. ജ്വരം, ചുമ, ക്ഷയം, വയറിളക്കം, മഹോദരം, വൃണം, കുഷ്ഠം തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ഇതിൽ പ്രതിപാദിച്ചിരുന്നു. ഈ രോഗങ്ങൾക്കു കാരണമാകുന്നത് ഒരാളുടെ ശരീരത്തിൽ പ്രവേശിക്കുന്ന ഭുത–പ്രേതാദികളാണെന്നും മന്ത്രോച്ചാരണം വഴി രോഗങ്ങൾ സുഖപ്പെടുത്താമെന്നും ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. ബി.സി. 600ഓടുകൂടി യുക്തിശാസ്ത്ര കാലഘട്ടം ആരംഭിച്ചു. വൈദ്യ ശാസ്ത്രത്തിന്റെയും അറിവിന്റെയും കേന്ദ്രമായി വാരണാസിയും തക്ഷശിലയും വളർന്നുവന്നു. വൈദ്യശാസ്ത്രരംഗത്തെ 2 പ്രധാനഗ്രന്ഥങ്ങളാണ് ചരകന്റെ ചരകസംഹിതിയും സുശ്രുതന്റെ സുശ്രുതസംഹിതയും.

ചരകസംഹിതയിൽ ചികിത്സാർത്ഥം ഉപയോഗിക്കുന്ന ചെടികളും സസ്യങ്ങളും പ്രതിപാദിക്കുന്നു. ഏ.ഡി. നാലാം നൂറ്റാണ്ടോടുകൂടി ശസ്ത്രക്രിയ ഒരു പ്രധാന വിഭാഗമായി വളർന്നു. സുശ്രുതനാണ് ഈ പഠനത്തിന്റെ അഗ്രഗാമി. ചികിത്സകലയിലെ ഏറ്റവും ഉന്നതമായ വിഭാഗവും തെറ്റുപറ്റാൻ ന്യായമില്ലാത്തതുമായ ഒരു വിഭാഗമാണ് ശസ്ത്രക്രിയ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹം 121ശസ്ത്രക്രിയ ഉപകരണങ്ങളെക്കുറിച്ചും ശസ്ത്രക്രിയ മാർഗ്ഗങ്ങൾ, അസ്ഥിക്രമപ്പെടുത്തൽ, തിമിരശസ്ത്രക്രിയ എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നു. പ്ലാസ്റ്റിക് സർജറിയെക്കുറിച്ചും (ചുണ്ട്, മൂക്ക്, ചെവി എന്നിവ ശരിയാക്കുന്നത്) പ്രാചീന ഇന്ത്യയിൽ ശസ്ത്രക്രിയ വിദഗ്ധന്മാർക്കറിയാമായിരുന്നു. സുശ്രുതൻ 760 ഔഷധസസ്യങ്ങൾ പ്രതിപാദിക്കുന്നു. സസ്യത്തിന്റെ എല്ലാഭാഗങ്ങളും ഉപയോഗിച്ചിരുന്നു. ഭക്ഷണ നിയന്ത്രണത്തിന് അവർ പ്രാധാന്യം നല്കിയിരുന്നു. ചരകസംഹിതയും സുശ്രുതസംഹിതയും പിൽക്കാലത്ത് ഇന്ത്യൻ വൈദ്യശാസ്ത്ര രംഗത്ത് വളർച്ചയുടെ മുൻഗാമികളായി. ശരീരം കീറിമുറിക്കുന്ന ക്ഷുരകന്റെ ജോലിയായി പരിഗണിച്ചിരുന്നതിനാൽ മധ്യകാലത്ത് ശസ്ത്രക്രിയയുടെ പ്രാധാന്യം കുറഞ്ഞു.

### ലോഹ സംരക്ഷണം

സിന്ധുനദീതടസംസ്കാര കേന്ദ്രങ്ങളിൽ നിന്നും കണ്ടെടുത്ത മിനുസമുള്ള പാത്രങ്ങളും വെങ്കലം, ചെമ്പ് എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കളും വളരെ വികസിതമായ ലോഹസംസ്കരണം സൂചിപ്പിക്കുന്നു. വൈദീകജനതയ്ക്ക് ധാന്യങ്ങളും പഴങ്ങളും പതം വരുത്താനും തോലുറപ്പിക്കാനും ചായംകൊടുക്കാനും അറിയാമായിരുന്നു.

ഏ.ഡി. ഒന്നാം നൂറ്റാണ്ടോടുകൂടി ഇരുമ്പ്, ചെമ്പ്, വെള്ളി, സ്വർണ്ണം ലോഹക്കൂട്ടുകളായ പിച്ചള, വെങ്കലം എന്നീലോഹങ്ങൾ കൂടുതലായി ഉത്പാദിപ്പിക്കുവാൻ തുടങ്ങി. കുത്തബ്മീനാറിലെ ഇരുമ്പ് തൂൺ അക്കാലത്തുള്ള ലോഹക്കൂട്ടിന്റെ ഗുണമേന്മ വിളിച്ചറിയിക്കുന്നു. ആൽക്കലികളും ആസിഡുകളും ഉത്പാദിപ്പിക്കുകയും ഔഷധനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്തിരുന്ന വർണ്ണങ്ങളും ചായങ്ങളും ഉപയോഗിക്കുന്നതിന് ഈ സാങ്കേതികവിദ്യ ഉപയോഗിച്ചിരുന്നു. തുണികളിൽ

*കുറിപ്പുകൾ :*

ചായം മുക്കുന്നത് ജനപ്രിയമായിരുന്നു. ഇന്നും നിലനിൽക്കുന്നു. അക്കാലത്തെ ചുവർ ചിത്രങ്ങളുടെ വർണ്ണമേന്മ ഈ സാങ്കേതിക വിദ്യയുടെ ഗുണത്തെ സൂചിപ്പിക്കുന്നു.

### ഭൂമിശാസ്ത്രം

മനുഷ്യനും ഭൂമിയും തമ്മിലുള്ള പരസ്പരബന്ധം ഭൂമിശാസ്ത്രപഠനത്തിന് അവനെ പ്രേരിപ്പിച്ചു. ചൈനയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും ഭൗതീക ഭൂമിശാസ്ത്രത്തെക്കുറിച്ച് ജനങ്ങൾക്കറിയാമായിരുന്നെങ്കിലും മറ്റുരാജ്യവുമായുള്ള അകലവും ഭൂമിയുടെ കിടപ്പും അവർക്ക് അറിയില്ലായിരുന്നു. പ്രാചീനകാലത്ത് കടൽ കടന്നുള്ള യാത്രയെക്കുറിച്ചും കപ്പലോടിക്കാനും ഇന്ത്യക്കാർക്ക് വേണ്ടത്ര അറിവുണ്ടായിരുന്നില്ല. എങ്കിലും മധ്യകാലഘട്ടത്തിന്റെ ആദ്യഘട്ടത്തിൽ തീർത്ഥയാത്രയെന്ന സങ്കല്പം വികസിക്കുകയും തൽഫലമായി ഭൂമിശാസ്ത്രപരമായ ധാരാളം അറിവുകൾ ആർജിക്കുകയും അവ പുരാണങ്ങളുടെ ഭാഗമായി സംഗ്രഹിക്കുകയും ചെയ്തു. ചില കാലങ്ങളിൽ പ്രത്യേക സ്ഥല പുരാണങ്ങൾ സംഗ്രഹിക്കപ്പെട്ടു.

### പാഠഭാഗചോദ്യങ്ങൾ 14.1

1. വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രത്തിന്റെ പ്രാധാന്യം എന്ത്?

2. ജ്യോതിഷത്തിൽ ആര്യഭടന്റെ സംഭാവന എന്തായിരുന്നു.?

3. ആരായിരുന്നു അപസ്തംഭൻ? ഗണിതശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനയെന്ത്?

4. ഗണിതശാസ്ത്രത്തിൽ പൗരാണിക ഭാരതത്തിന്റെ 3 സംഭാവനകൾ എന്തെല്ലാമായിരുന്നു.?

5. പുരാതന ഇന്ത്യയിലെ ഏതുഗ്രന്ഥമാണ് ചികിത്സാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന ഔഷധ സസ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നത്?

6. ശുശ്രുത സംഹിതയിൽ ഏത്ര തരം ശസ്ത്രക്രിയാ ഉപകരണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്?

7. ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ മാർഗ്ഗദീപങ്ങളായി മാറിയ രണ്ടു ഗ്രന്ഥങ്ങൾ ഏതെല്ലാം?

8. എത്ര തരം ഔഷധസസ്യങ്ങളെക്കുറിച്ച് പുരാതന ഇന്ത്യയിലെ ഭിഷഗ്വരൻമാർക്ക് പരിചയമുണ്ടായിരുന്നു?

കുറിപ്പുകൾ :

## 14.2 മധ്യകാലഘട്ടത്തിൽ ഇന്ത്യയുടെ ശാസ്ത്ര-സാങ്കേതിക വികസനം

മധ്യകാലഘട്ടത്തിൽ (പതിനൊന്നുമുതൽ പതിനെട്ടുവരെ) ഇന്ത്യയിലെ ശാസ്ത്ര-സാങ്കേതിക വിദ്യ 2 സരണികളായി വികസനം പ്രഖ്യാപിച്ചു.ഒന്ന് ആദ്യകാല പാരമ്പര്യത്തിനനുസൃതമായും രണ്ടാമത്തേത് യൂറോപ്യൻ ഇസ്ലാമിക സ്വാധീനങ്ങളുടെ ഫലമായി രൂപപ്പെട്ടുവന്നവയുമായിരുന്നു. ആ വിഭാഗങ്ങൾ. മുൻകൂട്ടി നിശ്ചയിച്ച പാഠ്യപദ്ധതി അടിസ്ഥാനത്തിലുള്ള മദ്രസ്സകളും മക്തബുകളും നിലവിൽ വന്നു. ഈ സ്ഥാപനങ്ങൾക്ക് ജനകീയ പരിരക്ഷയുണ്ടായിരുന്നു. യുക്തിശാസ്ത്രത്തിൽ പ്രത്യേകം പരിശീലനം നേടിയ ഷേക്ക് അബ്ദുള്ള, ഷേക്ക് അസ്സീസ്സുള്ള സഹോദരൻമാർ സാമ്പാൽ, ആഗ്രാ എന്നീ മദ്രസ്സകൾക്ക് നേതൃത്വം നൽകി. ഈ മദ്രസ്സകൾ അദ്ധ്യാപനം നടത്താൻ അറേബ്യ, പേർഷ്യ, മധ്യേഷ്യ, എന്നിവിടങ്ങളിൽ നിന്നും വിദഗ്ധന്മാരെ കൊണ്ടുവന്നിരുന്നു.

രാജാക്കന്മാർക്കും, പ്രഭുക്കന്മാർക്കും വേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കാൻ ധാരാളം കാർഖാനകൾ (പണിപ്പുരകൾ) പണികഴിപ്പിച്ചിരുന്നു. ഈ പണിശാലകൾ ഒരു നിർമ്മാണ സ്ഥലം മാത്രമായിരുന്നില്ല. ചെറുപ്പക്കാർക്ക് തൊഴിൽപരവും സാങ്കേതികവുമായ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ കൂടിയായിരുന്നു. ഈ പണിശാലകൾ വിവിധ ഭാഗങ്ങളിൽ കരകൗശല വിദഗ്ദ്ധൻമാരെ പരിശീലിപ്പിക്കുകയും വാർത്തെടുക്കുകയും ചെയ്തു. അവർ ക്രമേണ സ്വന്തം കർഖാനകൾ ആരംഭിക്കുകയും ചെയ്തു.

പ്രാഥമിക വിദ്യാലയങ്ങളിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ മുസ്ലീം ഭരണാധികാരികൾ ശ്രമിച്ചു. പാഠ്യപദ്ധതിയിൽ അങ്കഗണിതം, അളവുശാസ്ത്രം, ക്ഷേത്രഗണിതം, ജ്യോതിശാസ്ത്രം, അക്കൗണ്ടൻസി, പൊതുഭരണം, കൃഷി എന്നീ സുപ്രധാന വിഷയങ്ങൾ ഉൾപ്പെടുത്തി. ഇക്കാലത്ത് വിദ്യാഭ്യാസ മേഖലയിൽ പരിഷ്ക്കരണത്തിനുവേണ്ടി ഭരണകർത്താക്കൾ ശ്രമിച്ചുവെങ്കിലും ശാസ്ത്രമേഖലയ്ക്ക് വേണ്ടത്ര വളർച്ചനേടാൻ കഴിഞ്ഞിരുന്നില്ല. ഇന്ത്യൻ പാരമ്പര്യ ശാസ്ത്രസാംസ്ക്കാരവും മറ്റു രാജ്യങ്ങളിൽ നിലനിന്നിരുന്ന ശാസ്ത്രീയമായ സമീപനങ്ങളും സമന്വയിപ്പിക്കാനുള്ള ശ്രമം നടത്തിയിരുന്നു.

### ജീവശാസ്ത്രം

13-ാംനൂറ്റാണ്ടിൽ ഹംസദേവൻ സംഗ്രഹിച്ച മൃഗപക്ഷിശാസ്ത്രം മൃഗങ്ങളെക്കുറിച്ചും പക്ഷികളെക്കുറിച്ചും ശാസ്ത്രീയ വിശകലനം നൽകുന്നു. മധ്യകാല ഭരണാധികാരികൾ യുദ്ധത്തിലും നായാട്ടിലും തത്പരരായിരുന്നു. പ്രാപ്പിടിയൻ പക്ഷി, പുള്ളിപ്പുലി, നായ്ക്കൾ, കുതിരകൾ തുടങ്ങിയ നിരവധി മൃഗങ്ങളുടെ ഒരു ശേഖരം തന്നെ അവർക്കുണ്ടായിരുന്നു. വളർത്തുമൃഗങ്ങളും, വന്യമൃഗങ്ങളും, അവരുടെ സംരക്ഷണത്തിലുണ്ടായിരുന്നു. നല്ലയിനം വളർത്തുമൃഗങ്ങൾ ആന, കുതിര, എന്നിവ ഉല്പാദിപ്പിച്ചിക്കുന്നതിൽ അക്ബർ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. സങ്കരവത്ക്കരണത്തിന്റെ പരീക്ഷണ നിരീക്ഷണങ്ങളെക്കുറിച്ച്, ജഹാംഗീർ തന്റെ തുസുക്- ഇ- ജഹാംഗീരി യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൊട്ടാരം ചിത്രകാരനായിരുന്ന മൻസൂർ, മൃഗങ്ങളുടെ ഇന്നും വിവിധ മ്യൂസിയങ്ങളിലും സ്വകാര്യ ശേഖരങ്ങളിലും സൂക്ഷിച്ചിരുന്ന ഭംഗിയുള്ളതും കൃത്യത പുലർത്തുന്നതുമായ ചിത്രങ്ങൾ രചിച്ചിട്ടുണ്ടായിരുന്നു.

കുറിപ്പുകൾ :

പ്രകൃതിസ്നേഹികൂടിയായ ജഹാംഗീർ സസ്യങ്ങളുടെ പഠനത്തിൽ അതീവ തത്പരനായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാര ചിത്രകാരന്മാർ അമ്പത്തേഴിനം സസ്യങ്ങളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു.

### ഗണിതശാസ്ത്രം


7–ാം നൂറ്റാണ്ടിലെ മഹാഗണിതജ്ഞനായ ബ്രഹ്മഗുപ്തൻ ന്യൂന സംഖ്യകളെ കടം അല്ലെങ്കിൽ ബാധ്യതയായും അധിക സംഖ്യകളെ ഭാഗ്യസംഖ്യകളായും വിവരിക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് പൗരാണിക ഭാരതീയർക്ക് വ്യാപാരത്തിൽ പ്രായോഗിക ഗണിതത്തിന്റെ പ്രാധാന്യം വശമായിരുന്നുവെന്നാണ്.

മധ്യകാലഘട്ടത്തിന്റെ തുടക്കത്തിൽ രചിക്കപ്പെട്ട രണ്ട് സുപ്രധാന ഗ്രന്ഥങ്ങളാണ് ശ്രീധരന്റെ ഗണിതസാരം , ഭാസ്ക്കരന്റെ ലീലാവതി എന്നിവ. അളവുശാസ്ത്രം, വർഗ്ഗമൂലം, ത്രിവർഗ്ഗങ്ങൾ, സംഖ്യകൾ, ഹരണം, ഗുണനം മുതലായവ ഗണിതസാരത്തിൽ പ്രതിപാദിക്കുന്നു. ധാരാളം ചിത്രീകരണങ്ങളടങ്ങിയ ലീലാവതിയുടെ ഒരു ആഖ്യാനഗ്രന്ഥമായ ബുദ്ധിവിലാസിനി രചിച്ചത് ഗണേശ ദൈവജ്ഞനമായിരുന്നു. 1587 ൽ ലീലാവതി പേർഷ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തു. ഷാജഹാന്റെ ഭരണകാലത്ത് ബീജഗണിതം പേർഷ്യൻ ഭാഷയിലേക്ക് അതാഉള്ള റഷീദി വിവർത്തനം ചെയ്തു. അക്ബറിന്റെ രാജ സഭാംഗമായിരുന്ന നീലകണ്ഡ ജ്യോതിർവിദ് താജിക് എന്ന ഗ്രന്ഥം സംഗ്രഹിച്ചു. ഇതിൽ ധാരാളം പേർഷ്യൻ സാങ്കേതിക പദങ്ങൾ പ്രതിപാദിക്കുന്നു. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഗണിതം ഒരു മുഖ്യ വിഷയമായി പരിചയപ്പെടുത്താൻ കല്പിച്ചു. ഈ മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നല്കിയവരായിരുന്നു ബഹാഉദ്ദീൻ അമുലി, നസിറുദ്ദീൻ തൂസി, അറാക്ക്, അൽഖാസി എന്നിവർ. മറാഗ വാനനിരീക്ഷണശാല സ്ഥാപക ഡയറക്ടർ ആയിരുന്ന നസിറുദ്ദീൻ തൂസി ഗണിതശാസ്ത്രത്തിൽ ആധികാരികശാസ്ത്ര ജ്ഞാനമുള്ള പണ്ഡിതനായി അംഗീകരിക്കപ്പെടുന്നു.

### രസതന്ത്രം

കടലാസ്സിന്റെ കണ്ടുപിടുത്തത്തിനുമുമ്പ് ദക്ഷിണേന്ത്യയിൽ പനയോലയിലും കാശ്മീരിലുൾപ്പെടെ മരത്തോലിലുമായിരുന്നു പുരാതന സാഹിത്യങ്ങൾ ക്രോഡീകരിച്ചിരുന്നത്. മധ്യകാലഘട്ടത്തിലാണ് കടലാസ്സിന്റെ ഉപയോഗം ആരംഭിച്ചത്. അറിയപ്പെട്ടിരുന്ന കടലാസ്സ് ഉത്പാദനകേന്ദ്രമായിരുന്നു മൈസൂർ, ഔറംഗാബാദ്, അഹമ്മദാബാദ്, മൂർഷിദാബാദ്, പാട്ന, സഫറാബാദ്, സിയാൽകോട്ട്, കാശ്മീർ എന്നീസ്ഥലങ്ങൾ. ടിപ്പുവിന്റെ ഭരണകാലത്ത് മൈസൂരിൽ സ്വർണ്ണം കൊണ്ട് പ്രത്യേകതരം കടലാസ്സ് നിർമ്മിച്ചിരുന്ന ഒരു കടലാസ്സ് നിർമ്മാണ ഫാക്ടറിയുണ്ടായിരുന്നു. അസംസ്കൃത വസ്തുവിന്റെ വ്യത്യാസമനുസരിച്ച് പൾപ്പു തയ്യാറാക്കുന്നതിലെ വ്യത്യാസം ഒഴിച്ചു നിർത്തിയാൽ കടലാസ്സു നിർമ്മാണ വിദ്യ രാജ്യത്തെല്ലായിടത്തും ഏതാണ്ട് ഒരുപോലെയായിരുന്നു.

മുഗൾ ഭരണാധികാരികൾക്ക് വെടിമരുന്ന് നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ അറിയാമായിരുന്നു. ഇന്ത്യയിലെ കരകൗശല വിദഗ്ദ്ധർക്ക് വെടിക്കോപ്പുകളുടെ ചേരുവയും സാങ്കേതിക വിദ്യയും വ്യത്യസ്ത തരത്തിലുള്ള പീരങ്കികളിൽ ഉപയോഗിക്കുന്ന മരക്കരി, ഗന്ധകം, വെടിയുപ്പ് എന്നിവ ഉപയോഗിച്ചുള്ള വെടിമരുന്ന് നിർമ്മാണവും അറിയാമായിരുന്നു. അവർ വ്യത്യസ്ത തരത്തിലുള്ള വാണങ്ങളും കമ്പിത്തിരികളും പൂവെടികളും നിർമ്മിച്ചിരുന്നു.





വ്യത്യസ്ത തരത്തിലുള്ള പീരങ്കി, അച്ചുകളെക്കുറിച്ച് തുസുക്കി-ബാബറി പ്രതിപാദിക്കുന്നു. ലോഹം ഉരുക്കിവാർത്ത് തണുപ്പിക്കുമായിരുന്നു. അക്ബറിന്റെ സുഗന്ധദ്രവ്യ കാര്യാലയത്തിലെ നിബന്ധനകളെക്കുറിച്ച് ഐനി-അക്ബാരി വിശദീകരി ക്കുന്നുണ്ട്. നൂർജഹാന്റെ മാതാവിന്റെ കണ്ടുപിടുത്തമായ റോസാപ്പൂ അത്തർ അക്കാലത്ത് പ്രശസ്തമായ സുഗന്ധദ്രവ്യമായിരുന്നു.

## ജ്യോതിശാസ്ത്രം

മുൻകാല ജ്യോതിശാസ്ത്ര സങ്കൽപ്പങ്ങൾ വിശദീകരിക്കുന്ന ഏതാനും വ്യാഖ്യാനങ്ങൾ ഇക്കാലത്ത് ഉണ്ടായിരുന്നു. ഉജ്ജയിൻ, വാരണാസി, മധുര, ഡൽഹി എന്നീ സ്ഥലങ്ങളിൽ വാനനിരീക്ഷണ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ഫിറോസ് ഷാ തുഗ്ലക്ക് ഡൽഹിയിൽ വാനനിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചു. സയിദ് മുഹമ്മദ് കാസിമി, ഹക്കീം ഹുസൈൻ ജിലാനി എന്നിവരുടെ കീഴിൽ ഫിറോഷാനി ബാമിനി, ദൗലത്താബാദിൽ ഒരു വാനനിരീക്ഷണകേന്ദ്രം സ്ഥാപിച്ചു. സൗര-ചാന്ദ്ര കലണ്ടറുകൾ ഇക്കാലത്ത് ഉപയോഗിച്ചിരുന്നു. ഫിറോസ്ഷായുടെ കൊട്ടാര ജ്യോതിശാസ്ത്രജ്ഞനായ മഹേന്ദ്രസുരി യന്ത്രജ എന്ന ഗോളനിരീക്ഷണ ഉപകരണം വികസിപ്പിച്ചു. പ്രമുഖജ്യോതിശാസ്ത്ര കുടുംബാംഗങ്ങളായിരുന്ന പരമേശ്വര, മഹാ ഭാസ്ക്കരീയ എന്നിവർ പഞ്ചാംഗനിർമ്മാതാക്കളും ആയിരുന്നു. നീലകണ്ഡ സോമസുത്യൻ ആര്യഭട്ടയ്ക്കു വ്യാഖ്യാനം രചിച്ചിരുന്നു. കമലാകർ ജ്യോതിശാസ്ത്രത്തിലെ ഇസ്ലാമിക ആശയങ്ങളെക്കുറിച്ച് പഠനം നടത്തി അദ്ദേഹം ഇസ്ലാമിക ജ്ഞാനത്തിൽ നിപുണനായിരുന്നു. ജയ്പൂർ മഹാരാജാവായിരുന്ന സാവായി ജയസിംഹൻ രണ്ടാമൻ ഡൽഹി ഉജ്ജയിൻ, വാരണാസി, മധുര ജയ്പ്പൂർ എന്നിവിടങ്ങളിൽ വാനനിരീക്ഷണ ശാലകൾ സ്ഥാപിച്ചു.

## വൈദ്യശാസ്ത്രം

ഇക്കാലത്ത് പ്രത്യേക രോഗങ്ങളെ അധികരിച്ച് ഗ്രന്ഥങ്ങൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു. രോഗനിർണ്ണയത്തിന് മൂത്രപരിശോധന നാടിമിടിപ്പ് പരിശോധന എന്നിവ നടത്തിയിരുന്നു ശാരങ്ധര സംഹിത മരുന്നിനുവേണ്ടി കറുപ്പ് ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചു. ലോഹക്കൂട്ട് ഉൾപ്പെടെ ഒരു കൂട്ടം ധാതുദ്രവ്യ ഔഷധങ്ങളെക്കുറിച്ച് രസചികിത്സ സമ്പ്രദായം പ്രതിപാദിക്കുന്നു. ഭിഷഗ്വരന്മാരുടെ(വൈദ്യൻ) അഭിപ്രായങ്ങൾ വിശദീകരിക്കുന്ന പ്രശസ്ത പേർഷ്യൻ ഗ്രന്ഥമായിരുന്നു 17-ാം നൂറ്റാണ്ടിൽ മുഹമ്മദ് മുനീൻ രചിച്ച ഇഹ്ഫത്തൂൽ മുമിനീൻ.

മധ്യ കാലഘട്ടത്തിൽ ഇന്ത്യയിൽ വികാസം പ്രാപിച്ച ഒരു പ്രധാന ചികിത്സാരീതിയായിരുന്നു യുനാനി ചികിത്സാവിഭാഗം. ഫിർദൗസുഹിക്ക്മത്ത് എന്ന ഗ്രന്ഥത്തിൽ അലിബിൻ, പ്രഭാൻ, ഭാരതീയ വൈദ്യജ്ഞാനവും ഗ്രീക്ക് ഔഷധഗ്രന്ഥവും ക്രോഡീകരിച്ച് 11-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ മുസ്ലീംങ്ങളാണ് യുനാനി ചികിത്സ ഇന്ത്യയിൽ കൊണ്ടുവന്നത്. ഇവിടെ ചികിത്സാരീതിയുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ലഭിച്ചു. ആയുർവേദം അറബി, പേർഷ്യൻ ഔഷധജ്ഞാനങ്ങൾ ഉൾപ്പെടുത്തി ഹക്കീം ദിയ മുഹമ്മദ് മജിനി -ഇ- ദിയ എന്നഗ്രന്ഥം രചിച്ചു. തിബ്ബി ഔറംഗസേബി ആയുർവേദത്തെ അധികരിച്ച് ഔറംഗസേബിന് സമർപ്പണം ചെയ്യപ്പെട്ട ഒരു പ്രധാന ഗ്രന്ഥമാണ്. നൂറുദ്ദീൻ മുഹമ്മദ് രചിച്ച മുസാലജത്തി- ദാരാഷിക്കോ

*കുറിപ്പുകൾ :*

എന്ന ഗ്രന്ഥം ഗ്രീക്കു വൈദ്യത്തെ അധികരിച്ച് ദാരാഷിക്കോവിന് സമർപ്പണം ചെയ്യപ്പെട്ട മറ്റൊരു സുപ്രധാന ഗ്രന്ഥമാണ്.

### കൃഷി

മുൻകാലങ്ങളിലെ കൃഷിരീതികൾ തന്നെയായിരുന്നു മധ്യകാലഘട്ടത്തിലും ഇന്ത്യയിൽ നിലനിന്നിരുന്നത്. എങ്കിലും പുതിയ കാർഷിക വിളകൾ, സസ്യങ്ങൾ, ഉദ്യാന സസ്യങ്ങൾ എന്നിവയുൾപ്പെടെ വിദേശികളുടെ വരവോടെ ഇക്കാലത്ത് ചില സുപ്രധാന മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഗോതമ്പ്, അരി, ബാർലി, ചോളം, ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, പരുത്തി, കരിമ്പ്, നീലം എന്നിവയായിരുന്നു പ്രധാന കാർഷിക വിളകൾ. പശ്ചിമഘട്ട പ്രദേശങ്ങളിൽ മുന്തിയ ഇനം കുരുമുളകും, കാശ്മീരിൽ കുങ്കുമവും, പഴവർഗ്ഗങ്ങളും കൃഷിചെയ്തു. തമിഴ് നാട്ടിലെ ഇഞ്ചിയും കറുവാപ്പട്ടയും കേരളത്തിലെ ഏലം, ചന്ദനം, നാളികേരം എന്നിവയും ജനപ്രിയ ഉല്പന്നങ്ങളായി. പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ ഇന്ത്യയിൽ കൃഷി ചെയ്ത പുതിയ ഉല്പ്പന്നങ്ങളായിരുന്നു പുകയില, മുളക്, ഉരുളക്കിഴങ്ങ്, പേരയ്ക്ക, സീതപ്പഴം, കശുവണ്ടി, കൈതച്ചക്ക എന്നിവ. അവിൻ ചെടികളിൽ നിന്നും ഉദ്പാദിപ്പിക്കപ്പെടുന്ന കറുപ്പിനും പേരുകേട്ട പ്രദേശങ്ങളായിരുന്നു മാൾവ, ബീഹാർ എന്നീ സ്ഥലങ്ങൾ. മെച്ചപ്പെട്ട പൂച്ചെടി കൃഷി രീതി ഇന്ത്യയിൽ വിജയകരമായി നടപ്പിലാക്കി. പതിനാറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഗോവയിലെ ജസ്യൂട്ട് പാതിരിമാർ ഒട്ടുമാവ് കൃഷി പരിചയപ്പെടുത്തി. ജലസേചനത്തിന് കിണറുകൾ,കനാലുകൾ, രഹത്, ചരസ്സ് (തുകൽ കൊണ്ടുനിർമ്മിച്ച ബക്കറ്റുകൾ) ദേൻഗിലി എന്നിവ നുകം കെട്ടിയ കാളകളുടെ സഹായത്തോടെ വെള്ളം കോരുന്നതിന് പ്രയോജനപ്പെടുത്തിയിരുന്നു. ഈ പതിവ് ഇക്കാലത്തും തുടർന്നു പോന്നു. ആഗ്രയുടെ സമീപ പ്രദേശങ്ങളിൽ പേർഷ്യൻ ചക്രങ്ങൾ ഉപയോഗത്തിലുണ്ടായിരുന്നു. രാഷ്ട്രത്തിനും കൃഷിക്കാർക്കും ഉപയോഗപ്രദമായ രീതിയിൽ ഭൂമിയളന്ന് തരംതിരിച്ച് കൃഷിയെ ശക്തിപ്പെടുത്തുന്നതിൽ രാഷ്ട്രം വലിയ പങ്കുവഹിച്ചു.

### പാഠഭാഗ ചോദ്യങ്ങൾ 14.2


1. എന്തെല്ലാമായിരുന്നു മധ്യകാലഘട്ടത്തിലെ കർഘാനകളുടെ പ്രവർത്തനങ്ങൾ?

2.13–ാം നൂറ്റാണ്ടിൽ മൃഗപക്ഷിശാസ്ത്രം സംഗ്രഹിച്ചത് ആര്?

3. മറഗ വാനനിരീക്ഷണശാലയുടെ സ്ഥാപക ഡയറക്ടർ ആരായിരുന്നു?

4. ആരാണ് ലീലാവതി പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്?

5. ഗണിതശാസ്ത്രത്തെ ഒരു പഠനവിഷയമാക്കിയ മുഗള ഭരണാധികാരി ആരാണ്?



കുറിപ്പുകൾ :

6. കടലാസ്സിന്റെ കണ്ടുപിടുത്തത്തിന് മുൻപ് സാഹിത്യം സംരക്ഷിച്ചിരുന്നത് എങ്ങിനെ?

7. മധ്യകാലഘട്ടത്തിൽ പീരങ്കി നിർമ്മാണത്തെക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥം ഏത്?

8. നൂർജഹാന്റെ മാതാവ് കണ്ടുപിച്ച സുഗന്ധവസ്തു ഏത്?

9. എയിൻ-ഇ-അക്ബാരി പ്രതിപാദിക്കുന്നതെന്ത്?

10. ജയപ്പൂരിലെ രാജാവായിരുന്ന രാജാസവായ് ജയ്സിംഹൻ എത്രവാനനിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചു? എവിടെയായിരുന്നു ഈ വാനനിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചത്?

11. യന്ത്രജ വികസിപ്പിച്ചതാര്?

12 യന്ത്രജ എന്നാൽ എന്ത്?

13. മധ്യകാലഘട്ടത്തിൽ മുഗളന്മാരോടൊപ്പം ഏതു യുനാനി ചികിത്സാ സമ്പ്രദായമാണ് ഇന്ത്യയിലേക്കുവന്നത്?

14. രസ ചികിത്സ എന്തിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്?

15. 16ഉം, 17ഉം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ പുതിയ സസ്യങ്ങൾ ഏതെല്ലാം?

## 14.3 ആധുനിക ഇന്ത്യയിലെ ശാസ്ത്ര-സാങ്കേതിക വിദ്യ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ശാസ്ത്രസാങ്കേതിക വിദ്യാ പുരോഗതിയെക്കുറിച്ച് വിലയിരുത്തുന്നതിനുമുൻപ് ശാസ്ത്ര-സാങ്കേതിക വിദ്യ എന്നീ വാക്കുകൾ എന്താണ് അർത്ഥവത്താക്കുന്നത് എന്ന് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഭൗതീകലോകത്തെക്കുറിച്ചുള്ള ജ്ഞാന സമ്പാദനത്തിനാവശ്യമായ വ്യവസ്ഥാപിതമായ പ്രവർത്തനങ്ങളെ ശാസ്ത്രം എന്നു നിർവചിക്കാം. സാങ്കേതിക വിദ്യ എന്നത് ശാസ്ത്രജ്ഞാനത്തെ ഉദ്പാദന പ്രവർത്തനങ്ങളായി മാറ്റുന്ന പ്രവർത്തിയാണ്. വർത്തമാനകാലത്തെ ശാസ്ത്രവും സാങ്കേതിക വിദ്യയും പരസ്പര ബന്ധിതങ്ങളാണ്.

ഇന്ത്യയിൽ ദേശീയ വികസനത്തിൽ ശാസ്ത്ര-സാങ്കേതിക വിദ്യകൾക്കുള്ള പങ്ക് ഗവൺമെന്റുകൾ യഥാവിധി അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരോയൊരു സുപ്രധാന ഘടകം

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോഗവത്ക്കരിക്കാനുള്ള സമൂഹത്തിന്റെ സന്നദ്ധതയാണെന്ന് 2-ാം പഞ്ചവത്സര പദ്ധതി ഊന്നി പറഞ്ഞിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലെ പുതിയ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി 1971ൽ ശാസ്ത്ര സാങ്കേതിക വകുപ്പ് (ഉടാ)രൂപീകരിച്ചു. കൂടാതെ സംസ്ഥാന തലങ്ങളിൽ സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലുകൾ രൂപീകൃതമായി. ശാസ്ത്രീയ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനായി ദേശീയ നയത്തിന്റെ ഭാഗമായി ഗവൺമെന്റ് വിവിധ ഗവേഷണ വികസന പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ പാഠഭാഗത്തിൽ ശാസ്ത്രജ്ഞാനവും ആധുനിക സാങ്കേതിക വിദ്യയും സ്വാധീനിച്ച പ്രധാന മേഖലകളെ നമുക്കു വിശകലനം ചെയ്യാം.

## കൃഷി

30 വർഷം മുൻപ് 50മില്യൺ ടൺ ഭക്ഷ്യധാന്യം ഉത്പാദിപ്പിച്ചിരുന്ന ഇന്ത്യയിൽ ഇന്ന് 135 മില്യൺ ടൺ ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കാൻ നമുക്ക് സാധിക്കുന്നത് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കൃഷിയിൽ പ്രയോഗവത്ക്കരിക്കുന്നതിന്റെ ഫലമായിട്ടാണ്. അത്യുൽപാദന ശേഷിയുള്ള വിത്തുകൾ മുതൽ കൃഷിയിലെ ഊർജ്ജ പരിപാലന നിർവ്വഹണവും വിളവെടുപ്പിനുശേഷമുള്ള സങ്കേതങ്ങളും വരെ നീളുന്നു ഈ പ്രയോഗവത്ക്കരണം. ഈ പ്രവർത്തനങ്ങളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ മുഖ്യ പങ്കുവഹിച്ചു. 73 കാർഷിക കോളേജുകൾ 32 വെറ്റിനറി കോളേജുകൾ 8 കാർഷിക എൻജിനീയറിംഗ് കോളേജുകൾ ഒരു ഡയറി കോളേജ് എന്നീ സ്ഥാപനങ്ങളിലൂടെ വനവല്ക്കരണം, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ, കൃഷിയുടെ മറ്റു മേഖലകൾ എന്നിവയിൽ വ്യാപൃതരായവർക്കും കർഷകർക്കും ശാസ്ത്രീയ വിദ്യാഭ്യാസം നല്കുന്നതിൽ ഐ.സി.എ.ആർ. നേതൃപരമായ പങ്കുവഹിക്കുന്നു. അരി, ധാന്യങ്ങൾ, എണ്ണകുരുക്കൾ, വാണിജ്യവിളകൾ എന്നിവയുടെ വിളവ് വർദ്ധിപ്പിക്കൽ, സാമൂഹ്യ വനവൽക്കരണ പ്രോത്സാഹനം, കൃഷിയെ രാസവളത്തിനു പകരം ജൈവവളത്തിലധിഷ്ഠിതമാക്കി മാറ്റൽ എന്നിവ കാർഷിക മേഖലയിൽ ഇനിയും നമുക്ക് നേരിടാനുള്ള വെല്ലുവിളികളാണ്.

## വ്യവസായം

വ്യവസായ മേഖലയിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ വിപ്ലവകരമായ സ്വാധീനം ചെലുത്തി. ഇന്ത്യയിൽ ഗവൺമെന്റ് വ്യവസായിക വികസനത്തിനുവേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ നിരന്തരം ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. സാധാരണ ജനങ്ങളുടെയും പൗരന്മാരുടെയും ആവശ്യങ്ങൾ നിർവഹിക്കാൻ ശാസ്ത്ര വ്യാവസായിക കൗൺസിലും (സി.എസ്.ഐ.ആർ) രാജ്യസുരക്ഷാ സംബന്ധമായ ആവശ്യങ്ങൾ നിർവഹിക്കാൻ രാജ്യരക്ഷാ ഗവേഷണ വികസന സംഘടന(ഡി.ആർ.ഡി.ഒ)യും പ്രവർത്തിക്കുന്നു. ഈ രണ്ടു ഗവൺമെന്റ് ഏജൻസികളും ധാരാളം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യാവസായിക ഉല്പാദനത്തിനാവശ്യമായ നിരവധികാര്യങ്ങൾ സി.എസ്.ഐ.ആർ. ലബോറട്ടറിയിൽ രൂപപ്പെടുത്തികൊണ്ടിരിക്കുന്നു. തദ്ദേശീയമായി വികസിപ്പിച്ച കാർഷിക യന്ത്രങ്ങൾ, രാസ വസ്തുക്കൾ, മരുന്നുകൾ, കീടനാശിനികൾ, ഭക്ഷ്യോദ്പന്ന സാങ്കേതിക മേഖലകളിലെ ഉല്പന്നങ്ങൾ, തുകൽ വസ്തുക്കൾ, ഗ്ലാസ്സുകൾ, പിഞ്ഞാണക്കൂടുല്പന്നങ്ങൾ,

കളർ ടെലിവിഷനുകൾ എന്നിവ അവയിൽ ചിലതാണ്. കല്ക്കരി മേഖലയിൽ ഗുണനിലവാരം ഉയർത്താനാവശ്യമായ കാര്യങ്ങൾ, കല്ക്കരിയിൽ നിന്നും വൈദ്യുതിയുല്പാദനം എന്നിവ ഈ മേഖലയിലെ ഗവേഷണ ഫലമാണ്. രാജ്യരക്ഷാ മേഖലയിൽ ഇന്ത്യയുടെ സ്വന്തം സാങ്കേതിക ശക്തി ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ മിസൈൽ നിർമ്മാണ സാങ്കേതിക വിദ്യയിലുണ്ടായ വമ്പിച്ച മുന്നേറ്റം ഇത്തരം സാങ്കേതിക ശക്തിയുടെ സമീപകാല ഉദാഹരണങ്ങളാണ്. ഈ മേഖലയിൽ നാം നിരന്തരം വികാസം നേടിക്കൊണ്ടിരിക്കുന്നു.

### ആണവോർജ്ജം

സമാധാന പരമായ ലക്ഷ്യങ്ങൾക്കുവേണ്ടി ആണവോർജ്ജം ഉപയോഗിക്കുക എന്നതാണ് ഇന്ത്യയുടെ പ്രഖ്യാപിത ലക്ഷ്യം. 1948ൽ എനർജികമ്മീഷൻ രൂപീകൃതമായതു മുതൽ കഴിഞ്ഞ 55 വർഷങ്ങളിലായി ആണവോർജ്ജമേഖലയിൽ ഇന്ത്യ ഗണ്യമായ പുരോഗതി നേടികൊണ്ടിരിക്കുന്നു. 1957ൽ ടോംവെയിൽ ബാബ അറ്റോമിക് റിസർച്ച് സെന്റർ സ്ഥാപിതമായി. താരാപ്പൂർ(മഹാരാഷ്ട്ര), കോട്ട(രാജസ്ഥാൻ), കൽപ്പാക്കം(തമിഴ്നാട്), നരോര(യു.പി.), എന്നിവിടങ്ങളിലും ആണവോർജ്ജ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇന്ത്യയിൽ തദ്ദേശീയമായ ആണവോർജ്ജ റിയാക്ടറുകളുടെ നിർമ്മാണം ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന്റെ ഫലമായി വർദ്ധിച്ചുവന്നു. വിദേശ രാജ്യങ്ങളെ ആശ്രയിക്കാതെ, തദ്ദേശീയമായ ആണവ റിയാക്ടറുകളുടെ നിർമ്മാണം, രൂപകൽപ്പന, പ്രവർത്തനം എന്നീ കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ലോകത്തിലെ ചുരുക്കം ചില രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിക്കഴിഞ്ഞു. ചില ആണവകേന്ദ്രങ്ങളിൽ ആണവശാസ്ത്രം കൂടാതെ, ഇലക്ട്രോണിക്സ്, വൈദ്യം, ജീവശാസ്ത്രം, കൃഷി, ലോഹ സംസ്ക്കരണം തുടങ്ങിയ മേഖലകളിൽ നിരവധി ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### വാന ശാസ്ത്രം

ദേശീയ വികസനത്തിനുവേണ്ടി ഗോള സാങ്കേതിക വിദ്യയിലുള്ള സ്വയം പര്യാപ്തതയെന്ന ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നവയാണ് ഇന്ത്യയുടെ വാനശാസ്ത്രപരിപാടികൾ. കാലകാലങ്ങളിലായി ഈ മേഖലയിൽ നേട്ടങ്ങൾ കൊയ്യാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹമായ ആര്യഭട്ടയുടെ വിക്ഷേപണം(1975) സോവിയറ്റ് യൂണിയനിൽ നിന്നും ഭാസ്ക്കര1, ഭാസ്ക്കര2 എന്നിവയുടെ വിക്ഷേപങ്ങൾ. ഇന്ത്യയുടെ സ്വന്തം റോക്കറ്റ് എസ്.എൽ. വി3 ഉപയോഗിച്ച് രോഹിണി ഉപഗ്രഹ വിക്ഷേപണം, യൂറോപ്യൻ ആരിയൻ റോക്കറ്റ് ഉപയോഗിച്ച് ആപ്പിൾ ഉപഗ്രഹ വിക്ഷേപണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസ കാര്യങ്ങളിൽ ഉപഗ്രഹ ഉപയോഗം ലക്ഷ്യമിട്ട് 1975-ൽ ഇന്ത്യയിൽ ദൂരവ്യാപകമായ ഒരു പരീക്ഷണത്തിന് തുടക്കമിട്ടു. തുടർന്ന് 1983-ൽ ഇൻസാറ്റ്-1 ഐ.ബി. വിക്ഷേപിച്ചു. റേഡിയോ-ടെലിവിഷൻ, വാർത്താവിനിമയം, അന്തരീക്ഷ വിജ്ഞാന സേവനങ്ങൾ എന്നീ മേഖലയിൽ ഇതിന്റെ സേവനം ലഭിക്കുന്നു. 1985-95 ദശാബ്ദത്തിലേയ്ക്ക് വേണ്ടിയുള്ള വിപുലമായ വാനശാസ്ത്ര പരിപാടി വാർത്താവിനിമയം, സർവേ, പ്രകൃതി വിഭവങ്ങളുടെ പരിപാലനം, കാലാവസ്ഥാ സേവനം, എന്നീ മേഖലകളിൽ ഗോളശാസ്ത്രസാങ്കേതിക വിദ്യയുടെ ദേശവ്യാപകമായ ഉപയോഗം ലക്ഷ്യമിടുന്നു.

കുറിപ്പുകൾ :

## ഇലക്ട്രോണിക്സ്

സ്വാതന്ത്ര്യാനന്തരം ഇന്ത്യ റേഡിയോ, ടെലിവിഷൻ വാർത്താ വിനിമയ - വിതരണ സംവിധാനങ്ങൾ തുടങ്ങിയ വ്യത്യസ്ത ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കാനുള്ള കഴിവ് നേടിയെടുത്തു. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഭാഗങ്ങളിൽ ഭൂരിഭാഗവും തദ്ദേശിയമായി തന്നെ ഉല്പാദിപ്പിച്ചു. കഴിഞ്ഞ ദശകത്തിൽ ഇലക്ട്രോണിക് സാധനങ്ങളുടെ ഉല്പാദനം പ്രതിവർഷം 18% എന്ന തോതിൽ വളർച്ച നേടിയെടുത്തു. ഇന്നു നാം നിരവധി ഇലക്ട്രോണിക് ഉപകരണങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നു. ഉല്പാദന വർദ്ധനവിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കംപ്യൂട്ടറിന്റെ ഉപയോഗം വഴി നമുക്കു സാധിച്ചു. ഈയടുത്ത കാലത്ത് സെമികണ്ടക്ടർ ലിമിറ്റഡ്(ചണ്ഡിഗർ) ദേശീയ കംപ്യൂട്ടർ കേന്ദ്രം(മുംബൈ), നാഷണൽ ഇൻഫർമേഷൻ സെന്റർ(മുംബൈ)തുടങ്ങിയ ധാരാളം കംപ്യൂട്ടർ സ്ഥാപനങ്ങൾ എന്നിവ വഴി നമുക്ക് സാധ്യമായി.

## ആരോഗ്യ വൈദ്യശാസ്ത്രമേഖലകൾ

വൈദ്യശാസ്ത്ര മേഖലയിൽ നമുക്കു ധാരാളം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. മാരകമായ രോഗങ്ങൾ തടയുന്നതിനും ചികിത്സിക്കുന്നതിനും നാം നേട്ടം കൈവരിച്ചു. വസൂരി ഇല്ലായ്മ ചെയ്തു. ക്ഷയം, മലേറിയ, മന്ത്, ഗോയിറ്റർ, അർബുദം, തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സ മെച്ചപ്പെട്ട രീതിയിൽ പുരോഗമിച്ചു. പകർച്ചവ്യാധികൾ തടയുന്നതിനുള്ള ഗവേഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. നിരവധി ആരോഗ്യരക്ഷാ പ്രവർത്തനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി ആയുർദൈർഘ്യം വർദ്ധിക്കുകയും മരണനിരക്കു കുറയുകയും ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറഞ്ഞു. ഗവൺമെന്റ് ആശുപത്രികൾ, ഡിസ്പെൻസറികൾ, ഗവേഷണ കൗൺസിലുകൾ, ഗ്രാമീണ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നീ ഏജൻസികളിലൂടെയും സ്ഥാപനങ്ങളിലൂടെയും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ നല്കി വരുന്നു.

## സമുദ്ര വികസനം

എണ്ണ പരിവേഷണം, ഭക്ഷ്യ ലഭ്യത വർദ്ധിപ്പിക്കൽ മത്സ്യ വിഭവങ്ങളുടെ ഉല്പാദന വർദ്ധന തുടങ്ങി സമുദ്രവികസന മേഖലയിൽ ഇന്ത്യയ്ക്ക് നിരവധി താല്പര്യങ്ങൾ ഉണ്ട്. സമുദ്രഗവേഷണ മേഖലയിലെ ഇന്ത്യയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും, സംയോജിപ്പിക്കാനും പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1981-ൽ സമുദ്രവികസന ഡിപ്പാർട്ട്മെന്റ് രൂപീകൃതമായി. ഈ വകുപ്പിന് ഭൗതീക, രസതന്ത്ര, ജീവശാസ്ത്ര, ഭൂമിശാസ്ത്ര, സമുദ്രശാസ്ത്ര, അന്തരീക്ഷ ശാസ്ത്ര മേഖലയിലെ പ്രവർത്തനങ്ങൾക്ക് വേണ്ടി അത്യാധുനിക സൗകര്യങ്ങളുള്ള ഒ.ആർ.വി. സാഗരകന്യ, എഫ്.ഒ.ആർ.വി. സാഗരസമ്പദ് എന്നീ രണ്ടുകപ്പലുകൾ ഉണ്ട്. അന്റാർട്ടിക്കയിൽ സ്ഥാപിച്ച ഗവേഷണ കേന്ദ്രമായ ദക്ഷിണ ഗംഗോത്രി, ഗവേഷണ യെന്ന കപ്പൽ ഉപയോഗിച്ച് സമുദ്രാടിത്തറ ഖനനം എന്നിവ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ഇന്ത്യയുടെ നേട്ടങ്ങളാണ്.

## മറ്റുമേഖലകൾ

മേൽ പ്രതിപാദിച്ച മേഖലകൾ കൂടാതെ മറ്റ് നിരവധി മേഖലകളിൽ ഇന്ത്യ വമ്പിച്ച പുരോഗതി നേടിയെടുത്തിട്ടുണ്ട്. എണ്ണ പരിവേഷണം ശുദ്ധീകരണ

കുറിപ്പുകൾ :

മേഖലയിൽ എണ്ണ പ്രകൃതി വാതകകമ്മീഷൻ(ഒ.എൻ.ജി.സി.) പരിസ്ഥിതി സംരക്ഷണത്തിൽ പരിസരാസൂത്രണത്തിനുള്ള ദേശീയ കമ്മിറ്റി(നാഷണൽ കമ്മിറ്റി ഒൺ എൻവയൺമെന്റ് പ്ലാനിംഗ്) സൗരോർജ്ജ നിർമ്മാണം എന്നിവ നാം നേട്ടങ്ങൾ കൊയ്ത മറ്റു മേഖലകളാണ്. ഗംഗാനദിയിലെ മലിനീകരണം നിയന്ത്രിക്കാൻ ഒരു കേന്ദ്ര ഗംഗാ അതോറിറ്റി രൂപീകരിക്കപ്പെട്ടു.

## ശാസ്ത്രസാങ്കേതിക മേഖലയിലെ പുരോഗതിയെക്കുറിച്ചുള്ള അവലോകനം

ഇന്ത്യയിലെ ശാസ്ത്രസാങ്കേതിക മേഖലയിൽ ഗണനീയമായ നേട്ടം കൈവരിക്കാൻ നമുക്കു സാധ്യമായി എന്ന് വ്യക്തമാണ്. നിരവധി പുതിയ രീതികൾ, ഉല്പന്നങ്ങൾ, മെച്ചപ്പെട്ട ഗുണമേന്മയുള്ള സാധനങ്ങൾ എന്നിവ ഇവിടെ വികസിപ്പിച്ചെടുത്തു. ബഹിരാകാശ ഗവേഷണം, ആണവോർജ്ജം എന്നീ മേഖലകളിൽ ത്വരിതഗതിയിലുള്ള വളർച്ച നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കാൻ നമുക്കു സാധ്യമായി. ശാസ്ത്ര സാങ്കേതിക മനുഷ്യശക്തിയുടെ കാര്യത്തിൽ ലോകത്തിലെ മൂന്നാമത്തെ വലിയ രാജ്യമാണിന്ന് ഇന്ത്യ.

ഈ വളർച്ചയനുസരിച്ച് വളരെ വലിയ പോരായ്മകളും വന്നുചേർന്നിട്ടുണ്ട്. ഉദാഹരണമായി ഇരുമ്പുരുക്ക്, തുണി, വ്യവസായ മേഖലകളിൽ ഇന്ത്യ വിദേശ സാങ്കേതിക വിദ്യ ഇറക്കുമതി ചെയ്യുകയാണ്. തുടർച്ചയായി ഇത്തരം സാങ്കേതിക വിദ്യയെ ആശ്രയിക്കുക വഴി നമ്മുടെ ആവശ്യങ്ങൾക്കുതകുന്ന തരത്തിലുള്ള സാങ്കേതിക വിദ്യ ഇവിടെ വികസിപ്പിച്ചെടുക്കാനുള്ള കഴിവ് നഷ്ടപ്പെടുകയും മറ്റു രാജ്യങ്ങളെ അമിതമായി ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. രാജ്യരക്ഷാ മേഖലകളിലും വിദേശ സാങ്കേതിക വിദ്യയെ അമിതമായി നാം ആശ്രയിക്കുന്നു. അത്യാധുനിക ആയുധങ്ങൾ പലപ്പോഴും നാം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ് പതിവ്. ഇതു കൂടാതെ പാവപ്പെട്ടവരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിലും നാം പിന്നോക്കം പോയി. ഉദാഹരണമായി ഗൃഹനിർമ്മാണ മേഖലയിൽ വീടില്ലാത്തവർക്ക് കുറഞ്ഞ ചിലവിൽ ഗൃഹം നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലുള്ള വളർച്ചയുടെ ഗുണഫലങ്ങൾ നാളിതുവരെ ഇന്ത്യയിലെ ജനങ്ങൾക്ക് തുല്യമായി ലഭ്യമായിട്ടില്ല എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

### പാഠഭാഗ ചോദ്യങ്ങൾ 14.3

1. ശാസ്ത്രം എന്നാൽ എന്ത്?

2. സാങ്കേതിക വിദ്യയെ നിർവചിക്കുക.

3. ഇന്ത്യാഗവൺമെന്റ് എപ്പോഴാണ് ശാസ്ത്ര സാങ്കേതിക ഡിപ്പാർട്ട്മെന്റ് സ്ഥാപിച്ചത്?

4. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും സൈനീകേതര ആവശ്യങ്ങൾക്കായി ഗവേഷണം നടത്തുന്ന 2സർക്കാർ സ്ഥാപനങ്ങളുടെ പേരെഴുതുക?

കുറിപ്പുകൾ :

5. ഇന്ത്യയിലെ അഞ്ച് ആണവോർജ്ജ കേന്ദ്രങ്ങളുടെ പേരെഴുതുക?

6. എന്ന്, എവിടെയാണ് ബാബ അറ്റോമിക് ഗവേഷണകേന്ദ്രം സ്ഥാപിച്ചത്?

7. ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ ഉപഗ്രഹം ഏത്?

8. ഇൻസാറ്റ് 1ബിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

9. എങ്ങനെയാണ് പ്രതിരോധ പ്രവർത്തനങ്ങൾ ഗുണപ്രദമാകുന്നത്?

10. എവിടെയാണ് ദക്ഷിണ ഗംഗോത്രി സ്ഥിതിചെയ്യുന്നത്?

11. സമുദ്ര വികസന ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തന മേഖല എന്ത്?

12. ഗംഗാ നദിയിലെ മലിനീകരണം തടയുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനം ഏത്?

13. എണ്ണ പരിവേഷണത്തിനും പ്രകൃതിവാതക ശുദ്ധീകരണത്തിനുമായുള്ള ദേശീയ സ്ഥാപനത്തിന്റെ പേരെന്ത്?

14. വിദേശ സാങ്കേതിക ഇറക്കുമതി ചെയ്യുന്നതിന്റെ പ്രധാന പോരായ്മ എന്ത്?

## നിങ്ങളെന്തുപഠിച്ചു.

* പുരാതന ഇന്ത്യക്കാർ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗണനീയമായ പുരോഗതി കൈവരിച്ചിരുന്നു.

* രസതന്ത്രം, ലോഹക്കൂട്ട്, വൈദ്യം, ഗണിതം, വാനശാസ്ത്രം എന്നീ മേഖലകളിലുള്ള അവരുടെ സംഭാവനകൾ ആധുനിക ശാസ്ത്രജ്ഞന്മാരിൽ വമ്പിച്ച സ്വാധീനം ചെലുത്തി.

* മധ്യകാലഘട്ടത്തിൽ ഇന്ത്യക്കാർ അറേബ്യൻ ശാസ്ത്രജ്ഞാനവുമായി ബന്ധപ്പെടാൻ തുടങ്ങി.

* വെടിമരുന്നുപയോഗം ഇന്ത്യയിൽ ആദ്യമായി കൊണ്ടുവന്നത് തുർക്കികളും മുഗളന്മാരുമാണ്.

* ഉജ്ജയിൻ, വാരണാസി, മധുര, ജയ്പ്പൂർ, ഡൽഹി എന്നിവിടങ്ങളിൽ വാനനിരീക്ഷണ ശാലകൾ സ്ഥാപിച്ചു.

* ആധുനിക ഇന്ത്യയിൽ ഗവൺമെന്റ് ശാസ്ത്ര വികസനത്തിന് ഊന്നൽ നൽകുകയും പഞ്ചവത്സര പദ്ധതിയിലൂടെ അവ നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

* സമാധാന പരമായ ലക്ഷ്യങ്ങൾക്കും ഇന്ന് ആണവോർജ്ജം ഉപയോഗിച്ചുവരുന്നു.

* ബഹിരാകാശ പദ്ധതി ദേശീയ വികസനത്തിനും സ്വാശ്രയത്തിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

## പാദാവസാന അഭ്യാസങ്ങൾ

1. പുരാതന ഇന്ത്യയിലെ ജനങ്ങളുടെ ലോഹസംസ്ക്കരണത്തിനുണ്ടായിരുന്ന വൈദഗ്ധ്യം വിശദീകരിക്കുക?

2. മധ്യകാലഘട്ടത്തിലെ രസതന്ത്രത്തിലുണ്ടായ രണ്ടു കണ്ടുപിടുത്തങ്ങൾ വിവരിക്കുക?

3. ആരോഗ്യമേഖലയിലും വൈദ്യശാസ്ത്രത്തിലും ഇന്ത്യ കൈവരിച്ച പുരോഗതി വിവരിക്കുക?

4. കൃഷിയിലും അനുബന്ധ ഉല്പാദനത്തിലും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രയോഗം എന്തെല്ലാം?

5. ആധുനിക ഇന്ത്യയുടെ ശാസ്ത്ര പുരോഗതിയിൽ സമ്പന്നമായ ശാസ്ത്ര പൈതൃകം എങ്ങനെയാണ് കൈമുതലായത്?

## ഉത്തരങ്ങൾ

**14.1**

1. ശാസ്ത്രത്തിന്റെ വളർച്ച പ്രകൃതിയിലുള്ള നമ്മുടെ ആശ്രയത്വം കുറയ്ക്കുന്നു.

2. അദ്ദേഹം വൈദീക ജ്യോതിശാസ്ത്രത്തിൽ നിന്ന് വ്യതിചലിച്ച് അതിന് പുതിയ ശാസ്ത്രീയ വീക്ഷണം പ്രദാനം ചെയ്തു.

3. അഭസ്തംഭ ബി.സി. രണ്ടാം നൂറ്റാണ്ടിലെ ഒരു ഗണിത ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം 3 ഭുജങ്ങൾ ഉൾപ്പെട്ട പ്രായോഗിക ജ്യാമിതി പരിചയപ്പെടുത്തി.

4. (മ) പ്രതീകങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്ന സമ്പ്രദായം

   (യ) ദശാംശ സമ്പ്രദായം

   (ര) പൂജ്യത്തിന്റെ ഉപയോഗം

5. ചരകസംഹിത

6. 121 ശസ്ത്രക്രിയ ഉപകരണങ്ങൾ

7. ചരകസംഹിതയും, ശുശ്രുത സംഹിതയും

8.760 സസ്യങ്ങൾ

**14.2**

1. ഉൽപ്പന്നങ്ങളുടെ നിർമ്മാണം കൂടാതെ, അവ യുവാക്കൾക്ക്, സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ നൽകുന്നു.

2. ഹംസദേവൻ

3.നസറുദ്ദീൻ

4.ഫൈസി.

5. അക്ബർ

6. ദക്ഷിണേന്ത്യയിൽ അത് താളിയോലകളിലാണ് സൂക്ഷിച്ചിരുന്നത്. കാശ്മീരിൽ സാഹിത്യകൃതികൾ ബോജ പത്രികയിലാണ് സൂക്ഷിച്ചിരുന്നത്.

7.തുസൂക്കി ബാബറി

8. റോസിന്റെ അത്തർ

9. അക്ബറിന്റെ സുഗന്ധ ഓഫീസിന്റെ നിയമങ്ങളെപ്പറ്റി

10. ഡൽഹി, ഉജ്ജയിൻ, വാരണാസി, മധുര, ജയ്പ്പൂർ

11. മഹേന്ദ്രസൂരി, ഫിറോസ് ഷായുടെ കൊട്ടാര ജ്യോതിഷി

12. ഒരു ജ്യോതി ശാസ്ത്ര ഉപകരണം

13. യൂനാനിടിബ്

14. ഇത് മുഖ്യമായും ലോഹക്കൂട്ട് ഉൾപ്പെടെയുള്ള ഒരു കൂട്ടം ധാതുദ്രവ്യ ഔഷധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

15. പുകയില, മുളക്, ഉരുളക്കിഴങ്ങ്, പേരയ്ക്ക, കശുവണ്ടി, പൈനാപ്പിൾ (ഈ മ്യേറ മുഹല)

**14.3**

1. ഭൗതീക ലോകത്തെപ്പറ്റി അറിവുനേടുന്നതിനുള്ള ചിട്ടയായ അന്വേഷണമായി അതിനെ നിർവചിക്കാവുന്നതാണ്.

2. ശാസ്ത്രജ്ഞാനത്തെ ഉല്പാദനതലത്തിലെത്തിക്കുന്ന പ്രവർത്തനം

3.1971

4.സി.എസ്.ഐ.ആർ. ശാസ്ത്ര വ്യവസായ ഗവേഷണത്തിനായുള്ള കൗൺസിൽ(കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻസ്ട്രിയൽ റിസർച്ച്)

ഡി.ആർ.ഡി.ഒ.- ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ആന്റ് ഓർഗനൈസേഷൻ

5. താരാപ്പൂർ(മഹാരാഷ്ട്ര),കോട്ട(രാജസ്ഥാൻ), കൽപ്പാക്കം(തമിഴ്നാട്), നരോര(ഉത്തർ പ്രദേശ്), കക്രപൂർ(ഗുജറാത്ത്)

6.1971ൽ ട്രോംബെയിൽ

7. ആര്യഭട്ട

8. റേഡിയോ, ടെലിവിഷൻ, വാർത്താവിനിമയം, കാലാവസ്ഥ നിരീക്ഷണം.

9. ശിശുമരണ നിരക്കു കുറയ്ക്കുന്നു.

10. അന്റാർട്ടിക്കയിൽ

11. ഭൗതീകശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, സമുദ്രവികസനം, കാലാവസ്ഥ നിരീക്ഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു.

12. സെൻട്രൽ ഗംഗ അതോറിറ്റി.

13. ഓയിൽ ആന്റ് നാച്ച്യുറൽ ഗ്യാസ് അതോറിറ്റി

14. പുതിയ സാങ്കേതിക വിദ്യ സൃഷ്ടിക്കാനുള്ള നമ്മുടെ കഴിവിന്റെ അഭാവത്തെയാണ് അതു കാണിക്കുന്നത്.

കുറിപ്പുകൾ :

# 15

# പുരാതന ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ

മുൻ അദ്ധ്യായത്തിൽ, ശാസ്ത്രവും സാങ്കേതിക വിദ്യയും തമ്മിലുള്ള ബന്ധത്തെപ്പറ്റി നിങ്ങൾ വായിക്കുകയുണ്ടായി. ഈ പാഠത്തിൽ ഗണിതശാസ്ത്രം, വൈദ്യ ശാസ്ത്രം, ആയുർവേദം, യോഗ, ജ്യോതിശാസ്ത്രം, ജോതിഷം മുതലായ മേഖലകളിൽ പുരാതന ഇന്ത്യക്കാരുടെ സംഭാവനകളെപ്പറ്റി നിങ്ങൾക്ക് വായിക്കാം. അനേകം വർഷങ്ങൾക്കു മുൻപ് പുരാതന ഇന്ത്യയിൽ ധാരാളം ശാസ്ത്രജ്ഞാനം രൂപപ്പെട്ടു എന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

1. ഗണിതം, ശാസ്ത്രം എന്നീ മേഖലകളിൽ ലോകത്തിന് ഇന്ത്യ നല്കിയിട്ടുള്ള സംഭാവനകളുടെ പേരുവിവരപട്ടിക തയ്യാറാക്കാം.

2. അറിവിന്റെ മേഖലയിൽ പുരാതന ഇന്ത്യൻ ശാസ്ത്രജ്ഞരായ ബൗധയാൻ, ആര്യഭടൻ, ബ്രഹ്മഗുപ്തൻ, ഭാസ്ക്കരാചാര്യൻ, കനദ്, വരാഹമിഹിരൻ, നാഗാർജ്ജുനൻ, ശുശ്രുതൻ, ചരകൻ, പതഞ്ജലി തുടങ്ങിയവരുടെ സംഭാവനകൾ ചർച്ചചെയ്യാം.

## 15.1 ഗണിതവും ജ്യോതിശാസ്ത്രവും

പുരാതനകാലത്ത് ഇന്ത്യയിൽ ശാസ്ത്രവും ഗണിതവും വളരെയധികം വികാസം പ്രാപിച്ചിരുന്നു. പുരാതന ഇന്ത്യക്കാർ ഗണിതത്തിലും മറ്റുശാസ്ത്രശാഖകളിലും ബൃഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഈ ഭാഗത്ത് ഗണിതശാസ്ത്രവളർച്ചയെപ്പറ്റിയും ഈ മേഖലയിലെ പണ്ഡിതന്മാരെപ്പറ്റിയും നിങ്ങൾ വായിക്കും. ആധുനിക ഗണിത ശാസ്ത്രത്തിന്റെ പല സിദ്ധാന്തങ്ങളും വാസ്തവത്തിൽ പുരാതന ഇന്ത്യക്കാർക്ക് അറിയാമായിരുന്നുവെന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. പുരാതന ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ ആധുനിക പാശ്ചാത്യ സമശീർഷരെപ്പോലെ തങ്ങളുടെ നേട്ടങ്ങൾ രേഖപ്പെടുത്താതിരുന്നതിനാൽ അവരുടെ സംഭാവനകൾക്ക് അർഹമായ സ്ഥാനം ലഭിക്കാതെ പോയി. സർവ്വോപരി വളരെക്കാലം ലോകത്തിന്റെ നല്ലൊരുഭാഗം ഭരിച്ചിരുന്നത് പാശ്ചാത്യരായിരുന്നതിനാൽ വിജ്ഞാനം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും മേധാവിത്വം പുലർത്തുകയും ചെയ്തു. ഗണിതശാസ്ത്രത്തിൽ പുരാതന ഇന്ത്യാക്കാരുടെ ഏതാനും ചില സംഭാവനകളിലേക്ക് നമുക്ക് കണ്ണോടിക്കാം.

കുറിപ്പുകൾ :

### 15.1.1 ബൗധയാൻ

ബൗധയാനാണ് ആദ്യമായി ഗണിതശാസ്ത്രത്തിലെ സങ്കൽപ്പങ്ങൾ കണ്ടെത്തിയത്. അത് പാശ്ചാത്യർ പിൽക്കാലത്ത് പുനർ കണ്ടെത്തുകയായിരുന്നു. പൈ വില ആദ്യമായി കണക്കാക്കിയത് അദ്ദേഹമാണ്. നിങ്ങൾക്കറിയാവുന്നതുപോലെ ഒരു വൃത്തത്തിന്റെ വിസ്തീർണ്ണവും വൃത്ത പരിധിയും കണക്കാക്കാൻ പൈ പ്രയോജനപ്പെടുന്നു. ഇന്ന് അറിയപ്പെടുന്ന പൈതഗോറസ് സിദ്ധാന്തം , പൈതഗോറസിനും വർഷങ്ങൾക്കു മുമ്പ് രചിച്ച ബൗധയാന്റെ സൽവസൂത്രത്തിലുണ്ട്.

### 15.1.2 ആര്യഭടൻ

ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആര്യഭടൻ ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൗതീകശാസ്ത്രം, ജ്യോതിഷം എന്നീ മേഖലകളിൽ അഗ്രഗണ്യനായിരുന്നു.ഗണിതശാസ്ത്രത്തിന്റെ മാർഗ്ഗദർശ്ശിയായിരുന്നു.


ഇരുപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ആര്യഭട്ടീയം രചിച്ചു. അത് അക്കാലത്തെ ഗണിത ശാസ്ത്രത്തിന്റെ രത്നച്ചുരുക്കമായിരുന്നു. ഈ മഹത്ത് ഗ്രന്ഥത്തിന് നാലു ഭാഗങ്ങളുണ്ട്.

ആദ്യ ഭാഗത്ത് അക്ഷരം കൊണ്ട് വലിയ ദശാംശസംഖ്യകളെ സൂചിപ്പിക്കുന്ന രീതി വിവരിക്കുന്നു. രണ്ടാം ഭാഗത്ത് ആധുനിക ഗണിതശാസ്ത്രത്തിലെ ദുഷ്കരമായ ഭാഗങ്ങളായ സംഖ്യാസിദ്ധാന്തം, ജ്യാമിതി, ത്രികോണാമിതി, ബീജഗണിതം, എന്നിവയെപ്പറ്റി, പ്രതിപാദിക്കുന്നു.

പൂജ്യം ഒരു അക്കമല്ലെന്നും, ഒരു പ്രതീകവും ആശയവും സങ്കല്പവും മാത്രമാണന്ന് കാണിച്ചുതന്നത് ആര്യഭടനാണ്. പൂജ്യത്തിന്റെ കണ്ടുപിടുത്തം ഭൂമിയും ചന്ദ്രനും തമ്മിലുള്ള കൃത്യമായ ദൂരം കണ്ടെത്തുന്നതിന് ആര്യഭടനെ സഹായിച്ചു. പൂജ്യത്തിന്റെ കണ്ടുപിടുത്തത്തിലൂടെ ന്യൂനസംഖ്യകളുടെ പുതിയമാനം തുറക്കപ്പെട്ടു.

നമ്മൾ കണ്ടതുപോലെ ആര്യഭട്ടീയത്തിന്റെ അവസാനഭാഗങ്ങൾ ജ്യോതിശാസ്ത്രത്തെപ്പററിയാണ് പ്രതിപാതിക്കുന്നത്. ശാസ്ത്രത്തിന്റെ മേഖലയിൽ വിശിഷ്യാ, ജ്യോതിശാസ്ത്രത്തിൽ ആര്യഭടന്റെ സംഭാവനകൾ വളരെ വലുതാണ്.

പുരാതന ഇന്ത്യയിൽ ജ്യോതിശാസ്ത്രം മഹത്തായ പുരോഗതി പ്രാപിച്ചിരുന്നു. കഗോൽശാസ്ത്രം എന്നാണ് അത് അറിയപ്പെട്ടിരുന്നത്. കഗോൽ നളന്ദയിലെ പ്രസദ്ധമായ വാനനിരീക്ഷണകേന്ദ്രമായിരുന്നു. ആര്യഭടൻ പഠിച്ചത് അവിടെയായിരുന്നു. ജ്യോതിശാസ്ത്രത്തിന്റെ പിന്നിലെ ലക്ഷ്യം കൃത്യമായ കലണ്ടറിന്റെ ആവശ്യകത, കാലാവസ്ഥാപഠനം, ശരിയായ സമയത്ത് വിത്ത് വിതക്കുന്നതിനുവേണ്ടി മഴയുടെ വരവിനെക്കുറിച്ചുള്ള വ്യക്തമായ ധാരണ, ഋതുക്കളുടെ സമയവും ഉത്സവസമയം നിശ്ചയിക്കുന്നതിനും നാവികാവശ്യത്തിനും, ജാതകം നിശ്ചയിക്കുന്നതിനും മററുമായിരുന്നു. ജ്യോതിശാസ്ത്രപരമായ അറിവ് പ്രത്യേകിച്ച് വേലിയേററം, വേലിയിറക്കം, നക്ഷത്രങ്ങൾ, എന്നിവയെക്കുറിച്ചുള്ള അറിവ് രാത്രികാലങ്ങളിൽ കടലിലൂടെയും മരുഭൂമിയിലൂടെയും യാത്രചെയ്യുന്ന വ്യാപാരികൾക്ക് ആവശ്യമായിരുന്നു. രാത്രികാലങ്ങളിൽ കടലിലൂടെയും, മരുഭൂമിയിലൂടെയും യാത്രാവശ്യങ്ങൾക്ക് നിലവിലിരുന്ന ധാരണയനുസരിച്ച് നമ്മുടെ ഭൂമി അചല അല്ലെങ്കിൽ ചലിക്കുന്നില്ല, എന്നാൽ ആര്യഭടന്റെ സിദ്ധാന്തമനുസരിച്ച് ഭൂമി ഉരുണ്ടതും, അച്ചുതണ്ടിൽ



കുറിപ്പുകൾ :

കറങ്ങുന്നതുമാണ്. സൂര്യൻ കിഴക്കുനിന്നു പടിഞ്ഞാറേയ്ക്കു സഞ്ചരിക്കുന്നുവെന്നത് തെറ്റാണെന്ന് അദ്ദേഹം വിശദീകരിച്ചു. അത്തരത്തിലുള്ള ഒരുദാഹരണമാണ്; ഒരു മനുഷ്യൻ ബോട്ടിലൂടെ യാത്ര ചെയ്യുമ്പോൾ, തീരത്തുള്ള വൃക്ഷങ്ങൾ എതിർദിശയിൽ ചലിക്കുന്നതായി കാണപ്പെടുന്നു. അദ്ദേഹം ശരിയായി പ്രസ്താവിച്ചു. ചന്ദ്രനും, ഗ്രഹങ്ങളും സൂര്യന്റെ പ്രകാശത്തിന്റെ പ്രതിഫലനം മൂലമാണ് ശോഭിക്കുന്നത്. സൂര്യചന്ദ്ര ഗ്രഹണങ്ങൾക്ക് ശാസ്ത്രീയമായ വിശദീകരണം നല്കുക രാഹുവിന്റെയോ കേതുവിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും രാക്ഷസന്മാരുടെയോ മൂലമല്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു. എന്തുകൊണ്ടാണ് നമ്മുടെ ആദ്യത്തെ ഉപഗ്രഹത്തിന് ആര്യഭട്ടന്റെ പേരുനൽകിയതെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായിക്കാണുമല്ലോ.

### 15.1.3 ബ്രഹ്മഗുപ്തൻ

7-ാം നൂറ്റാണ്ടിൽ, ബ്രഹ്മഗുപ്തൻ ഗണിതത്തെ വളരെ ഉയരത്തിൽ എത്തിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഗണിതരീതിയിൽ ഇന്നുപയോഗിക്കുന്നതുപോലെ, സ്ഥാനവില ഉപയോഗിച്ചിരുന്നു. അദ്ദേഹം ഗണിത ശാസ്ത്രത്തിൽ ന്യൂന സംഖ്യകൾക്കും പൂജ്യത്തിന്റെ പ്രവർത്തനങ്ങൾക്കും തുടക്കമിട്ടു. അദ്ദേഹം രചിച്ച ബ്രംസ്പുദ സിദ്ധാന്തികയിലൂടെ അറബികൾ നമ്മുടെ ഗണിത ശാസ്ത്രത്തെ കുറിച്ച് അറിയാനിടയായി.

### 15.1.4 ഭാസ്ക്കരാചാര്യൻ

ഭാസ്ക്കരാചാര്യൻ 12-ാം നൂറ്റാണ്ടിൽ ഒരു പ്രകാശ ഗോപുരമായിരുന്നു. അദ്ദേഹം കർണ്ണാടകയിലെ ബീജാപ്പൂരിലാണ് ജനിച്ചത്. അദ്ദേഹം സിദ്ധാന്ത ശിരോമണി എന്ന പുസ്തകത്തിലൂടെ പ്രസിദ്ധനാണ്. ഇതിന് 4 ഭാഗങ്ങളുണ്ട്. ലീലാവതി(ഗണിതം), ബീജഗണിതം(ആൾജിബ്ര), ഗോളദ്ധ്യായം(സ്ഫിയർ), ഗ്രഹഗണിതം(മാത്ത മാറ്റിക്സ് ഓഫ് പ്ലാനറ്റ്സ്) ബീജഗണിത സമവാക്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് ചക്രവത് രീതിയാണ് അവലംബിച്ചത്. ഈ രീതി ആറു നൂറ്റാണ്ടുകൾക്കുശേഷം യൂറോപ്യൻ ഗണിത ശാസ്ത്രജ്ഞർ പുനർ കണ്ടെത്തൽ നടത്തുകയും Inverse Cycle എന്നുവിളിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷുകാരനായ ജയിംസ് ടെയ്ലർ, ലീലാവതി മൊഴിമാറ്റം നടത്തുകയും അങ്ങനെ ഈ മഹദ് ഗ്രന്ഥത്തെക്കുറിച്ച് ലോകമറിയുകയും ചെയ്തു.

### 15.1.5 മഹാവീരാചാര്യ

ഗണിതശാസ്ത്രത്തെപ്പറ്റിയുള്ള വിശദമായ വിവരണം ജൈനകൃതികളിലുണ്ട് (1000ബി.സി.-500ബി.സി.). ജൈന ഗുരുക്കന്മാർക്ക് ചതുരമായ സമവാക്യങ്ങളെ എങ്ങനെ പരിഹരിക്കണമെന്ന് അറിയാമായിരുന്നു. ഭിന്നങ്ങൾ, ബീജഗണിത സമവാക്യങ്ങൾ, ശ്രേണി ഗണ സിദ്ധാന്തം, ലോഗരിതം എന്നിവയെല്ലാം വളരെ രസകരമായി അവർ വിശദീകരിച്ചു. ജൈനഗുരുവായ മഹാവീരാചാര്യ 850 എ.ഡി. യിൽ രചിച്ച ഗണിത സാര സംഗ്രഹം ഗണിതശാസ്ത്രത്തിലെ ഇന്നത്തെ രൂപത്തിലുള്ള ആദ്യപാഠ പുസ്തകമാണ്. തന്നിരിക്കുന്ന സംഖ്യകളുടെ സാമാന്യലഘു ഗുണിതങ്ങൾ പരിഹരിക്കുന്നതിന് ഇന്നുപയോഗിക്കുന്ന രീതിയും അദ്ദേഹം വിശദീകരിക്കുന്നു. അങ്ങനെ, ജോൺ നേപ്പിയറിനു വളരെ മുമ്പുതന്നെ ഇന്ത്യക്കാർ ഇതു ലോകത്തിനു പരിചയപ്പെടുത്തിയിരുന്നു.

കുറിപ്പുകൾ :

## പാഠഭാഗ ചോദ്യങ്ങൾ 15.1

1. ഗണിതശാസ്ത്രമേഖലയിൽ ബൗധയാന്റെ രണ്ടു സംഭാവനകൾ സൂചിപ്പിക്കുക?

2. പൂജ്യം കണ്ടുപിടിച്ചത് ആരാണ്?

3. ബ്രംസ്പുത സിദ്ധാന്തികയുടെ പ്രാധാന്യം എന്ത്?

4. ചേരുംപടി ചേർക്കുക

| | കൃതിയുടെ പേര് | – | ഗ്രന്ഥ കർത്താവിന്റെ പേര് |
|---|---|---|---|
| 1. | സൽവ സൂത്രം | – | 1. ആര്യഭടൻ |
| 2. | ആര്യഭട്ടീയ | – | 2. മഹാവീരാചാര്യ |
| 3. | ബ്രംസ്പുത സിദ്ധാന്തിക | – | 3. ബൗധയാൻ |
| 4. | സിദ്ധാന്ത ശിരോമണി | – | 4. ബ്രഹ്മഗുപ്തൻ |
| 5. | ഗണിതസാര സംഗ്രഹം | – | 5. ഭാസ്കരാചാര്യൻ |

## 15.2 ശാസ്ത്രം

ഗണിതശാസ്ത്രത്തിലെ പോലെ, പുരാതന ഇന്ത്യ ശാസ്ത്രജ്ഞാനത്തിനും സംഭാവന നൽകിയിട്ടുണ്ട്. നമുക്കിപ്പോൾ പൗരാണിക ഭാരതത്തിലെ ഏതാനും ശാസ്ത്രജ്ഞന്മാരുടെ സംഭാവനകളെപ്പറ്റി പഠിക്കാം.

### 15.2.1 കനദ

ൗരാണികഭാരതത്തിലെ 6 ദർശനങ്ങളിലൊന്നായ വൈശേഷിക ദർശനത്തിലെ ആറാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞനായിരുന്നു കനദ. അദ്ദേഹത്തന്റെ യഥാർത്ഥപേര് ഔലൂക്യായെന്നായിരുന്നു. ശിശുവായിരിക്കുമ്പോൾ തന്നെ ഓരോസൂക്ഷ്മാണുക്കളിലും അഥവാ കണങ്ങളിലും വലിയ താത്പര്യമായിരുന്ന തിനാലാണ് കനദ എന്ന് പേരുവന്നത്. അദ്ദേഹത്തിന്റെ അണുസിദ്ധാന്തം ആധുനിക സിദ്ധാന്തവുമായി ഒപ്പം നിൽക്കുന്നതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൗതിക പ്രപഞ്ചം നിർമ്മിച്ചിരിക്കുന്നത് കനസ് അല്ലെങ്കിൽ ആറ്റം കൊണ്ടാണ്. ആറ്റം മനുഷ്യേന്ദ്രിയങ്ങൾ കൊണ്ട് കാണാൻ കഴിയുന്നതല്ല. ആറ്റത്തെ വിഭജിക്കാൻ പറ്റില്ല. അതിനാൽ അത് അവിഭാജ്യവും, നശിപ്പിക്കാൻ പറ്റാത്തതുമാണ്. ഇത്, തീർച്ചയായും, നിങ്ങൾക്കറിയാവുന്നതു പോലെ, ആധുനിക അണുസിദ്ധാന്തം പറയുന്നതു തന്നെയാണ്.

### 15.2.2 വരാഹമിഹിരൻ

പുരാതന ഇന്ത്യയിലെ മറ്റൊരു പ്രമുഖ ശാസ്ത്രജ്ഞനാണ് വരാഹമിഹിരൻ. അദ്ദേഹം ഗുപ്തകാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. ഭൂഗർഭശാസ്ത്രം,

*കുറിപ്പുകൾ :*

പരിസ്ഥിതി പഠനം, ജലപഠനം തുടങ്ങിയ മേഖലകളിൽ വലിയ സംഭാവനകളാണ് അദ്ദേഹം നൽകിയിട്ടുള്ളത്. സസ്യങ്ങളും, ചിതലും ഭൂഗർഭജലത്തിന്റെ സൂചകങ്ങളാണെന്ന് അവകാശപ്പെട്ട ആദ്യത്തെ ശാസ്ത്രജ്ഞൻ അദ്ദേഹമാണ്. ഭൂഗർഭജലസാന്നിദ്ധ്യത്തിന്റെ സൂചകങ്ങളായ ആറു മൃഗങ്ങളുടെയും 30 ചെടികളുടെ ഒരു പേരു വിവര പട്ടിക തന്നെ അദ്ദേഹം നൽകുന്നുണ്ട്. ചിതലിനെ കുറിച്ച് വളരെ പ്രധാനപ്പെട്ട വിവരണമാണ് അദ്ദേഹം നൽകുന്നത്. അതായത് ഭൂമിക്കടിയിൽ ജലനിരപ്പുവരെ പോയി ജലം ശേഖരിച്ചുകൊണ്ടുവന്നാണ് അവ താമസിക്കുന്ന ചിതൽപ്പുറ്റിന്റെ നനവ് നിലനിർത്തുന്നത്. ശാസ്ത്രലോകത്തെ ആകർഷിക്കുന്ന മറ്റൊരു സിദ്ധാന്തം അദ്ദേഹത്തിന്റെ ബൃഹത്സംഹിതയിൽ പറഞ്ഞിരുന്ന ഭൂകമ്പ കാർമേഘ സിദ്ധാന്തമാണ്. ഈ സംഹിതയുടെ മുപ്പത്തിരണ്ടാം അദ്ധ്യായത്തിൽ ഭൂകമ്പത്തിന്റെ അടയാളങ്ങൾക്കുവേണ്ടി മാറ്റിവെച്ചിരിക്കുന്നു. അദ്ദേഹം ഭൂകമ്പത്തെ ഗ്രഹങ്ങളെയും, സമുദ്രാന്തർഭാഗത്തെ പ്രവർത്തനങ്ങൾ, ഭൂഗർഭ ജലം, അസാധാരണ കാർമേഘങ്ങൾ, മൃഗങ്ങളുടെ അസാധാരണ പെരുമാറ്റം എന്നിവയുമായി ബന്ധപ്പെടുത്താനാണ് ശ്രമിക്കുന്നത്. വരാഹമിഹിരന്റെ മഹത്തായ സംഭാവനകളുടെ മറ്റൊരു മേഖല ജ്യോതിഷമാണ്. ജ്യോതിഷത്തിന് പൗരാണിക ഭാരതത്തിൽ വലിയ പ്രാധാന്യമാണ് നല്കിയിരുന്നത്. ഇന്നും ആ പതിവ് തുടരുന്നു. ജ്യോതിഷം , (അർത്ഥം വെളിച്ചം) വേദങ്ങളോടൊപ്പം ഉത്ഭവിച്ചതാണ്. അത്, ചിട്ടയായും ശാസ്ത്രീയമായും അവതരിപ്പിച്ചത് ആര്യഭടനും വരാഹമിഹിരനുമാണെന്ന് നിങ്ങൾ നേരത്തെ കണ്ടുകഴിഞ്ഞു, ആര്യഭടൻ തന്റെ കൃതിയുടെ നാലുഭാഗങ്ങളിൽ രണ്ടുഭാഗവും ജ്യോതിഷത്തിനുവേണ്ടിയാണ് നീക്കിവെച്ചിരിക്കുന്നത്, ജ്യോത്സ്യത്തിന്റെ അടിസ്ഥാനവുമതാണ്. ജ്യോത്സ്യമെന്നത് ഭാവി പ്രവചിക്കുന്ന ശാസ്ത്രമാണ്. വിക്രമാദിത്യന്റെ കൊട്ടാരത്തിലെ ഒൻപതു രത്നങ്ങളിൽ(പണ്ഡിതന്മാർ) ഒരാളായിരുന്നു വരാഹമിഹിരൻ. വരാഹമിഹിരന്റെ പ്രവചനങ്ങൾ വളരെ കൃത്യമായിരുന്നതുകൊണ്ട് വിക്രമാദിത്യരാജാവ് വരാഹൻ എന്ന സ്ഥാനപ്പേരുകൊടുത്തു.

### 15.2.3 നാഗാർജ്ജുനൻ

നാഗാർജ്ജുനൻ പത്താം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ പരീക്ഷണങ്ങളുടെ മുഖ്യലക്ഷ്യം പാശ്ചാത്യലോകത്തെ രസ തന്ത്രജ്ഞരെപ്പോലെ അടിസ്ഥാന സ്വർണ്ണമാക്കി മാറ്റുകയെന്നതായിരുന്നു. അതിൽ അദ്ദേഹത്തിനു വിജയിക്കാൻ കഴിഞ്ഞില്ലെങ്കിലും മൂലകത്തെ സ്വർണ്ണം പോലെ തിളക്കമുള്ളതാക്കുന്നതിൽ വിജയിച്ചു. ഇന്നും ഈ സാങ്കേതിക വിദ്യ ഇമിറ്റേഷൻ (അനുകരണ) ആഭരണ നിർമ്മാണത്തിനു പ്രയോജനപ്പെടുത്തുന്നു. അദ്ദേഹ ത്തിന്റെ ആധികാരിക ഗ്രന്ഥമായ രസരത്നാകരത്തിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, തുടങ്ങിയ ലോഹങ്ങൾ ശുദ്ധിചെയ്തെടുക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.

**പാഠഭാഗചോദ്യങ്ങൾ 15.2**

1. കനദ ആരായിരുന്നു? എങ്ങനെയാണ് അദ്ദേഹത്തിന് ആ പേരു ലഭിച്ചത്?
2. ബ്രഹത്ത്സംഹിത എഴുതിയതാര്?
3. നാഗാർജ്ജുനൻ ജീവിതത്തിൽ നേടുവാൻ ശ്രമിച്ചതെന്തായിരുന്നു?



കുറിപ്പുകൾ :

4. നാഗാർജ്ജുനന്റെ പ്രാമാണിക ഗ്രന്ഥമായ രസരത്നാകരത്തിന്റെ പ്രതിപാദ്യ വിഷയം എന്ത്?

## 15.3 വൈദ്യസാസ്ത്രം പുരാതന ഭാരതത്തിൽ (ആയുർവ്വേദവും യോഗയും)

നിങ്ങൾ വായിച്ചതുപോലെ ശാസ്ത്രീയമായ അറിവിൽ പുരാതന ഇന്ത്യ വളരെ മുന്നിലായിരുന്നു. വൈദ്യശാസ്ത്രവും കാലത്തികവിൽ വളരെ പുരോഗമിച്ചു. പൗരാണിക ഇന്ത്യയിൽ വികാസം പ്രാപിച്ച തദ്ദേശീയ വൈദ്യശാസ്ത്രമാണ് ആയുർവ്വേദം. ആയുർവ്വേദം എന്നവാക്കിന്റെ അർത്ഥം നല്ല ആരോഗ്യത്തിന്റെ ശാസ്ത്രമെന്നും ആയുസ്സിന്റെ ദൈർഘ്യം എന്നുമാണ്. പുരാതന ഇന്ത്യയിലെ ഈ വൈദ്യശാസ്ത്രം രോഗങ്ങളുടെ ചികിത്സയ്ക്കുമാത്രമല്ല, രോഗകാരണങ്ങളും ലക്ഷണങ്ങളും കണ്ടുപിടിക്കാൻ സഹായകമാണ്. ആരോഗ്യവാന്മാർക്കും, രോഗികൾക്കും ഒരുപോലെ ഇതൊരുവഴികാട്ടിയാണ്. ഇതനുസരിച്ച് ആരോഗ്യമെന്നാൽ തൃദോഷങ്ങളുടെ സന്തുലിതാവസ്ഥയും, രോഗമെന്നാൽ തൃദോഷങ്ങളുടെ ഉപദ്രവവുമാണ്. ഒരു രോഗത്തെ ഔഷധ സസ്യങ്ങളുടെ സഹായത്താൽ ചികിത്സിക്കുമ്പോൾ, രോഗകാരണത്തെ വേരോടെ പിഴുതുമാറ്റുകയെന്ന രീതിയാണ് ആയുർവേദം അവലംബിക്കുന്നത്. ആയുർവേദത്തിന്റെ മുഖ്യലക്ഷ്യം ആയുസ്സും ആരോഗ്യവുമാണ്. ഈ ഗോളത്തിലെ ഏറ്റവും പഴക്കം ചെന്ന ചികിത്സാരീതിയാണിത്. ആയുർവേദത്തിന്റെ പ്രാമാണിക ഗ്രന്ഥമായ അത്രേയ സംഹിത ലോകത്തിലെ ഏറ്റവും പഴയ വൈദ്യശാസ്ത്ര ഗ്രന്ഥമാണ്. ആയുർവേദത്തിന്റെ പിതാവായി ചരകനെയും, ശസ്ത്രക്രിയയുടെ പിതാവായി ശുശ്രുതനെയും കണക്കാക്കുന്നു. ശുശ്രുതൻ, ചരകൻ, മാധവൻ, വാഗ്ഭടൻ, ജീവകൻ എന്നിവർ അറിയപ്പെടുന്ന വൈദ്യന്മാരായിരുന്നു. വൈകിയാണെങ്കിലും ആയുർവേദം പാശ്ചാത്യലോകത്ത് വളരെ പ്രചാരം നേടിയെന്ന കാര്യം നിങ്ങൾക്കറിയാമോ? പാശ്ചാത്യലോകത്ത് ഉത്ഭവിച്ച അലോപ്പതിയെന്നറിയപ്പെടുന്ന ആധുനിക ചികിത്സാരീതിയേക്കാൾ പ്രയോജനപ്രദമായതിനാലാണിത്.

### 15.3.1 ശുശ്രുതൻ

ശസ്ത്രക്രിയയുടെ അഗ്രഗാമി ശുശ്രുതനാണ്. ചികിത്സാകലയിലെ ഏറ്റവും ഉന്നതമായ വിഭാഗവും തെറ്റുപറ്റാൻ ന്യായമില്ലാത്തതുമായ ഒരു വിഭാഗമാണ് ശസ്ത്രക്രിയയെന്ന് അദ്ദേഹം വിശ്വസിക്കുന്നു. മനുഷ്യന്റെ ശരീരശാസ്ത്രം ഒരു മൃതശരീരത്തിന്റെ സഹായത്തോടുകൂടി അദ്ദേഹം പഠിച്ചു. ശുശ്രുത സംഹിതയിൽ 26 ഇനം പനികൾ, എട്ടുതരം മഞ്ഞപ്പിത്തങ്ങൾ, ഇരുപതു ഇന മൂത്രാശയ രോഗങ്ങൾ ഉൾപ്പെടെ 1100 രോഗങ്ങളെപ്പറ്റി പറയുന്നുണ്ട്. 760നു മേലെ സസ്യങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്. വേര്, നീര്, പൂവ്, കായ് ഉൾപ്പെടെ സസ്യത്തിന്റെ എല്ലാഭാഗങ്ങളും ഉപയോഗിച്ചിരുന്നു. കറുവ, എള്ള്, കുരുമുളക്, ഏലം, ഇഞ്ചി തുടങ്ങിയവ ഗൃഹ ചികിത്സയ്ക്ക് ഇന്നും ഉപയോഗിക്കുന്നു.

ശുശ്രുത സംഹിതയിൽ, വിശദമായ പഠനത്തിനുവേണ്ടി ശവശരീരങ്ങൾ തെരഞ്ഞെടുക്കുന്നതും സൂക്ഷിക്കുന്നതും വിശദീകരിക്കുന്നുണ്ട്. ഒരു പ്രായമായ മനുഷ്യന്റെയും മാരകരോഗം ബാധിച്ച് മരിച്ചയാളുടെയും ശവശരീരം പഠനത്തിന് പരിഗണിക്കില്ല. ശവശരീരം നല്ലവണ്ണം വൃത്തിയാക്കി മരത്തൊലിയിൽ സൂക്ഷിക്കണം. അതിനുശേഷം ഒരു കൂട്ടിലാക്കി ശ്രദ്ധാപൂർവ്വം ഒരു നദിയിൽ ഒളിപ്പിച്ചുവയ്ക്കണം. നദീജലപ്രവാഹം അതിനെ മൃദുവാക്കുന്നു. ഏഴു ദിവസത്തിനുശേഷം നദിയിൽനിന്നു പുറത്തെടുക്കണം. എന്നിട്ട് സസ്യങ്ങളുടെ

വേര്, മുടി, മുള ഇവ കൊണ്ടുണ്ടാക്കിയ ബ്രഷ്കൊണ്ട് വൃത്തിയാക്കണം. ഇങ്ങനെ ചെയ്തുകഴിയുമ്പോൾ ശരീരത്തിന്റെ ബാഹ്യ ആന്തരിക ഭാഗങ്ങൾ വ്യക്തമായി കാണാൻ കഴിയും.

ശുശ്രുതന്റെ ഏറ്റവും വലിയ സംഭാവന പ്ലാസ്റ്റിക് സർജറി, നേത്രശസ്ത്രക്രിയ(തിമിരം നീക്കംചെയ്യൽ) മേഖലയിലാണ്. അക്കാലത്ത് ചെവി മുറിക്കലും, മൂക്കു മുറിക്കലും സാധാരണ ശിക്ഷയായിരുന്നു. ഇത് പൂർവ്വസ്ഥിതിയിലാക്കലും യുദ്ധത്തിൽ നഷ്ടപ്പെട്ട ചുണ്ടും പൂർവ്വസ്ഥിതിയിലാക്കുന്നതും വലിയ അനുഗ്രഹമായിരുന്നു. ശുശ്രുത സംഹിതയിൽ ഇത്തരം ശസ്ത്രക്രിയകളുടെ കൃതൃതയോടുകൂടി പടിപടിയായുള്ള വിവരണം നല്കുന്നുണ്ട്. ആശ്ചര്യമെന്നു പറയാം, ശുശ്രുതൻ പിന്തുടരുന്ന അതെ പാതയുടെ സമാനമായ രീതിയാണ് പ്ലാസ്റ്റിക് സർജറിയിൽ ആധുനിക ശസ്ത്രക്രിയാ വിദഗ്ദ്ധൻമാർ അവലംബിക്കുന്നത്. ഗർഭപാത്രത്തിൽ നിന്ന് ഭ്രൂണം പുറത്തെടുക്കൽ, മലാശയത്തിന്റെ കേടുപാടുമാറ്റൽ, മൂത്രാശയക്കല്ല് നീക്കം ചെയ്യൽ തുടങ്ങിയ വളരെ സങ്കീർണ്ണമായ ശസ്ത്രക്രിയകളും നടത്തിയിരുന്നു. ഇതെല്ലാം രസാവഹവും ആശ്ചര്യകരവുമായി തോന്നുന്നില്ലേ?

### 15.3.2 ചരകൻ

പുരാതന ഭാരതത്തിലെ വൈദ്യശാസ്ത്രത്തിന്റെ പിതാവായിട്ടാണ് ചരകനെ കണക്കാക്കുന്നത്. അദ്ദേഹം കനിഷ്ക്കന്റെ കൊട്ടാരവൈദ്യനായിരുന്നു. അദ്ദേഹത്തിന്റെ ചരകസംഹിത വൈദ്യശാസ്ത്രത്തിലെ ഒരു സവിശേഷ ഗ്രന്ഥമാണ്. അസംഖ്യം രോഗങ്ങളുടെയും അതിന്റെ കാരണവും, ചികിത്സയും കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങളെയും പറ്റി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ആരോഗ്യത്തിലും, വൈദ്യശാസ്ത്രത്തിലും ദഹനം, പോഷണോപചയാപചയം, പ്രതിരോധം എന്നിവയ്ക്കുള്ള പ്രാധാന്യത്തെപ്പറ്റി ആദ്യമായി സംസാരിച്ചത് അദ്ദേഹമാണ്. ചരക സംഹിത രോഗചികിത്സയേക്കാൾ രോഗകാരണം നീക്കം ചെയ്യുന്നതിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. ചരകൻ ജീനുകളുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും മനസ്സിലാക്കിയിരുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് വൈദ്യശാസ്ത്രം ഇന്ത്യയിൽ ഇത്രയും വികസിച്ചിരുന്നുവെന്നത് വിസ്മയകരമായി തോന്നുന്നില്ലേ?

### 15.3.3 യോഗയും പതഞ്ജലിയും

ആയുർവേദത്തിന്റെ ഒരു അനുബന്ധ ശാസ്ത്രമായിട്ടാണ് ഇന്ത്യയിൽ യോഗയെന്ന ശാസ്ത്രം വികസിച്ചത്. ശാരീരികവും മാനസികവുമായ തലത്തിൽ ഔഷധം കൂടാതെയുള്ള ചികിത്സയാണ് യോഗ. യോക്ത്രയെന്ന സംസ്കൃത പദത്തിൽ നിന്നാണ് യോഗയെന്ന പദത്തിന്റെ ഉത്ഭവം. വാച്യാർത്ഥത്തിൽ ബാഹ്യ വിഷയങ്ങളിൽ നിന്നും മുക്തമാക്കി മനസ്സിനെ ആന്തരാത്മാവിലേയ്ക്ക് ലയിപ്പിക്കുക എന്നാണ്. എല്ലാ ശാസ്ത്രങ്ങളെയും പോലെ യോഗയുടെയും വേരുകൾ വേദങ്ങളിലാണ്. ചിത്തമെന്നാൽ, ഒരു വ്യക്തിയുടെ ചിന്തകളെയും വികാരങ്ങളെയും ആഗ്രഹങ്ങളെയും അലിയിപ്പിച്ച് സന്തുലിതാവസ്ഥ കൈവരിക്കുക യെന്നതാണ്. അത് അവബോധത്തെ ശുദ്ധമാക്കി ദൈവ സാക്ഷാത്ക്കാരത്തിലെത്തിക്കുന്ന ശക്തിയെ ചലിപ്പിക്കുന്നു. യോഗ ഭൗതീകവും മാനസീകവുമാണ്. ഭൗതീകയോഗഹതയോഗം എന്നുവിളിക്കപ്പെടുന്നു. പൊതുവായി രോഗങ്ങൾ മാറ്റി ശരീരത്തിന് ആരോഗ്യം പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ടുള്ളതാണ്. രാജയോഗം ശാരീരിക മാനസിക,

കുറിപ്പുകൾ :

വൈകാരിക, ആത്മീയ, സന്തുലിതാവസ്ഥ കൈവരിച്ചുകൊണ്ട് ആത്മ സാക്ഷാത്ക്കാരവും ബന്ധങ്ങളിൽ നിന്നു മോചനവുമാണ് ലക്ഷ്യമിടുന്നത്.

യോഗ വായ്മൊഴി രൂപത്തിലാണ് പകർന്നു കൊടുത്തിരുന്നത്. യോഗയെ ഒരു ശാസ്ത്രമായി അവതരിപ്പിച്ചതിന്റെ എല്ലാ അംഗീകാരവും പതഞ്ജലിക്കുള്ളതാണ്. പതഞ്ജലിയുടെ യോഗസൂത്രത്തിൽ ഓം ദൈവത്തിന്റെ പ്രതീകമായിട്ടാണ് പറയുന്നത്. ജ്ഞാനികൾക്കുമാത്രം പൂർണ്ണമായി മനസ്സിലാകുന്ന ഒരു പ്രപഞ്ച ശബ്ദമാണ് പതഞ്ജലിയുടെ അഭിപ്രായത്തിൽ ഓം. യോഗസൂത്രം കൂടാതെ, വൈദ്യശാസ്ത്രത്തെക്കുറിച്ചും രചന നടത്തിയിട്ടുണ്ട്. മഹാഭാഷ്യമെന്ന പേരിൽ പാണിനിയുടെ വ്യാകരണത്തിന് ആഖ്യാനവും രചിച്ചിട്ടുണ്ട്.

## പാഠഭാഗ ചോദ്യങ്ങൾ 15.3

1. ആയുർവേദമെന്നാൽ എന്ത്?

2. ഏറ്റവും പഴക്കമുള്ള വൈദ്യശാസ്ത്രഗ്രന്ഥം..............................

3. ശുശ്രുത സംഹിത ...................................................നെ പറ്റിയുള്ള ഗ്രന്ഥമാണ്

4. പുരാതന ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ പിതാവ്............................ ആദ്ദേഹം എഴുതിയ പുസ്തകം അറിയപ്പെടുന്നത്

5. യോഗ എന്നാൽ എന്ത്?

## നിങ്ങളെന്തു പഠിച്ചു.

* ശാസ്ത്രവും ഗണിതവും പുരാതന ഇന്ത്യയിൽ വളരെയധികം വികസിച്ചിരുന്നു.

* ചില പുരാതന ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞന്മാരായിരുന്ന ബൗധയാൻ, ആര്യഭട്ട, ബ്രഹ്മഗുപ്ത, ഭാസ്ക്കരാചാര്യൻ, മാധവാചാര്യൻ

* ചില പ്രമുഖ ശാസ്ത്രജ്ഞന്മാരായിരുന്ന കനദ, വരാഹമിഹിരൻ, നാഗാർജ്ജുനൻ

* പുരാതന ഭാരതത്തിൽ വൈദ്യശാസ്ത്രവും വളരെയേറെ വികസിച്ചിരുന്നു.

* ആയുർവേദ പുരാതന ഭാരതത്തിൽ വികസിച്ച ഒരു തദ്ദേശീയ വൈദ്യശാസ്ത്രമാണ്. ആയുർവേദമെന്നാൽ നല്ല ആരോഗ്യത്തിന്റെ, ആയുസ്സിന്റെയും ശാസ്ത്രമെന്നാണ് അർത്ഥം.

* ചരകന് പുരാതന ഭാരതത്തിലെ ആയുർവേദത്തിന്റെ പിതാവായും ശുശ്രുതനെ ശസ്ത്രക്രിയയുടെ പിതാവായാണ് വിളിക്കപ്പെടുന്നത്.

* ശുശ്രുതന്റെ ഏറ്റവും വലിയ സംഭാവന പ്ലാസ്റ്റിക് സർജറിയിലും തിമിര ശസ്ത്രക്രിയയിലുമാണ്.

* ചരകന്റെ ചരകസംഹിത ഒരു സവിശേഷ വൈദ്യശാസ്ത്ര ഗ്രന്ഥമാണ്.

* ശാരീരിക മാനസിക തലത്തിൽ ഔഷധം കൂടാതെയുള്ള ഒരു ചികിത്സയാണ്

കുറിപ്പുകൾ :

യോഗ. ആയൂർവേദത്തിന്റെ ഒരു അനുബന്ധശാസ്ത്രമായിട്ടാണ് പുരാതന ഇന്ത്യയിൽ യോഗ വികസിച്ചത്. തന്റെ യോഗ സൂത്രത്തിലൂടെ അടുക്കും ചിട്ടയുമുള്ള ഒരു ശാസ്ത്രമായി യോഗയെ ആദ്യമായി അവതരിപ്പിച്ചത് പതഞ്ജലിയാണ്.

## പാദാവസാന അഭ്യാസങ്ങൾ

1. ജ്യോതിശാസ്ത്ര പഠനത്തിൽ ആര്യഭടന്റെ സിദ്ധാന്തങ്ങൾ എന്തെല്ലാമായിരുന്നു?

2. ഭാസ്ക്കരാചാര്യന്റെ സിദ്ധാന്ത ശിരോമണിയുടെ പ്രതിപാദ്യ വിഷയം എന്ത്?

3. ഗണിതശാസ്ത്രത്തിലെ പ്രഥമ ഗ്രന്ഥമേത്?

4. ശാസ്ത്രജ്ഞാനത്തിൽ വരാഹമിഹരന്റെ സംഭാവനകൾ വിശദീകരിക്കുക?

5. അനുകരണാഭരണ നിർമ്മാണത്തിൽ നാഗാർജ്ജുനന്റെ സംഭാവനകൾ എന്തെല്ലാം?

6. പുരാതന ഭാരതീയ വൈദ്യശാസ്ത്രത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

7. താഴെകൊടുത്തിരിക്കുന്നവ വിശദീകരിക്കുക.

a). ശുശ്രുത സംഹിതയിൽ ശവശരീരം തെരഞ്ഞെടുക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന രീതി.

b). ഹഠയോഗവും, രാജയോഗവും

c). ചരകന്റെ തൃദോഷ സിദ്ധാന്തം

d). യോഗയുമായി ബന്ധപ്പെട്ട ചിത്ത സങ്കല്പം

## ഉത്തരങ്ങൾ

**15.1**

1. i) പൈയുടെ വില കണക്കാക്കിയ പ്രഥമ ഗണിതശാസ്ത്രജ്ഞൻ

ii) ഇന്നറിയപ്പെടുന്ന പൈതഗോറസ് സിദ്ധാന്തത്തിന്റെ ഉത്ഭവം.

2. ആര്യഭടൻ

3. അറബികൾ ഈ ഗ്രന്ഥത്തിലൂടെ നമ്മുടെ ഗണിത ശാസ്ത്രത്തെക്കുറിച്ച് അറിഞ്ഞു.

| കൃതിയുടെ പേര് | | ഗ്രന്ഥകാരന്റെ പേര് |
|---|---|---|
| സൽവ സൂത്രം | – | ബൗധയാൻ |
| ആര്യഭട്ടീയം | – | ആര്യഭടൻ |
| ബ്രംസ്പുദ സിദ്ധാന്തികം | – | ബ്രഹ്മ ഗുപ്തൻ |
| സിദ്ധാന്ത ശിരോമണി | – | ഭാസ്ക്കരാചാര്യ |
| ഗണിത സാര സംഗ്രഹം | – | മഹാവീരാചാര്യൻ |





**15.2**

1. 6–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വൈശേഷിക സരണിയിലെ ഒരു ശാസ്ത്രജ്ഞൻ കുട്ടിയായിരിക്കുമ്പോൾ തന്നെ തരി കണങ്ങൾ എന്നു വിളിക്കപ്പെടുന്ന സൂക്ഷ്മാണുക്കളിൽ വലിയ താത്പര്യമായിരുന്നത് കൊണ്ട് അദ്ദേഹം കനദ യെന്നു വിളിക്കപ്പെടുന്നു.

2. വരാഹമിഹിരൻ

3. അടിസ്ഥാനമൂലകങ്ങളെ സ്വർണ്ണമാക്കി രൂപാന്തരപ്പെടുത്തുന്നു.

4. അദ്ദേഹം ഒരു മൂലകത്തെ സ്വർണ്ണം പോലെ തിളക്കമുള്ളതാക്കി; സ്വർണ്ണം, വെള്ളി, ചെമ്പ്, വെളുത്തീയം പോലെയുള്ള ലോഹങ്ങളെ വേർതിരിക്കുന്ന രീതി രൂപപ്പെടുത്തി.

**15.3**

1.പുരാതന ഇന്ത്യയിൽ വികസിച്ച തദ്ദേശീയചികിത്സാ രീതി, നല്ല ആരോഗ്യ ത്തിന്റെയും ആയുസ്സിന്റെയും ശാസ്ത്രം.

2. അത്രേയ സംഹിത

2. ശസ്ത്രക്രിയ

4. ചരകൻ, ചരകസംഹിത

5. ബാഹ്യവിഷയങ്ങളിൽ നിന്നും വേർപ്പെടുത്തി മനസ്സിനെ ആന്തരാത്മാവു മായി ലയിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. വേദഗണിതത്തെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ ? സ്ക്കൂൾ തലത്തിൽപ്പോലും ഇന്ന് അത് വളരെ പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. അതിനെ കണ്ടെത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

2. ആയൂർവേദവും അലോപ്പതിയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക. ഒരു റിപ്പോർട്ട് എഴുതുക പാശ്ചാത്യലോകത്തുപോലും ആയുർവേദത്തിനു ലഭിക്കുന്ന പ്രചാരത്തിന്റെ കാരണം കണ്ടെത്തുക.

3. ഇന്നു വളരെയധികം പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു ചികിത്സാരീതി യാണ് യോഗ അതെപ്പറ്റി കൂടുതൽ വായിക്കുക. യോഗയിലെ എട്ടു ഘട്ടങ്ങൾ (അഷ്ടാംഗ യോഗ) കണ്ടെത്തി ഒരു റിപ്പോർട്ട് എഴുതുക.

# 16

# മധ്യകാല ഭാരതത്തിലെ ശാസ്ത്രവും ശാസ്ത്രജ്ഞരും

പുരാതന ഇന്ത്യയിലെ ശാസ്ത്രത്തെയും ശാസ്ത്രജ്ഞരെക്കുറിച്ചും നിങ്ങൾ വായിച്ചു. മധ്യകാലഘട്ടിത്തിൽ ശാസ്ത്രവും, സാങ്കേതികവിദ്യയും ഇന്ത്യയിൽ രണ്ടു സരണികളിലേയ്ക്ക് വികാസം പ്രാപിച്ചു. ഒന്ന് ആദ്യകാല പാരമ്പര്യനുസൃതമായും മറ്റൊന്ന് ഇസ്ലാമികയൂറോപ്യൻ സ്വാധീന ഫലമായി രൂപാന്തരപ്പെട്ടവയുമായിരുന്നു ആ വിഭാഗങ്ങൾ.

ഈ പാഠത്തിൽ ഈ മാറ്റങ്ങളെക്കുറിച്ച് വിശദമായി പഠിക്കാം.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

മധ്യകാല ഘട്ടത്തിൽ നിലവിൽ വന്ന വിദ്യാഭ്യാസരീതി വിശദീകരിക്കാം

* മധ്യകാല ഭാരതത്തിലെ ശാസ്ത്ര-സാങ്കേതിക മേഖലയിലെ വികാസങ്ങൾ പരിശോദിക്കാം

* ഈ കാലഘട്ടത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയിൽ ശ്രദ്ധേയരായ ചില പണ്ഡിതമാരുടെ പട്ടിക തയ്യാറാക്കാം.

## 16.1 ശാസ്ത്രം മധ്യകാലഘട്ടത്തിൽ

നിങ്ങൾക്കറിയാവുന്നതുപോലെ ഇന്ത്യയിൽ മധ്യകാലഘട്ടം ഇസ്ലാമിന്റെ കടന്നുവരവിന്റേതായിരുന്നു ഈ സമയത്ത് പരമ്പാരാഗത ഇന്ത്യൻ ശാസ്ത്ര പഠനം നേരത്തെ തന്നെ തിരിച്ചടി നേരിട്ടിരുന്നു. അറേബ്യൻ രാജ്യങ്ങളിൽ നിലവിലിരുന്ന വിദ്യാഭ്യാസ സമ്പ്രദായം ക്രമേണ ഇക്കാലത്ത് സ്വീകരിക്കപ്പെട്ടു. തൽഫലമായി മക്തബുകളും മദ്രസകളും നിലവിൽ വന്നു. ഈ സ്ഥാപനങ്ങൾക്ക് രാജകീയ പരിരക്ഷയും ലഭിച്ചിരുന്നു. പല സ്ഥലങ്ങളിലും മദ്രസകളുടെ ഒരു ശൃംഗല തന്നെ തുറക്കപ്പെട്ടു. തുടർന്ന് പാഠ്യ പദ്ധതിയും നലവിൽവന്നു. യുക്തി ശാസ്ത്രത്തിൽ പ്രത്യേക പരിശീലനം നേടിയ ഷെയക് അബ്ദുല്ലാഷെയ്ക്ക് അസീസുഇതു സഹോദരന്മാർ സാമ്പാൽ ആഗ്ര മദ്രസകൾ ക്കു നേതൃത്വം നൽകി. ഈ മദ്രസകളിൽ അദ്ധ്യാപന നടത്താൻ അറേബ്യ, പേർഷ്യ, മദ്ധ്യേഷ്യ എന്നിവടങ്ങളിൽ നിന്നും വിദഗ്ധന്മാരെ കൊണ്ടുവന്നിരുന്നു. നിങ്ങൾക്കറിയാമോ മുസ്ലിം ഭരണാധികാരികൾ പ്രാഥമിക തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ചില പ്രാധാന്യമുള്ള വിഷയങ്ങളായ ഗണിതശാസ്ത്രം, അളവുശാസ്ത്രം, ജ്യാമിതി ജ്യോതിശാസ്ത്രം, അക്കൗണ്ടൻസി, പൊതുഭരണം, കൃഷി പ്രാഥമിക തലത്തിൽ പഠന വിഷയ

ങ്ങളായി ഉൾപ്പെടുത്തിയിരുന്നു. വിദ്യാഭ്യാസത്തെ പരിഷ്കരിക്കാൻ പ്രത്യേക ശ്രമങ്ങൾ ഭരണാധികാരികൾനടത്തിയെങ്കിലും ശാസ്ത്ര പഠനത്തിന് വേണ്ടത്ര മുന്നേറ്റം നടത്താനായില്ല. ഇന്ത്യൻ പാരമ്പര്യ ശാസ്ത്രസംസ്ക്കാരവും മറ്റു രാജ്യങ്ങളിൽ നിലനിന്നിരുന്ന ശാസ്ത്രീയമായ സമീപനങ്ങളും സമന്വയിപ്പിക്കാനുള്ള ശ്രമം നടത്തിയിരുന്നു.

രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും വേണ്ടസാധനസാമഗ്രികൾ ലഭ്യമാക്കാൻ ധാരാളം കർഖാന (പണിപ്പുരകൾ)പണികഴിപ്പിച്ചിരുന്നു. ഈ പണിശാലകൾ ഒരു നിർമ്മാണ സ്ഥലം മാത്രമായിരുന്നില്ല. ചെറുപ്പക്കാർക്കു തൊഴിൽപരവും, സാങ്കേതീകവുമായ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ കൂടിയായിരുന്നു. പണിശാലകൾ വിവിധ ഭാഗങ്ങളിൽ കരകൗശല വിദഗ്ധന്മാരെ പരിശീലിപ്പിക്കുകയും വാർത്തെടുക്കുകയും ചെയ്തു. അവർ ക്രമേണ സ്വന്തം കർഖാനകൾ ആരംഭിക്കുകയും ചെയ്തു.

### 16.1.1 ഗണിത ശാസ്ത്രം

ഗണിത ശാസ്ത്രത്തിൽ ധാരാളം കൃതികൾ ഈ കാലഘട്ടത്തിൽ രചിക്കപ്പെടുകയുണ്ടായി നരസിംഹ ദൈവജനിന്റെ പുത്രനായ നാരായണ പണ്ഡിറ്റ് അദ്ദേഹത്തിന്റെ ഗണിതകൗമുദി, ബീജഗണിതവംശം എന്നീ ഗണിത ശാസ്ത്ര രചനകളിലൂടെ ഖ്യാതി നേടി ഗുജറാത്തിലെ ഗംഗാധരൻ, ലീലാവതി, കരംദീപക, ശുദ്ധന്തദീപീക, ലീലാവതി വ്യാഖ്യ എന്നീ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ്.

ധാരാളം ചിത്രീകരണങ്ങളടങ്ങിയ ലീലാവതിയുടെ വ്യാഖ്യാന ഗ്രന്ഥമായ ബുദ്ധി വിലാസിനി രചിച്ചത് ഗണേശ ദൈവജനമായിരുന്നു. വൽഹല കുടുംത്തിലെ കൃഷ്ണൻ ഭാസ്ക്കരൻ രണ്ടാമന്റെ ബീജഗണിതത്തെ അടിസ്ഥാനമാക്കി രചിച്ച നവങ്കുരം ഒന്നുംരണ്ടും ക്രമങ്ങളുടെയും നിയമങ്ങളുടെയു വിപുലീകരണമാണ്. നീലകണ്ഠജ്യോതിർവിദ് ധാരാളം പേർഷ്യൻസാങ്കേതിക പദങ്ങൾ അവതരിപ്പിച്ചുകൊണ്ട് "ത്യാജിക്" എന്ന ഗ്രന്ഥം സംഗ്രഹിച്ചു. അക്ബറിന്റെ രാജസഭാംഗമായ ഫൈസി ഭാസ്കരന്റെ ബീജഗണിതം പേർഷ്യനിലേയ്ക്ക് മൊഴിമാറ്റം നടത്തി. വിദ്യാഭ്യാസമ്പ്രദായത്തിൽ ഗണിത ശാസ്ത്രത്തെ മുഖ്യവിഷയമായി ഉൾപ്പെടുത്തണമെന്ന് അക്ബർ കൽപന പുറപ്പെടുവിച്ചു. നസ്യദ്ദീൻ തുസി മറ്റൊരു ഗണിത ശാസ്ത്ര പണ്ഡിതനായിരുന്നു.

അതുപോലെ ജീവശാസ്ത്രത്തിലും വലിയ മുന്നേറ്റമുണ്ടായി. 13-ാം നൂറ്റാണ്ടിൽ ഹംസദേവൻ മൃഗ-പക്ഷി -ശാസ്ത്രം എന്ന പേരിൽ ഒരു ജീവശാസ്ത്ര ഗ്രന്ഥം സംഗ്രഹിച്ചു. ഇത് പൂർണ്ണമായും ശാസ്ത്രീയമല്ലെങ്കിൽ കൂടിയും വേട്ട മൃഗങ്ങളെയും പക്ഷികളെയും ക്കുറിച്ചുള്ള ഒരു പൊതുവിവരണം നൽകുന്നുണ്ട് . മധ്യകാല ഭരണാധികാരികൾ യുദ്ധത്തിലും, നായാട്ടിലും തൽപരരായിരുന്നു. പ്രാപിടിയൻപക്ഷി, പുള്ളിപ്പുലി, നായ്ക്കൾ, കുതിരകൾ തുടങ്ങിയ നിരവധി മൃഗങ്ങളുടെ ഒരു ശേഖരം തന്നെ അവർക്കുണ്ടായിരുന്നു.വന്യമൃഗങ്ങളേയും, വളർത്തുമൃഗങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ബാബറും അക്ബറും രാഷ്ട്രീയകാര്യത്തിലും യുദ്ധകാര്യങ്ങളിലും മുഴുകിയിരുന്നവരായിരുന്നെങ്കിലും ഈ കൃതി പഠിക്കാൻ സമയം കണ്ടെത്തിയിരുന്നു. നല്ലയിനം വളർത്തുമൃഗങ്ങൽ, ആന, കുതിര എന്നിവ ഉൽപാദിപ്പിക്കുന്നതിൽ അക്ബർ പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു. ജഹാംഗീർ, തന്റെ കൃതിയായ തുസുക്കി ജഹാംഗീരിയിൽ ഇണചേർക്കുന്നതിലും, പ്രത്യുലാപാദനത്തിലുള്ള പരീക്ഷണങ്ങളും നിരീക്ഷണങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം 36 ഇനം മൃഗങ്ങളെപ്പറ്റിവിവ

രിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കൊട്ടാരചിത്രകാരന്മാർ വിശിഷ്യാ, മൻസൂർ മൃഗങ്ങളുടെ മനോഹരവും കൃത്യവുമായ ഛായചിത്രങ്ങൾ നിർമ്മിക്കുകയുണ്ടായി. അവയിൽ ചിലത് ഇപ്പോഴും ചില മ്യൂസിയങ്ങളിലും സ്വകാര്യശേഖരങ്ങളിലും സൂക്ഷിച്ചിട്ടുണ്ട്. ഒരു പ്രകൃതി സ്നേഹിയെന്ന നിലയിൽ ജഹാംഗീർ സസ്യങ്ങളുടെ പഠനത്തിൽ അതീവതൽപരനായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരചിത്രകാരന്മാർ 57-ഓളം സസ്യങ്ങളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു.

### 16.1.3 രസതന്ത്രം

മധ്യകാലഘട്ടത്തിലെ ഇന്ത്യയിലെ കടലാസ് ഉപയോഗിച്ചിരുന്നതായി നിങ്ങൾക്കറിയാമോ ? രസതന്ത്രത്തിന്റെ ഒരു പ്രധാന പ്രയോഗം കടലാസിന്റെ നിർമ്മാണത്തിലായിരുന്നു. കാശ്മീർ, സിയാൽകോട്ട, സഫറാപബാദ്, പാറ്റ്നാ, മുർഷിദാബാദ്, അഹമ്മദാബാദ് ഔറംഗാബാദ്, മൈസൂർ എന്നീ സ്ഥലങ്ങൾ പ്രമുഖകടലാസു നിർമ്മാണ കേന്ദ്രങ്ങളായിരുന്നു. അസംസ്കൃത വസ്തുവിന്റെ വ്യത്യാസമനുസരിച്ച് പൾപ്പുതയ്യാറാക്കുന്നതിലേ വ്യത്യാസം ഒഴിച്ചു നിർത്തിയാൽ കടലാസ് നിർമ്മാണ വിദ്യ രാജ്യത്തെല്ലായിടത്തും പ്രായേണ ഒരു പോലെയായിരുന്നു.

മുഗളന്മാർക്ക് വെടിമരുന്നു നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ അറിയാമായിരുന്നു. രസതന്ത്രത്തിന്റെ മറ്റൊരു പ്രയോഗമാണിത്. ഇന്ത്യയിലെ കരകൗശല വിദഗ്ധർക്ക് വെടിക്കോപ്പുകളുടെ ചേരുവയും സാങ്കേതികവിദ്യയും വ്യത്യസ്ത തരത്തിലുള്ള പീരങ്കികളിൽ ഉപയോഗിക്കുന്ന മരക്കരി, ഗന്ധകം, വെടിയുപ്പ് എന്നിവ ഉപയോഗിച്ചുള്ള വെടിമരുന്നു നിർമ്മാണവുമറിയാമായിരുന്നു. അവർ വ്യത്യസ്തതരത്തിലുള്ള വാണങ്ങളും കമ്പതിത്തിരികളും,പൂവെടികളും നിർമ്മിച്ചിരുന്നു എയ്-നി-അക്ബാരി എന്ന കൃതി അക്ബറിന്റെ സുഗന്ധകാര്യാലയത്തിലെ നിബന്ധനകളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട് നുർജഹാന്റെ കണ്ടുപിടിത്തമെന്നു കരുതപ്പെടുന്ന റോസാപ്പൂ അത്തർ അക്കാലത്തെ പ്രശസ്തമായ സുഗന്ധ വസ്തുവായിരുന്നു.

### പാഠഭാഗ ചോദ്യങ്ങൾ 16.1

1. മധ്യാകാലഘട്ടത്തിൽ പ്രഥമിക വിദ്യാലയങ്ങളിൽ എന്തെല്ലാം വിഷയങ്ങളാണ് പഠിപ്പിച്ചിരുന്നത് ?

---

2. ....................വിഷയമാണ് പ്രാഥമിക തലത്തിൽ നിർബന്ധപഠന വിഷയമാക്കാൻ അക്ബർ കൽപ്പന നൽകിയത്

---

3. ഖർകനകളുടെ രണ്ടു പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു ?

4. ചേരുംപടി ചേർക്കുക

| | പണ്ഡിതന്മാരുടെ പേര് | കൃതിയുടെ പേര് |
|---|---|---|
| 1. | നാരായണ പണ്ഡിറ്റ് | ബുദ്ധിവിലാസിനി |
| 2. | ഗംഗാധരൻ | മൃഗ-പക്ഷി-ശാസ്ത്രം |
| 3. | ഗണേശദൈവജ്ഞൻ | ഗണിതകൗമുദി |



കുറിപ്പുകൾ :

| | | |
|---|---|---|
| 4. | ഹംസദേവൻ | ലീലാവതി വ്യാഖ്യാനം |
| 5. | ജഹാംഗീർ | താജിക് |
| 6. | ശുക്രാചാര്യൻ | തുസുക്കി-ജഹാംഗീർ |
| 7. | നീലകണ്ഠ ജോത്രിർവിദ് | ശുക്രനിധി |

5. മധ്യകാലഘട്ടത്തിലെ കടലാസ് നിർമ്മച്ചിരുന്ന ഇന്ത്യയിലെ 4 സ്ഥലങ്ങളുടെ പേര് എഴുതുക?

### 16.1.4 ജ്യോതിശാസ്ത്രം

ഇക്കാലഘട്ടത്തിൽ പടർന്നു പന്തലിച്ചിരുന്ന മറ്റൊരു മേഖല ജ്യോതിശാസ്ത്രമായിരുന്നു. മുൻകാല ജ്യോതി ശാസ്ത്ര സങ്കൽപങ്ങൾ വിശദീകരിക്കുന്ന ഏതാനും വ്യാഖ്യന ഗ്രന്ഥങ്ങൾ ഇക്കാലത്ത് നിലവിൽ വന്നു.

ഫിറോസ്ഷായുടെ കൊട്ടാര ജ്യോതിഷനായിരുന്ന മഹേന്ദ്രസുരി "യന്ത്രജ" എന്ന പേരിൽ ഒരു ഗോളനിരീക്ഷണ ഉപകരണം വികസിപ്പിച്ചു. പ്രമുഖ ജ്യോതി ശാസ്ത്ര കുടുംബങ്ങളായിരുന്ന പരമേശ്വര, മഹാഭാസ്കരീയ എന്നിവർ പഞ്ചാംഗനിർമ്മാതക്കളുമായിരുന്നു. നീല കണ്ഠസോമസുത്വൻ ആര്യഭട്ടീയത്തിന് ഒരു വ്യാഖ്യാനം രചിച്ചു. കമലാകർ ജ്യോതിശാസ്ത്ര ഇസ്ലാമിക ആശയങ്ങളെക്കുറിച്ചു പഠനം നടത്തി അദ്ദേഹം ഇസ്ലാമിക ജ്ഞാനത്തിൽ നിപുണനായിരുന്നു. ജയ്പൂരിലെ രാജാസാവായ് ജയസിംഹൻ രണ്ടാമൻ ജ്യോതിശാസ്ത്രത്തിന്റെ ഒരു പരിരക്ഷകനായിരുന്നു. അദ്ദേഹം ഡൽഹി, ഉജ്ജയിൻ, വാരണാസി, മഥുര, ജയ്പൂർ എന്നിവടങ്ങളിൽ വാനനീരീക്ഷണശാലകൾ സ്ഥാപിച്ചു.

### 16.1.5 വൈദ്യം

രാജകീയ പരിരക്ഷയുടെ അഭാവത്താൽ പുരാതന കാലത്തെപ്പോലെ ആയുർവേദം അത്രയധികം പുരോഗതി കൈവരിച്ചില്ല. എന്നിരുന്നാലും ആയുർവേദത്തിലെ ചില പ്രാമാണിക ഗ്രന്ഥങ്ങളായ വംഗസേനന്റെ സംഹിത, ചികിത്സാസംഗ്രഹം ബാഭമിശ്രന്റെ യഗവത്ജരയും, ഭാവപ്രകാശം പോലെയുള്ള ഗ്രന്ഥങ്ങൾ സംഗ്രഹിക്കപ്പെട്ടു13-ാം നൂറ്റാണ്ടിൽ രചിച്ച രംദ്ധര സംഹിത കറുപ്പ് ഔഷധമായി ഉപയോഗിക്കാമെന്നു നിർദ്ദേശിച്ചു.രോഗനിർണ്ണയത്തിന് മൂത്രപരിശോധന, നാടിമിടിപ്പ് പരിശോധന എന്നിവ നടത്തിയിരുന്നു. ലോഹക്കൂട്ട് ഉൾപ്പെടെ ഒരു കൂട്ടം ധാതുദ്രവ്യ ഔഷധങ്ങളെക്കുറിച്ച് രസ ചികിത്സാസമ്പ്രദായം പ്രതിപാദിക്കുന്നു.

രസചികിത്സാ സമ്പ്രദായം മുഖ്യമായും രസം ഉൾപ്പെടെയുള്ള ഔഷധമൂല്യങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.മിക്കവാറു തമിഴിൽ നിലനിന്നിരുന്ന സിദ്ധ വൈദ്യം പേരുകേട്ട സിദ്ധവൈദ്യന്മാരുടെതാണ്. അവർ ആയുഷ്ക്കാലം നിലനിൽക്കുന്ന ഔഷധ മൂല്യമുള്ള ധാതുക്കളെപ്പറ്റിയുള്ള രചനകൾ നടത്തിയിട്ടുണ്ട്

മധ്യകാലഘട്ടത്തിലെ ഇന്ത്യയിലെ വികാസം പ്രാപിച്ച ഒരു പ്രധാന ചികിത്സാ രീതിയായിരുന്നു മുനാനി ചികിത്സാ വിഭാഗം. ഫിർദൗസു-ഹിക്മത്ത് എന്ന ഗ്രസ്ഥത്തിൽ അലിബിൻ റബ്ബാൻ ഭാരതീയ വൈദ്യജ്ഞാനവും ഗ്രീക്ക് ഔഷ

ധസമ്പ്രദായവും ക്രോഡീകരിച്ചു. 11–ാം നൂറ്റാണ്ടിൽ മുസ്ലീങ്ങളാണ് യുനാനി ചികിത്സാസമ്പ്രദായം ഇന്ത്യയിൽ കൊണ്ടുവന്നത് പെട്ടന്ന് അതിന്റെ വളർച്ച യ്ക്കാവശ്യമായ സാഹചര്യം ലഭിച്ചു. ആയൂർവേദം, അറബി, പേർഷ്യൻ ഔഷ ധജ്ഞാനങ്ങൾ ഉൾപ്പെടുത്തി ഹക്കീം ദിയ മുഹമ്മദ് മജിനി – ഇ– ദിയ എന്ന ഗ്രന്ഥം രചിച്ചു. ഫിറോസ് ഷാ തുഗ്ലക്ക് തിബ്ബിഔറംഗസേബി ആയൂർവേദത്തെ അനുസരിച്ച് ഔറംഗസേബിന് സമർപ്പണം ചെയ്യപ്പെട്ട ഒരു പ്രധാന ഗ്രന്ഥ മാണ്. നുറുദ്ദീൻ മുഹമ്മദ് രചിച്ച മുസാലജത്തി–ഭാരാഷിക്കോ എന്ന ഗ്രന്ഥം ഗ്രീക്കു വൈദ്യത്തെ അധികരിച്ച് ഭാരാഷിക്കോവിന് സമ്മർപ്പണം ചെയ്യപ്പെട്ട മറ്റൊരു സുപ്രധാന ഗ്രന്ഥമാണ്.

**കൃഷി 16.1.6**

30 വർഷം മുമ്പ് 50 മില്ല്യൺ ടൺ മാത്രം ഭക്ഷ്യ ധാന്യം ഉൽപാദിപ്പിച്ചിരുന്ന ഇന്ത്യയിൽ ഇന്ന് 135 മില്യൺ ടൺ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കാൻ നമുക്കു സാധിക്കുന്നത് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കൃഷിയിൽ പ്രയോഗ വൽകരിച്ചതിന്റെ ഫലമായിട്ടാണ് അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ മുതൽ കൃഷിയിലെ ഉർജ്ജപരിപാലന നിർവ്വഹണവും വിളവെടുപ്പിനുശേഷമുള്ള സങ്കേതങ്ങളും വരെ നീള്ളുന്നു ഈ പ്രയോഗവൽക്കരണം ഈ പ്രവർത്തന ങ്ങളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ മുഖ്യ പങ്കുവഹിച്ചു. 73 കാർഷിക കോളേജുകൾ 32 വെറ്റിനറി കോളേജുകൾ, 8 കാർഷിക എൻജീനീ യറിംഗ് കോളേജുകൾ, ഒരു ഡയറി കോളേജ് എന്ന സ്ഥാപനങ്ങളിലൂടെ വന വൽക്കരണം മത്സ്യബന്ധനം, കന്നുകാലിവളർത്തൽ കൃഷിയുടെ മറ്റുമേഖല കൾ എന്നിവയിൽ കർഷകർക്കും ശാസ്ത്രീയ വിദ്യാ്യാസം നൽകുന്നതിൽ ഐ.സി.എ.ആർ നേതൃപരമായ പങ്കുവഹിക്കുന്നു. അരി, ധാന്യങ്ങൾ, എണ്ണ ക്കുരുക്കൾ, വാണിജ്യ വിളകൾ എന്നിവയുടെ വിളവ് വർദ്ധിപ്പിക്കൽ സാമൂ ഹ്യവനവൽക്കരണ പ്രോത്സാഹനം, കൃഷിയെ രാസവളത്തിനു പകരം ജൈവ വളത്തിലധിഷ്ഠിതമാക്കി മാറ്റൽ എന്നിവ കാർഷിക മേഖലയിൽ ഇനിയും നേരിടാനുള്ള വെല്ലുവിളികളാണ്.

**പാഠഭാഗ ചോദ്യങ്ങൾ 16.2**

1. ജയ്പൂരിലെ രാജാസാവായ് ജയസിംഹൻ രണ്ടാമൻ വാനിരീക്ഷണകേന്ദ്ര ങ്ങൾ സ്ഥാപിച്ച നഗരങ്ങളുടെ പേരെഴുതുക?

2. മധ്യകാല ഘട്ടത്തിൽ രചിക്കപ്പെട്ട ആയൂർവേദത്തിലെ 2 പ്രാമാണിക ഗന്ഥ ങ്ങൾ ഏതെല്ലാം?

3. ഫിർദൗസു – ഫിക്മത് എന്നാൽ എന്ത് ?

4. അറബി, പേർഷ്യൻ, ആയുർവേദ ചികിത്സാ സമ്പ്രദായങ്ങളെ ഒരുമിപ്പിക്കുന്ന ഗ്രന്ഥമേത് ?

5. മധ്യകാലഘട്ടം മുതൽ ആരംഭിച്ച 4 വിളകളുടെ പേരെഴുതുക?

കുറിപ്പുകൾ :

## നിങ്ങളെന്തു പഠിച്ചു.

* വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി അറബി സമ്പ്രദായം വലിയതോതിൽ നടപ്പാക്കപ്പെട്ടു. എല്ലായിടത്തും മദ്രസകളും മക്ത്തബുകളും സ്ഥാപിക്കപ്പെട്ടു. ഭരണകർത്താക്കൾ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചു.

* ഗണിതം, രസതന്ത്രം, ജീവശാസ്ത്രം, ജ്യോതിശാസ്ത്രം,വൈദ്യം എന്നീ മേഖലകളിൽ നിരവധിഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു.

* ഈ കാലഘട്ടത്തിലെ ഒട്ടുമുക്കാൽ ശാസ്ത്രീയകൃതികളും ഭാഷ്യങ്ങളോ മുൻകാല പ്രാമണിക ഗ്രന്ഥങ്ങളുടെ പ്രകാശനമോ ആണ്.

* നിരവധി ശാസ്ത്ര ജ്യോതിശാസ്ത്രം, വൈദ്യം തുടങ്ങിയ നിരവധി ശാസ്ത്ര രചകൾ സംസ്കൃതത്തിൽ നിന്നും പേർഷ്യനിലേക്കും അറബിയിലേയ്ക്കും, അറബി പേർഷ്യൻ ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടു.

## പാഠാവസാന അഭ്യാസങ്ങൾ

1. മധ്യകാലഘട്ടത്തിൽ വികാസം പ്രാപിച്ച വിദ്യാഭ്യാസ സമ്പ്രദായം വിശദീകരിക്കുക?

2 മധ്യകാലഘട്ടത്തിലെ വൈദ്യശാസ്ത്രത്തിന്റ വികാസം ചർച്ചചെയ്യുക.

3. ഈ കാലഘട്ടത്തിൽ ജലസേചനം നടത്തിയിരുന്നതെങ്ങനെ ?

4. മധ്യകാലഘട്ടത്തിലെ ശാസ്ത്രവും ശാസ്ത്രജ്ഞന്മാരും എന്ന വിഷയത്തെപ്പറ്റി ഒരു ഉപന്യാസമെഴുതുക ?

## ഉത്തരങ്ങൾ

**16.1**

1. അങ്കഗണിതം, അളവുശാസ്ത്രം, ജ്യാമിതി, ജ്യോതിശാസ്ത്രം അക്കൗണ്ടൻസി, പൊതുഭരണം, കൃഷി

2. ഗണിതശാസ്ത്രം

3. 1) ഉൽപാദക ഏജൻസികൾ

   2) യുവാക്കൾക്ക് സാങ്കേതികതൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ

| 4. **പണ്ഡിതന്റെ പേര്** | **കൃതിയുടെ പേര്** |
|---|---|
| നാരായണ പണ്ഡിറ്റ് | ഗണിതകൗമുദി |
| ഗംഗാധരൻ | ലീലവതിവ്യാഖ്യാനം |
| ഗണേശദൈവജ്ഞൻ | ബുദ്ധിവിലാസിനി |
| ഹംസദേവൻ | മൃഗ-പക്ഷി-ശാസ്ത്രം |
| ജഹാംഗീർ | തുസുക്ക്-ഇ-ജഹാംഗീർ |
| ശുക്രാചാര്യൻ | ശുക്രനിധി |
| നീലകണ്ഠജത്യോതിർവിദ് | താജിക്ക് |



കുറിപ്പുകൾ :

5. കാശ്മീർ, സിയാൽകോട്ട, സഫ്രാബാദ്, പാറ്റ്നാ,മുർഷിദാബാദ്, അഹമ്മദാബാദ്, ഔറംഗാബാദ്, മൈസൂർ ഇവയിൽ ഏതെങ്കിലും 4

**16.2**

1. ഡൽഹി, ഉജ്ജയിൻ, വാരണാസി, മഥുര, ജയ്പൂർ

2. സാരംഗധരസംഹിത, ചികിത്സാസംഗ്രഹം യഗരത്ഭജാര ഭാവപ്രകാശ് ഏതെങ്കിലും 2

3. ഗ്രീക്കുവൈദ്യവും ഇന്ത്യൻ വൈദ്യജ്ഞാനവും സംയോജിപ്പിച്ച് അൽ-ബിൻ -റബ്ബാൻ രചിച്ച ഗ്രന്ഥം

4. മജിനി-എ-വിയേ

5. പുകയില, മുളക്, ഉരുളക്കിഴങ്ങ്, പേരയ്ക്കാ, കശുവണ്ടി,പൈനാപ്പിൾ, ആത്തച്ചക്ക ഏതെങ്കിലും 4

## പ്രവർത്തനങ്ങൾ

1. ജയ്പൂരിലെ രാജാസാവായ് ജയസിംഹൻ രണ്ടാമന്റെ ഏതെങ്കിലുമൊരു വാനനിരീക്ഷണകേന്ദ്രം സന്ദർശിക്കുവാൻ ശ്രമിക്കുക. വാനനിരീക്ഷണകേന്ദ്രം കൊണ്ടുള്ള പ്രയോജവും ലഭ്യമമായ ഉപകരണങ്ങളെയും കുറിച്ചൊരു റിപ്പോർട്ട് എഴുതുക.

2. ഒരു കടലാസ് നിർമ്മാണശാല സന്ദർശിക്കാൻ ശ്രമിക്കുക.കടലാസുനിർമ്മാണപ്രക്രിയയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക.

3. രണ്ടു വൈദ്യശാത്രരീതിയെപ്പറ്റി നിങ്ങൾ പഠിച്ചു പുരാതന ഭാരതത്തിലെ വികസിച്ച ആയുർവേദചികിത്സാ സമ്പ്രദായം, മധ്യകാല ഇന്ത്യയിലേയ്ക്കു മുസ്ലിങ്ങൾ കൊണ്ടുവന്ന യുനാനി ചികിത്സാ സമ്പ്രാദായം ഏന്തെങ്കിലും അസുഖം ബാധിക്കുമ്പോൾ സാധാരണ കാണാറുള്ള ഡോക്ടർ ആധുനിക കാലത്ത് ബ്രിട്ടീഷുകാർ കൊണ്ടുവന്ന അലോപ്പതി ചികിത്സാ സമ്പ്രാദായം പിന്തുടർന്നവരാണെന്നകാര്യം നിങ്ങൾക്കറിയാമോ? ഈ മൂന്നു ചികിത്സാ രീതികളുടെ അടിസ്ഥാന തത്വങ്ങൾ കണ്ടെത്തി അവതമ്മിലുള്ള വ്യത്യാസം കണ്ടെത്തുക. ഇതിനാവശ്യമായ വിവരങ്ങൾ താഴെതന്നിരിക്കുന്നവയിൽ നിന്നും ലഭിക്കുന്നതാണ്.

* നിങ്ങളുടെ അദ്ധ്യാപകൻ/അദ്ധ്യാപികയുമായി ചർച്ച ചെയ്യുക.

* ഗ്രന്ഥശാലയിൽ നിന്നും ലഭിക്കുന്ന പുസ്തകം വായിക്കുക.

* ഇന്റർനെറ്റിൽ തെരയുക

* ഒരു ഡോക്ടറുമായി ചർച്ച നടത്തുക.

ഈ സമ്പ്രദായങ്ങൾ തമ്മിലുള്ള വ്യത്യാസം ഓരോ സമ്പ്രദായത്തിന്റെ അടിസ്ഥാ പ്രമാണങ്ങൾ വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് എഴുതുക.

4. മധ്യകാലഘട്ടത്തിൽ ആരംഭിച്ച ഏതെങ്കിലും രണ്ടു വിളകൾ തെരഞ്ഞെടുത്ത് അവയുടെ ഉത്ഭവം കണ്ടെത്തി അവ എങ്ങനെയാണ് ഇന്ത്യയിലെത്തിയതെന്ന് കണ്ടെത്തുക. അവയുടെ കഥകളെഴുതുക.

*കുറിപ്പുകൾ :*

# 17

## ആധുനിക ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ

ആധുനിക ഇന്ത്യയിലെ ശാസ്ത്രീയ ചിന്തകയുടെ വികാസ മെന്നത് ഇക്കാലത്തെ ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ പ്രതിഫലിപ്പിക്കുന്നവയാണ്. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സർ സി.വി.രാമൻ ഇന്ത്യൻ ആണവ ശാസ്ത്രത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഹോമി ജഹാംഗീർ ബാബ ഇന്ത്യൻ ശാസ്ത്രത്തിന്റെ ഭാസുരമായ ഭാവി പ്രവചിച്ചിരുന്നു. സസ്യശാസ്ത്രമേഖലയിൽ ജെ. സി.ബോസ് വ്യവസായ വൽക്കരണത്തിന്റേയും ആണവോർജ്ജത്തിന്റെയും മേഖലയിൽ ഡോ.വിക്രം സാരാഭായി, രാജ്യരക്ഷ സാങ്കേതിക വിദ്യയിൽ ഡോ. അബ്ദുൽകലാം എന്നിവർശാസ്ത്രമേഖലയിൽ ഇന്ത്യയുടെ ഖ്യാതി വളർത്താൻ ഉതകുന്ന വിപ്ലകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഈ ആദ്ധ്യായത്തിൽ ആധുനിക ഇന്ത്യയിലെ മഹാൻമാരായ ശാസ്ത്രജ്ഞന്മാരെക്കുറിച്ച് നമുക്കു പ്രതിപാദിക്കാം

### ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* ആധുനിക ഇന്ത്യയിലെ ചില പ്രമുഖ ശാസ്ത്രജ്ഞമാരുടെ പ്രധാനപ്പെട്ട നേട്ടങ്ങൾ ഓരോന്നായി പറയാം.

* മാനവ സമൂഹത്തിന്റെ സേവനത്തിനുള്ള അവരുടെ സംഭാവനകൾ വിശദീകരിക്കാം

### 17–1 ശ്രീനിവാസ രാമാനുജൻ (1887–1920)

ഇന്ത്യയുടെ ഗണിതശാസ്ത്ര പ്രതിഭകളിൽ ഏറ്റവും മഹാനായ ശ്രീനിവാസ രാമാനുജൻ 1887 ഡിസംബർ 22–ാം തിയതി തമിഴ് നാട്ടിലെ ഈറോഡിൽ ജനിച്ചു. പിന്നീട് ചെന്നൈയിൽ നിന്ന് 160 കി.മി. അകലെയുള്ള കുംഭകോണത്തേക്ക് അദ്ദേഹത്തിന്റെ രക്ഷിതാക്കൾ താമസം മാറി. കുംഭകോണത്തെ ടൗൺ ഹാൾ സ്ക്കൂളിൽ പഠിക്കുന്നകാലത്ത് തന്നെ അദ്ദേഹം സകലകലാവല്ലഭനാണെന്ന് തെളിയിച്ചു. എങ്കിലും അദ്ദേഹത്തിന്റെ ഗണിതാഭിനിവേശം അസാധരണമായിരുന്നു. വിചിത്രമായൊരു കാന്തികശക്തി അദ്ദേഹത്തെ സംഖ്യകളുടെ ലോകത്തേയ്ക്ക് ആകർഷിച്ചു. പതിമൂന്നാം വയസ്സിൽ ജി.എസ്.കാറിന്റെ “ശുദ്ധഗണിതത്തിലെ പ്രാഥമികഫലസംഗ്രഹം” (സിനോപ്സിസ് ഓഫ് എലിമെന്ററി റിസൾട്ട്സ് പ്യൂവർ മാത്തമാറ്റിക്സ്) എന്ന ഈ ഗ്രന്ഥം ഗണിതശാസ്ത്രലോകത്തെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. അദ്ദേഹം തന്റേതായ ആശയങ്ങൾ വികസിപ്പിക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും തുടങ്ങി. തന്റെ ആശയങ്ങളും ഫലങ്ങളും കുറിച്ചുവെക്കുക അദ്ദേഹത്തിന്റെ ഒരു ശീലമായിരുന്നു.

അദ്ദേഹത്തിന്റ ഗവേഷണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന മൂന്നു ഗ്രന്ഥങ്ങൾ (പുസ്തകക്കുറിപ്പുകൾ) പുസ്തകമായി നമുക്കു ലഭ്യമായി. ഇവ രാമാനുജൻെറ കുറിപ്പുകൾ എന്നറിയപ്പെടുന്നു. ഗണിതപഠനത്തിൽ മുഴുകിയതിനാൽ

അദ്ദേഹത്തിന് തന്റെ കോളേജ് പഠനം പൂർത്തിയാക്കാനായില്ല. അദ്ദേഹം തന്റെ ആശയങ്ങൾ വികസിപ്പിക്കുകയും ജേർണൽ ഓഫ് ഇന്ത്യൻ ഗണിത ശാസ്ത്ര സൊസൈറ്റി എന്ന പ്രസിദ്ധീകരണത്തിൽ ഗണിത പ്രശ്നങ്ങൾ സംബന്ധിയായ പ്രശ്നങ്ങളും അവയുടെ നിർദ്ധാരണങ്ങളും ഉൾക്കൊള്ളുന്ന ലേഖനങ്ങൾ എഴുതി. 1911ൽ ബർണോലി സംഖ്യകളെക്കുറിച്ച് അദ്ദേഹം അത്യുജ്ജ്വലമായ ഒരു പ്രബന്ധം മേൽ പ്രസിദ്ധീകരണത്തിൽ പ്രസിദ്ധപ്പെടുത്തി. ഇത് അദ്ദേഹത്തിന് അംഗീകാരം നേടിക്കൊടുക്കുകയും മദ്രാസ് മേഖലയിൽ അറിയപ്പെടുന്ന ഗണിതശാസ്ത്രജ്ഞനായി അദ്ദേഹം മാറുകയും ചെയ്തു.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവം ഉപജീവനോപാധി കണ്ടെത്തുന്നതിൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രയാസമുണ്ടാക്കി. വളരെയധികം ബുദ്ധിമുട്ടി മദ്രാസ് പോർട്ട് ട്രസ്റ്റിൽ ഒരു ഗുമസ്തജോലി തരപ്പെടുത്തി അവിടെ അദ്ദേഹത്തിനു ഗണിത ശാസ്ത്ര പരിശീലനം ലഭിച്ച നിരവധി പേരെ പരിചയപ്പെടാൻ ഭാഗ്യം സിദ്ധിച്ചു. എ.ഒ. ഹാർഡിയുടെ അനന്യക്രമങ്ങൾ (ഓർഡേഴ്സ് ഓഫ് ഇൻഫിനിറ്റി) എന്ന ഗ്രന്ഥം വായിക്കുകയും അദ്ദേഹത്തിന് ഒരു കത്തയക്കുകയും ചെയ്തു. പ്രസ്തുത കത്തിൽ 120 സിദ്ധാന്തങ്ങളും സൂത്രവാക്യങ്ങളും രാമാനുജൻ പ്രതിപാദിക്കുകയുണ്ടായി. രാമാനുജന്റെ പ്രതിഭ ഹാർഡി അതിവേഗം തിരിച്ചറിയുകയും അദ്ദേഹത്തെ ലണ്ടനിലേയ്ക്ക് ക്ഷണിക്കുകുയം ചെയ്തു. വേണ്ടത്ര വിദ്യാഭ്യാസ യോഗ്യതയില്ലാതിരുന്നിട്ടുകൂടി ലണ്ടനിലെ ട്രിനിറ്റി കോളേജിൽ പ്രവേശനം നേടാൻ സഹായിക്കുകയും രണ്ടുവർഷത്തിൽ കുറഞ്ഞ കാലയളവുകൊണ്ട് തന്നെ ബി.എസ്സ്.സി ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു.ജെ.ഇ.ലിറ്റിൽവുഡ്, ഹാർഡി എന്നിവരോടൊപ്പം ചേർന്ന് രാമാനുജൻ ഗണിതശാസ്ത്ര മേഖലയിൽ അത്ഭുതകരമായ സംഭാവനകൾ നൽകി. അദ്ദേഹം ലണ്ടനിൽ വച്ച് ധാരാളം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. റോയൽ സൊസൈറ്റി ഓഫ് ലണ്ടനിൽ ഫെല്ലോഷിപ്പ് നേടുന്ന രണ്ടാമത്തെ ഇന്ത്യാക്കാരനും ട്രിനിറ്റി കോളേജിൽ ഫെലോഷിപ്പുനേടുന്ന ആദ്യത്തെ ഇന്ത്യാക്കാരനുമാണ് ശ്രീ.രാമാനുജൻ.രാമാനുജന് സംഖ്യകളുമായി ഗാഢ സൗഹൃദമായിരുന്നു.1917–ൽ അദ്ദേഹം ഗുരുതരമായി രോഗബാധിതനായെങ്കിലും സംഖ്യകളുമായുള്ള സൗഹൃദം തുടർന്നു. നിർഭാഗ്യവശാൽ 1919ൽ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വഷളാകുകയം ഇന്ത്യയിലേയ്ക്കു തിരിച്ചവരികയും ചെയ്തു. 1920ൽ അദ്ദേഹം നിര്യാതനായി. ഗണിതശാസ്ത്രമേഖലയിൽ നേട്ടം കൊയ്ത അദ്ദേഹത്തിന്റെ അസാമാന്യ ധിഷണാപാടവം മഹത്തായ ഗണിതശാസ്ത്ര ആശയങ്ങളുടെ ഉറവിടവും ജന്മസ്ഥലവും ഇന്ത്യയിലാണെന്ന് ഒരിക്കൽ കൂടി തെളിയിക്കുന്നു.

## 17.2 ചന്ദ്രശേഖരൻ വി.രാമൻ (1888–1970)

സി.വി.രാമൻ എന്നറിയപ്പെട്ടിരുന്ന ചന്ദ്രശേഖരൻ വി.രാമൻ മഹത്തായ ഒരു ശാസ്ത്രജ്ഞൻ മാത്രമായിരുന്നില്ല. മനുഷ്യ ക്ഷേമവും മഹത്വവും ഉദ്ഘോഷിച്ച അസാമാന്യ പ്രതിഭാശാലിയും കൂടി ആയിരുന്നു. അദ്ദേഹത്തിനു1930ൽ ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ഈ പുരസ്ക്കാരം നേടുന്ന ആദ്യത്തെ ഏഷ്യക്കാരന്നായിരുന്നു അദ്ദേഹം.സി.വി.രാമൻ 1988 നവംബർ 7 ന് തമിഴ്നാട്ടിലെ തിരുച്ചറപ്പള്ളിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഗണിതശാസ്ത്ര – ഭൗതിക ശാസ്ത്ര പ്രോഫസർ ആയിരുന്നു. സംഗീതം, സംസ്കൃത സാഹിത്യം, ശാസ്ത്രം എന്നിവ കൂടിച്ചേർന്ന പരിതസ്ഥിതിയിൽ

വളർന്ന സി.വി.രാമന് അന്വേഷണതൃഷ്ണ ബുദ്ധി ഏകാഗ്രത എന്നിവ പ്രകൃതി വരദാനമായി നൽകിയ അസാമാന്യ ശക്തികളായിരുന്നു. വളരെ ചോറുപ്പത്തിൽ തന്നെ അദ്ദേഹം പ്രശസ്തനായ ഒരു ബാലപ്രതിഭയായിരുന്നു. ഇന്ത്യൻ ഓഡിറ്റ് & അക്കൗണ്ട് പരിക്ഷയിൽ ഒന്നാം സ്ഥാനം നേടിയ അദ്ദേഹം തന്റെ പത്തൊമ്പതാം വയസ്സിൽ കൽക്കത്ത ധനകാര്യവകുപ്പിൽ അസിസ്റ്റന്റ് അക്കൗണ്ട് ജനറലായി നിയമിതനായി. ശാസ്ത്രത്തോടുള്ള ആഭിമുഖ്യം കാരണം ഉന്നതമായ ഈ ജോലി ത്യജിച്ചുകൊണ്ട് കൽക്കത്ത യൂണിവേഴ്സിറ്റിയിലെ സയൻസ് കോളേജിൽ ഭൗതികശാസ്ത്ര പ്രൊഫസറായി അദ്ദേഹം ജോലി സ്വീകരിച്ചു. സംഗീതത്തോട് അദ്ദേഹത്തിന് അഗാതമായ അഭിനിവേശമായിരുന്നു. മൃദംഗം, തബല, വയലിൻ, വീണ എന്നീ വാദ്യോപകരണങ്ങൾ അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. അദ്ദേഹം 1921ൽ ലണ്ടൻ റോയൽ സൊസൈറ്റിയിൽ തന്ത്രിവാദ്യസിദ്ധാന്തം സംബന്ധിച്ച ഒരു പ്രബന്ധം അവതരിപ്പിച്ചു. 1924ൽ ലണ്ടൻ റോയൽ സൊസൈറ്റി അദ്ദേഹത്തിന് ഫെല്ലോഷിപ്പ് നൽകി.

ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്രാമദ്ധ്യേ സമുദ്രത്തിന്റെ നീലനിറം അദ്ദേഹത്തിന്റെ സവിശേഷ ശ്രദ്ധ ആകർഷിച്ചു വമ്പൻ തീരമാലകൾക്കിടയിലും നിലനിൽക്കുന്ന ഈ നീലനിറത്തിന്റെ രഹസ്യം അറിയാൻ അദ്ദേഹത്തിന്റെ ജിജ്ഞാസ വളർന്നു. അദ്ദേഹത്തിന്റെ അന്തർജ്ഞാനം പ്രവർത്തിക്കുകയും ജലതന്മാത്രകളാൽ സൂര്യകിരണങ്ങൾ ഭേദിക്കപ്പെടുന്നതിനാലാണ് ഇത് സംഭവിക്കുന്നതെന്ന് കണ്ടെത്തുകയും ചെയ്തു. ധാരാളം പരീക്ഷണ നിരീക്ഷണങ്ങൾക്ക് ശേഷം ജലതന്മാത്രകളിലുള്ള പ്രകാശ പ്രക്രീർണ്ണനം സംബന്ധിച്ച് സുദീർഘമായ ഒരു പ്രബന്ധം തയ്യാറാക്കി ലണ്ടനിലെ റോയൽ സൊസൈറ്റിക്ക് അയച്ചു കൊടുത്തു. ഈ അത്യുജ്ജ്വല പ്രതിഭയുടെ കണ്ടെത്തലിൽ ശാസ്ത്രലോകം അത്ഭുതം പ്രകടിപ്പിച്ചു.

### രാമൻ പ്രഭാവം

സുതാര്യവസ്തുവിലൂടെ ഒരു ഏകവർണ്ണ പ്രകാശകിരണം കടന്നുപോകുമ്പോൾ അത് പ്രകീർണ്ണനം ചെയ്യുന്നു. രാമൻ ഈ ചിതറിയ പ്രകാശത്തെ കുറിച്ച് പഠനം നടത്തി. ഏകവർണ്ണപ്രകാശകിരണം കടന്നു പോകുമ്പോൾ അതിനു സമാന്തരമായി തീവ്രതകുറഞ്ഞ രണ്ടുവർണ്ണരേഖകൾ അദ്ദേഹം കണ്ടെത്തി. കടന്നുപോയ പ്രകാശം ഏകവർണ്ണ കിരണമാണെങ്കിലും ചിതറിയ പ്രകാശം ഏകവർണ്ണമല്ല എന്ന് കണ്ടെത്തി പ്രകൃതിയിൽ ഒളിഞ്ഞിരുന്ന ഒരു അപൂർവ്വ പ്രതിഭാസമാണ് പ്രശസ്തമായ രാമൻ പ്രഭാവമായി മാറിയത്. ചിതറിയ വർണ്ണരേഖകൾ "രാമൻലൈൻ" എന്നറിയപ്പെട്ടു. ശാസ്ത്രലോകം പ്രകാശം തരംഗമായിട്ടാണോ കണികയായിട്ടാണോ എന്ന സമസ്യയിൽ തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ ഫോട്ടോൺ എന്ന കിരണങ്ങളാൽ നിർമ്മിതമാണ് പ്രകാശമെന്ന് രാമൻ പ്രഭാവം തെളിയിച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ അതിബൃഹത്തായ ആത്മവിശ്വാസം വളർത്തിയ മഹാനായ അധ്യാപകനും മാർഗ്ഗദർശിയുമായിരുന്നു ഡോ.രാമൻ. ഇംഗ്ലണ്ടിലെ ശാസ്ത്രജ്ഞന്മാർ 5 ഗണിതശക്തിയുള്ള എക്സ്റേ ഉപകരണം ഉപയോഗിക്കുമ്പോൾ ഗണിതശക്തിയുള്ള എക്സ്റേ ഉപകരണം ഉപയോഗിക്കേണ്ടിവന്ന ശിഷ്യന്റെ താത്പര്യക്കുറവ് ശ്രദ്ധയിൽപ്പെട്ട അദ്ദേഹം ശിഷ്യനെ തന്റെ 10 ഗണിതശക്തിയുള്ള മസ്തിഷകം ഉപയോഗിക്കാൻ പ്രചോദിപ്പിച്ചു. നമുക്കു പകർത്താനുള്ള വലിയ ഒരു മാതൃകയാണ് ഡോക്ടർ രാമന്റെ ജീവിതം. ബ്രിട്ടീഷ് ഭരണത്തിലായിരുന്ന ഇന്ത്യയിലെ പരീക്ഷണ

നിരീക്ഷണങ്ങൾക്കുള്ള അടിസ്ഥാന സൗകര്യം വളരെ പരിമിതമായിരുന്നു ഒരു കാലത്ത് രാമൻ തന്റെ മഹത്തായ മസ്തിഷ്കം പരീക്ഷണശാലയാക്കി. തങ്ങളുടെ മാനസിക ശക്തി മാത്രം ഉപയോഗിച്ചുകൊണ്ട് നമ്മുടെ പൂർവ്വികരായിരുന്ന ശാസ്ത്രജ്ഞർ മഹത്തായ സിദ്ധാന്തങ്ങൾ എങ്ങനെ രൂപപ്പെടുത്തിയെന്ന് രാമൻ തന്റെ ജീവിതത്തിലൂടെ തെളിയിച്ചു.

## 17.3 ജഗദീഷ് ചന്ദ്രബോസ് (1858-1937)

നമ്മുടെ രാജ്യത്തിന് കീർത്തിയും ബഹുമാനവും നേടിക്കൊടുത്ത ആധുനിക ഇന്ത്യയിലെ മറ്റൊരു മഹാനായ ശാസ്ത്രജ്ഞനാണ് ജെ.സി.ബോസ്. 1858 നവംബർ 30-ാം തീയ്യതി ഇന്നത്തെ ബംഗ്ലാദേശിലെ മൈമൻസിംഗ് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. അവിടത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസവും. കൽക്കത്തയിലെ സെന്റ് സേവ്യർ കോളേജിലായിരുന്നു അദ്ദേഹത്തിന്റെ ഉന്നത വിദ്യാഭ്യാസം. 1885ൽ അദ്ദേഹം പ്രസിഡൻസി കേളേജിൽ ഭൗതികശാസ്ത്രത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിതനായി. ഒരു ഇംഗ്ലീഷുകാരനു കിട്ടുന്ന ശമ്പളത്തിന്റെ പകുതി ശമ്പളം വാങ്ങാൻ അദ്ദേഹം കൂട്ടാക്കിയില്ല. പുരാതനകാലത്ത് ശാസ്ത്രമേഖലയിൽ ഇന്ത്യയ്ക്കുണ്ടായിരുന്ന ഖ്യാതി തിരിച്ചു പിടിക്കാനായി അദ്ദേഹം ഒരു ശാസ്ത്രജ്ഞനാകാൻ തീരുമാനിച്ചു. വൈദ്യുത തരംഗത്തിന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് പഠിക്കാനായി അദ്ദേഹം ഒരു പരീക്ഷണ സാമഗ്രി ഉണ്ടാക്കി. വൈദ്യുത കാന്തിക വികിരണത്തെക്കുറിച്ചും വിദ്യുത് രശ്മികളുടെ ധ്രൂവീകരണത്തെക്കുറിച്ചുമുള്ള പ്രബന്ധത്തിന് 1917ൽ അദ്ദേഹത്തിന് പ്രഭുപട്ടവും 1920ൽ ലണ്ടൻ റോയൽ സൊസൈറ്റിയിൽ വിശിഷ്ഠാംഗത്വവും ലഭിച്ചു. ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യൻ ശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. സസ്യവളർച്ചയുടെയും ചലനത്തിന്റെയും ഒരു മില്ലി മീറ്ററിന്റെ ദശലക്ഷത്തിലൊരുഭാഗംപോലും രേഖപ്പെടുത്താൻ കഴിയുന്ന ക്രെസ്ക്രോഗ്രാഫിന്റെ കണ്ടുപിടിത്തം ജെ.സി.ബോസിനെ ലോക പ്രസിദ്ധനാക്കി. ക്രെസ്കോഗ്രാഫിലെ ഗ്രാഫ് മുഖാന്തിരം സസ്യങ്ങൾക്ക് തനതായ ഒരു ചംക്രമണ വ്യവസ്ഥകൂടിയുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. ജീവകോശങ്ങളുടെ പ്രർത്തനഫലമായിട്ടാണ് സസ്യങ്ങളിലെ (സാപ്) പൊത്തിന്റെ മുകളിലോട്ടുള്ള വ്യാപനമുണ്ടാകുന്നതെന്നും അദ്ദേഹം ക്രെസ്കോഗ്രാഫിന്റെ സഹായത്തോടെ കാണിച്ചുകൊടുത്തു.

ലോഹങ്ങൾ കൂടി ബാഹ്യപ്രേരണയുടെ ഫലമായി പ്രതികരിക്കുന്നുവെന്ന് തെളിയിക്കുന്ന ബോസ് ഉപകരണങ്ങളെന്ന്, ലോകവ്യാപകമായി അറിയപ്പടുന്ന മറ്റനവധി ഉപകരണങ്ങൾ അദ്ദേഹം നിർമ്മിച്ചു. കത്രകയിലും ഉപകരണങ്ങളിലും ഉപയോഗിക്കുന്ന ഉരുക്കും ലോഹങ്ങളും എങ്ങനെ ക്ഷീണിതമാകുന്നുവെന്നും ഒരു നിശ്ചിത കാലയളവിലെ നിശ്ചലതയ്ക്കുശേഷം കാര്യക്ഷമത തിരിച്ചു പിടിക്കുന്നതെങ്ങനെയെന്നും ബോസ് ഉപകരണങ്ങൾ കാണിക്കുന്നു. ക്രെസ്കോഗ്രാഫ് ബോസ് ഉപകരണങ്ങൾ എന്നിവ കൂടാതെ മാർക്കോണിക്കു മുമ്പുതന്നെ കമ്പിരഹിത ഉപകരണങ്ങളും അദ്ദേഹം കണ്ടുപിടിച്ചിരുന്നു. വൈദ്യുത തരംഗങ്ങളുടെ വക്രീകരണം സൂചിപ്പിക്കുന്ന ഉപകരണവും വയർലെസ് കൊഹെറർ (Wireless Coherer) ഉം ആദ്യമായി കണ്ടെത്തിയത് അദ്ദേഹമായിരുന്നു ഇക്കാര്യം ആരെങ്കിലും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു "കണ്ടത്തിയ ആളെക്കാൾ മാനവരാശിക്ക് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കണ്ടെത്തലാണിത്."



കുറിപ്പുകൾ :

## പാഠഭാഗ ചോദ്യങ്ങൾ 17.1

1. ഇന്ത്യയുടെ ആണവശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

2. ശ്രീനിവാസ രാമാനുജൻ ഏതുമേഖലയിലാണ് മികവുതെളിയിച്ചത്?

3. ഇന്ത്യൻ മാത്തമാറ്റിക്സ് സൊസൈറ്റി പ്രസിദ്ധീകരിച്ച ശ്രീനിവാസ രാമാനുജന്റെ കൃതി ഏത്?

4. അനന്യക്രമങ്ങൾ (ഓർഡേർസ് ഓഫ് ഇൻഫിനിറ്റി) എഴുതിയത് ആരാണ്?

5. എന്നാണ് സി.വി. രാമന് നോബൽ സമ്മാനം ലഭിച്ചത്?

6. ഇംഗ്ലണ്ടിലേക്കുള്ള യാത്രാമദ്ധ്യേ സി.വി.രാമനെ ഏറ്റവുമധികം ആകർഷിച്ചത് എന്ത്?

7. സി.വി. രാമൻ ലണ്ടനിലെ റോയൽ സൊസൈറ്റിക്ക് അയച്ചുകൊടുത്ത പ്രബന്ധം ഏത്?

8. രാമൻ പ്രഭാവം എന്നാൽ എന്ത്?

9. ഫ്രോട്ടോൺസ് എന്നാൽ എന്ത്?

10. ജഗദീഷ് ചന്ദ്രബോസിന് ലണ്ടനിലെ പ്രഭുപട്ടം നേടിക്കൊടുത്ത കൃതി ഏത്?

11. ക്രെസ്ക്കോഗ്രാഫ് കണ്ടുപിടിച്ചതാര്?

12. ക്രെസ്ക്കോഗ്രാഫിന്റെ ഉപയോഗം എന്ത്?

13. ആദ്യത്തെ വയർലെസ് കൊഹറെറർ കണ്ടുപിടിച്ചത് ആര്?

## 17.4 ഹോമി ജഹാംഗീർ ബാബ 1909-1966)

മഹാനായ ഒരു ശാസ്ത്രജ്ഞനായരുന്നു ഡോ.ഹോമി ജഹാംഗീർ ബാബ. ഇന്ത്യൻ ആണവശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഹോമി ജെ.ബാബയാണ് ഇന്ത്യയെ ആണവ യുഗത്തിലേയ്ക്കു നയിച്ചത്. പ്രശസ്തമായ ഒരു പാഴ്സി കുടുംബത്തിൽ 1909 ഒക്ടോബർ 30നാണ് ഹോമി ജെ.ബാബ ജനിച്ചത്. കുട്ടിയായിരിക്കുമ്പോൾ തന്നെ തന്റെ ബുദ്ധിശക്തി പ്രകടിപ്പിക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.

അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം മുംബൈയിലായിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്ന് മെക്കാനിക്കൽ എൻജീനിയറിംഗിൽ ഒന്നാം ക്ലാസ്സോടെ ബിരുദം നേടുകയും അവിടെത്തന്നെ ഗവേഷണ പഠനംതുടരുകയും 1935 ൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. 1939 വരെ അദ്ദേഹം കോസ്മിക്

കുറിപ്പുകൾ :

വികിരണത്തെ ക്കുറിച്ചുള്ള മൗലികമായ ഗവേഷമങ്ങളായിരുന്നു നടത്തിയിരുന്നത്. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങിവന്നു.

ഡോക്ടർ സി.വി. രാമന്റെ അഭ്യർത്ഥനമാനിച്ച് അദ്ദേഹം ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിക്യൂട്ട് ഓഫ് സയസിൽ റീഡറായി ജോലി സ്വീകരിക്കുകയും തുടർന്ന് അദ്ദേഹം ഭൗതിശാസ്ത്ര പ്രൊഫസറാകുകയം ചെയ്തു. ഭൗതിക ശാസ്ത്രത്തിലെ ചില പുതിയ മേഖല കേന്ദ്രീകരിച്ച് ഗവേഷണപ്രവർത്തനങ്ങൾ നടത്താനുള്ള ആശയം ഉടലെടുത്തത് ഇവിടെ വെച്ചായിരുന്നു. അദ്ദേഹം ധീരമായ ഒരു തീരുമാനമെടുക്കുകയും ലോകത്തിലെ വലിയ ഒരാണവശക്തിയായി മാറ്റത്തക്കരീതിയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്ന ഒരു കത്ത് ദൊറാബ്ജിറ്റാറ്റായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മറ്റ് വിദേശിയ രാജ്യങ്ങളെ ഒട്ടും ആശ്രയിക്കാത്ത തരത്തിൽ വിദ്ഗധരെ വാർത്തെടുക്കാനാവും എന്ന് അദ്ദേഹം പ്രത്യശിച്ചു. തദ്ഫലമായി 1945ൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റിൽ റിസർച്ച് സ്ഥാപിതമായി

ഇന്ത്യയിലെ ആദ്യ ആറ്റമിക് റിസർച്ച് സെന്റർ ബാബ ആറ്റമിക് റിസർച്ച് സെന്റർ എന്ന പേരിൽ ടോംബെയിൽ സ്ഥാപിതമായി. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെയും തീവ്രശ്രമത്തിന്റെയും ഫലമായി ഇന്ത്യയുടെ ആദ്യ ആണവറിയാക്ടറായ “അപ്സര” സ്ഥാപിതമായി. 1948ൽ അദ്ദേഹം ഇന്ത്യൻ ആറ്റമിക് എനർജി കമ്മിഷന്റെ ആദ്യ ചെയർമാനായി നിയമിക്കപ്പെട്ടു. അന്തർദേശിയ തലത്തിൽ അദ്ദേഹത്തിന്റെ ആണവ ഗവേഷണങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഐക്യരാഷ്ട്ര സഭയുടെ കീഴിൽ നടന്ന ആണവശക്തിയുടെ സമാധാനപരമായ ഉപയോഗവുമായി ബന്ധപ്പെട്ട അന്തർദേശിയ സമ്മേളനത്തിന്റെ ചെയർമാനായി അദ്ദേഹം സേവനം ചെയ്തു. ഭാരതം അദ്ദേഹത്തിന് പത്മഭൂഷൺ ബഹുമതിനൽകി ആദരിച്ചു. 1966-ൽ ഒരു വിമാനാപകടത്തിൽ അദ്ദേഹം നിര്യാതനായി.

## 17.5 ഡോ.വിക്രം അംബലാൽ സാരാഭായ് (1919-1970)

ആധുനിക ഇന്ത്യയിലെ മഹത്തായ ഒരു ശാസ്ത്ര പ്രതിഭയായിരുന്നു വിക്രം സാരാഭായ്. ഇന്ത്യയുടെ ആദ്യ കൃതിമോപഗ്രഹമായ ആര്യഭട്ടയുടെ വിക്ഷേപണത്തിന്റെ പിന്നിൽ പ്രവർത്തിച്ച മുഖ്യശിൽപി അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ നടത്തിയിരുന്ന വിദ്യാലയത്തിൽ തന്നെയായിരുന്നു പ്രാഥമിക പഠനം. കോസ്മിക് കിരണങ്ങളെക്കുറിച്ച് ഡോക്ടർ സി.വി.രാമന്റെ കീഴിൽ പഠനം നടത്തുകയും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടുകയും ചെയ്തു. ബഹിരാകാശത്തുനിന്നു വരുന്ന ഊർജ്ജകണികകളുടെ പ്രവാഹമാണ് കോസ്മിക് കിരണങ്ങളെന്ന് അദ്ദേഹത്തിന്റെ പഠനങ്ങൾ വ്യക്തമാക്കി. ഭൂമിയിലെത്തുമ്പോഴെക്കും ഈ കിരണങ്ങളെ സൂര്യനും, ഭൂമിയുടെ അന്തരീക്ഷവും കാന്തികശക്തിയും സ്വാധീനിക്കുന്നു.

ഡോക്ടർ സാരാഭായ് ഒരു ബഹുമുഖ പ്രതിഭയായിരുന്നു. അദ്ദേഹം മഹാനായയൊരു വ്യവസായി കൂടിയായിരുന്നു. അദ്ദേഹം സ്ഥാപിച്ച വ്യവസായങ്ങളാണ് സാരാഭായ് കെമിക്കൽസ് സാരാഭായ് ഗ്ലാസ്സ്, സാരാഭായ് നൈജീലിമി, സാരാഭായ് മെർക്ക് ലിമി മുതലായവ. മിലിട്ടറി ഉപകരണങ്ങൾ ആന്റിബയോട്ടിക്കുകൾ, പെന്നിസിലിൻ എന്നിവയുടെ നിർമ്മാണസ്ഥാപനങ്ങൾ തുടങ്ങുക വഴി ഇന്ത്യയ്ക്ക് കോടികണക്കിന് രൂപാ ലാഭിക്കാൻ കഴിഞ്ഞു. ഇത്തരം സാധനങ്ങൾ മുൻകാലങ്ങളിൽ വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാ

കുറിപ്പുകൾ :

യിരുന്നു പതിവ്. അഹമ്മദാബാദ് ടെക്സ്റ്റെയിൽ അസ്സോസിയേഷൻ അഹമ്മദാബാദ് മണി അസ്സോസിയേഷൻ എന്നിവയുടെ സ്ഥാപകൻ കൂടിയായിരുന്നു അദ്ദേഹം. ഇത്തരത്തിൽ നിരവധി വിജയകരമായ സംരംഭങ്ങൾ അദ്ദേഹം സ്ഥാപിച്ചു. ഇന്ത്യൻ നാഷണൽ കമ്മീഷൻ ഫോർ സ്പേസ് റിസർച്ച് (INCOSPAR), ആറ്റമിക് എനർജി കമ്മീഷൻ എന്നിവയുടെ ചെയർമാനായിരുന്നു. ഡോ.സാരാഭായ് തുമ്പ റോക്കറ്റ് വിക്ഷേപണകേന്ദ്രം സ്ഥാപിക്കുന്നതിന് (TERLS) നേതൃത്വം നൽകി. ഉപഗ്രഹവാർത്താവിനിമയത്തിലൂടെ ഗ്രാമീണ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു. 1966–ൽ പത്മഭൂഷൺ ബഹുമതിയും മരണാനന്തരം പത്മഭൂഷൺ ബഹുമതിയും നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു. രാഷ്ട്രത്തിന് വമ്പിച്ച ഒരു നഷ്ടമായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.

## 17.6 ഡോ.എ.പി.ജ. അബദുൾ കലാം

ഇന്ത്യയുടെ 11–ാമത് പ്രസിഡന്റായ ഡോക്ടർ എ.പി.ജെ. അബ്ദുൾ കലാം തമിഴ്നാട്ടിലെ രാമേശ്വരത്തെ ഒരു മധ്യവർഗ്ഗ തമിഴ് കുടുംബത്തിൽ 1931ഒക്ടോബർ 15നാണ് ജനിച്ചത്. ഡോ.കലാമിന്റെ പ്രാഥമിക വിദ്യാഭ്യാസം രാമേശ്വരത്തായിരുന്നു. രാമനാഥപുരത്തെ ഷ്വവർട്ട് ഹൈസ്ക്കൂളിൽ നിന്ന് 10–ാം ക്ലാസ്സും, മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഏറോനോട്ടിക്കൽ എൻജിനീയറിംഗൽ ബിരുധവും നേടി.

അദ്ദേഹം 1963മുതൽ 1982വരെ ISRO യിൽ സേവനമനുഷ്ഠിച്ചു. വിക്രം സാരാഭായ് സ്പെസ് സെന്ററിൽ വെച്ച് ഡോ. കലാം SLV എന്ന ബഹിരാകാശപേടക വിക്ഷേപണ വാഹനം വികസിപ്പിച്ചു. ഈ വാഹനമായിരുന്നു രോഹിണിയെന്ന ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചത്.1982–ൽ ഇന്ത്യയുട സംയോജിത മിസൈൽ വികസന പരിപാടിയുടെ (IGMDP) ഉത്തരവാദിത്വം ഉഞ്ഞളഛ ഡയറക്ടർ എന്ന നിലയിൽ ഡോ.കലാം ഏറ്റെടുത്തു.

രാജ്യരക്ഷാ സേവനത്തിനുള്ള 5 പദ്ധതികൾ അദ്ദേഹം വികസിപ്പിച്ചു. പൃഥി, ത്രിശൂൽ, ആകാശ്, നാഗ്, അഗ്നി എന്നിവയാണവ. സ്വാശ്രയത്വത്തിന്റെ കാലഘട്ടത്തിലേക്ക്  അദ്ദേഹം ഇന്ത്യയെ നയിച്ചു. ഉപരിതല– ഉപരിതല മിസൈലായ അഗ്നി ഒരു മഹത്തായ നേട്ടം തന്നെയാണ്. അതിന്റെ വിജയകരമായ പരീക്ഷണം ഇന്ത്യയെ വികസിതരാജ്യങ്ങൾക്കൊപ്പമെത്തിച്ചു. അഗ്നിയുടെ നിർമ്മാണത്തിനുപയോഗിച്ച ഭാരരഹിത കാർബൺ വസ്തുക്കൾ പോളിയോ ബാധിതർക്ക് കൃത്രിമക്കാൽ നിർമ്മിക്കുന്നതിന് ഉപയോഗിച്ചുവരുന്നു. കൃത്രിമക്കാലുകളുടെ ഭാരം 4 കിലോമിൽ നിന്നും 400 ഗ്രാമായി ചുരുക്കാൻ ഇതുവഴിയായി സാധ്യമായി. മനുഷ്യരാശിക്കുതന്നെ വലിയ  ഒരനുഗ്രഹമാണ് ഈ കണ്ടുപിടുത്തം. ഹൃദയരോഗികൾക്ക് ധമനിയിലെ തകരാറുമാറ്റുന്ന നൂതന ചികിത്സാരീതിയായ ബലൂൺ ആൻജിയോ പ്ലാസ്റ്റി എന്ന ചികിത്സയ്ക്ക്  ഉപയോഗിക്കുന്ന സ്റ്റെൻഡ് എന്നു വിളിക്കുന്ന വസ്തുക്കളും ഉപയോഗിക്കുന്നു.

ഇന്ത്യയുടെ ആത്മചൈതന്യത്തിന്റെ ഉത്തമമാതൃകയാണ് ഡോക്ടർ കലാം. ഇന്ത്യൻ പാരമ്പര്യത്തിന്റെയും മതത്തിന്റെയും യഥാർത്ഥ പിൻമുറക്കാരനാണ് ഡോ. കലാം മതവും തത്വചിന്തയുമായി അദ്ദേഹം ശാസ്ത്രത്തെ കൂട്ടിയിണക്കി അന്തരാത്മാവിനാൽ പ്രചേദിതനായി സിസ്വാർത്ഥമായി കർമ്മം ചെയ്യണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ബാഹ്യപ്രചോദനത്തെക്കാൾ ആന്തരാത്മാവിനെ ആശ്രയിക്കണമെന്ന വിശ്വാസക്കാരനാണ് അദ്ദേഹം.എനിക്കു ഭൗതീകമായ ജംഗമവസ്തുക്കൾ ഒന്നും തന്നെയില്ല. ഞാനൊന്നും ആർജ്ജിച്ചിട്ടില്ല. ഒന്നും നിർമ്മി

ക്കുകയോ കൈവശം വെക്കുകയോ ചെയ്തിട്ടില്ല. എനിക്ക് കുടുംബമില്ല, മകനും മകളുമില്ല. ഡോ. കലാം പറയുന്നു.

## പാഠഭാഗചോദ്യങ്ങൾ 17.2

1. ഡോ. ഹോമി ജെ. ബാബായുടെ ഗവേഷണ ഗ്രന്ഥമേത് ?

2. 1945 ൽ ഡോ. ബാബയുടെ പൂർവ്വ ഗേഹത്തിൽ ആരംഭിട്ട സ്ഥാപനമേത് ?

3. ആദ്യ ആണവറിയാക്ടറിന്റെ പേരെന്ത് ?

4. കോസ്മിക് കിരണങ്ങൾ എന്ത് ?

5. എങ്ങനെയാണ് ഡോ. വിക്രം സാരാഭായ്ക്ക് കോടിക്കണക്കിന് ഇന്ത്യൻ രൂപാ ലാഭിക്കാൻ കഴിഞ്ഞത് ?

6. ടെറൽസ് (TERELS) എന്നാൽ എന്ത് ?

7. ഡോ. എ. പി. ജെ. അബ്ദുൾ കലാം രാജ്യരക്ഷക്കുവേണ്ടി വികസിപ്പിച്ച പദ്ധതിയുടെ പേരെഴുതുക ?

8. പോളിയോ ബാധിച്ച ജനങ്ങളെ ഡോ. കലാം എങ്ങനെയാണ് സഹായിച്ചത്?

## നിങ്ങൾ എന്തുപഠിച്ചു

* ഗണിതശാസ്ത്ര മേഖലയിൽ മഹത്തായ നിരവധി നേട്ടങ്ങൾ ആർജ്ജിച്ച ഇന്ത്യയുടെ മഹാനായ ഗണിതശാസ്ത്ര പ്രതിഭയായിരുന്നു ശ്രീനിവാസരാമാനുജൻ.

* 1930 ൽ ഭൗതിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ അസാമാന്യമായ ഇന്ത്യൻ ശാസ്ത്രജ്ഞനായിരുന്നു സി.വി. രാമൻ. ഫോട്ടോൺ എന്ന കണികകളാൽ നിർമ്മിതമാണ് പ്രകാശമെന്ന അദ്ദേഹത്തിന്റെ കണ്ടെത്തൽ രാമൻപ്രഭാവം എന്ന പേരിൽ അറിയപ്പെടുന്നു.

* സസ്യങ്ങളുടെ ചലനവും വളർച്ചയും രേഖപ്പെടുത്തുന്ന കെസ്കോഗ്രാഫ് കണ്ടുപുടിച്ചത് ഡോ. ജെ. സി. ബോസായിരുന്നു. ബോസ് ഉപകരണങ്ങളെന്നറിയപ്പെടുന്ന. മറ്റനവധി ഉപകരണങ്ങളും അദ്ദേഹം രൂപകല്പന ചെയ്തു.

* ഇന്ത്യയെ ആണവ യുഗത്തിലേക്ക് നയിച്ച മഹാനായ മറ്റൊരു ശാസ്ത്രജ്ഞനാണ്

ഡോ. ഹോമി ജഹാംഗീർ ബാബ

* ഇന്ത്യയുടെ ആദ്യഉപഗ്രഹമായ ആര്യഭട്ടയുടെ വിക്ഷേപണത്തിന് പിന്നിൽ പ്രവർത്തിച്ച ആധുനിക ഇന്ത്യയിലെ മഹാനായ ശാസ്ത്രപ്രതിഭയാണ് ഡോ. വിക്രം സാരാഭായി. നിരവധി വ്യവസായങ്ങൾ സ്ഥാപിച്ച വൻ വ്യവസായി കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം ഇന്ത്യൻ നാഷണൽ കമ്മീഷൻ ഫോർ സ്പേസ് റിസർച്ച് അറ്റമിക് എനർജി കമ്മീഷൻ എന്നിവയുടെ ചെയർമാനായിരുന്നു.

* ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു ഡോ. എ.പി.ജെ. അബ്ദുൾ കലാം രോഹിണിയെന്ന ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചു. എസ്. എൽ. വി. 3 എന്ന റോക്കറ്റ് വിക്ഷേപണ വാഹനം വികസിപ്പിച്ചു. ഡി. ആർ. ഡി. ഒ. ഡയറക്ടർ എന്ന നിലയിൽ പൃഥി, ആകാശ്, നാഗ്, അഗ്നി എന്നീ രാജ്യരക്ഷാപദ്ധതികൾ

കുറിപ്പുകൾ :

അദ്ദേഹം വികസിപ്പിച്ചു. ഇന്നും ഇന്ത്യൻ യുവത്വത്തിന്റെ മാർഗ്ഗദീപമായ്അ ദ്ദേഹം വിരാചി ക്കുന്നു.

## പാദാവസാന അഭ്യാസങ്ങൾ

1. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ജഗദീഷ് ചന്ദ്രബോസ് നൽകിയിട്ടുള്ള സംഭാവനകൾ വിവരിക്കുക ?

2. ഒരു സൂപ്പർ ആണവശക്തിയാക്കാനുള്ള ഡോ. ഹോമി ജെ. ബാബയുടെ പരിശ്രമങ്ങൾ വിശദീകരിക്കുക?

3. നമ്മുടെ പൂർവ്വികന്മാർ അവരുടെ മസ്തിഷ്കത്തിന്റെ ശക്തിയാൽ മഹത്തായ സിദ്ധാന്തങ്ങൾ രൂപംകൊടുത്തു എന്ന് എങ്ങനെ സി. വി. രാമന് തെളിയിക്കാൻ കഴിഞ്ഞു?

4. ഇന്ത്യയുടെ ചൈതന്യത്തിന്റെ യഥാർത്ഥപ്രതീകമാണ് ഡോ. കലാമിന്റെ ജീവിതം വിശദമാക്കുക ?

## ഉത്തരങ്ങൾ

### 17.1

1. ഹോമി ജെ.ബാബ

2. അങ്കഗണിതം

3. ബർണോലി സംഖ്യകളെപ്പറ്റിയുള്ള ഒരു ഗവേഷണ പ്രബന്ധം

4. ജി.എച്ച്.ഹാർഡി

5. 1930 ൽ

6. കടലിന്റെ നീലനിറം

7. ഏക തന്മാത്രവിസരണം

8. ഇടമുറിഞ്ഞുള്ള പ്രകാശ രശ്മികളിൽ ഏകവർണ്ണപ്രകാശകിരണം അഥവാ ഒരു തരംഗ ദൈർഘ്യമുള്ള പതന രശ്മിക്ക് സമാന്തരമായ കുറഞ്ഞ തീവ്രത മുള്ള രണ്ടു (വർണ്ണരാജിയെസംബന്ധച്ച) വർണ്ണരേഖകളുണ്ട്

9. കണികകൾ യോജിച്ച് പ്രകാശമുണ്ടാക്കുന്നു.

10. ഇലക്ട്രോമാഗ്നറ്റിക് റേഡിയേഷനും പോളറൈസേഷൻ എന്നിവയെപറ്റി യുള്ള പ്രബന്ധത്തിന്

11. ജഗദീഷ് ചന്ദ്രബോസ്

12. ഒരു സസ്യത്തിന്റെ ഒരു സെന്റിമീറ്റർ വളർച്ചയുടെ ദശലക്ഷത്തിലൊരംശവും ചലനവും


13. ജഗദീഷ് ചന്ദ്രബോസ്

### 17.2

1. കോസ്മിക് റേഡിയേഷൻ

2. റ്റാറ്റാ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് (TIFR)

3. അപ്സര



*കുറിപ്പുകൾ :*

4. കോസ്മിക് രശ്മികൾ ബഹിരാകാശത്തുനിന്നു വരുന്ന ഊർജ്ജകണങ്ങളുടെ പ്രവാഹമാണ്.

5. അദ്ദേഹം ഇന്ത്യയിൽ സൈനീക ഉപകരണങ്ങളുടെയും ജീവൻരക്ഷാ ഔഷധങ്ങളുടെയും പെൻസിലിന്റെയും ഉല്പാദനം ആരംഭിച്ചു.

6. തുമ്പ ഇക്വിറ്റോറിയൽ റോക്കറ്റ് വിക്ഷേപണ കേന്ദ്രം

7. പൃഥ്വി, തൃശൂൽ, ആകാഷ്, നാഗ് അഗ്നി.

8. അദ്ദേഹം കാലിഫേർസിന്റെ ഭാരം 4 കിലോഗ്രാമിൽ നിന്നും 400ഗ്രാമാക്കി കുറച്ചു.



കുറിപ്പുകൾ :

# 18

# ഇന്ത്യയിലെ വിദ്യാഭ്യാസം

ശാസ്ത്രം, മതം, വാസ്തുവിദ്യ, കല തുടങ്ങിയ സംസ്കാരത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചാണ് നാമിതുവരെ പഠനം നടത്തിയത്. സംസ്കാരത്തിന്റെ മറ്റൊരു സുപ്രധാന ഭാഗമാണ് വിദ്യാഭ്യാസം. എന്താണ് വിദ്യാഭ്യാസം? സ്കൂളുകളിൽ നിന്നോ പുസ്തകങ്ങളിൽ നിന്നോ ആർജിച്ചെടുക്കാവുന്നതാണ് വിദ്യാഭ്യാസമെന്ന് നിങ്ങൾ പറഞ്ഞേക്കാം. അത് ഭാഗികമായി ശരിയാണ്. പാഠ്യാനുഭവങ്ങളാണ് വിദ്യാഭ്യാസം. ഒരാളുടെ ജീവിതകാലം മുഴുവൻ അവനത് ആർജ്ജിക്കുന്നു. മറ്റെല്ലാ അനുഭവങ്ങളും യാദൃശ്ചികമായോ ഒറ്റപ്പെട്ടതോ ആയിരിക്കും. എന്നാൽ വ്യക്തികളുടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ചില സ്വഭാവ പരിണാമങ്ങൾക്കുവേണ്ടി ബോധപൂർവ്വം ആസൂത്രണം ചെയ്യുന്ന മുൻനിശ്ചയപ്രകാരമുള്ള പരിപാടികളാണ് വിദ്യാഭ്യാസ അനുഭവം. അത്തരം അനുഭവങ്ങളാണ് ഈ കോഴ്സിലെ പാഠഭാഗങ്ങൾ വായിക്കുമ്പോൾ നിങ്ങൾക്കുണ്ടാകുന്നത്. സംസ്കാരവും വിദ്യാഭ്യാസവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ അംഗമെന്ന നിലയിൽ തലമുറകൾ കൈമാറി വന്ന മുൻതലമുറകളുടെ ആർജ്ജിതാനുഭവങ്ങളുടെയും നേട്ടങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം. ഈ നേട്ടങ്ങളും അനുഭവങ്ങളും കൃത്യമായി നിജപ്പെടുത്തിയ പദ്ധതികളിലൂടെ കൈമാറ്റം ചെയ്യുന്നതാണ് വിദ്യാഭ്യാസം. സംസ്കാരത്തിന്റെ ഉല്പന്നമെന്ന നിലയിൽ സാംസ്കാരികാശയങ്ങളും വിശ്വാസങ്ങളും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന മാർഗ്ഗമെന്ന നിലയിലും വിദ്യാഭ്യാസം പ്രാധാന്യമർഹിക്കുന്നു. സാംസ്ക്കാരിക മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ സമ്പ്രദായങ്ങളും മാറുന്നു. അനാദികാലം മുതൽ ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ പരിണാമത്തെക്കുറിച്ച് നമുക്കിവിടെ മനസ്സിലാക്കാം.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* ഇന്ത്യാ ചരിത്രത്തിലെ പുരാതന, മദ്ധ്യകാല, ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ രീതികൾ, ലക്ഷ്യങ്ങൾ, പാഠ്യ വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദീകരിക്കുന്നു.

* ജൈന-ബുദ്ധ വിദ്യാഭ്യാസത്തിന്റെ സംഭാവനകൾ വിലയിരുത്തുന്നു.

* സ്ത്രീകൾക്കു നല്കിയ വിദ്യാഭ്യാസത്തിന്റെ പ്രകൃതത്തെക്കുറിച്ചും സമൂഹത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തെകുറിച്ചും വിലയിരുത്തുന്നു.

*മദ്ധ്യകാല ഇന്ത്യയിൽ ഡൽഹി സുൽത്താനേറ്റിന്റെ സ്ഥാപനത്തോടെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ മനസ്സിലാക്കുന്നു.

* വിദ്യാഭ്യാസം കൂടുതൽ യുക്തി സഹമാക്കുന്നതിൽ മുഗൾ

കുറിപ്പുകൾ :

ഭരണാധികാരികളുടെ പങ്ക് തിരിച്ചറിയുന്നു.

* കോളനിഭരണ കാലഘട്ടത്തിൽ ആധുനിക വിദ്യാഭ്യാസ വ്യാപനത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നു.

* സ്വതന്ത്ര ഇന്ത്യയിൽ പ്രാഥമിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം എന്നിങ്ങനെ വ്യത്യസ്ത മേഖലയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസത്തിന്റെ പങ്ക് വിലയിരുത്തുന്നു.

## 18.1 പുരാതന കാലഘട്ടത്തിലെ വിദ്യാഭ്യാസം

### 18.1.1 വേദകാലഘട്ടം:

പുരാതന ഇന്ത്യയിൽ വിദ്യാഭ്യാസം നലികിയിരുന്നത് ഗുരുക്കൾ എന്നറിയപ്പെട്ടിരുന്ന അദ്ധ്യാപകരാണ്. വിദ്യാർത്ഥികൾ ഗുരുവിനു ചുറ്റുമിരിക്കുകയും, ഗുരുവിന്റെ കുടുംബാംഗങ്ങളോടൊപ്പം ഭവനത്തിൽ താമസിക്കുകയും ചെയതിരുന്നു. അത്തരം സ്ഥലങ്ങളെ ഗുരുകുലം എന്നു പറഞ്ഞിരുന്നു. ഗുരുകുലം ഒരു റസിഡൻഷ്യൽ വിദ്യാലയം പോലെയാണ് പ്രവർത്തിച്ചിരുന്നത്. ഈ ആശ്രമത്തിൽ വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ ഗുരു നേരിട്ട് ഇടപെടുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ഉയർന്ന ജാതിക്കാരുടെ മാത്രം അവകാശമായിരുന്നു, വിദ്യാഭ്യാസം. പഠനം ഗുരുവും ശിഷ്യനും തമ്മിലുള്ള ഗാഢമായ ബന്ധത്തിലധിഷ്ഠിതമായിരുന്നു. ഇതിനെ ഗുരുശിഷ്യ പരമ്പരയെന്നാണ് വിളിച്ചിരുന്നത്. ഉപനയനമെന്ന മതപരമായ ചടങ്ങോടുകൂടിയായിരുന്നു വിദ്യാഭ്യാസ പ്രക്രിയ ആരംഭിച്ചിരുന്നത്. വാമൊഴിയായിട്ടായിരുന്നു വിദ്യപകർന്നു നല്കിയിരുന്നത്. വേദങ്ങളും ധർമ്മശാസ്ത്രങ്ങളും പൂർണ്ണമായോ ഭാഗീകമായോ ഹൃദിസ്തമാക്കിയിരുന്നു. പില്ക്കാലത്ത് വ്യാകരണം, തർക്കശാസ്ത്രം, ആദ്ധ്യാത്മ വിദ്യ തുടങ്ങിയവ അഭ്യസിക്കാൻ തുടങ്ങി. മയിത്രായിനി ഉപനിഷത് പഠിപ്പിക്കുന്നത് പരമജ്ഞാനം പഠനത്തിന്റെയും (വിദ്യ) ചിന്തയുടെയും, തപസിന്റെയും ഫലമാണെന്നാണ്. ആത്മവിചിന്തന(ആത്മ വിശ്ലേഷണം)ത്തിലൂടെ ഒരാൾക്ക് നന്മ കൈവരിക്കാം. അതായത്, മന:ശുദ്ധി, ആത്മ സംതൃപ്തി. ഇക്കാലത്ത് സ്വയം പഠനം പരമജ്ഞാനം നേടുന്നതിനുള്ള ശരിയായ രീതിയായി പരിഗണിച്ചിരുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണം തൈത്തരേയ ഉപനിഷത്താണ്. അവിടെ വരുന്ന പുത്രനായ ബ്രിഗു തന്റെ പിതാവിനെ സമീപിച്ച് ചോദിക്കുന്നുണ്ട് ബ്രാഹമണം എന്താണെന്ന് തന്നെ പഠിപ്പിക്കണമെന്ന്. ധ്യാനത്തിലൂടെ കണ്ടെത്താനാണ് പിതാവ് മകനോട് പറഞ്ഞത്.

### 18.1.2 മൗര്യകാലഘട്ടം

മൗര്യ – മൗര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യൻ സമൂഹം വമ്പിച്ച മാറ്റങ്ങളിലൂടെ കടന്നുപോയി. നഗരവല്കരണത്തിന്റെയും വാണിജ്യ വല്കരണത്തിന്റെയും വളർച്ചയുടെ ഫലമായി സമൂഹത്തിൽ വ്യാഹാരികൾക്കു മുഖ്യമായ സ്ഥാനം കൈവന്നു. തത്ഫലമായി വിദ്യാഭ്യാസം നല്കുന്നതിൽ വ്യാപാര സംഘങ്ങൾ ക്രിയാത്മകമായ പങ്കു വഹിക്കാൻ തുടങ്ങി. ഖനനം, ലോഹക്കൂട്ട് നിർമ്മാണം, ആശാരിപ്പണി, നെയ്ത്തു പണി, ചായം മുക്കൽ തുടങ്ങിയ സാങ്കേതിക ജ്ഞാനം വളർത്തുകയും സാങ്കേതിക പരിശീലനം നല്കുന്ന കേന്ദ്രങ്ങളായും വ്യാപാര സംഘങ്ങൾ മാറി. കെട്ടിട നിർമ്മാണ വാസ്തുവിദ്യാ രംഗങ്ങളിൽ പുതിയ സങ്കേതങ്ങൾ ഉടലെടുത്തു. നഗരജീവിതത്തിന്റെ വളർച്ചയോടെ പുതിയ വാസ്തുവിദ്യാരൂപങ്ങൾ ഉടലെടുത്തു. സമുദ്രയാത്രയ്ക്കു സഹായക



കുറിപ്പുകൾ :

മാകുമെന്നതിനാൽ ഈ സംഘങ്ങൾ ജ്യോതിശാസ്ത്രത്തിന് പരിരക്ഷ നല്കി. സമയം എന്ന വിഷയത്തെക്കുറിച്ച് ജ്യോതിശാത്രജ്ഞരും, പ്രപഞ്ചഘടനാ ശാസ്ത്രജ്ഞരും തമ്മിൽ വാദപ്രതിവാദം ആരംഭിച്ചു. കാലത്തെക്കുറിച്ച് മൂർത്തമായ ഒരു ബോധം വികസിപ്പിക്കാൻ ഇതുവഴി സാധ്യമായി. വൈദ്യജ്ഞാനം വ്യവസ്ഥാപിതമായി. ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനമായിരുന്നു വാതം, പിത്തം, കഫം. ആരോഗ്യം നിലനിർത്താൻ ഈ മൂന്നിന്റെയും ശരിയായ സമ്മിശ്രണം അനിവാര്യമാണ്. ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ജ്ഞാനവും അതിന്റെ ഉപയോഗവും പാരമ്യത്തിലെത്തി. വൈദ്യശാസ്ത്രത്തിൽ ചരകനും, ശസ്ത്രക്രിയയിൽ ശുശ്രുതനും പ്രശസ്തരായി. മഹാപണ്ഡിതനും അദ്ധ്യാപകനും ദാർശനീകനുമായ ചാണക്യനെപ്പറ്റി നിങ്ങൾ കേട്ടുകാണും. അദ്ദേഹത്തിന്റെ അതിപ്രശസ്തമായ കൃതിയാണ് അർത്ഥശാസ്ത്രം . അർത്ഥശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന പാഠ്യപദ്ധതി മുഖ്യമായും രാജകുമാരന്മാരുടെ വിദ്യാഭ്യാസത്തെ കുറിച്ചാണ്. ഉപനയനത്തിനുശേഷം രാജകുമാരൻ നാലു വേദങ്ങളും പഠിക്കുന്നു. വേദപഠനം ശാസ്ത്രങ്ങൾ ഉൾപ്പെടുന്നതാണ്. കൂടാതെ തർക്കശാസ്ത്രങ്ങൾ ഉൾപ്പെടുന്നതാണ്. കൂടാതെ തർക്കശാസ്ത്രവും ധനതത്വശാസ്ത്രം, രാഷ്ടമീമാംസ എന്നിവയും പഠിപ്പിക്കുന്നു. അക്കാലത്ത് വിദ്യാഭ്യാസമെന്നത് ജീവിക്കാനാവശ്യമായ കാര്യങ്ങളുടെ പഠനമായിരുന്നു. അതാകട്ടെ, ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തവുമായിരുന്നു. രാമായണത്തിൽ രാജകുമാരന്മാർക്കുള്ള പാഠ്യവിഷയങ്ങൾ, അസ്ത്രവിദ്യ, നീതിശാസ്ത്രം, ആനകളെയും രഥങ്ങളെയും കുറിച്ചുള്ള പരിജ്ഞാനം(ശിക്ഷ) എഴുത്തും, പടംവരയും, ചാട്ടം, നീന്തൽ എന്നിവയായിരുന്നു.

### 18.1.3 ഗുപ്തകാലഘട്ടം

ഗുപ്തകാലഘട്ടത്തിൽ, ജൈന ബുദ്ധ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഒരു വ്യത്യസ്തമാനം അലങ്കരിച്ചു. ബുദ്ധ ആശ്രമങ്ങൾ പത്തുവർഷത്തേക്കാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നത്. പഠനമാരംഭിക്കുന്നത് വായ്മൊഴി രീതിയിലാണ്. പിന്നീട് സാഹിത്യകൃതികളുടെ വായനയിലേയ്ക്കുമാറുന്നു. ആശ്രമങ്ങൾക്ക് ഗ്രന്ഥശാലകളുണ്ടായിരുന്നു. പ്രധാനപ്പെട്ട കൈയ്യെഴുത്തു പ്രതികൾ പകർത്തുകയും ശേഖരിച്ചുവയ്ക്കുകയും ചെയ്തിരുന്നു. ചൈന, ദക്ഷിണപൂർവേഷ്യ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ബുദ്ധാശ്രമങ്ങളിൽ വിദ്യാഭ്യാസത്തിനുവേണ്ടി എത്തിയിരുന്നു. രാജാക്കന്മാരിൽ നിന്നും സമ്പന്നരായ വ്യാപാരികളും കൊടുത്തിരുന്ന സഹായധനം കൊണ്ടാണ് സാധാരണ രീതിയിൽ ആശ്രമങ്ങൾ പ്രവർത്തിച്ചിരുന്നത്. സമീപത്തും വിദൂരത്തുമുള്ള പണ്ഡിതന്മാരെ അവർ ആകർഷിച്ചിരുന്നു. പാടലി പുത്രത്തിലെ ആശ്രമത്തിൽ ചൈനാക്കാരനായ ഫാഹിയാൻ ബുദ്ധമതഗ്രന്ഥങ്ങൾ പഠിച്ചു കൊണ്ട് വളരെക്കാലം താമസിച്ചു. പാടലീപുത്രം കൂടാതെ വാരണാസി, മഥുര, ഉജ്ജയിൻ, നാസിക് പോലെയുള്ള വേറെയും വിദ്യാകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. വളരെ ഉയർന്ന നിലവാരം പുലർത്തിയിരുന്ന നളന്ദ സർവ്വകലാശാലയുടെ ഖ്യാതി ഏഷ്യ മുഴുവൻ വ്യാപിച്ചിരുന്നു. വേദാന്തം, ദർശനം, പുരാണം, ഇതിഹാസം, വ്യാകരണം, തർക്കശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യം മുതലായവയായിരുന്നു പാഠ്യവിഷയങ്ങൾ. കൊട്ടാരഭാഷയായ സംസ്കൃതമായിരുന്നു അദ്ധ്യയന മാധ്യമം. ആദ്യകാല ജൈനന്മാർ സംസ്കൃത സാഹിത്യങ്ങളായ ആദിപുരാണം , യശധിലക എന്നിവ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു. എന്നാൽ വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിന് അദ്ധ്യയന മാധ്യമമായി

കുറിപ്പുകൾ :

പ്രാകൃതവും, തമിഴ്, കന്നഡ, മുതലായ മറ്റു പ്രാദേശിക ഭാഷകളും സ്വീകരിച്ചു തുടങ്ങി. ജൈന ബുദ്ധ ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ താളിയോലകളിലെഴുതി കൂട്ടികെട്ടി സൂക്ഷിച്ചുപോന്നു. ഇവ ഗ്രന്ഥങ്ങൾ എന്നാണറിയപ്പെട്ടിരുന്നത്. സാവധാനം ജൈനമതത്തിനും ബുദ്ധമതത്തിനും രാജകീയ പരിരക്ഷ നഷ്ടമാകുകയും വിദ്യാകേന്ദ്രങ്ങളായ അവരുടെ ആശ്രമങ്ങൾ ക്ഷയിച്ചു തുടങ്ങുകയും ചെയ്തു. ബ്രാഹ്മണൻ പിൻതുണച്ചിരുന്ന മഠങ്ങൾ ബുദ്ധജൈന ആശ്രമങ്ങൾക്കു സമാന്തരമായിരുന്നു. വിദ്യാഭ്യാസത്തിൽ മഠങ്ങൾ ആശ്രമങ്ങളെ പോലെ പ്രവർത്തിച്ചിരുന്നു.

### ഗുപ്താനന്തര കാലഘട്ടം

കലയ്ക്കും വിദ്യാഭ്യാസത്തിനും ഹർഷന്റെ ഭരണകാലത്ത് വലിയ മുന്നേറ്റമുണ്ടായി. അദ്ദേഹം വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളെയും പ്രോത്സാഹിപ്പിച്ചു; വിദ്യാഭ്യാസം ക്ഷേത്രങ്ങളിലും ആശ്രമങ്ങളിലും ഉന്നതവിദ്യാഭ്യാസം തക്ഷശില, ഉജ്ജയിൻ, ഗയ, നളന്ദ തുടങ്ങിയ സർവ്വകലാ ശാലകളിലുമാണ് നടത്തിയിരുന്നത്. നളന്ദയിൽ ഹുയാൻ സാങ് ബുദ്ധകൃതികൾ പഠിച്ചുകൊണ്ട് അനേകവർഷം ചെലവഴിച്ചു. ശിലഭദ്രനെന്ന മഹാപണ്ഡിതനായിരുന്നു നളന്ദയുടെ മേധാവി.

ഏഴും എട്ടും നൂറ്റാണ്ടുകളിൽ, ക്ഷേത്രത്തോടനുബന്ധിച്ച് ഗദ്വിക അഥവാ കോളേജുകൾ പുതിയ ജ്ഞാന സമ്പാദന കേന്ദ്രങ്ങളായി. ഈ കോളേജുകളിൽ സംസ്കൃത മാധ്യമത്തിൽ ബ്രാഹ്മണവിദ്യാഭ്യാസം നൽകിപ്പോന്നു. ഉന്നതകുലജാതർക്ക്(ദ്വിജ) മാത്രമായിരുന്നു ഇത്തരം കോളേജുകളിൽ പ്രവേശനം ലഭിച്ചിരുന്നത്. ബോധന മാധ്യമമായി സംസ്കൃതം ഉപയോഗിക്കുക വഴി സാധാരണക്കാർക്ക് വിദ്യാഭ്യാസം അപ്രാപ്യമായി. സമൂഹത്തിന്റെ ഏറ്റവുമുയർന്ന തട്ടിലുള്ളവരുടെ മാത്രം കുത്തകയായി വിദ്യാഭ്യാസം പരിണമിച്ചു.

## 18.2 വിദ്യാഭ്യാസ ലക്ഷ്യങ്ങൾ

പുരാതന ഇന്ത്യയിൽ വിദ്യാഭ്യാസം വ്യക്തിപരമായ കാര്യമായിരുന്നു പഠിതാവിന്റെ സമഗ്രമായ വ്യക്തിത്വ വികാസമായിരുന്നു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒരാളുടെ വ്യക്തിത്വവികാസത്തിനും അന്തർജ്ഞാന വളർച്ചയ്ക്കും ഉതകുന്ന പ്രക്രിയ എന്ന കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിന് അനുഗുണമായ തരത്തിൽ സ്വന്തമായ സങ്കേതങ്ങളും രീതികളും രൂപപ്പെട്ടുവരുന്നു. ജ്ഞാന സമ്പാദനത്തിന്റെ ഉപകരണമെന്ന നിലയിൽ ഒരുവന്റെ മാനസീകമായ പരിശീലനമെന്നതാണ് ഒരു മനുഷ്യന്റെ വികസന മെന്നതുകൊണ്ട് പ്രാഥമികമായി വിശ്വസിക്കപ്പെടുന്നത്. ഈ ജ്ഞാനം അവന്റെ ക്രിയാത്മകമായ കഴിവുകളെ വിപുലപ്പെടുത്തും. ചിന്തയെന്ന വിഷയത്തേക്കാൾ മനശക്തിയെന്ന സിദ്ധാന്തത്തിന് പ്രസക്തി കൈവന്നു. വിദ്യാഭ്യാസത്തിന്റെ മുഖ്യവിഷയം മനസ്സ് തന്നെയായിരുന്നു.

## 18.3 വിഷയങ്ങൾ

പുരാതന ഇന്ത്യയിലെ ജനങ്ങൾക്ക് പരിമാണവും വിസ്തീർണ്ണവും അളക്കാനും, പാത്രങ്ങൾ മിനുക്കാനും, ഇഷ്ടികകൾ ചുട്ടെടുക്കാനും ലോഹക്കൂട്ട് ഉണ്ടാക്കാനുമുള്ള പ്രായോഗികശാസ്ത്രവിജ്ഞാനമുണ്ടായിരുന്നു. വേദാനന്തരകാലഘട്ടത്തിൽ യുക്തിസഹമായ വൈദ്യസമ്പ്രദായം വികാസം പ്രാപിച്ചിരുന്നു. ജ്ഞാനകേന്ദ്രങ്ങളായ വാരണാസി, തക്ഷശില



കുറിപ്പുകൾ :

എന്നിവിടങ്ങളിൽ വൈദ്യം ഒരു വിഷയമായിരുന്നു. ഈ മേഖലയിലെ രണ്ടു സുപ്രധാന ഗ്രന്ഥങ്ങളായിരുന്നു വൈദ്യത്തെ സംബന്ധിച്ച ചരകസംഹിതയും ശസ്ത്രക്രിയയെ സംബന്ധിച്ച ശുശ്രുതസംഹിതയും തെറ്റാനിടയില്ലാത്തതും ചികിത്സാവിധിയുടെ ഏറ്റവും ഉന്നതമായ വിഭാഗവുമാണ് ശസ്ത്രക്രിയയെന്ന് ശുശ്രുതൻ കരുതുന്നു. ജ്യോതിഷം, ജ്യോതിശാസ്ത്രം, ബീജഗണിതം, ജ്യാമിതി, അംഗഗണിതം, എന്നിവ ഗണിതശാസ്ത്രത്തിലുൾപ്പെട്ടിരുന്നു. ഗണിതത്തിലെ വ്യാപാരവാണിജ്യങ്ങളിലെ ഉപയോഗം ഈ വിഷയത്തിൽ താല്പര്യം വർദ്ധിപ്പിച്ചു. ഗണിത ശാസ്ത്രത്തിലെ ഇക്കാലത്തെ സുപ്രധാന സംഭാവനയായിരുന്നു, ആര്യഭടന്റെ ആര്യഭട്ടീയം. ഇക്കാലത്ത് ജ്യോതിശാസ്ത്രം ബ്രാഹ്മണരുടെ അന്ധവിശ്വാസങ്ങളാൽ പ്രഭ മങ്ങിയ നിലയിലായിരുന്നു. ഇക്കാലത്തെ ജ്യോതിശാസ്ത്രഗ്രന്ഥമായിരുന്ന സൂര്യ സിദ്ധാന്തം വിവിധ വാന നിരീക്ഷണ മാർഗ്ഗങ്ങളും ഉപകരണങ്ങളും സംബന്ധിച്ച വിവരണങ്ങൾ നൽകുന്നു. പക്ഷേ ഇവ യാഥാർത്ഥ്യബോധമുള്ളവയോ, മതിപ്പുളവാക്കുന്നതോ ആയിരുന്നില്ല. രസതന്ത്രത്തിന്റെയും ലോഹക്കൂട്ട് ശാസ്ത്രത്തിന്റെയും വികാസം വിളിച്ചോതുന്ന വെങ്കലത്തിന്റെയും ചെമ്പിന്റെയും അവശിഷ്ടങ്ങൾ സിന്ധുനദീതട പ്രദേശങ്ങളിൽ നിന്നും ലഭ്യമായിട്ടുണ്ട്. മൃഗത്തോലുകൾ, ഊറക്കിടുകയും, സംസ്കരിക്കുകയും ചായം മുക്കുകയും ചെയ്യുന്ന പ്രക്രിയ ഇവർക്കറിയാമായിരുന്നു.

## 18.4 ഭാഷ

പാചീന ഇന്ത്യയിൽ സംസ്കൃതഭാഷ ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നു. ബ്രാഹ്മണ വിദ്യാഭ്യാസത്തിന്റെ മാധ്യമമായി അത് വർത്തിച്ചു. ഹിന്ദു ഭരണാധികാരികൾ, കൊട്ടാരവാസികൾ, വിദ്യാസമ്പന്നരായ ഉയർന്ന ജാതിക്കാർ എന്നിവരുടെയൊക്കെ ബന്ധഭാഷയായിരുന്നു സംസ്കൃതം. ബുദ്ധമത വളർച്ചയോടെ പ്രാകൃത് ഒരു ഭാഷയായി വികാസം പ്രാപിച്ചു. സാധാരണ ജനങ്ങളുടെ ഭാഷയായി പ്രാകൃത് ഭാഷ രൂപാന്തരം പ്രാപിച്ചു. മൗര്യ ചക്രവർത്തിയായ അശോകൻ തന്റെ ശാസനങ്ങളിൽ പ്രാകൃത് ഭാഷ ഉപയോഗിച്ചു. സംസ്കൃത നാടകങ്ങളിൽ സ്ത്രീകളും എളിയ കഥാപാത്രങ്ങളും പ്രാകൃത് ഭാഷ സംസാരിച്ചിരുന്നു. പ്രാകൃതത്തിന്റെ വകഭേദമായിരുന്നു പാലി ഭാഷ. ചില സംസ്കൃത സാഹിത്യങ്ങൾ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും ഭൂരിഭാഗം ബുദ്ധമതാനുശാസനങ്ങളും പാലി, പ്രാകൃതഭാഷകളിൽ ആയിരുന്നു. കവിതാരചനക്കായി ഗുജറാത്തിലെയും രാജസ്ഥാനിലെയും ജൈനമത എഴുത്തുകാർ അപഭ്രംശം എന്ന മറ്റൊരു ഭാഷ ഉപയോഗിച്ചിരുന്നു. ഇന്ത്യയുടെ ദക്ഷിണഭാഗത്ത് മലയാളം, കന്നട, തെലുങ്ക്, തമിഴ് എന്നീ ദ്രാവിഡഭാഷകൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്. ഇക്കാലത്തെ സാഹിത്യകൃതികളിൽ അവയുടെ സ്വാധീനം ദർശിക്കാവുന്നതാണ്.

നളന്ദ സർവ്വകലാശാല പുരാതന ഭാരതത്തിന്റെ പുരോഗതിയുടെ മകുടോദാഹരണമാണ്. ചീനാസഞ്ചാരിയായ ഹുയാൻ സാങ് രേഖപ്പെടുത്തിയിട്ടുള്ളതുപോലെ നളന്ദ സർവ്വകലാശാല ഒരു ബിരുദാനന്തര ഗവേഷണ ഉന്നതവിദ്യാപീഠമായിരുന്നു. അതുപോലെ നളന്ദ സംവാദങ്ങൾക്കു കീർത്തികേട്ട സ്ഥാപനമായിരുന്നു. വിദ്യാർത്ഥികൾക്ക് താമസ സൗകര്യമുണ്ടായിരുന്നു. ജാവയിൽ നിന്നെത്തിയ വിദ്യാർത്ഥികൾക്കായി ബല പുത്രദേവ രാജാവ് ഒരു ക്ഷേത്രം പണികഴിപ്പിച്ചിരുന്നു.

കുറിപ്പുകൾ :

## പാഠഭാഗ ചോദ്യങ്ങൾ 18.1

1. എങ്ങനെയാണ് വിദ്യാഭ്യാസം സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നത്?
2. ഉപനയന ആചാരം എന്നാൽ എന്ത്?
3. പുരാതന ഇന്ത്യയിൽ വിദ്യ നല്കിയിരുന്നത് എവിടെയായിരുന്നു?
4. പുരാതന കാലത്തെ ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനമെന്തായിരുന്നു?
5. പ്രാചീന കാലത്ത് പഠനത്തിന് ജൈനന്മാർ ഉപയോഗിച്ചിരുന്ന രണ്ടു ഗ്രന്ഥങ്ങളുടെ പേരെഴുതുക?
6. സാധാരണക്കാർ പുരാതന കാലത്ത് വിദ്യാഭ്യാസത്തിൽ നിന്നും സ്വയം അകന്നുപോകാനിടയായ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

## 18.5 മധ്യകാലഘട്ടത്തിലെ വിദ്യാഭ്യാസം

ഡൽഹി സുൽത്താനേറ്റിന്റെ സ്ഥാപനത്തോടെ ഇസ്ലാമിക വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിച്ചു. ബാഗ്ദാദിലെ അബ്ബാസിഡ് ഭരണകാലത്തെ വിദ്യാഭ്യാസ വികസന പാരമ്പര്യത്തിനനുസൃതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു ഇക്കാലത്ത് രൂപപ്പെടുത്തിയിരുന്നത്. തൽഫലമായി ഇറാൻ, ബുക്കാര, സമർഖണ്ഡ് തുടങ്ങിയ രാജ്യങ്ങളിലെ പണ്ഡിതന്മാർ മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഇന്ത്യൻ പണ്ഡിതന്മാരെ ആശ്രയിച്ചു. സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായ അമീർ ഖുസ്രു ഗദ്യപദ്യ സാഹിത്യരചനയിൽ നൈപുണ്യം നേടിയെന്ന് മാത്രമല്ല, പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായ ഒരു ഭാഷ രൂപപ്പെടുത്തുന്ന സമകാലീന ചരിത്രകാരന്മാരായിരുന്നു മിൻഹാജ്-ഉ-സിറാജ്, സിയാവുദ്ദീൻ ഭറൗണി, അഫിഫ് എന്നിവർ.

പാഥമിക വിദ്യാഭ്യാസം നല്കിയിരുന്ന വിദ്യാലയങ്ങൾ മത്തബ് എന്നപേരിലും ഉന്നതവിദ്യാഭ്യാസം നല്കിയിരുന്ന സ്ഥാപനങ്ങൾ മദ്രസ എന്നപേരിലും അറിയപ്പെട്ടു. പൊതുജനങ്ങളുടെ സംഭാവനകളായിരുന്നു മക്തബുകളുടെ വരുമാനമാർഗ്ഗം. മദ്രസകൾ നടത്തിയിരുന്നത് ഭരണാധികാരികളും പ്രഭുക്കന്മാരുമായിരുന്നു. അക്കാലത്ത് ആറ് വ്യത്യസ്തതരത്തിലുള്ള സ്ഥാപനങ്ങൾ നിലനിന്നിരുന്നു. അവ (1) ഭരണാധികാരികളും പ്രഭുക്കന്മാരും സ്ഥാപിച്ചു നടത്തിയിരുന്നവ (2) രാജാവിന്റെ സഹായത്താലോ സഹകരണത്താലോ വ്യക്തിഗത പണ്ഡിതന്മാർ സ്ഥാപിച്ചവ (3) പള്ളികളോടനുബന്ധിച്ചുള്ളവ (40ശവകുടീരങ്ങളോടനുബന്ധിച്ചുള്ളവ (5) വ്യക്തിഗത പണ്ഡിതന്മാർ ആരംഭിച്ചു നോക്കി നടത്തുന്നവ (6) സൂഫി പർണ്ണശാലകളോടനുബന്ധിച്ചുള്ളവ. ഫത്തേഫൂർ സിക്രിയിലെ അബ്ദുൽ ഫാസലിന്റെ മദ്രസ്സാ ബീദാറിലെ മുഹമ്മദുഗവാനിയുടെ മദ്രസ്സ, ഡൽഹിയിലെ മുജസ്സിനാസിരി, ഫിറൂസി മദ്രസ്സകൾ എന്നിവ ഇക്കാലത്തെ പ്രശസ്ത മദ്രസ്സകളായിരുന്നു.

മുസ്ലീം വിദ്യാഭ്യാസരീതിയുടെ ഒരു പ്രത്യേകത അത് മതകീയവും പാരമ്പര്യാധിഷ്ഠിതവുമായിരുന്നു. പാഠ്യപദ്ധതി യുക്തിശാസ്ത്രപരമെന്നും (ങമൗഹമഭ) പാരമ്പര്യപരമെന്നും (ങമ്രൗഹമഭ) രണ്ടായി തരം തിരിച്ചിരിക്കുന്നു. പാരമ്പര്യം നിയമം, ചരിത്രം, സാഹിത്യം എന്നിവ പാരമ്പര്യശാസ്ത്രത്തിലും, തർക്കശാസ്ത്രം, തത്വശാസ്ത്രം, വൈദ്യം,ഗണിതം, ഗോളശാസ്ത്രം എന്നിവ



കുറിപ്പുകൾ :

യുക്തിശാസ്ത്രത്തിലും പ്രതിപാദിക്കുന്നു. പിൽക്കാലത്ത് യുക്തിശാസ്ത്രത്തിന് പാരമ്പര്യശാസ്ത്രത്തെക്കാൾ കൂടുതൽ ഊന്നൽ നല്കി. ഇൽത്തുമിഷിന്റെ കാലം മുതൽ സിക്കന്തർ ലോധിയുടെ (1488-1517) കാലം വരെ പാരമ്പര്യ വിഷയങ്ങളായിരുന്നു വിദ്യാഭ്യാസത്തിൽ മേൽക്കോയ്മ നേടിയിരുന്നത്. സിക്കന്തർ ലോധി മുൽത്താനിലെ ഷെയ്ക്ക് അബ്ദുള്ള, ഷെയ്ക്ക് അസ്സീസുള്ള സഹോദരന്മാരെ ഡൽഹിയിലേക്കു ക്ഷണിച്ചുവരുത്തിയതോടെ ഈ പശ്ചാത്തലത്തിനു മാറ്റം സംഭവിച്ചു. അവർ പാഠ്യ പദ്ധതിയിൽ തർക്കശാസ്ത്രവും ഉൾപ്പെടുത്തി.

## മുഗളന്മാരുടെ കീഴിലെ വിദ്യാഭ്യാസ സമ്പ്രദായം

വിദ്യാഭ്യാസത്തിന്റെയും പഠനത്തിന്റെ മേഖലയിൽ മഹത്തായ സംഭാവനയാണ് മുഗളന്മാർ നൽകിയത്. മുഗള ചക്രവർത്തിമാർ പഠനത്തെ സ്നേഹിച്ചവരും പാഠശാല, വിദ്യാപീഠങ്ങൾ, മക്തബ് ,മദ്രസ്സ എന്നിവയിലൂടെ വിദ്യാഭ്യാസം പ്രചരിപ്പിക്കുകയും ചെയ്തു. അക്ബർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നല്കിയിരുന്നു. ജുമാമസ്ജിദ്ദീന്റെ സമീപത്തായി അദ്ദേഹം ഒരു കോളേജ് ആരംഭിച്ചു. അന്നത്തെക്കാലത്ത് വിദ്യാഭ്യാസം ഒരു രാഷ്ട്ര വിഷയമായിരുന്നില്ല. പൊതുവെ ക്ഷേത്രങ്ങളും മോസ്ക്കുകളുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ. അവയെല്ലാം ഭരണകർത്താക്കളെയും സമ്പന്നരെയും, ദാനശീലരെയുമാശ്രയിച്ചാണ് പ്രവർത്തിച്ചിരുന്നത്. സംസ്കൃതവും പേർഷ്യനും ക്ഷേത്രങ്ങളിലും, മോസ്ക്കുകളിലും പഠിപ്പിച്ചിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് അവസരങ്ങളില്ലായിരുന്നു. രാജകുടുംബത്തിലെയും സമ്പന്നകുടുംബങ്ങളിലെയും സ്ത്രീകൾക്ക് ഭവനങ്ങളിൽ പഠന സൗകര്യമുണ്ടായിരുന്നു.

മുഗള ഭരണകർത്താക്കൾ പഠനത്തിന്റെയും സാഹിത്യത്തിന്റെയും പരിരക്ഷകരായിരുന്നു. പേർഷ്യൻ ഹിന്ദി ഭാഷകളുടെ സമ്പർക്കഫലമായി ഈ കാലഘട്ടം ഉർദ്ദുഭാഷയുടെ ആരംഭത്തിനു സാക്ഷ്യം വഹിച്ചു. അതായത് തുർക്കികളും, ഇന്ത്യാക്കാരും തമ്മിലുള്ള സമ്പർക്കം. ബാബർ തുസുക്കി ബാബരി എന്നപേരിൽ അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതി. മുഗള ചക്രവർത്തിയായ ഹുമയൂൺ ഡൽഹിയിലെ മദ്രസ്സകളിൽ വിഷയങ്ങൾ പഠിപ്പിക്കുകവഴി വിദ്യാഭ്യാസത്തെ യുക്തിസഹമാക്കി. ഇതിന്റെ ഫലം ഉടനെയുണ്ടായില്ലെങ്കിലും നിലവിലുള്ള സമ്പദ്രായത്തോടുള്ള മുൻവിധി ലഘൂകരിച്ചു. ധാരാളം ഹിന്ദുക്കൾ പേർഷ്യൻ ഭാഷ പഠിക്കുകയും സംസ്കൃതത്തിലെ നിരവധി ഗ്രന്ഥങ്ങൾ പേർഷ്യൻ ഭാഷയിലേക്ക് മൊഴിമാറ്റം നടത്തുകയും ചെയ്തു. അക്ബർ ജ്യാമിതി, പൊതുഭരണം, അക്കൗണ്ടൻസി എന്നീ വിഷയങ്ങൾ കൂട്ടിച്ചേർത്ത് തന്റെ കൊട്ടാര സമീപത്ത് പണിശാല നിർമ്മിക്കുകയും നേരിട്ട് നിയന്ത്രിക്കുകയും ചെയ്തു. അക്ബറിന്റെ മതേതരവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം യാഥാസ്ഥിതിക വിഭാഗത്തിന് ഇഷ്ടപ്പെട്ടില്ല. അക്ബറിന്റെ ശ്രമം നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഒരു മാറ്റത്തിന്റെ നാന്ദിയായിരുന്നു. വിദ്യാഭ്യാസത്തിൽ അന്വേഷണ തൃഷ്ണ, നിരീക്ഷണം, അന്വേഷണം, പരീക്ഷണം എന്നിങ്ങനെയുള്ള പാശ്ചാത്യരീതികൾ ഉൾപ്പെടുത്തിയതിൽ ചില പ്രഭുക്കൾക്ക് അമർഷമുണ്ടായിരുന്നു. ഓർമ്മിക്കുക, ചർച്ചചെയ്യുക, പാഠഭാഗങ്ങൾ എഴുതുക എന്നിവയായിരുന്നു മദ്രസയിലെ പഠനരീതി.

അബ്ദുൾ ഫെയ്സൽ, ഫെയ്സി, രാജാടോഡർ മാൾ, ബിർബൽ, റഹിം



കുറിപ്പുകൾ :

എന്നിങ്ങനെ നിരവധി പണ്ഡിതന്മാർക്ക് അക്ബർ പരിരക്ഷ നൽകിയിരുന്നു. അവർ അദ്ദേഹത്തിന്റെ സദസ്സിലെ നവരത്നങ്ങളിൽപ്പെട്ടവരും സംസ്ക്കാരവും വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിൽ സഹായിച്ചവരുമാണ്.



## പാഠഭാഗ ചോദ്യങ്ങൾ 18.2

1. മധ്യകാലഘട്ടത്തിൽ ഏതു സ്ഥാപനങ്ങളാണ് സ്കൂൾ വിദ്യാഭ്യാസം നൽകിയിരുന്നത്?

2. മധ്യകാലഘട്ടത്തിൽ മദ്രസ്സകൾ നിലനിർത്തിയിരുന്നത് ആരായിരുന്നു?

3. മധ്യകാലഘട്ടത്തിൽ പ്രശസ്തമായിരുന്ന ഏതാനും മദ്രസ്സകളുടെ പേരെഴുതുക?

4. മുസ്ലിം വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

5. മധ്യകാലഘട്ടത്തിൽ പാശ്ചാത്യ രാജ്യങ്ങൾ സ്വീകരിച്ചിരുന്ന രീതികൾ എന്തെല്ലാം?

6. വിദ്യാഭ്യാസത്തിൽ അക്ബർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

## 18.6 ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസം

### 18.6.1 18–ാം നൂറ്റാണ്ട് ആധുനിക കാലഘട്ടത്തിന്റെ ആരംഭം

സാമൂഹ്യ ജീവിതത്തിന്റെ മറ്റുതലങ്ങളിലെന്ന പോലെ ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിലും ചില പരമ്പരാഗത സവിശേഷതകൾ തുടർ നൂറ്റാണ്ടുകളിലും തുടരുകയുണ്ടായി. പ്രശസ്തമായ തക്ഷശില, നളന്ദ, വടക്കൻ ബംഗാളിലെ വിക്രംശില, കത്തിയവാറിലെ വല്ലാഭി, ദക്ഷിണേന്ത്യയിലെ കാഞ്ചിപേലെയുള്ള പഴയകാല ഉന്നത വിദ്യാപീഠങ്ങൾ വളരെക്കാലം മുമ്പുതന്നെ അപ്രത്യക്ഷമായി. മറുവശത്തു ഇസ്ലാമിക വിദ്യാഭ്യാസം ഭരണകർത്താക്കളുടെയും, പ്രഭുക്കന്മാരുടെയും പരിരക്ഷയിൽ പുരോഗമിച്ചു. എങ്കിലും ദൂരിപക്ഷം ഹിന്ദുക്കളും അവരുടെ പരമ്പരാഗതമായ വിദ്യാഭ്യാസം സ്വീകരിച്ചു. പ്രാദേശീക ഭാഷകളുടെ വളർച്ചയെ തുടർന്ന് അവർ ശ്രേഷ്ഠകൃതികളൊക്കെ പഠിച്ചിരുന്നു. രാജ്യമല്ല, 1891ൽ തോമസ് എഴുതി, പഠനത്തോടുള്ള പ്രേമം വളരെനാൾക്കു മുൻപ് ഉത്ഭവിച്ചതാണ്, എന്നും നിലനിൽക്കുന്ന ശക്തമായ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നതനുസരിച്ച്, ഇംഗ്ലീഷുകാർ ഇന്ത്യയിൽ വ്യാപകമായി പ്രാഥമിക വിദ്യാലയങ്ങളും, ഉന്നത വിദ്യാപീഠങ്ങളും സ്ഥാപിച്ചു. അവ പ്രധാനമായും പ്രായോഗികതയ്ക്കു പ്രാധാന്യം കൊടുക്കുന്നതായിരുന്നു. എന്നാൽ മുമ്പത്തേത് പ്രധാനമായും സാഹിത്യപരവും, തത്വചിന്താ പ്രധാനവും മതപരവുമായിരുന്നു.

150 വർഷത്തോളം ബ്രിട്ടീഷുകാർ മുഖ്യമായും ആക്രമണത്തിലും, വ്യാപാരത്തിലുമാണ് മുഴുകിയത്. അതിനാൽ അവർ എല്ലാത്തരം വിദ്യാഭ്യാസമുൾപ്പെടെയും സാംസ്ക്കാരിക പ്രവർത്തനങ്ങളുമായും ഒരകലം പാലിച്ചിരുന്നു. 1718-ൽ വില്യം ജോൺസ് കൽക്കത്ത മദ്രസ്സ തുടങ്ങുകവഴി

കുറിപ്പുകൾ :

പൗരസ്ത്യ പഠനത്തിനു ആരംഭം കുറിച്ചു. പതിനൊന്നു വർഷത്തിനുശേഷം 1792ൽ വാരാണസിയിലെ ബ്രിട്ടീഷ് റസിഡന്റായ ജോനാത്തൻ ഡങ്കൻ, പ്രദേശവാസികളായ ഹിന്ദുക്കളുടെ സഹായം ലഭിക്കുന്നതിന് അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സംസ്കൃത കോളേജ് സ്ഥാപിച്ചു.

അതേസമയം, ക്രിസ്തുമത മഷനറിമാർ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ഈ വിദ്യാഭ്യാസത്തിനായി പാശ്ചാത്യ രീതിയിലുള്ള വിദ്യാലയങ്ങളാരംഭിച്ചു.

### 18.6.2 പത്തൊമ്പതാം നൂറ്റാണ്ട്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ ഒരു കാലഘട്ടമാണെന്നു പറയാം. 1813-ലെ ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ചാർട്ടർ ആക്ട് പ്രകാരം വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഒരു ലക്ഷം രൂപാ നീക്കിവച്ചു. ബ്രിട്ടീഷ് ഭരണ പ്രദേശങ്ങളിൽ അധിവസിക്കുന്നവരിൽ ശാസ്ത്രജ്ഞാനം സൃഷ്ടിക്കുവാനും വളർത്തുവാനും, സാഹിത്യ പുരോഗതി പൂർവ്വോപരി മെച്ചപ്പെടുത്തുവാനും ഇന്ത്യയിലെ വിദ്യാസമ്പന്നരെ പ്രോത്സാഹിപ്പിക്കുവാനും വേണ്ടിയായിരുന്നു ഈ തുക. അംഗലേയ ഭാഷയ്ക്കുവേണ്ടി വാദിക്കുന്നവരും, പൗരസ്ത വാദികളും തമ്മിൽ വാദപ്രതിവാദം തുടരുകയും 1835-ലെ ബൻഡിക്സ് പ്രമേയവും. മെക്കോളയുടെ രേഖയും വന്നതോടെ അത് പരിഹരിക്കപ്പെടുകയും ചെയ്തു. ഈ തുക യൂറോപ്പ്യൻ ശാസ്ത്രവും, സാഹിത്യവും പഠിക്കാൻ വേണ്ടി ഉപയോഗപ്പെടുത്താൻ തീരുമാനമായി. വില്യം ബെൻഡിക് ഗവൺമെന്റിന്റെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷായി നിശ്ചയിച്ചു. 1844-ൽ ഹാർഡിൻജ് പ്രഭു  ഇഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഇന്ത്യാക്കാർക്ക് ജോലി നൽകാൻ തീരുമാനിച്ചു. ഇംഗ്ലീഷ് അല്ലെങ്കിൽ ഇന്ത്യൻഭാഷകളോ മാധ്യമമാക്കിക്കൊണ്ട് യൂറോപ്യൻ സാഹിത്യം, തത്വശാസ്ത്രം, കല എന്നിവയുടെ വ്യാപനമായിരിക്കണം വിദ്യാഭ്യാസ പരിപാടിയുടെ ലക്ഷ്യമെന്ന് 1854-ലെ വുഡ്സ് ഡെസ്പാച്ച് വ്യക്തമാക്കി. ബോംബെ, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ സർവകലാശാലകൾ തുടങ്ങണമെന്നും നിർദ്ദേശിച്ചു. സ്ത്രീ വിദ്യാഭ്യാസം, അദ്ധ്യാപക പരിശീലനം, വിദ്യാലയങ്ങൾക്ക് ധനസഹായം നൽകൽ, സ്വകാര്യ സംരംഭങ്ങളുടെ വികസനം തുടങ്ങിയ കാര്യങ്ങൾക്ക് വുഡ്സ് ഡസ്പാച്ച് ഊന്നൽ നൽകി. 1857-ൽ മദ്രാസ്, കൽക്കത്ത, ബോംബെ സർവ്വകലാശാലകൾ ആരംഭിച്ചു. ഇതോടൊന്നിച്ച് 1882-ൽ പഞ്ചാബ് സർവ്വകലാശാലയും 1887-ൽ അലഹബാദ് സർവ്വകലാശാലയും സ്ഥാപിതമായി.

### 18.6.3 20-ാം നൂറ്റാണ്ടിന്റെ തുടക്കം

1901-ൽ കഴ്സൺ പ്രഭു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഒരു സമ്മേളനം വിളിച്ചു ചേർക്കുകയും അതിന്റെ നിർദ്ദേശാനുസരണം വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളുടെ ഒരു കാലഘട്ടത്തിന് തുടക്കം കുറിക്കുകയും ചെയ്തു. 1904-ൽ ഇന്ത്യൻ യൂണിവേഴ്സിറ്റി ആക്ട് പാസാക്കി. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികൾ ഏറ്റെടുക്കാനും കോളേജുകൾ പരിശോധിക്കാനും അദ്ധ്യാപനം മെച്ചപ്പെടുത്താനും പ്രസ്തുത നിയമം സർവകലാശാലകൾക്ക് സാഹചര്യം ഒരുക്കി.

കോളണി ഭരണത്തിൽ പൊതുവിദ്യാഭ്യാസം അവഗണിക്കപ്പെട്ടിരുന്നു. ഭരണാധികാരികളെയും ജനങ്ങളെയും ബന്ധിപ്പിക്കുന്ന മധ്യവർത്തികളായി പ്രവർത്തിക്കുന്ന വിദ്യാസമ്പന്നരായ ഒരു വരേണ്യ വർഗ്ഗത്തെ സൃഷ്ടിക്കാനായിരുന്നു ശ്രമിച്ചിരുന്നത്. സർവകലാശാലകളിലും

കുറിപ്പുകൾ :

ഹൈസ്ക്കൂളുകളിലും പരീക്ഷാ സമ്പ്രദായത്തിന് ഊന്നൽ നൽകിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം സന്തുലിതമായിരുന്നില്ല. ഗ്രാമപ്രദേശങ്ങളെക്കാൾ നഗരങ്ങളിലായിരുന്നു സാക്ഷരതയും വിദ്യാഭ്യാസവും കൂടുതൽ വ്യാപകമായിരുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മുഖ്യ പങ്കുവഹിച്ച സാമൂഹ്യ പരിഷ്കർത്താക്കളെയും വിദ്യാസമ്പന്നരായ രാഷ്ട്രീയ നേതാക്കൻമാരെയും സൃഷ്ടിക്കാൻ കഴിഞ്ഞു. എന്നതാണ് ഇക്കാലത്തെ വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വശം. ജനങ്ങൾക്കിടയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു.

### 18.6.4 ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം

ഇംഗ്ലീഷുകാർ സ്ക്കൂളുകളിലും കോളേജുകളിലും ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രോത്സാഹിപ്പിച്ചു. കാരണം ഭരണതലത്തിൽ ക്ലാർക്കുമാരും ബാബുമാരുമായി ജോലിചെയ്യാൻ ഇംഗ്ലീഷ് ഭാഷ പഠിച്ചവരെ ആവശ്യമായിരുന്നു. ഇത് പിൽക്കാലത്ത് ഇന്ത്യയിലെ സർക്കാറിലും ഭരണത്തിന്റെ വിവിധമേഖലകളെ നിയന്ത്രിക്കുന്ന ഒരു വിഭാഗത്തെ സൃഷ്ടിക്കുന്നതിന് സഹായകമായി. തൽഫലമായി ക്രിസ്തുമത മിഷനറിമാർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ ആരംഭിച്ചു. അത്തരം സ്ക്കൂളുകൾ ഇന്ത്യയുടെ പലഭാഗത്തും നിങ്ങൾ കണ്ടെത്തും. അത്തരത്തിലുള്ളൊരു വിദ്യാലയമാണ് ഡൽഹിയിലെ പ്രസന്റേഷൻ കോൺവെന്റ്. അത് ഇപ്പോഴും നല്ല വിദ്യാഭ്യാസം നൽകുന്ന ഒരു സ്ഥാപനമാണ്. സർക്കാർ ജോലി ലഭിക്കാൻ സഹായകമാകുമെന്ന ധാരണയിൽ പല ഇന്ത്യാക്കാരും അവരുടെ കുട്ടികളെ അവിടെ അയക്കുന്നുണ്ട്.

ബ്രിട്ടീഷുകാർ ഇംഗ്ലീഷ് പഠനത്തെ പ്രോത്സാഹിപ്പിച്ചത് അവരുടെ താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണെങ്കിലും ഇന്ത്യാക്കാർക്ക് പലവിധത്തിൽ അത് പ്രയോജനകരമായി എന്ന കാര്യം നിങ്ങൾക്കറിയാമോ? ഇന്ത്യയുടെ പല ഭാഗത്തുള്ള ജനങ്ങൾക്ക് വ്യത്യസ്തഭാഷകളായിരുന്നു. എല്ലാവർക്കും മനസ്സിലാകുന്ന ഒരു പൊതുഭാഷയില്ലായിരുന്നു. ഇംഗ്ലീഷ് ഭാഷ ഇന്ത്യക്കാർക്ക് ഒരു പൊതുഭാഷ പ്രദാനം ചെയ്തു. ഇംഗ്ലീഷ് പത്രങ്ങളും പ്രസിദ്ധീകരണങ്ങളും അന്യദേശങ്ങളിൽ നിന്നുള്ള ആശയങ്ങളുമായി പരിചയപ്പെടുന്നതിനു സഹായിച്ചു. പാശ്ചാത്യനാടുകളിൽ നിന്നുള്ള നവീനാശയങ്ങളായ സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, സാഹോദര്യം തുടങ്ങിയവ ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കിയ ഇന്ത്യാക്കാരുടെ ചിന്താമണ്ഡലത്തിൽ ഗണ്യമായ സ്വാധീനമുണ്ടാക്കുകയും അത് ദേശീയ ബോധം മുളയെടുക്കുന്നതിൽ സഹായകമാകുകയും ചെയ്തു. വിദ്യാഭ്യാസം ലഭിച്ച ഇന്ത്യാക്കാർ ബ്രിട്ടീഷുകാരിൽ നിന്നുള്ള സ്വാതന്ത്ര്യത്തെ ക്കുറിച്ച് ചിന്തിച്ചുതുടങ്ങുകയും ചെയ്തു.

## 18.7 സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസം

നിങ്ങൾക്കറിയാവുന്നതുപോലെ 1947-ൽ ബ്രിട്ടീഷ്കാരിൽ നിന്നും നമുക്കു സ്വാതന്ത്ര്യം ലഭിക്കുകയും, നമ്മുടെ ജനങ്ങൾക്കു വിദ്യാഭ്യാസം നല്കാനുള്ള ഉത്തരവാദിത്വം സ്വതന്ത്ര്യ ഭാരതത്തിലെ സർക്കാരിൽ നിക്ഷിപ്തമായി. രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, വൈയക്തിക വികസനലക്ഷ്യങ്ങൾ നേടിയെടുക്കാനായി വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന വ്യത്യസ്ത വികസനഘട്ടങ്ങളിൽ ജീവിക്കുന്നവരുടെ വിദ്യാഭ്യാസത്തിന് അനുയോജ്യമായ സംയോജിത പരിപാടികൾ ഒരു പൊതുപാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുണ്ട്. അത്തരം പരിപാടികൾ നാനാത്വത്തിൽ ഏകത്വം ഊട്ടിയുറപ്പിക്കുന്ന ഒരു പൊതുപാഠ്യപദ്ധതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതും





രാജ്യത്തിന്റെ ഒരു ഭാഗത്തുനിന്നും മറ്റൊരുഭാഗത്തേക്ക് എത്തിച്ചേരാൻ പ്രാപ്തിയുള്ളതുമായിരിക്കണം.

വിദ്യാഭ്യാസ വ്യാപനത്തിന് പര്യാപ്തമായ നടപടികൾ കൈക്കൊണ്ടില്ലയെങ്കിൽ, സാമ്പത്തിക വൈകല്യങ്ങൾ, പ്രാദേശിക അസമത്വം സാമൂഹ്യ അനീതി എന്നിവ വർദ്ധിക്കുകയും രാജ്യത്തെ അസ്ഥിരപ്പെടുത്തുന്ന പ്രശ്നങ്ങൾ വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ടാണ് സമാധാനപൂർണ്ണമായ സാമൂഹിക മാറ്റത്തിനുള്ള ഏക ഉപകരണമാണ് വിദ്യാഭ്യാസമെന്ന് 1966-ൽ വിദ്യാഭ്യാസ കമ്മീഷൻ (കോത്താരി കമ്മീഷൻ എന്ന് പരക്കെ അറിയപ്പെടുന്ന). ഇതിന്റെ ഒടുവിൽ 1976-ലെ ഭരണഘടനാ ഭേദഗതിയുടെ വിദ്യാഭ്യാസം കൺകരന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്, അതുവഴി, വിദ്യാഭ്യാസം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കൂട്ട ഉത്തരവാദിത്വത്തിലായി.

### 18.7.1 പ്രാഥമിക വിദ്യാഭ്യാസം

ആദ്യത്തെ 8വയസ്സുവരെ നീണ്ടുനിൽക്കുന്ന പ്രാഥമിക വിദ്യാഭ്യാസം സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഏറ്റവും നിർണ്ണായകമായ ഘട്ടമാണ്. പഠിതാവിന്റെ ആശയ വിനിമയശേഷി, പഠിക്കാനുള്ള ശേഷി, പഠിക്കാനുള്ള പ്രാപ്തി, സ്വഭാവം, സാമൂഹ്യബോധനിലപാടുകൾ, വ്യക്തിത്വം എന്നിവയുടെ വികസനത്തിൽ അടിത്തറപാകുന്നത് ഈകാലയളവിലാണ്. ഭരണഘടനയുടെ 45-ാം വകുപ്പ് 14വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഈ നിയമത്തെക്കുറിച്ച് വിശദമായി നമ്മൾ ഈ അദ്ധ്യായത്തിലെ 18.9 ഭാഗങ്ങളിൽ വായിക്കും. 1986-ലെ ദേശീയ വിദ്യാഭ്യാസ നയം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു.

1. സാർവ്വത്രിക സ്വീകാര്യതയും പ്രവേശനവും.
2. 14-വയസ്സുവരെ കുട്ടികളെ സ്ക്കൂളിൽ തന്നെ നിലനിർത്തൽ
3. പഠനനിലവാരത്തിൽ കാതലായ പുരോഗതി പഠനത്തിന്റെ സുപ്രധാന തലങ്ങൾ നേടുന്നതിന് പഠിതാവിനെ പ്രാപ്തമാക്കുക.

2001-ൽ ആരംഭിച്ച കേന്ദ്രസർക്കാരിന്റെ സർവ്വശിക്ഷാ അഭിയാൻ പരിപാടി പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്.

### 18.7.2 സെക്കന്ററി വിദ്യാഭ്യാസം

സെക്കന്ററി വിദ്യാഭ്യാസ കാലഘട്ടം തീവ്രമായ ശാരീരിക മാറ്റത്തിന്റെയും വ്യക്തിത്വ രൂപീകരണത്തിന്റെയും സമയമാണ്. ഈ കാലഘട്ടം തീവ്രമായ ഊർജ്ജത്തിന്റെയും ഉന്മേഷത്തിന്റെയും കൂടി കാലഘട്ടം കൂടിയാണ്. സ്വാതന്ത്ര്യലബ്ധി മുതൽ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിൽ ചെറിയ തോതിലുള്ള പുരോഗതിയുണ്ടായിട്ടുണ്ട്. 14 മുതൽ 18 വരെ പ്രായപരിധിയിലുള്ള കുട്ടികളാണ് ഈ വിഭാഗത്തിലുൾപ്പെടുന്നത്. (9-12-ാം ക്ലാസുവരെ) 2001-ലെ കണക്കെടുപ്പു പ്രകാരം 88.5 ദശലക്ഷം കുട്ടികൾ സെക്കന്ററി വിദ്യാഭ്യാസത്തിൽ ചേർന്നിട്ടുണ്ട്. എന്നാൽ പ്രവേശനം നേടിയ എണ്ണമനുസരിച്ച് 31 ദശലക്ഷം മാത്രമാണ് 2001-20012 സ്കൂളുകളിൽ പോകുന്നത്. സ്ക്കൂളുകളിൽ പ്രവേശിക്കുന്ന കുട്ടികളുടെയും സ്കൂളുകളുടെയും എണ്ണം വലിയ വർദ്ധനവുണ്ടാക്കിയെങ്കിലും അത്രതന്നെ വർദ്ധനവ് അദ്ധ്യാപകരുടെ എണ്ണത്തിലുണ്ടായില്ല. അത് വ്യക്തമായും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തെ ദോഷകരമായി ബാധിച്ചു. രാജ്യം സാർവ്വത്രിക വിദ്യാഭ്യാസത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനു

വേണ്ടിയുള്ള സമ്മർദ്ദം തുടർന്നുകൊണ്ടിരിക്കുന്നു. അപ്പർ പ്രൈമറി ഘട്ടം വിജയിക്കുന്നവരിൽ പകുതിയിൽ താഴെ മാത്രമാണ് സെക്കന്ററി ഘട്ടത്തിൽ പ്രവേശിക്കുന്നത്. പ്രാഥമിക ഘട്ടത്തിലെ എസ്.എസ്.എ. യുടെ വിജയത്തിനു ശേഷം കേന്ദ്ര സർക്കാർ സാർവ്വത്രിക സെക്കന്ററി വിദ്യാഭ്യാസമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് മാധ്യമിക ശിക്ഷ അഭിയാനു രൂപം കൊടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് വിശദമായി 18.9 ഭാഗത്തിൽ നമ്മൾ വായിക്കും.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സീനിയർ സെക്കന്റ് ഘട്ടത്തിലെ ഒരു വ്യത്യസ്തമായ മേഖലയാണ്. വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കപ്പെട്ട തൊഴിലിൽ പ്രാവീണ്യം നേടുന്നതിനുള്ള പ്രവർത്തന ലക്ഷ്യമിടുന്നു. 1968-ൽ നടപ്പിലാക്കിയ വിദ്യാഭ്യാസത്തിന്റെ ഭാഗമായ പരിഷ്ക്കരണത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന് ഹയർസെക്കന്ററി വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കും എന്നുള്ളതാണ്. എങ്കിലും കഴിഞ്ഞകാല ശ്രമങ്ങൾ വേണ്ടത്രഫലം കണ്ടില്ല. ഹയർ സെക്കന്ററി തലത്തിൽ 50% വിദ്യാർത്ഥികളെ തൊഴിലധിഷ്ഠിത കോഴ്സുകളിൽ എത്തിക്കുക എന്നലക്ഷ്യം വളരെ പരിമിതമായ സീറ്റുകളിൽ ഒതുങ്ങിപ്പോയി. 11-ാം പഞ്ചവത്സര പദ്ധതിക്കു വേണ്ടിയുള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം, ഏതാണ്ട് 5114 വ്യവസായ പരിശീലന സ്ഥാപനങ്ങൾ 57 സാങ്കേതിക, 50 സാങ്കേതികേതര മേഖലകളിൽ പരിശീലനം നൽകുന്നു. നാഷണൽ സ്കീം ഡവലെപ്പ് മെന്റ് മിഷൻ ആന്റ് ട്രെയിനിംഗിന്റെ രൂപീകരണം അടുത്തകാലത്ത് ഈ ദിശയിലുണ്ടായ ഒരു മാറ്റമാണ്.

### 18.7.3 ഉന്നത വിദ്യാഭ്യാസം

ഇന്ത്യയിലെ സർവകലാശാലകൾ നന്നായി പ്രവർത്തിച്ചാൽ രാജ്യത്തെയെല്ലാം നന്നായിവരുമെന്ന് ഇന്ത്യയുടെ ആധുനിക വൽക്കരണം പ്രക്രിയയ്ക്ക് അടിത്തറപാകിയ പ്രഥമ പ്രധാനമന്ത്രി യശ:ശരീരനായ പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു പ്രഖ്യാപിക്കുകയുണ്ടായി. ഒരു വിദ്യാർത്ഥി 12-ാം ക്ലാസ്സ് പൂർത്തിയാക്കുന്നതോടെ സർവ്വകലാശാലയുടെ ഭാഗമായ കോളേജുകളിലേക്ക് പ്രവേശനം നേടുന്നു. അതോടുകൂടി അവന്റെ ഉന്നത വിദ്യാഭ്യാസം ആരംഭിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുഖ്യമായ പങ്ക് വഹിക്കാനുണ്ടെങ്കിലും ഈ മേഖലയിലെ വികസനം തീർത്തും അസന്തുലിതമാണ്. ചില പ്രത്യേക കോളേജുകളും ം സർവ്വകലാശാലകളും അക്കാദമിക്ക് പ്രാഗൽഭ്യത്തിൽ മുഖ്യ പങ്കുവഹിക്കുന്നുവെങ്കിലും, കോളേജുകളുടെയും സർവ്വകലാശാലകളുടെയും അവസ്ഥ പരിതാപകരമാണ്.

ഉന്നത വിദ്യാഭ്യാസം നേടുന്ന 18-20 വയസ്സുള്ള വിദ്യാർത്ഥികളുടെ എണ്ണം പരിമിതമാണ്. ചില പ്രത്യേക പ്രദേശങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലും സ്ത്രീകളിലും ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ അനുപാതം വളരെക്കുറവാണ്. ഗ്രാമീണ മേഖലകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നവർ പരിമിതമാണ്. കോളേജുകളിലെ സൗകര്യവും വ്യത്യസ്തമാണ്. ഉന്നത വിദ്യാഭ്യാസ മേഖല ജീവിത ഗന്ധിയായ കോഴ്സുകളും പഠന പരിപാടികളും നൽകുന്നു. ഇത് വിദ്യാർത്ഥികളുടെ അദ്ധ്യയന സാധ്യതകളും, യുക്തി ചിന്തയും വ്യക്തിയുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ പുരോഗതിക്കായി സർക്കാർ വമ്പിച്ച സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഒരു കോളേജ് വിദ്യാർത്ഥി വളരെ തുച്ഛമായ സംഖ്യമാത്രമാണ് ഫീസിനത്തിൽ നൽകുന്നത്. ബാക്കി ചിലവുകൾ മുഴുവൻ വഹിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്. ജനങ്ങളുടെ പണം ഉന്നതവിദ്യാഭ്യാസം അർഹിക്കുന്നവർക്കുവേണ്ടിത്തന്നെ ചിലവഴിക്കേണ്ടതുണ്ട്.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ റിപ്പോർട്ടു പ്രകാരം മൊത്തം പ്രവേശന നിരക്ക് 1950-51ൽ 0.7%മായി വർദ്ധിപ്പിച്ചു. 2006-2007ൽ 11%മായി ഉയർന്നു. 2012ൽ 15%മായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (11-ാം പദ്ധതിയുടെ അവസാനം)

### വയോജന വിദ്യാഭ്യാസം

മുതിർന്നവരുടെ നിരക്ഷരത പരിഹരിക്കുക നമ്മുടെ ഒരു സുപ്രധാന ലക്ഷ്യമാണ്. ആറാം പദ്ധതിയുടെ മിനിമ സീഡ് പദ്ധതിയിൽ 15-85 വയസ്സുള്ള മുതിർന്നവരുടെ വിദ്യാഭ്യാസം ഉൾപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ, നാഷണൽ ലിറ്ററസി മിഷന്റെ (NLM) ലക്ഷ്യം 80% നിരക്ഷരർക്ക് സാക്ഷരത പകർന്നു നൽകുകയെന്നതാണ് സ്വാതന്ത്ര്യത്തിനുശേഷം 1951-ൽ 18.3% വും 2011-ൽ 74% മായി വർദ്ധിച്ചു. പുരുഷ സാക്ഷരതാ നിരക്ക് 82.14%വും സ്ത്രീ സാക്ഷരതാ നിരക്ക് 65.46%വും ആണ്.

### 18.7.4 സാങ്കേതിക തൊഴിൽ വിദ്യാഭ്യാസ പരിശീലനം (TVET)

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കുക അസാധ്യമാണ്. സാങ്കേതിക പരിശീലനം സിദ്ധിച്ച മനുഷ്യശക്തിയുടെ ഒരു വലിയ ശേഖരം തന്നെയാണ് ഇന്ത്യ. ഇന്ത്യ വ്യവസായത്തിന്റെ പ്രതിക്ഷിത ആവശ്യങ്ങളും വർത്തമാന ലക്ഷ്യങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് സാങ്കേതിക മാനേജ്മെന്റ് പാഠ്യപദ്ധതി തയ്യാറാക്കപ്പെട്ടിരുക്കുന്നത്. ശാസ്ത്രീയ വ്യവസായിക വികസനങ്ങളുടെ ശക്തിസ്രോതസ്സാണ് സാങ്കേതിക പരിശീലനം സിദ്ധിച്ച വ്യക്തികൾ കഴിവുറ്റ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് നേട്ടങ്ങൾകൊയ്യാനും ചെയ്യുന്ന ജോലിയിൽ സംതൃപ്തി ലഭിക്കാനും ഉതകുന്ന ഒരു സാഹചര്യം ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഫലമായി വികസിത രാജ്യങ്ങളിലേക്കുള്ള മസ്തിഷ്ക ചോർച്ചയും മാനേജ്മെന്റ് മേഖലയോടുള്ള താല്പര്യവും വർദ്ധിച്ചുവരുന്നു. പ്രതിഭാധനരായ ഉന്നത വിദ്യാഭ്യാസം നേടിയ യുവതീയുവാക്കൾ മെച്ചപ്പെട്ട വരുമാനം നേടാൻ വേണ്ടി നമ്മുടെ രാജ്യം വിട്ട് വിദേശരാജ്യത്തേക്ക് പോകുന്നതിന് മസ്തിഷ്ക ചോർച്ചയെന്നു വിളിക്കുന്നു. (Brain Drain) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM) പോലെയുള്ള മികവുറ്റ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇന്ന് ഇന്ത്യയിലുണ്ട്.

### ദേശീയ വിദ്യാഭ്യാസ നയം

സ്വാതന്ത്ര്യം മുതൽ നമ്മുടെ രാജ്യത്തിന്റെ സമ്പത്തിന്റെ നല്ലൊരു പങ്ക് വിദ്യാഭ്യാസത്തിനുവേണ്ടി നിക്ഷേപിക്കുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം പ്രതീക്ഷിക്കാനുള്ള ധാർമ്മീകമായ അവകാശം രാഷ്ട്രത്തിനുണ്ട്. 1968-ലെ പ്രഥമ ദേശീയ വിദ്യാഭ്യാസ നയം സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സുപ്രധാന കാൽവയ്പ്പായിരുന്നു. ഇത് ലക്ഷ്യമിടുന്നത് രാഷ്ട്ര പുരോഗതിയും ഒരു പൊതു പൗരബോധം സംസ്ക്കാരം, ദേശീയ ഉദ്ഗ്രഥനം ശക്തിപ്പെടുത്തൽ എന്നിവയാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സമൂലമായ പുനർനിർമ്മാണം സാങ്കേതിക വിദ്യ, ധാർമീക മൂല്യങ്ങളുടെ വളർച്ച വിദ്യാഭ്യാസവും ജനജീവിതവും തമ്മിലുള്ള അടുത്ത ബന്ധം എന്നിവയുടെ ആവശ്യകതയാണ് ഇത് ഊന്നൽ നല്കുന്നത്.

1986-ലെ പുതിയ ദേശീയ വിദ്യാഭ്യാസ നയം കഴിഞ്ഞകാല നേട്ടങ്ങളുടെ പിൻബലത്തോടെയാണ് രൂപപ്പെടുത്തിയത്. സ്ക്കൂളുകളുടെ വിപുലമായൊരു ശൃംഖല

ഇന്ത്യയ്ക്കു നേരത്തേതന്നെ ഉണ്ട്. ജനസംഖ്യയിൽ ഏകദേശം 95% ഒരു പ്രൈമറി സ്ക്കൂളിന്റെ ഒരു കിലോമീറ്ററിനുള്ളിലും 80% ഒരു മിഡിൽസ്ക്കൂളിന്റെ 3കിലോമീറ്ററിനുള്ളിലുമാണ്. 1986–ലെ ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് 15–35 പ്രായപരിധിയിൽ വരുന്നവർക്ക് സാക്ഷരത നൽകുന്നതിനുവേണ്ടി ദേശീയ സാക്ഷരതാ മിഷൻ (ചഘങ) ആരംഭിച്ചു.

ടെലിവിഷൻ–റേഡിയോ സ്റ്റേഷനുകളുടെ ഒരു വിപുലമായ ശൃംഖലതന്നെ ഇന്ത്യക്കുണ്ട്. ഭൂരിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന ഉപഗ്രഹ ടെലിവിഷൻ ശൃംഖലയുടെ ലഭ്യത ഔപചാരിക വിദ്യാഭ്യാസത്തെ സമ്പന്നമാക്കിയും, അനൗപചാരിക വിദ്യാഭ്യാസത്തെ സഹായിച്ചും, വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും, അദ്ധ്യയനം നിസ്സംശയം വിപ്ലവവല്ക്കരിച്ചു.

ഇന്ത്യയിലെ എല്ലാ ജില്ലകളിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസ രംഗത്ത് എല്ലാവരോടും തുല്യത കാണിക്കാനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയാണ്. തങ്ങളുടെ രക്ഷിതാക്കളുടെ സാമ്പത്തിക ശേഷി പരിഗണിക്കാതെ ഗ്രാമപ്രദേശങ്ങളിലുള്ള മിടുക്കന്മാരായ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുനൽകുന്നു.

### തപാൽ വഴിയുള്ള വിദ്യാഭ്യാസം–വിദൂര വിദ്യാഭ്യാസം

വിവധ കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം തുടരാൻ കഴിയാതെ പഠനം നിർത്തേണ്ടിവന്ന നിരവധിപേർ നമ്മുടെ രാജ്യത്തുണ്ട്. ആരോഗ്യപരമോ, ഭൂമിശാസ്ത്രപരമോ, അക്കാദമികവോ, സാമ്പത്തികമോ ആയിരിക്കാം പഠനം നിർത്താനുള്ള കാരണങ്ങൾ. തപാൽ വഴിയുള്ള വിദ്യാഭ്യാസവും വിദൂര വിദ്യാഭ്യാസവും അത്തരക്കാർക്ക് വേണ്ടിയുള്ളതാണ്. ഈ സമ്പ്രദായത്തിൽ ക്ലാസുകളിൽ ഹാജരാകാതെ തന്നെ വിദൂര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അയച്ചുകൊടുക്കുന്ന പാഠഭാഗങ്ങൾ പഠിക്കാൻ വിദ്യാർത്ഥികൾക്കു കഴിയുന്നു. പഠിക്കുമ്പോൾ തന്നെ വിദ്യാർത്ഥികൾക്കു ജോലിയിലോ ബിസിനസ്സിലോ വ്യാപൃതരാകാനും കഴിയുന്നു.

അദ്ധ്യാപകരുമായി പഠിതാവ് നേരിട്ട് ബന്ധം സ്ഥാപിക്കുന്നില്ല. അവർ വിദൂര സ്ഥലങ്ങളിലായിരിക്കാം ഓപ്പൺ സ്ക്കൂളിൽ ഇപ്പോൾ സെക്കന്ററി (പത്താം ക്ലാസ്സ്) സീനിയർ സെക്കന്ററി (പന്ത്രണ്ടാം ക്ലാസ്സ്) ക്ലാസ്സുകൾ ലഭ്യമാണ്. താങ്കൾ ഇപ്പോൾ ഓപ്പൺ സ്ക്കൂൾ പദ്ധതിയിൽ ചേർന്നിരിക്കുകയാണല്ലോ. താങ്കളുടെ ജോലി നഷ്ടപ്പെടാതെ തന്നെ ഞങ്ങൾ അയച്ചു തരുന്ന പാഠഭാഗങ്ങൾ താങ്കൾ പഠിക്കുന്നു. ഈ പാഠഭാഗങ്ങൾ വളരെ ശ്രദ്ധാപൂർവ്വം തയ്യാറാക്കിയവയാണ്. പരീക്ഷാ മാധ്യമത്തിനും വിഷയങ്ങളിലും കർക്കശമില്ലാത്തതുകൊണ്ടുതന്നെ ആ സമ്പ്രദായം വളരെ ലളിതമാണ്. 5 വർഷത്തിനുള്ളിൽ വിജയിക്കത്തക്ക രൂപത്തിൽ 4 വിഷയങ്ങളും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും ഇത്തരം വിദൂര വിദ്യാഭ്യാസ സൗകര്യം നൽകുന്നു. ഔദ്യോഗിക വിദ്യാഭ്യാസം നേടാൻ കഴിയാത്ത ഇന്ത്യൻ പൗരന്മാരിലേക്ക് വിദ്യാഭ്യാസം എത്തിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾ വമ്പിച്ച സേവനങ്ങളാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ വികസനത്തിന്റെ വേഗത ത്വരിതഗതിയിലായിട്ടുണ്ട്. ഇന്ത്യയിലെ ഓരോ കുട്ടിയും നിർദ്ധിഷ്ഠ വിദ്യാഭ്യാസം ആർജ്ജിക്കുന്നതിലൂടെ മാത്രമേ വികസനം, ഉദ്ഗ്രഥനം, കാര്യക്ഷമത, സമത്വം എന്നീ മേഖലകളിലെ



കുറിപ്പുകൾ :

വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ നമുക്കു നേടിയെടുക്കാൻ സാധിക്കൂ. ഓരോരുത്തരും പുത്തൻ നിലപാടുകളുടെയും, ആശയങ്ങളുടെയും രക്ഷാധികാരിയും, സ്വീകർത്താവും ആകുന്ന തരത്തിലുള്ള പദ്ധതിയിലൂടെ കാര്യക്ഷമതയും കഠിനാദ്ധ്വാനവും വികസനവും സാധ്യമാകുന്ന മഹത്തായ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്.

## 18.8 വിദ്യാഭ്യാസത്തിലെ സമീപകാല വികാസങ്ങൾ

### വിദ്യാഭ്യാസ അവകാശനിയമം

86-ാം ഭരണഘടനാഭേദഗതിയിലൂടെ വിദ്യാഭ്യാസം മൗലീകാവകാശ മാക്കിക്കൊണ്ടുള്ള ബിൽ 2012-ൽ പാർലമെന്റ് പാസ്സാക്കി.

സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം, മൗലീക അവകാശം നടപ്പാക്കാൻ പ്രാപ്തമാക്കുന്ന നിയമം 2012 ഏപ്രിലിൽ പാർലമെന്റ് പാസ്സാക്കിയതായിരുന്നു.

6-14 വയസ്സിനിടയിലുള്ള കുട്ടികൾക്ക് സമീപത്തുള്ള പ്രാഥമിക വിദ്യാഭ്യാസങ്ങളിൽ പഠനം നടത്തുന്നതിന് സൗകര്യം ഒരുക്കൽ സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കടമയാണെന്ന് നിയമം അനുശാസിക്കുന്നു. നിലവിൽ ഈ പ്രായപരിധിയിലുള്ള 22കോടിയോളം കുട്ടികളുണ്ട്. ഇതിൽ 4.6%ത്തോളം കുട്ടികൾ സ്ക്കൂളിനു പുറത്താണ്. ഏതാണ്ട് 92ലക്ഷം.

നിയമപ്രകാരം, സ്ക്കൂൾ നടത്തിപ്പു കമ്മറ്റിയോ, പ്രാദേശിക അധികാരികളോ, സ്ക്കൂളിനു പുറത്തുള്ള 6 വയസ്സിനു മുകളിലുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ പ്രായത്തിനുയോചിച്ച ക്ലാസ്സുകളിൽ പ്രവേശിപ്പിക്കണം.

### രാഷ്ട്രീയ മാധമിക് ശിക്ഷാ അഭിയാൻ (RMSA)

സെക്കന്ററി തലത്തിൽ വിദ്യാലയ പ്രവേശനം സാർവ്വത്രികമാക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 11-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ ഒരു കേന്ദ്രസർക്കാർ പദ്ധതിയാണ് രാഷ്ട്രീയ മാധമിക് ശിക്ഷാ അഭിയാൻ (RMSA)

ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം ലക്ഷ്യമാക്കുക, 15-16 (IX-X ക്ലാസ്സുകൾ) പ്രായപരിധിയിൽ വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സെക്കന്ററി വിദ്യാഭ്യാസം പ്രാപ്യവും പണച്ചെലവില്ലാത്തതുമാക്കുക എന്നിവയാണ് ഞങടത്ത യുടെ ലക്ഷ്യം. ഈ പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ (i) 2015 ഓടെ 15-16 വയസ്സിനു ള്ളിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും സെക്കന്ററിതല വിദ്യാഭ്യാസം 5കി.മീറ്ററിനുള്ളിലും ഹയർ സെക്കന്ററി വിദ്യാഭ്യാസം 7കി. മീറ്ററിനുള്ളിലും സ്ക്കൂളുകൾ നല്കിക്കൊണ്ട് പ്രാപ്തമാക്കുക. (ii) 2010-ഓടെ സാർവ്വത്രികത ഉറപ്പിക്കൽ

### RMSA നടപ്പാക്കുന്നതിനുള്ള തന്ത്രങ്ങൾ

(a) വിദ്യാർത്ഥികൾക്ക് സെക്കന്ററി വിദ്യാഭ്യാസം നല്കുന്നതിന് ഞങടത്ത ചട്ടക്കൂട്ടിൽ താഴെ പറയുന്ന തന്ത്രങ്ങൾ നിർദ്ദേശിക്കുന്നു.

(b) പുതിയ ക്ലാസ്സ് മുറികൾ, പരീക്ഷണശാലകൾ (ലാബറട്ടറികൾ), കമ്പ്യൂട്ടർ മുറികൾ, ഹെഡ്മാസ്റ്ററുടെ മുറി, ലൈബ്രറി റൂം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ ഇവ നിർമ്മിച്ചുകൊണ്ടും,



കുറിപ്പുകൾ :

കൂടുതൽ അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് അപ്പർ പ്രൈമറി സ്ക്കൂളുകളായി ഉയർത്തുക.

(c) ക്ലാസ്സ്മുറികൾ, ലാബറട്ടറികൾ, കമ്പ്യൂട്ടർ മുറികൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകടോയ്ലറ്റുകൾ നിർമ്മിച്ചുകൊണ്ടും കൂടുതൽ അദ്ധ്യാപകരെ നിയമിച്ചും നിലവിലുള്ള സ്ക്കൂൾ കെട്ടിടങ്ങൾ പുനരുദ്ധരിച്ചും, നവീകരിച്ചും സെക്കന്ററി സ്ക്കൂളുകളെ ശക്തിപ്പെടുത്തുക.

(ii) വിവധ സാമൂഹ്യ ജന വിഭാഗങ്ങളുടെ വ്യാത്യാസം ഇല്ലാതാക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, ന്യൂനപക്ഷങ്ങൾക്കും മറ്റു ദുർബല വിഭാഗ ക്കാർക്കും, പ്രത്യേകം സാമ്പത്തിക സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

(iii) RMSA യുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കർമ്മപരിപാടികൾ നടപ്പിലാക്കണമെന്നും പദ്ധതി നിർദ്ദേശിക്കുന്നു.

മ) സയൻസ് ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണം.

യ) അദ്ധ്യാപകർക്കുള്ള പരിശീലനം

ര) സ്ക്കൂൾ മേധാവികൾക്കുള്ള നേതൃത്വ പരിശീലനം

റ) പാഠ്യ പദ്ധതി പരിഷ്ക്കരണം

ല) ശാസ്ത്ര-ഗണിത ശാസ്ത്ര വിദ്യാഭ്യാസം

ള) കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിദ്യാഭ്യാസം

ഴ) പാഠ്യേതര പ്രവർത്തനങ്ങൾ

വ) പഠന സഹായികൾ.



## പാഠഭാഗ ചോദ്യങ്ങൾ 18.3

1. ബെൻഡിക്കിന്റെ 1835-ലെ പ്രമേയം എന്തായിരുന്നു?

2. ആരാണ് ഇംഗ്ലീഷിനെ സർക്കാരിന്റെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത്?

3. ഇന്ത്യൻ സർവ്വകലാശാല നിയമം പാസ്സാക്കിയത് എപ്പോൾ?

4. എവിടെയൊക്കെയാണ് 1857-ൽ 3 സർവ്വകലാശാലകൾ സ്ഥാപിച്ചത്?

5. കോളനി ഭരണത്തിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമെന്തായിരുന്നു?

6. സ്വാതന്ത്ര്യലബ്ധിക്കു മുൻപുള്ള ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ഗുണകരമായ വശം എന്തായിരുന്നു?

7. എപ്പോഴാണ്. വിദ്യാഭ്യാസം ഭരണഘടനയുടെ സംയുക്ത പട്ടിക (Concorrent list) യിൽ ഉൾപ്പെടുത്തിയത്?

കുറിപ്പുകൾ :

8. എന്നാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയത്?

9. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മുഖ്യ മേഖലകൾ എന്തെല്ലാം?

10. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്ത് ?

11. ഉന്നത വിദ്യാഭ്യാസ ഘട്ടത്തിലെ ഭീതിയുണർത്തുന്ന അവസ്ഥയെന്ത്?

12. വയോജന വിദ്യാഭ്യാസത്തിന്റെ പ്രായപരിധി എത്ര?

## നിങ്ങൾ എന്ത് പഠിച്ചു

* വൈദീക കാലഘട്ടത്തിൽ വിദ്യാഭ്യാസം ആശ്രമങ്ങളിലായിരുന്നു. അത് സവർണ്ണ വിഭാഗത്തിന്റെ മാത്രം അവകാശമായിരുന്നു.

* ഗിൽഡുകളും വിദ്യാഭ്യാസം നൽകിയിരുന്നു. ബി.സി. മുതൽ എ.ഡി. 300വരെയുള്ള കാലഘട്ടത്തിൽ അത് സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങളിലായി മാറി.

* ബുദ്ധാശ്രമങ്ങളും ജൈന വിദ്യാഭ്യാസരീതിയും ഇന്ത്യയെ ലോകത്തിലെതന്നെ പ്രമുഖ വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുന്നതിൽ വലിയൊരു പങ്കുവഹിച്ചു.

* ഡൽഹി സുൽത്താനെറ്റിന്റെ സ്ഥാപനത്തിനുശേഷം, മുസ്ലിം വിദ്യാഭ്യാസ സമ്പ്രദായം കടന്നുവരികയും അതോടെ പ്രാഥമിക വിദ്യാഭ്യാസവും ഉന്നതപഠനവും കൂട്ടിച്ചേർന്ന ഒരു ബ്രഹത്തായ രീതിയുമായിരുന്നു.

* പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ കടന്നുവരവും ഐത്യജാതികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം നൽകിക്കൊണ്ട് സമൂലമായ മാറ്റത്തിനു തുടക്കമിട്ടു.

* 1986-ലെ ദേശീയ വിദ്യാഭ്യാസ നയം സ്വാതന്ത്ര്യഇന്ത്യയിലെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു പുതിയ കാൽവെയ്പ്പായിരുന്നു.

## പാഠാവസാന അഭ്യാസങ്ങൾ

1. പുരാതന കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ വികാസ ചുരുക്കത്തിൽ വിശദീകരിക്കുക?

2. മധ്യകാലഘട്ടത്തിൽ ഡൽഹി സുൽത്താനേറ്റിന്റെ സ്ഥാപനത്തോടുകൂടി വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുത്ത നടപടികൾ ചർച്ച ചെയ്യുക?

3. വിദ്യാഭ്യാസ സമ്പ്രദായത്തിൽ മുഗളകാലം നടപ്പിലാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

4. 1854 മുതൽ 1904 വരെയുള്ള വിദ്യാഭ്യാസ വികാസം വിശദീകരിക്കുക?

5. നിരക്ഷരതാ നിർമ്മാർജ്ജനത്തിന് സ്വതന്ത്ര്യ ഇന്ത്യ സ്വീകരിച്ച നടപടികൾ ചർച്ചചെയ്യുക?

കുറിപ്പുകൾ :

## പാഠഭാഗ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

**18.1**

1. സംസ്ക്കാരങ്ങളുടെ മാറ്റത്തോടൊപ്പം വിദ്യാഭ്യാസ സമ്പ്രദായവും മാറുന്നു.
2. ഉപനയന ചടങ്ങുകളോടുകൂടി പഠനപ്രക്രിയ ആരംഭിക്കുന്നു.
3. ആശ്രമങ്ങളിൽ
4. വായു, കഫം, പിത്തം (മശൃ, ൗൗരൗ, യശഹല)
5. ആദിപുരാണവും യഷാധിലകവും
6. (a) വിദ്യാഭ്യാസം ഉപരിവർഗ്ഗത്തിന്റെ അവകാശമായിരുന്നു.
   (b) വിദ്യാഭ്യാസത്തിൽ സംസ്കൃത ഭാഷയുടെ ഉപയോഗം

**18.2**

1. മക്ക്ത്തബ്ബുകൾ
2. രാജാക്കന്മാരും, പ്രഭുക്കന്മാരും
3. ഡൽഹിയിലെ മയിസി, നമ്പ്രി, ഫിറുസി ബിഡാറിലെ മുഹമ്മദ് ഗവ്വാന്റെ മദ്രസ്സ, ഫത്തേഫൂർ സിക്രിയിലെ അബ്ദുൾ ഫൈസലിന്റെ മദ്രസ്സ
4. ഉദ്ദേശത്തിൽ പരമ്പരാഗതവും ഉള്ളടക്കത്തിൽ ദൈവശാസ്ത്ര പരമായിരുന്നു.
5. വിദ്യാഭ്യാസത്തിൽ അന്വേഷണം, നിരീക്ഷണം, പരീക്ഷണം എന്നിവ ഉൾപ്പെടുന്നതായിരുന്നു
6. അദ്ദേഹം വിദ്യാഭ്യാസത്തിൽ മതേതര, ശാസ്ത്രീയ സമ്പ്രദായം ആരംഭിച്ചു.

**18.3**

1. യൂറോപ്യൻ ശാസ്ത്രവും, സാഹിത്യവും വളർത്തുന്നതിന്
2. വില്യം ബെന്റിക്
3. 1904
4. ബോംബെ, മദ്രാസ്, കൽക്കത്ത
5. ഭരണകർത്താക്കളെയും ഭരണീയരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു നഗര പ്രബുദ്ധ വിഭാഗത്തെ സൃഷ്ടിക്കുന്നതിന്
6. പുതിയ സാമൂഹ്യ പരിഷ്കർത്താക്കളെയും രാഷ്ട്രീയ നേതാക്കളെയും സൃഷ്ടിക്കുകയും പിന്നീട് ഇവർ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തെ സഹായിക്കുകയും ചെയ്തു.
7. 1976–ലെ ഭരണഘടനാ ഭേദഗതി പ്രകാരം.
8. 1986ൽ
9. (a) സാർവത്രിക പ്രവേശനവും, രജിസ്ട്രേഷനും
   (b) 14–വയസ്സുവരെയുള്ള കുട്ടികളുടെ സാർവ്വത്രിക അവകാശം.
   (c) പഠനത്തിന്റെ അനിവാര്യതലങ്ങൾ നേടുന്നതിന് കുട്ടികളെ പ്രാപ്ത മാക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ
10. അറിവിന്റെ അടിസ്ഥാന ശാഖയുമായി പരിചയപ്പെടാൻ കുട്ടികളെ സഹായിക്കുന്നു.
11. (a) ഉന്നത വിദ്യാഭ്യാസത്തിൽ രജിസ്റ്റർ ചെയ്യുന്ന 18–20പ്രായപരിധിയിൽ വരുന്നവരുടെ എണ്ണം വളരെക്കുറവാണ്.
    (b) ഉന്നത വിദ്യാഭ്യാസത്തിൽ സ്ത്രീകൾ, പട്ടികജാതി, ആദിവാസി വിഭാഗങ്ങളുടെ നിരക്കും വളരെ മോശമാണ്.
12. 15–35 വർഷങ്ങൾ

കുറിപ്പുകൾ :

# 19

# ഇന്ത്യയിലെ സാമൂഹ്യഘടന

ഇന്ത്യയിലെ സാംസ്ക്കാരിക വൈവിധ്യങ്ങളെക്കുറിച്ചും ഈ രാജ്യത്ത് അധിവസിക്കുന്ന ജനവിഭാഗത്തെക്കുറിച്ചും അവരുടെ വൈവിധ്യപൂർണ്ണമായ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ജനങ്ങൾ അനേകം അസ്ഥിത്വങ്ങളാൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്തു മറ്റൊരിടത്തും ഇത് ദർശിക്കാൻ സാധ്യമല്ല. ഈ അസ്തിത്വങ്ങൾ ദേശാടിസ്ഥാനത്തിലോ (ഉത്തരേന്ത്യൻ, ദക്ഷിണേന്ത്യൻ, ഡക്കാൻ), ഭാഷാടിസ്ഥാനത്തിലോ (ഹിന്ദി, തമിഴ്, തെലുങ്ക്), മതാടിസ്ഥാനത്തിലോ(ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ, ജൈന, ബുദ്ധ, സിക്ക്) ആകാം. ഇവ ഓരോന്നും വ്യതിരക്തമായ ഒരു സാമൂഹ്യഘടനയ്ക്ക്, അനുസൃതമായ അസ്തിത്വമാണ്. എങ്കിലും പരസ്പരം കൂട്ടിയിണക്കുന്ന ബന്ധത്തിന്റെ സുദൃഢമായ നൂലിഴകൾ ഇവിടെ നമുക്കു ദർശിക്കാൻ കഴിയും. ഈ അദ്ധ്യായത്തിൽ ഇന്ത്യൻ സമൂഹത്തന്റെയോ, സമൂഹങ്ങളുടെയോ, കാലാന്തരങ്ങളിലുള്ള പരിണാമങ്ങളെക്കുറിച്ച് നമുക്കുപഠിക്കാം.

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായങ്ങൾ വായിച്ചാൽ.**

* ഇന്ത്യയുടെ സാമൂഹ്യഘടന പരിശോധിക്കാനാവും

* ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥിതിയിൽ നിലനിൽക്കുന്ന തൊട്ടുകൂടായ്മയെ വിശദീകരിക്കാം.

* ഇന്ത്യയിൽ നിലനിന്നിരുന്ന അടിമത്വ സമ്പ്രദായത്തിന്റെ വിവരണം നല്കാം.

* പുരുഷാർത്ഥങ്ങൾ, ആശ്രമങ്ങൾ, സംസ്ക്കാരങ്ങൾ മനസ്സിലാക്കാം.

* ജജ്മണിസമ്പ്രദായം വിവരിക്കാനാവും

* ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയിൽ വിവാഹത്തിന്റെയും കുടുംബത്തിന്റെയും പങ്ക് വിലയിരുത്താം.

* ഇന്ത്യൻ സാമൂഹ്യഘടനയിൽ സ്ത്രീകളുടെ സ്ഥാനം വിലയിരുത്താനാവും.

* ഇന്ത്യയിലെ ആദ്യവാസികളുടെ അവസ്ഥ പരിശോധിക്കാം.

## 19.1 ഇന്ത്യൻ സമൂഹത്തിന്റെ ഘടന

തിരിച്ചറിയാവുന്ന സാമൂഹ്യ ഘടനകളിൽ ഏറ്റവും ആദിമമായ ഒന്നാണ് വർഗ്ഗം. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നാഗ, മിസോ, ഗരോ, കാസി, കന്ത്, കോൽ, സന്താൾ, ഗഡ്ഢി, ബിൽ, ഒനാഓൺ, ഹോ, മുണ്ട എന്നിങ്ങനെ നിരവധി ഗോത്രവർഗ്ഗങ്ങൾ നിലനിൽക്കുന്ന ഈ വിഭാഗങ്ങളെയൊക്കെ ഭരണഘടനയിലെ ഒരു പട്ടികയിൽ ഉൾപ്പെടുത്തി അതുകൊണ്ട് ഈ വർഗ്ഗങ്ങൾ പട്ടികവർഗ്ഗങ്ങൾ എന്നറിയപ്പെടുന്നു.



കുറിപ്പുകൾ :

ആരാണ് ഒരു വർഗ്ഗക്കാരൻ? ജാതിയോ, വർണ്ണമോ, അടിസ്ഥാന മാക്കിയിട്ടുള്ള ഒരു വർഗ്ഗം മറ്റുള്ളവരിൽ നിന്ന് എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു? എന്നിവ പ്രസക്തമായ ചോദ്യങ്ങളാണ്. ഈ ചോദ്യത്തിന്റെ ഉത്തരം ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ അടങ്ങിയിരിക്കുന്നു. നമുക്ക് താഴെപറയുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഒരു വർഗ്ഗത്തെ തിരിച്ചറിയാനാകും. 1. എല്ലാ അംഗങ്ങളും രക്തബന്ധത്തിൽ അധിഷ്ഠിതമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. 2. എല്ലാവർക്കും തുല്യ പദവി ആയിരിക്കും. 3. ഒരു പൊതുമുൻഗാമിയിൽ നിന്ന് ഉടലെടുത്തവരാണ് തങ്ങളെന്ന് അവർവിശ്വസിക്കുന്നു. 4. വിഭാഗങ്ങൾക്കും എല്ലാവർക്കും തുല്യപങ്കാളിത്തമായിരിക്കും. 5. സ്വകാര്യസ്വത്തവകാശം എന്നബോധം പ്രകടമല്ല. 6. ലിംഗത്തിന്റെയും പ്രായത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമുള്ള സാമൂഹ്യവ്യവസ്ഥകളെ നിലനിൽക്കുന്നുള്ളൂ. വർഗ്ഗത്തിലെ അംഗങ്ങളെയെല്ലാം ഒന്നിലധികം ഗോത്രങ്ങളിൽപ്പെട്ടവരായിരിക്കും ഒരുഗോത്രം മറ്റുഗോത്രങ്ങളിൽനിന്നും വിവാഹിതരാകുമ്പോൾ ഒരുവർഗ്ഗം അതേവർഗ്ഗത്തിൽ നിന്നുമാത്രമേ വിവാഹം ചെയ്യുകയുള്ളൂ. ഇത്തരം വർഗ്ഗങ്ങൾ വൈദീകകാലം മുതലേ നിലനിന്നിരുന്ന ഭരതൻ, യദു, ദുർവ്വാസ്സാവ്, ദ്രുഹ്യൂസ്, പുരസ്, അനുസ് എന്നിവയായിരിക്കും. അദ്ദേഹം തുല്യരിൽ ഒന്നാമനായിരിക്കും നിറത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ജനങ്ങൾ തമ്മിൽ വ്യത്യാസപ്പെട്ടിരുന്നത്. വൈദീക വർഗ്ഗത്തിൽ ഉൾപ്പെട്ടവർ ദാസവർണ്ണത്തിൽപ്പെട്ടവർ എന്നറിയപ്പെട്ടിരുന്നത്. അവർക്ക് വൈദേശികഭാഷ, കറുത്തനിറം, വ്യത്യസ്ത ദൈവങ്ങൾ എന്നിവയായിരിക്കുമെന്ന് പറയപ്പെടുന്നു. ഈ ആദിമ വ്യത്യാസം ക്രമേണ സങ്കീർണ്ണമായ വർണ്ണ സമ്പ്രദായമായി വികാസം പ്രാപിച്ചു. അത് സമൂഹത്തെ വർഗ്ഗങ്ങൾക്കുപകരം ബ്രാഹ്മണ, ക്ഷത്രീയ, വൈശ്യ, ശൂദ്രഎന്നിങ്ങനെ 4 വിഭാഗങ്ങളായി വിഭജിച്ചു. തുടർച്ചയായ വർഗ്ഗ, വർഗ്ഗേതര യുദ്ധങ്ങളും പിടിച്ചടക്കിയവരെ കീഴടക്കലും യുദ്ധത്തിൽ ലഭിച്ച കൊള്ളമുതൽ കയ്യടക്കലും സമ്പത്തിന്റെ സന്തുലിതമായ വിതരണങ്ങളും ഒക്കെ അടിസ്ഥാനപരമായി ഇത്തരം വർഗ്ഗങ്ങളുടെ രൂപീകരണത്തിനു കാരണമായി.

ബ്രാഹ്മണർ പുരോഹിതരായി പ്രവർത്തിച്ചു. ക്ഷത്രിയന്മാർ രാഷ്ട്രീയധർമ്മങ്ങളിൽ വ്യാപൃതരായി. വൈശ്യർ കർഷകവൃത്തിയിൽ ഏർപ്പെട്ടു. ശൂദ്രന്മാർ ദാസ്യവേലയിൽ ഏർപ്പെട്ടവരായിരുന്നു. ആദ്യത്തെ രണ്ടുവിഭാഗങ്ങൾ താരതമ്യേന എണ്ണത്തിലധികമായിരുന്ന ഉല്പാദന പ്രക്രിയയിലേർപ്പെട്ടിരുന്ന മൂന്നാം വിഭാഗത്തെചൂഷണം ചെയ്തപ്പോൾ ഈ മൂന്നു വിഭാഗങ്ങളുമൊരുമിച്ച് ശൂദ്രന്മാരെ ചൂഷണം ചെയ്തു. ഈ മൂന്ന് ഉന്നത ജാതികൾ ഉപനയന ചടങ്ങുകൾക്ക് (പൂണൂൽ) അവകാശപ്പെട്ടവരായിരുന്നു. അവർ ദ്വിജന്മാരെന്നറിയപ്പെട്ടിരുന്നു(വീണ്ടും ജനിച്ചവർ)

വൈദീകാനന്തര സമ്പദ്ഘടനയിൽ ധാരാളം മാറ്റങ്ങളുണ്ടായി. ഇത്തരം മാറ്റങ്ങൾക്ക് പുതിയ ആശയങ്ങളുടെ പിന്തുണ ആവശ്യമുണ്ടായിരുന്നു. നിരവധി യാഥാസ്ഥിതികേതര മത പ്രസ്ഥാനങ്ങളുടെ രൂപം ഈ മാറ്റങ്ങൾക്ക് നിദാനമായി. ബുദ്ധമതത്തിന് ജാതിവ്യവസ്ഥയെ പൂർണ്ണമായി നിഷേധിക്കാൻ കഴിഞ്ഞെങ്കിലും, ബ്രാഹ്മണീയ സാമൂഹ്യ വ്യവസ്ഥയെ ബുദ്ധമതം വിമർശിച്ചു. വർഗ്ഗശ്രേണിയിൽ ക്ഷത്രിയരെ ഏറ്റവും ഉന്നതരായി ബുദ്ധമതം പരിണമിച്ചു. ബ്രാഹ്മണരാൽ ചൂഷണത്തിനു വിധേയരായിരുന്ന വൈശ്യർ സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിനുവേണ്ടി കൂട്ടത്തോടെ ബുദ്ധമതത്തിൽ ചേർന്നു. എങ്കിലും ബുദ്ധ-ജൈന മതങ്ങളിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾ ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ ഗ്രീക്കുകാർ, പാർത്ഥ്യന്മാർ, കുശാനന്മാർ എന്നീ

കുറിപ്പുകൾ :

പുതിയ വിഭാഗങ്ങൾ എത്തിച്ചേർന്നതോടെ ഇന്ത്യയിലെ വർണ്ണ ജാതി സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടായി. സമ്പദ് വ്യവസ്ഥയിലും മാറ്റങ്ങൾ ദർശിക്കാനായി. പിൽക്കാലത്ത് ജാതികളായി മാറിയ ശ്രേണി അഥവാ ഗിൽഡുകളുടെ ഉദയത്തിന് നഗരവല്ക്കരണം, കരകൗശല വസ്തുക്കളുടെ ഉദ്പ്പാദനം, വാണിജ്യം എന്നിവയുടെ വളർച്ച കാരണമായി. ഗിൽഡ് അംഗങ്ങളുടെ പെരുമാറ്റങ്ങൾ ഗിൽഡ് കോടതിനിയന്ത്രിച്ചിരുന്നു. ഗിൽഡുകൾക്ക് ശ്രേണിധർമ്മം അഥവാ, നിയമാധികാരം ഉണ്ടായിരുന്നു. ഈ ഗിൽഡുകൾ ബാങ്കുകളായും, പണമിടപാടുകാരായും, രക്ഷാധികാരികളായും പ്രവർത്തിച്ചു. ശ്രേഷ്ഠന്മാർ എന്നറിയപ്പെട്ടിരുന്ന വിവിധ വിഭാഗക്കാരായിരുന്നു ഈ ധർമ്മങ്ങൾ നിർവഹിച്ചിരുന്നത്. ഈ ശ്രേഷ്ഠന്മാർ ഉത്തരേന്ത്യയിൽ ഇന്ന് സേട്ടുമാരെന്നും ദക്ഷിണേന്ത്യയിൽ ചെട്ടി അഥവാ ചെട്ടിയാർ എന്നും അറിയപ്പെടുന്നു. 500–ബി.സി. –എ.ഡി. 500 കാലയളവിൽ ജാതിവ്യവസ്ഥയുടെ സ്ഫടികവൽക്കരണംദൃശ്യമായി. ജാതി ശ്രേണിയിൽ നിരവധി വർഗ്ഗങ്ങളുടെ ഉൾപ്പെടുത്തൽ, മിശ്രവിവാഹം, ജനസംഖ്യയിൽ പുതിയ ഘടകങ്ങളുടെ വരവ്, വിവിധ കൈത്തൊഴിലുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നീ കാരണങ്ങളാൽ ജാതികളുടെ എണ്ണത്തിൽ പതിന്മടങ്ങ് വർദ്ധനവുണ്ടായി. സ്മൃതികളും, ധർമ്മശാസ്ത്രങ്ങളും ഓരോ ജാതിയുടെയും ധർമ്മങ്ങൾ നിജപ്പെടുത്തി. സ്വവംശവിവാഹം, പൊരുത്തം, കൈത്തൊഴിലുകൾ അനന്യത എന്നീ നിയമങ്ങളാൽ ബന്ധിതമായിരുന്നു ജാതികൾ തമ്മിലുള്ള ബന്ധങ്ങൾ.

അഞ്ചും, ഏഴും നൂറ്റാണ്ടുകൾക്കിടയിൽ വർണ്ണജാതി സംഘടനകളിൽ വീണ്ടും മാറ്റങ്ങൾ ഉണ്ടായി. ഭൂപ്രഭുത്വസൃഷ്ടിയുടെ ഫലമായി വൈശ്യർ അടിയാളന്മാരായ കർഷകരായി. ധാരാളം വർഗ്ഗാധിഷ്ഠിത കർഷകർ ശൂദ്രന്മാരിൽ ഉൾപ്പെട്ടു. തൽഫലമായി ശൂദ്രന്മാർ വൈശ്യന്മാരെപ്പോലെ കർഷകരായി മാറി. അങ്ങനെ വൈശ്യരും ശൂദ്രരും കൂട്ടിച്ചേർക്കപ്പെട്ടു. എങ്കിലും ഗംഗാതട പ്രദേശങ്ങളിലൊഴിച്ച് ജാതി സമ്പ്രദായം മറ്റൊരു രൂപം പ്രാപിച്ചു. ബംഗാൾ ദക്ഷിണേന്ത്യ, അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ബ്രാഹ്മണർ, ശൂദ്രർ എന്നിങ്ങനെ രണ്ടു ജാതികൾ ഉരുത്തിരിഞ്ഞു. 7–ാം നൂറ്റാണ്ടോടുകൂടിത്തന്നെ ഉത്തരേന്ത്യൻ സമൂഹത്തിൽ രജപുത്രന്മാർ സുപ്രധാന ഘടകങ്ങളായി മാറി. സസ്യങ്ങൾ പോലും ജാതി വർണ്ണവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വീതിക്കപ്പെടുന്ന തരത്തിൽ ഇക്കാലത്തെ ജന ബോധമണ്ഡലങ്ങളെ ജാതിവ്യവസ്ഥ കീഴ്പ്പെടുത്തി. ജാതിയുടെ അടിസ്ഥാനത്തിൽ വീടുകളുടെ വലിപ്പം പോലും നിജപ്പെടുന്ന അവസ്ഥ നിലനിന്നു. പ്രത്യേകിച്ച് ദക്ഷിണേന്ത്യയിൽ, മധ്യകാലത്തുണ്ടായ ഒരു സുപ്രധാന സംഭവവികാസം ശൂദ്രന്മാരെ ശുദ്ധ(സദ്) അശുദ്ധ(അസ്ദ്) വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടു എന്നുള്ളതാണ്. അതുപോലെ ദക്ഷിണേന്ത്യൻ ജാതികളുടെ സവിശേഷത അവ ഇടം കൈ , വലം കൈ ജാതികളായി അറിയപ്പെട്ടു എന്നതാണ്. മനു 61 ജാതികളെ തിരിച്ചറിഞ്ഞപ്പോൾ പിൽക്കാല ഗ്രന്ഥങ്ങൾ നൂറുകണക്കിന് വർണ്ണ സങ്കരങ്ങൾ അഥവാ സങ്കര ജാതികൾ വിവരിച്ചു. രജപുത്രരെ കൂടാതെ കയസ്ഥർ എന്നറിയപ്പെടുന്ന മറ്റൊരു ജാതി പാരമ്പര്യമായി ഗുമസ്തന്മാർ(കൈയ്യെഴുത്തുകാർ) ആയിരുന്നു. അവർ ഒരു പ്രത്യേക ജാതിയായി നിലക്കൊണ്ടു. ഇവരിൽ പലരും തങ്ങളുടെ മുൻഗാമികളുടെ ഉന്നതമായ സ്ഥാനത്തിൽ ഊറ്റം കൊള്ളുകയും സാമ്പത്തികമോ, മറ്റുഘടകങ്ങളോ അടിസ്ഥാനപ്പെടുത്തി തങ്ങളുടെ ഇപ്പോഴത്തെ പിന്നോക്കാവസ്ഥയിൽ പരിതപിക്കുകയും ചെയ്യാറുണ്ട്. ഉത്തരേന്ത്യയിലെ ഒരു പ്രമുഖ ജാതിയായ ഖാത്രികൾ തങ്ങൾ

കുറിപ്പുകൾ :

ക്ഷത്രീയരാണെന്ന് അവകാശപ്പെടുന്നു. പക്ഷേ കച്ചവടത്തിലേർപ്പെട്ട വരായിരുന്നതിനാൽ തങ്ങളെ അവജ്ഞയോടെ കാണുന്നതിനാൽ വൈശ്യരാവാൻ നിർബന്ധിതരായി. ഗുജറുകൾ, ജാട്ടുകൾ, ആഹിറുകൾ എന്നീ വിഭാഗങ്ങളെല്ലാം ക്ഷത്രീയരാണെന്നവകാശപ്പെടുന്നു. പക്ഷേ വിവിധ കാരണങ്ങളാൽ തങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടുവെന്നും വാദിക്കുന്നു. ഇത്തരം ഉന്നത കുലജാതരാണെന്ന വാദം 1950 വരെ തുടർന്നു. 1950-ൽ ഇന്ത്യൻ ഭരണഘടന പിന്നോക്ക ജാതിക്കാർക്ക് ഏതാണ്ട് എല്ലാ ഗവൺമെന്റ് ജോലികളിലും സംവരണം ഏർപ്പെടുത്തി.

ജാതിവ്യവസ്ഥയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എ.ഡി. 8-ാം നൂറ്റാണ്ടിനു ശേഷം ഉടലെടുത്ത പ്രാദേശിക ബോധവും, പ്രാദേശിക വികാരവും ഇതിനു കാരണമായി. ഉത്തരേന്ത്യൻ ബ്രാഹ്മണന്മാർ തങ്ങളുടെ ഗോത്രാടി സ്ഥാനത്തിലെന്നതിലുമുപരി താമസ സ്ഥലത്തിന്റെ അടിസ്ഥാനത്തിലും വ്യത്യസ്തരായി അറിയപ്പെട്ടു. കാനുജിലുള്ളവർ കന്യാഗൂബ്ജ്യൂ എന്നും, സരയൂ നദിക്കരയിലുള്ളവർ സരയൂപതിയാർ എന്നും മിഥിലയിലുള്ളവർ മിഥില ബ്രാഹ്മണർ എന്നും അറിയപ്പെടുന്നു. ധാരാളം രജപുത്രന്മാർ തങ്ങളുടെ ആദ്യകാല ഗോത്രനാമങ്ങളായ ചൗഹാൻ, ഹാദ, കച്ചവാഹ, തൊമാര എന്നിങ്ങനെ ധാരാളം ഗോത്രനാമങ്ങൾ ഉപയോഗിച്ചുവരുന്നു. ഓരോ ഉപജാതിയും തങ്ങളുടെ ഗോത്രങ്ങൾ സ്ഥാപിച്ചുവന്നു. അങ്ങനെ മധ്യകാലഘട്ടത്തിൽ ജാതി, ഉപജാതി, ഗോത്രങ്ങൾ എന്നിവയുടെ എണ്ണം വർദ്ധിച്ചുവന്നു. മറാത്തർ കൂടി ഒരു ജാതി എന്ന നിലയിൽ അറിയപ്പെട്ടു.

ആധുനിക കാലഘട്ടത്തിൽ ജാതി വ്യവസ്ഥ പുതിയ സവിശേഷതകൾ ആർജ്ജിച്ചു. കുലനാമങ്ങൾ ജാതിയോ, ഉപജാതിയോ, ഒന്നോ അതിലധികമോ കുലനാമങ്ങൾ സ്വീകരിച്ചു. എങ്കിലും ഇക്കാര്യത്തിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ആധുനിക കാലത്തെ ജാതി, ജാതി വിരുദ്ധ പ്രസ്ഥാനങ്ങൾ പുതിയ ജാതികളുടെ ഉദയത്തിനു കാരണമായി. ബ്രഹ്മസമാജക്കാർ, ജാതിയുടേതിന് സമാനമായൊരു സ്ഥാനം ആർജിച്ചു.

ജാതിവ്യവസ്ഥയ്ക്ക് മേൽ വിവരിച്ച തരത്തിലുള്ള സങ്കീർണ്ണമായ ഒരു പ്രവർത്തന രീതിയുമുണ്ടായി. കൂടാതെ പ്രാദേശിക വ്യത്യാസങ്ങളും ഉടലെടുത്തു. മേഖല, ഉപമേഖല, സാമ്പത്തിക നിലവാരം, രാഷ്ട്രീയ ശക്തിയുടെ സാമീപ്യം, ജോലി, കുലത്തൊഴിൽ, പ്രത്യേക ദൈവാരാധന ഇവയെല്ലാം ജാതിയുടെ രൂപീകരണത്തിലും തുടർന്നുള്ള രൂപാന്തരങ്ങളിലും അതിന്റേതായ പങ്കു വഹിച്ചു.

സ്ഥിതിസമത്വവാദികളും മധ്യകാലമതപരിഷ്കർത്താക്കളുമായ ഭാസവ, രാമാനന്ദൻ, കബീർ എന്നിവർ തങ്ങളുടെ അനുയായികളിൽ ജാതിബോധം ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. ക്രമേണ അവരുടെ വിഭാഗങ്ങൾ പോലും ഒരു പുത്തൻ ജാതിയുടെ സവിശേഷതകൾ ആർജിക്കത്തക്ക വിധത്തിൽ, ജാതി വ്യവസ്ഥയുടെ സ്വാധീനം സമൂഹത്തിൽ രൂഢമൂലമായിരുന്നു. സിക്കുകാർക്ക് ജാതിവ്യവസ്ഥ ഒഴിവാക്കാനായില്ല. മുസ്ലിംഗുകൾക്കിടയിലും വിഭാഗങ്ങളുണ്ടായി. നേരത്തെ വിവിധ വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്ന കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ജാതിയുടെ രൂപം കൈക്കൊണ്ടു. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവർ പോലും അവരുടെ ജാതിബോധം കൈവെടിഞ്ഞില്ല. ഉന്നതജാതിയിൽനിന്ന് ക്രിസ്തുമതത്തിലേക്ക് വന്നവർ പിന്നോക്കജാതിയിൽ നിന്നും മതം മാറിവന്ന ക്രിസ്ത്യാനികളോട് വമ്പിച്ച അകലം സൂക്ഷിച്ചു.

## പാഠഭാഗചോദ്യങ്ങൾ 19.1

1. തിരിച്ചറിയാവുന്ന സാമൂഹ്യ സംഘടനകളിൽ ഏറ്റവും ആദ്യത്തേത് ഏതായിരുന്നു?

2. വൈദീക കാലഘട്ടത്തിൽ നിലനിന്നിരുന്ന രണ്ടു വർഗ്ഗങ്ങളുടെ പേരെഴുതുക

3. ദ്വിജ എന്നതിന്റെ അർത്ഥമെന്താണ്?

4. ആരുടെ ആഗമനമാണ് ഇന്ത്യയിലെ ജാതിവ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കിയത്?

5. ശൂദ്രന്മാർ സദ്, അസദ്, വിഭാഗങ്ങളായി വിഭജിക്കപ്പെട്ടത് എപ്പോൾ ?

കുറിപ്പുകൾ :

## 19.2 തൊട്ടുകൂടായ്മ

ഇന്ത്യൻ സമൂഹത്തിലെ ശുദ്ധവും അശുദ്ധവുമെന്ന സങ്കല്പം ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്നതാണ് തൊട്ടുകൂടാത്തവർ എന്നറിയപ്പെടുന്ന ഒരു വിഭാഗത്തിന്റെ രൂപീകരണം ബ്രാഹ്മണ സമൂഹത്തിനു പുറത്തുള്ളവർ ആയിരുന്നു ഇവർ. വൈദീക കാലഘട്ടത്തിന്റെ അവസാനഘട്ടത്തോളം തൊട്ടുകൂടായ്മയുടെ വേരുകൾ ആഴ്ന്നിറങ്ങിയിട്ടുണ്ട്. ബുദ്ധകാലഘട്ടത്തിലാണ് ഇവർ ഒരു പ്രത്യേക സാമൂഹ്യ വിഭാഗമായി മാറിയത്. പഞ്ചമവർണ്ണമെന്ന പേരിലാണ് പലപ്പോഴും ഇവർ അറിയപ്പെട്ടിരുന്നത്. തൊട്ടുകൂടാത്തവർക്ക് പൊതുവെ ഉപയോഗിച്ചുവരുന്ന പേരാണ് ചണ്ഡാലർ എന്ന്. മറ്റു ജാതിക്കാർ താമസിക്കുന്ന ഗ്രാമങ്ങളിൽ അവർക്ക് താമസം നിഷേധിച്ചിരുന്നു. അവർ ഗ്രാമത്തിനു വെളിയിൽ പ്രത്യേക താമസ സ്ഥലങ്ങളിൽ താമസിക്കാൻ നിർബന്ധിതരായി. അവരുടെ പ്രധാന ജോലി ശവമഞ്ചം വഹിക്കലും ശവം ദഹിപ്പിക്കലുമായിരുന്നു. ശവത്തിന്റെ വസ്ത്രങ്ങളെ ധരിക്കാവൂ എന്നും പൊട്ടിയ പാത്രങ്ങളിലെ ഭക്ഷണം കഴിക്കാവൂ എന്നും ഇരുമ്പാഭരണങ്ങൾ മാത്രമെ ധരിക്കാവൂ എന്നും നിഷ്കർഷിക്കപ്പെട്ടിരുന്നു. ഗുപ്തകാലഘട്ടത്തോടെ അവർ ഒരു നഗരത്തിൽ പ്രവേശിക്കുമ്പോൾ മരകഷണങ്ങൾ തമ്മിൽ കൊട്ടി ശബ്ദമുണ്ടാക്കാൻ നിർബന്ധിതരാക്കുന്ന തരത്തിൽ അവരുടെ സ്ഥിതി അത്യന്തം ശോചനീയമായിമാറി. വേട്ടക്കാർ, മുക്കുവർ, തുകൽ തൊഴിലാളികൾ, തൂപ്പുകാർ, കുട്ടനെയ്ത്തുകാർ തുടങ്ങിയ വിഭാഗങ്ങളെല്ലാം തൊട്ടുകൂടാത്തവരായി. ഡോം അഥവാ ഡോമ്പ് എന്ന തൊട്ടുകൂടാത്തവരുടെ ഒരു വർഗ്ഗം തന്നെ രൂപപ്പെട്ടു. ശൂദ്ര രാജാക്കന്മാരെന്നപോലെ, ഡോം രാജാക്കളെന്നും നമുക്കു കേൾക്കാനായി. മ്ലേച്ഛന്മാരും തൊട്ടുകൂടാത്തവരായി പരിഗണിക്കപ്പെട്ടു. സമീപകാലം വരെ ഈ തൊട്ടുകൂടായ്മ തുടർന്നു വന്നു. തൊട്ടുകൂടായ്മ ഒരു ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെടുന്നുവെങ്കിൽ പോലും ചില ഗ്രാമീണ മേലകളിൽ ഇന്നും അത്

കുറിപ്പുകൾ :

നിലനിൽക്കുന്നുണ്ട്. ഈ വിപത്തിനെതിരെ ഗാന്ധിജി ശക്തമായ പ്രചാരണം നടത്തുകയും തൊട്ടുകൂടാത്തവരെ ഹരിജൻ (ദൈവജനങ്ങൾ ) എന്നു വിളിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എങ്കിലും പേരിലുണ്ടായ മാറ്റത്തിനുമുപരി അവരുടെ യാഥാർത്ഥ സാമൂഹ്യ സ്ഥിതിയിൽ വലിയമാറ്റങ്ങളൊന്നുമുണ്ടായില്ല.

## 19.3 അടിമത്വസമ്പ്രദായം

ഗ്രീക്കു റോമൻ അടിമത്വരീതിയിൽ നിന്ന് രൂപത്തിലും ഭാവത്തിലും വ്യത്യസ്തമായിരുന്നു ഇന്ത്യയിൽ നിലനിന്നിരുന്ന അടിമത്വസമ്പ്രദായം. അതുകൊണ്ടാണ് മെഗസ്തനീസിന് ഇന്ത്യയിൽ അടിമകളെ  കാണാൻ കഴിയാതിരുന്നത്. അദ്ദേഹത്തിന്റെ നിഗമനങ്ങൾ തെറ്റായിരുന്നു. ഇന്ത്യയിൽ അടിമത്വം നിലനിന്നിരുന്നു എന്നുമാത്രമല്ല, വ്യക്തമായിനിർവചിക്കപ്പെട്ട നിയമവിധേയമായ അടിമ-ഉടമ ബന്ധവും നിലനിന്നിരുന്നു. ഉദാഹരണമായി, ഒരു അടിമസ്ത്രീക്ക് തന്റെ യജമാനനിൽ നിന്ന് കുട്ടിപിറന്നാൽ അവൾ നിയമപരമായി സ്വതന്ത്ര്യയായി എന്നുമാത്രമല്ല. കുട്ടിക്ക് യജമാനപുത്രന്റെ നിയമവിധേയ സ്ഥാനവും നൽകിയിരുന്നു.  എങ്കിലും ഉത്പാദനപ്രക്രിയയിൽ ഒരിക്കലും അടിമകളെ വൻതോതിൽ ഉപയോഗിച്ചിരുന്നില്ല. സ്വയം വിൽക്കുന്നതിനോടോ, യുദ്ധത്തടവുകാരനാക്കുന്നതിനോടോ, നിയമപരമായ ശിക്ഷയുടെ ഫലമായോ ജനിക്കുമ്പോൾ തന്നെയോ ഒരാൾക്ക് അടിമയാകാമെന്ന് അർത്ഥശാസ്ത്രം പ്രതിപാദിക്കുന്നു. അടിമകൾക്ക് സംസ്കൃതത്തിൽ  ദാസന്മാർ  എന്നാണ് പറയുന്നത്. കുടയേറ്റക്കാരായ ആര്യന്മാർ പിടിച്ചടക്കിയ തദ്ദേശീയരായിരുന്ന ആദ്യകാലത്തെ അങ്ങനെ വിളിച്ചിരുന്നത്. ഗാർഹിക തൊഴിലാളികളായിട്ടോ, വ്യക്തികളുടെ സഹായികളായിട്ടോ ആയിരുന്നു ഇന്ത്യയിൽ അടിമകളെ ജോലിചെയ്യിച്ചിരുന്നത്. യജമാനന്റെ കുടുബത്തിലെ ആശ്രിതനായിരുന്നു അടിമ. അടിമകളെ കൊല്ലാനുള്ള യാതൊരവകാശവും ഉടമയ്ക്കുണ്ടായിരുന്നില്ല. ആദ്യകാലത്ത്  അടിമകമ്പോളവും ഉണ്ടായിരുന്നില്ല. എങ്കിലും ക്രിസ്താബ്ദത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ റോമാക്കാരും ഇന്ത്യാക്കാരും അടിമകളെ പരസ്പരം കച്ചവടം ചെയ്തിരുന്നു. 16-ാംനൂറ്റാണ്ടിലെ വിജയ നഗര സാമ്രാജ്യത്തിൽ അടിമ കമ്പോളം നിലനിന്നിരുന്നു. ദൽഹി സുൽത്താന്മാർ ധാരാളം അടിമകളെ കൈവശം വച്ചിരുന്നു. എങ്കിലും അവരുടെ സ്ഥിതി വ്യത്യസ്തമായിരുന്നു. അടിമകളിലൊരാളായ മാലിക് കാഫർ അലാവുദ്ദീൻ ഖൽജിയുടെ സർവ്വസൈന്യാധിപനായി തീർന്നിരുന്നു. 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ വൻതോതിൽ അടിമകച്ചവടം നടത്തിയിരുന്നു. ലിൻസ് കോട്ടൻ ഗോവയിലെ അടിമകച്ചവടത്തെക്കുറിച്ച് പറഞ്ഞത് ഞങ്ങൾകുതിരകളെ തെളിച്ചിരുന്നതുപോലെയായിരുന്നു അവർ അടിമകളെ കൊണ്ടുപോയിരുന്നത് എന്നാണ്. ധാരാളം അടിമകളെ തൊഴിൽ ശാലകളിലും, കൃഷിയിടങ്ങളിലും പണിയെടുപ്പിച്ചിരുന്നു. ഇത്തരം അടിമത്വം ബ്രിട്ടീഷു ഭരണത്തിലും തുടർന്നു. കോൺവാലിസ് പ്രഭു ഇതിനെതിരെ ശക്തമായി പ്രതികരിച്ചു, നിയമ വിരുദ്ധമാണെങ്കിലും ഇപ്പോഴും ചില ഗ്രാമങ്ങളിൽ വ്യത്യസ്തമായ തരത്തിൽ അടിമത്ത ജോലികാണാവുന്നതാണ്.

## 19.4 പുരുഷാർത്ഥം, ആശ്രമം, സംസ്ക്കാരം

പുരുഷാർത്ഥം, ആശ്രമം, സംസ്ക്കാരം എന്നീ സങ്കല്പങ്ങൾ പരസ്പര ബന്ധിതമാണ്. നാല് ആശ്രമങ്ങളായി വിഭജിക്കപ്പെട്ട ജീവിത ലക്ഷ്യങ്ങളാണ് മാർഗ്ഗമായി വർണ്ണാശ്രമ ധർമ്മത്തെ കാണാവുന്നതാണ്. കാരണം, കുടുംബനിഷേധവും വിരക്തിയും അവസാനഘട്ടത്തിലേക്ക് മാറ്റിവയ്ക്കുന്ന യാഥാസ്ഥിതിക രീതി ഒരു പ്രതിരോധമായി പരിഗണിക്കാവുന്നതാണല്ലോ.



കുറിപ്പുകൾ :

ഈ പദ്ധതിപ്രകാരം ജനനത്തോടെ ഒരാൾ ആദ്യഘട്ടത്തിലേക്ക് പ്രവേശിക്കുന്നില്ല. സമൂഹത്തിലെ ഒരു പൂർണ്ണ അംഗമാവണമെങ്കിൽ ഉപനയനം കഴിയേണ്ടതുണ്ട്. ജനനം മുതൽ മരണം വരെയുള്ള ഒരു മനുഷ്യന്റെ ജീവിതഘട്ടത്തിലെ വിവധ സംസ്ക്കാരങ്ങളിൽ സുപ്രധാന കർമ്മങ്ങളിൽ ഒന്നുമാത്രമാണ് ഉപനയനം. അത്തരം കർമ്മങ്ങൾ അഥവാ സംസ്ക്കാരങ്ങൾ 40-ൽ അധികമുണ്ട്. ഗർഭധന, പുംസവന, സീമന്തോന്നയന, ജാതകർമ്മ, നിഷ്ക്രമേണ, അന്നപ്രശാന, ചുടകർമ്മ, ഉപനയന, സമാവർത്തന, വിവാഹം, അന്ത്യോഷ്ടി മുതലായവ മറ്റു പ്രധാന സംസ്ക്കാരങ്ങളിലെ ചിലതാണ്. ഈ സംസ്ക്കാരങ്ങളൊക്കെ 3 ഉയർന്ന ജാതിക്കാർക്ക് മാത്രമായിരുന്നു. തൊട്ടുകൂടാത്തവർക്കും ശൂദ്രന്മാർക്കും ബാധകമായിരുന്നില്ല. ഉയർന്ന ജാതിയിലെ സ്ത്രീകൾക്കുപോലും പല സംസ്ക്കാരങ്ങളും ലഭ്യമായിരുന്നില്ല.

## 19.5 ജാജ്മണി സമ്പ്രദായം

ആധുനിക കാല ഗ്രാമീണ സമൂഹത്തിലെ ആദ്യഘട്ടത്തിലും വികാസം പ്രാപിച്ച ഒരു പ്രധാന വ്യവസ്ഥിതിയായിരുന്നു ജാജ്മണി സമ്പ്രദായം. ഒരു ഭാഗത്ത് കർഷകരും സേവകന്മാരും മറുഭാഗത്ത് പ്രബലരായ കർഷക പ്രഭുക്കന്മാരും തമ്മിലുള്ള പരസ്പര പൂരകമായ ബന്ധമായിരുന്നു ഈ സമ്പ്രദായം. ഈ സമ്പ്രദായത്തിൽ അടിയാളജാതിക്കാർ പ്രഭുക്കന്മാർക്കും ഉന്നതജാതിക്കാർക്കും സേവനം ചെയ്തുകൊടുക്കുകയും പാരമ്പര്യമായി നിജപ്പെടുത്തിയ ഉൽപ്പന്നത്തിന്റെ ഒരു ഭാഗവും ചിലപ്പോൾ ഒരു തുണ്ടു ഭൂമിയും പ്രതിഫലമായി നൽകിയിരുന്നു. തുകൽപ്പണിക്കാർ, ക്ഷുരകന്മാർ, പുരോഹിതർ, പൂമാല നിർമ്മാതാക്കൾ, കർഷകർ, കൊല്ലൻ, ചെരുപ്പുകുത്തി തുടങ്ങിയവർ ഉയർന്നജാതിക്കാർക്കും പ്രഭുക്കന്മാർക്കും സേവനം ചെയ്തുകൊടുത്തു. ചില ഘട്ടത്തിൽ ധാന്യങ്ങളായും ചിലപ്പോൾ ഭൂമിയായും അവർക്ക് പ്രതിഫലം നൽകി. എങ്കിലും അവർക്ക് അവരുടെ സാധനസേവനങ്ങൾ പുറത്തുവിൽക്കാനുള്ള സ്വാതന്ത്ര്യം നില നിർത്തിയിരുന്നു. പണവൽക്കരണത്തിന്റെയും, നഗരവല്ക്കരണത്തിന്റെയും വ്യവസായ വൽക്കരണത്തിന്റെയും ഫലമായി ഈ സമ്പ്രദായം ദുർബലമായി. ക്ഷാമത്തിന്റെയും, ദുരിതങ്ങളുടെയും ഘട്ടത്തിൽ ഒരു പ്രതിരോധമായി ഇത്തരം ബന്ധങ്ങൾ മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്നു. ഈ സമ്പ്രദായത്തിന് പുറത്തുനിന്നുള്ളവരായിരുന്നു ക്ഷാമഘട്ടത്തിൽ കൂടുതൽ ബാധിക്കപ്പെട്ടവർ.



## പാഠഭാഗ ചോദ്യങ്ങൾ19.2

**വിട്ടുപോയത് പൂരിപ്പിക്കുക.**

1. ....................വിഭാഗക്കാർ പഞ്ചമവർണ്ണമെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

2. മഹാത്മാ ഗാന്ധി തൊട്ടുകൂടായ്മയ്ക്കെതിരെ പ്രചരണം നടത്തുകയും അവരെ..................എന്ന് വിളിക്കുകയും ചെയ്തു.

3. ഇന്ത്യയിൽ അടിമത്വം നിലനിന്നിരുന്നു എങ്കിലും.........................ഇന്ത്യയിൽ, അടിമകളെ കാണാൻ കഴിഞ്ഞിരുന്നില്ല.

4. ഒരു മനുഷ്യന് ജന്മനാലോ, സ്വയംവില്പന ചിലവിലൂടെയോ യുദ്ധത്തടവുകാരനായി പിടിക്കപെടുന്നതിലൂടെയോ നിയമപരമായ ശിക്ഷയായിട്ടോ ഒരാൾ അടിമയാക്കപ്പെടുന്നു . എന്ന്................പ്രതിപാദിക്കുന്നു.

5. പുരുഷന്മാർ 4 ............................ആയി വിഭജിക്കപ്പെട്ടു.

6. ജാജ്മണി സമ്പ്രദായം ദുർബലമാകാനുള്ള കാരണങ്ങൾ എന്തെല്ലാം?

## 19.6 കുടുംബം

കൂട്ടുകുടുംബമെന്നറിയപ്പെടുന്ന രക്തബന്ധത്തിലധിഷ്ഠിതമായ വലിയ കുട്ടങ്ങളാണ് പുരാതന ഇന്ത്യൻ കുടുംബങ്ങൾ. രണ്ടോ മൂന്നോ തലമുറകൾ ഒരു കൂരയ്ക്കു കീഴിലോ, വ്യത്യസ്ത കൂരകൾക്കു കീഴിലാണെങ്കിലും, ഒരു പൊതു അടുക്കള ഉപയോഗിക്കുന്നവരാണ് ഒരു കൂട്ടു കുടുംബം. സ്വത്തുക്കൾ എല്ലാ അംഗങ്ങൾക്കും പൊതുവായിട്ടുള്ളതായിരിക്കും. പിതാവോ പ്രായംചെന്ന പുരുഷനോ ആയിരിക്കും കുടുംബാധിപനും, സ്വത്തുകൈകാര്യം ചെയ്യുന്നയാളും, കുടുംബാധിപതി സ്ഥാനം ആണുങ്ങൾക്കുമാത്രം കൈമാറിപ്പോന്നു. ആധുനിക നഗരങ്ങളിൽ ഭർത്താവ്, ഭാര്യ, മക്കൾ എന്നിവരുൾപ്പെടുന്ന അണു കുടുംബങ്ങളാണ് നിലനില്ക്കുന്നത്. ഇവിടെയും കുടുംബാധിപൻ പിതാവോ, പുത്രനോ ആയിരിക്കും. കുടുംബാധിപസ്ഥാനം സ്ത്രീകൾക്കു നല്കുന്ന ചില കുടുംബങ്ങൾ കേരളം, നാഗാലാൻഡ്, മേഘാലയ എന്നിവിടങ്ങളിൽ കാണാൻ കഴിയും.

കുടുംബത്തിന്റെ പ്രകൃതമെന്തായാലും അതു സമൂഹത്തിന്റെ ഒരു പ്രാഥമിക ഘടകമായിരുന്നു. പൂർവ്വീക സ്മരണ നിലനിർത്തുന്ന ശ്രാദ്ധ മെന്ന പൂർവ്വീകന്മാരെ അനുസ്മരിക്കുന്ന ചടങ്ങ്-ചടങ്ങിനാൽ പരസ്പര ബന്ധിതമാണ് കുടുംബാംഗങ്ങൾ. ശ്രാദ്ധം കുടുംബത്തെ നിർവ്വചിക്കുന്നു; ഈ ചടങ്ങിൽ പങ്കെടുക്കാൻ പറ്റിയ കുടുംബാംഗങ്ങൾ കുടുംബക്കാർ അല്ലെങ്കിൽ സപിണ്ഡരാണ്. കുടുംബബന്ധത്തിന്റെ ഇഴകൾ അംഗങ്ങൾക്കിടയിൽ സാമൂഹ്യ സുരക്ഷിതത്വബോധം നല്കിയിരുന്നു. പ്രയാസഘട്ടങ്ങളിൽ മറ്റു കുടുംബാംഗങ്ങളെ ഒരാൾക്ക് ആശ്രയിക്കാൻ കഴിഞ്ഞിരുന്നു. ഉത്സവങ്ങളുടെയും വിവാഹങ്ങളുടെയും സമയത്ത് കുടുംബബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ട് ഉത്തരവാദിത്വങ്ങൾ വീതം വച്ചിരുന്നു.

മിതാക്ഷര, ദായഭാഗ എന്നിങ്ങനെ ദിവ്യമായ രണ്ടുതരം ആചാരാനുഷ്ഠാനങ്ങളാൽ നിയന്ത്രിതമാണ് ഇന്ത്യയിലെ കുടുംബങ്ങൾ. ബംഗാളിലെയും, അസ്സാമിലെയും കുടുംബങ്ങൾ ദായഭാഗനിയമങ്ങൾ അനുസരിക്കുമ്പോൾ ഇന്ത്യയിലെ മറ്റുഭാഗങ്ങൾ മിതാക്ഷര നിയമം പിന്തുടരുന്നു. വലിയ കൂട്ടുകുടുംബങ്ങൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ഈ നിയമങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. കുടുംബാധിപന്റെ നിര്യാണത്തിനുശേഷമായിരിക്കും ഇത്തര വിഭജനങ്ങളുണ്ടാവുക. മധ്യകാലം മുതൽ വ്യക്തികളുടെ സ്വകാര്യ സ്വത്തുക്കൾ വീതം വെക്കാറില്ല. വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം, ദത്ത്, രക്ഷകർതൃത്വം, കുട്ടികളുടെ സംരക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സ്വാതന്ത്ര്യത്തിനുശേഷം ഓരോ മതവിഭാഗത്തിനും അവരുടെതായ വ്യക്തി നിയമങ്ങൾ ഭരണഘടന അനുവദിച്ചിരിക്കുന്നു. ഹിന്ദു, ബുദ്ധ, സിക്ക്, ജൈന മത വിഭാഗങ്ങൾ. 1955-56-ലെ ഹിന്ദു മതനിയമങ്ങളും, മുസ്ലിം, ക്രിസ്ത്യൻ, പാർസി കുടുംബങ്ങൾ അവരുടെ മതത്തിന്റേതായ വ്യക്തി നിയമങ്ങളും അനുസരിച്ച് ജീവിക്കുന്നു.

## 19.7 വിവാഹം

വളരെ സുപ്രധാനമായ സംസ്ക്കാര ചടങ്ങുകളുടെ അനന്തരഫലമാണ് കുടുംബങ്ങൾ. പ്രകൃത മനുസരിച്ച് വിവാഹങ്ങൾ പലതരത്തിലുണ്ട്.

i) ഉയർന്ന ജാതിയിലെ സ്ത്രീയും താഴ്ന്ന ജാതിയിലെ പുരുഷനും തമ്മിലുള്ള വിവാഹം (Hypogamous) പ്രതിലോമ വിവാഹം.



കുറിപ്പുകൾ :

ii) ഉയർന്ന ജാതിയിലെ പുരുഷനും താഴ്ന്നജാതിയിലെ സ്ത്രീയും തമ്മിലുള്ള വിവാഹം

iii) വ്യത്യസ്ത ജാതികൾ അഥവാ വർണ്ണങ്ങൾ തമ്മിലുള്ള വിവാഹം (Praetiloma)

iv) ജീവിത പങ്കാളിയുടെ എണ്ണത്തിൽ അടിസ്ഥാനത്തിൽ, (ഏകപതി, ഏകപത്നി, ബഹു ഭാര്യത്വം, ബഹു ഭർതൃത്വം)

മേൽ വിവരിച്ച എല്ലാ വിവാഹങ്ങളുടെയും ഉദാഹരണങ്ങൾ ഇന്ത്യയിൽ കാണാൻ കഴിയും. പാരമ്പര്യപരമായി ദ്വിജവിഭാഗത്തിൽപ്പെട്ട രക്ഷിതാക്കൾ ഒരേ ജാതിയിൽ പ്പെടുന്ന വ്യത്യസ്ത ഗോത്രത്തിൽപ്പെട്ട സ്ത്രീ പുരുഷന്മാരുടെ വിവാഹം തീരുമാനിക്കുന്നു. താഴ്ന്ന ജാതിക്കാർക്ക് ഗോത്രമോ പ്രവര(വിവാഹം നിരോധിക്കപ്പെട്ട)മോ നിലനിൽക്കുന്നില്ല. എങ്കിലും എല്ലാ വിഭാഗങ്ങളും അവരുടെതായ ഗോത്രങ്ങൾ സ്വയം ആർജ്ജിക്കുന്നു. മാതാവിന്റെ അഞ്ചുതലമുറകളിലും പിതാവിന്റെ ഏഴുതലമുറകളിലും പെട്ട വ്യക്തികൾ തമ്മിൽ വിവാഹം നിരോധിക്കുന്ന നിയമമാണ് പ്രവരമെന്ന് അറിയപ്പെടുന്നത്. ദക്ഷിണേന്ത്യയിൽ ഈ നിയമം ഒരിക്കലും പാലിക്കപ്പെടുന്നില്ല. പിതൃ സഹോദരി സഹോദര സന്താനങ്ങൾ തമ്മിലുള്ള വിവാഹങ്ങൾ നിയമപരമായും സാമൂഹ്യമായും നിയമവിധേയമാണ്. 1955–ലെ ഹിന്ദു വിവാഹനിയമങ്ങളിൽ ഇത്തരം അപവാദങ്ങൾ അനുവദനീയവുമാണ്.

ഇന്ത്യയിൽ പൊതുവെ ഏക പതി–പത്നി വിവാഹങ്ങളാണ് സർവ്വസാധാരണം. എങ്കിലും ബഹുഭാര്യത്വം നിരോധിക്കപ്പെടുന്നില്ല. സമ്പന്നർക്കും ശക്തർക്കും ഒന്നിൽകൂടുതൽ ഭാര്യമാരുണ്ടായിരുന്നു. ബഹു ഭാര്യത്വത്തിന് പൊതുവെ നിരവധി കാരണങ്ങൾ ഉണ്ട്. രാജാക്കന്മാർക്ക് ശക്തരുമായി ബന്ധം സ്ഥാപിക്കാനുള്ള എളുപ്പമാർഗ്ഗം വിവാഹമാണ്. ചന്ദ്രഗുപ്തന്റെയും അക്ബറിന്റെയും വിവാഹങ്ങൾ ഇത്തരത്തിലുള്ളവയായിരുന്നു. പുത്രനുണ്ടാവുക എന്ന മതപരമായ ആശയവും ബഹുഭാര്യത്വത്തിന് കാരണമാണ്. എങ്കിലും ആധുനിക നിയമങ്ങൾ ബഹുഭാര്യത്വം നിയമം മൂലം നിരോധിച്ചിരിക്കുന്നു. മുസ്ലിംകൾക്ക് ചില പ്രത്യേക നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രം നാലു ഭാര്യമാർ വരെ ആകാവുന്നതാണ്.

ബ്രാഹ്മണരുടെ ദിവ്യ നിയമങ്ങൾ അനുസരിച്ച് ഒരിക്കൽ ഏഴ്ഘട്ടം കടന്ന് വിവാഹിതരായാൽ പിന്നെ ബന്ധം ഒഴിയുക അസാധ്യമാണ്. വിവാഹ മോചനത്തിന് യാതൊരു സാധ്യതയുമില്ല എന്നാണതിനർത്ഥം. എങ്കിലും അർത്ഥശാസ്ത്രത്തിൽ വിവാഹമോചനം അനുവദിച്ച ചില അവസരങ്ങൾ പ്രതിപാദിക്കുന്നുണ്ട്. പിൽക്കാലത്ത് അക്കാര്യങ്ങൾ വിസ്മൃതിയിലായി. താഴ്ന്നജാതിക്കാർക്കിടയിൽ വിവാഹമോചനം അനുവദനീയമാണ്. ആധുനിക കാലത്ത് ഉഭയകക്ഷി സമ്മതം, സ്വരച്ചേർച്ചയില്ലായ്മ, പരിത്യാഗം, ക്രൂരത എന്നിവ രണ്ട് കക്ഷികൾക്കും വിവാഹമോചനം സിദ്ധിക്കാനുള്ള കാരണങ്ങളായി പരിഗണിക്കപ്പെടുന്നു.

ദ്രൗപതി പഞ്ചപാണ്ഡവന്മാരെ വിവാഹം ചെയ്ത കഥ നമുക്കെല്ലാം അറിയാം. ഇത്തരത്തിലുള്ള വിവാഹമാണ് ബഹുഭർതൃത്വം (Polyandrous). ഇത്തരം വിവാഹങ്ങൾ സാധുവും മുൻഗണന നല്കുന്നതുമായ ഏതാനും സമൂഹങ്ങൾ ഇന്ത്യയിൽ ഉണ്ട്. പൊതുവെ സ്ത്രീ സഹോദരങ്ങളായ ഭർത്താക്കന്മാരെ വിവാഹം ചെയ്യുക പതിവാണ്. വ്യത്യസ്ത പിതാക്കളുടെ മക്കളെ ഒരേ സമയം ഒരു സ്ത്രീ വിവാഹം കഴിക്കുന്ന പതിവില്ല. അത്തരം വിവാഹങ്ങൾ ഉന്നതജാതിയിലുള്ളവർ പ്രകൃതി വിരുദ്ധമായികണക്കാക്കുന്നു. പക്ഷെ ചില

സമൂഹങ്ങളിൽ അത്തരം വിവാഹങ്ങൾ മഹത്ത് വൽക്കരിക്കുന്നതായി കാണാൻ സാധിക്കും.

## 19.8 സ്ത്രീകൾ

കാലാന്തരത്തിലുള്ള അപചയത്തിന്റെ കഥകളാണ് ഇന്ത്യയിലെ സ്ത്രീകളുടെ ചരിത്രം. വൈദീക കാലഘട്ടത്തിൽ പുരുഷ മേധാവിത്വത്തിൽ പ്പോലും എല്ലാ ഗോത്രചടങ്ങുകളിലും സ്ത്രീകളെ പങ്കെടുപ്പിച്ചിരുന്നു. സ്ത്രീകൾ സ്തോത്രങ്ങൾ രചിച്ചിരുന്നു. സ്ത്രീകൾക്ക് സ്വയംവര സ്വാതന്ത്ര്യമുണ്ടായിരുന്നു. വൈദീകാനന്തര കാലഘട്ടത്തിൽ ഗോത്ര സ്ഥാപനങ്ങളുടെ തകർച്ചയുടെ ഫലമായി സ്ത്രീകളുടെ സ്ഥാനവും ക്ഷയിച്ചു. പഴയകാല നിയമഗ്രന്ഥങ്ങൾ സ്ത്രീകൾക്ക് ശൂദ്രസ്ഥാനം മാത്രം നല്കി അവരെ ചുരുട്ടിക്കെട്ടി. സ്ത്രീധനമെന്ന വളരെ പരിമിതമായ സ്വത്തിലപ്പുറം അവർക്ക് യാതൊരു സ്വത്തവകാശവും ഉണ്ടായിരുന്നില്ല. വൈദീക ജ്ഞാനം പോലും സ്ത്രീകൾക്കുമുമ്പിൽ കൊട്ടിയടക്കപ്പെട്ടു. മതേതര-മതവിരുദ്ധ വിഭാഗങ്ങൾ അവർക്ക് ഇക്കാലത്ത് മാന്യമായ സ്ഥാനം നല്കി. ആദ്യ മധ്യകാലഘട്ടത്തിലെ താന്ത്രിക വിഭാഗം അവർക്ക് സുപ്രധാന സ്ഥാനം നല്കുകയും തപസ്വിനികൾക്ക് നിയമങ്ങൾ രൂപീകരിക്കുകയും ചെയ്തു.

പൊതുവെ പൗരാണിക മധ്യകാലഘട്ടങ്ങളിൽ ഒന്ന് സ്ത്രീകൾ ബുദ്ധിപരമായ വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതും പ്രോത്സാഹിപ്പിച്ചിരുന്നില്ല. അവരുടെ മുഖ്യധർമ്മങ്ങൾ വിവാഹവും കുടുംബം നോക്കിനടത്തലും ആയിരുന്നു. ഉയർന്നജാതിയിലെ അല്പം ചിലർക്കുമാത്രം വിദ്യാഭ്യാസം ലഭിച്ചിരുന്നു അവരിൽ ചിലർ കവയിത്രികളും, നാടകരചയിതാക്കളും ആയി അറിയപ്പെട്ടിരുന്നു. സംസ്കൃത നാടകങ്ങളിൽ മുഖ്യ സ്ത്രീകഥാപാത്രങ്ങൾ ഗാനരചയിതാക്കളോ എഴുത്തുകാരോ ആയിരുന്നു. മധ്യകാലം തൊട്ട് സമീപകാലം വരെ ഉന്നതകുലജാതരായ സ്ത്രീകൾക്ക് ആട്ടവും പാട്ടും അനുയോജ്യമല്ല എന്ന കാഴ്ചപ്പാടായിരുന്നു സമൂഹത്തിന്. താഴ്ന്ന ജാതിക്കാരുടെയും വേശ്യകളുടെയും തൊഴിലായിരുന്നു നൃത്തവും സംഗീതവുമൊക്കെ. ആദ്യകാലത്ത് ഇതായിരുന്നില്ല സ്ഥിതി. ഋഗ്വേദകാലമൊഴിച്ച് സ്ത്രീകൾക്ക് സമൂഹത്തിൽ വളരെ താഴ്ന്ന സ്ഥാനമാണുണ്ടായിരുന്നത്. ശൈശവവിവാഹം പവിത്രമായി കണക്കാക്കി. സതി സമ്പ്രദായം സർവ്വസാധാരണമായി. മകനില്ലാത്ത വിധവയെ ജീവനോടെ ദഹിപ്പിക്കാനുള്ള ദുഷ്പ്രേരണ ഭർത്താവിന്റെ കുടുംബാംഗങ്ങളുടെ സ്വത്തുമോഹമായിരുന്നു. ഇബനു ബത്തൂത്തയുടെ യാത്രാവിവരണത്തിൽ സതി അനുഷ്ഠിക്കാൻ സുൽത്താന്റെ പ്രത്യേക അനുവാദം ആവശ്യമായിരുന്നുവെന്ന് പ്രതിപാദിച്ചിട്ടുണ്ട്. വിധവാ പുനർവിവാഹം അനുവദനീയമായിരുന്നില്ല. ചില അവസരങ്ങളിൽ വിധവകളുടെ സ്വത്തവകാശം അംഗീകരിച്ചിരുന്നു.

മധ്യകാലഘട്ടത്തിൽ ഉന്നതജാതിക്കാരായ സ്ത്രീകൾ മുഖം മറയ്ക്കുന്ന പതിവ് വ്യാപകമായിരുന്നു. അറബികളും, തുർക്കികളും ഇറാനികളിൽ നിന്ന് ഈ ആചാരം സ്വീകരിച്ചത്. അത് അവർ ഇന്ത്യയിൽ എത്തിച്ചു. തൽഫലമായി ഉത്തരേന്ത്യയിൽ സ്ത്രീകൾ മുഖം മറയ്ക്കുന്ന പതിവ് സർവ്വസാധാരണമായി. ഹിന്ദു സ്ത്രീകളെ കടന്നുകയറ്റക്കാർ ആക്രമിക്കുമോയെന്ന ഭയമാണ് ഈ സമ്പ്രദായം വ്യാപകമാകാൻ കാരണം വൈദീക കാലംമുതൽ നിലനിന്നിരുന്ന ഒരു പ്രകിയയുടെ അനന്തര ഫലമായിരുന്നു ഈ നിലപാടെന്ന് ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ നമുക്കു മനസ്സിലാകും. ഉന്നത കുലജാതരായ സ്ത്രീകളുടെ

ആഢ്യത്വത്തിന്റെ മാതൃകയായിരുന്നു ഈ മുഖം മറയ്ക്കൽ തങ്ങളെയും ഉന്നതരായി പരിഗണിക്കപ്പെടണം എന്നാഗ്രഹമുള്ള സ്ത്രീകൾ ഈ രീതി സ്വയം സ്വീകരിച്ചു. താഴ്ന്ന ജാതിക്കാർക്കിടയിൽ ഇത് നിലനിന്നിരുന്നില്ല. മുഗളഭരണത്തിന്റെ അപചയവും ഇന്ത്യയിലെ കോളനിവൽക്കരണവും പുത്തൻ ആശയങ്ങളുടെ സ്വാധീനവും ഇന്ത്യയിൽ വ്യത്യസ്തമേഖലകളിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീനഫലമായി സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്താനുള്ള നിയമനിർമ്മാണത്തിനായി സാമൂഹ്യ പരിഷ്ക്കർത്താക്കൾ പ്രചരണം നടത്തി. രാജാറാം മോഹൻ റോയ്, രാധകാന്ത ദേബ്, ഭവാനി ചരൺ ബാനർജി എന്നിവരുടെ ശ്രമഫലമായി 1889–ൽ സതി നിരോധിച്ചു. 1895ൽ പെൺകുട്ടിയെ കൊല്ലുന്നത് കൊലചെയ്യുന്നത് കൊലപാതകമായി പ്രഖ്യാപിച്ചു. സ്വാതന്ത്ര്യ ഇന്ത്യയിൽ 1955ലെ ഹിന്ദുവിവാഹ നിയമപ്രകാരം വിവാഹത്തിനുള്ള പ്രായപരിധി സ്ത്രീകൾക്ക് പതിനഞ്ചും പുരുഷൻമാർക്ക് പതിനെട്ടുമായി നിജപ്പെടുത്തി. 1956–ൽ ഈശ്വർ ചന്ദ്ര വിദ്യാസാഗറിന്റെ ശ്രമ ഫലമായി ആദ്യ വിധവാ പുനർ വിവാഹം നടന്നു. 1860–ൽ പണ്ഡിറ്റ് വിഷ്ണു ശാസ്ത്രി വിധവാ വിവാഹം അസോസിയേഷൻ സ്ഥാപിച്ചു. ഇവരുടെയൊക്കെ ശ്രമഫലമായി സ്ത്രീകളുടെ സ്ഥിതി കുറെയൊക്കെ മെച്ചപ്പെട്ടു. ഈ അടുത്തകാലത്തായി ഇന്ത്യയിലെ സുപ്രീം കോടതി പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്കുള്ള അവകാശം അംഗീകരിച്ചു. നിയമ നിർമ്മാണത്തിലൂടെയും വളർന്നുവരുന്ന സാമൂഹ്യബോധത്തിന്റെ ഫലമായും സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുമെന്ന് പ്രത്യാശിക്കാം.

**പാഠഭാഗ ചോദ്യങ്ങൾ 19.3**

1. അനുലോമ പ്രതിലോമ വിവാഹങ്ങളുടെ അടിസ്ഥാനമെന്താണ്?

2. ഏകപതി, പത്നി വിവാഹമെന്നാൽ എന്ത്?

3. ഇന്ത്യയിലെ പരമ്പരാഗത കുടുംബങ്ങളെ നിയന്ത്രിച്ചിരുന്ന 2 പവിത്രനിയമങ്ങളും ആചാരങ്ങളും എന്തെല്ലാം?

4. മറ്റൊരു സ്വത്തിനും അവകാശമില്ലാത്ത സ്ത്രീകൾക്ക് പുരാതന ഇന്ത്യയിൽ സ്വകാര്യസ്വത്ത് എന്തായിരുന്നു?

## 19.9 ഇന്ത്യയിലെ വർഗ്ഗ സമൂഹങ്ങൾ

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും പുരാതനമായ സമൂഹങ്ങൾക്കു കൊടുത്തിരിക്കുന്ന ആധുനിക പദമാണ് വർഗ്ഗം. പൊതുവെ വർഗ്ഗ സമൂഹങ്ങൾക്ക് താഴെപ്പറയുന്ന ചില സ്വഭാവ സവിശേഷതകൾ ഉണ്ട്.

1. വളരെ പുരാതന കാലഘട്ടത്തിലാണ് വർഗ്ഗങ്ങളുടെ വേരുകൾ

2. കുന്നും പ്രദേശങ്ങളിലും വനങ്ങളിലുമായി അവർ ഒറ്റപ്പെട്ടു ജീവിക്കുന്നു.

3. അവരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ വികസനത്തിന് മുൻതൂക്കം കൊടുക്കേണ്ടിയിരിക്കുന്നു.

*കുറിപ്പുകൾ :*

കുറിപ്പുകൾ :

4. അവരുടെ സാംസ്ക്കാരിക രീതിയും ജീവിതശൈലിയും മറ്റു സമൂഹങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

വർഗ്ഗങ്ങൾ നാലാംലോകമെന്ന് വിശേഷിപ്പിക്കപ്പെടുന്ന തദ്ദേശീയ ജനവിഭാഗമാണ് രാജ്യത്തെ ആദ്യവാസികളുടെ പിൻഗാമികളായ ഇക്കൂട്ടർക്ക് ഇന്ന് സ്വന്തം ഭൂമിയിലുള്ള അവകാശങ്ങൾ ഭാഗീകമായോ പൂർണ്ണമായോ നഷ്ടപ്പെട്ടിരിക്കുന്നു. ഈ ജനങ്ങൾ അവരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും സാമ്പത്തിക സംവിധാനങ്ങളിലും വ്യത്യസ്തത വച്ചുപുലർത്തുന്നു. പുറം ലോകം ഇന്നും അവരെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ചിലർ അവരെ ആത്മീയമായ മൂല്യങ്ങളുടെ മൂർത്തീഭാവമായി കണക്കാക്കുമ്പോൾ മറ്റുചിലർ സാമ്പത്തിക പുരോഗതിയുടെ പാതയിലെ തടസ്സങ്ങളായി കരുതുന്നു. അവർ അവരുടെതായ സാംസ്ക്കാരിക രീതികളെ പരിപോഷിപ്പിച്ചു പോരുന്നു. കഴിഞ്ഞകാല കോളനി ഭരണത്തിന്റെ ഇരകളാണവർ. ചിലർ ഇപ്പോഴും പഴയ പാരമ്പര്യമനുസരിച്ചു ജീവിച്ചുപോരുന്നു, ചിലർ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നു, ചിലർ ഫാക്ടറികളിൽ ജോലിക്കുപോകുന്നു. വേറെ ചിലർ മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നു. ഇവർ പ്രകൃതിയുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്നവരും ഭൂമിയോടും പ്രകൃതിയോടും സ്നേഹം കൊടുത്ത് സ്നേഹം സ്വീകരിക്കുന്ന മനോഭാവം വച്ചു പുലർത്തു ന്നവരുമാണ്.

ഇന്ത്യയിൽ വർഗ്ഗങ്ങൾ പുരാതന നിവാസികൾ എന്ന അർത്ഥത്തിൽ പൊതുവെ ആദിവാസികൾ എന്നാണറിയപ്പെടുന്നത്. പുരാതന മധ്യകാല കൃതികൾ ഒട്ടനവധി വർഗ്ഗങ്ങളെ പ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ബ്രാഹ്മണയുഗത്തിൽ ജാതി സമ്പ്രദായം നിലവിൽ വരുന്നതിനുമുൻപ് ഈ ജനവിഭാഗം അനേകം വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു.

കേന്ദ്രസർക്കാർ ഇത്തരം 427വിഭാഗങ്ങളെ കണ്ടെത്തുകയും അവരെ പട്ടികവർഗ്ഗലിസ്റ്റിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഗ്ഗങ്ങളാണ് പട്ടികവർഗ്ഗക്കാർ എന്ന് വിളിക്കപ്പെടുന്നത്. ഭരണഘടനയിൽ അവർക്ക് പ്രത്യേക ആനുകൂല്യങ്ങളും അവകാശങ്ങളും ഉറപ്പുനൽകുന്നു.

30 ലക്ഷത്തിലേറെ ജനസംഖ്യയുള്ള ഗോൺസ്, ബിൽസ്, സന്താൾസ് എന്നീ വിഭാഗങ്ങളാണ് എണ്ണത്തിൽ മുന്നിൽ. 5 ലക്ഷത്തിലേറെ ജനസംഖ്യയുള്ള മിനാസ്, മുണ്ട, ഒർഗോൺസ് എന്നിവരാണ് തൊട്ടടുത്ത്. ഒരു ലക്ഷത്തിനും അഞ്ചുലക്ഷത്തിനുമിടയിൽ ജനസംഖ്യയുള്ള 42 വിഭാഗങ്ങൾ വേറെയുമുണ്ട്. 2001-ലെ ജനസംഖ്യാകണക്കനുസരിച്ച് ഭരണഘടനയിലെ പട്ടികവർഗ്ഗ വകുപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർ എണ്ണത്തിൽ 40കോടിയും, മൊത്തം ജനസംഖ്യയുടെ 8.2 ശതമാനവുമാണ്.

വർഗ്ഗ പ്രാദേശിക വൈവിധ്യമനുസരിച്ച് ഇന്ത്യയെ 7 മേഖലകളായി തിരിക്കാം.

### 1. ഉത്തരമേഖല

ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഉത്തർപ്രദേശ്, ബീഹാർ ഉൾപ്പെടുന്നതാണ് ഉത്തരമേഖല. ഖാസ, ബോക്സ, ബോടിയ, ഗജ്ജ, ജോൻസാരീസ് തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രധാന വർഗ്ഗങ്ങൾ. ഖാസ-ബോടിയ വർഗ്ഗക്കാർ പരവതാനി നിർമ്മാതാക്കളും ഇന്തോ-ചൈന അതിർത്തിവ്യാപാരത്തിൽ ഏർപ്പെട്ടിട്ടു ള്ളവരുമാണ്. ഗജ്ജവർഗ്ഗക്കാർ ഇടയന്മാരാണ്. ദാരിദ്ര്യം, നിരക്ഷരത, അന്യത, വാർത്താഗതഗത മാർഗ്ഗങ്ങളുടെ അപര്യാപ്തത തുടങ്ങിയവയാണ് ഈ മേഖലയിലെ മുഖ്യ പ്രശ്നങ്ങൾ.



കുറിപ്പുകൾ :

### 2. ഉത്തര പൂർവ്വ മേഖല

ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതാണ് ഈ മേഖല. നാഗന്മാർ, ഖാസി, ഗോര, മിഷിംഗ്, മിരി, കർബി, അപതോസ് തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രധാന വർഗ്ഗങ്ങൾ. മാറിവരുന്ന കാർഷിക രീതി മൂലമുണ്ടാകുന്ന പരിതസ്ഥിതി പ്രശ്നങ്ങളും വാർത്താവിനിമയ സംവിധാനങ്ങളുടെ കുറവും ഈ വർഗ്ഗങ്ങളുടെ മുഖ്യ പ്രശ്നമാണ്. ഇത്തരം ഒറ്റപ്പെടൽ മൂലം അവർ ഇന്ത്യയുടെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെടുകയും പകരം അയൽ സമൂഹങ്ങളുമായി മാത്രം ബന്ധപ്പെട്ടുകഴിയേണ്ടതായും വരുന്നു. ഇതിൽ നിന്നും രാജ്യത്തിന്റെ മുഖ്യധാരയുമായി ഇവർക്കുള്ള ശത്രുതയുടെ കാരണം വ്യക്തമാണല്ലോ.

### 3. മധ്യമേഖല

വർഗ്ഗജനസംഖ്യയുടെ സിംഹഭാഗവും ഉത്തര മധ്യപ്രദേശ്, ദക്ഷിണ ഒറീസ്സ ഉൾപ്പെടുന്ന ഈ മേഖലയിലാണ്. സന്താൾ, എച്ച്.ഒ., ബൈഗ, അഭുജനാമിയ, മുറിയ, മുണ്ട, ബിർഹോർ എന്നിവയാണ് ഇവിടത്തെ പ്രധാന വർഗ്ഗങ്ങൾ. ഭൂമിയുടെ അന്യവൽക്കരണവും കടബാധ്യതയുമാണ് ഇവരുടെ മുഖ്യമായ പ്രശ്നങ്ങൾ. ഈ പ്രദേശത്തെ പ്രധാനവർഗ്ഗങ്ങളിൽ ഒന്നായ സന്താളികൾക്ക് ഒലേചിക്കി എന്നപേരിൽ സ്വന്തമായി ലിപിയുമുണ്ട്. ബൈഗകൾ ഒരു പ്രമുഖ കാർഷിക സമൂഹമാണ്. ഈ പ്രദേശത്തെ ഏറ്റവും പിന്നോക്കമായ ബിർഹോസ് ദാരിദ്രം മൂലം വംശനാശഭീഷണി നേരിടുന്ന ഒരു വർഗ്ഗമാണിവർ.

### 4. ദക്ഷിണമേഖല

നീലഗിരിയും ആന്ധ്രയിലെയും കർണ്ണാടകയിലെയും സമീപകുന്നിൻ ചരിവുകളും ഉൾപ്പെടുന്നതാണ് ഈ മേഖല. ഏറ്റവും വിസ്തൃതി കുറഞ്ഞതും ഒറ്റപ്പെട്ടതും ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ മേഖലയാണിത്. തോഡ, കോയ, ചെഞ്ചു, അള്ളാർ തുടങ്ങിയ ഇവിടത്തെ പ്രധാന വർഗ്ഗങ്ങളാണ്. പോത്തിനെ വളർത്തുന്ന ഒരിടയവർഗ്ഗമാണ് തോഡകൾ. ഗുഹകളിലും, വൃക്ഷങ്ങളിലുമാണിവരുടെ താമസം. കായ്ക്കനികൾ ഭക്ഷിച്ചും വേട്ടയാടിയും ജീവിക്കുന്നവരാണ് ചെഞ്ചുകൾ. കാർഷികമാറ്റവും സാമ്പത്തിക പിന്നോക്കാവസ്ഥയും ഒറ്റപ്പെടലും വാർത്ത-ഗതാഗത സംവിധാനങ്ങളുടെ കുറവും, വംശനാശഭീഷണി നേരിടുന്ന ഭാഷയും ഇവരുടെ നിലനിൽപ്പിന് ഭീഷണിയാകുന്നു.

### 5. പൂർവ്വമേഖല

പശ്ചിമ ബംഗാൾ, ഒറീസ്സ ഉൾപ്പെടുന്നതാണ് പൂർവ്വമേഖല. പരജ, കോൺഡ, ബോൺഡ, ബുമിയ, ഗഡബ, സ്ക്കോര തുടങ്ങിയവയാണ് ഈപ്രദേശത്തെ പ്രധാന വർഗ്ഗങ്ങൾ. സാമ്പത്തിക പിന്നോക്കാവസ്ഥ, വനപാലകരുടെയും, കരാറുകാരുടെയും ചൂഷണം, ഭൂമിയുടെ അന്യവൽക്കരണം, മാറാരോഗങ്ങൾ, വ്യവസായപദ്ധതികൾക്കുവേണ്ടിയുള്ള ഒഴിഞ്ഞുപോകൽ തുടങ്ങിയവയാണ് ഈ വർഗ്ഗങ്ങളുടെ മുഖ്യപ്രശ്നങ്ങൾ.

### 6. പശ്ചിമ മേഖല

രാജസ്ഥാനും ഗുജറാത്തുമുൾപ്പെടുന്ന മേഖല ബിൽസ്, ഗരസിയ, മീനാസ് തുടങ്ങിയവയാണ് പ്രധാന വർഗ്ഗങ്ങൾ. മീനാവർഗ്ഗം വിദ്യാഭ്യാസവും പുരോഗതിയും നേടിയ ഒരു വർഗ്ഗമാണ്.

കുറിപ്പുകൾ :

### 7. ദ്വീപു പ്രദേശം

ആൻഡമാൻ നിക്കോബാർ ദ്വീപുകളും ലക്ഷദ്വീപുകളും ഡാമനും ഡിയുവുമുൾപ്പെടുന്നതാണ് ദ്വീപു പ്രദേശങ്ങൾ. ആൻഡമാനികൾ സാൻടിനിലി, ജാർവ, നിക്കോബാറി, ഷാൻപെൻ തുടങ്ങിയവരാണ് പ്രധാന വർഗ്ഗങ്ങൾ. ഇവരിൽ ചിലവർ വളരെ പിന്നോക്കവും ഇപ്പോഴും പഴയ ശിലായുഗ ജീവിതം നയിക്കുന്നവരാണ്. ഈ വർഗ്ഗങ്ങളിൽ മിക്കവരും ചെറിയ വർഗ്ഗങ്ങളുടെ കൂട്ടത്തിൽ പ്പെടുന്നവയും വംശനാശഭീഷണി നേരിടുന്നവരുമാണ്. നിലനിൽപ്പിന്റെ പ്രശ്നത്തിനുപുറമെ പോഷകാഹാരക്കുറവ് മാറാരോഗങ്ങൾ തുടങ്ങിയവ ഇവരുടെ മറ്റുപ്രശ്നങ്ങളാണ്.

വർഗ്ഗമേഖലകളുടെ വികസനത്തിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന തന്ത്രം സുരക്ഷിതത്വവും സാമ്പത്തിക വികസന പ്രക്രിയയിലേക്ക് ഇവരെ കൊണ്ടുവരികയെന്നതുമാണ്. വർഗ്ഗ ഉപപദ്ധതി അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് വളരെ സമഗ്രമായ ഒരു പരിപാടിയാണ്. ചൂഷണം ഇല്ലാതാക്കുക സാമൂഹ്യ സാമ്പത്തിക വികസനം മറ്റുപ്രദേശങ്ങളിലെ വികസനവുമായുള്ള വിടവ് കൂട്ടിയിണക്കുക. ജീവിതനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

**പാഠഭാഗചോദ്യങ്ങൾ 19.4**

1. വർഗ്ഗജനവിഭാഗങ്ങളുടെ രണ്ട് സവിശേഷതകൾ വ്യക്തമാക്കുക?

2. ആരാണ് തദ്ദേശീയ ജനങ്ങൾ?

3. ഇന്ത്യയുടെ വർഗ്ഗങ്ങൾക്കു പറയുന്ന പേരെന്ത്?

4. ഇന്ത്യയിൽ പട്ടികവർഗ്ഗ പദവിയുള്ള എത്ര സമൂഹങ്ങളുണ്ട്?

5. ഇന്ത്യയിലെ വർഗ്ഗജനസംഖ്യയുടെ ശതമാനം എത്ര?

6. ഇന്ത്യയിൽ വർഗ്ഗസമൂഹത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

7. പട്ടികവർഗ്ഗങ്ങളെ കണ്ടെത്താനുള്ള രണ്ട് മാനദണ്ഡങ്ങൾ എന്തെല്ലാം?

8. ഉത്തരേന്ത്യയിലെ പ്രമുഖ വർഗ്ഗങ്ങൾ ഏതെല്ലാം?

9. പൂർവ്വമേഖലയിലെ വർഗ്ഗങ്ങൾ അഭിമുഖീകരിക്കുന്ന മുഖ്യമായ പ്രശ്നങ്ങൾ എന്തെല്ലാം?

10. വളരെ കുറഞ്ഞ ജനസംഖ്യയുള്ള ചില വർഗ്ഗങ്ങൾ ഏതെല്ലാം?

11. വർഗ്ഗ ഉപ പദ്ധതിക്ക് തുടക്കമിട്ടത് എപ്പോൾ?

12. വർഗ്ഗ ഉപ പദ്ധതി എന്നാൽ എന്ത്? അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

## നിങ്ങളെന്തു പഠിച്ചു

* കാലാന്തരങ്ങളിലൂടെ പരിണമിച്ച് മിക്കവാറും വ്യതിരക്തമായ സാമൂഹ്യഘടനയോടുകൂടിയ ഭാഷ, മതം, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ ബഹുമുഖ അസ്തിത്വമുള്ള സമൂഹങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ.

* വേദകാലം മുതൽ നിലനിന്നിരുന്ന തിരിച്ചറിയാവുന്ന സാമൂഹ്യഘടനകളിൽ ഏറ്റവും ആദ്യത്തേതാണ് വർഗ്ഗം.

* ആദ്യകാലത്ത് ജനങ്ങളെ തൊലിയുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചപ്പോൾ പിൽക്കാലത്ത് ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നിങ്ങനെ ചാതുർ വർണ്ണ്യങ്ങളായി സമൂഹത്തെ വിഭജിക്കപ്പെട്ടു.

* ബുദ്ധ ജൈന മതവിഭാഗങ്ങളുടെ ഉദയത്തോടെ വൈദീകാനന്തര സമൂഹത്തിൽ വർണണം അഥവാ ജാതി സമ്പ്രദായങ്ങൾക്ക് മാറ്റം വരികയും പിൽക്കാലത്ത് ഇൻഡോ ഗ്രീക്കുകാർ, പാർത്ഥിയന്മാർ, കുശാനന്മാർ, ശാകന്മാർ എന്നീവൈദേശിക ജനവിഭാഗങ്ങളുടെ ആഗമനത്തോടെ ഈ മാറ്റങ്ങൾ കൂടുതൽ വ്യാപകമാവുകയും ചെയ്തു.

* പതിനെട്ടാം നൂറ്റാണ്ടിന് ശേഷമുണ്ടായ പ്രാദേശിക വികാരങ്ങളും, പ്രദേശ രൂപീകരണവും ജാതി വ്യവസ്ഥയിൽ പ്രാദേശിക വ്യത്യാസങ്ങൾ സൃഷ്ടിച്ചു. നിരവധി കാരണങ്ങളാൽ ജാതികളും ഉപജാതികളുമായി അതിന്റെ വ്യാപ്തി വർദ്ധിക്കുകയും കൂടുതൽ സങ്കീർണ്ണമാകുകയും ചെയ്തു.

* ഏറ്റവും നിന്ദ്യമായ ഒരു ആചാരമായിരുന്ന തൊട്ടു കൂടായ്മയുടെ വേരുകൾ വൈദീകകാലഘട്ടത്തിന്റെ അവസാനഘട്ടത്തോളം എത്തിനിൽക്കുകയും ബുദ്ധകാലഘട്ടത്തിൽ അത് പ്രത്യേക തരത്തിലുള്ള മൂർത്തരൂപം പ്രാപിക്കുകയും ചെയ്തു.

* ഗ്രീക്കു റോമൻ അടിമത്ത വ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായിരുന്നെങ്കിലും ഇന്ത്യയിലും അടിമത്ത സമ്പ്രദായമുണ്ടായിരുന്നു.

* പുരുഷാർത്ഥം, ആശ്രമം, സംസ്ക്കാരം, എന്നിവ പരസ്പര ബന്ധിത സങ്കല്പങ്ങളാണ്.

* ഒരു ഭാഗത്ത് കർഷകരും സേവകന്മാരും മറുഭാഗത്ത് പ്രബലരായ കർഷക പ്രഭുക്കന്മാരും തമ്മിലുള്ള പരസ്പര പൂരകമായ ബന്ധത്തിലധിഷ്ഠിതമായിരുന്നു ജാജ് മണി സമ്പ്രദായം – ആധുനിക കാലം വരെ ഇന്ത്യൻ ഗ്രാമീണ സമൂഹത്തിൽ തുടർന്നു വന്നിരുന്ന ഈ സമ്പ്രദായത്തിന് പണവൽക്കരണം, നഗരവൽക്കരണം, വ്യവസായ വൽക്കരണംഎന്നിവയുടെ ഫലമായി ശൈഥില്യം സംഭവിച്ചു.

* വളരെ സുപ്രധാനമായ വിവാഹമെന്ന സംസ്ക്കാരച്ചടങ്ങിന്റെ അനന്തരഫലമാണ് കുടുംബം. വ്യത്യസ്ഥവർണ്ണജാതി വിഭാഗങ്ങളുടെ ബന്ധത്തിന്റെ ഫലമായി അനുലോമ, പ്രതിലോമ വിവാഹങ്ങളെന്നും, ഏകപത്നി, പതിവിവാഹം, ബഹുഭാര്യാഭർതൃവിവാഹം എന്നിങ്ങനെ പങ്കാളികളുടെ എണ്ണത്തിന

കുറിപ്പുകൾ :

നുസരിച്ചും ഇന്ത്യയിൽ വിവാഹങ്ങളെ തരംതിരിച്ചിരിക്കുന്നു. ഈ എല്ലാത്തരം വിവാഹങ്ങളും ഇന്ത്യയിൽ ദർശിക്കാവുന്നതാണ്.

* മിതാക്ഷര, ദായഭാഗ എന്നിങ്ങനെ ദിവ്യമായ രണ്ടുതരം ആചാരാനുഷ്ഠാനങ്ങളാൽ നിയന്ത്രിതമാണ് ഇന്ത്യയിൽ കൂട്ടു കുടുംബ വ്യവസ്ഥിതി.

* ആധുനികകാലം വരെ കാലാന്തരത്തിലുള്ള അപചയത്തിന്റെ കഥകളാണ് ഇന്ത്യൻ സ്ത്രീകളുടെ ചരിത്രം. പാശ്ചാത്യ വിദ്യാഭ്യാസ വ്യാപനം, സാമൂഹ്യ മത പരിഷ്ക്കർത്താക്കളുടെ തീവ്രശ്രമങ്ങൾ എന്നിവയുടെ ഫലമായി അവരുടെ സ്ഥിതി മെച്ചപ്പെട്ടുവരുന്നു.

## പാദാവസാന അഭ്യാസങ്ങൾ

1. ഇന്ത്യയിലെ ബഹുമുഖ അസ്ഥിത്വങ്ങളുടെ ഉദയം വിശദീകരിക്കുക.

2. വർണ്ണ - ജാതി സമ്പ്രദായങ്ങളുടെ വ്യത്യാസങ്ങൾ എന്തെല്ലാം ?

3. ഇന്ത്യയിലെ ജാതിസമ്പ്രദായത്തിന്റെ പ്രത്യേകത ചർച്ച ചെയ്യുക?

4. പുരുഷാർത്ഥങ്ങളും, ആശ്രമങ്ങളും, സംസ്ക്കാരങ്ങളും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുക.

5. ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന വിവിധതരം വിവാഹങ്ങളുടെ ഒരുവിവരണം നൽകുക.

6. ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ പദവിയെക്കുറിച്ച് വിമർശനപരമായി പരിശോധിക്കുക.

7. ജാജ് മണി സമ്പ്രദായം എന്നാൽ എന്ത് ? സമീപ കാലത്ത് അതിന്റെ അപചയത്തിന്റെ കാരണങ്ങൾ എന്തെല്ലാം ?

## പാഠഭാഗചോദ്യങ്ങളുടെ ഉത്തരങ്ങൾ

19. 1

1. വർഗ്ഗം

2. ഭരതൻ, യദു, പുരു മുതലായവ (ഏതെങ്കിലും രണ്ട് )

3. രണ്ടു തവണ ജനിച്ചവർ

4. ശാകന്മാർ, കുശാനന്മാർ, പാർത്ഥിയക്കാർ, ഇൻഡോ - ഗ്രീക്കുകാർ തുടങ്ങിയവർ

5. മധ്യകാലഘട്ടത്തിൽ

19. 2

1. തൊട്ടുകൂടാത്തവർ

2. ഹരിജൻ

3. മെഗസ്തനീസ്



കുറിപ്പുകൾ :

4. അർഥശാസ്ത്രം

5. ആശ്രമങ്ങൾ

6. നഗരവൽക്കരണവും, വ്യവസായവൽക്കരണവും

19. 3

1. വ്യത്യസ്ത വർണ്ണങ്ങളോ, ജാതികളോ തമ്മിലുള്ള സഖ്യത്തെ അടിസ്ഥാന മാക്കിയിട്ടുള്ളത്

2. ഒരു പങ്കാളി മാത്രമുള്ള വിവാഹം

3. മിതക്ഷര യും, ദായഭാഗം യും,

4. സ്ത്രീധനം

19. 4

1. മ . വളരെ പണ്ടുകാലം മുതലെ വർഗ്ഗങ്ങൾക്ക് മണ്ണിൽ വേരുകളുണ്ട്.

യ. കുന്നുകളിലും വനങ്ങളിലും ഒറ്റപ്പെട്ടു ജീവിക്കുന്നു

2. വർഗ്ഗങ്ങൾ

3. ആദിവാസികൾ

4. 427 സമൂഹങ്ങൾ

5. 8.2 ശതമാനം

6. വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്നവരും കുന്നിൻ പ്രദേശത്തും, വനങ്ങളിലും ഒറ്റപ്പെട്ടു ജീവിക്കന്നവരുമായ ഒരു വിഭാഗത്തിന്റെ രാഷ്ട്രീയ ഭര ണപരമായ ഉന്നമനം ലക്ഷ്യമിട്ടുള്ളത്.

7. ഒറ്റപ്പെടലും പിന്നോക്കാവസ്ഥയും

8. ഖാസ, തരു, ബോക്സ, ബോടിയാ, ഗുജ്ജാസ്,ജോൻസരി

9. സാമ്പത്തിക പിന്നോക്കാവസ്ഥ, വനപാലകരുടേയും കരാറുകാരുടേയും ചൂഷ ണം, ഭൂമിയുടെ അന്യവൽക്കരണം, രോഗങ്ങളും വ്യവസായ പദ്ധതികൾക്കു വേണ്ടിയുള്ള ഒഴിഞ്ഞുപോകൽ

10. ഗ്രേറ്റ് ആൻഡമാനീസ്, ജർവാസ്, നിക്കോബാറീസ്, ഷാംപൂർ

11. അഞ്ചാം പഞ്ചവത്സര പദ്ധതി കാലത്ത്

12. ഇതൊരു സമഗ്രമായൊരു പദ്ധതിയാണ്. വർഗ്ഗങ്ങളെ ചൂഷണം ചെയ്യുന്നത് ഇല്ലാതാക്കുക, സാമൂഹ്യ സാമ്പത്തീക വികസനം, മറ്റു പ്രദേശങ്ങളുടെ വിക സനവുമായുള്ള വിടവു നികർത്തുക, ജീവിത നിലവാരം മെച്ചപ്പെടുത്തുക തുട ങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

# 20

# സമകാലീന ഇന്ത്യയിലെ ചില സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങൾ

ഇന്ത്യയിലെ സാമൂഹ്യ ഘടനയെക്കുറിച്ച് മുൻ അദ്ധ്യായത്തിൽ നിങ്ങൾ പഠിച്ചു. വർഗ്ഗം, വർണ്ണം, ജാതി, കുടുംബം, വിവാഹം, സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം അതുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങളും നാം വിശകലനം ചെയ്തു. ഇന്ത്യൻ സമൂഹം കാലാന്തരത്തിൽ രൂപപ്പെടുത്തുകയും വ്യത്യസ്തമേഖലകളിൽ പുരോഗതി നേടുകയും ചെയ്ത ഇന്ത്യൻ സാമൂഹ്യ പരിഷ്ക്കാരങ്ങളെക്കുറിച്ചും മുൻ അദ്ധ്യായത്തിൽ വായിച്ചു. എന്നിരുന്നാലും ശ്രദ്ധകൊടുക്കേണ്ടതും പരിഹരിക്കപ്പെടേണ്ടതുമായ സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങൾ എന്നും എക്കാലത്തും എല്ലാ സമൂഹങ്ങളിലും കാണാൻകഴിയും. ജനങ്ങളുടെ സുരക്ഷിതത്വം പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, വൃദ്ധൻമാർ തുടങ്ങിയവ സമകാലീന ഇന്ത്യയുടെ മുഖ്യ ഉത്തരവാദിത്വങ്ങളാണ്. ഈ അദ്ധ്യായത്തിൽ അടിയന്തിര ശ്രദ്ധപതിക്കേണ്ട ചില പ്രധാന സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങളെ ക്കുറിച്ചും വായിക്കാം. ജാതി വ്യവസ്ഥ, സ്ത്രീധനം, വർഗ്ഗീയത, മദ്യപാനം, ലഹരിയുടെ ഉപയോഗം മുതലായവയാണ് ഇന്നത്തെ പ്രധാന സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങൾ. ഇവിടെ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾ അത്രയ്ക്കു സമഗ്രമല്ല. രാജ്യം പൊതുവിലും പ്രദേശങ്ങളും സമൂഹങ്ങളും പ്രത്യേകിച്ചു നേരിടുന്ന മറ്റുപല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. നമ്മളെല്ലാവരും ചിന്തിക്കേണ്ട പ്രശ്നങ്ങളാണവ. അത്തരത്തിലുള്ള മറ്റു പ്രശ്നങ്ങളുടെ ഒരു പട്ടിക നിങ്ങൾക്കു തയ്യാറാക്കാൻ കഴിയുമോ?

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* സമകാലീന ഇന്ത്യയിലെ ചില പ്രധാന പ്രശ്നങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാം.

* ജാതിവ്യവസ്ഥ, സ്ത്രീധനം, വിഭവദുരുപയോഗം തുടങ്ങിയവ പരിശോധിക്കാം.

* സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും പ്രശ്നങ്ങൾ മനസ്സിലാക്കാം.

* തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നീ പ്രശ്നങ്ങൾ വിലയിരുത്താനാകും.

## 20.1 ജാതിവ്യവസ്ഥ

നാലു ജാതികളുണ്ടെന്ന് മുൻ അദ്ധ്യായത്തിൽ നിങ്ങൾ വായിച്ചു. അവ ഏതെല്ലാമെന്ന് നിങ്ങൾക്ക് ഓർമ്മിക്കാമോ? അവ ഏതെല്ലാമെന്ന് ഇവിടെ എഴുതുക?

കുറിപ്പുകൾ :

1........................................ 2........................................

3........................................ 4........................................

ഇന്ത്യയിൽ ജാതിസമ്പ്രദായത്തിന്റെ വേരുകൾ പുരാതന ഇന്ത്യയിലാണ്. ഇഹലോകത്തിൽ ഒരു വ്യക്തി പാലിക്കേണ്ട നിയമങ്ങളും ചെയ്യേണ്ട കടമകളും ആശ്രമ ധർമ്മം നിഷ്ക്കർഷിച്ചിട്ടുള്ളതുപോലെ ജാതി വ്യവസ്ഥ ഓരോ ജാതിക്കുമുള്ള നിയമങ്ങളും കടമകളും പ്രതിപാദിക്കുന്നു. പുരാതനകാലത്ത് സമൂഹത്തിൽ എല്ലാവർക്കും തുല്യപദവിയുണ്ടായിരുന്നു. ഓരോരുത്തർക്കും അവനവന്റെ ഇഷ്ടാനുസരണം ഏതു ജാതിയും സ്വീകരിക്കാമായിരുന്നു. ആഹാര കാര്യത്തിലും ഇതര തൊഴിൽമേഖലയിലുള്ളവരുമായി വൈവാഹികബന്ധത്തിൽ ഏർപ്പെടുന്നതിനും യാതൊരു വിലക്കുമില്ലായിരുന്നു. എന്നാൽ ചില തൊഴിലുകൾ പരമ്പരാഗതമായതോടെയും തദ്ദേശീയ ജനങ്ങളുമായുള്ള സമ്പർക്കംമൂലവും ഈ അവസ്ഥയ്ക്കു മാറ്റം വരുകയും ജാതി നിർണ്ണയത്തിന്റെ അളവുകോൽ ജനനമായിമാറുകയും ചെയ്തു. അങ്ങനെ അക്കാലത്തു വികാസം പ്രാപിച്ച വർണ്ണവ്യവസ്ഥ സാമൂഹ്യ സാമ്പത്തിക വികാസത്തിന്റെ പരിണിതഫലമായിരുന്നു. എന്നാൽ കാലം കടന്നുപോയതോടെ സവർണ്ണരെന്നും അവർണ്ണരെന്നും സമൂഹം വിഭജിക്കപ്പെടുകയും പരസ്പരം ഇടപഴകാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. വിവാഹാഘോഷവേളകളിൽ മിശ്രഭോജനം അനുവദനീയമല്ലാതായി മാറി. അവർണ്ണൻമാരെന്നു മുദ്രകുത്തപ്പെട്ടവർ ചൂഷണത്തിനു വിധേയരാവുകയും ക്രമേണ അവരുടെ അവസ്ഥ ദുരിത പൂർണമാകുകയും ചെയ്തു. അവർക്ക് തുല്യപദവി നഷ്ടമാകുകയും പരമദരിദ്ര്യന്മാരുമായി. ഗ്രാമത്തിലെ പൊതു കിണറ്റിൽ വെള്ളമെടുക്കാൻ അവർക്ക് അനുവാദമുണ്ടായിരുന്നില്ല. ക്ഷേത്രപ്രവേശനവും അവർക്ക് നിരോധിക്കപ്പെട്ടു. സവർണ്ണരുടെ സമീപത്തുകൂടി സഞ്ചരിക്കുന്നതുപോലും നിരോധിക്കപ്പെട്ടു. ജാതിസമ്പ്രദായം തൊഴിലുകളുടെ ആരോഗ്യകരമായ വളർച്ചയെ തടസ്സപ്പെടുത്തി. കാരണം, തൊഴിലിന്റെ മാനദണ്ഡം ഒരു വ്യക്തിയുടെ ജനനമായിരുന്നു പ്രാപ്തിയായിരുന്നില്ല.

ജാതിപരമായ വേർതിരിവ് ചിലപ്പോഴൊക്കെ അക്രമത്തിലേയ്ക്കു നയിച്ചിരുന്നു. ജാതി നമ്മുടെ രാജ്യത്ത് ജനാധിപത്യ പ്രക്രിയയ്ക്ക് ഒരു ഭീഷണിയാകുന്നുണ്ട്. ജാതിയുടെ അടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകൾ രൂപപ്പെടുകയും സ്വജാതിയിൽപ്പെട്ട സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. സ്ഥാനാർത്ഥിയുടെ പ്രാപ്തി പലപ്പോഴും പരിഗണിക്കപ്പെടാതെ പോകുന്നു. ഇത് ഇന്ത്യയിലെ ആരോഗ്യകരമായ ജനാധിപത്യത്തിന് ഭൂഷണമല്ല. ഈ വ്യവസ്ഥ പൂർണ്ണമായും വേരോടെ പിഴുതെറിയാതെ രാജ്യത്തിനു പുരോഗമിക്കാൻ കഴിയില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം, അതായത് 1947-നു ശേഷം, സർക്കാർ ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുകയും നിയമനിർമ്മാണത്തിലൂടെയും സാമൂഹ്യ ഇടപെടലുകളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈനടപടികൾ ഈ അവസ്ഥമെച്ചപ്പെടുത്തുന്നതിൽ സഹായകമായിട്ടുണ്ട് എങ്കിലും ഇനിയും ഒത്തിരിപ്രവർത്തിക്കാനുണ്ട്.

*കുറിപ്പുകൾ :*

**ഇതര സമുദായത്തിൽ പ്പെട്ട ഒരു വ്യക്തിയുടെ ഭവനം സന്ദർശിക്കുക. അവരുടെ ജീവിതരീതിയിലും ആഹാരക്രമത്തിലും നിങ്ങൾക്കെന്തെങ്കിലും വ്യാത്യാസം കണ്ടുപിടിക്കാമോ? വ്യത്യാസങ്ങളെയും സമാനതകളെയും കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.**

## 20.2 സ്ത്രീകളുടെ പ്രശ്നങ്ങൾ

സമസ്തമേഖലകളിലും നമ്മുടെ ഭരണഘടന സ്ത്രീക്കും പുരുഷനും തുല്യാവകാശം നല്കുന്നു. ഇന്ന് സ്ത്രീകൾക്ക് വോട്ടവകാശമുണ്ട്, സ്വത്തവകാശമുണ്ട്. സർക്കാർ എല്ലാ ദുർബ്ബല വിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്ന് ഭരണഘടന അനുശാസിക്കുന്നു. സ്ത്രീകളുടെ താത്പര്യസംരക്ഷണത്തിന് സ്വാതന്ത്ര്യലബ്ദി മുതൽ ഇന്ത്യാഗവൺമെന്റ് പല നിയമ നിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. വിവാഹം, സ്വത്തവകാശം, സ്ത്രീധനം, വിവാഹമോചനം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങളാണ് ഇവയെല്ലാം. 1976-ൽ തുല്യജോലിക്ക് തുല്യവേതനം വാഗ്ദാനം ചെയ്യുന്ന തുല്യവേതനനിയമം പാസ്സാക്കി. സമീപകാലത്ത് പെൺകുട്ടികൾക്കുവേണ്ടി സർക്കാർ ഒരു പദ്ധതിയാരംഭിച്ചിട്ടുണ്ട്. ലദിലി എന്നാണ് പ്രസ്തുത പദ്ധതി അറിയപ്പെടുന്നത്. ഇതു പ്രകാരം പെൺകുട്ടി ജനിക്കുമ്പോൾത്തന്നെ സർക്കാർ ഒരു തുക നീക്കിവയ്ക്കുകയും 18വയസ്സു പൂർത്തിയാകുമ്പോൾ ആ തുക ലഭ്യമാക്കുകയും ചെയ്യുന്നു. ഈ തുക പിന്നീട് വിദ്യാഭ്യാസത്തിനോ വിവാഹത്തിനോ ഉപയോഗിക്കാം. ഇതുപോലെയുള്ള മറ്റൊരു പദ്ധതിയാണ് ജച്ചാ ബച്ചാ പദ്ധതി. ഇതു പ്രകാരം, ഒരു കുട്ടിയുടെ ജനനം വരെയുള്ള ചിലവുകളും പ്രസവസംബന്ധമായുള്ള ചികിത്സാചിലവുകളും സംസ്ഥാന സർക്കാർ വഹിക്കും. എന്നിരുന്നാലും ഇത്തരം ആനുകൂല്യങ്ങൾ ക്കുമുപരി, സ്ത്രീകൾക്കെതിരെയുള്ള അനവധി വിവേചനങ്ങൾ നമുക്കു ദർശിക്കാം.

### 20.2.1 ലിംഗവിവേചനം

ആരോഗ്യം, വിദ്യാഭ്യാസം, ഉദ്യോഗം എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ ഇന്ത്യയിലെ സ്ത്രീകൾ വിവേചനം അനുഭവിക്കുന്നു. പെൺകുട്ടികൾക്ക് സ്ത്രീധനമെന്ന ബാദ്ധ്യതയും തലയിലേറ്റി, വിവാഹാനന്തരം പിതൃഗൃഹം വിട്ടുപേക്ഷിച്ചുപോകേണ്ടിവരുന്നു. കൂടാതെ വാർദ്ധക്യത്തിൽ സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി പുരുഷസന്താനങ്ങളെയാണ് മാതാപിതാക്കൾ ഇഷ്ടപ്പെടുന്നത്. പെൺ കുഞ്ഞാണെന്ന ഒറ്റക്കാരണത്താൽ നിരവധി ശിശുക്കളെ ഗർഭഛിദ്രം നടത്തിയും ബോധപൂർവ്വം അവഗണിച്ചും മുലയൂട്ടാതെയും നശിപ്പിച്ചുകളയുന്നു. ഇത് ഏറ്റവും കൂടുതൽ നടക്കുന്നത് രാജസ്ഥാനിലാണ്. ഇപ്പോൾ വലിയൊരു മാറ്റം ഉണ്ടായിട്ടുണ്ട്. ഹരിയാന പോലെയുള്ള ചില സംസ്ഥാനങ്ങളിൽ പെൺകുട്ടികളുടെ നിരക്ക് വളരെ താഴെയായതിനാൽ സർക്കാർ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനത്തിനായി പ്രത്യേക പദ്ധതിതന്നെ ഏറ്റെടുത്തിട്ടുണ്ട്. ഉദ്യോഗ സംവരണവും ആറുമാസം പ്രസവാവധിയും മറ്റു നിരവധി ആനുകൂല്യങ്ങളും ഇന്ന് സ്ത്രീകൾക്ക് അനുവദിച്ചിട്ടുണ്ട്.

സ്ത്രീകളുടെ ആരോഗ്യത്തിനും പോഷകാഹാരത്തിനും പുത്തൻപരിപാടിയെന്ന ലോകബാങ്ക് രേഖ പ്രകാരം വികസ്വര രാജ്യങ്ങളിൽ



കുറിപ്പുകൾ :

450 ദശലക്ഷം പ്രായപൂർത്തിവന്ന സ്ത്രീകൾക്ക് ശൈശവത്തിൽ ആവശ്യമായ പ്രോട്ടീൻ ലഭ്യതക്കുറവുമൂലം വളർച്ചാപ്രശ്നമുള്ളതായി വിലയിരു(വാഷിംഗ്ടൺ 1995)ത്തുന്നു. പല സമൂഹങ്ങളിലും താരതമ്യേന പുരുഷൻമാരെയും ആൺകുട്ടികളെയുംകാൾ ഗുണമേന്മ കുറഞ്ഞ ആഹാരമാണ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും ലഭിക്കുന്നത്. രോഗാവസ്ഥയിൽ അവർക്ക് കാര്യമായ ശുശ്രൂഷ ലഭിക്കാറില്ല. രോഗം അതീവ ഗുരുതരമാകുന്ന അവസ്ഥയിൽ മാത്രമാണ് മതിയായ ശുശ്രൂഷ ലഭിക്കുന്നത്. ആഗോളതലത്തിൽ തന്നെ വൈദ്യശുശ്രൂഷയുടെയും ആരോഗ്യസേവനത്തിന്റെയും കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള വിവേചനത്തിന്റെ മതിയായ തെളിവാണിത്.

ഭൂരിപക്ഷം രാജ്യങ്ങളിലും സ്ത്രീകളുടെ സാക്ഷരതനിരക്ക് പുരുഷന്മാരെക്കാൾ വളരെ താഴെയാണ്. 66 രാജ്യങ്ങളിൽ 6 മുതൽ 11വയസ്സി നിടയിലുള്ള സ്ത്രീ -പുരുഷ സാക്ഷരതാ നിരക്കുകൾ തമ്മിലുള്ള അകലം 10%വും 40 രാജ്യങ്ങളിൽ 20%വും ആണ്. അതായത് പ്രൈമറിതലത്തിലെ അവസ്ഥയാണിത്. 2011-ലെ ജനസംഖ്യാകണക്കുപ്രകാരം സ്ത്രീ-പുരുഷ സാക്ഷരതാ നിരക്കിൽ 16.7% വ്യത്യാസമാണുള്ളത്. അതായത് പുരുഷ സാക്ഷരത 82.14% വും സ്ത്രീ സാക്ഷരത 65.46% വും ലോകത്തിൽ ഏകദേശം 24.5%(85 ദശലക്ഷം) പെൺകുട്ടികൾ സ്ക്കൂളിന് പുറത്താണ്. ആൺകുട്ടികളാകട്ടെ, 16.4%വും (60 ദശലക്ഷം).

ഭാരതത്തിന്റെ പുരാതന കാലത്ത് സ്ത്രീകൾ ആദരിക്കപ്പെട്ടിരുന്നെങ്കിലും, മിക്കവാറും ഇന്ത്യൻ കുടുംബങ്ങളിൽ പെൺകുട്ടികൾക്ക് വളരെ കുറഞ്ഞ പരിഗണനമാത്രമാണ് ലഭിക്കുന്നത്. ഇന്ന് സ്ത്രീകൾ ഉണ്ടെങ്കിലും, പാരമ്പര്യവും, ആചാരങ്ങളും, സാമൂഹ്യ ചട്ടക്കൂടുകളും പ്രാധാന്യം കൊടുക്കുന്നത് പെൺകുട്ടികളെക്കാൾ ആൺകുട്ടികൾക്കാണ്. പെൺകുട്ടികൾ ഒരു സാമ്പത്തിക ബാധ്യതയായി കണക്കാക്കപ്പെടുന്നു. സമൂഹത്തിന്റെ ഈകാഴ്ചപ്പാട് പെൺകുട്ടികൾക്ക് അവരുടെ സാധ്യതകൾ പൂർണ്ണമായും ഫലദായകമാക്കുന്നതിന് വിലങ്ങുതടിയായി തീരുന്നു. പെൺകുഞ്ഞിനെ സംബന്ധിച്ച് അടുത്തകാലത്തുള്ള ഒരു റിപ്പോർട്ടിന്റെ നിരീക്ഷണങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. പെൺകുട്ടികൾ ലോകത്തിന്റെ ഏറ്റവും പരിഗണിക്കപ്പെടാത്ത സമ്മാനമാണ്. അനവധി കഴിവുകളുള്ള മനുഷ്യ ജീവികളാണവർ എന്നാലും ലോകത്തിലുടനീളം, അടിസ്ഥാനാവശ്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ ഏറ്റവും പിന്നോക്കവും, നിഷേധിക്കപ്പെടുന്നവരിൽ ഏറ്റവും മുമ്പിലുമാണ് .

ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, പോഷകം, കായിക വിനോദം തുടങ്ങിയ ആവശ്യങ്ങൾ പെൺകുട്ടികൾക്കു ലഭിക്കാതെ പോകുന്നു. സുരക്ഷിതത്വം, ഉപദ്രവങ്ങളിൽ നിന്നും ചൂഷണത്തിൽ നിന്നുമുള്ളതു പോലെ വളരാനും, വികസിക്കാനും, പുഷ്പിക്കാനുമുള്ള അവകാശങ്ങൾ അവർക്ക് പലപ്പോഴും നിഷേധിക്കപ്പെടുന്നു.

0-6വയസ്സുവരെയുള്ള നിരക്കിൽ നിന്നുള്ള വിവരങ്ങളനുസരിച്ച് പെൺ കുട്ടികളോടുള്ള മുൻവിധി പ്രസ്പഷ്ടമാണ്. 2011-ലെ ജനസംഖ്യ കണക്കുപ്രകാരം ഈ നിരക്ക്, 2001-ലെ 927ൽനിന്നും 914 ആയി ചുരുങ്ങി. ശിശുലിംഗ നിരക്ക് ക്രമാതീതമായി 1916-ലെ 976ൽ നിന്നും 2011-ൽ 914 ആയി കുറഞ്ഞു.

കുറിപ്പുകൾ :

### 20.2.2 സ്ത്രീധന സമ്പ്രദായം

നമ്മുടെ സംസ്ക്കാരത്തെ ദുഷിപ്പിച്ച ഏറ്റവും മോശമായ സാമൂഹ്യാചാരമാണ് സ്ത്രീധന സമ്പ്രദായം. സ്വതന്ത്ര്യ ഇന്ത്യയിലെ നിയമ നിർമ്മാണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് 1961-ലെ സ്ത്രീധന നിരോധന നിയമമാണ്. സ്ത്രീധനം കൊടുക്കുന്നതും സ്വീകരിക്കുന്നതും നിയമം മൂലം നിരോധിക്കപ്പെട്ടതും ശിക്ഷാർഹവുമാണെങ്കിലും, ഈ സമ്പ്രദാം നിർബാധം തുടരുകയും ചെയ്യുന്നതുമാണ്. ഗ്രാമത്തിലായാലും നഗരത്തിലായാലും ഈ നിയമത്തിന്റെ ലംഘനം ഒരു പോലെയാണ്. സ്ത്രീധന മരണം മാത്രമല്ല, ശാരീരികവും മാനസികവുമായ ഗാർഹിക പീഢനങ്ങൾ മിക്കവയും സ്ത്രീധനവുമായി ബന്ധപ്പെട്ടവയാണ്. സ്ത്രീകളുടെ അടിസ്ഥാന അവകാശങ്ങൾ പലതും ദിവസം തോറും ലംഘിക്കപ്പെടുന്നു. ചിലപ്പോഴെങ്കിലും സ്ത്രീകൾ സ്ത്രീധനത്തിനെതിരെ ചെറുത്തുനില്ക്കാറുണ്ട്. ഇന്ത്യൻ സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഈ രോഗത്തിൽ രക്ഷനേടുന്നതിന് ശക്തവും സമഗ്രവുമായ സാമൂഹ്യ- സാമ്പത്തിക രാഷ്ട്രീയ ഭരണപരമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

**സ്ക്കൂളിൽ പോകാത്ത ഒരു പെൺകുട്ടിയെ കണ്ടെത്തുക. പെൺകുട്ടികളുടെ ഉന്നതിക്കായ് ലത്‌ലി യെന്നപേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും അതിനാൽ അവൾ നിങ്ങൾക്കൊരു ബാധ്യതയാകുകയില്ലായെന്നും മറിച്ച് ഒരു മുതൽക്കൂട്ടാകുമെന്നും അവളുടെ മാതാപിതാക്കളെ ബോധ്യപ്പെടുത്തുക. അങ്ങനെ അവർ അവളെ സ്ക്കൂളിലേക്ക് അയയ്ക്കട്ടെ.**

### പാഠഭാഗ ചോദ്യങ്ങൾ 20.1

1. ജാതി വ്യവസ്ത എപ്രകാരമാണ് ജനാധിപത്യത്തെ ബാധിക്കുന്നത്?

2. ഇന്ത്യാഗവൺമെന്റിന്റെ ലദ്‌ലി പദ്ധതി എന്നാൽ എന്ത്?

3. സ്ത്രീധന ലംഘനങ്ങൾ നിരോധിക്കുന്ന നിയമം ഏത്?

### 20.3 വിഭവ ദുർവിനിയോഗം/അടിമപ്പെടൽ

മദ്യം, പുകയില, ബീഡി, സിഗരറ്റ് എന്നീ ഹാനീകരമായ ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗത്തെയാണ് വിഭവ ദുർവിനിയോഗം എന്ന് വിശേഷിപ്പിക്കുന്നത്. ലഹരി പദാർത്ഥങ്ങളുടെ ലഭ്യത വ്യാപിക്കാൻ തുടങ്ങിയതോടുകൂടി കൗമാരക്കാരും യുവാക്കളും മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടുതുടങ്ങി. ലഹരി വസ്തുക്കളിലേക്ക് യുവാക്കളെ തള്ളിവിടുന്ന ഘടകങ്ങൾ നിരവധിയാണ്. സമപ്രായക്കാരുടെ സമ്മർദ്ദം, ശിഥിലമായ കുടുംബ ചുറ്റുപാടുകൾ, മാനസീക ക്ലേശങ്ങൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ.

വിഭവ ദുർവിനിയോഗം മന:ശാസ്ത്രപരവും, വൈദ്യശാസ്ത്രപരവുമായ ചികിത്സ ആവശ്യമുള്ള അവസ്ഥയാണ്. കുട്ടികളെ ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്കും, യുവത്വത്തിലേക്കുമുള്ള മാറ്റത്തിന്റെ കാലയളവിൽ പ്രത്യേകിച്ച് ശാരീരികമായ മാറ്റത്തിന്റെ വേളകളിൽ രക്ഷിതാക്കളുടെ അതീവ

ശ്രദ്ധ കുട്ടികളിലുണ്ടാകേണ്ടതുണ്ട്. കൗമാരം ആകാംഷയുടെ കാലമാണ്. അവർ പുതിയ ലോകങ്ങളും ആശയങ്ങളും പെരുമാറ്റങ്ങളും, ചങ്ങാത്തങ്ങളും കണ്ടെത്തുന്ന അവസരമാണത്. ഈ പ്രക്രിയയിൽ ചിലർ മയക്കുമരുന്നിന് അടിമകളായേക്കാം. കുടുംബം, വിദ്യാലയങ്ങൾ, സുഹൃത്തുക്കൾ, ചുറ്റുപാടുകൾ എന്നിവ അവരെ ഇത്തരം ദുശ്ശീലങ്ങൾക്കെതിരെ ബോധവാന്മാരാക്കേണ്ടതുണ്ട്. അല്ലെങ്കിൽ അവർ അത്തരം കെണികളിൽ അകപ്പെട്ടു പോയേക്കാം. മദ്യപാനവും, പുകവലിയുമാണ് സാധാരണ ഹാനീകരമായ പ്രവൃത്തികൾ.

മദ്യപാനം ഇന്ന് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുന്നു. വിഷമങ്ങളും നിരാശകളും താല്ക്കാലികമായിട്ടാണെങ്കിലും മറക്കുന്നതിനുള്ള എളുപ്പ മാർഗ്ഗമായി മദ്യം മാറിയിരിക്കുന്നു. ഇതിനോടുള്ള ആസക്തി ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. വരുമാനം തുച്ഛമാണെങ്കിൽ കൂടിയും മദ്യപാനികൾ കുടുംബാവശ്യങ്ങളെ മാറ്റി നിർത്തി മദ്യം വാങ്ങിക്കുന്നു. നിലവാരമുള്ള മദ്യത്തിന് പണം തികഞ്ഞില്ലെങ്കിൽ അവർ നിലവാരം കുറഞ്ഞയിനം വാങ്ങിക്കും. ചിലപ്പോൾ അവർ വിഷാംശം കലർന്ന സാധനങ്ങളും കഴിക്കും. മദ്യപിച്ചു കഴിയുമ്പോൾ ബോധം നഷ്ടപ്പെടും. ഇത് ചിലപ്പോൾ മരണത്തിനോ സ്ഥിരമായ വൈകല്യങ്ങൾക്കോ ഇടയാക്കും. പലപ്പോഴും അവർ ഭാര്യയോടും മക്കളോടും മോശമായി പെരുമാറുകയും ചെയ്യും.

മദ്യപാനത്തെക്കാൾ ആരോഗ്യത്തിനും കൂടുതൽ ഹാനികരമാണ് പുകവലി. പുകവലിക്കുന്നവർക്കു മാത്രമല്ല, അന്തരീക്ഷത്തിനും ചുറ്റുമുള്ള ജനങ്ങളുടെ ആരോഗ്യത്തിനും അവർ ഹാനിവരുത്തുന്നു. മറ്റുള്ളവരുടെ അവകാശങ്ങളെ നാം മാനിക്കുകയാണെങ്കിൽ ബസ്, ട്രെയിൻ, ചന്ത, ഓഫീസ് മുതലായ പൊതുസ്ഥലങ്ങളിൽ പുകവലിക്കരുത്. പുകവലി മലിനീകരണത്തിന്റെ മുഖ്യ ഹേതുവും, കാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾക്കും ഇടയാക്കുന്നു. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ പുകയില ഉപയോഗം പ്രത്യേകിച്ച് പുകവലി ലോകം മുഴുവനിലുമുള്ള ഒന്നാന്തരം കൊലയാളിയാണ്. പൊതു സ്ഥലത്തുള്ള പുകവലി കേന്ദ്ര മന്ത്രി സഭ നിരോധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും ചുറ്റുവട്ടത്ത് പുകയില ഉല്പന്നങ്ങളുടെ വില്പനയും നിരോധിച്ചിട്ടുണ്ട്. പുകയില ഉല്പന്നങ്ങളുടെ പുറത്ത് ഉപയോക്താക്കൾക്കുള്ള താക്കീതും നിർബന്ധമാക്കിയിട്ടുണ്ട്.

## 20.4 വർഗ്ഗീയത

വ്യത്യസ്ത മതവിശ്വാസങ്ങളുടെ ഒരു നാടാണ് ഇന്ത്യ. വിവിധ സമുദായക്കാരായ ഹിന്ദുക്കൾ, മുസ്ലീംങ്ങൾ, ക്രിസ്ത്യാനികൾ, പാഴ്സികൾ മുതലായവർ ഇന്ത്യയിലുണ്ട്. ഒരു സമുദായത്തിന് മറ്റു സമുദായത്തോടുള്ള അക്രമോത്സുകമായ മനോഭാവം രണ്ടു മതവിഭാഗങ്ങളുടെ ഇടയിൽ സംഘർഷവും ഏറ്റുമുട്ടലുകളും സൃഷ്ടിക്കുന്നു. വർഗ്ഗീയ കലാപങ്ങളിൽ മരിക്കുന്നത് നൂറുകണക്കിന് ജനങ്ങളാണ്. അത് പരസ്പരസ്പർദ്ദയും സംശയവും വളർത്തുന്നു. വർഗ്ഗീയത ഉന്മൂലം ചെയ്യപ്പെടേണ്ട ഒരു പ്രശ്നമാണ്. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്കും, രാജ്യത്തിന്റെ അഖണ്ഡതയ്ക്കും വർഗ്ഗീയത ഭീഷണിയാണ്. പുരോഗതിയിലേക്കുള്ള പാതയിൽ ഇത് വലിയൊരു തടസ്സമാണ്. സമൂഹത്തിൽ ഐക്യവും, ശാന്തിയും സ്ഥാപിക്കാനുള്ള ഒരു പ്രധാന മാർഗ്ഗം വിദ്യാഭ്യാസമാണ്. നമ്മൾ ഒരു കാര്യം ഓർമ്മിക്കുന്നത് നല്ലതാണ്. അതായത്, ആദ്യം നമ്മളെല്ലാം മനുഷ്യരാണ്, പിന്നീടാണ്



കുറിപ്പുകൾ :

സമുദായാംഗങ്ങളാകുന്നത്. എല്ലാ മതങ്ങളെയും നാം ആദരിക്കണം. നമ്മുടെത് ഒരു മതേതര രാജ്യമാണ്. അതിന്റെ യർത്ഥം എല്ലാമതക്കാരും തുല്യരാണെന്ന് ഓരോരുത്തർക്കും സ്വന്തം വിശ്വാസം പിന്തുടരാനുള്ള അവകാശം ഉണ്ട് എന്നു മാത്രമാണ്.

**പുകവലിക്കോ, മദ്യപാനത്തിനോ, മയക്കുമരുന്നിനോ, ചൂതുകളിക്കോ അടിമപ്പെട്ട ഒരു വ്യക്തിയെ കണ്ടുമുട്ടുക. അദ്ദേഹത്തോട് ഇത്തരം വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് പറഞ്ഞ് അതിനെ അതിജീവിക്കാനുള്ള മാർഗ്ഗം നിർദ്ദേശിച്ചു കൊടുക്കുക.**

## 20.5 വൃദ്ധരുടെ പ്രശ്നങ്ങൾ

ലോകജനതയ്ക്ക് പ്രായമേറി വരികയാണ്. 1950–ൽ വൃദ്ധർ 8%വും 2000–ൽ 10%വും ആയിരുന്നു. 2050–ൽ വൃദ്ധരുടെ എണ്ണം 21% ആയി വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ പ്രായമായവർ 1961–ൽ 5.8ശതമാനവും (25.5 ദശലക്ഷം)മായിരുന്നു. 1991–ൽ അത് 6.7ശതമാനമായി (56.6 ദശലക്ഷം) വർദ്ധിച്ചു. 2001–ൽ അത് 8.1%(96 ദശലക്ഷം) ആയും 2011–ൽ 137 ദശലക്ഷമായും വർദ്ധിച്ചു. പ്രായമായവർക്ക് സാമൂഹ്യവും, സാമ്പത്തികവും മാനസീകവുമായ പിന്തുണ നല്കുകയെന്നത് സാമൂഹിക വികസനത്തിന്റെ അടിസ്ഥാനപരമായ ഒരു കടമയായി വളർന്നു വരുന്നു.

കൂട്ടുകുടുംബത്തിന്റെ തകർച്ചയുടെയും നഗരങ്ങളിൽ കുടുംബങ്ങൾ അണുകുടുംബമായി മാറിയതിന്റെയും ഫലമായി വൃദ്ധരുടെ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നു. സ്വന്തം കുടുംബത്തിൽ അവർ ഒരു ബാധ്യതയായി മാറുകയും ഒറ്റപ്പെടുകയും ചെയ്യുന്നു. വികസന പദ്ധതികളിൽ വൃദ്ധർക്കായുള്ള സാമൂഹ്യ പിന്തുണയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നു. നമ്മുടെ സംസ്ക്കാരം മുതിർന്നവർക്ക് ബഹുമാനം കൊടുക്കുന്നതാണെന്ന് പുതിയ തലമുറയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമെ വൃദ്ധജനങ്ങൾക്ക് ആത്മാഭിമാനം നിലനിർത്താൻ കഴിയൂ. ഓർക്കുക, വൃദ്ധജനങ്ങൾ ആദരിക്കപ്പെടേണ്ടവരാണ്. നിങ്ങൾ ചെറുപ്പമായിരുന്നപ്പോൾ അവരാണ് സംരക്ഷിച്ചത്. ഇപ്പോൾ അതു തിരിച്ചു നല്കണം. നിങ്ങളുടെ മുത്തച്ഛനെയും, മുത്തശ്ശിയെയും നിങ്ങൾ സംരക്ഷിക്കണം.

**ഒരു വൃദ്ധമന്ദിരം സന്ദർശിച്ച് അവിടുത്തെ അന്തേവാസികളുമായി സംസാരിക്കുക. അവർക്ക് കുറച്ചുകൂടി സന്തോഷകരമായി ജീവിക്കുവാൻ എങ്ങനെ സഹായിക്കാമെന്ന് ചിന്തിക്കുക.**



## പാഠഭാഗ ചോദ്യങ്ങൾ 20.2

1. വിഭവ ദുർവിനിയോഗം എന്നാൽ എന്ത്?

2. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ഒന്നാന്തരം കൊലയാളി എന്താണ്?

3. 2021–ൽ ഇന്ത്യയിൽ പ്രതീക്ഷിക്കുന്ന വൃദ്ധജനസംഖ്യ എത്ര?

കുറിപ്പുകൾ :

4. വൃദ്ധജനങ്ങൾ അവഗണിക്കപ്പെടുന്നതിന്റെ മുഖ്യകാരണം എന്ത്?

## 20.6 തൊഴിലില്ലായ്മയുടെയും ദാരിദ്രത്തിന്റെയും പ്രശ്നങ്ങൾ

ഇന്ത്യ വിസ്തൃതമായൊരു രാജ്യമാണ്. ഇത് ലോകത്തിന്റെ മൊത്തം വിസ്തൃതിയുടെ 2.4ശതമാനമാണ്. എന്നാൽ ലോകജനസംഖ്യയുടെ എത്രശതമാനമാണ് ഇന്ത്യയിലുള്ളതെന്ന് നിങ്ങൾക്കറിയാമോ? കൊള്ളാം, ഏകദേശം–16.7%. 2011-ലെ കണക്കുപ്രകാരം ഇന്ത്യയുടെ ജനസംഖ്യ 1210ദശലക്ഷമാണ്. ഇത്രയും വലിയ ജനസംഖ്യ ചില സാമ്പത്തിക പ്രശ്നങ്ങളുമുണ്ടാക്കിയിട്ടുണ്ട്. തൊഴിലില്ലായ്മ, പണപ്പെരുപ്പം, ദാരിദ്ര്യം, വിലക്കയറ്റം, ഇവയെല്ലാം ഇന്ത്യ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങളാണ്. നമ്മുടെ ജനസംഖ്യയുടെ സിംഹഭാഗവും ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്.

ജോലിചെയ്യാൻ പ്രപ്തനായൊരു വ്യക്തിക്ക് ജോലി ചെയ്യാൻ മനസ്സുണ്ടെങ്കിലും ജോലിലഭിക്കാത്ത അവസ്ഥയാണ് തൊഴിലില്ലായ്മ. നിരന്തരമായ തൊഴിലില്ലായ്മയും തൽഫലമായുണ്ടാവുന്ന ദാരിദ്ര്യവും മനുഷ്യ ജീവിതത്തിന്റെ മൂല്യച്യുതിക്ക് കാരണമാവുന്നു. കടുത്ത ദാരിദ്ര്യത്തിന്റെ ഫലമായി രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ തൊഴിൽ കമ്പോളത്തിലേയ്ക്ക് വലിച്ചെറിയാൻ നിർബന്ധിതരാവുന്നു. ഇതിന്റെ ഫലമായി ലോകവ്യാപകമായി ദശലക്ഷക്കണക്കിന് കുട്ടികൾക്ക് തങ്ങളുടെ ബാല്യകാലം നഷ്ടമാവുന്നു. അവർ അജ്ഞരും നിരക്ഷരരുമായി മാറുന്നു. തൽഫലമായി തൊഴിലില്ലായ്മ ഭാഗികമായി മാത്രമുള്ള അല്പ തൊഴിൽ, ദാരിദ്ര്യം എന്നിവയ്ക്കു കാരണമാവുന്നു.

### 20.6.1 ഭിക്ഷാടനം

നാം എവിടെ പോയാലും യാചകരെ കണ്ടുമുട്ടുന്നു. അതുവളരെ വേദനാജനകമായൊരനുഭവമാണ്. ചന്ത സ്ഥലത്ത്, റെയിൽവേ സ്റ്റേഷൻ, ആശുപത്രി, റോഡ് മുറിച്ചുകടക്കാൻ ശ്രമിക്കുമ്പോൾപോലും ചിലയാളുകൾ നീട്ടിയ കൈയുമായി നമ്മളെ സമീപിക്കുന്നതു നിങ്ങളുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടാകും. ആഹാരത്തിനുവേണ്ടി അവൻ കാശ് ചോദിക്കുന്നു. തെരുവുകളിൽ ഭിക്ഷ യാചിക്കുന്ന കുട്ടികളെയും നമുക്കു കാണാം. ഭിക്ഷാടനം ഇന്ത്യയിലെ ഒരു വലിയ സാമൂഹ്യ പ്രശ്നമാണ്. ഭിക്ഷാടനത്തിന്റെ മുഖ്യകാരണങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്. സംഘടിതമായ തോതിൽ ഭിക്ഷാടനം നടത്തുന്ന സംഘങ്ങളും നമ്മുടെ നാട്ടിലുണ്ട്. എന്തായാലും ഭിക്ഷാടനം ഉച്ചാടനം ചെയ്യപ്പെടേണ്ട ഒരു സാമൂഹ്യശാപമാണ്. ഭിക്ഷാടകരെ തെരുവുകളിലോ മറ്റെവിടെയെങ്കിലും നിങ്ങൾ കാണുകയാണെങ്കിൽ ഭിക്ഷ ചോദിക്കുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണെന്ന് അവരോടു പറയണം.

## 20.7 കുട്ടികളുടെ പ്രശ്നങ്ങൾ

കുട്ടികളുടെ വളർച്ചയിൽ ആവശ്യമായ ശ്രദ്ധകൊടുക്കാത്ത ഒരു രാജ്യത്തിനും പുരോഗമിക്കാനാകില്ല. ഒരു ശിശു രാഷ്ട്രത്തിന്റെ ഭാവി പൗരനാണ്. ആരോഗ്യകരമായ അന്തരീക്ഷത്തിൽ വളരുന്ന ഒരു കുട്ടിക്കുമാത്രമേ അവന്റെ രാഷ്ട്രത്തിന്റെ പുരോഗതിക്കു സംഭാവന നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ രാഷ്ട്രത്തിൽ നല്ലൊരു ശതമാനം കുട്ടികളാണ്. അവർക്ക് നല്ല

കുറിപ്പുകൾ :

ആരോഗ്യവും വിദ്യാഭ്യാസ അവസരങ്ങളും പ്രദാനം ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

ദാരിദ്ര്യം മൂലം വലിയൊരു ശതമാനം കുട്ടികൾ ഒന്നെങ്കിൽ സ്ക്കൂളിൽ പോകാതിരിക്കുകയോ അല്ലെങ്കിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാതെ, ഇഷ്ടിക കളങ്ങളിലോ ഫാക്ടറികളിലോ ഹോട്ടലുകളിലോ വ്യാപാര സ്ഥാപനങ്ങളിലോ ബാല്യത്തിൽ തന്നെ ജോലിചെയ്യാൻ നിർബന്ധിതരാകുന്നു. ഇത് അവരുടെ ശാരീരിക, മാനസിക വൈകാരിക വളർച്ചയെ തളർത്തിക്കളയുന്ന അവർ വെറുപ്പിലും വിദ്വേഷത്തിലും വളർന്നുവരികയും രാഷ്ട്രത്തിന് പ്രയോജന മില്ലാത്തവരായി മാറുകയും ചെയ്യുന്നു.

6–14 വയസ്സുവരെയുള്ള കുട്ടികൾ സ്ക്കൂളിൽ പോകേണ്ടവരാണ്. നിർഭാഗ്യവശാൽ 6മുതൽ 14വരെയുള്ള 200ദശലക്ഷം ഇന്ത്യൻ കുട്ടികളിൽ ഏതാണ്ട് 11.3ദശലക്ഷം കുട്ടികൾ തൊഴിലാളികളാണ്. സർക്കാരിതര സംഘടനകളുടെ കണക്കുകൾ പ്രകാരം ഇത് 60ദശലക്ഷമാണ്. അതിൽ 2ലക്ഷം പേർ ഗാർഹിക തൊഴിലാളികളും അത്രതന്നെ പേർ കരാർ തൊഴിലാളികളുമാണ്. ഈ കുട്ടികൾ മാനസികവും ശാരീരികവുമായ ചൂഷണത്തിന് വിധേയരാകുന്നു. അവർ പട്ടിണിക്കിടുകയും മർദ്ദിക്കപ്പെടുകയും ലൈംഗീക ചൂഷണത്തിന് വിധേയമാകുകയും ചെയ്യപ്പെടുന്നു. കുട്ടികളുടെ ദുരുപയോഗം എന്നറിയ പ്പെടുന്ന ഗുരുതരമായൊരു സാമൂഹിക പ്രശ്നമാണിത്.

2009–ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 6നും 14നും ഇടയിൽ പ്രായമുള്ള എല്ലാകുട്ടികൾക്കും നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണം. ഈ ഒരു മഹത്തായ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞാൽ നമ്മുടെ രാഷ്ട്രത്തിലെ കുട്ടികളുടെ അവസ്ഥ വളരെയേറെ മെച്ചപ്പെടും.

## പാഠഭാഗചോദ്യങ്ങൾ 20.3

1. 2011–ലെ കണക്കുപ്രകാരം ഇന്ത്യയിലെ ജനസംഖ്യ എത്രയാണ്?

2. എന്തുകൊണ്ടാണ് ആളുകൾ പണത്തിനും ആഹാരത്തിനും വസ്ത്രത്തിനും വേണ്ടി യാചിക്കുന്നത്?

3. നിങ്ങൾ ഒരു യാചകനെ കണ്ടുമുട്ടിയാൽ അവന് അല്ലെങ്കിൽ അവൾക്ക് നിങ്ങൾ നൽകുന്ന ഉപദേശം എന്തായിരിക്കും?

4. കുട്ടികളുടെ ദുരുപയോഗം എന്നാൽ എന്ത്?

## നിങ്ങളെന്തു പഠിച്ചു.

* സ്ത്രീധനം, ബാല്യവേല, കുട്ടികളുടെ ദുരുപയോഗം, മരുന്നുകളുടെ ദുരുപയോഗം, മദ്യപാനം തുടങ്ങിയ ദൂഷ്യങ്ങൾ അടുത്തകാലത്ത് ഭീതിജനകമായ അളവിൽ വർദ്ധിച്ചുവരുന്നുണ്ട്.

* സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള വിവേചനവും ഇന്ത്യൻ

സമൂഹത്തിൽ അവർ അഭിമുഖീകരിക്കുന്ന അനവധി പ്രയാസങ്ങളും അവരുടെ കഴിവുകൾ പൂർണ്ണമായും സാക്ഷാത്ക്കരിക്കുന്നതിന് തടസ്സമാകുന്നു.

* കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും, അണുകുടുംബങ്ങളുടെ ആവിർഭാവവും വൃദ്ധൻമാരുടെ പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു.

* ദാരിദ്ര്യവും, തൊഴിലില്ലായ്മയും സമൂഹത്തിന്റെ ഗുണനിലവാര തകർച്ചയ്ക്ക് ഇടയാക്കുന്നു.

## പാദാവസാന അഭ്യാസങ്ങൾ

1. ഒരു വ്യക്തിക്ക് ഇഷ്ടാനുസരണം തൊഴിൽ തിരഞ്ഞെടുക്കുന്നതിന് ജാതിവ്യവസ്ഥ എങ്ങനെ തടസ്സമാകുന്നു?

2. സ്ത്രീധനം ഒരു സാമൂഹ്യ പ്രശ്നമാണ് വിശദീകരിക്കുക?

3. സ്ത്രീകളുടെ വികസനം രാഷ്ട്രത്തിന് ഗുണകരമാകുന്നത് എങ്ങനെ?

4. ഒരു കുട്ടി രാഷ്ട്രത്തിന് മുതൽക്കൂട്ടാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോചിക്കുന്നുണ്ടോ?

5. 1961-ലെ സ്ത്രീധന നിരോധന നിയമം സ്ത്രീധന പ്രശ്നത്തിനൊരു പരിഹാരമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ നൽകുക?

6. പെൺകുട്ടികൾ ലോകത്തിന്റെ പരിഗണിക്കപ്പെടാത്ത സമ്മാനമാണ് വിശദമാക്കുക?

7. ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ് മിക്ക സാമൂഹ്യ പ്രശ്നങ്ങളുടെയും മൂല കാരണം വിശദമാക്കുക?

## പാഠഭാഗ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**20.1**

1. സമൂഹം കൃത്രിമ ഗ്രൂപ്പുകളായി വിഭജിക്കപ്പെടുകയും അവ തങ്ങളുടെ ജാതിക്കാരനായ സ്ഥാനാർത്ഥിയെ പിൻതുണയ്ക്കുന്നു. സ്ഥാനാർത്ഥിയുടെ യോഗ്യതയ്ക്കു അവർ പ്രാധാന്യം കൊടുക്കുന്നില്ല.

2. പെൺകുട്ടികളുടെ സംരക്ഷണത്തിനുള്ള പദ്ധതി പ്രകാരം ഒരു നിശ്ചിത തുക കുട്ടി ജനിക്കുമ്പോൾ സർക്കാർ നീക്കിവയ്ക്കുകയും പ്രായപൂർത്തിയാകുമ്പോൾ അവർക്ക് ലഭിക്കുകയും ചെയ്യുന്നു. പ്രസ്തുത തുക കുട്ടിയുടെ വിദ്യാഭ്യാസത്തിനോ, വിവാഹത്തിനോ വേണ്ടി ഉപയോഗിക്കുന്നു.

3. 1961-ലെ സ്ത്രീധന നിരോധന നിയമം

**20.2**

1. മദ്യം, പുകയില, ബീഡി, സിഗരറ്റ്, മയക്കുമരുന്നു പോലെയുള്ള ഹാനികരമായ വസ്തുക്കളുടെ ഉപയോഗമാണ് വിഭവ ദുർവിനിയോഗം അഥവാ അടിമപ്പെടൽ എന്നുപറയുന്നത്.

2. പുകയില

3. 137 ദശലക്ഷം

കുറിപ്പുകൾ :

4. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും അണുകുടുംബ വ്യവസ്ഥയുടെ ഉദയവും പ്രത്യേകിച്ച് നഗരങ്ങളിൽ, വൃദ്ധൻമാരെ സ്വന്തം ഭവനങ്ങളിൽ നിന്ന് അന്യവൽക്കരിക്കുന്നു.

**20.3**

1. 1210 ദശലക്ഷം

2. ദാരിദ്ര്യവും തൊഴിലില്ലായ്മയും

3. ഭിക്ഷാടന നിയമം മൂലം നിരോധിക്കപ്പെട്ടതും ഭിക്ഷ ചോദിക്കുന്നതും കൊടുക്കുന്നതും ഒരുപോലെ ശിക്ഷാർഹമാണ്.

4. 6–14 വയസ്സിനുമിടയിലുള്ള കുട്ടികൾ സ്കൂളിൽ പോകണം. നിർഭാഗ്യവശാൽ ഈ പ്രായത്തിലുള്ള 200ദശലക്ഷം ഇന്ത്യൻ കുട്ടികളിൽ ഏകദേശം 11.3ദശലക്ഷം കുട്ടികളും തൊഴിലാളികളാണ്. എൻ.ജി.ഒ.യുടെ കണക്കുപ്രകാരം 60ദശലക്ഷം പേരിൽ 2,00,000 കുട്ടികൾ ഗാർഹിക തൊഴിലുകളിലും അത്രയും തന്നെ കരാർ തൊഴിലാളികളായും ജോലിചെയ്യുന്നു. ഈ കുട്ടികൾ മാനസിക, ശാരീരിക ചൂഷണത്തിന് വിധേയരാകുന്നു. പട്ടിണിയും മർദ്ദനവും അനുഭവിക്കുന്നു. ലൈംഗീകമായി ചൂഷണം ചെയ്യപ്പെടുന്നു. ഇത് കുട്ടികളുടെ ദുരുപയോഗം എന്നുവിളിക്കുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമാണ്.

കുറിപ്പുകൾ :

# 21

# ഇന്ത്യൻ സംസ്ക്കാരത്തിന്റെ വിദേശങ്ങളിലേക്കുള്ള വ്യാപനം

ജനങ്ങൾ ഇന്ന് ധാരാളമായി യാത്ര ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. യാത്രയ്ക്ക് വേണ്ടി റോഡ്, റെയിൽ, വായു, കടൽ എന്നീ മാർഗ്ഗങ്ങളെല്ലാം പ്രയോജനപ്പെടുത്തുന്നു. പക്ഷെ തീവണ്ടിയും, വിമാനവുമൊന്നുമില്ലാതിരുന്നകാലത്തും ജനങ്ങൾ വിദൂരസഞ്ചാരം നടത്തിയിരുന്നുവെന്ന് നിങ്ങൾക്കറിയാമോ ? ബി. സി 3-ാം സഹസ്രാബ്ദത്തിനുമധ്യത്തിൽ ഇന്ത്യക്ക് പുറം ലോകവുമായി വാണിജ്യ ബന്ധമുണ്ടായിരുന്നു. ഇന്ത്യയുടെ വടക്ക് ഹിമാലയവും മൂന്നുഭാഗം സമുദ്രത്താൽ ചുറ്റപ്പെട്ടുകിടന്നിരുന്നെങ്കിലും ബാഹ്യലോകവുമായി സമ്പർക്കത്തിലേർപ്പെടുന്നതിന് ഇതൊന്നുമൊരു തടസ്സമായിരുന്നില്ല. ഇന്ത്യക്കാർ പലവിദൂരദേശങ്ങളിലേക്ക് സഞ്ചരിക്കുകയും എവിടെയൊക്കെ എത്തിയോ അവിടെയൊക്കെ ഇന്ത്യയുടെ സാംസ്ക്കാരത്തിന്റെ പാദമുദ്രകൾ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദൂരരാജ്യങ്ങളുടെ ആശയങ്ങളും ആചാരങ്ങളും, പാരമ്പര്യങ്ങളും മാതൃരാജ്യത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശിഷ്യാ മദ്ധ്യേഷ്യ , ദക്ഷിണപൂർവ്വേഷ്യ, ചൈന, ജപ്പാൻ , കൊറിയ എന്നിവിടങ്ങളിൽ ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനം ഈ സമ്പർക്കത്തിന്റെ വലിയൊരു സവിശേഷതയാണ്. ഈ സാംസ്ക്കാരിക വ്യാപനം ഈ സമ്പർക്കത്തിന്റെ വലിയൊരു സവിശേഷതയാണ്. ഈ സാംസ്ക്കാരിക വ്യാപനം ഒരിക്കലും ബലപ്രയോഗത്തിലൂടെയുള്ള അടിച്ചേൽപ്പിക്കലായിരുന്നില്ല മറിച്ച് സ്വമേധയാ. ആത്മീയ സാംസ്ക്കാരിക മൂല്യങ്ങൾക്കു ലഭിച്ച സ്വീകാര്യതയായിരുന്നു. ഈ അദ്ധ്യയത്തിൽ എങ്ങനെയാണ് ഇന്ത്യൻ സംസ്ക്കാരം മറ്റു രാജ്യങ്ങളിൽ വ്യാപിച്ചതെന്നും അത് എങ്ങനെയാണ് ഈ രാജ്യങ്ങളെ സ്വാധീനിച്ചതെന്നും പരിശോധിക്കാം. മറ്റു രാജ്യങ്ങളും സമൂഹങ്ങളും മതങ്ങളുമായുള്ള സംസ്ക്കാരങ്ങളും സമൂഹങ്ങളുമായുള്ള സൗഹൃദവും , സമാധാനവുമെന്ന സുന്ദരമായ ആശയം നമ്മുടെ ജീവിതത്തിന് സഹായകവും അതിനെ കൂടുതൽ അർത്ഥപൂർണ്ണവുമാക്കുന്നതുമാണെന്ന് ഈ അദ്ധ്യായം മനസ്സിലാക്കിത്തരും

## ലക്ഷ്യങ്ങൾ

**ഈ അദ്ധ്യായം വായിച്ചാൽ**

* ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് ഇന്ത്യൻ സംസ്ക്കാരം വിദേശരാജ്യങ്ങളിൽ പ്രചരിപ്പിച്ചതെന്ന് വിശദീകരിക്കാം

* ഇന്ത്യൻ സംസ്ക്കാരം വിദേശത്ത് പ്രചരിപ്പിച്ച പ്രഥമസാംസ്ക്കാരികവാഹകന്മാരായ വ്യാപാരികൾ സഞ്ചരിച്ച വ്യാപാരപാത തിരിച്ചറിയാം

കുറിപ്പുകൾ :

* ഇന്ത്യൻ സാംസ്ക്കാരത്തിന്റെ വ്യാപനത്തിൽ പുരാതന സർവ്വകലാശാല കൾക്കും, അദ്ധ്യാപകർക്കും , മിഷ്യനറിമാർക്കുമുള്ള പങ്ക് വിശദീകരിക്കാം

* പൂർവ്വേഷ്യൻ രാജ്യങ്ങളിലും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലും ഇന്ത്യൻ സാംസ്ക്കാരത്തിന്റെ വ്യാപനം കണ്ടെത്താം

* ഇന്ത്യയും പുരാതന റോമാസാമ്രാജ്യവും തമ്മിലുള്ള വ്യാപാരബന്ധം വിശദീകരിക്കാം

* പല രാജ്യങ്ങളിലും ശാന്തിയുടെ മതമായ ബുദ്ധമതം പ്രചരിക്കപ്പെട്ടത് വിശദമാക്കാം

* ഈ രാജ്യങ്ങളിലെ ഭാഷയിലും , സാഹിത്യത്തിലുമുള്ള സംസ്കൃതഭാഷ യുടെ സ്വാധീനം പരിശോധിക്കാം

* ഈ രാജ്യങ്ങളിലുള്ള ഇന്ത്യൻ ഇതിഹാസങ്ങൾ ഇന്ത്യൻ തത്വചിന്ത, ഭരണ രീതി നിയമം എന്നിവയ്ക്കു ഈ രാജ്യങ്ങളിൽ ലഭിച്ച സ്വാധീനം വിവരിക്കാം

* അറേബ്യൻ സംസ്ക്കാരവുമായുള്ള ഇന്ത്യയുടെ സാംസ്ക്കാരിക സമ്പർക്കം വിശദീകരിക്കാം.

## 21.1 വിദേശരാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനത്തിൽ വ്യാപാരികൾ , അദ്ധ്യാപകർ , രാജപ്രതിനിധികൾ , മിഷനറിമാർ എന്നിവരുടെ പങ്ക്.

വ്യാപാരത്തിൽ പുതിയ അവസരങ്ങൾ തേടി പുരാതനകാലത്ത് ഇന്ത്യൻ വ്യാപാരികൾ അതിവിദൂരനാടുകളിലേക്ക് സഞ്ചരിച്ചിട്ടുണ്ട്. അങ്ങനെ അവർ പടിഞ്ഞാറൻ ദേശമായ റോമായിലേക്കും പൗരസ്ത്യരാജ്യമായ ചൈനയിലേക്കും പോയി. ബി. സി. ഒന്നാം നൂറ്റാണ്ടിനുമുമ്പ് തന്നെ അവർ ഇഡോനേഷ്യ , കംബോഡിയ തുടങ്ങിയ നാടുകളിലേക്ക് സ്വർണ്ണം തേടിപോയിട്ടുണ്ട് . അതുപോലെതന്നെ ദ്വീപുരാഷ്ട്രങ്ങളായ ജാവ, സുമാത്ര, മലയാ തുടങ്ങിയനാടുകളിലേയ്ക്ക് സഞ്ചരിച്ചിട്ടുണ്ട് അതിനാലാണ് ഈ നാടുകൾ സുവർണ്ണദ്വീപുകൾ എന്നറിയപ്പെടുന്നത്. ഇന്ത്യയിലെ പ്രശസ്ത നഗരങ്ങളായിരുന്ന കാശി, മധുര ഉജ്ജയിൻ, പ്രയാഗ, പാടലിപുത്രം പൂർവ്വതീരത്തെ തുറമുഖ നഗരങ്ങളായ മാമല്ലപുരം, തമ്രലിപ്തി, പുരി , കാവേരിപട്ടണം എന്നിവിടങ്ങളിൽ നിന്നാണ് ഈ വ്യാപാരികൾ യാത്ര ചെയ്തിരുന്നത്. അശോകചക്രവർത്തിയുടെ കാലത്ത് കലിംഗ രാജ്യത്തിന് ശ്രീലങ്കയുമായി വ്യാപാരബന്ധമുണ്ടായിരുന്നു എത്തിച്ചേർന്ന സ്ഥലങ്ങളിലെല്ലാം അവർ സാംസ്ക്കാരികബന്ധം സ്ഥാപിക്കുകയും ചെയ്തു. ഇത്തരുണത്തിൽ , വ്യാപാരികൾ സാംസ്ക്കാരിക വാഹകന്മാരായി മാറുകയും ബാഹ്യലോകവുമായി സാംസ്ക്കാരിക ബന്ധം സ്ഥാപിക്കുകയും ചെയ്തു.

പൂർവ്വതീരത്ത് എന്നതുപോലെ പശ്ചിമതീരത്തും സമീപ പ്രദേശങ്ങളിലും സാംസ്ക്കാരിക സമ്പത്തിന്റെ പല തെളിവുകളും കണ്ടെത്തിയിട്ടുണ്ട്.കാർലെ, ബജ, കൻഹേരി, അജന്ത, എല്ലോറ അത്തരത്തിൽപെട്ട പ്രമുഖ സ്ഥലങ്ങളാണ്. ഇത്തരത്തിലുള്ള മിക്ക സ്ഥലങ്ങളും ബുദ്ധമതകേന്ദ്രങ്ങളാണ്.

സർവ്വകലാശാലകളും സാംസ്ക്കാരിക സമ്പർക്കത്തിന്റെ മുഖ്യ കേന്ദ്രങ്ങളാണ്. അവ ധാരാളം വിദ്യാർത്ഥികളേയും ഗവേഷകരേയും ആകർഷിച്ചു. അന്യദേശക്കാരായ പണ്ഡിതന്മാരും വിദ്യാർത്ഥികളും ഏഴുനിലകളുണ്ടായിരുന്നുവെന്നുകരുതപ്പെടുന്ന നളന്ദസർവ്വകലാശാല ഗ്രന്ഥശാലയും സന്ദർശിച്ചിട്ടുണ്ട്. വിദേശവിദ്യാർത്ഥികളും അദ്ധ്യാപകരും ഇന്ത്യൻ മതങ്ങളും വിജ്ഞാനവും വിദേശത്ത് പ്രചരിപ്പിച്ചു. ചീനാ സഞ്ചാരിയായ ഹുയാൻ സാങ് ഇന്ത്യയിലെ



*കുറിപ്പുകൾ :*

സർവ്വകലാശാലകളെപ്പറ്റി വ്യക്തമായ വിവരണം നൽകുന്നുണ്ട്. ഉദാഹരണമായി കിഴക്കേ ഇന്ത്യയിലെ നളന്ദയും , പശ്ചിമ ഇന്ത്യയിലെ വലാഭിയും.

ഗംഗാതീരത്ത് സ്ഥിതിചെയ്തിരുന്ന വിക്രംശില മറ്റൊരു പ്രധാന സർവ്വകലാശാലയാണ്. . തിബറ്റൻ പണ്ഡിതനായ താരനാഥൻ ഇതിനെപ്പറ്റിയുള്ള വിവരണം നൽകുന്നുണ്ട്. ഈ സർവ്വകലാശാലയിലെ പണ്ഡിതന്മാരും അദ്ധ്യാപകരും ഏറെ പ്രശസ്തിനേടിയവരായിരുന്നു. തിബറ്റിലെ രാജാവ് പൊതുവായ സംസ്ക്കാരവും തദ്ദേശീയ ജ്ഞാനവും പരിപോഷിപ്പിക്കുന്നതിനുവേണ്ടി വിക്രംശിലാമേധാവിയെ ക്ഷണിച്ചുകൊണ്ട്  ഒരു ദൗത്യ സംഘത്തെ നിയോഗിച്ചയച്ചു.

പാലാരാജാക്കന്മാരുടെ പരീരക്ഷയിൽ വളർന്നുവന്ന ബീഹാറിലെ ഒടന്തപുരിയാണ് മറ്റൊരു പ്രമുഖ സർവ്വകലാശാല. അനേകം സന്യാസിമാർ ഈ സർവ്വകലാശാലയിൽ നിന്നും ടിബറ്റിലേയ്ക്കു കുടിയേറുകയുണ്ടായി.

എ.ഡി 67 ൽ ചൈന ചക്രവർത്തിയുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് ഇന്ത്യയിൽ നിന്നും രണ്ട് അദ്ധ്യാപകർ ചൈനയിലേക്കുപോയി. കശ്യപമർത്താംഗൻ ധർമ്മരക്ഷിത എന്നിവരാണവർ, തുടർന്ന് നളന്ദ , തക്ഷശില, വിക്രംശില, ദൃഢന്തപുരി തുടങ്ങിയ സർവ്വകലാശാലകളിൽനിന്നും ധാരാളം അദ്ധ്യാപകർ ചൈനയിലേക്ക് പോകുകയുണ്ടായി. ചൈനയിലെത്തിയ ആചാര്യ കുമാര ജീവനോട് ചക്രവർത്തി സംസ്കൃതകൃതികൾ ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്യുവാൻ ആവശ്യപ്പെടുകയുണ്ടായി. യോഗാചാര്യനായ ബോധിധർമ്മൻ ചൈനയിലും ജപ്പാനിലും ഇന്നും ആദരിക്കപ്പെടുന്ന വ്യക്തിയാണ്.

നളന്ദ സർവ്വകലാശാലയിലെ ആചാര്യകുമാരശീലനെ തിബറ്റിലെ രാജാവ് ക്ഷണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മരണശേഷം മൃതശരീരം ലാസയിലെ ആശ്രമത്തിൽ അഴുകാതെ സൂക്ഷിച്ചിട്ടുണ്ട്.

മറ്റൊരു പ്രമുഖ പണ്ഡിതനായിരുന്ന ജനഭദ്രൻ തന്റെ പുത്രന്മാരോടൊപ്പം ധർമ്മപ്രബോധാനാർത്ഥം തിബറ്റിലേക്ക് പോകുകയുണ്ടായി. ബീഹീറിലെ ഒഡന്തപുരി സർവ്വകലാശാലയുടെ മാതൃകയിൽ തിബറ്റിൽ ഒരു ആശ്രമം സ്ഥാപിക്കുകയുമുണ്ടായി.

വിക്രംശില സർവ്വകലാശാലയുടെ മേധാവി ദീപാങ്കര ശ്രീജനയെന്നറിയപ്പെടുന്ന ആചാര്യ അതിശനായിരുന്നു. അദ്ദേഹം 11–ാം നൂറ്റാണ്ടിൽ തിബറ്റിൽ പോകുകയും ബുദ്ധമതത്തിന് ഉറച്ച ഒരു അടി ത്തറ പാകുകയും ചെയ്തു. ചൈനാക്കാരനായ ഹുയാൻ സാങ് ഇന്ത്യ സന്ദർശിക്കുന്ന കാലത്ത് തിബറ്റൻ മന്ത്രിയായിരുന്ന തൊൻമി സംബോധന നളന്ദയിലെ ഒരു വിദ്യാർത്ഥിയായിരുന്നു. തൊൻമി സംബോധന നളന്ദയിലെ പഠനം പൂർത്തിയാക്കി തിരിച്ച് തിബററിലെത്തി ബുദ്ധമതം പ്രചരിപ്പിച്ചു. തൽഫലമായി രാജാവുൾപ്പെടെ ധാരാളം തിബറ്റുകാർ ബുദ്ധമതം സ്വീകരിച്ചു. രാജാവ് ബുദ്ധമതത്തെ രാഷ്ടമതമായി പ്രഖ്യാപിച്ചു. 5–ാം നൂറ്റാണ്ടിലെ പ്രമുഖരായ അദ്ധ്യാപകരിൽ കുമാരജീവനായിരുന്നു ഏറ്റവും കർമ്മകുശലൻ.

## 21.2 മറ്റു മാർഗ്ഗത്തിലൂടെയുള്ള ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനം

### റോമാസ് അഥവാ ജിപ്സികൾ:

വേറൊരു വിഭാഗം നാടോടികളായി വിദേശങ്ങളിലെത്തുകയുണ്ടായി. അവർ അവരെത്തന്നെ റോമാസ് എന്നാണ് വിളിച്ചിരുന്നത്. അവരുടെ ഭാഷ റോമാനിയും, എന്നാൽ യൂറോപ്പിൽ അവർ ജിപ്സികൾ എന്ന പേരിൽ പ്രസിദ്ധരായിരു

ന്നു. ഇന്നത്തെ പാക്കിസ്ഥാൻ അഫ്ഗാനിസ്ഥാൻ വഴി അവർ പടിഞ്ഞാറൻ രാജ്യങ്ങളിലെത്തി. അവിടെനിന്ന് ഒട്ടകപ്പുറത്ത് സവാരിചെയ്ത് ഇറാനിലും ഇറാക്കിലും അവിടെനിന്ന് തുർക്കിയിലുമെത്തിച്ചേർന്നു. പേർഷ്യ, ടോറസ് , പർവ്വതനിരകൾ, കോൺസ്റ്റാൻഡിനോപ്പിൾ വഴി സഞ്ചരിച്ച് ഇവർ യൂറോപ്പിലെ പല രാജ്യങ്ങളിലുമെത്തി. ഇന്ന് ഗ്രീസ് ബൾഗേറിയ, മുൻ യൂഗോസ്ലാവിൻ രാജ്യ ങ്ങൾ , റൊമാനിയ , ഹങ്കറി , ചെക്കോസ്ലാവാക്യ റിപ്പബ്ലിക്കുകൾ, റഷ്യ, പോള ണ്ട്, ഫ്രാൻസ്, സ്വീഡൻ, ഡെൻ മാർക്ക്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെല്ലാമിവ രുണ്ട്. ഈ രാജ്യങ്ങളിൽ വ്യാപിക്കുന്നതിന് ഏകദേശം നാല് നൂറ്റാണ്ട് വേണ്ടി വന്നിട്ടുണ്ട് . ഇക്കാലത്തിനുള്ളിൽ അവർ സ്വന്തം മാതൃരാജ്യത്തെ വിസ്മരി ക്കുകയും എന്നാൽ ഭാഷയും, ആചാരങ്ങളും ജീവിതരീതികളും തൊഴിലു കളും കാത്ത് സൂക്ഷിക്കുകയും ചെയ്തു.

തങ്ങളുടെ തനതു നൃത്തം സംഗീതം എന്നിവയ്ക്ക് റൊമാസുകൾ പ്രസിദ്ധരാണ്.

## പാഠഭാഗചോദ്യങ്ങൾ 21.1

1.ആരാണ് നമ്മുടെ സംസ്ക്കാരം വിദേശത്ത് പ്രചരിപ്പിച്ചത് ?

2. ചൈനാ സഞ്ചാരിയായ ഹുയാങ് –സാങ് സന്ദർശിച്ച രണ്ട് സർവ്വകലാശാല കളുടെ പേര് എഴുതുക ?

3. വിക്രംശില സർവ്വകലാശാലയെ കുറിച്ച് വിവരണം നൽകുന്ന തിബറ്റൻ പണ്ഡിതന്റെ പേരെഴുതുക ?

4. ഏ.ഡി. 67 ൽ ചൈന സന്ദർശിച്ച രണ്ട് അദ്ധ്യാപകർ ആരൊക്കെയായിരുന്നു ?

5. എന്തിനുവേണ്ടിയാണ് ആചാര്യകുമാരജീവ ചൈനയിൽ പോയത് ?

6. പുരാതനകാലത്തെ ജിപ്സികൾ ആരായിരുന്നു ?

## 21.3 ഇന്ത്യൻ സംസ്ക്കാരം മധ്യ ഏഷ്യയിൽ

ബി. സി. രണ്ടാം നൂറ്റാണ്ട് മുതൽ ചൈന , മധ്യ ഏഷ്യ, പശ്ചിമേഷ്യ, റോമാ സാമ്രാജ്യം തുടങ്ങിയ രാജ്യങ്ങളുമായി വാണിജ്യബന്ധം സ്ഥാപിച്ചിരുന്നു. മധ്യേഷ്യ, ചൈന റഷ്യ തിബറ്റ് ഇന്ത്യ അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങ ളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു ഭൂപ്രദേശമാണ്. ചൈനയിലേയ്ക്കും , ചൈന യിൽ നിന്നും വ്യാപാരികൾ തടസ്സങ്ങളെ അതിജീവിച്ചും സഞ്ചരിച്ചിരുന്നു. അവർ തുറന്ന പാത പിന്നീട് പട്ടുപാത (Silk Route) എന്ന പേരിൽ പ്രശസ്ത മായി. ആ പേരു ലഭിക്കാൻ കാരണം സിൽക്കായിരുന്നു ചൈനയുടെ ഒരു പ്രധാന ഉല്പന്നം. പിൽക്കാലത്ത് പണ്ഡിതന്മാരും , സന്യാസികളും , മതപ്ര ചാരകരും ഇതേ പാതതന്നെ ഉപയോഗിച്ചു. ഈ പാത സാംസ്ക്കാരിക വിനി മയത്തിന്റെ ഒരു പ്രധാന കണ്ണിയായ് അന്ന് അറിയപ്പെട്ടിരുന്നു. ഇന്ത്യൻ സംസ്ക്കാരത്തിന്റെ സ്വാധീനം മധേഷ്യയിൽ വളരെ ശക്തമായി പ്രതിഫലിച്ചു.

മധേഷ്യൻ രാജ്യങ്ങളിൽ ഇന്ത്യൻ സംസ്ക്കാരം വ്യാപിച്ച ഒരു പ്രധാന കേന്ദ്ര മായിരുന്നു കുച്ചി. അത് പട്ടുപാത വേർപ്പെട്ട് ചൈനയിലെ ഡൺഹുവാങ് ഗുഹ

കുറിപ്പുകൾ :

കളിൽ കൂടിച്ചേരുന്ന ഒരു രാജ്യമാണ്. അതിനാൽ ഉത്തര ദക്ഷിണ പട്ടുപാതകളുണ്ട്. ഉത്തരപാട്ടുപാത സമർഖണ്ഡ്, കാഷ്ഗർ, തുംഷുക്ക് , അക്സു, കരാഷ്ഹർ, തുർഫാൻ, ഹാമി വഴിയും ദക്ഷിണപാത യാർഖണ്ഡ് , കോട്ടാൻ , കെരിയ , ചെർച്ചെൻ , മിറാൻ എന്നീ വഴിയിലൂടെ കടന്നുപോകുന്നു. വിജ്ഞാനം തേടിയും ബുദ്ധദർശനം പ്രചരിപ്പിച്ചും ഇന്ത്യയിലേയും ചൈനയിലേയും അനേകം പണ്ഡിതന്മാർ ഈ പാതകളിലൂടെ സഞ്ചരിച്ചിട്ടുണ്ട്.

ഇന്ത്യയും , മധ്യേഷ്യൻ രാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരിക വിനിമയം ഈ രാജ്യങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുള്ള സ്തൂപങ്ങൾ, ക്ഷേത്രങ്ങൾ, ആശ്രമങ്ങൾ, വിഗ്രഹങ്ങൾ ചിത്രരചനകൾ എന്നിവയിൽ ദൃശ്യമാണ്. പാതയോടൊപ്പം തന്നെ സന്യാസിമാർക്കും, മിഷനറിമാർക്കും, തീർത്ഥാടകർ, വ്യാപാരികൾ എന്നിവർക്കുവേണ്ടിയുള്ള വിശ്രമകേന്ദ്രങ്ങൾ പിൽക്കാലത്ത് പ്രമുഖ ബുദ്ധവിദ്യാകേന്ദ്രങ്ങളായിമാറി. സിൽക്ക്, മരതകം, കുതിരകൾ എന്നിവ കൈമാറ്റം ചെയ്യപ്പെടുകയും എന്നാൽ ഈ പാതയിലൂടെ സഞ്ചരിക്കപ്പെട്ട അമൂല്യനിധി ബുദ്ധമതമാണ്. അങ്ങനെ മതവും, തത്വചിന്തയും ആശയങ്ങളും, വിശ്വാസങ്ങളും ഭാഷയും, സാഹിത്യവും കലയും സംസ്ക്കാരവും വ്യാപാരപാതയിലൂടെ വിനിമയം ചെയ്യപ്പെട്ടു. ദക്ഷിണപട്ടുപാതയിലെ കോട്ടാൻ പ്രമുഖ കാവൽപ്പുരകളിൽ ഒന്നായിരുന്നു.

ഇന്ത്യയും വിദേശരാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരികബന്ധം രണ്ടു സഹസ്രാബ്ധങ്ങൾക്കപ്പുറമുള്ളതാണ്. സിൽക്കുവ്യവസായം, നൃത്തം, സംഗീതം, സാഹിത്യപ്രവർത്തനങ്ങൾ, വാണിജ്യപ്രവർത്തനങ്ങൾ, സ്വർണ്ണം, മരതകം എന്നിവയ്ക്കു പ്രസിദ്ധമായിരുന്നു കോട്ടാൻ. ഏ.ഡി. ഒന്നാം നൂറ്റാണ്ട് മുതലുള്ള നാണയങ്ങൾ, പ്രാകൃതം കരോഷ്ഠി ലിപിയിലുള്ള ചൈനീസ് കൊത്തുപണികൾ, കോട്ടാനിലെ സമ്മിശ്ര സംസ്ക്കാരത്തിന്റെ തെളിവുകളാണ്. ബുദ്ധകൃതികളുടെ ധാരാളം സംസ്കൃത കൈയ്യെഴുത്തുപ്രതികളും, വിവർത്തനങ്ങളും ആശ്രമങ്ങളിൽ മണ്ണിൽ മൂടപ്പെട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ട്.

## 21.4 ഇന്ത്യൻ സംസ്ക്കാരം പൂർവ്വേഷ്യയിൽ

### ചൈന

ഏതാണ്ട് ബി. സി. 2-ാം നൂറ്റാണ്ടിൽ തുടങ്ങിയതാണ് ഇന്ത്യയും  ചൈനയും തമ്മിലുള്ള ബന്ധം. കശ്യപമാർതാംഗ, ധർമ്മരക്ഷിത എന്നീ രണ്ട് പണ്ഡിതന്മാരായ സന്യാസിമാരിലൂടെയാണ് ഇന്ത്യൻ സംസ്ക്കാരം ആദ്യമായി ചൈനയിലെത്തുന്നത്. ചീനചക്രവർത്തിയായിരുന്ന മിംഗ്തിയുടെ ക്ഷണപ്രകാരം ഏ.ഡി.ഏഴിലാണ് അവർ ചൈനയിലെത്തിയത്.

കശ്യപമാർതാംഗനും, ധർമ്മരക്ഷിതയ്ക്കും ശേഷം ഇന്ത്യയിൽ നിന്നും ചൈനയിലേക്കും തിരിച്ചും പണ്ഡിതന്മാരുടെ ഒരു ഒഴുക്കുതന്നെ ഉണ്ടായി. ചൈനാക്കാർ വളരെ സംസ്ക്കാരസമ്പന്നരായിരുന്നു. ബുദ്ധന്റെ ത്രസിപ്പിക്കുന്ന കഥകൾ വളരെ ശ്രദ്ധാപൂർവ്വം അവർ ശ്രവിച്ചിരുന്നു. അറിവുതേടി ഇന്ത്യയിലെത്തിയ ചൈനാക്കാർ ഇന്ത്യയേയും ഇന്ത്യൻ സംസ്ക്കാരത്തെക്കുറിച്ചും കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. അത്തരം വിവരണങ്ങൾ ഇന്ത്യൻ ചരിത്രരചനയുടെ സുപ്രധാന ആധാരങ്ങളാണ്. ഇന്ത്യൻ സർവ്വകലാശാലകളിലേയും ആശ്രമങ്ങളിലേയും  പ്രമുഖരായ അദ്ധ്യാപകൾ ചൈനയിലും പ്രശസ്തരായിരുന്നു. ഉദാഹരണത്തിന് കാഞ്ചിപുരത്ത് നിന്ന് ബോധിധർമ്മനെന്ന പണ്ഡിതൻ ചൈനയിലേക്ക് പോകുകയുണ്ടായി. അദ്ദേഹം നളന്ദയിൽ പഠനം നടത്തിയതിനുശേഷമാണ് ചൈനയിലേക്ക് പോയത്. അദ്ദേഹം യോഗ ദർശനവും

പിൽക്കാലത്ത് ച അൻ എന്ന് ചൈനയിൽ അറിയപ്പെട്ടുതുടങ്ങിയ ധ്യാനവും പ്രചാരത്തിലാക്കി. അതിപ്രശസ്തനായ ബോധിധർമ്മനെ ചൈനയിലും ജപ്പാനിലും ദൈവതുല്യനായി ആരാധിച്ചിരുന്നു.

കൺഫ്യൂഷ്യസിന്റെ തത്വചിന്ത വളരെ ആഴത്തിൽ വേരൂന്നിയിരുന്നതുകൊണ്ട് ബുദ്ധദർശനങ്ങൾക്ക് ചൈനയിൽ എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിഞ്ഞു.

ഏ. ഡി. നാലാം നൂറ്റാണ്ടിൽ വൈ രാജവംശം ചൈനയിൽ അധികാരത്തിൽ വന്നു. ഈ വംശത്തിലെ പ്രഥമ ചക്രവർത്തി ബുദ്ധമതത്തെ രാഷ്ട്രമതമായി പ്രഖ്യാപിച്ചു. ഇതും ചൈനയിൽ ബുദ്ധമതത്തിന് വലിയ പ്രോത്സാഹനമായി. ആയിരക്കണക്കിന് സംസ്കൃത ഗ്രന്ഥങ്ങൾ ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ദുർഘടവും അപകടം നിറഞ്ഞതുമായ പാതയിലൂടെ നീണ്ടയാത്ര ചെയ്ത് അവർ ബുദ്ധന്റെ നാട്ടിലെത്തി. ഇന്ത്യയിൽ താമസിച്ചുകൊണ്ട് ലഭിക്കാവുന്ന ബുദ്ധന്റെ പൂജ്യാവശിഷ്ടങ്ങളും കയ്യെഴുത്ത് പ്രതികളും ശേഖരിച്ച് പഠനം നടത്തുകയും ചെയ്തു.

ബുദ്ധമതത്തിന്റെ വ്യാപനത്തോടെ ചൈനയിൽ ഗുഹാ ക്ഷേത്രങ്ങളും, ആശ്രമശൃംഖലകളും വൻ തോതിൽ പണികഴിക്കപ്പെട്ടു. ഉൾഭാഗം മനോഹരമായി ചായംപൂശിയ ഗുഹകളും, കല്ലിൽക്കൊത്തിയ കൂറ്റൻ പ്രതിമകളും ഇക്കാലത്ത് രൂപം കൊണ്ടു. ഡൂൺ ഹവാങ്, യുൺകാങ്, ലുംങ്മെൻ എന്നിവ ലോകത്തിലെ അതിപ്രശസ്തമായ ഗുഹാശൃംഖലകളാണ്. ഈ ശൃംഖലകളിൽ ഇന്ത്യൻ സ്വാധീനം ദൃശ്യമാണ്.

അങ്ങോട്ടുമിങ്ങോട്ടുമുള്ള സന്യാസിമാരുടെയും പണ്ഡിതന്മാരുടേയും യാത്ര ആശയങ്ങളുടെ കൈമാറ്റത്തിനും, സാംസ്ക്കാരിക സമ്പർക്കത്തിനും സഹായകമായി.

### കൊറിയ

ചൈനയുടെ വടക്കു കിഴക്കു ഭാഗത്ത് സ്ഥിതിചെയ്യുന്ന രാജ്യമാണ് കൊറിയ. ചൈനയിൽ നിന്നാണ് ഇന്ത്യയുടെ സാംസ്ക്കാരികഘടകങ്ങൾ കൊറിയയ്ക്ക് ലഭ്യമായത്.

ഏ. ഡി. 352 ൽ സുൻഡോ ആയിരുന്നു ഒരു ബുദ്ധവിഗ്രഹവും സൂത്രങ്ങളുമായി കൊറിയയിലെത്തിയ പ്രഥമ ബുദ്ധസന്യാസി. തുടർന്ന് ആചാര്യമല്ലാനന്ദനും, ഏ. ഡി. 404 ൽ ഒരു ഇന്ത്യൻ സന്യാസിയും കൊറിയയിലെ പിയോൺഗാങ് നഗരത്തിൽ രണ്ട് ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. അദ്ദേഹത്തിനുശേഷം ഇന്ത്യയിൽ നിന്നും ധാരാളം സന്യാസിമാർ കൊറിയയിലേക്കു പുറപ്പെടുകയുണ്ടായി. അവർ തത്വചിന്ത, മതം, പ്രതിമാനിർമ്മാണവിദ്യ, ചിത്രകലയും ലോഹ സംസ്ക്കരണവും എന്നിവയെല്ലാം കൊറിയക്കാർക്ക് പരിചയപ്പെടുത്തി. വിജ്ഞാനം തേടി ധാരാളം പണ്ഡിതന്മാർ കൊറിയയിൽനിന്നും ഇന്ത്യയിലെത്തി. ജ്യോതിഷം, ജ്യോതിശാസ്ത്രം, വൈദ്യം, അതുപോലെ മറ്റനേകം വൈജ്ഞാനികമേഖലകളിൽ അവർ പ്രാവീണ്യം നേടി. ആശ്രമങ്ങളും ക്ഷേത്രങ്ങളും കൊറിയയിലുടനീളം ഭക്തിയും വിജ്ഞാനവും പ്രചരിപ്പിക്കുന്ന കേന്ദ്രങ്ങളായിരുന്നു. ധാരാളം ബുദ്ധഗ്രന്ഥങ്ങൾ അവിടെ വിവർത്തനം ചെയ്യപ്പെട്ടു.

ഏ.ഡി. എട്ടുമുതൽ ഒൻപതുവരെയുള്ള നൂറ്റാണ്ടുകളിലാണ് ധ്യാനയോഗം കൊറിയയിലെത്തിയത്. ധൈര്യവും നിർഭയത്വവും കൈവരിക്കുന്നതിന് രാജാക്കന്മാരും, രാജ്ഞിമാരും, രാജകുമാരന്മാരും, മന്ത്രിമാരും യോദ്ധാക്കൾപോലും

യോഗ പരിശീലിച്ചിരുന്നു. ഭക്തിയിൽനിന്നും രൂപം കൊണ്ട വിജ്ഞാനതാല്പര്യം ആറായിരത്തോളം ബുദ്ധഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിന് അവരെ പ്രേരിപ്പിച്ചു. അതിനിടയിൽ ഇന്ത്യൻ കൃതികളും കൊറിയയിലെത്തി.

### ജപ്പാൻ

ഏകദേശം ആയിരത്തിയഞ്ഞൂറ് വർഷങ്ങൾക്കപ്പുറം തന്നെ ഇന്ത്യൻ സംസ്ക്കാരം ജപ്പാനിൽ പ്രചരിച്ചുവെന്ന് കരുതപ്പെടുന്നു. എന്നാൽ ചരിത്രപരമായ തെളിവുകളുടെ പശ്ചാത്തലത്തിൽ എ. ഡി. 552 മുതൽ ഇന്ത്യയുടെ സംസ്ക്കാരം ജപ്പാനിൽ പ്രചരിക്കപ്പെട്ടതായി കരുതാം. അക്കാലത്ത് കൊറിയയിലെ ചക്രവർത്തി ബുദ്ധപ്രതിമ, സൂത്രങ്ങൾ, ആരാധനാ വസ്തുക്കൾ , കലാകാരന്മാർ , ശില്പികൾ, ചിത്രകാരന്മാർ, വാസ്തുശില്പികൾ ആദിയായവ ഒരു പാരിതോഷികമായി ജപ്പാനിലെ ചക്രവർത്തിയ്ക്ക് അയച്ചുകൊടുത്തു.

പെട്ടെന്ന് ബുദ്ധമതത്തിന് ഒരു രാഷ്ട്രമതപദവി ലഭിച്ചു. ജപ്പാനിൽ ആയിരക്കണക്കിന് പുരുഷന്മാരും സ്ത്രീകളും സന്യാസം സ്വീകരിച്ചു.

സംസ്കൃതം ഒരു വിശുദ്ധഭാഷയായി ജപ്പാനിൽ അംഗീകരിക്കപ്പെട്ടു. സംസ്കൃതലിപികൾ എഴുതുന്നതിന് സന്യാസിമാർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ഈ മന്ത്രങ്ങൾ രേഖപ്പെടുത്തിയ ലിപികൾ ഷിറ്റൻ എന്നാണറിയപ്പെട്ടിരുന്നത്. ഷിറ്റൻ എന്നത് സിദ്ധം , അതായത് സിദ്ധി പ്രദാനം ചെയ്യുന്ന ലിപിയെന്ന് കരുതപ്പെടുന്നു.

ഇന്നും ജപ്പാനിലെ പണ്ഡിതന്മാരുടെയിടയിൽ സംസ്കൃതം പഠിക്കുന്നതിന് പ്രത്യേക താല്പര്യം പ്രകടമാകുന്നുണ്ട് . ബുദ്ധഗ്രന്ഥങ്ങളുടെ ഭാഷയെന്ന നിലയിൽ. ഇന്ത്യയും ജപ്പാനുമായുള്ള ബന്ധം ബലപ്പെടുത്തുന്ന ഒരു ശക്തിയായി സംസ്കൃതം വർത്തിക്കുന്നു. ഏഴാം നൂറ്റാണ്ടിൽ ഷോറ്റോക്കുതായിഷി രാജകുമാരൻ ചീനഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ബുദ്ധസൂത്രങ്ങൾ ജപ്പാനിലേക്ക് അയക്കുകയുണ്ടായി. അദ്ദേഹത്തിനു ബുദ്ധദർശനങ്ങളിൽ അതീവമതിപ്പായിരുന്നു.

### തിബറ്റ്

ഹിമാലയത്തിന്റെ വടക്കുഭാഗത്തുള്ള പീഠഭൂമിയിലാണ് തിബറ്റ് സ്ഥിതിചെയ്യുന്നത്. തിബറ്റുകാർ ബുദ്ധമതക്കാരാണ്. തിബറ്റിലെ രാജാവായിരുന്ന നരദേവൻ തന്റെ മന്ത്രിയായിരുന്ന തൊൻമി സംബോധനയേയും 16 മഹാപണ്ഡിതന്മാരേയും മഗതയിലേക്ക് അയക്കുകയും അവർ ഇന്ത്യൻ ഗുരുക്കന്മാരുടെ കീഴിൽ പഠനം നടത്തുകയും ചെയ്തു. കുറച്ചുകാലത്തിനുശേഷം തൊൻമി കാശ്മീരിലേക്ക് പോയി. ഇന്ത്യൻ ലിപിയായ ബ്രാഹ്മിയുടെ മാതൃകയിൽ 7–ാം നൂറ്റാണ്ടിൽ തിബറ്റിനുവേണ്ടി ഒരു പുതിയ ലിപിക്ക് രൂപം കൊടുത്തെന്ന് കരുതപ്പെടുന്നു. നാളിതുവരെ അതേ ലിപിയാണ് തിബറ്റിൽ ഉപയോഗിക്കുന്നത്. പ്രസ്തുത ലിപി മാംഗോളിയയിലും മഞ്ചൂറിയായിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

തൊൻമി സംബോധന ധാരാളം ഗ്രന്ഥങ്ങൾ ഇന്ത്യയിൽനിന്നും തന്നോടൊപ്പം കൊണ്ടുപോയി. തിബറ്റിലേക്ക് മടങ്ങുമ്പോൾ തിബറ്റിനുവേണ്ടി പാണിനിയുടെ സംസ്കൃതവ്യാകരണത്തെ അടിസ്ഥാനമാക്കി ഒരു പുതിയ വ്യാകരണവും രചിച്ചു. അദ്ദേഹം കൊണ്ടുചെന്ന ഗ്രന്ഥങ്ങളിൽ രാജാവ് ആകൃഷ്ടനാവുകയും അവ പഠിക്കുന്നതിന് നാലുവർഷക്കാലം ചെലവഴിക്കുകയും ചെയ്തു. അദ്ദേഹം സംസ്കൃത ഗ്രന്ഥങ്ങൾ തിബറ്റൻ ഭാഷയിലേയ്ക്കുള്ള വിവർത്തനത്തിന് അടി

കുറിപ്പുകൾ :

ത്തറപാകുകയും ചെയ്തു. തൽഫലമായി ഏഴാം നൂറ്റാണ്ട് മുതൽ പതിനേഴാം നൂറ്റാണ്ടുവരെ വിവർത്തനത്തിനുവേണ്ടി തുടർച്ചയായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത പാരമ്പര്യപ്രകാരം തൊണ്ണൂറ്റിയാറായിരം സംസ്കൃതഗ്രന്ഥങ്ങൾ ടിബറ്റിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

### പാഠഭാഗചോദ്യങ്ങൾ 21.2

1. എന്തുകൊണ്ടാണ് ചൈനയിലേക്കുള്ള പാതയ്ക്ക് പട്ടുപാതയെന്ന് പേര് നൽകിയത് ?

2. കുച്ചി എവിടെയാണ് ? എന്തുകൊണ്ടാണ് അത് പ്രശസ്തമായത് ?

3. എവിടെയാണ് ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ മുഖവശം ചൈനാഭാഷയിലും മറുഭാഗം പ്രാകൃത-കരോഷ്ടിലിപിയിലും കൊത്തിയ നാണായങ്ങൾ കണ്ടെത്തിയത് ?

4. ഡുൺ-ഹുവാംങ്, യുൻ-കാംങ്, ലുംങ് മെൻ എന്നാൽ എന്ത് ?

5. എന്നാണ് ധ്യാനയോഗ ദർശനം കൊറിയയിൽ പ്രചരിച്ചത് ?

6. എങ്ങനെയാണ് ഇന്ത്യൻ സംസ്ക്കാരം ജപ്പാനിൽ എത്തിച്ചേർന്നത് ?

7. ഷിറ്റൻ എന്ന് ജപ്പാനിൽ അറിയപ്പെടുന്നത് എന്ത് ?

8. ഏ. ഡി. ഏഴാം നൂറ്റാണ്ട് മുതൽ 17–ാം നൂറ്റാണ്ട് വരെ എത്ര പുസ്തകങ്ങളാണ് സംസ്കൃതഭാഷയിൽനിന്നും തിബറ്റൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത് ?

## 21.5 ഇന്ത്യൻ സംസ്ക്കാരം ശ്രീലങ്കയിലും ദക്ഷിണപൂർവ്വഏഷ്യയിലും

### ശ്രീലങ്ക

അയോദ്ധ്യാരാജാവായ ഭഗവാൻ ശ്രീരാമൻ സീതയെ വീണ്ടെടുക്കാൻ ശ്രീലങ്കയിലേക്ക് പോയ കഥ ഇതിഹാസമായ രാമായണത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ. അക്കാലത്തെ ലങ്കയും ശ്രീലങ്കയും ഒരു പക്ഷെ വ്യത്യസ്ത സ്ഥലങ്ങളാകാം. ഇന്ത്യയ്ക്ക് പുറത്ത് ബുദ്ധമതം പ്രചരിപ്പിക്കുന്നതിന് അശോകചക്രവർത്തി പല ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ബുദ്ധമതസന്ദേശം പ്രചരിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം സ്വന്തംപുത്രനായ മഹേന്ദ്രനെയും പുത്രിയായ സംഘമിത്രയേയും ശ്രീലങ്കയിലേക്ക് അയക്കുകയുണ്ടായി. ധാരാളം പണ്ഡിതന്മാരും അവരോടൊപ്പം ചേരുകയുണ്ടായി . ബോധഗയയിലെ ബോധിവൃക്ഷത്തിന്റെ ഒരു ശിഖരവും അവിടെ കൊണ്ടുപോയി നട്ടതായി പറയപ്പെടുന്നു. അക്കാലത്ത് ദേവനാപിയടിസ്സയായിരുന്നു ശ്രീലങ്കയിലെ രാജാവ്. ബുദ്ധന്റെ പ്രബോധനങ്ങൾ ഇന്ത്യയിൽ നിന്നും പോയവർ വാമൊഴി രൂപത്തിൽ പ്രചരിപ്പിച്ചു. ഏകദേശം ഇരുന്നൂറുവർഷക്കാലം ശ്രീലങ്കയിലെ ജനങ്ങൾ ബുദ്ധവചനങ്ങൾ മഹേന്ദ്രൻ പകർന്നു കൊടുത്തതുപോലെ തന്നെ ചൊല്ലിക്കൈമാറി

പ്പോന്നു. മഹാവിഹാരവും അഭയഗിരിയുമാണ് ആദ്യമായി പണികഴിപ്പിക്കപ്പെട്ട ആശ്രമങ്ങൾ.

ശ്രീലങ്ക ബുദ്ധമതത്തിന്റെ ഒരു ശക്തികേന്ദ്രമായി തീരുകയും ഇന്നും തുടരുകയും ചെയ്യുന്നു. പാലി അവരുടെ ഭാഷയായിമാറി. ശ്രീലങ്കയുടെ സാംസ്ക്കാരികരൂപീകരണത്തിൽ ബുദ്ധമതം നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. ദിപവൻസയും, മഹാവംശവും പരക്കെ അറിയപ്പെടുന്ന ശ്രീലങ്കയിലെ ബുദ്ധമത ശ്രോതസ്സുകളാണ്.

ബുദ്ധമതത്തിന്റെ കൂടെ ഇന്ത്യൻ കലാരൂപങ്ങളും ശ്രീലങ്കയിൽ പ്രചരിച്ചു. ശൈലി, ചിത്രകലാസങ്കേതങ്ങൾ, നൃത്തം, നാടോടിഗാനങ്ങൾ, കല, വാസ്തുശില്പം എല്ലാം ഇന്ത്യയിലേതായിരുന്നു.

ശ്രീലങ്കയിലെ ഏറ്റവും പ്രശസ്തമായ ചിത്രകലകൾ സിഗിരിയായിലെ ഗുഹാ ആശ്രമങ്ങളിലാണ് കാണപ്പെടുന്നത്. കശ്യപ രാജാവ് 5-ാം നൂറ്റാണ്ടിൽ അതിനെ പുനർനിർമ്മിക്കപ്പെട്ട ഒരു സ്ഥലമാക്കിമാറ്റുകയുണ്ടായി. ഗുഹകളിൽ കാണപ്പെടുന്ന ചിത്രങ്ങൾ ഇന്ത്യയിലെ അമരാവതി ശൈലിയിൽ ചിത്രീകരിച്ചിട്ടുള്ളതാണ്.

## മ്യാൻമാർ

ക്രിസ്തുവർഷാരംഭത്തിൽത്തന്നെ ഇന്ത്യയിലെ ജനങ്ങളും സംസ്ക്കാരവും മ്യാൻമാറിൽ എത്തിച്ചേർന്നു. ചൈനയിലേക്കുള്ള പാതയിലാണ് മ്യാൻമാർ സ്ഥിതിചെയ്യുന്നത്. ഏ.ഡി. രണ്ടാം നൂറ്റാണ്ടിനുശേഷം അമരാവതി, തമ്രലിപ്തി എന്നീ തുറമുഖനഗരങ്ങലിൽനിന്നും ജനങ്ങൾ മ്യാൻമാറിൽ വാസമുറപ്പിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കുടിയേറ്റക്കാരിൽ വ്യാപാരികൾ, ബ്രാഹ്മണന്മാർ, കലാകാരന്മാർ, കരകൗശലവിദഗ്ധർ എന്നിവരൊക്കെ ഉൾപ്പെടുന്നു.

ബർമ്മയിൽ, പതിനൊന്നുമുതൽ പതിമൂന്നുവരെ നൂറ്റാണ്ടുകളിൽ പഗൻ ഒരു ബുദ്ധസംസ്ക്കാരകേന്ദ്രമായിരുന്നു. ഇത് ഇപ്പോഴും പ്രൗഢമായ ബുദ്ധക്ഷേത്രങ്ങൾക്ക് പ്രശസ്തമാണ്. നിർമ്മാതാവുകൂടിയായിരുന്ന അനിരുദ്ധരാജാവ് ഷെവസ് ഗോൺ പഗോഡയും ആയിരത്തോളം മറ്റുക്ഷേത്രങ്ങളും പണികഴിപ്പിച്ചു. അവർ അവരുടേതായ പാലിഭാഷ വികസിപ്പിക്കുകയും ബുദ്ധ, ഹൈന്ദവ മതഗ്രന്ഥങ്ങൾ അവരുടേതായ പാലി ഭാഷയിൽ വിവർത്തനം ചെയ്യുകയും ചെയ്തു.

ബർമ്മയുടെ കൊട്ടാരത്തിൽ ഇന്ത്യൻ പാരമ്പര്യങ്ങൾ വളരെ പ്രബലമായിരുന്നു. അടുത്ത കാലം വരെ കൊട്ടാരജ്യോത്സന്മാരും, ഭാവിപ്രവചിക്കുന്നവരും, പ്രൊഫസർമാരും പൊന്നാസ് എന്ന് വിളിച്ചിരുന്ന ബ്രാഹ്മണന്മാരായിരുന്നു. അവരിൽ പലരും മണിപ്പൂരിൽ നിന്നുള്ളവരായിരുന്നു. ശാസ്ത്രം, വൈദ്യം, ജ്യോത്സ്യം എന്നിവയിൽ അവരുടെ അറിവ് അഗാധമായിരുന്നു.

## തായ്‌ലന്റ്

1939 വരെ തായ്‌ലന്റിന്റെ യഥാർത്ഥനാമം സിയാം എന്നായിരുന്നു. ഏ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ ഇന്ത്യയുടെ സാംസ്ക്കാരികസ്വാധീനം ആ രാജ്യത്തെ സ്വാധീനിച്ചു തുടങ്ങി. തുടക്കത്തിൽ വ്യാപാരികളും തുടർന്ന് അദ്ധ്യാപകരും മിഷനറിമാരുമാണ് ഇതിനുനേതൃത്വം കൊടുത്തത്. തായ് രാജ്യങ്ങൾക്ക് ദ്വാരാവധി, ശ്രീവിജയ, സുവേദയ, അയുക്തിയ തുടങ്ങിയ സംസ്കൃതനാമങ്ങളാണ് നൽകിയിരുന്നത്. നഗരങ്ങളുടെ പേരുകളും സൂചിപ്പിക്കുന്നത് ഒരു സാംസ്ക്കാരിക പ്രവാഹത്തെയാണ്. ഉദാഹരണത്തിന് കാഞ്ചനബൂരി എന്നത് കാഞ്ചനപുരി

യിൽ നിന്നും, രാജബൂരി രാജപുരിയിൽ നിന്നും, ലോബപുരി ലവപുരിയും മറ്റും നഗരങ്ങളുടെ നാമങ്ങളായ പ്രച്ചിനപുരി, ശിങ്കബുരി എല്ലാം സംസ്കൃത നാമങ്ങളാണ്. രാജാറാം, രാജശ്രേനി, മഹാജന, ചക്രവംശം പോലെയുള്ള തെരുവുനാമങ്ങൾ പോലും നമ്മെ ഓർമ്മിപ്പിക്കുന്നത് രാമായണത്തിന്റെ കീർത്തിയാണ്.

ബ്രാഹ്മണവിഗ്രഹങ്ങളുടേയും , ബുദ്ധക്ഷേത്രങ്ങളുടേയും നിർമ്മാണം ഏ.ഡി. മൂന്ന് നാല് നൂറ്റാണ്ടുകളിൽ ആരംഭിച്ചു. തായ്‌ലാൻഡിൽ നിന്നും കണ്ടെത്തിയിട്ടുള്ള ആദ്യകാല വിഗ്രഹങ്ങളിൽ ഒന്ന് വിഷ്ണുഭഗവാന്റേതാണ്.

കാലാകാലങ്ങളിൽ തായ് രാഷ്ട്രം വിവിധ സ്ഥലങ്ങളിലേക്ക് മാറ്റുകയുണ്ടായി. എല്ലാസ്ഥലങ്ങളിലും ക്ഷേത്രങ്ങളും നിർമ്മിച്ചു. അത്തരത്തിലുള്ള ഒരു സ്ഥലമാണ് അയുക്തിയ (അയോദ്ധ്യ). അവിടെ ഇന്നും നിലനിൽക്കുന്ന നിരവധി ക്ഷേത്രങ്ങൾ ഉണ്ട്.. അവയിൽ പലതും ജീർണ്ണാവസ്ഥയിലാണ്. തായ്‌ലാന്റിന്റെ തലസ്ഥാനമായ ബാങ്ഗോക്കിൽ നാനൂറോളം ക്ഷേത്രങ്ങളുണ്ട്.

**കംബോഡിയ**

പ്രശസ്തമായ ചമ്പ (Annam) കംപൂജ (combodia) രാജ്യങ്ങൾ ഭരിച്ചിരുന്നത് ഇന്ത്യൻ രാജവംശങ്ങളായിരുന്നു. ഇന്ത്യയും കംബോഡിയയും തമ്മിലുള്ള രൂഢമൂലമായ സാംസ്ക്കാരിക ബന്ധത്തിന്റെ ചരിത്രം ഏ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ആരംഭിച്ചതാണ്. ഒന്നാം നൂറ്റാണ്ടിൽ കംബോഡിയ ഭരിച്ചിരുന്നത് ഇന്ത്യൻ വംശജരായിരുന്ന കൗൻദിന്യ രാജവംശമായിരുന്നു. നിരവധി സംസ്കൃതശാസനങ്ങളിൽ നിന്നും, ഗ്രന്ഥങ്ങളിൽനിന്നും അവരുടെ ചരിത്രം നമുക്കു പുനർനിർമ്മിക്കാൻ കഴിയും. അതുപോലെ പ്രൗഢമായ ക്ഷേത്രങ്ങളിൽ നിന്നും അവരുടെ പ്രതാപം നമുക്കു മനസ്സിലാക്കാം.

കംബോഡിയാക്കാർ ഇന്ത്യൻ ഇതിഹാസപുരാണകഥാപാത്രങ്ങളായ ശിവൻ, വിഷ്ണു, ബുദ്ധൻ എന്നിവരുടേയും ദേവീദേവന്മാരുടേയും ശില്പങ്ങൾകൊണ്ട് അലംകൃതമായ കൂറ്റൻ സ്മാരകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള രംഗങ്ങളെ രാജാക്കന്മാർ തെരഞ്ഞെടുത്തത് മഹാചരിത്രസംഭവങ്ങളെ പ്രതീകവൽക്കരിക്കുന്നതിനുവേണ്ടിയായിരുന്നു. പതിനാലാം നൂറ്റാണ്ടുവരെ സംസ്കൃതം അവരുടെ ഭരണഭാഷയായിരുന്നു.

അവരുടെ രാജാക്കന്മാക്ക് സംസ്കൃതനാമങ്ങളായിരുന്നു. ബ്രാഹ്മണന്മാർ അത്യുന്നത സ്ഥാനം അലങ്കരിച്ചിരുന്നു. രാജ്യഭരണം നടത്തിയിരുന്നത് ഹൈന്ദവരാഷ്ടസിദ്ധാന്തങ്ങളുടേയും ബ്രാഹ്മണനിയമസംഹിതകളേയും ആസ്പദമാക്കിയായിരുന്നു. ക്ഷേത്രപരിസരങ്ങളിൽ വിദ്യപീഠങ്ങളായി ആശ്രമങ്ങൾ വർത്തിച്ചുപോന്നു. അനേകം പ്രദേശങ്ങൾ തമ്രപുരം, ധ്രുവപുരം, വിക്രമപുരം എന്നീ ഇന്ത്യൻ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. അവരുടെ ഭാഷയിൽ മാസങ്ങൾ അറിയപ്പെട്ടിരുന്നത്.ചെത്, ബിസക്, ജെസ്, അസദ് എന്നിങ്ങനെയായിരുന്നു. ഉച്ചാരണത്തി നുള്ള നേരിയ വ്യത്യാസത്തിൽ ആയിരക്കണക്കിന് പദങ്ങൾ ഇന്നും പ്രയോഗത്തിലുണ്ട്.

അങ്കോർവത് അഥവാ വൈകുണ്ഡധമം വിഷ്ണുവിന്റെ ഗേഹമായി കരുതിപ്പോരുന്നു. ഇതിന്റെ അഞ്ചുഗോപുരങ്ങൾ സുമേരു പർവ്വതത്തിന്റെ അഞ്ചു കൊടുമുടികളാണെന്നാണ് പറയപ്പെടുന്നത്. തന്റെ സദ് പ്രവർത്തിയാൽ സ്വർഗ്ഗം നേടിയ സൂര്യവർമ്മരാജാവിനെ വിഷ്ണുവിന്റെ അവതാരമായി ചിത്രീകരിച്ചിരിക്കുന്നു. ഒരു ചതുരശ്രമൈൽ വിസ്തീർണ്ണത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രത്തിനെ ചുറ്റിക്കിടക്കുന്ന വിശാലമായ കിടങ്ങുകൾ അതിന്റെ മനോഹ

*കുറിപ്പുകൾ :*

രിത വർദ്ധിപ്പിക്കുന്നു. രാമായണത്തിൽനിന്നും, മഹാഭാരതത്തിൽ നിന്നുമുള്ള രംഗങ്ങളാൽ അലംകൃതമാണ് ക്ഷേത്രചുമരുകൾ . അവയിൽ ഏറ്റവും വലിപ്പം സമുദ്രമൻതൻ എന്ന രംഗത്തിനാണ്.

പതിനൊന്നാം നൂറ്റാണ്ടിൽ യശോധർമ്മപുരത്ത് നിർമ്മിച്ചിട്ടുള്ള ബഫോൺ മറ്റൊരു പ്രമുഖ ക്ഷേത്രമാണ്. രാമരാവണയുദ്ധം, കൈലാസത്തിലെ ശിവപാർവ്വതിമാർ, കാമദേവന്റെ സംഹാരം എന്നിവയാൽ അലങ്കരിക്കപ്പെട്ടതാണ് ഈ ക്ഷേത്രം.

## വിയറ്റ്നാം (ചമ്പ)

കുടിയേറ്റക്കാരായ കുറെ മികവുറ്റവ്യാപാരികളും , രാഷ്ട്രമീമാംസയുടേയും , ധനതത്വശാസ്ത്രത്തിന്റേയും വഴികാട്ടികളായ രാജകുമാരന്മാരുമാണ് വിദൂരസ്തമായ വിയറ്റ്നാമിൽ ഇന്ത്യൻ സംസ്ക്കാരം പ്രചരിപ്പിച്ചത്. അവർ അവിടത്തെ നഗരങ്ങൾക്ക് ഇന്ദ്രപ്രസ്ഥം, അമരാവതി, വിജയ, കൗതര, പന്തുരാൻഗ എന്നിങ്ങനെ പേരുകൾ നൽകി.

ചമ്പയിലെ ജനങ്ങളെ ചം എന്നു വിളിച്ചിരുന്നു. അവർ ധാരാളം ഹൈന്ദവ ബുദ്ധക്ഷേത്രങ്ങൾ നിർമ്മിച്ചു. ചം ജനവിഭാഗം ശിവൻ, ഗണേശൻ, സരസ്വതി, ലക്ഷ്മി, പാർവ്വതി, ബുദ്ധൻ , ലോകേശ്വരൻ തുടങ്ങിയവരെ ആരാധിച്ചുരുന്നു. ഈ ദേവന്മാരുടെ വിഗ്രഹങ്ങളും , ശിവലിംഗവും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിരുന്നു. മിക്കവാറും ക്ഷേത്രങ്ങളും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

## മലേഷ്യ

പുരാതനകാലം മുതൽ മലേഷ്യ നമുക്കു സുപരിചിതമാണ്. രാമായണം, ജാതകകഥകൾ, മിലിൻഡപാന, ശിലപ്പധികാരം, രഘുവംശം തുടങ്ങിയ പലഗ്രന്ഥങ്ങളിലും മലേഷ്യ പരാമർശിക്കപ്പെടുന്നുണ്ട്. ശൈവമതത്തിന്റെ തെളിവുകൾ കേദയിലും വെല്ലസ്ലിയുടെ പ്രവിശ്യയിലും കണ്ടെത്തിയിട്ടുണ്ട്. തൃശൂലം ധരിച്ച സ്ത്രീവിഗ്രഹങ്ങൾ കുഴിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏഴും , എട്ടും നൂറ്റാണ്ടുകളിലെ കരിങ്കല്ലിൽ നിർമ്മിച്ച നന്ദിയുടെ ശിരസ് , ദുർഗ്ഗാ വിഗ്രഹം, ഗണേശൻ, ശിവലിംഗം എന്നിവ വിവിധ പ്രദേശങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

ബ്രാഹ്മിയുടെ പില്ക്കാല രൂപമായിരുന്നു പുരാതനമലേഷ്യയുടെ ലിപി. ചെന്തമിഴിനോട് സാദൃശ്യമുള്ള ലിപിയിൽ എഴുതപ്പെട്ട ബുദ്ധഗ്രന്ഥങ്ങളുടെ എഴുത്തുപലകകൾ കേദയിൽ കണ്ടെത്തിയിട്ടുണ്ട്. സംസ്കൃതം അവർക്ക് പരിചയമുണ്ടായിരുന്നു. ഇന്നുവരെ അസംഖ്യം സംസ്കൃതപദങ്ങൾ അവരുടെ ഭാഷയിൽ ദൃശ്യമാണ്. ഉദാഹരണത്തിന് സ്വർഗ്ഗം, രസം, ഗുണം, ദഹദ, മന്ത്രി, ദിപതി, ലക്ഷം, ഹനുമാൻ, ഗുരുഡൻ എന്നിവരുടെ അമാനുഷിക ഗുണങ്ങളും അവർക്കറിയാമായിരുന്നു.

നമ്മുടെ മലേഷ്യയുമായുള്ള സാംസ്ക്കാരിക ബന്ധത്തിന്റെ ആദ്യകാല രേഖകൾ സംസ്കൃത ശാസനങ്ങളാണ്. എ.ഡി. നാലും അഞ്ചും നൂറ്റാണ്ടുകളിലെ ഇന്ത്യൻ ലിപികളിലാണ് അവ രചിച്ചിട്ടുള്ളത്. ലിഗോറിൽ നിന്നുള്ളവയാണ് ഏറ്റവും പ്രധാനപ്പെട്ടത് . ഈ പ്രദേശത്തിന് ചുറ്റുമായി അൻപതോളം ക്ഷേത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

## ഇൻഡോനേഷ്യ

മതപരമായ വാസ്തുശില്പാരംഗത്ത് , ജാവാദ്വീപിലെ ശൈവക്ഷേത്രമാണ്

കുറിപ്പുകൾ :

ഏറ്റവും വലുത് . പ്രബംന്ധൻ എന്നാണ് വിളിക്കപ്പെടുന്നത്. ഇത് 9–ാം നൂറ്റാണ്ടിൽ പണികഴിപ്പിക്കപ്പെട്ടതാണ്.പാർശ്വങ്ങളിൽ ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും ക്ഷേത്രങ്ങളോടുകൂടി ഒരു ശിവക്ഷേത്രവുമുണ്ട്. ഈ മൂന്ന് ക്ഷേത്രങ്ങൾക്ക് എതിർഭാഗത്തായി ദേവന്മാരുടെ വാഹനങ്ങൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള ക്ഷേത്രങ്ങളുമുണ്ട്. അവ , ശിവവാഹനമായ നന്ദി, വിഷ്ണുവാഹനമായ ഗരുഢൻ, ബ്രഹ്മാവിന്റെ വാഹനമായ വാത്ത (Goose) എന്നിവയാണ്. ഈ രണ്ട് ക്ഷേത്രനിരകൾക്കിടയിൽ 240 കൊച്ചുകൊച്ചുക്ഷേത്രങ്ങളാൽ ചുറ്റപ്പെട്ട് ദുർഗ്ഗ, ഗണേശന്മാർക്ക് വേണ്ടിയുള്ള ക്ഷേത്രങ്ങളുമുണ്ട്. വാസ്തുശില്പകലാവിസ്മയങ്ങളുടെ മകുടോദാഹരണങ്ങളാണിവ. രാമായണകഥകളും , കൃഷ്ണകഥകളും ക്ഷേത്രചുവരുകളിൽ കൊത്തിയിരുന്നു. ഇത് ലോകത്തിലെ ഏറ്റവും പുരാതനമായ കൊത്തുപണികളാണ്.

പൂജാവോളകളിൽ സംസ്കൃത കീർത്തനങ്ങൾ ഉരുവിട്ടിരുന്നു. ശിവൻ, ബ്രഹ്മാവ്, ഗണേശൻ, ദുർഗ്ഗ, ബുദ്ധൻ തുടങ്ങി അനേകം ദേവി ദേവന്മാർക്ക് സമർപ്പിച്ചിട്ടുള്ള അഞ്ഞൂറിലേറെ സംസ്കൃത സ്തോത്രഗീതങ്ങൾ ബാലിയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട് . വാസ്തവത്തിൽ ഹൈന്ദവസംസ്ക്കാരം വ്യാപിക്കുകയും, നിലനിന്നുപോരുന്നതുമായ ഏകരാജ്യം ബാലിമാത്രമാണ്. ഇന്ന് ദ്വീപു സമൂഹങ്ങൾ മുഴുവൻ ഇസ്ലാമതം സ്വീകരിച്ചുവെങ്കിലും ബാലി ഇന്നും ഹുന്ദുമതവും സംസ്ക്കാരവുമാണ് തുടരുന്നത്.

അസംഖ്യം മതഗ്രന്ഥങ്ങൾ ജാവയിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. അവയെല്ലാം തന്നെ അവരുടെ പുരാതനമായ ഖവി ലിപിയിൽ രചിച്ചിട്ടുള്ള താളിയോലഗ്രന്ഥങ്ങളാണ്. ബ്രഹ്മി അടിസ്ഥാനമായി രൂപപ്പെടുത്തിയിട്ടുള്ളതാണ് ഖവി. അതിൽ ചിലതെല്ലാം ഖവി ഭാഷയിലെ ഭാഷ്യങ്ങളോടുകൂടിയ സംസ്കൃത ശ്ലോകങ്ങളാണ്. ശൈവമതത്തെയും ദർശനങ്ങളെയും ആസ്പദമാക്കിയുള്ള ഗ്രന്ഥങ്ങളിൽ ഏറ്റവും പുരാതനമായതും , ദൈർഘ്യമുള്ളതും ഭുവനകോശം എന്ന ഗ്രന്ഥമാണ്. ഇതിൽ അഞ്ഞൂറ്റിഇരുപത്തിയഞ്ച് സംസ്കൃതശ്ലോകങ്ങളുണ്ട്. ഇതിന്റെ അർത്ഥം വിശദീകരിക്കുന്ന ഒരു ഭാഷ്യവും രചിക്കപ്പെട്ടിട്ടുണ്ട്.

ദക്ഷിണപൂർവ്വ ഏഷ്യയെപ്പോലെ ഇന്ത്യൻ സംസ്ക്കാരവും മതവും ഇത്രയധികം സ്വാധീനിക്കപ്പെട്ടിട്ടുള്ള വേറെയൊരുരാജ്യവും ലോകത്തുണ്ടാവില്ല. ഈ സാംസ്ക്കാരിക വിനിമയത്തിന്റെയും സ്വാധീനത്തിന്റെയും അവശിഷ്ടങ്ങളെപ്പറ്റി പഠിക്കാനുള്ള ഏകശ്രോതസ്സ് ഇന്ത്യൻ ലിപികളിൽ എഴുതിയിട്ടുള്ള സംസ്കൃതകൊത്തുലിഖിതങ്ങളാണ്. അവ ഈ പ്രദേശങ്ങളിലെല്ലാം സുലഭവും, ഈ കൊത്തുലിഖിതങ്ങളെയും ഗ്രന്ഥങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ കാണിക്കുന്നത്, ഭാഷ, സാഹിത്യം, മതം, രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥിതികൾ എന്നിവയിൽ ഇന്ത്യയുടെ മഹത്തായ സ്വാധീനമാണ്. വർണ്ണസമ്പ്രദായവും, ചാതുർവർണ്ണ്യവും(അതായത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ) അവർക്ക് പരിചിതമായിരുന്നു. പക്ഷേ, ഈ സമ്പ്രദായം ഇന്ത്യയിലെപ്പോലെ കർശനമായിരുന്നില്ല. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യ വിഘടനമായിരുന്നു ഈ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ബാലിയിൽ. അവരുടെ ചില വിവാഹാചാരങ്ങളും വളരെ സമാനമായിരുന്നു.

ഇന്ത്യയിലെ പാവക്കൂത്തിനു സമാനമായ നിഴൽ നാടകമായിരുന്നു വളരെ ജനപ്രീതിനേടിയ വിനോദോപാതി. രാമായണ മഹാഭാരതകഥകളെ പ്രമേയമാക്കിയ ഈ കലാരൂപത്തിന് ദക്ഷിണപൂർവ്വ ഏഷ്യൻ രാജ്യങ്ങളിൽ ഇന്നും വളരെയേറെ പ്രചാരമുണ്ട്.

കുറിപ്പുകൾ :

## പാഠഭാഗത്തെ ചോദ്യങ്ങൾ 21.3

1. ശ്രീലങ്കയിലെ ആദ്യത്തെ രണ്ട് ആശ്രമങ്ങളുടെ പേരെഴുതുക ?

2. എങ്ങനെയാണ് ശ്രീലങ്കയിൽ ബുദ്ധമതം പ്രചരിച്ചത് ?

3. ശ്രീലങ്കയുടെ സാഹിത്യഭാഷയായി മാറിയ ഭാഷയേത് ?

4. അങ്കോർവത്ത് എന്നാൽ എന്ത് ?

5. എന്താണ് അങ്കോർ വത്തിൽ ചിത്രീകരിച്ചിരിക്കുന്നത്? എന്തുകൊണ്ട് ?

6. അങ്കോർവത്തിലെ അഞ്ച് ഗോപുരങ്ങൾ എന്തുപേരിലാണ് അറിയപ്പെടുന്നത് ?

7. എന്തിനെയാണ് അങ്കോർവത്ത് ക്ഷേത്രം പ്രതിനിധാനം ചെയ്യുന്നത് ?

8. എന്തെല്ലാമാണ് അങ്കോർവത്തിന്റെ ചുവരുകളിൽ കൊത്തിയിരിക്കുന്നത് ?

9. അങ്കോർവത്ത് ചുവരുകളിൽ കൊത്തിയിരിക്കുന്ന ഏറ്റവും പ്രാധാന്യമുള്ള രംഗം ഏത് ?

10. എന്താണ് ബഫൂണിനെ അലങ്കരിച്ചിരിക്കുന്നത് ?

11. ഇന്ത്യൻ നാമങ്ങൾ വഹിക്കുന്ന വിയറ്റ്നാമിലെ (ചമ്പ) ചില പ്രമുഖ നഗരങ്ങളുടെ പേരെഴുതുക ?

12.മലേഷ്യയിൽ എവിടെയെല്ലാമാണ് ശൈവമതത്തിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുള്ളത് ?

13. മലേഷ്യയിൽ നിന്നും കുഴിച്ചെടുത്തിട്ടുള്ള ചില സുപ്രധാന പ്രതിരൂപങ്ങൾ എന്തെല്ലാം ?

14. മലേഷ്യൻ ഭാഷയിൽ കടന്നുകൂടിയിട്ടുള്ള ചില സംസ്കൃതപദങ്ങൾ ഏതെല്ലാം?

15. മലേഷ്യയിലെ ഏ.ഡി. നാല് അഞ്ച് നൂറ്റാണ്ടുകളിലെ സുപ്രധാന കൊത്തുലിഖിതം ഏത് ?

കുറിപ്പുകൾ :

16. ലിഗോറിൽ എത്ര ക്ഷേത്രങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ?

17. പ്രംബനൻ എന്നാൽ എന്ത് ?

18. ബ്രഹ്മ, വിഷ്ണു, മഹേശ്വരന്മാരുടെ എതിർവശത്ത് നിർമ്മിച്ചിട്ടുള്ള മൂന്ന് ക്ഷേത്രങ്ങൾ ഏതെല്ലാം?

19. ഇന്തോനേഷ്യയിലെ ജാവാദ്വീപിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ട് ?

20. ഇന്തോനേഷ്യയിലെ ക്ഷേത്രച്ചുവരിൽ കൊത്തിയിരിക്കുന്നകഥകൾ ഏത് ?

21. ഇന്തോനേഷ്യയിലെ ബാലിയിൽ കണ്ടുപിടിച്ചതെന്തായിരുന്നു ?

## 21.6 അറേബ്യൻ നാഗരികതയും ഇന്ത്യയും തമ്മിലുള്ള സമ്പർക്കം

കരമാർഗ്ഗവും കടൽമാർഗ്ഗവും ഇന്ത്യയും പശ്ചിമഏഷ്യയും തമ്മിലുള്ള ബന്ധം വളരെ പണ്ടുമുതൽക്കെ ഉള്ളതാണ്. പശ്ചിമേഷ്യയിൽ ഇസ്ലാമിന്റെ വ്യാപനത്തോടുകൂടി ഈ രണ്ട് സാമസ്ക്കാരിക മേഖലകളും (ദേശീയ എന്ന ആശയം കൊണ്ടിട്ടില്ലായിരുന്നു) തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായി)

ഏ.ഡി. ഒൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ രചിക്കപ്പെട്ട അറേബ്യൻ വ്യാപാരിയായ സുലൈമാന്റെ സഞ്ചാരികളായ അൽമസുദി, ഇബൈൻഹക്കൂൽ അൽ ഇദ്രീസി തുടങ്ങിയവരുടെ യാത്രാവിവരണങ്ങൾ ഇരുസംസ്ക്കാരങ്ങളും തമ്മിലുള്ള വാണിജ്യബന്ധത്തെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ വളരെ സജീവമായ സാംസ്ക്കാരിക സമ്പർക്കം 8-ാം നൂറ്റാണ്ടിനോ അതിനുമുമ്പോ ആരംഭിച്ചിട്ടുള്ളതാണ്.

ഫലദായകമായ ഇന്ത്യയും പശ്ചിമേഷ്യയും തമ്മിലുള്ള സാംസ്ക്കാരിക സമ്പർക്കത്തിന്റെ തെളിവുകൾ പലപ്രദേശങ്ങളിലും പ്രകടമാണ്. തൽഫലമായി ഇസ്ലാമിക ലോകം എത്രമാത്രം സമ്പന്നമായി എന്നു നമുക്കു കാണാം. ജ്യോതിശാസ്ത്രരംഗത്ത് രണ്ട് സുപ്രധാനകൃതികളായ ബ്രഹ്മ-സ്ഫുത-സിദ്ധാന്തം, (അറബിലോകത്ത് സിൻഡിൻ എന്നറിയപ്പെടുന്നു) ഖൻന്തകാദ്ധ്യാകം (അർക്കന്ത് എന്നറിയപ്പെടുന്നു) എന്നിവ സിന്ധിൽ നിന്നുള്ള പ്രതിനിധി സംഘമാണ് ബാഗ്ദാദിൽ എത്തിച്ചത്. പ്രസ്തുത പ്രതിനിധി സംഘത്തിലുണ്ടായിരുന്ന ഇന്ത്യൻ പണ്ഡിതന്മാരുടെ സഹകരണത്തോടെ അൽഫസാരി ഈ ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്തു. പിന്നീട് ആര്യഭടന്റെയും വരാഹമിഹിരന്റേയും ജ്യോതിശാസ്ത്രകൃതികളും അറേബ്യയുടെ ശാസ്ത്രഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുകയുണ്ടായി. ഗണിതശ്സ്ത്രമായിരുന്നു അറേബ്യൻ സംസ്ക്കാരത്തിനും ഇന്ത്യയുടെ മറ്റൊരു സുപ്രധാന സംഭാവന. ഇന്ത്യയോടുള്ള അവരുടെ കടപ്പാട് തിരിച്ചറിഞ്ഞ അറബികൾ ഗണിതശാസ്ത്രത്തെ ഹിന്ദിസാ (HINDISA) എന്ന് വിളിച്ചുതുടങ്ങി. അങ്ങനെ , ഇന്ത്യൻ ഗണിതശാസ്ത്രം അവരുടെ ഇഷ്ടപഠനവിഷയമായിമാറുകയും അവരുടെ ചർച്ചകളിൽ ഇടംപിടക്കുകയും , അൽക്കിൻഡിയുടെ കൃതിയിലൂടെ കൂടുതൽ ജനപ്രിയമാവുകയും

ചെയ്തു. ഇന്ത്യൻ ദശാംശ സമ്പ്രദായത്തിന്റെ തീവ്രസ്വഭാവത്തിന്റെയും, പൂജ്യമെന്ന സങ്കല്പത്തിന്റെ  അതിവേഗത്തിൽ അവർ അംഗീകരിച്ചു. ഒരു സമകാലിന സിറിയൻ പണ്ഡിതൻ ഇങ്ങനെ പറയുന്നു. ഈ ഗണനം ഒൻപതു ചിഹ്നങ്ങൾ കൊണ്ടുമാത്രമാണ് ചെയ്യുന്നത് എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ശാസ്ത്രത്തിന്റെ പരിധിയിൽ എത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ സംസാരിക്കുന്നത്  ഗ്രീക്കാണ്, എന്നു മറ്റാരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, ഇക്കാര്യങ്ങൾ അറിയണം. എന്തെങ്കിലും അറിയാവുന്ന വേറെയും ജനങ്ങളുണ്ട്.

ഏ.ഡി. 786 മുതൽ 809 വരെ ബാഗ്ദാദ് ഭരിച്ചിരുന്ന ഖലീഫ ഹറൂൺ അൽ റഷീദിന്റെ കാലത്ത് അനേകം ഇന്ത്യൻ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും ചികിത്സാരീതികളും വിവർത്തനം ചെയ്യപ്പെട്ടതായി പത്തും പതിമൂന്നും നൂറ്റാണ്ടുകളിലെ അറബിസ്രോതസ്സുകൾ നമ്മളെ അറിയിക്കുന്നു. ഇന്ത്യൻ പണ്ഡിതന്മാരും ഈ വിവർത്തന പ്രക്രിയയിൽ പങ്കെടുത്തിരുന്നു. ഉദാഹരണത്തിന് ശുശ്രുതസംഹിത അറബിയിലേക്ക് വിവർത്തനം ചെയ്ത് മൻക്ഹ് എന്ന ഇന്ത്യാക്കാരനാണ്.

ജ്യോതിശാസ്ത്രം , ജ്യോതിഷം , ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയ്ക്കുപുറമെ ഇന്ത്യൻ സംസ്ക്കാരത്തിന്റെ മറ്റുപ്രത്യേകതകളും വളരെ താല്പര്യപൂർവ്വം അറബികൾ സ്വീകരിച്ചിരുന്നു വൈവിദ്ധ്യമാർന്ന വിഷയങ്ങളെ വിവർത്തനം കൊണ്ടുമാത്രം അവർ തൃപ്തിപ്പെടാതെ വിവർത്തനത്തിനാധാരമായ മൂലകൃതികളേ കണ്ടെത്തുന്നതിനുപഠിക്കുന്നതിനുവേണ്ടി അവർ പരിശ്രമിച്ചിരുന്നു. സർപ്പവിഷം , മൃഗസംരക്ഷണം, തർക്കശാസ്ത്രം, ദർശനങ്ങൾ, ധാർമ്മികത, രാഷ്ട്രമീമാംസ, യുദ്ധശാസ്ത്രം എന്നിവ അറബികൾ പഠിച്ചിരുന്ന ഇന്ത്യൻ  അറിവിന്റെ മറ്റ് മേഖലകളാണ്. ഈ പ്രക്രിയയിൽ അവരുടെ പദാവലിയും വലിയ അളവോളം സമ്പന്നമാക്കപ്പെട്ടു. അറബികൾ പ്രത്യേക വൈദഗ്ധ്യം നേടിയിരുന്ന കപ്പലോട്ടത്തിൽ അനേകം ഇന്ത്യൻ പദങ്ങൾ അറബിയിൽ നമുക്കുദർശിക്കാം. ഇന്ത്യൻപദമായ ഹോറിയിൽ നിന്നുള്ള ഹോർത്തി (ഒരു ചെറിയ ബോട്ട്) ബനിയ അഥവാ വനികിൽനിന്നുള്ള ബനാവി ഡോങ്ഗിയിൽ നിന്നുള്ള ഡോൺജി എന്നിവദൃഷ്ടാന്തങ്ങളാണ് ഇതുപോലെ വേറെയും ധാരാളം ഇന്ത്യൻ പദങ്ങൾ അറബിയിലുണ്ട്.

## 21.7 ഇന്ത്യയുടെ റോമുമായുള്ള ബന്ധം

പാശ്ചാത്യർക്ക് ഏറ്റവും പ്രിയമുള്ള ഉല്പന്നങ്ങൾ ദക്ഷിണേന്ത്യയുടെ കുത്തകയായിരുന്നു. യഥാർത്ഥത്തിൽ , ക്രിസ്തുവർഷത്തിന്റെ ആദ്യ മൂന്ന് നൂറ്റാണ്ടുകളിൽ പാശ്ചാത്യലോകവും ഇന്ത്യയും പ്രത്യേകിച്ച് റോമാസാമ്രാജ്യവുമായി കടൽമാർഗ്ഗത്തിലൂടെ വളരെ ലാഭകരമായ വ്യാപാരമുണ്ടായിരുന്നു. ഗ്രന്ഥങ്ങളും കോയമ്പത്തൂരുനിന്നും മധുരയിൽ നിന്നും ലഭിച്ചിട്ടുള്ള റോമൻ നാണയങ്ങളും ഈ വ്യാപാരം ദക്ഷിണേന്ത്യയിലായിരുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്നു. കുരുമുളക് , വെറ്റില, സുഗന്ധവസ്തുക്കൾ, വാസനദ്രവ്യങ്ങൾ ഗോമോദകം, വജ്രം, മാണിക്യം തുടങ്ങിയ രത്നക്കല്ലുകളും , മുത്തുകൾ ആനക്കൊമ്പ് , സിൽക്ക് എന്നിവയ്ക്ക് വലിയ പ്രിയമായിരുന്നു. റോമൻ വ്യാപാരം ഇന്ത്യയ്ക്കു ധാരാളം സ്വർണ്ണം നേടിത്തന്നിരുന്നുവെന്നുമാത്രമല്ല കുശാനസാമ്രാജ്യത്തിന് സുസ്ഥിരമായ ഒരു സ്വർണ്ണനാണയങ്ങൾ സമ്പാദിച്ചുകൊടുക്കുയും ചെയ്തിരുന്നു. തമിഴ് രാജാക്കന്മാർ യുദ്ധരംഗത്തെ ടെൻഡുകളുടേയും മധുരയുടെ പ്രവേശന കവാടങ്ങളുടെ സൂക്ഷിപ്പുകാരനായി യവനന്മാരെ നിയോഗിച്ചിരുന്നു. പുരാതനകാലത്ത് യവനൻ എന്ന പദം പശ്ചിമേഷ്യൻ ജനങ്ങളെയും റോമാക്കാരും ഗ്രീക്കു

കാരുമുൾപ്പെടെ മെഡിറ്ററേനിയൻ പ്രദേശങ്ങളിലെ ജനങ്ങളേയും ഉദ്ദേശിച്ചുകൊണ്ടാണ് ഉപയോഗിച്ചിരുന്നത്.

ഇക്കാലത്ത് കാവേരി പട്ടണം ഒരു പ്രധാന വിദേശ വ്യാപാരകേന്ദ്രമായി തിർന്നരുന്നു. കാവേരി പട്ടണത്ത് കടൽതീരത്തി കപ്പലിൽ നിന്ന് ഇറക്കുന്ന ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഉയർന്ന പ്ലാറ്റ്ഫോം, ഗോഡൗണുകൾ ധാന്യപ്പുരകൾ എന്നിവ നിർമ്മിച്ചിരുന്നു. ഈ ചരക്കുകൾ ഇറക്കുമതി ചുങ്കം നൽകിക്കഴിയുമ്പോൾ ചോളന്മാരുടെ രാഷ്ട്രമുദ്രയായ കടുവാ ചിഹ്നം പതിപ്പിച്ച് വ്യാപാരികളുടെ പാണ്ഡികശാലകളിലേക്ക് വിട്ടുകൊടുക്കുകയായിരുന്നു. സമീപത്തു തന്നെ യവനവ്യാപാരികളുടേയും വിവിധഭാഷ്യകൾ സംസാരിച്ചിരുന്ന വിദേശക്കച്ചവടക്കാരുടേയും താമസസ്ഥലങ്ങളുണ്ടായിരുന്നു. അവർക്കാവശ്യമായിരുന്ന വസ്തുക്കളെല്ലാം യെരിയബസാറുകൾ ലഭ്യമാക്കിയിരുന്നു (കച്ചവടസ്ഥലങ്ങൾ) . സുഗന്ധവസ്തുക്കൾ എന്നിവവിൽക്കുന്നവരെയും പുഷ്പങ്ങൾ, പരിമളദ്രവ്യങ്ങൾ തുന്നൽക്കാർ, ചന്ദനവ്യാപാരികൾ, രത്നവ്യാപാരികൾ ധാന്യവ്യാപാരികൾ, ചെരിപ്പുകുത്തികൾ മീൻകച്ചവടക്കാർ, മാംസവില്പനക്കാർ, മരപ്പണിക്കാർ,കൊല്ലപ്പണിക്കാർ, പെയിന്റർമാർ, ശില്പികൾ കളിപ്പാട്ട നിർമ്മാതാക്കൾ തുടങ്ങിയവരെയെല്ലാം ഒരാൾക്ക് ഇവിടെ കണ്ടുമുട്ടാമായിരുന്നു. കടലിനപ്പുറത്തു നിന്നും ഇറക്കുമതി ചെയ്തിരുന്ന കുതിരകളും വില്പനയ്ക്കുമെത്തുമായിരുന്നു.

ഈ ഉൽപ്പന്നങ്ങളെല്ലാം കയറ്റുമതിക്കുവേണ്ടിയായിരുന്നു. പ്ലിനി വിവരിക്കുന്നതുപോലെ കുരുമുളക്, ഇഞ്ചി എന്നിവ ഇന്ത്യയുടെ കയറ്റുമതിയിലെ മുഖ്യ ഉല്പന്നങ്ങളായിരുന്നു. അവയ്ക്കു നൂറിരട്ടിവിലയും ലഭിച്ചിരുന്നു. അതുപോലെ സുഗന്ധദ്രവ്യങ്ങൾക്കു പരിമള വസ്തുക്കൾക്കും മുന്തിയ ആവശ്യമുണ്ടായിരുന്നു. റോമിൽ ഈ ഉല്പന്നങ്ങൾക്ക് വൻതോതിലുള്ള ഉപഭോഗമാണുണ്ടായിരുന്നത്.

ഇന്ത്യയിൽ നിന്നും നിയോഗിക്കപ്പെടുകയോ സ്വീകരിക്കുകയോ ചെയ്ത വിദേശപ്രതിനിധികളുടെ എണ്ണത്തിൽ നിന്നും വിദേശവ്യാപാരത്തിന്റെ പ്രാധാന്യം ഏതൊരാൾക്കും മനസ്സിലാക്കാവുന്നതാണ്. ഒന്നാം നൂറ്റാണ്ടിൽ പാണ്ഡ്യരാജാവ് റോമൻ ചക്രവർത്തിയായ അഗസ്റ്റസിന്റെ കൊട്ടാരത്തിലേക്ക് ഒരു അമ്പാസിഡറെ അയച്ചു. എ. ഡി. 99 നുശേഷം പ്രതിനിധികളെ (Ambassoders) ട്രോയിയിലേക്കും അയച്ചിട്ടുണ്ട്. സിലോണിൽ നിന്നുള്ള ക്ലോഡിയുസ് , ട്രാജൻ, അൻടോണിമിസ്, പുയീസ്, ഇൻസ്ടിമാൻ തുടങ്ങിയവരെല്ലാം ഇന്ത്യിലെ വിവിധ രാജകൊട്ടാരങ്ങളെ അലങ്കരിച്ചിരുന്നവരാണ്.

പശ്ചിമതീരത്ത് സോപാര, ബരിഗാസ (Broach) പോലെയുള്ള തുറമുഖങ്ങളാണ് റോമാവ്യാപാരത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചതെങ്കിൽ , പൂർവ്വതീരമായ കൊറമാണ്ഡൽതീരം സുവർണ്ണഭൂമി (Golden Chersonese) വ്യാപാരം നടത്തിയിരുന്നത് സുവർണ്ണദ്വീപ് (Golden Chyrse) തുടങ്ങിയ രാജ്യങ്ങളുമായിട്ടായിരുന്നു. ചോളരാജാക്കന്മാർ തുറമുഖങ്ങളിൽ ലൈറ്റ് ഹൗസുകൾ സ്ഥാപിച്ച് രാത്രികാലങ്ങളിൽ കപ്പലുകൾക്ക് വഴികാട്ടുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിക്കൊടുത്തിരുന്നു. പോണ്ടിച്ചേരിക്കടുത്തുള്ള അരിക്കമേട് എന്ന പ്രദേശത്ത് ഇറ്റാലിയൻ കുശവന്മാരുടെ മുദ്രപതിപ്പിച്ച അരിറ്റൈൻ എന്നറിയപ്പെടുന്ന ഇറ്റാലിയൻ മൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും കണ്ടെത്തിയിട്ടുണ്ട്.

ആന്ധ്രാപ്രദേശിലും വിദേശവ്യാപാരത്തിന്റെ തെളിവുകൾ ലഭ്യമാണ്. അവിടത്തെ ചില തുറമുഖങ്ങളും ദ്വീപുപട്ടണങ്ങളുമാണ് വ്യാപാരത്തിൽ മുഖ്യ പങ്ക് വഹിച്ചിരുന്നത്. പട്ടണമായ പിപെത്താനം (പ്രതിഷ്ഠാനം) കല്ലുകൾ, പരു

കുറിപ്പുകൾ :

ത്തിത്തുണിത്തരങ്ങൾ മുതലായവ കപ്പൽമാർഗ്ഗം കയറ്റിയയച്ചിരുന്നു.ആന്ധ്രാ രാജാവായ യജ്ഞശ്രീ കടൽവ്യാപാരത്തിന്റെ പ്രതീകമായ കപ്പൽ മുദ്രയുള്ള അപൂർവ്വ നാണയങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

## 21.8 കപ്പലുകളും വിദേശവ്യാപാരവും

ഇന്ത്യൻ സംസ്ക്കാരം വിദേശത്ത് പ്രചരിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് വ്യാപാരമായിരുന്നു വളരെ പുരാതനകാലത്ത് നമ്മുടെ കപ്പലുകൾ വിസ്തൃതമായ സമുദ്രങ്ങൾ താണ്ടി പുറം രാജ്യങ്ങളിലെത്തുകയും പല രാജ്യങ്ങളുമായി വാണിജ്യബന്ധം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അയൽ രാഷ്ട്രങ്ങളുടെ സാഹിത്യം , കല, കൊത്തുപണികൾ ഇന്ത്യയുമായുള്ള സാംസ്ക്കാരിക ബന്ധത്തിന്റെ വ്യക്തമായ തെളിവുകളാണ്. സുരിനാം കരിബിയൻ ദ്വീപുകൾ അവയെല്ലാം അമേരിക്കൻ തീരത്താണെങ്കിൽപോലും , അവിടേയും പുരാതന ഇന്ത്യൻ സംസ്ക്കാരത്തിന്റെ തെളിവുകളാണ്. സമുദ്ര ഗുപ്തനു (ഏ.ഡി 340 –350 ശക്തമായൊരു കരസൈന്യം മാത്രമല്ല അതിശക്തമായ നാവികപ്പടയുമുണ്ടായിരുന്നു. ഗംഗാഉപദ്വീപുഭാഗത്തും മലയാദ്വീപ സമൂഹങ്ങളിലും നിന്നും കണ്ടെത്തിയിട്ടുള്ള ചില കൊത്തുലിഖിതങ്ങൾ ഗുപ്തകാലഘട്ടത്തിലെ ഇന്ത്യക്കാരുടെ കടൽ സാഹസികതയുടെ സാക്ഷ്യമാണ്. ഹർഷചക്രവർത്തിയുടെ കാലത്ത് (ഏ.ഡി 606–647) ഇന്ത്യ സന്ദർശിച്ച ഹുയാൻ–സാങ് അക്കാലത്തെ ഇന്ത്യയെക്കുറിച്ച് ദീർഘമായ വിവരണം നൽകുന്നുണ്ട്. ചോളഭരണാധികാരികൾ ശക്തമായ നാവിക വ്യൂഹത്തിന് രൂപം കൊടുക്കുകയും സമുദ്രാക്രമണങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ചില ഇന്ത്യൻ വ്യാപാരികൾക്ക് അൻപതിലേറെ കപ്പലുകളുണ്ടായിരുന്നതായി പോർച്ചുഗീസുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ മിക്കവാറും ഇന്ത്യൻ വ്യാപാരികൾക്കെല്ലാം സ്വന്തമായി കപ്പലുണ്ടായിരുന്നു. സിന്ധൂനദീതടസംസ്ക്കാരവുമായി ബന്ധമുള്ള ചില വസ്തുക്കൾ ഇന്ത്യക്ക് ഈജിപ്ഷ്യൻ, മെസോപ്പൊട്ടോമിയൻ നാഗരികതകളുമായി ബിസി മൂന്നാം സഹസ്രാബ്ദം മുതലെ ബന്ധമുണ്ടായിരുന്നുവെന്നതിന്റെ തെളിവുകളാണ്. ഇന്ത്യയ്ക്ക് പുരാതന പേർഷ്യ, ഗ്രീസ്, റോം തുടങ്ങിയ രാജ്യങ്ങളുമായി ഉണ്ടായിരുന്ന ബന്ധം , സാംസ്ക്കാരിക, സാമൂഹ്യ, മതപരമായ ആശയങ്ങളുടെ വിനിമയത്തിന് സഹായകമായിരുന്നു. റോമാസാമ്രാജ്യവുമായുള്ള ഈ വ്യാപാരബന്ധം റോമൻ ചരിത്രകാരനായ പ്ലീനി സ്ഥിരീകരിക്കുന്നുണ്ട്. റോമിലെ സമ്പത്തിന്റെ ഇന്ത്യയിലേക്കുള്ള ചോർച്ചയെപ്പറ്റിയും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

## 21.9 ഈ ബന്ധത്തിൽ നിന്ന് ഇന്ത്യക്കാർ എന്ത് പഠിച്ചു

വിദേശീയരിൽനിന്നും ഇന്ത്യക്കാർ പലതും പഠിച്ചിട്ടുണ്ട്. ഉദാഹരണം സ്വർണ്ണ നാണയം നിർമ്മിക്കുന്ന രീതി ഗ്രീക്കുകാരിൽ നിന്നും റോമാക്കാരിൽ നിന്നുമാണ് പഠിച്ചത്. സിൽക്ക് നിർമ്മാണം പഠിച്ചത് ചൈനക്കാരിൽനിന്നുമാണ്. ഇന്തോനേഷ്യക്കാരിൽ നിന്നുമാണ് വെറ്റിലകൃഷി അഭ്യസിച്ചത്. വിവിധരാജ്യങ്ങളുടെ കലയും സംസ്ക്കാരവും ഇന്ത്യയെ സ്വാധീനിച്ചിട്ടുണ്ട് പക്ഷേ അധികവും പ്രതിഫലിക്കുന്നത് മറ്റു രാജ്യങ്ങളിലാണ്.

## പാഠഭാഗചോദ്യങ്ങൾ 21.4

1. അറബികളും ഇന്ത്യാക്കാരും തമ്മിലുള്ള സാമ്പത്തിക ബന്ധത്തിന് എത്ര പഴക്കമുണ്ട് ?

*കുറിപ്പുകൾ :*

2. ഏതാനും പ്രമുഖരായ അറേബ്യൻ സഞ്ചാരികളുടെ പേരെഴുതുക ?

3. അറബികൾക്ക് ഇന്ത്യ നൽകിയ രണ്ട് ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങളുടെ പേരെഴുതുക ?

4. അറബികൾക്ക് ഗണിതശാസ്ത്രമേഖലയിൽ ഇന്ത്യയുടെ സംഭാവനയെന്ത്?

5. ആരാണ് ശുശ്രുതസംഹിത അറബിയിലേക്ക് വിവർത്തനം ചെയ്തത് ?

6. ആരുടെ മേൽനോട്ടത്തിലാണ് ഇന്ത്യൻ വൈദ്യചികിത്സാകൃതികൾ അറബിയിലേക്ക് വിവർത്തനം നടത്തിയത് ?

7. അറബികൾ പഠിച്ച മറ്റുമേഖലകളിലെ ഇന്ത്യൻ അറിവുകൾ എന്തെല്ലാം ?

8. ഇന്ത്യയിൽ എവിടെയാണ് റോമൻ നാണയങ്ങൾ കണ്ടെടുത്തത് ?

9. അറേബ്യയിൽ ഏതെല്ലാം വസ്തുക്കൾക്കാണ് അധികം ആവശ്യമുണ്ടായിരുന്നത് ?

10. എങ്ങനെയായിരുന്നു കുശാന സാമ്രാജ്യത്തിന് സുസ്ഥിരമായ സ്വർണ്ണനാണയം സ്ഥാപിക്കാൻ കഴിഞ്ഞത് ?

11. ആരായിരുന്നു യവനർ?

12. പുരാതന ഇന്ത്യയിൽ യവനരുടെ ജോലി എന്തായിരുന്നു ?

13. ഇന്ത്യയിൽ എവിടെയായിരുന്നു ഇറ്റാലിയൻ മൺപാത്രമായ അരിറ്റൈൻ കണ്ടെത്തിയത് ?

14. ഏത് ആന്ധ്രാരാജാവാണ് രാജ്യത്തിന്റെ സമുദ്രവ്യാപാരത്തിന്റെ പ്രതീകമായ കപ്പൽ മുദ്രണം ചെയ്ത അപൂർവ്വ സ്വർണ്ണനാണയം പുറപ്പെടുവിച്ചത് ?

## നിങ്ങളെന്തുപഠിച്ചു

* വിവിധമാർഗ്ഗങ്ങളിലൂടെ പുരാതനകാലത്ത് ഇന്ത്യൻ സംസ്ക്കാരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു

* പഠനനിലവാരത്തിന് പ്രശസ്തമായിരുന്ന ഇന്ത്യൻ സർവ്വകലാശാലകൾ വിവിധ രാജ്യങ്ങളിൽ നിന്നും വിദ്യാർത്ഥികളെ ആകർഷിച്ചിരുന്നു.

കുറിപ്പുകൾ :

* സംസ്കൃതഗ്രന്ഥങ്ങൾ വിവിധഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. അവ ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനത്തിൽ മുഖ്യ ഉപാധിയായി.

* ഇന്ത്യൻ സംസ്ക്കാരവും മതവും എത്തിച്ചേർന്ന രാജ്യങ്ങളിൽ അനേകം ക്ഷേത്രങ്ങളും ആശ്രമങ്ങളും നിർമ്മിക്കപ്പെട്ടു.

* പല രാജ്യങ്ങളിലെ കലാകാരന്മാർ ഇന്ത്യൻ കലാരാതീ സ്വീകരിച്ചു.

* പലരാജ്യങ്ങളിലും ഇന്ത്യൻ ഇതിഹാസങ്ങൾ പ്രസിദ്ധമായിരുന്നു. രാമായണവും മഹാഭാരതവും ദക്ഷിണപൂർവ്വ ഏഷ്യൻ രാജ്യങ്ങളിൽ വളരെയധികം ജനപ്രീതി സിദ്ധിച്ചു.

* ബുദ്ധമതം സ്വീകരിച്ച പ്രഥമരാജ്യം ശ്രീലങ്കയായിരുന്നു.

* ഇന്ത്യൻ ലിപിയായ ബ്രാഹ്മി പല ദക്ഷിണ പൂർവ്വ ഏഷ്യൻ രാജ്യങ്ങളിലെയും ലിപികൾക്ക് മാതൃകയായിരുന്നു.

* ഇൻതോ – ഏഷ്യൻ സാംസ്ക്കാരിക ബന്ധത്തിന്റെ പ്രധാന ആധാരം ഈ രാജ്യങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുള്ള സംസ്കൃതശാസനങ്ങളാണ്.

* ബർമ്മ തായ്‌ലന്റ്, ശ്രീലങ്ക, കംബോഡിയ തുടങ്ങിയ രാജ്യങ്ങളിൽ ബുദ്ധമതം ജീവിക്കുന്ന ഒരു മതമാണ്.

* ഗണിത ശാസ്ത്രമാണ് അറേബ്യൻ സംസ്ക്കാരത്തിന് ഇന്ത്യയുടെ ഏറ്റവും വലിയ സംഭാവന

## പാഠാവസാന അഭ്യാസങ്ങൾ

1. ഇന്ത്യൻ സംസ്ക്കാരം വിദേശത്തെ വ്യാപിച്ചവിവിധ ഉപാധികൾ എന്തെല്ലാം ?

2. ഇന്ത്യൻ സംസ്ക്കാരം വിദേശത്തുവ്യാപിക്കുന്നതിൽ പുരാതന സർവ്വകലാശാലകളുടെ പങ്ക് എന്തെല്ലാമായിരുന്നു ?

3. ശാന്തിയുടെ മതമെന്ന നിലയ്ക്ക് ബുദ്ധമതം പൂർവ്വേഷ്യൻ രാജ്യങ്ങളിൽ എത്തിയതെങ്ങനെ ?

4. തായ്‌ലൻഡിലെ ഇന്ത്യൻ സംസ്ക്കാരത്തിന്റെ ഒരു വിവരണം നൽകുക?

5. ഇൻഡോനേഷ്യയിലെ മതവാസ്തുകല വിശദീകരിക്കുക ?

6. റോമാ സാമ്രാജ്യവുമായുള്ള ഇന്ത്യയുടെ വ്യാപാരബന്ധം വിശദീകരിക്കുക?

7. പുരാതന ഇന്ത്യയ്ക്ക് കടൽമാർഗ്ഗം വ്യാപാരബന്ധമുണ്ടായിരുന്നു. വിശദമാക്കുക ?

## ഉത്തരങ്ങൾ

**21.1**

1. വ്യാപാരികൾ, അദ്ധ്യാപകർ, ദൂതന്മാർ, മിഷനറിമാർ

2. നളന്ദ, തക്ഷശില സർവ്വകലാശാലകൾ

3. തിബറ്റൻ പണ്ഡിതനായ താരനാഥൻ

4. കശ്യപമാർതാംഗനും , ധർമ്മരക്ഷിതനും.

5. ചില സംസ്കൃതഗ്രന്ഥങ്ങൾ ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്യണമെന്നുള്ള രാജാവിന്റെ അഭ്യർത്ഥനമാനിച്ചുകൊണ്ട് അദ്ദേഹം പോയി.

6. ഇന്ത്യയിൽ നിന്നും യൂറോപ്പിലേക്ക് താമസം മാറ്റിയവരായിരുന്നു വിദേശത്തെ ഇന്ത്യൻ സംസ്ക്കാരത്തിന്റെ പ്രതിനിധികൾ

**21.2**

1. എന്തുകൊണ്ടെന്നാൽ സിൽക്കായിരുന്നു ചൈനയുടെ പ്രധാന വാണിജ്യ ഉൽപ്പന്നം

2. കുച്ചി മദ്ധ്യേഷയിലായിരുന്നു. അത് ഇന്ത്യൻ സംസ്ക്കാരത്തിന്റെ പ്രശസ്തമായൊരു കേന്ദ്രമായിരുന്നു. പട്ടുപാത വേർപിരിയുന്നത് ഇവിടെയാണ്.

3. കോത്താൻ, ഓാസീസ് രാജ്യങ്ങൾ

4. ലോകത്തിലെ പ്രശസ്തമായ ഗുഹാസമുച്ചയങ്ങൾ

5. ഏ.ഡി. 8 മുതൽ ഒൻപതു വരെ നൂറ്റാണ്ടുകളിൽ

6. കൊറിയ വഴിയാണ് ഇന്ത്യൻ സംസ്ക്കാരം ജപ്പാനിലെത്തിയത് . ഏ.ഡി. 552-ൽ കൊറിയൻ ചക്രവർത്തി ബുദ്ധവിഗ്രഹം , സൂത്രങ്ങൾ, ആരാധനാ ഉപകരണങ്ങൾ, കലാകാരന്മാർ, കൊത്തുപണിക്കാർ, വാസ്തുശില്പികൾ തുടങ്ങിയവ പാരിദോഷികമായി ജപ്പാൻ ചക്രവർത്തിക്ക് അയച്ചുകൊടുത്തു.

7. മന്ത്യങ്ങളും വാക്യങ്ങളും എഴുതിയിട്ടുള്ള ഒരു ലിപിയാണ് ഷിറ്റിൻ എന്നറിയപ്പെടുന്നത് .

8. 96,000 സംസ്കൃതഗ്രന്ഥങ്ങൾ

**21.3**

1. മഹാവിഹാരവും അഭയഗിരിയും

2. അശോകചക്രവർത്തയാണ് പുത്രനായ മഹേന്ദ്രനെയും പുത്രിയായ സംഗമിത്രയേയും ഒരു പ്രതിനിധി സംഘത്തോടൊപ്പം ശ്രീലങ്കയിലേക്കയച്ചത്. ബോധാഗ്രയിൽ നിന്നെടുത്ത ഒരു ബോധിവൃക്ഷക്കൊമ്പ് അവിടെ നട്ടു.

3. പാലി

4. ഇത് വിഷ്ണുവിന്റെ വാസസ്ഥലമാണെന്ന് കരുതപ്പെടുന്നു.

5. സുമേരു പർവ്വതത്തിന്റെ അഞ്ചുകൊടുമുടികളെന്നു വിളിക്കുന്നു.

6. സൂര്യവർമ്മ രാജാവ് വിഷ്ണുവിന്റെ അവതാരമായി ചിത്രീകരിച്ചിരിക്കുന്നു. തന്റെ സദ്പ്രവർത്തികൾകൊണ്ട് മോക്ഷരാജ്യത്ത് പ്രവേശിക്കുവാൻ കഴിഞ്ഞു.

7. ഒരു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ നിർമ്മിതിയെ ചുറ്റിയുള്ള വിസ്തൃതമായ കിടങ്ങ് ഇതിന്റെ മനോഹരിത വർദ്ധിപ്പിക്കുന്നു.

8. രാമായണ മഹാഭാരത രംഗങ്ങൾ ക്ഷേത്രചുവരിൽ കൊത്തിയിരിക്കുന്നു.

9. പാലാഴി മദനത്തിന്റെ രംഗം

10. ഇതിഹാസരംഗങ്ങളായ രാമരാവണയുദ്ധം,കൈലാസത്തിലുപവസിഷ്ഠരായിരിക്കുന്ന ശിവപാർവ്വതിമാർ, കാമദേവന്റെ സംഹാരം.

11. ഇന്ദ്രപുരം , അമരാവതി, വിജയ, കൗത്തര, പന്തുരംഗം

12. വേദയിലും , വെല്ലസ്ലിയുടെ പ്രവിശ്യയിലും

13. തൃശൂലം വഹിക്കുന്ന സ്ത്രീരൂപം ,നന്ദിയുടെ ശിരസ്സ്, ദുർഗ്ഗയുടെ പ്രതിമ, ഗണേശനും ശിവലിംഗവും.

14. സ്വർഗ്ഗം, രസം, ഗുണം, ദഹ്ദ, മന്ത്രി, ദീപതി, ലക്ഷം പോലെയുള്ള പദങ്ങൾ

15. ലിഗോറിൽ നിന്നുള്ള സുപ്രധാനകൊത്തുലിഖിതം.

16. ഏകദേശം അൻപതു ക്ഷേത്രങ്ങൾ

17. ജാവദ്വീപിലെ ഏറ്റവും ബൃഹത്തായ ശിവക്ഷേത്രം പ്രംബനൻ എന്നറിയപ്പെടുന്നു.

18. ബ്രഹ്മ, വിഷ്ണു ശിവൻ എന്നിവരുടെ വാഹനങ്ങൾക്ക് സമർപ്പിച്ചിട്ടുള്ള ക്ഷേത്രങ്ങൾ.

19. 240 ചെറുക്ഷേത്രങ്ങളാൽ ചുറ്റപ്പെട്ട എട്ടു വലിയ ക്ഷേത്രങ്ങൾ

20. രാമായണവും കൃഷ്ണനും

21. ശിവൻ, ബ്രഹ്മാവ്, ദുർഗ്ഗ, ഗണേശൻ, ബുദ്ധൻ എന്നിവർക്കും മറ്റുദേവന്മാർക്കും സമർപ്പണം ചെയ്തിട്ടുള്ള ഏകദേശം അഞ്ഞൂറു ഗീതങ്ങൾ.

21.4

1. ഏ.ഡി. 10–ാം നൂറ്റാണ്ടിൽ ആരംഭിച്ചു.

2. വ്യാപാരിയായ സുലൈമാനും അൽമസൂദി, ഇബ്നെൻ ഹക്കൂൽ, അൽറുസി

3. (a) സിൻന്തിൽ ഇൻ അരബ് എന്നറിയപ്പെടുന്ന ബ്രഹ്മസ്പൂത (b) അർക്കത് എന്നറിയപ്പെടുന്ന ഖൻദകദ്ധ്യായക

4. പൂജ്യം എന്ന സങ്കല്പവും ദശാംശസമ്പ്രദായവും

5. മൻഹ്

6. ഖലീഫയായ ഹറൂൺ അൽറഷീദ്

7. സർപ്പവിഷത്തെ പറ്റിയുള്ള കൃതി , മൃഗസംരക്ഷണവും തർക്കശാസ്ത്രവും , തത്വചിന്ത, ധാർമ്മികത, രാഷ്ട്രമീമാംസയും യുദ്ധശാസ്ത്രവും

8. മധുരയിലും കോയമ്പത്തൂരിലും

9. കുരുമുളക് , വെറ്റില, സുഗന്ധദ്രവ്യങ്ങൾ,രത്നക്കല്ലുകൾ, വജ്രം, ഗോമേദകം, ആനക്കൊമ്പ്, പവിഴം, സിൽക്ക്, കമ്പിളി എന്നിവ

10. റോമൻ വ്യാപാരത്തിലൂടെ ഇന്ത്യയ്ക്ക് സ്വർണ്ണം ലഭിച്ചു. ഇതിലൂടെ കുശാന സ്മ്രാജ്യത്തിന് സുസ്ഥിരമായ സ്വർണ്ണനാണയങ്ങൾ ലഭ്യമായി.

11. പശ്ചിമേഷ്യയിലെയും മെഡിറ്ററേനിയൻ പ്രദേശങ്ങളിലേയും ജനങ്ങൾ. ഇതിൽ ഗ്രീക്കുകാരും റോമാക്കാരുമുൾപ്പെടുന്നു.

12. മധുരയിലെ പ്രവേശന കവാടവും യുദ്ധഭൂമിയിലെ അംഗരക്ഷകരുടെ കൂടാരവും.

13. പോണ്ടിച്ചേരിക്കു സമീപമുള്ള അരിക്കമേടു എന്ന സ്ഥലം.

14. യജ്ഞ ശ്രീ

## 223

# പാഠ്യപദ്ധതി

## ഇന്ത്യൻ സംസ്ക്കാരവും പൈതൃകവും

### 1.0 കാരണവിവരണം (അടിസ്ഥാന കാരണം)

കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ച ലോകത്തിലെ പുരാതന നാഗരീകതകളിലൊന്നാണ് ഇന്ത്യ. ബാഹ്യസ്വാധീനങ്ങളെ സ്വീകരിക്കാനും, ഉൾക്കൊള്ളാനുമുള്ള അതിന്റെ കഴിവും, സ്വന്തം വസ്ത്രത്തിൽ തുന്നിച്ചേർക്കാൻ കഴിഞ്ഞതുമാണ് ഇന്ത്യൻ സംസ്ക്കാരത്തെ ഇതര സംസ്ക്കരങ്ങളിൽ നിന്നും അതുല്യമാക്കുന്നത്. ഈ സമ്മിശ്ര സ്വാധീനം ഇന്ത്യയുടെ സാംസ്ക്കാരിക ചുറ്റുപാടുകളെ സമ്പന്നമാക്കുക മാത്രമല്ല, അതിനെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ കല, വാസ്തുവിദ്യ, സംഗീതം, ഭാഷ, തത്വചിന്ത, മതം എല്ലാം പ്രതിഫലിപ്പിക്കുന്നത് നൂറ്റാണ്ടുകളിലൂടെ സംഭവിച്ച ഈ വൈവിധ്യമാർന്ന സ്വാധീനമാണ്. ഇതാണ് ഇന്ത്യൻ സംസ്ക്കരത്തിന്റേയും, പൈതൃകത്തിന്റേയും സൗന്ദര്യം. ഇന്ത്യൻ പൗരൻമാരെന്ന നിലയിൽ ഈ ബഹുമുഖവും, സമ്പന്നവുമായ സംസ്ക്കാരത്തിൽ അഭിമാനിക്കുക മാത്രമല്ല, അതിനെ വസ്തു നിഷ്ഠമായി പഠിക്കുകയും വിമർശനപരമായി വിലയിരുത്തുകയും വേണം.

### 2.0 ലക്ഷ്യങ്ങൾ

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

- ഇന്ത്യൻ സംസ്ക്കരത്തിന്റേയും, പൈതകത്തിന്റേയും, വിവിധ പ്രത്യേകതകൾ പഠിതാവിന് പരിചയപ്പെടുത്തുക.
- മതം, തത്വചിന്ത, ശാസ്ത്രം, കലകൾ, വിദ്യാഭ്യാസം, ഭാഷകളും, സാഹിത്യവും തുടങ്ങിയ മേഖലകളിൽ പൂർവ്വികരുടെ സംഭാവനകൾ പഠിതാവിന് പരിചയപ്പെടുത്തുക.
- ഇന്ത്യൻ സംസ്ക്കാരത്തിന്റെ സമസ്ത മേഖലകളിലും വൈവിധ്യത്തിലുള്ള ഏകത്വത്തെ വിലമതിക്കാൻ പഠിതാവിനെ പ്രാപ്തമാക്കുക.
- ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള ഇന്ത്യൻ സംസക്കാരത്തിന്റെ സ്വാധീനം പഠിതാവിനെ പരിചയപ്പെടുത്തുക.
- ഇന്ത്യൻ സംസ്ക്കാരത്തിന്റെ സങ്കരസ്വഭാവം വിലമതിക്കാൻ പഠിതാവിനെ പ്രാപ്തമാക്കുക.
- പഠിതാവിൽ രാഷ്ട്രത്തോട് സ്നേഹവും, രാഷ്ട്രത്തിന്റെ ഭാഗമാണെന്ന തോന്നലും വികിപ്പിക്കുക.

### 3.0 പദ്ധതിയുടെ വിവരണം

| മോഡ്യൂൾ | ടൈറ്റിൽ | മാർക്ക് |
|---|---|---|
| 1 | സംസ്ക്കാരം | 10 |

| | | |
|---|---|---|
| 2 | ചരിത്രവും, സംസ്ക്കാരവും കാലാന്തരങ്ങളിലൂടെ | 15 |
| 3 | ഭാഷകളും, സാഹിത്യവും | 10 |
| 4 | മതവും, തത്വചിന്തയും | 12 |
| 5 | ചിത്രകല, പ്രകടനകല, വാസ്തുവിദ്യ | 12 |
| 6 | ശാസ്ത്രവും, സാങ്കേതിക വിദ്യയും | 10 |
| 7 | വിദ്യാഭ്യാസം | 09 |
| 8 | സാമൂഹ്യഘടന | 10 |
| 9 | വിദേശത്ത് ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനം | 12 |
| | **ആകെ** | **100** |

### പദ്ധതിയുടെ വിവരണം

**മൊഡ്യൂൾ 1 : സംസ്ക്കാരം** മാർക്ക് : 10

പഠനമണിക്കൂറുകൾ 20

### സമീപനം

ഈ മൊഡ്യൂൾ രൂപപ്പെടുത്തിയിരിക്കുന്നത് സംസ്ക്കാരത്തിന്റെ സങ്കല്പത്തേയും, അർത്ഥത്തേയും കുറിച്ച് ഒരു ധാരണ വളർത്തുന്നതിനാണ്. ഇന്ത്യൻ സംസ്ക്കാരത്തെ വ്യത്യസ്തമാക്കുന്ന സവിശേഷതകൾ വിശദീകരിക്കുന്നു.

### പാഠം 1 : സംസ്ക്കാരം : ഒരു ആമുഖം

- സംസ്ക്കാരമെന്ന സങ്കല്പം
- സംസ്ക്കാരവും നാഗരീകതയും
- സംസ്ക്കാരവും പൈതൃകവും
- സംസ്ക്കാരത്തിന്റെ പൊതുവായ സവിശേഷതകൾ
- ഘടകങ്ങൾ – സംസ്ക്കാരത്തിന്റെ ഭാവങ്ങൾ
- മനുഷ്യജീവിതത്തിൽ സംസ്ക്കാരത്തിനുള്ള പ്രാധാന്യം

### പാഠം 2 : ഇന്ത്യൻ സംസ്ക്കാരം

- സംസ്ക്കാരത്തിന്റെ അർത്ഥം
- ഇന്ത്യൻ സംസ്ക്കാരത്തിന്റെ സവിശേഷതകൾ
- സാംസ്ക്കാരീക വ്യക്തിത്വം, മതം, പ്രദേശം, വംശീയത
- സാംസ്ക്കാരിക സ്വാധീനം

## മൊഡ്യൂൾ 2 : ചരിത്രവും, സാംസ്ക്കാരവുംകാലാന്തരത്തിലൂടെ

**സമീപനം** മാർക്ക് : 15

പഠനമണിക്കൂറുകൾ : 35

ഇന്ത്യൻ സംസ്ക്കാരത്തിന്റെ ചരിത്രപരമായ വികാസത്തെ സംബന്ധിച്ച് ഒരു ധാരണ വളർത്തുകയെന്നത് ഈ മൊഡ്യൂളിന്റെ ലക്ഷ്യം. കാലാന്തരങ്ങളിലൂടെയുള്ള ഇന്ത്യൻ സംസ്ക്കാരത്തിന്റെ പരിണാമം കണ്ടെത്താം. ഇന്ത്യാചരിത്രത്തിന്റെ പൗരാണിക, മധ്യ ആധുനിക കാലഘട്ടങ്ങളിലെ സവിശേഷമായ സാംസ്ക്കാരിക വികാസങ്ങൾ ഉയർത്തിക്കാട്ടാൻ ഈ മൊഡ്യൂൾ ലക്ഷ്യമിടുന്നു.

### പാഠം 3 : പൗരാണികഭാരതം

- ഹാരപ്പൻ നാഗരീകത
- വൈദീക സംസ്ക്കാരം, സമൂഹവും, മതവും, ഭൗതീക ജീവിതവും സാമ്പത്തീകസ്ഥിതിയും
- ജനകീയ മതപരിഷ്ക്കരണങ്ങൾ
- പേർഷ്യൻ ആക്രമണവും ഇന്ത്യൻ സംസ്ക്കാരത്തിൽ അതിന്റെ സ്വാധീനവും
- ഗ്രീക്കുകാരുടെ ആക്രമണവും, ഇന്ത്യൻ സംസ്ക്കാരത്തിൽ അതിന്റെ സ്വാധീനവും
- മഹാനായ അശോകൻ
- മൗര്യ മൗര്യാനന്തര കാലഘട്ടത്തിലെ കലയും, വാസ്തുശില്പവും
- ഗുപ്തകാലഘട്ടം, വാസ്തുശില്പവും, ചിത്രകലയും
- വൈദീകബ്രാഹ്മണമതത്തിൽ നിന്നും പുരാണ ഹിന്ദുത്വത്തിലേക്കുള്ള പരിവർത്തനം
- ഉന്നതവിദ്യാപീഠമായ നളന്ദയുടെ ആവീർഭാവം
- ക്രിസ്തുമതം ഇന്ത്യയിൽ
- ദക്ഷിണേന്ത്യ പല്ലവൻമാരും, ചോളന്മാരും

### പാഠം 4 : മധ്യകാലഭാരതം

- മുസ്ലീങ്ങളുടെ ആഗമനം
- സൂഫിസത്തിന്റെ ആവിർഭാവം
- കാലഘട്ടത്തിന്റെ രാഷ്ട്രീയ പശ്ചാത്തലം
- സാംസ്ക്കാരിക വികാസം ഇന്ത്യയിൽ
- മതത്തിലും സമൂഹത്തിലും ചെലുത്തിയ സ്വാധീനം
- നടോടി കലകൾ, സംഗീതം, ചിത്രകലകൾ
- ആദുനിക ഇന്ത്യൻ ഭാഷയുടെ ഉദയം

▸ പുതിയ വിശ്വാസങ്ങളുടെ ഉദയം : സിക്കുമതം, സൊരാഷ്ട്രീയൻ മതം

▸ ദക്ഷിണേന്ത്യ : ചോള, വിജയ നഗര, ഭാമിനി രാജാക്കൻമാരുടെ കീഴിലെ വികാസം

### പാഠം 5 : ആധുനിക ഇന്ത്യ

▸ ഇന്ത്യയ്ക്കുമേൽ പാശ്ചാത്യ നവോത്ഥാന മതനവീകരണ പ്രസ്ഥാനങ്ങളുടെ സ്വാധീനം

▸ ഇന്ത്യ 15-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മത സാമൂഹിക വ്യവസ്ഥിതി

▸ സാമൂഹ്യമതപരിഷ്ക്കരണങ്ങൾ : റാംമോഹൻ റോയ്, സ്വാമി ദയാനന്ദ സരസ്വതി, ജ്യോതിഫുലെ, നാരായണ ഗുരു, പണ്ഡിത രമാഭായ്

▸ പത്രങ്ങളുടേയും, ആധുനിക ഭാഷകളുടേയും, സാഹിത്യത്തിന്റെ വളർച്ച പത്രങ്ങളുടെ പങ്ക്, ചില പ്രധാനപ്പെട്ട പത്രങ്ങൾ

▸ ഇന്ത്യ സ്വാതന്ത്ര്യം മുതൽ സാമൂഹിക രാഷ്ട്രീയ സംഭവ വികാസങ്ങൾ

### മൊഡ്യൂൾ : 3 ഭാഷകളും സാഹിത്യവും

മാർക്ക് : 10

പഠനമണിക്കൂർ : 25

ഇന്ത്യയിലെ ഭാഷകളേയും സാഹിത്യത്തേയും പഠിതാക്കൾക്ക് പരിചയപ്പെടുത്തുകയെന്നതാണ് ഈ മൊഡ്യൂളിന്റെ ലക്ഷ്യം. പുരാതന ഇന്ത്യയിൽ സംസ്കൃതത്തിന്റെ പ്രധാന പങ്ക് ഈ മൊഡ്യൂൾ പരിശോധിക്കും. ലഭ്യമായ സംസ്കൃതം, പാലി. പ്രാകൃതസാഹിത്യ രചനകളെ കണ്ടെത്തുന്നു. തമിഴ് ഭാഷയിലെ സംഘസാഹിത്യത്തിന്റേയും തെലുങ്ക്, കന്നഡ, മലയാളം പോലെയുള്ള മററു ദക്ഷിണേന്ത്യൻ സാഹിത്യത്തിന്റേയും സമ്പന്നമയ പൈതൃകത്തെ പഠിതാവിന് പരിചയപ്പടുത്തുന്നു.

### പാഠം 6 : ഇന്ത്യൻ ഭാഷകളും, സാഹിത്യവും

▸ ഇന്ത്യൻ ഭാഷകൾ : സംസ്കൃതത്തിന്റെ പങ്ക്

▸ വേദങ്ങൾ : ഋഗ്വേദം, യജ്ജുർവേദം, സാമവേദം, അഥർവ്വേദം

▸ ഉപനിഷത്തുക്കൾ

▸ ഇതിഹാസങ്ങൾ : രാമായണവും, മഹാഭാരതവും

▸ ഭഗവത്ഗീത

▸ പുരാണങ്ങളും, സംസ്കൃതികളും

▸ പാലി, പ്രാകൃത, സംസ്കൃത ഭാഷയിലെ ജൈനബുദ്ധ സാഹിത്യങ്ങൾ, ത്രിപീഠകങ്ങളും ജാതകകഥകളും

▸ മറ്റു സംസ്കൃത സാഹിത്യങ്ങൾ : ധർമ്മശാസ്ത്രങ്ങൾ, കൗടില്യന്റെ അർത്ഥശാസ്ത്രം, ഭാസൻ, ശൂദ്രകൻ, കാളിദാസൻ, ഭാണഭട്ടൻ എന്നിവരുടെ കൃതികൾ, വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ, കാശ്മീരിലെ സംസ്കൃത സാഹിത്യം

- സംഘസാഹിത്യം
- തെലുങ്ക്, കന്നഡ, മലയാളം, സാഹിത്യം

**പാഠം 7 : ഇന്ത്യൻ ഭാഷകളും സാഹിത്യവും 11**

- ഉത്തരേന്ത്യൻ ഭാഷകളും, സാഹിത്യവും
- ഭാഷകളുടെ പരിണാമം : വാമൊഴി ഭാഷകളും വരമൊഴി ഭാഷകളും, ബ്രഹ്മലിപി, ഹിന്ദിയും, അതിന്റെ ദേശ്യ ഭാഷകളും
- ഉർദ്ദുവും, പേർഷ്യൻ സാഹിത്യവും
- ഹിന്ദി സാഹിത്യം
- ബംഗാളി, ആസാമിസ്, ഒറിയ സാഹിത്യം
- പഞ്ചാബി, രാജസ്ഥാനി സാഹിത്യം
- ഗുജറാത്തി സാഹിത്യം
- സിന്ധി സാഹിത്യം
- മറാത്തി സഹിത്യം
- കാശ്മീരി സാഹിത്യം
- ക്രിസ്തുമത മിഷനറിമാരുടെ പങ്ക് : കല്ലച്ചടിയുടെയും, മിഷനറി സ്കൂളുകളുടേയും കോളേജുകളുടേയും പങ്ക്

**മൊഡ്യൂൾ 4 : മതവും ചിന്തയും**

മാർക്ക് : 12

പഠനമണിക്കൂറുകൾ : 26

**സമീപനം**

ഇന്ത്യൻ തത്വചിന്താമണ്ഡലത്തിലുണ്ടായിട്ടുള്ള വികാസപരിണാമങ്ങൾ കണ്ടെത്താനും യുഗയുഗാന്തരങ്ങളിലൂടെ രൂപം കൊള്ളുകയും പടർന്നു പന്തലിക്കുകയും ചെയ്ത മതപാരമ്പര്യങ്ങൾ പരിശോധിക്കാനും ഈ മൊഡ്യൂൾ ലക്ഷ്യമിടുന്നു. ഇന്ത്യയിലെ വിവിധ മതങ്ങളെ ഗ്രസിച്ചിട്ടുള്ള പല രോഗങ്ങൾക്കെതിരെ ആധുനിക കാലത്ത് രൂപംകൊണ്ട പരിഷ്ക്കരണ പ്രസ്ഥാമങ്ങളെക്കുറിച്ചും ഈ മൊഡ്യൂൾ ചർച്ച ചെയ്യുന്നു.

**പാഠം 8 : മതവും, തത്വചിന്തയും പുരാതന ഭാരതത്തിൽ**

- മുൻ വേദങ്ങളും വൈദീകമതവും
- പുരോഗമന മതപ്രസ്ഥാനങ്ങൾ – ബുദ്ധമതവും, ജൈനമതവും
- ദൈവീക മതങ്ങൾ – വൈഷ്ണവമതം, ശൈവമതം, ശക്തിപൂജ

- നാടോടി ആരാധന – നാഗപൂജയും, യക്ഷിപൂജയും
- ദക്ഷിണേന്ത്യയിലെ വൈഷ്ണവ ശൈവപ്രസ്ഥാനങ്ങൾ
- വൈദീകദർശനങ്ങൾ – സംഖ്യ, യോഗ, ന്യായ, വൈശേഷിക, മീമാംസ, അദ്വൈതം
- ചാർവാകദർശനം
- ബുദ്ധദർശനം

### പാഠം 9 : മതവും, തത്വചിന്തയും മധ്യകാലഭാരതത്തിൽ

- സൂഫി പ്രസ്ഥാനം – ചിഷ്ടി സുഹർവാടി സിൽസിലകൾ, സൂഫി പ്രസ്ഥാനത്തിന്റെ പ്രസക്തി
- ഭക്തി പ്രസ്ഥാനം – നിർഗുണ, സദ്ഗുണ ഭക്തി, കബീർ, നാനാക്ക്, മീരാഭായ് തുടങ്ങിയവരുടെ പങ്ക്
- മധ്യകാലഭാരതത്തിലെ

തത്വചിന്ത – വിശിഷ്ടാദ്വൈതം, ശിവാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം, ശുദ്ധാദ്വൈതം

### പാഠം 10 : ആധുനിക ഭാരതത്തിലെ മതനവീകരണ പ്രസ്ഥാനങ്ങൾ

- രാജാറാം മോഹൻ റോയിയും, ബ്രഹ്മ സമാജവും
- റാനഡെയും പ്രാർത്ഥനാസമാജവും
- ദയാനന്ദ സരസ്വതിയും, ആര്യസമാജവും
- സ്വാമി വിവേകാനന്ദനും, രാമകൃഷ്ണമിഷനും
- ആനിബസന്റും, തിയോസഫിക്കൽ സൊസൈറ്റിയും
- സയ്യീദ് അഹമദ്ഖാനും, ആലിഗാർ പ്രസ്ഥാനവും

## മൊഡ്യൂൾ 5 : ചിത്രകല, പ്രകടനകല, വാസ്തുശില്പം

മാർക്ക് : 12

പഠനമണിക്കൂറുകൾ : 25

### സമീപനം

ഇന്ത്യൻ സംസ്ക്കാരം സാധാരണയായി അതിന്റെ ചിത്രകല, ശില്പകല, സംഗീതം, നൃത്തം പോലെയുള്ള കലാസൃഷ്ടികളിലൂടെയാണ് വിശേഷിപ്പിക്കപ്പെടുന്നത്.

ഒർത്ഥത്തിൽ അവയെ സാംസ്ക്കാരിക സൃഷ്ടികളായി കണക്കാക്കാം. ഇന്ത്യയിലെ വിവിധ കലാരൂപങ്ങളായ ചിത്രകല, കരകൗശലവിദ്യ, സംഗീതം, നാടകം, വാസ്തു ശില്പം, ശില്പകല എന്നിവയുടെ പരിണാമം കണ്ടെത്തുകയെന്നതാണ് ഈ മൊഡ്യൂളിന്റെ ലക്ഷ്യം.

### പാഠം 11 : ഇന്ത്യൻ ചിത്രകല

- കലപുരാതന ഇന്ത്യയിൽ : ഹാരപ്പൻ നാഗരികതയിലെ ക്രിയാത്മക ചിത്രകല, ബുദ്ധചിത്രകലയും, കരിങ്കൽ ഗുഹകളും, ചിത്രശാലകളും ശിൽപശാസ്ത്രങ്ങളും
- മധ്യകാലഭാരതത്തിലെ കല : മുഗള പഹാരി ചിത്രകല
- ആധുനിക ഭാരതത്തിലെ കല : രവീന്ദ്രനാഥടാഗോറിന്റേയും, അഭിനേന്ദ്രനാഥടാഗോറിന്റേയും, നന്ദലാൽബോസ്, എം.എഫ്. ഹുസൈൻ തുടങ്ങിയവരുടെ സ്വാധീനം
- അലങ്കാരകല : രംഗോലി, അൽപന, ഏയ് വാൻ, രംഗവല്ലി, കുല്ലം, മന്ദന
- നാടോടി ചിത്രകല : മിഥില ചിത്രകല, കലങ്കാരി ചിത്രകല, വർജി ചിത്രകല, കാളിഘട്ട് ചിത്രകല
- ഇന്ത്യൻ കരകൗശല വിദ്യകൾ : രാജസ്ഥാനിലെ ബന്ദിനി, ആന്ധ്രാപ്രദേശിലെ ബിദ്രി പൊച്ചമ്പള്ളി സാരികൾ, തമിഴ് നാട്ടിലെ കാഞ്ചീവരം സിൽക്ക് സാരി, മൈസുറിലെ സിൽക്ക് ചന്ദന ഇനങ്ങൾ, ആസാമിലെ ചൂരൽ ഫർണിച്ചറുകൾ, ബംഗാളിലെ ടെറാക്കോട്ടമോഡൽസ്.

### പാഠം 12 : പ്രകടനകല, സംഗീതം, നൃത്തം, നാടകം

- പ്രകടനകലാ സങ്കൽപം : ഒരു ഹ്രസ്വചരിത്രം
- ഇന്ത്യൻ ശാസ്ത്രീയസംഗീതത്തിന്റെ പിരിവുകൾ : ഹിന്ദുസ്ഥാനിയും, കർണ്ണാട്ടിക്കും
- ആധുനിക ഇന്ത്യൻ സംഗീതവും, നാടോടി സംഗീതവും
- ഇന്ത്യയിലെ നൃത്തങ്ങൾ : വിവിധ നൃത്തരൂപങ്ങൾ, ആധുനിക ഇന്ത്യയിലെ സുപ്രസിദ്ധ നർത്തകർ
- നാടകം : ശാസ്ത്രീയവും, നാടോടിയും, ആധുനിക നാടകശാലകളുടെ ഉദയം, വിവിധ തരത്തിലുള്ള നാടകങ്ങൾ, പ്രധാനപ്പെട്ട നാടകങ്ങളും, രചയിതാക്കളും
- പ്രകടനകലയും, മനുഷ്യവ്യക്തിത്വമുള്ള അവരുടെ സ്വാധീനവും

### പാഠം 13 : ഇന്ത്യൻ വാസ്തുശില്പം

- വാസ്തുശില്പം : അവയുടെ ആവിർഭാവവും, ഇന്ത്യൻ വിക്ഷണവും
- ഇന്ത്യൻ വാസ്തുശില്പത്തിന്റെ പരിണാമം : ചരിത്രാതീതം, ഹാരപ്പൻ കാലഘട്ടം, ഋഗ്വേദകാലഘട്ടത്തിലെ വികാസങ്ങൾ , പുരാതന ചരിത്ര കാലഘട്ടം, ഗുഹാവസ്തുശില്പം, പാറ തുരന്നുണ്ടാക്കിയ ക്ഷേത്രങ്ങൾ, സ്വതന്ത്രമായി നിൽക്കുന്ന ക്ഷേത്രങ്ങൾ(Free standing), വാസ്തു ശില്പം മുഗളകാലഘട്ടത്തിൽ.
- കൊളോണിയൽ വാസ്തു ശില്പവും ആധുനിക കാലഘട്ടവും

## മൊഡ്യൂൾ 6 : ശാസ്ത്രവും, സാങ്കേതിക വിദ്യയും

മാർക്ക് : 10

പഠനമണിക്കൂറുകൾ : 30

### സമീപനം

സംസ്ക്കാരത്തിന്റെ മറ്റെല്ലാ മേഖലകളിലുമെന്നപോലെ, ശാസ്ത്രസാങ്കേതിക മേഖലകളിലും ഇന്ത്യ തങ്ങളുടെ പൂർവ്വീകരിൽ നിന്നും സമ്പന്നമായൊരു പൈതൃകം സ്വായത്തമാക്കിയിട്ടുണ്ട്. ഈ മൊഡ്യൂൾ പരിശോധിക്കുന്നത് ചരിത്രത്തിലുടനീളം ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഇന്ത്യയിൽ ഉണ്ടായിട്ടുള്ള വികാസങ്ങളാണ്. അതോടൊപ്പം ആധുനിക ഇന്ത്യയിലെ വിഖ്യാതരായ ശാസ്ത്രജ്ഞന്മാരുടെ സംഭാവനകളും വിലയിരുത്തുന്നു.

### പാഠം 14 : ശാസ്ത്രവും, സാങ്കേതിക വിദ്യയും ഇന്ത്യയിൽ

- പുരാതന ഇന്ത്യയിലെ വ്യത്യസ്ത ശാസ്ത്ര ശാഖകളിലെ വികാസങ്ങൾ :

ജ്യോതിശാസ്ത്രത്തിലും, ഗണിത ശാസ്ത്രത്തിലും, ആര്യഭട്ടന്റേയും, വരാഹമിഹിരന്റേയും സംഭാവനകൾ, ചരകന്റേയും, ശുശ്രുതന്റേയും സംഭാവനകൾ : ലോഹസംസ്ക്കരണത്തിലെ വികാസങ്ങൾ, ഭൂമിശാസത്രവികാസങ്ങൾ.

- ശാസ്ത്ര സാങ്കേതിക വികാസങ്ങൾ മദ്ധ്യകാലഘട്ടത്തിൽ :

ഇസ്ലാമിക ലോകത്തിന്റേയും, യൂറോപ്പിന്റേയും സ്വാധീനം, മക്തബ്ബുകളുടെ മദ്രസ്സകളുടെ, കർഖനകളുടെ പങ്ക്. ഗണിത ശാസ്ത്ര, രസതന്ത്ര, ജ്യോതിശാസ്ത്ര, വൈദ്യശാസ്ത്ര മേഖലകളിലെ വികാസം

- കാർഷീകമേഖലയിലെ കണ്ടുപിടിത്തങ്ങൾ :

പുതിയ വിളകളുടെ ആരംഭം, പുതിയ ജലസേചന വിദ്യകൾ മുതലായവ.

- ശാസ്ത്രവും സാങ്കേതികവിദ്യയും ആധുനിക ഇന്ത്യയിൽ :

സി.എസ്.ഐ.ആർ.ഡി.ഒ. പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ വികാസം, ആറ്റോമിക് എനർജി കമമ്മീഷന്റെ സ്ഥാപനം, ഉപഗ്രഹ വിക്ഷേപണം, ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ മറ്റു പുരോഗതികൾ.

### പാഠം 15 : പുരാതന ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ

ഗണിതശാസ്ത്രവും, ജ്യോതിശാസ്ത്രവും

- ബൗധയാൻ
- ആര്യഭടൻ
- ബ്രഹ്മഗുപ്തൻ
- ഭാസ്ക്കരാചാര്യൻ
- മഹാവീര്യാചാര്യൻ
- ശാസ്ത്രം

- കനദ
- വരാഹമിഹിരൻ
- നാഗാർജ്ജുനൻ
- പുരാതന ഇന്ത്യയുടെ വൈദ്യശാസ്ത്രം (ആയുർവേദവും, യോഗയും)
- ശുശ്രുതൻ
- ചരകൻ
- യോഗയും പതഞ്ജലിയും

**പാഠം 16 : മധ്യകാല ഭാരതത്തിലെ ശാസ്ത്രജ്ഞന്മാർ**

- ശാസ്ത്രം മധ്യകാലഘട്ടത്തിൽ
- ഗണിതശാസ്ത്രം
- ജീവശാസ്ത്രം
- രസതന്ത്രം
- ജ്യോതിശാസ്ത്രം
- വൈദ്യം
- കൃഷി

**പാഠം 17 : ആധുനിക ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ**

- ശ്രീനിവാസരാമനുജൻ, ബർണോലി സംഖ്യകളെക്കുറിച്ചുള്ള പ്രബന്ധം
- സി.വി. രാമൻ : രാമൻ പ്രഭാവം
- ജഗദീഷ് ചന്ദ്രബോസ്, ക്രെസ്കോഗ്രാഫിന്റെ കണ്ടുപിടിത്തവും, വയർലെസ്സ് ഉപകരണങ്ങളും
- ഹോമി ജഹാംഗീർ ബാബ : ടി.ഐ.എഫ്. ആർ ആരംഭിച്ചു. അറ്റോമിക് എനർജി കമ്മീഷന്റെ പ്രഥമ ചെയർമാൻ
- ഡോ. വിക്രം സരാഭായ് : ഒരു വൻ വ്യവസായി, സൈനീക ഉപകരണങ്ങളുടേയും, പെൻസിലിന്റേയും ഉൽപാദനം ആരംഭിച്ചു. ഇന്ത്യൻ നാഷണൽ ബഹിരാകാശ ഗവേഷണ കമ്മീഷന്റെ ചെയർമാൻ. തുമ്പ അറ്റോമിക് റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷനെ നിയന്ത്രിച്ചു. പത്മഭൂഷൺ, പത്മവിഭൂഷൺ ജേതാവ്.
- ഡോ. എ.പി.ജെ. അബ്ദുൾ കലാം : ഇന്ത്യയുടെ പതിനൊന്നാമത്തെ പ്രസിഡന്റ്, ഐ.എസ്.ആർ.ഒ, ഡി.ആർ.ഡി.ഒ. എന്നീ സ്ഥാപനങ്ങളുടെ മഹനീയ സ്ഥാനങ്ങൾ അലങ്കരിച്ചു. പ്രതിരോധ മേഖലയിൽ ഇന്ത്യയെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിച്ചു.

## മൊഡ്യൂൾ 7 : വിദ്യാഭ്യാസം

മാർക്ക് : 9

പഠനമണിക്കൂർ : 30

### സമീപനം

സാംസ്ക്കാരിക വിനിമയത്തിമനുള്ള ഉപാധിയാണ് വിദ്യാഭ്യാസം. ഒരു സമൂഹത്തിന്റെ അറിവ് ചിട്ടപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്നത് ഈ ഉപാധീയിലൂടെയാണ്. അതിപുരാതനകാലം മുതൽ ഇന്ത്യ മറ്റു സംസ്ക്കാരഹ്ങൽ സ്വീകരിച്ചുകൊണ്ട സ്വന്തവും അതുല്യവുമായ ഒരു വിദ്യാഭ്യാസ രീതി രൂപപ്പെടുത്തിയിട്ടുണ്ട്. ഈ മൊഡ്യൂൽ ഇന്ത്യാ ചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളിലൂടെയുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിണാമം തെരയുന്നു. ഈ മേഖലയിലെ പ്രധാന വികാസങ്ങൽ, വിഷയങ്ങൾ, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്നിവയെ എടുത്തുകാണിക്കുന്നു. ആധുനിക ഇന്ത്യയുടെ മുമ്പും പിമ്പുമുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ശക്തി ദൗർഭല്യങ്ങളെ വിമർശനപരമായി വിലയിരുത്താൻ പഠിതാവിന് ഇത് പ്രാപ്തമാക്കുന്നു.

## പാഠം 18 : വിദ്യാഭ്യാസം ഇന്ത്യയിൽ

- വിദ്യാഭ്യാസം പുരാതന ഇന്ത്യയിൽ : വൈദീക ആശ്രമങ്ങൾ, മൗര്യമൗര്യാനന്തര ഗിൽഡുകൾ, ജൈനബുദ്ധ ആശ്രമങ്ങൾ, ഗാഡികകൾ അല്ലെങ്കിൽ കോളേജുകൾ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ, പഠിപ്പിച്ചിരുന്ന വിഷയങ്ങൾ, സ്ത്രീ വിദ്യാഭ്യാസത്തിന്റെ പദവി.
- വിദ്യാഭ്യാസം മദ്ധ്യ യുഗത്തിൽ : മദ്രസകളും, മക്തബ്ബുകളും പാരമ്പര്യങ്ങളും, യുക്തിശാസ്ത്രങ്ങളും, പെതുഭരണം, ജ്യാമിനി, അക്കൈണ്ടൻസി പോലെയുള്ള വിഷയങ്ങളുടെ ആരംഭം.
- വിദ്യാഭ്യാസ ആധുനിക യുഗത്തിൽ കോളോറണിയയിൽ പൈതൃകം, മെക്കോളയുടെ രേഖ, വുഡ്സിൻരെ ഡെസ്പാച്ച്(Despatch), ഇന്ത്യൻ സർവ്വകലാശാല നിയമം.
- വിദ്യാഭ്യാസം സ്വാതന്ത്ര്യാനന്തര യുഗത്തിൽ : പ്രാഥമിക വിദ്യാഭ്യാസം സർവ്വലൗകീകതയും ഓർമ്മപ്പെടുത്തലും, സെക്കന്ററി വിദ്യാഭ്യാസം, 10+2+3 സമ്പ്രദായം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം , സാമൂഹ്യ പ്രസക്തിയും, സാങ്കേതിക വിദ്യാഭ്യാസവും, ദേശീയ വിദ്യാഭ്യാസ നയം, തപാൽ വിദ്യാഭ്യസം, വിദൂര വിദ്യാഭ്യാസം.

## മൊഡ്യൂൾ 8 : സാമൂഹ്യ ഘടന

മാർക്ക് : 10

പഠനമണിക്കൂർ : 30

### സമീപനം

ഇന്ത്യൻ സംസ്ക്കാരം അതിന്റെ എല്ലാ തലതേതിലും അറിയാൻ ഇന്ത്യൻ ഭരണഘടനയുടെ പഠനം അനുവാര്യമാണ്. ഇന്ത്യൻ സമൂഹത്തിന്റെ വിവിധ ഘടകങ്ങളുടെ വിശകലനവും പരിശോധനയുമാണ് ഈ മൊഡ്യൂളിന്റെ ലക്ഷ്യം. ഇത് വർത്തമാനകാല ഇന്ത്യയുടെ ചില സമകാലീന സാമൂഹ്യ സാംസ്ക്കരിക പ്രശ്നങ്ങൾ പരിശോധിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

### പാഠം 19 : ഇന്ത്യയുടെ സാമൂഹ്യ ഘടന

- വർഗ്ഗങ്ങൾ, വർണ്ണവും ജാതിയും
- തൊട്ടുകൂടായ്മ
- അടിമത്വം പുരുഷാർത്ഥങ്ങൾ, ആശ്രമങ്ങൾ, സംസ്ക്കാരങ്ങൾ
- ജാജ്മനി സമ്പ്രദായം
- കുടുംബവും, വിവാഹവും ഇന്ത്യയിൽ
- സ്ത്രീകളുടെ സ്ഥാനം
- ഇന്ത്യയിലെ വർഗ്ഗസമൂഹങ്ങൾ

### പാഠം 20 : വർത്തമാന ഭാരതത്തിലെ സാമൂഹ്യ സാംസ്ക്കാരിക പ്രശ്നങ്ങൾ

- ജാതി സമ്പ്രദായം
- സ്ത്രീകളുടെ പ്രശ്നങ്ങൾ
- സ്ത്രീധന സമ്പ്രദായം
- പെൺകുട്ടികളുടേയും, സ്ത്രീകളുടേയും പ്രശ്നങ്ങൾ
- വിഭവ ദുർവിനിയോഗം
- വർഗ്ഗീയത
- വൃദ്ധൻമാരുടെ പ്രശ്നങ്ങൾ
- ദാരിദ്ര്യവും തൊഴിലില്ലായ്മയും
- ഭിക്ഷാടനം
- കുട്ടികളുടെ പ്രശ്നങ്ങൾ

### മൊഡ്യൂൾ 9 : ഇന്ത്യൻ സംസ്ക്കരത്തിന്റെ വ്യാപനം വിദേശങ്ങളിലേയ്ക്ക്

മാർക്ക് : 12

പഠനമണിക്കൂർ : 30

### സമീപനം

വളരെ പുരാതന കാലം മുതൽക്കെ ഇന്ത്യക്കാർ ബാഹ്യ ലോകവുമായി സമ്പർക്കത്തിലേർപ്പെട്ടിട്ടുണ്ട്. അതിവിദൂര ദേശങ്ങളിലേയ്ക്ക് അവർ സഞ്ചരിക്കുകയും എത്തിച്ചേർന്ന പ്രദേശങ്ങളിലെല്ലാം മായാത്ത മുദ്രകൾ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ അതിന്റെ ചരിത്രത്തിലുടനീളം വിദേശ സഞ്ചാരികൾ ഇന്ത്യിലെത്തുകയും ഇന്ത്യൻ സംസ്ക്കാരത്തിന്റെ മുദ്രകൾ സ്വന്തം നാട്ടി

ലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. പകരം ഇന്ത്യയും ഇത്തരം ജനങ്ങളുടെ സംസ്ക്കാരം സ്വാംശീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൊഡ്യൂളിൽ ഇന്ത്യയും ലോകത്തിന്റെ ഇതര ഭാഗങ്ങളും തമ്മിലുള്ള പരസ്പര സ്വാധീനം നമുക്ക് പരിശോധിക്കാം.

## പാഠം 21 : ഇന്ത്യൻ സംസ്ക്കാരത്തിന്റെ സ്വാധീനം വിദേശങ്ങളിലേയ്ക്ക്

സാംസ്ക്കാരിക വിനിമയത്തിന്റെ ഉപാധികൾ : വ്യാപാരികൾ, അദ്ധ്യാപകർ, രാഷ്ട്ര പ്രതിനിധികൾ, മിഷനറിമാരും, ജിപ്സികളും

ഇന്ത്യൻ സംസ്ക്കാരം മധ്യ, പൂർവ്വ ഏഷ്യയിൽ

ഇന്ത്യൻ സംസ്ക്കാരം ശ്രീലങ്കയിലും ദക്ഷിണ പൂർവ്വ ഏഷ്യയിലും

ഇന്ത്യയുടെ അറബി നാഗരികതയുമായുള്ള സാംസ്ക്കാരിക സമ്പർക്കം

റോമുമായുള്ള ഇന്ത്യയുടെ സമ്പർക്കം

ഇന്ത്യയും, ലോകവും തമ്മിലുള്ള സാംസ്ക്കാരിക വിനിമയത്തിൽ കപ്പൽ, വിദേശ വ്യാപാരം എന്നിവയുടെ പങ്ക്.

# ഇന്ത്യൻ സംസ്ക്കാരവും പൈതൃകവും

## (223)

## ചോദ്യപ്പേപ്പർ രൂപരേഖ

**വിഷയം : ഇന്ത്യൻ സംസ്ക്കാരവും പൈതൃകവും**

**പരമാവധി മാർക്ക് :** 100 **തലം : സെക്കന്ററി**

**വെയ്റ്റേജ്** **സമയം : 3 മണിക്കൂർ**

| ലക്ഷ്യങ്ങൾ | മാർക്ക് | ആകെ മാർക്കിന്റെ ശതമാനം |
|---|---|---|
| അറിവ് | 50 | 50% |
| ഗ്രഹിക്കൽ | 30 | 30% |
| പ്രയോഗം | 20 | 20% |
| | 100 | 100% |

2. ചോദ്യരീതികൾക്കുള്ള വെയ്റ്റേജ്

| ചോദ്യരീതികൾ | ചോദ്യങ്ങളുടെ എണ്ണം | ഓരോചോദ്യത്തിനുമുള്ള മാർക്ക് | ആകെ |
|---|---|---|---|
| ദിർഘ ഉത്തരങ്ങൾ | 5 | 8 | 40 |
| ഹ്രസ്വ ഉത്തരങ്ങൾ | 9 | 4 | 36 |
| വളരെ ഹ്രസ്വഉത്തരങ്ങൾ | 8 | 2 | 16 |
| എം . സി. ക്യൂ | 8 | 1 | 08 |
| | 30 | | 100 |

3. ഉള്ളടക്കത്തിന്റെ മുൻതൂക്കം

| | മൊഡ്യൂൾ 9 | മാർക്ക് |
|---|---|---|
| 1. | സംസ്ക്കാരം | 10 |
| 2. | ചരിത്രവും സംസ്ക്കാരവും കാലഘട്ടങ്ങളിലൂടെ | 15 |
| 3. | ഭാഷകളും സാഹിത്യവും | 10 |
| 4. | മതവും തത്വചിന്തയും | 12 |
| 5. | ചിത്രകല, പ്രകടനകല, വാസ്തുശില്പം | 12 |
| 6. | ശാസ്ത്രവും സാങ്കേതിക വിദ്യയും | 10 |
| 7. | വിദ്യാഭ്യാസം | 09 |
| 8. | സാമൂഹിക ഘടന | 10 |
| 9. | ഇന്ത്യൻ സംസ്ക്കാരത്തിന്റെ വ്യാപനം വിദേശങ്ങളിൽ | 12 |
| | ആകെ | 100 |

# മാതൃക ചോദ്യപേപ്പർ

## വിഷയം : ഇന്ത്യൻ സംസ്ക്കാരം പൈതൃകവും (223)

## സെക്കന്ററി കോഴ്സ്

**സമയം : 3 മണിക്കൂർ** **പരമാവധി മാർക്ക് : 100**

1. എങ്ങനെയായിരുന്നു കരോഷ്ഠിലിപി എഴുതിയിരുന്നത് ?

(a) വലത്തുനിന്ന് ഇടത്തോട്ട് (b) ഇടത്തുനിന്ന് വലത്തോട്ട്

(d) മുകളിൽ നിന്നും കീഴ്പ്പോട്ട് (e) വലിയ അക്ഷരത്തിൽ 1

2. പുരാതനകാലത്ത് ജൈനന്മാരും ബുദ്ധന്മാരും വിദ്യാഭ്യാസം നൽകിയിരുന്നത് എവിടെയായിരുന്നു ?

(a) ക്ഷേത്രങ്ങളിൽ (b) ആശ്രമങ്ങളിൽ

(d) സ്കൂളുകളിൽ (e) പഞ്ചായത്ത് കെട്ടിടത്തിൽ 1

3. സ്ത്രീധനനിരോധനനിയമം പാസ്സാക്കിയത് എപ്പോൾ ?

(a) 1951 (b) 1971

(c) 1961 (d) 1981 1

4. പെൺശിശുഹത്യ എന്നാൽ എന്ത് ?

(a) ആൺകുഞ്ഞിനെ കൊല്ലുന്നത് (b) പെൺകുഞ്ഞിനെകൊല്ലുന്നത്

(c) അമ്മയെ കൊല്ലുന്നത് (d) വളർത്തമ്മയെ കൊല്ലുന്നത് 1

5. ഒരു അണുകുടുംബം എന്നാൽ എന്ത് ?

(a) ഭർത്താവും ഭാര്യയും മക്കളും (b) ഭർത്താവുമാത്രം

(c) ഭാര്യമാത്രം (d) മുത്തച്ഛന്മാരും മുത്തശ്ശിമാരും 1

6. ഉപനയനാചാരം എന്നാൽ എന്ത് ?

(a) അന്ത്യകർമ്മം (b) മൃതസംസ്ക്കാര പ്രാർത്ഥനകൾ

(c) പൂണൂൽ കല്യാണം (d) മലിനീകരണ നിയന്ത്രണ നടപടികൾ 1

7. മഹായാനം, ഹീനായാനം എന്ന് ബുദ്ധമതം വിഭജിക്കപ്പെട്ടതിന്റെ 2 കാരണങ്ങൾ പറയുക ?

(a) യുദ്ധം (b) തൊട്ടുകൂടായ്മ

(c) മുമ്പുണ്ടായിരുന്ന വിഗ്രഹാരാധന (d) കുട്ടികളുടെ ദുരുപയോഗം തുടർന്നത് കൊണ്ട് 1

8. ഇതര ഉത്തരേന്ത്യൻ കവികളിൽ നിന്നും കബീർപ്രബോധനങ്ങൾ എങ്ങനെയാണ് വ്യത്യസ്തമാകുന്നത് ?

(A) (i)ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കുള്ള സഞ്ചാരം

(ii)സ്ഥാപിതത്തിൽ വിശ്വസിച്ചിരുന്നില്ല

(B) (i)ഒരു സ്ഥലത്ത് താമസിച്ചു.

(ii)മതത്തിന്റെ സ്ഥാപനവൽക്കരണത്തിൽ വിശ്വാസമില്ലായിരുന്നു

(C) (i)ഒരു സ്ഥലത്തുനിന്നും വേറെ സ്ഥലത്തേയ്ക്കുമാറിയിരുന്നു.

(i)മതത്തിന്റെ സ്ഥാപനവൽക്കരണത്തിൽ വിശ്വസിച്ചു

(D) (i)ഒരു സ്ഥലത്ത് താമസിച്ചു

(ii)മതത്തിന്റെ സ്ഥാപനവൽക്കരണത്തിൽ വിശ്വസിച്ചു .

9. സംഘസാഹിത്യം പ്രശസ്തമാകാനുള്ള രണ്ടുകാരണങ്ങൾ പറയുക ? 2

10. ഇൻഡോ ഇസ്ലാമിക വാസ്തുശില്പകലയുടെ നാല് സവിശേഷതകൾ ഏതെല്ലാം ? 2

11. 19-ാം നൂറ്റാണ്ടിൽ മുസ്ലിങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ സയ്യിദ് അഹമ്മദ് ഖാന്റെ സംഭാവനകൾ എന്തെല്ലാം ? 2

12. ശാസ്ത്രസാങ്കേതിക മേഖലയിൽ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നേട്ടങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം നൽകുക ? 2

13. ആധുനിക കാലത്ത് കൃഷിയിൽ വിദേശിയർ കൊണ്ടുവന്ന മാറ്റങ്ങളുടെ ഒരു പട്ടികതയ്യാറാക്കുക ? 2

14. പുരാതന ഇന്ത്യയ്ക്ക് വൈദ്യശാസ്ത്രത്തിൽ നല്ല അറിവുണ്ടായിരുന്നുവെന്ന് എങ്ങനെ നിങ്ങൾക്കു പറയാൻ കഴിയും? 2

15. വിദ്യാഭ്യാസം സംസ്ക്കാരവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ? 2

16. എന്തുകൊണ്ടാണ് 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടത് ? 4

17. വിഭവദുർവിനിയോഗം എന്നത്കൊണ്ട് നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത് ? 4

18. ജൈന - ബുദ്ധമതങ്ങളുടെ ആവിർഭാവകാരണങ്ങൾ എന്തെല്ലാം ? 4

19. 18 - ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉർദു എങ്ങനെ പ്രചാരം നേടി ? 4

20. ഇന്ത്യയിൽ സാഹിത്യത്തിന്റെ വികാസത്തിന് ക്രിസ്ത്യൻ മിഷനറിമാരുടെ പങ്ക് വിശദീകരിക്കുക ? 4

21. പൗരാണിക, മധ്യ, ആധുനിക ഇന്ത്യയിലെ വാസ്തുശില്പകലയുടെ വ്യത്യാസങ്ങൾ എന്തെല്ലാം ? 4

22. ആയുധങ്ങളുടെയും യുദ്ധോപകരണങ്ങളുടേയും വികാസത്തിൽ മുഗളന്മാരുടെ സംഭാവനകൾ

വിശദീകരിക്കുക ?

4

23. 1854 നും 1904 നുമിടയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ വിശദീകരിക്കുക ?

4

24. പുരാതന കാലത്ത് എങ്ങനെയാണ് പശ്ചിമേഷ്യ ഇന്ത്യൻ സംസ്ക്കാരവുമായി പരിചയപ്പെട്ടത് ?

4

25. ഒരു പ്രത്യേക വർഗ്ഗത്തെ ഇതരവർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നതെന്താണ് ?

4

26. പുരാതന കാലം മുതലേ ഇന്ത്യൻ സംസ്ക്കാരത്തിന്റെ കാതൽ നാനാത്വത്തിലുള്ള ഏകത്വം ഏങ്ങനെ യാണെന്ന് വിശദീകരിക്കുക ?

8

27. മധ്യകാലഘട്ടത്തിൽ ഇന്ത്യൻ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് മതസാമൂഹിക പരി ഷ്ക്കർത്താക്കൾ വഹിച്ച പങ്ക് വിശദീകരിക്കുക ?

8

28. പുരാതന ഇന്ത്യയിൽ ഷഡ ദർശനങ്ങൾ എന്നറിയപ്പെട്ടിരുന്ന ആറു തത്വചിന്തകളുടെ പേരെഴുതുക. അവയിലേതെങ്കിലുമൊന്ന് വിശദീകരിക്കുക ?

8

29. യൂറോപ്യന്മാർ ഇന്ത്യയിൽ വന്നതോടുകൂടി എന്തെല്ലാം മാറ്റങ്ങളാണ് നാടകവേദിയിൽ ആരംഭിച്ചത് ?

8

30. ഇന്ത്യൻ സംസ്ക്കാരം ചൈനയിലും ദക്ഷിണപൂർവ്വേഷ്യയിലും വ്യാപിക്കുന്നതിൽ ഇന്ത്യൻ വ്യാപാരി കളുടെയും മിഷനറിമാരുടേയും പങ്ക് വിശദീകരിക്കുക ?

8

# ഇന്ത്യൻ സംസ്ക്കാരവും പൈതൃകവും
# മാർക്കിംഗ് സ്കീം

| നമ്പർ | പ്രതീക്ഷിക്കുന്ന ഉത്തരങ്ങൾ | മാർക്കിന്റെ വിതരണം | ആകെ മാർക്ക് |
|---|---|---|---|
| 1. | (a) വലത്തുനിന്ന് ഇടത്തോട്ട് | 1 | 1 |
| 2. | (b) ആശ്രമങ്ങൾ | 1 | 1 |
| 3. | (c) 1961 | 1 | 1 |
| 4. | (b) ജനിക്കുമ്പോൾ തന്നെ പെൺകുഞ്ഞിനെ കൊല്ലുന്നരീതി | 1 | 1 |
| 5. | (a) ഭർത്താവും ഭാര്യയും മക്കളും | 1 | 1 |
| 6. | (c) പൂണൂൽ കല്യാണം | 1 | 1 |
| 7. | (c) മഹായാനം – വിഗ്രഹാരാധന<br>ഹിനയാനം – ആദ്യകാലബുദ്ധ മതാചാരങ്ങൾ തുടർന്നു | $^{1}/_{2}$ | $^{1}/_{2}$ |
| 8. | (a) കബീർ – അരൂപിയായ ഈശ്വരന്റെ ഭക്തൻ<br>– സ്ഥലങ്ങൾതോറും സഞ്ചരിച്ചു<br>മതത്തിന്റെ സ്ഥാപനവല്ക്കരണത്തിൽ വിശ്വാസമില്ല. | $^{1}/_{2}$ | $^{1}/_{2}$ |
| 9. | 1. സാഹിത്യം – മതേതരത്വസ്വഭാവം<br>2. വീരനായകന്മാരെയും നായികമാരെയും പ്രകീർത്തിച്ചുകൊണ്ട് പല കവികൾ രചിച്ചിട്ടുള്ള മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും | | 1+1=2 |
| 10. | 1. സാമൂഹ്യ വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യാവകാശം<br>2. പാരമ്പര്യജാതിവ്യവസ്ഥയെ നിഷേധിച്ചു.<br>3. തൊട്ടുകൂടായ്മയ്ക്കെതിരെ പോരാടി.<br>4. മിശ്രവിവാഹം പ്രോത്സാഹിപ്പിച്ചു. | | 1<br>1+1=2 |
| 11. | 1. പാശ്ചാത്യവിദ്യാഭ്യാസത്തിലുള്ള വിശ്വാസം<br>2. സ്ത്രീകളുടെ വിദ്യാഭ്യാസം<br>3. യുക്തി ബോധത്തിന്റയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ ഖുറാൻ വ്യാഖ്യാനിച്ചു.<br>4. സ്വാതന്ത്ര്യ, സാമൂഹ്യ, സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ<br>(ഏതെങ്കിലും രണ്ട്) | | 1+1=2 |

12. 1. പ്രതിരോധസേവനപരിപാടികൾ

2. ബഹിരാകാശം

3. രോഹിണി

4. മതവും തത്വചിന്തയുമുൾപ്പെടുന്ന സംയോജിതശാസ്ത്രം

(ഏതെങ്കിലും രണ്ട്) 1+1=2

13. 1. വൃക്ഷങ്ങളും ഉദ്യാനസസ്യങ്ങളുമുൾപ്പെടുന്ന സംയോജിത പുത്തൻവിളകൾ

2. ജലസേചനം - പേർഷ്യൻ ചക്രം അവതരിപ്പിച്ചു.

3. ഭൂമിയുടെ അളവു, തരംതിരിവ് സമ്പ്രദായം

(ഏതെങ്കിലും രണ്ട്) 1+1=2

14. 1. അഥർവ്വവേദം- രോഗങ്ങൾ ചികിത്സകൾ , മരുന്നുകൾ

2. ചരകന്റെ ചരകസംഹിത (ഔഷധ സസ്യങ്ങൾ)

3. ശുശ്രൂതസംഹിത - ശുശ്രുത (ശസ്ത്രക്രിയ)

4. ഉപ്പില്ലാത്ത ആഹാരം

(ഏതെങ്കിലും രണ്ട്) 1+1=2

15. 1. ഒരു തലമുറനേടിയ അനുഭവങ്ങളാണ് സംസ്ക്കാരം

2. സംസ്ക്കാരങ്ങളുടെ വിനിമയപ്രക്രിയയാണ് വിദ്യാഭ്യാസം 1+1=2

16. താഴെപ്പറയുന്നവയ്ക്ക് അടിത്തറപാകുന്നു

1. വ്യക്തിത്വവികസനം

2. മനോഭാവങ്ങൾ

3. സാമൂഹ്യഅവബോധം

4. സ്വഭാവം

5. പഠനസിദ്ധികൾ

6. ആശയവിനിമയസിദ്ധികൾ

7. കഴിവുകൾ

(ഏതെങ്കിലും രണ്ട്) 1+1=2

17. ചികിത്സാവശ്യങ്ങൾക്കപ്പുറമുള്ള ലഹരിയുടെ ഉപയോഗം 4

18. 1. ബ്രാഹ്മണന്മാർ നിക്ഷിപ്തതാല്പര്യങ്ങൾക്കുവേണ്ടി അനുഷ്ഠാനങ്ങളെ വികസിപ്പിച്ചു

2. വലിയ ഔദാര്യം ആവശ്യപ്പെട്ടു

3. വൻതോതിലുള്ള മൃഗബലികൾ

4. ചിലവേറിയ യജ്ഞങ്ങൾ

5. ബ്രാഹ്മണ സമൂഹത്തിന്റെ മേൽക്കോയ്മ മനോഭാവം

6. ബ്രാഹ്മണന്മാരുടെ ധിക്കാരമനോഭാവം

7. വർണ്ണത്തെ അടിസ്ഥാനമാക്കിയ കർശനമായ സാമൂഹ്യവിഭജനം

(ഏതെങ്കിലും നാല്) 1+1+1+1=4

19. 1 ഉപരിവർഗ്ഗത്തിന്റെ ആശയവിനിമയമാധ്യമം

2. സംസ്ക്കാരത്തിന്റെ ഭാഷ

3. ഹിന്ദുക്കളേയും മുസ്ലിംങ്ങളേയും ബന്ധിപ്പിക്കുന്നഭാഷ

4. കൊട്ടാരഭാഷ 1+1+1+1=4

20. 1 പ്രാദേശിക ഭാഷകളിൽ നിഘണ്ടു പ്രസിദ്ധീകരിക്കുന്നു
പ്രാദേശിക ഭാഷകളിൽ വ്യാകരണം പ്രസിദ്ധീകരിക്കുന്നു.

2. പുരോഹിതർക്കുവേണ്ടിയുള്ള കൈപ്പുസ്തകം

3. കല്ലച്ചടി

4. സ്ക്കൂളുകളും കോളേജുകളും സ്ഥാപിക്കൽ 1+1+1+1=4

21. പുരാതന

പാറതുരന്നുണ്ടാക്കിയ ക്ഷേത്രങ്ങൾ, സ്തൂപങ്ങൾ തടിയുടെ ഉപയോഗം, ഗുഹ, പേർഷ്യൻഗ്രീക്ക് ശൈലി

മധ്യകാല -

താഴികക്കുടങ്ങൾ, മിനാരങ്ങൾ, കമാനങ്ങൾ

ആധുനിക -

കൊറ്റക്കുടയും, പേർഷ്യൻ റോമൻ ശൈലി, ജാളികളും ഉപയോഗിച്ചു.

തദ്ദേശിയ പദാർത്ഥങ്ങളായ ചെങ്കല്ല്

22. 1. വെടിമരുന്ന്നിർമ്മാണവിദ്യ

2. കരിമരുന്നും സ്ഫോടനവും

3. പീരങ്കി നിർമ്മാണം

4. പരിമളദ്രവ്യങ്ങൾ

23. 1. 1854-ലെ വുഡ്സിന്റെ വിദ്യാഭ്യാസരേഖ, വിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യങ്ങൾ

2. 1857-ൽ ബോംബെ, മദ്രാസ്, കൽക്കത്ത, എന്നിവിടങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിച്ചു.
1882/1887 - ൽ പഞ്ചാബിലും അലഹബാദിലും സർവ്വകലാശാലകൾ സ്ഥാപിച്ചു.

3. കഴ്സൺ പ്രഭു(1901) - പൊതു വിദ്യാഭ്യാസ കോൺഫെറൻസ് വിദ്യാഭ്യാസ നവീകരണം ആരംഭിച്ചു.

4. താഴെപ്പറയുന്ന കാര്യങ്ങൾ അനുവദിച്ചുകൊണ്ട് . 1904 ൽ ഇന്ത്യൻ സർവ്വകലാശാലനിയമം പാസ്സാക്കി.

-കലാലയങ്ങളുടെ പരിശോധന

-വിദ്യാഭ്യാസം ഏറ്റെടുക്കുക

-ഉയർന്നതലങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം 1+1+1+1=4

24. 1. വ്യാപാര വാണിജ്യകൈമാറ്റം

2. ഫലപ്രദമായ സാംസ്ക്കാരിക സമ്പർക്കം

-ജ്യോതിശാസ്ത്രം

- ഗണിതശാസ്ത്രം - ദശാംശസമ്പ്രദായം
- പൂജ്യം
- 9 ചിഹ്നങ്ങൾ

3. പുസ്തകവിവർത്തനം ഉദാ: ശുശ്രുതസംഹിത
- വൈദ്യം
- ജ്യോതിഷം 4

25. 1. എല്ലാ അംഗങ്ങളും രക്തബന്ധമുള്ളവരാണ്.
2. എല്ലാ അംഗങ്ങൾക്കും തുല്യപദവി
3. ഒരു പൂർവ്വ പിതാവിന്റെ സന്തതികൾ
4. വിഭവങ്ങളെല്ലാം തുല്യമായി പങ്കിടുന്നു
5. സ്വകാര്യസ്വത്ത് ഇല്ല
6. പ്രായത്തെയും ലിംഗത്തെയും അടിസ്ഥാനമാക്കി സാമൂഹ്യ വ്യത്യാസങ്ങൾ നിലനിന്നിരുന്നു

(ഏതെങ്കിലും നാല് ) 1+1+1+1=4

26. വൈവിധ്യങ്ങളുടെ കാരണം
(i) ഭൗതീക, കാലാവസ്ഥ, വ്യത്യാസങ്ങളോടുകൂടിയ രാജ്യത്തിന്റെ വിസ്തൃതി
(ii) വിവിധ ജനവിഭാഗങ്ങളിമായുള്ള സങ്കലനം
(iii) ഇന്ത്യയിലെ വിവധ പ്രദേശങ്ങൾ തമ്മിലുള്ള സാംസ്ക്കാരിക വിനിമയം
(iv) ഭാഷകൾ വസ്ത്രധാരണത്തിലുള്ള വ്യത്യാസം, ആഹാരവും ചില ആചാരങ്ങളും

ഏകത്വത്തിന്റെ അടിസ്ഥാനങ്ങൾ
(i) തീർത്ഥാടനത്തിനുവേണ്ടിയോ വ്യാപാരാവശ്യങ്ങൾക്കോ ഉള്ള സഞ്ചാരം
(ii) സൈനിക ആക്രമണങ്ങൾ
(iii) കാലാവസ്ഥ
(iv) സംഗീതം, നൃത്തരൂപങ്ങൾ, നാടകം, കലാരൂപങ്ങളായ, ചിത്രകല, ശില്പകലയും വാസ്തുശില്പവും
(v) രാഷ്ട്രീയ ഘടകങ്ങൾ
(vi) ഗതാഗതം, വാർത്താവിനിമയമാർഗ്ഗങ്ങൾ, കുടിയേറ്റം

(ഓരോന്നിൽനിന്നും ഏതെങ്കിലും നാല് ) 4+4=8

27. മതപരിഷ്ക്കർത്താക്കളുടെ പേരെഴുതുക

കബീർ, നാനക്ക്, മീരാഭായ്, രസ്ഖാൻ, അബ്ദുൾ റഹിം, ഖാൻ ഇ ഖന്ന, സുർദാസ്, കാളിദാസൻ, ചൈതന്യൻ, നാമദേവൻ, സുഫി, ഭക്തിസന്യാസിമാർ

a) അവർ മതത്തെ നോക്കിക്കണ്ടത് ഒരു ആരാധനയായിട്ടല്ല മറിച്ച് ഭഗവാനും ഭക്തനും തമ്മിലുള്ള പ്രേമബന്ധത്തിലധിഷ്ഠിതമായൊരു സ്നേഹബന്ധമായിട്ടാണ്.

b) ദൈവത്തിന്റെ മുമ്പിൽ ജാതിമതവ്യത്യാസങ്ങളൊന്നും അവർ കണ്ടില്ല.

c) ദൈവത്തിന്റെ മുമ്പിൽ സമത്വത്തിന് ഊന്നൽ നൽകി. ജാതിസമ്പ്രദായ ത്തെയും സ്ഥാപിതമത

ത്തെയും എതിർത്തു.

d) സതി സമ്പ്രദായത്തേയും പെൺകുഞ്ഞുങ്ങളെകൊല്ലുന്ന ആചാരത്തേയും എതിർത്തു

e) ഹിന്ദുക്കളേയും മുസ്ലിങ്ങളേയും ബന്ധിപ്പിക്കാൻ ശ്രമിച്ചു.

(ഏതെങ്കിലും നാല്)

28. സംഖ്യ

യോഗ

ന്യായ

വൈശേഷിക

മീമാംസ

വേദാന്ത

ഇവയിലെ തെങ്കിലും ഒന്ന് വിശദമാക്കുക 3 ഃ 5 = 8

29. 1. നാടകവേദികൾ സ്ഥാപിച്ചു.

2. റഷ്യക്കാരൻ ബംഗാളി തീയറ്റർ സ്ഥാപിച്ചു

3. വേദി രൂപമെടുത്തു.

4. നാടകം, ദുരന്തങ്ങളെയും, ഹാസ്യങ്ങളേയും ,നഗരജീവിതത്തിന്റെ സങ്കീർണ്ണതകളെയും പ്രതിഫലിപ്പിക്കുന്നു.

5. പ്രാദേശികഭാഷകളിൽ എഴുതപ്പെട്ട നാടകങ്ങൾ

6. ഗ്രാമീണ നാടകവേദികൾ വളർച്ച പ്രാപിച്ചു.

7. ക്രോണോസിയേർസ് പല മേഖലകളിലും

8. ബഹുജനങ്ങളിലേക്ക് എത്തിക്കുന്നതിന് നാടോടികലകൾ അവതരിപ്പിച്ചു.

(ഏതെങ്കിലും നാല്) 2+2+2+2=8

30. ചൈന

1. പണ്ഡിതന്മാരുടെ തുടർച്ചയായ പ്രവാഹം

2. ഇന്ത്യൻ സർവ്വകലാശാലകളിലെ പ്രമുഖ അദ്ധ്യാപകർ ചൈന സന്ദർശിച്ചു.

3. യോഗദർശനം

4. ധ്യാനപരിശീലനം

5. ആയിരത്തിൽപരം പുസ്തകങ്ങൾ ചൈനീസ് ഭാഷകളിലേക്ക് വിവർത്തനം ചെയ്തു.

6. ഗുഹാക്ഷേത്രങ്ങളും ആശ്രമസമുച്ചയങ്ങളും ചൈനയിൽ നിർമ്മിച്ചു.

കൊറിയ

ഇന്ത്യൻ സാംസ്ക്കാരിക ഘടകങ്ങൾ കൊണ്ടുവന്നു

തത്വചിന്ത

മതം

വിഗ്രഹനിർമ്മാണശാല

ചിത്രകല

ലോഹസംസ്ക്കരണം

ധ്യാനയോഗദർശനം

ഇന്ത്യൻ ലിപികൾ കൊറിയയിലേക്ക് അയച്ചു.

ജപ്പാൻ

1. ബുദ്ധമതത്തിന് രാഷ്ട്രമത പദവി നൽകി
2. സംസ്കൃതത്തെ വിശുദ്ധഭാഷയായി സ്വീകരിച്ചു
3. സംസ്കൃതം ഇന്ത്യയെയും ജപ്പാനെയും തമ്മിലുറപ്പിക്കുന്ന ഭാഷയായിമാറി

8

First Fold

## പാഠം 1 - 12 ഫീഡ് ബാക്ക് ഫോറം

| പാഠം നമ്പർ | പാഠത്തിന്റെ പേര് | ഉള്ളടക്കം | | | | ഭാഷ | | വിശദീകരണം | | പഠിച്ചതിന്റെ ഉപയോഗം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എളുപ്പം | ബുദ്ധിമുട്ട് | താൽപ്പര്യമുള്ളത് | കുഴപ്പിക്കുന്നത് | ലളിതം | സങ്കീർണ്ണം | ഉപയോഗ പ്രദം | ഉപയോഗ മില്ല | വളരെ സഹായകരം | കുറച്ച് സഹായകരം | സഹായകര മില്ല |
| 1. | | | | | | | | | | | | |
| 2. | | | | | | | | | | | | |
| 3. | | | | | | | | | | | | |
| 4. | | | | | | | | | | | | |
| 5. | | | | | | | | | | | | |
| 6. | | | | | | | | | | | | |
| 7. | | | | | | | | | | | | |
| 8. | | | | | | | | | | | | |
| 9. | | | | | | | | | | | | |
| 10. | | | | | | | | | | | | |
| 11. | | | | | | | | | | | | |
| 12. | | | | | | | | | | | | |
| 13 | | | | | | | | | | | | |
| 14 | | | | | | | | | | | | |
| 15 | | | | | | | | | | | | |
| 16 | | | | | | | | | | | | |
| 17 | | | | | | | | | | | | |
| 18 | | | | | | | | | | | | |
| 19 | | | | | | | | | | | | |
| 20 | | | | | | | | | | | | |
| 21 | | | | | | | | | | | | |

Fourth Fold

Third Fold

### ചോദ്യങ്ങളുടെ ഫീഡ്ബാക്ക്

| പാഠം നമ്പർ | പാഠത്തിന്റെ പേര് | പാഠഭാഗത്തെ ചോദ്യങ്ങൾ | | അഭ്യാസത്തിലെ ചോദ്യങ്ങൾ | | |
|---|---|---|---|---|---|---|
| | | ഉപയോഗപ്രദം | ഉപയോഗമില്ല | എളുപ്പം | ബുദ്ധിമുട്ട് | വളരെ ബുദ്ധിമുട്ട് |
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |
| 10. | | | | | | |
| 11. | | | | | | |
| 12. | | | | | | |
| 13 | | | | | | |
| 14 | | | | | | |
| 15 | | | | | | |
| 16 | | | | | | |
| 17 | | | | | | |
| 18 | | | | | | |
| 19 | | | | | | |
| 20 | | | | | | |
| 21 | | | | | | |

പ്രിയ പഠിതാവേ,

നിങ്ങൾ പാഠപുസ്തകം വായിച്ച് രസിച്ചിരിക്കാം. പഠനസാമഗ്രികൾ അനുയോജ്യവും അർത്ഥവത്തും താൽപ്പര്യജനകവും ആക്കി തീർക്കുക എന്നത് ഞങ്ങളുടെ ഉദ്യമമായിരുന്നു. പാഠപുസ്തക നിർമ്മാണവും പഠനസാമഗ്രികളുടെ നിലവാരവും മെച്ചപ്പെടുത്താൻ നിങ്ങളുടെ ഫീഡ്ബാക്ക് ഞങ്ങളെ സഹായിക്കും. ഈ ഫീസ്ബാക്ക് ഫോം പൂരിപ്പിക്കാൻ നിങ്ങളുടെ ഫീഡ്ബാക്ക് ഞങ്ങളെ സഹായിക്കും. ഈ ഫീഡ്ബാക്ക് ഫോം പൂരിപ്പിക്കാൻ സമയം കണ്ടെത്തുകയും അതുമൂലം പഠന സാമഗ്രികളുടെ നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുക.

നന്ദി
കോഴ്സ് കോർഡിനേറ്റർ
സോഷ്യൽ സയൻസ്

Second Fold

Final Fold and seal

**Complete and Post the feedback form today**

Postage
Stamp

**Course Coordinator,**
**Social Science**
**National Institute of Open Schooling**
**A-24-25, Institutional Area**
**Sector-62, NOIDA (U.P.), Pin-201309**

Name: ____________________

Enrolment No: ____________________

Address: ____________________

____________________

Subject: ____________________

Book No.: ____________________

Did you consult any other book to study Psychology? Yes/No

If yes, give reason for consulting it.

____________________

____________________

Yours suggestion

____________________

____________________

____________________

____________________